# ഋഗ്വേദ
# പ്രാതിശാഖ്യം

ഡോ: ടി ആര്യാദേവി



**ന്യായവിഭാഗം**
ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല,
കാലടി, കേരളം

# ഋഗ്വേദപ്രാതിശാഖ്യം

ഡോ: ടി. ആര്യാദേവി

# ഋഗ്വേദപ്രാതിശാഖ്യം

ഡോ: ടി. ആര്യാദേവി

ന്യായവിഭാഗം,
കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല,
കാലടി, കേരളം

***Ṛgvedaprātiśākhyam***

(Malayalam)

*Author*

**Dr. T. Aryadevi**

*Published By :*

Dept. of Nyaya, Sree Sankaracharya University of Sanskrit, Kalady, Keralam.

*Type setting*

Puthuvaya Ashtamoorthy

*Cover Designing and Printing*

**Varnam, Kanjoor**

*First Edition:*

2022 January

ISBN No: 978-81-954714-1-6

Copies

500

Price

Rs. 950/-

*© All rights reserved. No part of this work may by reproduced or utilised in any form or by any means without the prior permission of the author..*

# വിഷയവിവരം


പ്രസാധകക്കുറിപ്പ് **9**

ആശംസ : അച്യുതഭാരതി സ്വാമിയാർ **11**

ഋഗ്വേദപ്രാതിശാഖ്യത്തെപ്പറ്റി : വടക്കുമ്പാട് നാരായണൻ **13**

അവതാരിക : ഡോ. കെ. വി. വാസുദേവൻ **19**

മുഖവുര : ഗ്രന്ഥകർത്രി **26**

അഭിവാദനങ്ങളോടെ : ഡോ. സി. എം. നീലകണ്ഠൻ **34**

**അദ്ധ്യായം-1**

**ഒന്നാം പടലം** **39**

ആമുഖം
സംജ്ഞാപ്രകരണം
സ്ഥാനങ്ങൾ
പരിഭാഷാപ്രകരണം
അനുനാസികവിധി
നാമിസംജ്ഞ
പ്രഗൃഹ്യസംജ്ഞ
രേഫിസംജ്ഞ
രിഫിതസംജ്ഞ

**രണ്ടാം പടലം (സംഹിതാപടലം)** **63**

സന്ധിവിഷയത്തിലുള്ള പരിഭാഷ
സന്ധികൾ
അനുലോമാന്വക്ഷരസന്ധി
പ്രതിലോമാന്വക്ഷരസന്ധി
പ്രശ്ലിഷ്ടസന്ധി
ക്ഷൈപ്രസന്ധി
പദവൃത്തിസന്ധി
ഉദ്ഗ്രാഹസന്ധി
ഭുഗ്നസന്ധി
പ്രാച്യപഞ്ചാലപദവൃത്തികൾ
അഭിനിഹിതസന്ധിയും അതിന്റെ അപവാദങ്ങളും
പ്രകൃതിഭാവം
നിപാതനങ്ങൾ

**മൂന്നാം പടലം (സ്വരപടലം)** **110**

ഉദാത്തം, അനുദാത്തം, സ്വരിതം

**നാലാം പടലം (സന്ധിപടലം-വ്യഞ്ജനസന്ധി)** **122**

അവശങ്ഗമസന്ധി

വശങ്ഗമസന്ധി
അന്തഃപാതസന്ധി
നിയത-പ്രശ്രിതസന്ധികൾ
രേഫസന്ധി
അകാമസന്ധി
നിയതസന്ധി
വ്യാപന്നസന്ധി
വിക്രാന്തസന്ധി
അന്വക്ഷരവക്ത്രസന്ധി
ഉപാചരിതസന്ധി
നകാരവികാരം
ആൻപദാ പദവൃത്തികൾ
വിവൃത്ത്യഭിപ്രായസന്ധി
സ്പർശരേഫസന്ധി
നകാരത്തിന്റെ പ്രകൃതിഭാവം
സ്പർശോഷ്മസന്ധി
ശൌദ്ധാക്ഷരസന്ധികൾ
**അഞ്ചാം പടലം (നതി പടലം)** 182
നതിസന്ധി
**ആറാം പടലം (ധ്വന്യാഗമപടലം)** 245
ക്രമസംജ്ഞ
അഭിനിധാനം
യമം
സ്വരഭക്തി

**അദ്ധ്യായം രണ്ട്.**

**ഏഴാം പടലം (പ്ലുതിപടലം-1)** 275
പ്ലുതിസംജ്ഞ
**എട്ടാം പടലം (പ്ലുതിപടലം-2)** 353
**ഒമ്പതാം പടലം (പ്ലുതിപടലം-3)** 424
**പത്താം പടലം (ക്രമപടലം)** 493
ഉപസ്ഥിതസംജ്ഞ
സ്ഥിതസംജ്ഞ
സ്ഥിതോപസ്ഥിതസംജ്ഞ
പരിഗ്രഹം
**പതിനൊന്നാം പടലം (ക്രമഹേതു പടലം)** 512
**പന്ത്രണ്ടാം പടലം (സീമാപടലം)** 546

**അദ്ധ്യായം-മൂന്ന്**

**പതിമൂന്നാം പടലം (ശിക്ഷാപടലം)** 555

ബാഹ്യപ്രയത്നം
ആഭ്യന്തരപ്രയത്നം
അനുനാസികവർണ്ണങ്ങളുടെ ഉച്ചാരണം
അനുസ്വാരത്തിന്റെ ഉച്ചാരണവ്യവസ്ഥ
സ്ഥാനങ്ങൾ
യമങ്ങൾ
വാചോവൃത്തി
**പതിനാലാം പടലം (ഉച്ചാരണദോഷപടലം)** 569
**പതിനഞ്ചാം പടലം (ഓങ്കാരപടലം)** 596
**പതിനാറാം പടലം (ഛന്ദഃപടലം)** 601
ഛന്ദോവിഭാഗം
ഗായത്രിയും അതിന്റെ വകഭേദങ്ങളും
ഉഷ്ണിക്കും അതിന്റെ വകഭേദങ്ങളും
ബൃഹതിയും അതിന്റെ വകഭേദങ്ങളും
പംക്തിയും അതിന്റെ വകഭേദങ്ങളും
ത്രിഷ്ടുപ്പും അതിന്റെ വകഭേദങ്ങളും
ജഗതിയും അതിന്റെ വകഭേദങ്ങളും
അതിച്ഛന്ദസ്സും അതിന്റെ വകഭേദങ്ങളും
**പതിനേഴാം പടലം (ഛന്ദഃപടലം-2)** 624
നിചൃത്, ഭൂരിക്
വിരാജ്, സ്വരാജ്
രാട്, വിരാട്, തുടങ്ങിയ ഭേദങ്ങൾ
ഛന്ദസ്സിന്റെ ദേവതകൾ
ഛന്ദസ്സിന്റെ നിറങ്ങൾ
മാ തുടങ്ങിയ ഛന്ദസ്സുകൾ
ഛന്ദോനിർണ്ണായകങ്ങൾ
സർവ്വാനുദാത്തങ്ങൾ
ഏകപദയും ദ്വിപദയുമായ ഋക്കുകൾ
16 അക്ഷരങ്ങളും 18 അക്ഷരങ്ങളും വരുന്ന പാദങ്ങൾ
ഋഗ്വേദത്തിലെ ഏറ്റവും വലിയ ഋക്ക്
ഋഗ്വേദത്തിലെ ഏറ്റവും ചെറിയ ഋക്ക്
**പതിനെട്ടാം പടലം (ഛന്ദഃപടലം-3)** 645
പ്രഗാഥങ്ങൾ
ഛന്ദസ്സുകളുടെ പരസ്പരസംബന്ധങ്ങൾ
ത്രിപദകളിലും ചതുഷ്പദകളിലും പാദങ്ങളുടെ അവസാനം
ഛന്ദസ്സിന്റെ പ്രശംസ



**ഡോ: ടി. ആര്യാദേവി (30.11.1946 – 24.2.2021)**

അമ്മ: ഗൌരി അന്തർജ്ജനം
അച്ഛൻ: ശ്രീ. രാമൻ ഓതിക്കൻ നമ്പൂതിരി.
തൃപ്പൂണിത്തുറ ഗവ: പാലസ് ഗേൾസ് ഹൈസ്കൂളിൽനിന്ന് പ്രാഥമികവിദ്യാഭ്യാസം നേടി. തുടർന്ന് തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽനിന്ന് ന്യായശാസ്ത്രത്തിൽ പി.ജി. എടുത്തതിനുശേഷം കോഴിക്കോട് യൂണിവേഴ്സിറ്റിയിൽനിന്ന് ന്യായശാസ്ത്രത്തിൽ പിഎച്ച്.ഡി. യും കരസ്ഥമാക്കി. 23 വർഷം കേരളവർമ്മകോളേജിൽ സംസ്കൃതം ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്തു. തുടർന്ന് കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിൽ പ്രൊഫസറായും ന്യായവിഭാഗം മേധാവിയായും സേവനമനുഷ്ഠിച്ചു.

**കൃതികൾ:**

ശബ്ദപ്രമാണവിചാരം (1997, സംസ്കൃതം), ന്യായശാസ്ത്രപ്രവേശിക (2005), തർക്കസംഗ്രഹദീപിക(2009), ന്യായദർശനം (2014), അർത്ഥസംഗ്രഹം (2014), മുക്താവലിസാരം (പ്രത്യക്ഷഖണ്ഡം, 2020) (എല്ലാം മലയാളം) എന്നീ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പുരസ്കാരങ്ങൾ :**

കലിയത്ത് പരമേശ്വരഭാരതി സ്മാരക സുവർണ്ണമുദ്ര (2007), പരീക്ഷിത്ത് തമ്പുരാൻ പുരസ്കാരം (2012), കടവല്ലൂർ അന്യോന്യപരിഷത്ത് വാചസ്പതി പുരസ്കാരം (2016), ഏഴിക്കോട് പരമേശ്വരൻ നമ്പൂതിരി സ്മാരക പുരസ്കാരം (2014), കേരളസാഹിത്യ അക്കാദമി-കെ.ആർ. രാമൻ നമ്പൂതിരി എൻഡോവ്മെന്റ് അവാർഡ്(2016), ഒ.കെ. മുൻഷി അവാർഡ് (2019) തുടങ്ങിയവ.

ഭർത്താവ് : ശ്രീ. വി.എൻ. നീലകണ്ഠൻ നമ്പൂതിരി.
മക്കൾ: സ്മിത വി.എൻ., സന്ദീപ് വി.എൻ.

# പ്രസാധകക്കുറിപ്പ്

ഡോ. ടി. ആര്യാദേവി കാലടി സംസ്കൃതസർവ്വകലാശാലയിലെ ന്യായവിഭാഗത്തിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച് എല്ലാവരുടെയും സമാദരണീയായ ആചാര്യയാണ്. സംസ്കൃത സർവ്വകലാശാലയിൽ ദീർഘകാലം ന്യായം പ്രൊഫസറായും വകുപ്പദ്ധ്യക്ഷയായും ഡീനായും ടീച്ചർ പ്രവർത്തിച്ചിട്ടുണ്ട്. അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സ്നേഹിച്ച് അറിവിന്റെ വരദാനം നല്കി പ്രോത്സാഹിപ്പിച്ച ടീച്ചറുടെ ഡിപ്പാർട്ടുമെന്റിലെ ദിനങ്ങൾ ഞങ്ങളെല്ലാം സന്തോഷത്തോടെ ഓർക്കുന്നു.

തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽനിന്ന് ന്യായത്തിൽ എം. എ. ബിരുദവും കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് പിഎച്ച്. ഡിയും നേടിയ ടീച്ചർ ഏറെക്കാലം തൃശ്ശൂർ കേരളവർമ്മ കോളേജിലാണ് അദ്ധ്യാപികയായി പ്രവർത്തിച്ചത്. അവിടെ ബി. എ. സംസ്കൃതം പഠിപ്പിയ്ക്കാൻ മാത്രമേ അവസരമുണ്ടായിരുന്നുള്ളു. എന്നാലും പണ്ഡിതന്മാരായ ഗുരുനാഥന്മാരുടെ അടുത്തു പഠിച്ച് സ്വപ്രയത്നം കൊണ്ട് ഊട്ടിയുറപ്പിച്ച ന്യായശാസ്ത്രത്തിന്റെ പരിജ്ഞാനം ടീച്ചർ ആ കാലത്തും തേച്ചു മിനുക്കിക്കൊണ്ടു നടന്നു. പണ്ഡിതന്മാർ ഒത്തുകൂടുന്ന വാക്യാർത്ഥ സദസ്സുകളിൽ പങ്കെടുത്തും മറ്റും അറിവിന്റെ അഗ്നി കാത്തു സൂക്ഷിച്ചു. പിന്നീട് കാലടി സംസ്കൃത സർവ്വകലാശാലയിൽ എത്തിയ ശേഷം തന്റെ മണ്ഡലത്തിൽ കൂടുതൽ ഉത്സാഹത്തോടെ പ്രവർത്തിയ്ക്കാൻ ടീച്ചർക്കു സാധിച്ചു.

അദ്ധ്യാപനം, ഗവേഷണം, സ്വയം അദ്ധ്യയനം എന്നിവയിൽ നിരന്തരം വ്യാപരിയ്ക്കുമ്പോഴും ന്യായത്തിലെയും സംസ്കൃതത്തിലെ മറ്റു ശാസ്ത്രങ്ങളിലെയും വിഷയങ്ങൾ മലയാളത്തിൽ സരളമായി ആവിഷ്കരിച്ച് പുസ്തകരൂപത്തിലാക്കി വായനക്കാർക്ക് എത്തിയ്ക്കാനും ടീച്ചർ സമയം കണ്ടെത്തി എന്നത് നമുക്കൊക്കെ അനുഗ്രഹമായി. ന്യായശാസ്ത്രവുമായി ബന്ധപ്പെട്ട ഏതാനും നല്ല പുസ്തകങ്ങൾ അത്തരത്തിൽ ടീച്ചർ വായനക്കാർക്കു സമർപ്പിച്ചിട്ടുണ്ട്. അതിൽപ്പെട്ട, ടീച്ചറുടെ അവസാനത്തെ പുസ്തകമാണ് ഇപ്പോൾ പ്രസിദ്ധീകരിയ്ക്കുന്ന 'ഋഗ്വേദപ്രാതിശാഖ്യം' എന്ന ഈ കൃതി. എഴുന്നൂറോളം പേജുകളുള്ള ഈ കൃതി 'ഋഗ്വേദപ്രാതിശാഖ്യം' എന്ന പ്രൗഢമായ സംസ്കൃതകൃതിയുടെ മലയാള

വ്യാഖ്യാനത്തോടുകൂടിയുള്ളതാണ്. ഇത്രയും ബൃഹത്തായ, മഹത്തായ ഒരു കൃതിയുടെ മലയാള വ്യാഖ്യാനത്തോടും വിവരണത്തോടും കൂടിയുള്ള രചന പൂർത്തീകരിച്ചിട്ടാണ് ടീച്ചർ നമ്മെ വിട്ടുപിരിഞ്ഞത്. പുസ്തകത്തിന്റെ രചന മിക്കവാറും കഴിഞ്ഞ സമയത്ത് താൻ ഏറെക്കാലം പ്രവർത്തിച്ച സംസ്കൃതസർവ്വകലാശാലയിലെ ന്യായവിഭാഗത്തിന് അത് പ്രസിദ്ധീകരിയ്ക്കാൻ ടീച്ചർ അനുവാദം തന്നു എന്നത് ഞങ്ങളുടെ ഭാഗ്യമാണ്. അതു ടീച്ചർ ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹമാണ്. പ്രസ്തുത പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഇപ്പോൾ സഫലമാകുന്നു. ഇതിലുള്ള സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് ഇതിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്തുതന്ന ടീച്ചറുടെ ഭർത്താവ് പ്രൊഫ. നീലകണ്ഠൻ മാഷോടും മക്കളോടും കുടുംബാംഗങ്ങളോടും ഞങ്ങളുടെ അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ കൃതി വായനക്കാർക്കായി സമർപ്പിയ്ക്കുന്നു. പുസ്തകപ്രസിദ്ധീകരണത്തിനുവേണ്ടിയുള്ള ശ്രീ. സി. എം. നീലകണ്ഠൻ സാറിന്റെ പ്രയത്നവും വിസ്മരിയ്ക്കുവാൻ കഴിയില്ല.

10-1-22

**ഡോ. വി. കെ. ഭവാനി**
അസി. പ്രൊഫ. & വിഭാഗാദ്ധ്യക്ഷ,
ന്യായ വിഭാഗം,
ശ്രീശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല, കാലടി.

# ആശംസ

അച്യുതഭാരതിസ്വാമിയാർ.

ജായതേ യദിദം കൃത്സ്നം വർവ്വത്തി ലയമേതി ച
യതഃ ശബ്ദാത്മകാഭിഖ്യം മന്മഹേ ഹൃദി തന്മഹഃ

ഇക്കാണുന്ന അദ്ഭുതപ്രപഞ്ചമാകുന്ന മഹാവൃക്ഷം ഉണ്ടായി നിലനിന്ന് വിലയം പ്രാപിയ്ക്കുന്നത് ശബ്ദബ്രഹ്മാത്മകമായ വേദപുരുഷനിലാണ്. അതിനാൽ സർവ്വമാനവരാശിയുടേയും നിലനില്പിന് വേദം സംരക്ഷിയ്ക്കപ്പെടേണ്ടതുണ്ട്. വേദസംരക്ഷണമെന്നത് ഗുരുമുഖത്തുനിന്നും ശുദ്ധമായ ഉച്ചാരണത്തോടും ഋഷിച്ഛന്ദോദേവതകളുടെ വിജ്ഞാനത്തോടും യാതൊരു പ്രമാദവും വരാതേയുള്ള വേദാദ്ധ്യയനം തന്നേയാണ്. എല്ലാ വേദങ്ങളുടേയും ഉപയോഗം ഏകാഹാഹീനാദിയജ്ഞങ്ങളിലാണ്. അതിന് ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ് എന്നീ വേദാംഗങ്ങളുടെ കൂടി വിജ്ഞാനം അത്യാവശ്യമാണ്. വേദാംഗവിജ്ഞാനം കൊണ്ടേ നാദം, ശ്രുതി, ദ്വിത്വം എന്നിവയോടെ വേദം ഉച്ചരിയ്ക്കാൻ കഴിയൂ. രണ്ടോ മൂന്നോ വ്യഞ്ജനങ്ങൾ കൂടിചേർന്ന അക്ഷരം ഉച്ചരിയ്ക്കുമ്പോൾ ഏതിന് ദ്വിത്വം വേണം എന്നത് അറിയുവാൻ അതാതുശാഖയുടെ ശിക്ഷ അഥവാ പ്രാതിശാഖ്യം പഠിയ്ക്കണം. ഏവർക്കും സുപരിചിതമായ ഒരു ഉദാഹരണത്തിലൂടെ ഇതു വ്യക്തമാക്കാം. ബ്രഹ്മാ, ബ്രമ്ഹാ എന്ന രണ്ടുതരത്തിൽ ഉച്ചാരണമുണ്ടല്ലോ. രണ്ടാണെങ്കിലും അർത്ഥഭേദം ഇല്ല. ഇതിൽ അദ്യത്തേത് ശൗനകശിക്ഷാവിധിയനുസരിച്ചുള്ള 'ഹ' എന്ന അക്ഷരത്തിന് ദ്വിത്വം കൊടുത്തതുകൊണ്ടുള്ള ഋഗ്വേദികളുടെ ഉച്ചാരണമാണ്. രണ്ടാമത്തേത് യജൂർവേദികളുടെ പ്രാതിശാഖ്യപ്രകാരമുള്ള 'മ' കാരത്തിന് ദ്വിത്വം കൊടുത്തുകൊണ്ടുള്ളതാണ്. ലൗകിക ഉച്ചാരണം യജൂർവ്വേദികളുടേതുപോലെയാണ് ഈ പദത്തിന് കാണുന്നത്. ഉപന്യാസസ്ഥൗല്യഭയത്താൽ അധികം ഉദാഹരിയ്ക്കുന്നില്ല.

ഋഗ്വേദത്തിലെ ആശ്വലായന ശാഖയുടെ ഉച്ചാരണം, സന്ധി, സ്വരം, പദച്ഛേദം, ക്രമം മുതലായി വിവിധവിഷയങ്ങളേപ്പറ്റി വിശദമായി പ്രതിപാദിയ്ക്കുന്ന ഒരു വിശിഷ്ടഗ്രന്ഥമാണ് ഋക് പ്രാതിശാഖ്യം. ഈ ഗ്രന്ഥത്തിന് ഉവടാചാര്യന്റെ വിസ്തൃതമായ ഭാഷ്യം ഉണ്ട്. പതിനെട്ടു പടലങ്ങളുള്ള പ്രസ്തുതഗ്രന്ഥം ശൗനകശിക്ഷ, അഷ്ടാദ്ധ്യായിയിലെ വൈദികപ്രകരണം, വ്യാകരണമെന്ന വേദാംഗം, ഛന്ദസ്സ് എന്നിവയുടെ ഒരു സമഗ്രപുനരാവിഷ്കരണമാണ്. ജിജ്ഞാസുക്കൾക്കേവർക്കും ഒരുപോലെ ഉപകരിയ്ക്കുന്ന വിധത്തിൽ ഈ ഋക്ക് പ്രാതിശാഖ്യം എന്ന വിശിഷ്ടഗ്രന്ഥം വിശദമായി വ്യാഖ്യാനിച്ച് കൈരളിയ്ക്ക് സമർപ്പിയ്ക്കു

ന്നതു ഏകതാനമായ പഠനപാഠനങ്ങളിൽക്കൂടെ ദീർഘകാലംകൊണ്ട് സമ്പാദിച്ച വൈദുഷ്യത്തിന്റെ ഉടമയായ ആര്യാദേവിട്ടീച്ചറാണ്. ഇനിയും ഇത്തരം പുണ്ണ്യകർമ്മങ്ങളിൽ നിരന്തരം വ്യാപരിക്കാൻ വേണ്ടതായ ശക്തി ഗ്രന്ഥകർത്ത്രിയ്ക്ക് സർവ്വേശ്വരൻ നൽകട്ടേ എന്ന് വീണ്ടും വീണ്ടും ആശംസിച്ചുകൊണ്ട് വാക്കുകൾ ചുരുക്കുന്നു.

നടുവിൽമഠം,
തൃശ്ശൂർ.

# ഋഗ്വേദപ്രാതിശാഖ്യത്തെപ്പറ്റി....

വടക്കുമ്പാട് നാരായണൻ

ശിക്ഷ, വ്യാകരണം തുടങ്ങിയ വേദാംഗങ്ങളെ സമന്വയിപ്പിച്ച് പ്രശസ്ത പണ്ഡിതയായ ഡോ. ആര്യാദേവി തയ്യാറാക്കിയ പഠനഗ്രന്ഥമാണ് ഋഗ്വേദപ്രാതിശാഖ്യം. വേദമന്ത്രങ്ങളുടെ ഉച്ചാരണത്തിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങളും സ്വരങ്ങളുടെ പ്രത്യേകതകളും പ്രമാണസഹിതം ഇതിൽ വിശദമാക്കുന്നു. വേദമന്ത്രങ്ങൾ പാരമ്പര്യരീതിയിൽ പഠിച്ചവർക്കും നിഷ്ഠയോടെ പ്രയോഗിക്കുന്നവർക്കും ഉണ്ടാകാവുന്ന സംശയങ്ങൾ ദൂരീകരിക്കാൻ പാകത്തിൽ, സംഹിതചൊല്ലുമ്പോൾ ചില പദങ്ങൾ എന്തുകൊണ്ട് ദീർഘങ്ങളായി എന്തുകൊണ്ടാണ് പ്ലുതമായത് എന്നിങ്ങനെയുള്ള കാര്യങ്ങൾ കാര്യകാരണസഹിതം വിശകലനം ചെയ്യുന്നു. ഭാഷാപഠനത്തിന്, പ്രത്യേകിച്ച് സ്വരവിജ്ഞാനത്തിന്, താല്പര്യമുള്ളവർക്ക് ഏറെ പ്രയോജനപ്പെടുന്ന ടീച്ചറുടെ വ്യാഖ്യാനരീതി ശ്ലാഘനീയമാണ്. വേദധ്വനി മാസികയിൽ നൂറിലധികം ലക്കങ്ങളിൽ തുടർച്ചയായി ശ്ലോകരൂപത്തിലും സൂത്രങ്ങളായും അവതരിപ്പിച്ച് അവയുടെ അർത്ഥവും സ്വാരസ്യവും ശ്രദ്ധേയമായവിധം വ്യാഖ്യാനിക്കുകയുണ്ടായി. സംസ്കൃതസർവ്വകലാശാലയിൽ വകുപ്പ് അദ്ധ്യക്ഷയും ഡീനുമൊക്കെയായി പ്രവർത്തിച്ചതിന്റെ അനുഭവസമ്പത്തും, നിരന്തരമായ പഠനപ്രക്രിയയിലൂടെ ആർജിച്ച പ്രയോഗപരിജ്ഞാനവും കൈമുതലാക്കി ഗ്രന്ഥരചനയിലേർപ്പെട്ടും വാക്യാർത്ഥസദസ്സുകളിൽ പങ്കെടുത്തും തനിക്കറിയാവുന്ന കാര്യങ്ങൾ ജിജ്ഞാസുക്കൾക്കുമുമ്പിൽ അവതരിപ്പിച്ച് ഖ്യാതിനേടിയ പണ്ഡിതയാണ് ശ്രീമതി ആര്യാദേവിട്ടീച്ചർ. സൗമ്യവും കുലീനവുമായ പെരുമാറ്റം, വിനീതമായ ഭാവം, സൂത്രങ്ങളെ പ്രമാണസഹിതം വ്യാഖ്യാനിക്കുവാനുള്ള പാടവം തുടങ്ങിയവ ടീച്ചർക്കുള്ള എടുത്തുപറയേണ്ട ഗുണങ്ങളാണ്. ന്യായവൈശേഷികങ്ങളിലും ശിക്ഷ- വ്യാകരണാദികളിലും ഉപസ്ഥിതി നേടിയ ഡോ. ആര്യാദേവിട്ടീച്ചർ കേരളസാഹിത്യഅക്കാദമി അവാർഡിന് അർഹയായ എഴുത്തുകാരികൂടിയാണ്. മാത്രമല്ല, വാക്കിലൂടെയും പ്രവൃത്തിയിലൂടെയും സംസ്കൃതസാഹിത്യത്തിനു ചെയ്ത സേവനങ്ങൾക്ക് സംസ്കൃതപണ്ഡിതന്മാരുടെ മുഴുവൻ അംഗീകാരവും ആദരവും നേടിയ മഹതിയാണ് ആര്യാദേവിട്ടീച്ചർ.

അസാമാന്യമായ പാണ്ഡിത്യവും അതനുസരിച്ചുള്ള സ്വഭാവവൈശിഷ്ട്യങ്ങളും ഒത്തിണങ്ങിയ ബഹുമാന്യയായ ആര്യാദേവിട്ടീച്ചറെ അകലെ നിന്ന് ആരാധിക്കുവാൻ മാത്രമേ എനിക്കാവുകയുള്ളൂ. വേദത്തിലും ശാസ്ത്രത്തിലും യാതൊരു പാണ്ഡിത്യവുമില്ലാത്ത ഒരാളാണുഞാൻ. എങ്കിലും എന്റെ ഗുരുനാഥനും സുഹൃത്തുമായ പ്രൊഫ. വി. എൻ. നീലകണ്ഠൻ മാഷും ഗുരുപത്നിയായ ആര്യാദേവിട്ടീച്ചറും എന്നോടുകാണിക്കാറുള്ള സൗഹൃദവും വാത്സല്യവും മാത്രമാണ് ടീച്ചറുടെ പുസ്തകത്തെക്കുറിച്ച് എന്തെങ്കിലും എഴുതാൻ എനിക്കുള്ള പിൻബലം. ഗുരുനാഥന്മാരുടെ അനുഗ്രഹം തന്നെയാണല്ലോ എന്തിനും സഹായകമായ ശക്തിവിശേഷം. അതുകൊണ്ടുതന്നെ, അവരെ മനസാനമസ്കരിച്ച് എനിക്കു തോന്നിയത് എഴുതുന്നു. ഇതൊരു പഠനമോ വിലയിരുത്തലോ അല്ല. അഭിനന്ദനസൂചകമായി എനിക്ക് തോന്നിയ ചില കാര്യങ്ങൾ സൂചിപ്പിക്കുന്നു എന്നുമാത്രം.

വേദോച്ചാരണ നിയമങ്ങൾ പ്രതിപാദിക്കുന്ന വ്യാകരണ ഗ്രന്ഥം എന്നാണ് പ്രാതിശാഖ്യം എന്ന പദത്തിന് സാമാന്യമായി അർത്ഥം പറയുന്നത്. ഓരോ വേദ ശാഖയ്ക്കും ഉച്ചാരണഭേദം കല്പിച്ചിട്ടുണ്ട്. അതുപ്രകാരം ഋഗ്വേദത്തിലെ ശാകലശാഖയ്ക്ക് ഒന്നും യജൂർവേദത്തിലെ രണ്ടു ശാഖകൾക്കും ഓരോന്നും അഥർവ്വവേദത്തിന് ഒന്നും എന്ന നിലയിൽ നാല് പ്രതിശാഖ്യങ്ങൾ പ്രധാനമായി കണക്കാക്കപ്പെടുന്നു. അതിപ്രാചീനമായ വേദങ്ങൾക്ക് ഇന്നും യാതൊരു പാഠഭേദവുമില്ലാത്തത് അതിന്റെ അദ്ധ്യയനരീതിയിലെ നിഷ്കർഷകൊണ്ടാണ്. വേദ സംഹിതയിലുള്ള എല്ലാ വാക്കുകളേയും സന്ധിയിലും സമാസത്തിലും നിന്നും വേർപ്പെടുത്തി പ്രത്യേകം എടുക്കുന്നതാണ് പദപാഠം. പദപാഠത്തിലെ ഓരോ വാക്കുമെടുത്ത് അതിന്റെ മുമ്പിലത്തെ വാക്കും പിന്നിലെ വാക്കും കൂട്ടിച്ചേർത്തുള്ള പാഠമാണ് ക്രമപാഠം. സംഹിതാലോപം വരുത്താതിരിക്കുക എന്ന ഉദ്ദേശത്തോടെത്തന്നെ ചിലപ്പോൾ രണ്ടിലധികം പദങ്ങളെ അതിക്രമിച്ചിട്ട് അതിനുശേഷം വരുന്ന പദങ്ങളുമായി ചേർത്ത് ക്രമം ചൊല്ലുന്നതും പതിവാണ്.

വേദസംരക്ഷണോപാധികളായ ജട, രഥ തുടങ്ങിയ വേദവികൃതികൾ ക്രമപാഠത്തെ അടിസ്ഥസ്ഥാനമാക്കിയാണ് ചൊല്ലുന്നത്. പദപാഠത്തിൽ പ്രത്യേകമായി അപഗ്രഥിച്ചിട്ടുള്ള വാക്കുകളെ തിരികെ കൂട്ടിയിണക്കി സംഹിതയാക്കുന്നതിനുള്ള നിയമങ്ങൾക്കാണ് പ്രാതിശാഖ്യം എന്നുപറയുന്നത്. ഇത്തരം നിയ

മങ്ങളനുസരിച്ച് നിഷ്കർഷയോടുകൂടി പഠിച്ചുവരുന്നതിനാലാണ് വേദങ്ങൾക്ക് പാഠഭേദം ഉണ്ടാകാതിരിക്കുന്നത്.

പദപാഠത്തിൽ നിന്ന് സംഹിതാപാഠത്തിലുണ്ടാകുന്ന മാറ്റങ്ങൾ എപ്രകാരമെന്ന് കാണിച്ചുതരലാണത്രെ പ്രാതിശാഖ്യത്തിന്റെ ഉദ്ദേശം. ഓരോ വേദശാഖയ്ക്കും വേറെ വേറെ ഗ്രന്ഥമുണ്ടെന്ന് പ്രാതിശാഖ്യം എന്ന പേരുതന്നെ സൂചിപ്പിക്കുന്നു. ഇത് ശിക്ഷ എന്ന വേദാംഗത്തോടുചേർത്ത് പറയാവുന്നതാണ്. ഇന്ന് നാലു വേദങ്ങളുടേയും വിവിധശാഖക്കാർ പരമ്പരയായി തുടർന്നുവരുന്ന ഉച്ചാരണം, പദപാഠം, ക്രമപാഠം എന്നിവയുടെ ശാസ്ത്രീയമായ അറിവ് ലഭിക്കണമെങ്കിൽ പ്രാതിശാഖ്യത്തിന്റെ പരിജ്ഞാനം കൂടിയേ കഴിയൂ.

ശുക്ലയജൂർവ്വേദത്തിന്റെ മാദ്ധ്യന്ദിനശാഖയെ സംബന്ധിച്ചതാണ് കാത്യായന പ്രണീതമായ വാജസനേയി പ്രാതിശാഖ്യം. ഖണ്ഡദ്വയാത്മകമായ തൈത്തിരീയ പ്രാതിശാഖ്യം ശബ്ദോൽപ്പത്തി മുതലുള്ള കാര്യങ്ങൾ വ്യക്തമാക്കുന്നു. സന്ധി, സ്വരം, പദവിവേചനം എന്നിവയെക്കുറിച്ചുള്ള വിശദീകരണമാണ് അഥർവ്വപ്രാതിശാഖ്യം. ശൗനകചതുരദ്ധ്യായിയിലും മേൽപ്പറഞ്ഞപോലെ സന്ധി, സ്വരം, പദവിവേചനം എന്നിവ പ്രതിപാദിക്കുന്നു. സാമതന്ത്രം എന്നുകൂടി പേരുള്ള സാമപ്രാതിശാഖ്യം എന്ന ഗ്രന്ഥം സാമവേദത്തിന്റെ പാഠസമ്പ്രദായത്തെ വിസ്തരിച്ച് വിശദമാക്കുന്നു. ഈ നിലയിൽ പ്രാതിശാഖ്യസാഹിത്യം അതിവിപുലമാണ്. ഇവയിൽ പലതിനും സംസ്കൃതഭാഷയിൽ ഭാഷ്യങ്ങളുണ്ട്. ഇവയിലൊക്കെ പ്രതിപാദിപ്പിച്ചിട്ടുള്ളത് വ്യാകരണ ഭാഗങ്ങളാണ്. അതിനാൽ പ്രാതിശാഖ്യങ്ങളെല്ലാം പാണിനീയ വൈദിക പ്രക്രിയയുടെ സ്വാധീനമുള്ളവയാണ്. ശിക്ഷ എന്ന വേദാംഗത്തിന്റെ സ്വാധീനവും പ്രകടമായി കാണാവുന്നതാണ്. അതുകൊണ്ടുതന്നെ പ്രാതിശാഖ്യങ്ങളെല്ലാം ശിക്ഷയുടെ പരിശിഷ്ടവും വ്യാകരണത്തിന്റെ പൂർവ്വപീഠികയുമാണെന്നാണ് ആചാര്യന്മാർ പറയുന്നത്.

അത്യപൂർവ്വവും അതിഗഹനവുമായ ഋഗ്വേദപ്രാതിശാഖ്യത്തിന്റെ വ്യാഖ്യാനമാണ് ആര്യാദേവിട്ടീച്ചറുടെ ഋഗ്വേദ പ്രാതിശാഖ്യം. ഉവടന്റെ വ്യാഖ്യാനത്തിൽ നിന്ന് പ്രസക്ത ഭാഗങ്ങൾ മാത്രം സ്വീകരിച്ച് എഴുതപ്പെട്ട വ്യാഖ്യാനത്തോട് കൂടിയ ഋഗ്വേദ പ്രാതിശാഖ്യം എന്ന പാർഷദസൂത്രത്തെ ആധാരമാക്കിയുള്ള ഭാഷാന്തരീകരണമാണ് നിർവ്വഹിച്ചിരിക്കുന്നത് എന്ന് ടീച്ചർതന്നെ പ്രസ്താവിക്കുന്നുണ്ട്.ശൌനകമഹർഷിയാണ് ഋഗ്വേദപ്രാതിശാഖ്യത്തിന്റെ

കർത്താവെന്നാണ് പറയപ്പെടുന്നത്. പദപാഠത്തിൽ നിന്ന് സംഹിതയിലാക്കുമ്പോൾ സ്വരത്തിലുണ്ടാകുന്ന വ്യത്യാസങ്ങളും അവയെല്ലാം എങ്ങിനെ ഉച്ചരിക്കണമെന്ന നിർദ്ദേശങ്ങളുമാണ് 18 പടലങ്ങളിലായി ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളത്. "മഹർഷി ശ്രേഷ്ഠന്മാർ ബ്രഹ്മാവിനെ വേദസ്വരൂപനും വേദനിധിയുമായി വാഴ്ത്തുന്നു. പത്മഗർഭനും പൂജനീയനുമായ ആ ആദിദേവനെ നമസ്കരിച്ച ശേഷം ശൗനകൻ ഋഗ്വേദമന്ത്രങ്ങളുടെ ലക്ഷണം പറയാൻ ആരംഭിക്കുന്നു," എന്ന മുഖവുരയോടെ 'പരാവരെ' എന്നു തുടങ്ങുന്ന ഒന്നാം പടലത്തിലെ ഒന്നാമത്തെ ശ്ലോകം അവതരിപ്പിച്ച് വ്യാഖ്യാനിക്കുവാൻ തുടങ്ങുന്നു. വേദം പഠിക്കുന്ന ആൾ, വിശേഷിച്ചും ആചാര്യൻ എന്ന പദവിക്ക് യോഗ്യനാകാൻ, മനസ്സിലാക്കിയിരിക്കേണ്ട ഗുരുത്വ-ലഘുത്വാദികളും ഛന്ദസ്സുകളുടെ ജ്ഞാനം, വർണ്ണങ്ങളുടെ ക്രമങ്ങൾ, ഹ്രസ്വം, ദീർഘം, പ്ലുതം എന്നീ മാത്രാ ഭേദങ്ങൾ തുടങ്ങിയവ ഓരോന്നായി ഇതിൽ ചൂണ്ടിക്കാണിക്കുന്നു.

ടീച്ചറുടെ വ്യാഖ്യാനത്തിൽ 21 ഛന്ദസ്സുകളുടേയും ലക്ഷണം പറയുന്നുണ്ട്. വിവിധ ദേവതകളെക്കുറിച്ചും വ്യത്യസ്ത മന്ത്രദ്രഷ്ടാക്കളായ ഋഷിമാരെക്കുറിച്ചും ഇതിൽ പരമാർശിക്കുന്നു. ഛന്ദസ്സുകളുടെ ദേവതമാരെ പറ്റി പറഞ്ഞ അതേ ക്രമത്തിൽ അവയുടെ നിറങ്ങളെ പറ്റിയും പറയുന്നുണ്ട്. ഗായത്രിക്ക് ശ്വേതവർണ്ണം, ഉഷ്ണിക്കിന് സാരംഗം, അനുഷ്ടുപ്പിന് രോചനാവർണ്ണം, സംഹിതയ്ക്ക് കൃഷ്ണവർണ്ണം, ത്രിഷ്ടുപ്പിന് ലോഹിതവർണ്ണം, ജഗതിക്ക് സ്വർണ്ണവർണ്ണം എന്നിങ്ങനെ പ്രതിപാദിക്കുന്ന കൂട്ടത്തിൽ ഋക്ക്, യജുസ്സ്, സാമം എന്നിവയുടേത് മഞ്ഞകലർന്ന തവിട്ട് നിറമാണെന്നും പറയുന്നു.

18 പടലങ്ങളായി സവിസ്തരം വ്യാഖ്യാനിക്കുമ്പോൾ ഒരു പടലത്തിൽ വ്യവസ്ഥകൾ വിധിക്കുകയും തൊട്ടടുത്ത പടലത്തിൽ മുമ്പ് വിധിച്ചവയ്ക്ക് ഹേതുക്കളെ നിർദ്ദേശിക്കുകയും ചെയ്യുന്ന രീതി കൗതുകമുണർത്തുന്നതാണ്. ചിലപടലങ്ങളിലെ കാരികകളിൽ പറയുന്നവ വിസ്തരിക്കുമ്പോഴും ഉച്ചാരണത്തിൽ സംഭവിക്കാവുന്ന ദോഷങ്ങൾ ചൂണ്ടിക്കാണിക്കുമ്പോഴും ഇക്കാര്യത്തിൽ അല്പംപോലും സംശയം ഉണ്ടാകരുത് എന്ന ആശയത്താലാണ് വിസ്തരിക്കുന്നതെന്ന് ഉവടാചാര്യൻ പറഞ്ഞിട്ടുള്ളതായും ടീച്ചർ സാക്ഷ്യപ്പെടുത്തുന്നു. ഇത് അഭിനന്ദനാർഹമായ രീതിയാണ്.

ചില പദങ്ങൾ പൂർവ്വമായി വന്നാലും പരമായി വന്നാലും പദപാഠത്തിൽ നിന്ന് വ്യത്യസ്തമായ വിധം സംഹിതാപാഠത്തിൽ

മാറ്റം വരുന്നു. അവ ഏതുപ്രകാരത്തിലാണെന്നും എവിടെയെല്ലാം വിസർഗ്ഗം വരുമെന്നും കർമ്മവിശേഷങ്ങളിൽ വൃത്തിയുടെ വ്യത്യാസങ്ങൾ ഏതെല്ലാം തരത്തിലാണെന്നും മാത്രയെക്കുറിച്ചുള്ള വിസ്താരത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഉദാഹരണമായി ടീച്ചർ പറയുന്നു "അനുഷ്ടുവന്തി പൂർവഥാ" എന്ന സംഹിതാ ഭാഗത്തിന്റെ പദപാഠം "അനു/സ്തുവന്തി/പൂർവ്വഥാ" എന്നാണ്. അനു എന്ന ഉകാരമാകുന്ന നാമി കഴിഞ്ഞ് വരുന്ന സ്തുവന്തി എന്ന പദത്തിന്റെ ആദിയിലുള്ള സ കാരത്തിന് ഷ കാരം വരുന്നു. ആ ഷകാരത്തിൽ നിന്ന് പരമായതിനാൽ ത കാരത്തിന് ട കാരം വന്ന് ഷ്ടുവന്തി എന്ന് സംഹിതയിൽ പ്രയോഗിച്ചിരിക്കുന്നു. അതുപോലെ മറ്റൊരു സന്ദർഭത്തിൽ പ കാരം പരമാവുമ്പോൾ ന കാരത്തിന് വിസർഗ്ഗം വരുമെന്നും മന്ത്രങ്ങളുടെ ഉച്ചാരണ വിശേഷം വിസ്തരിക്കുന്ന കൂട്ടത്തിൽ പറയുന്നു. വാക്കിന്റെ വൃത്തികളെ പരാമർശിക്കുന്ന സന്ദർഭവും ശ്രദ്ധേയമാണ്. "ആചാര്യന്മാർ വാക്കിന് മൂന്ന് വൃത്തികളുപദേശിക്കുന്നുണ്ട്. അവ വിളംബിതാ, മധ്യമാ, ദ്രുതാ എന്നിവയാണ്. കർമ്മവിശേഷങ്ങളിൽ വൃത്തിയുടെ വ്യത്യാസത്തെപറയുന്നു. പ്രാതസ്സവനം വിളംബിതവൃത്തിയിലും മാധ്യന്ദിനസവനം മധ്യമവൃത്തിയിലും തൃതീയസവനം ദ്രുതവൃത്തിയിലുമാണ്. ഓരോ വൃത്തിയിലും മാത്രയ്ക്ക് വ്യത്യാസം വരും. ദ്രുതവൃത്തിയിലുള്ളതിന്റെ മൂന്നിരട്ടി മധ്യമയിലും മധ്യമയിലുള്ളതിന്റെ മൂന്നിരട്ടിയോ നാലിരട്ടിയോ അധികം വിളംബിതയിലും വരുമെന്നാണ് നിയമം. ചൊല്ലിപ്പഠിയ്ക്കാൻ ദ്രുതവൃത്തിയും പ്രയോഗിയ്ക്കാൻ മധ്യമയും ശിഷ്യരെ പഠിപ്പിയ്ക്കാൻ വിളംബിതയും ഉപയോഗിക്കുന്നു.'' ഇപ്രകാരമുള്ള നിർദ്ദേശത്തെത്തുടർന്ന് പൊന്മ ഒരു മാത്രയിലും കാക്ക രണ്ട് മാത്രയിലും ശബ്ദിക്കുന്നതായുള്ള രസകരമായ നിരീക്ഷണത്തോടെ മാത്രയെക്കുറിച്ചുള്ള വിവരണം ചുരുക്കുന്നു.

അന്യൂനമായവിധം വേദമന്ത്രങ്ങളുച്ചരിക്കുന്നതിന് ഉച്ചാരണശാസ്ത്രം ശരിയായി അറിഞ്ഞിരിക്കണമെന്ന് ടീച്ചർ ഉറപ്പിച്ചു പറയുന്നു. "സ്വരങ്ങളും, വ്യഞ്ജനങ്ങളും ഉച്ചരിക്കുമ്പോഴുണ്ടാകുന്ന ദോഷങ്ങൾ എണ്ണിയാൽ തീരില്ല. കാരണം പലതരത്തിലുള്ള സ്ഥാനം, പ്രയത്നം, അനുപ്രദാനം, സ്വരങ്ങൾ എന്നിവയോട് കൂടിയ വർണ്ണങ്ങൾ ഉച്ചരിക്കുന്ന ആളുകൾ പല ദേശത്തുള്ളവരും പലതരം സ്വഭാവത്തോടുകൂടിയവരും പലതരം ആചാരങ്ങളോടുകൂടിയവരുമാണ്. അത്തരം ആളുകൾ ഏതു വർണ്ണങ്ങൾ എങ്ങനെ

ഉച്ചരിക്കുമെന്ന് പറയാനാവില്ല. എന്നാൽ ശാസ്ത്രത്തിൽ നിന്ന് ഓരോ വർണ്ണങ്ങളുടേയും സ്ഥാനം, പ്രയത്നം തുടങ്ങിയ വർണ്ണ ധർമ്മങ്ങൾ മനസ്സിലാക്കാൻ സാധിക്കും. ഉച്ചാരണശാസ്ത്രം ശരിയായി മനസ്സിലാക്കി അത് വേണ്ടവിധത്തിൽ പ്രയോഗത്തിൽ വരുത്തുവാൻ ശാസ്ത്രകുശലനായ ആൾക്ക് സാധിക്കും." ഉച്ചാരണത്തിന്റെ പ്രാധാന്യം ആവർത്തിക്കുമ്പോൾ, മറ്റെന്തെല്ലാം വിഷയങ്ങളിൽ അറിവുണ്ടായിരുന്നാലും ഉച്ചാരണശാസ്ത്രം ശരിക്ക് പഠിക്കാത്ത ആൾക്ക് സഭയിൽ ശോഭിക്കുവാൻ കഴിയുകയില്ലെന്നും ഓർമ്മിപ്പിക്കുന്നു.

ഇത്തരത്തിൽ വേദമന്ത്രങ്ങളുടെ ഉച്ചാരണത്തിൽ സംഭവിക്കാവുന്ന പിഴവുകളും തെറ്റുപറ്റാതിരിക്കുവാനുള്ള ശരിയായ വഴികളും ഋഗ്വേദ പ്രാതിശാഖ്യം വിശദമാക്കുന്നു. ശിക്ഷ, വ്യാകരണം എന്നിവയിലുള്ള അവഗാഹത്തോടെ, ശബ്ദോൽപത്തി, സന്ധി, സ്വരം, പദവിവേചനം തുടങ്ങിയവ കൃത്യമായി പറഞ്ഞു തരുന്നതിനോടൊപ്പം പദപാഠത്തിൽ നിന്ന് സംഹിതാപാഠമാകുമ്പോൾ സ്വരങ്ങളിലുണ്ടാകുന്ന വ്യത്യാസങ്ങളും ഉച്ചാരണ വൈശിഷ്ട്യങ്ങളും നിരവധി ഉദാഹരണങ്ങളോടെ ഡോ. ആര്യാദേവിട്ടീച്ചർ സവിസ്തരം പ്രതിപാദിക്കുന്നു. ഉവടന്റെ വ്യാഖ്യാനത്തിന്റെ ഭാഷാന്തരീകരണം എന്ന നിലയിൽ മാത്രമല്ല, ദോഷങ്ങൾ ചൂണ്ടിക്കാണിക്കുകയും യാതൊരു സംശയവും ഉണ്ടാകാൻ പാടില്ലാത്തവിധം ആവശ്യമായ സന്ദർഭങ്ങളിൽ ടീച്ചറുടെ അഭിപ്രായങ്ങളും, നിഗമനങ്ങളും, വിശദീകരണക്കുറിപ്പുകളും പ്രത്യേകമായി അവതരിപ്പിക്കുന്നു എന്നത് കൂടിയാണ് എടുത്തുപറയേണ്ട മേന്മയായി തോന്നുന്നത്. ഋഗ്വേദമന്ത്രങ്ങളുടെ ഉച്ചാരണത്തിൽ താല്പര്യവും ശ്രദ്ധയും ജ്ഞാനവും ഉണ്ടാകുവാൻ പാകത്തിൽ മന്ത്രങ്ങളുടെ സ്പന്ദനം ഉൾക്കൊണ്ടുകൊണ്ട് ടീച്ചർ എഴുതിയ ഋഗ്വേദ പ്രാതിശാഖ്യം പണ്ഡിതസമൂഹം സർവ്വാത്മനാ സ്വീകരിക്കുമെന്നും അംഗീകരിക്കുമെന്നും ഉറപ്പാണ്. അനുഗൃഹീത പണ്ഡിതയായ ആര്യാദേവിട്ടീച്ചർക്ക് സർവ്വവിധ ഭാവുകങ്ങളും നേരുന്നതിനോടൊപ്പം ടീച്ചറെ വേദമൂർത്തി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

● ● ● ● ● ● ● ● ● ● ●

# അവതാരിക

വേദങ്ങളാണ് സനാതനധർമത്തിന്റെ മൂലഭൂതമായ പ്രമാണം. ഭാരതീയമെന്നു നാം അഭിമാനിയ്ക്കുന്ന എല്ലാംതന്നെ വേദത്തിൽനിന്ന് ഉടലെടുത്തതാണ്. ആ വേദങ്ങളുടെ ശബ്ദപരവും അർഥപരവുമായ പരിചയദാർഢ്യം ഉദ്ദേശിച്ച് പ്രാചീനരായ ആചാര്യന്മാർ പല പദ്ധതികളും ചിട്ടപ്പെടുത്തിയിട്ടുണ്ട്. വേദാംഗങ്ങൾ അവയിൽ പെടുന്നു. ശിക്ഷ, വ്യാകരണം, ഛന്ദസ്സ്, നിരുക്തം, ജ്യോതിഷം, കല്പം എന്നിവയാണ് വേദാംഗങ്ങൾ. ആചാര്യന്മാർ ഇവയെ വേദപുരുഷന്റെ അംഗങ്ങളായി രൂപണം ചെയ്തിരിയ്ക്കുന്നു. ജീവന് അത്യന്തോപയോഗിയായ ശ്വാസോച്ഛ്വാസപ്രക്രിയ ചെയ്യുന്ന മൂക്കു ശിക്ഷയും, ഉച്ചാരണം നിർവഹിയ്ക്കുന്ന വായ് വ്യാകരണവും, അവിച്ഛിന്നമായ ഗതിയ്ക്കു അനുകൂലങ്ങളായ കാലുകൾ ഛന്ദസ്സും, കേൾക്കാൻ ഉപയോഗപ്രദമായ ചെവി നിരുക്തവും, ദർശനോപയോഗിയായ കണ്ണു ജ്യോതിഷവും, പ്രവൃത്തിയെടുക്കാനുതകുന്ന കൈകൾ കല്പവുമാകുന്നു. കൈകാലുകൾ മനുഷ്യർക്കെന്നപോലെ വേദാംഗങ്ങൾ വേദപുരുഷനും ഉപകാരകങ്ങളാണ്. അതാണ് രൂപണത്തിന്റെ സ്വാരസ്യം. ആദ്യത്തെ മൂന്നെണ്ണം വേദത്തിന്റെ ശബ്ദപ്രാധാന്യവും, ശിഷ്ടമുള്ളവ അർഥപ്രാധാന്യവും ലക്ഷ്യമാക്കുന്നു. ശബ്ദപ്രധാനമായ ശിക്ഷ, വ്യാകരണം, ഛന്ദസ്സ് എന്നീ അംശത്തെ പ്രതിപാദിയ്ക്കുന്ന ഗ്രന്ഥങ്ങളാണ് പ്രാതിശാഖ്യങ്ങൾ. ഇവയ്ക്കു പാർഷദങ്ങൾ എന്നുകൂടി പേരുണ്ട്. പ്രാതിശാഖ്യത്തിലെ പ്രമേയത്തെ ആചാര്യന്മാർ സംഗ്രഹിച്ചിരിയ്ക്കുന്നത് ശ്രദ്ധേയമാണ്. അതിവിടെ ഉദ്ധരിയ്ക്കാം–

*ഗുരുത്വം ലഘുതാ സാമ്യം ഹ്രസ്വദീർഘപ്ലുതാനി ച*
*ലോപാഗമവികാരാശ്ച പ്രകൃതിർവികൃതിഃ ക്രമഃ*
*സ്വരിതോദാത്തനീചത്വം ശ്വാസോ നാദാംഗമേവ ച*
*ഏതത് സർവം തു വിജ്ഞേയം ഛന്ദോഭാഷാമധീയതാ*
*പദക്രമവിഭാഗജ്ഞോ ഗച്ഛേദാചാര്യസംസദം.*

(ഗുരുത്വം, ലഘുത്വം, ഉച്ചാരണസ്ഥാനാദിസാമ്യം, ഹ്രസ്വം, ദീർഘം, പ്ലുതം, ലോപവികാരം, ആഗമവികാരം, പ്രകൃതി, ഘനാദിവികൃതി, ക്രമപാഠം, സ്വരിതാദിസ്വരങ്ങൾ, ശ്വാസാദിപ്രയത്നങ്ങൾ, നാദം, അംഗം എന്നിവയെല്ലാം വേദഭാഷ അധ്യയനം ചെയ്യുന്ന

വൻ അറിഞ്ഞിരിയ്ക്കണം. പദം, ക്രമം എന്നിവ അറിയുന്നവൻ ആചാര്യപദവിയിലേയ്ക്കുയരും) *ശാഖാം ശാഖാം പ്രതി പ്രതി ശാഖം. പ്രതിശാഖം ഭവം പ്രാതിശാഖ്യം* എന്നാണ് പ്രാതിശാഖ്യപദത്തിന്റെ വ്യുത്പത്തി. അനന്തമായ വേദവൃക്ഷത്തിനു ആയിരത്തിലധികം ശാഖോപശാഖകളുണ്ടായിരുന്നു.ഋഗ്വേദത്തിനു 21, യജുസ്സിനു 100, സാമത്തിനു 1000, അഥർവത്തിനു 8 എന്നാണ് അവയുടെ കണക്ക്. ഇവയിൽ പലശാഖകളും കാലാന്തരത്തിൽ ലുപ്തമായിത്തീർന്നു. ഓരോ ശാഖകൾക്കുമുള്ള പ്രത്യേകതകയാണ് പ്രാതിശാഖ്യങ്ങളിലെ പ്രമേയം. ആയിരക്കണക്കിനു ശാഖോപശാഖകളുണ്ടെങ്കിലും പ്രാതിശാഖ്യങ്ങൾ എണ്ണത്തിൽ അത്രത്തോളമില്ല. പലശാഖകൾക്കുകൂടി ഒന്നോ അതിൽക്കൂടുതലോ പ്രാതിശാഖ്യങ്ങൾ മാത്രമേ ഉള്ളൂ. വേദസംരക്ഷണത്തിൽ പ്രാതിശാഖ്യങ്ങളുടെ പങ്ക് നിസ്തുലമാണ്. വ്യാകരണത്തിലും, ശിക്ഷയിലും, ഛന്ദസ്സിലും പ്രാതിശാഖ്യങ്ങളിൽനിന്നുള്ള ഉദ്ധരണങ്ങൾ ധാരാളമായി കാണാം. സൂക്ഷ്മമായി ആലോചിയ്ക്കുമ്പോൾ, ഒരുപക്ഷെ, പ്രാതിശാഖ്യങ്ങളായിരിയ്ക്കാം കൂടുതൽ പ്രാചീനം. ശിക്ഷ, വ്യാകരണം, ഛന്ദസ്സ് എന്നീ വേദാംഗങ്ങൾ അവയ്ക്കുശേഷം രൂപപ്പെട്ടതാൻ വിരോധമില്ല.

ഇന്നു ഉപലബ്ധങ്ങളായ പ്രാതിശാഖ്യങ്ങൾ *ഋക്പ്രാതിശാഖ്യം, വാജസനേയപ്രാതിശാഖ്യം, തൈത്തരീയപ്രാതിശാഖ്യം, മൈത്രായണീയപ്രാതിശാഖ്യം, സാമപ്രാതിശാഖ്യം, അഥർവപ്രാതിശാഖ്യം* എന്നിവയാണ്. *ആശ്വലായനപ്രാതിശാഖ്യം, ബാഷ്കളപ്രാതിശാഖ്യം, ശാംഖായനപ്രാതിശാഖ്യം ചാരായണീയപ്രാതിശാഖ്യം* എന്നീ പ്രാതിശാഖ്യങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ മറ്റു ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്.ഇവയിൽ, *ഋക്പ്രാതിശാഖ്യം* ഋഗ്വേദത്തിന്റെയും, *വാജസനേയപ്രാതിശാഖ്യം* ശുക്ലയജുർവേദത്തിന്റെയും, *തൈത്തരീയപ്രാതിശാഖ്യം* കൃഷ്ണയജുർവേദത്തിന്റെയും, *മൈത്രായണീയപ്രാതിശാഖ്യം* മൈത്രായണീയസംഹിതയുടേയും മറ്റുള്ളവ പേരു സൂചിപ്പിയ്ക്കുന്നതുപോലെ അതാതു വേദങ്ങളുടേതുമാണ്. ഇവ കൂടാതെ *അഥർവചതുരധ്യായി, പ്രതിജ്ഞാസൂത്രം, ഭാഷികസൂത്രം, ഋക്തന്ത്രം, ലഘുഋക്തന്ത്രം, സാമതന്ത്രം, അക്ഷരതന്ത്രം, ഛന്ദോഗവ്യാകരണം* എന്നിവയും പ്രാതിശാഖ്യങ്ങളിലെ പ്രമേയങ്ങളെ വ്യക്തമാക്കുന്ന ഗ്രന്ഥങ്ങളാണ്.

ഋഗ്വേദപ്രാതിശാഖ്യത്തെ പരിചയപ്പെടുന്നതിനുമുമ്പായി മറ്റു പ്രാതിശാഖ്യങ്ങളിലെ വിഷയങ്ങളെ സാമാന്യമായി പരിചയപ്പെടാം. *വാജസനേയപ്രാതിശാഖ്യം* ശുക്ലയജുർവേദത്തിന്റെ പ്രാതിശാഖ്യമാണെന്നു പറഞ്ഞുവല്ലൊ. കാത്യായനനാണ് ഈ പ്രാതിശാഖ്യത്തിന്റെ കർത്താവെന്നു പറയപ്പെടുന്നു. ഉവ്വടൻ വാജസനേയപ്രാതിശാഖ്യത്തിനും ഭാഷ്യം രചിച്ചിട്ടുണ്ട്. അനന്തഭട്ടൻ എന്ന പണ്ഡിതനും ഈ പ്രാതിശാഖ്യത്തിനു വ്യാഖ്യാനം എഴുതിയിട്ടുണ്ട്. ശ്രീരാമശർമയുടെ *ജ്യോത്സ്ന* രാമാഗ്നിഹോത്രിയുടെ *പ്രാതിശാഖ്യപ്രദീപിക*, ശിവരാമന്റെ *ശിവാഖ്യഭാഷ്യം*, അജ്ഞാതകർതൃകമായ ഒരു *വിവരണം* എന്നിവ ഇതിന്റെ വ്യാഖ്യാനങ്ങളാണ്. തൈത്തരീയപ്രാതിശാഖ്യത്തിന്റെ കർത്താവ് ആപസ്തംബനാണെന്നു വ്യാകരണശാസ്ത്രേതിഹാസകാരനായ യുധിഷ്ഠിരമീമാംസകൻ അഭിപ്രായപ്പെടുന്നു. പന്ത്രണ്ട് അധ്യായങ്ങൾ വീതമുള്ള രണ്ടു പ്രശ്നങ്ങളിലായി കൃഷ്ണയജുർവേദത്തെസംബന്ധിച്ച സമസ്തകാര്യങ്ങളും ഈ പ്രാതിശാഖ്യത്തിൽ പ്രതിപാദിയ്ക്കുന്നു. അനേകം വ്യാഖ്യാനങ്ങളും ഈ പ്രാതിശാഖ്യത്തിനുണ്ട്. *മാഹിഷേയവ്യാഖ്യാനം*, സോമയാര്യന്റെ ത്രിഭാഷ്യരത്നവ്യാഖ്യ, ഗാർഗ്യഗോപാലയജ്വാവിന്റെ വൈദികാഭരണം, വീരരാഘവകവിയുടെ *ശബ്ദബ്രഹ്മവിലാസം*, ഭൈരവാര്യന്റെ *വർണക്രമദർപണം*, പത്മനാഭന്റെ *വിവരണം*, അജ്ഞാതകർതൃകമായ *വൈദികഭൂഷണ*വും തൈത്തരീയപ്രാതിശാഖ്യത്തിന്റെ വ്യാഖ്യാനങ്ങളാണ്. ആത്രേയൻ, വരരുചി എന്നിവരും ഈ പ്രാതിശാഖ്യത്തിനു വ്യാഖ്യാനം രചിച്ചിട്ടുണ്ട്. *സാമവേദപ്രാതിശാഖ്യം പുഷ്പസൂത്രം* അഥവാ *ഫുല്ലസൂത്രം* എന്ന പേരിലും അറിയപ്പെടുന്നു. ഇതിലാകെ പത്തു പ്രപാഠകങ്ങളുണ്ട്. അജാതശത്രുവിന്റെ വ്യാഖ്യാനവും രാമകൃഷ്ണദീക്ഷിതസൂരിയുടെ ബൃഹദ്ഭാഷ്യവും പ്രസിദ്ധങ്ങളാണ്. മൂന്നു കാണ്ഡങ്ങളിലായി ശതപഥബ്രാഹ്മണത്തിലെ സ്വരസഞ്ചാരത്തെ പ്രതിപാദിയ്ക്കുന്ന *ഭാഷികസൂത്രം*, രാണായണീയശാഖാവലംബിയായ *ഋക്തന്ത്രം, സാമതന്ത്രം, അക്ഷരതന്ത്രം* എന്നിവയും സാമപ്രാതിശാഖ്യങ്ങളാണ്. ഇവയിൽ *ഋക്തന്ത്രം* ഔദവജ്രി എന്ന ആചാര്യൻ രചിച്ചതെന്നാണ് ഭൂരിപക്ഷാഭിപ്രായം. എല്ലാ പ്രാതിശാഖ്യങ്ങളിലുമായി സുമാർ അറുപതോളം ആചാ

ര്യന്മാരെ പരാമർശിയ്ക്കുന്നുണ്ട്. അഥർവവേദത്തിന്റെ ശൗനക ശാഖയുടെ പ്രാതിശാഖ്യഗ്രന്ഥമാണ് *അഥർവപ്രാതിശാഖ്യം. കൗത്സവ്യാകരണം* എന്നുകൂടി അറിയപ്പെടുന്ന *അഥർവചതുരധ്യായി* അഥർവവേദസംബന്ധിയാണ്. അതുപോലെ, *പ്രതിജ്ഞാസൂത്ര*വും അഥർവസംബന്ധി തന്നെയാണ്. ഇത്രയും പ്രതിപാദിച്ചതിൽനിന്നു പ്രാതിശാഖ്യമെന്ന വിഭാഗത്തിന്റെ വൈപുല്യം ഊഹിയ്ക്കാവുന്നാണ്.

അടുത്തതായി *ഋഗ്വേദപ്രാതിശാഖ്യ*ത്തെ പരിചയപ്പെടുത്താം. ഋഗ്വേദത്തിനു ഇന്നുപലബ്ധമായ ശാകലശാഖയുടെ ഉപശാഖയാണ് ശൈശിരീയശാഖ. ആകെ പതിനെട്ടു പടലങ്ങളിൽ 1067 സൂത്രങ്ങളിലായി പ്രസ്തുതശാഖയുടെ വിസ്തൃതമായ വിവേചനമാണ് ഇതിൽ ചെയ്യുന്നത്. സൂത്രങ്ങൾ പ്രായേണ വൃത്തഗന്ധിയാണ്. പരിഭാഷ, സംഹിത, സ്വരങ്ങൾ എന്നിവയാണ് ആദ്യത്തെ മൂന്നു പടലങ്ങളിലെ പ്രതിപാദ്യം. സന്ധി, നതി, ധ്വനി, പ്ലുതി തുടങ്ങി തികച്ചും വൈദികമായ വിഷയങ്ങളാണ് ഒമ്പതുവരെയുള്ള പടലങ്ങളിൽ പ്രതിപാദിയ്ക്കുന്നത്. ക്രമപാഠം, ക്രമഹേതു എന്നിവയാണ് തുടർന്നു രണ്ടു പടലങ്ങളിലെ വിഷയം. പന്ത്രണ്ടാംപടലമായ സീമാപടലത്തിൽ നാമാഖ്യാതാദിപദവിഭാഗങ്ങളെ വിവരിയ്ക്കുന്നു. അടുത്തത് ശിക്ഷാപടലമാണ്. അതിൽ ആഭ്യന്തരപ്രയത്നം, ബാഹ്യപ്രയത്നം തുടങ്ങിയ വിഷയങ്ങളെ വിസ്തരിയ്ക്കുന്നു. ഉച്ചാരണദോഷങ്ങളെ പ്രതിപാദിയ്ക്കുന്ന പതിനാലാംപടലം വളരെ പ്രസക്തവും രസകരവുമാണ്. വേദത്തിൽമാത്രമല്ല, ലോകത്തിലും അതിന്റെ ഉപയോഗം നിസ്തർക്കമാണ്. വേദാധ്യയനത്തെക്കുറിച്ചു പ്രതിപാദിയ്ക്കുന്നത് ഓങ്കാരപടലത്തിലാണ്. കേരളത്തിൽ നടപ്പുള്ള വാരം, ഹസ്തപ്രയോഗം, ത്രിസന്ധ, ജടാദിപ്രയോഗാവസരത്തിൽ കുക്കുടാസനത്തിലുള്ള ഇരിപ്പു(കുന്തിച്ചിരിയ്ക്കൽ) മുതലായ പല കാര്യങ്ങളും പ്രാതിശാഖ്യത്തോടു സംവദിയ്ക്കുന്നില്ല. ഒരുപക്ഷെ, അത്തരം വിഷയങ്ങളെ വിസ്തരിയ്ക്കുന്ന പ്രാതിശാഖ്യം ഇന്നുപലബ്ധമല്ലാത്ത *ആശ്വലായനപ്രാതിശാഖ്യ*മോ *ബാഷ്കളപ്രാതിശാഖ്യ*മോ മറ്റോ ആകാനിടയുണ്ട്. അവയിലെ പ്രതിപാദ്യമെന്തെന്ന് അറിയുന്നതുവരെ മേൽപ്പറഞ്ഞ വിഷയത്തെക്കുറിച്ച് ഖണ്ഡിതമായ ഒരഭി

പ്രായം പറയാൻ നിർവാഹമില്ല. അവസാനത്തെ മൂന്നു പടലങ്ങളിലായി ഛന്ദസ്സുകളെ പ്രതിപാദിയ്ക്കുന്നു. പതിനെട്ടു പടലങ്ങൾക്കും ഉവ്വടഭാഷ്യം അനുസരിച്ച് ലളിതമായ മലയാളഭാഷയിൽ മൊഴിമാറ്റം നടത്തിയിട്ടുള്ളത് പ്രൊഫസർ ടി. ആര്യാദേവി ടീച്ചർ ആണ്. പ്രസ്തുതഗ്രന്ഥം തൃശ്ശൂർ വടക്കേ ബ്രഹ്മസ്വംമഠത്തിന്റെ പ്രതിമാസപത്രികയായ *വേദധ്വനി*യിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.ഒന്നുരണ്ടുദാഹരണങ്ങൾകൊണ്ട് പരിഭാഷയുടെ സ്വഭാവം വ്യക്തമാക്കാം. ഉദാഹരണമായി പ്രഥമപടലത്തിൽ-

*ജിഹ്വാമൂലം താലു ചാചാര്യ ആഹ സ്ഥാനം*
*ഢകാരസ്യ തു വേദമിത്രഃ*
*ദ്വയോശ്ചാസ്യ സ്വരയോർമധ്യമേത്യ സമ്പദ്യതേ*
*സഢകാരോ ളകാരഃ(1-21)*

*വേദമിത്രൻ എന്ന ആചാര്യൻ ഢകാരത്തിന് ജിഹ്വാമൂലവും താലുവും സ്ഥാനമാണെന്നു അഭിപ്രായപ്പെടുന്നു. രണ്ടുസ്വരങ്ങളുടെ ഇടയിൽ വരുന്ന ഢകാരം ആ ആചാര്യന്റെ മതത്തിൽ ളകാരമാകുന്നു. ഉദാ-ഇളാം ദേവീം,ഈളേ.* അതുപോലെ, എട്ടാം പടലത്തിൽ *ഇമം മേ വരുണ ശ്രുധീ ഹവം* (1.25.19)എന്നിടത്ത് സംഹിതയിൽ *ശ്രുധീ* എന്നു ദീർഘം വരുന്നതിനുള്ള കാരണം ശ്രദ്ധേയമാണ്. *ശ്രുധി എന്നത് പാദാന്തത്തിലാണ് വരുന്നത്. ഹ എന്ന വ്യഞ്ജനം പരമായിട്ടുണ്ട്. അതിനാൽ പ്ലുതി വരുന്നു.* ഇങ്ങനെ ഓരോ വിഷയത്തെക്കുറിച്ചും വിസ്തരിച്ചു ഉപന്യസിയ്ക്കുവാൻ സ്ഥലപരിമിതി അനുവദിയ്ക്കുന്നില്ല. ശിഷ്ടം അനുവാചകന്മാർ വായിച്ചുനോക്കി സ്വയം മനസ്സിലാക്കട്ടെ.

മേൽക്കാണിച്ച വൈചിത്ര്യത്തിൽനിന്നുതന്നെ ഗ്രന്ഥത്തിന്റെ ദുർഗ്രഹത ഊഹിയ്ക്കാവുന്നതേ ഉള്ളു. മലയാളപരിഭാഷ ഒരു പരിധിവരെ ദുർഗ്രഹത കുറയ്ക്കുന്നുണ്ട്. ഉച്ചാരണാദിവിഷയങ്ങളിൽ സാമ്പ്രദായികമായി വേദാധ്യയനം ചെയ്യാത്തവർക്കു ചില പരിമിതികളുണ്ടെന്നു ഏവർക്കും അറിയുന്ന കാര്യമാണ്. അത്തരം പരിമിതികളുണ്ടെങ്കിലും അതത്ര സാരമാക്കാനില്ല. സംസ്കൃതഭാഷയിൽ പ്രാതിശാഖ്യമെന്ന പ്രസ്ഥാനമുണ്ടെന്നും അതാണ് വൈദികകാര്യങ്ങളിൽ പരമപ്രമാണമെന്നുപോലും അറിയാത്ത ധാരാളം വേദജ്ഞന്മാർ ഉണ്ട്. സംസ്കൃതഭാഷയിൽ

വേണ്ടത്ര പരിചയമില്ലാത്തവർക്കു തങ്ങൾ അധ്യയനം ചെയ്ത വേദത്തിന്റെ പ്രമാണഗ്രന്ഥത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിപ്പിയ്ക്കുന്നതിന് ഈ മലയാളപരിഭാഷ ഉതകുമെന്ന കാര്യത്തിൽ സംശയമില്ല. മാത്രമല്ല, ഭാഷാശാസ്ത്രത്തിൽ ഉപരിഗവേഷണം നടത്തുന്നവർക്കും അത്യന്തം ഉപയോഗപ്രദമാണ് ഈ ഗ്രന്ഥം. ഇത് പ്രകാശിപ്പിയ്ക്കുന്നതിനു സന്നദ്ധമായ ശ്രീശങ്കരാചാര്യസംസ്കൃതസർവശാലയുടെ പ്രവൃത്തി ശ്ലാഘനീയമാണ്. തൃശ്ശൂർ കേരളവർമ കോളേജിൽ ഔദ്യോഗികജീവിതമാരംഭിച്ച് സംസ്കൃതസർവകലാശാലയിൽനിന്നു വിരമിച്ച ആര്യാദേവിടീച്ചർ സംസ്കൃതരംഗത്തു പ്രവർത്തിയ്ക്കുന്ന എല്ലാവർക്കും സുപരിചിതയാണ്. സംസ്കൃതഭാഷയുടേയും ശാസ്ത്രങ്ങളുടേയും അഭിവൃദ്ധിയ്ക്കു സ്വധർമബുദ്ധ്യാ അശ്രാന്തപരിശ്രമം ചെയ്യുന്ന ചുരുക്കംചിലരിൽ ഒരാളാണ് ടീച്ചർ. ന്യായശാസ്ത്രത്തിന്റെ ഒരേകദേശപരിചയമില്ലാതെ ശാസ്ത്രസമുദ്രത്തിന്റെ അല്പജ്ഞാനം പോലും ഉണ്ടാക്കാൻ സാധ്യമല്ല. അതുകൊണ്ടാണല്ലോ *കാണാദം പാണിനീയം ച സർവശാസ്ത്രോപകാരകം* എന്ന ആഭാണകം പ്രസിദ്ധമായതും.താഴെ പറയുന്ന പുസ്തകങ്ങൾ ആ കുറവു തീർക്കുന്നു. *ന്യായശാസ്ത്രപ്രവേശിക, തർക്കസംഗ്രഹദീപിക, ന്യായദർശനം, അർഥസംഗ്രഹം മലയാളപരിഭാഷ* തുടങ്ങിയവ വിദ്യാർഥികൾക്കും അധ്യാപകർക്കും അത്യന്തോപയോഗികളാണ്. അതുപോലെ, സംസ്കൃതത്തിൽ ശാബ്ദബോധത്തെ വ്യക്തമാക്കുന്ന *ശബ്ദപ്രമാണവിമർശഃ* എന്ന പിഎച്ഡി പ്രബന്ധം വിദ്വാന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്. *ന്യായസിദ്ധാന്തമുക്താവലി*യ്ക്കും ടീച്ചർ മലയാളപരിഭാഷ രചിച്ചിട്ടുണ്ട്. അതും അധികം താമസിയാതെ പ്രകാശിതമാകും. മലയാളപരിഭാഷയിലൂടെ സായണഭാഷ്യം സമഗ്രമായി മലയാളികൾക്കു പരിചയപ്പെടുത്തിയ മാന്യദേഹമാണല്ലോ ബ്രഹ്മശ്രീ.ഓ.എംസി.നാരായണനമ്പൂതിരിപ്പാട്. അദ്ദേഹത്തിനുശേഷം, വൈദികസാഹിത്യത്തെക്കുറിച്ചു ഇത്രയും വിപുലമായ ഒരു ആധികാരികഗ്രന്ഥം സംസ്കൃതത്തിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. അങ്ങനെ നോക്കുമ്പോൾ ഋഗ്വേദഭാഷാഭാഷ്യത്തിന്റെ കനിഷ്ഠസോദരപദവി ഈ പ്രാതിശാഖ്യവി

വർത്തനം തീർച്ചയായും അർഹിയ്ക്കുന്നു.സംസ്കൃതവൈദുഷ്യത്തിൽ ഈ വർഷത്തെ *ദേവീപ്രസാദം* പുരസ്കാരത്തിനു ആര്യാദേവിടീച്ചർ തിരഞ്ഞെടുക്കപ്പെട്ടിരിയ്ക്കുന്നു. ടീച്ചർക്കു ആയുരാരോഗ്യസൗഖ്യം ആശംസിയ്ക്കുന്നതോടൊപ്പം, വീണ്ടും ഇത്തരം ഗ്രന്ഥതല്ലജങ്ങൾ രചിയ്ക്കാൻ അവസരമുണ്ടാകട്ടെ എന്നും പ്രാർഥിയ്ക്കുന്നു. അതിനു വേദപുരുഷൻ തുണയ്ക്കട്ടെ എന്നു മനസ്സിലോർത്തു, ഋഗ്വേദപ്രാതിശാഖ്യത്തിന്റെ ഈ മലയാളവ്യാഖ്യാനത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

നിഷ്ണാതാ ന്യായശാസ്ത്രാദിഷു സദസി ബുധൈഃ
ശ്ലാഘിതാ ഛാത്രവർഗേ
വിദ്യാവിശ്രാണനാദൗ പ്രസിതമതിരിഹ
ഗ്രന്ഥരാശേർവിധാത്രീ
ആചാര്യാര്യാഭിധാനാ വിബുധപരിവൃഢൈ-
രപ്യഗമ്യം പ്രയത്നാ-
ദൃഗ്വേദപ്രാതിശാഖ്യം വ്യധിത ലളിതയാ
ഭാഷയാ സർവവേദ്യം
സ്വീകുർവന്തു ബുധാഃ സർവേ നൂത്നമേതം പരിശ്രമം
അനുഗൃഹ്ണാത്വിമാം സാക്ഷാത് ഭഗവാൻ വേദപൂരുഷഃ.

ചാലക്കുടി,

എന്നു
ഡോ. കെ. വി. വാസുദേവൻ

# മുഖവുര

ശാഖതോറും ഉള്ളത് എന്ന അർത്ഥമാണ് പ്രാതിശാഖ്യം എന്ന പദത്തിന്. ശാകലന്റെ ശിഷ്യന്മാരായ മുദ്ഗലൻ, ഗോസ്കുലൻ, വാത്സൻ, ശൈശിരൻ, ശിശിരൻ എന്നീ അഞ്ചുപേർ ഋഗ്വേദത്തിന്റെ വ്യത്യസ്ത ശാഖകളുടെ പ്രവർത്തകന്മാരായിരുന്നുവെന്ന് പറയപ്പെടുന്നു-

മുദ്ഗലോ ഗോസ്കുലോ വാത്സഃ ശൈശിരഃ ശിശിരസ്തഥാ
പഞ്ചൈതേ ശാകലാഃ ശിഷ്യാഃ ശാഖാഭേദപ്രവർത്തകാഃ

ഇവയിൽ ശൈശിരീയശാഖയിൽ ഉള്ള ഋഗ്വേദസംഹിതയുടെ പ്രാതിശാഖ്യമാണ് നിലവിൽ ഋഗ്വേദപ്രാതിശാഖ്യം എന്ന പേരിൽ ലബ്ധമായിട്ടുള്ള ഗ്രന്ഥം. അതായത് ഋഗ്വേദത്തിന്റെ ഒരു ശാഖയായ ശാകലശാഖയുടെ ഒരു ഉപശാഖയായ ശൈശിരീയശാഖയുടെ പ്രാതിശാഖ്യമാണ് ഋഗ്വേദപ്രാതിശാഖ്യം എന്ന ഗ്രന്ഥം.

ശൌനകൻ എന്നു പേരുള്ള മഹർഷിയാണ് ഗ്രന്ഥം വിരചിട്ടുള്ളത്. ശബ്ദബ്രഹ്മസ്വരൂപമായ വേദപുരുഷനെ വന്ദിച്ചതിനുശേഷം അദ്ദേഹം ഗ്രന്ഥം ആരംഭിയ്ക്കുന്നു. ഒമ്പതാമത്തേയും പത്താമത്തേയും കാരികകളിലായി വർണ്ണമാല നിബന്ധിച്ചിരിയ്ക്കുന്നു. ഒമ്പതും പത്തുമടക്കമുള്ള ആദ്യത്തെ ഈ പത്തു കാരികകളെ വർഗ്ഗദ്വയവൃത്തി എന്നു പറയുന്നു. ഈ വർഗ്ഗദ്വയവൃത്തിയ്ക്ക് ഉവടൻ ഭാഷ്യം രചിച്ചിട്ടില്ല.

അക്ഷരമാലയിൽ അകാരം കഴിഞ്ഞ് ഇകാരം എന്നുള്ള ക്രമമാണ് പ്രസിദ്ധം എങ്കിലും ഋഗ്വേദപ്രാതിശാഖ്യകാരൻ അകാരം കഴിഞ്ഞ് ഋകാരവും അതുകഴിഞ്ഞ് ഇ, ഉ എന്നിങ്ങനെയുള്ള ക്രമമാണ് സ്വീകരിച്ചിരിയ്ക്കുന്നത്. അന്തഃസ്ഥകൾ എന്നു വിളിയ്ക്കപ്പെടുന്ന യ, ര, ല, വ എന്നിവ വർഗ്ഗാക്ഷരങ്ങൾ കഴിഞ്ഞ് ഊഷ്മാക്ഷരങ്ങളായ ശ, ഷ, സ, ഹ എന്നിവയ്ക്ക് മുൻപേ ആയിട്ടാണ് വർണ്ണമാലാക്രമത്തിൽ പെടുത്തിയിരിയ്ക്കുന്നത്.

മാഹേശ്വരസൂത്രത്തിൽ ഋഎന്ന സ്വരം സ്വരങ്ങളുടെ കൂടെ പറഞ്ഞിട്ടുണ്ട്. യ, ര, ല, വ എന്നിവ സ്വരങ്ങൾ കഴിഞ്ഞ് വ്യഞ്ജനങ്ങൾക്കു മുൻപായി നിവേശിപ്പിച്ചിരിയ്ക്കുന്നു. അന്തഃസ്ഥങ്ങൾ എന്ന ഇവയുടെ നാമധേയം സ്വരങ്ങളുടേയും വ്യഞ്ജനങ്ങളുടേയും മധ്യത്തിൽ സ്ഥിതിചെയ്യുന്നത് എന്ന അർത്ഥത്തെ ഉദ്ദേശിച്ചുകൊണ്ടാണ്. 'അന്തഃസ്ഥഃ' എന്ന് പുല്ലിംഗത്തിലാണ് നിർദ്ദേശം. പ്രാതിശാഖ്യത്തിൽ അന്തഃസ്ഥാ എന്ന് സ്ത്രീലിംഗത്തിലാണ്

നിർദ്ദേശിച്ചിട്ടുള്ളത്. മാത്രമല്ല വർഗ്ഗാക്ഷരങ്ങൾക്കും ഊഷ്മാക്ഷരങ്ങൾക്കും ഇടയിലാണ് അവ വിന്യസിച്ചിരിയ്ക്കുന്നത്.

വർഗ്ഗാക്ഷരങ്ങളിൽ ആദ്യം പഞ്ചമാക്ഷരങ്ങൾ, പിന്നീട് ചതുർത്ഥാക്ഷരങ്ങൾ അതിനുശേഷം തൃതീയ-ദ്വിതീയ-പ്രഥമാക്ഷരങ്ങൾ, ഒടുക്കം ശ, ഷ, സ, ഹ എന്നീ ഊഷ്മാക്കൾ എന്ന ക്രമമാണ് മാഹേശ്വരസൂത്രങ്ങളിൽ കാണാൻ കഴിയുന്നത്. ഋഗ്വേദപ്രാതിശാഖ്യകാരൻ സ്വീകരിച്ചിരിയ്ക്കുന്ന ക്രമമാകട്ടെ ആദ്യം കവർഗ്ഗം, പിന്നെ ചവർഗ്ഗം, അതുകഴിഞ്ഞ് ട-ത-പവർഗ്ഗങ്ങൾ എന്നിങ്ങനെയാണ്. ജിഹ്വാമൂലീയം, ഉപധ്മാനീയം, വിസർഗ്ഗം, അനുസ്വാരം എന്നിവ മാഹേശ്വരസൂത്രങ്ങളിൽ കണ്ഠതഃ പറയപ്പെട്ടിട്ടില്ല. എന്നാൽ അവയേയും പ്രാതിശാഖ്യകാരൻ വർണ്ണമാലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ,ഷ, സ, ഹ എന്നിങ്ങനെ ഊഷ്മാക്കളിൽ ഹകാരം മാഹേശ്വരസൂത്രത്തിൽ ഒടുവിൽ പറയുമ്പോൾ ഋഗ്വേദപ്രാതിശാഖ്യത്തിൽ ഹ, ശ, സ, വിസർഗ്ഗം, ജിഹ്വാമൂലീയം, ഉപധ്മാനീയം, അനുസ്വാരം എന്നിങ്ങനെ എട്ട് ഊഷ്മാക്കളിൽ തുടക്കത്തിലാണ് ഹകാരം ക്രമീകരിച്ചിരിയ്ക്കുന്നത്.

വർണ്ണമാലയിൽ ഌ എന്ന വർണ്ണം ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും അങ്ങനെ ഒരു സ്വരമുണ്ടെന്ന് അംഗീകരിയ്ക്കുന്നുണ്ട്. പദാദിയിലോ പദാന്ത്യത്തിലോ വരാത്ത ആ സ്വരം പദമദ്ധ്യത്തിലാണ് വരുകയെന്ന് പറയുന്നു. പാണിനി ഌ എന്നതിന് ദീർഘമില്ല എന്ന് പറയുമ്പോൾ (ഹ്രസ്വേഷു പഞ്ചസ്വപി താനി സന്തി- എന്ന ഒമ്പതാം കാരികയിലെ ‘പഞ്ച’ എന്ന പദം ഌകാരം കൂടി ഉൾപ്പെടുന്നതായി കാണിയ്ക്കുന്നു.) ദീർഘരൂപവും ഌകാരത്തിനുണ്ടെന്നാണ് പ്രാതിശാഖ്യകാരൻ പറയുന്നത്.

സന്ധ്യക്ഷരങ്ങളിൽ ഏ, ഓ, ഐ, ഔ എന്ന ക്രമം മാഹേശ്വരസൂത്രങ്ങളിലെപ്പോലെ സ്വീകരിച്ചിരിയ്ക്കുന്നു. ലൌകികമായ വർണ്ണമാലയുടെ ക്രമത്തിൽ ഏ, ഐ, ഓ, ഔ എന്നാണല്ലോ ക്രമം. ഇപ്രകാരം നിരീക്ഷണം ചെയ്യുമ്പോൾ ഋഗ്വേദപ്രാതിശാഖ്യകാരൻ വർണ്ണമാലയ്ക്ക് സ്വീകരിച്ചിരിയ്ക്കുന്ന ക്രമം ലൌകികമായ ക്രമമോ മാഹേശ്വരസൂത്രങ്ങളിലെ ക്രമമോ അല്ല എന്നു മനസ്സിലാക്കാം.

ശിക്ഷയനുസരിച്ച് കവർഗ്ഗം കണ്ഠസ്ഥാനികമാണ്. എന്നാൽ പ്രാതിശാഖ്യത്തിൽ പറയുന്നത് അതിന്റെ സ്ഥാനം ജിഹ്വാമൂലമെന്നാണ്. മാത്രമല്ല ഹകാരവും വിസർഗ്ഗവും കണ്ഠസ്ഥാനികമാണെന്ന് ചിലർ പറയുമ്പോൾ മറ്റു ചില ആചാര്യന്മാർ ഉരസ്യ(ഉരസ്യം-ഉരോസ്ഥാനികം)മാണെന്നും അഭിപ്രായപ്പെടുന്നുണ്ട് എന്ന്

പ്രത്യേകം അടയാളപ്പെടുത്തുന്നു. ഌ, ൡ എന്നിവയുടെ സ്ഥാനവും കവർഗ്ഗത്തിന്റെപോലെ ജിഹ്വാമൂലമാണെന്ന് പ്രാതിശാഖ്യകാരൻ അഭിപ്രായപ്പെടുന്നു. തവർഗ്ഗം, ര, ല, സകാരം എന്നിവയുടെ സ്ഥാനം ദന്തമൂലമാണെന്ന് പറയുമ്പോൾ രേഫത്തിന്റെ സ്ഥാനത്തിന് ശിക്ഷയിൽ പറഞ്ഞിട്ടുള്ളതിൽനിന്ന് വ്യത്യാസം വരുന്നു. ചിലർ രേഫം വർത്സ്യ(വർത്സ്യം=പല്ലിന്റെ കടയ്ക്കലിൽനിന്ന് മുകളിലായി വീർത്തുനിൽക്കുന്ന ഭാഗം)മാണെന്നും പറയുന്നുണ്ട് എന്ന പ്രസ്താവനയിൽനിന്ന് വർത്സ്യമായും ഉച്ചരിയ്ക്കാമെന്നാണ് പ്രാതിശാഖ്യമതം എന്നു സിദ്ധിയ്ക്കുന്നു.

ഏ, ഐ, ഓ, ഔ എന്നിവ സന്ധ്യക്ഷരങ്ങളാണെന്നംഗീകരിയ്ക്കുന്നുണ്ടെങ്കിലും സ്ഥാനം പറയുമ്പോൾ ഏ, ഐ എന്നിവയ്ക്ക് താലുസ്ഥാനമാണെന്നും, ഓ, ഔ എന്നിവയ്ക്ക് ഓഷ്ഠം സ്ഥാനമാണെന്നുമേ പറയുന്നുള്ളൂ; കണ്ഠത്തെകൂടി സ്ഥാനമായി പറഞ്ഞിട്ടില്ല. വകാരത്തിന്റെ സ്ഥാനവും അതുപോലെ ഓഷ്ഠം എന്നേ പറയുന്നുള്ളൂ; ദന്തോഷ്ഠമാണ് സ്ഥാനം എന്നു പറയുന്നില്ല.

സ്വരഭക്തി എന്ന ഒന്നിനെപ്പറ്റി ഋഗ്വേദപ്രാതിശാഖ്യത്തിൽ പരാമർശിയ്ക്കുന്നുണ്ട്. സ്വരഭക്തി എന്നാൽ സ്വരപ്രകാരം എന്നാണർത്ഥം. ഒരു പദത്തിന്റെ ഉള്ളിൽ സ്വരം കഴിഞ്ഞുവരുന്ന രേഫം കഴിഞ്ഞ് വ്യഞ്ജനം വന്നാൽ ഌകാരമാകുന്ന സ്വരഭക്തി വരും; സ്വരം കഴിഞ്ഞ് വരുന്ന ലകാരം കഴിഞ്ഞ് വ്യഞ്ജനം വന്നാൽ ൡകാരമാകുന്ന സ്വരഭക്തി വരും എന്ന് (ഌ.പ്രാ: ആറാം പടലം 13-ാം ശ്ലോകം. ഇവിടെ 'ഌകാരവർണ്ണസ്വരഭക്തി' എന്നു മാത്രമേ പറഞ്ഞിട്ടുള്ളുവെങ്കിലും ൡ കാരത്തെക്കൂടി ഗ്രഹിയ്ക്കണം; കാരണം ഌ, ൡ എന്നീ വർണ്ണങ്ങൾ സവർണ്ണങ്ങളാണ്) വിധിയ്ക്കുന്നുണ്ട്. രേഫം കഴിഞ്ഞുവരുന്നത് രേഫതുല്യമായും ലകാരം കഴിഞ്ഞുവരുന്നത് ലകാരതുല്യമായും ആണ് വരിക. 'കർഹിചിത്' എന്നത് സ്വരഭക്തി വരുമ്പോൾ 'കർ(ഌ)ഹിചിത്' എന്നാകും; 'ശതവല്ശഃ' എന്നത് 'ശതവല്(ൡ)ശഃ' എന്നുമാകും. സ്വരഭക്തിരൂപമായ ഈ ഌകാര-ൡകാരങ്ങൾ ഹ്രസ്വമായും ദീർഘമായും വരുന്നുണ്ട്. ദീർഘത്തിന് അരമാത്രയും ഹ്രസ്വത്തിന് കാൽമാത്രയുമാണ് ഉച്ചാരണസമയം.

ഇത്രയും പറഞ്ഞതിൽനിന്ന് ഋഗ്വേദപ്രാതിശാഖ്യത്തിന് പ്രസിദ്ധമായ വർണ്ണമാലാക്രമത്തിൽനിന്ന് ഭേദമുണ്ടെന്നും, ശിക്ഷകളിൽ പറയുന്ന വർണ്ണങ്ങളുടെ സ്ഥാനങ്ങളിൽ ചിലതിന് ഭേദമുണ്ടെന്നും, ചില ഉച്ചാരണങ്ങളിൽ വ്യത്യാസമുണ്ടെന്നും മനസ്സി

ലായിക്കാണും. ഇതുപോലെ വ്യാകരണം, ഛന്ദസ്സ് മുതലായ ശാസ്ത്രങ്ങളിൽ പറഞ്ഞിരിയ്ക്കുന്ന ചില കാര്യങ്ങളും ചില വ്യത്യാസത്തോടുകൂടി മാത്രമേ പ്രാതിശാഖ്യത്തിൽ വരുന്നുള്ളൂ. പ്രാതിശാഖ്യത്തിന്റെ പ്രയോജനംതന്നെ ഇതാണെന്നു പറയപ്പെടുന്നു-

ശിക്ഷാ ചന്ദോവ്യാകരണൈഃ സാമാന്യേനോക്തലക്ഷണം
തദേവമിഹ ശാഖായാമിതി ശാസ്ത്രപ്രയോജനമ്.

ഋഗ്വേദപ്രാതിശാഖ്യം കേവലം ശിക്ഷാഛന്ദോവ്യാകരണങ്ങളിൽ സാമാന്യേന പറയപ്പെട്ടിട്ടുള്ളത് ഈ ശാഖയിൽ ഇപ്രകാരമാണെന്ന് വ്യവസ്ഥാപനം ചെയ്യുന്നതോടൊപ്പംതന്നെ അവയിൽ പറയാത്ത ക്രമപാഠം, ക്രമഹേതു, വേദപാരായണക്രമം മുതലായവയെക്കൂടി പ്രതിപാദിയ്ക്കുന്നതിനാൽ സ്വതന്ത്രമായ ഒരു ശാസ്ത്രമാണെന്നു വാദിയ്ക്കുന്നവരുണ്ട്.

ആറു പടലങ്ങൾ വീതമുള്ള മൂന്നദ്ധ്യായങ്ങളാണ് ഇതിലുള്ളത്- അപ്പോൾ ആകെ പതിനെട്ടു പടലങ്ങൾ വരും. ഈ ഗ്രന്ഥം കാരികാരൂപത്തിലും, പ്രസക്തഭാഗങ്ങളെ വെവ്വേറെ എടുത്ത് സൂത്രരൂപത്തിലും കണ്ടുവരുന്നു. ഉവടൻ ഭാഷ്യം ചെയ്തിരിയ്ക്കുന്നത് സൂത്രരൂപത്തിലുള്ള വാക്യങ്ങൾക്കാണ്. ഉദാഹരണമായി 'അഷ്ടൌ സമാനാക്ഷരാണ്യാദിതഃ', 'തതശ്ചത്വാരി സന്ധ്യക്ഷരാണ്യുത്തരാണി', 'ഏതേ സ്വരാഃ', 'ഇപരോ ദീർഘവത് പ്ലുതഃ', 'അനുസ്വാരോ വ്യഞ്ജനം വാ സ്വരോ വാ' എന്നിങ്ങനെ അഞ്ചു സൂത്രങ്ങളായി ഉവടൻ എടുക്കുമ്പോൾ ഈ സൂത്രങ്ങളെ ക്രമത്തിലടുക്കിയാൽ ഒരു ശ്ലോകം സിദ്ധിയ്ക്കുന്നു. -

അഷ്ടൌ സമാനാക്ഷാരാണ്യാദിതസ്തത-
ശ്ചത്വാരി സന്ധ്യക്ഷരാണ്യുത്തരാണി
ഏതേ സ്വരാഃ ഇപരോ ദീർഘവത് പ്ലുതോഽ-
നുസ്വാരോ വ്യഞ്ജനം വാ സ്വരോ വാ.

ശ്ലോകരൂപത്തിലും സൂത്രരൂപത്തിലും രണ്ടുതരത്തിൽ പാഠമുള്ളതിൽ ശ്ലോകരൂപത്തിലുള്ള പാഠമനുസരിച്ചാണ് ഞാൻ ഈ പുസ്തകം വ്യാഖ്യാനിച്ചിട്ടുള്ളത്.

പദങ്ങളെ ഒരുമിച്ചു ചേർത്തുപറയുമ്പോഴാണ് സംഹിത ഉണ്ടാകുന്നത് എന്നതിനാൽ സംഹിതയുടെ പ്രകൃതി പദമാണ്. പദങ്ങളെ സംഹിതയാക്കുമ്പോൾ ആ പദങ്ങൾക്ക് പലതരത്തിലും ഭേദം സംഭവിയ്ക്കുന്നുണ്ട്. ഈ ഭേദങ്ങളാണ് ഋഗ്വേദപ്രാതിശാഖ്യത്തിന്റെ ആദ്യഭാഗത്തുള്ള പടലങ്ങളിൽ പ്രതിപാദിയ്ക്കുന്നത്.

ഒരു പദത്തിന്റെ അവസാനവും അടുത്തപദത്തിന്റെ ആദിയും തമ്മിൽ ചേർത്തുച്ചരിയ്ക്കുമ്പോൾ രണ്ടു വർണ്ണങ്ങൾക്കും

വികാരം വരാം. ഈ വികാരത്തെ സന്ധി എന്നു വിളിയ്ക്കുന്നു. ഇത്തരം സന്ധികൾ നാലുതരത്തിൽ സംഭവിയ്ക്കാം. – രണ്ടു സ്വരങ്ങൾ തമ്മിൽ, രണ്ടു വ്യഞ്ജനങ്ങൾ തമ്മിൽ, ഒരു സ്വരവും വ്യഞ്ജനവും തമ്മിൽ, ഒരു വ്യഞ്ജനവും സ്വരവും തമ്മിൽ എന്നിങ്ങനെ. സ്വരം ആദ്യവും പിന്നീട് വ്യഞ്ജനവും വരുന്ന സന്ധി അനുലോമമായ അന്വക്ഷരസന്ധിയും, വ്യഞ്ജനം ആദ്യവും സ്വരം രണ്ടാമതും വരുന്ന സന്ധി പ്രതിലോമമായ അന്വക്ഷരസന്ധിയുമാണ്. രണ്ടു സ്വരങ്ങൾതമ്മിൽ സന്ധിയുണ്ടാകുന്നതിനെ സ്വരസന്ധിയെന്നും, രണ്ടു വ്യഞ്ജനങ്ങൾതമ്മിൽ സന്ധിയുണ്ടാകുന്നതിനെ വ്യഞ്ജനസന്ധിയെന്നും പറയുന്നു. പദാന്ത്യ-പദാദികളിൽ രണ്ടിലും സ്വരമാണെങ്കിലും ചിലപ്പോൾ സന്ധി വരാതേയുമിരിയ്ക്കാം. ഇതിന് വിവൃത്തി എന്നാണ് പറയുക. ഒരു പദത്തിന്റെ ഉള്ളിൽത്തന്നെ രണ്ടു സ്വരങ്ങൾ പരസ്പരം ചേരാതെ വേറിട്ടുനിൽക്കുന്നതിനെ അന്തഃപദവിവൃത്തികൾ എന്നാണ് പറയുക. ഇത് നാലെണ്ണമാണ്. അവ 'പുര ഏതാ', 'തിത ഉ', 'പ്ര ഉഗ', 'നമ ഉക്തി' എന്നിവയാണ്.

ആകെ പതിനെട്ടു പടലങ്ങളുള്ളതിൽ ഒന്നാമത്തെ പടലത്തിൽ വർണ്ണമാല, വർണ്ണങ്ങളുടെ സ്ഥാനങ്ങൾ, ശാസ്ത്രത്തിനുവേണ്ടതായ ചില സംജ്ഞകൾ തുടങ്ങിയവ വിവരിയ്ക്കുന്നു. രണ്ടാമത്തേതിൽ സ്വരസന്ധികളും, മൂന്നാമത്തെ പടലത്തിൽ പദത്തിൽ നിന്ന് സംഹിതയിലേയ്ക്ക് മാറ്റുമ്പോൾ സംഭവിയ്ക്കുന്ന ഉദാത്തം, അനുദാത്തം, സ്വരിതം മുതലായവയുടെ ഭേദങ്ങളും വർണ്ണിയ്ക്കുന്നു. നാല്, അഞ്ച് എന്നീ പടലങ്ങളിൽ വ്യഞ്ജനസന്ധിയും, ആറാമത്തേതിൽ വർണ്ണങ്ങളുടെ ഇരട്ടിപ്പ് മുതലായവയും വർണ്ണിയ്ക്കപ്പെടുന്നു. ഈ ആറു പടലങ്ങളോടെ ആദ്യത്തെ ഒരദ്ധ്യായം കഴിഞ്ഞു. 7, 8, 9 എന്നീ പടലങ്ങളിൽ വിവിധ പദങ്ങളിലെ സ്വരങ്ങൾക്ക് സംഹിതയിൽ ദീർഘം വരുന്നതിനെക്കുറിച്ചും, പത്താമത്തെ പടലത്തിൽ ക്രമപാഠത്തെക്കുറിച്ചും 11-ൽ ക്രമപാഠത്തിൽ ചില പദങ്ങളെ അതിക്രമിയ്ക്കുന്നതിനുള്ള കാരണങ്ങളെക്കുറിച്ചും 12-ൽ പദാന്തങ്ങളിൽ വരാത്ത വർണ്ണങ്ങൾ പദാദിയിൽ വരാത്ത വർണ്ണങ്ങൾ തുടങ്ങിയവയെക്കുറിച്ചും പ്രതിപാദിയ്ക്കുന്നു. ഇതോടെ രണ്ടാമത്തെ അദ്ധ്യായവും അവസാനിയ്ക്കുന്നു.

മൂന്നാമത്തെ അദ്ധ്യായത്തിന്റെ ആദിയിലുള്ള 13-ാം പടലം ശിക്ഷാപടലമാണ്. വർണ്ണങ്ങളുടെ ഉത്പത്തിയ്ക്ക് ആവശ്യമായ ബാഹ്യവും, ആഭ്യന്തരവുമായ പ്രയത്നം മുതലായവയെക്കുറിച്ചും അതിനോടനുബന്ധിച്ച മറ്റു കാര്യങ്ങളുമാണ് ഇവിടെ വർണ്ണിയ്ക്കു

ന്നത്. ഉച്ചാരണത്തിൽ സംഭവിയ്ക്കാവുന്ന ദോഷങ്ങളെക്കുറിച്ചാണ് 14-ാം പടലത്തിൽ വർണ്ണിയ്ക്കുന്നത്. 15-ാം പടലം ഓങ്കാരപടലമെന്നറിയപ്പെടുന്നു. ഇതിൽ ശിഷ്യൻ ഗുരുവിന്റെ അടുത്തുനിന്ന് ഏതു രീതിയിലാണ് വേദം അഭ്യസിയ്ക്കേണ്ടത് എന്നു പറയുന്നു. 16, 17, 18 എന്നീ പടലങ്ങൾ ഛന്ദഃപടലങ്ങളാണ്. ഋഗ്വേദത്തിൽ വരുന്ന വിവിധ ഋക്കുകളിലെ ഛന്ദസ്സുകളും, അവയുടെ ലക്ഷണങ്ങളും, ഛന്ദസ്സു കണ്ടു പിടിയ്ക്കുമ്പോൾ ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങളും മറ്റുമാണ് ഇവയിൽ പ്രതിപാദിയ്ക്കപ്പെടുന്നത്.

ഇപ്രകാരം നോക്കുമ്പോൾ പദപാഠത്തിൽനിന്ന് സംഹിതാപാഠത്തിലേയ്ക്ക് കടക്കുമ്പോൾ സംഹിതയ്ക്കുണ്ടാകുന്ന രൂപഭേദത്തെക്കുറിച്ചും സംഹിതയ്ക്ക് കെട്ടുറപ്പ് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ക്രമപാഠത്തെക്കുറിച്ചുമൊക്കെയുള്ള പ്രതിപാദനം വേദസംഹിതയുടെ ബാഹ്യമായ സംരക്ഷണത്തെ ഉദ്ദേശിച്ചുകൊണ്ടാണെന്ന് മനസ്സിലാകും. വേദത്തിന്റെ അർത്ഥചിന്തയ്ക്ക് നിരുക്തം മുതലായവ സഹായിയ്ക്കുന്നതുപോലെ വേദസംഹിതയുടെ ബാഹ്യമായ സ്വരൂപത്തെക്കുറിച്ചറിയാൻ പ്രാതിശാഖ്യം സഹായിയ്ക്കുന്നു.

ഋഗ്വേദത്തിലെ ആദ്യം മുതൽ അവസാനം വരേയുള്ള എല്ലാ സൂക്തങ്ങളിലേയും എല്ലാ ഋക്കുകളും, ഋക്കുകളിലുള്ള ഓരോ അക്ഷരവും സൂത്രകാരന് ഹൃദിസ്ഥമായിരുന്നുവെന്ന് ഈ ഗ്രന്ഥം പഠിയ്ക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ പറ്റും. സാമാന്യവിധികളിലൂടെ ഒതുക്കാൻ പറ്റാത്തവയെ അപവാദവിധികളിലൂടെയും, ഇവയിലുമൊതുങ്ങാത്തവയെ നിപാതനങ്ങളായും ഗ്രന്ഥകാരൻ കൈകാര്യം ചെയ്തിരിയ്ക്കുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള ഋഗ്വേദം പോലെയുള്ള വിശിഷ്ടഗ്രന്ഥം യാതൊരു ലോപവും കൂടാതെ നിലനിന്നതിന് ഋഗ്വേദപ്രാതിശാഖ്യം അതിന്റേതായ പങ്കു വഹിച്ചിട്ടുണ്ടെന്നുള്ളത് നിസ്തർക്കമാണ്.

ഈ പ്രാതിശാഖ്യത്തിന് സംസ്കൃതഭാഷയിലുള്ള ഒരു ഭാഷ്യമുണ്ട്. വജ്രടപുത്രനായ ഉവടൻ ആണ് ഭാഷ്യകാരൻ. ഉവടൻ ഭാഷ്യത്തിൽ ഉദാഹരണങ്ങളും പ്രത്യുദാഹരണങ്ങളും നിരത്തുന്നുണ്ട്. സൂത്രകാരന്റെ വാക്യങ്ങളെ വ്യാഖ്യാനിയ്ക്കുന്നതിൽ അദ്ദേഹം അസാമാന്യമായ പാടവം പ്രദർശിപ്പിയ്ക്കുന്നുണ്ട്.

ഋഗ്വേദപ്രാതിശാഖ്യത്തിന്റെ ഭാഷാന്തരീകരണത്തിനും വ്യാഖ്യാനത്തിനും ഏറ്റവും സഹായകമായിത്തീർന്നത് ഉവടന്റെ ഈ ഭാഷ്യമാണ്. ഭാഷ്യത്തിൽ ഉവടൻ പറഞ്ഞിട്ടുള്ള ഉദാഹരണങ്ങളാണ് ഈ പുസ്തകത്തിൽ കാണിച്ചിട്ടുള്ളത്. ഈ ഭാഷാന്തരീകര

ണവും വ്യാഖ്യാനവും കുറച്ചുപേർക്കെങ്കിലും ഉപകരിച്ചു എന്നുണ്ടെങ്കിൽ ഞാൻ കൃതകൃത്യയായി.

സംസ്കൃതം പഠിച്ചിട്ടുണ്ടെങ്കിലും വേദാഭ്യാസം എനിയ്ക്കുണ്ടായിട്ടില്ല. വേദം ഗുരുമുഖത്തുനിന്ന് പഠിയ്ക്കാത്തതിന്റെ കുറവ് ഒരു കുറവുതന്നെയാണ്. അതിനാൽത്തന്നെ പല ഉച്ചാരണവിശേഷങ്ങളും അജ്ഞാതമാണ്. വായിച്ചുമനസ്സിലാക്കിയ അറിവു മാത്രമേ ഉള്ളൂ. പിഴവുകൾ വല്ലതുമുണ്ടെങ്കിൽ സദയം അത് ചൂണ്ടിക്കാണിയ്ക്കണമെന്ന് വേദജ്ഞരോട് അപേക്ഷിയ്ക്കുന്നു.

വളരെ ദയാവായ്പോടെ ഈ പുസ്തകത്തിന് ഒരാശംസ എഴുതിത്തന്ന അച്യുതഭാരതി സ്വാമിയാരുടെ പാദങ്ങളെ മനസാ വന്ദിയ്ക്കുന്നു. ബഹുമുഖമായ പ്രവർത്തനങ്ങളുടെ തിരക്കുകൾക്കിടയിലും ഈ പുസ്തകത്തെക്കുറിച്ചും എന്നെക്കുറിച്ചും നല്ല വാക്കുകൾ മാത്രം എഴുതിത്തന്ന വടക്കുമ്പാട് നാരായണൻ മാസ്റ്ററോടുള്ള കൃതജ്ഞത പ്രകാശിപ്പിയ്ക്കുവാൻ എനിയ്ക്ക് വാക്കുകളില്ല. അദ്ദേഹത്തിന്റെ നല്ല മനസ്സിനു നന്ദി.

ഇതിന് ഒരവതാരിക എഴുതിത്തരണമെന്നുള്ള എന്റെ അഭ്യർത്ഥനയ്ക്ക് യാതൊരു പ്രയാസവും കൂടാതെ അത് ഭംഗിയായി നിർവ്വഹിച്ചുതന്ന പണ്ഡിതനായ ഡോ: കെ.വി. വാസുദേവൻ മാസ്റ്ററോട് എനിയ്ക്കുള്ള നന്ദി നിസ്സീമമാണ്. സാഹിത്യം, വ്യാകരണം, വേദാന്തം, ന്യായം തുടങ്ങി ലൌകികസംസ്കൃതത്തിന്റെ മിക്ക ശാഖകളിലും അസാമാന്യപാടവമുള്ള അദ്ദേഹം വൈദികസാഹിത്യത്തിലും നിപുണനാണ്. അദ്ദേഹത്തോടുള്ള കൃതജ്ഞത പ്രകാശിപ്പിയ്ക്കാനും ഞാൻ ഈ അവസരമുപയോഗിയ്ക്കട്ടെ.

സംസ്കൃതസാഹിത്യത്തിലും, സാഹിത്യശാസ്ത്രത്തിലും അതുല്യപാണ്ഡിത്യം നേടിയിട്ടുള്ള ഡോ: സി.എം. നീലകണ്ഠന്റെ വേദപരിരക്ഷണപ്രവൃത്തികൾ സുവിദിതമാണ്. ലൌകികവും വൈദികവുമായ സംസ്കൃതപാരമ്പര്യത്തിന്റെ പരിപോഷണത്തിൽ സദാ നിരതനായ  അദ്ദേഹവും ഈ ഗ്രന്ഥത്തിന് 'അഭിവാദനങ്ങളോടെ' എന്ന ശീർഷകത്തിൽ ഒരാസ്വാദനം എഴുതിത്തന്നിട്ടുണ്ട്. അദ്ദേഹത്തോടുള്ള കൃതജ്ഞത രേഖപ്പെടുത്തുവാനും ഈ അവസരം  ഉപയോഗിയ്ക്കട്ടെ.

കാലടി സംസ്കൃതസർവ്വകലാശാലയിലെ ന്യായവിഭാഗമാണ് ഈ പുസ്തകം പ്രസിദ്ധീകരിയ്ക്കുന്നത്. വളരെക്കാലം എന്റെ കർമ്മരംഗമായിരുന്നു പ്രസ്തുത വിഭാഗം. അവരോടുള്ള നിസ്സീമമായ കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തുന്നു.

പുതുവായ അഷ്ടമൂർത്തിയാണ് ഈ പുസ്തകം ടൈപ്പ് ചെയ്തുതന്നത്. അദ്ദേഹത്തോടും എന്റെ കൃതജ്ഞത രേഖപ്പെടുത്തട്ടെ.

വ്യാഖ്യാനത്തോടുകൂടിയ ഋഗ്വേദപ്രാതിശാഖ്യ-ഭാഷാന്തരീകരണം ജിജ്ഞാസുക്കൾക്കുമുന്നിൽ സമർപ്പിച്ചുകൊണ്ട്,

ആര്യാദേവി.

## അഭിവാദനങ്ങളോടെ...

അഭിവാദനങ്ങളോടെ തുടങ്ങട്ടെ. പ്രൊഫ: ആര്യാദേവിടീച്ചർ എന്റെ ഗുരുനാഥയാണ്. പട്ടാമ്പി ശ്രീ നീലകണ്ഠ സംസ്കൃതകോളേജിൽ ഞാൻ 1971–72 കാലത്ത് ബി.എ. സംസ്കൃതം രണ്ടാംവർഷവിദ്യാർത്ഥിയായിരിയ്ക്കുമ്പോഴാണ് ടീച്ചർ അവിടെ അദ്ധ്യാപകയായി വരുന്നത്. തൃപ്പുണിത്തുറ സംസ്കൃത കോളേജിൽനിന്ന് എം.എ. ന്യായം പാസ്സായശേഷം ആദ്യമായി അദ്ധ്യാപികയായി താൽക്കാലികാടിസ്ഥാനത്തിൽ ടീച്ചർ പട്ടാമ്പി കോളേജിൽ വന്നതാണ്. പ്രസിദ്ധ ന്യായപണ്ഡിതന്മാരായ ദാമോദരപ്പിഷാരടി, ഗോപാലകൃഷ്ണ അയ്യർ തുടങ്ങിയവരുടെ കീഴിൽ സംസ്കൃതകോളേജിൽ പഠിച്ച് എം.എ. കഴിഞ്ഞ് പട്ടാമ്പി കോളേജിൽ എത്തിയിരിയ്ക്കുകയാണ്. ഗൌരവമാർന്ന മുഖഭാവവും പെരുമാറ്റവും. ചെറുപ്പക്കാരികളായ ടീച്ചർമാർ വരുമ്പോൾ ലോഗ്യം കൂടാനും വിദ്യാർത്ഥിസഹജമായ കുസൃതികളോടുകൂടി ക്ലാസ്സിൽ കുറെശ്ശെ ഇടപഴകുവാനും സാധിയ്ക്കുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ ക്ലാസിലിരിയ്ക്കുന്നു. ടീച്ചർ അതിനൊന്നും വഴിപ്പെടുന്ന പ്രകൃതമായിരുന്നില്ല. തമാശകളോ അധികം ആമുഖങ്ങളോ ഇല്ലാതെ നേരിട്ട് ഗഹനമായ തർക്കവിഷയത്തിലേയ്ക്കുള്ള പ്രവേശം. ആ കാലത്തുതന്നെ ടീച്ചറുടെ ശാസ്ത്രജ്ഞാനത്തിലുള്ള അവഗാഹവും ശാസ്ത്രത്തോടുള്ള ഗൌരവപൂർണ്ണമായ, അർപ്പണബുദ്ധിയോടുകൂടിയുള്ള സമീപനവും ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. ശാസ്ത്രത്തോടുള്ള ഈ സമീപനങ്ങൾ ടീച്ചർ പിന്നീട് വളരെ ശ്രദ്ധയോടുകൂടി തുടർന്നുകൊണ്ടുപോയി എന്ന കാര്യം ടീച്ചറോടുള്ള ബഹുമാനം വർദ്ധിപ്പിയ്ക്കുന്നു. കേരളവർമ്മ കോളേജിൽ ചേർന്ന കാലത്ത് ന്യായത്തിലെ ഗഹനങ്ങളായ ഉപരിഗ്രന്ഥങ്ങൾ പഠിപ്പിയ്ക്കാൻ ടീച്ചർക്കവസരമുണ്ടായിരുന്നില്ല. പിന്നീട് കാലടി ശ്രീശങ്കരാചാര്യസംസ്കൃതസർവ്വകലാശാലയിൽ ചേർന്നപ്പോഴാണ് ടീച്ചർക്കതിനു സാധിച്ചത്. പക്ഷെ ആ വിടവ് ടീച്ചറുടെ ശാസ്ത്രപാണ്ഡിത്യത്തെ ഒരിയ്ക്കലും ഒരുതരത്തിലും ബാധിച്ചിട്ടില്ല. എപ്പോഴും ന്യായത്തിലേയും മറ്റു ശാസ്ത്രങ്ങളിലേയും ഉപരിഗ്രന്ഥങ്ങൾ അനുസന്ധാനം ചെയ്യുന്നതിൽ ടീച്ചർ ശ്രദ്ധാലുവായിരുന്നു. അതിനുസമയം കണ്ടെത്തിയിരുന്നു. സ്ത്രീ എന്ന നിലയിലും കുടുംബിനി, അമ്മ തുടങ്ങിയ നിലകളിലും ഉ

ള്ള എല്ലാ പരിമിതികളേയും മറികടക്കാൻ ടീച്ചർക്കു സാധിച്ചു. അഥവാ അതിനുള്ള മനക്കരുത്ത് സമ്പാദിച്ചു. ടീച്ചറുടെ ഭർത്താവ് പ്രൊഫ: നീലകണ്ഠൻസാറിന്റേയും മറ്റും പിന്തുണയും പ്രോത്സാഹനങ്ങളും കുടുംബത്തിൽനിന്ന് ടീച്ചർക്കുണ്ടായിരുന്നു എന്ന കാര്യം മറക്കുന്നില്ല. എന്നാലും ജീവിതത്തിന്റെ ബദ്ധപ്പാടുകളിൽ, മറ്റു തിരക്കുകളിൽ ഒരു സ്ത്രീയെ സംബന്ധിച്ചേടത്തോളം ഈ പഠനവും അനുസന്ധാനവും ക്ലേശകരമായ കാര്യങ്ങളാണെന്നു നമുക്ക് ബോദ്ധ്യമുള്ളതാണ്. ടീച്ചർ അതിനെയെല്ലാം മറികടന്ന് കേരളത്തിലെ ഇന്നത്തെ ന്യായപണ്ഡിതന്മാരുടെ നിരയിൽ മുൻപന്തിയിൽത്തന്നെ നിൽക്കുന്നു.

ടീച്ചറെ പരിചയപ്പെട്ട കാലം മുതൽക്കുതന്നെ കേരളത്തിലെ വാക്യാർത്ഥസദസ്സുകളിൽ ടീച്ചറുടെ സാന്നിദ്ധ്യം ശ്രദ്ധിയ്ക്കപ്പെട്ടിരുന്നു. ആ കാലത്ത് എല്ലാ ഡിസംബറിലും തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ നടക്കുന്ന വാക്യാർത്ഥസദസ്സായിരുന്നു ഈ മേഖലയിലെ മുഖ്യ ശ്രദ്ധാകേന്ദ്രം. അതിൽ ടീച്ചറുടെ ന്യായശാസ്ത്രവിഷയങ്ങളിലെ വാക്യാർത്ഥങ്ങളെല്ലാം സൂക്ഷ്മതയോടെ കേട്ടുമനസ്സിലാക്കാൻ ശ്രമിച്ചിരുന്നു. പിന്നീട് കാലടി സംസ്കൃത സർവ്വകലാശാലയിൽ ചെറുതും വലുതുമായി നിരവധി വാക്യാർത്ഥസദസ്സുകൾ ആരംഭിച്ചു. അടുത്തകാലത്തായി തൃശ്ശൂർ വടക്കെ മഠം ബ്രഹ്മസ്വം വേദഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ രണ്ടാം ശനിയാഴ്ചകളിൽ പണ്ഡിറ്റ് സുബ്ബരാമപട്ടർ എന്റോവ്മെന്റ് വാക്യാർത്ഥം, അണ്ടലാടി വാസുദേവൻ നമ്പൂതിരിപ്പാട് എന്റോവ്മെന്റ് വാക്യാർത്ഥം എന്നിവയും നടക്കുന്നുണ്ട്. കൂടാതെ കഴിഞ്ഞ മുപ്പതോളം വർഷങ്ങളായി എല്ലാ നവംബറിലും കടവല്ലൂർ അന്യോന്യത്തോടനുബന്ധിച്ചും വാക്യാർത്ഥം നടന്നുവരുന്നുണ്ട്. ഇപ്പോൾ നടക്കുന്ന എല്ലാ വാക്യാർത്ഥസദസ്സുകളിലും ടീച്ചർ സന്നിഹിതയായി ക്രിയാത്മകമായി ഇടപെടുന്നുണ്ടെന്ന കാര്യം ശ്രദ്ധേയമാണ്.

കാലടി സംസ്കൃതസർവ്വകലാശാലയിൽ വേദവിഭാഗം ആരംഭിച്ചതിനുശേഷം വേദവിഷയങ്ങളെക്കുറിച്ചുള്ള നിരവധി സെമിനാറുകളും വർക്ക്ഷോപ്പുകളും കേരളത്തിലും മറ്റു പ്രദേശങ്ങളിലും നടക്കുന്നുണ്ട്. കടവല്ലൂർ അന്യോന്യം പോലുള്ള കൂട്ടായ്മകളുടെ ഭാഗമായിട്ടും കഴിഞ്ഞ കുറേ വർഷങ്ങളായി വേദവിജ്ഞാനങ്ങളെ സംബന്ധിച്ച ധാരാളം സെമിനാറുകളും ചർച്ചകളും നടക്കുന്നത് അക്കാദമികസമൂഹത്തിന്റെ ശ്രദ്ധയാകർഷിയ്ക്കുന്നുണ്ട്.

ഇത്തരം സെമിനാറുകളിലും ചർച്ചകളിലും ടീച്ചർ ധാരാളം പ്രബന്ധങ്ങൾ അവതരിപ്പിയ്ക്കുകയും അവ കടവല്ലൂർ അന്യോന്യപരിഷത്തിന്റേയും മറ്റും സമാഹാരങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശിക്ഷ, പ്രാതിശാഖ്യം തുടങ്ങിയ വിഷയങ്ങളിലുള്ള ടീച്ചറുടെ പ്രസ്തുത ലേഖനങ്ങൾ ആധികാരികങ്ങളും വിജ്ഞാനപ്രദങ്ങളുമാണ്.

സംസ്കൃതത്തിലെ ശാസ്ത്രങ്ങളിലേയും മറ്റു വിജ്ഞാനധാരകളിലേയും വിഷയങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാകുന്ന തരത്തിൽ ലളിതമായും വസ്തുനിഷ്ഠമായും പ്രതിപാദിയ്ക്കുന്ന ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ഇന്നും സുലഭമല്ല. ആ വഴിയ്ക്കുള്ള ഫലപ്രദമായ പ്രവർത്തനങ്ങൾ പഞ്ചാംഗം പുസ്തകശാല, കടവല്ലൂർ അന്യോന്യപരിഷത്ത്, എടപ്പാൾ വള്ളത്തോൾ വിദ്യാപീഠം തുടങ്ങിയവയിൽനിന്ന് ഉണ്ടാകുന്നുണ്ട്. വസ്തുനിഷ്ഠവും യുക്തിയുക്തവും അറിവിനെ അതിന്റെ പശ്ചാത്തലത്തിൽ മാത്രം അവതരിപ്പിയ്ക്കുകയും ചെയ്യുന്ന (മതം, ആചാരം, വിശ്വാസം, രാഷ്ട്രീയം, വ്യക്തിധിഷ്ഠിതനിരീക്ഷണങ്ങൾ തുടങ്ങിയവ കൂടിക്കലരാതെ) അത്തരം ഗ്രന്ഥങ്ങൾ ഇന്നും ധാരാളം പ്രചരിയ്ക്കുന്നുണ്ട്. അത്തരം ഗ്രന്ഥങ്ങൾ കൂടുതൽ പ്രചരിയ്ക്കേണ്ടതും ആ നിലയ്ക്കുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കേണ്ടതും ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ രീതിയിലുള്ള ന്യായശാസ്ത്രത്തിലെ വിഷയങ്ങളെ സംബന്ധിച്ചുള്ള ടീച്ചറുടെ മലയാളത്തിലുള്ള ഗ്രന്ഥങ്ങൾ ഏറെ പ്രയോജനകരങ്ങളാണ്. 2005-ൽ തൃശ്ശൂർ സപര്യ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'ന്യായശാസ്ത്രപ്രവേശിക', 2009-ൽ കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'തർക്കംസംഗ്രഹദീപിക-മലയാളവ്യാഖ്യാനം', 2014-ൽ കുന്നംകുളം പഞ്ചാംഗം പുസ്തകശാല പ്രസിദ്ധീകരിച്ച ' ന്യായദർശനം', കാലടി നളന്ദ ബുക്സ് 2014-ൽ പ്രസിദ്ധീകരിച്ച 'അർത്ഥസംഗ്രഹം-മലയാളവ്യാഖ്യാനം' എന്നീ ഗ്രന്ഥങ്ങൾ ഈ വിഭാഗത്തിൽ പ്രധാനപ്പെട്ടവയാണ്. ടീച്ചറുടെ പി.എച്ച്.ഡി. പ്രബന്ധം സംസ്കൃതത്തിൽത്തന്നെ 'ശബ്ദപ്രമാണവിചാരം' എന്ന പേരിൽ 1997-ൽ തൃശ്ശൂർ സപര്യ പബ്ലിക്കേഷൻസിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുക്താവലി പ്രത്യക്ഷഖണ്ഡത്തിന് ടീച്ചറെഴുതിയ മലയാള വ്യാഖ്യാനവും പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ടെന്നറിയുന്നതിൽ സന്തോഷമുണ്ട്.

ടീച്ചറുടെ അറിവിനേയും അദ്ധ്യാപനമികവിനേയും ഗ്രന്ഥരചനയേയും പരിഗണിച്ച് താഴെപ്പറയുന്ന അംഗീകാരങ്ങളും പുര

സ്കാരങ്ങളും ടീച്ചറെ തേടിയെത്തിയിട്ടുണ്ട്.

തൃപ്പൂണിത്തുറ ഹിൽ പാലസിലെ സെന്റർ ഫോറ് ഹെറിറ്റേജ് സ്റ്റഡീസിൽനിന്നുള്ള പരീക്ഷിത്ത് പുരസ്കാരം (2012)

തൃശ്ശൂർ വടക്കെ മഠം ബ്രഹ്മസ്വത്തിൽനിന്നുള്ള ഏഴിക്കോട് പരമേശ്വരൻ നമ്പൂതിരി എന്റോവ്മെന്റ് പുരസ്കാരം (2014)

കടവല്ലൂർ അന്യോന്യപരിഷത്തിന്റെ വാചസ്പതിപുരസ്കാരം (2016)

ഒളപ്പമണ്ണ ട്രസ്റ്റിന്റെ ദേവീപ്രസാദം പുരസ്കാരം (2019-ലെ പുരസ്കാരം നിർണ്ണയിച്ചുകഴിഞ്ഞിട്ടുണ്ട്. 23.2.2020 ലെ സമ്മേളനത്തിൽ സമ്മാനിയ്ക്കും)

കേരളസാഹിത്യ അക്കാദമി എന്റോവ്മെന്റ് അവാർഡ് (2016)

പയ്യന്നൂരിൽനിന്നുള്ള ഒ.കെ. മുൻഷി അവാർഡ് (2019)

തൃശ്ശൂർ തെക്കെ മഠത്തിൽനിന്നുള്ള കലിയത്ത് പരമേശ്വര ഭാരതികൾ സുവർണ്ണമുദ്ര (2007)

ഈ പുരസ്കാരങ്ങളിൽ ആദ്യത്തെ നാലെണ്ണത്തിന്റെ അവാർഡുനിർണ്ണയകമ്മിറ്റിയിൽ അംഗമായി ടീച്ചർക്ക് ഗുരുദക്ഷിണ അർപ്പിയ്ക്കാൻ ഈ ലേഖകനും സാധിച്ചു എന്നതിൽ ഏറെ ചാരിതാർത്ഥ്യവും സന്തോഷവുമുണ്ട്.

ഋഗ്വേദപ്രാതിശാഖ്യത്തിന്റെ മലയാളവ്യാഖ്യാനത്തോടുകൂടി ടീച്ചർ പ്രസിദ്ധീകരിയ്ക്കുന്ന ഇപ്പോഴത്തെ ഗ്രന്ഥം ടീച്ചറുടെ ഗ്രന്ഥരചനാപ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധേയമായ ഒന്നാകുമെന്നു കരുതുന്നു. ഋഗ്വേദത്തിന്റെ ഉച്ചാരണരീതികളുടെ ലക്ഷണങ്ങളും നിയമങ്ങളും പ്രതിപാദിയ്ക്കുന്ന 'ഋഗ്വേദപ്രാതിശാഖ്യം' വേദലക്ഷണഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഋഗ്വേദത്തിന്റെ സംഹിതാപാഠം, പദപാഠം, ക്രമപാഠം എന്നീ പ്രകൃതിപാഠങ്ങളുടേയും ജടാ, മാലാ, ശിഖാ, രേഖാ, ധ്വജം, ദണ്ഡം, രഥ, ഘനം എന്നീ എട്ട് വികൃതിപാഠങ്ങളുടേയും ഉച്ചാരണസവിശേഷതകൾ, സ്വരവ്യവസ്ഥ, അർത്ഥവിജ്ഞാനീയം, തുടങ്ങിയ വിഷയങ്ങളേയും സംബന്ധിച്ച് ധാരാളം സൂക്ഷ്മമായ അറിവുകൾ നൽകുന്ന ഗ്രന്ഥമാണ് 'ഋഗ്വേദപ്രാതിശാഖ്യം'.

ഇതിലെ വിഷയങ്ങളെ മലയാളികളായ വായനക്കാർക്ക് പരിചയപ്പെടുത്തുന്ന തരത്തിൽ രചിയ്ക്കപ്പെട്ട ഈ ഗ്രന്ഥം ഈ മേഖലയിൽ പഠന ഗവേഷണങ്ങൾ നടത്തുന്നവർക്ക് ഏറെ ഉപയോഗപ്പെടും. വ്യാകരണശാസ്ത്രവുമായി ബന്ധപ്പെട്ട ഉച്ചാരണസ്ഥാനങ്ങൾ, ഉച്ചാരണവ്യവസ്ഥകൾ, പ്രയത്നങ്ങൾ, അർത്ഥവിജ്ഞാനീയം, സ്വരസ്ഥാനങ്ങൾ തുടങ്ങിയ വിഷയങ്ങൾ പ്രാതിശാഖ്യ

ത്തിൽ ചർച്ച ചെയ്യുന്നുണ്ട്. സംഗീതത്തിലെ സ്വരം, ശ്രുതി, താളം തുടങ്ങിയവയുമായും വേദാലാപനരീതികൾക്ക് ബന്ധങ്ങളുണ്ട്. ഇത്തരം വിഷയങ്ങൾ ഇന്ന് അതതു മേഖലകളിൽ പഠനഗവേഷണങ്ങൾ നടത്തുന്നവർ ഏറെ താൽപ്പര്യത്തോടെയും ഗൌരവത്തോടെയും അറിയാൻ ആഗ്രഹിയ്ക്കുന്നുണ്ട്. അവർക്കെല്ലാം ഉപയോഗപ്രദമാകുന്ന രീതിയിൽ ഈ ഗ്രന്ഥം തയ്യാറാക്കിയ ടീച്ചർക്ക് അഭിനന്ദനങ്ങൾ അറിയിയ്ക്കുന്നു. ഈ രീതിയിലുള്ള ഗൌരവപ്പെട്ട വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങൾ ഇനിയും രചിയ്ക്കാൻ ടീച്ചർക്ക് ആയുരാരോഗ്യസൌഖ്യങ്ങൾ ഉണ്ടാകാൻ ഈശ്വരൻ അനുഗ്രഹിയ്ക്കട്ടെ എന്ന് വിനീതമായി പ്രാർത്ഥിയ്ക്കുന്നു.

ഡോ: സി.എം. നീലകണ്ഠൻ

# ഋഗ്വേദപ്രാതിശാഖ്യം- ഒന്നാം പടലം
## ആമുഖം

ആറു പടലങ്ങൾവീതമുള്ള മൂന്ന് അദ്ധ്യായങ്ങളാണ് ഋഗ്വേദ പ്രാതിശാഖ്യത്തിലുള്ളത്. ഈ പ്രാതിശാഖ്യത്തിന്റെ മുഖ്യമായ ഉദ്ദേശം പദപാഠത്തിൽനിന്ന് സംഹിതാപാഠത്തിലുണ്ടാകുന്ന മാറ്റങ്ങൾ എപ്രകാരമെന്ന് കാണിച്ചുതരലാണ്. പദപാഠം സംഹിതയിലാക്കുമ്പോൾ ഉണ്ടാകുന്ന ഉദാത്താദിസ്വരങ്ങളിൽ ഉണ്ടാകുന്ന വ്യത്യാസം, പദഘടകങ്ങളായ അക്ഷരങ്ങൾ തമ്മിലുള്ള സന്ധികൾ മുതലായവ പ്രതിപാദിയ്ക്കുന്ന ഈ ഗ്രന്ഥം വർണ്ണങ്ങളുടെ ഉത്പത്തിസ്ഥാനം, ശരിയായ ഉച്ചാരണം മുതലായവയിലും ആവശ്യമായ നിർദ്ദേശങ്ങൾ തരുന്നു.

ഈ ഗ്രന്ഥത്തിന്റെ കർത്താവ് ശൌനകൻ എന്നുപേരുള്ള ഒരു മഹർഷിയാണെന്നു കരുതപ്പെടുന്നു. ശ്ലോകരൂപത്തിലാണ് ഈ ഗ്രന്ഥം എഴുതപ്പെട്ടിട്ടുള്ളത്. ശ്ലോകം ഖണ്ഡിച്ച് സൂത്രങ്ങളുടെ രൂപത്തിലും ഈ ഗ്രന്ഥം കാണപ്പെടുന്നു. അതിനാലാകാം, പാർഷദസൂത്രമെന്നും ഇത് അറിയപ്പെടുന്നു.

ഉവടൻ എന്ന ആചാര്യൻ എഴുതിയ വ്യാഖ്യാനമാണ് ഇന്ന് നിലവിലുള്ളത്. ഋഗ്വേദപ്രാതിശാഖ്യഭാഷ്യം അഥവാ പാർഷദവ്യാഖ്യാ എന്നാണ് ഈ വ്യാഖ്യാനത്തിന്റെ നാമധേയം. പത്താം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലും പതിനൊന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ആയി അദ്ദേഹം ജീവിച്ചിരുന്നതായി അനുമാനിയ്ക്കാം എന്നാണ് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. [1]പിതാവിന്റെ പേര് വജ്രടൻ എന്നായിരുന്നു എന്നും പിതാവിന്റെ താമസസ്ഥലം ആനന്ദപുരം ആയിരുന്നു എന്നും ഉവടൻ സ്വയം സാക്ഷ്യപ്പെടുത്തുന്നുണ്ട്. വാജസനേയിസംഹിതയ്ക്കും, വാജസനേയി പ്രാതിശാഖ്യത്തിന്നും ഉവ്വടൻ ഭാഷ്യമെഴുതിയിട്ടുണ്ട്. വാജസനേയിസംഹിതാഭാഷ്യം മന്ത്രഭാഷ്യമെന്നപേരിലും അറിയപ്പെടുന്നു. [2]ഈ മന്ത്രഭാഷ്യത്തിൽ അദ്ദേഹം ഭോജരാജാവ് നാട് വാണരുളുന്ന കാലത്താണ് താനീ ഗ്രന്ഥം രചിച്ചത് എന്ന് പ്രസ്താവിയ്ക്കുന്നുണ്ട്. അക്കാലത്ത് താൻ അവന്തിയിലാണ് താമസിച്ചിരുന്നത് എന്നും പ്രസ്താവിച്ചുകാണുന്നു.

ഋഗ്വേദപ്രാതിശാഖ്യത്തിന്ന് ഉവടന്റെ ഭാഷ്യത്തിനുമുൻപ് 'പാർഷദവൃത്തി' എന്ന പേരിൽ ഒരു വ്യാഖ്യാനം നിലവിലുണ്ടായിരുന്നു എന്നും കാലപ്പഴക്കംകൊണ്ട് അതിൽ ധാരാളം തെറ്റു

കൾ വന്നുചേർന്നുവെന്നും അവ തിരുത്തിയും ചിലയിടത്ത് പുതിയതായി എഴുതിച്ചേർത്തും ഉവടൻ രചിച്ചതായിരിയ്ക്കണം ഋഗ്വേദപ്രാതിശാഖ്യഭാഷ്യം എന്ന പേരിൽ ഇന്നു നാം കാണുന്ന വ്യാഖ്യാനം എന്ന് മംഗൾ ദേവശാസ്ത്രി അഭിപ്രായപ്പെടുന്നു[3].

ഋഗ്വേദപ്രാതിശാഖ്യത്തിന്റെ ആരംഭശ്ലോകം ഏതാണ് എന്ന കാര്യത്തിൽ സന്ദിഗ്ധത ഉണ്ട്. പലയിടങ്ങളിൽനിന്നും ലഭിച്ച താളിയോലകൾ വിഭിന്നക്രമം പാലിയ്ക്കുന്നു. ഉവടന്റെ വ്യാഖ്യാനം പതിനൊന്നാമത്തെ ശ്ലോകം മുതൽക്കെ ഉള്ളൂ എന്നത് ആദ്യത്തെ പത്തുശ്ലോകം പിന്നീട് ചേർക്കപ്പെട്ടതാണ് എന്ന വാദത്തിനെ പിന്താങ്ങുന്നു. ചില താളിയോലഗ്രന്ഥങ്ങളിൽ ആദ്യത്തെ പത്ത് ശ്ലോകങ്ങൾ കാണുന്നുണ്ട്. അവയ്ക്കു വ്യാഖ്യാനവുമുണ്ട്. [4]അവയിൽ ഒരു താളിയോലഗ്രന്ഥത്തിൽ എല്ലാ ദേശത്തുമുള്ള വൈദികന്മാരാൽ ചൊല്ലപ്പെടുന്ന 'പരാവരെ...' എന്ന് ആരംഭിയ്ക്കുന്ന രണ്ടുവർഗ്ഗങ്ങളുടെ വ്യാഖ്യാനം സമാപിയ്ക്കുന്നു എന്ന് പത്ത് ശ്ലോകങ്ങളുടെ വ്യാഖ്യാനത്തിനുശേഷം രേഖപ്പെടുത്തിയിട്ടുണ്ട്. ഇനി ഭാഷ്യം ആരംഭിയ്ക്കുന്നുവെന്ന് കുറിച്ചിരിയ്ക്കുന്നു. അതിനാൽ ആദ്യത്തെ പത്ത് ശ്ലോകങ്ങളും അവയുടെ വ്യാഖ്യാനവും യഥാർത്ഥത്തിലുള്ള ഋഗ്വേദപ്രാതിശാഖ്യത്തിന്റെ ആദ്യഭാഗത്ത് കൂട്ടിച്ചേർത്തതാകാൻ ഇടയുണ്ട് എന്ന വാദത്തിന് പ്രസക്തിയേറുന്നു.

മൂലഗ്രന്ഥങ്ങളായ താളിയോലഗ്രന്ഥങ്ങൾ പലതരത്തിൽ കാണുന്നതിനാൽ ഏതാണ് ശരിയായത് എന്ന് തീരുമാനിയ്ക്കുന്ന കാര്യം പ്രയാസമുള്ളതാണ്. വിദേശീയരും ഭാരതീയരുമായ പണ്ഡിതന്മാർ നിഷ്ക്കർഷയോടെ വിചിന്തനം ചെയ്ത് പല അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ജിജ്ഞാസുക്കളായവർക്ക് അത്തരം ഗ്രന്ഥങ്ങൾ നോക്കാവുന്നതാണ്.

[5]ഉവടന്റെ വ്യാഖ്യാനത്തിൽനിന്ന് പ്രസക്തഭാഗങ്ങൾ മാത്രം സ്വീകരിച്ച് എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയതും 'ഋഗ്വേദപ്രാതിശാഖ്യം' (പാർഷദസൂത്രം) എന്ന പേരിൽ ന്യൂഡെൽഹിയിൽനിന്നു പ്രസിദ്ധീകരിച്ചതുമായ പുസ്തകത്തേയും, ഉവടഭാഷ്യത്തോടുകൂടിയ 'ഋഗ്വേദപ്രാതിശാഖ്യം' എന്ന് ഗ്രന്ഥത്തേയും ആധാരമാക്കിയാണ് ഈ ഭാഷാന്തരീകരണം. ന്യൂഡൽഹിയിൽനിന്ന് പ്രസിദ്ധീകരിച്ചതിൽ 'പരാവരേ–' എന്നുതുടങ്ങുന്ന ശ്ലോകം മുതൽക്കാണ് ആരംഭിയ്ക്കുന്നത്. ആദ്യം ആ ശ്ലോകങ്ങൾ നോക്കാം. അതിനുശേഷം അവയുടെ സാമാന്യമായ അർത്ഥവും കാണിയ്ക്കുന്നു. പത്തു ശ്ലോകങ്ങൾ ഇവയാണ്.

ഓം

നമഃ ഗണേശായ

## ഒന്നാമദ്ധ്യായം- ഒന്നാം പടലം

1 പരാവരേ ബ്രഹ്മണി യം സദാഹുർ-
വ്വേദാത്മാനം വേദനിധിം മുനീന്ദ്രാ: ।
തം പദ്മഗർഭം പരമം ത്വാദിദേവം
പ്രണമ്യർച്ചാം ലക്ഷണമാഹ ശൌനകഃ ॥

2. മാണ്ഡുകേയഃ സംഹിതാം വായുമാഹ
തഥാ ചാകാശം ചാസ്യ മാണ്ഡവ്യ ഏവ. ।
സമാനതാമനിലേ ചാംബരേ ച
മത്വാഗസ്ത്യോƒവിപരിഹാരം തദേവ ॥

3. അദ്ധ്യാത്മക്ല്പ്തൌ ശൂരവീരഃ സുതാശ്ച
വാങ്മനസയോർവ്വിവദന്ത്യാനുപൂർവ്വേ ।
സന്ധേർവിവർത്തനം നിർഭുജം വദന്തി
ശൌദ്ധാക്ഷരോച്ചാരണഞ്ച പ്രത്യ്ണം ॥

4. ഉഭയമന്തരേണോഭയം വ്യാപ്തമഗ്രേ
പരേ കാമാ അന്നനാകോഭയാഖ്വാഃ ।
പ്രാണഃ ഷകാരേ യച്ച ബലം ണകാരേ
വാക്പ്രാണയോരശ്വ്യ ഹോമഃ പരസ്പരം ॥

5. ഗുരുത്വം ലഘുതാ സാമ്യം ഹ്രസ്വദീർഘപ്ലുതാനി ച ।
ലോപാഗമവികാരാശ്ച പ്രകൃതിർവ്വിക്രമഃ ക്രമഃ ॥

6. സ്വരിതോദാത്തനീചത്വം ശ്വാസോനാദസ്തഥോഭയം ।
ഏതത്സർവ്വഞ്ച വിജ്ഞേയം ഛന്ദോഭാഷാമധീയതാ ॥

7. ഛന്ദസാം ജ്ഞാനമാകാരം ഭൂതജ്ഞാനം
ഛന്ദസാം വ്യാപ്തിം സ്വർഗ്ഗാമൃതത്വപ്രാപ്തിം ॥
അസ്യ ജ്ഞാനാർത്ഥമിദമുത്തരത്ര
വക്ഷ്യേ ശാസ്ത്രമഖിലം ശൈശിരീയേ ॥

8. പദക്രമവിഭാഗജ്ഞോ വർണ്ണക്രമവിചക്ഷണഃ ।
സ്വരമാത്രാവിശേഷജ്ഞോ ഗച്ഛേദാചാര്യസംപദം ॥

9. അകാരർകാരാവി ഉ ഏ ഓ ഐ ഔ
പദാദ്യന്തയോർന്നൽകാരഃ സ്വരേഷു ।
അകാരാദീൻ ദീർഘരൂപാൻ ദ്വിതീയാൻ
ഹ്രസ്വേഷു പഞ്ചസ്വപി താനി സന്തി ॥

10. കഖൌ ഗഘൌ ചഛൌ ജഝൌ ഞടഠൌ ഡഢൌ ണ തഥൌ ദധൌനി।
പഫൌ ബഭൌ മ യരലവാ ഹശഷസാ അഃ ≍ക ≍പ അം
ഇതി വർണ്ണരാശിഃ ക്രമശ്ച ॥

1. മഹർഷിശ്രേഷ്ഠന്മാർ ബ്രഹ്മാവിനെ വേദസ്വരൂപനും വേദനിധിയുമായി വാഴ്ത്തുന്നു. പദ്മഗർഭനും പൂജനീയനുമായ ആ ആദിദേവനെ നമസ്കരിച്ചതിനുശേഷം ശൌനകൻ ഋഗ്വേദമന്ത്രങ്ങളുടെ ലക്ഷണം പറയാൻ ആരംഭിയ്ക്കുന്നു.
2. ഭഗവാൻ മാണ്ഡുകേയൻ ദ്യാവാപൃഥിവികളുടെ സംഹിതയെ വായുവെന്നുപറയുന്നു. മാണ്ഡവ്യാചാര്യനാകട്ടെ ആകാശമെന്നും. അഗസ്ത്യപുത്രനാകട്ടെ രണ്ടും തുല്ല്യമെന്ന് കരുതി അതുതന്നെ കൊടുത്തിരിയ്ക്കുന്നു. മറ്റൊന്നും കൊടുത്തിട്ടില്ല.[6]
3. ആത്മസംബന്ധിയായ വിഷയങ്ങൾ സങ്കല്പനം ചെയ്യുമ്പോൾ വാക്കാണോ മനസ്സാണോ ആദ്യം പറയേണ്ടത് എന്ന കാര്യത്തിൽ ശൂരവീരാചാര്യനും, അദ്ദേഹത്തിന്റെ പുത്രന്മാരും വിരുദ്ധമായ ചേരിയിൽ നിൽക്കുന്നു. ഒരാൾ വാക്കാണ് പൂർവ്വമെന്നും മറ്റേയാൾ മനസ്സാണ് പൂർവ്വമെന്നും വാദിയ്ക്കുന്നു.

   സന്ധിപിരിയ്ക്കാതെ അവിച്ഛിന്നമായി ചൊല്ലുന്നതിന് നിർഭുജം എന്നുപറയുന്നു. പദങ്ങളോ അക്ഷരങ്ങളോ വിട്ടുവിട്ട് ഉച്ചരിയ്ക്കുന്നതിന് പ്രതൃണം എന്നും.

4-6. സംഹിതയും, പദവും ക്രമാദ്ധ്യയനവുമായി ബന്ധമുള്ളതാണ്. ശ്രേഷ്ഠങ്ങളായ വസ്തുക്കളിൽ ആഗ്രഹമുള്ളവരും, ഐഹികങ്ങളായ വസ്തുക്കളിൽ (അന്നാദികളിൽ) ആഗ്രഹമുള്ളവരും, സ്വർഗ്ഗം കാംക്ഷിയ്ക്കുന്നവരും ഇവയെല്ലാം അറിഞ്ഞിരിയ്ക്കണം-പ്രാണൻ ഷകാരത്തിലാണ്; ബലം ണകാരത്തിലും. വാക്ക് പ്രാണനിലും, പ്രാണൻ വാക്കിലും പരസ്പരം ഹോമിയ്ക്കുന്നു. (അദ്ധ്യയനം ചെയ്യുകയോ പറയുകയോ ചെയ്യുമ്പോൾ വാക്കിൽ പ്രാണൻ ഉണ്ട്. സംസാരിയ്ക്കാതെയിരിയ്ക്കുമ്പോഴും ഉറങ്ങുമ്പോഴും വാക്ക് പ്രാണനിൽ ലീനമാകുന്നു.[7])

   വേദം പഠിയ്ക്കുന്ന ആൾ വിശേഷിച്ചും ഗുരുത്വം, ലഘുത്വം, സാമ്യം, ഹ്രസ്വം, ദീർഘം, പ്ലുതം, ലോപം, ആഗമം, വികാരം, പ്രകൃതി, വിക്രമം, ക്രമം, സ്വരിതം, ഉദാത്തം, നീചം(അനുദാത്തം), ശ്വാസം, നാദം എന്നിങ്ങനെ എല്ലേറ്റിനേയുംക്കുറിച്ച് മനസ്സിലാക്കിയിരിയ്ക്കണം.

7. ഗായത്രി മുതലായ ഛന്ദസ്സുകളുടെ നിറം, അവയുടെ സ്വരൂപം, വ്യാപ്തി മുതലായവ, അവയുടെ ജ്ഞാനംകൊണ്ട് നേടാവുന്ന സ്വർഗ്ഗം, അമൃതത്ത്വം മുതലായവ എന്നിവയും അറിഞ്ഞിരിയ്ക്കണം. ഇതിന്റെ ശരിയായ ജ്ഞാനം ഉണ്ടാകുന്നതിനാ

യി ഈ ശാസ്ത്രം മുഴുവൻ [8]ശൈശിരീയസംഹിതയിൽ പറയുന്നതാണ്.

8. പദാദ്ധ്യയനം, ക്രമാദ്ധ്യയനം എന്നിവയുടെ വിവിധ വശങ്ങളെക്കുറിച്ച് നല്ലപോലെ മനസ്സിലാക്കിയിട്ടുള്ളവനും സംഹിത നന്നായി അദ്ധ്യയനംചെയ്ത് ചൊല്ലുന്നവനും ഉദാത്തം, അനുദാത്തം, സ്വരിതം എന്നീ സ്വരങ്ങളുടേയും, ഹ്രസ്വം ദീർഘം, പ്ലുതം എന്നീ മാത്രാഭേദങ്ങളുടേയും പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കിയവനും ആയ ആൾ മാത്രമെ ആചാര്യൻ എന്ന പദവിയ്ക്ക് യോഗ്യനാകൂ.

9. അ, ഋ, ഇ, ഉ, ഏ, ഓ, ഐ, ഔ എന്നിവയാണ് സ്വരങ്ങൾ. സ്വരങ്ങളിൽ ഌകാരം പദത്തിന്റെ ആദ്യമോ അവസാനമോ വരുകയില്ല. ഹ്രസ്വങ്ങളായ അഞ്ചിലും (ഓരോന്നിനും ശേഷം) അതാതിന്റെ ദീർഘങ്ങൾ ഉള്ളതായി അറിയണം[9].

(അപ്പോൾ സമാനാക്ഷരങ്ങൾ അ ആ ഋ  ൠ, ഇ ഈ ഉ ഊ ഌ, ൡ എന്നിങ്ങനെ പത്തെണ്ണം വരും. )

10. ക ഖ ഗ ഘ ങ, ച ഛ ജ ഝ ഞ, ട ഠ ഡ ഢ ണ, ത ഥ ദ ധ ന, പ ഫ ബ ഭ മ, യ ര ല വ ഹ ശ ഷ സ, അഃ, ᳵക, ᳶപ അം ഇതാണ് വർണ്ണങ്ങളും അവയുടെ ക്രമങ്ങളും.

അഃ എന്നതിൽ സ്വരം കഴിഞ്ഞ് കേൾക്കുന്നതാണ് വിസർഗ്ഗം. ᳵക എന്നത് ജിഹ്വാമൂലീയം. ᳶപ എന്നത് ഉപധ്മാനീയം.

അം എന്നതിൽ അകാരത്തിന് ശേഷം കേൾക്കുന്നത് അനുസ്വാരം.

അകാരംമുതൽ അനുസ്വാരംവരേയുള്ളവയാണ് ഭാഷയിൽ വരുന്ന വർണ്ണങ്ങൾ. വർണ്ണങ്ങളുടെ ക്രമവും മേല്പറഞ്ഞ വിധത്തിലാണ്.

## സംജ്ഞാപ്രകരണം

(ഉവടന്റെ വ്യാഖ്യാനം ആരംഭിയ്ക്കുന്നത് ഇവിടം മുതൽക്കാണ്. ഓരോ പടലത്തിന്റേയും അയ്യഞ്ചുശ്ലോകങ്ങളെ ഒരു 'വർഗ്ഗം ' എന്നരീതിയിൽ വിഭജിയ്ക്കുന്നുണ്ട്. പത്തുശ്ലോകങ്ങൾ അപ്പോൾ രണ്ടു വർഗ്ഗമാണല്ലോ. വർഗ്ഗദ്വയവൃത്തി-ആ രണ്ടു വർഗ്ഗങ്ങളുടെ വ്യാഖ്യാനം- കഴിഞ്ഞു. മംഗലാചരണത്തിനുശേഷം ഉവടൻ 'അഷ്ടൌ സമാനാക്ഷരണ്യാദിതഃ' എന്നതാണ് വ്യാഖ്യാനിച്ചുതുടങ്ങുന്നത്. തുടക്കം ഈ ശ്ലോകമാണെങ്കിൽ 'ആദ്യം മുതൽക്ക് എട്ടക്ഷരം' എന്ന് അങ്ങനെ പറയാൻ  കഴിയും? അതുപോലെ 'പിന്നീടു വരുന്ന'(ഉത്തരാണി) എന്നും പറയുന്നതെങ്ങനെ? വർണ്ണമാല പ

റഞ്ഞിട്ടേയില്ലല്ലോ. എന്ന് തീർച്ചയായും സംശയം തോന്നാവുന്ന താണ്. എന്നാൽ ഉവടൻ ലോകപ്രസിദ്ധമായ വർണ്ണമാലയെയാണ് ആചാര്യൻ സ്വീകരിച്ചെതെന്നുപറയുന്നു. അപ്പോൾ വീണ്ടും സംശയം, അകാരം കഴിഞ്ഞ് ഋകാരമാണ് പ്രാതിശാഖ്യത്തിൽ സ്വീകരിച്ചിരിയ്ക്കുന്ന ക്രമം. അത് ലോകപ്രസിദ്ധമായ ക്രമമാണോ? രണ്ടുതരം വർണ്ണമാല ഉണ്ടെന്നും, അതിൽ അകാരം കഴിഞ്ഞ് ഋകാരം വരുന്ന ക്രമമാണ് ആചാര്യൻ സ്വീകരിച്ചതെന്നും ഉവടൻ അഭിപ്രായപ്പെടുന്നു.)

**11. അഷ്ടൌ സമാനാക്ഷരാണ്യാദിത-**
**സ്തതശ്ചത്വാരി സന്ധ്യക്ഷരാണ്യുത്തരാണി |**
ഏതേ സ്വരാ ഇപരോ ദീർഘവത് പ്ലുതോ$f$-
നുസ്വാരോ വ്യഞ്ജനം വാ സ്വരോ വാ ||

വർണ്ണമാലയുടെ ആദ്യം മുതൽക്കുള്ള എട്ടെണ്ണം സമാനാക്ഷരങ്ങൾ എന്ന പേരിലറിയപ്പെടുന്നു. പിന്നീട് വരുന്ന നാലെണ്ണം സന്ധ്യക്ഷരങ്ങൾ എന്നപേരിലും.[10]

അ, ആ, ഋ, ൠ, ഇ, ഈ ഉ, ഊ ഇവയാണ് സമാനാക്ഷരങ്ങൾ ഏ, ഓ, ഐ, ഔ എന്നിവ സന്ധ്യക്ഷരങ്ങളും.

സമാനാക്ഷരങ്ങളും സന്ധ്യക്ഷരങ്ങളും ഒരുമിച്ച് 'സ്വരങ്ങൾ' എന്നപേരിൽ അറിയപ്പെടുന്നു.

ഇവയിലാണ് ഉദാത്താദിസ്വരങ്ങൾ സ്വരിയ്ക്കപ്പെടുന്നത് (ഉച്ചരിയ്ക്കപ്പെടുന്നത്). എന്നതിനാൽ ഇവയ്ക്ക് സ്വരങ്ങൾ എന്ന നാമധേയം സിദ്ധിച്ചു.

പ്ലുതം കഴിഞ്ഞ് 'ഇ'കാരം വന്നാൽ ആ പ്ലുതം ദീർഘംപോലെ കരുതണം.

ഇവിടെ 'പോലെ' എന്ന അർത്ഥത്തിൽ 'വതി' പ്രത്യയം സർവ്വ സാദൃശ്യാർത്ഥത്തിലാണെന്ന് ഉവടൻ നിഷ്കർഷിയ്ക്കുന്നു. ദീർഘമായ 'ഈ'കാരം 'ഇതി' എന്നതുമായി സന്ധിചേർന്ന് ദീർഘമായ ഈകാരം നിരനുനാസികമായിത്തീരുന്നതുപോലെ പ്ലുതവും ദീർഘവും നിരനുനാസികവും ആകുന്നു.- എന്നാണ് ഇവിടെ അർത്ഥം.

അനുസ്വാരം വർണ്ണമാലയിൽ ഉൾപ്പെട്ടിട്ടുണ്ട്. അതാത് സ്വരത്തിന്റെ ധർമ്മങ്ങളും, വ്യഞ്ജനത്തിന്റെ ധർമ്മങ്ങളും രണ്ടും ഉണ്ട് എന്നതിനാൽ രണ്ടിൽനിന്നും ഭിന്നമായ ഒരുവർണ്ണം എന്നാണ് സൂത്രകാരൻ വിവക്ഷിയ്ക്കുന്നത് എന്നത്രെ[11] ഉവടമതം.

**12. സർവ്വഃ ശേഷോ വ്യഞ്ജനാന്യേവ തേഷാ-**
**മാദ്യാഃ സ്പർശാഃ പഞ്ചതേ പഞ്ചവർഗ്ഗാഃ |**

**ചതസ്രോƒന്തസ്ഥാസ്തത ഉത്തരേƒഷ്ടാ**
**ഊഷ്മാണോƒന്ത്യാഃ സപ്ത തേഷാമഘോഷാഃ ॥**

സ്വരമോ അനുസ്വാരമോ അല്ലാത്ത ബാക്കിയെല്ലാം വ്യഞ്ജനങ്ങൾ ആകുന്നു. വ്യഞ്ജനങ്ങളുടെ കൂട്ടത്തിൽ യമങ്ങളെക്കൂടെ ഉൾപ്പെടുത്തണം. വർണ്ണമാലയിൽ യമങ്ങൾ പറഞ്ഞിട്ടില്ലെങ്കിലും സ്ഥാനം പറയുന്നിടത്ത് യമങ്ങളേയും പറയുന്നുണ്ട്. വർഗ്ഗാക്ഷരങ്ങളിലെ ആദ്യത്തെ നാലക്ഷരങ്ങൾക്കുശേഷം ഏതെങ്കിലും ഒരു പഞ്ചമാക്ഷരം വരികയാണെങ്കിൽ വർഗ്ഗാക്ഷരത്തിന്റെ സ്ഥാനത്ത് അതിനെപ്പോലെയുള്ള ഒരക്ഷരം വരും. അതിനാണ് യമം എന്നു പറയുന്നത്. ഈ യമം അനുനാസികമായിരിയ്ക്കും. വ്യഞ്ജനങ്ങളിൽ ആദ്യം വരുന്ന വർണ്ണങ്ങൾ സ്പർശങ്ങൾ എന്നറിയപ്പെടുന്നു. അഞ്ചെണ്ണം വീതമുള്ള അഞ്ചുവർഗ്ഗങ്ങളാണ് അവ[12]. അതിനുശേഷം വരുന്ന നാലെണ്ണം- അതായത് യ, ര, ല, വ എന്നിവ[13] 'അന്തഃസ്ഥാകൾ' എന്ന സംജ്ഞയുള്ളതാണ്. പിന്നീടുള്ള എട്ടെണ്ണം ഊഷ്മാക്കൾ എന്നറിയപ്പെടുന്നു. ഹ, ശ, ഷ, സ, അഃ ᳵക, ᳵപ, അം എന്നിവയാണ് പിന്നീടുവരുന്ന എട്ടെണ്ണം. ഇവയിൽ അവസാനത്തെ ഏഴെണ്ണം അഘോഷങ്ങളാണ്.

ഹകാരം ഘോഷവും, ബാക്കി ഏഴും അഘോഷങ്ങളും എന്നു താല്പര്യം.

**13. വർഗ്ഗേ വർഗ്ഗേ ച പ്രഥമാവഘോഷൌ**
**യുഗ്മൌ സോഷ്മാണാവനുനാസികോന്ത്യഃ**
**തസ്മാദന്യമവസാനേ തൃതീയം**
**ഗാർഗ്യഃ സ്പർശം പ്രഥമം ശാകടായനഃ**

ഓരോ വർഗ്ഗത്തിലും ആദ്യത്തെ രണ്ട് വർണ്ണങ്ങൾ അഘോഷങ്ങളാണ്. ക ഖ, ച ഛ, ട ഠ, ത ഥ, പ ഫ എന്നിവ അഘോഷങ്ങളാണെന്നർത്ഥം.

ഓരോ വർഗ്ഗത്തിലേയും രണ്ടും നാലും വർണ്ണങ്ങൾ സോഷ്മാക്കൾ[14] ആണ്.

ഊഷ്മാവ് എന്ന ശബ്ദത്തിന് വായു എന്നർത്ഥം. അപ്പോൾ സോഷ്മാവ് എന്നതിന് വായുവോട് കൂടിയത് എന്നർത്ഥം.

ഖ ഘ, ഛ ഝ, ഠ ഢ, ഥ ധ, ഫ ഭ എന്നിവയാണ് സോഷ്മാക്കൾ.

ഓരോ വർഗ്ഗത്തിലേയും അവസാനത്തെ വർണ്ണങ്ങൾ അനുനാസികങ്ങളാണ്.

ങ, ഞ, ണ, ന, മ എന്നിവ അനുനാസികങ്ങളാണ്. വർഗ്ഗങ്ങളുടെ അവസാനം വരുന്ന അനുനാസികത്തിൽനിന്ന് ഭിന്നമായ

സ്പർശങ്ങൾ പദാന്തത്തിൽ വരുമ്പോൾ, അതാതിന്റെ തൃതീയാക്ഷരമായി മാറുന്നുവെന്ന് ഗാർഗ്യാചാര്യനും, ഒന്നാമത്തേതായി മാറുന്നുവെന്ന് ശാകടായനാചാര്യനും അഭിപ്രായപ്പെടുന്നു. ഗാർഗ്യമതത്തിൽ- വാഗ്, ഷഡ്, തദ്, കകുബ്. ശാകടായനമതത്തിൽ- വാക്, ഷട്, തത്, കകുപ്.

**14. ഓജാ ഹ്രസ്വാഃ സപ്തമാന്താഃ സ്വരാണാം**
**അന്യേ ദീർഘാ ഉഭയേ ത്വക്ഷരാണി ।**
**ഗുരൂണി ദീർഘാണി തഥേതരേഷാം**
**സംയോഗാനുസ്വാരപരാണി യാനി. ॥**

സ്വരങ്ങളിൽ (ആദ്യം മുതൽ) ഏഴാമത്തെ സ്വരം വരേയുള്ള ഓജങ്ങൾ (ഒറ്റകൾ) ഹ്രസ്വം എന്നുപേരുള്ളവയാണ്. ഹ്രസ്വങ്ങൾ- അ, ഌ, ഇ, ഉ

ഹ്രസ്വസംജ്ഞ ഇല്ലാത്തവ 'ദീർഘ'ങ്ങളാണ്. ദീർഘങ്ങൾ- ആ, ൡ, ഈ, ഊ, ഏ, ഓ, ഐ, ഔ.

'ധാതൌ സ്വരഃ കല്പയതാവ്ങകാരഃ'

എന്ന് 'ങ'കാരം സ്വരമാണെന്ന് ഇനി വിധിയ്ക്കും. 'തിസ്രഃ പ്ലുത ഉച്യതേ സ്വരഃ' എന്ന സൂത്രത്താൽ 'ഈ'കാരത്തിന്റെ പ്ലുതത്തിന് സ്വരം എന്ന സംജ്ഞ വിധിയ്ക്കുന്നുണ്ട്.

ഹ്രസ്വവും ദീർഘവും ആയ സ്വരങ്ങളും, ങകാരവും ഈകാരത്തിന്റെ പ്ലുതവും 'അക്ഷരം' എന്ന പേരുള്ളവയുമാണ്. അക്ഷരങ്ങൾ- അ ആ ഌ ൡ ഇ ഈ ഉ ഊ ഏ ഓ ഐ ഔ ങ ഈ (പ്ലുതം).

ഇവയിൽ ദീർഘങ്ങളായ അക്ഷരങ്ങൾ 'ഗുരു' എന്നറിയപ്പെടുന്നു. പ്ലുതവും ഗുരുസംജ്ഞകമാണ്. ഗുരു- ആ, ൡ, ഈ, ഊ, ഏ, ഓ, ഐ, ഔ, ഈ (പ്ലുതം).

ഹ്രസ്വങ്ങളായ അക്ഷരങ്ങൾക്ക്ശേഷം [15]സംയോഗമോ, അനുസ്വാരമോ വരികയാണെങ്കിൽ ആ ഹ്രസ്വങ്ങളും ഗുരു ആയിരിയ്ക്കും.

**15. അനുസ്വാരോ വ്യഞ്ജനം ചാക്ഷരാങ്ഗം**
**സ്വരാന്തരേ വ്യഞ്ജനാന്യുത്തരസ്യ ।**
**പൂർവ്വസ്യാനുസ്വാരവിസർജ്ജനീയൌ**
**സംയോഗാദിർവ്വാ ച പരക്രമേ ദ്വേ ॥**

അനുസ്വാരവും വ്യഞ്ജനവും അക്ഷരത്തിന്റെ അംഗമാണ്. 'പ്ര' എന്നതിൽ പകാരവും രേഫവും 'അ' എന്ന അക്ഷരത്തിന്റെ (സ്വരത്തിന്റെ) അംഗമാണ്. ഏത് ഏതിന്റെ അംഗമാണോ, അത്

അതിന്റെ സ്വരത്തിനോട് തുല്ല്യമായ സ്വരത്തോടുകൂടിയിരിയ്ക്കും എന്നുള്ളതാണ് അംഗസംജ്ഞയുടെ പ്രയോജനം.

മുമ്പും പിമ്പും വ്യഞ്ജനങ്ങളും ഇടയിൽ ഒരു സ്വരവും മാത്രമുള്ള പദത്തിൽ എല്ലാവ്യഞ്ജനങ്ങളും ആ സ്വരത്തിന്റെ അംഗങ്ങളായിരിയ്ക്കും. വർക് (ഋ-1-63-7) എന്നതിൽ വകാരം, രേഫം, കകാരം ഇവയെല്ലാം അകാരത്തിന്റെ അംഗങ്ങളാണ്.

വ്യഞ്ജനങ്ങൾ രണ്ടുസ്വരങ്ങളുടെ ഇടയിൽ വരുകയാണെങ്കിൽ, അവ പിന്നീട് വരുന്ന സ്വരത്തിന്റെ അംഗമാവുകയാണ് ചെയ്യുക. 'അയമ്' എന്ന പദത്തിൽ 'യ്' എന്ന വ്യഞ്ജനം രണ്ട് അകാരങ്ങളുടെ മദ്ധ്യത്തിലായാണ് വരുന്നത്. രണ്ടാമത്തെ അകാരം ഉദാത്തമായതിനാൽ യകാരവും ഉദാത്തം പോലെ ശ്രവിയ്ക്കപ്പെടുന്നു.

എന്നാൽ അനുസ്വാരവും വിസർഗ്ഗവും രണ്ടു സ്വരങ്ങളുടെ മദ്ധ്യത്തിൽ വരുമ്പോൾ ആദ്യത്തെ സ്വരത്തിന്റെ അംഗമാവുന്നു. (രണ്ടാമത്തെ സ്വരത്തിന്റെയല്ല).

'സംയോഗം' രണ്ടു സ്വരങ്ങളുടെ മദ്ധ്യത്തിലായി വരുമ്പോൾ സംയോഗത്തിന്റെ ആദ്യം വരുന്ന വർണ്ണം പൂർവ്വമുള്ള സ്വരത്തിന്റേയോ പിന്നീടുള്ള സ്വരത്തിന്റേയോ അംഗമാകാം. 'ആ ത്വാ രഥമ്' (ഋ-8-68-1). എന്ന ഋക്കിൽ രണ്ടു തകാരവും ഒരു വകാരവും ചേർന്നുള്ള സംയോഗമാണ്. ഇതിൽ ക്രമജമായ ആദ്യത്തെ തകാരം 'ആ' എന്ന പൂർവ്വസ്വരത്തിന്റെ അംഗമാണ്. 'ആ' എന്നത് ഉദാത്തമാകയാൽ ഈ തകാരവും ഉദാത്തംപോലെ ശ്രവിയ്ക്കപ്പെടുന്നു. രണ്ടാമത്തെ തകാരം 'ത്വ്' എന്ന സംയോഗത്തിന്റെ ആദിയാണ്. അത് പൂർവ്വമുള്ള ഉദാത്തമായ ആകാരത്തിന്റെ അംഗമായോ, പിന്നീടുവരുന്ന അനുദാത്തമായ 'ആ'കാരത്തിന്റെ അംഗമായോ വരുന്നു. അതിനാൽ ഉദാത്താനുദാത്തംപോലെ ശ്രവിയ്ക്കപ്പെടുന്നു. വകാരം രണ്ടാമത്തെ (അനുദാത്തമായ) ആകാരത്തിന്റെ അംഗമാണ്. അതിനാൽ അനുദാത്തംപോലെ ശ്രവിയ്ക്കപ്പെടുന്നു.

പരമായി (പിന്നീട്) വരുന്ന വ്യഞ്ജനത്തിന് ദ്വിരുക്തി വരുന്നിടത്ത് ആ രണ്ടു വ്യഞ്ജനങ്ങളും പൂർവ്വത്തിലുള്ള സ്വരത്തിന്റേയും പിന്നീട് വരുന്ന സ്വരത്തിന്റേയും അംഗമാകും. ആർത്ത്നീ ഇമേ (ഋ-6-75-4) എന്ന ഋക്കിൽ രേഫം, രണ്ടു തകാരം നകാരം എന്നിവയുടെ സംയോഗം ഉണ്ട്. ഇതിൽ രേഫം സ്വരഭക്തിസഹിതമായി ആദ്യത്തെ അക്ഷരത്തിന്റെ ( ആ എന്നതിന്റെ) അംഗ

മാണ്. അത് ഉദാത്തമായതിനാൽ രേഫവും ഉദാത്തംപോലെ ശ്രവിയ്ക്കുന്നു. രണ്ടു തകാരങ്ങളിൽ ആദ്യത്തേത് ക്രമജവും രണ്ടാമത്തേത് യമീഭൂതവും. ഇതുരണ്ടും പൂർവ്വസ്വരത്തിന്റേയോ, പിന്നീടുവരുന്ന സ്വരത്തിന്റേയോ അംഗമാകും. ആദ്യത്തേതായ ആകാരം ഉദാത്തവും, പിന്നീടുവരുന്ന ഈകാരം സ്വരിതവുമാണ്. നകാരം ഈകാരത്തിന്റെ അംഗമാകയാൽ സ്വരിതംപോലെ ശ്രവിയ്ക്കപ്പെടുന്നു.

**16. മാത്രാ ഹ്രസ്വസ്താവദവഗ്രഹാന്തരം, ദ്വേ**
**ദീർഘസ്ത്രിസ്രഃ പ്ലുത ഉച്യതേ സ്വരഃ ।**
**അധഃ സ്വിദാസീ ३ദുപരിസ്വിദാസീ३ദ്**
**അർത്ഥേ പ്ലുതിർഭിരീവ വിന്ദതീ३ ത്രിഃ ॥**

ഒരു 'മാത്ര'യിൽ ഉച്ചരിയ്ക്കപ്പെടുന്ന വർണ്ണമാണ് ഹ്രസ്വം. അ ഋ മുതലായവ ഏകമാത്രയിൽ ഉച്ചരിയ്ക്കപ്പെടുന്നതിനാൽ ഹ്രസ്വങ്ങൾ ആകുന്നു. സമാസവർത്തികളായ പദങ്ങളെ വേർതിരിച്ചുകാണിയ്ക്കാൻ അവഗ്രഹം ഉപയോഗിയ്ക്കുന്നു. ഈ അവഗ്രഹവും ഒരു മാത്രയിൽ ഉച്ചരിയ്ക്കപ്പെടുന്നു. ഋഗ്വേദപദപാഠത്തിൽ 'പുരഃഽഹിതമ്, രത്നഽധാതമമ്' എന്നിവിടങ്ങളിൽ അവഗ്രഹം ഉണ്ട്. അത് ഏകമാത്രികമാണ്.

രണ്ടുമാത്രയാണ് ദീർഘത്തിന്റെ ഉച്ചാരണകാലം. മൂന്നുമാത്രയിലുള്ള സ്വരം പ്ലുതമാണ്. പ്ലുതത്തിന്റെ ഉദാഹരണം.

അധഃ സ്വിദാസീ३ദ് (ഋ-10-129-5)
ഉപരി സ്വിദാസീ३ദ് (ഋ-10-129-5)
ഭീരിവ വിന്ദതീ३ (ഋ-10-146-1)

ഈ മൂന്ന് ഉദാഹരണങ്ങളിലും അർത്ഥത്തിന് പരിസമാപ്തി വരുത്തുന്ന ക്രിയാവാചകമായ ആഖ്യാതത്തിന്റെ അവസാനമുള്ള സ്വരം പ്ലുതമാണ്.

**17. സ്വരഭക്തിഃ പൂർവ്വഭാഗക്ഷരാംഗം**
**ദ്രാഘീയസീ സാർധമാത്രേതരേ ച ।**
**അർദ്ധോനാന്യാ രക്തസംജ്ഞോഽനുനാസികഃ**
**സംയോഗാ സ്തു വ്യഞ്ജനസന്നിപാതഃ ॥**

സ്വരഭക്തിയെക്കുറിച്ച് 6-ാം പടലത്തിൽ പറയുന്നുണ്ട്. 'രേഫാൽ സ്വരോപഹിതാദ് വ്യഞ്ജനോദയാദ് ഋകാരവർണ്ണാ സ്വരഭക്തിരുത്തരാ' (6-13). സ്വരം കഴിഞ്ഞുവരുന്ന രേഫത്തിൽനിന്ന് വ്യഞ്ജനം പരമായി വരുന്നുണ്ടെങ്കിൽ രേഫത്തിനുശേഷം ഋകാരവർണ്ണമാകുന്ന സ്വരഭക്തി വന്നുചേരുന്നു.

ആ സ്വരഭക്തി പൂർവ്വമുള്ള രേഫത്തേയോ ലകാരത്തേയോ ആശ്രയിച്ചിരിയ്ക്കും. രേഫത്തിനുശേഷമാണ് വരുന്നതെങ്കിൽ രേഫത്തിന് തുല്ല്യമായും, ലകാരത്തിന് ശേഷമാണ് വരുന്നതെങ്കിൽ ലകാരത്തിനുതുല്ല്യമായും വരുന്നു. രേഫത്തോടൊ, ലകാരത്തോടോ ഒപ്പം സ്വരഭക്തി പൂർവ്വമുള്ള സ്വരത്തിന്റെ അംഗം ആകുന്നു.

ഉദാഃ-

1. ആർഷ്ഷ്ടിഷേണഃ (ഋ-10-98-5)
2. വനസ്പതേ ശതവല്ശഃ (ഋ-3-8-11)
3. നാരായാസോ ന ജല്ഹവഃ (ഋ-8-71-11)

സ്വരഭക്തിയെന്നാൽ സ്വരപ്രകാരം എന്നർത്ഥം.

ഇതിൽ ദീർഘതരമായ സ്വരഭക്തിയുടെ ഉച്ചാരണകാലം അർദ്ധമാത്രയാണ്. മുകളിൽ കൊടുത്തിട്ടുള്ള ഉദാഹരണങ്ങളിൽ രണ്ടാമത്തേത് ദീർഘതരമായ സ്വരഭക്തിയാണ്. അതിനാൽ അതിന് അർദ്ധമാത്ര (ഒരു മാത്രയുടെ പകുതി)യാണ് ഉച്ചാരണകാലം.

എല്ലാ വ്യഞ്ജനങ്ങൾക്കും അർദ്ധമാത്രയാണ് ഉച്ചാരണകാലം.

ദീർഘതരയല്ലാത്ത സ്വരഭക്തിയ്ക്ക് കാൽ (1/4) മാത്രയാണ് ഉച്ചാരണകാലം. മുകളിൽകൊടുത്തിട്ടുള്ള ഉദാഹരണങ്ങളിൽ ഒന്നാമത്തേത് ദീർഘതരയല്ലാത്ത സ്വരഭക്തിയ്ക്ക് ഉദാഹരണമാണ്.

അനുനാസികങ്ങൾക്ക് 'രക്തം' എന്നും പേരുണ്ട്. രക്തവർണ്ണങ്ങൾ എന്നാൽ അനുനാസികങ്ങൾ എന്നർത്ഥം.

വ്യഞ്ജനങ്ങളുടെ കൂട്ടത്തെ സംയോഗം എന്നുപറയും. (ഇടയിൽ സ്വരങ്ങൾ ഇല്ലാതെ അടുപ്പിച്ച് വ്യഞ്ജനങ്ങൾ വരുന്നതിനാണ് സംയോഗം എന്ന് നാമധേയം.

**സ്ഥാനങ്ങൾ**

**18. കണ്ഠ്യോഽകാരഃ പ്രഥമപഞ്ചമൌ ച**
**ദ്വാവൂഷ്മാണൌ കേചിദേതാ ഉരസ്യൌ ।**
**ഋകാരല്കാരാവഥ ഷഷ്ഠ ഊഷ്മാ**
**ജിഹ്വാമൂലീയാഃ പ്രഥമശ്ച വർഗ്ഗഃ ॥**

വർണ്ണങ്ങളുടെ സ്ഥാനങ്ങൾ ഇനിപ്പറയുന്നു. അകാരത്തിന്റെ സ്ഥാനം കണ്ഠമാണ്. ഒന്നാമത്തേയും അഞ്ചാമത്തേയും ഊഷ്മാക്കളും- അതായത് ഹകാരവും വിസർഗ്ഗവും അകാരത്തെപ്പോലെ കണ്ഠസ്ഥാനികങ്ങളാണ്.

ചില ആചാര്യന്മാർ ഹകാരവും വിസർഗ്ഗവും ഉരഃസ്ഥാനികങ്ങളെന്ന് പറയുന്നു.

ഋകാരം, ഌകാരം, ഊഷ്മാക്കളിൽ ആറാമത്തേത് - അതായത് ജിഹ്വാമൂലീയം - ആദ്യത്തെ വർഗ്ഗം (ക ഖ ഗ ഘ ങ) എന്നിവയുടെ  സ്ഥാനം ജിഹ്വാമൂലമാണ്.

ഋ, ഌ, ≍ക, ക, ഖ, ഗ, ഘ, ങ- ജിഹ്വാമൂലീയം.

**19. താലവ്യാവേകാരചകാരവർഗാ–**
**വികാരൈകാരൌ യകാരഃ ശകാരഃ ।**
**മൂർദ്ധന്യൌ ഷകാരടകാരവർഗ്ഗൌ**
**ദന്തമൂലീയസ്തു തകാരവർഗ്ഗഃ ॥**

ഏകാരം, ചവർഗ്ഗം, ഇകാരം, ഐകാരം, യകാരം, ശകാരം എന്നിവയുടെ സ്ഥാനം താലു ആണ്. അതിനാൽ ഇവ താലവ്യങ്ങൾ എന്നറിയപ്പെടുന്നു. ഈ, ഏ, ഐ, ച ഛ ജ ഝ ഞ, യ ശ - ഇവ താലവ്യങ്ങൾ.

ഷകാരം, ടവർഗ്ഗം എന്നിവ മൂർദ്ധസ്ഥാനികങ്ങളാണ്. തവർഗ്ഗം ദന്തമൂലസ്ഥാനികങ്ങളാണ്.

**20. സകാരരേഫലകാരാശ്ച രേഫം**
**വർത്സ്യമേകേ ശേഷ ഓഷ്ഠ്യോപവാദ്യ ।**
**നാസിക്യാൻ നാസിക്യയമാനുസ്വാരാൻ**
**ഇതി സ്ഥാനാന്യത്ര യമോപദേശഃ ॥**

സകാരം രേഫം ലകാരം എന്നിവയും ദന്തമൂലം സ്ഥാനമായിട്ടുള്ളവയാണ്.

ദന്തമൂലം സ്ഥാനമായവ- ത ഥ ദ ധ ന സ ര ല.

ചില ആചാര്യന്മാർ രേഫം [16]വർത്സ്യം ആണെന്ന് അഭിപ്രായപ്പെടുന്നു.

അനുനാസികങ്ങളൊഴികെ ഇനി ബാക്കിയുള്ള വർണ്ണങ്ങൾ ഓഷ്ഠസ്ഥാനികങ്ങളാണ്. അതായത്- ഉ ഊ ഓ, ഔ പ ഫ ബ ഭ മ ≍പ (ഉപധ്മാനീയം) ഇവയുടെ സ്ഥാനം ഓഷ്ഠങ്ങളാണ്.

നാസികകൊണ്ട് ഉച്ചരിയ്ക്കപ്പെടുന്നവയാണ് നാസിക്യങ്ങൾ. യമങ്ങളും അനുസ്വാരവും നാസിക്യങ്ങളാകുന്നു.

ഒരു പഞ്ചമാക്ഷരം വർഗ്ഗങ്ങളിലെ ആദ്യത്തെ നാലെണ്ണങ്ങൾക്ക് ശേഷംവന്നാൽ അവ രണ്ടിന്റേയും മദ്ധ്യത്തിലായി ആദ്യത്തെ വർണ്ണത്തിന് സദൃശമായിവരുന്ന വർണ്ണത്തിനാണ് യമം എന്നുപറയുന്നത്. ഇവ നാസിക്യങ്ങളാണെന്നു മുകളിൽ പറഞ്ഞു . കൂടാതെ ഇവയ്ക്ക് അതാതുവർഗ്ഗങ്ങളുടെ സ്ഥാനവും ഉണ്ട്.

'പലിക്ക്നീ' 'ചഖ്ഖ്നഥു' ജഗ്ഗ്മതുഃ ജഘ്ഘ്നഥുഃ.

ഇവിടെ യഥാക്രമം രണ്ടാമതുവരുന്ന കകാരം, ഖകാരം, ഗ

കാരം ഘകാരം എന്നിവ യമങ്ങളാണ്. ഇപ്രകാരം ബഹ്വൃചന്മാർക്ക് 20 യമങ്ങൾ വരും.

ഓരോ വർഗ്ഗത്തിലും ആദ്യത്തെ നാലുവർണ്ണങ്ങൾക്കാണ് യമം വരുക എന്നതിനാൽ യമങ്ങൾ നാല് എന്നും പറയാറുണ്ട്.

**21. ജിഹ്വാമൂലം താലു ചാചാര്യ ആഹ**
**സ്ഥാനം ഡകാരസ്യ തു വേദമിത്രഃ**
**ദ്വയോശ്ചാസ്യ സ്വരയോർമ്മദ്ധ്യമേത്യ**
**സംപദ്യതേ സഡകാരോ ളകാരഃ**

വേദമിത്രൻ എന്ന ആചാര്യൻ 'ഡ'കാരത്തിന് ജിഹ്വാമൂലവും താലുവും സ്ഥാനമാണെന്ന് അഭിപ്രായപ്പെടുന്നു. രണ്ടുസ്വരങ്ങളുടെ ഇടയിൽവരുന്ന ഡകാരം ഈ ആചാര്യന്റെ മതത്തിൽ 'ള'കാരമായിത്തീരുന്നു.

ഉദാഃ- 'ഇളാം ദേവീം' (7-44-2), ഈളേ (1.1.1)

22. ള്ഹകാരതാമേതി സ ഏവ ചാസ്യ
ഢകാരഃ സന്നൂഷ്മണാ സംപ്രയുക്തഃ ।
ഇളാ സാള്ഹാ ചാത്ര നിദർശനാനി
വീഢ്വങ്ഗ ഇത്യേതവദഗ്രഹേണ ॥

ഈ ഡകാരം ഊഷ്മാവായ ഹകാരത്തോട് ചേർന്നുവരുമ്പോൾ ഇതേ ആചാര്യന്റെ മതത്തിൽ ഢകാരമായിത്തീരുകയും, ആ ഢകാരം 'ള്ഹ' എന്നായിത്തീരുകയുംചെയ്യുന്നു.

ഉദാഃ- മരുദ്ഭിരുഗ്രഃ പൃതനാസു സാള്ഹാ (7-56-23). പദപാഠത്തിൽ വീളു/അങ്ഗഃ. സംഹിതയിൽ വീഢ്വങ്ഗഃ.

## പരിഭാഷാപ്രകരണം.

**23. ന്യായൈർമ്മിശ്രാനപവാദാൻ പ്രതീയാത്**
**സർവ്വശാസ്ത്രാർത്ഥം പ്രതികണ്ഠമുക്തം ।**
**സ്ഥാനപ്രശ്ലേഷോപദേശേ സ്വരാണാം**
**ഹ്രസ്വാദേശേ ഹ്രസ്വദീർഘൌ സവർണ്ണൌ ॥**

ഉത്സർഗ്ഗവിധികളുമായി ഏകീകരിച്ചുവേണം അപവാദവിധികളെ അറിയാൻ. അപവാദവിഷയങ്ങളെ ഒഴിച്ച് ബാക്കിയുള്ളവയിലേ ഉത്സർഗ്ഗവിധി പ്രവർത്തിയ്ക്കൂ എന്നു സാരം.

ന്യായം എന്നത് ഉത്സർഗ്ഗവിധിയാണ്.

"സ്പർശാഃ പൂർവ്വേ വ്യഞ്ജനാന്യുത്തരാണ്യാസ്ഥാപിതാനാമവശങ്ഗമം തത്"

'പൂർവ്വം സ്പർശാക്ഷരങ്ങളും അതിനുശേഷം വ്യഞ്ജനാക്ഷരങ്ങളും (സ്പർശങ്ങളും, അസ്പർശങ്ങളും) വന്നാൽ രണ്ടു വ്യഞ്ജനങ്ങൾക്കും ഒരു വികാരവും വരികയില്ല. ഇത് അവശങ്ഗമസന്ധിയാണ്' എന്നു വിധിയ്ക്കുന്നുണ്ട്. ഇത് ഉത്സർഗ്ഗവിധിയാണ്.

'ഘോഷവത്പരാഃ പ്രഥമാസ്തൃതീയാൻ'

'ഘോഷങ്ങളായ വ്യഞ്ജനാക്ഷരങ്ങൾ പിന്നീടു വരുന്നുണ്ടെങ്കിൽ വർഗ്ഗപ്രഥമാക്ഷരങ്ങൾ അതാതിന്റെ തൃതിയാക്ഷരമായിത്തീരുന്നു' എന്നർത്ഥം. ഇത് മുൻപു പറഞ്ഞതിന്റെ അപവാദവിധിയാണ്.

ഇനിയും ഇതുപോലെ അപവാദവിധികൾ പറയുന്നുണ്ട്. ആ അപവാദവിധികൾ ഒന്നും പ്രവർത്തിയ്ക്കാത്തിടത്തു മാത്രമെ ഉത്സർഗ്ഗവിധി പ്രവർത്തിയ്ക്കുകയുള്ളൂ.

ആരൈക് പന്ഥാം യാതവേ (ഋ. 1-113-16)

ഇവിടെ കകാരത്തിനും പകാരത്തിനും വികാരം വരാത്തതിനാൽ അവശങ്ഗമസന്ധിയാണ്.

യദ്വാഗ്വദന്ത്യവിചേതനാനി (ഋ. 8-100-10)

ഇവിടെ പ്രഥമാക്ഷരത്തിന്റെ സ്ഥാനത്ത് തൃതീയാക്ഷരം വരുന്നതിനാൽ വശങ്ഗമസന്ധിയാണ്.

ഉത്സർഗ്ഗവിധികൊണ്ട് വിധിച്ചതിനുശേഷം, അപവാദമെന്ന നിലയ്ക്ക് ചിലയിടത്ത് നിപാതനം ചെയ്യുന്നുണ്ട്.

'നൂ ഇത്ഥാതേ' (ഋ. 1-132-4). ഇവിടെ ക്ഷൈപ്രസന്ധിയുടെ അപവാദമായി സന്ധ്യഭാവവും, ദീർഘത്വവും നിപതിപ്പിച്ചിരിയ്ക്കുന്നു.

സ്ഥാനം, പ്രശ്ലേഷം ഇവ രണ്ടും ഉപദേശിച്ചിട്ടുള്ള ഇടത്ത്, ഹ്രസ്വസ്വരമാണ് പറഞ്ഞിട്ടുള്ളതെങ്കിലും, ഹ്രസ്വസ്വരം ദീർഘസ്വരത്തെ കൂടെ ഉൾക്കൊള്ളുന്നതായി അറിയണം.

കണ്ഠ്യോ$/$കാരഃ എന്ന അകാരം കണ്ഠസ്ഥാനികമാണെന്ന് വിധിച്ചപ്പോൾ 'അകാരഃ' എന്നത് ഹ്രസ്വമാണെങ്കിലും, ഹ്രസ്വാകാരവും, ദീർഘമായ അകാരവും കണ്ഠസ്ഥാനികമാണ് എന്നർത്ഥം പറയണം.

ഇപ്രകാരം 'ഇകാരോദയ ഏകാരം അകാരഃ സോദയഃ' (അകാരം കഴിഞ്ഞ് ഇകാരം വരുമ്പോൾ ഏകാരം രണ്ടിന്റേയും സ്ഥാനത്ത് വരുന്നു) എന്ന പ്രശ്ലിഷ്ടസന്ധിയിൽ അകാരം, ഇകാരം എന്നിവ ഹ്രസ്വമായിട്ടാണ് പറയപ്പെട്ടിട്ടുള്ളതെങ്കിലും ദീർഘങ്ങളെക്കൂടെ അറിയണം.

ഹ്രസ്വമോ ദീർഘമോ ആയ അകാരത്തിൽനിന്ന് ഹ്രസ്വമോ ദീർഘമോ ആയ ഇകാരം പരമാകുമ്പോൾ രണ്ടിന്റേയും സ്ഥാനത്ത് 'ഏ'കാരം വരുന്നു എന്നർത്ഥം പറയണം എന്നു താൽപര്യം.

**24. അസാവമുമിതി തത്ഥാവമുക്തം**
**യഥാന്തരം പാദവച്ചൈവ പ്രൈഷാൻ ।**

**പ്രാക് ചാനാർഷാദിതികരണാൽ  പദാന്താം-**
**സ്തദ്യുക്താനാം തേന യേ/സംഹിതാനാം. ॥**

ഒന്ന് മറ്റൊന്നിനെ എന്ന അർത്ഥത്തിൽ ഒരു വർണ്ണം പ്രഥമാ വിഭക്ത്യന്തമായും മറ്റൊരു വർണ്ണം ദ്വിതീയാവിഭക്ത്യന്തമായും നിർദ്ദേശിച്ചാൽ ദ്വിതീയാവിഭക്ത്യന്തമായ വർണ്ണത്തിന്റെ ഭാവം പ്രഥമാവിഭക്ത്യന്തമായ വർണ്ണത്തിനു വരുമെന്നാണർത്ഥം. ഇപ്രകാരം ഒരു വർണ്ണം മറ്റൊരു വർണ്ണമായിത്തീരുക എന്നത് സ്ഥാനം, കരണം, അനുപ്രദാനം എന്നിവയാൽ സദൃശമായിട്ടുള്ള രണ്ടു വർണ്ണങ്ങൾ തമ്മിലാണ് സംഭവിയ്ക്കുക.

ഋക്കുകളിൽ പറഞ്ഞിട്ടുള്ള ലക്ഷണംതന്നെയാണ് പ്രൈഷങ്ങളിലും.

(4/26) 'നകാര ആകാരോപധ-' എന്ന വിധിയനുസരിച്ച് പാദവൃത്തികളിൽ നകാരലോപം വിധിയ്ക്കുന്നുണ്ട്. ഇത് പ്രൈഷങ്ങളിലും വരും.

അവൈദികമായ 'ഇതി' എന്ന ശബ്ദം പ്രയോഗിച്ചിട്ടുള്ളതിനുമുൻപ് പദം അവസാനിച്ചതായി കണക്കാക്കാം.[17] ഇന്ദ്രാഗ്നീ ഇതി/അപാത്/ എന്നാണ് പദപാഠം. ഈ പദപാഠം സംഹിതയാക്കിച്ചൊല്ലുമ്പോൾ 'ഇതി' എന്നത് ചേർക്കാതെ വേണം; 'ഇന്ദ്രാഗ്നീ ഇത്യപാത്' എന്നാണ് സംഹിതാപാഠം എന്നു ധരിയ്ക്കരുത്. ഈ ഉദ്ദേശത്തോടെയാണ് ഈ വിധി.

**25. സാമവശാ ഇതി ചൈവാപവാദാൻ**
**കുർവ്വന്തി യേ സംപദം പാദവൃത്തയോഃ।**
**അപ്രത്യാമ്നായേ പദവച്ച പദ്യാൻ**
**ഋതേ നതോപാചരിതക്രമസ്വരാൻ ॥**

[18]സാമവശസന്ധികളെക്കുറിച്ച് മേൽ പ്രസ്താവിയ്ക്കും. ആ സാമവശസന്ധികൾ അനുലോമങ്ങളായ അന്വക്ഷരസന്ധികളുടെ അപവാദങ്ങളാണെന്ന് അറിയണം.

ഏതൊരു അന്വക്ഷരസന്ധികൾക്കാണോ ഛന്ദസ്സുകളുടെ സമത്വം പ്രയോജനമായി വരുന്നത് ആ സന്ധികളാണ് സാമവശസന്ധികൾ. അതുകൊണ്ട് അവയെ പാദവൃത്തങ്ങൾക്ക് സമ്പത്ക്കരമായവ എന്നുപറയുന്നു. ഗായത്രം തുടങ്ങിയ പാദങ്ങൾ വർത്തിയ്ക്കുന്നത് ഗുർവ്വക്ഷരങ്ങളുടേയും, ലഘ്വക്ഷരങ്ങളുടേയും പ്രപഞ്ചത്താലാണ്. അതിനാൽ അവയാണ് പാദവൃത്തങ്ങൾ. അവയ്ക്ക് ഈ സന്ധി സമ്പദത്തെ ചെയ്യുന്നു; അർത്ഥാന്തരത്തെ ചെയ്യുന്നില്ല.

ഒരു പദത്തിന്റെ അവസാനത്തിലും, അടുത്ത പദത്തിന്റെ ആദ്യവുമായാണ് വർണ്ണങ്ങൾക്ക് വികാരം സംഭവിയ്ക്കുക എന്നു

മേൽ പ്രസ്താവിയ്ക്കുന്നുണ്ട്. (2-ാം പടലം 2-ാം ശ്ലോകം). ഈ വിധിയനുസരിച്ച് ഒരു പദത്തിന്റെ അവയവഭൂതങ്ങളായ വർണ്ണങ്ങളിൽ വികാരം സംഭവിയ്ക്കുകയില്ല. അവിടെക്കൂടെ വികാരം സിദ്ധിയ്ക്കുന്നതിനുവേണ്ടി വിധിയ്ക്കുകയാണ്- 'അപ്രത്യാമ്നായേ പദവച്ച പദ്യാൻ' പ്രത്യാമ്നായം എന്നാൽ പുനർവ്വചനം. പദ്യം എന്നതിന് പദാവയവം എന്നർത്ഥം. പുനർവ്വചനമില്ലാത്തിടത്ത് പദാവയവങ്ങളെ പദംപോലെ കണക്കാക്കണം. അതായത് പദത്തിനു വരുന്ന സന്ധി പദാവയവങ്ങളിലും വരും. ' ത്വാ ഊതാസ' = 'ത്വോതാസോ നൃർവ്വതാ' (ഋ. 1-8-2). ഇവിടെ ഉകാരം പരമായി വരുമ്പോൾ അകാര ഉകാരങ്ങളുടെ സ്ഥാനത്ത് ഓകാരം വരും എന്നു വിധിച്ച് പദങ്ങളുടെ സന്ധി പദാവയവങ്ങളിലും സംഭവിയ്ക്കുന്നു.[19] പുനർവചനമുള്ളിടത്ത് പദാവയവങ്ങളിൽ പദവദ്ഭാവം വരുകയില്ല.

പദ്യങ്ങൾക്ക് (പദാവയവങ്ങൾക്ക്) പദവദ്ഭാവം വരുന്നത് നതം, ഉപാചരിതം, ക്രമം, സ്വരം എന്നിവ ഒഴിച്ചുള്ളിടത്താണ്.

**അനുനാസികവിധി**

**26. അഷ്ടാവാദ്യാനവസാനേƒപ്രഗൃഹ്യാൻ**
**ആചാര്യാ ആഹുരനുനാസികാൻ സ്വരാൻ ।**
**തത്ത്രിമാത്രേ ശാകലാ ദർശയന്ത്യാ-**
**ചാര്യശാസ്ത്രാപരിലോപഹേതവഃ ॥**

ആചാര്യന്മാർ പ്രഗൃഹ്യങ്ങളല്ലാത്ത അകാരം മുതൽക്കുള്ള ആദ്യത്തെ എട്ടക്ഷരങ്ങൾ അവസാനത്തിൽ അനുനാസികങ്ങളാകും എന്നു പറയുന്നു. ശാകലാചാര്യന്റെ മതത്തിൽപ്പെട്ടവർ ഇപ്രകാരം പറയപ്പെട്ട അനുനാസികം ത്രിമാത്രികമായ സ്വരത്തിൽ മാത്രമെ കാണിയ്ക്കുന്നുള്ളു, മറ്റുള്ളിടത്ത് ഇല്ല എന്നഭിപ്രായപ്പെടുന്നു.

ആചാര്യന്റെ ശാസ്ത്രം (മതം) ഈ ഒരു അനുനാസികമായ പ്ലുതംകൊണ്ട് ലോപിയ്ക്കാതിരിയ്ക്കട്ടെ (നിലനിൽക്കട്ടെ) എന്ന കാരണത്താലാകാം ഇത്.

**നാമി സംജ്ഞ**

**27. ഋകാരാദയോ ദശ നാമിനഃ സ്വരാഃ**
**പൂർവ്വോ നന്താ നതിഷു നമ്യമുത്തരം ।**
**സഹോപധോƒരിഫിത ഏകവർണ്ണവത്**
**വിസർജ്ജനീയഃ സ്വരഘോഷവത് പരഃ ॥**

ഋകാരം മുതൽക്ക് പത്തു സ്വരങ്ങൾ നാമികളാണ്.

ഋ, ൠ, ഇ, ഈ, ഉ, ഊ, ഏ, ഓ, ഐ, ഔ. ഇവയാണ് നാമികൾ[20]

പൂർവ്വം (മുൻപെ) വരുന്ന വർണ്ണം 'നന്താവ്' (നമിപ്പിയ്ക്കുന്നത്) ആണ്. പിന്നീട് വരുന്നത് 'നമ്യം' ആകുന്നു.

'ഋകാരം, രേഫം, ഷകാരം എന്നിവ നകാരത്തെ നമിപ്പിയ്ക്കുന്നു' എന്നു വിധിയ്ക്കുന്നുണ്ട്. ഇവിടെ ഋകാരാദികൾ പൂർവ്വമാണോ പരമാണോ വേണ്ടതെന്ന് വ്യവസ്ഥചെയ്തു പറഞ്ഞിട്ടില്ല. അതിനാൽ അത് ഇവിടെ വ്യവസ്ഥ ചെയ്യുകയാണ്. ഋകാരം, രേഫം, ഷകാരം എന്നിവ നന്താക്കളാകയാൽ അവ പൂർവ്വം വരുമെന്നും നമ്യമായ നകാരം പിന്നീടു വരുമെന്നും ഈ വിധിയിൽ വ്യക്തമായി 'പന്ഥാനമനു പ്രവിദ്വാൻ പിതൃയാണമ്' (ഋ-10-2-7). ഇവിടെ ഋകാരം കഴിഞ്ഞുള്ള നകാരം ണകാരമായിരിയ്ക്കുന്നു. ഋകാരം നന്താവും, നകാരം നമ്യവും.

സ്വരാക്ഷരമോ ഘോഷാക്ഷരങ്ങളോ പരമായി വരുന്ന[21] അരിഫിതമായ വിസർഗ്ഗം ഉപധാസഹിതം ഏകവർണ്ണം പോലെ കണക്കാക്കണം.

ഉദാ: 'യ ഇന്ദ്രസോമപാതമഃ' (ഋ-8-12-1). ഇവിടെ ഉപധാസഹിതമായ വിസർഗ്ഗത്തിന് അകാരം വന്നിരിയ്ക്കുന്നു.

ഉദാ: നമോ ഭരന്ത ഏമസി (ഋ-1-1-7). ഇവിടെ ഉപധാസഹിതമായ വിസർഗ്ഗത്തിന് ഓകാരം വന്നിരിയ്ക്കുന്നു.

**പ്രഗൃഹ്യസംജ്ഞ**

**28. ഓകാര ആമന്ത്രിതജഃ പ്രഗൃഹ്യഃ**
**പദഞ്ചാന്യോഽപൂർവ്വപദാന്തഗശ്ച ।**
**ഷഷ്ഠാദയശ്ച ദ്വിവചോഽന്തഭാജ-**
**സ്ത്രയോ ദീർഘാ സാപ്തമികൌ ച പൂർവ്വൌ. ॥**

ആമന്ത്രണം (സംബോധന) മൂലമുണ്ടാകുന്ന ഓകാരം പ്രഗൃഹ്യമായിരിയ്ക്കും (പ്രഗൃഹ്യം എന്ന സംജ്ഞ ഉള്ളതായിരിയ്ക്കും എന്നു താൽപര്യം).

ആമന്ത്രണം മൂലം ഉണ്ടാകുന്നതല്ലാത്ത 'ഓ' എന്ന പദവും പ്രഗൃഹ്യസംജ്ഞയോടു കൂടിയതാണ്.

ആറാമത്തേതു മുതൽക്കുള്ള (ഈ എന്നുമുതൽക്ക്) മൂന്നു ദീർഘസ്വരങ്ങൾ ദ്വിവചനത്തിൽ വരുമ്പോൾ അവയും പ്രഗൃഹ്യസംജ്ഞയുള്ളതാണ്.

ഈ, ഊ, ഏ എന്നിവ ദ്വിവചനാന്തത്തിൽ വരുമ്പോൾ പ്രഗൃഹ്യമാണെന്നു സാരം.

മുകളിൽ പറഞ്ഞ മൂന്നു ദീർഘങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം സപ്തമിയുടെ അർത്ഥത്തിൽ വരുകയാണെങ്കിൽ അവയ്ക്കും പ്രഗൃഹ്യം എന്ന സംജ്ഞയുണ്ട്.

ഉദാഃ-

ഇന്ദ്രാബൃഹസ്പതീ വയം (ഋ 4-49-5) ദ്വിവചനമായ 'ഈ'

ഇന്ദ്രവായൂ ഇമേ സുതാഃ (ഋ-1-2-4) ദ്വിവചനമായ 'ഊ'

ദ്വേ വിരൂപേ ചരതഃ സ്വർത്ഥേ (ഋ-1-95-1). ദ്വിവചനമായ 'ഏ'

സപ്തമ്യർത്ഥത്തിലുള്ള ഈകാരം, ഊകാരം-

1. ദൃതിം ന ശുഷ്കം സരസീ ശയാനം (ഋ-7-103-2)
2. സോമമിന്ദ്ര ചമൂസുതം (ഋ-7-76-10)

**29. അസ്മേ യുഷ്മേ ത്വേ അമീ ച പ്രഗൃഹ്യാ**
**ഉപോത്തമം നാനുദാത്തം ന പദ്യം ।**
**ഉകാരശ്ചേതികരണേന യുക്തോ**
**രക്തോഽപൃക്തോ ദ്രാഘിതഃ ശാകലേന॥**

[22]അസ്മേ, യുഷ്മേ, ത്വേ, അമീ- ഇവയും പ്രഗൃഹ്യസംജ്ഞകളാണ്. ഇവയിൽ അവസാനത്തേതിന്റെ സമീപത്തുള്ളത് - അതായത് 'ത്വേ' എന്നത് അനുദാത്തസ്വരത്തിലാണെങ്കിലും, പദാവയവമായിട്ട് വന്നാലും പ്രഗൃഹ്യസംജ്ഞ ഉണ്ടാകില്ല.

അപൃക്തമായ (ഒറ്റ അക്ഷരമായ) ഉകാരം പ്രഗൃഹ്യസംജ്ഞകമാണ്. ഈ ഉകാരം 'ഇതി' എന്നതിനോട് ചേർന്നാൽ ശാകലമതത്തിൽ അനുനാസികവും, ദീർഘവും ആകും. 'ഉ ഇതി' എന്നത് 'ഊँ ഇതി' എന്നാകും എന്നർത്ഥം.

**രേഫിസംജ്ഞ**

**30. ഊഷ്മാ രേഫീ പഞ്ചമോ നാമിപൂർവ്വോ**
**മഹോഽപോവർജ്ജ്യമിതരോ യഥോക്തം ।**
**അന്തോദാത്തമന്തരക്ഷാ വിപര്യയേ**
**സ്പർശേ ഘോഷഃ പ്രത്യയേ പൂർവ്വപദ്യഃ ॥**

ഊഷ്മാക്കളിൽ അഞ്ചാമത്തേത് (അതായത് വിസർഗ്ഗം) 'നാമി'കളാൽ (ഋ, ൠ, ഇ, ഈ, ഉ, ഊ, ഏ, ഓ, ഔ) പിന്തുടരപ്പെടുകയാണെങ്കിൽ =(നാമികൾക്കു ശേഷം വിസർഗ്ഗം വന്നാൽ) 'രേഫി' എന്ന സംജ്ഞയോടുകൂടിയതായിത്തീരും.

അഗ്നിരസ്മി ജന്മനാ (ഋ-3-26-7)

മഹഃ, അപഃ എന്നീ രണ്ടു പദങ്ങളൊഴികെ നാമിയല്ലാത്തവ

യ്ക്കുശേഷം വരുന്ന വിസർഗ്ഗവും 'രേഫി' എന്നു സംജ്ഞയുള്ള തായിരിയ്ക്കും.

'അന്തര്' എന്ന പദം അന്തോദാത്തമായിട്ടുള്ളപ്പോൾ രേഫി സംജ്ഞ ഉണ്ടായിരിയ്ക്കും.

'അക്ഷാര്' എന്ന പദം അധസ്തനപദത്തിന് സ്വരവിപര്യയം വരുമ്പോൾ രേഫി എന്ന സംജ്ഞയോടുകൂടിയതായിരിയ്ക്കും.

'ഉഷര്' എന്നത് പൂർവ്വപദത്തിന്റെ അവയവമായി പൂർവ്വം നിൽക്കുമ്പോൾ സ്പർശാക്ഷരം പരമായി വന്നാൽ 'രേഫി' എന്ന സംജ്ഞ ഉള്ളതായിരിയ്ക്കും.

'ഉഷർബുധ ആ വഹ' (ഋ-1-44-9)

## രിഫിതസംജ്ഞ

**31. പ്രാതർദ്ദേവം ഭാർവ്വധരാദ്യുദാത്തം**
**കരനുദാത്തമബിഭസ്തദാദാഃ ।**
**സ്തഃ പ്രാഗാഥമേതശേ കർദിവേ**
**കരപസ്കരത്സാരവിപൂർവ്വമസ്തഃ ॥**

'പ്രാതര്' എന്ന പദം രിഫിതസംജ്ഞക,മാണ്.

'ഭാര്' എന്ന പദം 'ദേവം' എന്ന പദം പൂർവ്വമുണ്ടെങ്കിൽ രിഫിതസംജ്ഞകമാണ്.

'വധര്' എന്ന പദം ആദ്യുദാത്തമാണെങ്കിൽ രിഫിതസംജ്ഞകമാണ്.

'കര്' എന്ന പദം അനുദാത്തമാണെങ്കിൽ രിഫിതം എന്ന പേരുള്ളതാകും.

'അബിഭര്' എന്ന പദം രിഫിതസംജ്ഞകമാണ്.

'ആദര്' എന്ന പദം തദ് എന്ന് പൂർവ്വമുണ്ടെങ്കിൽ രിഫിത സംജ്ഞകമാണ്.

'സ്തര്' എന്ന പദം പ്രഗാഥസംജ്ഞയുണ്ടെങ്കിൽ രിഫിതം ആയിരിയ്ക്കും.

'കര്' എന്ന പദം ഏതശേ എന്ന ശബ്ദം പൂർവ്വം ഉള്ളപ്പോൾ 'രിഫിതം' എന്ന പേരുള്ളതായിരിയ്ക്കും.

'കര്' എന്ന പദം ദിവേ എന്ന പദം പൂർവ്വമുള്ളപ്പോൾ രിഫിതം എന്ന സംജ്ഞയുള്ളതായിരിയ്ക്കും.

'കര്' എന്ന പദം അപഃ എന്ന് പൂർവ്വം ഉണ്ടെങ്കിൽ 'രിഫിതം ' എന്ന സംജ്ഞയുള്ളതായിരിയ്ക്കും.

'അത്സാര്' എന്ന പദം രിഫിതം എന്ന സംജ്ഞയുള്ളതായിരിയ്ക്കും.

'അസ്തര്' എന്ന പദം രിഫിതം എന്ന പേരുള്ളതായിരിയ്ക്കും 'വി' എന്നത് പൂർവ്വം ഇല്ലെങ്കിൽ.

**32. സ്വഃ സ്വരിതം ന സമാസാങ്ഗമുത്തരം**
**സ്വരാദേശോƒപൂർവ്വപദേഷ്വവർമ്മഹഃ ।**
**അനർദ്ധർച്ചാന്തേ സ്വരഘോഷവത് പരം**
**ഊധർന്ന രേഫേƒരുഷാസോƒത്യണന്മഹീ ॥**

[23] 'സ്വര്' എന്ന പദം സ്വരിതസ്വരത്തോടുകൂടിയതാണെങ്കിൽ 'രിഫിത'മായിരിയ്ക്കും. എന്നാൽ 'സ്വര്' എന്നത് സമാസത്തിന്റെ ഉത്തരാങ്ഗമായി വരുന്ന അവസരത്തിൽ അതിന് രിഫിതസംജ്ഞ ഉണ്ടായിരിയ്ക്കയില്ല.

അന്തോദാത്തമായ 'അന്തര്', ആദ്യുദാത്തമായ 'വധര്', സ്വരിതമായ 'സ്വര്' എന്നിങ്ങനെ സ്വരയുക്തമായ അന്തര് മുതലായവയ്ക്ക് വിധിച്ച രിഫിതസംജ്ഞ സമാസത്തിൽ പൂർവ്വപദങ്ങളല്ലാതെ വരുമ്പോഴാണെന്ന് അറിയണം. പൂർവ്വപദങ്ങളായിട്ടാണ് അവ വരുന്നതെങ്കിൽ അനുദാത്തം മുതലായ സ്വരങ്ങളോടു കൂടിയതായാലും അവയ്ക്ക് രിഫിതസംജ്ഞ ഉണ്ടായിരിയ്ക്കും.

'അവര്' (അഥവാ അവഃ) എന്ന പദത്തിന് 'മഹഃ' എന്ന പദത്തിന്റെ പൂർവ്വം സ്ഥിതിയുണ്ടെങ്കിൽ രിഫിതസംജ്ഞ ഉണ്ടായിരിയ്ക്കും.

'ഊധര്' എന്ന പദം സ്വരാക്ഷരങ്ങളോ, ഘോഷാക്ഷരങ്ങളോ പിന്നീടു വരുമ്പോൾ രിഫിതം എന്ന സംജ്ഞയോടുകൂടിയതാകും, അർദ്ധർച്ചത്തിന്റെ അവസാനമല്ല വരുന്നതെങ്കിൽ.

രേഫം തുടക്കത്തിലുള്ള പദം പരമായി (പിന്നീട്) വന്നാലും അരുഷാസഃ അത്യണത് മഹീ എന്നീ പദങ്ങൾ പരമായി വന്നാലും 'ഊധര്' എന്നത് 'രിഫിത'മായിരിയ്ക്കുകയില്ല.

**33. വരവരാവരിതി ചൈകപാദേ**
**വ്യപപൂർവ്വാണ്യസമാസാങ്ഗയോഗേ ।**
**പഥ്യാ മഘോനീ ദിവി ചക്ഷസാ മദേ**
**പൂർവ്വോƒർച്ചിഷാ തീതൃഷാമോത്തരേഷു ന ॥**

'വര്' 'അവര്' 'ആവര്' എന്നീ പദങ്ങൾ ഒരേ പാദത്തിൽ 'വി ' 'അപ' എന്നിവയിലേതെങ്കിലും ഒന്നു പൂർവ്വത്തിലുള്ളവയും, വര് മുതലായ പദങ്ങളോ വി, അപ എന്നിവയോ സമാസാങ്ഗഭൂതമല്ലാതെ വരുകയും ചെയ്താൽ 'രിഫിത'മായിരിയ്ക്കും.

പഥ്യാ, മഘോനീ, ദിവി, ചക്ഷസാ, മദേ പൂർവ്വഃ, അർച്ചിഷാ, അതീതൃഷാമ- ഈ പദങ്ങൾ പരമായി വരുമ്പോൾ വര്, അവര്, ആവര് എന്നീ പദങ്ങൾ രിഫിതങ്ങളായിരിയ്ക്കില്ല.

**34. ഹോതഃ സനിതഃ പോതർനേഷ്ടഃ**
**സോതഃ സവിതർന്നേതസ്ത്വഷ്ടഃ ।**
**മാതർജ്ജനിതർഭ്രാതസ്ത്രാത**
**സ്ഥാതർജ്ജരിതർദ്ധാതർദ്ധർത്തഃ ॥**

ഹോതഃ, സനിതഃ, പോതഃ, നേഷ്ടഃ, സോതഃ, സവിതഃ, നേതഃ, ത്വഷ്ടഃ, മാതഃ, ജനിതഃ, ഭ്രാതഃ, ത്രാതഃ, സ്ഥാതഃ, ജരിതഃ, ധാതഃ, ധർത്തഃ എന്നീ പദങ്ങൾ രിഫിതസംജ്ഞകളാണ്.

**35. ജാമാതർദുഹിതർദ്ദർത്തഃ**
**പ്രശാസ്തരവിതഃ പിതഃ ।**
**ദോഷാവസ്തരവസ്പർത്തഃ**
**പ്രയന്തശ്ചേങ്ഗ്വമുത്തമം ॥**

ജാമാതര്, ദുഹിതര്, ദർത്തര്, പ്രശാസ്തര്, അവിതര്, പിതര്, ദോഷാവസ്തര്, അവസ്പർത്തര് എന്നിവ രിഫിതങ്ങളാണ്. അവസാനത്തേത് (അതായത് പ്രയന്തഃ എന്നത്) അവഗ്രഹത്തോടുകൂടിയതാണെങ്കിൽ മാത്രം രിഫിതമാകും. അവഗ്രഹമില്ലെങ്കിൽ രിഫിതമല്ല.

**36. ദീധരഭാരവരീവരദർദർദർദരദർധരജാഗരജീഗഃ**
**വാരപുനഃ പുനരസ്പരകഃ സ്പഃ സസ്വരഹഃ സനുതഃ സവരസ്വാഃ**

ദീധഃ, അഭാഃ, അവരീവഃ, അദർദഃ, ദർദഃ, അദർധഃ, അജാഗഃ, അജീഗഃ, വാഃ, അപുനഃ, പുനഃ, അസ്പഃ, അകഃ, സ്പഃ, സസ്വഃ, അഹഃ, സനുതഃ, സവഃ, അസ്വാഃ- ഈ പദങ്ങൾ രിഫിതങ്ങളാണ്.

## കുറിപ്പുകൾ

1. ആനന്ദപുരവാസ്തവ്യവജ്രടാഖ്യസ്യ സൂനുനാ
   ഉവടേന കൃതം ഭാഷ്യം പദവാക്യൈഃ സുനിശ്ചിതൈഃ
2. ഋഷ്യാദീംശ്ച നമസ്കൃത്യ അവന്ത്യാമുവടോ വസൻ
   മന്ത്രാണാം കൃതവാൻ ഭാഷ്യം മഹീൻ ഭോജേ പ്രശാസതി
3. The Rigveda Prathisakhya with the commentary of Uvata (Vol-1) Intro-P.83
4. ഇതി പരാവരേ ബ്രഹ്മണീത്യാരഭ്യ സകലദേശീയ വൈദികൈഃ പഠ്യമാനസ്യ വർഗ്ഗദ്വയസ്യ വ്യാഖ്യാ അഥ ഭാഷ്യം The Rigveda Prathisakhya with the commentary of Uvata (Vol-1) P. 42.
5. സഞ്ജയ്പ്രകാശൻ, 4378/4 B 209, JMD House, ഗലീമുരാരിലാൽ ഭരിയാഗഞ്ജ്, നയിദില്ലി-2
6. ഈ ശ്ലോകത്തിന്റെ ഉദ്ദിഷ്ടമായ അർത്ഥം എന്തെന്ന് വ്യക്തമല്ല. എന്നാൽ വ്യാഖ്യാനത്തിൽ *ശാസ്ത്രത്തിന്റെ പ്രയോജനം* എ

ന്നുപറയുന്നു. എന്ന് ശ്ലോകത്തെ അവതരിപ്പിയ്ക്കുന്നതിനാലും 'വായുശ്ചാന്തരിക്ഷഞ്ചൈതദമൃതം' എന്ന് വായ്വന്തരിക്ഷപദങ്ങൾ അമൃതാർത്ഥങ്ങളായി സൂചിപ്പിയ്ക്കപ്പെടുന്ന ഒരു വാക്യം അന്യത്ര ശ്രദ്ധിയ്ക്കപ്പെട്ടതിനാലും ശാസ്ത്രപ്രയോജനം അമൃതത്വപ്രാപ്തിയാണ് എന്ന് മാണ്ഡൂകേയൻ, മാണ്ഡവ്യൻ, ആഗസ്ത്യൻ എന്നിവരുടെ അഭിപ്രായമെന്നും അർത്ഥം പറയാമെന്നുതോന്നുന്നു.

7. 'തദ് യ ത്രൈതദധീതേ വാ ഭാഷതേ വാ വാചി തദാ പ്രാണോ ഭവതി. വാക് തദാ പ്രാണം രേലിഹ. അഥ യത്ര തൂഷ്ണീം വാ ഭവതി. പ്രാണസ്തദാ വാചം രേലിഹ. ഇത് ഐതരേയാരണ്യകം- 3-1-6-14' (പാർഷദസൂത്രം ഉദ്ധരണി. പേജ്-3)

8. ഋഗ്വേദത്തിന്റെ ഒരു ശാഖയാണ് ശൈശിരീയം.
'മുദ്ഗലോ ഗോസ്കുലോ വാത്സഃ ശൈശിരഃ ശിശിരസ്ത
ഥാ
പഞ്ചൈതേ ശാകലാഃ ശിഷ്യാഃ ശാഖാഭേദപ്രവർത്തകാഃ' അതിനാൽ ശൈശിരീയസംഹിതയിൽ എന്നർത്ഥം.

9. 'അ' കഴിഞ്ഞാൽ 'ആ' എന്നും 'ഋ' കഴിഞ്ഞാൽ 'ൠ' എന്നും ഇങ്ങനെ 'ഔ' വരെ ഓരോന്നിന്റേയും ദീർഘംകൂടി ഉണ്ടെന്നു താല്പര്യം.

10. 'സമാന'ശബ്ദത്തിന് 'ഏകം' എന്നർത്ഥമുണ്ട്. അതിനാൽ സമാനാക്ഷരങ്ങൾ 'ഏകാക്ഷരങ്ങളാണ്'. അവ വേറെ ഏതെങ്കിലും വർണ്ണം ചേർന്നുണ്ടായവയല്ല.

11. ..തത്ര ഉഭയധർമ്മയോഗാദ് ഉഭയസ്വഭാവം സ്വരവ്യഞ്ജനയോരന്യദ് വർണ്ണാന്തരം പ്രകാശയതി. (ഋഗ്വേദപ്രാതിശാഖ്യം (ഉവടവ്യാഖ്യാനസഹിതം-പേജ്-5)
'സ്വരാനുസ്വാരോപഹിതോർദ്ധിരുച്യതേ' എന്നവാക്യത്തിൽ സ്വരത്തിൽനിന്ന് ഭിന്നമായി അനുസ്വാരത്തെ പറഞ്ഞിട്ടുണ്ട്. 'അനുസ്വാരോ വ്യഞ്ജനഞ്ചാക്ഷരാംഗഃ' എന്ന വാക്യത്തിൽ വ്യഞ്ജനത്തിൽനിന്ന് ഭിന്നമായും അനുസ്വാരത്തെ പറഞ്ഞിരിയ്ക്കുന്നു. 'ഏകേ വർണ്ണാഞ്ഛാശ്വതികാന്ന കാര്യാൻ' എന്ന വാക്യത്തിൽ 'വർണ്ണം' എന്നതുകൊണ്ട് അനുസ്വാരത്തേയും ഉദ്ദേശിച്ചിരിയ്ക്കുന്നു എന്നതിനാൽ അനുസ്വാരം വർണ്ണമാണെന്നും, എന്നാൽ അത് സ്വരമോ വ്യഞ്ജനമോ അല്ലെന്നും ആണ് ശൌനകന്റെ വിവക്ഷ എന്ന് ഉവടൻ സമർത്ഥിയ്ക്കുന്നു.

12. ക ഖ ഗ ഘ ങ, ച ഛ ജ ഝ ഞ, ട ഠ ഡ ഢ ണ, ത ഥ ദ ധ ന, പ ഫ ബ ഭ മ, എന്നിവ അഞ്ചു വർഗ്ഗങ്ങൾ.
13. 'അന്തഃസ്ഥാ' എന്ന് സ്ത്രീലിംഗത്തിലാണാചാര്യൻ നിർദ്ദേശിച്ചിട്ടുള്ളത്. 'ചതസ്ര' എന്നാണല്ലോ പറഞ്ഞത്.
14. പാണിനി ഇവയെ 'മഹാപ്രാണങ്ങൾ' എന്ന് വിളിയ്ക്കുന്നു. സ്വരത്തിലെ ഒന്നും മൂന്നും അഞ്ചും വർണ്ണങ്ങൾ അല്പപ്രാണങ്ങളെന്നും വ്യവഹരിയ്ക്കപ്പെടുന്നു.
15. രണ്ടോ അതിലധികമോ വ്യഞ്ജനാക്ഷരം അടുപ്പിച്ച് വരുന്നതിനേയാണ് 'സംയോഗം എന്നു പറയുന്നത്. 'അഗ്നി' എന്ന പദത്തിൽ അകാരം ഹ്രസ്വമാണെങ്കിലും ഗുരുവാണ്; ഗ്ന് എന്ന സംയോഗം പിന്നീട് വരുന്നതിനാൽ.
16. വർത്സം എന്നത് പല്ലിന്റെ കടയ്ക്കൽനിന്ന് ഉപരിഭാഗത്തുള്ള ഉന്തിനിൽക്കുന്ന ഭാഗമാണ്. ഈ സ്ഥാനത്ത് ഉണ്ടാകുന്നതിനാൽ വർത്സ്യം.
17. 'ഇന്ദ്രാഗ്നീ അപാത്' (ഋ-6-59-6) എന്നാണ് സംഹിതാപാഠം. 'പദത്തിന്റെ അവസാനവർണ്ണങ്ങളെ പദത്തിന്റെ ആദിയിലുള്ള വർണ്ണങ്ങളുമായി സന്ധിപ്പിച്ച് രൂപത്തിലുള്ളതാണ് സംഹിത' എന്ന് സംഹിതാലക്ഷണം. ഏതാണ് 'പദാന്തം' ഏതാണ് 'പദാദി' എന്നറിയാതെ സന്ധിപ്പിയ്ക്കുവാൻ പറ്റുകയില്ല. പദാദികളെ മനസ്സിലാക്കാം. എന്നാൽ ഏതാണ് പദാന്തം എന്ന് 'ഇതി' എന്ന് കൂട്ടിയെഴുതിയിട്ടുള്ളിടത്ത് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. 'ഇതി' എന്ന് കൂട്ടിയെഴുതാത്ത സ്ഥലത്ത് മനസ്സിലാക്കാൻ വിഷമമില്ല. അതുകൊണ്ട് 'ഇതി' എന്ന് ചേർത്തിട്ടുള്ളയിടങ്ങളിൽ 'ഇതി' എന്നുള്ളതിനുമുൻപ് 'പദാന്തം' എന്നറിഞ്ഞുകൊള്ളണം. 'പ്രാതരിതി/സോമമ്' ഇവിടെ 'പ്രാതര്' എന്ന് രേഫം പദാന്ത്യമാണ്. അത് 'സോമമ്' എന്ന പദത്തിലെ സകാരത്തോടുചേർത്ത് ഉച്ചരിയ്ക്കണം.
18. ഋകാരം ഒഴികെയുള്ള ഹ്രസ്വം വ്യഞ്ജനം പരമായി (പിന്നീട്) വരുമ്പോൾ ദീർഘമായിത്തീരുന്നു. ഈ സന്ധിയാണ് സാമവശസന്ധി.
19. വസോരിന്ദ്രം വസുപതിം (ഋ-1-9-9) - ഇവിടെ 'ഷഷ്ഠം ചാഷ്ടാക്ഷരേ/ക്ഷരം' (എട്ടക്ഷരമുള്ള പാദത്തിൽ 6-ാമത്തെ അക്ഷരം പരമായി വരുമ്പോഴും, നഃകാരം പരമാവുമ്പോഴും ഗുരു പരമായി വരുമ്പോഴും) എന്നതുകൊണ്ട് പ്രാപ്തമായ പ്ലുതി വരുന്നില്ല. വിഗ്രഹേ എന്ന് പുനർവചനം ഉള്ളതുകൊണ്ട്.

20. നമിപ്പിയ്ക്കുന്നു=ദന്ത്യങ്ങളെ മൂർദ്ധന്യങ്ങളാക്കുന്നു എന്നതി നാൽ നാമികൾ.
21. വിസർഗ്ഗം രണ്ടു തരത്തിലുണ്ട്- രിഫിതവും അരിഫിതവും. എവിടെ രേഫം രേഫമായിത്തന്നെ നിൽക്കുന്നുവോ, അതായത് വിസർഗ്ഗമായി പരിണമിച്ചിട്ടില്ലയോ അത് രിഫിതം. വിസർഗ്ഗമായിത്തീർന്നത് അരിഫിതം. (From Footnotes of RgPrathisakhya with uvada Bhashya-P. 21)
22. അസ്മേ ആവഹതം രയിം (ഋ-8-5-15)- അസ്മേ. ന യുഷ്മേ വാജബന്ധവഃ (ഋ-8-68-19)- യുഷ്മേ. ത്വേ ഇദ്ധൂയതേ ഹവിഃ (ഋ1-26-6)- ത്വേ. അമീ യേ പഞ്ചോക്ഷണഃ-അമീ
23. സ്വര്യദ്വേദി (ഋ-4-16-4)

**ഒന്നാം പടലം കഴിഞ്ഞു**

## 2. സംഹിതാപടലം.

1. **സംഹിതാ പദപ്രകൃതിഃ പദാന്താൽ**
**പദാദിഭിഃ സംദധദേതി യത് സാ ।**
**കാലാവ്യവായേന സ്വരാന്തരം തു**
**വിവൃത്തിഃ സാ വാ സ്വരഭക്തികാലാ ॥**

സംഹിതയ്ക്ക് പദങ്ങൾ പ്രകൃതിയാണ്. സംഹിത വികാരവും. സകാരത്തിന്റെ സ്ഥാനത്ത് ഷകാരം വരുക, നകാരത്തിന്റെ സ്ഥാനത്ത് ണകാരം വരുക മുതലായ വികാരങ്ങൾ സംഹിതയ്ക്കാണല്ലോ വരുന്നത്. പദങ്ങൾ പ്രകൃതിയായതിനാൽതന്നെ അവ സിദ്ധങ്ങളുമാണ്.

ഓരോ പദത്തിന്റേയും അവസാനത്തെ അക്ഷരങ്ങളെ അതിനടുത്ത പദത്തിന്റെ ആദ്യാക്ഷരങ്ങളുമായി ഏകീകരിച്ച് പോകുന്നത് ഏതോ അതാണ് സംഹിത. ഈ സംഹിത ആർഷീസംഹിത എന്നും ക്രമസംഹിത എന്നും രണ്ടുവിധത്തിൽ.

ഇതേ സംഹിതയിൽത്തന്നെ പരസ്പരം സന്ധിചേരാത്ത രണ്ടു സ്വരങ്ങൾ അടുത്തടുത്ത് വരുന്നതായി ചിലയിടങ്ങളിൽ കാണാം. ആ സ്വരങ്ങളുടെ അന്തരത്തെ-മധ്യത്തെ- വിവൃത്തി എന്നു പറയുന്നു.

**ഉദാഃ–' നൂ ഇത്ഥാ തേ പൂർവ്വഥാ ച' (ഋ–1–132–4).**

ഈ വിവൃത്തി സ്വരഭക്തിയുടെ ഉച്ചാരണകാലത്തിന് സമാനമായിട്ടുള്ള കാലമോ, അതിലധികം കാലമോ ഉള്ളതായിരിയ്ക്കും.

**വിവൃത്തി മൂന്നു തരത്തിൽ വരും.**

**1.** ഇരുവശങ്ങളിലും ഹ്രസ്വം വരുന്നത്. ഇതിന്റെ ഉച്ചാരണകാലം ഒരും മാത്രയുടെ കാൽഭാഗം ആണ്.

**ഉദാഃ– 'പ്ര ഋഭുഭ്യഃ' (ഋ–4–33–1).**

**2.** ഒരുവശത്ത് ദീർഘവും മറുവശത്ത് ഹ്രസ്വവും. ഇതിന്റെ കാലം ഒരു മാത്രയുടെ പകുതി സമയമാണ്. ഉദാഃ- **'നൂ ഇത്ഥാ തേ'**

**3.** ഇരുവശങ്ങളിലും ദീർഘം വരുന്നത്. ഇതിന്റെ കാലം ഒരു മാത്രയുടെ മുക്കാൽ ഭാഗമാണ്.

**ഉദാഃ– 'താ ഈം വർദ്ധന്തി' (ഋ–1–155–3)**

## സന്ധിവിഷയത്തിലുള്ള പരിരക്ഷ

**2. പദാന്താദിഷ്വേവ വികാരശാസ്ത്രം**
**പദേ ദൃഷ്ടേഷു വചനാൽ പ്രതീയാൽ ।**
**പദം പദാന്താദിവദേകവർണ്ണം,**
**പ്രശ്ലിഷ്ടമപ്യാനുപൂർവ്വേണ സന്ധീൻ ॥**

സംഹിതയിൽ വരുന്ന സന്ധികളെ സംബന്ധിച്ച് ചില നിയമങ്ങൾ പറയുന്നു.

സ്വരം, വ്യഞ്ജനം മുതലായവയ്ക്ക് സന്ധി വരുന്നത് അവ ഒരു പദത്തിന്റെ അവസാനത്തിലോ, ആദിയിലോ നിൽക്കുമ്പോൾ മാത്രമാണ്. പദാവസ്ഥയിൽ (പദപാഠത്തിൽ കാണുന്ന പ്രകാരം) കാണപ്പെടുന്ന പദങ്ങളുടെ അന്തത്തിലും ആദിയിലുമുള്ള വർണ്ണങ്ങൾക്ക് സന്ധി നിർദ്ദേശമുണ്ടെങ്കിൽ മാത്രമെ വരികയുള്ളൂ.

പദാന്തത്തിൽ വർണ്ണവികാരം വന്നതിന് ഉദാഹരണം:-

**'വസും സൂനും സഹസോ ജാതവേദസം' (ഋ-1-127-1)**

പദപാഠത്തിൽ 'സഹസഃ' എന്നത് സംഹിതയിൽ 'സഹസോ ' എന്നായിരിയ്ക്കുന്നു.

പദാദിയിലുള്ള വർണ്ണത്തിന് വികാരം വരുന്നതിന് ഉദാഹരണം :- **'ആപോ ഹിഷ്ഠാ മയോ ഭുവഃ' (ഋ-10-9-1)**

പദപാഠത്തിൽ 'സ്ഥ' എന്നത് സംഹിതയിൽ 'ഷ്ഠാ' എന്നായിരിയ്ക്കുന്നു.

**'തസ്മാ അരം ഗമാമ വഃ' (ഋ-10-9-3)**

പദപാഠത്തിൽ 'തസ്മൈ' എന്നുള്ളത് സംഹിതയിൽ 'തസ്മാ' എന്നായിത്തീർന്നതാണ് എന്നതിനാൽ ഈ 'ആ'കാരം പദപാഠത്തിൽ ഉള്ളതല്ല. അതിനാൽത്തന്നെ ഇവിടെ ഈ ആകാരം അടുത്തുവരുന്ന അകാരവുമായിച്ചേർന്ന് ദീർഘസന്ധി വരുന്നില്ല. പദാവസ്ഥയിലുള്ള പദാന്താദികൾക്ക് മാത്രമെ സന്ധി വരൂ എന്ന് ഓർമ്മിയ്ക്കണം എന്നു താൽപര്യം.

ഒറ്റവർണ്ണം മാത്രമുള്ള പദം പദാന്തത്തിലുള്ള കാര്യവും, പദാദിയിലുള്ള കാര്യവും ലഭിയ്ക്കുന്നതിന് യോഗ്യമാണ്.

**'ഇന്ദ്ര ആ ഇഹി മത്സി അന്ധസഃ' (ഋ-1-9-1)**

ഈ പദപാഠത്തിന്റെ സംഹിതാപാഠം:- 'ഇന്ദ്രേഹി മത്സ്യന്ധസഃ' എന്നാണ്.

'ഇന്ദ്ര ആ ഇഹി' എന്ന പദപാഠത്തിൽ ആ എന്നത് ഒറ്റവർണ്ണമുള്ള പദമാണ്. ഈ വർണ്ണത്തിന് 'ഇന്ദ്ര' എന്ന പദത്തിലെ അകാരവുമായിച്ചേർന്ന് 'ആ' എന്നും, 'ഇഹി' എന്ന പദത്തിന്റെ ആ

ദ്യവർണ്ണമായ 'ഇ'കാരവുമായിച്ചേർന്ന് 'ഏ' എന്നും സന്ധി വരാവുന്നതാണ്. ഇത്തരം സ്ഥലങ്ങളിൽ ഏത് സന്ധി ആദ്യം പറയണമെന്നതിന് നിയമം പറയുകയാണ്-

'ആനുപൂർവ്വ്യേണ സന്ധീൻ' എന്ന വാക്യംകൊണ്ട് പദപാഠത്തിൽ ആദ്യം വരുന്നവയ്ക്ക് ആദ്യം സന്ധി പറയുക, പിന്നീട് വരുന്നവയ്ക്ക് പിന്നീടും. അതിനാൽ-

'ഇന്ദ്ര ആ' എന്നിവ ആദ്യം ചേർന്ന് 'ഇന്ദ്രാ' എന്നായതിനു ശേഷം, 'ഇന്ദ്രാ' എന്ന പദവും 'ഇഹി' എന്ന പദവും ചേർന്ന് 'ഇന്ദ്രേഹി' എന്നാകുന്നു.

## സന്ധികൾ

**3. ഏഷ സ്യ സ ച സ്വരാശ്ച പൂർവ്വേ**
**ഭവന്തി വ്യഞ്ജനമുത്തരം യദേഭ്യഃ ।**
**തേഽന്വക്ഷരസന്ധയോഽനുലോമാഃ**
**പ്രതിലോമാസ്തു വിപര്യയേ ത ഏവ ॥**

സ്വരസന്ധികളേയും വ്യഞ്ജനസന്ധികളേയും പ്രതിപാദിയ്ക്കാനാരംഭിയ്ക്കുന്നു. ആദ്യം അനുലോമങ്ങളായ അന്വക്ഷരസന്ധികളാണ് പ്രതിപാദിയ്ക്കപ്പെടുന്നത്.-

ഏഷഃ, സ്യഃ, സഃ എന്നീ പദങ്ങൾ പൂർവ്വം വരുമ്പോഴും, സ്വരങ്ങളോ, സ്വരങ്ങളിൽ അവസാനിയ്ക്കുന്ന പദങ്ങളോ പൂർവ്വം വരുമ്പോഴും ഉത്തരമായി വ്യഞ്ജനങ്ങൾ വരുമ്പോൾ അനുലോമങ്ങളായ അന്വക്ഷരസന്ധികൾ സംഭവിയ്ക്കുന്നു. നേരെ വിപരീതമായാൽ, അതായത്, സ്വരങ്ങളും, സ്വരത്തിൽ ആരംഭിയ്ക്കുന്ന പദങ്ങളും പിന്നീടും, വ്യഞ്ജനങ്ങൾ പൂർവ്വവും ആയി വന്നാൽ പ്രതിലോമങ്ങളായ അന്വക്ഷരസന്ധിയാണ് സംഭവിയ്ക്കുക.

പ്രതിലോമസന്ധിയിൽ ഏഷഃ, സ്യഃ, സഃ എന്നിവയെ ഗ്രഹിയ്ക്കേണ്ടതില്ല. 'ഏഷ സ്യ സ ച' എന്നും 'സ്വരാശ്ച' എന്നും രണ്ടു 'ച' കാരം ഉപയോഗിച്ചതിനാൽ ഏഷ മുതലായവയ്ക്ക് സ്വരങ്ങളും സ്വരങ്ങളിൽ അവസാനിയ്ക്കുന്നവയുമായ പദങ്ങളിൽ നിന്ന് ഭേദം സൂചിപ്പിയ്ക്കപ്പെട്ടിട്ടുണ്ട്.

അനുലോമങ്ങളായ അന്വക്ഷരസന്ധിയ്ക്ക് ഉദാഹരണങ്ങൾ:

1. **ഏഷ ദേവോ അമർത്ത്യഃ (ഋ–9.3.1)**
2. **ഉത സ്യ വാജീ ക്ഷിപണിം (ഋ. –4.40.4)**
3. **സ സുതഃ പീതയേ വൃഷാ (ഋ–9.27.1)**
4. **ന നിമിഷതി സുരണഃ (ഋ–3.29.15)**

ഏഷഃ, സ്യഃ, സഃ എന്നിവയുടെ വിസർഗ്ഗം ലോപിച്ചിരിയ്ക്കു

ന്നു. പ്രതിലോമങ്ങളായ അന്വക്ഷരസന്ധിയ്ക്ക് ഉദാഹരണം.:-

**1. തമിന്ദ്രം ദാനമീമഹേ (ഋ-8.46.6).**

രണ്ടു സ്വരങ്ങൾ തമ്മിലും, രണ്ടു വ്യഞ്ജനങ്ങൾ തമ്മിലും ഒരു സ്വരവും ഒരു വ്യഞ്ജനവും തമ്മിലും, ഒരു വ്യഞ്ജനവും ഒരു സ്വരവും തമ്മിലും എന്നിങ്ങനെ നാലു വിധത്തിൽ സന്ധികൾ വരാം. സ്വരം പൂർവ്വവും വ്യഞ്ജനം ഉത്തരവും ആയിവരുന്ന സന്ധി അനുലോമവും, വ്യഞ്ജനം പൂർവ്വവും സ്വരം ഉത്തരവും ആയി വരുന്ന സന്ധി പ്രതിലോമവും ആയ അന്വക്ഷരസന്ധി എന്നറിയപ്പെടുന്നു.

**4. തത്ര പ്രഥമാസ്തൃതീയഭാവം**
**പ്രതിലോമേഷു നിയന്ത്യഥേതരേഷു ।**
**ഊഷ്മാ പരിലുപ്യതേ ത്രയാണാം**
**സ്വരവർജ്ജം ന തു യത്ര താനി പദ്യാഃ ॥**

പ്രതിലോമങ്ങളായ അന്വക്ഷരസന്ധിയിൽ, പദാന്തത്തിൽ വരുന്ന ഒന്നാമത്തെ വർഗ്ഗാക്ഷരങ്ങൾ തൃതീയാക്ഷരമായിത്തീരുന്നു. അനുലോമങ്ങളായ അന്വക്ഷരസന്ധിയിലാകട്ടെ 'ഏഷഃ', 'സ്യഃ', 'സഃ' എന്നിവയുടെ വിസർഗ്ഗം ലോപിയ്ക്കുന്നു; സ്വരത്തിന് ലോപമില്ല. 'ഏഷഃ', 'സ്യഃ', 'സഃ' എന്നിവ ഏതെങ്കിലും പദത്തിന്റെ അവയവമായിട്ടാണ് വരുന്നതെങ്കിൽ വിസർഗ്ഗത്തിന് ലോപം സംഭവിയ്ക്കുകയില്ല.

പ്രതിലോമമായ അന്വക്ഷരസന്ധിയിൽ പ്രഥമാക്ഷരം തൃതീയാക്ഷരമായിത്തീരുന്നതിനു ഉദാഹരണം:-

**1. അർവ്വാഗാവർത്തയാ ഹരീ ഋ-4.32.15)**

അർവ്വാക് എന്നത് അർവ്വാഗ് എന്നായിരിയ്ക്കുന്നു.

**2. യദങ്ഗ ദാശുഷേ ത്വമ് (ഋ-1.1.6)**

'യത്' എന്നത് യദ് എന്നായിരിയ്ക്കുന്നു.

അനുലോമസന്ധിയിൽ ഉദാഹരണം:

**1. ഏഷ കവിരഭിഷ്ടുത (ഋ-9.27.1)**

**2. ഉത സ്യ വാജീ (ഋ-4.40.4)**

**3. സ വാജ്യർവ്വാ (ഋ- 4.36.6)**

ഇവിടെ മൂന്നിടത്തും വിസർഗ്ഗലോപം വന്നിരിയ്ക്കുന്നു. സ്വരം ലോപിയ്ക്കുന്നില്ല. 'ഏഷഃ', 'സ്യഃ', 'സഃ' എന്നിവ മൂന്നും ഇവിടെ മറ്റൊരു പദത്തിന്റെ അവയവമല്ല.

**പശുഷോ ന വാജാൻ (ഋ-5.41.1)**

ഇവിടെ 'സഃ' എന്നത് പദാവയവമായി വന്നതിനാൽ വിസർഗ്ഗ

ലോപം വരുന്നില്ല.

## വിവൃത്തികൾ

**5. പുര ഏതാ തിത ഉനാ പ്ര ഉഗം നമ ഉക്തിഭിഃ ।**
**അന്തഃപദം വിവൃത്തയോഽതോന്യാഃ പദസന്ധിഷു. ।।**

രണ്ടു സ്വരങ്ങൾ തമ്മിൽ സന്ധി ചേരാതെ വേറിട്ട അവസ്ഥയിൽ അടുത്തടുത്തു നിൽക്കുമ്പോഴാണല്ലോ 'വിവൃത്തി' ഉണ്ടാകുന്നത്. പദമദ്ധ്യത്തിൽ വിവൃത്തി വരുന്ന പദങ്ങൾ കാണിച്ചുതരികയാണ് ഇവിടെ. ഇപ്രകാരം കാണിച്ചുതരുന്നത് അവഗ്രഹമാണോ എന്ന ശങ്ക ദൂരീകരിയ്ക്കുന്നതിനു വേണ്ടിയാണ്-

പുര ഏതാ (ഋ-6.47.7) തിത ഉനാ (ഋ-10.71.2), പ്രഉഗം (ഋ -10.130.3), നമ ഉക്തിഭിഃ (ഋ-8.4.6) എന്നിവ പദമദ്ധ്യത്തിൽ വരുന്ന വിവൃത്തികളാണ്. ഈ നാലു വിവൃത്തികൾ ഒഴികേയുള്ള വിവൃത്തികൾ രണ്ടു പദങ്ങളുടെ ഇടയിലേ വരുകയുള്ളൂ. ഒരേ പദത്തിന്റെ ഇടയിൽ വരികയില്ല.

**ഉദാഃ- കക്ഷീവന്തം യ ഔശിജഃ (ഋ- 1.18.1)**

'യ' എന്ന പദത്തിന്റേയും 'ഔശിജഃ' എന്ന പദത്തിന്റേയും മദ്ധ്യത്തിലാണ് വിവൃത്തി വന്നിരിയ്ക്കുന്നത്.

**സന്ധിവിധി-പ്രശ്ലിഷ്ടസന്ധി**

**6. സമാനാക്ഷരേ സസ്ഥാനേ ദീർഘമേകമുഭേ സ്വരമ് ।**
**ഇകാരോദയ ഏകാരമ് അകാരഃ സോദയസ്തഥാ ।।**

സ്വരസന്ധികൾ വിധിച്ചു തുടങ്ങുന്നു. ആദ്യം പ്രശ്ലിഷ്ടസന്ധി.

തുല്ല്യസ്ഥാനികങ്ങളായ രണ്ടു സമാനാക്ഷരങ്ങൾ ഒരു ദീർഘമായി പരിണമിയ്ക്കും. അകാരം കഴിഞ്ഞ് ഇകാരം വരുകയാണെങ്കിൽ രണ്ടിന്റേയും കൂടി സ്ഥാനത്ത് ഏകാരം വരും.

അ, ആ എന്നിവ സമാനസ്ഥാനികങ്ങളായ സമാനാക്ഷരങ്ങളാണ്. അതുപോലെ ഇ, ഈ എന്നിവയും ഉ, ഊ എന്നിവയും, ഋ, ൠ എന്നിവയും. ഈ ജോഡികളോരോന്നും രണ്ടും ഹ്രസ്വങ്ങളായോ, രണ്ടും ദീർഘങ്ങളായോ, ഒരു ഹ്രസ്വവും ഒരു ദിർഘവുമായോ, അതിൽത്തന്നെ ആദ്യം ഹ്രസ്വം പിന്നെ ദീർഘം, ആദ്യം ദീർഘം പിന്നെ ഹ്രസ്വം എന്ന നിലയിലോ വരാം. ഏതുതരത്തിൽ വന്നാലും രണ്ടു സമാനസ്ഥാനികങ്ങളായ സമാനാക്ഷരങ്ങൾ അടുത്തടുത്തു വന്നാൽ അത് ഒരു ദീർഘമായി പരിണമിയ്ക്കും.

അകാരം കഴിഞ്ഞ് ഇകാരം വന്നാൽ രണ്ടിന്റേയുംകൂടി സ്ഥാനത്ത് ഒരു ഏകാരം വരും. അകാരവും ഇകാരവും മേൽക്കാണിച്ചതുപോലെ ഹ്രസ്വമോ ദീർഘമോ ആകാം.

ദീർഘസന്ധിയ്ക്ക് ഉദാഹരണം.

**1. അശ്വാജനി പ്രചേതസഃ (ർഗ്–6.75.13)**

അശ്വ അജനി-അശ്വാജനി.

**2. സദ്യോ ജജ്ഞാനോ വി ഹീമിദ്ധഃ (ഋ–10.45.4)**

ഹി ഈം- ഹീം

**3. ക്ഷീരം സർപ്പിർമധൂദകം (ഋ–7.67.32)**

മധു ഉദകം- മധൂദകം

ഏകാരം വരുന്നതിന് ഉദാഹരണം:

**4. ഏന്ദ്ര സാനസിം രയിം. (ഋ–1.8.1).**

ആ ഇന്ദ്ര- ഏന്ദ്ര.

**5. ഏമേനം സൃജതാ സുതേ (ഋ–1.9.2)**

ആ ഈം ഏനം-ഏമേനം.

7. **ഉകാരോദയ ഓകാരം ।**
**പരേഷ്വൈകാരമോജയോഃ**
**ഔകാരം യുഗ്മയോരേതേ ।।**
**പ്രശ്ലിഷ്ടാ നാമസന്ധയഃ**

അകാരം കഴിഞ്ഞ് ഉകാരം വന്നാൽ രണ്ടിന്റേയും കൂടി സ്ഥാനത്ത് ഒരു ‘ഓ’കാരം വരും. ഏ, ഓ, ഐ, ഔ എന്നീ സന്ധ്യക്ഷരങ്ങളിൽ ഒറ്റസ്ഥാനത്തു നിൽക്കുന്ന ഏ, ഐ എന്നിവ അകാരത്തിനുശേഷം വരുമ്പോൾ അവ രണ്ടിന്റേയും സ്ഥാനത്ത് ‘ഐ’ എന്നുവരുന്നു. അതായത് അകാരം കഴിഞ്ഞ് ഏകാരം വരുമ്പോൾ അവ രണ്ടിന്റേയും സ്ഥാനത്തും, അകാരം കഴിഞ്ഞ് ഐകാരം വരുമ്പോൾ അവ രണ്ടിന്റേയും സ്ഥാനത്തും ഐകാരം വരുന്നു. ഇപ്രകാരം അകാരത്തിനുശേഷം ഓ, ഔ എന്നിവ വരുമ്പോൾ രണ്ടിന്റേയും സ്ഥാനത്ത് ഔകാരം വരുന്നു. ഇവിടേയും മേൽപ്പറഞ്ഞതുപോലെ അകാര-ഓകാരങ്ങളുടെ സ്ഥാനത്തും, അകാര-ഔകാരങ്ങളുടെ സ്ഥാനത്തും ഔകാരം വരും എന്നർത്ഥം.

ഈ പറഞ്ഞ സന്ധികളെല്ലാം പ്രശ്ലിഷ്ടസന്ധികൾ എന്നറിയപ്പെടുന്നു.

ഉദാഹരണം:-

1. ഏതായാമോപ ഗവ്യന്ത ഇന്ദ്രമ് (ഋ.1.33.1)

ആ ഇത അയാമ ഉപ- അയാമോപ എന്നിടത്ത് അയാമ എന്ന അകാരത്തിനുശേഷം ഉപ എന്ന ഉകാരം പരമായിട്ടുള്ളതിനാൽ രണ്ടിന്റേയുംകൂടി സ്ഥാനത്ത് ‘ഓ’ എന്നു വന്നിരിയ്ക്കുന്നു.

2. സ്മദാ പരൈദപദഭ്രചേതാഃ (ഋ.10.61.8)

പരാ ഐത്-പരൈത്. ആകാര-ഐകാരങ്ങളുടെ സ്ഥാനത്ത് 'ഐ'കാരം വന്നിരിയ്ക്കുന്നു.

3. അയോജ്യൈനം ദേവാസഃ (ഋ.1.123.1)

അയോജി ആ ഏനം. ഇവിടെ അയോജി +ആ എന്നത് അയോജ്യാ എന്നായതിനുശേഷം അയോജ്യാ ഏനം എന്നതിലെ ആകാര-ഏകാരങ്ങളുടെ സ്ഥാനത്ത് 'ഐ'കാരം വന്നിരിയ്ക്കുന്നു.

4. യത്രൗഷധീഃ സമധിഗമ്യത (ഋ. 10.97.6)

യത്ര ഓഷധീ എന്നിടത്ത് അകാര-ഓകാരങ്ങളുടെ സ്ഥാനത്ത് 'ഔ'കാരം വന്നിരിയ്ക്കുന്നു.

5. തം യജ്ഞം ബർഹിഷി പ്രൌക്ഷൻ (ഋ. 10. 90.7)

പ്ര+ഔക്ഷൻ എന്നത് പ്രൌക്ഷൻ എന്നായിത്തീർന്നിരിയ്ക്കുന്നു.

**ക്ഷൈപ്രസന്ധി**

**8. സമാനാക്ഷരമന്തഃസ്ഥാം**
**സ്വാമകണ്ഠ്യം സ്വരോദയമ് ।**
**ന സമാനാക്ഷരേ സ്വേ സ്വേ**
**തേ ക്ഷൈപ്രാഃ പ്രാകൃതോദയാഃ ॥**

ഇനി ക്ഷൈപ്രസന്ധികളെ വിധിയ്ക്കുന്നു-

കണ്ഠസ്ഥാനികങ്ങളായ അകാരം, ആകാരം എന്നിവ ഒഴികേയുള്ള സമാനാക്ഷരങ്ങൾ സ്വരം പരമായി വരുമ്പോൾ തന്റെ സ്ഥാനത്തോടു തുല്ല്യമായ സ്ഥാനമുള്ള അന്തഃസ്ഥയായിത്തീരുന്നു. ഓരോ സമാനാക്ഷരത്തിൽനിന്നും അതേ സമാനാക്ഷരംതന്നെ പരമായി വന്നാൽ അന്തഃസ്ഥങ്ങൾ വരികയില്ല. ക്ഷൈപ്രസന്ധികൾ പ്രാകൃതസ്വരം പരമായി വരുമ്പോൾ വരുന്നവയാണ്. ഉദാഹരണം:

1. അഭ്യാർഷേയം ജമദഗ്നി വന്ന (ഋ.9.97.51)

അഭി ആർഷേയം-അഭ്യാർഷേയം.

ഇകാരമാകുന്ന സമാനാക്ഷരം കഴിഞ്ഞ് അതുപോലെയല്ലാത്ത സ്വരം (ആകാരം) പരമായി വന്നപ്പോൾ ഇകാരത്തിന്റെ സ്ഥാനത്ത്, ഇകാരത്തിന്റെ സ്ഥാനം തന്നെയുള്ള യ എന്ന അന്തഃസ്ഥം വന്നിരിയ്ക്കുന്നു.

2. അധീന്വത്ര സപ്തതിം ച സപ്ത ച (ഋ. 10.93.15).

നു അത്ര-ന്വത്ര- ഉകാരത്തിന്റെ സ്ഥാനത്ത് വകാരം വന്നിരിയ്ക്കുന്നു.

## പദവൃത്തിസന്ധി

9. **വിസർജ്ജനീയോƒരിഫിതോ**
**ദീർഘപൂർവ്വഃ സ്വരോദയഃ I**
**ആകാരമുത്തമൌ ച ദ്വൌ**
**സ്വരൌതാഃ പദവൃത്തയഃ II**

പദവൃത്തി സന്ധികളെ വിധിയ്ക്കുന്നു.

രിഫിതസംജ്ഞയില്ലാത്തതും പൂർവ്വം ദീർഘമുള്ളതും ഉപധയോടുകൂടിയതുമായ വിസർഗ്ഗം സ്വരം പരമായി വരുമ്പോൾ ആകാരമായിത്തീരുന്നു. സ്വരങ്ങളിൽ അവസാനത്തെ രണ്ടെണ്ണം, അതായത് ഐ, ഔ എന്നിവയും സ്വരം പരമായി വരുമ്പോൾ ആകാരമായിത്തീരുന്നു. ഈ മൂന്നും പദവൃത്തികൾ എന്നറിയപ്പെടുന്നു.

ഉദാഹരണം:-

1. യാ ഓഷധീഃ (ഋ.10.97.18) -ഇവിടെ 'യാഃ' എന്നതിലെ 'ആഃ' എന്നത് ആ എന്നായിത്തീർന്നിരിയ്ക്കുന്നു.

2. സൂര്യായ പന്ഥാമന്വേതവാ ഉ (ഋ.1.24.8)- ഏതവൈ ഉ എന്നിടത്തെ 'ഐ' ആ എന്നായി.

3. ഉഭാ ഉ നൂനം (ഋ.10.106.1)- ഉഭൌ എന്നത് ഉഭാ എന്നായി.

## ഉദ്ഗ്രാഹസന്ധി

10. **ഹ്രസ്വപൂർവ്വസ്തു സോƒകാരം**
**പൂർവ്വൌ ചോപോത്തമാൽ സ്വരൌ I**
**ത ഉദ്ഗ്രാഹാ ദീർഘപരാ**
**ഉദ്ഗ്രാഹ പദവൃത്തയഃ II**

ഉദ്ഗ്രാഹസന്ധി വിധിയ്ക്കുന്നു.

പൂർവ്വം ഹ്രസ്വമുള്ളതും രിഫിതസംജ്ഞയില്ലാത്തതും ഉപധയോടുകൂടിയതുമായ വിസർഗ്ഗം സ്വരം പരമായി വരുമ്പോൾ അകാരമായിത്തീരുന്നു.

ഉത്തമം=അവസാനം, ഉപോത്തമം=അവസാനത്തേതിന്റെ അടുത്തുള്ളത്. അവസാനത്തെ സ്വരത്തിന്റെ അടുത്തുള്ള വർണ്ണത്തിൽനിന്ന് പൂർവ്വമുള്ള രണ്ടു വർണ്ണങ്ങളും സ്വരം പരമായി വരുമ്പോൾ അകാരമായിത്തീരുന്നു.

അവസാനത്തെ സ്വരം 'ഔ' എന്നത്. അതിന്റെ അടുത്തുള്ളത് 'ഐ'. ഐ എന്നതിൽനിന്നു പൂർവ്വമുള്ള രണ്ടു വർണ്ണങ്ങൾ ഏ, ഓ എന്നിവ. ഇവ കഴിഞ്ഞ് സ്വരം പരമായി വന്നാൽ ഇവ അകാരമായി മാറും എന്നു താല്പര്യം.

ഇവ ഉദ്ഗ്രാഹസന്ധികളാണ്. ഉദ്ഗ്രാഹസന്ധികളിൽ പരമായി വരുന്ന സ്വരം ദീർഘമാണെങ്കിൽ അവയെ ഉദ്ഗ്രാഹപദവൃത്തികൾ എന്നു പറയും.

ഉദ്ഗ്രാഹസന്ധിയ്ക്ക് ഉദാഹരണം:-

1. യ ഇന്ദ്രസോമപാതമോ മദഃ (ഋ.8.12.1)

യഃ ഇന്ദ്രഃ എന്നത് യ ഇന്ദ്ര എന്നായി.

2. അഗ്ന ഇന്ദ്രവരുണമിത്രദേവാഃ (ഋ.5.46.2)

അഗ്നേ ഇന്ദ്ര എന്നത് അഗ്ന ഇന്ദ്ര എന്നായി.

3. വായ ഉക്ഥേഭിഃ (ഋ.1.2.2)

വായോ ഉക്ഥേഭിഃ എന്നത് വായ ഉക്ഥേഭിഃ എന്ന് സന്ധി ചേർന്നു.

ഉദ്ഗ്രാഹപദവൃത്തികൾ:-

ഉദാ:-

1. ക ഈഷതേ തുജ്യതേ.

'കഃ' എന്നത് ക എന്നായി. ദീർഘമായ ഇകാരം (ഈ) പരമായതിനാൽ ഇത് ഉദ്ഗ്രാഹപദവൃത്തി.

## ഭുഗ്നസന്ധിയും ഉദ്ഗ്രാഹവത്സന്ധിയും

**11. ഓഷ്ഠ്യയോന്യോർ ഭുഗ്നമനോഷ്ഠ്യേ-**
**വകാരോത്രാന്തരാഗമഃ ।**
**ഋകാര ഉദയേ കണ്ഠ്യാ-**
**വകാരം തദുദ്ഗ്രാഹവത് ॥**

ഭുഗ്നസന്ധിയെ വിധിയ്ക്കുന്നു.

ഓഷ്ഠസ്ഥാനികങ്ങളായ ഓകാരം, ഔകാരം എന്നിവയുടെ സ്ഥാനത്തുവന്ന അകാരം, ആകാരം എന്നിവയ്ക്ക് ഓഷ്ഠം സ്ഥാനമല്ലാത്ത സ്വരം പരമായി വരുമ്പോൾ ഇടയിൽ വകാരം ആഗമമായി വരും. ഈ സന്ധിയ്ക്ക് 'ഭുഗ്നം' എന്നാണ് പേര്.

അകാരം ആകാരം എന്നിവ ഋകാരം പരമായി വരുമ്പോൾ അകാരമായിത്തീരുന്നു. ഈ സന്ധിയ്ക്ക് 'ഉദ്ഗ്രാഹവത്സന്ധി' എന്നു പേര്.

ഭുഗ്നസന്ധിയ്ക്ക് ഉദാഹരണം:-

1. വായവായാഹി ദർശത (ഋ.1.2.1).

വായോ ആയാഹി എന്നത് വായവായാഹി എന്നായിരിയ്ക്കുന്നു. ആദ്യം ഓകാരത്തിന് അകാരവും പിന്നീട് വകാരാഗമവും.

2. ഋതേന മിത്രാവരുണാവൃതാവൃധാവൃതസ്പൃശാ (ഋ.1.2.8).

ഔകാരത്തിന്റെ സ്ഥാനത്തുവന്ന ആകാരത്തിന് രണ്ടിടത്ത് വകാരാഗമം വന്നതായി കാണാം.

മിത്രാവരുണൌ ഋത്/വൃധൌ ഋതസ്പൃശാ. ഇവിടെ രണ്ട് ഔകാരങ്ങൾക്കും ആദ്യം ആകാരവും പിന്നീട് ആ ആകാരത്തിന് വകാരവും വന്നിരിയ്ക്കുന്നു.

3. 'വായ ഉക്ഥേഭിഃ' (ഋ.1.2.2)

വായോ ഉക്ഥേഭിഃ എന്നിടത്ത് ഓകാരത്തിന് അകാരം വന്ന ശേഷം വകാരാഗമം വരാത്തത് ഓഷ്ഠസ്ഥാനികമായ 'ഉ' എന്ന സ്വരം പരമായി വന്നതിനാലാണ്. ഓഷ്ഠസ്ഥാനികമല്ലാത്ത സ്വരം പരമായി വരുമ്പോഴേ വകാരം ആഗമമായി വരികയുള്ളൂ.

4. പ്ര ഋഭുഭ്യഃ (ഋ. 4.33.1)

ഋകാരം പരമായി വന്നതിനാൽ കണ്ഠ്യമായ അകാരത്തിന് ഹ്രസ്വമായ അകാരം വന്നിരിയ്ക്കുന്നു.

ഉദ്ഗ്രാഹവത്സന്ധിയ്ക്ക് ഇത് ഉദാഹരണമാണ്.

**പ്രാച്യപഞ്ചാലപദവൃത്തികൾ**

12. **ഉദ്ഗ്രാഹാണാം പൂർവ്വരൂപാണ്യകാരേ**
**പ്രകൃത്യാ ദ്വേ ഓ ഭവത്യേകമാദ്യമ് I**
**പ്രാച്യ പഞ്ചാലപദവൃത്തയസ്താഃ**
**പഞ്ചാലാനാമോഷ്ഠ്യപൂർവ്വാ ഭവന്തി II**

ഹ്രസ്വം പൂർവ്വത്തിലുള്ള വിസർഗ്ഗം, ഏകാരം, ഓകാരം എന്നിവ സ്വരം പരമായി വരുമ്പോൾ അകാരമായിത്തീരുന്ന സന്ധിയാണല്ലോ ഉദ്ഗ്രാഹസന്ധി. അതിനാൽ ഉദ്ഗ്രാഹങ്ങളുടെ പൂർവ്വരൂപങ്ങൾ എന്നാൽ ഹ്രസ്വപൂർവ്വമായ വിസർഗ്ഗം, ഏകാരം, ഓകാരം എന്നിവയാണ്. ഇവയിൽനിന്ന് അകാരം പരമായി വരുമ്പോൾ ഹ്രസ്വപൂർവ്വമായ വിസർഗ്ഗം ഓ എന്നായിത്തീരുന്നു. ഏ, ഓ എന്നിവയ്ക്കാകട്ടെ പ്രകൃതിഭാവവും വരുന്നു. ഇവയ്ക്ക് പ്രാച്യപദവൃത്തി എന്നും പഞ്ചാലപദവൃത്തി എന്നും പറയുന്നു. ഓഷ്ഠസ്ഥാനികപൂർവ്വമായ വൃത്തി പഞ്ചാലപദവൃത്തിയും മറ്റേത് പ്രാച്യപദവൃത്തിയുമാകുന്നു.

ഉദാ:-യോ അസ്മൈ (ഋ.8.31.2)

യഃ അസ്മൈ എന്നത് യോ അസ്മൈ എന്നായിരിയ്ക്കുന്നു. ഇത് പഞ്ചാലപദവൃത്തിയാണ്.

തേ അഗ്രേപാ ഋഭവോ മന്ദസാനാ (ഋ.4.34.10)

ഇവിടെ തേ എന്ന ഏകാരം മാറ്റമൊന്നുമില്ലാതെ നിൽക്കു

ന്നു. ഇത് പ്രാച്യപദവൃത്തിയ്ക്കുദാഹരണമാണ്.

**അഭിനിഹിതസന്ധി**

**13. അഥാഭിനിഹിതഃ സന്ധി–**
**രേതൈഃ പ്രാകൃതവൈകൃതൈഃ ।**
**ഏകീ ഭവതി പാദാദി–**
**രകാരസ്തേഽത്ര സന്ധിജാഃ**

ഇനി അഭിനിഹിതസന്ധിയാണ് പറയപ്പെടുന്നത്. തൊട്ടുമുൻപു പ്രതിപാദിച്ചത് അകാരം പരമായി വരുമ്പോൾ ഹ്രസ്വപൂർവ്വമായ വിസർഗ്ഗം ഓ എന്നാകുമെന്നും, ഏകാരം, ഓകാരം എന്നിവയ്ക്ക് പ്രകൃതിഭാവം വരുമെന്നുമാണ്. ഹ്രസ്വപൂർവ്വമായ വിസർഗ്ഗത്തിന്റെ സ്ഥാനത്ത് വരുന്ന ഓകാരം മറ്റൊന്നിന്റെ സ്ഥാനത്തു വന്നതാകയാൽ വൈകൃതമാണ്. അതിനുശേഷം പറഞ്ഞ ഏ, ഓ എന്നിവയ്ക്ക് പ്രകൃതിഭാവമാകയാൽ അവ പ്രാകൃതങ്ങളാണ്. പ്രാകൃതങ്ങളും വൈകൃതങ്ങളുമായ ഈ ഏകാര-ഓകാരങ്ങളുമായി ഒരു പാദത്തിന്റെ ആദിയിൽവരുന്ന അകാരം ഏകീഭവിയ്ക്കുന്നു. ഉദാഹരണം:-

1. സുഗം തത്തേ താവകേഭ്യോ രഥേഭ്യോഽഗ്നേ (ഋ.1.94.11)

രഥേഭ്യഃ അഗ്നേ എന്നത് രഥേഭ്യോഽഗ്നേ എന്നായിരിയ്ക്കുന്നു.

2. ദധാസി രത്നം ദ്രവിണം ച ദാശുഷേഽഗ്നേ (ഋ.1.94.14)

3. അത്രാചിന്നോ മധോ പിതോഽരമ് (ഋ.1.187.7)

ഒരു പാദത്തിന്റെ ആദിയിൽ വരുന്നത് അകാരമല്ലെങ്കിൽ പ്രാകൃതവൈകൃതങ്ങളായ ഏകാരൌകാരങ്ങളുമായി അകാരത്തിന് ഏകീഭാവം വരികയില്ല.

ആരേ അസ്മേ ച ശൃണ്വതേ (ഋ.1.74.1)

ഇവിടെ അസ്മേ എന്നിടത്തെ അകാരം പാദാദിയിലല്ലാത്തതിനാൽ ഏകീഭാവം വരുന്നില്ല.

**14. അന്തഃപാദമകാരാച്ചേൽ സംഹിതായാം ലഘോർലഘുഃ ।**
**യകാരാദ്യക്ഷരം പരം വകാരാദ്യപി വാ ഭവേത് ।।**

പാദത്തിന്റെ മദ്ധ്യത്തിൽ ലഘുവായ അകാരത്തിൽനിന്ന് പരമായി ലഘുവും യകാരാദിയോ വകാരാദിയോ ആയതുമായ അക്ഷരം വരികയും ചെയ്താൽ സംഹിതയിൽ ആ അകാരം അഭിനിഹിതമാകുന്നു- ഏകീഭവിയ്ക്കുന്നു.

**ഉദാഃ– 1** യമൈച്ഛാമ മനസാ സോഽയമാഗാത് (ഋ.10.53.1)

'സഃ അയമ്' എന്നത് 'സോഽയ' മെന്നായിരിയ്ക്കയാണ്. 'സോ

' എന്ന ഓകാരം ഹ്രസ്വപൂർവ്വമായ വിസർഗ്ഗം 'ഓ' എന്നായതാണ്. 'അയമ്' എന്നതിന്റെ ആദ്യഭാഗത്തെ 'അ' ലഘുവായ അകാരമാണ്. അതിൽനിന്ന് യകാരത്തിൽ തുടങ്ങുന്ന ലഘുവായ 'അ' എന്നത് (യ്+അ) പരമായിരിയ്ക്കുന്നുമുണ്ട്. 'അയമ്' എന്ന അകാരം പാദത്തിന്റെ മദ്ധ്യത്തിൽ വരുന്ന അകാരവുമാണ്. അതിനാൽ അഭിനിധാനം (ഏകീഭാവം) സംഭവിച്ച് 'സോ*f*യം' എന്നായിത്തീർന്നു.

**ഉദാഃ– 2** 'തം പൃച്ഛന്തോ*f*വരാസഃ' (ഋ. 6.21.6).

ഇവിടെ പാദമദ്ധ്യത്തിലുള്ള ലഘുവായ അകാരത്തിൽനിന്ന് വകാരത്തിൽ തുടങ്ങുന്ന ലഘ്വക്ഷരം പരമായി വന്നിരിയ്ക്കുന്നു. അതിനാൽ പാദമദ്ധ്യത്തിലെ അകാരം അഭിനിഹിതമായിരിയ്ക്കുന്നു. 'പൃച്ഛന്തഃ അവരാസഃ' 'പൃച്ഛന്തോ*f*വരാസഃ' എന്നായി.

**15. അന്യാദ്യപി തഥായുക്തം ആവോന്തോപഹിതാത് സതഃ**
**അയേ*f*യോ*f*വേ*f*വ ഇത്യന്തൈരകാരഃ സർവ്വഥാ ഭവൻ.**

യകാരമോ വകാരമോ അല്ലാത്ത മറ്റു വ്യഞ്ജനങ്ങളിൽ തുടങ്ങുന്ന ലഘുവായ അക്ഷരം പരമായി വരുമ്പോഴും 'ആവഃ' എന്ന് അവസാനിയ്ക്കുന്ന പദത്താൽ ഉപഹിതമായ ലഘുവായ അകാരത്തിന് അഭിനിധാനം സംഭവിയ്ക്കുന്നു.

അയേ, അയഃ, അവേ, അവഃ എന്നിവ അന്തത്തിൽ വരുന്ന പദങ്ങളാൽ ഉപഹിതമായ അകാരം ലഘ്വക്ഷരമോ ഗുർവ്വക്ഷരമോ പരമായിരുന്നാലും അഭിനിഹിതമാകുന്നു.

**ഉദാഃ– 1** 'ഗാവഃ അഭിതഃ അനവന്തഃ' എന്നത് 'ഗാവോ*f*ഭിതോ*f*നവന്തഃ' (ഋ. 5.30.10) എന്നു സന്ധിചേർന്നിരിയ്ക്കുന്നു.

'ഗാവഃ' എന്ന ആവന്തമായ പദത്താൽ ഉപഹിതമാണ് 'അഭിതഃ' എന്ന പദത്തിലെ അകാരം. അതിനുശേഷം 'ഇ' എന്ന സ്വരം ലഘുവാണ്, 'ഭ'കാരമാകുന്ന വ്യഞ്ജനത്തിൽ തുടങ്ങുന്നതുമാണ്. (വകാരമോ യകാരമോ അല്ലാത്ത വ്യഞ്ജനത്തിൽ തുടങ്ങുന്നത്) അതിനാൽ അകാരം അഭിനിഹിതമാക്കപ്പെട്ട് (ഏകീഭവിച്ച്) 'ഗാവോ*f*ഭിതഃ' എന്നായി.

**ഉദാഃ– 2** 'അജീതയേ അഹതയേ' എന്നത് 'അജീതയേ*f*ഹതയേ' (ഋ. 9.96.4). എന്നായിരിയ്ക്കുന്നു. 'അയേ' എന്നത് അന്തത്തിലുള്ള പദത്താൽ ഉപഹിതമായ അകാരത്തിന് അഭിനിഹിതത്ത്വം വന്നിരിയ്ക്കുന്നു.

**ഉദാഃ–3.** താ അഞ്ജയോ*f*രുണയോ ന സസ്രുഃ (ഋ. 10. 95.6)

അഞ്ജയഃ അരുണയഃ എന്നത് അഞ്ജയോ*f*രുണയഃ എന്നാ

യിരിയ്ക്കുന്നു. 'അയഃ' എന്നത് അന്തത്തിൽ വരുന്ന പദത്താൽ ഉപഹിതമായ അകാരം അഭിനിഹിതമായിരിയ്ക്കുന്നു.

**ഉദാഃ–4** യുവം ശ്വേതം പേദവേ*f*ശ്വിനാശ്വമ് (ഋ. 10.39.10).

പേദവേ അശ്വിനാ എന്നത് പേദവേ*f*ശ്വിനാ എന്നായിരിയ്ക്കുന്നു. 'അവേ' എന്നത് അന്തത്തിലുള്ള പദത്താൽ ഉപഹിതമായ അകാരം അഭിനിഹിതമായിരിയ്ക്കുന്നു.

**ഉദാഃ–5** പുരൂരവോ*f*നു തേ കേതമായമ് (ഋ. 10.95.5).

പുരൂരവഃ അനു എന്നത് പുരൂരവോ*f*നു എന്നായിരിയ്ക്കുന്നു. 'അവഃ' എന്ന് അന്തത്തിലുള്ള പദത്താൽ ഉപഹിതമായ അകാരം അഭിനിഹിതമായിരിയ്ക്കുന്നു.

**16. വ ഇത്യേതേന ചാനപ്ര ക്വ ചിത്ര സവിതൈവ കഃ I**
**പദൈരുപഹിതേനൈതൈഃ സർവ്വൈരേവോദയാഃ പരേ. II**

ആ, ന, പ്ര, ക്വ, ചിത്രഃ, സവിതാ, ഏവ, കഃ എന്നീ പദങ്ങളാൽ ഉപഹിതമായ 'വഃ' എന്ന പദത്താൽ ഉപഹിതമായ അകാരം അഭിനിഹിതമാകപ്പെടുന്നു.

**ഉദാഃ–1** ആവോ*f*ഹം സമിതിം ദദേ (ഋ. 10.166.4) ഇപ്രകാരം ബാക്കിയുള്ളവയ്ക്കും യഥാക്രമം ഉദാഹരണം കാണിയ്ക്കുന്നു.

ആ എന്ന പദത്താൽ ഉപഹിതമായ 'വഃ' എന്ന പദത്താൽ ഉപഹിതമായ അകാരം അഭിനിഹിതമായിരിയ്ക്കുന്നു.

ആവഃ അഹം— ആവോ*f*ഹം

**ഉദാഃ–2** ന വോ*f*ശ്വാഃ ശ്രഥയന്താഹ സിസ്രതഃ (ഋ 5.54.10)

ന വഃ അശ്വാഃ — ന വോ*f*ശ്വാഃ

**ഉദാഃ–3** പ്രവോ*f*ച്ഛാ രിരിചേ ദേവയുഷ്മദമ്(ഋ. 10.32.5)

പ്രവഃ അച്ഛാ— പ്രവോ*f*ച്ഛാ

**ഉദാഃ–4** ക്വ വോ*f*ശ്വാഃ ക്വാഭീശവഃ (ഋ. 5.61.2)

ക്വ വഃ അശ്വാഃ— ക്വവോ*f*ശ്വാഃ

**ഉദാഃ–5** ചിത്രോ വോ*f*സ്തു യാമഃ (ഋ.1.172.1)

ചിത്രഃ വഃ അസ്തു— ചിത്രോ വോ*f*സ്തു

**ഉദാഃ–6** തത്സവിതാ വോ*f*മൃതത്വമാസുവത് (ഋ.1.110.3).

തത് സവിതാ വഃ അമൃതത്വം— സവിതാ വോ*f*മൃതത്വം.

**ഉദാഃ–7** അത്രൈവ വോ*f*പി നഹ്യാമി (ഋ.10.166.3).

അത്ര ഏവ വഃ അപി— അത്രൈവ വോ*f*പി.

**ഉദാഃ–8** കോ വോ*f*ന്തർമരുത ഋഷ്ടി വിദ്യുത (ഋ.1.168.5).

കഃ വഃ അന്തഃ മരുതഃ– കോ വോ*f*ന്തർമരുത

പ്രാകൃതങ്ങളും വൈകൃതങ്ങളുമായ ഏകാരങ്ങളാലും ഓകാ

രങ്ങളാലും ഉപഹിതങ്ങളായ ഇനി പറയാൻ പോകുന്ന പദങ്ങൾ പരമായി വരുമ്പോൾ അവയുടെ ആദ്യവർണ്ണമായ അകാരം അഭിനിഹിതമാകുന്നു.

ഏതൊക്കെ പദങ്ങൾ പരമായി വരുമ്പോഴാണ് ആദ്യത്തെ വർണ്ണത്തിന് അഭിനിഹിതത്വം (ഏകീഭാവം) സംഭവിയ്ക്കുന്നത് എന്ന് അടുത്ത ശ്ലോകത്തിൽ പറയുന്നു.

**17. അദാദവർത്രോ*f*ജനയന്താവ്യത്യാ**
**അഭേദയോപാഷ്ഠിരവന്ത്വവീരതാ।**
**അമുമുക്തമമതയേ*f*നശാമഹാ**
**അവത്വചോ*f*വീരതേ*f*വാംസ്യവോ*f*രഥാഃ॥**

അദാത്, അവർത്രഃ, അജനയന്ത, അവ്യത്യൈ, അഭേത്, അയോപാഷ്ടി, അവന്തു, അവീരതാ, അമുമുക്തം, അമതയേ, അനശാമഹൈ, അവത്വചഃ, അവീരതേ, അവാംസി, അവഃ, അരഥാഃ എന്നീ പദങ്ങളുടെ ആദ്യത്തെ അകാരം അഭിനിഹിതമാകുന്നു.

പ്രാകൃതങ്ങളോ വൈകൃതങ്ങളോ ആയ ഏകാര ഓകാരങ്ങളാൽ ഉപഹിതങ്ങളായ 'അദാത്' മുതലായ മേൽപ്പറഞ്ഞ പദങ്ങളുടെ ആദ്യത്തെ അകാരം ഏകാരോകാരങ്ങളുമായി ഏകീഭവിയ്ക്കുന്നു എന്നർത്ഥം.

ഉദാഹരണം:-

1. സനഃ സനിതാ സനയേ സ നോ*f*ദാത് (ഋ. 1.30.16).
2. അമർത്യോ*f*വർത്ര ഓഷധീഷു (ഋ. 6.12.3)
3. യം ദേവാസോ*f*ജനയന്താഗ്നിമ് (ഋ. 10.88.9)
4. ഉത സ്മ മേ*f*വ്യത്യൈ പൃണാസി (ഋ. 10.95.5)
5. വി തിഗ്മേന വൃഷഭേണാ പുരോ*f*ഭേത് (ഋ. 1.33.13)
6. ശ്യേനോ*f*യോപാഷ്ഠിർഹന്തി ദസ്യൂന (ഋ. 10.99.8).
7. അധി ബ്രുവന്തു തേ*f*വന്ത്വസ്മാൻ (ഋ. 10.15.5).
8. മാശേഷസോ*f*വീരതാ പരിത്വാ (ഋ. 7.1.11).
9. അത്രിം ന മഹതസ്തമസോ*f*മുമുക്തമ് (ഋ. 6.50.10).
10. മാ നോ അഗ്നേ*f*മതയേ (ഋ. 3.16.5)
11. യേന വസ്യോ*f*നശാമഹൈ (ഋ. 8.27.22)
12. ശിരോ*f*വത്വചോദരഃ (ഋ. 10.171.2)
13. മാ നോ അഗ്നേ*f*വീരതേ പരാ ദാഃ (ഋ. 7.1.19)
14. ആ ദേവ്യാ വൃണീമഹേ*f*വാംസി (ഋ. 7.97.2)
15. ആ തേ*f*വോ വരേണ്യം (ഋ. 5.35.3).

16. അനശ്വാസോ യേ പവയോ*ƒ*രഥാഃ (ഋ. 5.31.5)

**18. വാസോവായോ*ƒ*ഭിഭൂവേ കവഷ്യഃ**
**സങ്ക്രന്ദനോ ധീജവനഃ സ്വധാവഃ ।**
**ഉത്സാദത ഋതാവഃ സഗർഭ്യോ**
**ഹിരണ്യശൃംഗ ഇതി ചോപധാഭിഃ ॥**

വാസോവായഃ, അഭിഭുവേ, കവഷ്യഃ, സംക്രന്ദനഃ, ധീജവനഃ, സ്വധാവഃ, ഉത്സാദതഃ, ഋതാവഃ, സഗർഭ്യഃ, ഹിരണ്യശൃംഗഃ എന്നീ പദങ്ങളാൽ ഉപഹിതമായ അകാരം അഭിനിഹിതമാകുന്നു.

ഉദാഹരണം.

1. വാസോവായോ*ƒ*വീനാമ് (ഋ.10.26.6)
2. അഭിഭൂവേ*ƒ*ഭിഭങ്ഗായ (ഋ.2.21.2)
3. കവഷ്യോ*ƒ*കോഷധാവനീ (തൈ.ബ്രാ. 3.6.2.2)
4. സംക്രന്ദനോ*ƒ*നിമിഷ ഏകവീര (ഋ.10.103.1)
5. പൂഷേവേ ധീജവനോ*ƒ*സി സോമ (ഋ.9.88.3)
6. രായസ്പൂർധി സ്വധാവോ*ƒ*സ്തി ഹി തേ (ഋ.1.36.12)
7. ഉത്സാദതോ*ƒ*ങ്ഗാദങ്ഗാദവത്താനാമ് (വാ.സം. 21.43)
8. സമ്രാളൃതാവോ*ƒ*നുമാ ഗൃഭായ (ഋ.2.28.6)
9. സഗർഭ്യോ*ƒ*നു സഖാ സയൂഥ്യഃ (ഐ.ബ്രാ. 2.6.12)
10. ഹിരണ്യശൃംഗോ*ƒ*യോ അസ്യ പാദാഃ (ഋ.1.163.7)

**19. യേ*ƒ*രാ രായോ*ƒ*ധ മേ*ƒ*ധായി**
**നോ*ƒ*ഹിരഗ്നേ*ƒ*ഭിദാസതി ।**
**ജായമാനോ*ƒ*ഭവോ*ƒ*ഗ്നേ*ƒ*യം**
**നൃതോ*ƒ*പോംഹോ*ƒ*തി പിപ്രതി ॥**

യേ*ƒ*രാഃ (ഋ.10.78.2), രായോ*ƒ*ധ (ഋ.6.36.1), മേ*ƒ*ധായി (ഋ.1.162.7), നോ*ƒ*ഹി (ഋ.6.50.14), അഗ്നേ*ƒ*ഭിദാസതി (ഋ.1.79.11), ജായമാനോ*ƒ*ഭവഃ (ഋ.9.19.4), അഗ്നേ*ƒ*യം (പ്രൈഷികം), നൃതോ*ƒ*പഃ (ഋ.2.22.4), അംഹോ*ƒ*തി പിപ്രതി (ഋ.7.66.5) ഇവകളിൽ അകാരം അഭിനിഹിതമായിരിയ്ക്കുന്നു.

**20. ജംഭയന്തോ*ƒ*ഹിം മരുതോ*ƒ*നുഭർത്ത്രീ**
**യവസേ*ƒ*വിഷ്യൻ വയുനേ*ƒ*ജനിഷ്ട ।**
**വൃത്രഹത്യേ*ƒ*വീഃ സമരേ*ƒ*തമാനാഃ**
**മരുതോ*ƒ*മദന്നഭിതോ*ƒ*നവന്തഃ ॥**

ജംഭയന്തോ*ƒ*ഹിം (ഋ.7.38.7), മരുതോ*ƒ*നുഭർത്ത്രീ (ഋ.1.88.6), യവ

സേഽവിഷ്യൻ (ഋ.7.3.2), വയുനേഽജനിഷ്ടഃ (ഋ.3.29.3), വൃത്രഹത്യേഽവീഃ (ഋ.6.25.1), സമരേഽതമാനാഃ (ഋ.6.9.2), മരുതോഽമദൻ (ഋ.1.52.9), അഭിതോഽനവന്തഃ (ഋ. 5.30.10) ഈ ദ്വൈപദങ്ങളിൽ പ്രയോഗിച്ചിരിയ്ക്കുന്നതുപോലെ അകാരം അഭിനിഹിതമായിരിയ്ക്കുന്നു.

**21. ബ്രുവതേഽധ്വംസ്തവസേഽവാചി മേഽരപദ്**
**ദധിരേഽഗ്നാ നഹുഷോഽസ്മത് പുരോഽഭിനത് ।**
**ഉപതേഽധാം വഹതേഽയം യമോഽദിതിർ–**
**ജ്ജനുഷോഽയാ സുവിതോഽനു ശ്രിയോഽധിത. ।।**

ബ്രുവതേഽധ്വൻ (ഋ.1.37.13), തവസേഽവാചി (ഋ. 1.51.15), ഉതമേഽരപദ്യുവതി (ഋ.5.61.9), ദധിരേഽഗ്നാ (ഋ.1.59.3), നഹുഷോഽസ്മത് (ഋ. 10.99.7), പുരോഽഭിനത് (ഋ.10.99.7), ഉപതേഽധാം (ഋ.10.145.6), വഹതേഽയം (ഋ.5.30.3), യമോഽദിതിഃ (ഋ.10.92.11), ജനുഷോഽയാ ( ഋ.6.66.4), സുവിതോഽനു (ഋ.10.56.3), ശ്രിയോഽധിത (10.127.1). ഈ ദ്വൈപദങ്ങളും അഭിനിഹിതസന്ധിയ്ക്കു വിധേയമാകുന്നു.

**22. വപുഷേഽനു വിശോഽയന്ത സന്തോഽവദ്യാനി ഢേഽനസഃ ।**
**ഭരന്തോഽവസ്യവോഽവോസ്തു ബുധ്ന്യോഽജോ മായിനോഽധമഃ ।।**

വപുഷേഽനു (ഋ. 6.63.6), വിശോഽയന്ത (ഋ. 6.26.1) സന്തോഽവദ്യാനി (ഋ. 6.66.4), ഢേഽനസഃ (ഋ.8.91.7), ഭരന്തോഽവസ്യവഃ(ഋ.8.91.7), അവോഽസ്തു (ഋ.10.185.1) ബുധ്ന്യോഽജഃ (ഋ.2.31.6), മായിനോഽധമഃ (ഋ.1.51.5) ഈ ദ്വൈപദങ്ങളും അഭിനിഹിതസന്ധിയ്ക്ക് വിധേയമാകുന്നു.

**23. ദേവോഽനയത് പുരുവസോഽസുരഘ്നോ**
**ഭൂതോഽഭി ശ്വേതോഽരുഷസ്തേന നോഽദ്യ ।**
**യേ ജാമയസ്തേഽരദന്നോഽധിവക്താ**
**തേഽവർദ്ധന്ത തേഽരുണേഭിഃ സദോഽധി ।।**

ദേവോഽനയത്(ഋ.3.33.6), പുരൂവസോഽസുരഘ്നോ (ഋ.6.22.4), ഭൂതോഽഭി (ഋ.8.2.40), ശ്വേതോഽരുഷഃ (ഋ.10.20.9), തേന നോഽദ്യ ( ഋ.ഖി.10.191.3), യേ ജാമയഃ (ഋ.6.25.3), തേഽരദത് (ഋ.10.75.2), നോഽധിവക്താ (ഋ.8.96.20), തേഽവർദ്ധന്ത (ഋ.1.85.7), തേഽരുണേഭിഃ (ഋ. 1.88.2), സദോഽധി (ഋ.10.43.2) ഇവയും അഭിനിഹിതസന്ധിയ്ക്കു വിഷയങ്ങളായിരിയ്ക്കുന്നു.

**24. സ്വാധ്യോഽജനയൻ ധന്വനോഽഭിമാതീ–**
**രഗ്നേഽപ ദഹ മനസോഽധി യോഽധ്വനഃ ।**
**യോഽഹ്യസ്തേഽവിന്ദംസ്തപസോഽധി ന യോഽധി**
**പാദോഽസ്യ യോഽതി ബ്രാഹ്മണോഽസ്യ യോഽനയത് ।।**

സ്വാധ്യേ/ജനയൻ (ഋ.10.61.7), ധന്വനോ/ഭിമാതീഃ (ഋ.10.116.6), അഗ്നേ/പ ദഹ (ഋ.7.1.7), മനസോ/ധി (ഋ.7.33.11), യോ/ധ്വനഃ(ഋ. 1.71.9), ശതചക്രം യോ/ഹ്യോ വർത്തനിഃ (ഋ.10.144.4), തേ/വിന്ദൻ (ഋ.10.181.3), തപസോ/ധി (ഋ.10.190.1), ന യോ/ധി (ഋ.1.140.6), പാദോ/സ്യ വിശ്വാഭൂതാനി (ഋ.10.90.3), യോ/തി (ഋ.8.2.34), ബ്രാഹ്മണോ/സ്യ മുഖമാസീത് (ഋ.10.90.12), യോ/നയത്(ഋ.7.18.7) ഇവയും അഭിനിഹിതസന്ധിയ്ക്കു വിധേയമായിരിയ്ക്കുന്നു.

**25. സോ/സ്മാകം യോ ദ്വേഷോഭ്യോ/ന്യകൃതേഭ്യ-**
**സ്തേഭ്യോ/കരം പയസ്വന്തോ/മൃതാശ്ച ।**
**അന്യോ/ർവാകേ/ഘോ ഇതി നോദയേഷു**
**പുത്രഃ പരാകേ ച പരാവതശ്ച ।।**

സോ/സ്മാകം യഃ (ഋ.10.97.23), ദ്വേഷോഭ്യോ/ന്യകൃതേഭ്യഃ ( ഋ.8.79.3), തേഭ്യോ/കരം നമഃ (ഋ.10.85.17), പയസ്വന്തോ/മൃതാഃ (തൈ.ബ്രാ.) എന്നിവയും അഭിനിഹിതങ്ങളാകുന്നു.

അന്യഃ, അർവാകേ, അഘോ എന്ന പദങ്ങൾ യഥാക്രമം പുത്രഃ, പരാകേ, പരാവതഃ എന്നീ പദങ്ങളിൽനിന്ന് പരമായി വരുമ്പോൾ അഭിനിഹിതസന്ധി വരുകയില്ല.

ഉദാഃ- 1. അഖ്ഖലീകൃത്യാ പിതരം ന പുത്രോ അന്യഃ (ഋ. 7.103.3). 2. യന്നാസത്യാ പരാകേ അർവാകേ (ഋ.8.9.15). 3. ആവിവാസൻ പരാവതോ അഘോ (ഋ.9.39.5).

പ്രാകൃതങ്ങളോ വൈകൃതങ്ങളോ ആയ ഏകാരം ഓകാരം എന്നിവയിൽനിന്ന് പരമായി വരുന്ന പാദാദിയായ അകാരം ഏകീഭവിയ്ക്കുന്നു എന്ന് നേരത്തെ വിധിയ്ക്കുകയുണ്ടായി. അതിന്റെ അപവാദമാണ് ഇത്. പുത്രഃ എന്ന ശബ്ദത്തിൽനിന്നോ, പരാകേ എന്ന ശബ്ദത്തിൽനിന്നോ, പരാവതഃ എന്ന ശബ്ദത്തിൽനിന്നോ പരമായി വരുന്ന പാദാദിയായ അകാരം ഏകീഭവിയ്ക്കുന്നില്ല. “പുത്ര” “പരാവത” ഇവകളിൽ വൈകൃതമായ ’ഓ’കാരവും “പരാകേ” എന്നിടത്ത് പ്രാകൃതമായ ‘ഏ’കാരവുമാണ്. ഇവകളിൽനിന്ന് പരമായ എല്ലാ അകാരങ്ങൾക്കും ഏകീഭാവം നിഷേധിയ്ക്കുന്നില്ല. പുത്രശബ്ദത്തിൽനിന്ന് പരമായ അന്യശബ്ദത്തിന്റെ അകാരത്തിനും, പരാകേ എന്നതിൽനിന്നും പരമായ “അർവാകേ” പദത്തിന്റെ അകാരത്തിനും, പരാവതശബ്ദത്തിൽനിന്ന് പരമായ “അഘോ” എന്ന ശബ്ദത്തിന്റെ അകാരത്തിനും മാത്രമാണ് ഏകീഭാവനിഷേധം.

**26. അന്തഃപാദം ച വയോ അന്തരിക്ഷേ**
**വയോ അസ്യാശ്രഥയോ ഹേതയസ്ത്രയഃ ।**
**വോ അന്ധസഃ ശയവേ അശ്വിനോഭയേ**
**ശ്രവോ അധി സാർഞ്ജയോ ജാമയഃ പയഃ ॥**

പാദമദ്ധ്യത്തിൽ വരുന്ന അകാരത്തിന് ഏകീഭാവം വരുമെന്ന് നേരത്തെ വിധിയ്ക്കുകയുണ്ടായി. അതിന്റെ അപവാദമാണ് ഇവിടെ വിധിയ്ക്കുന്നത്. വയോ അന്തരിക്ഷേ (ഋ.10.80.5), വയോ അസ്യ (ഋ.1.71.6), വോ അന്ധസഃ (ഋ.8.92.1), ശയവേ അശ്വിനാ(ഋ. 1.117.20), ശ്രവോ അധി (ഋ.1.117.8), എന്നീ വാക്യങ്ങളിൽ അകാരത്തിന് ഏകീഭാവം വരുന്നില്ല.

അശ്രഥയഃ, ഹേതയഃ, ത്രയഃ, ഉഭയേ, സാർഞ്ജയഃ, ജാമയഃ, പയഃ എന്നിവ കഴിഞ്ഞുവരുന്ന അകാരത്തിന് ഏകീഭാവം വരുന്നില്ല.

**ഉദാഹരണം:**

1. അശ്രഥയോ അദ്രിമ് (ഋ.10.112.8)
2. ഹേതയോ അസ്യ (ഋ.8.50.2)
3. ത്രയോ അസ്യ (ഋ.4.58.3)
4. ഉഭയേ അധ (ഋ.7.82.9)
5. സാർഞ്ജയോ അഭ്യയഷ്ട (ഋ.6.70.2)
6. ജാമയോ അധ്വരീയതാമ് (ഋ.1.23.16)
7. പയോ അക്രത (ഋ.10.1.3)

ഇവയിൽ വോ അന്ധസഃ എന്നത് 'വ ഇത്യേതേന ചാനപ്രാ' എന്നതുകൊണ്ട് വിധിയ്ക്കപ്പെട്ട അഭിനിഹിതസന്ധിയുടെ അപവാദമാണ്. ആകാരത്തിനുശേഷം വരുന്ന വഃ എന്ന പദത്തിനുശേഷം വരുന്ന അകാരമാണ് 'ആ വോ അന്ധസഃ' എന്ന വാക്യത്തിലെ 'അന്ധസഃ' എന്ന പദത്തിലെ അകാരം. (വ ഇത്യേതേന.......) എന്ന വിധിയനുസരിച്ച് അഭിനിഹിതസന്ധി വരേണ്ടതാണ്. അത് ഈ വിധിയനുസരിച്ച് പ്രവർത്തിയ്ക്കുന്നതല്ല.

'വയോ അന്തരിക്ഷേ' തുടങ്ങി ബാക്കി എല്ലാ ദൈ്വപദങ്ങളും 'അയേ*f*യോ*f*വേ*f*വ ഇത്യന്യൈഃ.....' എന്ന വാക്യംകൊണ്ട് വിധിയ്ക്കപ്പെട്ട അഭിനിഹിതസന്ധിയുടെ അപവാദങ്ങളാണ്.

**പ്രകൃതിഭാവം**

**27. പ്രകൃത്യേതി കരണാദൌ പ്രഗൃഹ്യാഃ**
**സ്വരേഷു ചാർഷ്യാം പ്രഥമോ യഥോക്തമ് ।**
**സഹോദയാസ്താഃ പ്രഗൃഹീതപദാഃ**
**സർവ്വത്രൈവ ത്ര്യക്ഷരാന്താസ്തു നേവേ ॥**

പദസംഹിതയിൽ പ്രഗൃഹ്യം കഴിഞ്ഞ് 'ഇതി' എന്നു ചേർത്തിട്ടുള്ളിടത്ത് പ്രഗൃഹ്യത്തിന് പ്രകൃതിഭാവം വരും.

(സന്ധികളൊന്നും വരാതെ പ്രകൃത്യാ ഉള്ളതുപോലെ ഇരിയ്ക്കുന്നതിനാണ് പ്രകൃതിഭാവം എന്നു പറയുക. ഇനി പ്രകൃതിഭാവം വിധിയ്ക്കുന്ന പ്രകരണമാണ്. രണ്ടാമത്തെ പാദത്തിൽ 'സ്വരേഷു ചാർഷ്യാം' എന്ന് സംഹിതയിൽ പ്രകൃതിഭാവം പ്രത്യേകം എടുത്തു പറയുന്നതിനാൽ ആദ്യത്തെ പാദത്തിൽ വിധിയ്ക്കുന്ന പ്രകൃതിഭാവം പദസംഹിതയിലാണെന്ന് സിദ്ധിച്ചു)

സംഹിതയിൽ ('ആർഷീ' എന്നതിന് ഋഷിദൃഷ്ടം എന്നർത്ഥം . അതിനാൽ 'ആർഷ്യാം' എന്നതിന് സംഹിതയിൽ എന്ന് അർത്ഥം സിദ്ധിയ്ക്കുന്നു.) പ്രഗൃഹ്യങ്ങൾ കഴിഞ്ഞ് സ്വരങ്ങൾ പരമായി വരുമ്പോൾ പ്രകൃതിഭാവം വരും. എന്നാൽ ഒന്നാമതായി പറയപ്പെട്ട പ്രഗൃഹ്യം- അതായത് ആമന്ത്രിതജമായ 'ഓ'കാരം- സ്വരം പരമായി വരുമ്പോൾ സന്ധിയ്ക്കു വിധേയമാകും. അതിന് പ്രകൃതിഭാവം വരുകയില്ല. പദസംഹിതയിൽ 'ഇതി' എന്നു ചേർത്തിട്ടുള്ളിടത്തും സംഹിതയിൽ സ്വരങ്ങൾ പരമായി വരുമ്പോഴും പ്രഗൃഹ്യങ്ങൾ അവയുടെ പരമായി വരുന്നവയേക്കൂടി ചേർത്ത് പ്രഗൃഹീതപദങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു.

മൂന്നക്ഷരമുള്ള പ്രഗൃഹ്യത്തിനുശേഷം 'ഇവ' എന്നു പരമായി വന്നാൽ സംഹിതയിൽ പ്രകൃതിഭാവം വരുകയില്ല.

'ഇതി' കരണം ചെയ്യുമ്പോൾ പദസംഹിതയിൽ പ്രകൃതിഭാവം-

**ഉദാഹരണം:-**

1. 'ഇന്ദ്രാഗ്നീ ഇതി' (പ്രഗൃഹ്യമായ 'ഇന്ദ്രാഗ്നീ' എന്നതിന് 'ഇതി' എന്നു പിന്നീടു വരുന്നതിനാൽ പ്രകൃതിഭാവം.)

2. രാജന്തീ അസ്യ ഭുവനസ്യ രോദസീ അസ്മേ (ഋ.6.70.2)

'രാജന്തീ', 'രോദസീ' ഇവ രണ്ടും പ്രഗൃഹ്യങ്ങളാണ്. സ്വരം പരമായിട്ടും പ്രകൃതിഭാവം വന്നിരിയ്ക്കുന്നു.

3. 'ദമ്പതീ ഇവ'- ദമ്പതീവ ക്രതുവിദാ (ഋ.2.39.2) ഇവിടെ മൂന്നക്ഷരമുള്ള പ്രഗൃഹ്യം ദമ്പതീ എന്ന്. 'ഇവ' എന്നു പരമായതിനാൽ പ്രകൃതിഭാവം ഇല്ല.

**28. ആർഷ്യാമേവ സന്ധ്യയകാരപൂർവ്വോ**
**വിവൃത്തേശ്ച പ്രത്യയഃ സന്നുകാരഃ ।**
**ഊകാരാദൌ സ്വിതി പൂഷേത്യകാരേ**
**ന ചേത്തദേകാക്ഷരതത്രപൂർവ്വം ॥**

സന്ധിമൂലം ഉല്പന്നമായ യകാരം പൂർവ്വത്തിലുള്ള ഉകാരത്തിന് പ്രകൃതിഭാവം വരും. ഇത് സംഹിതയിൽ മാത്രമാണ് സംഭവിയ്ക്കുക. പദപാഠത്തിൽ വരുകയില്ല.

**ഉദാഃ– പ്രത്യു അദർശി–(ഋ.7.81.1)**

ഇവിടെ പ്രതി+ഉ എന്നായിരുന്നത് ഇകാരത്തിന് സന്ധിമൂലം യകാരം വന്ന് 'പ്രത്യു' എന്നായിത്തീർന്നു. അതിനാൽ ഈ ഉകാരം സന്ധിമൂലം ഉല്പന്നമായ യകാരം പൂർവ്വത്തിലുള്ളതാണ്. അതുകൊണ്ട് അദർശി എന്ന അകാരം പിന്നീടു വരുന്നുണ്ടെങ്കിലും സന്ധി വരുന്നില്ല. പ്രകൃതിഭാവത്തിൽ നിൽക്കുന്നു.

ഇതേപോലെ "അഭൂർവ്വൌക്ഷീർവ്വ്യു ആയുരാനട്" എന്നിടത്തും ഉകാരത്തിന് പ്രകൃതിഭാവം കാണാം.

വിവൃത്തിയിൽ പരമായി വരുന്ന പ്രത്യയമായ ഉകാരം പ്രകൃതിഭാവത്തിൽ നിൽക്കുന്നു.

**ഉദാഃ– അഭൂദുഭാ ഉ അംശവേ (ഋ.1.46.10)**

'ഉഭാ ഉ' എന്ന പദത്തിൽ വിവൃത്തിയിൽ പരഭൂതമായ, പ്രത്യയമായ ഉകാരമാണ്. അതിനാൽ അതുകഴിഞ്ഞ് അംശവേ എന്ന് സ്വരാക്ഷരം പരമായി വരുന്നുണ്ടെങ്കിലും സന്ധി വരുന്നില്ല. പ്രകൃതിഭാവമാണ് വരുന്നത്.

ഊകാരത്തിൽ ആരംഭിയ്ക്കുന്ന പദം പിന്നീടു വരുകയാണെങ്കിൽ 'സു' എന്ന പദം പ്രകൃതിഭാവത്തിൽ വരും.

**ഉദാഃ– താഭിരൂഷു ഊതിഭിരശ്വിനാ ഗതമ്**

ഇവിടെ 'ഷു' എന്നത് സകാരത്തിന് ഷകാരം വന്ന് 'ഷു' എന്നായതാണ്. അതിനുശേഷം ഊകാരത്തിൽ ആരംഭിയ്ക്കുന്ന 'ഊതിഭിഃ.....' എന്ന പദം വന്നതിനാൽ 'സു' (ഷു) എന്നതിന് പ്രകൃതിഭാവം വന്നിരിയ്ക്കുന്നു. ഇവിടെ ക്ഷൈപ്രസന്ധി വരുന്നില്ലെന്നു സാരം.

'പൂഷാ' എന്ന പദം, അകാരത്തിൽ തുടങ്ങുന്ന പദം പിന്നീടു വരുന്നുവെങ്കിൽ പ്രകൃത്യാ സ്ഥിതിചെയ്യും; ഈ പൂഷാ എന്ന പദത്തിനു മുൻപ് ഏകാക്ഷരമായ പദമോ, 'തത്ര' എന്ന പദമോ ഇല്ലെങ്കിൽ മാത്രം.

ഉദാഃ–

1. **പൂഷാ അവിഷ്ടുമാഹിന (ഋ.10.26.9)**
2. **സ്വസ്തി പൂഷാ അസുരോ ദധാതു നഃ (ഋ.5.51.11)**

ഈ രണ്ടു ഉദാഹരണങ്ങളിലും 'പൂഷാ' എന്ന പദം അകാരത്തിലാരംഭിയ്ക്കുന്ന പദം പിന്നീടു വരുന്നതിനാൽ പ്രകൃത്യാ സ്ഥി

തിചെയ്യുന്നു. ഈ ഉദാഹരണങ്ങളിൽ 'പൂഷാ' എന്ന പദം ഏകാക്ഷരമായ പദമോ, 'തത്ര' എന്ന പദമോ പൂർവ്വം വരാത്തതുമാണ്.

**1. ന തം പൂഷാപി മൃഷ്യതേ (ഋ.6.56.4)**

**2. തത്ര പൂഷാ ഭവത്സചാ (ഋ.6.57.4)**

ഈ മന്ത്രങ്ങളിൽ 'പൂഷാ' എന്ന ശബ്ദം കഴിഞ്ഞ് അകാരത്തിലാരംഭിയ്ക്കുന്ന പദം പരമായി വരുന്നുണ്ടെങ്കിലും പൂഷാ എന്ന പദത്തിന് സന്ധി വരുന്നുണ്ട്. അതിനു കാരണം ആദ്യത്തേതിൽ ഏകാക്ഷരപദവും, രണ്ടാമത്തേതിൽ 'തത്ര' എന്ന പദവും 'പൂഷാ' എന്നതിനു മുൻപേ വരുന്നതുകൊണ്ടാണ്.

**29. ശ്രദ്ധാ സമ്രാജ്ഞീ സുശമീ സ്വധോതീ**
**പൃഥുജ്രയീ പൃഥിവീഷാ മനീഷാ ।**
**അയാ നിദ്രാ ജ്യാ പ്രപേതി സ്വരാണാം**
**മുഖ്യേ പരേ പഞ്ചമഷഷ്ഠയോശ്ച ॥**

സ്വരാക്ഷരങ്ങളിൽവെച്ച് ഏറ്റവും പ്രധാനമായ സ്വരം പരമാകുമ്പോഴും, അഞ്ചാമത്തേയും ആറാമത്തേയും സ്വരം പരമാകുമ്പോഴും, ശ്രദ്ധാ, സമ്രാജ്ഞീ, സുശമീ, സ്വധാ ഊതീ, പൃഥുജ്രയീ, പൃഥിവീ, ഈഷാ, മനീഷാ, അയാ, നിദ്രാ, ജ്യാ പ്രപാ എന്നീ പദങ്ങൾ പ്രകൃത്യാ ഭവിയ്ക്കുന്നു.

സ്വരങ്ങളിൽ മുഖ്യമായ (മുഖം പോലെ പ്രധാനമായതിനാൽ മുഖ്യം. ഒന്നാമത്തെ എന്നർത്ഥം) സ്വരം അകാരമാണ്. അഞ്ചാമത്തേത് 'ഇ'കാരവും, ആറാമത്തേത് 'ഈ'കാരവുമാണ്. ഋഗ്വേദപ്രാതിശാഖ്യത്തിൽ അ, ആ, ഋ, ൠ, ഇ, ഈ..... എന്നിങ്ങനെയാണല്ലോ ക്രമം.

ശ്രദ്ധാ തുടങ്ങിയ പതിമൂന്ന് പദങ്ങൾക്ക് അവയ്ക്കുശേഷം അകാരം, ഇകാരം, ഈകാരം എന്നിവ പരമായി വന്നാൽ പ്രകൃതിഭാവം വരുമെന്നാണ് ശ്ലോകത്തിന്റെ താല്പര്യം.

ഉദാ:-

1. **ശ്രദ്ധാ ഇത്തേ മഘവന്മാര്യേ ദിവി (ഋ.7.32.4)**
2. **സമ്രാജ്ഞീ അധി ദേവൃഷു (ഋ.10.85.46)**
3. **ഏതേ ശമീഭിഃ സുശമീ അഭൂവൻ (ഋ.10.28.12)**
4. **സ്വധാ അവസ്താത് പ്രയതിഃ പരസ്താത് (ഋ.10.129.5)**
5. **ഊതീ അനൂതീ ഹിരിശിപ്ര സത്വാ (ഋ.6.29.6)**
6. **പൃഥുജ്രയീ അസുര്യേവ (ഋ.1.168.7)**
7. **ദ്യാവാക്ഷാമാ പൃഥിവീ അന്തരിക്ഷം (ഋ.3.8.8)**

8. ഈഷാ അക്ഷോ ഹിരണ്യയഃ (ഋ.8.5.29)
9. വനേമ പൂർവ്വീരര്യോ മനീഷാ അഗ്നിഃ (ഋ.1.70.1)
10. അയാ ഈശാനസ്തവിഷീഭിരാവൃതഃ (ഋ.1.87.4).
11. മാ നോ നിദ്രാ ഈശത മോത ജല്പിഃ (ഋ.8.48.14)
12. ജ്യാ ഇയം സമതേ പാരയന്തീ (ഋ.6.75.3)
13. ധന്വന്നിവ പ്രപാ അസി (ഋ.10.4.1)

ശ്രദ്ധാ തുടങ്ങിയ പതിമൂന്നു പദങ്ങളും സ്വരാക്ഷരങ്ങളിൽ അവസാനിയ്ക്കുന്നവയാണ്. അവയ്ക്കുശേഷം അകാരം, ഇകാരം, ഈകാരം എന്നീ സ്വരങ്ങൾ പരമായി വന്നിട്ടും പ്രശ്ലിഷ്ടം, ക്ഷൈപ്രം തുടങ്ങിയ സന്ധികൾ വരുന്നില്ല. അവ പ്രകൃത്യാ സ്ഥിതിചെയ്യുന്നു.

30. സ്വരേ പാദാദാ ഉദയേ സചേതി
ഷ്വന്തം ജോഷം ചർഷണീശ്ചർഷണീഭ്യഃ ।
ഏകാരാന്തം മിത്രയോരസ്മദീവ-
ന്നമസ്യുരിത്യുപധം ചേത്യപൃക്തം ।।

സചാ എന്നത് പാദത്തിന്റെ ആദിയിലുള്ള സ്വരം പരമായിട്ടുണ്ടെങ്കിൽ പ്രകൃത്യാ ഭവിയ്ക്കും.

ഉദാഃ-

മന്ദിഷ്ട യദുശനേ കാവ്യേ സചാ ഇന്ദ്ര (ഋ.1.51.11)

'ഷു' അന്തത്തിലുള്ള പദം, ജോഷം, ചർഷണീഃ, ചർഷണിഭ്യഃ, ഏകാരാന്തം, മിത്രയോഃ, അസ്മത്, ഈവത്, നമസ്യുഃ എന്നിവ ഉപധയായിട്ടുള്ള ആകാരം അപൃക്തമാണെങ്കിൽ പ്രകൃത്യാ ഭവിയ്ക്കും.

ഉദാഃ-

1. 'ഷു' അന്തത്തിലുള്ള പദം ഉപധയായി വരുന്ന ആകാരം-
തം ഭർജ്ജയന്ത സുവൃധം നദീഷ്വാ ഉശന്തം (ഋ.9.68.6)
2. ജോഷം ഉപധയായിട്ടുള്ള ആകാരം-
ഉതോ ന്വസ്യ ജോഷമാ ഇന്ദ്രഃ (ഋ.8.94.6).
3. ചർഷണീഃ ഉപധയായിട്ടുള്ള ആകാരം-
ആ യാഹി പൂർവ്വീരിതി ചർഷണീരാ അര്യഃ (ഋ. 3.43.2)
4. ചർഷിണിഭ്യഃ ഉപധയായിട്ടുള്ള ആകാരം-
സം സഹസ്രാ കാരിഷച്ചർഷണിഭ്യഃ ആ ആവിഃ (ഋ.6.48.15)
5. ഏകാരാന്തമായ പദം ഉപധയായിട്ടുള്ള ആകാരം-
പർഷി ദീനേ ഗഭീര ആ ഉഗ്രപുത്രേ (ഋ.8.67.11)
6. മിത്രയോഃ ഉപധയായിട്ടുള്ള ആകാരം-

**ഉദുത്യച്ചക്ഷുർമഹി മിത്രയോരാ ഏതി (ഋ.6.51.1)**

**7. അസ്മത് ഉപധയായിട്ടുള്ള ആകാരം –**

**ഇമാ അസ്മൈ മതയോ വാചോ അസ്മദാ ഋചഃ (ഋ.10.91.12)**

**8. ഈവത് ഉപധയായിട്ടുള്ള ആകാരം –**

**ആ സ ഏതു യ ഈവദാ അദേവഃ (ഋ.8.46.21).**

**9. നമസ്യുഃ ഉപധയായിട്ടുള്ള ആകാരം –**

**ഉപ വോ വിശ്വവേദസോ നമസ്യുരാ അസൃക്ഷി (ഋ.8.27.11)**

മേൽക്കാണിച്ച ഉദാഹരണങ്ങളിലെല്ലാം അപൃക്തമായ അ എന്ന പദം സ്വരാക്ഷരങ്ങൾ പരമായി വന്നിട്ടും സന്ധി ചേരാതെ പ്രകൃത്യാ നിൽക്കുന്നു. അപൃക്തം എന്ന സംജ്ഞ 'ഒറ്റയായ വർണ്ണം' എന്ന അർത്ഥത്തിലാണ് പ്രയോഗിച്ചിരിയ്ക്കുന്നത്. പൃക്തം എന്നാൽ സംയുക്തം. സംയുക്തമല്ലാത്തത് അപൃക്തം.

**31. ഏകാരൌകാരപരൌ ച കണ്ഠ്യൌ**
**ലുശാദർവാക് ഗോതമേ ചാമിനന്ത ।**
**വിഭ്വാ വിധർത്താ വിപന്യാ കദാ യാ**
**മാതേ ത്വഌകാരേ/പ്യപാദാദിഭാജി ॥**

കണ്ഠ്യൌ=കണ്ഠസ്ഥാനികങ്ങൾ- അകാരവും ആകാരവും.

ഏകാരം ഓകാരം എന്നിവ പരമായിട്ടുള്ള അകാരം ആകാരം എന്നിവ ലുശൻ എന്ന മഹർഷിയാൽ ദർശിയ്ക്കപ്പെട്ട സൂക്തത്തിനു മുൻപുള്ളവയിൽ പ്രകൃത്യാ ഭവിയ്ക്കുന്നു. (ഏകാരവും ഓകാരവും പാദാദിയിൽ ഉള്ളതാവണം)

അതായത് അകാരത്തിനും, ആകാരത്തിനും ഏകാരം ഓകാരം എന്നിവ പരമായി വരുമ്പോൾ പ്രകൃതിഭാവം വരുമെന്നർത്ഥം. ഇത് ലൂശസൂക്തങ്ങൾക്ക് മുൻപുള്ളവയിലാണു വരുന്നത്. ലൂശസൂക്തങ്ങൾ പത്താമത്തെ മണ്ഡലത്തിൽ മുപ്പത്തഞ്ചാമത്തേയും മുപ്പത്താറാമത്തേയും സൂക്തങ്ങളായിട്ടാണു വരുന്നത്.

ഉദാഃ-

**1. ആ യന്മാ വേനാ അരുഹന്നൃതസ്യ ഏകമ്(8.100.5).**

**ഋതസ്യ ഏകമ് – 'അ' കാരത്തിന് ഏകാരം പരമായപ്പോൾ പ്രകൃതിഭാവം.**

**2. തിസ്രോ ദ്യാവഃ സവിതുർദ്വാ ഉപസ്ഥാ ഏകാ (ഋ.1.35.6).**

**ഉപസ്ഥാ ഏകാ – 'ആ' കാരത്തിൽനിന്ന് ഏകാരം പരമായതുകൊണ്ട് 'ആ' കാരത്തിന് പ്രകൃതിഭാവം.**

**3. ത്വം ന ഇന്ദ്രാ ഭര ഓജഃ (ഋ.8.98.10)**

**ഭര ഓജഃ – അകാരത്തിൽനിന്ന് ഓകാരം പരമായതിനാൽ 'അ' കാരത്തിന് പ്രകൃതിഭാവം.**

**4. വിശ്വേ ദഹാനി തവിഷീവ ഉഗ്ര ഓകഃ (ഋ.7.25.4)**

**ഉഗ്ര ഓകഃ– അകാരത്തിന് ഓകാരം പരമായതിനാൽ പ്രകൃതിഭാവം.**

ഗോതമമഹർഷിയാൽ ദർശിയ്ക്കപ്പെട്ട സൂക്തത്തിൽ 'അമിനന്ത' എന്ന പദം പ്രകൃത്യാ ഭവിയ്ക്കുന്നു.

'അമിനന്ത' എന്നതിലെ അവസാനത്തെ അകാരം ഏകാരം പരമായി വരുമ്പോൾ പ്രകൃത്യാ ഭവിയ്ക്കുന്നു എന്നു താല്പര്യം. ഇതിനുമുൻപത്തെ വിധിയനുസരിച്ച് പാദാദിയിലുള്ള ഏകാരം, ഓകാരം എന്നിവ പരമായിരിയ്ക്കുമ്പോഴേ പ്രകൃതിഭാവം വരുമായിരുന്നുള്ളൂ. പാദമദ്ധ്യത്തിലുള്ള ഏകാരം പരമാകുമ്പോഴും പ്രകൃതിഭാവസിദ്ധിയ്ക്കു വേണ്ടിയാണ് ഇപ്രകാരം വേറെ വിധിയ്ക്കുന്നത് എന്ന് ഉവടൻ.

**ഉദാഃ– ആതേ സുപർണ്ണാ അമിനന്ത ഏവൈഃ (ഋ.1.79.2)**

വിഭ്വാ, വിധർത്താ, വിപന്യാ, കദാ, യാ, മാതാ-ഈ ശബ്ദങ്ങൾ ഋകാരത്തിൽ തുടങ്ങുന്ന പദം പരമായി വരുമ്പോൾ പ്രകൃത്യാ ഭവിയ്ക്കുന്നു. പാദാദിയിലല്ലെങ്കിലും പ്രകൃതിഭാവം വരും. പാദാദിയലല്ലെങ്കിലും എന്നുപറഞ്ഞതുകൊണ്ട് പാദാദിയിലാണെങ്കിലും വരും എന്നു സിദ്ധിയ്ക്കുന്നു. അതിനാൽ പാദാദിയിലോ പാദാദിയിലല്ലാതേയോ ഋകാരത്തിൽ തുടങ്ങുന്ന പദങ്ങൾ പരമായി വരുമ്പോൾ മേൽപ്പറഞ്ഞ പദങ്ങളിലെ അവസാനത്തെ സ്വരങ്ങൾ സന്ധിചേരാതെ നിൽക്കുന്നു എന്നർത്ഥം. യഥാക്രമം ഉദാഹരണങ്ങൾ:–

1. **തേ വാജോ വിഭ്വാ ഋഭുരിന്ദ്രവന്തഃ (ഋ.4.33.3)**
2. **പ്രസീമാദിത്യോ അസൃജദ്വിധർത്താ ഋതമ്(ഋ.2.28.4)**
3. **പ്രശർധ ആർത്ത പ്രഥമം വിപന്യാ ഋതസ്യ (ഋ.4.1.12).**
4. **അഗ്നേ കദാ ഋതചിത് (ഋ. 5.3.9)**
5. **ഔച്ഛത്സാ രാത്രീ പരിതക്മ്യാ യാ ഋണം ച യേ (ഋ. 5.30.14).**
6. **അപ യാ മാതാ ഋണുത വ്രജം ഗോഃ (ഋ.5.45.6)**

**32. പരുച്ഛേപേ ഭീഷാ പഥേത്യകാര**
**ഏവാँ അഗ്നിമത്രിഷു സാ പ്ലുതോപധാ ।**
**സ ചാദയോ യാ വിഹിതാ വിവൃത്തയഃ**
**പ്ലുതോപധാന്താ അനുനാസികോപധാഃ ॥**

'പഥേത്യകാര' എന്നത് 'പഥാ ഇതി അകാരേ' എന്ന് പദച്ഛേദം ചെയ്യണം. 'പരുച്ഛേപ'ശബ്ദം ഋഷിയുടെ പേരിനെ കുറിയ്ക്കുന്നു.

പരുച്ഛേപമഹർഷിയാൽ ദൃഷ്ടമായ സൂക്തത്തിൽ 'ഭീഷാ' 'പഥാ' എന്നിവ അകാരം പരമായി വരുമ്പോൾ പ്രകൃത്യാ ഭവിയ്ക്കുന്നു.

ഉദാ:-

1. ഘൃണാന്ന ഭീഷാ് അദ്രിവഃ (ഋ.1.133.6)

2. യാഹി പഥാ് അനേഹസാ (ഋ.1.129.9)

'ഭീഷാ' 'പഥാ' എന്നിവയ്ക്ക് അകാരം പരമായി വന്നപ്പോൾ പ്രകൃതിഭാവം വന്നിരിയ്ക്കുന്നു.

'ഘൃണാന്ന ഭീഷാ് അദ്രിവഃ' എന്നത് ഋഗ്വേദസംഹിതയിൽ ഒന്നാമത്തെ മണ്ഡലത്തിൽ 133-ാമത്തെ സൂക്തത്തിൽ 6-ാമത്തെ ഋക്കാണ്. (അഷ്ടകം-2, അദ്ധ്യായം-1, വർഗ്ഗം-22).

'യാഹി പഥാ് അനേഹസാ' എന്നത് ഋഗ്വേദസംഹിതയിൽ ഒന്നാം മണ്ഡലത്തിൽ 129-ാം സൂക്തത്തിൽ 9-ാമത്തെ (അഷ്ടകം -2, അദ്ധ്യായം-1, വർഗ്ഗം-17) ഋക്കാണ്. 133-ാം സൂക്തവും, 129-ാം സൂക്തവും പരുച്ഛേപമഹർഷിയാൽ ദൃഷ്ടമാണ്. അകാരം പരമായപ്പോൾ 'ഭീഷാ്' 'പഥാ്' എന്നിവയ്ക്ക് പ്രകൃതിഭാവം വന്നിരിയ്ക്കുന്നു. കൂടാതെ ഉപധയ്ക്ക് അനുനാസികത്വവും.

അത്രിമണ്ഡലത്തിൽ 'ഏവാ് അഗ്നിം' എന്നീ രണ്ടു പദങ്ങൾ പ്രയോഗത്തിൽ കാണിച്ചിരിയ്ക്കുന്നതുപോലെത്തന്നെ സ്ഥിതി ചെയ്യും. 'പ്ലുതോപധം' എന്നു പറയപ്പെടുന്ന സന്ധിയാണിത്.

ഉദാഃ-

1. ഏവാ് അഗ്നിമജുര്യമുഃ (ഋ.5.6.10)

2. ഏവാ് അഗ്നിം വസൂയവഃ (ഋ.5.25.9)

അത്രിമണ്ഡലത്തിലെന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് മറ്റു സ്ഥലങ്ങളിൽ ഈ സന്ധി കാണുകയില്ല.

'സ്വരേ പാദാദൌ' (പാദാദിയിലുള്ള സ്വരം പരമാകുമ്പോൾ) (2/30) എന്നു തുടങ്ങി പ്ലുതോപധാ എന്നു കഴിയുന്നതുവരെ വിധിയ്ക്കപ്പെട്ട വിവൃത്തികൾ അനുനാസികമായ ഉപധകളോടുകൂടിയതായിരിയ്ക്കും-അതായത് അവയുടെ ഉപധകൾക്ക് അനുനാസികത്വം വരും.

ഉദാഃ- ഉദുസ്രിയാഃ സൃജതേ സൂര്യഃ സചാ് ഉദ്യത് (ഋ.7.81.2)

**നിപാതനങ്ങൾ**

**33. സേദു സാസ്മിൻ സേമഭി സാഭിവേഗ**
**സേദ്വഭവഃ സോപമാ സൌഷധീരനു ।**
**സാസ്മാ അരം സോത നഃ സേന്ദ്ര വിശ്വാ**
**സേതി സാസ്മാകമനവദ്യ സാസി ॥**

ഇനി ചില നിപാതനങ്ങളാണ് പറയുന്നത്. 'അന്യാദൃശേ പ്രയോഗേ പ്രാപ്തേ അന്യാദൃശപ്രയോഗകരണം നിപാതനം' എ

ന്നാണ് നിപാതനപദത്തിന് കൊടുത്തിരിയ്ക്കുന്ന നിർവ്വചനം. പറഞ്ഞുവെച്ച വ്യാകരണവിധികളനുസരിച്ച് സന്ധി വരേണ്ട ഇടങ്ങളിൽ അങ്ങനെ വരാതെ വേറെ സന്ധി ചേർന്ന രൂപങ്ങൾ സംഹിതയിൽ കാണുന്നതിനാൽ അവ നിപാതനങ്ങളായി പറയപ്പെടുന്നു.

ശ്ലോകത്തിൽ പറയപ്പെട്ടിരിയ്ക്കുന്ന പദങ്ങൾ അതിൽ പ്രയോഗിച്ചിരിയ്ക്കുന്നതുപോലെ മാത്രമെ കാണുകയുള്ളൂ.

സേദു, സാസ്മിൻ, സേമഭി, സാഭിവേഗഃ, സേദൃഭവഃ, സോപമാ, സൌഷധീരനു, സാസ്മാ അരം, സോതനഃ, സേന്ദ്ര വിശ്വാ, സേതി, സാസ്മാകമനവദ്യ, സാസി ഇവയിൽ വിവൃത്തിലോപം നിപതിച്ചിയ്ക്കുന്നു.

സേദു രാജാ ക്ഷയതി (ഋ.1.32.15) ഋഗ്വേദം1-ാം മണ്ഡലം 32-ാം സൂക്തം 15-ാമത്തെ മന്ത്രത്തിൽ 'സേദു' എന്ന് പ്രയോഗം കാണാം. ഇവിടെ 'സഃ ഇത് ഊ ഇതി' എന്നാണ് പദപാഠം. 'ഹ്രസ്വപൂർവ്വസ്തു സോ/കാരഃ' എന്ന വിധിയനുസരിച്ച് 'സ ഇദു' എന്നാവേണ്ടതായിരുന്നു. എന്നാൽ ഉകാരം പരമായി വരുന്ന 'ഇത്' 'സഃ' എന്നതിൽനിന്ന് പരമായതിനാൽ 'സേദു' എന്നു പ്രയോഗിച്ചിരിയ്ക്കയാണ്. 'ഇത്' എന്നതിൽനിന്ന് 'ഉ' പരമായി വരാത്തേടത്ത് വിവൃത്തിതന്നെയാണ് വരിക. ഇപ്രകാരം 'സഃ അസ്മിൻ' എന്ന് പദപാഠമുള്ളിടത്ത് 'സാസ്മിൻ' എന്ന് സംഹിതയിൽ പ്രയോഗം. ഉദാഃ- ത്വമീശിഷേ സാസ്മിന്നാസത്സി (ഋ.10.44.5). 'സഃ അസ്മിൻ' എന്നത് 'സാസ്മിൻ' എന്നു നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് സന്ധിചേരില്ല. 'സാസ്മിൻ' എന്ന് പ്രയോഗം കാണുകയും ചെയ്യുന്നു. അതുകൊണ്ടാണ് നിപാതനം എന്നു പറയുന്നത്.

'സേമഭിഃ' എന്ന് 'ധിയാ ശമീ സചതേ സേമഭിഃ' (ഋ.9.74.7) എന്ന ഋക്കിൽ പ്രയോഗിച്ചുകാണുന്നു. സേമഭിഃ എന്നത് പദപാഠത്തിൽ 'സഃ ഈമ് അഭി' എന്നാണ്. അഭി എന്നു പരമായ ഈമ് എന്നു പരമാവുന്നിടത്ത് അരിഫിതമായ വിസർഗ്ഗം അകാരമായി മാറി 'സ ഈമഭി' എന്ന് പ്രയോഗിച്ചുകാണുന്നില്ല. അതിനാൽ 'സേമഭി' എന്നതും നിപാതനമാണ്. അഭി എന്നു പരമായി വരാത്തിടത്ത് 'ഈമ്' ശബ്ദം പരമായി വരുമ്പോൾ 'സഃ' എന്നത് 'സ' എന്നായിട്ടുതന്നെയാണ് പ്രയോഗം.  ഉദാ:- സ ഈമ് മമാദ മഹി കർമ്മ കർത്തവേ (ഋ.10.27.1).

'സഃ അഭിവേഗഃ' എന്ന് പദപാഠമുള്ളിടത്ത് സംഹിതയിൽ 'സാഭിവേഗഃ' എന്നാണ് പ്രയോഗം കാണുന്നത്. ഉദാഃ- അസത്സു

മേ ജരിതഃ സാഭിവേഗഃ (ഋ.10.27.1). അതിനാൽ അഭിവേഗശബ്ദം പരമായിട്ടുള്ള സഃ എന്നത് 'സാഭിവേഗഃ' എന്നായിത്തീരുമെന്ന് പ്രയോഗംകൊണ്ട് സൂചിപ്പിയ്ക്കപ്പെടുന്നതിനാൽ ഇതും നിപാതനമാണ്.

'സഃ ഇത് ഋഭവഃ' എന്ന് പദപാഠമുള്ളിടത്ത് 'സേദൃഭവഃ' എന്നു സംഹിതയിൽ പാഠം. 'ഋഭവഃ എന്ന് പരമായിട്ടുള്ള 'ഇത്' പരമാകുമ്പോഴും 'സഃ' എന്നതു ചേർന്ന് 'സേദൃഭവഃ' എന്നു രൂപം വരുമെന്ന് നിപതിയ്ക്കപ്പെടുന്നതിനാൽ 'സേദൃഭവഃ' എന്നും നിപാതനമാണ്. 'സഃ ഉപമാ' എന്ന് പദപഠമുള്ളിടത്ത് സംഹിതയിൽ 'സോപമാ' എന്നു പ്രയോഗം കാണുന്നു. ഉദാഃ- ജീവയാജം യജതേ സോപമാ ദിവഃ- (ഋ.1.31.15). സ ഉപമാ എന്ന് വിവൃത്തിയായി നിൽക്കാതെ സന്ധിചേർന്ന രൂപമായി പ്രയോഗിച്ചിരിയ്ക്കുന്നു. അതിനാൽ ഇതും നിപാതനമാണ്.

'സഃ ഔഷധീഃ അനു' എന്ന് പദപാഠമുള്ളിടത്ത് 'സൌഷധീരനു' എന്നു സംഹിതയിൽ പ്രയോഗം കാണുന്നു. ഉദാഃ- സൌഷധീരനു രുധ്യസേ- (ഋ.8.43.9). 'സ ഓഷധീരനു' എന്ന പ്രയോഗത്തിനുപകരം 'സൌഷധീരനു' എന്ന് പ്രയോഗം കാണുന്നതിനാൽ 'സഃ' എന്നതിൽനിന്ന് 'അനു' എന്നു പരമായിട്ടുള്ള 'ഓഷധി' എന്ന ശബ്ദം പരമാകുമ്പോൾ 'സൌഷധീരനു' എന്നാണ് പ്രയോഗം എന്നു സൂചിപ്പിയ്ക്കപ്പെടുന്നതിനാൽ 'സൌഷധീരനു' എന്നു നിപാതനം.

'സഃ അസ്മൈ അരം' എന്നു പദപാഠമുള്ളിടത്ത് 'സാസ്മാ അരം' എന്നു സംഹിതയിൽ പ്രയോഗം കാണുന്നുണ്ട്. ഉദാ:- സാസ്മാ അരം ബാഹുഭ്യാം യമ് (ഋ.2.17.6). സന്ധിനിയമമനുസരിച്ച് 'സാസ്മാ' എന്ന് 'സഃ' കഴിഞ്ഞ് അകാരത്തിന് ദീർഘം വരുന്നതല്ല. അതിനാൽ 'അരം' എന്ന ശബ്ദം പരമായിട്ടുള്ള (അസ്മൈ) പരമായിരിയ്ക്കുമ്പോൾ 'സാസ്മാ അരം' എന്നു വരും എന്നു സൂചിപ്പിയ്ക്കുന്നു. 'സാസ്മാ അരം' എന്നത് നിപാതനമാണ്.

'സഃ ഉത നഃ' എന്ന് പദപാഠമുള്ളിടത്ത് 'സോത നഃ' എന്നു സംഹിതയിൽ പാഠം. ഉദാഃ- ബൃഹസ്പതേ സീഷധഃ സോത നോ മതിമ്-(ഋ.2.24.1).

'സഃ ഉത നഃ' എന്നത് 'സോത നഃ' എന്നാകുന്നത് നിലവിലുള്ള സന്ധിനിയമങ്ങൾക്കതീതമാകയാൽ ഈ പ്രയോഗം നിപാതനമാണ്.

'സഃ ഇന്ദ്ര വിശ്വാ' എന്ന് പദപാഠമുള്ളിടത്ത് 'സേന്ദ്ര വിശ്വാ

സ്യുക്ഥഃ' എന്നു സംഹിതാപാഠം. വിശ്വാ ശബ്ദം പരമായിട്ടുള്ള ഇന്ദ്രശബ്ദത്തോട് 'സഃ' എന്ന ശബ്ദം ചേർന്ന് 'സേന്ദ്ര വിശ്വാ' എന്നായിരിയ്ക്കുന്നു. ഇതും നിപാതനമാണ്.

'സഃ ഇതി' എന്ന പദപാഠമുള്ളിടത്ത് 'സേതി' എന്ന് സംഹിതാപാഠം കാണുന്നു. ഉദാഃ- യം സ്മാ പൃച്ഛന്തി കുഹ സേതി ഘോരമ്. സേതി എന്നത് നിപാതനമാണ്.

'സഃ അസ്മാകം അനവദ്യ' എന്ന് പദപാഠമുള്ളിടത്ത് 'സാസ്മാകമനവദ്യ' എന്ന് സംഹിതാപാഠം കാണുന്നു. ഉദാഃ- സാസ്മാകമനവദ്യ തൂ തുജാന വേധസാമ് (ഋ.1.129.1).

'അനവദ്യ' എന്നു പരമായിട്ടുള്ള അസ്മാകമെന്ന പദം 'സഃ' എന്നതിൽനിന്നു പരമായി നിൽക്കുമ്പോഴാണ് ഈ നിപാതനം. 'അനവദ്യ' എന്നു പരമായിട്ടില്ലാത്ത 'അസ്മാകം' എന്ന പദം 'സഃ' എന്നതിൽനിന്നു പരമായി വന്നാൽ ഈ നിപാതനമില്ല.

'സഃ അസി' എന്നു പദപാഠമുള്ളിടത്ത് 'സാസി' എന്നു സംഹിതയിൽ പാഠം കാണുന്നു. ഉദാഃ- യസ്താകൃണോഃ പ്രഥമം സാസ്യുക്ഥഃ- (ഋ.2.13.2). 'സാസി' നിപാതനമാണ്.

**34. സേദഗ്നേ സേദഗ്നിർവ്വാസിഷ്ഠം**
**സാസ്മാകേഭിഃ സേദുഗ്രഃ സേമേ ।**
**സൈനാ സൈനം സേമം സോദഞ്ചം**
**സേമാം സോഷാം സേശേ സേദീശേ ॥**

സേദഗ്നേ, സേദഗ്നിർവ്വാസിഷ്ഠം, സാസ്മാകേഭിഃ, സേദുഗ്രഃ, സേമേ, സൈനാ, സൈനം, സേമം, സോദഞ്ചം, സേമാം, സോഷാം, സേശേ, സേദീശേ എന്നിവ നിപാതനങ്ങളാണ്.

'സഃ ഇത് അഗ്നേ' എന്ന് പദപാഠമുള്ളിടത്ത് സംഹിതയിൽ 'സേദഗ്നേ' എന്ന് പ്രയോഗം കാണാം.

ഉദാഃ- സേദഗ്നേ അസ്തു സുഭഗഃ സുഭാനുഃ (ഋ. 4.4.7). സേദഗ്നേ എന്നത് നിപാതനമാണ്.

'സേദഗ്നിഃ' എന്നതും നിപാതമാണ്. 'സഃ ഇത് അഗ്നിഃ' എന്ന പദപാഠമുള്ളിടത്ത് വസിഷ്ഠമണ്ഡലത്തിൽ -7ാം മണ്ഡലത്തിൽ- 'സേദഗ്നിഃ' എന്ന് സംഹിതാപാഠം കാണാം.

ഉദാഃ- സേദഗ്നിരഗ്നീ̐രത്യസ്ത്വന്യാൻ (ഋ.7.1.14).

വസിഷ്ഠമണ്ഡലത്തിലല്ലാത്തിടത്ത് 'അഗ്നിഃ' എന്ന ശബ്ദം പരമായ 'ഇത്' എന്നു പരമായിട്ടുള്ള 'സഃ' എന്നത് 'സ ഇദഗ്നിഃ' എന്നാണ്പ്രയോഗിച്ചിട്ടുള്ളത്.

ഉദാഃ- സ ഇദഗ്നിഃ കണ്വതമഃ കണ്വസഖാഃ (ഋ.10.115.5).

'സാസ്മാകേഭിഃ' എന്നതും നിപാതനമാണ്. 'സഃ അസ്മാകേഭിഃ' എന്ന പാഠമുള്ളിടത്ത് 'സാസ്മാകേഭിഃ' എന്നു സംഹിതാപാഠം കാണുന്നുണ്ട്. ഉദാഃ- സാസ്മാകേഭിരേതരീ ന ശൂഷൈഃ ( ഋ.6.12.14).

നിലവിലുള്ള സന്ധിനിയമങ്ങൾക്കനുസരിച്ചുള്ള രൂപമല്ലാത്തതിനാലാണ് നിപാതനം എന്നു പറയുന്നത്.

'സേദുഗ്രഃ' എന്നതാണ് അടുത്ത നിപാതനം. 'സഃ ഇത് ഉഗ്രഃ ' എന്ന പദപാഠമുള്ളിടത്ത് 'സേദുഗ്രഃ' എന്ന് സംഹിതാപാഠം കാണുന്നു.

ഉദാഃ- സേദുഗ്രോ അസ്തു മരുതഃ (ഋ. 7.40.3).

'സഃ' എന്നതിൽനിന്ന് ഉഗ്രശബ്ദം പരമായിട്ടുള്ള 'ഇത്' എന്നു പരമാകുമ്പോഴാണ് 'സേദുഗ്രഃ' എന്ന് സംഹിതാപ്രയോഗം.

'സേമേ' എന്നുള്ള നിപാതനമാണ് അടുത്തത്. 'സഃ ഇമേ' എന്നു പദപാഠമുള്ളിടത്ത് സംഹിതയിൽ 'സേമേ' എന്നു പ്രയോഗം കാണാം.

ഉദാഃ- സേമേ മഹീ രോദസീ യക്ഷത് (ഋ.9.74.2).

'സൈനാ' എന്നുള്ളതാണ് അടുത്ത നിപാതനം. 'സഃ ഏനാ ' എന്നു പദപാഠമുള്ളിടത്ത് 'സൈനാ' എന്നു സംഹിതയിൽ പാഠം കാണുന്നു.

ഉദാഃ- സൈനാനീകേന സുവിദത്ര (ഋ.2.9.6)

'സൈനം' എന്നതാണ് അടുത്ത നിപാതനം. 'സഃ ഏനം' എന്നു പദപാഠമുള്ളിടത്ത് 'സൈനം' എന്നു സംഹിതയിൽ പാഠം കാണുന്നു.

ഉദാഃ- സൈനം സശ്ചദ്ദേവോ ദേവമ് (ഋ.2.22.1)

'സേമം' എന്നുള്ള നിപാതനമാണ് അടുത്തത്. 'സഃ ഇമം' എന്നു പദപാഠമുള്ളിടത്ത് സംഹിതയിൽ 'സേമം' എന്നാണ് പ്രയോഗം കാണുന്നത്.

ഉദാഃ- സേമം നോ അധ്വരം യജ (ഋ.1.14.11)

'സോദഞ്ചം' എന്ന നിപാതനമാണ് അടുത്തത്. 'സഃ ഉദഞ്ചം' എന്ന് പദപാഠമുള്ളിടത്ത് 'സോദഞ്ചം' എന്നാണ് സംഹിതാപാഠം.

ഉദാഃ- സോദഞ്ചം സിന്ധുമരിണാത് (ഋ.2.15.6)

'സേമാം' എന്ന് അടുത്ത നിപാതനം. 'സഃ ഇമാം' എന്നു പദപാഠമുള്ളിടത്ത് 'സേമാം' എന്നു സംഹിതാപാഠം.

ഉദാഃ- സേമാമവിഡ്ഢി പ്രഭൃതിം യ ഈശിഷേ (ഋ.2.24.1)

'സോഷാം' എന്നാണ് അടുത്തത്. 'സഃ ഉഷാം' എന്നു പദപാഠമുള്ളിടത്ത് സംഹിതയിൽ 'സോഷാം' എന്നു പ്രയോഗം.

ഉദാഃ- സോഷാമവിന്ദത്സ സ്വഃ സോ അഗ്നിമ് (ഋ.10.68.9).

'സേശേ' എന്നതാണ് അടുത്ത നിപാതനം. 'സഃ ഈശേ' എന്ന് പദപാഠമുള്ളിടത്ത് സംഹിതയിൽ 'സേശേ' എന്നു പ്രയോഗം.

ഉദാഃ- ന സേശേ യസ്യ രമ്ബതേ (ഋ.10.86.16)

'സേദീശേ' എന്നതാണ് അടുത്തത്. 'സഃ ഈത് ഈശേ' എന്ന് പദപാഠമുള്ളിടത്ത് 'സേദീശേ' എന്നു സംഹിതയിൽ പ്രയോഗം.

ഉദാഃ- സേദീശേ യസ്യ രോമശം (ഋ. 10.86.16)

Note: ഹ്രസ്വപൂർവ്വവും അരിഫിതവുമായ വിസർഗ്ഗം ഉപധാസഹിതം സ്വരം പരമായിവന്നാൽ അകാരമായിത്തീരും എന്നും, പരമായി വരുന്ന സ്വരം അകാരമാണെങ്കിൽ ഈ അകാരം 'ഓ' എന്നായി മാറുമെന്നും, ഈ ഓകാരം അഭിനിഹിതമാവുമെന്നും ഈ പടലത്തിലെ 10,12,13 ശ്ലോകങ്ങളിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. തച്ഛബ്ദം പുല്ലിംഗം ഏകവചനരൂപമായ 'സഃ' എന്ന ശബ്ദം കഴിഞ്ഞ് സ്വരാക്ഷരത്തിൽ തുടങ്ങുന്ന ചിലശബ്ദങ്ങൾ പരമായി വരുമ്പോൾ ഈ സന്ധികൾ പ്രവർത്തിയ്ക്കാതെ ദീർഘസന്ധി, പ്രശ്ലിഷ്ടസന്ധി എന്നിവ പ്രവർത്തിച്ച് ഉണ്ടായ രൂപങ്ങളാണ് 33,34 എന്നീ ശ്ലോകങ്ങളിൽ നിപാതനങ്ങളായി കാണിച്ചത്. 'സഃ' എന്ന പദത്തിലെ വിസർഗ്ഗം അരിഫിതവും ഹ്രസ്വപൂർവ്വവുമായതിനാൽ അതിൽനിന്ന് സ്വരാക്ഷരം പരമായിവരുമ്പോൾ 10,12,13 എന്നീ ശ്ലോകങ്ങൾകൊണ്ട് വിധിയ്ക്കപ്പെട്ട സന്ധികളാണ് നാം പ്രതീക്ഷിയ്ക്കുക. എന്നാൽ ആ സന്ധികൾ വരാതെ മറ്റൊരുതരത്തിൽ രൂപം വന്നിരിയ്ക്കുന്നു. അതുകൊണ്ടാണ് ഇവ നിപാതനങ്ങളാണെന്നു പറഞ്ഞത്.

**35. നൂ ഇത്ഥാ തേ സാനോ അവ്യേ**
**വോ അസ്മേ വാ സൌ വേദ്യസ്യാമ് ।**
**ധിഷ്ണ്യേമേ നൂ അന്യത്രാ ചിത്**
**പാദാദൌ നൂ ഇന്ദ്രോത്യർവ്വാക് ।।**

നൂ ഇത്ഥാ തേ, സാനോ അവ്യേ, വോ അസ്മേ, വാ സൌ, വേദ്യസ്യാം, ധിഷ്ണ്യേമേ, നൂ അന്യത്രാചിത്, പാദാദിയിൽ വരുന്ന നൂ ഇന്ദ്ര, ഊത്യർവ്വാക് ഇവ ഇപ്പറഞ്ഞിരിയ്ക്കുന്നതുപോലെ മാത്രമേ വരികയുള്ളൂ.

1. നൂ ഇത്ഥാതേ– 'തേ' എന്നുപരമായ 'ഇത്ഥാ' എന്ന പദം 'നു' എന്നതിനുശേഷം വരികയാണെങ്കിൽ 'നു' എന്നത് 'നൂ' എന്നായിട്ടേ പ്രയോഗമുള്ളൂ. ഉദാഃ– നൂ ഇത്ഥാ തേ പൂർവ്വഥാ ച പ്രവാച്യം (ഋ.1.132.4).

ഇവിടെ 'നു' എന്ന ഉകാരത്തിന് ദീർഘം നിപതിപ്പിച്ചിരിയ്ക്കുന്നു. 'തേ' എന്നു പരമാകാത്ത 'ഇത്ഥാ' എന്ന പദം 'നു' കഴിഞ്ഞു വരുന്നിടത്ത് 'നിത്ഥാ' എന്നാണ് വരുക.

2. സാനോ അവ്യേ– 'സാനൌ അവ്യേ' എന്നു പദപാഠമുള്ളിടത്ത് സംഹിതയിൽ 'സാനോ അവ്യേ' എന്ന് നിപതിപ്പിച്ചിരിയ്ക്കുന്നു. ഉദാഃ– ദശ സ്വസാരോ അധി സാനോ അവ്യേ (ഋ. 9.91.1)

ഔകാരത്തിന് 'ആവ്' എന്നു വരുന്നതിനു പകരം 'ഓ'കാരം നിപതിപ്പിച്ചിരിയ്ക്കുന്നു.

3. വോ അസ്മേ– 'വോƒസ്മേ' എന്ന് അഭിനിഹിതം വരാതെ 'വോ അസ്മേ' എന്നു നിപതിപ്പിച്ചിരിയ്ക്കുന്നു. 'വഃ അസ്മേ' എന്നാണ് പദപാഠം. അത് 'വോ അസ്മേ' എന്ന് സന്ധിചേർന്നതിനുശേഷം അഭിനിഹിതസന്ധി പ്രവർത്തിച്ച് 'വോƒസ്മേ' എന്ന് ആയിത്തീരേണ്ടതായിരുന്നു. അഭിനിഹിതസന്ധിയുടെ അഭാവം നിപാതനത്തിലൂടെ വ്യക്തമാക്കപ്പെടുന്നു.

ഉദാഃ– പ്രപ്രാ വോ അസ്മേ സ്വയശോഭിഃ (ഋ.1.129.8)

4. വാസൌ– 'വൈ അസൌ' എന്നു പദപാഠമുള്ളിടത്ത് 'വാസൌ' എന്നു പ്രയോഗം. ഇവിടെ 'വാ' എന്ന് വകാരം കഴിഞ്ഞു വരുന്ന ആകാരവും 'അസൌ' എന്നതിലെ അകാരവും ചേർന്ന് പ്രശ്ലേഷം വരുന്നതായി നിപതിപ്പിച്ചിരിയ്ക്കുന്നു.

ഉദാഃ– അസ്യ വാസാ ഉ അർച്ചിഷാ (ഋ. 5.17.3)

ഇവിടെ 'വാ അസൌ' എന്ന പദങ്ങൾ സന്ധിചേർന്ന് 'വാസൌ'എന്നായതിനുശേഷം 'വാസൌ ഉ' എന്ന് 'ഉ'കാരം പരമായപ്പോൾ 'ഔ'കാരം 'ആ' എന്നായിത്തീർന്നു. അതിനാൽ 'വാസാ ഉ' എന്ന് സംഹിതയിൽ പ്രയോഗം. ഐകാരവും, ഔകാരവും സ്വരം പരമായി വരുമ്പോൾ 'ആ'കാരം ആയിത്തീരും എന്നു നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ.

5. വേദ്യസ്യാം– പ്രഗൃഹ്യസംജ്ഞയുള്ളവയ്ക്ക് സ്വരം പരമായി വന്നാൽ സംഹിതയിൽ പ്രകൃതിഭാവം വരും. (സ്വരേഷു ചാർഷ്യാം) എന്നു വിധിച്ചിട്ടുള്ളതാണ്. 'വേദീ അസ്യാം' എന്നതിൽ 'വേദീ' എന്നതിന്റെ ഈകാരം പ്രഗൃഹ്യമാണ്. 'വേദ്യാം' എ

ന്ന് സപ്തമ്യർത്ഥത്തിലാണ് 'വേദീ' എന്നു പ്രയോഗിച്ചിരിയ്ക്കു ന്നത്. സപ്തമ്യർത്ഥത്തിലുള്ള ഈകാരവും ഊകാരവും പ്രഗൃ ഹ്യമാണെന്ന് 'സാപ്തമികൌ ച പൂർവ്വൌ' എന്ന കാരികാഭാഗം കൊണ്ട് വിധിച്ചിട്ടുണ്ട്. അപ്പോൾ നിയമനുസരിച്ച് 'വേദീ അസ്യാം ' എന്നു പ്രയോഗിയ്ക്കേണ്ടിടത്ത് 'വേദ്യസ്യാം' എന്ന പ്രയോഗം നിപതിപ്പിച്ചിരിയ്ക്കുന്നു.

ഉദാഃ- സുഭരം രായേ വേദ്യസ്യാം (ഋ.2.3.4).

6. ധിഷ്ണ്യേമേ- 'ധിഷ്ണ്യേ' 'ഇമേ' ദ്വിവചനാന്തങ്ങളായ രണ്ടു പദങ്ങളാണ് ഇവ. ഏകാരത്തിൽ അവസാനിയ്ക്കുന്ന ദ്വിവ ചനാന്തങ്ങളായ പദങ്ങൾ. (1-ാം പടലം 28-ാം ശ്ലോകം) 'ഷഷ്ഠാ ദയശ്ച ദ്വിവചോƒന്തഭാജസ്ത്രയോ ദീർഘാഃ' എന്ന നിയമനുസരി ച്ച് പ്രഗൃഹ്യങ്ങളാണ്. ധിഷ്ണ്യേ എന്ന ഏകാരം പ്രഗൃഹ്യമായതു കൊണ്ട് ഇമേ എന്ന ഇകാരവുമായി സന്ധിയുണ്ടാവില്ല. പ്രകൃതി ഭാവമാണ് വരിക. എന്നാൽ ഇവിടെ 'ധിഷ്ണ്യേമേ' എന്ന് 'ഇമേ' എന്ന ഇകാരം ലോപിച്ചതുപോലെയോ ഏകാര-ഇകാരങ്ങളുടെ സ്ഥാനത്ത് ഏകാരം വന്നതുപോലെയോ ഉള്ള രൂപം വന്നിരിയ്ക്കു ന്നു. ഉദാഃ- ആവിവാസൻ രോദസീ ധിഷ്ണ്യേമേ (ഋ.7.72.3).

7. നൂ അന്യത്രാചിത്- 'നു അന്യത്ര ചിത് അദ്രിവഃ' എന്ന പ ദപാഠമുള്ളിടത്ത് 'നൂ അന്യത്രാ ചിദദ്രിവഃ' എന്ന് സംഹിതാപാ ഠം. 'നു അന്യത്ര' എന്നുള്ളിടത്ത് ഉകാരത്തിന് വകാരം വന്ന് 'ന്വ ന്യത്രാചിത്' എന്നു പ്രയോഗം വരേണ്ടിടത്ത് 'നൂ അന്യത്രാചിത്' എന്ന് ഉകാരത്തിന് ദീർഘം വന്നിട്ടുള്ള രൂപം നിപതിപ്പിച്ചിരിയ്ക്കു ന്നു. ഉദാഃ- നൂ അന്യത്രാചിദദ്രിവഃ (ഋ.8.24.11).

8. പാദാദൌ നൂ ഇന്ദ്ര- പാദത്തിന്റെ ആദ്യം 'നൂ ഇന്ദ്ര' എ ന്ന് 'നു' എന്നുള്ളതിന് ദീർഘം വന്ന പ്രയോഗമാണ് വരിക. ഒരു പാദത്തിന്റെ ആദ്യം 'നു' എന്നു വരികയും അതു കഴിഞ്ഞ് ഇന്ദ്ര എന്ന ശബ്ദം ഉണ്ടാകുകയും ചെയ്താൽ 'നു' എന്നതിന്റെ ഉകാരം ദീർഘിച്ച രൂപമാണ് സംഹിതയിൽ വരിക എന്നു താൽപ്പര്യം. പാദത്തിന്റെ ആദിയിൽ അല്ലാതെ വരുന്ന 'നു' എന്നതിന് 'ഇന്ദ്ര' ശബ്ദംപരമായി വന്നാലും ദീർഘമുണ്ടാകില്ല. പാദാദിയിലുള്ള ' നൂ ഇന്ദ്ര' എന്നതിനുദാഹരണം:- നൂ ഇന്ദ്ര രായേ വരിവസ്കൃധീ നഃ (ഋ.7.27.5).

9. ഊത്യർവ്വാക്- ഊതീ അർവാക് എന്ന് പദപാഠമുള്ളിടത് ഊത്യർവ്വാക് എന്ന് സംഹിതാപാഠം കാണുന്നതിനാൽ പ്രകൃതി ഭാവം വരേണ്ടിടത്ത് അന്തഃസ്ഥം (യകാരം) നിപതിപ്പിച്ചിരിയ്ക്ക

യാണെന്ന് മനസ്സിലാക്കാം. ഉദാഃ- ബർഹിഷദഃ പിതര ഊത്യർവ്വാക് (ഋ.10.15.4).

**36. ഉ ദൂ അയാൻ രജേഷിതം ധനർച്ചം**
**ശതർച്ചസം ദശോണയേ ദശോണ്യേ।**
**യഥോഹിഷേ യഥോചിഷേ ദശോണിം**
**സ്വരോദയം പിബാ ഇമം രഥോള്ഹ ॥**

ഉ ദൂ അയാൻ, രജേഷിതം, ധനർച്ചം, ശതർച്ചസം, ദശോണയേ, ദശോണ്യേ, യഥോഹിഷേ, യഥോചിഷേ, ദശോണിം, സ്വരം പരമായ പിബാ ഇമം, രഥോള്ഹ എന്നിവ ഇതേപോലെത്തന്നെ സ്ഥിതിചെയ്യും. ഈ പ്രയോഗമാണ് സാധു.

1. ഉദൂ അയാൻ - അയാൻ എന്ന ശബ്ദം പരമായ 'ഉ' എന്ന പദം 'ഉത്' എന്നു കഴിഞ്ഞ് വരികയാണെങ്കിൽ ഉകാരം ദീർഘിച്ചുള്ള പ്രയോഗമാണ് വരിക. ഇവിടെ ദീർഘത്വം നിപതിപ്പിച്ചിരിയ്ക്കുന്നു. പദപാഠത്തിൽ ഏതെല്ലാം പദങ്ങളാണോ കാണുന്നത് ആ പദങ്ങൾക്കു തമ്മിലേ സന്ധി പറയാൻ പറ്റുകയുള്ളൂ. സമാന സ്ഥാനികങ്ങളായ സമാനാക്ഷരങ്ങൾക്കാണ് ദീർഘസന്ധി വരിക. ഇവിടെ 'ഉ'കാരം കഴിഞ്ഞ് മറ്റൊരു ഉകാരം വരുന്നില്ല. അതിനാൽ ദീർഘസന്ധി വരികയില്ല. അതിനാലാണ് ദീർഘം നിപതിപ്പിച്ചിരിയ്ക്കുന്നു എന്നു പറയുന്നത്. ഉദാഃ- ഉദൂ അയാँ ഉപവക്ഷേവ ബാഹൂ (ഋ.6.71.5).

2. രജേഷിതം - 'രജഃ ഇഷിതം' എന്നുള്ളതാണ് സംഹിതയിൽ 'രജേഷിതം എന്നായി പ്രയോഗിച്ചിരിയ്ക്കുന്നത്. 'രജേഷിതം' എന്നതും നിപാതനമാണ്. സന്ധിനിയമങ്ങൾ അനുസരിച്ച് 'രജഃ' എന്ന സവിസർഗ്ഗമായ ശബ്ദത്തിൽനിന്ന് ഇഷിത എന്ന ഇകാരം പരമാകുമ്പോൾ രണ്ടിൻ്റേയും (വിസർഗ്ഗത്തിൻ്റേയും ഇകാരത്തിൻ്റേയും) കൂടി സ്ഥാനത്ത് ഏകാരം വരികയില്ല. അതിനാൽ നിപാതനം ചെയ്തിരിയ്ക്കുന്നു. ഉദാഃ- അശ്വേഷിതം രജേഷിതം (ഋ.8.46.28).

3. ധനർച്ചം- 'ധന അർച്ചം' എന്നതാണ് 'ധനർച്ചം' എന്ന സംഹിതാപാഠത്തിൻ്റെ പദപാഠം. ഇവിടെ ഉത്തരപദമായ 'അർച്ചം' എന്നതിൻ്റെ ആദ്യത്തെ സ്വരത്തിന് ലോപം നിപതിപ്പിച്ചിരിയ്ക്കുന്നു. ഉദാഃ- ഹിരിശ്മശ്രും നാർവ്വാണം ധനർച്ചം (ഋ.10.46.5).

4. ശതർച്ചസം- 'ശത അർച്ചസം' എന്നു പദപാഠമുള്ളിടത്ത് 'ശതർച്ചസം' എന്നു സംഹിതാപാഠം. ഇവിടേയും 'ശതാർച്ചസം' എന്നു ദീർഘമാണ് നാം പ്രതീക്ഷിയ്ക്കുക. ദീർഘം വരാതെ 'ശ

തർച്ചസം' എന്നുള്ള പ്രയോഗമാണ് കാണുന്നത്. അതിനാൽ 'ശ തർച്ചസം' എന്നു നിപാതനം. ഇത് ഉത്തരപദമായ 'അർച്ചസം' എന്നതിന്റെ ആദ്യാക്ഷരമായ അകാരത്തിന് ലോപം നിപതിപ്പിച്ച തുമൂലമാണെന്നു പറയാം.

5. ദശോണയേ 6. ദശോണ്യേ. 7. യഥോഹിഷേ. 8. യഥോചി ഷേ. 9. ദശോണിം- ഈ അഞ്ചിടത്തും 'ഔ'കാരം വരേണ്ടിടത്ത് 'ഓ'കാരം നിപതിപ്പിച്ചിരിയ്ക്കുന്നു. 'ദശ ഓണയേ' എന്നത് ദ ശൗണയേ എന്നാവുന്നതിനു പകരം 'ദശോണയേ' എന്നു സം ഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു. ഉദാഃ- ദശോണയേ കവ യേ*ർ*ക്കസാതൌ (ഋ.6.20.4).

'ദശോണ്യേ' എന്ന സംഹിതാപാഠം കാണുന്നിടത്ത് 'ദശ ഓണ്യേ' എന്നാണ് പദപാഠം കാണുന്നത്. 'ദശൗണ്യേ' എന്ന് അകാര-ഓകാരങ്ങൾക്ക് 'ഔ' എന്ന് പ്രശ്ലേഷം വന്ന രൂപമാണ് സന്ധിനിയമമനുസരിച്ച് വരേണ്ടത്. അതിനുപകരം 'ദശോണ്യേ' എന്നു വന്നിരിയ്ക്കുന്നു. അതിനാൽ ഇതും നിപാതനമാണ്. ഉ ദാഃ- ദശ ശിപ്രേ ദശോണ്യേ (ഋ.8.52.2).

'യഥാ ഓഹിഷേ' എന്നു പദപാഠമുള്ളിടത്ത് 'യഥോഹിഷേ' എന്നു സംഹിതാപാഠം കാണുന്നു. 'യഥൌഹിഷേ' എന്ന പാഠ മാണ് നാം പ്രതീക്ഷിയ്ക്കുക. അതിൽനിന്നു വ്യത്യസ്തമായി 'യ ഥോഹിഷേ' എന്നു പ്രയോഗിച്ചിരിയ്ക്കുന്നതിനാൽ ഇതു നിപാ തനം. ഉദാഃ- വാചം ദൂതോ യഥോഹിഷേ (ഋ.8.5.3).

'യഥാ ഓചിഷേ' എന്ന പദപാഠമുള്ളിടത്ത് 'യഥോചിഷേ' എന്നു സംഹിതാപാഠം കാണുന്നു. സന്ധിനിയമനുസരിച്ച് 'യഥൌ ചിഷേ' എന്ന പ്രയോഗമാണ് വേണ്ടത്. അതിനുപകരം 'യഥോ ചിഷേ' എന്ന് പ്രയോഗിച്ചിരിയ്ക്കുന്നതിനാൽ ഇത് നിപാതനം. ഉദാഃ- പിബാ ദധ്യൃഗ് യഥോചിഷേ (ഋ.8.82.2).

'ദശ ഓണിം' എന്ന് പദപാഠമുള്ളിടത്ത് 'ദശോണിം' എന്നു സംഹിതാപാഠം കാണുന്നു. 'ദശൗണിം എന്നതിനു പകരം 'ദ ശോണിം' എന്നു പ്രയോഗിച്ചുകാണുന്നതിനാൽ 'ദശോണിം' എ ന്നത് നിപാതനമാണ്.

10. സ്വരോദയം പിബാ ഇമം- സ്വരം പരമായി വരുന്ന 'പി ബാ ഇമം' എന്നതും നിപാതനമാണ്. 'പിബ' എന്ന പദം കഴിഞ്ഞ് 'ഇമം' എന്ന പദം വരികയും ആ 'ഇമം' എന്ന പദത്തിനുശേഷം സ്വരം വരികയും ചെയ്താൽ 'പിബാ ഇമം' എന്നാണ് സംഹിത യിൽ പ്രയോഗം. അതിനാൽ ഇതും നിപാതനമാണ്. ഉദാഃ- ഇന്ദ്ര

സോമം പിബാ ഇമം ഏദം ബർഹിഃ (ഋ.8.17.1)

11. രഥോള്ഹ- പദപാഠത്തിൽ 'രഥ/ഓള്ഹ' എന്നു വരുന്നിടത്ത് സംഹിതയിൽ 'രഥോള്ഹ' എന്നാണ് പ്രയോഗം കാണുന്നത്. 'രഥൌള്ഹ' എന്നാണ് പ്രാപ്തമായ പ്രയോഗം. 'ഔ'കാരത്തിന്റെ സ്ഥാനത്ത് ഓകാരം നിപതിപ്പിച്ചിരിയ്ക്കുന്നു. ഉദാഃ- ഏനോത തുഭ്യം രഥോള്ഹ ഭക്ഷൈഃ (ഋ. 10.148.3).

**37. വീരാസ ഏതന തമൂ അകൃണ്വം –**
**സ്തതാരേവ പ്രൈഷയൂ രോദസീമേ ।**
**ധന്വർണസഃ സരപസഃ സചോത**
**പ്രധീവ വീളൂ ഉത സർത്തവാജൌ ।।**

വീരാസ ഏതന, തമൂ അകൃണ്വൻ, തതാരേവ, പ്രൈഷയുഃ, രോദസീ ഇമേ, ധന്വർണ്ണസഃ, സരപസഃ, സചോത, പ്രധീവ, വീളൂ ഉത, സർത്തവാജൌ ഇവ നിപാതനങ്ങളാണ്.

1. വീരാസ ഏതന- 'വീരാസ ഇതന' എന്നു പദപാഠമുള്ളിടത്ത് 'വീരാസ ഏതന' എന്നു സംഹിതാപാഠം കാണുന്നു. ഇവിടെ ഇകാരത്തിന് 'ഏ'കാരം നിപതിപ്പിച്ചിരിയ്ക്കുകയാണ്. നിലവിലുള്ള സന്ധിനിയമങ്ങൾക്കനുസരിച്ച് ഇങ്ങനെ പ്രയോഗമുണ്ടാവില്ല. അതുകൊണ്ട് നിപാതനം പറയുന്നു. ഉദാഃ- പരാ വീരാസ ഏതന (ഋ.5.61.4).

2. തമൂ അകൃണ്വൻ- 'തം ഉ അകൃണ്വൻ' എന്നത് സംഹിതയിൽ 'തമൂ അകൃണ്വൻ' എന്നു പ്രയോഗിച്ചു കാണുന്നു. 'തം' എന്ന പദം കഴിഞ്ഞുള്ള 'ഉ' എന്നതിന് ദീർഘം വന്നിരിയ്ക്കുകയാണ്. അകൃണ്വൻ എന്ന ശബ്ദം പരമായി വരുന്നേടത്തു മാത്രമേ ഇപ്രകാരം ദീർഘം നിപതിപ്പിച്ചിട്ടുള്ളൂ. അതിനാൽ 'അകൃണ്വൻ' എന്ന പദം പരമായി വരുന്ന 'ഉ' എന്നത് 'തമ്' എന്ന പദത്തിനു ശേഷം വന്നാൽ ആ 'ഉ' എന്നതിന് ദീർഘം വരുമെന്ന് നിപതിപ്പിയ്ക്കുകയാണിവിടെ.

3. തതാരേവ- 'തതാര ഏവ' എന്നു പദപാഠമുള്ളിടത്ത് 'തതാരേവ' എന്നു സംഹിതയിൽ പാഠം കാണുന്നു. ഉദാഃ- ഏവേന്നുകം സിന്ധുമേഭിസ്തതാരേവ (ഋ.7.33.3).

'തതാര ഏവ' എന്നിടത്ത് 'തതാര' എന്ന രേഫം കഴിഞ്ഞ് ഏകാരം പരമായി വരുന്നതിനാലും ഇത് ലുശർഷിദൃഷ്ടമായ സൂക്തത്തിനുമുൻപുള്ള സൂക്തത്തിലുള്ളതായതിനാലും പ്രകൃതിഭാവം വരേണ്ടതായിരുന്നു. പ്രകൃതിഭാവം വരാതെ സന്ധിയാണ് വരുന്നതെങ്കിൽ 'തതാരൈവ' എന്ന രൂപമാണ് നാം പ്രതീക്ഷിയ്ക്കു

ക. എന്നാൽ 'തതാരേവ' എന്നു പ്രകൃതിഭാവം ഇല്ലാതേയും ഏകാരത്തോടു കൂടിയതുമായ രൂപമാണ് സംഹിതയിൽ കാണുന്നത് എന്നതിനാൽ ഇത് നിപാതനമാണ്.

4. പ്രൈഷയുഃ – 'പ്ര ഇഷയുഃ' എന്ന് പദപാഠമുള്ളിടത്ത് 'പ്രൈഷയുഃ' എന്നു സംഹിതയിൽ പാഠം കാണുന്നു. സന്ധിനിയമമനുസരിച്ച് 'പ്രേഷയുഃ' എന്ന പാഠമാണ് വരേണ്ടത്. അതിനുപകരം 'പ്രൈഷയുഃ' എന്നു പ്രയോഗിച്ചിരിയ്ക്കുന്നതിനാലാണ് നിപാതനം എന്നു പറയുന്നത്. ഉദാഃ- പ്രൈഷയുർന വിദ്വാൻ (ഋ. 1.120.5)

5. രോദസീമേ- 'രോദസീ ഇമേ' എന്ന് പദപാഠം. 'രോദസീ' എന്നത് 'ഈ'കാരത്തിൽ അവസാനിയ്ക്കുന്ന ദ്വിവചനരൂപമായതുകൊണ്ട് 'ഷഷ്ഠാദയശ്ച ദ്വിവചോ*ƒ*ന്തഭാജസ്തയോ ദീർഘാഃ' എന്ന ശ്ലോകഭാഗംകൊണ്ട് 'രോദസീ' എന്നത് പ്രഗൃഹ്യമാണ്. 'സ്വരേഷു ചാർഷ്യാം' എന്ന ശ്ലോകഭാഗംകൊണ്ട് പ്രഗൃഹ്യത്തിന് സ്വരം പരമായി വരുമ്പോൾ പ്രകൃതിഭാവം വിധിച്ചിട്ടുണ്ട്. ഇവിടെ പ്രകൃതിഭാവം വരാതെ 'രോദസീമേ' എന്ന് പ്രശ്ലിഷ്ടസന്ധി വന്നിരിയ്ക്കുന്നു. ഉദാഃ- അന്തർമഹീ രോദസീമേ (ഋ.7.87.2).

6. ധന്വർണസഃ- 'ധന്വ അർണസഃ' എന്ന് പദപാഠമുള്ളിടത്ത് 'ധന്വർണസഃ' എന്നു സംഹിതാപാഠം കാണുന്നു. 'ധന്വാർണസഃ' എന്ന് പ്രശ്ലേഷസന്ധിയാണ് നാം പ്രതീക്ഷിയ്ക്കുക. അതിനുപകരം 'ധന്വർണസഃ' എന്നു രൂപം കാണുന്നതിനാൽ പദാവയവമായ അകാരത്തിനു ലോപമോ അല്ലെങ്കിൽ ദീർഘം വന്നതിന്നുശേഷം അതിനു വീണ്ടും ഹ്രസ്വമോ വന്നിട്ടുള്ള രൂപം നിപതിപ്പിച്ചിരിയ്ക്കുന്നു. ഉദാഃ- ധന്വർണസോ നദ്യഃ ഖാദോ അർണാഃ (ഋ.5.45.2).

7. സരപസഃ- 'സര അപസഃ' എന്നു പദപാഠമുള്ളിടത്ത് 'സരപസഃ' എന്ന് സംഹിതാപാഠം കാണുന്നു. 'ധന്വർണസഃ' എന്ന പ്രയോഗത്തിന്റെ കാര്യത്തിലെന്ന പോലെ ഇവിടേയും ഏതെങ്കിലും ഒരു അകാരത്തിന് ലോപമോ അല്ലെങ്കിൽ ദീർഘത്തിന് ഹ്രസ്വമോ നിപതിപ്പിച്ചു എന്നു പറയണം. ഉദാഃ- അരമയഃ സരപസസ്തരായ കം (ഋ.2.13.12).

8. സചോത- 'സചാ ഉത' എന്ന് പദപാഠമുള്ളിടത്ത് 'സചോത' എന്ന് സംഹിതാപാഠം കാണുന്നു. 'സ്വരേ പാദാദാ ഉദയേ സചേതി' എന്നു മുൻപുപറഞ്ഞ നിയമമനുസരിച്ച് സചാ എന്ന പദം കഴിഞ്ഞ് പാദാദിയിൽ സ്വരം പരമായി വരികയാണെങ്കിൽ 'സചാ' എന്നതിന് പ്രകൃതിഭാവം വരും. ആ നിയമം ഇവിടെ പ്രവർത്തിയ്ക്കുന്നില്ല. 'സചോത' എന്ന് പ്രശ്ലിഷ്ടസന്ധി വന്നിരിയ്ക്കു

ന്നു. അതിനാൽ 'സചാ' എന്നു കഴിഞ്ഞ് 'ഉത' എന്നതിന്റെ ഉകാരം പരമാവുന്നിടത്ത് പ്രശ്ലിഷ്ടസന്ധി വന്ന രൂപം നിപതിപ്പിച്ചിരിയ്ക്കുന്നു. ഉദാഃ- സ്വസ്തി ധാമഹേ സചോതൈധി (ഋ.5.16.5).

9. പ്രധീവ- 'പ്രധീ ഇവ' എന്ന് പദപാഠം. 'പ്രധീ' എന്നത് 'ഷഷ്ഠാദയശ്ച ദ്വിവചോ/ന്തഭാജസ്ത്രയോ ദീർഘാഃ' എന്ന നിയമമനുസരിച്ച് പ്രഗൃഹ്യമാണ്. ('പ്രധി'- ഇത് ഇകാരാന്ത പുല്ലിംഗ ശബ്ദമാണ്. ഇതിന് 'തേർച്ചക്രത്തിന്റെ വിളുമ്പ്' എന്നർത്ഥം ശബ്ദതാരാവലിയിൽ കൊടുത്തിരിയ്ക്കുന്നു. ചക്രമുരുളുമ്പോൾ ഭൂമിയിൽ തട്ടുന്ന ഭാഗമാണ് 'പ്രധി') പ്രഗൃഹ്യസംജ്ഞയുള്ള പദം കഴിഞ്ഞ് സ്വരം പരമായാൽ 'സ്വരേഷു ചാർഷ്യാം' എന്നു പറഞ്ഞതനുസരിച്ച് സംഹിതയിൽ 'പ്രധീ ഇവ' എന്ന് പ്രകൃതിഭാവമാണ് കാണേണ്ടത്. പ്രധീ ശബ്ദത്തിന് ഇവ എന്നു പരമാകുമ്പോൾ 'പ്രധീവ' എന്ന് പ്രശ്ലേഷം വരുന്ന രൂപമാണ് എന്ന് നിപാതനം മൂലം കാട്ടിത്തരുന്നു. ഉദാഃ- നമ്യേ വന ഉപധീവ പ്രധീവ (ഋ.2.39.4)

10. വീളൂ ഉത- 'വീളൂ ഉത' എന്ന് പദപാഠം. 'വീളു' എന്ന 'ഉ'കാരത്തിന് ദീർഘം നിപതിപ്പിയ്ക്കുന്നു. 'വീളൂ ഉത' എന്നാണ് സംഹിതയിൽ പ്രയോഗം. ഉദാഃ- വീളൂ ഉത പ്രതിഷ്കഭേ (ഋ.1.39.2)

11. സർതവാജൌ- 'സർതവൈ ആജൌ' എന്നാണ് പദപാഠം. ഇവിടെ സംഹിതയിൽ 'സർതവാജൌ' എന്ന് പാഠം കാണുന്നു. 'ആകാരമുത്തമൈൗ ച ദ്വൌ സ്വരൌ' എന്ന നിയമമനുസരിച്ച് അവസാനത്തെ രണ്ടു സ്വരങ്ങളായ ഐ, ഔ എന്നിവ സ്വരം പരമായി വരുമ്പോൾ 'ആ' എന്നായിത്തീരും. അതിനാൽ 'സർതവൈ ആജൌ' എന്നത് 'സർതവാ ആജൌ' എന്നാണാവേണ്ടത്. ഇവിടെ 'സർതവാജൌ' എന്ന പ്രശ്ലേഷം വന്നിരിയ്ക്കുന്നതായി നിപതിപ്പിച്ചിരിയ്ക്കുന്നു.

**38. അശ്വിനേവ പീവോപവസനാനാം**
**മഹോ ആദിത്യാനുഷസാമിവേതയഃ ।**
**സ്തോതവ അംവ്യം ച സൃജാ ഇയധ്യൈ**
**സചേന്ദ്ര സാനോ അവ്യയേ സ്വധാമിതാ ॥**

അശ്വിനേവ, പീവോപവസനാനാം, മഹോ ആദിത്യാൻ, ഉഷസാമിവേതയഃ, സ്തോതവ അംവ്യം, സൃജാ ഇയധ്യൈ, സചേന്ദ്ര, സാനോ അവ്യയേ, സ്വധാമിതാ എന്നിവ ഇപ്രകാരം നിപതിപ്പിച്ചിരിയ്ക്കുന്നു.

1. അശ്വിനേവ:- അശ്വിനാ ഏവ ഇത് എന്നാണ് പദപാഠം. 'അശ്വിനാ' എന്ന 'ആ'കാരം കഴിഞ്ഞ് 'ഏവ' എന്ന് ഏകാരം വരു

മ്പോൾ 'അശ്വിനൈവ' എന്നാണ് രൂപം വരേണ്ടിയിരുന്നത്. എന്നാൽ 'അശ്വിനേവേത്' എന്നാണ് സംഹിതാപാഠം. അതിനാൽ 'അശ്വിനേവ' എന്നത് നിപാതമായി കരുതണം. ഉദാഃ- വാണീഭിരശ്വിനേവേത് (ഋ.8.9.9)

2. പീവോപവസനാനാം:- 'തടിച്ച' എന്നർത്ഥമുള്ള 'പീവസ്' ശബ്ദം 'ഉപവസനാനാം' എന്ന ശബ്ദവുമായിച്ചേർന്ന് സംഹിതയിൽ പ്രയോഗിയ്ക്കുമ്പോൾ 'പീവോപവസനാനാം' എന്നായിത്തീർന്നിരിയ്ക്കുന്നു. ഇവിടെ വിസർഗ്ഗത്തിനു ലോപവും അതിനുശേഷം 'പീവ' എന്ന അകാരത്തിനും 'ഉപവസനാനാം' എന്ന ഉകാരത്തിനും പ്രശ്ലേഷവും നിപതിപ്പിച്ചിരിയ്ക്കുന്നു.
('പീവോപവസനാനാം' എന്നത് വാജസനേയിസംഹിതയിൽ (വാ.സം-21-43) നിന്നാണ് എടുത്തിട്ടുള്ളത്. ഋഗ്വേദപ്രാതിശാഖ്യത്തിന്റെ വ്യാഖ്യാനത്തിൽ ഉവടൻ വിസർഗ്ഗലോപവും പ്രശ്ലേഷവും നിപതിപ്പിച്ചിരിയ്ക്കുന്നു എന്നാണ് വ്യാഖ്യാനിച്ചിരിയ്ക്കുന്നത്.
മഹീധരന്റെ ഭാഷ്യമനുസരിച്ച് 'ഉപവസനേ പീവഃ' എന്ന പ്രാതിശാഖ്യസൂത്രമനുസരിച്ച് 'ഉപവസന' എന്ന ശബ്ദം പരമായി വരുമ്പോൾ 'പീവഃ' എന്ന ശബ്ദത്തിന്റെ വിസർഗ്ഗത്തിന് ലോപം വരുകയാണ്. )

ഉദാഃ- അഗ്നിഷ്വാത്താനാം പീവോപവസനാനാം (വാ.സം:- 21-43).

3. മഹോ ആദിത്യാँ :- 'മഹഃ ആദിത്യാൻ' എന്നു പദപാഠമുള്ളിടത്ത് 'മഹോ ആദിത്യാൻ' എന്നാണ് സംഹിതാപാഠം കാണുന്നത്. 'ദീർഘപരാ ഉദ്ഗ്രാഹപദവൃത്തയഃ' എന്ന പ്രാതിശാഖ്യമനുസരിച്ച് ഉദ്ഗ്രാഹപദവൃത്തി എന്ന സംജ്ഞയുണ്ട്. 'ഹ്രസ്വപൂർവ്വസ്തു സോऽകാരം' എന്ന പ്രാതിശാഖ്യനിയമമനുസരിച്ച് 'മഹ ആദിത്യാൻ' എന്ന പ്രയോഗമാണ് നാം പ്രതീക്ഷിയ്ക്കുക. എന്നാൽ ഇവിടെ അകാരത്തിന് 'ഓ'കാരം വന്ന് മഹോ ആദിത്യാँ എന്നായിരിയ്ക്കുന്നു. ഇത് സന്ധിനിയമത്തിന്നതീതമാകയാൽ നിപാതനമാണ്. ഉദാഃ- മഹോ ആദിത്യാँ അദിതിം സ്വസ്തയേ (ഋ.10.63.5).

4. ഉഷസാമിവേതയഃ- 'ഉഷസാം ഇവ ഏതയഃ' എന്നാണ് പദപാഠം. 'ഇവ' എന്ന് അകാരത്തിനുശേഷം 'ഏതയഃ' എന്ന് ഏകാരം പരമായിവരുമ്പോൾ 'പരേഷ്വൈകാരമോജയോഃ' എന്ന പ്രാതിശാഖ്യമനുസരിച്ച് 'ഇവൈതയഃ' എന്ന പ്രയോഗമാണ് വേണ്ടിയിരുന്നത്. എന്നാൽ 'ഇവേതയഃ' എന്ന പ്രയോഗമാണ് കാ

ണുന്നത്. ഇവിടെ അകാരത്തിനു ഏകാരം നിപതിപ്പിച്ചിരിയ്ക്കുന്നു. ഉദാഃ-ഉഷസാമിവേതയഃ (ഋ.10.91.4).

5. സ്തോതവ അംവ്യം:- 'സ്തോതവേ അംവ്യം' എന്നാണ് പദപാഠം. ഇവിടെ 'സ്തോതവേ*f*വ്യം' എന്ന പ്രയോഗമാണ് നാം പ്രതീക്ഷിയ്ക്കുക. എന്തെന്നാൽ 'അഥാഭിനിഹിതഃ സന്ധിരേതൈഃ പ്രാകൃതവൈകൃതൈഃ ഏകീഭവതി പാദാദിരകാരഃ' എന്ന പ്രാതിശാഖ്യവാക്യമനുസരിച്ച് ഇവിടെ പാദാദിയായ അകാരം ഏകാരവുമായി ഏകീഭവിയ്ക്കേണ്ടതാണ്. ഇവിടെ ഏകീഭാവം വന്നിട്ടില്ലെന്നു മാത്രമല്ല, ഏകാരം അകാരമായിത്തീരുകയും ചെയ്തിരിയ്ക്കുന്നു. ഇത് നിപതിപ്പിച്ചിരിയ്ക്കുന്നതായി മനസ്സിലാക്കാം. ഉദാഃ- വേതി സ്തോതവ അംവ്യം (ഋ.8.72.5).
6. സൃജാ ഇയധ്യൈ:- 'സൃജ ഇയധ്യൈ' എന്നാണ് പദപാഠം കാണുന്നത്. ഇവിടെ പ്രശ്ലിഷ്ടസന്ധി പ്രവർത്തിയ്ക്കുന്നില്ല. അകാരം നിപതിപ്പിച്ചിരിയ്ക്കുന്നു. 'സൃജ' എന്നത് 'സൃജാ' എന്നായിരിയ്ക്കുന്നു. ഉദാഃ- മാതുർന്ന സീമുപ സൃജാ ഇയധ്യൈ (ഋ.6.20.8)
7. സചേന്ദ്ര:- 'സചാ ഇന്ദ്ര' എന്ന് പദപാഠമുള്ളിടത്ത് 'സ്വരേ പാദാദാ ഉഭയേ സചേതി' എന്ന പ്രാതിശാഖ്യവാക്യമനുസരിച്ച് 'സചാ ഇന്ദ്ര' എന്ന് പ്രകൃതിഭാവമാണ് വരേണ്ടത്. എന്നാൽ ഇവിടെ പ്രശ്ലിഷ്ടസന്ധി വന്ന് 'സചേന്ദ്ര' എന്ന പ്രയോഗം കാണുന്നു. അതിനാൽ ഇവിടെ സചാദിവിവൃത്തിയുടെ പ്രതിഷേധം സൂചിപ്പിയ്ക്കപ്പെടുന്നു. ഉദാഃ- ബ്രഹ്മ ച നോ വസോ സചേന്ദ്ര (ഋ.1.10.4).
8. സാനോ അവ്യയേ:- 'സാനൌ അവ്യയേ' എന്നാണ് പദപാഠം. 'ഔ'കാരത്തിന് 'ഓ' നിപതിപ്പിയ്ക്കുന്നു. ഉദാഃ- വൃഷാ പവിത്രേ അധിസാനോ അവ്യയേ (ഋ.9.86.3)
9. സ്വധാമിതാ:- 'സ്വധാ അമിതാ' എന്നാണ് പദപാഠം. 'ശ്രദ്ധാസമ്രാജ്ഞീ.....' എന്നുള്ള പ്രാതിശാഖ്യശ്ലോകമനുസരിച്ച് സ്വധാശബ്ദം കഴിഞ്ഞ് അകാരം, ഇകാരം, ഈകാരം എന്നിവ വന്നാൽ പ്രകൃതിഭാവമാണ് വരിക. അതിനാൽ 'സ്വധാ അമിതാ' എന്ന് സന്ധിചേരാതെ നിൽക്കുന്ന രൂപമായിരുന്നു വേണ്ടത്. എന്നാൽ 'സ്വധാമിതാ' എന്ന് പ്രശ്ലിഷ്ടസന്ധി വന്നിട്ടുള്ള രൂപം കാണുന്നു. ഇത് നിപാതനമാണ്. ഉദാഃ- അനു സ്വധാമിതാ ഭസ്മമീയതേ (ഋ.5.34.1).

**39. ഗോഓപശാ ഗോഋജീകപ്രവാദൌ**
**മനീഷാ ആത്വാ പൃഥിവീ ഉത ദ്യൌഃ ।**
**മനീഷാവസ്യൂ രണയാ ഇഹാവ**
**ബൃഹതീ ഇവേതി ച യഥാഗൃഹീതം ।।**

ഗോഓപശാ, ഗോഋജീക, മനീഷാ ആത്വാ, പൃഥിവീ ഉത ദ്യൌഃ, മനീഷാവസ്യുഃ, രണയാ ഇഹ, ആവ, ബൃഹതീ ഇവ- എന്നിവ ഇപ്രകാരംതന്നെ വരും.

1. ഗോ ഓപശാ:- 'ഓപശാ' എന്ന പദത്തിന് സമീപത്തു ശയിയ്ക്കുന്ന എന്ന അർത്ഥമാണ്. 'ഗോ ഓപശാ' എന്നതിന് ഗോക്കൾ ഏതൊരുവൾക്കാണോ 'ഓപശ' ആയിട്ടുള്ളത് അത് എന്നർത്ഥം. ഇവിടെ ഗോ എന്ന ശബ്ദം കഴിഞ്ഞ് 'ഓപശാ' എന്ന ശബ്ദം പരമായി വന്നിരിയ്ക്കുന്നു. 'ഗോ' എന്ന ഓകാരവും 'ഓപശാ' എന്ന പദത്തിന്റെ ഓകാരവും തമ്മിൽ സന്ധി ചേരാവുന്നതാണ്. എന്നാൽ സന്ധിചേർന്നുള്ള പ്രയോഗമല്ല സംഹിതയിൽ കാണുന്നത്. അതിനാൽ ഇത് നിപതിപ്പിച്ചിരിയ്ക്കുന്നതായി മനസ്സിലാക്കാം. ഉദാഃ- യാത അഷ്ടാ ഗോ ഓപശാ ഘൃണേ (ഋ.6.53.9).
2. ഗോ ഋജീക:- ഗോ ഋജീകം എന്നതിന് ഗോക്ഷീരം മുതലായവയാൽ സംസ്ക്കരിയ്ക്കപ്പെട്ടത് എന്ന അർത്ഥമാണ്. ഗോശബ്ദത്തിനുശേഷം വരുന്ന ഋജീകശബ്ദവുമായി സമാസം വരുമ്പോൾ ഗോശബ്ദത്തിന്റെ ഓകാരത്തിനും ഋജീകശബ്ദത്തിന്റെ ഋകാരത്തിനും തമ്മിൽ സന്ധി വരുന്നില്ല. പ്രകൃതിഭാവമാണ് കാണുന്നത്. ഗോശബ്ദം കഴിഞ്ഞ് ഋജീകശബ്ദം വന്നാൽ അവിടെ പ്രകൃതിഭാവം നിപതിപ്പിയ്ക്കുന്നു. ഉദാഃ- അസാവി ദേവം ഗോ ഋജീകമന്ധഃ (ഋ.7.21.1).
3. മനീഷാ ആ ത്വാ:- 'മനീഷാ ആ ത്വാ' എന്നിടത്ത് മനീഷാ എന്ന ആകാരം കഴിഞ്ഞ് 'ആ' എന്ന സ്വരം പരമായി വന്നിട്ടുണ്ടെങ്കിലും പ്രശ്ലേഷം കാണുന്നില്ല. സന്ധിചേരാതെ രണ്ട് ആകാരങ്ങൾ വേറിട്ടുതന്നെ നിൽക്കുന്നു. ഇവിടേയും പ്രകൃതിഭാവം നിപതിപ്പിച്ചിരിയ്ക്കുന്നതായി മനസ്സിലാക്കണം. ഉദാഃ- കദ്ബാഹോ അർവ്വാഗുപ മാ മനീഷാ ആ ത്വാ (ഋ.10.29.3).
4. പൃഥിവീ ഉത ദ്യൌഃ:- 'പൃഥിവീ ഉത ദ്യൌഃ' എന്ന് പദപാഠം പോലെത്തന്നെ സംഹിതാപാഠവും. പൃഥിവീ എന്ന ഈകാരത്തിനുശേഷം 'ഉത' എന്ന ഉകാരം പരമായി വന്നിട്ടുള്ളതിനാൽ ക്ഷൈപ്രസന്ധി വരാവുന്നതാണ്. എന്നാൽ സന്ധി വ

രാതെയുള്ള പ്രയോഗമാണ് സംഹിതയിലുള്ളത്. അതിനാൽ ഇവിടെ പ്രകൃതിഭാവം നിപതിപ്പിച്ചതായി മനസ്സിലാക്കണം. ഉദാഃ- അദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യൌഃ (ഋ.1.94.16).

5. മനീഷാ വസ്യുഃ:- ശ്രദ്ധാ, സമ്രാജ്ഞീ, മനീഷാ തുടങ്ങിയ ശബ്ദങ്ങൾക്ക് അകാരം, ഇകാരം, ഈകാരം എന്നിവ പരമാകുമ്പോൾ പ്രകൃതിഭാവം വരുമെന്ന് 'ശ്രദ്ധാ സമ്രാജ്ഞീ...' എന്ന പ്രാതിശാഖ്യശ്ലോകംകൊണ്ട് വിധിച്ചിട്ടുണ്ട്. എന്നാൽ 'മനീഷാ'ശബ്ദത്തിൽനിന്ന് 'അവസ്യുഃ' എന്ന ശബ്ദം പരമായി നിൽക്കുമ്പോൾ പ്രശ്ലേഷം സംഭവിച്ച് 'മനീഷാവസ്യുഃ' എന്ന് സംഹിതയിൽ പ്രയോഗിച്ചുകാണുന്നു. അതിനാൽ ഇവിടെ പ്രശ്ലേഷം നിപതിപ്പിച്ചതായി കണക്കാക്കണം.
6. രണയാ ഇഹ:- 'രണയ ഇഹ' എന്ന് പദപാഠമുള്ളിടത്ത് 'രണയാ ഇഹ' എന്ന സംഹിതാപാഠം കാണുന്നു. 'രണയേഹ' എന്ന പ്രശ്ലിഷ്ടസന്ധിയാണ് ഇവിടെ വരേണ്ടത്. അതിനുപകരം അകാരത്തിനു ദീർഘത്വം വന്ന് 'രണയാ ഇഹ' എന്നായിരിയ്ക്കുന്നു. അതിനാൽ 'രണയാ ഇഹ' എന്നിടത്ത് ദീർഘത്വം നിപതിപ്പിച്ചിരിയ്ക്കയാണ്. ഉദാഃ- ഉക്ഥേഷു രണയാ ഇഹ ( ഋ.8.34.11).
7. ആവ:- 'ആ അവ' എന്ന് പദപാഠമുള്ളിടത്ത് 'ആവ' എന്ന സംഹിതാപാഠം കാണുന്നു. 'ഷന്തം ജോഷം..' എന്ന പ്രാതിശാഖ്യം 'ആ' എന്നുള്ളത് അപൃക്തമാണെങ്കിൽ പ്രകൃത്യാ വരും എന്ന് വിധിച്ചിട്ടുണ്ട്. അതിനാൽ 'ആ അവ' എന്നാണ് പ്രയോഗം വേണ്ടിയിരുന്നത്. ഇവിടെ 'ആവ' എന്ന് പ്രശ്ലേഷം വന്ന പ്രയോഗമാണ് കാണുന്നത്. അതിനാൽ ഇത് നിപതിപ്പിച്ചിരിയ്ക്കയാണ്. ഉദാഃ- കദാ വസോ സ്തോത്രം ഹര്യത ആവ (ഋ.10.105.1)
8. ബൃഹതീ ഇവ:- 'ബൃഹതീ ഇവ' എന്ന് പ്രകൃതിഭാവം. പ്രശ്ലേഷം വരുന്നില്ല. 'ത്ര്യക്ഷരാന്താസ്തു നേ വേ' എന്ന പ്രാതിശാഖ്യമനുസരിച്ച് ഇവിടെ പ്രകൃതിഭാവമില്ല. എന്നാൽ ഇവിടെ പ്രകൃതിഭാവം നിപതിപ്പിച്ചിരിയ്ക്കുന്നു. ഉദാഃ- ബൃഹതീ ഇവ സൂനവേ രോദസീ (ഋ.1.59.4).

**40. യോനിമാരൈഗദാരൈ-**
**ഗാരൈഗ് ദുര്യോണ ആവൃണക് ।**
**ഹന്ത്യാസദ്രുപ ആരുപിത-**
**മനായുധാസ ആസതാ ।।**

യോനിമാരൈക്, അഗാദാരൈക്, ആരൈക്, ദുര്യോണ ആവൃണക്, ഹന്ത്യാസത്, രുപ ആരൂപിതം, അനായുധാസ ആസതാ എന്നിവ ഇപ്രകാരംതന്നെ വരും.

1. യോനിമാരൈക്:- പദപാഠത്തിൽ 'യോനിം അരൈക്' എന്നാണ്. സംഹിതാപാഠത്തിൽ അകാരം ദീർഘമായി പ്രയോഗിച്ചിരിയ്ക്കുന്നു. ഇത് നിപാതനമാണ്. ഉദാഃ- സ്വസാ സ്വസ്രേ ജ്യായസ്യൈ യോനിമാരൈക് (ഋ.1.124.8).
2. അഗാദാരൈക്:- 'അഗാദ് അരൈക്' എന്നാണ് പദപാഠം. ഇവിടേയും 'അരൈക്' എന്നുള്ളിടത്തെ അകാരം സംഹിതയിൽ ദീർഘമായി പ്രയോഗിച്ചിരിയ്ക്കുന്നു. ഇതും നിപാതനമായി കണക്കാക്കണം. ഉദാഃ- രുശദ്വത്സാ രുശതീ ശ്വേത്യാഗാദാരൈക് (ഋ.1.113.2).
3. ആരൈക്:- അരൈക് എന്ന് പദപാഠമുള്ളിടത്ത് സംഹിതയിൽ 'ആരൈക്' എന്ന് പ്രയോഗം കാണുന്നു. ഇത് നിപാതനമാണ്. ഉദാഃ- ആരൈക് പന്ഥാ യാതവേ സൂര്യായ (ഋ.1.113.16).
   യോനിമാരൈക്, അഗാദാരൈക്, ആരൈക് എന്നീ മൂന്നു പ്രയോഗങ്ങളിലും 'അരൈക്' എന്നത് 'ആരൈക്' എന്നായിരിയ്ക്കുന്നു.
4. ദുര്യോണ ആവൃണക്:- 'ദുര്യോണേ അവൃണക്' എന്ന് പദപാഠമുള്ളിടത്ത് 'ദുര്യോണ ആവൃണക്' എന്നാണ് സംഹിതാപാഠം. ഇവിടേയും അകാരം ദീർഘിപ്പിച്ചിരിയ്ക്കുന്നു. 'ദുര്യോണേ അവൃണക്' എന്ന വാക്യത്തിലെ 'ദുര്യോണേ' എന്ന ഏകാരത്തിന് 'പൂർവ്വൌ ചോപോത്തമാൽ സ്വരൌ' എന്ന പ്രാതിശാഖ്യനിയമമനുസരിച്ച് അകാരം വരുന്നു.

ഉദാഃ- നി ദുര്യോണ ആവൃണങ്മൃധ്രവാചം (ഋ.5.32.8).
   (ദുര്യോണ എന്ന പദത്തിന് 'യുദ്ധം' എന്നും അവൃണക് എന്നതിന് 'ഹിംസിച്ചു' എന്നുമാണ് അർത്ഥം)

5. ഹന്ത്യാസത്:- 'ഹന്തി അസത്' എന്ന് പദപാഠമുള്ളിടത്ത് 'ഹന്ത്യാസത്' എന്നാണ് സംഹിതയിൽ പാഠം കാണുന്നത്. 'ഹന്ത്യസത്' എന്നതിനു പകരം അകാരം ദീർഘിപ്പിച്ച രൂപമാണ് പ്രയോഗിച്ചിരിയ്ക്കുന്നത്. ഇത് നിപാതനമാണ്. ഉദാഃ- ഹന്തി രക്ഷോ ഹന്ത്യാസദ്വദന്തം (ഋ.7.104.13)
   (അസത് എന്നതിന് അസത്യം എന്നാണർത്ഥം.)
6. രുപ ആരുപിതം:- 'രുപ അരുപിതം' എന്ന് പദപാഠമുള്ളിടത്ത് 'രുപ ആരുപിതം' എന്ന് സംഹിതയിൽ കാണുന്നു. അരുപി

തം എന്നതിന്റെ അകാരം ദീർഘിപ്പിച്ച രൂപമാണത്. ഇത് നിപാതനമാണ്. ഉദാഃ- അഗ്രേ രുപ ആരുപിതം ജബാരു (ഋ.4.5.7). ('രുപ' എന്ന പദത്തിന് ഭൂമി എന്നർത്ഥം. സസ്യങ്ങളെ മുളപ്പിയ്ക്കുന്നതുകൊണ്ടാണ് ഈ പേർ വന്നത്).

7. അനായുധാസ ആസതാ:- 'അനായുധാസ അസതാ' എന്ന് പദപാഠമുള്ളിടത്ത് 'അനായുധാസ ആസതാ' എന്ന് സംഹിതയിൽ പ്രയോഗം കാണുന്നു. 'അസതാ' എന്ന അകാരം ദീർഘിപ്പിച്ചുകൊണ്ടുള്ള പ്രയോഗം നിപാതനമാണ്. ഉദാഃ- അനായുധാസ ആസതാ സചന്താം (ഋ.4.5.14).

**41. അസ്ത്വാസതോ നിരാവിധ്യദഭ്യാദേവം ക ആസതഃ ।**
**ന്യാവൃണങ് നകിരാദേവോ ന്യാവിധ്യദേനമായുനക് ॥**

അസ്ത്വാസതഃ, നിരാവിധ്യത്, അഭ്യാദേവം, ക ആസതഃ, ന്യാവൃണക്, നകിരാദേവഃ, ന്യാവിധ്യത്, ഏനമായുനക് ഇവയും ഇപ്രകാരംതന്നെ ഗ്രഹിയ്ക്കപ്പെടണം. 'അസ്ത്വാസതഃ' എന്നു തുടങ്ങി 'ഏനമായുനക്' എന്നുവരേയുള്ള എല്ലാ സംഹിതാവാക്യങ്ങളിലും അകാരത്തിന് ദീർഘം നിപതിപ്പിച്ചിരിയ്ക്കയാണ്.

1. അസ്ത്വാസതഃ:- 'അസ്തു അസതഃ' എന്നു പദപാഠമുള്ളിടത്ത് 'അസ്ത്വാസതഃ' എന്നാണ് സംഹിതയിൽ പ്രയോഗം കാണുന്നത്. 'അസ്ത്വസതഃ' എന്ന പ്രയോഗമാണ് നാം പ്രതീക്ഷിയ്ക്കുന്നത്. ഇവിടെ 'അസതഃ' എന്ന പദത്തിലെ അകാരം ദീർഘിപ്പിച്ചിരിയ്ക്കുന്നു. ഈ ദീർഘം നിപാതനമാണ്. ഉദാഃ- അസന്നസ്ത്വാസത ഇന്ദ്ര വക്താ (ഋ.7.104.8)
2. നിരാവിധ്യത്:- 'നിഃ അവിധ്യത്' എന്നാണ് പദപാഠം. സംഹിതയിൽ 'നിരാവിധ്യത്' എന്നാണ് പ്രയോഗം. 'അവിധ്യത്' എന്ന പദത്തിന്റെ ആദ്യമായ അകാരം ദീർഘിപ്പിച്ചിരിയ്ക്കുന്നു. ഇത് നിപാതനമാണ്.

ഉദാഃ- നിരാവിധ്യത് ഗിരിഭ്യ ആ ധാരയത്. (ഋ.8.77.6).

3. അഭ്യാദേവം:- 'അഭി അദേവം' എന്ന് പദപാഠമുള്ളിടത്ത് സംഹിതയിൽ 'അഭ്യാദേവം' എന്നാണ് പാഠം കാണുന്നത്. 'അഭി അദേവം' എന്നത് അഭ്യദേവം (ക്ഷൈപ്രസന്ധി) എന്നായിത്തീരുമെന്നാണ് നാം പ്രതീക്ഷിയ്ക്കുക. ഇവിടെ 'അദേവം' എന്ന പദത്തിന്റെ അകാരം ദീർഘിപ്പിച്ചിരിയ്ക്കുന്നു. ഈ ദീർഘം നിപാതനമാണ്.

ഉദാഃ- ഭുവദ്വിശ്വമഭ്യാദേവമോജസാ (ഋ.2.22.4).

4. ക ആസതഃ:- 'കഃ അസതഃ' എന്നു പദപാഠമുള്ളിടത്ത് സംഹി

തയിൽ 'ക ആസത' എന്ന് പ്രയോഗം കാണുന്നു. 'അസതഃ' എന്ന പദത്തിന്റെ ആദ്യത്തെ അകാരം ദീർഘിപ്പിച്ചുകൊണ്ടാണ് പ്രയോഗം. ഈ ദീർഘം നിപാതനമാണ്.

ഉദാഃ- ക ആസതോ വചസഃ സന്തി ഗോപാഃ (ഋ.5.12.4).

5. ന്യാവൃണക്:- 'നി അവൃണക്' എന്നു പദപാഠമുള്ളിടത്ത് സംഹിതയിൽ 'ന്യാവൃണക്' എന്ന് പ്രയോഗം കാണുന്നു. 'അവൃണക്' എന്ന പദത്തിലെ ആദ്യത്തെ അകാരം ദീർഘിപ്പിച്ചിരിയ്ക്കുന്നു. ഈ ദീർഘം നിപാതനമാണ്.

   ഉദാഃ- ഇന്ദ്രോ യഃ ശുഷ്ണമശ്രുഷം ന്യാവൃണങ്മരുത്വതം (ഋ. 1.101.2).

6. നകിരാദേവഃ- 'നകിഃ അദേവഃ' എന്നു പദപാഠമുള്ളിടത്ത് 'നകിരാദേവ' എന്ന് സംഹിതയിൽ പാഠം കാണുന്നു. 'അദേവഃ' എന്ന പദത്തിന്റെ ആദ്യത്തെ അകാരം ദീർഘിപ്പിച്ചിരിയ്ക്കുന്നു. ഇത് നിപാതനമാണ്.

   ഉദാഃ- യയോഃ ശത്രുഃ നകിരാദേവ ഓഹതേ (ഋ. 8.59.2)

7. ന്യാവിധ്യത്ഃ- 'നി അവിധ്യത്' എന്നു പദപാഠമുള്ളിടത്ത് ' ന്യാവിധ്യത്' എന്ന് സംഹിതയിൽ പ്രയോഗം കാണുന്നു. ഇവിടെയും ക്ഷൈപ്രസന്ധിയ്ക്കു ശേഷം അകാരത്തിനു ദീർഘം നിപതിപ്പിച്ചിരിയ്ക്കുന്നു.

   ഉദാഃ- ന്യാവിധ്യദിലീവിശസ്യദൃള്ഹാ (ഋ. 1.33.12).

8. ഏനമായുനക്ഃ- 'ഏനം അയുനക്' എന്നു പദപാഠമുള്ളിടത്ത് 'ഏനമായുനക്' എന്നു സംഹിതാപാഠം കാണുന്നു. 'അയുനക്' എന്ന പദത്തിന്റെ ആദ്യത്തെ അകാരം ദീർഘിപ്പിച്ചിരിയ്ക്കുന്നു. ഇത് നിപാതനമാണ്.

   ഉദാഃ- ഏനമായുനഗിന്ദ്ര (ഋ. 1.163.2)

**42. അഹിഹന്നാരിണക്പഥ ആയുക്ഷാതാമുദാവതാ ।**
**രിക്ഥമാരൈ ഗ്യ ആയുക്ത കുരുശ്രവണമാവൃണി ॥**

അഹിഹന്നാരിണക്പഥ, ആയുക്ഷാതാം, ഉദാവതാ, രിക്ഥമാരൈക്, യ ആയുക്ത, കുരുശ്രവണമാവൃണി എന്നിവ ഇപ്രകാരംതന്നെ ഭവിയ്ക്കും.

1. അഹിഹന്നാരിണക് പഥഃ- 'അഹിഹൻ അരിണക് പഥഃ' എന്നു പദപാഠമുള്ളിടത്ത് 'അഹിഹന്നാരിണക് പഥഃ' എന്ന് സംഹിതാപാഠം കാണുന്നു. 'അരിണക്' എന്ന പദത്തിലെ അകാരം സംഹിതയിൽ ദീർഘിച്ചിരിയ്ക്കുന്നു. ഇത് നിപാതനമാണ്.

ഉദാഃ- ദിവോ യോ ധൌതീനാമഹിഹന്നാരിണക് പഥഃ (ഋ. 2.13.5).

2. ആയുക്ഷാതാം:- 'അയുക്ഷാതാം' എന്നു പദപാഠത്തിൽ കാണുന്നു. സംഹിതയിൽ 'ആയുക്ഷാതാം' എന്നാണ് പാഠം. അകാരം ദീർഘിച്ചിട്ടുള്ള രൂപം നിപതിപ്പിച്ചിരിയ്ക്കുന്നു.
   ഉദാഃ- ആയുക്ഷാതാമശ്വിനാ യാതവേ (ഋ. 1.157.1).
3. ഉദാവതാഃ- 'ഉത് അവതാ' എന്നാണ് പദപാഠത്തിൽ കാണുന്നത്. അകാരത്തിനു ദീർഘം വന്നിട്ട് 'ഉദാവതാ' എന്ന രൂപമാണ് സംഹിതയിൽ ഉള്ളത്. ഇവിടേയും അകാരത്തിന്റെ രൂപം നിപാതനമാണ്.
   ഉദാഃ- ഉദാവതാ ത്വക്ഷസാ പന്യസാ (ഋ. 6.18.9).
4. രിക്ഥമാരൈക്:- 'രിക്ഥം അരൈക്' എന്നാണ് പദപാഠം. 'അരൈക്' എന്നതിന്റെ അകാരം ദീർഘിച്ച രൂപമാണ് സംഹിതയിൽ. ഈ അകാരദീർഘവും നിപാതനമാണ്.
   ഉദാഃ- ന ജാമയേ താന്വോ രിക്ഥമാരൈക് (ഋ. 3.31.2).
5. യ ആയുക്ത:- അയുക്ത എന്നാണ് പദപാഠം. അകാരത്തിനു ദീർഘം വന്ന് ആയുക്ത എന്നായിത്തീർന്ന രൂപമാണ് സംഹിതയിൽ. ഈ ദീർഘം നിപാതനമാണ്.
   ഉദാഃ- അസ്യ വാസാ ഉ അർച്ചിഷാ യ ആയുക്ത തുജാഗിരാ (ഋ.5.17.3).
6. കുരുശ്രവണമാവൃണി:- 'കുരു ശ്രവണം അവൃണി' എന്നാണ് പദപാഠം. 'അവൃണി' എന്ന പദത്തിലെ അകാരത്തിന് ദീർഘം വന്ന് 'ആവൃണി' എന്നായിത്തീർന്ന രൂപമാണ് സംഹിതയിൽ. ഈ ദീർഘം നിപാതനമാണ്.
   ഉദാ:- കുരുശ്രവണമാവൃണി രാജാനം (ഋ. 10.33.4).

**43. ശുനശ്ചിച്ഛേപം നിദിതം**
**നരാ വാ ശംസം പൂഷണം ।**
**നരാ ച ശംസം ദൈവ്യം**
**താ അനാനുപൂർവ്വ്യസംഹിതാഃ ।।**

ശുനശ്ചിച്ഛേപം നിദിതം, നരാ വാ ശംസം പൂഷണം, നരാ ച ശംസം ദൈവ്യം- ഇവ മൂന്നും അനാനുപൂർവ്വ്യസംഹിതകളാണ്. ഈ മൂന്നിനും പദാനുപൂർവ്വ്യേണ സംഹിത കാണുന്നില്ല. ഇവയ്ക്ക് അനാനുപൂർവ്വ്യസംഹിത എന്നു സംജ്ഞ വിധിയ്ക്കുന്നു.

1. ശുനശ്ചിച്ഛേപം നിദിതം:- പദപാഠത്തിൽ 'ശുനഃ ശേപം ചിത്' എന്നാണുള്ളത്. എന്നാൽ സംഹിതയിൽ 'ശുനശ്ചിച്ഛേപം നിദിതം സഹസ്രാത്' (ഋ. 5.2.7) എന്നാണ് കാണുന്നത്. സംഹിതയുടെ പ്രകൃതപദമാണെന്നും (സംഹിതാ പദപ്രകൃതിഃ) ഒരു

പദത്തിന്റെ അവസാനത്തിലുള്ള അക്ഷരം അടുത്ത പദത്തിന്റെ ആദിയിലുള്ള അക്ഷരവുമായി സന്ധിയ്ക്കും (പദാന്താൻ പദാദിഭിഃ സന്ദധേത്) എന്നും പറഞ്ഞിട്ടുള്ളതിന് ഇത് അപവാദമായി കരുതണം. ഇവിടെ പദപാഠത്തിലെ പദക്രമത്തിൽനിന്ന് ഭിന്നമായി സംഹിതാപാഠത്തിൽ പദക്രമം സ്വീകരിയ്ക്കുകയും 'ശുനഃ' എന്നതിന് 'ശേപഃ' എന്ന പദത്തിന്റെ ആദിയിലുള്ള വർണ്ണവുമായി സന്ധി പറയാതെ 'ചിത്' എന്ന പദത്തിന്റെ ആദിയിലുള്ള വർണ്ണവുമായി സന്ധി വരികയും ചെയ്തിരിയ്ക്കുന്നു.

2. നരാ വാ ശംസം പൂഷണം:- ഇവിടെ പദപാഠം 'നരാ ശംസം വാ പൂഷണം' എന്നാണ്. സംഹിതയിൽ 'നരാ വാ ശംസം പൂഷണം' എന്നു കാണുന്നു.
   ഉദാഃ- നരാ വാ ശംസം പൂഷണമഗോഹ്യം (ഋ. 10.64.3).
   പദപാഠത്തിന്റെ ആനുപൂർവ്വിയിൽനിന്ന് വ്യതിരിക്തമായ സംഹിതാപാഠമാണ് കാണുന്നത്.
3. നരാ ച ശംസം ദൈവ്യം:- പദപാഠത്തിൽ 'നരാ ശംസം ച ദൈവ്യം' എന്നാണ് പദാനുപൂർവ്വി. സംഹിതയിൽ 'നരാ ച ശംസം ദൈവ്യം' എന്നും. അതിനാൽ ഇതും അനാനുപൂർവ്വ്യസംഹിതയാണ്.
   ഉദാഃ- നരാ ച ശംസം ദൈവ്യം ച ധർത്തരി (ഋ. 9.86.42.)

**44. യതോ ദീർഘസ്തതോ ദീർഘാ വിവൃത്തയോ**
**ദ്വിഷന്ധയസ്തൂഭയതഃ സ്വരസ്വരാഃ ।**
**പ്രാച്യ പാഞ്ചാല ഉപധാനിഭോദയാഃ**
**ശാകലസ്യ സ്ഥവിരസ്യേതരാ സ്ഥിതിഃ ।।**

സ്വരങ്ങൾ പരസ്പരം സന്ധിചേരാതെ നിൽക്കുന്നതിനെ വിവൃത്തി എന്നു പറയുമെന്ന് മുൻപു പറയുകയുണ്ടായി. അവയിൽ ഏതെങ്കിലും ഒരു സ്വരം ദീർഘമാണെങ്കിൽ 'ദീർഘവിവൃത്തി' എന്നു പറയും.

ഉദാഃ-

1. ഗോഷാ ഇന്ദ്രോ ഹൃഷാ അസി (ഋ.9.2.10)
2. യ ആനയത് പരാവതഃ (ഋ.6.45.1)
3. താ ആപോ ദേവീരിഹ മാമവന്തു (ഋ.7.49.1)

ഒന്നാമത്തെ ഉദാഹരണത്തിൽ ആദ്യം ദീർഘവും രണ്ടാമത് ഹ്രസ്വവുമാണ്. 'ഗോഷാ ഇന്ദ്ര'- ആകാരം ദീർഘവും ഇകാരം ഹ്രസ്വവുമാണ്. രണ്ടാമത്തെ ഉദാഹരണത്തിൽ ആദ്യം ഹ്രസ്വവും

രണ്ടാമത് ദീർഘവുമാണ്.- 'യ ആനയത്'. അകാരം ഹ്രസ്വവും ആകാരം ദീർഘവും. മൂന്നാമത്തേതിലാകട്ടെ രണ്ടു സ്വരങ്ങളും ദീർഘങ്ങളാണ്. 'താ ആപോ'. ആ, ആ- രണ്ടും ദീർഘങ്ങൾ.

ഏതെങ്കിലും ഒരു സ്വരം ദീർഘമായാലും രണ്ടും ദീർഘമായാലും 'ദീർഘവിവൃത്തി' എന്നുതന്നെയാണ് പറയുക.

ചിലപ്പോൾ മൂന്നു സ്വരങ്ങളുള്ള വിവൃത്തികളുമുണ്ടാകാം.

ഉദാഃ- അഭൂദുഭാ ഉ അംശവേ (ഋ.1.46.10)

ഇവിടെ ആ, ഉ, അം എന്നിങ്ങനെ മൂന്നു സ്വരങ്ങളടങ്ങുന്ന വിവൃത്തിയാണ്. ഇത്തരം വിവൃത്തിയെ 'ദ്വിഷന്ധി' എന്നു പറയുന്നു. ഇവയിൽ മദ്ധ്യത്തിലുള്ള സ്വരത്തിന് ഇരുവശവും സ്വരങ്ങളുള്ളതിനാൽ ഉഭയതഃ സ്വരസ്വരങ്ങളാണ് ഇവ.

തസ്മാ ഉ അദ്യ സമനാ സുതം ഭര (ഋ.8.66.7) എന്നതും ദ്വിഷന്ധിയ്ക്ക് മറ്റൊരുദാഹരണമാണ്.

വിവൃത്തികളിൽ പ്രാച്യപഞ്ചാലപദവൃത്തികളെക്കുറിച്ച് നേരത്തെ പ്രതിപാദിയ്ക്കുകയുണ്ടായി. സ്ഥവിരശാകല്യന്റെ മതത്തിൽ പ്രാച്യപഞ്ചാലപദവൃത്തികളുടെ ഉപധകളുടെപോലെ പരമായ അകാരം വരും. അതായത്, 'ഏഷ ദേവോ അമർത്ത്യഃ' (ഋ.9.3.1), 'ആംഗിരസോ ജൂഹേ വാജേ അസ്മിൻ', 'നോ അഹ പ്രവിന്ദസി' (ഋ.10.86.2) മുതലായ മന്ത്രങ്ങളിൽ 'ദേവോ അമർത്ത്യഃ' എന്നത് 'ദേവോ*f*മർത്ത്യഃ' എന്നും 'വാജേ*f*അസ്മിൻ' (ഋ.10.149.5) എന്നത് 'വാജേ*f*സ്മിൻ' എന്നും, 'നോ അഹ' എന്നത് 'നോ*f*ഹ' എന്നും ഉച്ചരിയ്ക്കണം. ഇവിടെയെല്ലാം ഹ്രസ്വമായ അകാരത്തിന് പൂർവ്വരൂപം വന്നിരിയ്ക്കുന്നു. (പൂർവ്വരൂപം=പൂർവ്വമുള്ളതിന്റെ രൂപം).

മറ്റു ശാകലന്മാരുടെ മതത്തിൽ മറ്റൊരുതരത്തിലാണ്. അവർ പ്രകൃതോഭയത്വമാണ് സ്വീകരിയ്ക്കുന്നത്. അതിനാൽ അകാരത്തിന് പൂർവ്വരൂപം വരുന്നില്ല.

ഉദാഃ-

1. ഏഷ ദേവോ അമർത്ത്യഃ (ഋ.9.3.1).
2. ആംഗിരസോ ജൂഹേ വാജേ അസ്മിൻ (ഋ.10.149.5).
3. നോ അഹ പ്രവിന്ദസി ഋ.10.86.2).

**രണ്ടാം പടലം കഴിഞ്ഞു**

# 3. സ്വരപടലം

### സ്വരങ്ങൾ

സാമാന്യേന ഓരോ പദത്തിലും ഒരു ഉദാത്തമല്ലെങ്കിൽ ഒരു സ്വരിതം ഉണ്ടായിരിയ്ക്കും. ബാക്കി എല്ലാം അനുദാത്തമായിരിയ്ക്കും. എന്നാൽ ഇതിന് അപവാദമുണ്ട്. ചുരുക്കം ചില പദങ്ങളിൽ രണ്ടോ അതിലധികമോ ഉദാത്തങ്ങളുണ്ടാകാം. എല്ലാം അനുദാത്തമായ പദങ്ങളുമുണ്ട്.

ഉദാത്തസ്വരിതങ്ങളുടെ എണ്ണം ഓരോ പദത്തിലും കുറവായതിനാൽ പദങ്ങളെ ഉദാത്തസ്വരിതങ്ങളുടെ പേർചേർത്തു വ്യവഹരിയ്ക്കാറുണ്ട്-ആദ്യുദാത്തം, മദ്ധ്യോദാത്തം, അന്തോദാത്തം, ആദിസ്വരിതം, മദ്ധ്യസ്വരിതം, അന്തസ്വരിതം എന്നിങ്ങനെ. ഒറ്റ അക്ഷരങ്ങളുള്ള ചില പദങ്ങളിൽ ഉദാത്തസ്വരം മാത്രവും മറ്റു ചില പദങ്ങളിൽ സ്വരിതം മാത്രവുമായും കാണുന്നുണ്ട്. 'ബൃഹസ്പതി' എന്ന പദം ദ്വിരുദാത്തമാണ്. 'ഇന്ദ്രാബൃഹസ്പതി' എന്നത് ത്രിരുദാത്തമാണ്. 'വഃ', 'നഃ' മുതലായവ സർവ്വാനുദാത്തവുമാണ്.

ആദ്യുദാത്തം, മദ്ധ്യോദാത്തം, അന്തോദാത്തം, ആദിസ്വരിതം, മദ്ധ്യസ്വരിതം, അന്തസ്വരിതം, ഉദാത്തമാത്രം, സ്വരിതമാത്രം, ദ്വ്യുദാത്തം, ത്രിരുദാത്തം, സർവ്വാനുദാത്തം എന്നിങ്ങനെ പതിനൊന്നു വിധത്തിലാണ് പദം വരിക.

**1. ഉദാത്തശ്ചാനുദാത്തശ്ച സ്വരിതശ്ച ത്രയഃ സ്വരാഃ ।**
**ആയാമവിശ്രംഭാക്ഷേപൈസ്ത ഉച്യന്തേ$\mathcal{f}$ക്ഷരാശ്രയാഃ ॥**

ഉദാത്തം, അനുദാത്തം, സ്വരിതം എന്നിങ്ങനെ സ്വരങ്ങൾ മൂന്നുവിധത്തിലാണ്. അക്ഷരങ്ങളെ (സ്വരങ്ങളെ) ആശ്രയിച്ചുണ്ടാകുന്ന ഇവ ആയാമം, വിശ്രംഭം, ആക്ഷേപം എന്നിവയാൽ യഥാക്രമം ഉച്ചരിയ്ക്കപ്പെടുന്നു.

വായു നിമിത്തമുള്ള ഗാത്രങ്ങളുടെ ഊർദ്ധ്വഗമനമാണ് ആയാമം. ആയാമത്താൽ ഉച്ചരിയ്ക്കപ്പെടുന്നത് ഉദാത്തം. വായുനിമിത്തമുള്ള ഗാത്രങ്ങളുടെ അധോഗമനമാണ് വിശ്രംഭം. വിശ്രംഭത്തോടെ ഉച്ചരിയ്ക്കപ്പെടുന്നത് അനുദാത്തം. വായു നിമിത്തമുള്ള ഗാത്രങ്ങളുടെ തിര്യഗ്ഗമനമാണ് ആക്ഷേപം. ആക്ഷേപത്തോടെ ഉച്ചരിയ്ക്കപ്പെടുന്നത് സ്വരിതം.

ഉദാത്താനുദാത്തസ്വരിതങ്ങൾ അക്ഷരങ്ങളുടെ ധർമ്മമാകയാൽ ഉദാത്താദികൾക്കും അക്ഷരങ്ങൾക്കും തമ്മിൽ ധർമ്മധർമ്മിഭാവമാണ്.

**2. ഏകാക്ഷരസമാവേശേ പൂർവ്വയോഃ സ്വരിതഃ സ്വരഃ ।**
**തസ്യോദാത്തതരോദാത്താദർദ്ധമാത്രാർദ്ധമേവ വാ ॥**

ഉദാത്തവും അനുദാത്തവും ഒരക്ഷരത്തിൽ ഒന്നിച്ചുവന്നാൽ അവിടെ അവയ്ക്കു സ്വരിതം വരും.

ഉദാഃ- തേ*/*വർദ്ധന്ത സുതവസഃ (ഋ.1.85.7)

ഇവിടെ പദപാഠം തേ അവർദ്ധന്ത സുതവസഃ എന്നാണ്. തേ എന്നത് ഉദാത്തവും അ എന്നുള്ളത് അനുദാത്തവുമാണ്. ഉദാത്തമായ ഏകാരവും അനുദാത്തമായ അകാരവും തമ്മിൽച്ചേർന്ന് ഏകാരം മാത്രം ശേഷിച്ചപ്പോൾ ഏകാരത്തിന്റെ സ്വരം സ്വരിതമായി.

(സ്വരിതസ്വരം അടയാളപ്പെടുത്തുന്നത് അക്ഷരത്തിന്റെ മുകളിൽ ഒരു നേർവരയും (ഉദാ:- ജ॑) അനുദാത്തം അടയാളപ്പെടുത്തുന്നത് അക്ഷരത്തിന്റെ ചുവട്ടിൽ നെടുകെ ഒരു വരയും (ഉദാഃ-ജ॒) ഇട്ടിട്ടാണ്. ഉദാത്തത്തിനു ചിഹ്നമില്ല.

ഹ്രസ്വസ്വരിതത്തിന്റെ ആദ്യത്തെ അരമാത്രയും ദീർഘസ്വരിതത്തിന്റെ ആദ്യത്തെ ഒരു മാത്രയും അതായത്, സ്വരിതങ്ങളുടെ ആദ്യത്തെ അർദ്ധഭാഗം ഉദാത്തത്തേക്കാൾ ഉദാത്തതരമായിരിയ്ക്കും.

Note:- ഹ്രസ്വമായ സ്വരമുച്ചരിയ്ക്കാൻവേണ്ട സമയത്തിനാണ് 'മാത്ര' എന്നു പറയുന്നത്. ഏകമാത്രികമായത് ഹ്രസ്വവും ദ്വിമാത്രികമായത് ദീർഘവും. ഹ്രസ്വമായ സ്വരിതമുച്ചരിയ്ക്കാൻ എടുക്കുന്ന ഒരു മാത്രയിൽ ആദ്യത്തെ അര മാത്രയും ദീർഘമായ സ്വരിതമുച്ചരിയ്ക്കാനെടുക്കുന്ന രണ്ടു മാത്രകളിൽ ആദ്യത്തെ ഒരു മാത്രയും ഉദാത്തതരമായിട്ടുച്ചരിയ്ക്കണം. ഇത് ഉദാത്തതരം എന്നു പറഞ്ഞത് ഉദാത്തത്തേക്കാൾ ഉദാത്തതരമായതുകൊണ്ടാണ്.

**3. അനുദാത്തഃ പരഃ ശേഷഃ സ ഉദാത്തശ്രുതിർന്നചേത് ।**
**ഉദാത്തം വോച്യതേ കിഞ്ചിത് സ്വരിതം വാക്ഷരം പരം.॥**

സ്വരിതത്തിൽ ശേഷിയ്ക്കുന്ന പകുതി ഹ്രസ്വത്തിൽ പകുതിമാത്രയും, ദീർഘത്തിൽ ഒരു മാത്രയും, അതിനുശേഷം ഉദാത്തമോ സ്വരിതമോ പരമായി വരുന്നില്ലെങ്കിൽ ഉദാത്തശ്രുതിയായിരിയ്ക്കും. ഉദാത്തംപോലെ ശ്രവിയ്ക്കപ്പെടുന്നതിനാലാണ് ഉദാത്തശ്രുതി എന്നു പറയുന്നത്. ഉദാത്തമോ സ്വരിതമോ ആയ അക്ഷരം പരമായി വരുന്നുണ്ടെങ്കിൽ സ്വരിതത്തിന്റെ ഈ ഉത്തരമായ അർദ്ധാംശം അനുദാത്തമായിരിയ്ക്കും; ഉദാത്തശ്രുതിയാ

യിരിയ്ക്കില്ല. ഇതിന് ബഹ്വൃചന്മാർ കംപം എന്നു പറയുന്നു.

ഉദാഃ- 1. തേ്ƒവർദ്ധന്ത (ഋ.1.85.7)

തേ എന്ന സ്വരിതം കഴിഞ്ഞ് വ എന്ന അനുദാത്തമാണ് പരമായി വന്നിട്ടുള്ളത്. ഉദാത്തമോ സ്വരിതമോ പരമാവാത്തതിനാൽ ഉദാത്തശ്രുതി. ഇത് ദീർഘസ്വരിതത്തിന്റെ ഉദാഹരണമാണ്.

2. 'ദിവീ' വ ചക്ഷുഃ (ഋ. 1.22.20)

ദിവീ എന്നിടത്തെ വീ എന്ന സ്വരിതം കഴിഞ്ഞ് വ എന്ന അനുദാത്തം പരമായിരിയ്ക്കുന്നു. അതിനാൽ ഉദാത്തശ്രുതി.

കമ്പസ്വരിതത്തിന്റെ ഉദാഹരണം.

1. തിഷ്യോ൩യഥാ (ഋ. 5.54.13)

തിഷ്യോ൩ എന്ന ഓകാരം സ്വരിതം. അതുകഴിഞ്ഞ് ഉദാത്തം പരമായിട്ടുണ്ട്.

2. യോ൩ഹ്യോ (ഋ.10.144.4)

ഇവിടെ യോ൩ എന്ന സ്വരിതം കഴിഞ്ഞ് ഹ്യോ എന്ന സ്വരിതം പരമായി വന്നിരിക്കുന്നു. ഈ രണ്ടു ഉദാഹരണങ്ങളിലും യഥാക്രമം സ്വരിതം കഴിഞ്ഞ് ഉദാത്തവും, സ്വരിതവും പരമായി വന്നിരിയ്ക്കയാൽ കമ്പസ്വരിതമാണ്.

**4. ഉദാത്തപൂർവ്വം സ്വരിതമനുദാത്തം പദേƒക്ഷരം ।**
**അതോന്യത് സ്വരിതം സ്വാരം ജാത്യമാചക്ഷതേ പദേ ॥**

ഒരു പദത്തിൽ ഉദാത്തം കഴിഞ്ഞുവരുന്ന അനുദാത്തം സ്വരിതമായിത്തീരും. (അതിനാൽ ഒരു പദത്തിൽ ഉദാത്തം കഴിഞ്ഞുവരുന്ന സ്വരിതമൊഴികെയുള്ള സ്വരിതം 'ജാത്യസ്വരിതം' എന്നു പറയപ്പെടുന്നു. അപ്പോൾ ഒരു സ്വരവും പൂർവ്വത്തിലില്ലാത്തതോ അനുദാത്തം പൂർവ്വത്തിലുള്ളതോ ആയ സ്വരിതം ജാത്യസ്വരിതമാണെന്നു സിദ്ധിയ്ക്കുന്നു.

ഉദാഃ-1 സ്വഃ, ക്വ, ന്യക്

ഇത് ഒരു സ്വരവും പൂർവ്വമില്ലാത്ത ജാത്യസ്വരിതം.

2. കന്യാ, ഹൃദര്യാ. (ഹൃ എന്നത് അനുദാത്തവും ര്യ എന്നത് സ്വരിതവും)

ഇത് അനുദാത്തം പൂർവ്വത്തിലുള്ള ജാത്യസ്വരിതത്തിനുദാഹരണം.

3. ഇന്ദ്രഃ, ഹോതാ

ഇവിടെ ഉദാത്തം പൂർവ്വത്തിലുള്ള സ്വരമാണ്. അതിനാൽ അത് അനുദാത്തം സ്വരിതമായിത്തീർന്നതാണ്. ഇത് ജാത്യസ്വരിതമല്ല.

**5. ഉഭാഭ്യാം തു പരം വിദ്യാത് താഭ്യാമുദാത്തമക്ഷരം ।**

**അനേകമപ്യനുദാത്തം നചേത് പൂർവ്വം തഥാഗതാത് ।।**

ജാത്യമോ അജാത്യമോ (ഉദാത്തപൂർവ്വമായ അനുദാത്തം സ്വരിതമായിത്തീർന്നത്) ആയ രണ്ടു തരം സ്വരിതങ്ങളിൽനിന്നും പരമായി ഒന്നിൽക്കൂടുതൽ അനുദാത്തമുണ്ടെങ്കിലും ഉദാത്തശ്രുതിയാണ്- ഈ അനുദാത്തങ്ങൾക്കുശേഷം സ്വരിതത്വമോ ഉദാത്തത്വമോ പ്രാപ്തമായ സ്വരങ്ങൾ ഇല്ലെങ്കിൽ. സ്വരിതത്വമോ ഉദാത്തത്വമോ പ്രാപ്തമായ സ്വരങ്ങളിൽനിന്ന് പൂർവ്വമാണ് എന്നുണ്ടെങ്കിൽ അനുദാത്തം പ്രകൃത്യാ സ്ഥിതിചെയ്യുകയേ ഉള്ളൂ; ഉദാത്തശ്രുതി ഉണ്ടാകില്ല.

ഉദാഃ- അദബ്ധവ്രത പ്രമതിഃ (ഋ.2.9.1)

മുഴുവൻ മന്ത്രം- നി ഹോതാ ഹോതൃഷദനേ വിദാനസ്ത്വേഷോ ദീദിവാ് അസദത്സുദക്ഷഃ. അദബ്ധവ്രത പ്രമതിർവസിഷ്ഠഃ സഹസ്രംഭരഃ ശുചിജിഹ്വോ അഗ്നിഃ- എന്നാണ്.

പദപാഠത്തിൽ അദബ്ധവ്രത പ്രമതിഃ എന്നത് ഒരു പദമാണ്. ഇവിടെ ദ എന്ന അകാരം സ്വരിതമാണ്. അതുകഴിഞ്ഞുള്ള അനുദാത്തങ്ങൾക്ക് ഉദാത്തശ്രുതി- പ്രചിതം. അദബ്ധവ്രത പ്രമതിർവസിഷ്ഠഃ എന്ന സംഹിതാപാഠത്തിൽ 'തി' എന്നതിന് അനുദാത്തം പ്രകൃത്യാ സ്ഥിതിചെയ്യുന്നു; ഉദാത്തം പരമായതിനാൽ.

**6. ഉദാത്തവത്യേകീഭാവ ഉദാത്തം സന്ധ്യമക്ഷരം ।**

**അനുദാത്തോദയേ പുനഃ സ്വരിതം സ്വരിതോപധേ ।।**

ഒരു പദത്തിന്റെ അവസാനത്തിലുള്ളതും അടുത്ത പദത്തിന്റെ ആദിയിലുള്ളതുമായ രണ്ടു സ്വരങ്ങൾതമ്മിൽ സന്ധിചേർന്ന് ഒറ്റ വർണ്ണമായി പരിണമിയ്ക്കുമ്പോൾ അതിന് ഏകീഭാവം എന്നു പറയും. ഈ ഏകീഭാവത്തിൽ പൂർവ്വമോ പരമോ ആയ ഏതെങ്കിലും ഒരു സ്വരം ഉദാത്തമാണ് എങ്കിൽ ഈ ഏകീഭാവം 'ഉദാത്തവാനായ ഏകീഭാവ'മാണ്. ഉദാത്തവാനായ ഏകീഭാവത്തിൽ രണ്ടു സ്വരങ്ങളും ഉദാത്തമാകാം; ഒരു ഉദാത്തവും ഒരു സ്വരിതവുമാകാം; ഒരു ഉദാത്തവും ഒരു അനുദാത്തവുമാകാം; ഒരു ഉദാത്തവും ഒരു പ്രചയവുമാകാം. ഈ നാലു പ്രകാരത്തിലുമുള്ള ഏകീഭാവത്തിൽ സന്ധികൊണ്ട് ജാതമാകുന്ന അക്ഷരം ഉദാത്തമായിരിയ്ക്കും. അതായത് ഉദാത്തസ്വരത്തോട് ഏകീഭവിയ്ക്കുന്ന മറ്റു സ്വരങ്ങൾ ഉദാത്തമാകുന്നു.

രണ്ടുദാത്തങ്ങൾ ചേർന്നുണ്ടായ ഏകീഭാവത്തിന്നുദാഹരണം.

താനി നരാ ജുജുഷാണോപയാതം.

ഇവിടെ പദപാഠം താനി നരാ ജുജുഷാണാ ഉപയാതം. എന്നാണ്.

ജുജുഷാണാ എന്ന നകാരം കഴിഞ്ഞുള്ള ആ-കാരം ഉദാത്തമാണ്. ഉപ എന്ന ഉകാരവും ഉദാത്തമാണ്. ഉദാത്തങ്ങളായ ആകാര-ഉകാരങ്ങൾ സന്ധിചേർന്ന് ഓ എന്നായി. സംഹിതയിൽ ജുജുഷാണോപയാതം എന്നു ചൊല്ലുന്നു. ഈ ഓകാരം ഉദാത്തമാണ്.

ഇന്ദ്രേഹി മത്സ്യന്ധസോ (ഋ. 1.9.1)

ഇതിന്റെ പദപാഠം ഇന്ദ്ര/ആ/ഇഹി/മത്സി/അംധസ എന്നാണ്.

'ആ ഇഹി' എന്നിവയിൽ ആകാരമുദാത്തവും ഇഹി എന്ന ഇകാരം അനുദാത്തവുമാണ്. ആ ഇഹി സന്ധി ചേർന്ന് ഏകാരമാകുന്നു. ഇവിടെ ഏകാരം ഉദാത്തമായിത്തീരുന്നു. 'ഇന്ദ്ര ഏഹി' എന്ന സ്ഥലത്ത് ഇന്ദ്രശബ്ദത്തിന്റെ അവസാനത്തെ അകാരം സ്വരിതമാണ്. ഏഹിയിലെ ഏകാരം ഉദാത്തവും. ഇന്ദ്ര ഏഹി എന്നത് 'ഇന്ദ്രേഹി' എന്നാകുന്നു. ഇവിടെ ഏകാരം ഉദാത്തമാണ്.

'ഇന്ദ്രേഹി' എന്ന പദത്തിൽ ഉദാത്തമായ ഏകാരം, ഉദാത്തവും അനുദാത്തവും തമ്മിൽച്ചേർന്ന് ഉദാത്തമാകുന്നതിനും, ഉദാത്തവും സ്വരിതവും തമ്മിൽച്ചേർന്ന് ഉദാത്തമാകുന്നതിനും ഉദാഹരണമാണ്.

ശതം യഥേമം ശരദോ ന യാതീന്ദ്രഃ (ഋ.10.161.3)

ഇവിടെ പദപാഠം ശതം യഥാ ഇമം ശരദഃ ന യാതി ഇന്ദ്രഃ എന്നാണ്.

ഇവിടെ ഉദാത്തംമൂലം പ്രചയം ലുപ്തമായി.

സ്വരിതോപഹിതമായ അനുദാത്തം പരമായി വന്നാൽ അനുദാത്തം സ്വരിതമായിത്തീരും.

ഉദാഃ- ക്ഷീരം സർപിർമധൂദകം (ഋ.9.67.32)

പദപാഠം- ക്ഷീരം സർപിഃ മധു ഉ ദ കം എന്നാണ്. മധു എന്നതിന്റെ ഉകാരം സ്വരിതമാണ്. ഉദകം എന്ന ഉകാരം അനുദാത്തവുമാണ്. സ്വരിതോപധമായി അനുദാത്തം പരമായി വന്നതിനാൽ അനുദാത്തം സംഹിതയിൽ സ്വരിതമായി. രണ്ട് ഉകാരങ്ങൾക്കു തമ്മിൽ പ്രശ്ലേഷം സംഭവിച്ചപ്പോൾ സ്വരിതമായ ഉകാരവും അനുദാത്തമായ ഉകാരവും ചേർന്ന് സ്വരിതമായ ഒരു 'ഊ'കാരം സംജാതമായി.

**7. ഇകാരയോശ്ച പ്രശ്ലേഷേ ക്ഷൈപ്രാഭിനിഹിതേഷു ച ।**
**ഉദാത്തപൂർവ്വരൂപേഷു ശാകല്യസ്യൈവമാചരേത് ॥**

ഹ്രസ്വങ്ങളായ രണ്ടു ഇകാരങ്ങൾതമ്മിൽ പ്രശ്ലേഷമുണ്ടാകുമ്പോഴും ക്ഷൈപ്രം, അഭിനിഹിതം എന്നീ സന്ധികളിലും ഉദാത്തം പൂർവ്വവും, അനുദാത്തം പരവുമായി വരുന്നേടത്ത് ശാകല്ല്യന്റെ മതത്തിൽ സ്വരിതം പറയണം.

ഉദാഃ- 1 നു ഇന്ദ്ര എന്നു പദപാഠം. അത് ക്ഷൈപ്രസന്ധി വന്ന് സംഹിതയിൽ ന്വിന്ദ്ര (തേ ഹരീ) (ഋ.1.82.1) എന്നായി.

ഇവിടെ പദപാഠത്തിൽ നു എന്ന ഉകാരം ഉദാത്തവും ഇന്ദ്ര എന്ന ഇകാരം അനുദാത്തവുമാണ്. സംഹിതയിൽ ഇകാരം സ്വരിതമായി.

ഉദാ:-2 തേ അവർദ്ധന്ത എന്ന് പദപാഠം. അതിന്റെ സംഹിതാപാഠം തേ*f*വർദ്ധന്ത എന്ന്. തേ*f*വർദ്ധന്ത സ്വതവസഃ (ഋ.1.45.7). തേ എന്ന ഏകാരം ഉദാത്തം. അവർദ്ധന്ത എന്ന അകാരം അനുദാത്തം. അഭിനിഹിതസന്ധിമൂലം തേ*f*വർദ്ധന്ത എന്ന് അകാരത്തിന് ഏകാരത്തിന്റെ ഏകീഭാവം. ഇവിടെ ഉദാത്തപൂർവ്വമായ അനുദാത്തമായതിനാൽ ശാകല്ല്യന്റെ മതമനുസരിച്ച് സ്വരിതം.

ഉദാഃ-3 സ്രു ചീവ ഘൃതം (ഋ.10.91.15)

ഇവിടെ പദപാഠം സ്രുചി *f* ഇവ ഘൃതം എന്നാണ് സ്രുചി, ഇവ എന്ന് രണ്ടു ഹ്രസ്വങ്ങളായ ഇകാരങ്ങൾ ചേർന്ന് സ്രുചീവ എന്ന് പ്രശ്ലേഷം. ശാകല്യമതമനുസരിച്ച് ഈ എന്നതിന് സ്വരിതം വന്നിരിയ്ക്കുന്നു.

**8. മാണ്ഡൂകേയസ്യ സർവ്വേഷു പ്രശ്ലിഷ്ടേഷു തഥാ സ്മരേത് ।**
**ഇത്യേകീഭാവിനോ ധർമ്മാഃ പരൈഃ പ്രഥമഭാവിനഃ ॥**

മാണ്ഡൂകേയാചാര്യന്റെ മതമനുസരിച്ച് എല്ലാ പ്രശ്ലേഷസന്ധികളിലും (രണ്ടു ഹ്രസ്വ ഇകാരങ്ങൾ തമ്മിലുള്ള പ്രശ്ലേഷസന്ധി എന്നില്ല എന്നു സാരം) ഉദാത്തം കഴിഞ്ഞ് അനുദാത്തം വരുന്നേടത്ത് സ്വരിതം വരും.

ഇതുവരെ പറഞ്ഞത് (ഉദാത്തവത്യേകീഭാവ.. എന്നു തുടങ്ങി) ഏകീഭാവം വരുന്ന അക്ഷരങ്ങളുടെ ധർമ്മമാണ്.

ഉദാത്തം പരമായി വരുന്നേടത്ത് ഏകീഭാവം വരുമ്പോൾ എല്ലാ ആചാര്യന്മാരുടെ മതമനുസരിച്ചും എല്ലായിടത്തും ഉദാത്തംതന്നെയാണു വരിക.

ഉദാഃ- ആച്യാ ജാനു ദക്ഷിണതോ (ഋ.10.15.6)

ഇവിടെ പദപാഠം ആ അച്യ ജാനു ദക്ഷിണതഃ എന്നാണ്. പദപാഠത്തിൽ ആ എന്നത് അനുദാത്തവും, അച്യ എന്നതിലെ അകാരം ഉദാത്തവുമാണ്. ആകാരവും അകാരവും ചേർന്ന് ആ

എന്ന് പ്രശ്ലേഷസന്ധി. ഇവിടെ ഉദാത്തം പരമായിട്ടുള്ള ഏകീഭാവമായതിനാൽ ആകാരം ഉദാത്തമായി.

**9. ഉദാത്തപൂർവ്വം നിയതം വിവൃത്ത്യാ വ്യഞ്ജനേന വാ ।**
**സ്വര്യതേƒന്തർഹിതം ന ചേദുദാത്തസ്വരിതോദയം ।।**

ഉദാത്തം പൂർവ്വത്തിലുള്ള അനുദാത്തം വിവൃത്തിയാലോ വ്യഞ്ജനത്താലോ മറയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും നിയതമായും സ്വരിതമാക്കപ്പെടുന്നു; അനുദാത്തം കഴിഞ്ഞ് ഉദാത്തമോ സ്വരിതോ ഇല്ലെങ്കിൽ.

ഉദാഃ- 1. യ ഇ്ന്ദ്ര സോമപാത്മോ മദഃ (ഋ.8.12.1)

ഇവിടെ പദപാഠം യഃ ഇന്ദ്ര സോമƒപാതമഃ എന്നാണ്. യഃ എന്നത് ഉദാത്തവും ഇന്ദ്ര എന്ന ഇകാരവും, ന്ദ്ര എന്ന അകാരവും അനുദാത്തവുമാണ്. യ ഇന്ദ്ര എന്ന് വിവൃത്തിയാൽ അന്തർഹിതമായ അനുദാത്തമാണ് ഇ എന്ന അനുദാത്തം. വിവൃത്തിയാൽ അന്തർഹിതമായാലും ഉദാത്തത്തിനുശേഷം വരുന്ന അനുദാത്തം സ്വരിതമാകും; ആ അനുദാത്തത്തിനുശേഷം ഉദാത്തമോ സ്വരിതമോ ഇല്ലെങ്കിൽ എന്ന നിയമമനുസരിച്ച് ഇ എന്നത് സ്വരിതമാകുന്നു.

ഉദാഃ-2 അഗ്നിമീളേ പുരോഹിതം (ഋ.1.1.1)

ഇവിടെ പദപാഠം അഗ്നിം ഈളേ പുരഃƒഹിതം എന്നാണ്. അഗ്നിം എന്ന പദത്തിലെ ഗ്നി എന്ന ഇകാരം ഉദാത്തവും ഈളേ എന്ന ഈകാരവും ഏകാരവും അനുദാത്തങ്ങളുമാകുന്നു. ഉദാത്തം കഴിഞ്ഞുവരുന്ന അനുദാത്തം, ഉദാത്തമോ സ്വരിതമോ പരമായിട്ടുള്ളതുമല്ല. ഗ്നി എന്ന ഉദാത്തം കഴിഞ്ഞുവരുന്ന അനുദാത്തം മ് എന്ന വ്യഞ്ജനത്താൽ അന്തർഹിതമാണ്. എന്നിരുന്നാലും അനുദാത്തം സ്വരിതമായിത്തീരുന്നു.

ഉദാഃ-3 ജ്യാ ഇയം സമനേ പാരയന്തീ (ഋ.6.75.3).

ഇവിടെ പദപാഠം ജ്യാ ഇയം സമനേ പാരയന്തീ എന്നാണ്. 'വക്ഷ്യന്തീ വേദാ.....' എന്നാണ് മന്ത്രത്തിന്റെ തുടക്കം. ഇവിടെ ജ്യാ എന്ന ആകാരം ഉദാത്തം. അതുകഴിഞ്ഞ് ഇയം എന്ന ഇകാരം അനുദാത്തമാണെങ്കിലും യം എന്ന് ഉദാത്തം പരമായിട്ടുള്ളതിനാൽ ഇ അനുദാത്തമായിത്തന്നെ നിൽക്കുന്നു; സ്വരിതത്വം സംഭവിയ്ക്കുന്നില്ല.

**10. വൈവൃത്തതൈരോ വ്യഞ്ജനൌ**
**ക്ഷൈപ്രാഭിനിഹിതൌ ച താൻ ।**
**പ്രശ്ലിഷ്ടശ്ച യഥാ സന്ധി**
**സ്വരാനാചക്ഷതേ പൃഥക് ।।**

വിവൃത്തിയിൽ അന്തർഹിതങ്ങളായ സ്വരങ്ങളെ വൈവൃത്ത സ്വരങ്ങൾ എന്നും വ്യഞ്ജനങ്ങൾകൊണ്ട് അന്തർഹിതങ്ങളായ സ്വരങ്ങളെ തൈരോവ്യഞ്ജനങ്ങൾ എന്നും പറയുന്നു. അതുപോലെ ക്ഷിപ്രസന്ധികൊണ്ടുണ്ടായവയെ ക്ഷൈപ്രങ്ങൾ എന്നും, അഭിനിഹിതസന്ധികൊണ്ടുണ്ടായവയെ അഭിനിഹിതങ്ങൾ എന്നും, പ്രശ്ലേഷസന്ധികൊണ്ടുണ്ടായവയെ പ്രശ്ലിഷ്ടങ്ങൾ എന്നും സന്ധികളുടെ പേരനുസരിച്ച് പറയുന്നു. ഇവയുടേയെല്ലാം ഉദാഹരണങ്ങൾ നേരത്തെ പറഞ്ഞിട്ടുണ്ട്. അവയുടെ സംജ്ഞ സൂചിപ്പിയ്ക്കുവാനായി ഇവിടെ വീണ്ടും എടുത്തുപറഞ്ഞു എന്നു മാത്രം.

**11. സ്വരിതാദനുദാത്താനാം പരേഷാം പ്രചയഃ സ്വരഃ ।**
**ഉദാത്തശ്രുതിതാം യാന്ത്യേകം ദ്വേ വാ ബഹൂനി വാ. ॥**

സ്വരിതം കഴിഞ്ഞുവരുന്ന അനുദാത്തങ്ങൾക്ക് പ്രചയസ്വരം വരും. ഇവ ഉദാത്തശ്രുതികളായിരിയ്ക്കും. ഈ അനുദാത്തങ്ങൾ ഒന്നോ രണ്ടോ അനവധിയോ ആകാം.

ഉദാഃ- അ॒ഗ്നിമീ॑ളേ പു॒രോഹിതം (ഋ.1.1.1)

ഇവിടെ ഗ്നി ഉദാത്തവും, പദപാഠത്തിൽ അനുദാത്തമായ ഈ കാരം ഉദാത്തം കഴിഞ്ഞുവരുന്ന അനുദാത്തമാകയാൽ സ്വരിതവും, അതുകഴിഞ്ഞുള്ള ളേ എന്ന ഏകാരം (പദപാഠത്തിൽ അനുദാത്തമായിരുന്നു). സംഹിതയിൽ അത് പ്രചയവുമാകുന്നു.

ഇ॒മം, മേ॒, ഗം॒ഗേ॒, യ॒മു॒നേ॒, സരസ്വതി (ഋ.10.75.5).

ഇത് പദപാഠമാണ്. ഇതിന്റെ സംഹിത

ഇ॒മം മേ॑ ഗംഗേ യമുനേ സരസ്വതി എന്നാണ്. മം എന്ന ഉദാത്തം കഴിഞ്ഞുവരുന്ന മേ എന്ന അനുദാത്തം സ്വരിതമാകുന്നു, സംഹിതയിൽ. സ്വരിതത്തിനുശേഷമുള്ള അനുദാത്തങ്ങൾക്ക് പ്രചയം. ഇവയ്ക്ക് ഉദാത്തശ്രുതിയാണ്.

**12. കേചിത് ത്വേകമനേകം വാ നിയച്ഛന്ത്യന്തതോഽക്ഷരം ।**
**ആ വാ ശേഷാന്നിയുക്തന്തൂദാത്തസ്വരിതോദയം ॥**

ചില ആചാര്യന്മാർ അവസാനം മുതലുള്ള ഒന്നോ രണ്ടോ അക്ഷരങ്ങളെ കാരണം കൂടാതെതന്നെ (ഉദാത്തസ്വരിതങ്ങൾ ഇല്ലാതെതന്നെ) അനുദാത്തീകരിയ്ക്കുന്നു. അല്ലെങ്കിൽ ശേഷത്തിൽ നിന്ന് ഒന്നോ രണ്ടോ അക്ഷരങ്ങളെ അനുദാത്തീകരിയ്ക്കുന്നു.

ഉദാത്തമോ സ്വരിതമോ പരമായി വരുന്ന അക്ഷരത്തെ നിശ്ചയമായും എല്ലാ ആചാര്യന്മാരും അനുദാത്തീകരിയ്ക്കുന്നു. അവിടെ പ്രചയം ഉണ്ടാകുന്നില്ല.

ഉദാഃ-1 വാജേ് വാജേ്വത വാജിനോ ന്ോ ധന്േഷു (ഋ. 7.38.8)

ഉദാഃ-2 തമേ്വ ഋഷിം തമു് ബ്രഹ്മാണ്മാഹുരയ്ജ്ഞന്യം (ഋ.10.107.6)

ഇവയാണ് ഉവടൻ ഉദാഹരണങ്ങളായി കാണിച്ചിട്ടുള്ളത്.

**13. നിയമം കാരണാദേകേ പ്രചയസ്വരധർമ്മവത് ।**

**പ്രചയസ്വര ആചാരഃ ശാകല്യാന്യതരേയയോഃ ॥**

ചില ആചാര്യന്മാർ, അനുദാത്തഭാവം വരുന്നത് കാരണംകൊണ്ടു മാത്രമേ സംഭവിയ്ക്കുകയുള്ളൂവെന്ന് അഭിപ്രായപ്പെടുന്നു. ഉദാത്തമോ സ്വരിതമോ പരമായുള്ള പ്രചിതം അനുദാത്തമായില്ലെങ്കിൽ പ്രചിതത്തിനും ഉദാത്തത്തിനുംതമ്മിൽ എന്താണ് വ്യത്യാസം? സ്വരിതമോ ഉദാത്തമോ പരത്തിലുള്ള പ്രചിതം അനുദാത്തമാവും, ഉദാത്തമാകട്ടെ അങ്ങനെയാകില്ല. ഇതാണ് പ്രചിതത്തിനും ഉദാത്തത്തിനും തമ്മിലുള്ള ഭേദം. അതുകൊണ്ട് ശാകല്യന്റേയും അന്യതരേയന്റേയും മതത്തിൽ പ്രചയസ്വരത്തിൽ ഇതാണ് ആചാരം.

**14. പരിഗ്രഹേ ത്വനാർഷാന്താത് തേന വൈകാക്ഷരീകൃതാത് ।**

**പരേഷാം ന്യാസമാചാരം വ്യാലിസ്തൌ ചേത് സ്വരൌപരൌ ॥**

പരിഗ്രഹം=വേഷ്ടകം. അനാർഷമായ യാതൊരു 'ഇതി'കരണമുണ്ടോ അത് രണ്ട് അക്ഷരങ്ങളോടുകൂടിയതും ആദ്യുദാത്തവുമാണ്. ഒരു പദം ആവർത്തിച്ചുപറയുമ്പോൾ ഇടയിലായി പ്രയോഗിയ്ക്കുന്ന 'ഇതി' എന്നത് ആവർത്തിയ്ക്കപ്പെടുന്ന പദങ്ങളിൽ ആദ്യത്തേതിന്റെ അവസാനത്തെ അക്ഷരവുമായും, രണ്ടാമത്തേതിന്റെ ആദ്യാക്ഷരവുമായും സ്പർശിയ്ക്കുന്നു. ഉത്തരപദത്തിന്റെ ആദ്യം വ്യഞ്ജനമോ സ്വരമോ ആകാം. വ്യഞ്ജനാദിയാണെങ്കിൽ പ്രചയമാണ് വരിക. അതിന്റെ അപവാദമാണിത്.

അനാർഷമായ 'ഇതി'കരണത്തിൽനിന്ന് പരമായ അക്ഷരങ്ങൾക്ക് വ്യാഡി എന്ന ആചാര്യൻ ഉദാത്തസ്വരിതങ്ങൾ പരമായിട്ടുണ്ടെങ്കിൽ അനുദാത്തം വരും എന്നഭിപ്രായപ്പെടുന്നു. സ്വരാദിയായ പദമാണ് ഉത്തരപദമെങ്കിൽ ആ സ്വരവുമായി ഏകാക്ഷരീകൃതമായ അക്ഷരത്തിൽനിന്ന് പരമായ അക്ഷരങ്ങൾക്ക് അനുദാത്തം വരും, ഉദാത്തസ്വരിതങ്ങൾ പരമായിട്ടുണ്ടെങ്കിൽ.

*( ഓകാരാന്തസംബോധനം, ദ്വിവചനരൂപം (ഈ, ഊ, ഏ ഇവയിൽ അവസാനിയ്ക്കുന്ന രൂപങ്ങൾ) അന്യപ്രഗൃഹ്യവർണ്ണങ്ങൾ ഇവയ്ക്കിപ്പുറം (പരമായിട്ട്) പദപാഠത്തിൽ 'ഇതി' എന്നു ചേർക്ക*

*ണം. ഇത് ആദ്യുദാത്തമാണ്. സമസ്തപദമാണെങ്കിൽ 'ഇതി'യ്ക്കു ശേഷം അത് ആവർത്തിയ്ക്കണം, രണ്ടാമത്തേതിൽ അവഗ്രഹ ചിഹ്നമിടുകയും വേണം. ആ നിലയിൽ സ്വരത്തിന് ചില വികാരങ്ങൾ ഉണ്ടാവുന്നു.) (ഋഗ്വേദപ്രവേശിക: പേജ്-140-141)*

ഉദാഃ- 1. 'സത്യാനൃതേ ഇതി' സത്യാനൃതേ (ഋ.7.49.3)

2. അലലാഭവന്തീരിത്യലലാfഭവന്തീ (ഋ.4.18.6)

ഒന്നാമത്തെ ഉദാഹരണത്തിൽ 'സത്യാനൃതേ' എന്ന സകാരം കഴിഞ്ഞുള്ള അകാരത്തിനും 'ത്യാ' എന്നുള്ള ആകാരത്തിനും അനുദാത്തം. രണ്ടാമത്തെ ഉദാഹരണത്തിൽ 'ഇതി' എന്നതിന്റെ അവസാനത്തെ ഇകാരത്തിനും ഉത്തരപദാദിയായ 'അ'കാരത്തിനും ഏകീഭാവം വന്ന് അതിനുശേഷമുള്ള രണ്ട് അകാരങ്ങൾക്കും അനുദാത്തം വന്നിരിയ്ക്കുന്നു.

**15. യഥാ സന്ധീയമാനാനാമനേകീഭവതാം സ്വരഃ ।**
**ഉപദിഷ്ടസ്തഥാ വിദ്യാദക്ഷരാണാമവഗ്രഹേ ॥**

ഏതൊരു പ്രകാരമാണോ സന്ധിചെയ്യപ്പെടുമ്പോൾ ഏകീഭാവം വരുന്നവയും അല്ലാത്തവയുമായ സ്വരങ്ങൾ ഉപദേശിച്ചത് അതേപ്രകാരംതന്നെ അക്ഷരങ്ങൾക്ക് അവഗ്രഹം ചെയ്യപ്പെടുമ്പോഴും സ്വരങ്ങൾ വരുമെന്ന് അറിയണം *(എല്ലാ സമസ്തപദങ്ങളും പദപാഠത്തിൽ അവഗ്രഹചിഹ്നംകൊണ്ട് വേർതിരിയ്ക്കുന്നു. അവഗ്രഹചിഹ്നം ' f ' എന്നുള്ളതാണ്. സമാസത്തിന്റെ പൂർവ്വപദത്തിൽ സ്വരം അല്പമെങ്കിലും പരിവർത്തിതമായിട്ടുണ്ടെങ്കിൽ അവഗ്രഹം കൊടുക്കാറില്ല.) ഋഗ്വേദപ്രവേശിക-പേജ്:-140)*

സന്ധികൊണ്ട് പ്രശ്ലേഷം വരുന്നവയാണ് ഏകീഭാവം വരുന്നവ. വിവൃത്തികൊണ്ടോ വ്യഞ്ജനംകൊണ്ടോ തിരോഹിതങ്ങളാണ് ഏകീഭാവം വരാത്തവ.

'ഉദാത്തം പൂർവ്വത്തിലുള്ള അനുദാത്തം, വിവൃത്തി, വ്യഞ്ജനം മുതലായവയാൽ അന്തർഹിതമായാലും സ്വരിതമായിത്തീരും' എന്നുതുടങ്ങിയ സ്വരവിധികളേയാണ് ഇവിടെ ഉദ്ദേശിയ്ക്കുന്നത്. ഇങ്ങനെ പ്രത്യേകം വിധിയ്ക്കുന്നതിനുകാരണം അവഗ്രഹമുള്ളിടത്ത് മാത്രകൊണ്ട് വ്യവധാനം വരുന്നതിനാലാണ്.

ഉദാഃ- ഉഷഃfഉഷഃ (ഋ. 10.8.4).

വിവൃത്തികൊണ്ട് തിരോഹിതമാണെങ്കിലും ഉദാത്തം കഴിഞ്ഞുവരുന്ന അനുദാത്തത്തിന് സ്വരിതം സംഭവിയ്ക്കും എന്നതിന്റെ ഉദാഹരണമാണ് 'ഉഷഃfഉഷഃ' എന്നുള്ളത്.

ഉദാഃ 2- പുരഃfഹിതമ്

**16. പദ്യാദീംസ്തു ദ്ര്യുദാത്താനാമസംഹിതവദുത്തരാൻ ।**
**ജാത്യവദ്വാ തഥാ വാന്തൌ തനൂശചീതിപൂർവ്വയോഃ ।।**

സ്വരം വിധിയ്ക്കുന്ന സന്ദർഭത്തിൽ, രണ്ട് ഉദാത്തസ്വരങ്ങളുള്ള ഒരു പദത്തിന്റെ ഉത്തരഭാഗത്തുള്ള അർദ്ധത്തെ ആദ്യാർദ്ധവുമായിട്ട് അസംഹിതമെന്നപോലെ കരുതണം. ഉദാത്തം പരമായി വരുമ്പോൾ ജാത്യസ്വരിതത്തിന്റെ അന്തം അനുദാത്തമായി വരുന്നതുപോലെ തനൂ, ശചീ എന്നീ പദങ്ങൾ പദത്തിന്റെ ആദ്യപകുതിയായി വരുമ്പോൾ അവയുടെ അന്തത്തിന് അനുദാത്തം വരും. അതുപോലെ അവയുടെ അന്തങ്ങളെ അസംഹിതങ്ങളെന്നപോലെ കരുതണം. സംഹിതങ്ങളെപ്പോലെയും കരുതാം. 'രണ്ട് ഉദാത്തങ്ങളുള്ള' എന്നത് ഇവിടേയ്ക്കും അനുവർത്തിയ്ക്കണം.

ഉദാഃ- ഋതസ്യ പന്ഥാമന്വേതവാ ഉ (ഋ.7.44.5).

അനു/ഏതവൈ ഊ് ഇതി- ഇവിടെ ദ്ര്യുദാത്തത്തിന് അസംഹിതമെന്നപോലെ കരുതപ്പെടണമെന്നതിനാൽ ഏകാരത്തിന് പ്രചയം വരുന്നില്ല.

രണ്ട് ഉദാത്തമില്ലാത്തിടത്ത് അസംഹിതങ്ങളെപ്പോലെ കരുതരുത്.

അശ്വപതേ ഗോപതേ ഉർവ്വരാപതേ (ഋ. 8.21.13).

ഉർവ്വര/പതേ- ഇവിടെ അസംഹിതങ്ങളെപ്പോലെ അല്ലാത്തതിനാൽ സ്വരിതത്തിനുശേഷം പ്രചയം വന്നിരിയ്ക്കുന്നു.

തനൂ നപാദുച്യതേ (ഋ. 3.29.11).

ഇവിടെ 'തനൂ' എന്നതിന്റെ അന്ത്യത്തിന് അനുദാത്തം വന്നിരിയ്ക്കുന്നു.

ഇന്ദ്രം കുത്സോ വൃത്രഹണം ശചീപതിം (ഋ. 1.106.6).

'ശചീപതിം' എന്നിടത്ത് പൂർവ്വപദമായ 'ശചീ' എന്നതിന് അനുദാത്തം വന്നിരിയ്ക്കുന്നു.

തനൂ, ശചീ എന്നിവ പൂർവ്വപദമായി വരുന്ന ദ്ര്യുദാത്തങ്ങൾക്കു മാത്രമേ മുകളിൽ നിർദ്ദേശിച്ച അനുദാത്തം വരികയുള്ളൂ. എന്നാൽ 'വാ' എന്നു പറഞ്ഞിട്ടുള്ളതിനാൽ സംഹിതങ്ങളെപ്പോലെയോ അസംഹിതങ്ങളെപ്പോലെയോ കണക്കാക്കപ്പെടാമെന്നു സിദ്ധിയ്ക്കുന്നു.

**17. ത്രിമാത്രയോരുത്തരയോരന്ത്യാപി പ്രചയസ്വരോ ।**
**മാത്രാ ന്യസ്തതരൈകേഷാമുഭേ വ്യാളിഃ സമസ്വരേ ।।**

ഒന്നാം അദ്ധ്യായത്തിൽ മൂന്നു ത്രിമാത്രകളെക്കുറിച്ച് പറയു

കയുണ്ടായി. അവയിൽ ഒടുവിലത്തെ രണ്ടെണ്ണങ്ങളുടെ-'ഉപരി സ്വിദാസീ३ദ്' 'ഭീരിവ വിനതീഃ३' എന്നിവയുടെ അവസാനത്തെ മാത്ര പ്രചയസ്വരത്തിലുള്ളത് ചില ആചാര്യന്മാരുടെ അഭിപ്രായത്തിൽ അനുദാത്തതരമാകും.

വ്യാഡി എന്ന ആചാര്യൻ ഇവയുടെ രണ്ടിന്റേയും അന്ത്യമാത്രകൾ അവയുടെ പൂർവ്വമാത്രകളെപ്പോലെ (പ്രചിതമാണെന്ന്) സ്വീകരിയ്ക്കുന്നു.

**18. അസന്ദിഗ്ദ്ധാൻ സ്വരാൻ ബ്രൂയാദവികൃഷ്ടാനകമ്പിതാൻ ।**
**സ്വരിതം നാതിനിർഹന്യാത് പൂർവ്വൌ നാതി വിവൃത്തയേത് ।।**

ഉദാത്തം, അനുദാത്തം, സ്വരിതം, പ്രചിതം എന്നീ സ്വരങ്ങളെ സ്പഷ്ടമായി ഉച്ചരിയ്ക്കണം. സ്വരങ്ങൾക്ക് സ്വരങ്ങളുമായുള്ള സന്ധികളെ സുശ്ലിഷ്ടമായി ഉച്ചരിയ്ക്കണം. കമ്പനം വർജ്ജിയ്ക്കണം. (കമ്പനമെന്നത് സ്വരാശ്രിതപാഠദോഷമാണ്. ഇത് പ്രായേണ ദാക്ഷിണാത്യർക്കാണ് കാണുന്നത് എന്ന് ഉവടൻ)

**19. ജാത്യോ/ഭി നിഹിതശ്ചൈവ ക്ഷൈപ്രാ പ്രശ്ലിഷ്ട ഏവ ച ।**
**ഏതേ സ്വരാഃ പ്രകമ്പന്തേ യത്രോച്ചസ്വരിതോദയാഃ ।।**

ജാത്യം, അഭിനിഹിതം, ക്ഷൈപ്രം, പ്രശ്ലിഷ്ടം എന്നീ നാലുതരം സ്വരിതങ്ങളും ഉദാത്തമോ സ്വരിതമോ പരമായി വരുമ്പോൾ കമ്പനം ഉണ്ടാകുന്നു.

**മൂന്നാം പടലം കഴിഞ്ഞു**

## വ്യഞ്ജനസന്ധി.

### അവശങ്ഗമസന്ധിയും വശങ്ഗമസന്ധിയും

**1. സ്പർശാഃ പൂർവ്വേ വ്യഞ്ജനാന്യുത്തരാണ്യാ-**
**സ്ഥാപിതാനാമവശങ്ഗമം തത് ।**
**ഘോഷവത്പരാഃ പ്രഥമാസ്തൃതീയാൻ**
**സ്വാനുത്തമാനുത്തമേഷൂദയേഷു ।।**

സ്പർശാക്ഷരങ്ങൾ പൂർവ്വവും, സ്പർശമോ അസ്പർശമോ ആയ ഏതെങ്കിലും വ്യഞ്ജനാക്ഷരം അതിൽനിന്നു പരമായും വന്നാൽ അവിടെ അവശങ്ഗമസന്ധിയാണ്. വ്യഞ്ജനാക്ഷരങ്ങൾക്ക് വികാരം സംഭവിയ്ക്കാത്ത സന്ധിയാണ് അവശങ്ഗമസന്ധി. വ്യഞ്ജനസന്ധികൾ അവശങ്ഗമങ്ങളെന്നും വശങ്ഗമങ്ങളെന്നും രണ്ടുവിധത്തിലാണ്. അവയിൽ അവശങ്ഗമങ്ങളെക്കുറിച്ചാണ് മേൽപ്രസ്താവിച്ചത്.

ഉദാഃ- ആരൈക് പന്ഥാം യാതവേ (ഋ.1.113.16)

'ആരൈക്' എന്ന പദത്തിലെ സ്പർശാക്ഷരമായ കകാരം കഴിഞ്ഞ് 'പന്ഥാം' എന്ന പദത്തിലെ പകാരം പരമായിട്ടുണ്ട്. രണ്ടു പദങ്ങളും ചേർത്തുച്ചരിയ്ക്കുമ്പോൾ വ്യഞ്ജനാക്ഷരങ്ങൾക്ക് വികാരം സംഭവിയ്ക്കുന്നില്ല. രണ്ടും അടുത്തടുത്തുച്ചരിയ്ക്കുന്നു എന്നു മാത്രം. ഇത് അവശങ്ഗമസന്ധിയാണ്.

ഒരു പദത്തിന്റെ അവസാനത്തിലെ വ്യഞ്ജനവും അടുത്ത പദത്തിന്റെ ആരംഭത്തിലുള്ള വ്യഞ്ജനവും തമ്മിലുള്ള സന്ധിയാണ് വ്യഞ്ജനസന്ധി. സംഹിതയിൽ പദങ്ങൾ കൂട്ടിച്ചൊല്ലലാണ് നടക്കുന്നത്. ഇങ്ങനെ ചൊല്ലുമ്പോൾ പദാന്ത്യ-പദാദിയിലുള്ള വ്യഞ്ജനങ്ങൾക്കു ചിലപ്പോൾ മാറ്റമൊന്നും സംഭവിയ്ക്കില്ല; മാറ്റം സംഭവിയ്ക്കാത്ത സന്ധിയാണ് അവശങ്ഗമസന്ധി. മാറ്റം വരുന്ന സന്ധിയാണ് വശങ്ഗമസന്ധി. അതിനെക്കുറിച്ചാണ് അടുത്ത് പ്രതിപാദിയ്ക്കുന്നത്.

പ്രഥമസ്പർശാക്ഷരങ്ങൾക്കു ശേഷം ഘോഷങ്ങളായ വ്യഞ്ജനാക്ഷരം പരമായിട്ടുണ്ടെങ്കിൽ പ്രഥമസ്പർശങ്ങൾ അതാതിന്റെ തൃതീയാക്ഷരമായിത്തീരും.

വർഗ്ഗാക്ഷരങ്ങളാണ് സ്പർശങ്ങൾ. അവയുടെ പ്രഥമാക്ഷരങ്ങൾ ക്, ച്, ട്, ത്, പ്. അവ യഥാക്രമം ഗ്, ജ്, ഡ്, ദ്, ബ് എന്നായിത്തീരുന്നു, ഘോഷങ്ങളായ വ്യഞ്ജനങ്ങൾ പരമായിട്ടുണ്ടെങ്കിൽ.

ഉദാ:- യദ് വാഗ് വദന്ത്യവിചേതനാനി (ഋ.8.100.10)

'യത്/വാക്/ വദന്തീ' എന്നാണ് പദപാഠം. 'യത്' എന്നതിന്റെ തകാരം അതിന്റെ വർഗ്ഗത്തിലെ 'ദ'കാരമായി മാറുന്നു, കാരണം 'വാക്' എന്ന് 'വ'കാരം ഘോഷമായ വ്യഞ്ജനമാണ്. അതേപോലെ 'വാക്' എന്ന 'ക'കാരം 'ഗ'കാരമായി മാറുന്നു പിന്നീട് ഘോഷമായ വ്യഞ്ജനം (വകാരം) പരമായതിനാൽ.

പ്രഥമസ്പർശങ്ങൾ (വർഗ്ഗങ്ങളുടെ ആദ്യാക്ഷരങ്ങൾ) അവയുടെ പഞ്ചമാക്ഷരമായി മാറും, അവയ്ക്കുശേഷമേതെങ്കിലും പഞ്ചമാക്ഷരങ്ങൾ പരമായി വന്നാൽ.

ഉദാഃ- അർവ്വാങ് നരാ ദൈവ്യേനാവസാ ഗതം (ഋ. 7.82.8)

ഇവിടെ 'അർവ്വാക്' എന്ന പദത്തിലെ കകാരം 'ങ'കാരമായി മാറി, 'ന' എന്ന പഞ്ചമാക്ഷരം പരമായതിനാൽ.

**2. സർവ്വൈഃ പ്രഥമൈരുപധീയമാനഃ**
**ശകാരഃ ശാകല്യപിതുച്ഛകാരം ।**
**പദാന്തൈസ്തൈരേവ തൃതീയഭൂതൈ-**
**സ്തേഷാം ചതുർത്ഥാനുദയോ ഹകാരഃ ॥**

വർഗ്ഗങ്ങളുടെ പ്രഥമാക്ഷരങ്ങളായ ക്, ച്, ട്, ത്, പ് എന്നിവ കഴിഞ്ഞുവരുന്ന 'ശ'കാരം ശാകല്യപിതാവിന്റെ മതത്തിൽ 'ഛ'കാരമായിത്തീരും.

ഉദാ:-1. ശൃംഗേവ നഃ പ്രഥമാഃ ഗന്തമർവ്വാക് ഛഫാവിവ (ഋ.2.39.3)

2. വിപാട്ഛുതുദ്രീപയസാ (ഋ. 3.33.1)

ഒന്നാമത്തെ ഉദാഹരണത്തിൽ 'അർവ്വാക്/ശഫൌ/ഇവ' എന്നാണ് പദപാഠം. രണ്ടാമത്തെ ഉദാഹരണത്തിൽ 'വിപാട്/ശുതുദ്രീ/പയസാ' എന്നും. രണ്ടിടത്തും യഥാക്രമം വർഗ്ഗപ്രഥമാക്ഷരങ്ങളായ ക്, ട് എന്നിവയ്ക്കുശേഷം വന്ന 'ശ'കാരം 'ഛ'കാരമായിത്തീർന്നിരിയ്ക്കുന്നു.

പദാവസാനത്തിലുള്ള, വർഗ്ഗങ്ങളുടെ തൃതീയാക്ഷരമായിത്തീർന്ന ആ വർഗ്ഗപ്രഥമങ്ങൾക്കു ശേഷം വരുന്ന 'ഹ'കാരം അതാതു വർഗ്ഗങ്ങളുടെ നാലാമത്തെ അക്ഷരമായിത്തീരുന്നു. ഇതും ശാകല്യപിതാവിന്റെ മതമനുസരിച്ചാണ്.

ഉദാ:-1. ആ തൂനഇന്ദ്ര മദ്ര്യഗ്ഘുവാനഃ (ഋ.3.41.1).

2. അവാഡ്ഢവ്യാനി സുരഭീണി കൃ ത്വീ (ഋ. 10.15.12).

ഒന്നാമത്തെ ഉദാഹരണത്തിൽ 'മദ്ര്യക് ഹുവാനഃ' എന്നത് ആദ്യം 'ഘോഷവത് പരാഃ പ്രഥമാസ്തൃതീയാൻ' എന്ന വിധിയനുസരിച്ച് 'മദ്ര്യക്' എന്ന 'ക'കാരം 'ഗ'കാരമായിത്തീർന്ന്, പിന്നീ

ട് ‘ഹുവാനഃ’ എന്ന ‘ഹ’കാരം കവർഗ്ഗത്തിന്റെ ചതുർത്ഥാക്ഷരമായ ‘ഘ’കാരമായിത്തീർന്ന് ‘മദ്ര്യഗ്ഘുവാനഃ’ എന്നായിത്തീർന്നു.

രണ്ടാമത്തെ ഉദാഹരണത്തിൽ ‘അവാട് ഹവ്യാനി’ എന്നായിരുന്നത് ആദ്യം ‘ട’കാരം തൃതീയാക്ഷരമായ ‘ഡ’കാരമായിത്തീർന്ന് പിന്നീട് ‘ഹവ്യാനി’ എന്നിടത്തെ ‘ഹ’കാരം ഢകാരമായി ‘അവാഡ്ഢവ്യാനി’ എന്ന് പ്രയോഗം.

**3. വിസ്ഥാനേ സ്പർശ ഉദയേ മകാരഃ**
**സർവ്വേഷാമേവോദയസ്യോത്തമം സ്വം ।**
**അന്തഃസ്ഥാ സു രേഫവർജ്ജം പരാസു**
**താം താം പദാദിഷ്വനുനാസികാം തു ।।**

വിസ്ഥാനം=വിഭിന്നസ്ഥാനം; അന്യസ്ഥാനമെന്നർത്ഥം.

പവർഗ്ഗമൊഴികേയുള്ള സ്പർശാക്ഷരങ്ങൾ പരമായി വരുമ്പോൾ എല്ലാ ആചാര്യന്മാരുടെ മതത്തിലും മകാരത്തിന്, പരമായിരിയ്ക്കുന്ന അതാതു വർഗ്ഗാക്ഷരങ്ങളുടെ അഞ്ചാമത്തെ അക്ഷരം വരും.

ഉദാഃ-1. യങ്കുമാര നവം രഥം (ഋ.10.135.3)

2. അഹഞ്ച ത്വഞ്ച വൃത്രഹൻ (ഋ. 8.62.11)

ഒന്നാമത്തെ ഉദാഹരണത്തിൽ ‘യമ് കുമാര’ എന്നത് ‘കുമാര’ എന്നുള്ള ‘ക’കാരമാകുന്ന സ്പർശാക്ഷരം പരമായി വന്നതിനാൽ ‘യമ്’ എന്ന മകാരം ‘ങ’കാരമായി മാറി.

രണ്ടാമത്തെ ഉദാഹരണത്തിൽ ‘അഹമ് ച’ എന്നും ‘ത്വമ് ച ’ എന്നുമുള്ളത് ചകാരമാകുന്ന സ്പർശാക്ഷരം പരമായി വന്നതിനാൽ മകാരം ചവർഗ്ഗത്തിന്റെ അഞ്ചാമത്തെ അക്ഷരമായ ഞകാരമായി മാറി.

*(യങ് കുമാര എന്നതും അഹഞ്ച ത്വഞ്ച എന്നുള്ളതും രാഷ്ട്രീയസംസ്കൃതസംസ്ഥാൻ അച്ചടിച്ചു പ്രസിദ്ധീകരിച്ച ഋഗ്വേദ സംഹിതയിൽ കാണുന്നില്ല. അവിടെ യം കുമാര എന്നും അഹം ച ത്വം ച എന്നുമാണ് അച്ചടിച്ചിട്ടുള്ളത്)*

മകാരം, പദാദിയിലുള്ള രേഫമൊഴികേയുള്ള അന്തഃസ്ഥങ്ങൾ പരമായി വന്നാൽ അനുനാസികത്വമുള്ള അതാത് അന്തഃസ്ഥങ്ങളായി ഭവിയ്ക്കുന്നു.

രേഫമൊഴികേയുള്ള അന്തഃസ്ഥങ്ങൾ യ,ല, വ എന്നിവ.

മകാരം കഴിഞ്ഞ് പദാദിയിൽ യകാരം വന്നാൽ മകാരം അനുനാസികമായ ‘യ’കാരമായും, വകാരം വന്നാൽ അനുനാസികമായ വകാരമായും, ലകാരം വന്നാൽ അനുനാസികമായ ലകാര

മായും മകാരത്തിനു വികാരം സംഭവിയ്ക്കും എന്നു താല്പര്യം.

ഉദാഃ-1. യ്ँയ്ँയുജം കൃണുതേ (ഋ. 2.25.1)

'യമ് യമ് യുജം കൃണുതേ' എന്നത് 'യ്ँയ്ँയുജം കൃണുതേ' എന്നായി.

2. ഭദ്രൈഷാല്ല്ँക്ഷ്മീർനിഹിതാധിവാചി (ഋ. 10.71.2)

'ഏഷാമ് ലക്ഷ്മീഃ' എന്നത് 'ഏഷാല്ല്ँക്ഷ്മീഃ' എന്നായി.

3. ത്ँവ വ ഇന്ദ്രം ന സുക്രതും (ഋ. 6.48.14)

'തം വ' എന്നത് 'ത്ँവ്ു വ' എന്നായി.

(ഉവടൻ ഇങ്ങനെ മൂന്നുദാഹരണങ്ങൾ കാണിയ്ക്കുന്നതിനാൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സംഹിതാപാഠം അങ്ങനെയാവും. രാഷ്ട്രീയസംസ്കൃതസംസ്ഥാൻ അച്ചടിച്ച് പ്രസിദ്ധീകരിച്ച ഋഗ്വേദസംഹിതയിൽ അനുസ്വാരമായ രൂപമാണ് കാണുന്നത്. അതായത് 'യം യം യുജം കൃണുതേ', 'ഭദ്രൈഷാം ലക്ഷ്മീഃ', 'തം വ ഇന്ദ്രം' എന്നിങ്ങനെ. പാണിനിയുടെ മതമനുസരിച്ചാണെങ്കിൽ 'വാ പദാന്തസ്യ' (8.4.59) എന്ന സൂത്രമനുസരിച്ച് വൈകല്പികമായാണ് പരസ്സവർണ്ണം വരുന്നത്; പരസ്സവർണ്ണം അനുസ്വാരത്തിനാണ്, മകാരത്തിനല്ല എന്ന വ്യത്യാസവുമുണ്ട്.)

**4. തഥാ നകാര ഉദയേ ലകാരേ**
**ഞകാരം ശകാരചകാരവർഗ്ഗയോഃ ।**
**തകാരോ ജകാരലകാരയോസ്തൌ**
**താലവ്യേഽഘോഷ ഉദയേ ചകാരം ।।**

അതുപോലെ നകാരവും ലകാരം പരമായി വന്നാൽ അനുനാസികമായ ലകാരമായിത്തീരും. ശകാരമോ ചവർഗ്ഗമോ പരമായി വന്നാൽ നകാരം ഞകാരമായിത്തീരും.

'ജ'കാരമോ 'ല'കാരമോ പരമായി വരുമ്പോൾ 'ത'കാരം യഥാക്രമം 'ജ'കാരവും 'ല'കാരവുമായിത്തീരുന്നു.

അഘോഷങ്ങളായ താലവ്യങ്ങൾ പരമായിരിയ്ക്കുമ്പോൾ തകാരം ചകാരമായിത്തീരും.

താലവ്യങ്ങൾ=താലു സ്ഥാനമായിട്ടുള്ളവ. അവയിൽ അഘോഷങ്ങളായ താലവ്യങ്ങൾ ച്, ഛ്, ശ് എന്നിവയാണ്. (ഇവിടെ വ്യഞ്ജനസന്ധിയായതിനാൽ വ്യഞ്ജനങ്ങളുടെ കാര്യം മാത്രം പറയുന്നു). ഇവ പരമായി വരുമ്പോൾ 'ത'കാരം 'ച'കാരമായി മാറുന്നു.

ഉദാഃ-1 'ജിഗീവാൻ ലക്ഷം' എന്നത് സംഹിതയിൽ 'ജിഗീവാ ँല്ലക്ഷമാദത്' (2-12-4) എന്നായിത്തീരും. ഇവിടെ 'ജിഗീവാൻ' എ

ന്ന 'ന'കാരം 'ലക്ഷം' എന്ന 'ല'കാരം പരമായി വന്നതിനാൽ അ നുനാസികമായ ലകാരമായിത്തീർന്നിരിയ്ക്കുന്നു.

ഉദാഃ-2: 'ഘനേവ വജ്രിഞ്ഛ്നഥിഹി' (ഋ.1.63.5) ഇവിടെ പദ പാഠം ഘനാ/ഇവ/വജ്രിൻ/ശ്നഥിഹി/ എന്നാണ്. 'വജ്രിൻ' എന്ന നകാരം കഴിഞ്ഞ് 'ശ്നഥിഹി' എന്ന 'ശ'കാരം പരമായി വന്നിരി യ്ക്കുന്നു. അതിനാൽ നകാരത്തിന് 'ഞ'കാരം വരുന്നു. അടുത്ത ശ്ലോകത്തിൽ പറയാൻപോകുന്ന നിയമമനുസരിച്ച് നകാരത്തിന്റെ സ്ഥാനത്തുവന്ന 'ഞ'കാരത്തിൽനിന്ന് പരമായ 'ശ'കാരത്തിന് 'ഛ'കാരം വന്നിട്ട് 'വജ്രിഞ്ഛ്നഥിഹി' എന്ന് സംഹിതയിൽ പ്ര യോഗം. ഇതേപോലെ 'മഘവഞ്ഛഗ്ധി' (ഋ.8.24.11) എന്നിടത്തും.

ഉദാഃ-3: 'ആസ്മാഞ്ജഗമ്യാദഹിശുഷ്മ സ ത്വാ' (ഋ.5.33.5)

'ആ/അസ്മാൻ/ജഗമ്യാത്' എന്ന് പദപാഠം.

'അസ്മാൻ' എന്ന പദത്തിലെ അവസാനത്തെ 'ന'കാരം കഴി ഞ്ഞ് 'ജഗമ്യാത്' എന്ന 'ജ'കാരം പരമായി. ജകാരം ചവർഗ്ഗമാണ ല്ലോ. നകാരത്തിൽനിന്ന് ചവർഗ്ഗം പരമായതിനാൽ നകാരം 'ഞ'കാ രമായി മാറി.

ഉദാഃ-4: ഋഷ്വാ തേ പാദാ പ്രയജ്ജിഗാസി (ഋ.10.73.3)

'പ്ര/യത്/ജിഗാസി' എന്ന പദപാഠത്തിൽ 'യത്' എന്ന പദത്തി ലെ 'ത'കാരം കഴിഞ്ഞ് 'ജിഗാസി' എന്ന പദത്തിലെ 'ജ'കാരം പ രമായിട്ടുണ്ട്. അതിനാൽ 'ത'കാരം ജകാരമായിത്തീർന്ന് 'പ്രയ ജ്ജിഗാസി' എന്ന് സംഹിതയിൽ പാഠം.

ഉദാ:-5: 'അംഗാദങ്ഗാല്ലോമ്നോലോമ്നഃ' (ഋ.10.163.6).

അംഗാത്/അംഗാത്/ലോമ്നഃ/ലോമ്നഃ എന്ന് പദപാഠം. 'അം ഗാത്' എന്ന പദത്തിലെ അവസാനത്തെ തകാരം കഴിഞ്ഞ് 'ലോ മ്നഃ' എന്ന 'ല'കാരം പരമായിരിയ്ക്കുന്നു. അതിനാൽ തകാരം ലകാരമായിത്തീർന്നു. 'അംഗാല്ലോമ്നഃ' എന്ന് സംഹിത.

ഉദാഃ-6: തച്ചക്ഷുർദ്ദേവഹിതം ശുക്രമുച്ചരത് (ഋ.7.66.16).

തത്/ചക്ഷുഃ എന്ന് പദപാഠമുള്ളത് സംഹിതയിൽ 'തച്ചക്ഷുഃ' എന്നായിരിയ്ക്കുന്നു. 'തത്' എന്നതിന്റെ അവസാനത്തെ തകാര ത്തിനുശേഷം 'ചക്ഷുഃ' എന്ന 'ച'കാരം പരമായിട്ടുള്ളതിനാൽ 'ത'കാരം ചകാരമായിത്തീർന്നു.

ഉദാഃ-7: 'വരൂഥമസ്തി യച്ഛർദിഃ' (ഋ.8.67.6)

യത്/ഛർദിഃ എന്ന പദപാഠം 'യച്ഛർദിഃ' എന്നായിരിയ്ക്കുന്നു സംഹിതയിൽ. തകാരം കഴിഞ്ഞ് അഘോഷതാലവ്യമായ ഛകാ രം പരമായിട്ടുള്ളതിനാൽ 'ത'കാരം 'ച'കാരമായിത്തീർന്നു.

ഛർദിഃ=സുഖവാസയോഗ്യം ഗൃഹം (സായണൻ)

ഉദാഃ-8: 'തച്ഛം യോ രാവൃണീമഹേ' (ഖിലം ഋ. 10.191.5)

'തത്+ശംയോഃ' എന്ന് തകാരം കഴിഞ്ഞ് 'ശ'കാരം പരമായിട്ടുണ്ട്. 'ത'കാരം 'ച'കാരമായും, 'ശ'കാരം 'ഛ'കാരമായും മാറുന്നു.

**5. ഛകാരം തയോരുദയഃ ശകാരോ**
**ന ശാകല്യസ്യ താ വശങ്ഗമാനി ।**
**രേഫോഷ്മണോരുദയയോർമകാരോ$f$**
**നുസ്വാരം തത് പരിപന്നമാഹുഃ ।।**

'ത'കാരത്തിന്റെ സ്ഥാനത്തുവന്ന 'ച'കാരം 'ന'കാരത്തിന്റെ സ്ഥാനത്തുവന്ന 'ഞ'കാരം എന്നിവ കഴിഞ്ഞുവരുന്ന 'ശ'കാരം 'ഛ'കാരമായിത്തീരും. 'ഞ'കാരത്തിനുശേഷം വരുന്ന 'ശ'കാരം 'ഛ'കാരമാകുന്നതിന് ഉദാഹരണം നേരത്തെ പറയുകയുണ്ടായി- വജ്രിഞ്ഛ്നഥിഹി (ഋ.1.63.5).

ശാകല്യാചാര്യന്റെ മതത്തിലാകട്ടെ 'ശ'കാരം 'ഛ'കാരമായിത്തീരില്ല. 'വജ്രിഞ്ശ്നഥിഹി' എന്നേ വരുകയുള്ളൂ. അതുപോലെ 'തച് ശംയോരാവൃണീമഹേ' എന്നാണ് ശാകല്യസമ്മതം.

'ഘോഷവത് പരാ പ്രഥമാസ്തൃതീയാൻ' എന്നുതുടങ്ങി വിധിയ്ക്കപ്പെട്ട സന്ധികൾ വശങ്ഗമസന്ധികളാണ്. ഈ സന്ധികളിൽ ഉൾപ്പെടുന്ന വ്യഞ്ജനങ്ങൾക്കെല്ലാം മാറ്റം വരുന്നുണ്ട്. മാറ്റം വരാത്തവയില്ല.

## പരിപന്നസന്ധി

രേഫവും ഊഷ്മാക്കളും പരമായി വരുമ്പോൾ മകാരം അനുസ്വാരമായി മാറുന്നു. ഈ സന്ധിയ്ക്ക് ആചാര്യന്മാർ 'പരിപന്നം' എന്ന പേർ കൊടുക്കുന്നു.

ഉദാഃ- ഹോതാരം രത്നധാതമമ് (ഋ.1.1.1).

ഹോതാരമ് രത്നധാതമമ്- ഇവിടെ 'ഹോതാരമ്' എന്ന മകാരം കഴിഞ്ഞ് 'ര' എന്ന ഊഷ്മാവ് പരമായതിനാൽ 'മ'കാരം അനുസ്വാരമായിത്തീർന്നു. ഇതും വശങ്ഗമസന്ധിതന്നെയാണ്.

**6. ങകാരേ$f$ഘോഷോഷ്മപരേ$f$ന്തരൈകേ**
**കകാരം ടകാരനകാരയോസ്തു ।**
**ആഹുഃ സകാരോദയയോസ്തകാരം**
**ഞകാരേ ശകാരപരേ ചകാരം. ।।**

അഘോഷങ്ങളായ ഊഷ്മാക്കൾ പരമായി വരുമ്പോൾ 'ങ'കാരത്തിനും അഘോഷോഷ്മാക്കൾക്കും മദ്ധ്യത്തിൽ കകാരം ആഗമമായി വരുമെന്ന് ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നു.

പ്രത്യങ്ക് സ വിശ്വാ ഭുവനാ- (ഋ.9.80.3)

'പ്രത്യങ്' എന്ന ങകാരം കഴിഞ്ഞ് 'സ' എന്ന അഘോഷമായ ഊഷ്മാവ് പരമായതിനാൽ ചില ആചാര്യന്മാരുടെ മതത്തിൽ ക കാരം ആഗമമായി വന്നിരിയ്ക്കുന്നു.

'ട'കാരം 'ന'കാരം എന്നിവയിൽനിന്ന് സകാരം പരമായിട്ടുണ്ടെങ്കിൽ ടകാര-സകാരങ്ങളുടേയും, നകാര-സകാരങ്ങളുടേയും ഇടയിൽ 'ത'കാരം ആഗമമായി വരും എന്ന് ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നു.

ഉദാഃ-1: അക്ഷേത്രവിത് ക്ഷേത്രവിദം ഹ്യപ്രാട്ത്സ പ്രൈതി- (ഋ.10.32.7)

ഹി അപ്രാട് സഃ എന്ന വാക്യത്തിൽ അപ്രാട് എന്ന 'ട'കാരത്തിനുശേഷം 'സ'കാരം വന്നിട്ടുണ്ട്. അതിനാൽ ചില ആചാര്യന്മാരുടെ മതത്തിൽ 'ഹ്യപ്രാട്ത്സ' എന്നാകും. 'ട'കാര-'സ'കാരങ്ങളുടെ മദ്ധ്യത്തിൽ തകാരം വന്നിരിയ്ക്കുന്നു.

ഉദാഃ-2: ത്വം താന്ത്സംച പ്രതിചാസി മന്മനാ (ഋ.2.1.15).

'താൻ സം ച' എന്ന വാക്യത്തിൽ നകാരം കഴിഞ്ഞ് സകാരം വരുന്നു. അതിനാൽ 'താന്ത്സം ച' എന്ന് തകാരം നകാര-സകാരങ്ങളുടെ ഇടയ്ക്കു വരുന്നു.

നകാരത്തിന്റെ സ്ഥാനത്ത് വന്നിട്ടുള്ള ഞകാരം കഴിഞ്ഞ് 'ശ'കാരം വരുകയാണെങ്കിൽ ആ 'ഞ'കാര-'ശ'കാരങ്ങളുടെ മദ്ധ്യത്തിൽ ചകാരാഗമം വരുമെന്ന് ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നു.

ഉദാഃ- ഘനേവ വജ്രിഞ്ച്ഛ്നധിഹി- (ഋ.1.63.5)

**അന്തഃപാതസന്ധി**

**7. തേഽന്തഃ പാതാഃ അകൃതസംഹിതാനാ-**
**മൂഷ്മാന്താനാം പടലേഽസ്മിൻ വിധാനമ് ।**
**ചിത് കംഭനേ നോഷ്മലോപഃ കകുദ്മാൻ**
**സമ്രാട്ശബ്ദഃ പരിപന്നാപവാദഃ ॥**

'ങകാരേഽഘോഷോഷ്മപരേ-' എന്നു തുടങ്ങി വിധിയ്ക്കപ്പെട്ട സന്ധിയ്ക്ക് അന്തഃപാതസന്ധി എന്നു പറയും- എന്തെന്നാൽ രണ്ടു പദങ്ങളുടെ ഇടയ്ക്ക് ഒരു വ്യഞ്ജനം ചേർന്നുണ്ടാകുന്ന സന്ധിയാണല്ലോ അത്.

ഊഷ്മാവ് വരെയുള്ള ഏതൊരു വർണ്ണങ്ങൾകൊണ്ടാണോ സന്ധി ഇതുവരെ പറയാത്തത്, അവയുടെ സന്ധി ഇനി പറയാൻ തുടങ്ങുകയാണ്.

'ഓകാരം ഹ്രസ്വപൂർവ്വഃ' എന്നിങ്ങനെ ഇനി വിധിയ്ക്കാൻ പോ

കുന്ന "ഹ്രസ്വപൂർവ്വമായ വിസർഗ്ഗം, അതിനുശേഷം ഘോഷപ്രയത്നമുള്ള വർണ്ണം പരമായാൽ ഉപധാസഹിതം ഓകാരമായിത്തീരും" എന്നത് സ്വരം പരമാകുമ്പോൾ എന്ന് അർത്ഥമാക്കരുത്. 'സ്വരം പരമാകുമ്പോൾ ഹ്രസ്വപൂർവ്വവും അരിഫിതവുമായ വിസർഗ്ഗം ഉപധാസഹിതം അകാരമായിത്തീരും' എന്ന് നേരത്തെ വിധിച്ചിട്ടുണ്ട്. ഇവിടെ ഓകാരമായി പരിണമിയ്ക്കുന്നു; പരമായി ഘോഷാക്ഷരം വരുമ്പോൾ.

ഉദാഃ- ഏഷ ദേവോ രഥര്യതി (ഋ. 9-3-5)

'ദേവഃ' എന്നുകഴിഞ്ഞ് 'ര' എന്ന ഘോഷാക്ഷരം പരമായതിനാൽ ഹ്രസ്വപൂർവ്വമായ അരിഫിതമായ വിസർഗ്ഗം ഉപധയായ അകാരത്തോടുകൂടെ 'ഓ'കാരമായിത്തീർന്ന് 'ദേവോ' എന്നായി. അത് 'ര' എന്ന ഘോഷം പരമായതുകൊണ്ടാണ്.

'ചിത്കംഭനേന' എന്ന പദത്തിൽ ഊഷ്മാവായ 'സ'കാരത്തിന് ലോപം വരും. ഇത് നിപാതനമാണ്.

ഉദാഃ- ചാസ്കംഭ ചിത്കംഭനേന സ്കഭീയാൻ (ഋ.10-111-5).

ചാസ്കംഭ/ചിത്/സ്കംഭനേന/സ്കഭീയാൻ എന്നാണ് പദപാഠം. ചിത് കഴിഞ്ഞുള്ള 'സ്കംഭനേന' എന്നുള്ളത് സംഹിതയിൽ സകാരം ലോപിച്ച് 'ചിത്കംഭനേന' എന്നായിത്തീർന്നു. 'ചിത്' എന്നു കഴിഞ്ഞുവരുന്ന സ്കംഭനേന എന്നുള്ളതിനു മാത്രമെ സകാരലോപം നിപതിച്ചിട്ടുള്ളൂ.

കകുദ്മാൻ എന്ന പദത്തിൽ 'സ്വാനുത്തമാനുത്തമേഷൂദയേഷു' എന്ന നിയമമനുസരിച്ച് 'മ'കാരം പരമായതുകൊണ്ട് ദകാരത്തിന് നകാരം വരുന്നില്ല. ഇവിടെ ദകാരം നിപതിച്ചിരിയ്ക്കുന്നു.

സമ്രാട് എന്ന ശബ്ദം പരിപന്നവിധിയുടെ അപവാദമാണ്. 'മ'കാരം കഴിഞ്ഞ് രേഫമോ ഊഷ്മാക്ഷരങ്ങളോ പരമായാൽ അനുസ്വാരം വരും എന്ന് 'രേഫോഷ്മണോ....' എന്നതുകൊണ്ട് വിധിച്ചിരുന്നു. എന്നാൽ 'സമ്' എന്ന് കഴിഞ്ഞ് 'രാട്' എന്നു പരമായിരുന്നിട്ടും മകാരത്തിന് അനുസ്വാരം വരുന്നില്ല. 'സംരാട്' എന്നല്ല 'സമ്രാട്' എന്നാണ് പദപ്രയോഗം. അതിനാൽ ഇവിടെ അനുസ്വാരവിധിയുടെ അപവാദമാണ്.

## നിയത പ്രശ്രിതസന്ധികൾ, അകാമ-നിയതസന്ധികൾ

**8. വിസർജ്ജനീയ ആകാരമരേഫീ ഘോഷവത് പരഃ ।**
**ഓകാരം ഹ്രസ്വപൂർവ്വസ്തൌ സന്ധീനിയത പ്രശ്രിതൌ ।।**

അരേഫിയായ വിസർഗ്ഗം ഘോഷമായ വ്യഞ്ജനം പരമായി വന്നാൽ ഉപധയോടുകൂടി 'ആ' എന്നായിത്തീരും.

(നാമികളായ സ്വരങ്ങൾ പൂർവ്വം വരുന്ന വിസർഗ്ഗത്തിനേയാണ് 'രേഫി' എന്നു പറയുന്നത്. അകാരം ഒഴികെയുള്ള സ്വരങ്ങളാണ് നാമികൾ. അപ്പോൾ അകാരം പൂർവ്വത്തിൽ വരുന്ന വിസർഗ്ഗമാണ് അരേഫിയായ വിസർഗ്ഗം. വിസർഗ്ഗത്തിന്റെ മുമ്പുള്ള അക്ഷരമാണ് ഉപധ).

ഉദാഃ- പുനാനാ യന്ത്യനിവിശമാനാഃ (ഋ.7-49-1). പുനാനാഃ/യന്തി/അനിവിശമാനാഃ എന്നാണ് പദപാഠം.

'പുനാനാഃ' എന്ന പദത്തിലെ അവസാനമുള്ള വിസർഗ്ഗം അരേഫിയായ വിസർഗ്ഗമാണ്. അതു കഴിഞ്ഞ് 'യ' എന്ന ഘോഷാക്ഷരം പരമായിട്ടുണ്ട്. അതിനാൽ ഉപധയോടുകൂടിയ വിസർഗ്ഗം 'ആഃ' എന്നത് 'ആ' എന്നായി.

ഹ്രസ്വം പൂർവ്വത്തിലുള്ള അരിഫിതമായ വിസർഗ്ഗം ഘോഷാക്ഷരം പരമായി വന്നാൽ 'ഓ' എന്നായി മാറും.

ഉദാഃ- ദേവോ ദേവേഭിരാഗമത് (ഋ. 1-1-5) ദേവഃ/ദേവേഭിഃ/ആഗമത്/ എന്നാണ് പദപാഠം. ദേവഃ എന്ന പദത്തിലെ വിസർഗ്ഗം ഹ്രസ്വപൂർവ്വമായ, അരിഫിതമായ വിസർഗ്ഗമാണ്. അതിനുശേഷം 'ദേവേഭിഃ' എന്ന 'ദ'കാരം ഘോഷാക്ഷരം പരമായതിനാൽ 'അഃ' എന്നത് 'ഓ' എന്നായി, ദേവോ എന്ന് രൂപം സംഹിതയിൽ.

ഈ സന്ധികൾക്ക് യഥാക്രമം നിയതം എന്നും, പ്രശ്രിതം എന്നും പേരുകൾ. 'ആ' എന്നായിത്തീരുന്നത് 'നിയത'വും 'ഓ' എന്നായിത്തീരുന്നത് 'പ്രശ്രിത'വും.

**9. സർവ്വോപധസ്തു സ്വരഘോഷവത്പരോ**
**രേഫം രേഫീ തേ പുനാ രേഫസന്ധയഃ ।**
**രേഫോദയോ ലുപ്യതേ ദ്രാഘിതോപധാ**
**ഹ്രസ്വസ്യകാമനിയതാ ഉഭാവിമൌ ॥**

ദീർഘോപധമായാലും, ഹ്രസ്വോപധമായാലും രേഫിയായ വിസർഗ്ഗം സ്വരം പരമായിരിയ്ക്കുമ്പോഴും ഘോഷാക്ഷരങ്ങൾ പരമായിരിയ്ക്കുമ്പോഴും രേഫമായിത്തീരുന്നു. ഇവ 'രേഫസന്ധികൾ' എന്നറിയപ്പെടുന്നു.

ഉദാഃ- പ്രാതരഗ്നിം പ്രാതരിന്ദ്രം ഹവാമഹേ (ഋ. 9-112-4)

'പ്രാതഃ അഗ്നിം', 'പ്രാതഃ ഇന്ദ്രം' എന്ന രണ്ടിടത്തും രേഫിയായ (മഹോപോവർജ്ജമിതരോ യഥോക്തം- എന്ന പ്രാതിശാഖ്യമനുസരിച്ച് മഹ, അപ എന്നിവ ഒഴികെയുള്ള അനാമിപൂർവ്വമായ വിസർഗ്ഗത്തിനും രേഫിസംജ്ഞയുണ്ട്) വിസർഗ്ഗത്തിൽനിന്ന് സ്വരം പരമായി വന്നിട്ടുള്ളതിനാൽ വിസർഗ്ഗം രേഫമായി. രേഫിയാ

യ വിസർഗ്ഗത്തിൽനിന്ന് ഘോഷാക്ഷരം പരമായപ്പോൾ വിസർഗ്ഗം രേഫമായി മാറുന്നതിന് ഉദാഹരണം:

ഉദാഃ- പ്രാതർമ്മിത്രാ വരുണാ (ഋ. 7-41-1)

രിഫിതമായ വിസർഗ്ഗം രേഫം പരമായി വരുമ്പോൾ ലോപിയ്ക്കുന്നു.

ഉദാഃ- യുവോ രജാംസി സുയമാസോ അശ്വാ രഥഃ (ഋ. 1-180-1)

'അശ്വാഃ രഥഃ' എന്ന് അശ്വാഃ എന്ന വിസർഗ്ഗം കഴിഞ്ഞ് 'രഥഃ' എന്ന രേഫം പരമായി വന്നതിനാൽ വിസർഗ്ഗത്തിന് ലോപം വന്ന് 'അശ്വാ രഥഃ' എന്നായി.

ഹ്രസ്വപൂർവ്വമായ രിഫിതമായ വിസർഗ്ഗത്തിന്, രേഫം പരമായി വരുമ്പോൾ ലോപം വരുകയും, ഉപധയ്ക്കു ദീർഘം വരികയും ചെയ്യുന്നു.

ഉദാഃ- പ്രാതാ രത്നം പ്രാതരിത്വാ (ഋ.1.125.1)

അഗ്നീ രക്ഷാംസി സേധതി (ഋ. 7-15-10)

ഈ രണ്ടു ഉദാഹരണങ്ങളിലും വിസർഗ്ഗത്തിന് ലോപവും, ഉപധയ്ക്ക് ദീർഘവും സംഭവിച്ചിരിയ്ക്കുന്നു. 'പ്രാതഃ രത്നം', 'അഗ്നിഃ രക്ഷാംസി' എന്നത് ആദ്യം വിസർഗ്ഗം ലോപിച്ച് 'പ്രാത രത്നം' എന്നും 'അഗ്നി രക്ഷാംസി' എന്നും ആയിത്തീർന്ന് പിന്നീട് ഉപധയ്ക്ക് ദീർഘം വന്ന് 'പ്രാതാ രത്നം' എന്നും 'അഗ്നീ രക്ഷാംസി' എന്നും ആയി. വിസർഗ്ഗം ലോപിയ്ക്കുന്ന സന്ധിയെ 'അകാമം' എന്നും, ഉപധ ദീർഘിയ്ക്കുന്നതിനെ 'നിയതം' എന്നും പറയുന്നു.

**10. അഘോഷേ രേഫ്യരേഫീ ചോഷ്മാണം സ്പർശ ഉത്തരേ ।**
**തത്സസ്ഥാന മനൂഷ്മപരേ തമേവോഷ്മാണമൂഷ്മണി ।।**

അഘോഷമായ സ്പർശം പരമായി വരുമ്പോൾ രേഫിയും അരേഫിയുമായ വിസർഗ്ഗം, പരമായി വന്ന അഘോഷസ്പർശത്തിന്റെ സമാനസ്ഥാനികമായ ഊഷ്മാവായിത്തീരും; പരമായ സ്പർശം കഴിഞ്ഞ് ഊഷ്മാവ് വരുന്നില്ലെങ്കിൽ.

ഉദാഃ- ഋഷിᳵകോ വിപ്ര ഓഹതേ (ഋ.8-3-14)

ഋഷിഃ/കഃ/വിപ്രഃ/ എന്ന പദപാഠത്തിൽ ഋഷിഃ എന്ന പദത്തിലെ വിസർഗ്ഗം കഴിഞ്ഞ് അഘോഷമായ 'ക'കാരമാകുന്ന സ്പർശാക്ഷരം പരമായിട്ടുണ്ട്. കകാരം കഴിഞ്ഞ് അകാരമാകയാൽ കകാരം ഊഷ്മാവ് പരമായിട്ടുള്ളതല്ല. അതിനാൽ വിസർഗ്ഗം 'ക'കാരത്തിന്റെ സ്ഥാനമായ ജിഹ്വാമൂലം തന്നെ സ്ഥാനമായിട്ടുള്ള ജിഹ്വാമൂലീയമായിത്തീർന്നു. (ഋകാരല്കാരാവഥ ഷഷ്ഠ ഊഷ്മാ

ജിഹ്വാമൂലീയാഃ പ്രഥമശ്ച വർഗ്ഗഃ)

ഉദാഃ- അഗ്നിശ്ച സോമ സക്രതൂ അധത്തമ്(ഋ. 1-93-5)

അഗ്നിഃ/ച എന്ന് പദപാഠത്തിൽ അഗ്നിശബ്ദോത്തരമുള്ള വിസർഗ്ഗം കഴിഞ്ഞ് 'ച' എന്ന നിപാതത്തിന്റെ ച് ആണ് പരമായിരിയ്ക്കുന്നത്. അത് അഘോഷമായ സ്പർശമാണ്. 'ച്' കഴിഞ്ഞ് 'അ' എന്ന സ്വരമാണ് പരമായിട്ടുള്ളത്; ഊഷ്മാവായ വർണ്ണം പരമായിട്ടില്ല. അതിനാൽ വിസർഗ്ഗം, പരമായ അഘോഷസ്പർശത്തിന്റെ സ്ഥാനം തന്നെയുള്ള ഊഷ്മാവായ 'ശ'കാരമായിത്തീർന്ന് 'അഗ്നിശ്ച' എന്നായിത്തീർന്നു.

അഘോഷമായ ഊഷ്മാവ് പരമായി വന്നാൽ, വിസർഗ്ഗം ആ ഊഷ്മാവുതന്നെ ആയിത്തീരും.

ഉദാഃ- യോ വശ്ശിവതമോരസഃ  (ഋ.10.9.2)

യഃ/വഃ/ശിവതമോ/രസഃ/ എന്ന് പദപാഠം. 'വഃ ശിവതമഃ' എന്നിടത്ത് വകാരം കഴിഞ്ഞുള്ള വിസർഗ്ഗം കഴിഞ്ഞ് 'ശ'കാരം പരമായിരിയ്ക്കുന്നു. ഈ 'ശ'കാരം അഘോഷമായ ഊഷ്മാവാണ്. വിസർഗ്ഗം ശകാരമായിത്തീർന്ന് 'വശ്ശിവതമോ' എന്നായിരിയ്ക്കുന്നു.

## വ്യാപന്നസന്ധി-വിക്രാന്തസന്ധി

**11. പ്രഥമോത്തമവർഗ്ഗീയേ സ്പർശേ വോഷ്മണി ചാനതേ ।**

**വ്യാപന്ന ഊഷ്മസന്ധിഃ സ വിക്രാന്തഃ പ്രാകൃതോപധഃ ॥**

രേഫിയും അരേഫിയുമായ വിസർഗ്ഗം ആദ്യത്തേയും അവസാനത്തേയും വർഗ്ഗങ്ങളിലെ സ്പർശാക്ഷരങ്ങൾ പരമായി വരുമ്പോൾ അതാതിന്റെ സ്ഥാനങ്ങളോടു തുല്ല്യമായ സ്ഥാനമുള്ള ഊഷ്മാവായി ഭവിയ്ക്കുന്നു. ഇത് വികല്പവിധിയാണ്.

(ദന്തസ്ഥാനികങ്ങളായവയ്ക്ക് മൂർദ്ധസ്ഥാനങ്ങളായ വർണ്ണങ്ങൾ വരുന്നതിനാണ് 'നതി' എന്നു പറയുന്നത്. 'നതി' വന്നവയാണ് നതങ്ങൾ. നതിയെക്കുറിച്ച് പിന്നീട് പ്രസ്താവിയ്ക്കും.)

നതങ്ങളല്ലാത്ത- മൂർദ്ധന്യഭാവം സംഭവിച്ചിട്ടില്ലാത്ത- അഘോഷങ്ങളായ ഊഷ്മാക്കൾ പരമായി വരുമ്പോഴും വിസർഗ്ഗം ഇപ്രകാരം വികല്പമായി സമാനസ്ഥാനികമായ ഊഷ്മാവായി പരിണമിയ്ക്കും.

ഉദാഃ- 'യᳵകകുഭോ നിധാരയ', യഃ കകുഭോ നിധാരയ (ഋ.8.41.4)

വിസർഗ്ഗം കഴിഞ്ഞ് പ്രഥമവർഗ്ഗാക്ഷരവും അഘോഷവുമായ 'ക'കാരം പരമായി വന്നപ്പോൾ കകാരത്തിന്റെ സ്ഥാനമായ ജിഹ്വാമൂലം സ്ഥാനമായിട്ടുള്ള ജിഹ്വാമൂലീയം എന്ന ഊഷ്മാവ് വി

സർഗ്ഗത്തിന്റെ സ്ഥാനത്തു വന്നിട്ടുള്ള രൂപമാണ് ആദ്യത്തേത്. വിസർഗ്ഗം തന്നെയുള്ള രൂപമാണ് രണ്ടാമത്തേത്.

ഇതേപോലെത്തന്നെ 'യᳵപഞ്ചചർഷണീരഭി' (ഋ.7.15.2) എന്ന് വിസർഗ്ഗത്തിന് ഉപധ്മാനീയം വന്ന രൂപവും 'യഃ പഞ്ചചർഷണീരഭി' എന്നു വിസർഗ്ഗം തന്നെയുള്ള രൂപവും.

'യോ വശ്ശിവതമോ രസഃ' എന്നു വിസർഗ്ഗം ശകാരമായിത്തീർന്ന രൂപവും, 'യോ വഃ ശിവതമോ രസഃ' എന്ന് വിസർഗ്ഗം തന്നെയുള്ള രൂപവും.

വിസർഗ്ഗം പോയി മറ്റൊരു ഊഷ്മാവ് വരുന്ന ഊഷ്മസന്ധിയെ വ്യാപന്ന ഊഷ്മസന്ധി എന്നും വിസർഗ്ഗം നിലനിൽക്കുന്ന സന്ധിയെ വിക്രാന്തസന്ധി എന്നും പറയുന്നു. അത് പ്രാകൃതോപധമാണ്.

**അന്വക്ഷരവക്രതസന്ധി**

**12. ഊഷ്മണ്യഘോഷോദയേ ലുപ്യതേ പരേ**
**നതേഽപി സോഽന്വക്ഷരസന്ധി വക്രതഃ ।**
**അവ്യാപത്തിഃ കഖപഫേഷു വ്യത്തൌ**
**രേഫം സ്വർധൂഃ പൂരഘോഷേഷ്വവിഗ്രഹേ ।।**

അഘോഷാക്ഷരം പരമായിട്ടുള്ളതും, നതി വന്നതോ വരാത്തതോ ആയതുമായ ഊഷ്മാക്ഷരം വിസർഗ്ഗത്തിനുശേഷം വന്നാൽ വിസർഗ്ഗം ലോപിയ്ക്കും. അന്വക്ഷരവക്രതസന്ധി എന്നാണ് ഈ സന്ധിയുടെ നാമധേയം.

ഉദാഃ 1. സമുദ്ര സ്ഥഃ കലശഃ സോമധാനഃ (ഋ.6.69.6). സമുദ്രഃ/സ്ഥ/ എന്ന് പദപാഠം.

ഇവിടെ വിസർഗ്ഗം കഴിഞ്ഞ് 'സ്ഥ' എന്നതിലെ സകാരം (ഊഷ്മാവ്) പരമായിട്ടുണ്ട്. ഇത് നതി വരാത്ത ഊഷ്മാവാണ്. അതിനുശേഷം 'ഥ' എന്ന അഘോഷം പരമായിട്ടുണ്ട്. അതിനാൽ അഘോഷം പരമായ നതി വരാത്ത ഊഷ്മാക്ഷരം പരമായതിനാൽ വിസർഗ്ഗം ലോപിച്ചു. 'സമുദ്ര സ്ഥ' എന്നായി.

ഉദാഃ 2. പ്ര വ സ്പളക്രൻ സുവിതായ ദാവനേ (ഋ. 5.59.1)

പ്ര/വഃ/സ്പട്/അക്രൻ എന്നു പദപാഠം. 'വഃ' എന്ന് 'വ'കാരം കഴിഞ്ഞു വരുന്ന വിസർഗ്ഗം ലോപിച്ചിരിയ്ക്കുന്നു.

ഉദാഃ 3. നിഷ്ടനിഹി ദുരിതാ (ഋ. 6.47.30).

'നിഃ/സ്തനിഹി/' എന്ന് പദപാഠം. വിസർഗ്ഗം കഴിഞ്ഞ് സ എന്ന ഊഷ്മാവ് പരമായിട്ടുണ്ട്. അത് 'ത'കാരമാവുന്ന അഘോഷം പരമായിട്ടുള്ളതാണ്. സകാര-തകാരങ്ങൾക്ക് നതി വന്ന് 'ഷ്ട' എ

ന്നായി. ഷകാരവും ഊഷ്മാവാണ്, 'ട'കാരം അഘോഷമാണ്. അതിനാൽ വിസർഗ്ഗത്തിനു ലോപം വരുന്നു.

ആദ്യത്തെ രണ്ട് ഉദാഹരണങ്ങൾ അഘോഷാക്ഷരം പരമായ 'നതി' വരാത്ത ഊഷ്മാവ് പരമായപ്പോൾ വിസർഗ്ഗത്തിനു ലോപം വന്നതിനും, മൂന്നാമത്തേത് അഘോഷാക്ഷരം പരമായ 'നതി' വന്ന ഊഷ്മാക്ഷരം പരമായപ്പോൾ വിസർഗ്ഗത്തിനു ലോപം വന്നതിനും ഉദാഹരണങ്ങളാണ്. ഇത് അന്വക്ഷരവക്രതസന്ധിയാണ്.

കവർഗ്ഗ-പവർഗ്ഗങ്ങളുടെ പ്രഥമാക്ഷരങ്ങളും ദ്വിതീയാക്ഷരങ്ങളും (ക, ഖ-പ, ഫ) പരമായി വരുമ്പോൾ വിസർഗ്ഗത്തിനു ലോപം വരുകയില്ല.

ഉദാഃ 1. യഃ കൃന്തദിദ്വിയോന്യം (ഋ.8.45.30)

യഃ/കൃന്തത്/ഇത്/വി/യോന്യം/ എന്ന് പദപാഠം.

ഉദാഃ 2. അഗസ്ത്യഃ ഖനമാനഃ ഖനിത്രൈഃ (ഋ.1. 179.6)

ഉദാഃ 3. യഃ പഞ്ചചർഷണീരഭി (ഋ. 7.15.2)

ഉദാഃ 4. യാഃ ഫലിനീര്യാ അഫലാഃ (ഋ. 10.97.15)

ഈ നാലുദാഹരണങ്ങളിലും വിസർഗ്ഗം കഴിഞ്ഞ് യഥാക്രമം ക, ഖ, പ, ഫ എന്നിവ പരമായതിനാൽ വിസർഗ്ഗം ലോപിച്ചിട്ടില്ല.

സ്വഃ, ധൂഃ, പൂഃ എന്നിവയുടെ വിസർഗ്ഗങ്ങൾ അഘോഷങ്ങളായ പ്രത്യയങ്ങൾ പരമായി വരുമ്പോൾ രേഫമായിത്തീരും, വേറെ പദമല്ലെങ്കിൽ.

ഉദാഃ 1. വിപ്രഃ കവിഃ കാവ്യേനാ സ്വർചനാഃ (ഋ. 9.84.5).

'സ്വഃ/ചനാഃ' എന്നാണ് പദപാഠം. അത് സംഹിതയിൽ 'സ്വർചനാഃ' എന്നായി. 'ച്' എന്ന അഘോഷം പരമായതിനാൽ 'സ്വഃ' എന്നതിന്റെ വിസർഗ്ഗം രേഫമായി.

ഇതേപോലെ ഉദാഃ 2 സ്വർഷാമപ്സാം വൃജനസ്യ ഗോപാം (ഋ. 1.91.21) എന്ന സംഹിതയിലും 'സ്വഃ/സാം' എന്നിടത്തെ വിസർഗ്ഗം രേഫമായിരിയ്ക്കുന്നു.

ഉദാഃ 3. തിഷ്ഠദ്രഥം ന ധൂർഷദം (ഋ. 10.132.7)

'ധൂഃ/സദം' എന്ന പദപാഠമാണ് സംഹിതയിൽ 'ധൂർഷദം' എന്നായത്. ഇവിടെ ധൂഃ എന്നതിന്റെ വിസർഗ്ഗം സ് എന്ന അഘോഷം പരമായപ്പോൾ രേഫമായിത്തീർന്നിരിയ്ക്കുന്നു.

ഉദാഃ 4. മിത്രായുവോ ന പൂർപതിം (ഋ. 1.173.10)

'പൂഃ/പതിം' എന്നതാണ് സംഹിതയിൽ 'പൂർപതിം' എന്നാ

യത്. ഇവിടെ പൂഃ എന്നതിന്റെ വിസർഗ്ഗം അഘോഷം പരമായി വന്നതിനാൽ രേഫമായിത്തീർന്നു.

**13. നാക്ഷാ ഇന്ദുഃ സ്വധിതീവാഹ ഏവ**
**ഭൂമ്യാദദേ/ഹോഭിരുഷർവസൂയവഃ ।**
**ആവർത്തമോ/ഹോരാത്രാണ്യദോ പിതോ**
**പ്രചേതാ രാജൻ വർത്തനീരഹേതി ച. ॥**

ഇതിൽ ചില നിപാതനങ്ങളാണ് പറയുന്നത്. കുറച്ചുമുൻപ് വിധിച്ച സന്ധികൾ വരേണ്ടിടത്ത് അവ വരാതിരിയ്ക്കുന്നതിനാൽ അവയെ നിപാതനങ്ങളായി കാണണം.

**ഉദാഹരണങ്ങൾ**

**1. അക്ഷാ ഇന്ദുഃ**

'പരിഷ്യ സുവാനോ അക്ഷാ ഇന്ദുഃ' (ഋ. 9.98.3). ഇവിടെ പദപാഠം അക്ഷാരിതി/ ഇന്ദു എന്നാണ്. സ്വരങ്ങളോ ഘോഷാക്ഷരങ്ങളോ പരമായി വരുമ്പോൾ രേഫിയായ വിസർഗ്ഗം രേഫമായിത്തീരും എന്ന നിയമമനുസരിച്ച് 'അക്ഷാരിന്ദു' എന്ന രൂപം വരേണ്ടതായിരുന്നു. എന്നാൽ രേഫത്തിനു ലോപം വന്ന് 'അക്ഷാ ഇന്ദുഃ' എന്ന പ്രയോഗമാണ് കാണുന്നത്. അതിനാൽ ഇത് നിപാതനമാണ്.

**2. സ്വധിതീവ**

'പ്ര സ്വധിതീവ രീയതേ' (ഋ. 5.7.8)

'പ്ര/സ്വധിതിഃ/ഇവ/രീയതേ' എന്നാണ് പദപാഠം. സ്വധിതീരിവ എന്ന പാഠത്തിന് പകരം സ്വധിതീവ എന്നാണ് സംഹിതാപാഠം. ഇതും നിപാതനമാണ്.

**3. അഹ ഏവ.**

'മോത സൂരോ അഹ ഏവാചന' (ഋ. 6.48.17).

'മാ/ഉത/സുരഃ/അഹരിതി/ഏവ/ചന/' എന്നാണ് പദപാഠം. അഹരേവേ എന്നാണ് പാഠം വേണ്ടിയിരുന്നത്. അഹ ഏവ എന്നാണ് സംഹിതയിൽ സ്വീകരിച്ചിരിയ്ക്കുന്ന പാഠം. ഇതും നിപാതനമാണ്.

**4. 'ദിവിഷദ് ഭൂമ്യാദദേ' (ഋ. 9.61.10)**

ദിവി/സത്/ഭൂമിഃ/ആ/ദദേ/ എന്നു പദപാഠം. ഭൂമിരാദദേ എന്ന പ്രയോഗത്തിനു പകരം ഭൂമ്യാദദേ എന്നാണ് സംഹിതയിൽ പാഠം. (വിസർഗ്ഗം ലോപിയ്ക്കുകയും ക്ഷൈപ്രസന്ധി വരികയും ചെയ്തിരിയ്ക്കുന്നു). ഇത് നിപാതനമാണ്.

**5. അഹോഭിഃ**

അഹോഭിരദ്ഭിരക്തുഭിഃ (ഋ. 10.14.9)

അഹഃ*f*ഭിഃ/അത്ഭിഃ/അക്തുഭിഃ/ എന്നാണ് പദപാഠം. അഹർഭിഃ എന്ന് പ്രയോഗം വേണ്ടിടത്ത് അഹോഭിഃ എന്നാണ് സംഹിതയിൽ കാണുന്നത്. ഇത് നിപാതനമാണ്.

**6. ഊഷർവസൂയവഃ**

താം ത്വാമുഷർവസൂയവഃ (ഋ. 1.49.4).

താം/ത്വാം/ഉഷഃ/വസൂയവഃ എന്നാണ് പദപാഠം. 'ഓകാരം ഹ്രസ്വപൂർവ്വഃ' എന്ന വിധിയനുസരിച്ച് (ഹ്രസ്വപൂർവ്വമായ വിസർഗ്ഗം ഘോഷാക്ഷരം പരമായി വന്നാൽ ഉപധാസഹിതം ഓകാരമായി മാറും). ഉഷോ വസൂയവഃ എന്നാണ് പ്രയോഗം വരേണ്ടത്. ഇവിടെ രേഫം വന്നിരിയ്ക്കുന്നു. അതിനാൽ നിപാതനമാണ്.

**7. ആവർത്തമഃ**

ഗാവോ ന വ്രജം വ്യുഷാ ആവർത്തമഃ (ഋ. 1.92.4) ഇവിടെ ആവരിത്യാവഃ/തമഃ എന്നാണ് പദപാഠം. 'ആവസ്തമഃ' എന്ന് പ്രയോഗിയ്ക്കേണ്ടിടത്ത് 'ആവർത്തമഃ' എന്ന് വിസർഗ്ഗത്തിന് രേഫം വന്ന പ്രയോഗമാണ് സംഹിതയിൽ കാണുന്നത്. ഇതും നിപാതനമായി കണക്കാക്കണം.

**8. അഹോരാത്രാണി**

'അഹോരാത്രാണി വിദധത്' (ഋ. 10.190.2) 'അഹാരാത്രാണി' എന്ന് പ്രയോഗം വേണ്ടിടത്ത് 'അഹോരാത്രാണി' എന്ന് സംഹിതയിൽ പ്രയോഗം കാണുന്നു. ഇത് നിപാതനമാണ്.

**9. അദോ പിതോ**

യദദോ പിതോ അജഗൻ (ഋ. 1.187.7)

യത്/അദഃ/പിതോ ഇതി/ എന്നാണ് പദപാഠം. 'അദഃ പിതോ' (പ്രഥമോത്തമവർഗ്ഗീയേ സ്പർശേ വാ) എന്നുള്ള പ്രയോഗമാണ് വേണ്ടത്. അല്ലെങ്കിൽ ഉപധ്മാനീയം വന്ന രൂപം. ഇവിടെ അദോ പിതോ എന്ന് സംഹിതയിൽ പ്രയോഗം കാണുന്നു. ഇത് നിപാതനമായി കാണണം.

**10. പ്രചേതാ രാജൻ.**

ക്ഷയന്നസ്മഭ്യമസുര പ്രചേതാ രാജൻ (ഋ. 1.24.14).

ക്ഷയൻ/അസ്മഭ്യം/അസുര/പ്രചേത ഇതി പ്രചേതഃ/രാജൻ എന്നാണ് പദപാഠം. 'പ്രചേതോ രാജൻ' എന്നു വേണ്ടിടത്ത് 'പ്രചേതാ രാജൻ' എന്നു പ്രയോഗിച്ചിരിയ്ക്കുന്നു. ഇത് നിപാതനമാണ്.

**11. വർതനീരഹ**

അനുശ്യേനി സചതേ വർത്തനീരഹ (ഋ. 1.140.9)

വർത്തനിഃ/അഹ/ എന്നാണ് പദപാഠം. 'വർതനിരഹ' എന്നാണ് പാഠം വേണ്ടത്. എന്നാൽ 'വർതനീരഹ' എന്നാണ് സംഹിതയിൽ പാഠം. ഇത് നിപാതനമാണ്.

**ഉപാചരിതസന്ധി**

**14. യഥാദിഷ്ടം നാമിപൂർവ്വഃ ഷകാരം**
**സകാരമന്യോƒരിഫിതഃ കകാരേ ।**
**പകാരേ ച പ്രത്യയേƒന്തഃ പദം തു**
**സർവ്വത്രൈവോപാചരിതഃ സ സന്ധിഃ ॥**

നാമികളായ അക്ഷരങ്ങൾ (അകാരം ഒഴികേയുള്ള സ്വരങ്ങൾ) പൂർവ്വത്തിലുള്ള വിസർഗ്ഗം 'ഷ' കാരമായിത്തീരും. നാമികൾ പൂർവ്വം ഇല്ലാത്തതും അരിഫിതമായതുമായ വിസർഗ്ഗം 'സ'കാരമായിത്തീരും, കകാരവും പകാരവുമാകുന്ന പ്രത്യയങ്ങൾ പരമാകുമ്പോൾ. പദമദ്ധ്യത്തിൽ ഇത് എല്ലായിടത്തും വരും. ഈ സന്ധി ഉപാചരിതം എന്ന പേരിൽ അറിയപ്പെടുന്നു.

ഉദാഃ 1. അഥോ യൂയം സ്ഥ നിഷ്കൃതീഃ (ഋ. 10.24. 3). 'നിഃ കൃതീഃ' എന്നു പദപാഠം. 'നിഃ' എന്ന വിസർഗ്ഗം 'ഇ'കാരം കഴിഞ്ഞു വരുന്നതാകയാൽ 'നാമി'പൂർവ്വമാണ്. അതിനാൽ ആ വിസർഗ്ഗത്തിന് 'ഷ'കാരം വന്നിരിയ്ക്കുന്നു.

ഉദാഃ 2. യാതം ഛർദിഷ്പാ ഉത നഃ പരസ്പാ (ഋ. 8.9.11)

യാതം/ഛർദിഃƒപൌ/ഉത/നഃ/പരഃƒപാ/ എന്നു പദപാഠം. 'ഛർദിഷ്പാ' എന്നത് വിസർഗ്ഗം ഷകാരമാകുന്നതിനും, 'പരസ്പാ' എന്നുള്ളത് വിസർഗ്ഗം സകാരമാകുന്നതിനും ഉദാഹരണമാണ്.

'പരഃƒപാ' എന്നിടത്ത് അനാമിപൂർവ്വമായ വിസർഗ്ഗത്തിന് പകാരം പരമായപ്പോൾ സകാരം വന്നിരിയ്ക്കുന്നു.

**15. അന്തഃപാദം വിഗ്രഹേƒകാരപൂർവ്വഃ**
**പതിശബ്ദേ ദ്വ്യക്ഷരേ പുംസ്പ്രവാദേ ।**
**കരം കൃതം കൃധി കരത് കരിത്വപി**
**പരേഷു പാദാന്തഗതേ പരീതി ച ॥**

അകാരപൂർവ്വമായ വിസർഗ്ഗം ഒരു പാദത്തിന്റെ മദ്ധ്യത്തിൽ വരുന്നതും രണ്ടക്ഷരമുള്ളതും പുല്ലിംഗവാചിയുമായ 'പതി' എന്ന ശബ്ദം (വിഗ്രഹത്തിൽ) പരമായി വന്നാൽ സകാരമായിത്തീരും.

ഉദാഃ 1 – ഉത്തിഷ്ഠ ബ്രഹ്മണസ്പതേ (1.40.1).

2. വാചസ്പതിം വിശ്വകർമ്മാണം (10.81.7)

'ബ്രഹ്മണസ്പതേ' എന്നും 'വാചസ്പതിം' എന്നും ഒരു പാദത്തിൽ വരുന്നവയാണ്. 'ബ്രഹ്മണഃ പതേ' എന്നത് 'ബ്രഹ്മണസ്പ

തേ' എന്നും, 'വാചഃ പതിം' എന്നത് 'വാചസ്പതിം' എന്നും ആയിത്തീർന്നു. ഇവിടെ 'പതി'ശബ്ദം 'പ', 'തി' എന്ന് രണ്ടക്ഷരം മാത്രമുള്ളതും പുല്ലിംഗവാചകവുമാണ്.

തം ജാനതീഃ പ്രത്യുദായന്നുഷാസഃ പതി (3.31.4) പതി എന്ന ശബ്ദം ഒരു പാദമദ്ധ്യത്തിലല്ലാത്തതിനാൽ വിസർഗ്ഗത്തിന്നു സകാരം വരുന്നില്ല.

'ഋതസ്യ നഃ പതയോ മൃളയന്തു' (4.57.2). ഇവിടെ 'നഃ പതയോ' എന്നിടത്ത് പതിശബ്ദം രണ്ടക്ഷരമുള്ളതല്ലാത്തതിനാൽ വിസർഗ്ഗത്തിനു സകാരം വരുന്നില്ല.

കരം, കൃതം, കൃധി, കരത്, കഃ എന്നിവ പരമായിരിയ്ക്കുമ്പോഴും അകാരപൂർവ്വമായ (അകാരം കഴിഞ്ഞുവരുന്ന) വിസർഗ്ഗം സകാരമായിത്തീരും.

ഉദാഃ 1. കരം

അഹം ന്യന്യം സഹസാ സഹസ്കരം (10.49.8)

'അഹം/നി/അന്യം/സഹസാ/സഹഃ/കരം' എന്നാണ് പദപാഠം. (സഹഃ എന്ന പദത്തിന് 'ബലിനം' എന്നാണ് അർത്ഥം-സായണൻ). 'സഹഃ കരം' എന്നത് 'സഹസ്കരം' എന്നായി. ഇവിടെ അകാരപൂർവ്വമായ വിസർഗ്ഗം 'കരം' എന്ന് പരമായപ്പോൾ 'സ്' എന്നായിത്തീർന്നു.

2. കൃതം.

സോമം ന ചാരും മഘവത്സുനസ്കൃതം (10.39.2).

'നഃ/കൃതം/' എന്നത് 'നസ്കൃതം' എന്നായിത്തീർന്നു. ഇവിടെ അകാരപൂർവ്വമായ വിസർഗ്ഗം 'കൃതം' എന്നു പരമായപ്പോൾ സകാരമായിത്തീർന്നിരിയ്ക്കയാണ്.

3. കൃധി.

ഉരുകൃദുരണസ്കൃധി (8.75.11)

'ഉരുകൃത്/ഉരു/നഃ/കൃധി/' എന്നാണ് പദപാഠം. 'നഃ' എന്ന് അകാരം കഴിഞ്ഞുള്ള വിസർഗ്ഗം 'കൃധി' എന്നു പരമായി വന്നതിനാൽ സകാരമായി.

4. കരത്.

കുവിന്നോ വസ്യസസ്കരത് (8.91.4)

'കുവിത്/നഃ/വസ്യസഃ/കരത്/' എന്നാണ് പദപാഠം. 'വസ്യസഃ' എന്ന് അകാരപൂർവ്വമായ വിസർഗ്ഗം കഴിഞ്ഞ് 'കരത്' എന്ന് പരമായി വന്നതിനാൽ വിസർഗ്ഗം സകാരമായിത്തീർന്നു.

5. കഃ.

നി കാവ്യാ വേധസഃ ശശ്വതസ്കഃ (1.72.1)

'ശശ്വതഃ/കഃ/' എന്ന് പദപാഠമുള്ളിടത്ത് അകാരപൂർവ്വമായ വിസർഗ്ഗം കഴിഞ്ഞ് 'കഃ' എന്ന് പരമായി വന്നതിനാൽ വിസർഗ്ഗം സകാരമായി മാറി.

പാദത്തിന്റെ അവസാനം 'പരി' എന്ന ശബ്ദം പരമായി വന്നാൽ അകാരപൂർവ്വമായ വിസർഗ്ഗം സകാരമായിത്തീരും.

ഉദാഃ- തദുത്താനപദസ്പരി (10.72.3)

ഇവിടെ പാദത്തിന്റെ അവസാനം 'പരി' എന്നു പരമായി വന്നതിനാൽ അകാരപൂർവ്വമായ വിസർഗ്ഗം-ഉത്താനപദഃ എന്നുള്ളത് സകാരമായിത്തീർന്നു.

**16. അസോƒന്തോƒരേഫവതഃ പാരശബ്ദേ**
**പരികൃതാനി കരതീതി ചൈഷു ।**
**അപാദാന്തീയേഷ്വപി പ്രത്യയേഷു**
**വാസ്തോരിത്യേതത് പതിശബ്ദ ഉത്തരേ ॥**

രേഫമില്ലാത്ത അസ് എന്ന ഭാഗത്തിന്റെ അന്തത്തിലുള്ള വിസർഗ്ഗം 'പാര'ശബ്ദം പരമായി വന്നാൽ സകാരമായി മാറും. പാദാന്തത്തിലുള്ളവയല്ലെങ്കിലും 'പരി''കൃതാനി''കരതി' എന്നിവ പരമായിരിയ്ക്കുമ്പോഴും ഇപ്രകാരം സകാരം വിസർഗ്ഗമായിത്തീരും. പതിശബ്ദം പരമായിവരുമ്പോൾ 'വാസ്തോഃ' എന്നതിന്റെ വിസർഗ്ഗം ഷകാരമായിത്തീരും.

ഉദാഃ 1 : അതാരിഷ്മ തമസസ്പാരമസ്യ (1-92-6)

തമസഃ എന്ന പദത്തിന്റെ അസ് എന്ന ഭാഗത്തിന്റെ അന്ത്യത്തിലുള്ള വിസർഗ്ഗം സകാരമായിത്തീർന്നിരിയ്ക്കുന്നതിന് ഉദാഹരണമാണ് മേൽക്കാണിച്ചത്. തമസഃ എന്ന പദത്തിനുശേഷം 'പാര' എന്ന ശബ്ദം പരമായി വന്നിരിയ്ക്കുന്നു.

ഉദാഃ 2: ഇന്ദ്രാ വിഷ്ണൂ അപസസ്പാരേ അസ്യ (6-69-1)

ഈ ഉദാഹരണത്തിൽ 'അപസഃ' എന്ന പദത്തിന്റെ അസ് എന്ന ഭാഗത്തിന്റെ അന്ത്യത്തിലുള്ള വിസർഗ്ഗം പാര എന്ന ശബ്ദം പരമായി വന്നതിനാൽ സകാരമായിരിയ്ക്കുന്നു.

ഉദാഃ 3: അവിഹ്വരന്തം മനസസ്പരിവ്യയാ (4.36.2)

ഈ ഉദാഹരണത്തിൽ 'മനസഃ' എന്ന പദത്തിന്റെ അസ് എന്ന ഭാഗത്തിന്റെ അന്ത്യത്തിലുള്ള വിസർഗ്ഗം, 'പരി' എന്നു പരമായി വന്നതിനാൽ സകാരമായിത്തീർന്നിരിയ്ക്കുന്നു.

ഉദാഃ 4: ഇന്ദ്രസ്യേവ പ്ര തവസസ്കൃതാനി (7.6.1)

ഈ ഉദാഹരണത്തിൽ 'തവസഃ' എന്ന പദത്തിന്റെ അസ് എ

ന്ന ഭാഗത്തിന്റെ അന്ത്യത്തിലുള്ള വിസർഗ്ഗം ‘കൃതാനി’ എന്നു പരമായി വന്നതിനാൽ സകാരമായിത്തീർന്നിരിയ്ക്കുന്നു.

ഉദാഃ5: സുപേശസസ്കരതി ജോഷിഷദ്ധി (2.35.1)

ഈ ഉദാഹരണത്തിൽ ‘സുപേശസഃ’ എന്ന പദത്തിന്റെ അസ് എന്ന ഭാഗത്തിന്റെ അന്ത്യത്തിലുള്ള വിസർഗ്ഗം ‘കരതി’ എന്ന പദം പരമായി വന്നപ്പോൾ സകാരമായിത്തീർന്നിരിയ്ക്കുന്നു.

ഉദാഃ 6: വാസ്തോഃ എന്ന പദം കഴിഞ്ഞ് പതിശബ്ദം പരമായി വരുമ്പോൾ വിസർഗ്ഗം ഷകാരമായിത്തീരുന്നു.

വാസ്തോഷ്പതേ ധ്രുവാ സ്ഥൂണാ (8.17.14)

**17. ആവിർഹവിർജ്യോതിരിത്യുത്തരശ്ചേത്**
**കകാരോഽഥ പാന്ത പശ്യന്തിശബ്ദൌ ।**
**ഇളായാ ഗാ നമസോ ദേവയുർദ്രുഹോ**
**മാതുരിളസ്താനി പദപ്രവാദേ ।।**

ആവിഃ, ഹവി:, ജ്യോതിഃ എന്നിവയുടെ വിസർഗ്ഗം, കകാരം പരമായിട്ടുണ്ടെങ്കിൽ ഷകാരമാകും.

പാന്ത, പശ്യന്തി എന്നീ ശബ്ദങ്ങൾ പരമായി വന്നാലും, ആവിഃ, ഹവിഃ, ജ്യോതിഃ എന്നിവയുടെ വിസർഗ്ഗങ്ങൾ ഷകാരമായിത്തീരും.

‘പദ’ശബ്ദത്തിന്റെ ഏതെങ്കിലും രൂപം പരമായി വരുമ്പോൾ ഇളായാഃ, ഗാഃ, നമസഃ, ദേവയുഃ, ദ്രുഹഃ, മാതുഃ, ഇളഃ എന്നിവയുടെ വിസർഗ്ഗം ഉപാചരിതങ്ങളാകുന്നു. (വിസർഗ്ഗം സകാരമോ, ഷകാരമോ ആകുന്നതിനാണ് ഉപാചരിതമാകുക എന്നു പറയുന്നത്. നാമിപൂർവ്വമായ വിസർഗ്ഗം ഷകാരവും, നാമിപൂർവ്വമല്ലാത്തവ സകാരവും).

ഉദാഹരണം:

**1. ആവിഷ്കർത്ത മഹിത്വനാ (1.86.9)**

ഇവിടെ ‘ആവിഃ’ എന്നതിന്റെ വിസർഗ്ഗം കകാരം പരമായി വന്നപ്പോൾ ‘ഷ’കാരമായിരിയ്ക്കുന്നു. (ആവിഷ്കർത്ത എന്നതിന് ആവിഷ്ക്കുരുത എന്നർത്ഥം)

**2. ഹവിഷ്കൃണുദ്ധ്വ മാ ഗമത് (8.72.1)**

ഇവിടെ ‘ഹവിഃ’ എന്നതിന്റെ വിസർഗ്ഗം കകാരം പരമായി വന്നപ്പോൾ ഷകാരമായിരിയ്ക്കുന്നു.

**3. ജ്യോതിഷ്കർത്താ യദുശ്മസി (1.86.10)**

ഇവിടെ ജ്യോതിഃ എന്നതിന്റെ വിസർഗ്ഗം കകാരം പരമായി വന്നതുകൊണ്ട് ഷകാരമായിരിയ്ക്കുന്നു.

**4. ഹവിഷ്പാന്തമജരം സ്വർവ്വിദി (10.88.1)**

'പാന്ത' എന്ന ശബ്ദം പരമായതിനാൽ 'ഹവിഃ' എന്നതിന്റെ വിസർഗ്ഗം ഷകാരമായിരിയ്ക്കുന്നു.

**5. ജ്യോതിഷ്പശ്യന്തി വാസരം (8.6.30)**

പശ്യന്തി എന്ന ശബ്ദം പരമായി വന്നതുകൊണ്ട് ജ്യോതിഃ എന്നതിന്റെ വിസർഗ്ഗം ഷകാരമായിത്തീർന്നിരിയ്ക്കുന്നു.

**6. ഇളായാസ്പദേ സുദിനത്വേ അഹ്നാം (3.23.4)**

'പദ'ശബ്ദത്തിന്റെ ഒരു രൂപമായ 'പദേ' എന്ന് പരമായി വന്നതിനാൽ 'ഇളായാഃ' എന്നതിന്റെ വിസർഗ്ഗം സകാരമായിത്തീർന്നിരിയ്ക്കുന്നു.

**7. യ ഋതേ ചിദ് ഗാസ്പദേഭ്യോ ദാത് (8.2.39)**

പദശബ്ദത്തിന്റെ ഒരു രൂപമായ 'പദേഭ്യ' എന്നത് പരമായി വന്നതിനാൽ 'ഗാഃ' എന്നതിന്റെ വിസർഗ്ഗം 'സ'കാരമായിത്തീർന്നിരിയ്ക്കുന്നു.

**8. ഉപോ ഏവം ജുജുഷുർനമസസ്പദേ (8.23.9)**

'നമസഃ' എന്ന പദത്തിന്റെ വിസർഗ്ഗം 'പദേ' എന്നു പരമായി വന്നതിനാൽ സകാരമായിത്തീർന്നിരിയ്ക്കുന്നു.

**9. പ്രവോƒച്ഛാ രിരിചേ ദേവയുഷ്പദം (10.32.5)**

'പദ'ശബ്ദത്തിന്റെ ഒരു രൂപമായ 'പദം' എന്ന് പരമായി വന്നതിനാൽ 'ദേവയുഃ' എന്നതിന്റെ വിസർഗ്ഗം ഷകാരമായിത്തീർന്നിരിയ്ക്കുന്നു.

**10. മാനസ്തേനേഭ്യോ യേ അഭി ദ്രുഹസ്പദേ (2.23.16)**

പദശബ്ദത്തിന്റെ ഒരു രൂപമായ 'പദേ' എന്നു പരമായി വന്നതിനാൽ 'ദ്രുഹഃ' എന്നതിന്റെ വിസർഗ്ഗം സകാരമായിത്തീർന്നിരി**യ്ക്കുന്നു.**

**11. മാതുഷ്പദേ പരമേ അന്തിഷദ്ഗോഃ (4.5.10)**

'പദേ' എന്നു പരമായതിനാൽ മാതുഃ എന്നതിന്റെ വിസർഗ്ഗം ഷകാരമായിത്തീർന്നിരിയ്ക്കുന്നു.

**12. ഇളസ്പദേ സമിധ്യസേ (10.191.1)**

'പദേ' എന്ന് പരമായി വന്നതിനാൽ 'ഇളഃ' എന്നതിന്റെ വിസർഗ്ഗം സകാരമായിത്തീർന്നിരിയ്ക്കുന്നു.

**18. പൂർവ്വഃ പുരഃ പൂരിതി പൂർവ്വപദ്യാൻ**
**പദാനി ചാപോഭ്യ നവൈതദേവം।**
**അസ്യാഃ യഃ സോമോ ബൃഹതോƒസ്യ പൂർവ്വ**
**ഉരു ജ്യോതിർജാത ഇമോ വൃധോƒന്യഃ ॥**

പൂർവ്വഃ, പുരഃ, പൂഃ, എന്നിവയേയും അസ്യാഃ യഃ, സോമഃ, ബൃഹതഃ, അസ്യ പൂർവ്വ്യഃ, ഉരു ജ്യോതിഃ, ജാതഃ, ഇമഃ, വൃധഃ, അന്യഃ എന്നീ ഒമ്പതെണ്ണങ്ങളേയും ഒഴിവാക്കിക്കൊണ്ടാണ് ഉപാചരിതത്വം വിധിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കണം. അതായത് മേല്പറഞ്ഞ പദങ്ങൾ കഴിഞ്ഞുവരുന്ന വിസർഗ്ഗത്തിന് സകാര-ഷകാരങ്ങൾ വരികയില്ല എന്നു സാരം.

**1. പൂർവ്വഃ പൂർവ്വോ യജമാനോ വനീയാൻ (5.77.2)**

പൂർവ്വഃ എന്നതിലെ വിസർഗ്ഗം സകാരമായിട്ടില്ല; പകാരം പരമായിട്ടുണ്ടെങ്കിലും.

**2. പുരഃ പ്രസ്രവണാ ബലിം (8.100.9)**

പുരഃ എന്നതിലെ വിസർഗ്ഗം സകാരമായിട്ടില്ല.

**3. മിത്രായുവോ ന പൂർപതിം സുശിഷ്ടൌ (1.173.10)**

ഇവിടെ 'പൂഃ' എന്നതിലെ വിസർഗ്ഗം സകാരമായിട്ടില്ല.

**4. ദീർഘായുരസ്യാ യഃ പതിഃ (10.85.39)**

അസ്യാ എന്ന ശബ്ദം പൂർവ്വത്തിലുള്ള 'യഃ' എന്ന പദത്തിലുള്ള വിസർഗ്ഗം സകാരമായിട്ടില്ല. 'അസ്യാ' എന്ന ശബ്ദം പൂർവ്വത്തിലില്ലാത്ത 'യഃ' എന്ന പദത്തിലെ വിസർഗ്ഗം പകാരം പരമായിട്ടുണ്ടെങ്കിൽ സകാരമാകും. ഉദാ: യസ്പതിർവാര്യാണാം (10.24.3)

**5. സോമഃ പതീ രയീണാം (9.101.6)**

സോമഃ എന്ന പദത്തിന്റെ അവസാനം വരുന്ന വിസർഗ്ഗം, പകാരം പരമായിട്ടുണ്ടെങ്കിലും സകാരമായിട്ടില്ല.

**6. ഋഷ്വവീരസ്യ ബൃഹതഃ പതിർഭൂഃ (1.52.13)**

ബൃഹതഃ എന്ന പദത്തിന്റെ അവസാനം വരുന്ന വിസർഗ്ഗം സകാരമായിട്ടില്ല.

**7. ഉതോ നോ അസ്യ പൂർവ്വ്യഃ പതിർദൻ (1.153.4)**

അസ്യ എന്ന പദം പൂർവ്വത്തിലുള്ള പൂർവ്വ്യഃ എന്ന പദത്തിലെ വിസർഗ്ഗം 'പതി' എന്ന പകാരം പരമായിട്ടും സകാരമായിട്ടില്ല. അസ്യ എന്ന പദം പൂർവ്വത്തിലില്ലാത്ത പൂർവ്വ്യഃ എന്ന പദത്തിന്റെ വിസർഗ്ഗത്തിന് സകാരം വരുകതന്നെ ചെയ്യും. ഉദാഃ അഹം ഭുവം വസുനഃ പൂർവ്വ്യസ്പതിഃ (10.48.1)

**8. ഉരു ജ്യോതിഃ കൃണുഹി മത്സിദേവാൻ (9.94.5)**

ഉരു എന്ന ശബ്ദം കഴിഞ്ഞുവരുന്ന 'ജ്യോതിഃ' എന്ന ശബ്ദത്തിന്റെ അവസാനത്തിലുള്ള വിസർഗ്ഗം കകാരം പരമായിട്ടുണ്ടെങ്കിലും ഷകാരമായിട്ടില്ല. ഉരു എന്ന് പൂർവ്വത്തിലില്ലാത്ത ജ്യോതിഃ എന്ന ശബ്ദത്തിലെ വിസർഗ്ഗം കകാരം മുതലായവ പരമായാൽ

ഷകാരമാകുകതന്നെ ചെയ്യും.

ഉദാ: ജ്യോതിഷ്കർത്താ യദുശ്മസി (1.86.10)

**9. ഭൂതസ്യ ജാതഃ പതിരേക ആസീത് (10.121.1)**

ജാതഃ എന്ന പദത്തിന്റെ അവസാനത്തിലുള്ള വിസർഗ്ഗം 'പ'കാരം പരമായിട്ടുണ്ടെങ്കിലും സകാരമായിട്ടില്ല.

10. ഉപ ത്വേമഃ കൃധിനോ ഭാഗധേയം (8.96.8)

'ഇമഃ' (ത്വാ ഇമഃ എന്നതാണ് ത്വേമഃ എന്നായത്) എന്ന പദത്തിലെ വിസർഗ്ഗം കകാരം പരമായിട്ടുണ്ടെങ്കിലും സകാരമായിട്ടില്ല.

**11. ഇന്ദ്രാസി സുന്വതോ വൃധഃ പതിർദിവഃ (8.98.5)**

വൃധഃ എന്ന പദത്തിന്റെ അവസാനം വരുന്ന വിസർഗ്ഗം പകാരം പരമായിട്ടും സകാരമായിട്ടില്ല.

**12. സ്വിഷ്ടമദ്യാന്യഃ കരദിഷാ**

'അന്യഃ' എന്ന ശബ്ദത്തിന്റെ അവസാനം വരുന്ന വിസർഗ്ഗം കകാരം പരമായിട്ടുണ്ടെങ്കിലും സകാരമായിട്ടില്ല.

**19. ബ്രഹ്മണോ ദ്വേ ത്രാതർഋതോ വിദുർവസുഃ**
**പശുരേതാനി കവിശബ്ദ ഉത്തരേ ।**
**പഥിശബ്ദേ ജിന്വഥശ്ചേതഥോ മഹഃ**
**പൃഥുശബ്ദേ വിശ്വതോ വീളിതോ രജഃ ॥**

ബ്രഹ്മണഃ, ത്രാതർഋതഃ എന്ന് ഒരുമിച്ച് പ്രയോഗിയ്ക്കുന്ന രണ്ടു പദങ്ങൾ, വിദുഃ, വസുഃ, പശുഃ എന്നിവ 'കവി' എന്ന ശബ്ദം പരമായി വരുമ്പോൾ ഉപാചരിതങ്ങളാകും. അതായത്, ഈ പദങ്ങളുടെ അവസാനമുള്ള വിസർഗ്ഗം 'കവി' എന്ന ശബ്ദം പരമായി വരുമ്പോൾ സകാര-ഷകാരങ്ങളായിത്തീരും. (അനാമിപൂർവ്വമായ വിസർഗ്ഗം സകാരമായും നാമിപൂർവ്വമായ വിസർഗ്ഗം ഷകാരമായും മാറും എന്നു താൽപര്യം.)

പഥിശബ്ദം പരമായി വരുമ്പോൾ ജിന്വഥഃ, ചേതഥഃ, മഹഃ എന്നീ ശബ്ദങ്ങളുടെ വിസർഗ്ഗങ്ങൾ സകാരമാകും.

പൃഥുശബ്ദം പരമായി വരുമ്പോൾ വിശ്വതഃ, വീളിതഃ, രജഃ എന്നീ പദങ്ങളുടെ വിസർഗ്ഗം സകാരമായി മാറും.

**ഉദാഹരണങ്ങൾ:**

**1. രക്ഷാ ണോ ബ്രഹ്മണസ്കവേ (ഋ. 6.16.30).** 'ബ്രഹ്മണഃ' എന്ന പദത്തിന്റെ അവസാനത്തിലുള്ള വിസർഗ്ഗം 'കവേ' എന്ന ശബ്ദം പരമായി വന്നതിനാൽ സകാരമായിത്തീർന്നു.

**2. അഗ്നേ ത്രാതർഋതസ്കവി (ഋ. 8.60.5)** 'ത്രാതർഋതഃ' എ

ന്ന് രണ്ട് പദങ്ങൾ അടുപ്പിച്ചു പ്രയോഗിച്ചിട്ടുള്ളതിൽ 'ഋതഃ' എന്നതിന്റെ അവസാനമുള്ള വിസർഗ്ഗം 'കവി' എന്ന ശബ്ദം പരമായി വന്നതിനാൽ സകാരമായിത്തീർന്നിരിയ്ക്കുന്നു. ത്രാതഃ എന്ന പദത്തോടുകൂടാത്ത 'ഋതഃ' എന്ന ശബ്ദം മാത്രമായിട്ടേ പ്രയോഗിച്ചിട്ടുള്ളൂ എങ്കിൽ 'കവിഃ' എന്ന ശബ്ദം പരമായാലും വിസർഗ്ഗം സകാരമാവില്ല. ഉദാ: പവമാനഃ ഋതഃ കവിഃ (ഋ.9.62.30).

**3. പ്രമർഷിഷ്ഠാ അഭി വിദുഷ്കവിഃ സൻ (ഋ.1.71.10)**. 'വിദുഃ' എന്ന പദത്തിന്റെ അവസാനത്തിലെ വിസർഗ്ഗം 'കവി' എന്ന ശബ്ദം പരമായതിനാൽ ഷകാരമായിരിയ്ക്കുന്നു.

**4. സ ഇ ധാനോ വസുഷ്കവിഃ (ഋ.1.79.5)** 'വസുഃ' എന്ന ശബ്ദത്തിലെ അവസാനത്തെ വിസർഗ്ഗം 'കവി:' എന്ന ശബ്ദം പരമായതിനാൽ ഷകാരമായിത്തീർന്നിരിയ്ക്കുന്നു.

**5. പശുഷ്കവിരശയച്ചായമാനഃ (ഋ.7.18.8)** പശുഃ എന്ന ശബ്ദത്തിന്റെ അവസാനമുള്ള വിസർഗ്ഗം 'കവി'ശബ്ദം പരമായി വന്നപ്പോൾ ഷകാരമായിത്തീർന്നു.

**6. ആ വർത്തനിം മധുനാ ജിന്വഥസ്പഥ (ഋ.4.45.3)** 'ജിന്വഥഃ' എന്ന പദത്തിന്റെ അവസാനത്തെ വിസർഗ്ഗം പഥി ശബ്ദം പരമായതിനാൽ സകാരമായി.

**7. വിശ്വാ് അനു സ്വധയാ ചേതഥസ്പഥഃ (ഋ. 4.45.6)** 'ചേതഥഃ' എന്ന പദത്തിലെ അവസാനത്തെ വിസർഗ്ഗം പഥിശബ്ദം പരമായി വന്നതിനാൽ സകാരമായി.

**8. കദര്യമ്ണോ മഹസ്പഥാ (ഋ. 1.105.6)**. 'മഹഃ' എന്ന ശബ്ദത്തിന്റെ അവസാനത്തെ വിസർഗ്ഗം പഥിശബ്ദം പരമായതിനാൽ സകാരമായിത്തീർന്നു.

**9. ഗിരിർന്ന വിശ്വതസ്പൃഥുഃ പതിർദിവഃ (ഋ.8.98.4)** വിശ്വതഃ എന്ന ശബ്ദത്തിന്റെ അവസാനമുള്ള വിസർഗ്ഗം 'പൃഥു'ശബ്ദം പരമായി വന്നതിനാൽ സകാരമായി.

**10. രധ്രചോദഃ ശ്നഥനോ വീലിതസ്പൃഥുഃ (ഋ.2.21.4)** 'വീലി(ളി)തഃ' എന്ന ശബ്ദത്തിന്റെ അവസാനമുള്ള വിസർഗ്ഗം പൃഥുശബ്ദം പരമായി വന്നതിനാൽ സകാരമായിത്തീർന്നു.

**11. വിദ്യാമേഷി രജസ്പൃഥു (ഋ.1.50.7)** 'രജഃ' എന്ന ശബ്ദത്തിന്റെ അവസാനത്തിലുള്ള വിസർഗ്ഗം പൃഥുശബ്ദം പരമായി വന്നതിനാൽ സകാരമായി.

**20. കാമപോഷ പൂർധി ശബ്ദേഷു രായഃ**
**പാദാദിരന്തശ്ച ദിവസ്പരീതി ച ।**

**ദിവസ്പൃഥിവ്യാ അധമസ്പദീഷ്ട**
**പൂർവ്വം പാദാദൌ യദി സസ്പദീഷ്ട ||**

'രായഃ' എന്ന ശബ്ദത്തിന്റെ അവസാനത്തിലുള്ള വിസർഗ്ഗം കാമ, പോഷ, പൂർധി എന്നീ ശബ്ദങ്ങൾ പരമായി വരുമ്പോൾ ഉപാചരിതമാകും. (സകാരമോ ഷകാരമോ ആയിത്തീരും)

പാദത്തിന്റെ ആദിയിലോ അന്ത്യത്തിലോ ഉള്ള ദിവഃ പരി എന്നത് 'ദിവസ്പരി' എന്നാകും. (പാദാദിയിലോ അന്ത്യത്തിലോ എന്ന് പറഞ്ഞതുകൊണ്ട് പാദമദ്ധ്യത്തിൽ ദിവഃ പരി എന്നുതന്നെ വരുമെന്ന് സിദ്ധിയ്ക്കുന്നു.) ദിവസ്പരി എന്നത് നിപതിപ്പിയ്ക്കുകയാണ്.

ദിവസ്പൃഥിവ്യാഃ, അധമസ്പദീഷ്ട- ഈ രണ്ട് ഇരട്ടപ്പദങ്ങളും നിപതിപ്പിയ്ക്കുന്നു. ഇവയിൽ ആദ്യത്തേതായ 'ദിവസ്പൃഥിവ്യാഃ' എന്നത് ഒരു പാദത്തിന്റെ ആദിയിലാണെങ്കിലേ വരുകയുള്ളൂ. (പാദത്തിന്റെ മദ്ധ്യത്തിലോ അന്ത്യത്തിലോ 'ദിവഃ പൃഥിവ്യാഃ' എന്നീ പദങ്ങൾ അടുപ്പിച്ചുവന്നാൽ ദിവഃ പൃഥിവ്യാഃ എന്നുതന്നെ പ്രയോഗിയ്ക്കുകയേ ഉള്ളൂ; ദിവസ്പൃഥിവ്യാഃ എന്നു പ്രയോഗിയ്ക്കുകയില്ല എന്നു താൽപര്യം).

സസ്പദീഷ്ട എന്ന് നിപതിപ്പിയ്ക്കുന്നു.

**ഉദാഹരണങ്ങൾ**

**1. രായസ്കാമോ വജ്രഹസ്തം സുദക്ഷിണം (ഋ.7.32.3).** 'രായഃ'ശബ്ദത്തിന്റെ വിസർഗ്ഗം 'കാമ' എന്ന ശബ്ദം പരമായി വന്നതിനാൽ സകാരമായി.

**2. രായസ്പോഷം യജമാനേഷു ധാരയ (ഋ.10.122.8)** 'രായഃ'ശബ്ദത്തിന്റെ വിസർഗ്ഗം, പോഷശബ്ദം പരമായി വന്നതിനാൽ സകാരമായി.

**3. രായസ്പൂർധി സ്വധാവോഽസ്തി ഹി തേ (ഋ.1.36.12)** രായഃ ശബ്ദത്തിന്റെ വിസർഗ്ഗം പൂർധി എന്ന ശബ്ദം പരമായി വന്നതിനാൽ സകാരമായി.

**4.1. ദിവസ്പരി സുഗ്രഥിതം തദാദഃ (ഋ.1.121.10)** പാദത്തിന്റെ ആദിയിൽ 'ദിവസ്പരി' എന്നു വന്നിരിയ്ക്കുന്നു.

**2. അയം സ യോ ദിവസസ്പരി (ഋ. 9.39.4)** പാദാന്ത്യത്തിൽ ദിവസ്പരി എന്നു വന്നിരിയ്ക്കുന്നു.

**3. വൃഷ്ടിം ദിവഃ പരിസ്രവ (ഋ.9.8.8)** പാദമദ്ധ്യത്തിലായതുകൊണ്ട് ദിവഃ പരി എന്ന് വിസർഗ്ഗത്തിന് സകാരം വരാതെയുള്ള പ്രയോഗം.

**5.1 ദിവസ്പൃഥിവ്യാഃ പര്യോജ ഉദ്ഭൃതം (ഋ.6.47.2)** പാദാദിയിൽ ആയതുകൊണ്ട് 'ദിവസ്പൃഥിവ്യാഃ' എന്നു പ്രയോഗം.

**2. പ്ര യേ ദിവഃ പൃഥിവ്യാഃ ന ബർഹണാ (ഋ. 10.77.3)** പാദാദിയിൽ അല്ലാത്തതിനാൽ ദിവഃ പൃഥിവ്യാഃ എന്നു പ്രയോഗിച്ചിരിയ്ക്കുന്നു.

**6. വിശ്വസ്യ ജന്തോരധമസ്പദീഷ്ട (ഋ.7.104.16)** 'അധമസ്പദീഷ്ട' എന്നു നിപതിച്ചിരിയ്ക്കുന്നു. 'അധമസ്പദീഷ്ട' എന്ന ദ്വൈപദം പാദാദിയിൽ മാത്രം എന്ന് നിബന്ധനയില്ല. 'അധമഃ' എന്ന ശബ്ദം കഴിഞ്ഞ് 'പദീഷ്ട' എന്ന ശബ്ദം വരുമ്പോൾ അധമഃ എന്നതിന്റെ വിസർഗ്ഗം സകാരമായിത്തീരും.

**7. യോ നോ ദ്വേഷ്ട്യധരഃ സസ്പദീഷ്ട (ഋ.3.53.21)** 'സഃ പദീഷ്ട' എന്ന രണ്ടു പദങ്ങൾ സകാരം കഴിഞ്ഞുള്ള വിസർഗ്ഗത്തിന് സകാരം വന്ന് 'സസ്പദീഷ്ട' എന്നായി നിപതിപ്പിച്ചിരിയ്ക്കുന്നു.

പദീഷ്ട എന്നത് 'പതതു' (വീഴട്ടെ) എന്ന അർത്ഥത്തിലുള്ള ക്രിയാവാചകശബ്ദമാണ്.

**21. ശവസോ മഹോ മഹസ ഇളായാ**
**പാത്വിത്യേകം പുത്രശബ്ദേ പരാണി ।**
**രായസ്ഖാം മഹസ്കരഥോ മഹസ്പരം**
**നിഷ്ക്രവ്യാദം നിഷ്കൃഥ നിഷ്പിപർത്തന ॥**

ശവസഃ, മഹഃ, മഹസഃ, ഇളായാഃ എന്നീ പദങ്ങളിൽ ആദ്യത്തേതായ 'ശവസഃ' എന്നത് 'പാതു' എന്ന ശബ്ദം പരമായി വരുമ്പോഴും, മറ്റു മൂന്നു പദങ്ങളും പുത്രശബ്ദം പരമായി വരുമ്പോഴും ഉപാചരിതങ്ങളാകുന്നു.

രായസ്ഖാം, മഹസ്കരഥഃ, മഹസ്പരം, നിഷ്ക്രവ്യാദം, നിഷ്കൃഥ, നിഷ്പിപർത്തന എന്നിവ നിപതിപ്പിയ്ക്കുന്നു.

**ഉദാഹരണങ്ങൾ**

**1. വാജോ നു തേ ശവസസ്പാത്വന്തം (ഋ. 5.15.5)** 'ശവസഃ' എന്ന ശബ്ദം കഴിഞ്ഞ് 'പാതു' എന്ന ശബ്ദം പരമായി വന്നതിനാൽ 'ശവസഃ' എന്നതിന്റെ വിസർഗ്ഗം സകാരമായിത്തീർന്നു.

**2. മഹസ്പുത്രാസോ അസുരസ്യ വീരാഃ (ഋ.10.10.2)** 'മഹഃ' എന്ന ശബ്ദം കഴിഞ്ഞ് 'പുത്ര'ശബ്ദം പരമായതിനാൽ 'മഹഃ' എന്നതിന്റെ വിസർഗ്ഗം സകാരമായിത്തീർന്നിരിയ്ക്കുന്നു.

**3. സഹസസ്പുത്രോ അദ്ഭുതഃ (ഋ.2.7.6) 'സഹസഃ'** എന്ന പദം കഴിഞ്ഞ് 'പുത്ര'ശബ്ദം പരമായി വന്നതിനാൽ 'സഹസഃ' എന്നതിന്റെ വിസർഗ്ഗം സകാരമായിത്തീർന്നു.

**4. ഇളായാസ്പുത്രോ വയുനേ/ജനിഷ്ട (ഋ.3.29.3)** 'ഇളായാഃ' എന്ന ശബ്ദം കഴിഞ്ഞ് പുത്രഃ എന്ന ശബ്ദം പരമായി വന്നതിനാൽ 'ഇളായാഃ' എന്നതിന്റെ വിസർഗ്ഗം സകാരമായിത്തീർന്നു.

**5. സ രായസ്ഖാമുപ സൃജാ ഗൃണാനഃ (ഋ.6.36.4)** 'രായസ്ഖാം' എന്നത് നിപാതമാണ്. വിസർഗ്ഗത്തിന്റെ സ്ഥാനത്ത് സകാരത്തിന്റെ നിപാതനം.

**6. മഹസ്കരഥോ വരിവോ യഥാ നഃ (ഋ.6.50.3)** 'മഹസ്കരഥഃ എന്നത് നിപതിപ്പിച്ചിരിയ്ക്കുന്നു.

**7. ക്വ സ്വിദസ്യ രജസോ മഹസ്പരം (ഋ.1.168.6)** വിസർഗ്ഗത്തിന് സകാരം നിപതിപ്പിച്ചിരിയ്ക്കുന്നു.

**8. നിഷ്ക്രവ്യാദമനീനശത് (ഋ.10.162.2)** 'നിഷ്ക്രവ്യാദം'- ഷകാരം നിപതിപ്പിച്ചിരിയ്ക്കുന്നു.

**9. യദാമയതി നിഷ്കൃഥ (ഋ.10.97.9)** 'നിഷ്കൃഥ' എന്ന് ഷകാരനിപാതനം.

**10. വിശ്വസ്മാന്നോ അംഹസോ നിഷ്പിപർത്തന (ഋ.1.106.1)** 'നിഷ്പിപർത്തന' എന്ന ഷകാരനിപാതനം.

22. **കബന്ധം പൃഥു കണ്വാസഃ പുത്രഃ പാതു പഥാ പയഃ ।**
**പായുഃ പൃഷ്ഠം പദം തേഷാം പ്രവാദാഃ ഉദയേ ദിവഃ ॥**

ദിവഃ എന്ന പദത്തിനുശേഷം കബന്ധം, പൃഥു, കണ്വാസഃ, പുത്രഃ, പാതു, പഥാ, പയഃ, പായുഃ, പൃഷ്ഠം, പദം എന്നിവയുടെ ഏതെങ്കിലും രൂപങ്ങൾ പരമായി വന്നാൽ 'ദിവഃ' എന്നതിന് ഉപാചരിതത്വം സംഭവിയ്ക്കും.

**ഉദാഹരണങ്ങൾ**

**1. ദിവസ്കബന്ധമവദർഷദുദ്രിണം (ഋ. 9.74.7)** 'ദിവഃ' എന്നതിൽനിന്ന് 'കബന്ധ'ശബ്ദം പരമായതുകൊണ്ട് വിസർഗ്ഗം സകാരമായി.

**2. അരിത്രം വാം ദിവസ്പൃഥു (ഋ. 1.46.8)** 'പൃഥു'ശബ്ദം പരമായതിനാൽ 'ദിവഃ' എന്ന വിസർഗത്തിന് സകാരം വന്നിരിയ്ക്കുന്നു.

3. ദിവസ്കണ്വാസ ഇന്ദവഃ (ഋ. 1.46.9) **കണ്വാസശബ്ദം പരമായി** വന്നപ്പോൾ ദിവഃ എന്ന വിസർഗ്ഗത്തിന് സകാരം വന്നിരിയ്ക്കുന്നു.

**4. ദിവസ്പുത്രാ അംഗിരസോ ഭവേമ (ഋ.4.2.15)** പുത്രശബ്ദം പരമായിട്ടുള്ളതിനാൽ 'ദിവഃ' എന്നതിന്റെ വിസർഗ്ഗം സകാരമായി.

**5. സൂര്യോ നോ ദിവസ്പാതു (ഋ.10.158.1)** 'പാതു'ശബ്ദം പര

മായപ്പോൾ 'ദിവഃ' എന്നതിന്റെ വിസർഗ്ഗം സകാരമായി.

**6. ദിവസ്പഥാ വധ്വോ യന്ത്യച്ഛ (ഋ.5.47.6)** 'പഥാ'എന്ന ശബ്ദം പരമായതിനാൽ 'ദിവഃ' എന്നതിന്റെ വിസർഗ്ഗം സകാരമായി.

**7. ദിവസ്പയോ ദിധിരാണാ അവേഷൻ (ഋ.1.114.1)** 'പയഃ' എന്ന ശബ്ദം പരമായതിനാൽ 'ദിവഃ' എന്നതിന്റെ വിസർഗ്ഗം സകാരമായി.

**8. ദിവസ്പായുർദുരോണയുഃ (ഋ.8.60.19)** 'പായു'ശബ്ദം പരമായതിനാൽ 'ദിവഃ' എന്ന പദത്തിന്റെ വിസർഗ്ഗം സകാരമായി.

**9. ദിവസ്പൃഷ്ഠം ഭന്ദമാനഃ സുമന്മഭിഃ (ഋ.3.2.12)** 'പൃഷ്ഠം' എന്ന ശബ്ദം പരമായി വന്നതിനാൽ ദിവഃ എന്നതിന്റെ വിസർഗ്ഗം സകാരമായി.

**10. അഭിപ്രിയാ ദിവസ്പദാ (ഋ.9.12.8)** 'പദ'ശബ്ദം പരമായി വന്നതിനാൽ ദിവഃ എന്നതിന്റെ വിസർഗ്ഗം സകാരമായി.

**നിപാതനങ്ങൾ**

**23. രജസസ്പാത്വന്തസ്പഥാഃ കസ്കാവ്യാഃ ചതുരസ്കരഃ |**
**സ്വാദുഷ്കില നിദസ്പാതു ദ്യൌഷ്പിതർവസതിഷ്കൃതാ ||**

രജസസ്പാതി, അന്തസ്പഥാഃ, കസ്കാവ്യാ, ചതുരസ്കര, സ്വാദുഷ്കില, നിദസ്പാതു, ദ്യൌഷ്പിതഃ, വസതിഷ്കൃതാ- ഈ പദങ്ങളെല്ലാം ഇതിൽ പറഞ്ഞിരിയ്ക്കുന്നതുമാതിരി നിപതിപ്പിച്ചിരിയ്ക്കുന്നു.

**ഉദാഹരണങ്ങൾ**

1. **വി ചക്രമേ രജസസ്പാത്യന്തൌ (ഋ.5.47.3)** രജസസ്പാതി എന്നത് നിപതിപ്പിച്ചിരിയ്ക്കുന്നു.

**2. അന്തസ്പഥാ അനുപഥാഃ (ഋ.5.52.10)** അന്തസ്പഥാ എന്നു നിപാതം

**3. കസ്കാവ്യാ മരുതഃ കോ ഹ പൌംസ്യാ (ഋ.5.59.4)** കസ്കാവ്യാ എന്ന് നിപതിപ്പിച്ചിരിയ്ക്കുന്നു.

**4. കനിഷ്ഠ ആഹ ചതുരസ്കരേതി (ഋ.4.33.5)** 'ചതുരസ്കര' എന്ന് നിപതിപ്പിച്ചിരിയ്ക്കുന്നു.

**5. സ്വാദുഷ്കിലായം മധുമാ് ഉതായം (ഋ.6.47.1)** സ്വാദുഷ്കില എന്ന് നിപതിപ്പിച്ചിരിയ്ക്കുന്നു.

**6. സരസ്വതീ നിദസ്പാതു (ഋ.6.61.11) 'നിദസ്പാതു'** എന്ന് നിപതിപ്പിച്ചിരിയ്ക്കുന്നു.

**7. ദ്യൌഷ്പിതഃ പൃഥിവി മാതരധ്രുക് (ഋ.6.51.5)** 'ദ്യൌഷ്പിതഃ' എന്ന് നിപതിപ്പിച്ചിരിയ്ക്കുന്നു.

**8. പർണ്ണേ വോ വസതിഷ്കൃതാ (ഋ.10.97.5)** 'വസതിഷ്കൃതാ' എന്ന് നിപതിപ്പിച്ചിരിയ്ക്കുന്നു.

**24. തപോഷ്പവിത്രം ത്രിഷ്പൂത്വീ ധീഷ്പീപായ വിഭിഷ്പതാത്।**
**ദ്യൌഷ്പിതാ രജസസ്പൃഷ്ടോ ദദുഷ്പജ്രായ നസ്കരഃ ।।**

തപോഷ്പവിത്രം, ത്രിഷ്പൂത്വീ, ധീഷ്പീപായ, വിഭിഷ്പതാത്, ദ്യൌഷ്പിതാ, രജസസ്പൃഷ്ടഃ, ദദുഷ്പജ്രായ, നസ്കരഃ- ഇവയെല്ലാം നിപാതനങ്ങളാണ്. (വേദത്തിൽ ഉപാചരിതങ്ങളായി ഇവ ഈ രീതിയിൽ പ്രയോഗിച്ചിരിയ്ക്കുന്നു എന്നു സാരം)

**ഉദാഹരണങ്ങൾ:**

**1. തപോഷ്പവിത്രം വിതതം ദിവസ്പദേ (ഋ.9.83.2)**

തപോഷ്പവിത്രം എന്നു നിപതിപ്പിച്ചിരിയ്ക്കുന്നു. പദപാഠത്തിൽ തപോഃ പവിത്രം എന്നാണ്. 'തപോഃ' എന്നതിന് ശത്രുക്കളെ തപിപ്പിയ്ക്കുന്ന എന്ന അർത്ഥം സായണൻ പറഞ്ഞിരിയ്ക്കുന്നു. 'സോമ'ത്തിന്റെ വിശേഷണമാണ്.

**2. അപാലാമിന്ദ്ര ത്രിഷ്പൂത്വീ (ഋ.8.91.7)**

ത്രിഃ പൂത്വീ എന്നാണ് പദപാഠം. വിസർഗ്ഗത്തിന് ഷകാരം വന്നുകൊണ്ടുള്ള രൂപമാണ് സംഹിതയിൽ. ഇത് നിപാതനമാണ്.

**3. ധീഷ്പീപായ ബൃഹദ്ദിവേഷു മാനുഷാ (ഋ.2.2.9)**

ധീഃ പീപായ എന്നാണ് പദപാഠം. വിസർഗ്ഗം ഷകാരമാക്കി 'ധീഷ്പീപായ എന്നാണ് സംഹിതയിൽ കാണുന്നത്. ഇത് നിപാതനമാണ്.

**4. യദ്വാം രഥോ വിഭിഷ്പതാത് (ഋ.1.46.3)**

വിഭിഃ പതാത് എന്നാണ് പദപാഠം. വിഭിഃ എന്നതിന് അശ്വങ്ങളാൽ എന്ന അർത്ഥമാണ് സായണൻ കൊടുത്തിട്ടുള്ളത്. 'പതാത്' എന്നതിന് ഗമിയ്ക്കുന്നു എന്നും. ഇവിടേയും വിസർഗ്ഗം ഷകാരമാക്കി സംഹിതയിൽ പാഠം.

**5. ദ്യൌഷ്പിതാ ജനിതാ സത്യമുക്ഷൻ (ഋ.4.1.10)**

ദ്യൌഃ പിതാ എന്ന രണ്ടു ഭിന്നപദങ്ങൾ സംഹിതയിൽ ചേർത്തുച്ചരിയ്ക്കുമ്പോൾ ദ്യൌഷ്പിതാ എന്നായിരിയ്ക്കുന്നു. 'പിതാ' എന്നതിന് സായണൻ 'പാലയിത്രീ' എന്ന അർത്ഥം പറയുന്നുണ്ട്. ദ്യോവ് അഗ്നിയുടെ പാലയിത്രിയും ജനയിത്രിയുമാണ് എന്ന് അർത്ഥം പറഞ്ഞിരിയ്ക്കുന്നു.

**6. ധർത്താ ദിവോ രജസസ്പൃഷ്ട ഊർദ്ധ്വഃ (ഋ.3.49.4).**

രജസഃ സ്പൃഷ്ടഃ എന്നത് വിസർഗ്ഗത്തിന് സകാരം വന്ന് രജസസ്പൃഷ്ടഃ എന്നായിരിയ്ക്കുന്നു.

**7. ദദുഷ്പജ്രായ സാമ്നേ (ഋ.8.6.47).**

ദദുഃ പജ്രായ എന്നത് ദദുഃ എന്ന വിസർഗ്ഗത്തിന് ഷകാരം വന്ന് ദദുഷ്പജ്രായ എന്നു രൂപം.

'പജ്രായ' എന്നതിന് 'സ്തുതീനാം പ്രാർജകായ' എന്ന് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നു.

**8. അധാ ത്വംഹി നസ്കരഃ**

നഃ കര എന്നത് നസ്കര എന്ന് ഉപാചരിതം വന്നിരിയ്ക്കുന്നു. 'നഃ' എന്നതിന് അസ്മഭ്യം എന്നും 'കര' എന്നതിന് 'കുരു' എന്നും അർത്ഥം. 'കുരു' എന്നത് 'ദേഹി' എന്ന അർത്ഥത്തിൽ. ഞങ്ങൾക്ക് നൽകിയാലും എന്ന് 'നസ്കര' എന്നതിനർത്ഥം.

**25. വസുഷ്കുവിന്മനുഷ്പിതാ പിതുഷ്പിതാ പിതുഷ്പരി ।**
**പ്രണസ്പുരോ മയസ്കരന്നഭസ്പയത്രയസ്പരഃ ।।**

വസിഷ്കുവിത്, മനുഷ്പിതാ, പിതുഷ്പിതാ, പിതുഷ്പരി, പ്രണസ്പുരഃ, മയസ്കരൻ, നഭസ്പയഃ, ത്രയസ്പരഃ ഇവയെല്ലാം ഇക്കാണുന്നപോലെ ഉപാചരിതങ്ങളായി നിപതിപ്പിച്ചിരിയ്ക്കുന്നു.

**ഉദാഹരണങ്ങൾ**

**1. വസുഷ്കുവിദ്വസുഭിഃ കാമമാവരത് (1.143.6)**

വസുഃ കുവിത് എന്നത് വിസർഗ്ഗത്തിന് ഷകാരം വന്ന് വസുഷ്കുവിത് എന്ന് സംഹിതയിൽ പാഠം. 'കുവിത്' എന്നതിന് പല പ്രാവശ്യം എന്നർത്ഥം.

**2. യാമഥർവാ മനുഷ്പിതാ (ഋ.1.80.16)**

മനുഃ പിതാ എന്നത് 'മനുഷ്പിതാ' എന്ന് ഉപാചരിതമായി നിപാതനം. എല്ലാ പ്രജകളുടേയും പിതാവായ മനു എന്നർത്ഥം.

**3. ഗർഭേ മാതുഃ പിതുഷ്പിതാ (ഋ.6.16.35)**

'പിതുഃ പിതാ' എന്നത് പിതുഷ്പിതാ എന്ന് സംഹിതയിൽ നിപതിപ്പിച്ചിരിയ്ക്കുന്നു. പിതാവിന്റെ പാലകൻ എന്നർത്ഥം.

**4. അഹമിദ്ധി പിതുഷ്പരി (ഋ.8.6.10)**

'പിതുഃ പരി' എന്നുള്ളത് പിതുഷ്പരി എന്നായിരിയ്ക്കുന്നു.

**5. സക്ഷ്വാ ദേവ പ്രണസ്പുരഃ (ഋ.1.42.1)**

'പ്രനഃ പുരഃ' എന്നത് പ്രണസ്പുരഃ എന്നായി. പ്ര എന്നത് പൂർവ്വത്തിലുണ്ടെങ്കിൽ മാത്രമേ ഉപാചരിതത്വം വരികയുള്ളൂ. പ്ര ഇല്ലാത്തിടത്ത് നഃ എന്നതിൽനിന്ന് പുരഃ എന്നു പരമായിട്ടുണ്ടെങ്കിലും 'നസ്പുരഃ' എന്ന് വരില്ല.

ഉദാഹരണം:- ഭദ്രം ഭവാതി നഃ പുരഃ (ഋ.2.41.11)

**6. മയസ്കരൻ പരതരേ ചനാഹൻ (ഋ.10.95.1)**

'മയഃ കരൻ' എന്നത് മയസ്കരൻ എന്നായി.

**7. ഹരിരോപശം കൃണുതേ നഭസ്പയഃ (ഋ.9.71.1)**

'നഭഃ പയഃ' എന്നത് നഭസ്പയഃ എന്നായിത്തീർന്നു.

8. യേ ത്രിംശതി ത്രയസ്പരഃ (ഋ.8.28.1)

'ത്രയഃ പരഃ' എന്നത് ത്രയസ്പരഃ എന്നായി.

'ത്രിംശതി ത്രയസ്പരഃ' എന്നതിന് മൂന്നു പിന്നീടുള്ള മുപ്പത്-അതായത് മുപ്പത്തിമൂന്ന് എന്നർത്ഥം.

## നകാരവികാരം

**26. നകാര ആകാരോപധഃ പദ്യാന്തോഽപി സ്വരോദയഃ ।**
**ലുപ്യതേഽജ്രാഞ് ജ്ഗ്രസാനാഞ്ജഘ്നന്വാൻ ദേവഹൂതമാൻ ।।**
**27. ബദ്ബധാനാ് ഇന്ദ്രസോമാംസ്തൃഷാണാന്നോ ദേവദേവാൻ ।**
**ഹന്ത ദേവാ് ഇതി ചൈതാ ആൻ പദാ പദവൃത്തയഃ ।।**

നകാരത്തിനുണ്ടാകുന്ന വികാരത്തെ-മാറ്റത്തെ-കുറിച്ചാണ് ഇനി പറയാൻ പോകുന്നത്. ഒന്നാമതായി ആൻപദാ പദവൃത്തികൾ-അതായത് നകാരലോപം.

ആകാരോപധമായ നകാരം (അതായത് ആൻ എന്ന്) പദ്യാന്തമായാലും അപദ്യാന്തമായാലും സ്വരം പരമായി വന്നാൽ ലോപിയ്ക്കും. അജ്രാൻ, ജഗ്രസാനാൻ, ജഘ്നന്വാൻ, ദേവഹൂതമാൻ, ബദ്ബധാനാൻ, ഇന്ദ്രസോമാൻ, തൃഷാണാൻ, നോ ദേവ ദേവാൻ, ഹന്ത ദേവാൻ- പാദാന്തത്തിൽ ഇവയുടേയും നകാരങ്ങൾ ലോപിയ്ക്കും, സ്വരം പരമായാൽ.

**ഉദാഹരണങ്ങൾ**

**1. സർഗ്ഗാ് ഇവ സൃജതം സുഷ്ടുതീരുപ (ഋ.8.35.20)**

'സർഗാൻ ഇവ' എന്നുള്ള പദങ്ങളിൽ 'സർഗാൻ' എന്ന് ആകാരം പൂർവ്വത്തിലുള്ള നകാരമുള്ള പദമാണ്. അതിനുശേഷം 'ഇവ' എന്ന് ഇകാരമാകുന്ന സ്വരം പരമായി വന്നിരിയ്ക്കുന്നു. അതിനാൽ 'സർഗാൻ' എന്ന നകാരം ലോപിച്ച് 'സർഗാ് ഇവ' എന്ന് സംഹിതയിൽ പാഠം.

ദീർഘമായ അകാരം പൂർവ്വത്തിലുള്ള നകാരമേ സ്വരം പരമായി വരുമ്പോൾ ഇപ്രകാരം ലോപിയ്ക്കുകയുള്ളൂ. ഹ്രസ്വമായ അകാരമാണ് എങ്കിൽ നകാരത്തിന് ലോപം സംഭവിയ്ക്കുകയില്ല.

ഉദാഃ കേതും കൃണ്വന്നകേതവേ (ഋ.1.6.3)

'കൃണ്വൻ അകേതവേ' എന്നിടത്ത് 'കൃണ്വൻ' എന്ന പദത്തിൽ അവസാനത്തെ നകാരം ഹ്രസ്വമായ അകാരം പൂർവ്വത്തിലുള്ളതാണ്. അകേതവേ എന്ന് സ്വരമായ അകാരം പിന്നീട് വരികയും

ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നകാരത്തിന് ലോപം വരുന്നില്ല. അതിനാലാണ് ദീർഘമായ 'അകാരം പൂർവ്വത്തിലുള്ള' എന്ന് പ്രത്യേകം പറഞ്ഞത്.

അതുപോലെ 'സ്വരം പരമായിട്ടുണ്ടെങ്കിൽ' എന്നതും പ്രത്യേകം ശ്രദ്ധിയ്ക്കണം. നകാരം കഴിഞ്ഞ് ഏതെങ്കിലും സ്വരാക്ഷരം വരുന്നില്ലെങ്കിൽ അവിടെ നകാരത്തിന് ലോപം വരുന്നില്ല.

ഉദാഃ- അയോ ദംഷ്ട്രാൻ വിധാവതോ വരാഹൂൻ (ഋ. 1.88.5)

അയഃ/ദംഷ്ട്രാൻ വി/ധാവതഃ വരാഹൂൻ എന്നാണ് പദപാഠം. 'ദംഷ്ട്രാൻ' എന്ന പദത്തിൽ അവസാനമുള്ള നകാരം ആകാരം പൂർവ്വത്തിലുള്ളതാണ്. എങ്കിലും വിധാവതഃ എന്ന പദത്തിലെ 'വ' എന്ന വ്യഞ്ജനമാണ് നകാരം കഴിഞ്ഞുവരുന്ന അക്ഷരം. അതിനാൽ, സ്വരം പരമായി വരാത്തതിനാൽ ഇവിടെ നകാരത്തിനു ലോപം വരുന്നില്ല.

1. പാദാന്തത്തിലുള്ള 'അജ്രാൻ' എന്ന പദത്തിലുള്ള നകാരത്തിന് ലോപം വരും. ഉദാ: ആസൂര്യോ ബൃഹതസ്തിഷ്ഠദജ്രാँ ഋജു (ഋ. 4.1.17). ഇവിടെ തിഷ്ഠത്/അജ്രാൻ എന്നു പദപാഠം. അജ്രാൻ എന്ന പാദാന്തമായ നകാരത്തിന് ലോപം വന്നിരിയ്ക്കുന്നു.
2. പാദാന്തത്തിലുള്ള 'ജഗ്രസാനാൻ' എന്ന പദത്തിലെ നകാരവും ലോപിയ്ക്കും.

   ഉദാഃ- സൃജഃ സിന്ധൂँരഹിനാ ജഗ്രസാനാँ ആത് (ഋ.10.111.9). സൃജഃ/സിന്ധൂൻ/അഹിനാ/ജഗ്രസാനാൻ/ആത് എന്നു പദപാഠം.

   ജഗ്രസാനാൻ എന്ന പാദാന്തത്തിലുള്ള നകാരം ലോപിച്ച് സംഹിതയിൽ ജഗ്രസാനാँ എന്നായിരിയ്ക്കുന്നു.
3. പാദാന്തമായ ജഘന്വാൻ എന്ന പദത്തിലെ നകാരം ലോപിയ്ക്കും.

ഉദാഃ- ത്വമപോ യദ്ധ വൃത്രം ജഘന്വാँ അത്യാँ ഇവ (ഋ.3.32.6).

   പാദാന്തത്തിലുള്ള ജഘന്വാൻ എന്ന പദം നകാരം ലോപിച്ച് ജഘന്വാँ എന്നായിരിയ്ക്കുന്നു.
4. പാദാന്തത്തിൽ വരുന്ന ദേവഹൂതമാൻ എന്ന പദത്തിന്റെ നകാരം ലോപിയ്ക്കും.

   ഉദാഃ- യുക്ഷ്വാ ഹി ദേവഹൂതമാँ അശ്വാँ (ഋ.8.75.1)

   യുക്ഷ്വ/ഹി/ദേവഹൂതമാൻ/അശ്വാൻ/ എന്നാണ് പദപാഠം. ഇവിടെ പാദാന്തത്തിലുള്ള ദേവഹൂതമാൻ എന്ന പദത്തിലെ ന

കാരം ലോപിച്ച് ദേവഹൂതമാ് എന്നായിരിയ്ക്കുന്നു.

5. പാദാന്തത്തിലുള്ള ബദ്ബധാനാൻ എന്ന പദത്തിന്റെ അവസാനത്തിലുള്ള നകാരത്തിന് ലോപം വരും.
   ഉദാഃ- ത്വമുത്സാ് ഋതുഭിർബദ്ബധാനാ് അരംഹഃ (ഋ.5.32.2)
   ബദ്ബധാനാൻ/അരംഹഃ/ എന്നു പദപാഠത്തിലുള്ളത് സംഹിതയിൽ ബദ്ബധാനാ് എന്നായിരിയ്ക്കുന്നു-നകാരത്തിന് ലോപം സംഭവിച്ചിരിയ്ക്കുന്നു.

6. ഇന്ദ്രസോമാ് – പാദാന്തത്തിൽ ഇന്ദ്രശബ്ദം കഴിഞ്ഞ് സോമാൻ എന്നു വന്നാൽ സോമാൻ എന്നതിന്റെ അവസാനത്തെ നകാരം ലോപിയ്ക്കും.
   ഉദാഃ- യഥാപിബഃ പൂർവ്വ്യാ് ഇന്ദ്രസോമാ് ഏവ. (ഋ.3.36.3)
   ഇന്ദ്ര സോമാൻ ഏവ എന്നു പദപാഠം. ഇന്ദ്രശബ്ദം കഴിഞ്ഞ് സോമാൻ എന്നു വന്നിട്ടുള്ളതിനാൽ സോമാൻ എന്നതിലെ നകാരം ലോപിച്ച് സോമാ് എന്നായിരിയ്ക്കുന്നു. ഇന്ദ്രശബ്ദം കഴിഞ്ഞുവരുന്ന സോമാൻ എന്ന പദത്തിന്റെ നകാരം ലോപിയ്ക്കുമെന്ന് പ്രത്യേകം പറഞ്ഞിരിയ്ക്കുന്നതിനാൽ ഇന്ദ്രശബ്ദം കഴിഞ്ഞല്ലാതെ വരുന്ന സോമാൻ എന്ന പദത്തിലെ നകാരം ലോപിയ്ക്കുകയില്ലായെന്ന് പ്രത്യേകം സ്മരിയ്ക്കേണ്ടതാണ്.

7. തൃഷാണാൻ എന്ന പദം പാദാന്തത്തിൽ വരുമ്പോൾ നകാരത്തിന് ലോപം വരും.
   ഉദാഃ- ധന്വാന്യജ്രാ് അപൃണക് തൃഷാണാ് അധോക് (ഋ.4.19.7).
   ധന്വാനി/അജ്രാൻ/അപൃണക്/തൃഷാണാൻ/അധോക് എന്നു പദപാഠം. ഇവിടെ സംഹിതയിൽ തൃഷാണാ് എന്നായിരിയ്ക്കുന്നു. തൃഷാണാൻ എന്ന പദത്തിലെ നകാരം ലോപിച്ചതിനാലാണ് അങ്ങനെ വന്നിരിയ്ക്കുന്നത്.

8. നോ ദേവ ദേവാൻ:- ദേവ ദേവാൻ എന്നതിന്റെ മുൻപ് 'നഃ' എന്നു വന്നിട്ടുണ്ടെങ്കിൽ അതായത് നഃ ദേവദേവാൻ എന്നു പദാന്തത്തിൽ വന്നാൽ സംഹിതയിൽ അത് നോ ദേവ ദേവാ് എന്നാകും. ദേവാൻ എന്നതിന്റെ നകാരം ലോപിയ്ക്കും എന്നു സാരം.
   ഉദാഃ- ഉത നോ ദേവ ദേവാ് അച്ഛ (ഋ.8.75.2)
   ഇവിടെ ദേവാ് എന്ന് നകാരത്തിന് ലോപം വന്നിരിയ്ക്കുന്നു.

9 'ഹന്ത' എന്നു പൂർവ്വത്തിലുള്ള 'ദേവാൻ' എന്ന പദം പാദാന്തത്തിൽ വന്നാൽ ദേവാൻ എന്നതിലെ നകാരത്തിനു ലോപം വരും.

ഉദാഃ- യജാമഹൈ യജ്ഞിയാൻ ഹന്ത ദേവാ് ഇളാമഹൈ (ഋ.10.53.2)

ഇവിടെ ഹന്ത എന്നു പൂർവ്വത്തിലുള്ള ദേവാൻ എന്ന പദം പാദാന്തത്തിൽ വന്നതിനാൽ ദേവാൻ എന്നതിന്റെ നകാരം ലോപിച്ചിരിയ്ക്കുന്നു.

നോ ദേവ ദേവാൻ എന്നതിൽ ദേവ ദേവാൻ എന്നതിനുമുൻപ് 'നഃ' എന്ന പദമില്ലെങ്കിൽ ഈ നകാരലോപം വരില്ല. അതുപോലെ ഹന്ത എന്ന് പൂർവ്വമില്ലെങ്കിലും ദേവാൻ എന്ന നകാരത്തിന് ലോപം വരില്ല.

ആകാരം പൂർവ്വം വരുന്ന നകാരത്തിന് വിധിയ്ക്കപ്പെട്ടലോപം എന്ന സന്ധിയ്ക്ക് 'ആൻപദാപദവൃത്തി' എന്നു നാമധേയം.

**വിവൃത്ത്യഭിപ്രായസന്ധികൾ**

**28. വിവൃത്ത്യഭിപ്രായേഷു ച പീവോ അന്നാ് രയിവൃധഃ ।**
**ദധന്വാ് യോ ജുജുവാ് യഃ സ്വവാ് യാതു ദദ്വാ് വേതി ॥**

വിവൃത്ത്യഭിപ്രായസന്ധികളിൽ ആകാരം പൂർവ്വമുള്ള നകാരം അന്തഃസ്ഥവ്യഞ്ജനങ്ങൾ പരമായി വരുമ്പോൾ ലോപിയ്ക്കുന്നു- 1. പീവോ അന്നാ് രയിവൃധഃ. 2. ദധന്വാ് യോ. 3. ജു ജുവാ് യോ 4. സ്വവാ് യാതു. 5. ദദ്വാ് വാ എന്നീ ദ്വൈപദങ്ങളിൽ.

Note: 'ആൻപദാപദവൃത്തി' എന്ന സന്ധിയിലേതുപോലെ വിവൃത്ത്യഭിപ്രായസന്ധിയിലും ആകാരം പൂർവ്വത്തിലുള്ള നകാരത്തിന് ലോപം വരികയാണ് ചെയ്യുന്നത്. ആൻപദാപദവൃത്തിസന്ധിയിൽ സ്വരാക്ഷരം പരമായി (നകാരത്തിനുശേഷം) ഉണ്ടായിരിയ്ക്കണം. ഇവിടെയാകട്ടെ അന്തഃസ്ഥങ്ങളാണ് പരമായിവരുന്നത്. മാത്രമല്ല, അന്തഃസ്ഥങ്ങൾ പരമായി വരുന്ന അഞ്ച് പ്രത്യേക സ്ഥലമാണ് ഇവിടെ നകാരലോപം വരുന്നതായി കാണിച്ചിരിയ്ക്കുന്നത്. അന്തഃസ്ഥങ്ങൾ- യ, ര, ല, വ എന്നിവയാണ്.

ഉദാഃ- 1. പീവോ അന്നാ് രയിവൃധ സുമേധാഃ (ഋ.7.91.3). ഇവിടെ പീവഃ/അന്നാൻ/ രയിവൃധഃ സുമേധാഃ/ എന്നാണ് പദപാഠം. പീവഃ അന്നാൻ എന്നു കഴിഞ്ഞ് രയിവൃധഃ എന്ന് 'ര്' എന്ന അന്തഃസ്ഥം പരമായി വന്നിരിയ്ക്കുന്നു. അതിനാൽ സംഹിതയിൽ 'പീവോ അന്നാ് രയിവൃധഃ' എന്നായിരിയ്ക്കുന്നു.

2. ദധന്വാ് യോ നര്യോ അപ്സ്വന്തരാ (ഋ.9.107.1). ഇവിടെ ദധന്വാൻ/യഃ/നര്യഃ/അപ്/സു/അന്തഃ/ആ/ എന്നാണ് പദപാഠം. 'ദധന്വാൻ' എന്ന പദത്തിലെ നകാരം 'യഃ' എന്ന പദത്തിലെ 'യ്' എന്ന അന്തഃസ്ഥം പരമായി വന്നതിനാൽ ലോപിച്ചിരിയ്ക്കുന്നു.

3. ജുജുർവ്വാ് യോ മുഹുരാ യുവാഭൂത് (ഋ.2.4.5). ഇവിടെ ജുജുർവ്വാൻ/യഃ/മുഹുഃ/ആ/യുവാ/ഭൂത്/ എന്നാണ് പദപാഠം. ജുജുർവ്വാൻ എന്നുകഴിഞ്ഞ് 'യഃ' എന്ന പദം വരുന്നു. അതിനാൽ. ജുജുർവ്വാൻ എന്ന പദത്തിലെ നകാരത്തിന് 'യ്' എന്ന അന്തഃസ്ഥം പരമായിട്ടുള്ളതിനാൽ ലോപം വന്നിരിയ്ക്കുന്നു.

4. സുമൃളീകഃ സ്വവാ് യാത്വർവാങ് (ഋ.1.118.1) ഇവിടെ സുfമൃളീകഃ/സ്വfവാൻ/യാതു/അർവ്വാങ്/ എന്നാണ് പദപാഠം. 'സ്വവാൻ' എന്ന പദത്തിന് ധനവാൻ എന്നർത്ഥം. 'സ്വവാൻ' എന്നു കഴിഞ്ഞ് 'യാതു' എന്ന പദമുണ്ട്. അതിന്റെ ആദ്യത്തിലുള്ള 'യ്' എന്ന അന്തഃസ്ഥം പരമായി വന്നതിനാൽ സ്വവാൻ എന്നത് സംഹിതയിൽ സ്വവാ് എന്നായിത്തീർന്നു.

5. ദദ്വാ് വാ യത് പുഷ്യതി രേക്ണഃ (ഋ.10.132.3) ഇവിടെ ദദ്വാൻ/വാ/യത്/പുഷ്യതി/രേക്ണഃ എന്നാണ് പദപാഠം. 'ദദ്വാൻ' എന്ന പദത്തിന്റെ അന്തത്തിലുള്ള നകാരം കഴിഞ്ഞ് 'വാ' എന്ന പദത്തിന്റെ 'വ്' എന്ന അന്തഃസ്ഥം പരമായി വന്നിരിയ്ക്കുന്നു. അതിനാൽ നകാരത്തിന് ലോപം സംഭവിച്ച് 'ദദ്വാ് വാ' എന്നായിരിയ്ക്കുന്നു സംഹിതയിൽ.

### സ്പർശരേഫസന്ധി

**29. ഹതം യോനൌ വചോർഭിർയാൻ**
**യുവന്യൂ്ർവനിഷീഷ്വേതി।**
**ഈകാരോകാരോപഹിതോ**
**രേഫമേഷു സ്വരേഷു ച ।।**

(Note) നകാരത്തിന് രേഫം വിധിയ്ക്കുന്ന സന്ധിയാണിത്. ഇതിനുമുൻപ് നകാരത്തിനു ലോപം വരുന്ന സന്ധിയാണ് വിധിച്ചത്. അങ്ങനെ ലോപം വരുന്നത് ആകാരം പൂർവ്വമുള്ള നകാരത്തിനാണ്. ഇവിടെ രേഫം വരുന്നത് ഈകാരമോ ഊകാരമോ പൂർവ്വമുള്ള നകാരത്തിനാണ്. (അതായത്, 'ഈൻ' എന്നോ 'ഊൻ' എന്നോ വരുന്നിടത്തെ നകാരത്തിന് എന്നർത്ഥം). ഹതം മുതലായ പദങ്ങൾ പിന്നീട് വരുന്നുണ്ടെങ്കിൽ മാത്രമേ ഈ നകാരം രേഫമാകുന്ന സന്ധി പ്രവർത്തിയ്ക്കുകയുള്ളൂ. ശ്ലോകത്തിന്റെ അർത്ഥം താഴെ കൊടുക്കുന്നു.

ഹതം, യോനൌ, വചോഭിഃ, യാൻ, യുവന്യൂൻ, വനിഷീഷ്ട എന്നീ പദങ്ങളും, സ്വരാക്ഷരങ്ങളും പരമായി വരുമ്പോൾ ഈകാരം പൂർവ്വത്തിലുള്ളതും ഊകാരം പൂർവ്വത്തിലുള്ളതുമായ നകാരം രേഫമായിത്തീരും.

**ഉദാഹരണങ്ങൾ:**

**1. ഉത്പണീ ॅ൪ഹതമൂർമ്യാ മദന്താ (ഋ.1.184.2).**

ഇവിടെ ഉത്/പണീൻ/ഹതം/ഊർമ്യാ/മദന്താ എന്നാണ് പദപാഠം. 'പണീൻ' എന്ന പദത്തിന്റെ അവസാനം വരുന്ന നകാരം 'ഈ'കാരം പൂർവ്വത്തിലുള്ളതാണ്; നകാരം കഴിഞ്ഞ് 'ഹതം' എന്നു പരമായിട്ടുമുണ്ട്. അതിനാൽ നകാരത്തിന്റെ സ്ഥാനത്ത് രേഫം വന്നിട്ട് 'പണീ ॅ൪ഹതം' എന്നായിരിയ്ക്കുന്നു.

**2. വിദസ്യൂ ॅ൪ യോനാവകൃതഃ (ഋ. 1.63.4).**

വി/ദസ്യൂൻ/യോനൌ/അകൃതഃ/ എന്നാണ് ഇവിടെ പദപാഠം. 'ദസ്യൂൻ' എന്ന പദത്തിന്റെ അവസാനത്തെ നകാരം ഊകാരം പൂർവ്വമുള്ള നകാരമാണ്. നകാരത്തിനുശേഷം 'യോനൌ' എന്ന പദം വരുന്നുമുണ്ട്. അതിനാൽ ദസ്യൂൻ എന്ന പദത്തിലെ നകാരത്തിന്റെ സ്ഥാനത്ത് രേഫം വന്നിരിയ്ക്കുന്നു. 'ദസ്യൂ ॅ൪ യോനാവകൃതഃ' എന്ന് സംഹിതയിൽ പാഠം.

**3. പണീ ॅ൪ വചോഭിരഭിയോധദിന്ദ്രഃ (ഋ. 6.39.2)**

ഇവിടെ പണീൻ/വചോഭി/അഭി/യോധദ്/ഇന്ദ്രഃ/ എന്നാണ് പദപാഠം. 'പണീൻ' എന്ന പദത്തിൽ അവസാനം വരുന്ന നകാരം ഈകാരം പൂർവ്വമുള്ളതാണ്; നകാരത്തിനുശേഷം 'വചോഭിഃ' എന്ന പദം വരുന്നുമുണ്ട്. അതിനാൽ പണീൻ എന്ന പദത്തിലെ നകാരത്തിന്റെ സ്ഥാനത്ത് രേഫം വന്ന് സംഹിതയിൽ പണീ ॅ൪ വചോഭിഃ എന്നായിരിയ്ക്കുന്നു.

**4. സഖീ ॅ൪ യാ ॅ ഇന്ദ്ര ചകൃഷേ സുകൃത്യാ (ഋ.4.35.7).**

ഇവിടെ സഖീൻ/യാൻ/ഇന്ദ്ര/ചകൃഷേ/ എന്നാണ് പദപാഠം. 'സഖീൻ' എന്ന പദത്തിലെ അവസാനത്തെ നകാരം ഈകാരം പൂർവ്വത്തിലുള്ളതാണ്; നകാരത്തിനുശേഷം യാൻ എന്നു വരുന്നുമുണ്ട്. അതിനാൽ സഖീൻ എന്ന പദത്തിലെ നകാരത്തിന്റെ സ്ഥാനത്ത് രേഫം വന്ന് സംഹിതയിൽ സഖീ ॅ൪ യാൻ എന്നാകുന്നു.

**5. രുദ്രസ്യ സൂനൂ ॅ൪ യുവന്യൂ ॅ രുദശ്യാഃ (ഋ.5.42.15).**

ഇവിടെ രുദ്രസ്യ/സൂനൂൻ/യുവന്യൂൻ/ഉദ്/അശ്യാഃ/ എന്നാണ് പദപാഠം. സൂനൂൻ എന്ന പദത്തിൽ അവസാനം വരുന്ന നകാരം ഊകാരം പൂർവ്വമുള്ളതാണ്; നകാരം കഴിഞ്ഞ് യുവന്യൂൻ എന്നു വരുന്നുമുണ്ട്. അതിനാൽ സംഹിതയിൽ സൂനൂൻ എന്ന പദത്തിലെ നകാരത്തിന്റെ സ്ഥാനത്ത് രേഫം വന്ന് സൂനൂ ॅ൪ യുവന്യൂ ॅ എന്നായിരിയ്ക്കുന്നു.

**6. പ്രിയാ് അപിധീ്ർവനിഷീഷ്ട (ഋ.1.121.7).**

ഇവിടെ പ്രിയാൻ/അപി/ധീൻ/വനിഷീഷ്ട എന്നാണ് പദപാഠം. 'അപിധീൻ' എന്ന പദത്തിലെ അവസാനത്തെ നകാരം ഈകാരം പൂർവ്വമുള്ളതാണ്; നകാരത്തിനുശേഷം വനിഷീഷ്ട എന്നു വരുന്നുണ്ടുതാനും. അതിനാൽ സംഹിതയിൽ നകാരത്തിന്റെ സ്ഥാനത്ത് രേഫം വന്ന് അപിധീ്ർവനിഷീഷ്ട എന്നായിരിയ്ക്കുന്നു.

**7. രശ്മീ്രിവ യച്ഛതം (ഋ.8.35.21).**

രശ്മീൻ/ഇവ/യച്ഛതം/ എന്നാണ് ഇവിടെ പദപാഠം. രശ്മീൻ എന്ന പദത്തിലെ അവസാനത്തെ നകാരം ഈകാരം പൂർവ്വത്തിലുള്ളതാണ്; ഇവ എന്ന പദത്തിലെ ഇകാരമാവുന്ന സ്വരം പരമായി വരുന്നുമുണ്ട്. അതിനാൽ 'രശ്മീൻ' എന്ന പദത്തിലെ നകാരത്തിനു രേഫം വന്നിരിയ്ക്കുന്നു.

**8. അഭിശൂ്രിവ സാരഥിഃ (ഋ.6.57.6).**

അഭിശൂൻ/ഇവ/സാരഥിഃ/ എന്നാണ് ഇവിടെ പദപാഠം. 'അഭിശൂൻ' എന്ന പദത്തിലെ അവസാനമുള്ള നകാരം ഊകാരം പൂർവ്വത്തിലുള്ളതാണ്; ഇവ എന്ന പദത്തിലെ ഇകാരം പരമായി വന്നിട്ടുമുണ്ട്. അതിനാൽ നകാരത്തിന്റെ സ്ഥാനത്ത് രേഫം വന്നിട്ട് സംഹിതയിൽ 'അഭിശൂ്രിവ സാരഥിഃ' എന്നായിരിയ്ക്കുന്നു.

**30. ദസ്യൂ്രേകോ നൄ്രഭി ച തേ സ്പർശരേഫസന്ധയഃ ।**
**നാസ്മാനുപൈതാവാൻ സ്ഫുരാൻ ഗച്ഛാൻ ദേവാനയാഡ്വഹാൻ ॥**
**31. ഹിരണ്യചക്രാൻ മായാവാൻ ഘോഷാംസ്താനശ്വിനാ വിദ്വാൻ ।**
**പയസ്വാൻ പുത്രാനാധേഹ്യായജീയാൻ പതീനുരോഃ ॥**

ദസ്യൂ്രേകഃ, എന്ന ദ്വൈപദികത്തിലും, നൄ്രഭി എന്ന ദ്വൈപദികത്തിലും നകാരം രേഫമായി വന്നിട്ടുണ്ട്.

ഹതം, യോനൌ തുടങ്ങിയ പദങ്ങൾ പരമായിരിയ്ക്കുമ്പോൾ ഈകാരപൂർവ്വവും ഊകാരപൂർവ്വവുമായ നകാരങ്ങൾക്ക് രേഫം ആദേശമായി വരുമെന്ന് വിധിയ്ക്കുകയുണ്ടായല്ലോ ഈ സന്ധിയ്ക്ക് സ്പർശരേഫസന്ധി എന്നാണ് പേര്.

**പ്രകൃതിഭാവം**

1. അസ്മാനുപ. 2. ഏതാവാൻ. 3. സ്ഫുരാൻ. 4. ഗച്ഛാൻ. 5. ദേവാനയാട്. 6. വഹാൻ. 7. ഹിരണ്യചക്രാൻ. 8. മായാവാൻ. 9. ഘോഷാൻ. 10. താനശ്വിനാ. 11. അവിദ്വാൻ. 12. പയസ്വാൻ. 13. പുത്രാനാധേഹി. 14. ആയജീയാൻ. 15. പതീനുരോഃ. ഈ പദങ്ങളിലെ അകാരങ്ങൾക്ക് പ്രകൃതിഭാവം വരും.

Note: ഏതെങ്കിലും സന്ധി വരാതെ നകാരം നകാരമായിത്ത

ന്നെ നിൽക്കുന്നതാണ് നകാരത്തിന്റെ പ്രകൃതിഭാവം.

**ഉദാഹരണങ്ങൾ:**

**1. ധേനുർവാഗസ്മാനുപ സുഷ്ടുതൈഷു (ഋ. 8.100.11).**

ധേനുഃ/വാക്/അസ്മാൻ/ഉപ/ എന്നാണ് പദപാഠം. അസ്മാൻ എന്ന പദത്തിലെ അവസാനമുള്ള നകാരം ആകാരം പൂർവ്വത്തിലുള്ളതാണ്. ഉപ എന്ന പദത്തിലെ ഉ എന്ന സ്വരം പരമായി വന്നിട്ടുമുണ്ട്. 'ആൻപദാ പദവൃത്തിഃ' എന്ന സന്ധി വരാവുന്നതായിരുന്നു. എന്നാൽ ഇവിടെ പ്രകൃതിഭാവമാണ് കാണുന്നത്.

Note: അസ്മാൻ എന്ന പദത്തിനുശേഷം ഉപ എന്ന ശബ്ദം പരമായി വന്നാൽ മാത്രമേ ഈ പ്രകൃതിഭാവം വരുകയുള്ളൂ-പ്രാസ്മാ് അവപൃതനാസു- (ഋ. 6.41.5) എന്ന സംഹിതയിൽ അസ്മാൻ എന്നത് അസ്മാ് എന്നാണ്. ഇവിടെ നകാരത്തിനു ലോപം വന്നിരിയ്ക്കുന്നു. അസ്മാൻ എന്നു കഴിഞ്ഞ് ഉപ എന്ന പദമില്ല. അതിനാൽ സന്ധി വരുന്നു; പ്രകൃതിഭാവം വരുന്നില്ല.

**2. ഏതാവാനസ്യ മഹിമാ (ഋ.10.90.3).**

പ്രസിദ്ധമായ പുരുഷസൂക്തത്തിലെ മന്ത്രമാണിത്. ഇവിടെ ഏതാവാൻ എന്ന പദത്തിലെ നകാരം ആ എന്ന ദീർഘമായ അകാരം പൂർവ്വത്തിലുള്ളതും പിന്നീട് അസ്യ എന്ന പദത്തിലെ അകാരരൂപമായ സ്വരം വരുന്നതിനാലും ലോപസന്ധി (ആൻപദാ പദവൃത്തിഃ) വരേണ്ടതായിരുന്നു. എങ്കിലും ഇവിടെ അതിന് അപവാദമായി പ്രകൃതിഭാവം വിധിയ്ക്കുന്നു. അതിനാൽ ഏതാവാ് അസ്യ എന്നു വരുന്നില്ല.

**3. സ്ഫുരാൻ- അനുയദ്ഗാവഃ സ്ഫുരാനൃജിപ്യം (ഋ.6.67.11).**

ഇവിടെ സ്ഫുരാൻ എന്ന പദത്തിലെ നകാരത്തിന് ലോപം വരാനുള്ള നിമിത്തങ്ങളായ ആകാരപൂർവ്വകത്വവും സ്വരപരത്വവും ഉണ്ടെങ്കിലും ലോപം വരുന്നില്ല. 'സ്ഫുരാനൃജിപ്യം' എന്ന് നകാരത്തിന്റെ ശ്രവണമുണ്ട്.

**4. ഗച്ഛാനിദ്ദദുഷോ രാതിം (ഋ8.79.5)**

ഗച്ഛാൻ/ഇത്/ദദുഷഃ/രാതിം/ എന്നാണ് ഇവിടെ പദപാഠം. ഗച്ഛാൻ എന്ന പദം കഴിഞ്ഞ് ഇത് എന്ന് ഇകാരരൂപമായ സ്വരം പരമായി വന്നിട്ടുണ്ട്. അതിനാൽ ഗച്ഛാൻ എന്ന പദത്തിലെ ആകാരം പൂർവ്വത്തിലുള്ള നകാരം ആൻപദാ പദവൃത്തി എന്ന സന്ധിയനുസരിച്ച് ലോപിയ്ക്കേണ്ടതായിരുന്നു. ഇവിടെ അപവാദമായി പ്രകൃതിഭാവം വിധിച്ചതിനാൽ പ്രകൃതിഭാവമാണ് വരുന്നത്.

**5. ദേവാനയാഡ്ഢ്യാ് അപി പ്രേര്യേ തേ ഹോത്രേ (പ്രൈഷവൃത്തി-145).**

ഇവിടെ ദേവാൻ എന്ന പദത്തിലെ നകാരത്തിന് പൂർവ്വം ആകാരവും, പരമായി സ്വരാക്ഷരവുമുണ്ടെങ്കിലും ലോപം വരാതെ പ്രകൃതിഭാവം വന്നിരിയ്ക്കുന്നു. ഇവിടെ അയാട് എന്ന പദം പരമായി വരുമ്പോൾ മാത്രമേ ദേവാൻ എന്ന പദത്തിലെ നകാരത്തിന് പ്രകൃതിഭാവം വരുകയുള്ളൂ.

**6. കസ്മൈ ദേവാ ആ വഹാനാശു ഹോമ (ഋ.1.84.18).**

ഇവിടെ 'വഹാൻ' എന്ന പദം കഴിഞ്ഞ് 'ആശു' എന്ന പദം പരമായിരിയ്ക്കുന്നു. വഹാൻ എന്ന പദത്തിലെ നകാരം ആകാരം പൂർവ്വമുള്ളതും സ്വരം പരമായിട്ടുള്ളതുമാണെങ്കിലും ലോപം വരുന്നില്ല. പ്രകൃതിഭാവമാണ് വരുന്നത്.

**7. പശ്യൻ ഹിരണ്യചക്രാനയോദംഷ്ട്രാൻ (ഋ.1.88.5).**

ഇവിടെ ഹിരണ്യചക്രാൻ/അയോദംഷ്ട്രാൻ/ എന്നു പദപാഠം. ഹിരണ്യചക്രാൻ എന്ന പദത്തിലെ നകാരത്തിന് പൂർവ്വം അകാരവും, പിന്നീട് സ്വരാക്ഷരവുമുണ്ടെങ്കിലും ലോപം വരുന്നില്ല. ഹിരണ്യചക്രാനയോദംഷ്ട്രാൻ എന്നുതന്നെയാണ് സംഹിതാപാഠം.

**8. നി മായാവാനബ്രഹ്മാ ദസ്യുരർത (ഋ.4.16.9).**

ഇവിടെ മായാവാൻ എന്ന പദത്തിലെ നകാരം ആകാരം പൂർവ്വമുള്ളതും, അബ്രഹ്മാ എന്ന പദത്തിന്റെ അകാരം പരമുള്ളതുമാണെങ്കിലും ആൻപദാ പദവൃത്തിഃ സന്ധി പ്രവർത്തിച്ച് ലോപസന്ധിയ്ക്ക് വിധേയമാകുന്നില്ല. പ്രകൃതിഭാവമാണ് ഇവിടെ. അതിനാൽ മായാവാനബ്രഹ്മാ എന്നുതന്നെയാണ് സംഹിതാപാഠം.

**9. ആ യത്തേ ഘോഷാനുത്തരാ യുഗാനി. (ഋ.3.33.8).**

ഇവിടെ ഘോഷാൻ എന്ന പദത്തിലെ നകാരം ആകാരം പൂർവ്വമുള്ളതും ഉത്തരാ എന്ന പദത്തിലെ ഉ എന്ന സ്വരം പിന്നീട് വരുന്നതുമാണെങ്കിലും, ആൻപദാ പദവൃത്തിസന്ധിയ്ക്ക് വിധേയമാകുന്നില്ല; നകാരത്തിന് പ്രകൃതിഭാവം വരുകയാണ് ചെയ്യുന്നത്. അതിനാൽ സംഹിതയിൽ 'ഘോഷ്ഉത്തരാ' എന്നല്ല, മറിച്ച് ഘോഷാൻ ഉത്തരാ എന്നാണ് പാഠം.

10. താനശ്വിനാ സരസ്വതീമിന്ദ്രം സുത്രാമാണം

ഇവിടെ 'താൻ അശ്വിനാ' എന്ന സംഹിതയിൽ 'താൻ' എന്നുള്ള നകാരം ആകാരം പൂർവ്വത്തിലുള്ളതും, 'അശ്വിനാ' എന്ന പദത്തിലെ അ എന്ന സ്വരം പരമായുള്ളതുമാണ്. എങ്കിലും ഇവിടെ 'ആൻപദാപദവൃത്തി' എന്ന സന്ധി പ്രവർത്തിച്ച് നകാരം ലോപിയ്ക്കുന്നില്ല. നകാരത്തിനു പ്രകൃതിഭാവമാണ്.

Note:- ഇവിടെ 'താൻ' എന്ന പദം കഴിഞ്ഞ് അശ്വിനാ എന്ന പ

ദം പരമായി വരുമ്പോൾ മാത്രമെ ‘താൻ’ എന്നതിന്റെ നകാരത്തിന് പ്രകൃതിഭാവം വരുകയുള്ളൂ. അതുകൊണ്ടാണ് ‘താനശ്വിനാ’ എന്നു പറഞ്ഞത്. ‘താ്ँ ഇന്ദ്ര സഹസേ പിബ’ (ഋ.1.16.6) എന്ന മന്ത്രത്തിൽ താൻ എന്നത് ‘താ്ँ’ എന്നായി. നകാരത്തിനു ലോപം വരുന്നതുകൊണ്ടാണത്. ഇവിടെ ഇന്ദ്ര എന്ന ശബ്ദത്തിലെ ഇ എന്ന സ്വരമാണ് പരമായിരിയ്ക്കുന്നത്.

**11. അവിദ്വാനിത്ഥാപരോ അചേതാഃ (ഋ.1.120.2)**

അവിദ്വാൻ.ഇത്ഥാ/അപരഃ/ എന്നാണ് ഇവിടെ പദപാഠം. ‘അവിദ്വാൻ’ എന്ന പദത്തിലെ അവസാനത്തെ നകാരം ആകാരം പൂർവ്വത്തിലുള്ളതും, ‘ഇത്ഥാ’ എന്ന പദത്തിലെ ഇകാരം പരമുള്ളതുമാണ്. ആൻപദാപദവൃത്തിസന്ധി വരാവുന്നതാണ്. എന്നാൽ ഇവിടെ പ്രകൃതിഭാവമാണ് കാണുന്നത്.

**12. പയസ്വാനഗ്ന ആ ഗഹി (ഋ.1.23.23)**

പയസ്വാൻ/അഗ്നേ/ആ/ഗഹി/ എന്നാണ് ഇവിടെ പദപാഠം. പയസ്വാൻ എന്ന പദത്തിലെ അവസാനത്തെ നകാരം ആകാരം പൂർവ്വമുള്ളതും അഗ്നേ എന്ന പദത്തിലെ അകാരമാകുന്ന സ്വരം പരമായിട്ടുള്ളതുമാണെങ്കിലും ഇവിടെ ആൻപദാപദവൃത്തിസന്ധി വരുന്നില്ല. പ്രകൃതിഭാവമാണ് വരുന്നത്. അതിനാൽ ‘പയസ്വാനഗ്ന ആ ഗഹി’ എന്ന് സംഹിതാപാഠം.

**13. ദശാസ്യാം പുത്രാനാ ധേഹി (ഋ.10.85.45)**

ദശ/അസ്യാം/പുത്രാൻ/ആ/ധേഹി/ എന്നാണ് പദപാഠം. പുത്രാൻ എന്ന പദത്തിലെ നകാരം ആകാരം പൂർവ്വത്തിലുള്ളതും, ‘ആ’ എന്ന സ്വരം പരമുള്ളതുമാണ്. എങ്കിലും ആൻപദാപദവൃത്തി പ്രവർത്തിച്ച് നകാരത്തിന് ലോപം വരുന്നില്ല. പ്രകൃതിഭാവമാണ് കാണുന്നത്.

ഇവിടെ പുത്രാനാധേഹി എന്നു ശ്ലോകത്തിൽ പ്രത്യേകം പറഞ്ഞിരിയ്ക്കുന്നതിനാൽ പുത്രാൻ എന്ന പദം കഴിഞ്ഞ് ‘ആ ധേഹി’ എന്നു വരുമ്പോൾ മാത്രമേ പുത്രാൻ എന്ന പദത്തിലെ നകാരത്തിന് പ്രകൃതിഭാവം വരുകയുള്ളൂ. ‘പുംസഃ പുത്രാ്ँ ഉത വിശ്വാപുഷം രയിം’ (ഋ.1.162.22) എന്ന മന്ത്രത്തിൽ ‘പുത്രാൻ’ എന്നതിന്റെ നകാരത്തിന് ലോപം വന്നിരിയ്ക്കുന്നു.

**14. ഹോതാ ഹോതുർഹോതുരായജീയാനഗ്നേ (പ്രൈ.പൃ. 145)**

ഇവിടെ ആയജീയാൻ എന്ന പദത്തിലെ നകാരത്തിന് ലോപം വരുന്നില്ല; പ്രകൃതിഭാവമാണ് വരുന്നത്.

**15. പ്രിയധാമ്നഃ പ്രിയവ്രതാൻ മഹഃ സ്വസരസ്യ പതീനു**

**രോഃ (പ്രൈ.പൃ.146)**

ഇവിടെ 'പതീൻ' എന്ന പദത്തിലെ നകാരം ഈകാരം പൂർവ്വത്തിലുള്ളതും സ്വരം പരമായിട്ടുള്ളതുമാണെങ്കിലും നകാരത്തിന് രേഫം വരുന്നില്ല; പ്രകൃതിഭാവമാണ് വരുന്നത്.

Note:- 'പതീനുരോഃ' എന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് പതീൻ എന്നു കഴിഞ്ഞ് 'ഉരോഃ' എന്ന പദമുള്ളപ്പോൾ മാത്രമേ ഈ പ്രകൃതിഭാവം വരുകയുള്ളൂ. 'രിശാദസഃ സത്പതീരദബ്ധാൻ' (ഋ.6.51.4) എന്ന മന്ത്രത്തിൽ 'സത്പതീര്' എന്ന് നകാരത്തിനു രേഫം വന്നിരിയ്ക്കുന്നു; അദബ്ധാത് എന്ന പദത്തിലെ അകാരമാണ് അവിടെ പരമായിരിയ്ക്കുന്നത്. 'ഉരോ' എന്നല്ല പരമായത് എന്ന കാരണത്താൽ ഇവിടെ പ്രകൃതിഭാവം വരുന്നില്ല.

### സ്പർശോഷ്മസന്ധി-നകാരത്തിനു വിസർഗ്ഗം

**32. ചരതി ചക്രേ ചമസാംശ്ച ചോചിച്**
**ചരസിച്യൌത്നശ്ചതുരശ്ചികിത്വാൻ ।**
**ഏതേഷു സർവ്വത്ര വിസർജ്ജനീയവദ്**
**ദീർഘോപധോഽസ്മാഞ്ചമസാൻ പശൂന്ന. ।।**

ചരതി, ചക്രേ, ചമസാൻ, ച, ചോ, ചിത്, ചരസി, ച്യൌത്നഃ, ചതുരഃ, ചികിത്വാൻ- ഈ പദങ്ങൾ പരമായി വരുമ്പോൾ അന്തഃപാദത്തിലോ പാദാന്തത്തിലോ നിൽക്കുന്ന ദീർഘസ്വരം പൂർവ്വമുള്ള നകാരത്തിന് വിസർഗ്ഗത്തിന്റെ ധർമ്മങ്ങളെ ലഭിയ്ക്കുന്നു; എന്നാൽ അസ്മാൻ, ചമസാൻ, പശൂൻ എന്നീ പദങ്ങളിൽനിന്ന് മേൽപ്പറഞ്ഞ പദങ്ങൾ പരമായാൽ നകാരത്തിന് വിസർഗ്ഗത്തിന്റെപോലെയുള്ള ആദേശങ്ങൾ വരുകയില്ല.

Note:- വിസർഗ്ഗത്തിന്റെ ധർമ്മങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിയ്ക്കുന്നത് 'അഘോഷേ രേഫ്യരേഫീ ചോഷ്മാണം സ്പർശ ഉത്തരേ/തത്സസ്ഥാനമനൂഷ്മപരോ' എന്ന ശ്ലോകഭാഗംകൊണ്ട് വിധിച്ച കാര്യങ്ങളാണ്. അവിടെ വിധിച്ച കാര്യമിതാണ്- അഘോഷമായ സ്പർശം പരമായി വന്നാൽ രേഫിയും അരേഫിയുമായ വിസർഗ്ഗം അതിന്റെ പരമായിട്ടുനിൽക്കുന്ന അഘോഷത്തിന്റെ സമാനസ്ഥാനികമായ ഊഷ്മാവ് (ഊഷ്മാക്ഷരം) ആയിത്തീരുന്നു, പരമായി നിൽക്കുന്ന സ്പർശം കഴിഞ്ഞ് ഊഷ്മാക്ഷരമില്ലായെങ്കിൽ.

വർഗ്ഗാക്ഷരങ്ങളാണ് സ്പർശങ്ങൾ. എല്ലാ വർഗ്ഗങ്ങളുടേയും ആദ്യത്തെ രണ്ടക്ഷരങ്ങൾ അഘോഷങ്ങളാണ്. ഇവിടെ പറഞ്ഞ 'ചരതി' മുതലായ പത്തു പദങ്ങളിലും ചകാരമാണ് ആദ്യം വരു

ന്നത്. അവയിൽ ആറു പദങ്ങളിൽ ചകാരം കഴിഞ്ഞ് അകാരവും, രണ്ടു പദങ്ങളിൽ ഇകാരവും ഒരു പദത്തിൽ ഓകാരവും ബാക്കി ഒരു പദത്തിൽ യകാരവുമാണ് വരുന്നത്. ഇവയൊന്നും ഊഷ്മാക്കളല്ല. (ശ്,ഷ്,സ്,ഹ് മുതലായവയാണല്ലോ ഊഷ്മാക്കൾ).അതിനാൽ ഇവിടെ അഘോഷമായ 'ച'കാരത്തിന്റെ സമാനസ്ഥാനികമായ ഊഷ്മാക്ഷരം-ശകാരം-വരാം. നകാരത്തിന് ശകാരം വരുമെന്നു താൽപര്യം. (താലവ്യാവേകാര ചകാരവർഗ്ഗാവികാരൈകാരൌ യകാരഃ ശകാരഃ എന്ന വാക്യം ഓർക്കുക)

**ഉദാഹരണങ്ങൾ**

**1. അന്തർമഹാ്ശ്ചരതി രോചനേന (ഋ.3.55.9)**

അന്തഃ/മഹാൻ/ചരതി/രോചനേന/ എന്നു പദപാഠം. 'മഹാൻ' എന്ന പദത്തിലെ നകാരം ദീർഘസ്വരം പൂർവ്വമുള്ളതും അന്തഃപാദത്തിലുള്ളതും 'ചരതി' എന്ന ശബ്ദം പരമുള്ളതുമാണ്. അതിനാൽ ആ നകാരത്തിന് വിസർഗ്ഗത്തിനു സംഭവിയ്ക്കുന്നതുപോലെ, പരമായ ചകാരത്തിന്റെ സമാനസ്ഥാനികമായ ശകാരമാകുന്ന ഊഷ്മാക്ഷരം വരുന്നു. 'മഹാ്ശ്ചരതി' എന്നായിത്തീരുന്നു.

**2. പശൂന്താ്ശ്ചക്രേ വായവ്യാൻ (ഋ.10.90.8)**

പശൂൻ/താൻ/ചക്രേ/വായവ്യാൻ/ എന്നാണ് ഇവിടെ പദപാഠം. താൻ എന്ന പദത്തിലെ നകാരം ദീർഘം പൂർവ്വത്തിലുള്ളതാണ്; ചക്രേ എന്ന പദം പരമായി വന്നിട്ടുമുണ്ട്. അതിനാൽ നകാരത്തിന് വിസർഗ്ഗത്തിനു സംഭവിയ്ക്കുന്നതുപോലെ പരമായ ചകാരത്തിന്റെ സമാനസ്ഥാനികമായ ശകാരമാകുന്ന ഊഷ്മാക്ഷരം വരുന്നു. സംഹിതയിൽ 'പശൂന്താ്ശ്ചക്രേ വായവ്യാൻ' എന്നാണ് പാഠം.

**3. വിഭ്രാജമാനാ്ശ്ചമസാ് അഹേവ (ഋ.4.33.6)**

വിഭ്രാജമാനാൻ/ചമസാൻ/അഹാ/ഇവ/ എന്നാണ് ഇവിടെ പദപാഠം. വിഭ്രാജമാനാൻ എന്ന പദത്തിലെ അവസാനത്തെ നകാരം ആകാരമാകുന്ന ദീർഘം പൂർവ്വമുള്ളതും, ചമസാൻ എന്ന പദം പരമുള്ളതുമാണ്. അതിനാൽ നകാരത്തിന് വിസർഗ്ഗത്തിനു വരുന്നതുപോലെയുള്ള ചകാരത്തിന്റെ സമസ്ഥാനികമായ ശകാരം വരുന്നു. വിഭ്രാജമാനാ്ശ്ചമസാ് അഹേവ എന്ന് സംഹിതാപാഠം.

**4. അസ്മാഞ്ച താ്ശ്ച പ്രഹി നേഷി വസ്യ ആ (ഋ.2.1.16)**

അസ്മാൻ/ച/താൻ/ച/പ്ര/ഹി/നേഷി/വസ്യ/(ആ)/ എന്നാണ് ഇവിടെ പദപാഠം. താൻ എന്ന പദത്തിലെ നകാരം ആകാരമാകു

ന്ന ദീർഘം പൂർവ്വത്തിലുള്ളതും ച എന്ന് പരത്തിലുള്ളതുമാണ്. ആയതിനാൽ നകാരത്തിന് വിസർഗ്ഗത്തിനു വരുന്നതുപോലെ ച കാരത്തിന്റെ സമസ്ഥാനികമായ ശകാരമാകുന്ന ഊഷ്മാക്ഷരം ആദേശമായി വരുന്നു. താഁശ്ച പ്രഹി നേഷി എന്ന് സംഹിതാ പാഠം.

**5. യാഁശ്ചോനു ദാധൃവിർഭരധ്യൈ (ഋ.6.66.3)**

യാൻ/ചോ/ഇതി/നു/ദാധൃവിഃ/ഭരധ്യൈ/ എന്നാണ് ഇവിടെ പ ദപാഠം. യാൻ എന്ന പദത്തിലെ നകാരം ആകാരമാകുന്ന ദീർഘം പൂർവ്വത്തിലുള്ളതും ചോ എന്ന പദം പരമായിട്ടുള്ളതുമാണ്. അ തിനാൽ നകാരത്തിന് വിസർഗ്ഗത്തിനു വരുന്നതുപോലെ ചകാര ത്തിന്റെ സമസ്ഥാനികമായ ശകാരമാകുന്ന ഊഷ്മാക്ഷരം ആദേ ശമായി വരുന്നു. യാഁശ്ചോനു ദാധൃവിർഭരധ്യൈ എന്നാണ് സം ഹിതയിൽ ചൊല്ലുക.

**6. താഁശ്ചിദേവാപി ഗച്ഛതാത് (ഋ.10.154.1)**

താൻ/ചിത്/ഏവ/അപി/ഗച്ഛതാത്/ എന്നാണ് ഇവിടെ പദപാ ഠം. താൻ എന്ന പദത്തിലെ അവസാനത്തെ വർണ്ണമായ നകാരം ആകാരം പൂർവ്വത്തിലുള്ളതും ചിത് എന്ന പദം പരത്തിലുള്ളതു മാണ്. അതിനാൽ നകാരത്തിന് വിസർഗ്ഗത്തിനു വരുന്നതുപോ ലെ ചകാരത്തിന്റെ സമസ്ഥാനികമായ ശകാരമാകുന്ന ഊഷ്മാവ് ആദേശമായി വരുന്നു. താഁശ്ചിദേവാപി ഗച്ഛതാത് എന്നാണ് സം ഹിതാപാഠം.

**7. അന്തർമഹാഁശ്ചരസി രോചനേന (ഋ.10.4.2)**

അന്തഃ/മഹാൻ/ചരസി/രോചനേന/ എന്നാണ് ഇവിടെ പദപാ ഠം. 'മഹാൻ' എന്ന പദത്തിൽ അവസാനമുള്ള നകാരം ആകാര മാകുന്ന ദീർഘം പൂർവ്വത്തിലുള്ളതും ചരസി എന്ന പദം പരമാ യിട്ടുള്ളതുമാണ്. അതിനാൽ നകാരത്തിന് വിസർഗ്ഗത്തിനു വരു ന്നതുപോലെ ചകാരത്തിന്റെ സമസ്ഥാനികമായ ശകാരമാകുന്ന ഊഷ്മാക്ഷരം ആദേശമായി വന്നിരിയ്ക്കുന്നു.

**8. ഭുവോ നൄ്ഁശ്ച്യൌത്നോ വിശ്വസ്മിൻ ഭരേ (ഋ.10.50.4)**

ഭുവഃ/നൄൻ/ച്യൌത്നഃ/വിശ്വസ്മിൻ/ഭരേ/ എന്നാണ് ഇവിടെ പദപാഠം. നൄൻ എന്ന പദത്തിലെ അവസാനത്തെ നകാരം ൠ എന്ന ദീർഘം പൂർവ്വത്തിലുള്ളതും ച്യൌത്നഃ എന്ന പദം പര മായിട്ടുള്ളതുമാണ്. (ച്യൌത്നഃ എന്ന പദത്തിന് 'ച്യാവയിതാ' എന്നാണ് സായണൻ അർത്ഥം കൊടുത്തിരിയ്ക്കുന്നത്.) അതി നാൽ നകാരത്തിന് വിസർഗ്ഗത്തിനു വരുന്നതുപോലെ ചകാരത്തി

ന്റെ സമസ്ഥാനികമായ ശകാരമാകുന്ന ഊഷ്മാക്ഷരം ആദേശമായി വരുന്നു. നൄ്ശ്ച്യൌത്നോ വിശ്വസ്മിൻ ഭരേ എന്ന് സംഹിതയിൽ പാഠം.

**9. രായഃ സമുദ്രാ്ശ്ചതുരഃ (ഋ.9.33.6).**

രായഃ/സമുദ്രാൻ/ചതുരഃ/ എന്നാണ് ഇവിടെ പദപാഠം. സമുദ്രാൻ എന്ന പദത്തിലെ അവസാനത്തെ നകാരം ആകാരമാകുന്ന ദീർഘം പൂർവ്വമുള്ളതും ചതുരഃ എന്ന പദം പരമായി വരുന്നതുമാണ്. അതിനാൽ നകാരത്തിന് വിസർഗ്ഗത്തിനു വരുന്നതുപോലെ ചകാരത്തിന്റെ സമസ്ഥാനികമായ ശകാരമാകുന്ന ഊഷ്മാക്ഷരം ആദേശമായി വരുന്നു. സമുദ്രാ്ശ്ചതുരഃ എന്നാണ് സംഹിതയിൽ വരിക.

**10. വിദ്വാ്ശ്ചികിത്വാൻ ഹര്യശ്വ വർദ്ധസേ (ഋ.3.44.2)**

വിദ്വാൻ/ചികിത്വാൻ/ഹരി/അശ്വ/വർദ്ധസേ/ എന്നാണ് ഇവിടെ പദപാഠം. വിദ്വാൻ എന്ന പദത്തിലെ അവസാനത്തെ നകാരം ആകാരമാകുന്ന ദീർഘം പൂർവ്വത്തിലുള്ളതും ചികിത്വാൻ എന്ന പദം പരമായുള്ളതുമാണ്. അതിനാൽ നകാരത്തിന് വിസർഗ്ഗത്തിനു വരുന്നതുപോലെ ചകാരത്തിന്റെ സമസ്ഥാനികമായ ശകാരമാകുന്ന ഊഷ്മാക്ഷരം ആദേശമായി വരുന്നു. വിദ്വാ്ശ്ചികിത്വാൻ എന്നാണ് സംഹിതയിൽ പാഠം.

Note:- 'ചികിത്വാൻ' എന്ന പദത്തിന് '(അർത്ഥികളുടെ) ഉള്ളിലുള്ള ആഗ്രഹമറിയുന്നവൻ' എന്നാണ് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നത്.

ഈ പത്തുദാഹരണങ്ങളിലും നകാരം, ദീർഘമായ അക്ഷരം പൂർവ്വത്തിലുള്ളതാണ്. ദീർഘസ്വരം പൂർവ്വമില്ലെങ്കിൽ നകാരത്തിന് ഈ പത്തു പദങ്ങളിൽ ഏതെങ്കിലും ഒരു പദം പരമായി വന്നാലും 'ശ'കാരം ആദേശമായി വരില്ല. ഉദാഃ അഹഞ്ച വൃത്രം നമുചിമുതാഹൻ (ഋ.7.19.5). ഇവിടെ അഹൻ/ച/വൃത്രം/നമുചിം/ഉത/അഹൻ/ എന്നാണ് പദപാഠം. അഹൻ എന്ന പദം കഴിഞ്ഞ് ച എന്നു പരമായി വന്നിട്ടുണ്ടെങ്കിലും അഹൻ എന്ന പദത്തിലെ നകാരത്തിനു മുൻപ് ഹ്രസ്വമായ അകാരമാണ് വന്നിരിയ്ക്കുന്നത് എന്നതിനാൽ ഇവിടെ നകാരത്തിനു ശകാരം വരുന്നില്ല. അഹഞ്ച വൃത്രം എന്നാണ് സംഹിതാപാഠം.

അസ്മാൻ, ചമസാൻ, പശൂൻ എന്നീ പദങ്ങൾ കഴിഞ്ഞ് ചരതി, ചക്രേ മുതലായ പദങ്ങൾ (പരമായി) വന്നാലും നകാരത്തിന് വിസർഗ്ഗത്തിന്റെപോലെ ശകാരാദേശം വരില്ല.

**ഉദാഹരണങ്ങൾ:**

**1. അസ്മാഞ്ച താ് ശ്ച പ്ര ഹി (ഋ.2.1.16)**

അസ്മാൻ/ച/താൻ/ച/പ്ര/ഹി/ എന്നാണ് പദപാഠം. ഇവിടെ അസ്മാൻ എന്ന പദം കഴിഞ്ഞ് ചകാരം വന്നിട്ടുണ്ട്. എങ്കിലും ന കാരത്തിന് ശകാരം വരുന്നില്ല.

താൻ എന്ന പദം കഴിഞ്ഞ് ച എന്ന പദം വരുന്നതിനാൽ താൻ എന്ന നകാരത്തിന് ശകാരാദേശം വരും. ഇത് ച എന്ന പ ദം പരമായി വരുമ്പോൾ ദീർഘപൂർവ്വമായ നകാരം ശകാരമായി ത്തീരുന്നതിന് നേരത്തെ ഉദാഹരണമായി കാണിച്ചതാണ്. അ സ്മാൻ എന്ന പദത്തിലെ നകാരത്തിന് ഊഷ്മാദേശം വരില്ല എ ന്നു നിഷേധിച്ചിരിയ്ക്കയാണ്. അതിനാൽ അസ്മാൻ/ച/ എന്ന ത് അസ്മാഞ്ച എന്നേ ആകുന്നുള്ളൂ; അസ്മാ് ശ്ച എന്നാകുന്നില്ല.

**2. യദാവാഖ്യച്ചമസാഞ്ചതുരഃ (ഋ.1.161.4).**

യദാ/അവ്/അഖ്യത്/ചമസാൻ/ചതുരഃ/ എന്നാണ് ഇവിടെ പ ദപാഠം. ചമസാൻ എന്ന പദത്തിലെ നകാരം ദീർഘമായ ആകാ രം പൂർവ്വത്തിലുള്ളതാണ്, അതുപോലെ ചതുരഃ എന്ന പദം പര മായിട്ടുള്ളതുമാണ്. എങ്കിലും ചമസാൻ എന്ന പദത്തിലെ നകാര ത്തിന് ഊഷ്മാക്ഷരം വരില്ല എന്ന് നിഷേധിച്ചതിനാൽ ചമസാ ഞ്ചതുരഃ എന്ന് സംഹിതയിൽ പാഠം.

**3. പശൂഞ്ച സ്ഥാതൄഞ്ച രഥഞ്ച പാഹി (ഋ.1.72.6)**

പശൂൻ/ച/സ്ഥാതൄൻ/ച/രഥം/ച/പാഹി/ എന്നാണ് ഇവിടെ പദപാഠം. പശൂൻ എന്ന പദത്തിലെ നകാരത്തിന് ശകാരം ആദേ ശമായി വരുന്നില്ല. പശൂഞ്ച എന്നാണ് സംഹിതയിൽ പാഠം.

ഈ മൂന്നുദാഹരണങ്ങളും സ്പർശോഷ്മസന്ധിനിഷേധത്തി ന്റേതാണ്.

**33. താംസ്തേ സർവ്വാംസ്താൻ ദേവാംസ്ത്വം**
**താംസ്ത്രായസ്വാവദംസ്ത്വം ച ।**
**വിസർജ്ജനീയം പരേഷ്വി–**
**തി തേ സ്പർശോഷ്മസന്ധയഃ ।।**

താ് സ്തേ സർവ്വാ് സ്താൻ, ദേവാ് സ്ത്വം, താ് സ്ത്രായസ്വ, ആ വദ് സ്ത്വം– ഈ ദ്വൈപദങ്ങളിലെ നകാരത്തിന് വിസർഗ്ഗത്തിന്റെ ധർമ്മം വരും.

'താൻ' എന്ന പദം കഴിഞ്ഞ് 'തേ' എന്ന പദവും, 'സർവ്വാൻ' എന്ന പദം കഴിഞ്ഞ് 'താൻ' എന്ന പദവും,ദേവാൻ എന്ന പദം ക ഴിഞ്ഞ് ത്വം എന്ന പദവും, താൻ എന്ന പദം കഴിഞ്ഞ് ത്രായസ്വ

എന്ന പദവും, ആവദൻ എന്ന പദം കഴിഞ്ഞ് ത്വം എന്ന പദവുമാണ് പരമായിരിയ്ക്കുന്നത്. എല്ലാ ദ്വൈപദങ്ങളിലും തവർഗ്ഗത്തിന്റെ ആദ്യാക്ഷരമായ ത് എന്ന വർണ്ണമാണ് പരപദത്തിന്റെ ആദ്യവർണ്ണം. ആവദൻ എന്ന പദത്തിലൊഴികെ ബാക്കി ദ്വൈപദങ്ങളിൽ നകാരം ദീർഘപൂർവ്വമാണ്. ഈ നകാരത്തിന് വിസർഗ്ഗവദ്ഭാവം വിധിയ്ക്കുകയാണ് ഇവിടെ ചെയ്യുന്നത്.

വിസർഗ്ഗം, ഊഷ്മാക്ഷരം പരമില്ലാത്ത അഘോഷമായ സ്പർശം പരമായിരിയ്ക്കുമ്പോൾ, പരമായ സ്പർശത്തിന്റെ സമാനസ്ഥാനികമായ ഊഷ്മാക്ഷരമായിത്തീരുന്നു- എന്ന വിധിയാണ് ഇവിടേയും അതിദേശിയ്ക്കുന്നത്.

ഇവിടെ തേ, താൻ, ത്രായസ്വ, ത്വം എന്നീ പദങ്ങളാണ് പരമായി വരുന്നത്. തകാരം അഘോഷമാണ്. അതു കഴിഞ്ഞുവരുന്ന ഏ, ആ, ര്, വ് (യഥാക്രമം) എന്നിവ ഊഷ്മാക്കളുമല്ല. അതിനാൽ തകാരത്തിന്റെ സമസ്ഥാനികമായ ഊഷ്മാക്ഷരം=സകാരം വിസർഗ്ഗത്തിന് വരാം. അതേ സകാരം ഇവിടെ നകാരത്തിനും വരും എന്നു താല്പര്യം.

**ഉദാഹരണങ്ങൾ**

**1. താ് സ്തേ അശ്യാമ പുരുകൃത് പുരുക്ഷോ (ഋ.9.91.5)**

താൻ/തേ/അശ്യാമ/പുരുകൃത്/പുരുക്ഷഃ/ എന്നാണ് പദപാഠം. താൻ എന്ന നകാരത്തിന് വിസർഗ്ഗവദ്ഭാവം വന്ന് സകാരമായി താ് സ്തേ എന്നു സംഹിതാപാഠം.

**2. സർവ്വാ് സ്താ് ഇന്ദ്ര ഗച്ഛസി (ഋ. 8.93.6)**

സർവ്വാൻ/താൻ/ എന്നത് സർവ്വാ് സ്താൻ എന്നാകുന്നു. പിന്നീട് ഇന്ദ്ര എന്ന ഇകാരം പരമായതിനാൽ താൻ എന്ന നകാരത്തിന് ലോപം വരുന്നു. അത് ആൻപദാപദവൃത്തിയാണ്. സർവ്വാ് സ്താ് ഇന്ദ്ര എന്നു സംഹിത.

**3. ദേവാ് സ്ത്വം പരിഭൂരസി (ഋ. 5.13.6)**

ദേവാൻ/ത്വം എന്നത് നകാരത്തിനു സകാരം വന്ന് ദേവാ് സ്ത്വം എന്നാകുന്നു.

**4. താ് സ്ത്രായസ്വ സഹസ്യ (ഋ.7.16.8)**

താൻ/ത്രായസ്വ/സഹസ്യ/ എന്നത് താ് സ്ത്രായസ്വ സഹസ്യ എന്നായിത്തീരുന്നു. വിസർഗ്ഗത്തിനു സകാരം വരുന്നതുപോലെ ഇവിടെ നകാരത്തിനും സകാരം വന്ന് (അതായത് വിസർഗ്ഗവദ്ഭാവം വന്ന്) താ് സ്ത്രായസ്വ എന്നു സംഹിതാപാഠം.

**5. ആവദ് സ്ത്വം ശകുനേ ഭദ്രമാ വദ (ഋ. 2.43.3)**

ആവദൻ/ത്വം/ എന്നാണ് പദപാഠം. ഇവിടേയും നകാരത്തിനു വിസർഗ്ഗവദ്ഭാവം വന്നിരിയ്ക്കുന്നു. ആവദൻ എന്ന പദത്തിലെ നകാരം കഴിഞ്ഞ് അഘോഷമായ സ്പർശമായ തകാരം പരമായിട്ടുണ്ട്. അതു കഴിഞ്ഞുവരുന്ന വകാരം ഊഷ്മാക്ഷരവുമല്ല. അതിനാൽ ആവദൻ ത്വം എന്നുള്ളത് ആവദ്സ്ത്വം എന്നായിരിയ്ക്കുന്നു.

ഇവ സ്പർശോഷ്മസന്ധി എന്നറിയപ്പെടുന്നു. ഇനി വിധിയ്ക്കാൻ പോകുന്ന വിസർഗ്ഗവും സ്പർശോഷ്മസന്ധി തന്നെയാണ്. ഒരിടത്ത് സ്പർശവും മറ്റിടത്ത് ഊഷ്മാവുമാണല്ലോ വരുന്നത്. അതിനാൽ സ്പർശോഷ്മസന്ധി എന്നത് അന്വർത്ഥമായ പേരാണ്.

**<u>വിക്രാന്തസന്ധി</u>**

**34. നൄഁഃ പതിഭ്യോ നൄഁ പ്രണേത്രം നൄഁ പാത്രം സ്വതവാഁഃ പായുഃ ।**
**സന്ധിർവിക്രാന്ത ഏവൈഷ നൄഁഃ പാഹി ശൃണുധീതി ച ॥**

നൄഁഃ പതിഭ്യഃ, നൄഁഃ പ്രണേത്രം, നൄഁഃ പാത്രം സ്വതവാഁഃ പായുഃ, നൄഁഃ പാഹി ശൃണുധി എന്നിവകളിൽ വിക്രാന്തസന്ധിയാണ്.

നൄഃഁപതിഭ്യോ യോനിം കൃണ്വാനേ (പ്രൈഷികം), നരാശംസം നൃശസ്തം നൄഃ പ്രണേത്രം (പ്രൈഷികം), കദിത്ഥാ നൄഁഃ പാത്രം ദേവയതാം (ഋ.1.121.1), ഭുവസ്തസ്യ സ്വതവാഁഃ പായുരഗ്നേ (ഋ.4.2.6), നൄഃ പാഹി ശൃണുധീഃ ഗിരഃ (ഋ.8.84.3) -ഇവിടെയെല്ലാം വിസർഗ്ഗം വിധിച്ചിരിയ്ക്കുന്നു.

**1. നൄഁഃ പതിഭ്യഃ**

നൄഁഃ പതിഭ്യോ യോനിം കൃണ്വാനേ- എന്ന പ്രൈഷികത്തിൽ നൄൻ എന്ന പദത്തിലെ നകാരത്തിന് വിസർഗ്ഗം വന്നിരിയ്ക്കുന്നു. നൄഁഃ പതിഭ്യഃ എന്നാണ് സംഹിതയിൽ പാഠം.

**2. നൄഁഃ പ്രണേത്രം**

നരാശംസം നൃശസ്തം നൄഁഃ പ്രണേത്രം എന്ന പ്രൈഷികത്തിലും നൄൻ എന്ന പദത്തിലെ നകാരത്തിന് വിസർഗ്ഗം വന്നിരിയ്ക്കുന്നു. നൄഁഃ പ്രണേത്രം എന്നാണ് സംഹിതയിൽ പാഠം.

**3. നൄഁഃ പാത്രം**

കദിത്ഥാ നൄഁഃ പാത്രം ദേവയതാം (ഋ. 1.121.1) എന്ന് സംഹിതാപാഠം. നൄൻ/പാത്രം/ എന്നാണ് പദപാഠം. നൄഁഃ പാത്രം എന്നതിന് സ്തുതേഃ നേതൄണാം പുരുഷാണാം രക്ഷണശീലഃ എന്നാണ് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നത്. നൄൻ എന്ന പദത്തിലെ അവസാനത്തെ നകാരത്തിന് ഇവിടേയും വിസർഗ്ഗം വന്നിരിയ്ക്കുന്നു.

**4. സ്വതവാ̆ഃ പായുഃ**

സ്വതവാ̆ഃ പായുരഗ്നേ (ഋ. 4.2.6) എന്നാണ് സംഹിതാപാഠം. സ്വതവാൻ/പായുഃ/അഗ്നേ/ എന്ന് പദപാഠവും. സ്വതവാൻ എന്ന പദത്തിലെ നകാരം വിസർഗ്ഗമായിത്തീർന്നിരിയ്ക്കുന്നു. സ്വതവാൻ എന്ന പദത്തിന് ധനവാൻ എന്ന അർത്ഥം തലവകാരത്തിൽ പറഞ്ഞിട്ടുണ്ടെന്ന് സായണൻ ചൂണ്ടിക്കാട്ടുന്നുണ്ട്. പായുഃ എന്നതിന് രക്ഷകൻ എന്ന അർത്ഥവും സായണൻ പറയുന്നു.

**5. നൄ̆ഃ പാഹി ശൃണുധിഃ**

നൄ̆ഃ പാഹി ശൃണുധീ ഗിരഃ (ഋ. 8.84.3) എന്ന് സംഹിതാപാഠം. നൄൻ/പാഹി/ശൃണുധി/ഗിരഃ/ എന്ന് പദപാഠം. ഇവിടെ നൄൻ എന്ന പദത്തിലെ അവസാനത്തെ നകാരം വിസർഗ്ഗമായിത്തീർന്നിരിയ്ക്കുന്നു. നൄൻ പാഹി എന്നു കഴിഞ്ഞ് ശൃണുധി എന്ന പദമുണ്ടെങ്കിലേ ഇപ്രകാരം നകാരത്തിന് വിസർഗ്ഗം വരുകയുള്ളൂ എന്ന് സൂചിപ്പിയ്ക്കാനാണ് നൄ̆ഃ പാഹി ശൃണുധീതി എന്നു പറഞ്ഞത്. അതിനാൽ രക്ഷാ നൄൻ പാഹ്യസുര ത്വമസ്മാൻ (ഋ. 1.174.1) എന്ന സംഹിതയിൽ നൄൻ എന്ന പദത്തിന്റെ അവസാനത്തെ നകാരം പാഹി എന്ന പദം പരമായിട്ടുണ്ടെങ്കിലും വിസർഗ്ഗമാകുന്നില്ല.

ഇവിടെ നകാരത്തിന് വിസർഗ്ഗം വിധിയ്ക്കുന്നിടത്ത് ഋകാരാന്തപുല്ലിംഗശബ്ദമായ 'നാ' എന്നതിന്റെ ദ്വിതീയാബഹുവചനമായ നൄൻ എന്ന പദത്തിൽനിന്ന് പതിഭ്യഃ, പ്രണേത്രം, പാത്രം, പാഹി എന്നിവയിലെ പകാരം പരമാവുമ്പോൾ നകാരത്തിനു വിസർഗ്ഗം വരുമെന്നും, സ്വതവാൻ എന്ന പദത്തിന്റെ നകാരത്തിന് പായു എന്ന പദത്തിന്റെ പകാരം പരമാവുമ്പോൾ വിസർഗ്ഗം വരുമെന്നുമാണ് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുന്നത്. വിസർഗ്ഗം ഊഷ്മാവായതിനാൽ ഇത് സ്പർശോഷ്മസന്ധി എന്ന് വിളിയ്ക്കപ്പെടാം എന്നു നേരത്തെ പറഞ്ഞു. മറ്റൊന്ന് പ്രത്യേകമായി പറയുന്നത് ഈ അഞ്ച് ഉദാഹരണങ്ങളിലും മറ്റൊരുതരത്തിലുള്ള സന്ധിയും വരുന്നതല്ല എന്നതാണ്. ഏതൊരു സന്ധിയ്ക്കാണോ പരിവർത്തനം വരാത്തത് അത് വിക്രാന്തസന്ധി എന്നറിയപ്പെടുന്നു. ഇവിടെ അഞ്ചിടത്തും വിക്രാന്തസന്ധിയാണ്.

**35. നകാരസ്യ ലോപ രേഫോഷ്മഭാവേ**
**പൂർവ്വസ്തൽ സ്ഥാനാദനുനാസികഃ സ്വരഃ ।**
**ആദിസ്വരശ്ചോത്തരേഷാം പദേഽപി**
**മാം̆ സ്പചന്യാ മാം̆ ശ്ചത്വേ മം̆ ശ്ചതോശ്ച ॥**

നകാരത്തിന് ലോപഭാവം, രേഫഭാവം, ഊഷ്മഭാവം എന്നിവ എവിടെയെല്ലാം പറയപ്പെട്ടുവോ അവിടെയെല്ലാം നകാരത്തിന്റെ സ്ഥാനത്തിന് പൂർവ്വമുള്ള സ്വരം അനുനാസികമായിരിയ്ക്കും.

മാ്സ്പചന്യാ (ഋ. 1.162.13), മാ്ശ്വത്വേ (ഋ.9.97.504), മ്ശ്വതോ ശ്വ (ഋ.7.44.3) എന്നീ പദങ്ങളുടെ ആദ്യത്തെ സ്വരം പദപാഠത്തിലും അനുനാസികമായിരിയ്ക്കും.

Note: മാ്സ്പചന്യാ എന്ന പദത്തിന് മാംസ പചന്യാ എന്നാണ് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നത്. പച് ധാതുവിൽ നിന്ന് അധികരണാർത്ഥത്തിൽ ല്യുട്ട് പ്രത്യയം വന്ന് പചനീശബ്ദം ഉണ്ടായി. അതിനാൽ മാംസം പാകം ചെയ്യുന്ന പാത്രം എന്ന അർത്ഥം പറയാം. മാ്ശ്വത്വേ എന്നതിന് അശ്വങ്ങളാൽ ചെയ്യപ്പെടുന്ന യുദ്ധത്തിൽ എന്നർത്ഥം. മ്ശ്വതോഃ എന്നതിന് സ്തുതിയ്ക്കുന്നവരെ മനസ്സിലാക്കുന്നവനായ വരുണന് എന്നർത്ഥം.

ഈ മൂന്നു പദങ്ങളിലേയും ആദ്യത്തെ സ്വരം (മകാരം കഴിഞ്ഞുവരുന്ന സ്വരം) അനുനാസികമാണ്. പദപാഠത്തിലും ഇത് അനുനാസികമാണ്.

**36. ഈമിത്യന്തലോപ ഏഷൂദയേഷു**

**ഗർഭം ഗാവോ വത്സം മൃജന്തി പൃച്യതേ ।**

**സഖായോ വിവ്യാച പുനാ രിണന്തി**

**രഥമിത്യന്വക്ഷരസന്ധിരേവ സഃ ।।**

ഗർഭം, ഗാവഃ, വത്സം, മൃജന്തി, പൃച്യതേ, സഖായഃ, വിവ്യാച, പുനഃ, രിണന്തി, രഥം എന്നീ പദങ്ങൾ പരമായി വരുമ്പോൾ 'ഈമ്' എന്ന പദത്തിന്റെ അവസാനത്തെ അക്ഷരമായ മകാരത്തിന് ലോപം വരുന്നു. ഇത് അന്വക്ഷരസന്ധിയായി അറിയപ്പെടണം.

Note: സന്ധികൾ നാലു വിധത്തിലാണ് വരിക- രണ്ടു സ്വരങ്ങൾ തമ്മിലും, രണ്ടു വ്യഞ്ജനങ്ങൾ തമ്മിലും, സ്വരവും വ്യഞ്ജനവും (സ്വരം പൂർവ്വം, വ്യഞ്ജനം പിന്നീട്) തമ്മിലും, വ്യഞ്ജനവും സ്വരവും (വ്യഞ്ജനം പൂർവ്വം സ്വരം പിന്നീട്) തമ്മിലും എന്നിങ്ങനെ. ഏഷഃ, സ്യഃ, സഃ എന്നീ പദങ്ങളും സ്വരങ്ങളോ സ്വരങ്ങളിൽ അവസാനിയ്ക്കുന്ന പദങ്ങളോ ആദ്യവും വ്യഞ്ജനം പിന്നീടും വരുന്ന സന്ധികളെ അനുലോമങ്ങളായ അന്വക്ഷരസന്ധി എന്നും വ്യഞ്ജനങ്ങൾ പൂർവ്വവും സ്വരങ്ങൾ പിന്നീടും വരികയാണെങ്കിൽ പ്രതിലോമങ്ങളായ അന്വക്ഷരസന്ധി എന്നും പറയുന്നു. ഇത് നേരത്തെ പറഞ്ഞിട്ടുണ്ട്.

**ഉദാഹരണങ്ങൾ**

**1. യമീ ഗർഭമൃതാവൃധഃ (ഋ. 9.102.6)**

യം/ഈമ്/ഗർഭം/ഋതാവൃധഃ/ എന്നാണ് പദപാഠം. സംഹിത യിൽ 'ഈമ്' എന്നതിന്റെ മകാരത്തിന് ലോപം വന്നിരിയ്ക്കുന്നു. 'ഈമ്' എന്നു കഴിഞ്ഞ് 'ഗർഭം' എന്ന ശബ്ദം പരമായിട്ടുണ്ട്.

'ഈമ്' എന്നതിന് 'ഇദം' എന്ന ശബ്ദത്തിന്റെ അർത്ഥമാണ്. 'ഇ ദം' എന്നതിന് 'ഈ' എന്നാണല്ലോ അർത്ഥം.

**2. സമീ ഗാവോ മതയോ യന്തി സംയതഃ (ഋ.9.72.6)**

സം/ഈമ്/ഗാവഃ/മതയഃ/യന്തി/സംയതഃ/ എന്നാണ് ഇവിടെ പദപാഠം. 'ഈമ്' എന്നു കഴിഞ്ഞ് 'ഗാവഃ'എന്ന് പരമായിട്ടുണ്ട്. അ തിനാൽ 'ഈമ്' എന്ന ശബ്ദത്തിന്റെ മകാരത്തിന് ലോപം വന്നിരി യ്ക്കുന്നു.

**3. സമീ വത്സം ന മാതൃഭിഃ (ഋ.9.104.2)**

സം/ഈമിതി/വത്സം/ന/മാതൃഭിഃ/ എന്നാണ് ഇവിടെ പദപാ ഠം. 'ഈമ്' എന്നു കഴിഞ്ഞ് 'വത്സം'എന്ന പദം പരമായി വന്നതി നാൽ 'ഈമ്' എന്നതിന്റെ 'മ'കാരത്തിന് ലോപം വന്നിരിയ്ക്കു ന്നു.

**4. തമീ മൃജന്ത്യായവഃ (ഋ.9.63.17)**

തം/ഈമിതി/മൃജന്തി/ആയവഃ/ എന്നാണ് ഇവിടെ പദപാഠം. 'ഈമ്' എന്നു കഴിഞ്ഞ് 'മൃജന്തി' എന്ന ശബ്ദം പരമായി വന്നതി നാൽ 'ഈമ്' എന്നതിന്റെ മകാരത്തിന് ലോപം വന്നിരിയ്ക്കുന്നു.

Note: 'ആയവഃ' എന്ന പദത്തിന് മനുഷ്യർ എന്നർത്ഥം. പ്രകൃ തത്തിൽ ഋത്വിക്കുകൾ എന്നാണ് അർത്ഥമെന്ന് സായണന്റെ വ്യാ ഖ്യാനം.

**5. സമീ പൃച്യതേ സമനേവ കേതുഃ (ഋ.1.103.1)**

സം/ഈമ് ഇതി/പൃച്യതേ/ എന്നാണ് ഇവിടെ പദപാഠം. 'ഈ മ്' എന്നു കഴിഞ്ഞ് 'പൃച്യതെ' എന്ന ശബ്ദം പരമായി വന്നതി നാൽ 'ഈമ്' എന്നതിന്റെ മകാരത്തിന് ലോപം വന്നിരിയ്ക്കുന്നു.

**6. സമീ സഖായോ അസ്വരൻ (ഋ.9.45.5)**

സം/ഈമിതി/സഖായഃ/അസ്വരൻ/ എന്നാണ് ഇവിടെ പദപാ ഠം. 'ഈമ്' എന്നു കഴിഞ്ഞ് 'സഖായഃ' എന്നു പരമായി വന്നതി നാൽ 'ഈമ്' എന്നതിന്റെ മകാരത്തിന് ലോപം വന്നിരിയ്ക്കുന്നു.

**7. സമീ വിവ്യാച സവനാപുരൂണി (ഋ.3.36.8)**

സം/ഈമിതി/വിവ്യാച/ എന്നാണ് ഇവിടെ പദപാഠം. 'ഈമ്' എന്നു കഴിഞ്ഞ് 'വിവ്യാച' എന്ന പദം പരമായി വന്നതിനാൽ

'ഈമ്' എന്നതിന്റെ മകാരത്തിന് ലോപം വന്നിരിയ്ക്കുന്നു.

**8. സംവത്സരേ വവൃധേ ജഗ്ധമീ പുനഃ (ഋ.1.140.2)**

സംവത്സരേ/വവൃധേ/ജഗ്ധം/ഈമിതി/പുനഃ/ എന്നാണ് ഇവിടെ പദപാഠം. 'ഈമ്' എന്ന പദം കഴിഞ്ഞ് 'പുനഃ' എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ 'ഈമ്' എന്നതിന്റെ മകാരം ലോപിച്ചു പോയിരിയ്ക്കുന്നു.

**9. ഏരിണന്തി ബർഹിഷി പ്രിയം ഗിരാ (ഋ.9.71.6)**

ആ/ഈമിതി/രിണന്തി/ബർഹിഷി/പ്രിയം/ഗിരാ/ എന്നാണ് പദപാഠം. 'ഈമ്' എന്നു കഴിഞ്ഞ് 'രിണന്തി' എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ 'ഈമ്' എന്നതിന്റെ മകാരത്തിന് ലോപം വന്നിരിയ്ക്കുന്നു.

**10. സമീ രഥം ന ഭൂരിജോരഹേഷത (ഋ.9.71.5)**

സം/ഈമിതി/രഥം/ന/ഭൂരിജോഃ/അഹേഷത/ എന്നാണ് പദപാഠം. ഇവിടെ 'ഈമ്' എന്ന പദം കഴിഞ്ഞ് രഥം എന്ന പദം പരമായി വന്നിരിയ്ക്കുന്നു. അതിനാൽ 'ഈമ്' എന്നതിന്റെ മകാരത്തിന് ലോപം വന്നിരിയ്ക്കുന്നു.

'ഈമ്' എന്നതിന്റെ അവസാനത്തെ മകാരത്തിന് ലോപം വരുന്ന കാര്യമാണ് മേൽവിവരിച്ചത്.

## ശൌദ്ധാക്ഷരസന്ധികൾ

**37. പുരു പൃഥ്വധി പൂർവ്വേഷു ശകാര ഉപജായതേ ।**
**ഹ്രസ്വേ ച പൂർവ്വപദ്യാന്തേ ചന്ദ്രശബ്ദേ പരേഽന്തരാ ।।**

പുരു, പൃഥു, അധി എന്നീ ശബ്ദങ്ങൾ പൂർവ്വത്തിലും, പൂർവ്വപദത്തിന്റെ അന്ത്യം ഹ്രസ്വത്തിൽ ആയിരിയ്ക്കുകയും ചന്ദ്രശബ്ദം പരമായി വരുകയും ചെയ്യുമ്പോൾ ഇടയ്ക്ക് ശകാരം ആഗമമായി വരും.

**ഉദാഹരണങ്ങൾ**

**1. മഹി ക്ഷേത്രം പുരുശ്ചന്ദ്രം വിവിദ്വാൻ (ഋ.3.31.15)**

മഹി/ക്ഷേത്രം/പുരു/ചന്ദ്രം/വിവിദ്വാൻ/ എന്നാണ് പദപാഠം. പുരു എന്ന പൂർവ്വപദം കഴിഞ്ഞ് വരുന്ന ചന്ദ്രപദമാകയാൽ ചന്ദ്രപദത്തിന് ശകാരം ആഗമമായി വന്ന് 'പുരുശ്ചന്ദ്രം' എന്നാകുന്നു.

Note: 'ചന്ദ്രം' എന്ന ശബ്ദത്തിന് ആഹ്ലാദകം എന്നും അതുകൊണ്ടുതന്നെ ഹിരണ്യം മുതലായ ഉത്തമമായ ധനം എന്നുമാണ് അർത്ഥം.

**2. പൃഥു ശ്ചന്ദ്രമവസേ ചർഷണിപ്രാഃ (ഋ.4.2.13)**

പൃഥു/ചന്ദ്രം/അവസേ/ചർഷണിപ്രാഃ/ എന്നാണ് പദപാഠം. പൃ

ഥു എന്ന പൂർവ്വപദം കഴിഞ്ഞുവരുന്ന ചന്ദ്രപദമാകയാൽ ചന്ദ്രപദത്തിന് ശകാരം ആഗമമായി വന്ന് 'പൃഥു ശ്ചന്ദ്രം' എന്ന് സംഹിതയിൽ പാഠം.

**3. അധി ശ്ചന്ദ്രം ബൃഹത് പൃഥു (ഋ. 8.65.11)**

അധി/ചന്ദ്രം/ബൃഹത്/പൃഥു/ എന്നാണ് പദപാഠം. അധി എന്ന പൂർവ്വപദത്തിനുശേഷം വരുന്ന ചന്ദ്രപദമായതിനാൽ ചന്ദ്രപദത്തിനു ശകാരം ആഗമമായി വരുന്നു. 'അധി ശ്ചന്ദ്രം ബൃഹത് പൃഥു' എന്ന് സംഹിതാപാഠം.

**38. പരീതി പദ്യേ കൃപരേ ഷകാരോ**
**വനേതി രേഫഃ സദശബ്ദ ഉത്തരേ ।**
**പരിഷ്കൃണ്വന്തി വേധസോ/സ്കൃതോഷസം**
**ശൌദ്ധാക്ഷരാഃ സന്ധയ ഏത ഉക്താഃ ॥**

പരി എന്ന് പൂർവ്വപദം കൃധാതു പരമായി വന്നാൽ (അതായത് പരി എന്നതു കഴിഞ്ഞ് കൃ ധാതു വന്നാൽ) രണ്ടിന്റേയും മദ്ധ്യത്തിൽ ഷകാരം ആഗമമായി വരും.

വന എന്ന പദം പൂർവ്വവും സദ എന്ന ശബ്ദം പരവും ആയി വന്നാൽ നടുവിൽ രേഫം ആഗമമായി വരും.

'പരിഷ്കൃണ്വന്തി വേധസഃ' എന്ന സ്ഥലത്ത് ഷകാരാഗമം നിപതിപ്പിച്ചിരിയ്ക്കുന്നു.

'അസ്കൃതോഷസം' എന്ന സ്ഥലത്ത് സകാരാഗമം നിപതിപ്പിച്ചിരിയ്ക്കുന്നു.

ഇവയെല്ലാം ശൌദ്ധാക്ഷരസന്ധികളാണ്.

**ഉദാഹരണങ്ങൾ**

**1. പരിഷ്കൃണ്വന്നനിഷ്കൃതം (ഋ. 9.39.2)**

പരി/കൃണ്വൻ/അനിഷ്കൃതം/ എന്ന് പദപാഠം. പരി എന്ന പൂർവ്വപദം കഴിഞ്ഞ് 'കൃ' പരമായതിനാൽ ഇടയിൽ ഷകാരം ആഗമമായി വന്നു.

**2. തിഷ്ഠദ്രഥം ന ധൂർഷദം വനർഷദം (ഋ.10.132.7)**

തിഷ്ഠത്/രഥം/ന/ധൂഃ/സദം/വന/സദം/ എന്ന് പദപാഠം. വന എന്നു കഴിഞ്ഞ് 'സദ' എന്ന് വന്നതിനാൽ ഇടയിൽ രേഫം വന്ന് സംഹിതയിൽ 'വനർഷദം' എന്നായിരിയ്ക്കുന്നു.

**3. തം ത്വാ വിപ്രോ വചോവിദഃ പരിഷ്കൃണ്വന്തി വേധസഃ (ഋ.9.64.23)**

ഇവിടെ ഷകാരം നിപതിപ്പിച്ചിരിയ്ക്കുന്നു. 'പരിഷ്കൃണ്വന്തി' എന്ന് ഷകാരാഗമം വന്നിരിയ്ക്കുന്നു.

**4. അസ്കൃതോഷസം**

'ഉഷസം' എന്ന് പരമായി വന്നാൽ 'അകൃത' എന്നത് സകാരാഗമം വന്ന് അസ്കൃത എന്നാകും. 'നിരു സ്വസാരമസ്കൃതോഷസം (ഋ.10.127.3) എന്ന സംഹിതാപാഠത്തിന്റെ പദപാഠം, നിഃ/ഉ് ഇതി/സ്വസാരം/അകൃത/ഉഷസം/ എന്നാണ്.

ഉഷസം എന്ന് പരമായിട്ടില്ലെങ്കിൽ അകൃത എന്നത് അസ്കൃത എന്നാകുകയില്ല.

യുജം ഹ്യന്യമകൃത പ്രവേപനീ (ഋ.5.34.8) എന്ന സംഹിതയിൽ അകൃത എന്നത് അസ്കൃത എന്നായിട്ടില്ല; ഉഷസം എന്ന് പരമാകാത്തതിനാൽ.

പുരു, പൃഥു, അധി എന്നീ പദങ്ങൾ പൂർവ്വവും ചന്ദ്ര എന്ന പദം പരവും ആയി വരുമ്പോൾ ഇടയിൽ 'ശ'കാരം വരും എന്നു വിധിച്ചതുമുതൽ ഇതുവരേയുള്ള സന്ധി ശൌദ്ധാക്ഷരസന്ധിയാണ്.

**39. മേധാതിഥൌ വരുണാന്തവ്രതാന്തൌ**
**സ്പർശാന്തഃസ്ഥാ പ്രത്യയൌ നിർഹ്രസേതേ ।**
**ആദിത്യാ ദേവാ വരുണാ സുരേതി**
**യേത്യാദിഷു വയമിത്യത്ര മിത്രാഃ ।।**

ഋഗ്വേദം ഒന്നാം മണ്ഡലത്തിൽ 12-ാമത്തെ സൂക്തം മുതൽ 24-ാമത്തെ സൂക്തം വരെ അതായത് 'അഗ്നിം ദൂതം വൃണീമഹേ' എന്നുതുടങ്ങി 'കസ്യ നൂനം' എന്നതു വരെ മേധാതിഥിയാണ് ദ്രഷ്ടാവായ ഋഷി. മേധാതിഥയാൽ ദൃഷ്ടമായ സൂക്തങ്ങളിൽ (ഋങ്മന്ത്രങ്ങളിൽ) വരുണശബ്ദമോ വ്രതശബ്ദമോ അന്തത്തിലുള്ള സമാസങ്ങൾ, സ്പർശാക്ഷരങ്ങളോ അന്തഃസ്ഥങ്ങളോ പരമായി വരുമ്പോൾ ഹ്രസ്വമായിത്തീരും.

**ഉദാഹരണം**

**1. ഇന്ദ്രാവരുണ നൂനുവാം (ഋ.1.17.8)**

ഇത് ഋഗ്വേദം ഒന്നാം മണ്ഡലത്തിൽ 17-ാമത്തെ സൂക്തത്തിലെ 8-ാമത്തെ ഋക്കാണ്. ഇവിടെ പദപാഠം ഇന്ദ്രാവരുണാ/നു/നു/വാം/എന്നാണ്. വരുണശബ്ദം അന്തത്തിലുള്ള സമാസമാണ് ഇന്ദ്രാവരുണാ എന്ന പദം. അതു കഴിഞ്ഞ് 'നു' (ന് ഉ) എന്ന സ്പർശം പരമായിട്ടുണ്ട്. അതിനാൽ സംഹിതയിൽ ഇന്ദ്രാവരുണ എന്ന് ഹ്രസ്വം വന്നിരിയ്ക്കുന്നു.

**2. ഇന്ദ്രാ വരുണ യാം ഹുവേ (ഋ. 1.17.9)**

ഈ ഋക്ക് ഒന്നാം മണ്ഡലത്തിൽ 17-ാമത്തെ സൂക്തത്തിൽ 9-ാ

മത്തേയാണ്. ഇവിടെ പദപാഠം ഇന്ദ്രാവരുണാ/യാം/ഹുവേ/ എന്നാണ്. 'യാം' എന്ന പദത്തിലെ യകാരം അന്തഃസ്ഥമാണല്ലോ. അത് പരമായതിനാൽ 'ഇന്ദ്രാവരുണാ' എന്ന വരുണാന്തമായ സമാസത്തിന് ഹ്രസ്വം വന്നിരിയ്ക്കുന്നു.

**3. യുവം ദക്ഷം ധൃതവ്രത മിത്രാവരുണ ദൂളഭം (ഋ. 1.15.6)**

യുവം/ദക്ഷം/ധൃതവ്രതാ/മിത്രാവരുണാ/ദുഃദഭം/ എന്നാണ് ഇവിടെ പദപാഠം.

ധൃതവ്രതാ എന്ന് വ്രതശബ്ദം അന്തത്തിലുള്ള സമസ്തപദമാണ്. അതു കഴിഞ്ഞ് മിത്രാവരുണാ എന്ന പദത്തിലെ 'മ'കാരമാകുന്ന സ്പർശാക്ഷരം പരമായി വന്നിട്ടുണ്ട്. അതിനാൽ ധൃതവ്രതാ എന്നതിന് ഹ്രസ്വം വന്ന് 'ധൃതവ്രത' എന്ന് സംഹിതയിൽ പാഠം.

മിത്രാവരുണാ എന്ന വരുണശബ്ദാന്തസമാസത്തിലെ 'വരുണാ' എന്ന ദീർഘത്തിനും ഇവിടെ ഹ്രസ്വം വന്നിട്ടുണ്ട്.

Note: ദൂളഭം എന്നതിന് ശത്രുക്കളാൽ നശിപ്പിയ്ക്കപ്പെടാൻ അസാദ്ധ്യമായത് എന്നാണ് സായണൻ അർത്ഥം പറഞ്ഞിട്ടുള്ളത്.

മേധാതിഥിദൃഷ്ടമായ സൂക്തങ്ങളിൽ മാത്രമേ ഇപ്രകാരം ഹ്രസ്വം വരുന്നുള്ളൂ. അതിനാൽ 7-ാം മണ്ഡലത്തിൽ 82-ാം സൂക്തത്തിൽ 3-ാമത്തെ ഋക്കിൽ ഇന്ദ്രാവരുണാ മദേ അസ്യ മായിനഃ എന്ന് ഹ്രസ്വം വരാത്ത പാഠമാണ് പഠിച്ചിട്ടുള്ളത്. സ്പർശമോ അന്തഃസ്ഥമോ അല്ലാത്ത വർണ്ണം പരമായി വന്നാൽ മേധാതിഥിദൃഷ്ടമായ ഋക്കുകളിലും വരുണശബ്ദാന്തവും വ്രതശബ്ദാന്തവുമായ സമാസത്തിൽ ഹ്രസ്വം വരികയില്ല. 'താ മിത്രാവരുണാ ഹുവേ' (ഋ.1.23.5) എന്ന മന്ത്രത്തിൽ ഹ്രസ്വം വന്നിട്ടില്ലാത്തത് അതുകൊണ്ടാണ്.

ആദിത്യാ, ദേവാ, വരുണാ, അസുരാ എന്നീ പദങ്ങൾ 'യാ' തുടങ്ങിയ പദങ്ങൾ പരമായി വരുമ്പോൾ ഹ്രസ്വങ്ങളായിത്തീരും. 'യാ' തുടങ്ങിയ പദങ്ങൾ എന്നതുകൊണ്ട് യാ, സുപ്രതീകം, നിഷ്കൃതം, പുരോഹിതിഃ, ക്ഷത്രം, ദാശതി, ശവസാ ഭിഷജ്യഥഃ എന്നീ പദങ്ങളാണ് ഉദ്ദിഷ്ടമായത്. ഇവ അടുത്ത ശ്ലോകത്തിൽ വിവരിയ്ക്കുന്നുണ്ട്. അതിനാൽ അവയുടെ ഉദാഹരണങ്ങൾ അവിടെ കാണിയ്ക്കാം.

വയം എന്ന ശബ്ദം പരമായി വന്നാൽ മിത്രാ എന്ന പദം ഹ്രസ്വമായി വരും.

ഉദാഃ- മിത്ര വയം ച സൂരയഃ (ഋ.5.66.6)

മിത്രാ/വയം/ച/സൂരയഃ/ എന്നാണ് ഇവിടെ പദപാഠം. വയം എന്നു പരമായതിനാൽ മിത്രാ എന്ന ദീർഘത്തിന് ഹ്രസ്വത്വം വന്ന് മിത്ര എന്നായിത്തീർന്നു.

**40. യാ, സുപ്രതീകം നിഷ്കൃതം പുരോഹിതിഃ**
**ക്ഷത്രം ദാശതി ശവസാ ഭിഷജ്യഥഃ ।**
**സോ ചിന്വഗസ്ത്യേ ദശമേ ച മണ്ഡലേ**
**സാന്വീയതേ സഃ പലിക്നീർഹി ഷസ്തവ ।।**

ആദിത്യാ, ദേവാ, വരുണാ, അസുരാ എന്നീ പദങ്ങൾ യാ, സുപ്രതീകം, നിഷ്കൃതം, പുരോഹിതി, ക്ഷത്രം, ദാശതി, ശവസാ, ഭിഷജ്യഥഃ എന്നീ പദങ്ങൾ പരമായി വരുമ്പോൾ ഹ്രസ്വമായിത്തീരും

**ഉദാഹരണങ്ങൾ**

**1. പ്ര സാ ക്ഷിതിരസുര യാ മഹി പ്രിയാ (1-151-4)**

പ്ര/സാ/ക്ഷിതിഃ/അസുരാ/യാ/മഹി/പ്രിയാ/ എന്നാണ് ഇവിടെ പദപാഠം. 'യാ' എന്ന ശബ്ദം പരമായി വന്നതിനാൽ 'അസുരാ' എന്ന പദത്തിന് ഹ്രസ്വം വന്നിരിയ്ക്കുന്നു.

**2. ഉദ്വാം ചക്ഷുർവരുണ സുപ്രതീകം (7-61-1)**

ഉത്/വാം/ചക്ഷുഃ/വരുണാ/സുപ്രതീകം/ എന്നാണ് ഇവിടെ പദപാഠം. 'സുപ്രതീകം' എന്ന പദം പരമായതിനാൽ 'വരുണാ' എന്ന പദം സംഹിതയിൽ ഹ്രസ്വമായിരിയ്ക്കുന്നു.

**3. ബളിത്ഥാ ദേവ നിഷ്കൃത മാദിത്യാ (5-67-1)**

ബട്/ഇത്ഥാ/ദേവാ/നിഷ്കൃതം/ആദിത്യാ/ എന്നാണ് ഇവിടെ പദപാഠം. 'നിഷ്കൃതം' എന്ന ശബ്ദം പരമായി വന്നതിനാൽ 'ദേവാ' എന്ന ശബ്ദം സംഹിതയിൽ ഹ്രസ്വമായിരിയ്ക്കുന്നു. (ബട് എന്നതിന് 'സത്യം' എന്ന അർത്ഥമാണ് സായണൻ സ്വീകരിച്ചിരിയ്ക്കുന്നത്).

**4. ഇയം ദേവ പുരോഹിതിർയുവഭ്യം (7-60-12)**

ഇയം/ദേവാ/പുരോഹിതിഃ/യുവഭ്യം/ എന്നാണ് ഇവിടെ പദപാഠം. 'പുരോഹിതിഃ' എന്ന ശബ്ദം പരമായി വന്നതിനാൽ 'ദേവാ' എന്ന ശബ്ദത്തിന് സംഹിതയിൽ ഹ്രസ്വത്വം വന്നിരിയ്ക്കുന്നു.

(പുരോഹിതിഃ എന്ന ശബ്ദത്തിന് പുരസ്ക്രിയാ, പൂജ എന്നിങ്ങനെ സായണഭാഷ്യത്തിൽ അർത്ഥം കാണുന്നു.)

**5. യുവം നോ യേഷു വരുണ ക്ഷത്രം (5-64-6)**

യുവം/നഃ/യേഷു/വരുണാ/ക്ഷത്രം/ എന്നാണ് ഇവിടെ പദപാഠം. 'ക്ഷത്രം' എന്ന ശബ്ദം പരമായി വന്നതിനാൽ 'വരുണാ'

എന്ന ശബ്ദത്തിന് സംഹിതയിൽ ഹ്രസ്വത്വം വന്നിരിയ്ക്കുന്നു. (ക്ഷത്രം എന്ന ശബ്ദത്തിന് ബലം എന്നർത്ഥം)

**6. ഇന്ദ്രാ യോ വാം വരുണ ദാശതി (6-68-5)**

ഇന്ദ്രാ/യഃ/വാം/വരുണാ/ദാശതി/ എന്നാണ് ഇവിടെ പദപാഠം. 'ദാശതി' എന്ന പദം പരമായി വന്നതിനാൽ 'വരുണാ' എന്ന ശബ്ദത്തിന് സംഹിതയിൽ ഹ്രസ്വത്വം വന്നിരിയ്ക്കുന്നു.

**7. യ ആദിത്യ ശവസാ വാം നമസ്വാൻ (7-85-4)**

യഃ/ആദിത്യാ/ശവസാ/വാം/നമസ്വാൻ/ എന്നാണ് ഇവിടെ പദപാഠം. 'ശവസാ' എന്ന പദം പരമായി വന്നതിനാൽ 'ആദിത്യാ' എന്ന പദം ഹ്രസ്വമായി 'ആദിത്യ ശവസാ' എന്ന് സംഹിതയിൽ പാഠം. (ശവസാ എന്ന ശബ്ദത്തിന് 'ബലേന' എന്ന് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നു)

**8. യദ്വാ ദേവ ഭിഷജ്യഥഃ (8-9-6)**

യത്/വാ/ദേവാ/ഭിഷജ്യഥഃ/ എന്നാണ് ഇവിടെ പദപാഠം. 'ഭിഷജ്യഥഃ' എന്ന പദം പരമായി വന്നതിനാൽ 'ദേവാ' എന്ന പദം സംഹിതയിൽ ഹ്രസ്വമായി 'ദേവ ഭിഷജ്യഥഃ' എന്നായി. (ഭിഷജ്യഥഃ എന്ന പദത്തിന് രോഗം ശമിപ്പിയ്ക്കൂ എന്നർത്ഥം)

ആദിത്യാ, ദേവാ, വരുണാ, അസുരാ എന്നീ പദങ്ങൾ ദ്വിവചനാന്തങ്ങളാണ്. ഇവ, യാ തുടങ്ങിയ ശബ്ദങ്ങൾ പരമാവുമ്പോൾ ഹ്രസ്വമാവുകയാണ്.

അഗസ്ത്യമഹർഷിയാൽ ദൃഷ്ടമായ മന്ത്രങ്ങളിലും, പത്താമത്തെ മണ്ഡലത്തിലും 'സോ ചിന്നു' എന്ന് (സഃ കഴിഞ്ഞ് ചിത്+നു എന്നു വരുന്നേടത്ത്) വിസർഗ്ഗത്തിന് ഓകാരം നിപതിപ്പിയ്ക്കുന്നു. 'സാന്വീയതേ' എന്ന് വിസർഗ്ഗത്തിന് ആത്വം നിപതിപ്പിയ്ക്കുന്നു.

'സഃ പലിക്നീഃ' എന്ന സംഹിതാഭാഗത്തിൽ വിസർഗ്ഗത്തിന് ലോപാഭാവം നിപതിപ്പിച്ചിരിയ്ക്കുന്നു. 'ഹിഷസ്തവ' എന്ന ഭാഗത്തിലും വിസർഗ്ഗത്തിന് ലോപാഭാവം നിപതിപ്പിച്ചിരിയ്ക്കുന്നു.

**ഉദാഹരണങ്ങൾ:**

**1. സോ ചിന്നു ന മരാതി നോ വയം (1-191-10)**

സഃ/ചിത്/നു/ന/മരാതി/നഃ/വയം/ എന്നാണ് ഇവിടെ പദപാഠം. 'സഃ' എന്ന് സകാരം കഴിഞ്ഞ് വരുന്ന വിസർഗ്ഗം 'ഓ' എന്നായി 'സോ' എന്ന് സംഹിതയിൽ പാഠം. 'ചിത്' എന്ന് പരമായിട്ടുള്ളേടത്താണ് ഇങ്ങനെ വരുന്നത്. ഈ മന്ത്രം അഗസ്ത്യദൃഷ്ടമാണ്.

**2. സോ ചിന്നു സഖ്യാ നര്യ ഇനഃസ്തുതഃ(10-50-2)**

സഃ/ചിത്/നു/സഖ്യാ/നര്യഃ/ഇനഃ/സ്തുതഃ/ എന്നാണ് ഇവിടെ

പദപാഠം. ഈ ഋക്ക് പത്താമത്തെ മണ്ഡലത്തിലെയാണ്. ഇവിടേയും സഃ എന്നുകഴിഞ്ഞ് ചിത് എന്നു വന്നിട്ടുള്ളതിനാൽ വിസർഗ്ഗത്തിന് ഓകാരംവന്ന് 'സോ ചിന്നു' എന്നായിരിയ്ക്കുന്നു.

അഗസ്ത്യദൃഷ്ടമായ മന്ത്രങ്ങളിലോ ദശമമണ്ഡലത്തിലോ മാത്രമേ ഇങ്ങനെ 'സഃ' എന്നുകഴിഞ്ഞ് 'ചിത്' എന്നു വരുമ്പോൾ 'സഃ' എന്ന വിസർഗ്ഗത്തിന് ഓകാരം വരുകയുള്ളൂ. ഒന്നാമത്തെ മണ്ഡലത്തിൽ 68-ാമത്തെ സൂക്തത്തിൽ 4-ാമത്തെ മന്ത്രം 'സഃ ചിന്വാസാം പതീരയീണാം' എന്നാണ്. ഇത് അഗസ്ത്യദൃഷ്ടമോ ദശമമണ്ഡലാന്തർഗതമോ അല്ലാത്തതിനാൽ ഇവിടെ 'സഃ' എന്നത് സോ എന്നായിട്ടില്ല; ചിത് എന്ന് പരമായിട്ടുണ്ടെങ്കിലും.

**2. സ ചികിത്വാ് ഈയതേ സാ ന്വീയതേ (1.145.1)**

സഃ/ചികിത്വാൻ/ഈയതേ/സഃ/നു/ഈയതേ/ എന്നാണ് പദപാഠം. 'സഃ നു ഈയതേ' എന്നത് സംഹിതയിൽ 'സാ ന്വീയതേ' എന്നായിത്തീരുന്നു. ഇവിടെ വിസർഗ്ഗത്തിന് 'ആ'കാരം വന്നിരിയ്ക്കുകയാണ്. ഇത് നിപാതനമാണ്.

**3. ന താ അഗൃഭ്രന്നജനിഷ്ടഹിഷഃ പലിക്നീ (5-2-4)**

ന/താഃ/അഗൃഭ്രൻ/അജനിഷ്ട/ഹി/സഃ/പലിക്നീഃ/ എന്നാണ് ഇവിടെ പദപാഠം 'സഃ പലിക്നീ' എന്നത് 'ഷഃ പലിക്നീഃ' എന്ന് സംഹിതയിൽ പഠിയ്ക്കുന്നു. ഇവിടെ വിസർഗ്ഗത്തിന്റെ അലോപം നിപതിപ്പിച്ചിരിയ്ക്കുന്നു.

**4. ന ഹി ഷസ്തവ നോ മമ (8-33-16)**

ന/ഹി/സഃ/തവ/ എന്നാണ് പദപാഠം. ഇവിടേയും വിസർഗ്ഗത്തിന്റെ അലോപം നിപതിപ്പിച്ചിരിയ്ക്കുന്നു.

**41. ജുഗുക്ഷതോ ദുദുക്ഷൻ ഗാ അദുക്ഷത്**
**ദുക്ഷൻ വൃധേഽസ്യ ദുക്ഷതാനു ദക്ഷി ।**
**ദക്ഷന്ന പദ്മൻ ദക്ഷുഷോഽഭിദക്ഷത്**
**കൃഷ്ണാസോ ദക്ഷി ഹിയാനസ്യ ദക്ഷോഃ ॥**

ജുഗുക്ഷതഃ, ദുദുക്ഷൻ, ഗാ അദുക്ഷത്, ദുക്ഷൻ വൃധേ, അസ്യ ദുക്ഷത, അനു ദക്ഷി, ദക്ഷന്ന, പദ്മൻ ദക്ഷുഷഃ, അഭി ദക്ഷത്, കൃഷ്ണാസോ ദക്ഷി, ഹിയാനസ്യ ദക്ഷോഃ എന്നിവ നിപാതനങ്ങളാണ്.

**ഉദാഹരണങ്ങൾ**

**1. സുമതിം ന ജുഗുക്ഷത (8-31-7)**

സുമതിം/ന/ജുഘുക്ഷതഃ/ എന്നാണ് ഇവിടെ പദപാഠം. ജുഘുക്ഷതഃ എന്ന പദത്തിന് 'ആച്ഛാദനം ചെയ്യാൻ ആഗ്രഹിയ്ക്കു

ന്നു' (സംവരീതുമിച്ഛതഃ)എന്ന് സായണഭാഷ്യത്തിൽ അർത്ഥം കാണുന്നു. പദപാഠത്തിലെ 'ജുഘുക്ഷത' എന്നത് സംഹിതയിൽ ജുഗുക്ഷത എന്നായി നിപതിച്ചിരിയ്ക്കുന്നു.

**2. സഹസ്രധാരാം ബൃഹതീം ദുദുക്ഷൻ (10.74.4)**

സഹസ്രധാരാം/ബൃഹതീം/ദുധുക്ഷൻ/ എന്നാണ് പദപാഠം. ദുധുക്ഷൻ എന്നതിന് ദോഹനം ചെയ്തു (കറന്നു) എന്നാണ് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നത്. പദപാഠത്തിലെ ദുധുക്ഷൻ എന്നത് സംഹിതയിൽ ദുദുക്ഷൻ എന്നാണ് പ്രയോഗിച്ചിരിയ്ക്കുന്നത്. ഇത് നിപാതനമാണ്.

**3. നിർജ്യോതിഷാ തമസോ ഗാ അദുക്ഷത് (4-33-10)**

തമസഃ/ഗാഃ/അധുക്ഷത്/ എന്നാണ് ഇവിടെ പദപാഠം. 'അധുക്ഷത്' എന്നതിന് 'ദുഗ്ദ്ധവാൻ' എന്നർത്ഥം. 'അധുക്ഷത്' എന്ന് പദപാഠത്തിലുള്ള പദം സംഹിതയിൽ 'അദുക്ഷത്' എന്ന് പ്രയോഗിച്ചിരിയ്ക്കുന്നു. ഇത്, നിപാതനമാണ്.

'ഗാ അദുക്ഷത്' എന്നിങ്ങനെ 'ഗാ' എന്ന പദം കഴിഞ്ഞ് 'അധുക്ഷത്' എന്ന പദം വരുകയാണെങ്കിൽ മാത്രമേ സംഹിതയിൽ 'അധുക്ഷത്' എന്നത് 'അദുക്ഷത്' എന്നാകുകയുള്ളൂ. 'ഗാ' എന്ന പദത്തിനു ശേഷമല്ല 'അധുക്ഷത്' എന്നു വരുന്നത് എന്നുണ്ടെങ്കിൽ അത് സംഹിതയിലും 'അധുക്ഷത്' എന്നുതന്നെയാണ് വരിക.

അധുക്ഷത് പിപ്യുഷീമിഷം (8-72-16) എന്ന മന്ത്രത്തിൽ അധുക്ഷത് എന്നുതന്നെ പ്രയോഗിച്ചിരിയ്ക്കുന്നു. ദുഗ്ദ്ധവാൻ എന്നുതന്നെയാണ് അർത്ഥം.

അതിനാൽ ഗാ എന്ന പദം കഴിഞ്ഞ് അധുക്ഷത് എന്ന പദം പദപാഠത്തിൽ വരികയാണെങ്കിൽ സംഹിതയിൽ അത് അദുക്ഷത് എന്നായി നിപതിപ്പിച്ചിരിയ്ക്കുന്നു എന്നാണ് താൽപര്യം. അതുകൊണ്ടാണ് 'ഗാ അദുക്ഷത്' എന്ന് പ്രാതിശാഖ്യകാരികയിൽ പറഞ്ഞത്.

**4. ഹരിം യത്തേ മന്ദിനം ദുക്ഷൻ വൃധേ (1.121.8)**

ഹരിം/യത്/തേ/മന്ദിനം/ധുക്ഷൻ/വൃധേ/ എന്നാണ് ഇവിടെ പദപാഠം. 'ധുക്ഷൻ' എന്നത് സംഹിതയിൽ 'ദുക്ഷൻ' എന്നായിരിയ്ക്കുന്നു. ഇപ്രകാരം പദപാഠത്തിൽ 'ധുക്ഷൻ' എന്നത് സംഹിതയിൽ 'ദുക്ഷൻ' എന്നു പഠിയ്ക്കണമെങ്കിൽ ധുക്ഷൻ എന്ന പദം കഴിഞ്ഞ് 'വൃധേ' എന്ന പദം ഉണ്ടായിരിയ്ക്കണം. ഇവിടെ ധുക്ഷൻ എന്ന് കഴിഞ്ഞ് വൃധേ എന്ന പദം ഉണ്ട്. അതിനാൽ ധു

ക്ഷൻ എന്നത് ദുക്ഷൻ എന്നായിരിയ്ക്കുന്നു.

വൃധേ എന്ന പദം പിന്നീട് വരുന്നില്ലെങ്കിൽ ധുക്ഷൻ എന്നത് ദുക്ഷൻ എന്നാവുകയില്ല. നിർധുക്ഷൻ വക്ഷണാഭ്യഃ (8.1.17). നിഃ/ധുക്ഷൻ/വക്ഷണാഭ്യഃ/ എന്നാണ് പദപാഠം. ഇവിടെ ധുക്ഷൻ എന്ന പദം കഴിഞ്ഞ് വക്ഷണാഭ്യഃ എന്ന പദമാണ് പരമായി വരുന്നത്; വൃധേ എന്ന പദമല്ല. അതിനാൽ സംഹിതയിൽ നിർധുക്ഷൻ എന്നുതന്നെയാണ് പ്രയോഗം. ('വക്ഷണാ' എന്ന ശബ്ദത്തിന് നദി എന്നർത്ഥം)

**5. വിശ്വാഹാ ശുക്രം പയോ അസ്യ ദുക്ഷത (1.160.3)**

പദപാഠത്തിൽ ധുക്ഷത എന്നാണ് കാണുന്നത്. അത് സംഹിതയിം ദുക്ഷത എന്നായിരിയ്ക്കുന്നു. ഇത് നിപാതനമാണ്. ഇവിടെ ധുക്ഷത എന്ന പദത്തിനു മുൻപ് 'അസ്യ' എന്നുണ്ട്. അസ്യ എന്ന് പൂർവ്വം ഉണ്ടെങ്കിലേ ധുക്ഷത എന്നത് സംഹിതയിൽ ദുക്ഷത എന്നാകുകയുള്ളൂ. (ധുക്ഷത എന്ന പദത്തിന് 'ദോഗ്ധി'-കറക്കുന്നു എന്നാണർത്ഥം)

അസ്യ എന്ന പദം പൂർവ്വം ഇല്ലാത്ത 'ധുക്ഷത' എന്ന പദം സംഹിതയിലും 'ധുക്ഷത' എന്നുതന്നെയാണ് പ്രയോഗിയ്ക്കുക.

ഭരദ്വാജായാവ ധുക്ഷത ദ്വിതാ (6.48.13) എന്ന മന്ത്രത്തിൽ 'ധുക്ഷത' എന്നുതന്നെ പ്രയോഗിച്ചിരിയ്ക്കുന്നു; ദുക്ഷത എന്നല്ല.

അസ്യ എന്ന പദം പൂർവ്വം ഇല്ലാത്തതിനാലാണത്. ഇതു സൂചിപ്പിയ്ക്കാനാണ് 'അസ്യ ദുക്ഷത' എന്നു പ്രാതിശാഖ്യകാരികയിൽ പറഞ്ഞത്.

**6. ത്വം വിഭാസ്യനു ദക്ഷി (2.1.10)**

ത്വം/വി*f*ഭാസി/അനു/ധക്ഷി/ എന്നാണ് ഇവിടെ പദപാഠം. പദപാഠത്തിൽ ധക്ഷി എന്നു പ്രയോഗിച്ചിരിയ്ക്കുന്നത് സംഹിതയിൽ ദക്ഷി എന്നായിരിയ്ക്കുന്നു.

ധക്ഷി എന്നതിന് 'ദഹിപ്പിയ്ക്കുന്നു' എന്നർത്ഥം. ഈ പദത്തിനു മുൻപ് 'അനു' എന്നുണ്ടെങ്കിലേ സംഹിതയിൽ 'ദക്ഷി' എന്നാകുകയുള്ളൂ. അനു എന്നില്ല എങ്കിൽ 'ധക്ഷി' എന്നു തന്നെയാണ് സംഹിതയിൽ പാഠം വരുക.

നീചാ തം ധക്ഷ്യത സം ന ശുഷ്കം (4.4.4)

ഈ മന്ത്രത്തിൽ, ധക്ഷി എന്നു പദപാഠത്തിലുള്ളതുപോലെത്തന്നെ പ്രയോഗിച്ചിരിയ്ക്കുന്നു. ഇവിടെ 'അനു' എന്ന് പൂർവ്വത്തിലില്ല. 'അനു' എന്ന് പൂർവ്വം ഉള്ള 'ധക്ഷി' എന്ന പദം സംഹിതയിൽ 'ദക്ഷി' എന്നാകും എന്നു സൂചിപ്പിയ്ക്കാനാണ് പ്രാതിശാ

ഖ്യകാരികയിൽ 'അനുദക്ഷി' എന്നു പറഞ്ഞത്.

**7. ദക്ഷന്ന വിശ്വം തതൃഷാണമോഷതി (1.130.8)**

ധക്ഷത്/ന/വിശ്വം/തതൃഷാണം/ഓഷതി/ എന്നാണ് ഇവിടെ പദപാഠം. 'ധക്ഷത്' എന്നത് സംഹിതയിൽ 'ദക്ഷത്' എന്നായി.

ധക്ഷത് എന്നതിന് 'ഭസ്മീകരോതി'-ഭസ്മമാക്കുന്നു- എന്നർത്ഥം. ധക്ഷത് എന്ന പദം കഴിഞ്ഞ് 'ന' എന്ന പദം പരമായി വരണം. ന എന്ന പദം പരമായിട്ടില്ലെങ്കിൽ 'ധക്ഷത്' എന്നത് 'ദക്ഷത്' എന്നാവുകയില്ല.

ദക്ഷത് എന്ന പദം പരമായ നകാരവുമായി സന്ധിചേർന്ന് ദക്ഷന്ന എന്നാകുന്നു.

'തതൃഷാണം' എന്ന പദത്തിന് ഹിംസകം എന്നും, ഓഷതി എന്ന പദത്തിന് ദഹതി-ദഹിപ്പിയ്ക്കുന്നു- എന്നും അർത്ഥം.

ധക്ഷത് എന്ന പദം കഴിഞ്ഞ് നകാരം വരാത്ത സ്ഥലത്ത് സംഹിതയിലും ധക്ഷത് എന്നു തന്നെയാണ് പ്രയോഗിച്ചിട്ടുണ്ടാവുക. ദ്രവിർന്ന ദ്രാവയതി ദാരു ധക്ഷത് (ഋ. 6.3.4) എന്ന മന്ത്രത്തിൽ 'ധക്ഷത്' എന്ന പദം കഴിഞ്ഞ് 'ന' എന്ന് പരമായി വരുന്നില്ല. അതിനാൽ ധക്ഷത് എന്ന് പദപാഠത്തിലുള്ളതുപോലെത്തന്നെ സംഹിതയിലും പ്രയോഗം വരുന്നു.

**8. തസ്യ പദ്മൻ ദക്ഷുഷഃ (1.141.7)**

തസ്യ/പദ്മൻ/ധക്ഷുഷഃ/ എന്നാണ് ഇവിടെ പദപാഠം. പദപാഠത്തിലെ 'ധക്ഷുഷഃ' എന്നത് സംഹിതയിൽ ദക്ഷുഷഃ എന്നായിരിയ്ക്കുന്നു. പദ്മൻ ദക്ഷുഷഃ എന്ന് കാരികയിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് 'പദ്മൻ' എന്നു കഴിഞ്ഞുവരുന്ന 'ധക്ഷുഷഃ' എന്ന പദമേ സംഹിതയിൽ ദക്ഷുഷഃ എന്നാവുകയുള്ളൂ.

ധക്ഷുഷഃ എന്നതിന് 'ദഹതഃ' എന്നാണ് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നത്.

**9. സ യോ വ്യസ്ഥാദഭി ദക്ഷദുർവ്വീം (2.4.7)**

സഃ/യഃ/വി*f*അസ്ഥാത്/അഭി*f*ധക്ഷത്/ഉർവ്വീം/ എന്നാണ് പദപാഠം. പദപാഠത്തിൽ 'ധക്ഷത്' എന്നുള്ളത് സംഹിതയിൽ ദക്ഷത് എന്നായിരിയ്ക്കുന്നു. 'അഭി' എന്നു പൂർവ്വമുള്ള 'ധക്ഷത്' എന്ന പദമാണ് ഇപ്രകാരം സംഹിതയിൽ 'ദക്ഷത്' എന്നാകുന്നത്. (ധക്ഷത് എന്ന പദത്തിന് ദഹിപ്പിയ്ക്കുന്ന എന്നാണർത്ഥം)

അഭി എന്ന് പൂർവ്വമുള്ള 'ധക്ഷത്' ആണ് 'ദക്ഷത്' എന്ന് സംഹിതയിൽ പഠിയ്ക്കുന്നത്. അഭി എന്ന് പൂർവ്വം ഇല്ല എങ്കിൽ 'ധക്ഷത്' എന്നുതന്നെയാണ് സംഹിതയിൽ പ്രയോഗിയ്ക്കുക.

ദ്രവിർന ദ്രാവയതി ദാരു ധക്ഷത് (6.3.4) എന്ന മന്ത്രത്തിൽ അഭി എന്ന് പൂർവ്വമല്ലാത്തതിനാൽ 'ധക്ഷത്' എന്നു പ്രയോഗിച്ചിരിയ്ക്കുന്നു.

'ധക്ഷത്' എന്നു കഴിഞ്ഞ് 'ന' എന്നു വരുകയോ, 'അഭി' എന്നു കഴിഞ്ഞ് 'ധക്ഷത്' എന്നു വരുകയോ ചെയ്യുമ്പോഴാണ് 'ധക്ഷത്' എന്നത് സംഹിതയിൽ 'ദക്ഷത്' എന്നാകുന്നത്.

**10. ആദസ്യതേ കൃഷ്ണാസോ ദക്ഷി സൂരയഃ (1.141.8)**

പദപാഠത്തിൽ 'ധക്ഷി' എന്നത് സംഹിതയിൽ 'ദക്ഷി' എന്നായിരിയ്ക്കുന്നു. കൃഷ്ണാസഃ എന്ന പദം പൂർവ്വമുള്ള ധക്ഷി എന്ന പദമാണ് സംഹിതയിൽ ദക്ഷി എന്നാകുന്നത്. കൃഷ്ണാസഃ എന്ന് പൂർവ്വം വരുന്നില്ലെങ്കിൽ ധക്ഷി എന്നുതന്നെ സംഹിതയിൽ വരും. നീചാ തം ധക്ഷ്യതസം ന ശുഷ്കം (4.4.4) എന്ന മന്ത്രത്തിൽ ധക്ഷി എന്നു  തന്നെയാണ് പ്രയോഗിച്ചിരിയ്ക്കുന്നത്.

അനു എന്നോ കൃഷ്ണാസഃ എന്നോ പൂർവ്വം വരുകയാണെങ്കിൽ ധക്ഷി എന്ന പദം സംഹിതയിൽ ദക്ഷി എന്നാകും. (ദക്ഷി എന്നതിന് 'ദഹിപ്പിയ്ക്കുന്നു' എന്നർത്ഥം).

**11. സംദൃഷ്ടിരസ്യ ഹിയാനസ്യ ദക്ഷോഃ (2.4.4)**

പദപാഠത്തിൽ ഹിയാനസ്യ എന്നു കഴിഞ്ഞ് 'ധക്ഷോഃ' എന്നു വരുകയാണെങ്കിൽ ധക്ഷോഃ എന്നത് സംഹിതയിൽ ദക്ഷോഃ എന്നാകും.

ധക്ഷോഃ എന്ന പദത്തിന് 'ദഹിപ്പിയ്ക്കാൻ ആഗ്രഹിയ്ക്കുന്ന' (ദഗ്ധുമിച്ഛോഃ) എന്നാണർത്ഥം.  ഹിയാനസ്യ എന്ന പദം പൂർവ്വമില്ല എങ്കിൽ ധക്ഷോഃ എന്നുതന്നെയാണ് സംഹിതയിൽ പ്രയോഗിയ്ക്കുക. ധക്ഷോർ നവാതാ പരിസന്ത്യച്യുതാഃ (10.115.4) എന്ന മന്ത്രത്തിൽ ധക്ഷോഃ എന്നുതന്നെയാണ് പ്രയോഗം

**നാലാം പടലം കഴിഞ്ഞു**

## അഞ്ചാം പടലം-നതി

1. **അന്തഃപാദം നാമ്യുപധഃ സകാരഃ**
   **ഷകാരമപ്യൂഷ്മ പരൈർ യഥോക്തം।**
   **അന്യൈരേകാരാന്നതിരത്ര പൂർവ്വാ**
   **തതോ വ്യാപത്തിർഭവതീതി വിദ്യാത്॥**

നതിസന്ധി വിധിയ്ക്കുന്ന പ്രകരണമാണിത്. 'നതി' എന്ന സംജ്ഞ ഈ ശാസ്ത്രത്തിൽ മൂർധന്യഭാവം എന്ന അർത്ഥത്തിൽ പ്രയോഗിയ്ക്കുന്നു. മൂർധസ്ഥാനികമായ വർണ്ണം ആദേശമായി വരിക എന്നതാണ് മൂർദ്ധന്യഭാവം.

നതി വിധിയ്ക്കുന്നതോടൊപ്പം നതി, വ്യാപത്തി എന്നിവയ്ക്ക് പൌർവ്വാപര്യവും വിധിയ്ക്കുന്നു. ഒരേ സ്ഥലത്ത് നതിയും, വ്യാപത്തിയും ഒരുപോലെ പ്രാപ്തമാവുകയാണെങ്കിൽ ആദ്യം നതി പറയണം, പിന്നീട് വ്യാപത്തിയും എന്ന ക്രമമാണ് ഇവിടെ പൌർവ്വാപര്യം. വ്യാപത്തി എന്നാൽ വിസർഗ്ഗത്തിന് ഊഷ്മഭാവം വരലാണ്.

മൂർദ്ധസ്ഥാനികങ്ങളായ വർണ്ണങ്ങൾ 'മൂർദ്ധന്യൌ ടകാര വർഗൌ' എന്ന വാക്യംകൊണ്ട് 'ഷ'കാരവും ടവർഗ്ഗവുമാണ്.

ഈ കാരികയുടെ മൊത്തത്തിലുള്ള അർത്ഥം ഇതാണ്- ഒരു പാദത്തിന്റെ മദ്ധ്യത്തിൽ നാമികൾ ഉപധയായിട്ടുള്ള സകാരം ഷകാരമായിത്തീരുന്നു; ഈ നാമികൾ കഴിഞ്ഞ് ഊഷ്മാക്ഷരങ്ങൾ വരുന്നുണ്ടെങ്കിലും അതു കഴിഞ്ഞ് വരുന്ന സകാരം ഷകാരമായിത്തീരും. 'ഏ'കാരം ഒഴിച്ചുള്ള നാമ്യക്ഷരങ്ങൾ ഉപധയായിട്ടുള്ള സകാരത്തിനാണ് ഷകാരം ആദേശമായി വരിക. ഇവിടെ നതി ആദ്യവും, വ്യാപത്തി പിന്നീടുമാണ് എന്നറിഞ്ഞുകൊള്ളണം.

നാമികൾ എന്നാൽ നമിപ്പിയ്ക്കുന്നത്, അതായത്, ദന്ത്യാക്ഷരങ്ങളെ മൂർദ്ധന്യാക്ഷരങ്ങളാക്കുന്നത് എന്നാണർത്ഥം. ഋ, ൠ, ഇ, ഈ, ഉ, ഊ, ഏ, ഓ, ഐ, ഔ എന്നിവയാണ് നാമികൾ. ഏകാരം ഒഴികെയുള്ള ഈ അക്ഷരങ്ങൾ കഴിഞ്ഞ് ഉടനെ വരുന്ന സകാരവും, അതുപോലെ ഏകാരം ഒഴികെയുള്ള ഈ അക്ഷരങ്ങൾക്കു ശേഷം ഏതെങ്കിലും ഊഷ്മാക്ഷരം കഴിഞ്ഞുവരുന്ന സകാരവും 'ഷ'കാരമായിത്തീരും എന്നാണ് അർത്ഥം. ഇത് ഒരു പാദമദ്ധ്യത്തിലായിരിയ്ക്കുകയും വേണം.

ഉദാഃ യച്ച ഗോഷു ദുഷ്ഷപ്ന്യം (8-47-14).

യത്/ച/ഗോഷു/ദുഃ/സ്വപ്ന്യം/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ദുഃ എന്ന വിസർഗ്ഗം കഴിഞ്ഞ് 'സ്വപ്ന്യം' എന്ന പദത്തിലെ

സകാരം വരുന്നു. അതിനാൽ സ്വപ്ന്യം എന്ന പദത്തിലെ സകാരം, വിസർഗ്ഗമാകുന്ന ഊഷ്മാവ് പരമായി വരുന്ന 'ഉ'കാരമാകുന്ന നാമിയ്ക്കുശേഷം വരുന്നതാണ്. അന്തഃപാദവുമാണ്. അതുകൊണ്ട് സകാരത്തിന് നതി വരുന്നു. 'ദുഃ ഷ്വപ്ന്യം' എന്നായിത്തീർന്ന്, പിന്നീട് 'ഷ'കാരം ആകുന്ന ഊഷ്മാവ് പരമായി വന്നതിനാൽ 'തമേവോഷ്മാണമൂഷ്മണി' (4/10) എന്ന നിയമമനുസരിച്ച് (അഘോഷമായ ഊഷ്മാക്ഷരം പരമായി വന്നാൽ വിസർഗ്ഗം ആ ഊഷ്മാക്ഷരമായി മാറും-വ്യാപത്തി) വിസർഗ്ഗം ഷകാരമായിത്തീർന്ന് 'ദുഷ്ഷ്വപ്ന്യം' എന്ന് സംഹിതയിൽ പാഠം വരുന്നു.

തങ്ങളെക്കുറിച്ചോ തങ്ങളുടെ ഗോവിഷയകമായോ ഉള്ള ദുഃസ്വപ്നങ്ങളെ ദൂരീകരിയ്ക്കാൻ ഉഷോദേവതയോടുള്ള പ്രാർത്ഥനയുടെ ഒരു ഭാഗമാണ് മേൽക്കാണിച്ച ഉദാഹരണം.

**പ്രത്യുദാഹരണങ്ങൾ**

**1. പരഃ സോ*ഽ*സ്തു തന്വാ തനാ ച (7.104.11)**

ഇവിടെ പദപാഠം പരഃ;സഃ/അസ്തു/തന്വാ/തനാ/ച/ എന്നാണ്. 'പരഃ സഃ' എന്നിടത്ത് സകാരം ഷകാരമാകുന്നില്ല. എന്തെന്നാൽ നാമിയല്ലാത്ത അകാരത്തിന് ശേഷം വരുന്ന വിസർഗ്ഗമാകുന്ന ഊഷ്മാവിൽനിന്നാണ് അത് പരമായിരിയ്ക്കുന്നത്. അതായത് നാമിയിൽനിന്ന് പരമായിട്ടില്ല.

**2. യേ സ്ഥ മനോർയജ്ഞിയാഃ (10.36.10)**

ഇവിടെ പദപാഠം യേ/സ്ഥ/മനോഃ/യജ്ഞിയാഃ/ എന്നാണ്. 'സ്ഥ' എന്ന പദത്തിലെ സകാരം ഷകാരമാകാത്തത് 'യേ' എന്നു ഏകാരത്തിൽനിന്നാണ് അത് പരമായിട്ടുള്ളത്. എന്നതിനാലാണ്. ഏകാരം ഒഴികേയുള്ള നാമികളിൽനിന്ന് പരമാകുന്ന സകാരമേ ഷകാരമാകുകയുള്ളൂ.

**2. സൂതീ നകിഃ സൈ്വർവ്യുരു നഹ്യഭിത്രീ**
**നി ഹീതിസ ദ്വ്യക്ഷരേണൈവ സത്സ്ഥഃ।**
**സ്വ ബഹ്വക്ഷരേണ പദാദയശ്ച**
**സ്വിതി സ്കിതി സ്നിത്യ രേഫസ്യ ച സ്മിതി ॥**

സു, ഊതീ, നകിഃ, സൈ്വഃ, വി, ഉരു, നഹി, അഭി, ത്രീ, നി, ഹി എന്നീ നാമികളാൽ ഉപഹിതമായ സകാരം ഷകാരമായിത്തീരുന്നു. രണ്ടക്ഷരം മാത്രമുള്ള നാമ്യന്തമായ പദംകൊണ്ട് ഉപഹിതമായ സദ്, സ്ഥഃ എന്നിവയുടെ സകാരം ഷകാരമായിത്തീരുന്നു. ബഹ്വക്ഷരമല്ലാത്ത നാമ്യന്തമായ പദംകൊണ്ട് ഉപഹിതമായ 'സു' എന്നതിന്റെ സകാരം ഷകാരമായിത്തീരുന്നു. ഒരു പദത്തിന്റെ ആ

ദിയിലുള്ളതും യ, ക, ന എന്നീ അക്ഷരങ്ങളേതെങ്കിലും പരമായി വരുന്നതും ആയ സകാരം ഷകാരമായിത്തീരുന്നു. നാമികൾ ബഹ്വക്ഷരമാവരുത് എന്നത് ഇവിടേയും സ്വീകരിയ്ക്കപ്പെടേണ്ടതാണ്. രേഫമില്ലാത്ത നാമ്യന്തമായ പദം കഴിഞ്ഞ് മകാരം പരമായി വരുന്ന സകാരത്തിനും ഷകാരം വരും. ഇവിടേയും നാമികൾ ബഹ്വക്ഷരമാകാൻ പാടുള്ളതല്ല.

**ഉദാഹരണങ്ങൾ**

**1. പ്രസുഷ വിഭ്യോ മരുതഃ (4.26.4)**

ഇവിടെ പ്ര/സു/സഃ/വി/ഭ്യഃ/മരുതഃ/ എന്നാണ് പദപാഠം. സു എന്ന ഉകാരമാകുന്ന നാമി കഴിഞ്ഞ് 'സഃ' എന്ന സകാരം വന്നു. അതിനാൽ സംഹിതയിൽ അത് ഷകാരമായി.

**2. ഊതീ ഷ ബൃഹതോ ദിവഃ (6.2.4)**

ഊതീ/സഃ/ബൃഹതഃ/ദിവഃ/ എന്നാണ് ഇവിടെ പദപാഠം. 'സഃ' എന്ന സകാരം ഊതീ എന്ന പദത്തിലെ 'ഈ'കാരമാകുന്ന നാമി കഴിഞ്ഞ് വന്നതിനാൽ ഷകാരമായിത്തീർന്നു.

**3. ന കിഷ്ഷോ അസ്ത്യരണോ ജഹുർഹിതം (2.24.7)**

നകിഃ/സഃ/അസ്തി/അരണഃ/ജുഹുഃ/ഹി/തം/ എന്നാണ് ഇവിടെ പദപാഠം. നകിഃ എന്ന പദത്തിലെ വിസർഗ്ഗമാകുന്ന ഊഷ്മാവ് പരമായ ഇകാരമാകുന്ന നാമിയാൽ ഉപഹിതമായതിനാൽ സകാരം ഷകാരമായിത്തീർന്നു. നകിഃ എന്ന വിസർഗ്ഗത്തിന് വ്യാപത്തിയും വന്നിരിയ്ക്കുന്നു.

**4. സൈ്വഷ്ഷ ഏവൈ രിരിഷീഷ്ട യുർജനഃ (8.18.13)**

സൈ്വഃ/സഃ/ഏവൈഃ/രിരിഷീഷ്ട/യുഃ/ജനഃ/ എന്നാണ് ഇവിടെ പദപാഠം.

വിസർഗ്ഗമാകുന്ന ഊഷ്മാവ് പരമുള്ള ഐകാരമാകുന്ന നാമിയാൽ ഉപഹിതമായ സകാരം സംഹിതയിൽ ഷകാരമായിരിയ്ക്കുന്നു. 'സൈ്വഃ' എന്ന വിസർഗ്ഗത്തിന് വ്യാപത്തിയും വന്നിരിയ്ക്കുന്നു.

**5. ഓഭേ അപ്രാ രോദസീ വി ഷ ആവഃ**

ആ/ഉഭേ ഇതി/അപ്രാഃ/രോദസീതി/വി/സഃ/ആവഃ/ എന്നാണ് ഇവിടെ പദപാഠം. വി എന്ന ഇകാരമാകുന്ന നാമിയാൽ ഉപഹിതമായ സഃ എന്ന സകാരം സംഹിതയിൽ ഷകാരമായിരിയ്ക്കുന്നു.

**6. ഉരുഷ സരഥം സാരഥയേകഃ (6.20.5)**

ഉരു/സഃ/സരഥം/സാരഥയേ/കഃ/ എന്നാണ് ഇവിടെ പദപാഠം. ഉരു എന്ന് ഉകാരമായ നാമിയാൽ ഉപഹിതമായ സഃ എന്ന സകാ

രം സംഹിതയിൽ ഷകാരമായിരിയ്ക്കുന്നു.

**7. നഹിഷസ്തവ നോ മമ (8.33.16)**

നഹി/സഃ/തവ/നോ ഇതി/മമ/ എന്നാണ് ഇവിടെ പദപാഠം. നഹി എന്ന ഇകാരമാകുന്ന നാമി കഴിഞ്ഞ് വരുന്ന സകാരമായതിനാൽ സകാരത്തിന് സംഹിതയിൽ ഷകാരം വന്നിരിയ്ക്കുന്നു.

**8. അഭിഷ ദ്യുമ്‌നൈരുത (8.20.16)**

അഭി/സഃ/ദ്യുമ്‌നൈഃ/ഉത/ എന്നാണ് ഇവിടെ പദപാഠം. അഭി എന്ന പദത്തിലെ ഇകാരമാകുന്ന നാമിയാൽ ഉപഹിതമായതു കൊണ്ട് 'സഃ' എന്ന പദത്തിലെ സകാരം ഷകാരമായിത്തീർന്നു.

**9. ത്രീഷ പവിത്രാ ഹൃദ്യന്തരാദധേ (9.73.8)**

ത്രീ/സഃ/പവിത്രാ/ഹൃദി/അന്തഃ/ആ/ദധേ/ എന്നാണ് ഇവിടെ പദപാഠം. ത്രീ എന്ന ഈകാരാത്മകമായ നാമി കഴിഞ്ഞുവരുന്ന സകാരമായതിനാൽ സഃ എന്ന പദത്തിലെ സകാരം ഷകാരമായിത്തീർന്നു. (ത്രീ എന്നത് ത്രീണി എന്ന അർത്ഥത്തിലുള്ള വൈദികപ്രയോഗമാണ്. ഇത് പിന്നീട് വരുന്ന പവിത്രാ (പവിത്രാണി എന്ന് ലൌകികസംസ്കൃതം) എന്നതിന്റെ വിശേഷണമാണ്. മൂന്നു പവിത്രങ്ങൾ എന്നാൽ അഗ്നി, സൂര്യൻ, വായു എന്നിവ)

**10. നി ഷ ഹീയതാം തന്വാ തനാ ച (7.104.10)**

നി/സഃ/ഹീയതാം/തന്വാ/തനാ/ച/ എന്നാണ് ഇവിടെ പദപാഠം. നി എന്ന ഇകാരമാകുന്ന നാമി കഴിഞ്ഞ് വരുന്നതിനാൽ സഃ എന്നതിന്റെ സകാരം ഷകാരമായിത്തീർന്നു.

തന്വാ=ശരീരംകൊണ്ട് തനാ-പുത്രനെക്കൊണ്ട്.

**11. യൂപാദമുഞ്ചോ അശമിഷ്ട ഹി ഷഃ (5.2.7)**

യൂപാത്/അമുഞ്ചഃ/അശമിഷ്ട/ഹി/സഃ/ എന്നാണ് ഇവിടെ പദപാഠം. ഹി എന്ന ഇകാരം (നാമി) കഴിഞ്ഞ് വരുന്ന സകാരമായതിനാൽ സഃ എന്ന പദത്തിലെ സകാരത്തിന് ഷകാരം വന്നിരിയ്ക്കുന്നു.

**12. ദിവി ഷദ് ഭൂമ്യാ ദദേ (9.61.10)**

ദിവി/സത്/ഭൂമിഃ/ആ/ദദേ/ എന്നാണ് ഇവിടെ പദപാഠം. ദിവി എന്ന് രണ്ടക്ഷരമുള്ള നാമ്യന്തമായ പദംകൊണ്ട് ഉപഹിതമായതിനാൽ സത് എന്ന പദത്തിലെ സകാരം ഷകാരമായി.

**13. യദിന്ദ്രാഗ്നീ ദിവിഷ്ഠോ യത് പൃഥിവ്യാം (1.108.11)**

യത്/ഇന്ദ്രാഗ്നീ/ദിവി/സ്ഥഃ/യത്/പൃഥിവ്യാം/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ദിവി എന്ന രണ്ടക്ഷരമുള്ള നാമ്യന്തമായ പദം കൊണ്ട് ഉപഹിതമായതിനാൽ സ്ഥഃ എന്ന പദത്തിലെ സകാരം

ഷകാരമായി. (ഇവിടെ ഥകാരം ഠകാരമാകുകകൂടി ചെയ്യുന്നുണ്ട്). സത് സ്ഥ എന്നീ 'പദങ്ങളിലെ സകാരം ഷകാരമാകുന്നത് വെറും നാമികളാൽ ഉപഹിതമാകുമ്പോഴല്ല; മറിച്ച് നാമ്യന്തമായ പദം രണ്ടക്ഷരമുള്ളതായിരിയ്ക്കകൂടി വേണം.

**14. മോഷ്വദ്യ ദുർഹണാവാൻ (8.2.20)**

മോ ഇതി/സു/അദ്യ/ദുഃ/ഹനാവാൻ/ എന്നാണ് ഇവിടെ പദപാഠം. 'മോ'എന്ന ബഹ്വക്ഷരമല്ലാത്ത നാമിയാൽ ഉപഹിതമായതിനാൽ 'സു' എന്നതിന്റെ സകാരം സംഹിതയിൽ ഷകാരമായിത്തീർന്നു.

**15. ഗോഭിഷ്യാമ സധമാദഃ(5.20.4)**

ഗോഭിഃ/സ്യാമ/സധ/മാദഃ/ എന്നാണ് ഇവിടെ പദപാഠം. സ്യാമ എന്ന പദത്തിന്റെ ആദിയിലുള്ള സകാരം കഴിഞ്ഞ് യകാരം വരുന്നുണ്ട്. അതിനാൽ സകാരം ഷകാരമായി സംഹിതയിൽ.

**16. യജൂഷ്കന്നം പ്രഥമം ദേവയാനം (10.181.3)**

യജുഃ/സ്കന്നം/പ്രഥമം/ദേവ/യാനം/ എന്നാണ് ഇവിടെ പദപാഠം.

സ്കന്നം എന്ന പദത്തിൽ ആദ്യം വരുന്ന സകാരം പിന്നീട് കകാരം വരുന്നതിനാൽ ഷകാരമായിത്തീർന്നു.

**17. അധിഷ്ണുനാ ധന്വസാനോ അവ്യേ (9.97.16)**

അധി/സ്നുനാ/ധന്വ/സാനൌ/അവ്യേ/ എന്നു പദപാഠം.

ഇവിടെ സ്നുനാ എന്ന പദത്തിലെ ആദ്യം വരുന്ന സകാരം നകാരം പരമായിട്ടുള്ളതാണ്. അതിനാൽ സകാരം ഷകാരമായിത്തീരുന്നു.

യകാരം, കകാരം, നകാരം എന്നിവ പരമായിട്ടുള്ള പദാദിയിലുള്ള സകാരം ഷകാരമാവുന്നത് നാമ്യന്തമായ പദം ബഹ്വക്ഷരമല്ലാത്തപ്പോൾ മാത്രമാണ്. നാമ്യന്തമായ പദം ബഹ്വക്ഷരമാണെങ്കിൽ സകാരം ഷകാരമായിത്തീരുന്നില്ല.

**പ്രത്യുദാഹരണങ്ങൾ**

**1. തവ പ്രിയാസഃ സൂരിഷു സ്യാമ (7.19.7)**

തവ/പ്രിയാസഃ/സൂരിഷു/സ്യാമ/ എന്ന് പദപാഠം. ഇവിടെ സംഹിതയിൽ സ്യാമ എന്ന പദത്തിന്റെ ആദ്യത്തെ സകാരം ഷകാരമായിട്ടില്ല. കാരണം, പൂർവ്വമുള്ള സൂരിഷു എന്ന നാമ്യന്തമായ പദം ബഹ്വക്ഷരമാണ്.

**2. ഉപ ദ്യാം സ്കംഭതു സ്കംഭനേന (6.72.2)**

ഉപ/ദ്യാം/സ്കംഭതു/സ്കംഭനേന/എന്ന് പദപാഠം.

ഇവിടെ സംഹിതയിൽ സ്കംഭനേന എന്ന പദത്തിലെ ആദ്യ

ത്തെ സകാരം കകാരം പരമായിട്ടുള്ളതാണ്. എങ്കിലും അതിന് ഷകാരം വന്നിട്ടില്ല. കാരണം, പൂർവ്വമുള്ള സ്കംഭതു എന്ന നാമ്യന്തമായ പദം ബഹ്വക്ഷരയുക്തമാണ്.

**18. നഹി ഷ്മാതേ ശതം ച ന (4.31.9)**

നഹി/സ്മ/തേ/ശതം/ചന/ എന്നാണ് പദപാഠം. സ്മ എന്ന പദം മകാരം പരമായി വരുന്നതും, സകാരം ആദ്യം വരുന്നതുമായ പദമാണ്. അതിന്റെ പൂർവ്വമുള്ള നാമ്യന്തമായ പദം രേഫമല്ലാത്തതും, ബഹ്വക്ഷരയുക്തമല്ലാത്തതും ആകുന്നു. അതിനാൽ സകാരം ഷകാരമായിത്തീർന്നു.

**3. ഏകാരേണാപി സ്വിതി നഃ പരം ചേദ്**
**ദീർഘോ ന സ്വിത്യു ച നാ സ്പർശപൂർവ്വം ।**
**തകാരവർഗ്ഗസ്തു ടകാരവർഗ്ഗം**
**അന്തഃ പദസ്ഥോ/പി ഷകാരപൂർവ്വഃ ।।**

ഏകാരാന്തമായ പദം പൂർവ്വമുണ്ടെങ്കിലും (അതായത് ഏകാരമാകുന്ന നാമിയാൽ ഉപഹിതമായാലും) സു എന്ന പദത്തിലെ സകാരം ഷകാരമാകുന്നു; നഃ എന്ന പദം പിന്നീടു വരുകയാണെങ്കിൽ.

Note നേരത്തെ ഏകാരം ഒഴികേയുള്ള നാമ്യക്ഷരങ്ങളാൽ ഉപഹിതമായ സകാരത്തിനാണ് ഷകാരം വരിക എന്നു വിധിച്ചത്. ഇത് അതിന്റെ അപവാദമാണ്. നഃ എന്നു പരമായിട്ടുണ്ടെങ്കിൽ 'ഏ'കാരം കഴിഞ്ഞുവരുന്ന സകാരവും ഷകാരമാകും (നമിക്കും)

പദത്തിന്റെ ആദിയിലുള്ളതും യകാരം പരമായിട്ടുള്ളതുമായ സകാരത്തിന് ദീർഘമായ നാമി ഉപധയായി വന്നാൽ ഷകാരം വരികയില്ല.

Note ഇത് പദാദിയിൽ വരുന്ന, യകാരം പരമായ സകാരത്തിന് ഷകാരം വരും; നാമികളാൽ ഉപഹിതമാവുമ്പോൾ എന്ന വിധിയുടെ അപവാദമാണ് ഹ്രസ്വങ്ങളായ നാമികൾ പൂർവ്വം വരുമ്പോഴേ പദാദിയിലുള്ള യകാരം പരമായ സകാരം ഷകാരമാകുകയുള്ളൂ.

'ഉ' എന്ന പദം പൂർവ്വം വരുമ്പോൾ, പദാദിയിലുള്ള യകാരം പരമായ സകാരത്തിന് ഷകാരം വരുകയില്ല; ഉകാരത്തിന്റെ പൂർവ്വം സ്പർശാക്ഷരം ഇല്ലെങ്കിൽ.

Note ഈ ശ്ലോകത്തിന്റെ ആദ്യത്തെ രണ്ടുവരികൾകൊണ്ട്, നേരത്തെ വിധിയനുസരിച്ച് ഷത്വം അപ്രാപ്യമായിടത്ത് -അത് വിധിയ്ക്കുകയും പ്രാപ്തമായിരുന്ന ചില സ്ഥലത്ത് നിഷേധിയ്ക്കുകയുമാണ് ചെയ്തത്. പിന്നത്തെ രണ്ടു വരികളുടെ അർത്ഥം

ഇതാണ്-

അന്തഃപദസ്ഥമാണെങ്കിലും ഷകാരം പൂർവ്വമുള്ള തവർഗ്ഗം ട വർഗ്ഗമായിത്തീരും. (ത, ഥ, ദ, ധ, ന എന്നിവ യഥാക്രമം ട, ഠ, ഡ, ഢ, ണ എന്നായിത്തീരും എന്നർത്ഥം)

**ഉദാഹരണങ്ങൾ**

**1. തേ ഷു ണോ മരുതോ മൃളയന്തു (1.169.5)**

ഇവിടെ തേ/സു/നഃ/മരുതഃ/മൃളയന്തു/ എന്നാണ് പദപാഠം. (തേ എന്നതിനു ആ മരുത്തുക്കൾ എന്നും സു എന്നതിന് സുഷ്ഠു എന്നുമാണ് അർത്ഥം)

തേ എന്ന പദത്തിലെ 'ഏ'കാരമാകുന്ന നാമി കഴിഞ്ഞുവന്ന സു എന്നതിന്റെ സകാരം ഷകാരമായിരിയ്ക്കുന്നു സംഹിതയിൽ. 'നഃ' എന്ന പദം സു കഴിഞ്ഞ് വന്നതുകൊണ്ടാണിത്.

ത്വേ സു പുത്ര ശവസഃ (9.92.14)

എന്ന സംഹിതയിൽ ത്വേ എന്ന ഏകരം കഴിഞ്ഞുവരുന്ന സു എന്നതിന്റെ സകാരം ഷകാരമാകുന്നില്ല. അതിനുശേഷം നഃ എന്ന പദം വരാത്തതിനാലാണ് ഷത്വം വരാത്തത്.

**2. വീരൈഃ സ്യാമ സധമാദഃ (5.20.4)**

സ്യാമ എന്ന പദത്തിലെ ആദ്യം വരുന്ന സകാരം യകാരം പരമായിട്ടുള്ളതാണ്. അത് വീരൈഃ എന്ന ഐകാരം കഴിഞ്ഞാണ് വരുന്നത്. ഐകാരം ദീർഘമായ നാമിയായതിനാൽ ഇവിടെ സകാരം ഷകാരമാകുന്നില്ല.

ഗോഭിഷ്ഷ്യാമ സധമാദഃ എന്ന അതേ ഋക്കിൽ ഗോഭിഃ എന്നു കഴിഞ്ഞു വരുന്ന സ്യാമഃ എന്ന യകാരം പരമായ സകാരമാകട്ടെ ഷകാരമായിത്തീരുന്നുമുണ്ട്. അത് ദീർഘമായ നാമ്യന്തമായ പദത്തിൽനിന്ന് പരമല്ലാത്തതിനാലാണ്.

**3. ഏഷ ഉ സ്യ പുരുവ്രതഃ (9.3.10)**

ഏഷഃ/ഊം ഇതി/സ്യ/പുരുƒവ്രതഃ/ എന്നാണ് പദപാഠം. ഇവിടെ ഉ എന്ന പദം കഴിഞ്ഞ് വരുന്ന യകാരം പരമായ സകാരമാണ് 'സ്യ' എന്ന പദത്തിലെ സകാരം. സകാരത്തിന് ഷത്വം വന്നിട്ടില്ല. എന്തെന്നാൽ ഉകാരം നാമിയാണെങ്കിലും സ്പർശാക്ഷരംപൂർവ്വമില്ല.

ഉദുഷ്യ ശരണേ ദിവഃ (8.25.19)

ഇവിടെ പദപാഠം ഉത്/ഊം ഇതി/ സ്യഃ/ശരണേ/ദിവഃ/ എന്നാണ്. ഇവിടെ സ്യ എന്ന പദത്തിന്റെ പൂർവ്വമുള്ള നാമിയായ ഉകാരം സ്പർശപൂർവ്വമാണ്. അതിനാൽ സംഹിതയിൽ 'ഉദുഷ്യ ശര

ണേ ദിവഃ' എന്ന് സകാരത്തിനു ഷകാരം വന്നു.

**4. 1. കഃ സ്വിത് വൃക്ഷോ നിഷ്ഠിതോ മദ്ധ്യേ അർണസഃ (1.182.7)**

കഃ/സ്വിത്/വൃക്ഷഃ/നിഃƒസ്ഥിതഃ/മദ്ധ്യേ/അർണസഃ/ എന്നാണ് ഇവിടെ പദപാഠം.

നിഃസ്ഥിതഃ എന്ന പദത്തിലെ സ്ഥിതഃ എന്ന സകാരത്തിന് നിഃ എന്ന് ഇകാരമാകുന്ന നാമിയാൽ ഉപഹിതമായതിനാൽ ഷകാരം വരുന്നു. സ്ഥിതഃ എന്ന പദത്തിലെ ഥകാരത്തിന് ഷകാരത്തിൽ നിന്ന് പരമായതിനാൽ ഠകാരം വരുന്നു. അങ്ങനെ നിഷ്ഠിതഃ എന്ന് സംഹിതയിൽ പ്രയോഗം.

**4.2. ആപോ ഹി ഷ്ഠാ മയോ ഭുവഃ (10.9.1)**

ആപഃ ഹി/ സ്ഥ/മയഃƒഭുവഃ/ എന്നാണ് പദപാഠം. ഹി എന്ന ഇകാരമാകുന്ന നാമിയാൽ ഉപഹിതമാകയാൽ സ്ഥ എന്ന പദത്തിലെ സകാരം ഷകാരമായി. ഷകാരത്തിൽനിന്ന് പരമായതിനാൽ തവർഗ്ഗാക്ഷരമായ ഥകാരത്തിന് ടവർഗ്ഗദ്വിതീയമായ ഠകാരം വന്നു. അങ്ങനെ ഷ്ഠ എന്നായി.

തവർഗ്ഗത്തിൽനിന്ന് പൂർവ്വം ഷകാരമല്ലെങ്കിൽ തവർഗ്ഗാക്ഷരം ടവർഗ്ഗാക്ഷരമാകില്ല.

യുവം ഹി സ്ഥഃ സ്വർപതീ (9.19.2)

ഇവിടെ സംഹിതയിൽ സ്ഥഃ എന്ന പദത്തിലെ ഥകാരം ഠകാരമായില്ല. പൂർവ്വം ഷകാരമില്ലാത്തതിനാലാണത്.

**4. സിതാം സധസ്ഥാത് സ്തനിഹി സ്തവാമാ**
**സ്തവേ സ്തുവന്തി സ്തുഹി സീംസ്തുതഃ സ്ഥ ।**
**സാഹി സ്തഃ സ്തൂപ് സത്സി സത് സത് സ്വനീതി**
**സ്തോമേത്യാദിശ്ചാപി ബഹ്വക്ഷരാന്ത്യഃ ।।**

സിതാം, സധസ്ഥാത്, സ്തനിഹി, സ്തവാമ, സ്തവേ, സ്തുവന്തി, സ്തുഹി, സീം, സ്തുത, സ്ഥ, സാഹിസ്തഃ, സ്തൂപ്, സത്സി, സത്സത്, സ്വനി എന്നീ പദങ്ങളുടെ ആദിയിലുള്ള സകാരവും സ്തോഭ എന്ന സപ്രവാദമായ പദത്തിന്റെ ആദിയിലുള്ള സകാരവും, ബഹ്വക്ഷരാന്ത്യങ്ങളായ നാമികളാൽ ഉപഹിതമാകുമ്പോഴും ഷകാരമായിത്തീരും. ബഹ്വക്ഷരാന്ത്യങ്ങളായ നാമികളാൽ ഉപഹിതമാകുമ്പോഴും എന്നു പറഞ്ഞതിനാൽ ബഹ്വക്ഷരമല്ലാത്ത നാമ്യന്തങ്ങളാൽ ഉപഹിതമാകുമ്പോഴും നമിക്കും (സകാരം ഷകാരമാകും) എന്നർത്ഥം ലഭിയ്ക്കുന്നു.

**ഉദാഹരണങ്ങൾ**

**1. പദി ഷിതാമമുഞ്ചതാ യജത്രാഃ (4.12.6)**

പദി/സിതാം/അമുഞ്ചത/യജത്രാഃ/ എന്ന് പദപാഠം. 'പദി' എന്ന് ബഹ്വക്ഷരമല്ലാത്ത നാമ്യന്തമായ പദത്തിൽനിന്ന് പരമായ 'സിതാം' എന്ന പദത്തിലെ ആദ്യവർണ്ണമായ സകാരം ഷകാരമായി.

സിതാം എന്ന പദത്തിന് ബദ്ധാം എന്നും 'പദി' എന്ന ശബ്ദത്തിന് പാദേ (കാലിൽ) എന്നുമാണ് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നത്.

**2. നിഷ്ഷീമദ്ഭ്യോ ധമഥോ നിഷ്ഷധസ്ഥാത് (5.31.9)**

നിഃ/സീം/അദ്ഭ്യഃ/ധമഥഃ/നിഃ/സധസ്ഥാത്/ എന്നാണ് പദപാഠം.

നിഃ സധസ്ഥാത് എന്ന്, നി എന്ന ബഹ്വക്ഷരമല്ലാത്ത നാമ്യന്തത്തിൽനിന്ന് പരമായ സധസ്ഥാത് എന്ന പദത്തിന്റെ ആദ്യത്തെ സകാരം ഷകാരമാകുന്നു. പിന്നീട്, ഷകാരമാകുന്ന ഊഷ്മാവ് പരമായതിനാൽ വിസർഗ്ഗവും ഷകാരമായിത്തീരുന്നു. അങ്ങനെ ' നിഷ്ഷധസ്താത്' എന്ന് സംഹിതയിൽ പ്രയോഗം. 'നിഃ സീം' എന്നത് ഇതുപോലെ 'നിഷ്ഷീമ്' എന്നായിത്തീരുന്നു.

'സീം' എന്നതിന് ഏനം (ഇവനെ) എന്നും 'സധസ്ഥാത്' എന്നതിന് സ്വകീയാത് സ്ഥാനാത് (സ്വന്തം സ്ഥാനത്തുനിന്ന്) എന്നും സായണൻ അർത്ഥം വിവരിച്ചിരിയ്ക്കുന്നു.

**3. നിഷ്ടനിഹി ദുരിതാബാധമാനഃ (6.47.30)**

നിഃ/സ്തനിഹി/ദുഃ/ഇതാ/ബാധമാനഃ/ എന്നാണ് ഇവിടെ പദപാഠം.

നിഃ എന്ന പദം അബഹ്വക്ഷരമായ നാമ്യന്തമായ പദമാണ്. 'സ്തനിഹി' എന്ന പദത്തിന്റെ ആദിയിലുള്ള സകാരം ഷകാരമായിത്തിരുന്നു. പിന്നീട് ഷകാരം പൂർവ്വമുള്ള തവർഗ്ഗാക്ഷരമായതിനാൽ തകാരത്തിന് ടകാരം വന്ന് 'നിഷ്ടനിഹി' എന്ന് സംഹിതയിൽ പ്രയോഹം. 'അത്യധികമായി ശബ്ദിയ്ക്കൂ' എന്നാണ് നിഷ്ടനിഹി എന്ന പദത്തിന്റെ അർത്ഥം പറഞ്ഞിരിയ്ക്കുന്നത്.

**4. തമുഷ്ടവാമ യം ഗിരഃ (8.95.6)**

തമ്/ഊംഇതി/സ്തവാമ/യം/ഗിരഃ/ എന്നാണ് പദപാഠം.

ഉ എന്ന നാമ്യന്തമായ പദം കഴിഞ്ഞ് സ്തവാമ എന്ന പദം. അതിനാൽ ആദിയിലുള്ള സകാരം നമിച്ച് ഷകാരമാകുന്നു. ആ ഷകാരം പൂർവ്വമുള്ളതിനാൽ സ്ത എന്ന സകാരം കഴിഞ്ഞ് വരുന്ന തകാരം ടകാരമായിത്തീർന്ന് ഷ്ടവാമ എന്നായിത്തീരുന്നു.

'ഉ' എന്നത് 'ഏവ'കാരത്തിന്റെ അർത്ഥത്തിലാണ്; സ്തവാമ എന്നത് 'ഇനി നമുക്ക് സ്തുതിയ്ക്കാം' എന്ന അർത്ഥത്തിലും.

**5. വിശ്വാ യദ്വാമനുഷ്ടവേ (5.73.4)**

വിശ്വാ/യത്/വാം/അനു/സ്തവേ/ എന്നാണ് പദപാഠം. അനു എന്ന ഉകാരമാകുന്ന നാമികഴിഞ്ഞ് 'സ്തവേ' എന്ന പദം വന്നിരിയ്ക്കുന്നു. അതിനാൽ ആദ്യത്തെ സകാരം ഷകാരമായി. ആ ഷകാരത്തിൽനിന്ന് പരമായതിനാൽ തകാരം ടകാരമായി ഷ്ടവേ എന്ന് സംഹിതയിൽ പ്രയോഗം.

**6. അനുഷ്ടുവന്തി പൂർവ്വഥാ (8.3.8)**

അനു/സ്തുവന്തി/പൂർവ്വഥാ/ എന്ന് പദപാഠം. അനു എന്ന ഉകാരമാകുന്ന നാമികഴിഞ്ഞ് വരുന്ന സ്തുവന്തി എന്ന പദത്തിന്റെ ആദിയിലുള്ള സകാരത്തിന് ഷകാരം വരുന്നു. ആ ഷകാരത്തിൽ നിന്ന് പരമായതിനാൽ തകാരത്തിന് ടകാരം വന്ന് ഷ്ടുവന്തി എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**7. തമു ഷ്ടുഹീന്ദ്രം യോ ഹ സത്വാ (1.173.5)**

തമ്/ഊം ഇതി/സ്തുഹി/ഇന്ദ്രം/യഃ/ഹ/സത്വാ/ എന്നാണ് പദപാഠം. ഉ എന്ന നാമി കഴിഞ്ഞ സ്തുഹി എന്ന പദം പരമായിരിയ്ക്കുന്നു. അതിന്റെ ആദ്യത്തെ സകാരം ഷകാരമായിത്തീർന്ന്, ഷകാരത്തിൽനിന്ന് പരമായതിനാൽ തകാരം ടകാരമായിത്തീർന്ന് ഷ്ടുഹി എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**8. നിഷ്ഷീമദ്ഭ്യോ ധമഥോ നിഷ്ഷധസ്ഥാത്.**

ഈ ഉദാഹരണം നേരത്തെ വിവരിച്ചിട്ടുണ്ട്.

**9. നൂ ഷ്ടുത ഇന്ദ്ര നൂ ഗൃണാനഃ (4.16.21)**

നു/സ്തുത/ഇന്ദ്ര/നു/ഗൃണാനഃ/ എന്നാണ് പദപാഠം 'നു' എന്ന ഉകാരമാകുന്ന നാമി അന്തത്തിലുള്ള പദത്തിൽനിന്ന് പരമായ 'സ്തുത' എന്ന പദത്തിന്റെ ആദിയിലുള്ള സകാരം ഷകാരമായിത്തീർന്ന്, ആ ഷകാരത്തിൽനിന്ന് പരമായ 'തു' എന്ന തകാരം ടകാരമായി 'ഷ്ടുത' എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**10. ആപോ ഹിഷ്ഠാമയോഭുവഃ (10.9.1)**

സ്ഥ എന്നത് ഷ്ഠാ എന്നായിരിയ്ക്കുന്നു. ഇത് നേരത്തെ വിവരിച്ചതാണ്.

**11. വിഷാഹ്യഗ്നേ ഗൃജതേ മനീഷാം (4.11.2)**

വി/സാഹി/അഗ്നേ/ഗൃജതേ/മനീഷാം/ എന്ന് പദപാഠം. വി എന്ന ഇകാരമാകുന്ന നാമ്യന്തത്തിൽനിന്ന് സാഹി എന്ന പദം പരമായിട്ടുണ്ട്. സാഹി എന്ന പദത്തിലെ ആദിയിലുള്ള സകാരത്തിന് ഷകാരം വന്ന് ഷാഹി എന്നാകുന്നു സംഹിതയിൽ. വിഷാഹി എന്നതിന് വിമുഞ്ച എന്നാണ് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നത്.

**12. നാസ്യ തേ മഹിമാനം പരിഷ്ടാ (1.61.8)**

ന/അസ്യ/തേ ഇതി/മഹിമാനം/പരി/സ്തഃ/ എന്നാണ് പദപാഠം. പരി എന്ന് ഇകാരമാകുന്ന നാമി അന്തത്തിലുള്ള പദം കഴിഞ്ഞ് സ്തഃ എന്ന്  എന്ന് പരമായി വന്നപ്പോൾ സ്തഃ എന്നതിന്റെ സ കാരത്തിന് ഷകാരം വന്നതിനുശേഷം, ഷകാരത്തിൽനിന്ന് പര മായ തകാരത്തിന് ടകാരം വന്ന് സംഹിതയിൽ പരിഷ്ട എന്ന പ്ര യോഗം.

**13. സോമോ വിരാജ മനു രാജതി ഷ്ടുപ് (9.96.18)**

സോമഃ/വി/രാജം/അനു/രാജതി/സ്തൂപ്/ എന്നാണ് ഇതിന്റെ പ ദപാഠം.

രാജതി എന്ന ബഹ്വക്ഷരയുക്തമായ നാമ്യന്തത്തിൽനിന്ന് പര മായ 'സ്തൂപ്' എന്ന പദത്തിന്റെ ആദിയിലുള്ള സകാരത്തിന് ഷ കാരം വന്നതിനുശേഷം, ആ ഷകാരത്തിൽനിന്ന് പരമായ തകാര ത്തിന് ടകാരം വന്ന് ഷ്ടുപ് എന്നായിത്തീർന്നു സംഹിതയിൽ.

**14. അഗ്നേ നി ഷത്സി നമസാധി ബർഹിഷി (8.23.26)**

അഗ്നേ/നി/സത്സി/നമസാ/അധി/ബർഹിഷി/ എന്നാണ് പദ പാഠം. നി എന്ന ബഹ്വക്ഷരയുക്തമല്ലാത്ത നാമ്യന്തത്തിൽനിന്ന് പരമായ സത്സി എന്ന പദത്തിലെ ആദ്യത്തെ സകാരത്തിന് ഷ കാരം വന്നിരിയ്ക്കുന്നു. സംഹിതയിൽ 'നി ഷത്സി' എന്ന് പ്ര യോഗം. നി സത്സി എന്നതിന് 'നിഷീദ' (ഇരുന്നാലും) എന്ന് സാ യണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നു.

**15. നി ഹി ഷത്സദന്തരഃ പൂർവ്വോ അസ്മത് (10.53.1)**

നി/ഹി/സത്സത്/അന്തരഃ/പൂർവ്വഃ/അസ്മത്/ എന്നാണ് പദ പാഠം.

ഹി എന്ന ഇകാരമാകുന്ന നാമ്യന്തമായ പദം കഴിഞ്ഞ് 'സത്സത്' എന്ന പദം പരമായി വന്നിരിയ്ക്കുന്നു. ആദ്യത്തെ സകാരം ഷ കാരമായിത്തീരുന്നു. നി ഹി ഷത്സത് എന്ന് സംഹിതയിൽ പാഠം.

**16. യദി ക്ലോശമനു ഷ്വണി (6.46.14)**

യദി/ക്ലോശം/അനു/സ്വനി/ എന്ന് പദപാഠം. അനു എന്ന ഉകാ രരൂപമായ നാമി അന്തത്തിലുള്ള പദത്തിൽനിന്ന് സ്വനി എന്ന ശ ബ്ദം പരമായി വന്നിരിയ്ക്കുന്നു. സകാരത്തിന് ഷകാരം വന്ന് ഷ്വ നി എന്നായി. പിന്നീട് നകാരത്തിന് ണകാരവും വരുന്നു.

**17. പരിഷ്ടോഭത വിംശതിഃ (1.80.9)**

പരി/സ്തോഭത/വിംശതിഃ/ എന്ന് പദപാഠം. ഇവിടെ പരി എ ന്ന നാമ്യന്തം കഴിഞ്ഞ് സ്തോഭത എന്ന് പരമായിട്ടുണ്ട്. സകാര

ത്തിന് ഷകാരവും, തകാരത്തിന് ടകാരവും വന്ന് ഷ്ടോഭത എന്ന് സംഹിതയിൽ പാഠം.

Note: പ്രവാദത്തോടുകൂടിയ സ്തോഭ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരമായ സകാരം നമിയ്ക്കും എന്നാണല്ലോ പറഞ്ഞിരിയ്ക്കുന്നത്. 'പ്രവാദം' എന്ന പദത്തിന് 1. പരമ്പരാഗതവാക്യേ ലോകേഷു. 2. പ്രസിദ്ധേ ലോകവാദേ. 3. പരസ്പരകഥോപകഥനേ ച എന്നാണ് വാചസ്പത്യത്തിൽ അർത്ഥം കാണുന്നത്. 'പരിഷ്ടോഭത വിംശതിഃ എന്നത് വൃത്രനെ വധിച്ച ഇന്ദ്രനെ സ്തുതിയ്ക്കുന്ന സൂക്തത്തിലെ ഒരു ഋക്കിന്റെ ഭാഗമാണ്. വിംശതി (ഇരുപത്) എന്ന സംഖ്യ 16 ഋത്വിക്കുകളും, യജമാനനും, പത്നിയും, സദസ്യനും, ശമിതാവും ചേരുമ്പോൾ ഉണ്ടാവുന്നതാണ്. ഈ ഇരുപത് എന്ന സംഖ്യ ചുറ്റുംനിന്ന് സ്തുതിച്ചു എന്നാണ് 'പരിഷ്ടോഭത വിംശതി' എന്നതിന്റെ അർത്ഥം. സ്തോഭതി എന്നതിന് സ്തുതിയ്ക്കുക എന്നാണർത്ഥം.

**5. നി പരീതി സ്വസീത്യാദീ ചകാരവർഗ്ഗീയോദയൌ ।**
**ദകാരേ ചോത്തരേ പരാൻ സേ സസീതി സ്വരോദയേ ।।**

നി, പരി എന്നിവ ഇകാരമാകുന്ന നാമികൾ അന്തത്തിലുള്ളവയാണല്ലോ. ഇവ കഴിഞ്ഞ്, ചവർഗ്ഗത്തിൽപ്പെട്ട വർണ്ണം പരമായി വരുന്ന സ്വ, സി എന്നിവ വന്നാൽ അവയുടെ സകാരങ്ങൾക്ക് നതി വരും. സേ, സ, സീ എന്നിവ പദാദിയിൽ വരുകയും അവ സ്വരം പരമായ ദകാരം പരമായതും ആണെങ്കിലും നി, പരി എന്നിവ അവയെ (സകാരങ്ങളെ) നമിപ്പിയ്ക്കും.

**ഉദാഹരണങ്ങൾ**

**1. മഹാന്തം കോശമുദചാ നിഷിഞ്ച (5.83.8)**

മഹാന്തം/കോശം/ഉത്/അച/നി/സിഞ്ച/ എന്നാണ് ഇവിടെ പദപാഠം.

സിഞ്ച എന്ന പദത്തിലെ സി ചവർഗ്ഗത്തിൽപ്പെട്ട വർണ്ണം പരമായിട്ടുള്ളതാണ്. സിഞ്ച എന്നത് നി എന്ന് കഴിഞ്ഞ് വരികയും ചെയ്തിരിയ്ക്കുന്നു. ആയതിനാൽ സംഹിതയിൽ 'നിഷിഞ്ച' എന്നായിത്തീർന്നു.

**2. പരി സഹസ്രധാരഃ പരിഷിച്യതേ ഹരിഃ (9.86.33)**

സഹസ്രധാരഃ/പരി/സിച്യതേ/ഹരിഃ/ എന്നാണ് ഇവിടെ പദപാഠം.

ഇവിടെ പരി എന്ന നാമി കഴിഞ്ഞ് ചകാരം പരമായ സി (സിച്യതേ) വന്നിട്ടുള്ളതിനാൽ സകാരത്തിന് നതി വന്ന് ഷകാരമാ

യിത്തീർന്നിരിയ്ക്കുകയാണ്.

**3. പരിഷ്വജധ്വം ദശ കക്ഷ്യാഭിഃ (10.101.10)**

പരി/സ്വജധ്വം/ദശ/കക്ഷ്യാഭിഃ/ എന്നാണ് ഇവിടെ പദപാഠം.

ഇവിടെ പരി എന്ന നാമി കഴിഞ്ഞ് ചവർഗ്ഗത്തിലെ ജ എന്ന വർണ്ണം പരമായി വരുന്ന സ്വ എന്ന പദം വന്നിട്ടുണ്ട്. അതിനാൽ സംഹിതയിൽ പരിഷ്വജധ്വം എന്ന് വന്നിരിയ്ക്കുന്നു.

**പ്രത്യുദാഹരണം.**

**വ്യുച്ഛന്തീ പരി സ്വസുഃ (4.52.1)**

ഇവിടെ പരി എന്ന നാമ്യന്തം കഴിഞ്ഞ് സ്വ എന്ന് പരമായിട്ടുണ്ടെങ്കിലും, സ്വ കഴിഞ്ഞ് ചവർഗ്ഗത്തിൽപ്പെട്ട വർണ്ണം വരാത്തതിനാൽ സകാരം നമിയ്ക്കുന്നില്ല. അതിനാൽ പരി സ്വസുഃ എന്നേ വരുന്നുള്ളൂ. പരിഷ്വസുഃ എന്നു വരുന്നില്ല.

**4. പരി യജ്ഞം നി ഷേദധുഃ (4.56.7)**

പരി/യജ്ഞം/നി/സേദധുഃ/ എന്നാണ് ഇവിടെ പദപാഠം.

നി എന്ന നാമ്യന്തം കഴിഞ്ഞ് ദകാരം പരമായ 'സേ' പദാദിയിൽ വന്നതിനാൽ സകാരത്തിന് സംഹിതയിൽ നതി വന്നിരിയ്ക്കുന്നു. 'സേദധുഃ' എന്ന പദത്തിലെ ദകാരം കഴിഞ്ഞ് സ്വരമുള്ളതിനാൽ (ദ്+അ=ദ) ഈ ദകാരം സ്വരപരവും ആണ്.

നി സേദധുഃ എന്നത് നിഷേദധുഃ എന്നായി എന്നു താൽപ്പര്യം.

**5. നിഷദാ പീതയേമധു (8.97.8)**

നി/സദ/പീതയേ/മധു/ എന്നാണ് ഇവിടെ പദപാഠം.

നി എന്ന നാമ്യന്തപദം കഴിഞ്ഞ് സ്വരം പരമായ ദകാരം പരമുള്ള സ എന്ന് വന്നിട്ടുള്ളതിനാൽ സകാരം നമിച്ച് സംഹിതയിൽ നിഷദാ പീതയേ മധു എന്ന് പാഠം.

**6. ശുനം നരഃ പരിഷദന്നുഷാസം (4.3.11)**

ശുനം/നരഃ/പരി/സദൻ/ഉഷസം/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ പരി എന്ന നാമ്യന്തപദം കഴിഞ്ഞ് സദൻ എന്ന പദമുണ്ട്. സദൻ എന്ന പദത്തിലെ സകാരം കഴിഞ്ഞ് ദകാരം വരുന്നുണ്ട്. ആ ദകാരം കഴിഞ്ഞ് അകാരമുള്ളതിനാൽ സ്വരം പരമായ ദകാരമാണ് അത്. അതിനാൽ സകാരത്തിന് ഷകാരം (നതി) വന്ന് പരിഷദൻ എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**7. നി ഷീദ ഹോത്രമൃതുഥാ യജസ്വ (10.98.4)**

നി/സീദ/ഹോത്രം/ഋതുƒഥാ/യജസ്വ/ എന്നാണ് ഇവിടെ പദപാഠം. നി എന്ന നാമ്യന്തപദം കഴിഞ്ഞ് സീദ എന്ന പദം പരമായിരിയ്ക്കുന്നു. സീദ എന്നതിലെ സീ എന്നത് സ്വരം പരമായിട്ടുള്ള

ദകാരം പരമായിട്ടുള്ളതാണ്. അതിനാൽ സംഹിതയിൽ നിഷീദ എന്ന് സകാരത്തിന് നതി വന്ന് ഷകാരമായിത്തീർന്ന പ്രയോഗം.

**പ്രത്യുദാഹരണങ്ങൾ**

**1. ഇമം യമ പ്രസ്തരമാഹിസീദ (10.14.4)**

ഇവിടെ 'ഹി സീദ' എന്നത് 'ഹി ഷീദ' എന്നാകുന്നില്ല- നി,പരി എന്നീ നാമ്യന്തങ്ങളിൽനിന്ന് പരമല്ലാത്തതിനാൽ.

**2. നി സമനാ ഭൂമിഃ (5.47.4)**

ഇവിടെ നി എന്ന നാമ്യന്തത്തിൽ നിന്ന് പരമാണെങ്കിലും സമനാ എന്ന പദത്തിലെ സകാരത്തിന് സംഹിതയിൽ നതി വരുന്നില്ല- എന്തെന്നാൽ സകാരം കഴിഞ്ഞ് ദകാരം പരമായിട്ട് വന്നിട്ടില്ല.

**3. ദിവശ്ചരന്തി പരിസദ്യോ അന്താൻ (5.47.4)**

പരി സദ്യഃ എന്ന പദപാഠത്തിൽ പരി എന്ന നാമ്യന്തം കഴിഞ്ഞ് ദകാരം പരമുള്ള സകാരമാണ് വന്നിരിയ്ക്കുന്നത് എങ്കിലും സംഹിതയിൽ സകാരം നമിയ്ക്കുന്നില്ല; കാരണം ആ സകാരം സ്വരം പരമായ ദകാരം പരമുള്ളതല്ല. ദ്യ എന്നതിൽ ദ് കഴിഞ്ഞ് യകാരമാണല്ലോ വരുന്നത്.

**6. സേധ സ്വാപയ സസ്വജേ സസ്വജാതേ സസാദ ച |**
**സന്തം സന്തഃ സന്തിപൂർവ്വീഃ സ്ഥുഃ സ്ഥാഃ സ്ഥാദിതി ചോത്തരഃ ||**

നി, പരി എന്നീ നാമികൾ പദത്തിന്റെ ആദിയിലുള്ള സേധ, സ്വാപയ, സസ്വജേ, സസ്വജാതേ, സസാദ എന്നീ സകാരങ്ങളേയും നമിപ്പിയ്ക്കുന്നു. അതായത് നി, പരി എന്നിവ കഴിഞ്ഞുവരുന്ന മേൽപ്പറഞ്ഞ പദങ്ങളുടെ ആദ്യം വരുന്ന സകാരം ഷകാരമായി മാറുന്നു.

ഇവയിൽ ഉത്തരമായ (രണ്ടാമത്തെ) നാമി സന്തം, സന്തഃ, സന്തി പൂർവീഃ, സ്ഥുഃ, സ്ഥാഃ, സ്ഥാത് എന്നിവയുടെ പദാദിയിലുള്ള സകാരത്തെ നമിപ്പിയ്ക്കുന്നു. ഉത്തരമായ നാമി എന്നതുകൊണ്ടുദ്ദേശിയ്ക്കുന്നത് 'പരി' എന്നതിനേയാണ്. നി, പരി എന്നിവയിൽ രണ്ടാമതു വരുന്നത് അതാണല്ലോ. ഉത്തരം എന്നതിന് ഇവിടെ 'പിന്നീട് വരുന്നത്' എന്നർത്ഥം.

ഉദാഹരണങ്ങൾ.

**1. വാചസ്പതേ നി ഷേധേമാൻ (10.166.3)**

വാചഃ/പതേ/നി/സേധ/ഇമാൻ/ എന്നാണ് ഇവിടെ പദപാഠം. നി എന്ന നാമി കഴിഞ്ഞ് സേധ എന്ന പദം പരമായി വന്നിരിയ്ക്കുന്നു. അതിനാൽ പദാദിയിലുള്ള സകാരം നമിയ്ക്കുന്നു. സം

ഹിതയിൽ നിഷേധേമാൻ എന്നാകുന്നു.

**2. നിഷ്വാപയാ മിഥൂദൃശാ (1.29.3)**

നി/സ്വാപയ/മിഥൂ*f*ദൃശാ/ എന്നാണ് ഇവിടെ പദപാഠം. നി എന്ന നാമി കഴിഞ്ഞ് സ്വാപയ എന്ന പദം പരമായി വന്നിരിയ്ക്കുന്നു. അതിനാൽ പദാദിയിലുള്ള സകാരം നമിയ്ക്കുന്നു. സംഹിതയിൽ നിഷ്വാപയാ എന്നാകുന്നു.

**3. തമിന്ദുഃ പരി ഷസ്വജേ (9.12.5)**

തം/ഇന്ദുഃ/പരി/സസ്വജേ/ എന്ന് പദപാഠം. പരി എന്ന നാമി കഴിഞ്ഞ് സസ്വജേ എന്ന പദം പരമായി വന്നിരിയ്ക്കുന്നു. പദാദിയിലുള്ള സകാരം സംഹിതയിൽ ഷകാരമായിത്തീർന്ന് പരിഷസ്വജേ എന്നായി.

4. സമാനം വൃക്ഷം പരിഷസ്വജാതേ (1.164.20)

സമാനം/വൃക്ഷം/പരി/സസ്വജാതേ ഇതി/ എന്ന് പദപാഠം. പരി എന്ന നാമി കഴിഞ്ഞ് സസ്വജാതേ എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ ആദിയിലുള്ള സകാരം ഷകാരമായിത്തീർന്നിരിയ്ക്കുന്നു. സംഹിതയിൽ സമാനം വൃക്ഷം പരിഷസ്വജാതേ എന്നാണ് പ്രയോഗം.

**5. നിഷസാദ ധൃതവ്രതഃ (1.25.10)**

നി/സസാദ/ധൃതവ്രതഃ/ എന്നാണ് ഇവിടെ പദപാഠം. നി എന്ന നാമി കഴിഞ്ഞ് സസാദ എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ ആദ്യത്തെ സകാരം ഷകാരമായി, സംഹിതയിൽ നിഷസാദ എന്ന് പ്രയോഗം.

**6. അസ്മേ വത്സം പരിഷന്തം ന വിന്ദൻ (1.72.2)**

അസ്മേ ഇതി/വത്സം/പരി/സന്തം/ന/വിന്ദൻ/ എന്നാണ് ഇവിടെ പദപാഠം. പരി എന്ന നാമി കഴിഞ്ഞ് സന്തം എന്ന പദം പരമായിട്ടുണ്ട്. അതിനാൽ ആദ്യത്തെ സകാരത്തിന് നതി വന്ന് 'ഷ' എന്നായി, സംഹിതയിൽ പരിഷന്തം എന്നു പ്രയോഗിച്ചിരിയ്ക്കുന്നു.

**7. നാദ്രയഃ പരിഷന്തോ വരന്ത (3.32.16)**

ന/അദ്രയഃ/പരി/സന്തഃ/വരന്ത/ എന്നാണ് ഇവിടെ പദപാഠം. പരി എന്ന നാമ്യന്തപദം കഴിഞ്ഞ് സന്തഃ എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ സന്തഃ എന്ന പദത്തിന്റെ ആദിയിലുള്ള സകാരം നമിച്ച്, സംഹിതയിൽ ഷകാരമായി പ്രയോഗം.

**8. താ ഈം വിശ്വതഃ പരിഷന്തി പൂർവ്വീഃ (9.89.5)**

താഃ/ഈം/വിശ്വതഃ/പരി/സന്തി/പൂർവ്വീഃ/ എന്നാണ് ഇവിടെ പദപാഠം. പരി എന്ന നാമ്യന്തപദം കഴിഞ്ഞ്, പൂർവ്വീഃ എന്ന പദം പി

ന്നീടുള്ള സന്തി എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ സന്തി എന്ന പദത്തിന്റെ ആദിയിലുള്ള സകാരം നമിച്ച് ഷകാരമായി സംഹിതയിൽ പരിഷന്തി പൂർവ്വീഃ എന്ന് പ്രയോഗം.

Note: പൂർവ്വീഃ എന്ന പദം പിന്നീട് വരാത്ത സന്തി എന്ന പദത്തിലെ ആദ്യസകാരത്തിന് നതി വരുകയില്ല. 'ധക്ഷോർന്ന വാതാഃ പരി സന്ത്യച്ച്യുതാഃ' (10.115.4). ഇവിടെ പരി എന്ന നാമിയിൽ നിന്ന് പരമായ സന്തി എന്ന പദത്തിലെ സകാരത്തിന് ഷകാരം വരാത്തത്, പിന്നീട് പൂർവ്വീ എന്ന പദം ഇല്ലാത്തതിനാലാണ്.

**9. അർണ്ണോ ന ദ്വേഷോ ധൃഷതാ പരി ഷ്ഠുഃ (1.167.9)**

അർണ്ണഃ/ന/ദ്വേഷഃ/ധൃഷതാ/പരി/സ്ഥുഃ/ എന്നാണ് ഇവിടെ പദപാഠം. പരി എന്ന നാമ്യന്തം കഴിഞ്ഞ് സ്ഥുഃ എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ സ്ഥുഃ എന്ന പദത്തിന്റെ ആദ്യത്തെ വർണ്ണമായ സകാരം നമിച്ച് ഷ എന്നായിത്തീരുന്നു. തകാരവർഗ്ഗസ്തു ടകാരവർഗ്ഗമന്തഃ പദസ്ഥോ*f*പി ഷകാരപൂർവ്വഃ എന്ന നിയമമനുസരിച്ച് ഥകാരം ഠകാരവും ആയിത്തീരുന്നു.

**10. പരി ഷ്ഠാ ഇന്ദ്രമായയാ (4.30.12)**

പരി/സ്ഥാഃ/ഇന്ദ്ര/മായയാ/ എന്നാണ് ഇവിടെ പദപാഠം. പരി എന്ന നാമ്യന്തം കഴിഞ്ഞ് സ്ഥാഃ എന്ന പദം പരമായി വന്നിരിയ്ക്കുന്നു. അതിനാൽ സ്ഥാഃ എന്ന പദത്തിന്റെ ആദിയിലുള്ള സകാരത്തിന് ഷകാരവും, പിന്നീട് ഥകാരത്തിന് ഠകാരവും വന്ന് പരിഷ്ഠാഃ എന്ന് സംഹിതയിൽ പ്രയോഗം.

**11. മാനോ മർത്തസ്യ ദുർമതിഃ പരിഷ്ഠാത് (3.15.6)**

മാ/നഃ/മർതസ്യ/ദുർ*f*മതിഃ/പരി/സ്ഥാത്/ എന്നാണ് ഇവിടെ പദപാഠം. പരി എന്ന നാമ്യന്തം കഴിഞ്ഞ് സ്ഥാത് പദം പരമായി വന്നിട്ടുണ്ട്. അതിനാൽ സ്ഥാത് എന്ന പദത്തിന്റെ ആദിയിലുള്ള സകാരത്തിന് ഷകാരം വന്ന്, പിന്നീട് ഥകാരത്തിന് ഠകാരം വന്ന് പരിഷ്ഠാത് എന്നു സംഹിതയിൽ പ്രയോഗം.

**7. ഹി ഷിഞ്ച തു ഷിഞ്ച രജഃ സു ഷീദ–**
**ന്നി തോ ഷിഞ്ചതാഭി ഷതഃ കിമു ഷ്വിത് ।**
**സൂരിഭിഃ ഷ്യാമ ദിവി ഷന്തു കേ ഷ്ഠ**
**പ്രതി ഷ്ഫുര ത്രീ ഷധസ്ഥാ കമു ഷ്വിത് ।।**

ഹി ഷിഞ്ച, തു ഷിഞ്ച, രജഃ സുഷീദൻ, ഇതോ ഷിഞ്ചത, അഭി ഷതഃ, കിമു ഷ്വിത്, സൂരിഭിഃ ഷ്യാമ, ദിവി ഷന്തു, കേ ഷ്ഠ, പ്രതി ഷ്ഫുര, ത്രീ ഷധസ്ഥാ, കമുഷ്വിത്- ഇവ ഇപ്രകാരം നിപതിച്ചിരിയ്ക്കുന്നു.

ഹി എന്ന പദം കഴിഞ്ഞ് വരുന്ന ‘സിഞ്ച’ എന്നത് ‘ഷിഞ്ച’ എന്നാവുന്നു; ‘തു’ കഴിഞ്ഞു വരുന്ന ‘സിഞ്ച’ എന്നതും അതുപോലെ ‘ഷിഞ്ച’ എന്നാവുന്നു. ‘രജഃസു’ എന്ന പദം കഴിഞ്ഞ് വരുന്ന ‘സീദൻ’ എന്നത് ‘ഷീദൻ’ എന്നാവുന്നു. ഇതോ (ഇതഃ) എന്നത് കഴിഞ്ഞുവരുന്ന ‘സിഞ്ചത’ എന്നത് ‘ഷിഞ്ചത’ എന്നാവുന്നു. അഭി എന്ന പദം കഴിഞ്ഞുവരുന്ന ‘സതഃ’ എന്നത് ‘ഷതഃ’ എന്നാവുന്നു. ‘കിമു’ എന്ന പദം കഴിഞ്ഞുവരുന്ന ‘സ്വിത്’ എന്നത് ‘ഷ്വിത്’ എന്നാകുന്നു. ‘സൂരിഭിഃ’ എന്നു കഴിഞ്ഞുവരുന്ന ‘സ്യാമഃ’ എന്നത് ‘ഷ്യാമഃ’ എന്നാവുന്നു. ‘ദിവി’ എന്ന പദം കഴിഞ്ഞുവരുന്ന ‘സന്തു’ എന്നത് ‘ഷന്തു’ എന്നാവുന്നു. ‘കേ’ എന്ന പദം കഴിഞ്ഞുവരുന്ന ‘സ്ഥഃ’ എന്നത് ‘ഷ്ഠഃ’ എന്നാകുന്നു. ‘പ്രതി’ എന്നതുകഴിഞ്ഞ് വരുന്ന ‘സ്ഫുര’ എന്നത് ‘ഷ്ഫുര’ എന്നാവുന്നു. ‘ത്രീ’ എന്ന പദം കഴിഞ്ഞുവരുന്ന ‘സധസ്ഥാ’ എന്നത് ‘ഷധസ്ഥാ’ എന്നാകുന്നു. ‘കമു’ എന്നു കഴിഞ്ഞുവരുന്ന ‘സ്വിത്’ എന്നുള്ളത് ‘ഷ്വിത്’ എന്നാകുന്നു. സകാരം ഷകാരമായി നിപതിച്ചിരിയ്ക്കുകയാണ്.

**ഉദാഹരണങ്ങൾ**

**1. അധ്വര്യവാ തു ഹി ഷിഞ്ച (8.32.24)**

അധ്വര്യോ ഇതി/ആ/തു/ഹി/സിഞ്ച/ എന്നാണ് ഇവിടെ പദപാഠം. സംഹിതയിൽ ‘ഹി ഷിഞ്ച’ എന്നായിരിയ്ക്കുന്നു. സകാരത്തിന് നതി വന്ന് ഷകാരമായതാണ്.

**2. ആ തു ഷിഞ്ച ഹരിമീം ദ്രോരുപസ്ഥേ (10.101.10).**

ആ/തു/സിഞ്ച/ഹരിം/ഈം/ദ്രോഃ/ഉപƒസ്ഥേ/ എന്നാണ് ഇവിടെ പദപാഠം. തു കഴിഞ്ഞ് വരുന്ന സിഞ്ച എന്ന സകാരം നതി വന്ന് ഷകാരമായിരിയ്ക്കുന്നു.

**3. ബുധ്നേ നദീനാം രജഃ സുഷീദൻ (7.34.16)**

ബുധ്നേ/നദീനാം/രജഃƒസു/സീദൻ/ എന്നാണ് ഇവിടെ പദപാഠം. സീദൻ എന്ന പദത്തിലെ സകാരത്തിന് നതി വന്നിരിയ്ക്കുന്നു.

**4. പരീതോ ഷിഞ്ചതാ സുതം (9.107.1)**

പരി/ഇതഃ/സിഞ്ചത/സുതം/ എന്നാണ് ഇവിടെ പദപാഠം. ഇതഃ സിഞ്ചത എന്ന പദങ്ങളിൽ ഇതഃ എന്നത് ഇതോ എന്നായി ഇതോ സിഞ്ചത എന്നതിൽ സിഞ്ചത എന്ന പദത്തിലെ സകാരത്തിന് സംഹിതയിൽ നതി വന്ന് ഷകാരമായിരിയ്ക്കുന്നു.

**5. മഹോ വിശ്വാ് അഭിഷതഃ (8.23.26)**

മഹഃ/വിശ്വാൻ/അഭി/സതഃ/ എന്നാണ് ഇവിടെ പദപാഠം. അഭി സതഃ എന്നത് സകാരത്തിന് ഷകാരം വന്ന് അഭിഷതഃ എന്ന് സംഹിതയിൽ പാഠം.

**6. കിമുഷ്വിദസ്മൈ നിവിദോ ഭനന്ത (4.18.7)**

കിം/ഊം ഇതി/സ്വിത്/അസ്മൈ/ഭനന്ത/ എന്നാണ് ഇവിടെ പദപാഠം.

കിമു സ്വിത് എന്നത് കിമുഷ്വിദ് എന്നായിത്തീർന്നിരിയ്ക്കുന്നു.

**7. ഘ്നന്തോ വൃത്രാണി സൂരിഭിഷ്ഷ്യാമ (7.92.4)**

ഘ്നന്തഃ/വൃത്രാണി/സൂരിf്ഭിഃ/സ്യാമഃ/ എന്നാണ് ഇവിടെ പദപാഠം. സൂരിഭിഃ സ്യാമ എന്നത് സ്യാമ എന്ന പദത്തിലെ സകാരത്തിന് ഷകാരം വന്ന് സൂരിഭിഃ ഷ്യാമ എന്നായി, വിസർഗ്ഗത്തിന് ഷകാരം വന്ന് സൂരിഭിഷ്ഷ്യാമ എന്നായിത്തീർന്നിരിയ്ക്കുന്നു.

**8. ഉത സ്വാനാസോ ദിവി ഷന്ത്വഗ്നേഃ (5.2.10)**

ഉത/സ്വാനാസഃ/ദിവി/സന്തു/അഗ്നേഃ/ എന്നാണ് ഇവിടെ പദപാഠം. സന്തു എന്ന സകാരം ഷകാരമായിത്തീർന്നിരിയ്ക്കുന്നു.

**9. കേ ഷ്ഠാ നരഃ ശ്രേഷ്ഠതമാഃ (5.61.1)**

കേ/സ്ഥ/നരഃ/ശ്രേഷ്ഠതമാഃ/ എന്നാണ് ഇവിടെ പദപാഠം. സ്ഥ എന്ന പദത്തിലെ സകാരം ഷകാരമായതിനുശേഷം ഷകാരം പൂർവ്വത്തിലുള്ള തവർഗ്ഗദ്വിതീയമായ ഥകാരം ടവർഗ്ഗദ്വിതീയമായ ഠകാരമായിത്തീർന്ന് ഷ്ഠ എന്നായി. അവസാനത്തെ അകാരം ദീർഘിയ്ക്കുകയും ചെയ്യുന്നു.

**10. പ്രതിഷ്ഫുര വിരുജ വീഡ്വംഹഃ (4.3.14)**

പ്രതി/സ്ഫുര/വി/രുജ/വീളു/അംഹഃ/ എന്നാണ് ഇവിടെ പദപാഠം. സ്ഫുര എന്ന പദത്തിലെ സകാരത്തിന് ഷകാരം വന്നിരിയ്ക്കുന്നു.

**11. ത്രീ ഷധസ്ഥാ സിന്ധവസ്ത്രിഃ (3.56.5)**

ത്രീ/സധസ്ഥാ/സിന്ധവഃ/ത്രിഃ/എന്നാണ് ഇവിടെ പദപാഠം. (സധസ്ഥ എന്ന പദത്തിന് ലോകം എന്നർത്ഥം.)

സധസ്ഥാഃ എന്ന പദത്തിലെ സകാരത്തിന് ഷകാരം വന്ന് ഷധസ്ഥാ എന്നായിരിയ്ക്കുന്നു.

**12. കമുഷ്വിദസ്യ സേനയാ (8.75.7)**

കം/ഊം ഇതി/ സ്വിത്/അസ്യ/സേനയാ/ എന്നാണ് ഇവിടെ പദപാഠം. സ്വിത് എന്ന സകാരത്തിന് ഷകാരം വന്ന് ഷ്വിത് എന്നായിരിയ്ക്കുന്നു.

**8. ഉഷുവാണോ ദിവിഷൻ സൂരിഭിഃ ഷ്വാമ്**
**ഋച്ഛന്തി ഷ്മ നൂ ഷ്ഠിരം വംസു ഷീദതി ।**
**നു ഷ പ്രഹി ഷ്ഠോ യശസാ മഹീ ഷാ**
**വിഷാ ഭൂയാ മോ ഷു യതി ഷ്ഠനേതി ।।**

ഉഷുവാണഃ, ദിവിഷൻ, സൂരിഭിഷ്ഷ്യാം, ഋച്ഛന്തി ഷ്മ, നൂ ഷ്ഠിരം, വംസു ഷീദതി, നുഷപ്രാ ഹിഷ്ഠോ യശസാ, മഹീഷാ, വിഷാ, ഭൂയാമോ ഷു, യതിഷ്ഠന- ഇവ ഇക്കാണിച്ച പ്രകാരംതന്നെ വരുന്നവയാണ്.

സകാരത്തിന് നതി സംഭവിച്ച് ഷകാരമായിത്തീർന്നിരിയ്ക്കുന്നു.

**ഉദാഹരണങ്ങൾ**

**1. സോമ ഉ ഷുവാണഃ സോതൃഭിഃ (9.107.8)**

സോമഃ/ഊം ഇതി/സുവാനഃ/സോതൃഭിഃ/ എന്നാണ് ഇവിടെ പദപാഠം. സുവാനഃ എന്നത് ഷുവാണ എന്നായിരിയ്ക്കുന്നു.

**2. ദിവി ഷഞ്ഛുക്ര ആതതഃ (6.2.6)**

ദിവി/സൻ/ശുക്ര/ആതതഃ/ എന്നാണ് ഇവിടെ പദപാഠം. സൻ എന്ന പദത്തിലെ സകാരം ഷകാരമായിരിയ്ക്കുന്നു. നകാരം ഞകാരമായും ശകാരം ഛകാരമായും തീർന്നിട്ടുണ്ട്.

**3. ആ വാം സുമ്നേ വരിമൻ സൂരിഭിഷ്ഷ്യാമ് (6.63.11)**

ആ/വാം/സുമ്നേ/വരിമൻ/സൂരിഭിഃ/സ്യാം/ എന്നാണ് ഇവിടെ പദപാഠം. സ്യാം എന്ന പദത്തിലെ സകാരം ഷകാരമായിത്തീർന്നിരിയ്ക്കുന്നു. വിസർഗ്ഗത്തിനും ഷകാരം വന്ന് സൂരിഭിഷ്ഷ്യാം എന്ന് സംഹിതയിൽ.

**4. ഋച്ഛന്തി ഷ്മാ നിഷ്പദോ മുദ്ഗലാനീം (10.102.6)**

ഋച്ഛന്തി/സ്മ/നിഃƒപദഃ/മുദ്ഗലാനീം/ എന്നാണ് ഇവിടെ പദപാഠം. സ്മ എന്ന പദത്തിലെ സകാരത്തിന് സംഹിതയിൽ ഷകാരം വന്നിരിയ്ക്കുന്നു.

**5. നൂ ഷ്ഠിരം മരുതോ വീരവന്തം (1.64.15)**

നു/സ്ഥിരം/മരുതഃ/വീരƒവന്തം/ എന്നാണ് ഇവിടെ പദപാഠം. സ്ഥിരം എന്ന പദത്തിലെ സകാരം ഷകാരമായിത്തീർന്ന് 'ഥ'കാരം 'ഠ'കാരമായി 'ഷ്ഠിരം' എന്ന് സംഹിതയിൽ പ്രയോഗം.

**6. ശ്യേനോ ന വംസുഷീദതി (9.57.3)**

ശ്യേനഃ/ന/വംസു/സീദതി/ എന്നാണ് ഇവിടെ പദപാഠം. സീദതി എന്ന പദത്തിലെ സകാരം ഷകാരമായിത്തീർന്നിരിയ്ക്കുന്നു.

**7. ഭസന്നു ഷ പ്ര പൂർവ്വ്യഃ (6.14.1)**

ഭസത്/നു/സഃ/പ്ര/പൂർവ്വ്യഃ/ എന്നാണ് ഇവിടെ പദപാഠം. നു കഴിഞ്ഞ് വന്ന സഃ എന്നതിന്റെ സകാരം ഷകാരമായിരിയ്ക്കുന്നു.(1. നു=ക്ഷിപ്രം. 2. പ്രഭാസത്=പ്രഭാസേത. 3. പൂർവ്വ്യഃ=പൂർവ്വേഷു മുഖ്യഃ (സായണൻ)

**8. ദൃതേവ ഹി ഷ്ഠോ യശസാ ജനേഷു (10.106.2)**

ദൃതാ/ഇവ/ഹി/സ്ഥഃ/യശസാ/ എന്നാണ് ഇവിടെ പദപാഠം. (ദൃതേവ എന്നത് ചിലയിടത്ത് ദൂതേവഎന്നും കാണുന്നു. ഉവടന്റെ പാഠം ദൂതേവ എന്നാണ്). ഇവിടെ സ്ഥ എന്നത് ഷ്ഠ എന്നായിരിയ്ക്കുന്നു. ഹി/സ്ഥ എന്നു കഴിഞ്ഞ് യശസാ എന്ന പദം വരുന്നില്ലെങ്കിൽ 'ഹി സ്ഥ' എന്നത് 'ഹി ഷ്ഠ' എന്നാവുകയില്ല.

യുവം ഹി സ്ഥ സ്വർപതീ (9.19.2) എന്ന ഋക്കിൽ ഹി സ്ഥ കഴിഞ്ഞ് സ്വർപതീ എന്ന ശബ്ദമാണ് പരമായിരിയ്ക്കുന്നത്. യശസാ എന്ന പദമല്ല. അതിനാൽ ഇവിടെ സ്ഥ എന്നതിലെ സകാര-ഥ കാരങ്ങൾക്ക് നതി സംഭവിച്ചിട്ടില്ല.

**9. വിദേഹി മാതാ മഹോ മഹീ ഷാ (6.66.3)**

വിദേ/ഹി/മാതാ/മഹഃ/മഹീ/സാ/ എന്നാണ് ഇവിടെ പദപാഠം. മഹീ എന്നതിനുശേഷം വന്ന സാ എന്നതിന്റെ സകാരത്തിന് നതി വന്ന് ഷാ എന്നായിരിയ്ക്കുന്നു.

**10. വി ഷാ ഹോത്രാ വിശ്വമശ്നോതി (10.64.15)**

വി/സാ/ഹോത്രാ/വിശ്വം/അശ്നോതി/ എന്നാണ് ഇവിടെ പദപാഠം. വി എന്നതിനുശേഷം വന്ന സാ എന്നതിന്റെ സകാരത്തിന് നതി വന്ന് ഷകാരമായിരിയ്ക്കുന്നു. (ഹോത്രാ എന്ന പദം വാക്ക് എന്ന അർത്ഥത്തിലാണ്. ദേവന്മാരെ ആഹ്വാനം ചെയ്യാൻ ഉപയോഗിയ്ക്കപ്പെടുന്നതിനാലാണ് വാക്കിന് ഹോത്രാ എന്നു പേരു വന്നത്-സായണൻ)

**11. ഭൂയാമോ ഷു ത്വാവതഃ (4.32.6)**

ഭൂയാമോ ഇതി/സു/ത്വാ/വതഃ/ എന്നാണ് ഇവിടെ പദപാഠം. ഭൂയാമോ എന്നു കഴിഞ്ഞുവരുന്ന സു എന്ന പദത്തിലെ സകാരത്തിന് നതി വന്ന് ഷകാരമായിത്തീർന്നിരിയ്ക്കുന്നു. (ത്വാവതഃ എന്ന പദത്തിന് 'അങ്ങയോട് തുല്ല്യനായ' എന്നാണ് അർത്ഥം.)

**12. വിശ്വേ ദേവാസോ മനുഷോ യതി ഷ്ഠന (10.63.6)**

വിശ്വേ/ദേവാസഃ/മനുഷഃ/യതി/സ്ഥന/ എന്നാണ് ഇവിടെ പദപാഠം.

Note: യതി എന്ന പദം യച്ഛബ്ദത്തിൽനിന്ന് ഛാംദസമായ ഡതി പ്രത്യയം വന്ന രൂപമാണ്. സ്ഥന എന്നത് ഭവഥ എന്ന അർത്ഥത്തിലാണ്.

യതി എന്ന പദം കഴിഞ്ഞുവരുന്ന സ്ഥന എന്ന പദത്തിലെ സകാരത്തിന് നതി വന്നിരിയ്ക്കുന്നു.

**9. വാജീ സ്തുതോ വഹന്തി സീം പതിഃ സ്വാം ദിത്സസി സ്തുതഃ ।**
**അപോ സു മൃക്ഷ ശ്രുധി സുത്രിഃ സ്മ സ്തുഹി സ്തുഹീതിന ।।**

വാജീ സ്തുതഃ, വഹന്തി സീം, പതിഃ സ്യാം, ദിത്സസി സ്തുതഃ, അപഃ, സുമൃക്ഷ, ശ്രുധിസു, ത്രിഃ, സ്മ, സ്തുഹി സ്തുഹി-ഇത്ര യും സ്ഥലങ്ങളിൽ നതിയ്ക്ക് പ്രതിഷേധം പറയണം. അതായത് വാജീ എന്ന പദം കഴിഞ്ഞ്,വരുന്ന സ്തുതഃ എന്ന ശബ്ദത്തിന്റെ സകാരം ഷകാരമാകുന്നില്ല. വഹന്തി എന്ന പദം കഴിഞ്ഞ് വരുന്ന സീം എന്ന പദത്തിലെ സകാരത്തിന് ഷകാരം വരുകയില്ല. പതിഃ എന്ന പദം കഴിഞ്ഞുവരുന്ന സ്യാം എന്ന പദത്തിലെ സകാരത്തി ന് ഷകാരം വരുന്നില്ല. ദിത്സസി എന്ന പദം കഴിഞ്ഞുവരുന്ന സ്തു തഃ എന്ന പദത്തിലെ സകാരം ഷകാരമാകുന്നില്ല. അപോ എന്ന പദം കഴിഞ്ഞുവരുന്ന സു എന്നതിന് മൃക്ഷഃ എന്ന പദം പരമായി വരുന്നുണ്ടെങ്കിൽ ഷകാരം വരുകയില്ല. ശ്രുധി എന്ന പദം കഴി ഞ്ഞ് വരുന്ന സു എന്ന പദത്തിന്റെ സകാരത്തിന് ഷകാരം വരുക യില്ല. ത്രിഃ എന്ന പദം കഴിഞ്ഞുവരുന്ന സ്മ എന്ന സകാരത്തിന് ഷകാരം വരുകയില്ല. സ്തുഹി എന്ന പദം കഴിഞ്ഞുവരുന്ന സ്തു ഹി എന്ന പദത്തിലെ സകാരത്തിന് ഷകാരം വരുകയില്ല.

**ഉദാഹരണങ്ങൾ**

**1. വാജീ സ്തുതോ വിദഥേ ദാതി വാജം. (6.24.2)**

(വാജം-അന്നം, വാജീ-അന്നവാൻ, വിദഥം-യജ്ഞം)

നാമിയായ ഈകാരം കഴിഞ്ഞുവന്ന സ്തുത എന്ന പദത്തിലെ സകാരത്തിന് നതി വന്നിട്ടില്ല. പദപാഠത്തിൽ വാജീ/സ്തുതഃ/ എന്നാണ് പഠിച്ചിരിയ്ക്കുന്നത്. സംഹിതയിലും അതുപോലെ.

**2. വഹന്തി സീമരുണാസോ രുംശന്ത (6.64.3)**

വഹന്തി/സീം/അരുണാസഃ/രുശന്തഃ/എന്നാണ് പദപാഠം. വഹ ന്തി എന്ന ഇകാരമാകുന്ന നാമി കഴിഞ്ഞുവരുന്ന സീം എന്ന സ കാരത്തിന് നതി വന്നിട്ടില്ല. (സീം=എനാം (ഇവളെ-ഉഷാദേവതയെ)

**3. അസ്യ പതിഃ സ്യാം സുഗവഃ സുവീരഃ (1.116.25)**

അസ്യ/പതിഃ/സ്യാം/സുഗവഃ/സുവീരഃ/എന്നാണ് പദപാഠം. സ്യാം എന്ന സകാരത്തിന് നതി വന്നിട്ടില്ല.

**4. യദ് ദിത്സസി സ്തുതോ മഘം (8.14.4)**

യത്/ദിത്സസി/സ്തുതഃ/മഘം/ എന്നാണ് പദപാഠം. ദിത്സസി എന്ന പദത്തിലെ ഇകാരമാകുന്ന നാമി കഴിഞ്ഞാണ് വരുന്നതെ ങ്കിലും സ്തുതഃ എന്ന സകാരത്തിന് നതി കാണുന്നില്ല.

**5. അപോ സു മൃക്ഷ വരുണ (2.28.6)**

അപോ ഇതി/സു/മൃക്ഷ/വരുണ/ എന്നാണ് പദപാഠം. അപോ എന്ന പദത്തിലെ ഓകാരമാകുന്ന നാമി കഴിഞ്ഞുവരുന്ന സു എ

ന്നത് മൃക്ഷ എന്ന പദം പരമായിട്ടുള്ളതിനാൽ നതി വരാതെ സു എന്നുതന്നെ സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു. (അപോ മൃക്ഷ=അപഗമയ-ഇല്ലാതാക്കൂ). അപോ എന്നു കഴിഞ്ഞുവരുന്ന 'സു'വിന്റെ സകാരം മൃക്ഷ എന്ന പദം പരമായി വന്നില്ലെങ്കിൽ ഷകാരമായിത്തീരും.

അപോ ഷുണ യം ശരുഃ (8.67.15)

അപോ ഇതി/സു/നഃ/ഇയം/ശരുഃ/ എന്നാണ് ഇവിടെ പദപാഠം. അപോ എന്ന പദം കഴിഞ്ഞുവരുന്ന സുവിന്റെ സകാരം ഇവിടെ സംഹിതയിൽ ഷു എന്നായിരിയ്ക്കുന്നു. ഇവിടെ സു കഴിഞ്ഞ് നഃ എന്ന പദമാണുള്ളത്. (നഃ എന്നത് പിന്നീട് ണകാരമായിത്തീരുന്നു)

**6. ഇന്ദ്ര ശ്രുധി സു മേ ഹവം (8.82.6)**

ഇന്ദ്ര/ശ്രുധി/സു/മേ/ഹവം/ എന്നാണ് ഇവിടെ പദപാഠം. ശ്രുധി എന്ന പദത്തിലെ ഇകാരമാകുന്ന നാമി കഴിഞ്ഞുവരുന്ന സകാരമാണെങ്കിലും സു എന്ന പദത്തിലെ സകാരം നമിയ്ക്കുന്നില്ല.

**7. ത്രിഃ സ്മ മാഹ്നഃ ശ്നഥയോ വൈതസേന (10.95.5)**

ത്രിഃ/സ്മ/മാ/അഹ്നഃ/ശ്നഥയഃ/വൈതസേന/ എന്നാണ് ഇവിടെ പദപാഠം. സ്മ എന്ന പദത്തിലെ സകാരത്തിന് നതി കാണുന്നില്ല.

**8. സ്തുഹി സ്തുഹീദേതേ ഘാ തേ (8.1.30)**

സ്തുഹി/സ്തുഹി/ഇത്/ഏതേ/ഘ/തേ/ എന്നാണ് ഇവിടെ പദപാഠം.

സ്തുഹി എന്ന പദത്തിലെ ഇകാരമാകുന്ന നാമി കഴിഞ്ഞുവരുന്നതാണെങ്കിലും അടുത്ത പദമായ സ്തുഹി എന്നതിലെ സകാരം നമിയ്ക്കുന്നില്ല.

**10. യുഗ്മാന്തഃ സ്ഥാ ദന്തമൂലീയപൂർവ്വൈ-**
**രന്തഃപദം നമ്യതേഽന്തഃ പദസ്ഥൈഃ।**
**അന്യപൂർവ്വൈരപി പദ്യാദിഭാക് സൻ**
**ഏകാരരേഫ പൃതനോപധശ്ച ॥**

ഒരേ പദത്തിൽതന്നെ ഉള്ളതായ യുഗ്മങ്ങളായ അന്തഃസ്ഥകളോ, ദന്തമൂലീയങ്ങളോ പൂർവ്വമുള്ള നാമികളാൽ അതേ പദത്തിലുള്ള സകാരം നമിയ്ക്കപ്പെടുന്നു.

പദത്തിന്റെ ആദിയിലുള്ള സകാരം മറ്റു വർണ്ണങ്ങൾ പൂർവ്വമുള്ള നാമികളാലും (അപി എന്നു പറഞ്ഞിട്ടുള്ളതിനാൽ) യുഗ്മങ്ങളായ അന്തസ്ഥകളോ ദന്തമൂലീയങ്ങളോ പൂർവ്വമുള്ള നാമികളാലും നമിയ്ക്കപ്പെടുന്നു. ഏകാരം, രേഫം, പൃതനാശബ്ദം എന്നിവ

പൂർവ്വമുള്ള സകാരവും നമിയ്ക്കപ്പെടുന്നു.

Note: യ, ര, ല, വ എന്നിവയാണ് അന്തഃസ്ഥകൾ. യുഗ്മങ്ങളായ അന്തഃസ്ഥകൾ എന്നു പറയുമ്പോൾ ര, വ എന്നിവ എന്നർത്ഥം.

സകാരം, തവർഗ്ഗം എന്നിവയാണ് ദന്തമൂലീയങ്ങൾ. നാമികളായ സ്വരങ്ങൾ ഋ, ൠ, ഇ, ഈ, ഉ, ഊ, ഏ, ഐ, ഓ, ഔ എന്നിവയാണ്.

**ഉദാഹരണങ്ങൾ**

**1. ത്രൈഷ്ടുഭാദ്വാ ത്രൈഷ്ടുഭം നിരതക്ഷതുഃ (1.164.23)**

ത്രൈസ്തുഭാത്/വാ/ത്രൈസ്തുഭം/നിഃ/അതക്ഷത/ എന്നാണ് ഇവിടെ പദപാഠം.

ത്രൈസ്തുഭാത് എന്നതും ത്രൈസ്തുഭം എന്നതും ഓരോ പദങ്ങളാണ്. ആ പദങ്ങളിൽ വരുന്ന ഐകാരം നാമിയാണ്. ആ നാമിയ്ക്കു മുൻപ് യുഗ്മാന്തഃസ്ഥയായ രേഫമുണ്ട്. അതായത് യുഗ്മാന്തഃസ്ഥയിൽനിന്ന് പരമായ നാമിയാണ് ഐകാരം. ആ ഐകാരത്തിൽനിന്ന് പരമായ സകാരമാണ് 'ത്രൈസ്തുഭാത്' 'ത്രൈസ്തുഭം' എന്നീ പദങ്ങളിലെ സകാരം. ആ സകാരങ്ങൾക്ക് ഷകാരവും, തകാരങ്ങൾക്ക് ടകാരങ്ങളും വന്ന് 'ത്രൈഷ്ടുഭാത്' എന്നും ത്രൈഷ്ടുഭം' എന്നും സംഹിതയിൽ പ്രയോഗം.

ദീർഘതമസ്സിന്റെ 'അസ്യ വാമസ്യ-' എന്നു തുടങ്ങുന്ന പ്രസിദ്ധമായ സൂക്തത്തിലെ ഒരു ഋക്കിന്റെ ഭാഗമാണ് ഇത്.

ത്രൈസ്തുഭാത്=ത്രിസ്തോഭയുക്താത് (വൃഷ്ടിപർജ്ജന്യവിദ്യുദ്രൂപാത് ത്രിസ്തോഭയുക്താദ് അന്തരിക്ഷാത്-മൂന്നു സ്തോഭങ്ങളോടുകൂടിയ അന്തരീക്ഷത്തിൽനിന്ന്).

ത്രൈഷ്ടുഭം=ത്രിസ്തോഭയുക്തം വായും (മൂന്നു സ്തോഭങ്ങളോടുകൂടിയ വായുവിനെ.

നിരതക്ഷതുഃ=സമ്പാദിതവന്തഃ (നേടിയവരായി)

(പല തരത്തിൽ വ്യാഖ്യാനിയ്ക്കപ്പെടാവുന്ന മന്ത്രങ്ങളാണ് ഇവ.)

**2. വിഷിതസ്തുകാ രോദസീ നൃമണാഃ (1.167.5)**

വിസിതസ്തുകാ/രോദസീ/നൃ/മനാഃ/ എന്നാണ് ഇവിടെ പദപാഠം. വിസിതസ്തുകാ എന്ന പദത്തിൽ സകാരത്തിനുമുൻപുള്ള നാമിയായ ഇകാരം വകാരമാകുന്ന യുഗ്മാന്തഃസ്ഥകഴിഞ്ഞു വരുന്നതാണ്. അതിനാൽ സകാരത്തിന് ഷകാരം വന്ന് സംഹിതയിൽ വിഷിതസ്തുകാ എന്നു പ്രയോഗിച്ചിരിയ്ക്കുന്നു.

**3. സുഷാവ സോമമദ്രിഭിഃ (9.107.1)**

സുസാവ/സോമം/അദ്രി/ഭിഃ/എന്നാണ് ഇവിടെ പദപാഠം. സു

സാവ എന്ന പദത്തിലെ രണ്ടാമത്തെ സകാരം ഉ എന്ന നാമി കഴിഞ്ഞാണ് വരുന്നത്. ഉകാരമാകട്ടെ 'സ്' എന്ന ദന്തമൂലീയം കഴിഞ്ഞുവരുന്നതുമാണ്. ഒറ്റപ്പദത്തിൽത്തന്നെയാണ് രണ്ടും വരുന്നത്. സുസാവ എന്ന പദം സംഹിതയിൽ സുഷാവ എന്നായിരിയ്ക്കുന്നു.

**4. ദുഷ്ടരസ്തരന്നരാതീഃ (3.24.1)**

ദുസ്തരഃ/തരൻ/അരാതീഃ/ എന്നാണ് ഇവിടെ പദപാഠം. ദുസ്തരഃ എന്ന പദത്തിലെ സകാരം ഉ എന്ന നാമി കഴിഞ്ഞാണ് വരുന്നത്. ആ നാമി ദന്തമൂലീയമായ ദകാരം കഴിഞ്ഞ് വരുന്നതുമാണ്. അതിനാൽ സകാരം സംഹിതയിൽ ഷകാരമായി. ഷകാരത്തിന് ശേഷം വരുന്ന തകാരം ടകാരമായും മാറി. ദുസ്തര എന്നത് ഒറ്റപ്പദവുമാണ്.

ഒറ്റപ്പദത്തിൽ യുഗ്മാന്തഃസ്ഥാപൂർവ്വമോ ദന്തമൂലീയപൂർവ്വമോ ആയ നാമികൾ കഴിഞ്ഞുവരുന്ന സകാരമാണ് ഷകാരമായിത്തീരുക എന്നു പറഞ്ഞതിനാൽ ഇയം ശുഷ്മേഭിർബിസഖാ ഇവാരുജത് (6.61.2) എന്ന ഋക്കിൽ ബിസഖാ എന്ന പദത്തിലെ സകാരം ഷകാരമാകുന്നില്ല. നാമിയായ ഇകാരത്തിന്റെ പൂർവ്വം യുഗ്മാന്തഃസ്ഥയോ, ദന്തമൂലീയമോ ഇല്ലല്ലോ.

യുഗ്മാന്തഃസ്ഥാ പൂർവ്വമോ, ദന്തമൂലീയപൂർവ്വമോ ആയ നാമികളാൽ ഉപഹിതമായ ഒരേ പദത്തിലെ സകാരം എന്നു പറഞ്ഞതിനാൽ വെവ്വേറെ പദങ്ങളിൽ വരുന്ന സകാരത്തിന് ഷകാരം വരുകയില്ല.

സനാ ജ്യോതിഃ സനാ സ്വ (9.4.2). ഇവിടെ ജ്യോതിഃ എന്ന പദത്തിലെ ഇകാരം ത എന്ന ദന്തമൂലീയം പൂർവ്വമുള്ളതാണ് എങ്കിലും അതു കഴിഞ്ഞുവരുന്ന സന എന്ന പദത്തിലെ സകാരം ഷകാരമാകുന്നില്ല; നാമിയും, സകാരവും ഭിന്നപദങ്ങളാകയാൽ.

**5. ചമൂഷച്ഛ്യേനഃ ശകുനഃ (9.96.19)**

ചമൂ*f*സത്/ശ്യേനഃ/ശകുനഃ/ എന്നാണ് ഇവിടെ പദപാഠം. ചമൂസത് എന്നത് സംഹിതയിൽ ചമൂഷത് എന്നായിരിയ്ക്കുന്നു.

**6. യേ ത്വാ മൃജന്ത്യൃഷിഷാണ വേധസഃ (9.86.4)**

യേ/ത്വാ/മൃജന്തി/ഋഷി*f*സാന/വേധസഃ/ എന്നാണ് ഇവിടെ പദപാഠം.

ഋഷിസാന എന്നത് സംഹിതയിൽ ഋഷിഷാണ എന്നായിരിയ്ക്കുന്നു.

ചമൂഷത് എന്നതും ഋഷിഷാണ എന്നതും അന്യപൂർവ്വങ്ങളായ

നാമികൾ കഴിഞ്ഞുവരുന്ന സകാരം ഷകാരമാകുന്നതിന് ഉദാഹരണങ്ങളാണ്.

**7. ധിയോ രഥേഷ്ഠാമജരം നവീയഃ (6.21.1)**

ധിയഃ/രഥേ*f*സ്ഥാം/അജരം/നവീയഃ/ എന്നാണ് ഇവിടെ പദപാഠം. രഥേ*f*സ്ഥാം എന്നത് സംഹിതയിൽ രഥേഷ്ഠാം എന്നായിരിയ്ക്കുന്നു. ഏകാരോപധമായ സകാരം ഷകാരമാകുന്നതിന് ഉദാഹരണമാണിത്.

**8. സ്വർഷാമപ്സാം വൃജനസ്യ (1.91.21)**

സ്വഃ*f*സാം/അപ്സാം/വൃജനസ്യ/ എന്നാണ് ഇവിടെ പദപാഠം. സ്വർഷാം എന്നത് രേഫോപധമായ സകാരം ഷകാരമാകുന്നതിന് ഉദാഹരണമാണ്.

**9. പൃതനാ ഷാഹ്യായ ച (3.37.1)**

പൃതനാ*f*സാഹ്യായ/ച/ എന്നാണ് ഇവിടെ പദപാഠം. പൃതനോപധമായ സകാരം ഷകാരമാകുന്നതിന് ഉദാഹരണമാണിത്.

പദ്യാദിഭൂതമായ സകാരം ഏകാരോപധമാകുമ്പോഴും, രേഫോപധമാകുമ്പോഴും പൃതനാ എന്ന ശബ്ദം ഉപധയാകുമ്പോഴും ഷകാരമാകുന്നതിന്റെ ഓരോ ഉദാഹരണങ്ങളാണ് ഇവ.

**11. രേഫർകാരർകാരപരഃ പ്രകൃത്യാ**
**സംസ്പൃക്സ്വൃ സർസ്വരിതി ചാക്ഷരാണാം ।**
**സേതി ചാസ്യ പരിപന്നോപധാ ചേത്**
**സംയോഗസ്യ ചാപ്യനുനാസികാദേഃ ।।**

രേഫം പരമായിട്ടുള്ളതും ഌകാരം പരമായിട്ടുള്ളതും ൡകാരം പരമായിട്ടുള്ളതും ആയ സകാരം അതുപോലെത്തന്നെ (പ്രകൃത്യാ) സ്ഥിതി ചെയ്യുന്നു. സമ്, സ്പൃക്, സ്വൃ, സര്, സ്വര് എന്നിവയുടെ സകാരം, അവ പദ്യാദിയായാലും അല്ലെങ്കിലും അതുപോലെത്തന്നെ (പ്രകൃത്യാ) സ്ഥിതിചെയ്യുന്നു.

സ എന്ന അക്ഷരത്തിന്റെ ആദിയിലുള്ള സകാരം, ആ സകാരാദിയായ അക്ഷരം അനുസ്വാരോപധമാണെങ്കിൽ പ്രകൃത്യാ (ഷകാരം വരാതെ) സ്ഥിതി ചെയ്യുന്നു.

അനുനാസികമായ വർണ്ണം ആദ്യം വരുന്ന ഏതൊരു സംയോഗം (കൂട്ടക്ഷരം) ഉണ്ടോ ആ സംയോഗത്തിന്റെ ഉപധയായ (സംയോഗത്തിനു മുൻപുള്ള) സകാരം പ്രകൃത്യാ സ്ഥിതി ചെയ്യുന്നു.

ഷത്വവിധിയുടെ അപവാദവിധികളാണ് ഈ ശ്ലോകത്തിൽ പറയുന്നത്.

ആദ്യം രേഫം പരമായിട്ടുള്ളതും ഌകാരം പരമായിട്ടുള്ളതും ൡ

ൗകാരം പരമായിട്ടുള്ളതും ആയ സകാരത്തിന് പ്രകൃതിഭാവം വരുന്നതിന്റെ ഉദാഹരണങ്ങൾ.

**1. പുനാതി തേ പരിസ്രുതം (9.1.6)**

ഇവിടെ പരിസ്രുതം എന്ന പദത്തിൽ പരി എന്ന ഇകാരം നാമിയാണെങ്കിലും അതു കഴിഞ്ഞുവരുന്ന സകാരം ഷകാരമായില്ല; ആ സകാരം കഴിഞ്ഞ് രേഫം വരുന്നതുകൊണ്ട്.

**2. ഇന്ദ്രസ്യ യന്തു പ്രസവേ വിസൃഷ്ടാഃ (8.100.12)**

ഇവിടെ വിസൃഷ്ടാഃ എന്ന പദത്തിൽ സൃ എന്നത് ൠകാരം പരമായ സകാരമാണ്. അത് ഇകാരമാകുന്ന നാമിയിൽനിന്ന് പരമാണെങ്കിലും ൠകാരം പരമായി വന്നതിനാൽ പ്രകൃത്യാ സ്ഥിതി ചെയ്യുന്നു.

**3. തിസൃൗണാം സപ്തതീനാം (8.19.37)**

ഇവിടെ തിസൃണാം എന്ന പദത്തിൽ സകാരം ഇകാരമാകുന്ന നാമി കഴിഞ്ഞാണ് വരുന്നതെങ്കിലും ൠൗകാരം പരമായി വന്നതിനാൽ ഷകാരമാകുന്നില്ല. സകാരമായിത്തന്നെ സ്ഥിതിചെയ്യുന്നു.

സമ്, സ്പൃക്, സ്വൃ, സര്, സ്വര് എന്നിവയുടെ സകാരം പ്രകൃത്യാ നിൽക്കുന്നതിന് ഉദാഹരണങ്ങൾ

**1. സുസമിദ്ധോ ന ആവഹ (1.13.1)**

ഇവിടെ സുസമിദ്ധഃ എന്ന പദത്തിലെ സമ് എന്നതിന്റെ സകാരം സു എന്ന ഉകാരമായ നാമിയിൽനിന്ന് പരമായി വരുന്നുണ്ടെങ്കിലും ഷകാരമാകുന്നില്ല. പ്രകൃത്യാ നിൽക്കുന്നതേ ഉള്ളൂ.

**2. ദിവിസ്പൃഗ്യാതൃരുണാനി (10.168.1)**

ദിവി/സ്പൃക്/യാതി/അരുണാനി/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ സ്പൃക് എന്നതിന്റെ സകാരം പ്രകൃത്യാതന്നെ സ്ഥിതി ചെയ്യുന്നു സംഹിതയിൽ.

**3. തേ ദേവാ പരിസ്വൃതേഷ്വേഷു ലോകേഷു (ശാംഖായന ബ്രാഹ്മണം)**

ഇവിടെ പരിസ്വൃതേഷു എന്ന പദത്തിലെ പരി എന്നു കഴിഞ്ഞു വരുന്ന സ്വൃത് എന്നതിന്റെ സകാരം ഷകാരമാകാതെ പ്രകൃത്യാ സ്ഥിതി ചെയ്യുന്നു.

**4. വിസർമാണം കൃണുഹി (5.42.9)**

വി/സർമ്മാണം/കൃണുഹി/ എന്ന് പദപാഠം. ഇവിടെ വിസർമാണം എന്ന പദത്തിൽ വി എന്നു കഴിഞ്ഞുവരുന്ന സര് എന്നതിന്റെ സകാരം ഷകാരമാകാതെ, പ്രകൃത്യാ സ്ഥിതിചെയ്യുന്നു.

**5. മേഷം വിപ്രാ അഭിസ്വരാ (8.97.12)**

മേഷം/വിപ്രാഃ/അഭി/സ്വരാ/ എന്ന് പദപാഠം. ഇവിടെ അഭിസ്വരാ എന്ന പദത്തിലെ സ്വര് എന്നതിന്റെ സകാരം ഷകാരമാകാതെ പ്രകൃത്യാതന്നെ സ്ഥിതി ചെയ്യുന്നു.

**6. സുസംസന്മിത്രോ അതിഥിഃ ശിവോ നഃ (7.9.3)**

സു/സംസത്/ മിത്രഃ/അതിഥിഃ/ശിവഃ/നഃ/ എന്നാണ് പദപാഠം.

ഇവിടെ സുസംസത് എന്ന പദത്തിലെ സ എന്ന അക്ഷരം അനുസ്വാരത്തിന്റെ ഉപധയാണല്ലോ (സം എന്നത് സ്,അം എന്നിവ ചേർന്നാണല്ലോ ഉണ്ടാവുന്നത്. അപ്പോൾ അം എന്ന അനുസ്വാരത്തിന്റെ പൂർവ്വമാണ് സകാരം വരുന്നത്. അതിനാൽ ആ സകാരം അനുസ്വാരത്തിന്റെ ഉപധയാണ്) സകാരത്തോട് അനുസ്വാരം ചേർന്ന് സം എന്ന് പ്രയോഗമുള്ളിടത്ത്, അത് നാമിയിൽനിന്ന് പരമായാലും ഷകാരമാകില്ല. എന്നു താൽപ്പര്യം.

**7. സുസന്ദൃശം സുപ്രതീകം (7.10.3)**

സു/സന്ദൃശം എന്ന പദത്തിലെ നകാരമാകുന്ന അനുനാസികം ആദ്യം വരുന്ന സംയോഗം (കൂട്ടക്ഷരം) ആണ് ന്ദൃ എന്നതിലെ ന്ദ എന്നത്. അതിന്റെ ഉപധയാണ് സ എന്നത്. അതിന് ഷകാരം വരുന്നില്ല; സകാരമായിത്തന്നെ സ്ഥിതിചെയ്യുന്നു.

**12. സഹസ്രം സനിതാ സ്ഥാത്രാം സാവിത്രം സൂവരീ സ്നുഷേ ।**
**സമുദ്രം സദൃശാ സാരേ സായകഃ സാധനീ സഹ ॥**

**13. സനിതഃ സ്പഷ്ടഃ സദൃശഃ സഖായം**
**സപ്തൈരേതേ സാനുശബ്ദശ്ച പദ്യാഃ ।**
**സുതേ സോമേ വക്ഷണേ/പ്രാമി ചർഷണീ**
**സ്വഭിഷ്ടീത്യേവമുപധാശ്ച സർവ്വേ ॥**

സഹസ്രം, സനിതാ, സ്ഥാത്രാം, സാവിത്രം, സൂവരീ, സ്നുഷേ, സമുദ്രം, സദൃശാ, സാരേ, സായകഃ, സാധനീ സഹ, സനിതഃ, സ്പഷ്ടഃ, സദൃശഃ, സഖായം, സപ്തൈഃ- -പദ്യങ്ങളായ (പദാവയവങ്ങളായ)ഈ ശബ്ദങ്ങളും സാനുശബ്ദവും പ്രകൃത്യാ ഭവിയ്ക്കുന്നു.

**1. ചതുഃ സഹസ്രം ഗവ്യസ്യ (5.30.15)**

ചതുഃ/സഹസ്രം/ഗവ്യസ്യ/ എന്നാണ് പദപാഠം. ചതുഃ സഹസ്രം എന്ന പദത്തിലെ ഘടകമായ (അവയവമായ) സഹസ്രം എന്നതിന്റെ സകാരം ഉഃ എന്നതിൽനിന്ന് പരമാണെങ്കിലും സകാരമാകുന്നില്ല.

**2. സനേമ തത്സുസനിതാ സനിത്വഭിഃ (10.36.9)**

സനേമ/തത്/സുƒസനിതാ/സനിത്വƒഭിഃ/ എന്നാണ് ഇവിടെ പദപാഠം.

സുസനിതാ എന്ന പദത്തിലെ ഘടകപദമായ സനിതാ എന്നതിന്റെ സകാരം ഷകാരമാകുന്നില്ല.

**3. ഭൂരിസ്ഥാത്രാം ഭൂര്യാവേശയന്തീം (10.125.3)**

ഭൂരിƒസ്ഥാത്രാം/ഭൂരി/ആƒവേശയന്തീം/എന്നാണ് ഇവിടെ പദപാഠം.

ഭൂരിസ്ഥാത്രാം എന്ന പദത്തിന്റെ ഘടകപദമായ സ്ഥാത്രാം എന്നതിന്റെ സകാരം നമിയ്ക്കുന്നില്ല.

**4. സുസാവിത്രമാസാവിഷത് (പ്രൈ. പുറം 147)**

സുസാവിത്രം എന്ന പദത്തിലെ ഘടകപദമായ സാവിത്രം എന്നതിന്റെ സകാരം നതി വന്ന് ഷകാരമാകുന്നില്ല.

**5. സുഷൂമാ ബഹു സൂവരീ (2.32.7)**

സുƒസൂമാ/ ബഹുƒസൂവരീ/ എന്നാണ് പദപാഠം. ബഹുസൂവരീ എന്ന പദത്തിലെ ഘടകമായ സൂവരീ എന്നതിലെ സകാരത്തിന് ഷകാരം വരുന്നില്ല.

**6. സുപുത്ര ആദു സുസ്നുഷേ (10.86.13)**

സുƒപുത്രേ/ആത്/ഊ് ഇതി/സുƒസ്നുഷേ/ സുസ്നുഷേ എന്ന പദത്തിലെ ഘടകപദമായ സ്നുഷേ എന്ന പദത്തിന്റെ സകാരത്തിന് നതി വന്നിട്ടില്ല.

**7. ചതുഃ സമുദ്രം ധരുണം രയീണാം (10.47.2)**

ചതുഃƒസമുദ്രം/ധരുണം/രയീണാം/എന്നാണ് പദപാഠം. ചതുഃസമുദ്രം എന്ന പദത്തിലെ ഘടകമായ സമുദ്രം എന്ന പദത്തിലെ സകാരത്തിന് നതി കാണുന്നില്ല.

**8. വിസദൃശാ ജീവിതാഭിപ്രചക്ഷേ (1.113.6)**

വിƒസദൃശാ/ജീവിതാ/അഭിƒപ്രചക്ഷേ/ എന്നാണ് ഇവിടെ പദപാഠം. വിസദൃശാ എന്ന പദത്തിലെ ഘടകമായ സദൃശാ എന്നതിലെ സകാരത്തിനു നതി വരുന്നില്ല.

**9. ഹിരണ്യകേശോ രജസോ വിസാരേ (1.79.1)**

ഹിരണ്യƒകേശഃ/രജസഃ/വിƒസാരേ/ എന്നാണ് ഇവിടെ പദപാഠം. വിസാരേ എന്ന പദത്തിന്റെ ഘടകമായ സാരേ എന്നതിലെ സകാരത്തിന് നതി വന്നിട്ടില്ല.

10. ദ്യുമ്നീ സുശിപ്രോ ഹരിമന്യു സായകഃ (10.96.3)

ദ്യുമ്നീ/സുƒശിപ്രഃ/ഹരിമന്യുƒസായകഃ/ എന്നാണ് ഇവിടെ പദപാഠം. ഹരിമന്യുസായകഃ എന്ന പദത്തിലെ ഘടകപദമായ

സായകഃ എന്നതിന്റെ സകാരത്തിന് ഷകാരം വന്നിട്ടില്ല.

**11. ആഘൃണേ പശുസാധനീ (6.53.9)**

ആഘൃണേ/പശു*f*സാധനീ/ എന്ന് പദപാഠം. പശുസാധനീ എന്ന പദത്തിന്റെ ഘടകപദമായ സാധനീ എന്നതിലെ സകാരത്തിന് നതി വരുന്നില്ല.

**12. യഥാ വഃ സുസഹാസതി (10.191.4)**

യഥാ/വഃ/സു*f*സഹ/അസതി/ എന്നാണ് പദപാഠം. സുസഹ എന്ന പദത്തിലെ ഘടകമായ സഹ എന്നതിന്റെ സകാരത്തിന് ഷകാരം വരുന്നില്ല. (ഋഗ്വേദത്തിലെ 10-ാം മണ്ഡലത്തിലെ അവസാനത്തെ സൂക്തത്തിലെ ഒടുവിലത്തെ മന്ത്രമാണിത്.

സമാനീവ ആകൂതിഃ സമാനാ ഹൃദയാനിവ
സമാനമസ്തു വോ മനോ യഥാ വഃ സുസഹാസതി

എന്നാണ് പൂർണ്ണമായ ഋക്ക്. ഇതിൽ അവസാനത്തെ പദമായ അസതി എന്നതിന് ഭവതി എന്നാണർത്ഥം)

**13. സനിതഃ സുസനിതരുഗ്ര (8.46.20)**

സനിതരിതി/സു*f*സനിതഃ/ഉഗ്ര/ എന്നാണ് ഇവിടെ പദപാഠം. സുസനിതഃ എന്ന പദത്തിന്റെ ഘടകമായ സനിതഃ എന്ന പദത്തിന്റെ സകാരം ഷകാരമാകുന്നില്ല.

**14. അനുസ്പഷ്ടോ ഭവത്യേഷോ അസ്യ (10.160.4)**

അനു*f*സ്പഷ്ടഃ/ഭവതി/ഏഷഃ/അസ്യ/ എന്നാണ് ഇവിടെ പദപാഠം.

അനുസ്പഷ്ടഃ എന്ന പദത്തിലെ ഘടകപദമായ സ്പഷ്ടഃ എന്നതിന്റെ സകാരത്തിന് ഷകാരം വന്നിട്ടില്ല. (അനുസ്പഷ്ടഃ=ദൃഷ്ടിഗോചരഃ)

**15. യമാ ഇവ സുസദൃശഃ സുപേശസഃ (5.57.4)**

യമാഃ/ഇവ/സു*f*സദൃശഃ/സു*f*പേശസഃ/ എന്നാണ് ഇവിടെ പദപാഠം. സുസദൃശഃ എന്ന പദത്തിലെ ഘടകമായ സദൃശ എന്നതിന്റെ സകാരം ഷകാരമായിട്ടില്ല.

**16. തീവ്രം സോമം പിബതി ഗോസഖായാം (5.37.4)**

തീവ്രം/സോമം/പിബതി/ഗോ*f*സഖായം/ എന്നാണ് ഇവിടെ പദപാഠം. ഗോസഖായം എന്ന പദത്തിലെ ഘടകമായ സഖായം എന്ന പദത്തിലെ സകാരം ഷകാരമായിട്ടില്ല.

**17. ത്രിസപ്തൈ ശൂര സത്വഭിഃ (1.133.6)**

ത്രി*f*സപ്തൈഃ/ശൂര/സത്വ*f*ഭിഃ/ എന്നാണ് ഇവിടെ പദപാഠം. ത്രിസപ്തൈഃ എന്ന പദത്തിലെ ഘടകമായ സപ്തൈഃ എന്നതി

ന്റെ സകാരം ഷകാരമായിട്ടില്ല. (ത്രിസപ്തൈഃ=ത്രിഭിഃ സപ്തഭിഃ വാ-മൂന്നോ ഏഴോ)

**18. പൃദാകുസാനാനുർയജതോ ഗവേഷണഃ (8.17.15)**

പൃദാകു/സാനുഃ/യജതഃ/ഗോ/ഏഷണഃ/എന്നാണ് ഇവിടെ പദപാഠം. പൃദാകുസാനു എന്ന പദത്തിലെ സാനു എന്ന ശബ്ദത്തിന്റെ സകാരം ഷകാരമായിട്ടില്ല. (പൃദാകു=സർപ്പം, സാനു=ഉന്നതൻ)

സുതേ, സോമേ, വക്ഷണേ, അപ്രാമി, ചർഷണി, സ്വഭിഷ്ടി- ഈ ശബ്ദങ്ങൾ ഉപാധിയായി വരുന്ന- അതായത് പൂർവ്വം വരുകയാണെങ്കിൽ പദാവയവങ്ങളിൽ ആദിയായി വരുന്ന സകാരം പ്രകൃത്യാ സ്ഥിതിചെയ്യും; ഷകാരമായിത്തീരില്ല.

**<u>ഉദാഹരണങ്ങൾ</u>**

**1. സുതേ സുതേ ന്യോകസേ (1.9.10)**

സുതേ/സുതേ/നി/ഓകസേ/ എന്ന് പദപാഠം. സുതേസുതേ എന്ന പദത്തിൽ സുതേ എന്ന ശബ്ദം പൂർവ്വമുള്ളതായും, പദാവയവമായി ആദ്യത്തിൽ വരുന്നതുമായ സുതേ എന്നതിന്റെ സകാരം ഷകാരമാവാതെ പ്രകൃത്യാ സ്ഥിതിചെയ്യുന്നു.

**2. യത്സോമേ സോമ ആഭവഃ (8.93.17)**

യത്/സോമേ/സോമേ/ആ/അഭവഃ/ എന്നാണ് പദപാഠം. സോമേസോമേ എന്ന പദത്തിൽ സോമേ എന്ന് പൂർവ്വത്തിലുള്ള സോമ എന്നതിന്റെ സകാരം (ഈ സകാരം പദാവയവത്തിന്റെ ആദിയിലുള്ളതാണ്) പ്രകൃത്യാ സ്ഥിതിചെയ്യുന്നു-നതി വരുന്നില്ല.

**3. സുസംശിതാ വക്ഷ്യോ വക്ഷണേസ്ഥാഃ (5.19.5)**

സു/സംശിതാഃ/വക്ഷ്യഃ/വക്ഷണേ/സ്ഥാഃ/ എന്നാണ് പദപാഠം. വക്ഷണേസ്ഥാഃ എന്ന പദത്തിൽ വക്ഷണേ എന്ന ഉപധയോടുകൂടിയ സ്ഥാ എന്ന പദാവയവത്തിന്റെ ആദിയിലുള്ള സകാരം നമിയ്ക്കുന്നില്ല. (വക്ഷണേസ്ഥാഃ =വഹ്നിയിൽ സ്ഥിതിചെയ്യുന്ന)

**4. അപ്രാമിസത്യ മഘവൻ (8.61.4)**

അപ്രാമി/സത്യഃ/മഘ/വൻ/ എന്നാണ് ഇവിടെ പദപാഠം. അപ്രാമി എന്ന് പൂർവ്വമുള്ള സത്യഃ എന്നതിന്റെ സകാരത്തിന് ഷകാരം വന്നിട്ടില്ല. (അപ്രാമിസത്യഃ=അഹിംസിതസത്യഃ)

**5. ഹര്യശ്വം സത്പതിം ചർഷണീസഹം (8.21.10)**

ഹരി/അശ്വം/സത്/പതിം/ചർഷണി/സഹം/ എന്നാണ് ഇവിടെ പദപാഠം. ചർഷണിസഹം എന്ന പദത്തിലെ സഹം എന്നത് ചർഷണി എന്ന് പൂർവ്വമുള്ളതാണ്. സഹം എന്നതിലെ സകാരം പദാവയവത്തിന്റെ ആദിയിലുള്ളതുമാണ്. അതിനാൽ സകാര

ത്തിന് നതി വന്നിട്ടില്ല. (ചർഷണീസഹം=ശത്രുക്കളായ മനുഷ്യരെ ആക്രമിച്ചു കീഴടക്കുന്നവൻ)

**6. തൂതുജിമിന്ദ്രഃ സ്വഭിഷ്ടി സുമ്നഃ (6.20.8)**

തൂതുജിം/ഇന്ദ്രഃ/സ്വഭിഷ്ടി*f*സുമ്നഃ/ എന്നാണ് ഇവിടെ പദപാഠം. സ്വഭിഷ്ടി സുമ്നഃ എന്ന പദത്തിൽ സുമ്നഃ എന്നത് സ്വഭിഷ്ടി ഉപധയായിട്ടുള്ള പദാവയവമാണ്. പദാവയവത്തിന്റെ ആദിയിലുള്ള സകാരം ഷകാരമാകുന്നില്ല. (സ്വഭിഷ്ടി സുമ്നഃ=എല്ലാവരാലും നല്ലവണ്ണം ആഗ്രഹിയ്ക്കപ്പെടുന്ന സുഖത്തിന്റെ ദാതാവായ ഇന്ദ്രൻ. തൂതുജി=ഇത് ഒരു അസുരന്റെ പേരാണ്)

**14. അഭിസത്വാ രയിസ്ഥാനോയാസിസീഷ്ഠാഃ സിസക്ഷി ച ।**
**തിസ്തിരേ തിസ്തിരാണാ ച സിസിചേ സിസിചുശ്ച ന ॥**

അഭിസത്വാ രയിസ്ഥാനഃ, യാസിസീഷ്ഠാഃ, സിസക്ഷി, തിസ്തിരേ, തിസ്തിരാണാ, സിസിചേ, സിസിചുഃ- ഇവയിലും ഷത്വം വരുകയില്ല.

അഭി എന്ന പൂർവ്വമുള്ള സത്വാ എന്നതിന്റെ സകാരം, രയി എന്ന് പൂർവ്വമുള്ള സ്ഥാനം എന്നതിന്റെ സകാരം യാസി എന്ന് പൂർവ്വമുള്ള സീഷ്ഠാഃ എന്നതിന്റെ സകാരം സി എന്ന് പൂർവ്വമുള്ള സക്ഷി എന്നതിന്റെ സകാരം, തി എന്ന് പൂർവ്വമുള്ള സ്തിരേ എന്നതിന്റെ സകാരം, തി എന്നു പൂർവ്വമുള്ള സ്തിരാണാ എന്നതിന്റെ സകാരം സി എന്ന് പൂർവ്വമുള്ള സിചേ എന്നതിന്റെ സകാരം, സി എന്ന് പൂർവ്വമുള്ള സിചുഃ എന്നതിന്റെ സകാരം എന്നിവയ്ക്ക് നതി വരുകയില്ല എന്നർത്ഥം.

**ഉദാഹരണങ്ങൾ**

**1. അഭിവീരോ അഭിസത്വാ സഹോജാഃ (10.103.5)**

അഭി*f*വീരഃ/അഭി*f*സത്വാ/സഹാ*f*ജാഃ/ എന്നാണ് ഇവിടെ പദപാഠം. അഭി എന്ന് പൂർവ്വമുള്ള സത്വാ എന്നതിന്റെ സകാരത്തിന് ഷത്വം വന്നിട്ടില്ല.

**2. രയിസ്ഥാനോ രയിമസ്മാസു ധേഹി (6.47.6)**

രയി*f*സ്ഥാനഃ/രയിം/അസ്മാസു/ധേഹി/ എന്നാണ് ഇവിടെ പദപാഠം. രയിസ്ഥാനഃ എന്ന പദത്തിൽ രയി എന്ന പൂർവ്വമുള്ള സ്ഥാന എന്ന പദത്തിന്റെ സകാരത്തിന് ഷകാരം വന്നിട്ടില്ല. (രയിസ്ഥാനഃ=ധനത്തിന്റെ ഇരിപ്പിടം)

**3. ദേവസ്യ ഹേളോ*f*വ യാസിസീഷ്ഠാഃ (4.1.4)**

ദേവസ്യ/ഹേളഃ/അവ/യാസിസീഷ്ഠാഃ/ എന്നു പദപാഠം. യാസിസീഷ്ഠാഃ എന്ന പദത്തിൽ യാസി എന്നു കഴിഞ്ഞുവരുന്ന സ

കാരത്തിന് ഷകാരം വരുന്നില്ല. (ഹേളഃ=ക്രോധാൻ (വരുണപാശങ്ങളെ), യാസിസീഷ്ഠാഃ=അപനയിയ്ക്കൂ)

**4. ച്ഛായേവ വിശ്വം ഭുവനം സിസക്ഷി (1.73.8)**

ച്ഛായാ/ഇവ/വിശ്വം/ഭുവനം/സിസക്ഷി/ എന്നാണ് പദപാഠം. സി കഴിഞ്ഞുവരുന്ന സക്ഷി എന്ന സകാരത്തിന് ഷത്വം വരുന്നില്ല. (സിസക്ഷി=രക്ഷിയ്ക്കുന്നു)

**5. തിസ്തിരേ ബർഹിരാനുഷക് (3.41.2)**

തിസ്തിരേ/ബർഹിഃ/ആനുഷക്/ എന്നാണ് ഇവിടെ പദപാഠം. തിസ്തിരേ എന്ന പദത്തിൽ തി കഴിഞ്ഞുവരുന്ന സകാരം ഷകാരമാകുന്നില്ല.

**6. യതസ്രുചാ ബർഹിരു തിസ്തിരാണാ (1.108.4)**

യതി/സ്രുചാ/ബർഹിഃ/ഉ ഇതി/തിസ്തിരാണാ/ എന്നാണ് പദപാഠം. തിസ്തിരാണാ എന്ന പദത്തിൽ തി കഴിഞ്ഞുവരുന്ന സകാരം ഷകാരമാകുന്നില്ല.

**7. സേക്തേവ കോശം സിസിചേ പിബധ്യൈ (3.32.15)**

സേക്താ/ഇവ/കോശം/സിസിചേ/പിബധ്യൈ/ എന്നാണ് പദപാഠം. സിസിചേ എന്ന പദത്തിലെ സി എന്നു കഴിഞ്ഞുവരുന്ന സിചേ എന്നതിലെ സകാരം ഷകാരമാകുന്നില്ല. (സിസിചേ=സേചനം ചെയ്യുന്നു. പിബധ്യൈ=പാനം ചെയ്യുന്നതിനായി)

**8. ബഹുസാകം സിസിചുരുത്സമുദ്രിണം (2.24.4)**

ബഹു/സാകം/സിസിചുഃ/ഉത്സം/ഉദ്രിണം/ എന്നാണ് ഇവിടെ പദപാഠം. സിസിചുഃ എന്ന പദത്തിലെ രണ്ടാമത്തെ സകാരത്തിന് ഷകാരം വന്നിട്ടില്ല.

**15. ഗോഷ്ഠാദിവ ഗോഷതമാ ഉപഷ്ടുത്**
**സപ്രവാദോ നാർഷദഃ പര്യഷസ്വജത് ।**
**സ്വാദുഷം സദഃ പുരുഷന്തിശബ്ദഃ**
**സുഷംസദം സുഷമിധാനുസേഷിധത് ।।**

ഗോഷ്ഠാദിവ, ഗോഷതമാ, ഉപഷ്ടുത്, സപ്രവാദമായ നാർഷദഃ, പര്യഷസ്വജത്, സ്വാദുഷംസദഃ, പുരുഷന്തിശബ്ദഃ, സുഷംസദം, സുഷമിധാ, അനുസേഷിധത്- ഇത്രയും പദങ്ങളിൽ ഷകാരം നിപതിപ്പിയ്ക്കുന്നു.

**<u>ഉദാഹരണങ്ങൾ</u>**

**1. ഗാവോ ഗോഷ്ഠാദിവേരതേ (10.97.8)**

ഗാവഃ/ഗോസ്ഥാത്/ഇവ/ഈരതേ/ എന്നാണ് ഇവിടെ പദപാഠം. ഗോസ്ഥാത് ഇവ എന്നത് ഗോഷ്ഠാദിവ എന്നായിരിയ്ക്കുന്നു സം

ഹിതയിൽ. ഗോസ്ഥാത് എന്ന പദത്തിലെ സകാരത്തിന് ഷകാരം വന്നിട്ടുണ്ട്. ഇത് നിപാതനമാണ്. (ഗോഷ്ഠം=തൊഴുത്ത്)

**2. ദിവിഷ്യാമ പാര്യേ ഗോഷതമാഃ (6.33.5)**

ദിവി/സ്യാമ/പാര്യേ/ഗോസ്ƒതമാഃ/ എന്നാണ് ഇവിടെ പദപാഠം. ഗോസതമാഃ എന്നത് ഗോഷതമാഃ എന്നായിരിയ്ക്കുന്നു. ഈ ഷത്വവും നിപാതനമാണ്. (ഗോഷതമാഃ=പശുക്കളെ നേടുന്നവരായിട്ട്. ഗോസ്ഥാത് എന്ന പദത്തിലെ സകാരത്തിനും ഗോസതമാ എന്ന പദത്തിലെ സകാരത്തിനും ഇതിനു മുൻപു വിധിച്ച വിധികൾകൊണ്ടുള്ള ഷകാരം പ്രാപ്തമല്ല. ആയതിനാൽ ഇവിടെ നിപാതനം.)

**3. ശിക്ഷാ ശചീവസ്തവ താ ഉപഷ്ടുത് (9.87.9)**

ശിക്ഷ/ശചീƒവ/തവ/താഃ/ഉപƒസ്തുത്/ എന്നാണ് ഇവിടെ പദപാഠം. ഉപസ്തുത് എന്നത് ഉപഷ്ടുത് എന്നായിരിയ്ക്കുന്നു സംഹിതയിൽ. സ്തുത് എന്ന സകാരം പദ്യാദിയാണെങ്കിലും നാമിപൂർവ്വമല്ലാത്തതിനാൽ പൂർവ്വവിധികളേകൊണ്ട് ഇവിടെ ഷത്വം വരില്ല. അതിനാൽ ഇവിടെ നിപാതനം. (ശിക്ഷ-തന്നാലും. ശചീവഃ=അല്ലയോ അന്നവാനേ, ഉപഷ്ടുത്=അടുത്തെത്തി സ്തുതിയ്ക്കപ്പെടുന്നവൻ)

**4. യന്നാർഷദായ ശ്രവഃ (1.117.8)**

യത്/നാർസദായ/ശ്രവഃ/ എന്നാണ് ഇവിടെ പദപാഠം. ' നാർസദായ' എന്ന പദത്തിലെ സകാരത്തിന് ഷകാരം വരുന്നു.ഇവിടേയും ഷകാരവിധികളൊന്നുംതന്നെ പ്രവർത്തിയ്ക്കുകയില്ല. അതിനാൽ ഇവിടെ ഷകാരം നിപാതനമാണ്.

അശ്വിനീദേവകളുടെ പ്രശംസ ഉൾക്കൊള്ളുന്നതാണ് ഈ ഋക്ക്. 'നാർഷദൻ' എന്നതിന് നൃഷദപുത്രൻ എന്നർത്ഥം. പ്രശംസ ഉള്ളതിനാൽ സപ്രവാദമാണ്. നാർഷദശബ്ദം ഏതു വിഭക്തിയിൽ പ്രയോഗിച്ചാലും അവിടെ ഷകാരം നിപതിപ്പിയ്ക്കുന്നു എന്ന് ഉവടൻ. ഇവിടെ ചതുർത്ഥീവിഭക്തിയിലാണ് ശബ്ദം പറഞ്ഞിട്ടുള്ളത്.

**5. യം തൌഗ്ര്യോ നാധിതഃ പര്യഷസ്വജത് (1.182.7)**

യം/തൌഗ്ര്യഃ/നാധിതഃ/പരിƒഅസസ്വജത്/ എന്നാണ് ഇവിടെ പദപാഠം. 'പര്യസസ്വജത് എന്ന പദത്തിലെ സകാരത്തിന് നിലവിൽ വിധിച്ച ഷത്വവിധികൾ വരികയില്ല. അതിനാൽ നിപാതനമാണിത്.

**6. സ്വാദുഷംസദഃ പിതരോ വയോധാഃ (6.75.9)**

സ്വാദുƒസംസദഃ/പിതരഃ/വയാƒധാഃ/ എന്നാണ് ഇവിടെ പദപാഠം. 'സ്വാദുസംസദഃ' എന്ന പദത്തിലെ സം എന്ന സകാരം പരിപന്നോപധം ആണ്. പരിപന്നോപധം എന്നാൽ അനുസ്വാരത്തിൽ നിന്ന് പൂർവ്വം നിൽക്കുന്നത് എന്നർത്ഥം. 'സേതി ചാസ്യ പരിപന്നോപധാ ചേത്' എന്ന് മുൻപു പറഞ്ഞതനുസരിച്ച് പരിപന്നോപധമായ സകാരത്തിന് ഷകാരം നിഷേധിച്ചു. എങ്കിലും 'സ്വാദുഷംസദഃ' എന്നു പറഞ്ഞിരിയ്ക്കുന്നതിനാൽ ഇവിടെ പരിപന്നോപധമായ സകാരത്തിന് ഷകാരം നിപതിപ്പിച്ചിരിയ്ക്കയാണ്.

**7. യാഭിർധ്വംസന്തിം പുരുഷന്തിമാവതം (1.112.23)**

യാഭിഃ/ധ്വംസന്തിം/പുരുƒസന്തിം/ആവതം/ എന്നാണ് ഇവിടെ പദപാഠം. 'പുരുസന്തിം' എന്നുള്ളത് 'പുരുഷന്തിം' എന്നായിരിയ്ക്കുന്നു. 'സംയോഗസ്യ ചാപ്യനുനാസികാദേഃ' എന്ന പൂർവ്വ വിധിയനുസരിച്ച് അനുനാസികം ആദ്യത്തിലുള്ള സംയോഗത്തിന്റെ (കൂട്ടക്ഷരത്തിന്റെ) പൂർവ്വമുള്ള സകാരത്തിന് ഷകാരം വരുകയില്ല. ഇവിടെ 'പുരുസന്തിം' എന്ന പദത്തിൽ 'ന്തി' എന്ന സംയോഗം അനുനാസികം (നകാരം) ആദ്യത്തിലുള്ളതാണ്. അതിന്റെ പൂർവ്വം വരുന്ന സകാരമാണ് 'പുരുസന്തി' എന്നതിലെ സകാരം. അതിനാൽ ഷകാരം നിഷേധിയ്ക്കപ്പെട്ടു. ഇവിടെ പുരുഷന്തിം എന്നുപ്രയോഗിച്ചിട്ടുള്ളതിനാൽ ഇത് നിപാതനമാണ്.

'പുരുഷന്തിശബ്ദം' എന്നു പറഞ്ഞിട്ടുള്ളതിനാൽ ഏതു വിഭക്ത്യന്തമായി വന്നാലും ഈ ശബ്ദം 'പുരുഷന്തി' എന്നു ഷകാരത്തോടുകൂടി മാത്രമേ ശ്രവിയ്ക്കപ്പെടുകയുള്ളൂ. (പുരുഷന്തി എന്നത് ഒരു ഋഷിയുടെ നാമമാണ്)

**8. പരിപ്രയന്തം വയ്യം സുഷംസദം (9.68.8)**

പരിƒപ്രയന്തം/വയ്യം/സുƒസംസദം/ എന്നാണ് ഇവിടെ പദപാഠം. 'സുസംസദം' എന്ന പദത്തിലെ സു കഴിഞ്ഞുവരുന്ന സംസദം എന്നതിലെ സം എന്നത് പരിപന്നോപധമായതിനാൽ ഷകാരം നിഷേധിയ്ക്കപ്പെട്ടിരുന്നു. എന്നാൽ ഇവിടെ 'സുഷംസദം' എന്നു പറഞ്ഞതിനാൽ ഇവിടെ ഷകാരം നിപതിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

**9. അഗ്നേ ഭവ സുഷമിധാ (7.17.1)**

അഗ്നേ/ഭവ/സുƒസമിധാ/ എന്നാണ് ഇവിടെ പദപാഠം. 'സുസമിധാ' എന്ന പദത്തിലെ ഘടകപദമായ സമിധാ എന്നതിലെ സമ് എന്നതിന്റെ സകാരം 'സംസ്പൃക്സ്വൃ.....' എന്ന വിധിയനുസരിച്ച് ഷകാരമാകില്ല. സമ് എന്നതിന്റെ സകാരത്തിന് ഷകാരം

വരില്ല എന്നാണല്ലോ അവിടെ വിധിയ്ക്കുന്നത്. എന്നാൽ 'സുസമിധാ' എന്ന പദത്തിലെ 'സമ്' എന്നതിന്റെ സകാരം ഷകാരമാവുമെന്ന് നിപാതനംകൊണ്ട് വിധിയ്ക്കുന്നു.

**10. ഷഡ്യുക്താ് അനുസേഷിധത് (1.23.15)**

ഷട്/യുക്താൻ/അനു$f$സേസിധത്/ എന്നാണ് ഇവിടെ പദപാഠം. അനുസേസിധത് എന്ന പദത്തിൽ പദ്യാദിയായ, അനു കഴിഞ്ഞുവരുന്ന സേ എന്ന സകാരത്തിനാണ് മുൻപേയുള്ള വിധിയനുസരിച്ച് ഷകാരം വരേണ്ടത്. എന്നാൽ അതുകഴിഞ്ഞുവരുന്ന സകാരത്തിനാണ് സംഹിതയിൽ ഷത്വം വന്നിട്ടുള്ളത്. അതിനാൽ ഇത് നിപതിപ്പിച്ചിരിയ്ക്കുകയാണ്. (പാണിനീയവ്യാകരണമനുസരിച്ച് ഇൺകോഃ എന്ന സൂത്രംകൊണ്ട് ഷത്വം എന്നാണ് സായണവ്യാഖ്യാനം).

**16. തകാരേ പൂർവ്വപദ്യാന്തോ വ്യാപന്നോ$f$രേഫസംഹിതേ ।**
**നാമിപൂർവ്വോ വിഗ്രഹേ തു ത്വാ ത ഇത്യനുദാത്തയോഃ ।।**

പൂർവ്വപദാവയവത്തിന്റെ അവസാനമുള്ളതും വിസർഗ്ഗം സകാരമായിത്തീർന്നതും നാമിപൂർവ്വവുമായ സകാരം രേഫസംലഗ്നമല്ലാത്ത തകാരം പരമായിരിയ്ക്കുമ്പോൾ ഷകാരമായിത്തീരും.

സമാസമല്ലാത്ത സ്ഥലത്ത് അനുദാത്തങ്ങളായ ത്വാ, തേ എന്നീ പദങ്ങൾ പരമായി വരുമ്പോൾ വ്യാപന്നമായ സകാരം ഷകാരമായിത്തീരുന്നു.

Note: വ്യാപത്തി എന്നാൽ വിസർഗ്ഗത്തിനു സകാരം വരലാണ്. ഇങ്ങനെയുള്ള സകാരങ്ങൾക്ക് ഷകാരം വിധിയ്ക്കുകയാണ് ഇവിടെ ചെയ്യുന്നത്. വ്യാപന്ന എന്നാൽ വിസർഗ്ഗത്തിന്റെ ആദേശമായി വന്ന സകാരം എന്നാണർത്ഥം.

**<u>ഉദാഹരണങ്ങൾ</u>**

**1. പ്ര പാകം ശാസ്സി പ്രദിശോ വിദുഷ്ടരഃ (1.31.14)**

പ്ര/പാകം/ശാസ്സി/പ്ര/ദിശഃ/വിദുഃ$f$തരഃ/ എന്നാണ് ഇവിടെ പദപാഠം. 'വിദുഃ തരഃ' എന്ന വിസർഗ്ഗത്തിന് സകാരം വന്ന് വിദുസ്തരഃ എന്നാകുന്നു. വിദുസ് തരഃ എന്നതിലെ സകാരം പൂർവ്വപദത്തിന്റെ അന്ത്യത്തിലാണുള്ളത്, ആ സകാരം വ്യാപന്നവുമാണ്. അതിൽനിന്ന് തര എന്നതിലെ ത് എന്നാണ് പരമായിരിയ്ക്കുന്നത്; അത് രേഫസംലഗ്നവുമല്ല. അതിനാൽ സകാരത്തിന് ഷകാരംവന്ന് വിദുഷ്തരഃ എന്നാകുമ്പോൾ തകാരത്തിന് ഷകാരത്തിൽനിന്നു പരമാകയാൽ 'ട'കാരം വന്ന് വിദുഷ്ടരഃ എന്നാകുന്നു. (വിദുഷ്ടരഃ=അത്യധികം അറിവുള്ളവൻ, പാകഃ=പുത്രൻ, ശിശു)

തകാരം പരമായി വന്നില്ലെങ്കിൽ പൂർവ്വപദ്യാന്തവും നാമിപൂർവ്വവും വ്യാപന്നവുമായ സകാരം ഷകാരമാവില്ല.

സക്ഷന്ത ഇന്ദ്ര നിസ്സൃജഃ (1.131.3)

നിസ് സൃജഃ എന്ന പദത്തിലെ നിസ് എന്ന സകാരം നാമിപൂർവ്വവും പൂർവപദ്യാന്തവും വ്യാപന്നവുമാണ്. എങ്കിലും സൃജ എന്ന് സകാരമാണ് പരമായിരിയ്ക്കുന്നത്; തകാരമല്ല. അതിനാൽ ഇവിടെ സകാരം ഷകാരമാവുന്നില്ല.

നാമിപൂർവ്വവും വ്യാപന്നവുമായ സകാരം പൂർവ്വപദ്യാന്തമല്ലെങ്കിൽ തകാരം പരമായിരുന്നാലും ഷകാരമാവില്ല. "ത്വമഗ്നേ പ്രമതിസ്ത്വം പിതാസി നഃ...." (1.31.10) എന്ന ഋക്കിൽ പ്രമതിസ്ത്വം എന്നത് പ്രമതിഷ്ട്വം എന്നായിട്ടില്ല. പ്രമതിസ് ത്വം എന്നതിലെ പ്രമതിസ് എന്ന് അവസാനത്തെ സകാരം ഒരു പദത്തിലെ സകാരമാണ്, അല്ലാതെ ഒരു പദത്തിന്റെ ഘടകമായ പൂർവ്വപദാവയവത്തിന്റെ അന്ത്യമല്ല. അതിനാൽ നാമിപൂർവ്വവും വ്യാപന്നവും തകാരം പരമായതും ആണെങ്കിലും ഷകാരം വരുന്നില്ല. രേഫസംലഗ്നമായ തകാരമാണ് പരമായിരിയ്ക്കുന്നത് എങ്കിലും ഷകാരം വരില്ല. 'ചതുസ്ത്രിംശദ്വാജിനോ ദേവബന്ധോഃ' (1.162.18) എന്ന ഋക്കിൽ ചതുസ്ത്രിംശത് എന്ന പദത്തിലെ സകാരത്തിന് ഷകാരം വരുന്നില്ല. ചതുസ് എന്ന സകാരം പൂർവ്വപദ്യാന്തവും നാമിപൂർവ്വവും വ്യാപന്നവുമാണ്; ത്രിംശത് എന്ന തകാരം പരമായിട്ടുണ്ട്. പക്ഷെ ആ തകാരം രേഫസംലഗ്നമാണ്. അതിനാൽ ഷത്വം വരുന്നില്ല.

നാമിപൂർവ്വമായ സകാരമാണ് ഷകാരമാകുക. എന്നാൽ ഏകാരം ഒഴികെയുള്ള നാമികളേയാണ് ഉദ്ദേശിച്ചിരിയ്ക്കുന്നത്. അതിനാൽ ഏകാരമൊഴികേയുള്ള നാമികൾ പൂർവ്വമുള്ള സകാരം ഷകാരമാകും എന്ന് ഉത്സർഗ്ഗവിധിയിൽ പറഞ്ഞിട്ടുണ്ട്. 'നാമിപൂർവ്വം' എന്ന് ഇവിടെ വീണ്ടും എടുത്തുപറഞ്ഞതിനാൽ ഏകാരമാകുന്ന നാമിയെക്കൂടി 'നാമി' എന്ന പദംകൊണ്ട് ഗ്രഹിയ്ക്കണം എന്നു സൂചിപ്പിയ്ക്കുന്നു. അതിനാൽ അഗ്നേഷ്ട്വാ സ്യേന പ്രാശ്നാമി (കൌഷീതകബ്രാഹ്മണം) എന്ന വാക്യത്തിൽ സകാരത്തിന് ഷകാരം വന്നിരിയ്ക്കുന്നു.

**2. ഹവിഷ്ട്വാ സന്തം ഹവിഷാ യജാമ (10.124.6)**

ഹവിഃ/ത്വാ/സംതം/ഹവിഷാ/യജാമ/ എന്നാണ് ഇവിടെ പദപാഠം. ഹവിസ് എന്ന പദത്തിലെ വ്യാപന്നമായ സകാരം ത്വാ എന്ന അനുദാത്തമായ പദം പരമായി വന്നതിനാൽ ഷകാരമായി.

**3. ആഭിഷ്ടേ അദ്യ ഗീർഭിർഗൃണന്തഃ (4.10.4)**

ആഭിഃ/തേ/അദ്യ/ഗീഃ/ഭിഃ/ഗൃണന്തഃ/ എന്ന് പദപാഠം. 'ആഭിസ് തേ'- വ്യാപന്നമായ നാമിപൂർവ്വമായ സകാരം അനുദാത്തമായ 'തേ' എന്ന പദം പരമായതിനാൽ ഷകാരമായി. പിന്നീട് തകാരം ടകാരമായി മാറുന്നു.

**17. അഗ്നിരേകാക്ഷരസ്യാദൌ നകിശ്ചാഥോ തനൂഷ്വിതി ।**
**തത്തതന്യുസ്തതക്ഷുസ്തം തൌഗ്ര്യമിത്യുത്തരേഷുനിഃ ।।**

അഗ്നിഃ എന്നതിന്റെ വിസർഗ്ഗം സകാരമായതിൽനിന്ന് ഏകാക്ഷരമായ തകാരം പരമാകുമ്പോൾ, ആ സകാരം നമിയ്ക്കും.

നകിഃ എന്നതിന്റെ വിസർഗ്ഗം സകാരമായതിൽനിന്ന് പരമായി ഏകാക്ഷരമായ 'ത'കാരം വരുമ്പോഴും ആ സകാരം നമിയ്ക്കും.

നകിഃ എന്നതിന്റെ വ്യാപന്നമായ സകാരം തനൂഷു എന്ന പദം പരമാകുമ്പോഴും നമിയ്ക്കും.

തത്, തതന്യുഃ, തതക്ഷു, തം, തൌഗ്ര്യം എന്നീ പദങ്ങൾ പരമാകുമ്പോഴും 'നിര്' എന്നതിന്റെ വ്യാപന്നമായ സകാരം നമിയ്ക്കും.

**ഉദാഹരണങ്ങൾ**

**1. അഗ്നിഷ്ടം ബ്രഹ്മണാ സഹ (10.162.2)**

അഗ്നിഃ/തം/ബ്രഹ്മണാ/സഹ/ എന്നാണ് പദപാഠം. അഗ്നിഃ കഴിഞ്ഞുള്ള വിസർഗ്ഗം സകാരമായതിനുശേഷം ഏകാക്ഷരമായ തകാരം പരമായതിനാൽ ഷകാരം വന്ന് അഗ്നിഷ്ടം എന്നാകുന്നു. തകാരം ഏകാക്ഷരമല്ലെങ്കിൽ സകാരത്തിന് ഷത്വം വരില്ല. അഗ്നിസ്തു വിശ്രവസ്തമമ് (5.25.5)- അഗ്നിഃ/തുവിശ്രവഃ/തമം/ എന്ന് പദപാഠം. ഇവിടെ തുവിശ്രവസ്തമം എന്ന് ബഹ്വക്ഷരമായ തകാരമാണ് പരമായത് എന്നതിനാൽ സകാരം നമിയ്ക്കുന്നില്ല.

**2. നകിഷ്ടം കർമ്മണാ നശത് (8.31.17)**

നകിഃ/തം/കർമ്മണാ/നശത്/ എന്നാണ് പദപാഠം. ഇവിടെ നകിസ് എന്ന വ്യാപന്നമായ സകാരം 'തം' എന്ന് ഏകാക്ഷരമായ തകാരം പരമായതിനാൽ ഷകാരമാകുന്നു. തകാരം പിന്നീട് ടകാരമാകുന്നു.

**3. നകിഷ്ടനൂഷു യേതിരേ (8.20.12)**

നകിഃ/തനൂഷു/യേതിരേ/ എന്നാണ് പദപാഠം. തനൂഷു എന്ന് പരമായി വന്നതിനാൽ നകിസ് എന്ന സകാരം ഷകാരമായി.

**4. നിഷ്ടജ്ജഭാര ചമസം ന വൃക്ഷാത് (10.68.8)**

നിഃ/തത്/ജഭാര/ചമസം/ന/വൃക്ഷാത്/ എന്നാണ് ഇവിടെ പ

ദപാഠം. നിസ്, തത് എന്ന് 'നി' കഴിഞ്ഞുവരുന്ന വ്യാപന്നമായ സകാരത്തിൽനിന്ന് തത് എന്നു പരമായിട്ടുണ്ട്. അതിനാൽ സകാരം ഷകാരമായും ആ ഷകാരത്തിൽനിന്നു പരമായ തവർഗ്ഗമാകയാൽ തകാരത്തിന് ടകാരവും വരുന്നു.

**5. മിഹം ന സൂരോ അതി നിഷ്ടതന്യുഃ (1.141.13)**

മിഹം/ന/സൂരഃ/അതി/നിഃ/തതന്യുഃ/ എന്നാണ് പദപാഠം. നിസ് എന്ന വ്യാപന്നമായ സകാരത്തിൽനിന്ന് തതന്യുഃ എന്നു പരമായിട്ടുണ്ട്. അതിനാൽ സകാരം ഷകാരമാകുന്നു. (നിഷ്ടതന്യുഃ=ശബ്ദിയ്ക്കട്ടെ).

**6. വേനാദേകം സ്വധയാ നിഷ്ടതക്ഷുഃ (4.58.4)**

വേനാത്/ഏകം/സ്വധയാ/നിഃ/തതക്ഷുഃ/ എന്നാണ് ഇവിടെ പദപാഠം. നിസ് എന്ന വ്യാപന്നസകാരത്തിൽനിന്ന് തതക്ഷുഃ എന്നു പരമായിട്ടുണ്ട്. അതിനാൽ സകാരം ഷകാരമായി.

**7. നിഷ്ടമൂഹഥുഃ സുയുജാ രഥേന (1.117.15)**

നിഃ/തം/ഊഹഥുഃ/സു*f*യുജാ/രഥേന/ എന്നാണ് പദപാഠം. നിസ് എന്ന സകാരം കഴിഞ്ഞ് തം എന്നു വന്നിട്ടുണ്ട്. അതിനാൽ സകാരം ഷകാരമായി.

**8. നിഷ്ടൌഗ്ര്യം പാരയഥഃ സമുദ്രാത് (1.118.6)**

നിഃ/തൌഗ്ര്യം/പാരയഥഃ/സമുദ്രാത്/ എന്നാണ് ഇവിടെ പദപാഠം. നിസ് എന്ന വ്യാപന്നസകാരത്തിൽനിന്ന് തൌഗ്ര്യം എന്ന് പരമായിട്ടുണ്ട്. അതിനാൽ സകാരം ഷകാരമായിത്തീർന്നു.

**18. പായുഭിഃ പർതൃഭിസ്ത്രിഭിർദദിർവേരസ്മയുഃ ശുചിഃ ||**
**ഉത്തരേ ത്വമിതീയുഷ്ടേ വാവൃധുഷ്ടേ സധിഷ്ടവ.||**

**19. ഗോഭിഷ്ടരേമ ക്രതുഷ്ടം നാഹുർനിഷ്ഷിധ്വരീഃ പ്രഭോഃ |**
**വന്ദാരുഃ ഷഷ്ടിരാവിസ്ത്രിർബാഹ്വോരിത്യനുദാത്തയോഃ ||**

പായുഭിഃ, പർതൃഭിഃ, ത്രിഭിഃ, ദദിഃ, വേഃ, അസ്മയു, ശുചിഃ- ഈ ശബ്ദങ്ങളുടെ വ്യാപന്നമായ സകാരം ത്വം എന്ന പദം പരമായി വരുമ്പോൾ നമിയ്ക്കും.

ഈയുഷ്ടേ, വാവൃധുഷ്ടേ, സധിഷ്ടവ, ഗോഭിഷ്ടരേമ, ക്രതുഷ്ടം എന്നീ ദ്വൈപദശബ്ദങ്ങൾ വ്യാപന്നങ്ങളായ സകാരം ഷകാരം വന്നതായിട്ട് നിപതിപ്പിയ്ക്കുന്നു.

ത്വാ, തേ എന്നീ അനുദാത്തങ്ങൾ പരമായി വന്നാൽ വ്യാപന്നസകാരം ഷകാരമാകുമെന്നു പറഞ്ഞത് ആഹുഃ, നിഷ്ഷിധ്വരീഃ, പ്രഭോഃ, വന്ദാരുഃ, ഷഷ്ടിഃ, ആവിഃ, ത്രിഃ, ബാഹ്വോഃ എന്നിവയിൽ വരുകയില്ല.

**ഉദാഹരണങ്ങൾ**

ആദ്യം പായുഭിഃ മുതൽ ശുചിഃ വരേയുള്ളവയ്ക്ക് ത്വം എന്നു പരമാകുമ്പോൾ ഷത്വം വരുമെന്നുള്ളതിനുള്ള ഉദാഹരണങ്ങൾ.

**1. അദബ്ധേഭിഃ സവിതഃ പായുഭിഷ്ട്വം (6.71.3)**

അദബ്ധേഭിഃ/സവിതഃ/പായുഭിഃ/ത്വം/ എന്നാണ് ഇവിടെ പദപാഠം. പായുഭിഃ എന്നു കഴിഞ്ഞ് ത്വം പരമായതിനാൽ വിസർഗ്ഗം സകാരമായി, സകാരം ഷകാരമായി, തകാരം ടകാരമായി. 'പായുഭിഷ്ട്വം' എന്നു സംഹിതയിൽ പ്രയോഗം. (പായുഭിഃ=തേജസ്സുകളാൽ എന്നോ രക്ഷണോപകരണങ്ങളാൽ എന്നോ അർത്ഥം)

**2. പർഷി തോകം തനയം പർതൃഭിഷ്ട്വം (6.48.10)**

പർഷി/തോകം/തനയം/പർതൃ*f*ഭിഃ/ത്വം/ എന്നാണ് ഇവിടെ പദപാഠം. ത്വം എന്നു പരമായി വന്നതിനാൽ പർതൃഭിഃ എന്ന പദത്തിലെ വിസർഗ്ഗം സകാരമായിത്തീർന്ന് ആ വ്യാപന്നസകാരം ഷകാരമായി തകാരം ടകാരവുമായി പർതൃഭിഷ്ട്വം എന്നു പ്രയോഗം. (പർതൃഭിഃ =രക്ഷണോപകരണങ്ങളാൽ, പർഷി=രക്ഷിയ്ക്കൂ)

**3. ത്രിഭിഷ്ട്വം ദേവ സവിതഃ (9.67.26)**

ത്രി*f*ഭിഃ/ത്വം/ദേവ/സവിതഃ/ എന്നു പദപാഠം. ത്രിഭിസ് എന്ന വ്യാപന്നസകാരം ത്വം പരമായതിനാൽ ഷകാരമായി, തകാരം ടകാരമായി ത്രിഭിഷ്ട്വം എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**4. ദദിഷ്ട്വമിന്ദ്രാപാംസി വാജാൻ (2.17.8)**

ദദിഃ/ത്വം/ഇന്ദ്ര/അപാംസി/വാജാൻ/ എന്നാണ് ഇവിടെ പദപാഠം. ദദിഃ എന്ന പദം കഴിഞ്ഞ് ത്വം എന്നു വന്നതിനാൽ ദദിസ് എന്ന വ്യാപന്നസകാരം ഷകാരമായി ത്വം എന്നതിന്റെ തകാരം ടകാരമായി ദധിഷ്ട്വം എന്നു സംഹിതയിൽ പ്രയോഗം. (അപാംസി =കർമ്മങ്ങൾ, ദദിഃ=ദാതാവ്).

**5. പാവകശോചേ വേഷ്ട്വം (6.15.14)**

പാവക*f*ശോചേ/വേഃ/ത്വം/ എന്നാണ് ഇവിടെ പദപാഠം. വേഃ എന്നു കഴിഞ്ഞ് ത്വം എന്നുവന്നതിനാൽ വേഷ്ട്വം എന്ന് സംഹിതയിൽ പ്രയോഗം.

**6. ഏതം ശംസമിന്ദ്രാസ്മയുഷ്ട്വം**

അസ്മയുഃ എന്നു കഴിഞ്ഞ് ത്വം എന്നു വന്നതിനാൽ അസ്മയുഷ്ട്വം എന്ന് സംഹിതയിൽ പ്രയോഗം.

**7. ശുചിഷ്ട്വമസി പ്രിയോ ന മിത്രഃ (1.91.3)**

ശുചിഃ/ത്വം/അസി/പ്രിയഃ/ന/മിത്രഃ/ എന്നു പദപാഠം. ശുചിഃ

എന്ന പദം കഴിഞ്ഞ് ത്വം എന്നു വന്നതിനാൽ വ്യാപന്നമായ സകാരം ഷകാരമായി, തകാരം ടകാരമായി ശുചിഷ്ട്വം എന്നു സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**ഇനി ദ്വൈപദങ്ങൾക്കു വരുന്ന നിപാതനങ്ങൾ**

**8. ഈ യുഷ്ടേ യേ പൂർവ്വതരാമപശ്യൻ (1.113.11)**

ഈയുഃ/തേ/യേ/പൂർവ്വതരാം/അപശ്യൻ/ എന്നാണ് ഇവിടെ പദപാഠം. ഈയുഃ എന്നു കഴിഞ്ഞ് തേ എന്നു വന്നതിനാൽ വിസർഗ്ഗം സകാരമായും പിന്നീട് സകാരം ഷകാരമായും തേ എന്ന തകാരം ടകാരമായും നിപതിപ്പിച്ചിരിയ്ക്കുന്നു.

**9. പുരൂ ശംസേന വാവൃധുഷ്ട ഇന്ദ്രം (10.73.2)**

പുരു/ശംസേന/വവൃധുഃ/തേ/ഇന്ദ്രം/ എന്നു പദപാഠം. വവൃധുഃ എന്ന പദം കഴിഞ്ഞ് തേ എന്ന പദം വന്നതിനാൽ വിസർഗ്ഗത്തിന് സകാരവും ആ സകാരത്തിന് ഷകാരവും തേ എന്നതിന്റെ തകാരത്തിന് ടകാരവും വന്ന് വാവൃധുഷ്ടേ എന്നായി നിപതിപ്പിച്ചിരിയ്ക്കുന്നു.

**10. അപ്സ്വഗ്നേ സധിഷ്ടവ (8.43.9)**

അപ്സു/അഗ്നേ/സധിഃ/തവ/ എന്നാണ് ഇവിടെ പദപാഠം. സധിഃ എന്ന പദം കഴിഞ്ഞ് തവ എന്നു വന്നിരിയ്ക്കുന്നതിനാൽ സധിഃ എന്ന വിസർഗ്ഗത്തിന് സകാരവും ആ സകാരത്തിന് ഷകാരവും വന്ന് തകാരത്തിന് ടകാരവും വന്ന് സധിഷ്ടവ എന്നായിരിയ്ക്കുന്നു. ഇത് നിപാതനമാണ്. (സധിഃ=പ്രവേശസ്ഥാനം)

**11. ഗോഭിഷ്ടരേമാമതിം ദുരേവാം (10.42.10)**

ഗോഭിഃ/തരേമ/അമതിം/ദുഃ/ഏവാം/ എന്നാണ് ഇവിടെ പദപാഠം. ഗോഭിഃ എന്നു കഴിഞ്ഞ് തരേമ എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ വിസർഗ്ഗത്തിനു സകാരം, സകാരത്തിനു ഷകാരം എന്നീ മാറ്റങ്ങൾക്കു ശേഷം തകാരത്തിന് ടകാരവും വന്ന് ഗോഭിഷ്ടരേമ എന്നു സംഹിതയിൽ ഷത്വം നിപതിപ്പിച്ചിരിയ്ക്കുന്നു. (അമതി=ദുർബുദ്ധി, ദുരേവാം=ദാരിദ്ര്യത്തിൽനിന്നുണ്ടായത്)

**12. ഇന്ദ്ര ക്രതുഷ്ടമാഭര (5.35.1)**

ഇന്ദ്ര/ക്രതുഃ/തം/ആ/ഭര/ എന്നാണ് ഇവിടെ പദപാഠം. ക്രതുഃ എന്ന പദം കഴിഞ്ഞ് തം എന്ന പദം പരമായിട്ടുണ്ട്. അതിനാൽ സകാരഷകാരടകാരങ്ങൾ വന്ന് ക്രതുഷ്ടം എന്നു നിപതിപ്പിച്ചിരിയ്ക്കുന്നു.

അനുദാത്തങ്ങളായ ത്വാ, തേ എന്നീ പദങ്ങൾ പരമായി വ

ന്നാൽ വ്യാപന്നമായ സകാരത്തിന് ഷത്വം വരുമെന്നു പറഞ്ഞിരുന്നെങ്കിലും ആഹുഃ തുടങ്ങിയ പദങ്ങളുടെ അവസാനം വരുന്ന വ്യാപന്നമായ സകാരത്തിന് അനുദാത്തങ്ങളായ ത്വാ, തേ എന്നിവ പരമായി വന്നാലും ഷകാരം വരുന്നതല്ല.

**1. ആഹുസ്തേ ത്രീണി ദിവി ബന്ധനാനി (1.163.3)**

ആഹുഃ/തേ/ത്രീണി/ദിവി/ബന്ധനാനി/ എന്നാണ് പദപാഠം. ആഹുഃ എന്നു കഴിഞ്ഞ് അനുദാത്തമായ 'തേ' എന്നു പരമായിട്ടുണ്ടെങ്കിലും വ്യാപന്നമായ സകാരം ഷകാരമാകുന്നില്ല. ആഹുസ്തേ എന്നു സംഹിതയിൽ പ്രയോഗം.

**2. നിഷ്ഷിധ്വരീസ്ത ഓഷധീഃ (3.55.22)**

നിഃ*f*സിധ്വരീഃ/തേ/ഓഷധീഃ/ എന്നാണ് ഇവിടെ പദപാഠം. നിഷ്ഷിധ്വരീഃ എന്ന പദം കഴിഞ്ഞ് അനുദാത്തമായ തേ എന്ന പദം പരമായി വന്നിട്ടുണ്ടെങ്കിലും വ്യാപന്നമായ സകാരം ഷകാരമാകുന്നില്ല. 'നിഷ്ഷിധ്വരീസ്ത' എന്ന് സംഹിതയിൽ പ്രയോഗം. (നിഷ്ഷിധ്വരീഃ=നിതരാം ത്വൽക്കർതൃകസിദ്ധിമത്യഃ)

**3. പ്രഭോസ്തേ സതഃ പരി (9.86.5)**

പ്ര*f*ഭോഃ/തേ/സതഃ/പരി/ എന്നാണ് ഇവിടെ പദപാഠം. പ്രഭോഃ എന്ന പദം കഴിഞ്ഞ് അനുദാത്തമായ തേ എന്നു പരമായിട്ടുണ്ടെങ്കിലും പ്രഭോഃ എന്ന വ്യാപന്നമായ സകാരത്തിന് ഷകാരം വരുന്നില്ല.

**4. വന്ദാരുസ്തേ തന്വം വന്ദേ അഗ്നേ (1.147.2)**

വന്ദാരുഃ/തേ/തന്വം/വന്ദേ/അഗ്നേ/ എന്നാണ് ഇവിടെ പദപാഠം. വന്ദാരുഃ എന്ന പദം കഴിഞ്ഞ് അനുദാത്തമായ തേ എന്നു വന്നിട്ടുണ്ടെങ്കിലും വ്യാപന്നമായ സകാരത്തിന് സംഹിതയിൽ ഷത്വം വന്നിട്ടില്ല. (വന്ദാരുഃ=വന്ദിയ്ക്കുന്ന സ്വഭാവമുള്ള)

**5. ത്രിഃഷഷ്ടിസ്ത്വാ മരുതോ വാവൃധാനാഃ (8.96.8)**

ത്രിഃ/ഷഷ്ടിഃ/ത്വാ/മരുതഃ/വവൃധാനാ/ എന്നാണ് ഇവിടെ പദപാഠം. ഷഷ്ടിഃ എന്ന പദം കഴിഞ്ഞ് അനുദാത്തമായ ത്വാ എന്നു പരമായിട്ടുണ്ടെങ്കിലും വ്യാപന്നമായ സകാരം ഷകാരമാകുന്നില്ല. (ത്രിഃഷഷ്ടിഃ=63)

**6. ആവിസ്തേ ശുഷ്മോ ഭവതു (9.79.5)**

ആവിഃ/തേ/ശുഷ്മഃ/ഭവതു/എന്നാണ് ഇതിന്റെ പദപാഠം. 'ആവിഃ' എന്ന പദം കഴിഞ്ഞ് അനുദാത്തമായ തേ എന്നു പരമായി വന്നിട്ടുണ്ടെങ്കിലും വ്യാപന്നമായ സകാരം ഷകാരമാകുന്നില്ല.

**7. ത്രിസ്തേ അന്നം കൃണവത് സസ്മിന്നഹൻ (4.12.1)**

ത്രിഃ/തേ/അന്നം/കൃണവത്/സസ്മിൻ/അഹൻ/ എന്നാണ് ഇതിന്റെ പദപാഠം. ത്രിഃ എന്ന പദം കഴിഞ്ഞ് അനുദാത്തമായ തേ എന്ന് പരമായി വന്നിട്ടുണ്ടെങ്കിലും ഇവിടെ സകാരം ഷകാരമാകുന്നില്ല. (സസ്മിൻ=സർവ്വസ്മിൻ)

**8. ബാഹ്വോസ്തേ ബലം ഹിതം (1.80.8)**

ബാഹ്വോഃ/തേ/ബലം/ഹിതം/ എന്നാണ് ഇവിടെ പദപാഠം. ബാഹ്വോഃ എന്ന പദം കഴിഞ്ഞ് അനുദാത്തമായ തേ എന്ന പദം പരമായിട്ടുണ്ടെങ്കിലും സകാരം ഷകാരമാകുന്നില്ല.

**20. ഋകാരരേഫഷകാരാ നകാരം**
**സമാനപദേ/വഗ്യഹ്യേ നമന്തി ।**
**അന്തഃപദസ്ഥ മകകാരപൂർവ്വാ**
**അപി സന്ധ്യാഃ സന്ധ്യ ഊഷ്മാപ്യനിങ്ഗ്യേ ॥**

സന്ധിജങ്ങളോ (സന്ധി മൂലമുണ്ടായവ) സന്ധിജങ്ങളല്ലാത്തവയോ ആയ, കകാരം പൂർവ്വമില്ലാത്ത ഋകാരം, രേഫം, ഷകാരം എന്നിവ ദ്വിഖണ്ഡമായ (രണ്ടു ഖണ്ഡങ്ങളുള്ള) ഒറ്റപ്പദത്തിൽ സ്ഥിതിചെയ്യുന്ന നകാരത്തെ നമിപ്പിയ്ക്കുന്നു.

നകാരത്തിന് ണകാരം വരുമെന്ന് വിധിയ്ക്കുന്നു. എങ്ങനെയാണെങ്കിൽ? ഋകാരം, രേഫം, ഷകാരം എന്നിവ നകാരമുള്ള പദത്തിൽത്തന്നെ വരികയാണെങ്കിൽ. ഋകാരം മുതലായ മൂന്നു വർണ്ണങ്ങൾക്കു മുൻപ് കകാരം ഉണ്ടായിരിയ്ക്കരുത്. ഋകാരാദികളും നകാരവും രണ്ടു ഖണ്ഡങ്ങളുള്ള ഒറ്റപ്പദത്തിലായിരിയ്ക്കണം. ഋകാരം, രേഫം, ഷകാരം എന്നിവ സന്ധിമൂലം ഉണ്ടായവയോ പ്രകൃത്യാ ഉള്ളവയോ ആകാം.

'പൂർവ്വോ നന്താ നമ്യമുത്തരം' എന്ന വാക്യമനുസരിച്ച് നമിപ്പിയ്ക്കുന്നവയായ ഋകാരം, രേഫം, ഷകാരം എന്നിവ പൂർവ്വവും, നകാരം പിന്നീടുമായിരിയ്ക്കണം. (നകാരത്തിന്റെ തൊട്ടുമുൻപ് ആയിരിയ്ക്കണമെന്നില്ല)

**ഉദാഹരണങ്ങൾ**

**1. പന്ഥാമനു പ്രവിദ്വാൻ പിതൃയാണം (10.2.7)**

പന്ഥാം/അനു/പ്ര/വിദ്വാൻ/പിതൃ/യാനം/എന്നാണ് ഇവിടെ പദപാഠം 'പിതൃ/യാനം' എന്നത് അവഗൃഹ്യ(രണ്ടു ഖണ്ഡങ്ങളുള്ള)മായ ഒറ്റപ്പദമാണ്. പൂർവ്വഖണ്ഡത്തിൽ ഋകാരം (പിതൃ) ഉണ്ട്. ഈ ഋകാരത്തിനുമുൻപ് കകാരമില്ല. 'യാനം' എന്ന അതേ പദത്തിലുള്ള നകാരത്തെ ഈ ഋകാരം നമിപ്പിച്ച് 'ണ' എന്നാക്കുന്നു. പിതൃയാണം എന്നാണ് സംഹിതയിൽ പ്രയോഗം. (പിതൃയാനം=പി

തൃക്കൾ ഏതു മാർഗ്ഗത്തിലൂടെ പോകുന്നോ അത്)

**2. പ്രയാണേ ജാതവേദസഃ (8.43.6)**

പ്ര*f*യാനേ/ജാത*f*വേദസഃ/ എന്നാണ് ഇതിന്റെ പദപാഠം. 'പ്ര*f*യാനേ' എന്നത് അവഗൃഹ്യമായ ഒറ്റപദമാണ്. പ്ര എന്ന പദത്തിൽ രേഫം കകാരപൂർവ്വമല്ല. 'യാനേ' എന്ന ഉത്തരഖണ്ഡത്തിലെ നകാരത്തെ ഈ രേഫം നമിപ്പിയ്ക്കുന്നു. പ്രയാണേ എന്നു സംഹിതയിൽ പ്രയോഗം.

**3. വിദുർവിഷാണം പരിപാനം (5.44.11)**

വിദുഃ/വി*f*സാനം/പരി*f*പാനം/ എന്നാണ് ഇവിടെ പദപാഠം. 'വി*f*സാനം' എന്ന രണ്ടു ഖണ്ഡങ്ങളുള്ള ഒറ്റപ്പദത്തിലെ സകാരത്തിന് ഷകാരം വന്ന് 'വിഷാനം' എന്നായി, ആ സന്ധിജമായ ഷകാരം അതേ പദത്തിലെ നകാരത്തെ നമിപ്പിച്ച് 'വിഷാണം' എന്നു സംഹിതയിൽ പ്രയോഗം. (വിഷാണം=വിശേഷേണ മദസ്യ ദാതാരം). ഋകാരം, രേഫം, ഷകാരമെന്നിവ നകാരത്തിനെ നമിപ്പിയ്ക്കുന്നതിനുള്ള ഉദാഹരണങ്ങളാണ് മേൽക്കാണിച്ചത്.

അവഗൃഹ്യമായ (രണ്ടു ഖണ്ഡങ്ങളുള്ള) എന്നു പറഞ്ഞിരിയ്ക്കുന്നതിനാൽ രണ്ടു ഖണ്ഡങ്ങളില്ലാത്ത ഒറ്റപ്പദത്തിൽ ഋകാരരേഫഷകാരങ്ങൾ കഴിഞ്ഞുവരുന്ന നകാരത്തിന് ണത്വം വരികയില്ല. ഉഷ്ട്രാനാം വിംശതിം ശതാ (8.46.22) എന്ന ഋക്കിൽ 'ഉഷ്ട്രാനാം' എന്ന പദത്തിലെ നകാരം ഷ്ട്ര എന്ന രേഫം കഴിഞ്ഞ് വരുന്നതാണെങ്കിലും ണകാരമാകുന്നില്ല; 'ഉഷ്ട്രാനാം' എന്നത് രണ്ടു ഖണ്ഡമില്ലാത്ത ഒറ്റപ്പദമാണ്. അവഗൃഹ്യമായ (രണ്ടു ഖണ്ഡങ്ങളുള്ള) ഒറ്റപ്പദത്തിൽ ഋകാരരേഫഷകാരങ്ങളിൽനിന്ന് പരമായി വരുന്ന നകാരമേ ണകാരമാകൂ.

അവഗൃഹ്യമായ സമാനപദത്തിൽ അന്തഃപദസ്ഥമായി (പദത്തിന്റെ ഉള്ളിൽ, അതായത് പദാന്ത്യത്തിൽ പാടില്ല) വരുന്ന നകാരമാണ് നമിയ്ക്കുക. അന്തഃപദസ്ഥമല്ലെങ്കിൽ, ബാക്കിയെല്ലാ നിമിത്തങ്ങളുമുണ്ടെങ്കിലും നമിയ്ക്കുകയില്ല. 'ജുഹുരാണശ്ചിന്മനസാ പരിയൻ' (1.173.11) എന്ന ഋക്കിൽ 'പരി*f*യൻ' എന്ന പദം രണ്ടു ഖണ്ഡങ്ങളുള്ള ഒറ്റപ്പദമാണ്. പൂർവ്വഖണ്ഡത്തിൽ രേഫമുണ്ടെങ്കിലും നകാരം നമിയ്ക്കുന്നില്ല. ആ നകാരം അന്തഃപദസ്ഥമല്ല; പദത്തിന്റെ അവസാനം വരുന്നതാണ്. (പരിയൻ-പരിതോ ഗച്ഛൻ അഥവാ വർജ്ജയിത്വാ ഗച്ഛൻ)

കകാരം കഴിഞ്ഞാണ് ഋകാരരേഫഷകാരങ്ങൾ വരുന്നതെങ്കിൽ അവഗൃഹ്യമായ സമാനപദത്തിലുള്ളതും അന്തഃപദസ്ഥവുമായതു

മാണെങ്കിൽ ആ ഋകാരരേഫഷകാരങ്ങൾ നകാരത്തെ നമിപ്പിയ്ക്കുകയില്ല. 'യ മാസാ കൃപനീളം' (10.20.3) എന്ന ഋക്കിൽ കൃപ/നീളം എന്ന ദ്വിഖണ്ഡമായ ഒറ്റപ്പദത്തിൽ കൃ എന്ന ഋകാരം കഴിഞ്ഞുവരുന്ന അന്തഃപദസ്ഥമായ നകാരമാണ് 'നീളം' എന്ന നകാരം; എങ്കിലും അത് നമിയ്ക്കുന്നില്ല. കകാരം പൂർവ്വമുള്ള ഋകാരമാണ് അവിടെ വരുന്നത്. (കൃപനീളം=കർമ്മസ്ഥാനം) 20-ാം ശ്ലോകത്തിന്റെ അവസാനഭാഗമായ സന്ധ്യ ഊഷ്മാപ്യനിങ്ഗ്യേ എന്നതിന് സന്ധിജമായ ഊഷ്മാവും അനിങ്ഗ്യമായ പദത്തിൽ സ്ഥിതിചെയ്യുന്ന നകാരത്തെ നമിപ്പിയ്ക്കും എന്നാണർത്ഥം.

**ഉദാഹരണം**

**യദി ക്രോശമനുഷ്വണി (6.46.14)**

യദി/ക്രോശം/അനു/സ്വനി/ എന്നാണ് ഇവിടെ പദപാഠം. സ്വനി എന്ന സകാരത്തിന് അനു എന്ന നാമിയിൽനിന്ന് പരമായതിനാൽ ഷകാരം വരുന്നു. 'അനുഷ്വനി' എന്ന് സന്ധിജമായ ഷകാരം പിന്നീട് വരുന്ന നകാരത്തെ നമിപ്പിച്ച് അനുഷ്വണി എന്നു സംഹിതയിൽ പ്രയോഗം.

ഹ, ശ, ഷ, സ, ജിഹ്വാമൂലീയം, ഉപധ്മാനീയം, വിസർഗ്ഗം, അനുസ്വാരം എന്നിവയാണ് ഊഷ്മാക്കൾ. ഇവിടെ മേൽക്കാണിച്ച ഉദാഹരണത്തിൽ സന്ധിജമായ ഊഷ്മാവ് ഷകാരമാണ്. അതാണ് നകാരത്തെ നമിപ്പിച്ചത്. ഊഷ്മാവ് സന്ധിജമല്ലെങ്കിൽ നകാരത്തെ നമിപ്പിയ്ക്കുകയില്ല. 'മഹീ മേ അസ്യ വൃഷനാമ ശൂഷേ' (9.97.54) എന്ന ഋക്കിൽ 'വൃഷനാമ' എന്ന പദത്തിലെ നകാരം നമിച്ചിട്ടില്ല. എന്തെന്നാൽ പൂർവ്വമുള്ള ഷകാരം സന്ധിജമല്ല. (വൃഷനാമ=വർഷണനമനങ്ങൾ. ശൂഷേ=സുഖകരങ്ങളാകുന്നു)

**21. ന മദ്ധ്യമൈഃ സ്പർശവർഗ്ഗൈർവ്യവേതം**
**പരി പ്ര ഋഷീന്ദ്രാദിഷു ചോത്തമേന ।**
**തഥാ സകാരശകാരവ്യവേതം**
**സർവ്വാദിഷു പൂർവ്വപദാന്തഗം ച ॥**

ഋകാരരേഫഷകാരങ്ങൾ നകാരത്തെ നമിപ്പിയ്ക്കുന്നു എന്നാണ് 20-ാമത്തെ ശ്ലോകത്തിൽ പറഞ്ഞത്. അതിന്റെ അപവാദമാണ് 21-ാമത്തെ ശ്ലോകത്തിലൂടെ പറയുന്നത്. 'ന്യായൈർ മിശ്രാനപവാദാൻ പ്രതീയാത്' എന്ന് പ്രഥമപടലത്തിൽ പറഞ്ഞതനുസരിച്ച് അപവാദവിധികൊണ്ട് പറയുന്നതിനെ ഒഴിവാക്കിക്കൊണ്ടുവേണം ഉത്സർഗ്ഗവിധികൊണ്ട് വിധിയ്ക്കുന്നകാര്യങ്ങൾ പറയാൻ.

21-ാം ശ്ലോകത്തിന്റെ അർത്ഥം-

മദ്ധ്യമവർഗ്ഗങ്ങളിലുള്ള സ്പർശാക്ഷരങ്ങളാൽ മറയ്ക്കപ്പെട്ട നകാരത്തെ പൂർവ്വമുള്ള ഋകാരരേഫഷകാരങ്ങൾ നമിപ്പിയ്ക്കില്ല. പരി, പ്ര, ഋഷി, ഇന്ദ്ര എന്നീ പദങ്ങൾ ആദ്യം വരുന്ന പദങ്ങളിൽ ഉത്തമവർഗ്ഗത്തിൽ (ഉത്തമം-അന്തിമം; അന്തിമവർഗ്ഗം=പവർഗ്ഗം)പെട്ട സ്പർശാക്ഷരങ്ങൾ ഇടയിൽ വന്നാലും ഋകാരരേഫഷകാരങ്ങൾ നകാരത്തെ നമിപ്പിയ്ക്കില്ല. അതേപോലെത്തന്നെ ശ, സ എന്നീ വർണ്ണങ്ങളാൽ വ്യവഹിതമായാലും ഋകാരരേഫഷകാരങ്ങൾ നകാരത്തെ നമിപ്പിയ്ക്കില്ല, ഏതു പദം തുടക്കത്തിൽ വന്നാലും. (പരി, പ്ര, ഋഷി, ഇന്ദ്ര എന്നീ പദങ്ങൾ തുടക്കത്തിൽ (പദാദിയിൽ) വരുന്ന ഋകാരരേഫഷകാരങ്ങൾ പവർഗ്ഗത്താൽ വ്യവഹിതമായ നകാരത്തെ നമിപ്പിയ്ക്കില്ല എന്നു പറഞ്ഞുവല്ലോ. ശ, സ എന്നീ വർണ്ണങ്ങൾകൊണ്ട് വ്യവധാനം വരുമ്പോൾ പദാദി ഏതായാലും ഋകാരരേഫഷകാരങ്ങൾ നകാരത്തെ നമിപ്പിയ്ക്കില്ല എന്നാണ് 'സർവ്വാദിഷു' എന്ന പദംകൊണ്ട് പറയുന്നത്).

മദ്ധ്യമവർഗ്ഗങ്ങൾ എന്നാൽ ചവർഗ്ഗം, ടവർഗ്ഗം, തവർഗ്ഗം എന്നിവയാണ്. കവർഗ്ഗം ആദ്യത്തേതും പവർഗ്ഗം അവസാനത്തേതുമാകയാൽ ച, ട, ത എന്നിവയുടെ വർഗ്ഗങ്ങൾ മദ്ധ്യമവർഗ്ഗങ്ങളായി.

ഋകാരം, രേഫം, ഷകാരം എന്നിവയ്ക്കും നകാരത്തിനുമിടയിൽ ചവർഗ്ഗ-ടവർഗ്ഗ-തവർഗ്ഗങ്ങളിൽപ്പെട്ട അക്ഷരം വന്നാൽ നകാരം ണകാരമാവില്ല. പരി, പ്ര, ഋഷി, ഇന്ദ്ര എന്നീ പദങ്ങൾ ആദിയിലുള്ള ഋകാരാദികൾക്കും നകാരത്തിനുമിടയിൽ പവർഗ്ഗം വന്നാലും നകാരം ണകാരമാവില്ല. ശ, സ എന്നിവ ഋകാരാദികൾക്കും നകാരത്തിനുമിടയിൽ വന്നാലും നകാരത്തിനു ണകാരം വരില്ല എന്നു ചുരുക്കം.

മദ്ധ്യമവർഗ്ഗങ്ങളിൽപ്പെട്ട വർണ്ണങ്ങളോ ശ, സ എന്നിവയോ ഋ, രേഫം, ഷകാരമെന്നിവയ്ക്കും നകാരത്തിനും ഇടയിൽ വന്നിട്ടില്ലാത്തിടത്താണ് നകാരം ണകാരമാകുക. പരി തുടങ്ങിയ നാലു പദങ്ങൾ ആദിയിൽ വരുന്ന പദങ്ങളാണെങ്കിൽ അവയിൽ ഋകാരാദികൾക്കും നകാരത്തിനുമിടയിൽ പവർഗ്ഗത്തിൽപ്പെട്ട വർണ്ണങ്ങൾ വരാത്തിടത്തേ നകാരം ണകാരമാകൂ.

**ഉദാഹരണങ്ങൾ**

**1. ഋജുനീതീ നോ വരുണഃ (1.90.1)**

ഋജുനീതീ/നഃ/വരുണഃ/ എന്നു പദപാഠം. ഋജു*f*നീതീ എന്ന അവഗൃഹ്യമായ ഒറ്റപ്പദത്തിൽ അന്തഃപദസ്ഥമായ നകാരമാണ് നീതീ എന്നതിന്റെ നകാരം. ഋകാരം പൂർവ്വമുണ്ടെങ്കിലും ഋകാരത്തിനും

നകാരത്തിനുമിടയിൽ ചവർഗ്ഗത്തിൽപ്പെട്ട ജകാരം ഉള്ളതിനാൽ നകാരം ണകാരമാകുന്നില്ല.

**2. ആ നിവർത്തന വർത്തയ**

നിവർത്തന എന്ന പദത്തിൽ രേഫത്തിനും നകാരത്തിനുമിടയിൽ തകാരമുള്ളതിനാൽ നകാരം ണകാരമാകുന്നില്ല.

**3. അഭിഷ്ടനേ തേ അദ്രിവഃ (1.80.14)**

അഭി*f*സ്തനേ/തേ/അദ്രി*f*വഃ/ എന്ന് പദപാഠം. 'അഭിഷ്ടനേ' എന്ന് അവഗൃഹ്യമായ ഒറ്റപ്പദത്തിൽ ഷകാരത്തിനും നകാരത്തിനുമിടയിൽ ടകാരം വന്നതിനാൽ നകാരം ണകാരമാകുന്നില്ല. (അഭിഷ്ടനം=സിംഹനാദം)

**4. പരിപാനമന്തി തേ (5.44.11)**

പരി*f*പാനം/അന്തി/തേ/ എന്നാണ് പദപാഠം. പരി എന്ന് ആദിയിൽ വരുന്ന അവഗൃഹ്യമായ ഒറ്റപ്പദമാണ് പരിപാനം എന്ന പദം. ഇവിടെ രേഫത്തിനും നകാരത്തിനുമിടയിൽ പകാരം വരുന്നതിനാൽ നകാരം ണകാരമാകുന്നില്ല.

**5. പ്രമിനതീ മനുഷ്യാ യുഗാനി (1.124.2)**

പ്ര*f*മിനതീ/മനുഷ്യാ/യുഗാനി/ എന്നു പദപാഠം. പ്ര എന്ന് ആദിയിലുള്ള അവഗൃഹ്യമായ പദമാണ് പ്രമിനതീ എന്നത്. രേഫത്തിനും നകാരത്തിനുമിടയിൽ പവർഗ്ഗത്തിൽപ്പെട്ട മകാരമുള്ളതിനാൽ നകാരം ണകാരമാകുന്നില്ല.

**6. ഋഷിമനാ യ ഋഷികൃത്സ്വർഷാഃ (9.96.18)**

ഋഷി*f*മനാഃ/യഃ/ഋഷി*f*കൃത്/സ്വഃ*f*സാഃ/ എന്നാണ് പദപാഠം. ഋഷി എന്ന് ആദിയിലുള്ള അവഗൃഹ്യമായ ഒറ്റപ്പദമാണ് ഋഷിമനാഃ എന്നുള്ളത്. ഷകാരത്തിനും നകാരത്തിനുമിടയിൽ പവർഗ്ഗത്തിൽപ്പെട്ട മകാരമുള്ളതിനാൽ നകാരം ണകാരമായില്ല. (ഋഷിമനാഃ=സർവ്വദർശനശീലമനസ്കഃ)

**7. ഇദം ത്യത്പാത്രമിന്ദ്രപാനം (6.44.16)**

ഇദം/ത്യത്/പാത്രം/ഇന്ദ്ര*f*പാനം/ എന്നാണ് പദപാഠം. ഇന്ദ്ര എന്ന് ആദിയിൽ വരുന്ന അവഗൃഹ്യമായ ഒറ്റപ്പദമാണ് ഇന്ദ്രപാനം എന്നത്. രേഫത്തിനും നകാരത്തിനുമിടയിൽ പകാരമുള്ളതിനാൽ നകാരം ണകാരമാകുന്നില്ല.

പരി, പ്ര, ഋഷി, ഇന്ദ്ര എന്നീ പദങ്ങൾ ആദിയിൽ വരുന്ന എന്നു പറഞ്ഞിട്ടുള്ളതിനാൽ, ഈ നാലു പദങ്ങളിലേതെങ്കിലുമൊന്ന് ആദിയിൽ ഇല്ലെങ്കിൽ ഋകാരരേഫഷകാരങ്ങളിൽനിന്ന് ഇടയിൽ പവർഗ്ഗത്തിൽപ്പെട്ട അക്ഷരങ്ങൾ ഉണ്ടെങ്കിലും നകാരം നമിയ്ക്കും.

'സുപ്രപാണം ഭവത്വഘ്ന്യാഭ്യഃ' (5.83.8) എന്ന ഋക്ഭാഗത്തിൽ 'സു *f*പ്രപാനം' എന്ന പദത്തിലെ നകാരം ണകാരമായിട്ടുണ്ട്. പകാരം കൊണ്ട് വ്യവധാനം ഉണ്ടെങ്കിലും ഈ പദം പരി, പ്ര, ഋഷി, ഇന്ദ്ര എന്നീ പദങ്ങൾ ആദ്യം വരുന്നതല്ല.

ഋകാരം, രേഫം, ഷകാരം എന്നീ വർണ്ണങ്ങൾക്കും നകാരത്തിനും ഇടയിൽ ശ, സ എന്നിവ വന്നാലും നകാരത്തിന് ണകാരം വരില്ല എന്നതിന്റെ ഉദാഹരണങ്ങൾ:

**1. അഹന്നഹിം പരിശയാനമർണ്ണഃ (3.32.11)**

അഹൻ/അഹിം/പരി*f*ശയാനം/അർണ്ണഃ/ എന്നാണ് ഇവിടെ പദപാഠം. 'പരിശയാനം' എന്ന പദത്തിൽ രേഫത്തിനും നകാരത്തിനുമിടയിൽ ശകാരം വന്നിട്ടുള്ളതിനാൽ നകാരം ണകാരമാകുന്നില്ല. 'പരിശയാന'മെന്നുതന്നെയാണ് സംഹിതയിൽ പ്രയോഗം.

**2. ഇദാ ഹി ത ഉഷോ അദ്രിസാനോ (6.65.5)**

ഇദാ/ഹി/തേ/ഉഷഃ/അദ്രിസാനോ/ എന്നാണ് ഇവിടെ പദപാഠം. അദ്രിസാനോ എന്ന പദത്തിൽ രേഫനകാരങ്ങളുടെ ഇടയിൽ സ എന്നുള്ളതിനാൽ നകാരം ണകാരമാകുന്നില്ല.

പൂർവ്വപദത്തിന്റെ അന്തത്തിൽ വരുന്ന നകാരത്തേയും ഋകാരരേഫഷകാരങ്ങൾ നമിപ്പിയ്ക്കുകയില്ല.

ഉദഃ- കർമ്മൻ കർമ്മഞ്ഛതമൂതിഃ (1.102.6)

കർമ്മൻ*f*കർമ്മൻ/ശതം*f*ഊതിഃ/ എന്നാണ് ഇവിടെ പദപാഠം. 'കർമ്മൻ കർമ്മൻ' എന്ന പദത്തിലെ പൂർവ്വപദമായ കർമ്മൻ എന്നതിന്റെ അന്ത്യത്തിലെ നകാരത്തിന് നതി വരുന്നില്ല; ആ നകാരം പരി, പ്ര, ഋഷി, ഇന്ദ്ര എന്നീ പദങ്ങൾ ആദിയിലില്ലാത്ത രേഫം കഴിഞ്ഞുവരുന്നത് ആണെങ്കിലും, പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ളതാണ്.

**22. നാഭിർനിർണിക്പ്രവാദാദീ യകാരസ്പർശസംഹിതം ।**
**കർമ്മനിഷ്ഠാം ദീർഘനീഥേ ഭാനുശബ്ദേഹിനോമി ച ॥**

നാഭി, നിർണിക് എന്നീ ശബ്ദങ്ങളുടെ ആദിയിലുള്ള നകാരത്തെ ഋകാരരേഫഷകാരങ്ങൾ നമിപ്പിയ്ക്കുകയില്ല. യകാരത്തോടും സ്പർശാക്ഷരത്തോടും ചേർന്നിരിയ്ക്കുന്ന നകാരത്തേയും, ഋകാരരേഫഷകാരങ്ങൾ നമിപ്പിയ്ക്കുകയില്ല. കർമ്മനിഷ്ഠാം, ദീർഘനീഥേ എന്നീ പദങ്ങളിലെ നകാരത്തേയും നമിപ്പിയ്ക്കുകയില്ല. ഭാനുശബ്ദത്തിന്റെ നകാരത്തേയും, ഹിനോമി എന്ന ശബ്ദത്തിലെ നകാരത്തേയും നമിപ്പിയ്ക്കുന്നില്ല.

**ഉദാഹരണങ്ങൾ**

**1. രഥേന വൃഷനാഭിനാ (8.20.10)**

രഥേന/വൃഷ്ƒനാഭിനാ/ എന്ന് പദപാഠം. അവഗൃഹ്യമായ ഒറ്റപ്പദമായ വൃഷനാഭിനാ എന്ന പദത്തിൽ നാഭിനാ എന്നതിന്റെ നകാരം നമിയ്ക്കുന്നില്ല. (നാഭിഃ=ചക്രച്ഛിദ്രം. വൃഷനാഭി=വർഷകനാഭിയുക്തമായ)

**2. അതഃ സഹസ്രനിർണിജാ (8.8.11)**

അതഃ/സഹസ്രƒനിർനിജാ/ എന്ന് പദപാഠം. ഇവിടെ സഹസ്രനിർണിജാ എന്ന പദത്തിലെ നിർണിജാ എന്നതിന്റെ നകാരം നമിയ്ക്കുന്നില്ല. നിർനിജാ എന്ന രണ്ടാമത്തെ നകാരം നമിയ്ക്കുന്നുണ്ട്. ആദ്യത്തെ നകാരത്തിനാണ് ണത്വനിഷേധം. (നിർണിക്=നിറം)

**3. ദ്യുമ്നീ സുശിപ്രോ ഹരിമന്യുസായകഃ (10.96.3)**

ദ്യുമ്നീ/സുശിപ്രഃ/ഹരിമന്യുƒസായകഃ/ എന്നാണ് പദപാഠം. ഇവിടെ മന്യു എന്ന നകാരം ണകാരമാകുന്നില്ല, യകാരത്തോട് ചേർന്ന് നിൽക്കുന്നതുകൊണ്ട്.

**4. വൃത്രഘ്നേ പരിഷിച്യസേ (9.98.10)**

വൃത്രƒഘ്നേ/പരി/സിച്യസേ/ എന്നാണ് പദപാഠം. വൃത്രഘ്നേ എന്ന് നകാരം ഘകാരമാകുന്ന സ്പർശവുമായിച്ചേർന്ന് നിൽക്കയാൽ നകാരം നമിയ്ക്കുന്നില്ല.

“യകാരവുമായോ സ്പർശാക്ഷരങ്ങളുമായോ ചേർന്നിരിയ്ക്കുന്ന” എന്നു പറഞ്ഞതിനാൽ യകാരനകാരങ്ങളുടേയും സ്പർശനകാരങ്ങളുടേയും ഇടയിൽ സ്വരമുണ്ടെങ്കിലും യകാരമോ സ്പർശമോ അല്ലാത്ത വർണ്ണം ചേർന്നിരുന്നാലും നകാരം നമിച്ച് ണകാരമാകും. പ്രാതർയാവ്ണഃ സഹസ്കൃതഃ (1.45.9) എന്നു തുടങ്ങുന്ന ഋക്കിൽ പ്രാതർയാവ്നഃ എന്ന നകാരം നമിയ്ക്കുന്നുണ്ട്. അവിടെ യകാരം കഴിഞ്ഞ് ആകാരമുണ്ട്; സ്പർശമല്ലാത്ത വകാരത്തോട് ചേർന്നാണ് നകാരം നിൽക്കുന്നത്. യകാരത്തോടോ സ്പർശത്തോടോ ചേർന്നുനിൽക്കാത്തതിനാൽ നകാരം ണകാരമായി പ്രാതർയാവ്ണഃ എന്നു സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു. (പ്രാതർയാവ്ണഃ=പ്രഭാതത്തിൽ വന്നുചേരുന്ന)

**5. അഗ്നിർവീരം ശ്രുത്യം കർമ്മനിഷ്ഠാം (10.80.1)**

അഗ്നിഃ/വീരം/ശ്രുത്യം/കർമ്മനിഃƒസ്ഥാം/ എന്നാണ് ഇവിടെ പദപാഠം. കർമ്മനിഷ്ഠാം എന്ന പദത്തിൽ രേഫം കഴിഞ്ഞുവരുന്ന നകാരത്തിന് ‘മ’കാരംകൊണ്ട് വ്യവധാനമുണ്ടെങ്കിലും പദം

പരി, പ്ര, ഋഷി, ഇന്ദ്ര എന്നു തുടങ്ങുന്നതല്ലായ്കയാൽ ണകാരം നേരത്തേയുള്ള വിധിയനുസരിച്ച് വരാമായിരുന്നു. എങ്കിലും കർമ്മ നിഷ്ഠാം എന്ന പദത്തിലെ നകാരം നമിയ്ക്കുകയില്ല എന്ന് നി ഷേധിച്ചതിനാൽ ണകാരം വരുന്നില്ല.

**6. ദീർഘനീഥേ ദമൂനസി (8.50.10)**

ദീർഘ/നീഥേ എന്ന് പദപാഠത്തിൽ. ദീർഘനീഥേ എന്ന പദ ത്തിലുള്ള നകാരത്തെ ഋകാരരേഫഷകാരങ്ങൾ നമിപ്പിയ്ക്കുക യില്ല എന്നു നിഷേധിച്ചതിനാൽ ഇവിടെ നകാരം ണകാരമാകു ന്നില്ല.

**7. സ്വർഭാനോരധ (5.40.6)**

സ്വഃ/ഭാനോഃ/അധ/ എന്ന് പദപാഠം. ഭാനുശബ്ദത്തിന്റെ ന കാരം നമിയ്ക്കുകയില്ല എന്ന് നിഷേധിച്ചതിനാൽ 'സ്വർഭാനോഃ' എന്ന് നകാരത്തിന് നതിവരാത്ത രൂപമാണ് സംഹിതയിൽ. (സ്വർഭാനു ഒരു അസുരനാണ്).

**8. യാം വാം ഹോത്രാം പരിഹിനോമി മേധയാ (7.104.6)**

യാം/വാം/ഹോത്രാം/പരി/ഹിനോമി/മേധയാ/ എന്ന് ഇവി ടെ പദപാഠം. പരി/ഹിനോമി എന്ന പദത്തിൽ ഹിനോമി എന്ന നകാരത്തിന് നതി വരുന്നില്ല; നിഷേധിച്ചതിനാൽ. (പരിഹിനോ മി=പ്രേരിപ്പിയ്ക്കുന്നു)

**23. ഹ്രസ്വോദയം ത്വേഷപുർവ്വേവമാദിഷു**
**ത്രിശുഭ്രയുഷ്മാദിഷു ചോഭയോദയം ।**
**അഹകാരേഷ്വധികത്ര്യക്ഷരേഷു ച**
**പുരഃ പുനർദുശ്ചതുർജ്യോതിരാദിഷു ॥**

ത്വേഷ, പുരു എന്നീ ശബ്ദങ്ങൾ ആദിയിൽ വരുന്നതും ഹ്ര സ്വമായ സ്വരം പരമായി വരുന്നതുമായ നകാരത്തെ രേഫഷകാ രങ്ങൾ നമിപ്പിയ്ക്കില്ല. ത്രി, ശുഭ്ര, യുഷ്മാ എന്നീ ശബ്ദങ്ങൾ ആ ദിയിലുള്ളതും ഹ്രസ്വമോ ദീർഘമോ ആയ സ്വരം പരമായി വരു ന്നതുമായ നകാരത്തെ രേഫഷകാരങ്ങൾ നമിപ്പിയ്ക്കില്ല. ഹകാ രം ഇല്ലാത്തതും, മൂന്നക്ഷരത്തിൽ കൂടുതൽ ഉള്ളതും പുരഃ, പു നഃ, ദുഃ, ചതുഃ, ജ്യോതിഃ എന്നീ പദങ്ങൾ ആദ്യം വരുന്നതുമായ പ ദത്തിലുള്ള നകാരം നമിയ്ക്കുന്നില്ല.

**ഉദാഹരണങ്ങൾ**

**1. യതോ ജജ്ഞേ ഉഗ്രസ്ത്വേഷനൃമ്ണഃ (10.120.1)**

യതഃ/ജജ്ഞേ/ഉഗ്രഃ/ത്വേഷ/നൃമ്ണഃ/ എന്നാണ് ഇവിടെ പദ പാഠം. ത്വേഷ നൃമ്ണഃ എന്ന പദം ത്വേഷ എന്ന് പൂർവ്വമുള്ള പദ

മാണ്. നൃ എന്നതിലെ നകാരം ഋ എന്ന ഹ്രസ്വം പരമായിട്ടുള്ള താണ്. അതിനാൽ നൃ എന്നതിന്റെ നകാരം നമിയ്ക്കുന്നില്ല. (ത്വേ ഷനൃമ്ണഃ=പ്രദീപ്തബലഃ).

**2. പുരുനൃമ്ണായ സത്വനേ (8.45.21)**

പുരുƒനൃമ്ണായ/സത്വനേ/ എന്നാണ് ഇവിടെ പദപാഠം. പുരു എന്ന പദം ആദിയിൽ വരുന്ന 'പുരുനൃമ്ണായ' പദത്തിലെ നൃമ്ണ എന്ന നകാരം നമിയ്ക്കുന്നില്ല. (പുരുനൃമ്ണായ=അനവധി ധനം ഉള്ള; ഇവിടെ നൃമ്ണശബ്ദം ധനമെന്ന അർത്ഥത്തിലാണ് വ്യാഖ്യാനിയ്ക്കപ്പെട്ടിരിയ്ക്കുന്നത്, സത്വനേ=ദാനശീലമുള്ള വനായിക്കൊണ്ട്)

ത്വേഷ എന്നും പുരു എന്നും ആദ്യം വരുന്ന പദത്തിന്റെ അവയവമായ നകാരം ഹ്രസ്വം പിന്നീട് (പരമായി) വരുകയാണെങ്കിൽ മാത്രമേ നമിയ്ക്കാതിരിയ്ക്കുള്ളൂ. ദീർഘമാണ് നകാരം കഴിഞ്ഞ് വരുന്നതെങ്കിൽ നകാരം നമിച്ച് ണകാരമാകും.

പുരുണീഥാ ജാതവേദോ ജരസ്വ (7.9.6) എന്ന ഋക്കിൽ പുരു എന്ന് ആദ്യം വരുന്ന പദമായ പുരുƒനീഥാഃ എന്ന നകാരം ണകാരമായി സംഹിതയിൽ ശ്രവിയ്ക്കുന്നു. അവിടെ നകാരം കഴിഞ്ഞ് ദീർഘമാണ് വരുന്നത്.

**3. ത്രിനാകേ ത്രിദിവേ ദിവഃ (9.113.9)**

ത്രിƒനാകേ/ത്രിƒദിവേ/ദിവഃ/ എന്നാണ് പദപാഠം. ത്രി എന്ന പദം ആദിയിൽ വരുന്ന ത്രിനാകേ എന്ന പദത്തിൽ നകാരം കഴിഞ്ഞ് ദീർഘമാണ് വരുന്നത്. 'ഉഭയോദയേ' (ഹ്രസ്വമോ ദീർഘമോ പരമാകുമ്പോഴും) എന്നു പറഞ്ഞതിനാൽ ഇവിടെ നകാരം നമിയ്ക്കുന്നില്ല.

**4. വഹേഥേ ശുഭ്രയാവാനാ (8.26.19)**

വഹേഥേ ഇതി/ശുഭ്രƒയാവാനാ/ എന്നാണ് പദപാഠം. ശുഭ്ര എന്ന പദം ആദിയിൽ വരുന്ന അവഗൃഹ്യമായ ഒറ്റപ്പദമാണ് ശുഭ്ര യാവാനാ എന്ന പദം. ശുഭ്രയാവാനാ എന്ന പദത്തിൽ നകാരം കഴിഞ്ഞ് ദീർഘമാണ് പരമായിരിയ്ക്കുന്നത്. ഇവിടെ നകാരം നമിയ്ക്കുന്നില്ല. (ശുഭ്രയാവാനാ=ഹേ ശോഭനശീലഗമനവന്തൌ)

**5. യുഷ്മാനീതോ അഭയം (2.27.11)**

യുഷ്മാƒനീതഃ/അഭയം/ എന്നാണ് ഇവിടെ പദപാഠം. യുഷ്മാ എന്ന് ആദ്യം വരുന്ന യുഷ്മാനീത എന്ന പദത്തിൽ നകാരം ദീർഘം പരമായി വന്നിരിയ്ക്കുന്നു. ഈ നകാരം നമിയ്ക്കുന്നില്ല. സംഹിതയിലും യുഷ്മാനീതഃ എന്നുതന്നെയാണ് പ്രയോഗം.

(യുഷ്മാനീത=യുഷ്മാഭിഃ നീതഃ-നിങ്ങളാൽ നയിയ്ക്കപ്പെട്ടവൻ)

ഇനി ഹകാരമില്ലാത്തതും മൂന്നിലധികം അക്ഷരങ്ങളുള്ളതും പുരഃ, പുനഃ, ദുഃ, ചതുഃ, ജ്യോതിഃ എന്നീ പദങ്ങൾ ആദിയിൽ വരുന്നതുമായ നകാരം നമിയ്ക്കുകയില്ല എന്നതിന് ഉദാഹരണങ്ങൾ.

**1. പുരോയാവാനമാജിഷു (8.84.8)**

പുരഃ/യാവാനം/ആജിഷു/ എന്നാണ് ഇവിടെ പദപാഠം. പുരഃ എന്ന പദം ആദിയിലുള്ള മൂന്നിലധികം അക്ഷരങ്ങളുള്ള, ഹകാരമില്ലാത്ത പദമാണ് 'പുരോയാവാനം'. ഇതിലെ നകാരം നമിയ്ക്കുന്നില്ല. (പുരോയാവാനം=(ശത്രുവധത്തിനായി) മുന്നോട്ടുതന്നെ ഗമിയ്ക്കുന്നവൻ)

**2. പുനരാഗാ പുനർനവ (10.161.5)**

പുനഃ/ആ/അഗാഃ/പുനഃ/നവ/ എന്നു പദപാഠം. പുനഃ എന്ന് ആദിയിലുള്ള ഹകാരരഹിതമായ, മൂന്നക്ഷരത്തിൽ കൂടുതലുള്ള പദമാണ് പുനർനവ എന്ന പദം. ഈ പദത്തിലെ നകാരത്തിന് നതി വരുന്നില്ല.

**3. ദുർനിയന്തുഃ പരിപ്രീതോ ന മിത്രഃ (1.190.6)**

ദുഃ/നിയന്തുഃ/പരി/പ്രീതഃ/ന/മിത്രഃ/ എന്നാണ് ഇവിടെ പദപാഠം. ദുഃ എന്ന് ആദിയിൽ വരുന്ന, ഹകാരമില്ലാത്ത, മൂന്നക്ഷരങ്ങളിൽക്കൂടുതലുള്ള പദമാണ് ദുർനിയന്തുഃ എന്ന പദം. ഈ പദത്തിലെ നകാരം ണകാരമാകുന്നില്ല.

**4. സ ജിഹ്വയാ ചതുരനീകഃ (5.48.5)**

സഃ/ജിഹ്വയാ/ചതുഃ/അനീകഃ/ എന്നു പദപാഠം. ചതുഃ എന്ന് ആദിയിൽ വരുന്ന ഹകാരരഹിതമായ, മൂന്നിൽക്കൂടുതൽ അക്ഷരങ്ങളുള്ള പദമാണ് ചതുരനീകഃ എന്ന പദം. ഈ പദത്തിലെ നകാരം നമിയ്ക്കുന്നില്ല.

**5. ശംനോ അഗ്നിർജ്യോതിരനീകോ അസ്തു (7.35.4)**

ശം/നഃ/അഗ്നിഃ/ജ്യോതിഃ/അനീകഃ/അസ്തു/ എന്നാണ് ഇവിടെ പദപാഠം. ജ്യോതിഃ എന്ന പദം ആദിയിൽ വരുന്ന, ഹകാരമില്ലാത്ത, മൂന്നക്ഷരങ്ങളിൽക്കൂടുതലുള്ള പദമാണ് ജ്യോതിരനീകഃ എന്ന പദം. ഈ പദത്തിലെ നകാരം ണകാരമാകുന്നില്ല. (ജ്യോതിരനീകഃ=ജ്യോതിർമുഖഃ)

ഹകാരമില്ലാത്ത എന്നു പറഞ്ഞിട്ടുള്ളതിനാൽ ഹകാരമുള്ള, മൂന്നിൽക്കൂടുതൽ അക്ഷരമുള്ള, പുരഃ തുടങ്ങിയ ശബ്ദങ്ങൾ ആദിയിൽവന്നാൽ ആ പദത്തിലെ നകാരം നമിയ്ക്കും. 'കുമാരദേഷ്ണാ ജയതഃ പുനർഹണഃ' (10.34.7) എന്ന ഋക്കിൽ പുനർഹണഃ

എന്ന് നകാരം ണകാരമായിട്ടുണ്ട്. ഈ പദം പുനഃ എന്ന് ആദിയിൽ വരുന്നതും, മൂന്നിൽക്കൂടുതൽ അക്ഷരങ്ങളുള്ളതുമാണെങ്കിലും ഹകാരരഹിതമല്ലാത്തതിനാലാണത്.

മൂന്നിൽകൂടുതൽ അക്ഷരങ്ങളുള്ള എന്നു പറഞ്ഞിട്ടുള്ളതിനാൽ, അതില്ലാത്തേടത്ത് പുരഃ തുടങ്ങിയവ ആദിയിൽ വരുന്നതും ഹകാരരഹിതവുമായ പദമാണെങ്കിലും നകാരം നമിയ്ക്കും. 'ദുർണാമാ യോനിമാശയേ' (10.162.1) ഇവിടെ ദുർണാമാ എന്ന പദത്തിൽ നകാരം ണകാരമായിട്ടുണ്ട്. ദുഃ എന്ന പദം ആദിയിൽ വരുന്ന ഹകാരരഹിതമായ പദമാണെങ്കിലും ദുർണാമാ എന്ന പദത്തിൽ മൂന്നിൽ അധികം അക്ഷരങ്ങളില്ലാത്തതിനാലാണത്.

24. **ഉസ്രയാമ്ണേഽനുസ്രയാമ്ണേ സുഷാമ്ണേ**
**വൃഷമണ്യവോഽധിഷവണ്യാ പ്രണ്യഃ ।**
**ദൂഢ്യദൂണാശദൂളഭ പ്രവാദാ**
**ദുർദൂഭൂതമക്ഷരം തേഷു നന്തൃ ॥**

ഉസ്രയാമ്ണേ, അനുസ്രയാമ്ണേ, സുഷാമ്ണേ, വൃഷമണ്യവഃ, അധിഷവണ്യാ, പ്രണ്യഃ- ഇത്രയും പദങ്ങളിൽ ണത്വം നിപതിപ്പിയ്ക്കുന്നു.

ദൂഢ്യ, ദൂണാശ, ദൂളഭ- ഈ പദങ്ങൾ മൂർദ്ധന്യഭാവത്തോടുകൂടി നിപതിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഈ പദങ്ങളിൽ ഋകാരമോ രേഫമോ ഷകാരമോ ഇല്ലല്ലോ. നന്താക്കൾ (നമിപ്പിയ്ക്കുന്നവ) ഇല്ലാതെ എങ്ങനെ നതിയുണ്ടായി എന്ന് സന്ദേഹിയ്ക്കുകയാണെങ്കിൽ അതിന് ഉത്തരം പറയുന്നു- ഒരു മാത്രയിലുള്ള ദുര് എന്നത് ദ്വിമാത്രികമായ ദൂ എന്നായിത്തീർന്ന് ഇവിടെ നന്താവ് ആകുന്നു. അങ്ങനെ ധകാരത്തിന് ഢകാരവും നകാരത്തിന് ണകാരവും, ദകാരത്തിന് ളകാരവും വരുന്നു.

**ഉദാഹരണങ്ങൾ**

**1. അരം മ ഉസ്രയാമ്ണേ (4.32.24)**

അരം/മേ/ഉസ്രഽയാമ്നേ/ എന്നാണ് പദപാഠം. പദപാഠത്തിൽ ഉസ്രയാമ്നേ എന്നുള്ളത് സംഹിതയിൽ ഉസ്രയാമ്ണേ എന്നായിരിയ്ക്കുന്നു-അതായത് നകാരം ണകാരമായി മാറിയിരിയ്ക്കുന്നു. യകാരവുമായോ സ്പർശാക്ഷരങ്ങളുമായോ ചേർന്നിരിയ്ക്കുന്ന നകാരത്തിനെ ഋകാരരേഫഷകാരങ്ങൾ നമിപ്പിയ്ക്കുകയില്ല എന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇവിടെ മകാരമാകുന്ന സ്പർശാക്ഷരത്തോടു ചേർന്നിരിയ്ക്കുന്ന നകാരമാണ് മ്നേ എന്നിടത്തെ നകാരം. എങ്കിലും ണത്വം വന്നിരിയ്ക്കുന്നു. അതി

നാൽ ഇത് നിപാതനമാണ്. (ഉസ്രയാമ്ണേ=കാളകളാൽ വലിയ്ക്കപ്പെടുന്ന രഥത്തിൽ ഗമിയ്ക്കുന്നവനായ)

**2. അരമനുസ്രയാമ്ണേ (4.32.24)**

അരം/അനുസ്രfയാമ്നേ/എന്നു പദപാഠം. അരം മ ഉസ്രയാമ്ണേ എന്നു തുടങ്ങുന്ന ഋക്കിൽ അടുത്ത പദങ്ങളാണ് അരമനുസ്രയാമ്ണേ എനുള്ളത്. ഉസ്രയാമ്ണേ എന്നതിലെപ്പോലെ അനുസ്രയാമ്ണേ എന്ന പദത്തിലും നകാരത്തിന് ണകാരം നിപതിപ്പിച്ചിരിയ്ക്കുന്നു.

**3. യുവം വരോ സുഷാമ്ണേ (8.26.2)**

യുവം/വരോ ഇതി/സുfസാമ്നേ/ എന്നാണ് പദപാഠം. സുസാമ്നേ എന്നത് സുഷാമ്ണേ എന്നായിരിയ്ക്കുന്നു. ഇവിടെ നകാരം മകാരമാകുന്ന സ്പർശാക്ഷരത്തോട് ചേർന്നാണിരിയ്ക്കുന്നതെങ്കിലും ണത്വനിഷേധം വരുന്നില്ല. അതിനാൽ നിപാതനമായി പറയുന്നു.

**4. സമാനമേകം വൃഷമണ്യവഃ പൃഥക് (1.131.2)**

സമാനം/ഏകം/വൃഷfമന്യവഃ/പൃഥക്/ എന്നാണ് പദപാഠം. വൃഷമന്യവ എന്ന പദത്തിലെ നകാരം യകാരവുമായിച്ചേർന്ന് ഇരിയ്ക്കുകയാണെങ്കിലും നേരത്തേയുള്ള ണത്വനിഷേധം പ്രവർത്തിയ്ക്കുന്നില്ല. ണത്വം വന്ന് വൃഷമണ്യവഃ എന്നാണ് സംഹിതയിൽ പ്രയോഗം. അതിനാൽ ഇത് നിപാതനമാണെന്നു വരുന്നു.

**5. യത്ര ദ്വാവിവ ജഘനാധിഷവണ്യാ കൃതാ (1.28.2)**

യത്ര/ദ്വൌfഇവ/ജഘനാ/അധിfസവന്യാ/കൃതാ/ എന്നാണ് ഇവിടെ പദപാഠം. അധിസവന്യാ എന്ന പദത്തിലെ നകാരം യകാരത്തോട് ചേർന്നിരിയ്ക്കുന്നുണ്ട് എങ്കിലും ഇവിടേയും നകാരം ണകാരമായിത്തീർന്നിട്ടുണ്ട്. അതിനാൽ നിപാതനമാണ്.

**6. ഇമാ ഉ തേ പ്രണ്യോ വർദ്ധമാനാഃ (3.38.2)**

ഇമാഃ/ഊം ഇതി/തേ/പ്രfന്യഃ/വർദ്ധമാനാഃ/ എന്നാണ് ഇവിടെ പദപാഠം. പ്രന്യഃ എന്ന പദത്തിലെ നകാരം യകാരത്തോടു ചേർന്നാണ് ഇരിയ്ക്കുന്നതെങ്കിലും ഇവിടെ ണത്വം വന്നിരിയ്ക്കുന്നു. അതിനാൽ നിപാതനമാണ്.

മുകളിൽ പ്രതിപാദിച്ച ആറുദാഹരണങ്ങളും 'യകാരസ്പർശസംഹിതം' എന്ന ണത്വനിഷേധം പ്രവർത്തിയ്ക്കാത്തവയാണ്. അവയിൽ ആദ്യത്തെ മൂന്നെണ്ണം സ്പർശാക്ഷരത്തോടു ചേർന്നുനിൽക്കുന്ന നകാരം-ണകാരമാകുന്നതിനും, പിന്നത്തെ മൂന്നെണ്ണം യകാരത്തോടു ചേർന്നുനിൽക്കുന്ന നകാരം-ണകാരമാകുന്നതി

നും ഉദാഹരണങ്ങളാണ്. ഇനി ദൂഢ്യ, ദൂണാശ, ദൂളഭ എന്നീ നിപാതനങ്ങൾക്ക് ഉദാഹരണങ്ങൾ കാണിയ്ക്കുന്നു.

**7. ന ദൂഢ്യേ അനു ദദാസി വാമം (1.190.5)**

ന/ദുഃƒധ്യേ/അനു/ദദാസി/വാമം/ എന്നാണ് ഇവിടെ പദപാഠം. ദുഃ ധ്യേ എന്നത് സംഹിതയിൽ ദൂഢ്യേ എന്നായിരിയ്ക്കുന്നു. ധകാരത്തിന് ഢകാരമാകുന്ന മൂർദ്ധന്യാക്ഷരം നിപതിപ്പിച്ചിരിയ്ക്കുന്നു. (ദൂഢ്യേ=ദുർബുദ്ധിയായ ആൾക്കായിട്ട്).

**8. ത്രിരുത്തമാ ദൂണശാ രോചനാനി (3.56.8)**

ത്രിഃ/ഉത്ƒതമാ/ദുഃƒനശാ/രോചനാനി/ എന്നാണ് പദപാഠം. ദുര് എന്ന ഏകമാത്രികമായ അക്ഷരം ദൂ എന്നു ദ്വിമാത്രികമായിത്തീർന്ന് അതിനുശേഷം വരുന്ന നകാരത്തെ നമിപ്പിച്ച് ദൂണശാ എന്നാക്കുന്നു. (ദൂണശാ=ആരാലും നശിപ്പിയ്ക്കപ്പെടാൻ കഴിയാത്തത്).

**9. ഇമേ മിത്രോ വരുണോ ദൂളഭാസഃ (7.60.6)**

ഇമേ/മിത്രഃ/വരുണഃ/ദുഃƒദഭാസഃ/ എന്നാണ് ഇവിടെ പദപാഠം. ദുര് എന്നത് ദൂഃ എന്നായി ദഭാസ എന്നതിലെ ദകാരത്തെ ളകാരമാക്കിയിരിയ്ക്കുന്നു. (ദൂളഭാസഃ=ആരാലും നിഷ്പ്രഭമാക്കപ്പെടാൻ പറ്റാത്തവ)

**25. അവ്യവേതം വിഗ്രഹേ വിഘ്നകൃദ്ഭീ**
**രേഫോഷ്മാണൌ സർവ്വപൂർവ്വൌ യഥോക്തം ।**
**ആനീന്നുത്യം നോനുവുർന്നോനുമശ്ച**
**നയത്യർത്ഥം ച പ്ര പരീതി പൂർവ്വൌ ।।**

വേറെ പദത്തിൽ സ്ഥിതിചെയ്യുന്ന സർവ്വപൂർവ്വങ്ങളായ രേഫം, ഊഷ്മാവ് (ഷകാരം) എന്നിവ ചവർഗ്ഗം, ടവർഗ്ഗം, തവർഗ്ഗം എന്നീ മദ്ധ്യമവർഗ്ഗങ്ങളിൽപ്പെട്ട വർണ്ണങ്ങളാൽ മറയ്ക്കപ്പെടാത്ത നകാരത്തിന് നതി വരുത്തുന്നു.

അവ്യവേതം എന്ന പദത്തിന് അവ്യവഹിതം എന്നും വിഗ്രഹം എന്നതിന് നാനാപദം എന്നുമാണ് അർത്ഥം. രേഫമോ ഷകാരമോ ഉള്ള പദത്തിലല്ലാതെ അടുത്ത മറ്റൊരു പദത്തിലാണ് നകാരം വരുന്നത് എന്നാലും ഇടയിൽ മദ്ധ്യമവർഗ്ഗങ്ങളിൽപ്പെട്ട അക്ഷരങ്ങളില്ലെങ്കിൽ ആ നകാരം ണകാരമാകും എന്നർത്ഥം.

രണ്ടു ഖണ്ഡങ്ങളുള്ള ഒറ്റപ്പദത്തിൽ പദത്തിന്റെ മദ്ധ്യത്തിൽ വരുന്ന നകാരത്തിന് കകാരം പൂർവ്വമില്ലാത്ത ഋകാരരേഫഷകാരങ്ങൾ നതി വരുത്തുന്നതിനെക്കുറിച്ച് 'ഋകാരരേഫഷകാരാഃ.....' എന്നുള്ള വിധി പറയുകയുണ്ടായി. ഇപ്പോൾ മറ്റൊരു പദത്തിൽ

നിൽക്കുന്ന നകാരത്തെ രേഫം, ഷകാരം എന്നിവ കകാരം പൂർവ്വമുണ്ടെങ്കിലും നമിപ്പിയ്ക്കും എന്നു വിധിയ്ക്കുന്നു. അവിടെ കകാരം പൂർവ്വമില്ലാത്ത എന്നു പറഞ്ഞതിന് കകാരമൊഴികെ ഏതക്ഷരം പൂർവ്വമുണ്ടെങ്കിലും എന്നർത്ഥം പറയാമല്ലോ. ആകെ ഒരു കകാരം മാത്രം പൂർവ്വം വരാൻ പാടില്ല എന്നായിരുന്നു നേരത്തെ വിധിച്ച വാക്യത്തിൽ. അതിനാൽ ഇപ്പോൾ സർവ്വപൂർവ്വങ്ങൾ എന്നു പറയുമ്പോൾ കകാരം പൂർവ്വമുള്ളതാണെങ്കിലും എന്നർത്ഥം പറയാം. അതായത് രേഫത്തിനും ഷകാരത്തിനും മുൻപ് ഏതക്ഷരമായാലും അത് ഇവിടെ നിമിത്തമല്ല.

പൂർവ്വാർദ്ധത്തിന്റെ അർത്ഥമാണ് മുകളിൽ പറഞ്ഞത്. ഇനി ഉത്തരാർദ്ധത്തിന്റെ അർത്ഥം-ആനീത്, നുത്യം നോനുവുഃ, നോനുമഃ എന്നീ പദങ്ങളേയും, നയിയ്ക്കുക എന്നർത്ഥമുള്ള പദങ്ങളേയും അവയുടെ തൊട്ടുമുൻപുള്ള പ്ര, പരി എന്നിവ നമിപ്പിയ്ക്കുന്നു.

**ഉദാഹരണങ്ങൾ**

**1. അധ്വരേഷു പ്രണീയതേ (3.27.8)**

അധ്വരേഷു/പ്ര/നീയതേ/ എന്നു പദപാഠം. പ്ര എന്ന പദത്തിൽ രേഫം വരുന്നുണ്ട്. നയിയ്ക്കുക എന്ന അർത്ഥത്തിലുള്ള നീയതേ എന്ന പദത്തിലെ നകാരം സംഹിതയിൽ നതി വന്ന് ണകാരമായിരിയ്ക്കുന്നു. രേഫത്തിനും നകാരത്തിനുമിടയിൽ അകാരമേ ഉള്ളൂ. മദ്ധ്യമവർഗ്ഗത്തിൽപ്പെട്ട വർണ്ണങ്ങളൊന്നുമില്ല.

മദ്ധ്യമവർഗ്ഗത്തിൽപ്പെട്ട വർണ്ണം ഇടയിലുണ്ടെങ്കിൽ നകാരം ണകാരമാകില്ല. 'ഇഹ ശ്രവോ വീരവത്തക്ഷതാ നഃ' (4.36.9) എന്ന ഋക്കിൽ തക്ഷത ന എന്ന ഭാഗത്തെ നകാരം നമിയ്ക്കുന്നില്ല. തക്ഷത നഃ എന്നതിൽ ഷകാരത്തിന്റേയും നകാരത്തിന്റേയും ഇടയിൽ മദ്ധ്യമവർഗ്ഗത്തിൽപ്പെട്ട തകാരം വരുന്നുണ്ട്.

സർവ്വപൂർവ്വം- എന്നു പറഞ്ഞതിനാൽ കകാരം പൂർവ്വമുള്ള രേഫഷകാരങ്ങളാണെങ്കിലും ണത്വം വരും. 'ശിക്ഷാണോ അസ്മിൻ പുരുഹൂത' (7.32.26) എന്ന ഋക്കിൽ ശിക്ഷാ എന്ന പദം കഴിഞ്ഞ് വരുന്ന നകാരം ണകാരമാകുന്നുണ്ട്. ശിക്ഷാ എന്ന ഷകാരത്തിന്റെ പൂർവ്വം കകാരമാണ്.

**2. അദ്യേ ദു പ്രാണീദമമൻ (10.32.8)**

അദ്യ/ഇത്/ഊം ഇതി/പ്ര/ആനീത്/അമമൻ/ എന്നു പദപാഠം. പ്ര എന്ന പദം കഴിഞ്ഞ് ആനീത് എന്ന പദം വരുന്നു. പ്ര എന്നതിന്റെ രേഫത്തിനും ആനീത് എന്നതിന്റെ നകാരത്തിനുമിട

യിൽ മധ്യമവർഗ്ഗങ്ങളിൽപ്പെട്ട വർണ്ണങ്ങളില്ല. അതിനാൽ നകാരം ണകാരമായിത്തീരുന്നു.

**3. പ്രണുത്യം വിപ്രമധ്വരേഷു (5.1.7)**

പ്ര/നു/ത്യം/വിപ്രം/അധ്വരേഷു/ എന്നാണ് പദപാഠം. പ്ര എന്ന പദം കഴിഞ്ഞ് നു എന്ന പദം വരുന്നു. നകാരത്തിന് ണകാരം വന്ന് പ്രണു എന്നാകുന്നു. (വിപ്രഃ=മേധാവീ-ബുദ്ധിമാൻ, ത്യം=തം -അവനെ)

**4. അഭിപ്രണോ നുവുർഗിരഃ (6.45.25)**

അഭി/പ്ര/നോനുവുഃ/ഗിരഃ/ എന്നു പദപാഠം. പ്ര എന്ന പദം കഴിഞ്ഞ് നോനുവുഃ എന്ന പദം. നോനുവുഃ എന്ന പദത്തിലെ ആദ്യത്തെ നകാരം ണകാരമായിരിയ്ക്കുന്നു.

**5. ഇമാ അഭി പ്രണോനുമഃ (8.6.7)**

ഇമാഃ/അഭി/പ്ര/നോനുമഃ/എന്നാണ് പദപാഠം. പ്ര എന്ന പദം കഴിഞ്ഞ് നോനുമഃ എന്ന് പരമായിട്ടുണ്ട്. പ്രണോനുമഃ എന്ന് സംഹിതയിൽ ണത്വം വന്ന രൂപം.

**6. വാജീ സൻ പരിണീയതേ (4.15.1)**

വാജീ/സൻ/പരി/നീയതേ/ എന്നാണ് പദപാഠം. പരി എന്ന പദം പൂർവ്വമുള്ള നയിയ്ക്കുക എന്നർത്ഥമുള്ള നീയതേ എന്ന ശബ്ദത്തിന്റെ നകാരം ണകാരമായിരിയ്ക്കുന്നു.

പ്ര എന്നും പരി എന്നും കഴിഞ്ഞ് ഉടനെ വരുന്ന ആനീത് മുതലായവയുടെ നകാരത്തിനേ ണത്വം വരുകയുള്ളൂ. 'പ്ര യം രായേ നിനീഷസി' (8.103.4) എന്ന ഋക്കിൽ പ്ര എന്ന പദം കഴിഞ്ഞ് യം എന്ന പദവും രായേ എന്ന പദവും കഴിഞ്ഞിട്ടാണ് നിനീഷസി എന്ന് നയത്യർത്ഥകമായ പദം വരുന്നത്. അതിനാൽ ഇവിടെ നിനീഷസി എന്ന പദത്തിന്റെ നകാരം ണകാരമാകുന്നില്ല.

ഈ 25-ാമത്തെ ശ്ലോകത്തിൽ പൂർവ്വാർദ്ധം സാമാന്യവിധിയാണ്. വെവ്വേറെ പദങ്ങളിൽ വരുന്ന രേഫഷകാരങ്ങൾ, അവയുടെ പൂർവ്വം ഏതക്ഷരമായാലും, അടുത്ത പദത്തിൽ വരുന്ന നകാരത്തെ നമിപ്പിയ്ക്കും എന്ന് സാമാന്യമായി പറയുന്നു. ഉത്തരാർദ്ധത്തിൽ പ്ര, പരി എന്നീ പദങ്ങൾ പൂർവ്വമുള്ള ആനീത്, നുത്യം, നോനുവുഃ, നോനുമഃ, നയിയ്ക്കുക എന്നർത്ഥമുള്ള പദങ്ങൾ എന്നിവയുടെ നകാരത്തിന് ണകാരം വരുമെന്ന് വിശേഷവിധി. ഇവിടെ രേഫം പ്ര, പരി എന്നീ പദങ്ങളിലുള്ളവയാണ്.

**26. പുരുപ്രിയാ ബ്രഹ്മ സുതേഷു നേഷി**
**പ്ലുതാകാരാന്തം സഷകാരമിന്ദ്ര ।**
**നതേ സുഷ്മേതി സവനേഷു പർഷി**
**സ്വരര്യമാ പ്രോരുപരീതി തൈർനഃ ।।**

പുരുപ്രിയാ, ബ്രഹ്മ, സുതേഷു, നേഷി, ഷകാരത്തോടുകൂടിയ പ്ലുതാകാരാന്തമായ പദം, ഇന്ദ്ര, നതിയെ പ്രാപിച്ച (മൂർദ്ധന്യങ്ങളായിത്തീർന്ന) സു, സ്മ എന്നീ പദങ്ങൾ (അതായത് ഷു എന്നും ഷ്മ എന്നും), സവനേഷു, പർഷി, സ്വഃ, അര്യമാ, പ്ര, ഉരു, പരി എന്നീ പദങ്ങളാൽ ഉപഹിതമായ നഃ എന്ന പദം നമിയ്ക്കപ്പെടുന്നു (ണകാരമാകുന്നു).

Note: ഒരു മാത്രയിലുള്ള അകാരം ലക്ഷണവശാത് രണ്ടു മാത്രയിലായാൽ അതിനേയാണ് പ്ലുതാകാരം എന്നു പറഞ്ഞിരിയ്ക്കുന്നത്. ഒരു പദത്തിന്റെ അവസാനം ഇത്തരത്തിലുള്ള പ്ലുതമായ അകാരം വരുകയാണെങ്കിൽ ആ പദമാണ് പ്ലുതാകാരാന്തമായ പദം. ഇത് ഷകാരത്തോടുകൂടിയതുമാകണം എന്നാണ് 'സഷകാരം' എന്നതുകൊണ്ട് പറയുന്നത്.

**ഉദാഹരണങ്ങൾ**

**1. പുരുപ്രിയാ ണ ഊതയേ (8.5.4)**

പുരുപ്രിയാ/നഃ/ഊതയേ/ എന്നു പദപാഠം. പുരുപ്രിയാ എന്ന പദത്താൽ ഉപഹിതമായ നഃ എന്ന പദം ണഃ എന്നായിരിയ്ക്കുന്നു. (നഃ=ഞങ്ങൾക്ക്).

**2. ബ്രഹ്മാണ ഇന്ദ്രോപയാഹി വിദ്വാൻ.**

ഇവിടെ ബ്രഹ്മാ എന്ന പദത്താൽ ഉപഹിതമായ (ബ്രഹ്മാ എന്ന പദം പൂർവ്വം വരുന്ന) നഃ എന്ന പദത്തിലെ നകാരത്തിന് നതി വന്നിരിയ്ക്കുന്നു.

**3. ശക്രോ യഥാ സുതേഷു ണഃ (1.10.5)**

ശക്രഃ/യഥാ/സുതേഷു/നഃ/ എന്നു പദപാഠം. സുതേഷു എന്ന പദത്താൽ ഉപഹിതമായ നഃ എന്ന പദത്തിലെ നകാരം ണകാരമായിരിയ്ക്കുന്നു.

**4. നേഷി ണോ യഥാ പുരാ (1.129.5)**

നേഷി/നഃ/യഥാ/പുരാ/ എന്നു പദപാഠം. നേഷി എന്ന പദത്താൽ ഉപഹിതമായ നഃ എന്ന പദത്തിലെ നകാരം ണകാരമായിരിയ്ക്കുന്നു.

**5. ക്ഷരാ ണോ അഭിവാര്യം (9.35.3)**

ക്ഷര/നഃ/അഭി/വാര്യം/ എന്നു പദപാഠം. ഇവിടെ പദപാഠ

ത്തിൽ ക്ഷര എന്നു രേഫം കഴിഞ്ഞുവരുന്ന അകാരം ഏകമാത്രികമാണ്. എന്നാൽ സംഹിതയിൽ അത് ദ്വിമാത്രികമാകുന്നു. ക്ഷ എന്ന അക്ഷരം കകാര-ഷകാരങ്ങൾ ചേർന്നുണ്ടായതാണ്. അതിനാൽ ഷകാരത്തോടുകൂടിയ പ്ലുതാകാരാന്തശബ്ദമാണ് ക്ഷരാ എന്ന പദം. അതു കഴിഞ്ഞുവന്നതിനാൽ നഃ എന്ന പദത്തിന്റെ നകാരത്തിനു ണകാരം വരുന്നു.

പ്ലുതാകാരാന്തം എന്നു പറഞ്ഞതിനാൽ പ്ലുതമല്ലാത്ത അകാരാന്തവും ഷകാരത്തോടുകൂടിയതുമായ പദത്തിൽനിന്നു പരമായ നഃ എന്ന പദത്തിന്റെ നകാരത്തിന് നതി വരുകയില്ല. 'തേന സോമാഭി രക്ഷ നഃ'(9.114.4) എന്ന ഋക്കിൽ രക്ഷ എന്ന പദം ഷകാരത്തോടുകൂടിയതാണെങ്കിലും പ്ലുതാകാരാന്തമല്ലാത്തതിനാൽ നഃ എന്ന പദത്തിന്റെ നകാരത്തിന് നതി വരുന്നില്ല.

പ്ലുതാകാരാന്തമാണെങ്കിലും ഷകാരത്തോടുകൂടിയതല്ലെങ്കിൽ ആ പദത്തിൽനിന്നു പരമായ നഃ എന്ന പദത്തിലെ നകാരത്തിന് നതി വരുകയില്ല. 'യത്രാ നശ്ചക്രാ ജരസംതനൂനാം' (1.89.9). ഇവിടെ യത്രാ എന്നത് പ്ലുതാകാരാന്തമാണെങ്കിലും ഷകാരത്തോടുകൂടിയതല്ലാത്തതിനാൽ നഃ എന്ന പദത്തിലെ നകാരത്തിന് നതി വരുന്നില്ല.

**6. സമിന്ദ്രണോ മനസാ നേഷി ഗോഭിഃ (5.42.4)**

സം/ഇന്ദ്ര/നഃ/മനസാ/നേഷി/ഗോഭിഃ/ എന്ന് പദപാഠം. ഇന്ദ്ര എന്ന പദം കഴിഞ്ഞ് നഃ എന്ന പദം വന്നിട്ടുള്ളതിനാൽ നകാരത്തിന് നതി വരുന്നു.

**7. അഭീഷുണഃ സഖീനാം (4.31.3)**

അഭി/സു/നഃ/സഖീനാം/ എന്നു പദപാഠം. സു എന്ന പദത്തിലെ സകാരത്തിനു ഷകാരം വന്നതിനുശേഷം നഃ എന്ന പദത്തിലെ നകാരത്തിന് ണകാരം വന്ന് ഷുണഃ എന്ന് സംഹിതയിൽ പ്രയോഗം.

**8. ആസുഷ്മാ ണോ മഘവന്നിന്ദ്ര പൃത്സു (6.44.18)**

ആസു/സ്മ/നഃ/മഘ/വൻ/ഇന്ദ്ര/പൃത്സു/ എന്നാണ് ഇവിടെ പദപാഠം. നതി വന്ന് സ്മ എന്നത് ഷ്മ എന്നായി അകാരത്തിന് പ്ലുതവും വന്നതിനുശേഷം നഃ എന്ന പദത്തിലെ നകാരത്തിന് ണകാരം വരുന്നു.

**9. രാരന്ധി സവനേഷുണഃ (3.41.4)**

രരന്ധി/സവനേഷു/നഃ/ എന്ന് പദപാഠം. സവനേഷു എന്ന പദം കഴിഞ്ഞുവരുന്ന നഃ എന്ന പദത്തിന്റെ നകാരത്തിന് ണകാരം വന്നു.

**10. പർഷിണഃ പാരമംഹസഃ സ്വസ്തി (2.33.3)**

പർഷി/നഃ/പാരം/അംഹസഃ/സ്വസ്തി/ എന്ന് പദപാഠം. പർഷി എന്ന പദം കഴിഞ്ഞ് നഃ എന്ന പദം വന്നതിനാൽ നകാരത്തിന് ണകാരം വരുന്നു. (പർഷി=(അക്കര) കടത്തിത്തരൂ)

**11. ഈശാനാസോ യേ ദധതേ സ്വർണഃ (7.90.6)**

ഈശാനാസഃ/യേ/ദധതേ/സ്വഃ/നഃ/ എന്നു പദപാഠം. സ്വഃ എന്ന പദം കഴിഞ്ഞ് നഃ എന്ന പദം വന്നതിനാൽ നഃ എന്ന പദത്തിന്റെ നകാരത്തിന് നമനം വന്നിരിയ്ക്കുന്നു.

**12. അര്യമാ ണോ അദിതിഃ (3.54.18)**

അര്യമാ/നഃ/ അദിതിഃ/ എന്നു പദപാഠം. അര്യമാ എന്ന പദം കഴിഞ്ഞ് നഃ എന്ന പദം വന്നതിനാൽ നഃ എന്നതിന്റെ നകാരത്തിന് ണകാരം വന്നു.

**13. പ്രണ സ്പാർഹാഭിരൂതീഭിഃ (7.58.3)**

പ്ര/നഃ/സ്പാർഹാഭിഃ/ഊതീഭിഃ/ എന്നാണ് പദപാഠം. പ്ര എന്ന പദം കഴിഞ്ഞ് നഃ എന്ന പദം വന്നിട്ടുണ്ട്. അതിനാൽ നഃ എന്ന പദത്തിന്റെ നകാരത്തിനു ണകാരം വന്നു. (സ്പാർഹാ=കൊതിതോന്നിപ്പിയ്ക്കുന്ന, ഊതീഭിഃ=രക്ഷകളാൽ)

**14. ഉരുണോ വാജസാതയേ (5.64.6)**

ഉരു/നഃ/വാജസാതയേ/ എന്നാണ് ഇവിടെ പദപാഠം. ഉരു എന്ന പദം കഴിഞ്ഞ് നഃ എന്നു വന്നിരിയ്ക്കുന്നു. അതിനാൽ നഃ എന്നതിന്റെ നകാരത്തിന് ണകാരം വന്നിരിയ്ക്കുന്നു. (വാജസാതയേ=അന്നം ലഭിയ്ക്കുന്നതിനായി).

15. പരിണഃ ശർമയന്ത്യാ (9.41.6)

പരി/നഃ/ശർമ/യന്ത്യാ/ എന്നാണ് പദപാഠം. പരി എന്ന പദം കഴിഞ്ഞ് നഃ എന്ന പദം വന്നിട്ടുണ്ട്. അതിനാൽ നഃ എന്ന പദത്തിന്റെ നകാരത്തിന് ണകാരം വന്നിരിയ്ക്കുന്നു.

**27. ഹേളോ മുഞ്ചതം മിത്രായ രായാ**

**പൂഷാ ഗധ്യവിഷച്ഛകാരവത് ।**

**നവ്യേഭിസ്ത്മനേ വാജാൻ കൃണോത.**

**ദ്വേ നയ പ്രതരം പരേഷു ന ।।**

ഹേളഃ, മുഞ്ചതം, മിത്രായ, രായാ, പൂഷാ, ഗധി, അവിഷത്, ഛകാരത്തോടുകൂടിയ പദം, നവ്യേഭിഃ, ത്മനേ, വാജാൻ, കൃണോത, നയ പ്രതരം എന്നീ രണ്ടു പദങ്ങൾ എന്നിവ നഃ എന്നു കഴിഞ്ഞ് വരുന്നുണ്ടെങ്കിൽ പുരുപ്രിയാ, ബ്രഹ്മാ മുതലായ പദങ്ങൾ പൂർവ്വം വരുന്ന നകാരം നമിയ്ക്കുകയില്ല.

അതായത് പുരുപ്രിയാ മുതലായ പദങ്ങൾ കഴിഞ്ഞുവരുന്ന നഃ എന്ന പദത്തിന്റെ നകാരത്തിന് ഹേളഃ മുതലായവ പരമാകാത്തപ്പോഴാണ് ണത്വം വരിക. അവ പരമായിട്ടുള്ളേടത്ത് ണത്വം വരുകയില്ല.

**ഉദാഹരണങ്ങൾ**

**1. പരി നോ ഹേളോ വരുണസ്യ (7.84.2)**

പരി/നഃ/ഹേളഃ/വരുണസ്യ/ എന്നാണ് പദപാഠം. ഇവിടെ പരി എന്ന പദം പൂർവ്വമുണ്ടെങ്കിലും നഃ എന്ന പദത്തിന്റെ നകാരം നമിയ്ക്കുന്നില്ല, ഹേളഃ എന്ന പദം പരമായി വന്നതിനാൽ. (ഹേളഃ=ക്രോധം)

**2. പ്ര നോ മുഞ്ചതം വരുണസ്യ പാശാത് (6.74.4)**

പ്ര/നഃ/മുഞ്ചതം/വരുണസ്യ/പാശാത്/ എന്നാണ് പദപാഠം. ഇവിടെ നഃ എന്ന പദം പ്ര എന്ന പദത്തിൽനിന്ന് പരമായിട്ടാണ് വരുന്നതെങ്കിലും മുഞ്ചതം എന്ന പദം പിന്നീട് വരുന്നതിനാൽ നഃ എന്നതിന്റെ നകാരം ണകാരമാകുന്നില്ല.

**3. പ്ര നോ മിത്രായ വരുണായ വോചഃ (7.62.2)**

പ്ര/നഃ/മിത്രായ/വരുണായ/വോചഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ നഃ എന്ന പദം പ്ര എന്ന പദം കഴിഞ്ഞാണ് വരുന്നത്. എങ്കിലും നഃ എന്ന പദത്തിന്റെ നകാരം ണകാരമാകുന്നില്ല; മിത്രായ എന്ന പദം നഃ എന്നു കഴിഞ്ഞ് വരുന്നതിനാൽ.

**4. പ്ര നോ രായാ പരീണസാ (5.10.1)**

പ്ര/നഃ/രായാ/പരീണസാ/ എന്നു പദപാഠം. ഇവിടെ നഃ എന്ന പദം പ്ര എന്ന പദത്താൽ ഉപഹിതമാണ്. എങ്കിലും നഃ എന്ന പദത്തിന്റെ നകാരം ണകാരമാകുന്നില്ല. കാരണം രായാ എന്ന പദം പരമായി വരുന്നുണ്ട്.

**5. പ്ര നഃ പൂഷാ ചരഥം (10.92.13)**

പ്ര/നഃ/പൂഷാ/ചരഥം/ എന്നാണ് പദപാഠം. ഇവിടെ നഃ എന്ന പദത്തിന്റെ പൂർവ്വം പ്ര എന്ന പദമുണ്ട്. എങ്കിലും നഃ എന്ന പദത്തിന്റെ നകാരം നമിയ്ക്കുന്നില്ല. എന്തെന്നാൽ നഃ എന്ന പദം കഴിഞ്ഞ് പൂഷാ എന്നു വരുന്നുണ്ട്.

**6. ഏന്ദ്ര നോ ഗധി പ്രിയഃ (8.98.4)**

ആ/ഇന്ദ്ര/നഃ/ഗധി/പ്രിയഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ഇന്ദ്ര എന്ന പദം കഴിഞ്ഞ് നഃ എന്ന പദം വന്നിട്ടുണ്ടെങ്കിലും നഃ എന്ന പദത്തിന്റെ നകാരം നമിയ്ക്കുന്നില്ല. കാരണം ഗധി എന്ന പദം നഃ എന്ന പദം കഴിഞ്ഞ് വരുന്നുണ്ട്. (ആഗധി=ആഗച്ഛ

-വന്നാലും)

**7. സ വാജേഷു പ്ര നോ/വിഷത് (1.81.1)**

സഃ/വാജേഷു/പ്ര/നഃ/അവിഷത്/ എന്നു പദപാഠം. ഇവിടെ പ്ര എന്ന പദം കഴിഞ്ഞാണ് നഃ എന്ന പദം വരുന്നത്. എന്നാലും നഃ എന്ന പദത്തിന്റെ നകാരം നമിച്ച് ണകാരമാകുന്നില്ല. കാരണം അവിഷത് എന്ന പദം നഃ എന്ന പദത്തിനുശേഷം വരുന്നുണ്ട്. (അവിഷത്=രക്ഷിയ്ക്കട്ടെ).

**8. പ്ര നോ യച്ഛത്വര്യമാ (10.141.2)**

പ്ര/നഃ/യച്ഛതു/അര്യമാ/ എന്നാണ് പദപാഠം. ഇവിടെ പ്ര എന്ന പദം കഴിഞ്ഞാണ് നഃ എന്ന പദം വരുന്നത്. എങ്കിലും നഃ എന്ന പദത്തിന്റെ നകാരം നമിയ്ക്കുന്നില്ല. കാരണം യച്ഛതു എന്ന ഛകാരത്തോടുകൂടിയ പദം നഃ എന്നു കഴിഞ്ഞു വരുന്നുണ്ട്.

**9. പ്ര നോ നവ്യേഭിസ്തിരതം(7.93.4)**

പ്ര/നഃ/നവ്യേഭിഃ/തിരതം/ എന്നു പദപാഠം. നവ്യേഭിഃ എന്ന പദം പരമായി വരുന്നതുകൊണ്ട് പ്ര പൂർവ്വമുള്ളതെങ്കിലും നഃ എന്നതിന്റെ നകാരം നമിയ്ക്കുന്നില്ല.

**10. നൂ മിത്രോ വരുണോ അര്യമാ നസ്ത്മനേ (7.62.6)**

നു/മിത്രഃ/വരുണഃ/അര്യമാ/നഃ/ത്മനേ/ എന്നാണ് പദപാഠം. നഃ എന്ന പദം അര്യമാ എന്ന പദം കഴിഞ്ഞുവരുന്നതാണെങ്കിലും നഃ എന്ന പദം കഴിഞ്ഞ് ത്മനേ എന്ന പദം വരുന്നതിനാൽ നഃ എന്ന പദത്തിന്റെ നകാരത്തിന് നതി വരുന്നില്ല.

**11. പ്ര നോ വാജാൻ രഥ്യോ അശ്വബുധ്യാൻ (1.121.14)**

പ്ര/നഃ/വാജാൻ/രഥ്യഃ/അശ്വ/ബുധ്യാൻ/ എന്നാണ് പദപാഠം. വാജാൻ എന്ന പദം പരമായതിനാൽ നഃ എന്ന പദത്തിന്റെ നകാരത്തിനു നതി വരുന്നില്ല, അത് പ്ര എന്ന പദം കഴിഞ്ഞ് വരുന്നതാണെങ്കിലും.

**12. ദേവീഃ ഷളുർവ്വീരുരു നഃ കൃണോത (10.128.5)**

ദേവീഃ/ഷട്/ഉർവ്വീഃ/ഉരു/നഃ/കൃണോത/ എന്നാണ് പദപാഠം. ഇവിടെ നഃ എന്ന പദം ഉരു എന്ന പദം കഴിഞ്ഞാണ് വരുന്നത് എങ്കിലും നഃ എന്നതിന്റെ നകാരം ണകാരമാകുന്നില്ല. എന്തെന്നാൽ കൃണോത എന്ന പദം നഃ എന്നു കഴിഞ്ഞുവരുന്നുണ്ട്.

**13. പ്ര നോ നയ പ്രതരം വസ്യോ അച്ഛ (6.47.7)**

പ്ര/നഃ/നയ/പ്രതരം/വസ്യഃ/അച്ഛ/ എന്നാണ് പദപാഠം. ഇവിടെ പ്ര എന്നുള്ള പദം കഴിഞ്ഞുവരുന്നതാണെങ്കിലും നഃ എന്ന പദത്തിന്റെ നകാരത്തിന് നതി വരുന്നില്ല, 'നയ പ്രതരം' എന്നീ

പദങ്ങൾ പരമായി വരുന്നതിനാൽ.

ഇവിടെ 'നയ പ്രതരം' എന്നു രണ്ടു പദങ്ങൾ പരമായി വന്നാലേ ണത്വം വരാതിരിയ്ക്കുകയുള്ളൂ. നയ എന്ന പദം മാത്രമേ ഉള്ളുവെങ്കിൽ ണത്വം വരും. 'പ്ര ണോ നയ വസ്യോ അച്ഛ' (8.71.6) എന്ന ഋക്കിൽ പ്ര കഴിഞ്ഞുവരുന്ന നഃ എന്ന പദം കഴിഞ്ഞ് നയ എന്ന പദമേ ഉള്ളൂ, അതുകഴിഞ്ഞ് പ്രതര എന്ന പദമില്ല. അതുകൊണ്ട് ഇവിടെ ണത്വം വരുന്നു.

**28. ഗോരോഹേണ നിർഗമാണീന്ദ്ര ഏണാ**
**ഇന്ദ്ര ഏണം സ്വർണ പരാണുദസ്വ।**
**അഗ്നേരവേണ വാർണ ശക്ര ഏണം**
**ഏഷാ നതിർദന്ത്യമൂർദ്ധന്യഭാവഃ ॥**

ഗോരോഹേണ, നിർഗമാണി, ഇന്ദ്ര ഏണാഃ, ഇന്ദ്ര ഏണം, സ്വർണ, പരാണുദസ്വ, അഗ്നേരവേണ, വാർണ, ശക്ര ഏണം- ഇവയിൽ ഉള്ള നകാരങ്ങൾ, സന്ധികൊണ്ടുണ്ടായ പൂർവ്വപദത്തിലുള്ള നിമിത്തങ്ങൾകൊണ്ട് നമിയ്ക്കപ്പെടുന്നു.

ദന്ത്യങ്ങളായ വർണ്ണങ്ങൾക്ക് മൂർധന്യഭാവം വരുന്നതിനാണ് നതി എന്നു പറയുന്നത്.

**ഉദാഹരണങ്ങൾ**

**1. ഗോരോഹേണ തൌഗ്ര്യോ ന ജിവ്രിഃ (1.180.5)**

ഗോഃ/ഓഹേന/തൌഗ്ര്യഃ/ന/ജിവ്രിഃ/ എന്നാണ് ഇവിടെ പദപാഠം. ഓഹേന എന്ന പദത്തിലെ നകാരം സംഹിതയിൽ ണകാരമാകുന്നുണ്ട്. അതിനു നിമിത്തമായ രേഫം, ഓഹേന എന്ന പദത്തിന്റെ പൂർവ്വമുള്ള ഗോഃ (ഗോര്) എന്നതിലെ രേഫമാണ്. (ഗോഃ=വാക്കിന്റെ അഥവാ ഉഷസ്സിന്റെ, ഓഹം=വഹിയ്ക്കൽ)

**2. തിരശ്ചതാ പാർശ്വാന്നിർഗമാണി (4.18.2)**

തിരശ്ചതാ/പാർശ്വാത്/നിഃ/ഗമാനി/ എന്നാണ് പദപാഠം. ഗമാനി എന്ന പദത്തിലെ നകാരം നിര് എന്ന പൂർവ്വപദത്തിലുള്ള രേഫമാകുന്ന നിമിത്തത്താൽ ണകാരമാകുന്നു.

**3. ഇന്ദ്ര ഏണാ നി യച്ഛതു (10.19.2)**

ഇന്ദ്രഃ/ഏനാഃ/നി/യച്ഛതു/ എന്നാണ് പദപാഠം. ഏനാഃ എന്ന പദത്തിലെ നകാരം നമിച്ച് ണകാരമാകുന്നു. ഇതിനു നിമിത്തമാകുന്നത് പൂർവ്വപദമായ ഇന്ദ്ര എന്ന പദത്തിലെ രേഫമാണ്.

**4. ഇന്ദ്ര ഏണം പ്രഥമോ അധ്യതിഷ്ഠത് (1.163.2)**

ഇന്ദ്രഃ/ഏനം/പ്രഥമഃ/അധി/അതിഷ്ഠത്/ എന്നാണ് പദപാഠം. ഇവിടെ ഏനം എന്ന പദത്തിലെ നകാരം പൂർവ്വപദമായ ഇന്ദ്രഃ

എന്ന പദത്തിലെ രേഫത്തെ നിമിത്തമാക്കിക്കൊണ്ട് ണകാരമാകുന്നു.

**5. സ്വർണ വസ്തോരുഷസാമരോചി (7.10.2)**

സ്വഃ/ന/വസ്തോഃ/ഉഷസാം/അരോചി/ എന്നു പദപാഠം. സ്വഃ എന്ന പൂർവ്വപദത്തിലെ നിമിത്തത്തെ ആധാരമാക്കി ന എന്ന പദത്തിലെ നകാരം ണകാരമായിരിയ്ക്കുന്നു.

**6. പരാണുദസ്വ മഘവന്നമിത്രാൻ (7.32.25)**

പരാ/നുദസ്വ/മഘ/വൻ/അമിത്രാൻ/ എന്നാണ് പദപാഠം. ഇവിടെ നുദസ്വ എന്ന പദത്തിലെ നകാരം പരാ എന്ന പൂർവ്വപദത്തിലെ നിമിത്തത്തിന്റെ അടിസ്ഥാനത്തിൽ ണകാരമായിരിയ്ക്കുന്നു.

**7. അഗ്നേരവേണ മരുതാം (1.128.5)**

അഗ്നേഃ/അവേന/മരുതാം/ എന്നാണ്  പദപാഠം. അഗ്നേഃ എന്ന പൂർവ്വപദത്തിലെ സന്ധിജമായ രേഫത്താൽ അവേന എന്ന പദത്തിലെ നകാരം ണകാരമാകുന്നു. (അവേന=തൃപ്തി നിമിത്തേന)

**8. വാർണ പഥാ രഥ്യേവ (2.4.6)**

വാഃ/ന/പഥാ/രഥ്യാ/ഇവ/ എന്നാണ് പദപാഠം. വാഃ എന്ന പൂർവ്വപദത്തിലെ സന്ധിജമായ രേഫത്താൽ ന എന്ന പദത്തിലെ നകാരം ണകാരമായി. (വാഃ ന=വെള്ളം എന്നപോലെ)

**9. ശക്ര ഏണം പീപയത് (8.1.19)**

ശക്രഃ/ഏനം/പീപയത്/ എന്ന് പദപാഠം. ശക്ര എന്ന പദത്തിലെ രേഫത്തെ നിമിത്തമാക്കി ഏനം എന്ന പദത്തിലെ നകാരം ണകാരമായിരിയ്ക്കുന്നു.

'അന്തഃപാദം നാമ്യുപധഃ സകാരം' എന്നിങ്ങനെ പറയപ്പെട്ടത് നതിസന്ധിയാണ്. ദന്തസ്ഥാനികളായ വർണ്ണങ്ങൾക്ക് മൂർദ്ധസ്ഥാനികത്വം വരുന്നതിനേയാണ് നതി എന്നു പറയുന്നത്.

**അഞ്ചാം പടലം കഴിഞ്ഞു**

## ആറാം പടലം
## ധ്വന്യാഗമപടലം

1. **സ്വരാനുസ്വാരോപഹിതോ ദ്വിരുച്യതേ**
**സംയോഗാദിഃ സക്രമോ<sup></sup>ഽവിക്രമേസൻ ।**
**സോഷ്മാ തു പൂർവ്വേണ സഹോച്യതേ സകൃത്**
**സ്വേനാസംയോഗാദിരപി ഛകാരഃ ||**

സ്വരത്താലും അനുസ്വാരത്താലും ഉപഹിതമായ (അതായത് സ്വരമോ അനുസ്വാരമോ പൂർവ്വമുള്ള) സംയോഗാദിയായ (കൂട്ടക്ഷരത്തിന്റെ ആദ്യത്തിലുള്ള) വ്യഞ്ജനം അവിക്രമത്തിൽ നിൽക്കുകയാണെങ്കിൽ രണ്ടു പ്രാവശ്യം ഉച്ചരിയ്ക്കപ്പെടുന്നു. (ഇരട്ടിപ്പ് വരുന്നു). ഇതിന് ക്രമം എന്നാണ് പറയുക. സോഷ്മങ്ങളാണെങ്കിൽ (വർഗ്ഗങ്ങളുടെ രണ്ടും നാലും അക്ഷരങ്ങൾ) തന്റെ വർഗ്ഗത്തിലെ പൂർവ്വാക്ഷരവുമായിച്ചേർന്ന് ഒറ്റപ്രാവശ്യം ഉച്ചരിയ്ക്കപ്പെടുന്നു.

സംയോഗത്തിന്റെ ആദിയിലുള്ളതല്ലെങ്കിലും ഛകാരത്തിന് ഇരട്ടിപ്പ് വരും.

Note: വിസർഗ്ഗങ്ങളുടെ സന്ധിയെപ്പറ്റി പ്രസ്താവിയ്ക്കുന്ന അവസരത്തിൽ, രേഫിയോ, അരേഫിയോ ആയ (അകാരപൂർവ്വമല്ലാത്തതോ അകാരപൂർവ്വകമോ ആയ) വിസർഗ്ഗം കഴിഞ്ഞ് ഊഷ്മാക്ഷരം പരമായി വരാത്ത അഘോഷമായ സ്പർശാക്ഷരങ്ങൾ (വർഗ്ഗങ്ങളുടെ പ്രഥമദ്വിതീയങ്ങൾ) പരമായി വന്നാൽ അതത് വർഗ്ഗത്തിന്റെ സമാനസ്ഥാനികമായ ഊഷ്മാക്ഷരമായിത്തീരും എന്നു പറയുകയുണ്ടായി. അതായത് വിസർഗ്ഗം ക, ഖ എന്നിവ പരമാവുമ്പോൾ ജിഹ്വാമൂലീയമായും, ച, ഛ എന്നിവ പരമാകുമ്പോൾ ശകാരമായും, ത, ഥ എന്നിവ പരമാകുമ്പോൾ സകാരമായും, പ, ഫ എന്നിവ പരമാകുമ്പോൾ ഉപധ്മാനീയമായുംതീരുന്നു. ഇപ്രകാരം വിധിച്ചിട്ട് പിന്നീട് ഒന്നാമത്തേയും അവസാനത്തേയും വർഗ്ഗങ്ങളുടെ അഘോഷങ്ങൾ പരമാവുമ്പോൾ അവയുടെ സമാനസ്ഥാനമായ ഊഷ്മാവായി മാറുകയാണെങ്കിൽ അതിന് വ്യാപന്നസന്ധിയെന്നും വിസർഗ്ഗം വിസർഗ്ഗമായിത്തന്നെ നിൽക്കുകയാണെങ്കിൽ വിക്രാന്തസന്ധിയെന്നും പറയുന്നു എന്നും അവിടെ പറഞ്ഞിട്ടുണ്ട്. ഒന്നും അഞ്ചും വർഗ്ഗങ്ങളിലെ പ്രഥമദ്വിതീയങ്ങൾ പരമായി വരുമ്പോഴാണ് വൈകൽപ്പികമായി വിസർഗ്ഗം, വിസർഗ്ഗമായിത്തന്നെ നിൽക്കുന്നത്. ഇതാണ് വിക്രാന്തസന്ധി.

ഇവിടെ സ്വരം കഴിഞ്ഞോ അനുസ്വാരം കഴിഞ്ഞോ വരുന്ന

കൂട്ടക്ഷരത്തിന്റെ ആദ്യത്തിലുള്ള വർണ്ണത്തിന് ഇരട്ടിപ്പ് വിധിയ്ക്കുകയാണല്ലോ. കൂട്ടക്ഷരത്തിന്റെ ആദ്യമുള്ളത് അവിക്രമം ആയിരിയ്ക്കണം എന്നു പറയുകയുണ്ടായി. അവിക്രമം എന്നാൽ വിക്രമമല്ലാത്തത് വിക്രാന്തസന്ധിയല്ലാത്തത് എന്നർത്ഥം.

**ഉദാഹരണങ്ങൾ**

**1. ആ ത്ത്വാ രഥം യഥോതയേ (8.68.1)**

ഇവിടെ ആ/ത്വാ/രഥം/യഥാ/ഊതയേ/ എന്നാണ് പദപാഠം. പദപാഠത്തിലെ ത്വാ എന്നത് സംഹിതയിൽ 'ത്ത്വാ' എന്നായിരിയ്ക്കുന്നു. അതായത് തകാരം ഇരട്ടിച്ചിരിയ്ക്കുന്നു.

ത്വാ എന്നത് കൂട്ടക്ഷരമാണ്. അത് സ്വരോപഹിതവുമാണ്. അതായത് ആ എന്ന സ്വരം കഴിഞ്ഞാണ് വരുന്നത്. ഈ തകാരം അവിക്രമത്തിൽ വർത്തിയ്ക്കുന്നതുമാണ്. അതിനാൽ ഇരട്ടിയ്ക്കുന്നു.

ഇപ്രകാരം വർണ്ണങ്ങൾക്ക് ഇരട്ടിപ്പ് വരുന്ന സന്ധിയെ 'ക്രമം' എന്നാണ് പറയുക.

**2. സോമാനം സ്സ്വരണം (1.18.1)**

ഇവിടെ സ്വരണം എന്ന പദത്തിലെ സ്വ എന്ന കൂട്ടക്ഷരത്തിന്റെ ആദിയിലുള്ള സകാരം സോമാനം എന്ന അനുസ്വാരം കഴിഞ്ഞു വരുന്നതാണ്. അതിനാൽ സകാരത്തിന് ഇരട്ടിപ്പ് വന്നിരിയ്ക്കുന്നു.

സ്വരമോ അനുസ്വാരമോ പൂർവ്വമില്ല എങ്കിൽ കൂട്ടക്ഷരത്തിന്റെ ആദിയിലുള്ള വർണ്ണം ഇരട്ടിയ്ക്കുകയില്ല.

**3. ത്വാവതഃ പുരൂവസോ (8.46.1)**

ത്വാ/വതഃ/പുരുവസോ ഇതി/പുരുവസോ/ എന്ന് പദപാഠം. ഇവിടെ ഋക്കിലെ ആദ്യം വരുന്ന പദമാണ് ത്വാവതഃ എന്നത്. അതിന്റെ പൂർവ്വം സ്വരമോ അനുസ്വാരമോ അല്ല. അതിനാൽ ത്വാ എന്ന കൂട്ടക്ഷരത്തിന്റെ ആദിയിലുള്ള തകാരം ഇരട്ടിയ്ക്കുന്നില്ല.

കൂട്ടക്ഷരത്തിന്റെ ആദിയിലുള്ള വർണ്ണമാണെങ്കിൽ മാത്രമേ സ്വരത്തിൽനിന്നോ അനുസ്വാരത്തിൽനിന്നോ പരമായിരിയ്ക്കുമ്പോൾ ഇരട്ടിപ്പ് വരുകയുള്ളൂ.

**4. ആ തേ പിതർമരുതാം (2.33.1)**

ഇവിടെ ആ എന്ന സ്വരം കഴിഞ്ഞുവരുന്നുവെങ്കിലും തേ എന്ന പദത്തിലെ ആദിയായ തകാരത്തിന് ഇരട്ടിപ്പ് വരുന്നില്ല. ഇവിടെ തകാരം കൂട്ടക്ഷരത്തിന്റെ ആദിയിൽ അല്ലല്ലോ വരുന്നത്.

**5. അയം സ യസ്യ ശർമ്മൻ (10.6.1)**

ഇവിടെ അയം എന്ന പദത്തിലെ അനുസ്വാരം കഴിഞ്ഞാണ് സ എന്ന പദം വരുന്നത് എങ്കിലും കൂട്ടക്ഷരത്തിന്റെ ആദിയില ല്ലാത്തതിനാൽ ഇരട്ടിയ്ക്കുന്നില്ല.

**6. യഃ പ്രാണതോ നിമിഷതോ (10.121.3)**

ഇവിടെ പ്രാണതഃ എന്ന പദത്തിലെ പ്ര എന്നത് കൂട്ടക്ഷരമാണ്. എങ്കിലും ഇരട്ടിപ്പ് വരുന്നില്ല. വിസർഗ്ഗം കഴിഞ്ഞ് പകാരം വരുമ്പോൾ വിസർഗ്ഗത്തിന് ഉപധ്മാനീയം വരുകയോ വരാതിരിയ്ക്കുകയോ ആവാം. വരാതിരുന്നാൽ വിക്രാന്തസന്ധി. ഇവിടെ വിക്രാന്തസന്ധിയാണ്. വിക്രാന്തസന്ധിയിലുള്ളതാകയാൽ പകാരത്തിന് ഇരട്ടിപ്പ് വരുന്നില്ല. അവിക്രമത്തിലുള്ളതിനാണ് ഇരട്ടിപ്പ് വരുക.

**7. വിഹ്യക്ഖ്യം മനസാ (1.109.1)**

വി/ഹി/അഖ്യം/മനസാ/ എന്നാണ് ഇവിടെ പദപാഠം. വി ഹി അഖ്യം എന്നത് വിഹ്യഖ്യം എന്നായിത്തീർന്നതിനുശേഷം 'വിഹ്യ ഖ്യം' എന്നതിൽ ഖ്യ എന്ന കൂട്ടക്ഷരത്തിന്റെ ആദിയിലുള്ള സോഷ്മാക്ഷരമാണ് ഖ എന്നത്. അത് അ എന്ന സ്വരം കഴിഞ്ഞുമാണ് വരുന്നത്. അതിനാൽ ഖകാരത്തിന് അതിന്റെ പൂർവ്വാക്ഷരമായ കകാരം വന്ന് വിഹ്യക്ഖ്യം എന്നു സംഹിതയിൽ പാഠം വന്നു.

**8. അബ്ഭ്രാതേവ പുംസഃ (1.124.7)**

അഭ്രാതാ/ഇവ/പുംസഃ/. അഭ്രാതേവ എന്ന പദത്തിൽ അ എന്ന സ്വരം കഴിഞ്ഞ് വരുന്ന സോഷ്മാക്ഷരമാണ് ഭ്ര എന്ന കൂട്ടക്ഷരത്തിന്റെ ആദിയിലുള്ള ഭകാരം. അതിനാൽ ഭകാരത്തിന്റെ പൂർവ്വാക്ഷരമായ ബകാരം പൂർവ്വം വന്ന് അബ്ഭ്രാതേവ എന്ന് സംഹിതയിൽ പ്രയോഗിയ്ക്കുന്നു.

**9. ഉപച്ഛായാമിവ ഘൃണേഃ (6.16.38)**

ഉപ/ഛായാം/. ഇവിടെ ഛായാം എന്ന പദത്തിലെ ഛകാരം കൂട്ടക്ഷരത്തിന്റെ ആദിയിലല്ല. എങ്കിലും അതിന് പൂർവ്വാക്ഷരം വന്ന് ഉപച്ഛായാമിവ എന്നാകുന്നു. ഛകാരം കൂട്ടക്ഷരത്തിന്റെ ആദിയിലല്ലെങ്കിലും ഇരട്ടിപ്പ് വരുമെന്നാണ് വിധിച്ചിട്ടുള്ളത്.

2. **പരം രേഫാത് സ്പർശ ഏവം ലകാരാത്**
   **ഊഷ്മണോ വാ നാവസിതം ന രേഫഃ ।**
   **വോഷ്മാ സംയുക്തോƒനുപധോ നതൂഷ്മാ**
   **സ്വരോഷ്മപരോ ന പരക്രമോപധാ ।।**

1. രേഫത്തിൽനിന്ന് പരമായിട്ടുള്ള വ്യഞ്ജനം ഇരട്ടിയ്ക്കുന്നു.

(ഇതാണ് പരം രേഫാത് എന്ന ഭാഗത്തിന്റെ അർത്ഥം. ഇവിടെ സ്വരത്തിൽനിന്ന് പരമായതും, കൂട്ടക്ഷരത്തിന്റെ ആദിയിലുള്ളതുമായ രേഫത്തിൽനിന്ന് പരമായ വ്യഞ്ജനം ഇരട്ടിയ്ക്കും എന്നാണർത്ഥം എന്ന് ഉവടൻ. പക്ഷെ കൂട്ടക്ഷരത്തിന്റെ ആദിയിൽ എന്നത് യോജിയ്ക്കുന്നില്ല.)

2. ഇപ്രകാരം ലകാരത്തിൽനിന്ന് പരമായ സ്പർശാക്ഷരം ഇരട്ടിയ്ക്കുന്നു.
3. ഊഷ്മാക്ഷരത്തിൽനിന്ന് പരമായ സ്പർശം വികല്പമായിട്ട് ഇരട്ടിയ്ക്കുന്നു.
4. പദത്തിന്റെ അവസാനത്തിലുള്ള രേഫത്തിൽനിന്ന് പരമായ വ്യഞ്ജനം ഇരട്ടിയ്ക്കുകയില്ല.
5. രേഫം ഇരട്ടിയ്ക്കുകയില്ല.
6. ഉപധയില്ലാത്തതും കൂട്ടക്ഷരത്തിന്റെ ആദിയിൽ ഉള്ളതുമായ ഊഷ്മാക്ഷരം വികല്പമായിട്ട് ഇരട്ടിയ്ക്കും.
7. സ്വരമോ ഊഷ്മാക്ഷരമോ പരമായിട്ടുവരുന്ന ഊഷ്മാക്ഷരം ഇരട്ടിയ്കുകയില്ല.
8. പരക്രമത്തിന്റെ ഉപധ ഇരട്ടിയ്ക്കുകയില്ല.

ഇത്രയും കാര്യങ്ങളാണ് രണ്ടാമത്തെ ശ്ലോകംകൊണ്ട് പറയുന്നത്. ക്രമത്തിൽ ഉദാഹരണങ്ങൾ കാണിയ്ക്കാം.

**1. അർദ്ധം വീരസ്യ (7.18.16)**

അർധം എന്ന പദത്തിൽ അകാരമാകുന്ന സ്വരാക്ഷരം കഴിഞ്ഞ് 'ർധ' എന്ന കൂട്ടക്ഷരമാണ്. അതിൽ ആദ്യം രേഫമാണ്. അതു കഴിഞ്ഞുവരുന്ന വ്യഞ്ജനമാണ് ധകാരം. ആ ധകാരത്തിന് ഇരട്ടിപ്പ് വരുന്നു. ധകാരം സോഷ്മാവായതിനാൽ അതിന്റെ വർഗ്ഗത്തിലെ തൊട്ടുമുൻപുള്ള വർണ്ണം ആണ് വരുന്നത്. ധകാരത്തിന്റെ തൊട്ടുമുൻപുള്ള വർണ്ണം ദകാരമാണല്ലോ. അങ്ങനെ 'അർദ്ധം വീരസ്യ' എന്ന് സംഹിതയിൽ രൂപം.

**Note:** ഒരു കാര്യം ഇവിടെ പ്രത്യേകം പ്രസ്താവ്യമായിട്ടുണ്ട്. അച്ചടിയ്ക്കപ്പെട്ട ചില ഋഗ്വേദസംഹിതകളിൽ അർധം എന്നാണ് പ്രയോഗം കാണുന്നത്. ഇതേപോലെ പ്രാതിശാഖ്യത്തിൽ ഇരട്ടിപ്പ് (ദ്വിത്വം) വിധിയ്ക്കപ്പെട്ട പല സ്ഥലങ്ങളിലും ഇരട്ടിപ്പ് കാണുന്നില്ല. ശൌനകമഹർഷിയുടെ പാഠമനുസരിച്ച് ഇവിടെ ഇരട്ടിപ്പുണ്ടായിരുന്നില്ലെങ്കിൽ ഇപ്രകാരം അദ്ദേഹം പ്രാതിശാഖ്യത്തിൽ പറയുമായിരുന്നില്ല. പ്രാതിശാഖ്യകാരൻ ഉദാഹരണങ്ങൾ കാണിച്ചുതരുന്നില്ല. ഉദാഹരണങ്ങൾ കാണിച്ചുതരുന്നത് ഭാഷ്യകാരനായ

ഉവടനാണ്. അതിനാൽ അദ്ദേഹത്തിന്റെ പാഠമനുസരിച്ച് ഇവിടെ ഇരട്ടിപ്പുണ്ടെന്നു വ്യക്തം.

ലകാരത്തിൽനിന്ന് പരമായ സ്പർശാക്ഷരത്തിന്റെ ഇരട്ടിപ്പിന് ഉദാഹരണം-

**2. മഹത്തദുല്ബ്ബം സ്ഥവിരം (10.51.1)**

ഉല്ബം എന്ന പദത്തിലെ ല്ബ എന്നത് ലകാരം ആദിയിലുള്ള കൂട്ടക്ഷരമാണ്. അത് ഉ എന്ന സ്വരത്തിൽനിന്നു പരവുമാണ്. അതിനാൽ ലകാരത്തിൽനിന്ന് പരമായ ബകാരത്തിന് ഇരട്ടിപ്പ് വന്ന് മഹത്തദുല്ബ്ബം സ്ഥവിരം എന്ന് സംഹിതയിൽ പ്രയോഗം.

ഊഷ്മാക്ഷരത്തിൽനിന്ന് പരമായ സ്പർശാക്ഷരത്തിന് വികല്പേന ഇരട്ടിപ്പ് വരുന്നതിനുള്ള ഉദാഹരണം-

**3. ആപോ ഹിഷ്ട്ഠാ മയോ ഭുവഃ**

ഹി എന്ന ഇകാരമാകുന്ന സ്വരം കഴിഞ്ഞുവരുന്ന കൂട്ടക്ഷരമാണ് ഷ്ഠാ എന്നത്. സ്ഥ എന്നതാണ് ഷ്ഠ എന്നായത്. ഷ് എന്ന ഊഷ്മാക്ഷരത്തിൽനിന്നു പരമായ ഠകാരമാകുന്ന സ്പർശത്തിന് ഇരട്ടിപ്പ് വരുന്നു. ഠകാരം സോഷ്മമായതിനാൽ തൊട്ടുപൂർവ്വമുള്ള വർണ്ണമായ ടകാരമാണ് വരുന്നത്. അതിനാൽ ആപോഹിഷ്ട്ഠാ മയോ ഭുവഃ എന്ന് ഇരട്ടിപ്പ് വന്നാലുള്ള പാഠം. ഇരട്ടിപ്പ് വൈകല്പികമായതിനാൽ വരാത്ത പക്ഷത്തിൽ ആപോ ഹി ഷ്ഠാ മയോ ഭുവഃ എന്നും പാഠം.

ഉവടൻ ഇവിടെ ഒരു കാര്യം പ്രത്യേകം പറയുന്നുണ്ട്. ഊഷ്മാക്ഷരത്തിൽനിന്ന് പരമായ സ്പർശങ്ങൾക്ക് ഇരട്ടിപ്പ് വരുമെന്ന് പറഞ്ഞെങ്കിലും, വർഗ്ഗങ്ങളുടെ പ്രഥമദ്വിതീയങ്ങൾ പരമാവുമ്പോൾ മാത്രമേ ഇരട്ടിപ്പ് വരുകയുള്ളൂ.

പദത്തിന്റെ അവസാനം വരുന്ന, രേഫത്തിൽനിന്നു പരമായ വ്യഞ്ജനം ഇരട്ടിയ്ക്കുകയില്ല എന്നതിന്റെ ഉദാഹരണം-

**4. ദനോ വിശ ഇന്ദ്ര മൃധ്രവാചഃ സപ്ത യത് പുരഃ ശർമ ശാരദീർദർത് (1.174.2)**

ഇവിടെ ദർത് എന്ന പദം പാദാവസാനത്തിൽ വരുന്നതാണ്. ദ എന്നതിലെ അകാരം കഴിഞ്ഞുവരുന്ന കൂട്ടക്ഷരമാണ് 'ർത്' എന്നത്. എങ്കിലും അവസാനത്തിലുള്ളതാകയാൽ തകാരത്തിന് ഇരട്ടിപ്പ് വരുന്നില്ല. രേഫം കഴിഞ്ഞുവരുന്ന വ്യഞ്ജനം പാദാവസാനത്തിലാവരുത് എന്നർത്ഥം.

രേഫം ഇരട്ടിയ്ക്കുകയില്ല എന്നതിന് ഉദാഹരണം-

**5. അർദ്ധം വീരസ്യ (7.18.16)**

ഇവിടെ രേഫം ഇരട്ടിയ്ക്കുന്നില്ല. രേഫത്തിൽനിന്ന് പരമായ വ്യഞ്ജനമാണ് ഇരട്ടിയ്ക്കുന്നത്.

ഉപധയല്ലാത്തതും, കൂട്ടക്ഷരത്തിന്റെ ആദിയിൽ വരുന്നതുമായ ഊഷ്മാക്ഷരം വികല്പേന ഇരട്ടിയ്ക്കുന്നതിന്റെ ഉദാഹരണം-

**6. ഹ്ഹ്വയാമ്യഗ്നിം (1.35.1)**

ഹ്വയാമി/അഗ്നിം/ എന്ന പദങ്ങൾ സന്ധിചേർന്ന് ഹ്വയാമ്യഗ്നിം എന്നായി. ഇവിടെ ഹ്വ കൂട്ടക്ഷരത്തിന്റെ ആദ്യാക്ഷരമായ ഹകാരമാകുന്ന ഊഷ്മാക്ഷരം ഇരട്ടിച്ച് ഹ്ഹ്വയാമ്യഗ്നിം എന്നാകുന്നു. ഇവിടെ ഹകാരത്തിനാണ് ഇരട്ടിപ്പ് വരുന്നത്. ശ്ശ്ചോതന്തി കോശാഃ (1.87.2) എന്നതിൽ ശകാരമാകുന്ന ഊഷ്മാവിന് ദ്വിത്വം വന്നിരിയ്ക്കുന്നു. സ്സ്യന്ദന്താം കുല്യാഃ (5.83.8) എന്നതിൽ സകാരമാകുന്ന ഊഷ്മാവിന് ഇരട്ടിപ്പ് വന്നിരിയ്ക്കുന്നു.

ഈ ഇരട്ടിപ്പുകൾ വൈകല്പികമാണ്. ഇരട്ടിപ്പ് ഇല്ലാത്ത ഹ്വയാമ്യഗ്നിം, ശ്ചോതന്തികോശാഃ, സ്യന്ദന്തി കുല്യാഃ എന്നീ പ്രയോഗങ്ങളുമുണ്ട്.

സ്വരാക്ഷരമോ ഊഷ്മാക്ഷരമോ പരമായിട്ടുള്ള ഊഷ്മാക്ഷരം ഇരട്ടിയ്ക്കുകയില്ല എന്നതിനുള്ള ഉദാഹരണങ്ങൾ-

**7. (1) പ്രത്യുഅദർശി (7.81.1)**

പ്രതി/ഉ ് ഇതി/അദർശി/ എന്നാണ് പദപാഠം. അദർശി എന്ന പദത്തിൽ ദ എന്നതിലെ അകാരമാകുന്ന സ്വരം കഴിഞ്ഞുവരുന്ന കൂട്ടക്ഷരമാണ് ർശ എന്നത്. ഇവിടെ ശകാരമാകുന്ന ഊഷ്മാവ് കഴിഞ്ഞ് സ്വരം പരമായി വരുന്നതിനാൽ ശകാരത്തിന് ഇരട്ടിപ്പ് വരുന്നില്ല.

**(2). പർഷി (8.6.11)** എന്നിടത്തും ഇതുപോലെ സ്വരം പരമായി വന്നതിനാൽ ഷകരമാകുന്ന ഊഷ്മാവ് ഇരട്ടിയ്ക്കുന്നില്ല.

**(3). യസ്സോമ സഖ്യേ തവ (1.91.14)**

യസ്സോമ എന്ന സംഹിതയിൽ യ എന്നതിലെ അകാരമാകുന്ന സ്വരം കഴിഞ്ഞുവരുന്ന സംയുക്താക്ഷരമാണ് സ്സ എന്നത്. സകാരമാകുന്ന ഊഷ്മാവ് വേറൊരു സകാരമാകുന്ന ഊഷ്മാവ് പരമുള്ളതാണ്. അതിനാൽ ആദ്യത്തെ സകാരത്തിന് ഇരട്ടിപ്പ് വരുന്നില്ല.

പരക്രമത്തിന്റെ ഉപധയ്ക്ക് ഇരട്ടിപ്പ് വരുകയില്ല എന്നതിന്റെ ഉദാഹരണം-

**8. മഹത്തദുല്ബ്വം (10.51.1)**

ഇവിടെ മഹത്തദുല്ബ്ബം എന്ന സംഹിതയിൽ ദു എന്ന ഉകാരമാകുന്ന സ്വരം കഴിഞ്ഞുവരുന്ന കൂട്ടക്ഷരമായ ല്ബ്ബ എന്നതിന്റെ ആദിയിലുള്ള ലകാരം ഇരട്ടിയ്ക്കുന്നില്ല. എന്തെന്നാൽ അത് ബ്ബ എന്ന് ഇരട്ടിപ്പ് വന്നതിന്റെ പൂർവ്വമുള്ളതാണ്. അതായത് പരക്രമത്തിന്റെ (ഇരട്ടിപ്പ് വന്ന പരത്തിന്റെ) ഉപധയാണ് (പൂർവ്വമുള്ളതാണ്).

**3. സഹാതിഹായ പവമാന യസ്യ**
**ദ്വേതനേ ചേറ്റ്യുപഹിതഃ പദാദിഃ ।**
**ഛകാരോ ദീർഘേണ ചമേതി വർജ്ജം**
**സംയുക്തം തു വ്യഞ്ജനം ശാകലേന ।।**

സഹ, അതിഹായ, പവമാന, യസ്യ, തനേ ച എന്ന രണ്ടു പദങ്ങൾ- ഇവയാൽ ഉപഹിതങ്ങളായ പദത്തിന്റെ ആദിയിലുള്ള ഛകാരം ഇരട്ടിയ്ക്കുകയില്ല. മാ എന്നതിലൊഴികെയുള്ള ദീർഘമായ സ്വരം പൂർവ്വമുള്ള പദാദിയായ ഛകാരവും ഇരട്ടിയ്ക്കുകയില്ല. ദീർഘത്തിൽനിന്ന് പരമായ സംയോഗാദിയിലുള്ള വ്യഞ്ജനം ശാകലമതത്തിൽ ഇരട്ടിയ്ക്കുകയില്ല.

**1. സഹസ്തോമാ സഹഛന്ദസ ആവൃതഃ (10.130.7)**

സഹ എന്നു കഴിഞ്ഞുവരുന്ന 'ഛന്ദസഃ' എന്നതിന് ഇരട്ടിപ്പ് വരുന്നില്ല.

**2. അതിഹായ ഛിദ്രാ ഗാത്രാണി (1.162.20)**

അതിഹായ എന്നു കഴിഞ്ഞുവരുന്ന ഛിദ്രാ എന്ന പദത്തിലെ ഛകാരത്തിന് ഇരട്ടിപ്പ് വരുന്നില്ല.

**3. യത്ര ബ്രഹ്മാ പവമാന ഛന്ദസ്യാം (9.113.6)**

പവമാന എന്നു കഴിഞ്ഞുവരുന്ന ഛന്ദസ്യാം എന്ന പദത്തിലെ ഛകാരം ഇരട്ടിയ്ക്കുന്നില്ല.

**4. യസ്യ ഛായാമൃതം (10.121.2)**

യസ്യ എന്ന പദം കഴിഞ്ഞ് വരുന്ന ഛായാ എന്ന പദത്തിലെ ഛകാരത്തിന് ഇരട്ടിപ്പ് വരുന്നില്ല.

**5. അധ അസ്മാ യച്ഛ തന്വേ തനേ ച ഛർദിഃ (6.46.12)**

തനേ ച എന്ന രണ്ടു പദങ്ങൾ കഴിഞ്ഞുവരുന്ന ഛകാരമാണ് ഛർദിഃ എന്ന ശബ്ദത്തിലെ ഛകാരം. അതിനാൽ ഇവിടെ ഛകാരം ഇരട്ടിയ്ക്കുന്നില്ല.

മാ എന്ന പദത്തിലെ ദിർഘമൊഴികെയുള്ള ദീർഘങ്ങളിൽനിന്നും പരമായ പദാദിയിലുള്ള ഛകാരം ഇരട്ടിയ്ക്കുന്നില്ല. അതിന്റെ ഉദാഹരണം.

**6. മർമ്മാണി തേ വർമണാ ഛാദയാമി (6.75.18)**

ഇവിടെ വർമണാ എന്ന പദത്തിലെ ആ എന്ന ദീർഘാക്ഷരം കഴിഞ്ഞാണ് ഛാദയാമി എന്ന പദത്തിന്റെ ആദിയിലുള്ള ഛകാരം വരുന്നത്. അതിനാൽ അത് ഇരട്ടിയ്ക്കുന്നില്ല.

ദീർഘത്തിൽനിന്ന് പരമായ ഛകാരത്തിനാണ് ഇരട്ടിപ്പ് വരാത്തത്. ഹ്രസ്വത്തിൽനിന്നു പരമായ ഛകാരത്തിന് ഇരട്ടിപ്പ് വരും. 'ഉപച്ഛായാമിവ ഘൃണേഃ (6.16.39) എന്ന സംഹിതയിൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്.

മാകാരം ഒഴികെയുള്ള ദീർഘം എന്നു പറഞ്ഞതിനാൽ മാ എന്നുള്ളതിൽനിന്നു പരമായ ഛകാരത്തിന് ഇരട്ടിപ്പ് വരും.

**7. മാ ച്ഛേദ്മരശ്മീരിതി (1.100.3)** എന്ന് സംഹിതയിൽ ഛകാരം ഇരട്ടിച്ചിരിയ്ക്കുന്നു.

ശാകലമതത്തിൽ ദീർഘത്തിൽനിന്ന് പരമായി വരുന്ന സംയുക്താക്ഷരത്തിന്റെ ആദിയ്ക്ക് ഇരട്ടിപ്പ് വരുന്നില്ല.

**8. ആ ത്വാ രഥം യഥോതയേ (8.67.1)**

ശാകലമതത്തിൽ ത്വാ എന്നത് ത്ത്വാ എന്നാകുന്നില്ല; അത് ആ എന്ന ദീർഘത്തിൽനിന്നു പരമായതിനാൽ.

ശാകലമതത്തിൽ എന്ന് പറഞ്ഞതുകൊണ്ട് മറ്റുള്ളവരുടെ മതത്തിൽ ദ്വിത്വമുണ്ടെന്നു മനസ്സിലാക്കാം.

ഇവിടെ ശാകലമതത്തിൽ മതഭേദമുള്ളത് ഉവടൻ വ്യക്തമാക്കുന്നു. ഒരു കൂട്ടർ ദീർഘത്തിൽനിന്ന് പരമായതും പദാദിയിലുള്ള കൂട്ടക്ഷരത്തിന്റെ ആദ്യാവയവമായതുമായ വർണ്ണത്തിന് ഇരട്ടിപ്പ് വരുകയില്ല എന്നു വ്യാഖ്യാനിയ്ക്കുന്നു. അപ്പോൾ ദീർഘത്തിൽനിന്ന് പരമായ പദാദിയിലല്ലാത്ത കൂട്ടക്ഷരത്തിന്റെ ആദിമ വർണ്ണത്തിന് ഇരട്ടിപ്പുവരും.

**9. രാത്ര്യ്യാശ്ചിദന്ധോ അതി ദേവ (1.94.7)**

ഇവിടെ രാ എന്ന ദീർഘം കഴിഞ്ഞ് ത്ര്യാ എന്ന് പദാദിയിലല്ലാത്ത കൂട്ടക്ഷരമായതിനാൽ കൂട്ടക്ഷരത്തിന്റെ ആദിയിലുള്ള തകാരത്തിന് ഇരട്ടിപ്പ് വന്ന് 'രാത്ര്യ്യാ ശ്ചിദന്ധ' എന്നായിത്തീരും.

എന്നാൽ മറ്റൊരുകൂട്ടർ 'ദിർഘത്തിൽനിന്നു പരമായ' എന്നോ 'പദാദിയിലുള്ള കൂട്ടക്ഷരം' എന്നോ സ്വീകരിയ്ക്കുന്നില്ല. എല്ലായിടത്തും ഒരുപോലെ ദ്വിത്വം നിഷേധിയ്ക്കുന്നു.

**4. പദാന്തീയോ ഹ്രസ്വപൂർവ്വോ ങകാരോ**
**നകാരശ്ച ക്രാമത ഉത്തരേ സ്വരേ ।**
**അനാദേശേ പടലേ$ſ$സ്മിൻ വിധാനം**
**സർവ്വത്ര വിദ്യാദപി വൈകൃതാനാം ॥**

പദത്തിന്റെ അവസാനത്തിലുള്ളതും ഹ്രസ്വമായ സ്വരം പൂർവ്വമുള്ളതുമായ ങകാരവും, നകാരവും സ്വരം പരമായിട്ടുണ്ടെങ്കിൽ ഇരട്ടിയ്ക്കും.

പദാന്തം, പദാദി എന്നിവയുടെ നിർദ്ദേശമില്ലാത്തിടത്ത് ഈ പടലത്തിൽ വിധിയ്ക്കപ്പെട്ടിട്ടുള്ള ദ്വിർവചനം മുതലായവ എല്ലായിടത്തും വരും; വൈകൃതങ്ങൾക്കുകൂടി വരും, അപ്പോൾ പ്രാകൃതങ്ങൾക്ക് വരുമെന്ന് പറയേണ്ടതില്ലല്ലോ.

വൈകൃതങ്ങൾ എന്നാൽ പദപാഠത്തിൽ കാണാത്ത വർഗ്ഗതൃതീയങ്ങളായിത്തീർന്ന വർഗ്ഗപ്രഥമങ്ങൾ, അന്തഃപാദങ്ങൾ മുതലായവ.

**ഉദാഹരണങ്ങൾ**

**1. കീദൃങ്ങിന്ദ്രഃ സരമേ (10.108.3)**

കീദൃങ്/ഇന്ദ്രഃ/സരമേ/ എന്നാണ് ഇവിടെ പദപാഠം. കീദൃങ് എന്ന പദത്തിലെ ങകാരം പദാന്തത്തിലുള്ളതും ഹ്രസ്വമായ സ്വരം പൂർവ്വമുള്ളതുമാണ്. അതുകഴിഞ്ഞ് ഇന്ദ്രഃ എന്ന പദത്തിലെ ഇകാരമാകുന്ന സ്വരം പരമായി വരുന്നുണ്ട്. അതിനാൽ ങകാരത്തിന് ഇരട്ടിപ്പുവന്ന് സംഹിതയിൽ കീദൃങ്ങിന്ദ്രഃ എന്നാകുന്നു.

**2. അഹന്നഹിം പരിശയാനം (3.32.11)**

അഹൻ/അഹിം/പരി*f*ശയാനം/ എന്നാണ് ഇവിടെ പദപാഠം. അഹൻ എന്ന പദത്തിലെ നകാരം പദാന്തത്തിലുള്ളതും, അകാരമാകുന്ന ഹ്രസ്വസ്വരം പൂർവ്വത്തിലുള്ളതുമാണ്. അതുകഴിഞ്ഞ് അഹിം എന്ന പദത്തിലെ അകാരമാകുന്ന സ്വരം പരമായി വന്നിട്ടുമുണ്ട്. അതിനാൽ അതിന് ഇരട്ടിപ്പ് വന്ന് സംഹിതയിൽ 'അഹന്നഹിം' എന്നായി.

ഹ്രസ്വം പൂർവ്വത്തിലുള്ള ങകാര-നകാരങ്ങൾക്കു മാത്രമേ ഇരട്ടിപ്പു വരുകയുള്ളൂ. ദീർഘമാണ് പൂർവ്വമുള്ളത് എങ്കിൽ ഇരട്ടിപ്പ് വരുകയില്ല. അർവ്വാങേഹി സോമകാമം ത്വാഹുഃ-(1.104.9)

ഇവിടെ അർവ്വാങ് എന്ന പദത്തിലെ ങകാരം പദാന്തത്തിലാണുള്ളത്; ഏഹി എന്ന പദത്തിലെ ഏകാരമാകുന്ന സ്വരം പരമായി വരുന്നുമുണ്ട്. എങ്കിലും ആകാരമാകുന്ന ദിർഘസ്വരമാണ് ങകാരത്തിന്റെ പൂർവ്വമുള്ളത് എന്നതിനാൽ ങകാരത്തിന് ഇരട്ടിപ്പു വരുന്നില്ല.

ങകാര-നകാരങ്ങൾ പദാന്തത്തിലല്ല വരുന്നത് എന്നുണ്ടെങ്കിലും ഇരട്ടിപ്പു വരുകയില്ല. 'സിനീവാലീ പൃഥുഷ്ടുകേ' - 2.32.6.

ഇവിടെ സിനീവാലി എന്ന പദത്തിലെ നകാരം ഇ എന്ന ഹ്ര

സ്വസ്വരം പൂർവ്വമുള്ളതും, ഈ എന്ന സ്വരം പരവുമുള്ളതാണ്. എങ്കിലും അത് ഒരു പദത്തിന്റെ അന്തത്തിൽ വരുന്നതല്ല. അതിനാൽ നകാരത്തിന് ഇരട്ടിപ്പു വരുന്നില്ല.

ഈ കാരികയുടെ ഉത്തരാർദ്ധത്തിൽ 'അനാദേശേ പടലേƒസ്മിൻ.....' എന്ന ഭാഗംകൊണ്ട് പദാന്താദിഷ്വേവ വികാരശാസ്ത്രം എന്ന് നേരത്തെ പറഞ്ഞിട്ടുള്ള നിയമത്തിന് ഈ പടലത്തിൽ അപവാദം പറയുകയാണ്. പദാന്താദിഷ്വേവ വികാരശാസ്ത്രം എന്ന പരിഭാഷയ്ക്കു വർണ്ണങ്ങൾക്ക് വികാരം വരുന്നത് പദത്തിന്റെ അന്തത്തിലും ആദിയിലുമുള്ളവയ്ക്കാണ് എന്നാണ്. എന്നാൽ ഈ പടലത്തിൽ വിധിയ്ക്കപ്പെടുന്ന ദ്വിർവചനം (വർണ്ണങ്ങളുടെ ഇരട്ടിപ്പ്) മുതലായവ പദാന്തത്തിലോ പദാദിയിലോ ഉള്ള എന്നു പ്രത്യേകം പറയാത്തിടത്ത് പദാന്തത്തിലോ പദാദിയിലോ അല്ലാത്തിടത്തും വരും. ഇപ്രകാരം വരുന്നവ വൈകൃതങ്ങളായ വർണ്ണങ്ങൾക്കും വരുന്നതാണ്.

**5. അഭിനിധാനം കൃതസംഹിതാനാം**
**സ്പർശാന്തഃ സ്ഥാനാമപവാദ്യ രേഫം ।**
**സന്ധാരണം സംവരണം ശ്രുതേശ്ച**
**സ്പർശോദയാനാമപി ചാവസാനേ ॥**

സ്പർശം പരമയിട്ടുള്ള, സംഹിതാകാര്യങ്ങൾ ചെയ്യപ്പെട്ടിട്ടുള്ള സ്പർശങ്ങൾക്കും, രേഫം ഒഴികെയുള്ള അന്തഃസ്ഥകൾക്കും സന്ധാരണവും, വർണ്ണശ്രുതിയ്ക്ക് സംവരണവും വരും. ഇതിന് അഭിനിധാനം എന്നു പറയുന്നു.

അവസാനത്തിലുള്ള ഇവയ്ക്കും അഭിനിധാനം വരും.

(അഭിനിധാനം എന്നതിന് അപൂർണ്ണോച്ചാരണം എന്ന് ഋഗ്വേദപ്രാതിശാഖ്യത്തിന്റെ പരിഭാഷികശബ്ദകോശത്തിൽ അർത്ഥം പറഞ്ഞുകാണുന്നു)

**ഉദാഹരണങ്ങൾ**

**1. അർവ്വാഗ് ദേവാ അസ്യ (10.129.6)**

അർവ്വാക്/ദേവാഃ/അസ്യ/ എന്നാണ് ഇവിടെ പദപാഠം. സംഹിതയിൽ അർവ്വാഗ്ദേവാ അസ്യ എന്നും. കവർഗ്ഗപ്രഥമം സംഹിതയിൽ തൃതീയമായിത്തീർന്നു. ഈ വൈകൃതമായ ഗകാരം കഴിഞ്ഞ് ദേവാഃ എന്ന പദത്തിലെ ദകാരമാകുന്ന സ്പർശാക്ഷരം വരുന്നുണ്ട്. അതിനാൽ ഗകാരത്തിന് അഭിനിധാനം വരുന്നു. (അതായത് ഗകാരം അപൂർണ്ണമായി ഉച്ചരിയ്ക്കുന്നു)

**2. ഉപമാ ഷഡ്ദ്വാദ്വാ (8.68.14)**

ഉപ/മാ/ഷട്/ദ്വാ॒/ദ്വാ/ എന്നാണ് പദപാഠം. ഇവിടെ ഷട് എന്ന പദത്തിലെ അന്തത്തിലുള്ള ടകാരം ടവർഗ്ഗപ്രഥമാക്ഷരമാണ്. അത് ആ വർഗ്ഗത്തിലെ തൃതീയാക്ഷരമായ 'ഡ'കാരമായിത്തീരുന്നു സംഹിതയിൽ. അതിനാൽ ഈ ഡകാരം വൈകൃതമാണ്. ഇതുകഴിഞ്ഞ് ദ്വാ എന്ന പദത്തിലെ ദകാരമാകുന്ന സ്പർശം പരമായിട്ടുണ്ട്. അതിനാൽ ഡകാരത്തിന് അഭിനിധാനം വരുന്നു.

**3. ഉൽകാമിവ ദ്യോഃ (10.68.4)**

ഉൽകാം॒ഇവ/ദ്യോഃ/ എന്ന് പദപാഠം. ഇവിടെ ഉൽകാം എന്ന പദത്തിലെ ലകാരമാകുന്ന അന്തഃസ്ഥ കഴിഞ്ഞ് ക എന്ന സ്പർശം പരമായി വന്നിട്ടുണ്ട്. അതിനാൽ ലകാരത്തിന് അഭിനിധാനം വരുന്നു.

സ്പർശാക്ഷരങ്ങൾക്കും അന്തഃസ്ഥകൾക്കും മാത്രമേ ഈ അഭിനിധാനം വരുകയുള്ളൂ. അതിനാൽ ബ്രഹ്മ എന്ന ശബ്ദത്തിലെ ഹകാരത്തിന് അഭിനിധാനം വരുന്നില്ല. വിഷ്ണു എന്ന പദത്തിലെ ഷകാരത്തിനും സ്മ എന്ന പദത്തിലെ സകാരത്തിനും പൃശ്നി എന്ന പദത്തിലെ ശകാരത്തിനും അഭിനിധാനം വരുന്നില്ല. ശ്, ഷ്, സ്, ഹ് എന്നിവ സ്പർശമോ അന്തഃസ്ഥയോ അല്ലല്ലോ.

രേഫം ഒഴികെയുള്ള അന്തഃസ്ഥകൾക്കാണ് അഭിനിധാനം വരുന്നത്. രേഫത്തിന് അഭിനിധാനം വരുകയില്ല. അതിനാൽ–

അർച്ചന്ത്യർക്കമർക്കിണഃ (1.10.1) എന്ന സംഹിതയിൽ രേഫത്തിന് അഭിനിധാനം വരുന്നില്ല. ഇവിടെ മൂന്നു രേഫം വരുന്നുണ്ട്. അതുകഴിഞ്ഞ് ച്, ക്, ക് എന്നീ സ്പർശങ്ങളും യഥാക്രമം മൂന്നിടത്തും വരുന്നുണ്ട്. എന്നാലും രേഫത്തിന് അഭിനിധാനം വരുന്നില്ല.

സ്പർശാക്ഷരങ്ങളും രേഫമൊഴികെയുള്ള അന്തഃസ്ഥകളും കഴിഞ്ഞ് സ്പർശാക്ഷരങ്ങളിൽ ഏതെങ്കിലും ഒന്ന് പരമായി വന്നാൽ മാത്രമേ അഭിനിധാനം വരുകയുള്ളൂ.

അദ്യാദ്യാ ശ്വഃ ശ്വഃ (8.61.17)

ഇവിടെ അദ്യാദ്യാ എന്ന പദത്തിൽ രണ്ടിടത്ത് ദകാരം കഴിഞ്ഞ് യകാരം വരുന്നുണ്ട്. ദ്യ എന്നതിൽ ദ സ്പർശാക്ഷരമാണ്. അതു കഴിഞ്ഞുവരുന്ന യകാരം സ്പർശമല്ല. അതിനാൽ ദകാരത്തിന് അഭിനിധാനം വരുന്നില്ല.

അവസാനം വരുന്ന സ്പർശാക്ഷരങ്ങൾക്കും രേഫമൊഴികെയുള്ള അന്തഃസ്ഥകൾക്കും അഭിനിധാനം വരും.

ഉദാഃ വാക്, വിട്, യത്, ത്രിഷ്ടുപ്.

ഇവിടെ കകാരം, ടകാരം, തകാരം, പകാരം എന്നിവയ്ക്ക് അഭിനിധാനം വരുന്നു.

**6. അന്തഃസ്ഥാഃ സ്വേ സ്വേ ച പരേപി രക്താ**
**ലകാര ഊഷ്മസ്വപി ശാകലേന ।**
**ഖകാരേ ചൈവമുദയേ കകാരഃ**
**ഖ്യാതേർധാതോരപ്ശതേർവാ പകാരഃ ।।**

1. രക്തങ്ങളോ അരക്തങ്ങളോ ആയ അന്തഃസ്ഥകൾ അതാത് അന്തഃസ്ഥകൾ പരമായി വന്നാൽ അഭിനിധാനം ചെയ്യപ്പെടും.
2. ശാകലമതത്തിൽ ഊഷ്മാക്കൾ പരമായാലും ലകാരം അഭി നിധാനം ചെയ്യപ്പെടും.
3. 'ഖ്യാ' ധാതുവിന്റെ ഖകാരം പരമായ കകാരം അഭിനിധാനം ചെയ്യപ്പെടും.
4. 'രപ്ശതി'യുടെ പകാരം അഭിനിധാനം ചെയ്യപ്പെടും.

അന്തഃസ്ഥകൾ, ലകാരം, കകാരം, പകാരം എന്നിവ പ്രത്യേ ക സന്ദർഭങ്ങളിൽ അഭിനിഹിതമാകുമെന്നാണ് ഈ കാരികകൊ ണ്ട് വിധിയ്ക്കുന്നത്. ഇവയിൽ അന്തഃസ്ഥകളൊഴികെ, ലകാരം, കകാരം, പകാരം എന്നിവ അഭിനിഹിതമാകുന്നത് ശാകലമതത്തിൽ മാത്രമാണ്.

**ഉദാഹരണം.**

**1. 'യയ്ǃ യയ്ǃ യുജം കൃണുതേ (2.25.2)**

യം/യം/യുജം/കൃണുതേ/ എന്നാണ് പദപാഠം. ഇവിടെ 'യ മ്' എന്നു കഴിഞ്ഞ് വീണ്ടും 'യമ്' എന്നും, അതു കഴിഞ്ഞ് യുജം എന്നും വരുന്നു. 'അന്തഃസ്ഥാസു രേഫവർജം പരാസുതാം താം പദാദിഷ്വനുനാസികാം തു' (രേഫമൊഴികെയുള്ള അന്തഃസ്ഥകൾ പദാദിയിൽ പരമായി വന്നാൽ മകാരം അതാത് അനുനാസിക ങ്ങളായ അന്തഃസ്ഥകളായിത്തീരുന്നു) എന്ന വിധിയനുസരിച്ച് യ മ് എന്ന മകാരം അനുനാസികമായ യകാരമായിത്തീരും. അങ്ങ നെയുള്ള രക്തങ്ങളായ (അനുനാസികങ്ങളായ) യകാരങ്ങൾക്ക് അഭിനിധാനം വരുമെന്നാണ് ഇവിടെ വിധിയ്ക്കുന്നത്.

**2. ഇമല്ǃ ലോഗം (10.18.13)**

ഇമം/ലോഗം/ എന്നാണ് പദപാഠം. ഇവിടെ 'ഇമമ്' എന്ന മ കാരം, ലകാരമാകുന്ന അന്തഃസ്ഥ പരമായതിനാൽ അനുനാസിക മായ ലകാരമായിത്തീർന്നു. ഈ ലകാരം അഭിനിധാനം ചെയ്യപ്പെ ടുന്നു.

ലോഗം=ലോഷ്ടം (സായണൻ)

**3. തവ്വോ ദസ്മ മൃതീഷഹം (8.88.1)**

തം/വഃ/ദസ്മം/ഋതി/സഹം/ എന്നാണ് പദപാഠം. തമ് എന്ന മകാരത്തിന് വഃ എന്ന അന്തഃസ്ഥ പരമായതിനാൽ അനുനാസിക മായ വകാരം ആദേശമായിവന്ന് തവ്വോ എന്നാകുന്നു. ഇവി ടെ അനുനാസികമായ ആ വകാരം അഭിനിധാനം ചെയ്യണം.

ഇവിടെ അഭിനിധാനം വിധിച്ചത് അനുനാസികമോ അനനു നാസികമോ ആയ യ, ല, വ എന്നീ അന്തഃസ്ഥകളിൽനിന്ന് യഥാ ക്രമം യ, ല, വ എന്നിവ പരമായി വരുമ്പോൾ മാത്രമാണ്. അതാ യത് യകാരത്തിൽനിന്ന് യകാരവും, ലകാരത്തിൽനിന്ന് ലകാര വും, വകാരത്തിൽനിന്ന് വകാരവും പരമാവുമ്പോൾ. അതല്ലാതെ യകാരത്തിൽനിന്ന് ല, വ എന്നിവ പരമാകുമ്പോഴോ, വകാരത്തിൽ നിന്ന് യ, ല എന്നിവ പരമാകുമ്പോഴോ, ലകാരത്തിൽനിന്ന് യ, വ എന്നിവ പരമാകുമ്പോഴോ അഭിനിധാനം വരികയില്ല. 'സിനീവാ ല്യൈ' (2.32.7) എന്ന വാക്കിൽ ലകാരം കഴിഞ്ഞ് 'യ' എന്ന അ ന്തഃസ്ഥ പരമായിട്ടുണ്ടെങ്കിലും അഭിനിധാനം വരുന്നില്ല.

ശാകലമതത്തിൽ ഊഷ്മാക്കൾ പരമായിരുന്നാലും ലകാര ത്തിന് അഭിനിധാനം വരും.

**ഉദാഃ-** നാരായാ സോ ന ജല്ഹവഃ (8.61.11)

ഇവിടെ ലകാരം കഴിഞ്ഞ് 'ഹ' എന്ന ഊഷ്മാക്ഷരം പരമാ യിട്ടുണ്ട്. അതിനാൽ ശാകലമതത്തിൽ ഇവിടെ ലകാരത്തിന് അ ഭിനിധാനം വരും.

**4. അക്ഖ്യദ്ദേവഃ (4.14.1)**

ഇവിടെ ഖ്യാ ധാതുവിന്റെ ഖകാരം പരമായതിനാൽ കകാര ത്തിന് അഭിനിധാനം വരുന്നു. ഇത് ശാകലമതത്തിൽ മാത്രം.

**5. വിരപ്ശീ ഗോമതീ മഹീ (1.8.8)**

ഇവിടെ പകാരത്തിന് ശാകലമതത്തിൽ അഭിനിധാനം വരുന്നു.

**7. പദാന്തീയാ യരവോഷ്മോദയാശ്ച**
**സ്പ്രശാഃ പദാദിഷ്വവരേ മകാരാൽ**
**അസംയുക്തം ശാകലം തന്ന പദ്യേ**
**സ്വിത്യുത്തരേ വാ ത്വനേകാക്ഷരാന്ത്യാഃ**

1. മകാരം ഒഴികേയുള്ള പദാന്തത്തിലുള്ള സ്പർശാക്ഷരങ്ങൾ പദാദിയിലുള്ള യ, ര, വ ഊഷ്മാക്ഷരങ്ങൾ എന്നിവ പരമാവു മ്പോൾ അഭിനിധാനം ചെയ്യപ്പെടുന്നു; ശാകലമതത്തിൽ.

ലകാരം ഊഷ്മാക്കൾ പരമാകുമ്പോഴും ശാകലമതത്തിൽ

അഭിനിധാനം ചെയ്യപ്പെടും എന്ന് നേരത്തെ പരഞ്ഞത് ഇതിൽ നിന്നു വ്യത്യസ്തമാണ്.

പദാവയവമായിട്ടുള്ള സു എന്നു പരമായി വരുമ്പോൾ ശാകലവിധി വരുന്നതല്ല.

എന്നാൽ അനേകം അക്ഷരങ്ങളുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്പർശങ്ങൾ പദാവയവമായ സു എന്ന് പരമായിരിയ്ക്കുമ്പോൾ ശാകലവിധി വൈകല്പികമായി വരുന്നു.

ആദ്യം മകാരം ഒഴികേയുള്ള പദാന്തത്തിലുള്ള സ്പർശാക്ഷരങ്ങൾ, പദാദിയിലുള്ള യ, ര, വ ഊഷ്മാക്കൾ എന്നിവ പരമാകുമ്പോൾ അഭിനിധാനം വരുന്നു എന്നതിനുള്ള ഉദാഹരണങ്ങൾ.

**1. യദ് യദ് യാമി തദാ ഭര (8.61.6)**

യത് യത് യാമി തദാ ഭര എന്നാണ് പദപാഠം. യത് എന്ന പ്രഥമാക്ഷരം യദ് എന്നാകുന്നു. ഇവിടെ ആദ്യത്തെ യദ് എന്ന ദകാരം കഴിഞ്ഞു പിന്നീടുവരുന്ന യദ് എന്നതിലെ യകാരം പരമായി വരുന്നുണ്ട്. ദകാരം മകാരമൊഴികേയുള്ള സ്പർശാക്ഷരത്തിൽപ്പെടുന്നു. അതിനാൽ ദകാരത്തിന് അഭിനിധാനം വരുന്നു. അതുപോലെ രണ്ടാമത്തെ യദ് എന്നതിലെ ദകാരത്തിനും അഭിനിധാനം വരുന്നു.

**2. തദ് രാസഭോ നാസത്യാ (1.116.2)**

തത്/രാസഭഃ/നാസത്യാ/ എന്നാണ് പദപാഠം. ഇവിടെ തത് എന്നതിലെ അന്ത്യമായ തകാരം സംഹിതയിൽ ദകാരമാകുന്നു. ആ ദകാരം പദാന്തത്തിലുള്ള സ്പർശമാണ്. അതുകഴിഞ്ഞ് രാസഭഃ എന്ന പദത്തിലെ രേഫം പരമായി വരുന്നു. അതിനാൽ ദകാരത്തിന് അഭിനിധാനം വരുന്നു.

**3. ദധ്യങ്ഹ മേ (1.39.9)**

ദധ്യങ്/ഹ/മേ/ എന്നാണ് പദപാഠം. ഇവിടെ ദധ്യങ് എന്ന പദം കഴിഞ്ഞ് ഹ എന്നു വരുന്നു. പദാന്തത്തിലുള്ള ങ് എന്ന സ്പർശം കഴിഞ്ഞ് ഹ എന്ന ഊഷ്മാക്ഷരം പരമായിട്ടുള്ളതിനാൽ ങകാരത്തിന് അഭിനിധാനം വരുന്നു.

**4. അർവ്വാക് ശഫാവിവ (2.39.3)**

അർവ്വാക്/ശഫൌ/ഇവ/ എന്ന് പദപാഠം. അർവ്വാക് എന്ന പദത്തിന്റെ അന്തത്തിലുള്ള കകാരമാകുന്ന സ്പർശം കഴിഞ്ഞ് ശകാരമാകുന്ന ഊഷ്മാക്ഷരം പരമായി വരുന്നതിനാൽ കകാരത്തിന് അഭിനിധാനം വരുന്നു.

**5. ശർമ്മൻ സ്യാമ (7.34.25)**

ശർമ്മൻ/സ്യാമ/ എന്നാണ് ഇവിടെ പദപാഠം. ശർമ്മൻ എന്ന പദത്തിലെ അന്തത്തിലുള്ള സ്പർശാക്ഷരമാണ് നകാരം. അതുകഴിഞ്ഞ് സ്യാമ എന്ന പദത്തിലെ ആദിയിൽ ഊഷ്മാക്ഷരമായ സകാരം പരമായി വരുന്നു. അതിനാൽ നകാരത്തിന് അഭിനിധാനം വരുന്നു.

ഈ കാരികയിൽ പദാന്തീയാഃ യരവോഷ്മോദയാശ്ച സ്പർശാഃ എന്ന് സ്പർശങ്ങൾ എന്നെടുത്തു പറഞ്ഞത് ഇതിനു തൊട്ടുമുൻപുള്ള വിധിയിൽനിന്ന് വ്യത്യാസം കാണിയ്ക്കാനാണ്. മുമ്പുള്ള വിധിയിൽ സ്പർശാക്ഷരങ്ങളും അന്തഃസ്ഥകളും സ്പർശം പരമായിരിയ്ക്കുമ്പോൾ അഭിനിഹിതങ്ങളാകുന്നുവെന്നാണ്. ഇവിടെ അന്തഃസ്ഥകൾ എന്നു പറയുന്നില്ല. പദാന്തത്തിലുള്ള സ്പർശങ്ങൾ, പദാദിയിലുള്ള യ, ര, വ ഊഷ്മാക്കൾ എന്നിവ പരമായിരിയ്ക്കുമ്പോൾ അഭിനിഹിതങ്ങളാകുന്നു എന്നാണ് വിധിയ്ക്കുന്നത്.

**6. അപ്സ്വഗ്നേ സധിഷ്ടവ (8.43.9)**

അപ്/സു/അഗ്നേ/സധിഃ/തവ/ എന്നാണ് ഇവിടെ പദപാഠം.

അപ്സു എന്ന പദത്തിലെ സു എന്നത് അപ്സു എന്ന പദത്തിന്റെ അവയവമാണ്. ഇവിടെ ശാകലമതമനുസരിച്ച് അഭിനിധാനം വരികയില്ല.

എന്നാൽ പദാവയവമായ സു എന്ന് ഉത്തരമായി വരുന്ന അനേകാക്ഷരമായ പദത്തിൽ വരുന്ന സ്പർശത്തിന് വൈകല്പികമായി അഭിനിധാനം വരും.

**ഉദാഃ-** വാജമർവത്സു പയ ഉസ്രിയാസു (5.85.2)

വാജം/അർവ്വത്സു/പയഃ/ഉസ്രിയാസു/ എന്നാണ് പദപാഠം. അർവത് സു എന്ന പദത്തിലെ തകാരമാകുന്ന സ്പർശം അനേകാക്ഷരാന്ത്യവും, പദാവയവമായ സു എന്ന് പരമായിട്ടുള്ളതാണ്. അതിനാൽ തകാരത്തിന് വൈകല്പികമായി അഭിനിധാനം വരുന്നു.

**8. സർവ്വത്രൈകേ കരണസ്ഥാനഭേദേ**
**വാ ശാകലം പ്രഥമേ സ്പർശവർഗ്ഗേ।**
**സ്പർശാ യമാനനുനാസികാഃ സ്വാൻ**
**പരേഷു സ്പർശേഷ്വനുനാസികേഷു ।।**

1. ചില ആചാര്യന്മാർ എല്ലായിടത്തും - അതായത് പദാവയവമായതും പദാവയവമല്ലാത്തിടത്തും - കരണഭേദമോ, സ്ഥാനഭേദമോ, കരണം സ്ഥാനം എന്നീ രണ്ടിന്റേയും ഭേദമോ ഉള്ള

പ്പോൾ വൈകല്പികമായി ശാകലവിധാനം വരുമെന്ന് അഭിപ്രായപ്പെടുന്നു.

2. സ്പർശാക്ഷരങ്ങളിൽ ഒന്നാമത്തെ വർഗ്ഗത്തിന് -അതായത് കവർഗ്ഗത്തിന്- ചില ആചാര്യന്മാർ ശാകലവിധാനം ഇഷ്ടപ്പെടുന്നു.
3. അനുനാസികങ്ങളായ സ്പർശങ്ങൾ, അനുനാസികങ്ങളായ സ്പർശങ്ങൾ പരമായി വരുമ്പോൾ തന്റെ വർഗ്ഗത്തിന്റെ യമങ്ങളായിത്തീരുന്നു.

**ഉദാഹരണങ്ങൾ**

**1. സകൃത്സു നഃ (10.33.3)**

സകൃത്/സു/നഃ/ എന്നാണ് പദപാഠം. ഇവിടെ സകൃത് എന്ന പദത്തിലെ തകാരമാകുന്ന സ്പർശം കഴിഞ്ഞ് പദാവയവമല്ലാത്ത സു  എന്ന് പരമായിട്ടുണ്ട്. തകാരം സ്പർശമാകയാൽ അതിന്റെ കരണം (അതായത് ആഭ്യന്തരപ്രയത്നം) സ്പൃഷ്ടവും, സകാരത്തിന്റേത് അസ്പൃഷ്ടവുമാണ്. അതിനാൽ ഇവിടെ കരണഭേദമുണ്ട്. സ്ഥാനഭേദം ഇല്ല. രണ്ടിന്റേയും സ്ഥാനം 'ദന്തമൂലീയസ്തു തകാരവർഗ്ഗഃ സകാരരേഫലകാരാശ്ച' എന്നു പൂർവ്വം പറഞ്ഞിട്ടുള്ളതിനാൽ ദന്തമൂലമാണ്. അതിനാൽ തകാരത്തിന് ശാകലവിധാനം ചില ആചാര്യന്മാരുടെ മതത്തിൽ വരുന്നു.

**2. അബ്ജാ ഗോജാ ഋതജാ അദ്രിജാ ഋതം (4.40.5)**

ഇവിടെ അബ്ജാ എന്ന പദത്തിലെ ബകാരം കഴിഞ്ഞ് ജ എന്ന പദാവയവമായ സ്പർശം പരമായി വരുന്നുണ്ട്. ബകാരവും, ജകാരവും സ്പർശമായതിനാൽ സ്പൃഷ്ടം ആണ് കരണം. അതിനാൽ കരണഭേദം ഇല്ല. എന്നാൽ 'താലവ്യാവേകാരചകാരവർഗ്ഗാവികാരൈകാരൌ യകാരഃ ശകാരഃ' എന്ന വാക്യമനുസരിച്ച് ജകാരത്തിന്റെ സ്ഥാനം താലുവാണ്. 'ശേഷ ഓഷ്ഠ്യോ' എന്ന വാക്യമനുസരിച്ച് പവർഗ്ഗം ഓഷ്ഠസ്ഥാനികമാണ്. അതിനാൽ സ്ഥാനഭേദമുണ്ട്. ബകാരത്തിന് ശാകലവിധാനം (അഭിനിധാനം) വൈകല്പികമായി വരുന്നു.

**3. അപ്സ്വഗ്നേ (8.43.9)**

ഇവിടെ പകാരം കഴിഞ്ഞ് പദാവയവമായ സു എന്ന് പരമായിട്ടുണ്ട്. പകാരം സ്പർശമാകയാൽ സ്പൃഷ്ടം ആണ് പ്രയത്നം. സ്ഥാനമാകട്ടെ ഓഷ്ഠവും. സകാരത്തിന്റെ കരണം (ആഭ്യന്തരപ്രയത്നം) അസ്പൃഷ്ടവും, സ്ഥാനം ദന്തമൂലവുമാണ്. അതിനാൽ സ്ഥാനം, പ്രയത്നം രണ്ടിനും ഭേദമുണ്ട്. ഇവിടെ 'പ്' എന്നതിന്

വൈകല്പികമായി അഭിനിധാനം വരുന്നു.

ഇതുവരെ വിധിച്ച എല്ലാ അഭിനിധാനങ്ങളും ശാകലമതത്തിൽ വൈകല്പികമായി വരുന്നു എന്ന് ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. അവയുടെ ഉദാഹരണങ്ങളാണ് കാണിച്ചത്.

ഒന്നാമത്തെ വർഗ്ഗത്തിന് ചില ആചാര്യന്മാർ അഭിനിധാനം (ശാകലം) പറയുന്നു.

**ഉദാഹരണങ്ങൾ**

**1. സമ്യക് സ്രവന്തി (4.58.6)**

ഇവിടെ സമ്യക് എന്ന പദത്തിലെ കകാരത്തിന് അഭിനിധാനം വരുന്നു.

**2. അർവ്വാഗ് രഥം വിശ്വവാരം (6.37.1)**

അർവ്വാക്/രഥം/വിശ്വ/വാരം/ എന്നാണ് പദപാഠം. അർവ്വാക് എന്ന പദത്തിലെ കകാരം സംഹിതയിൽ ഗഗാരമാകുന്നു. ആ ഗകാരത്തിന് അഭിനിധാനം വരുന്നു.

**3. പ്രത്യങ് വിശ്വം സ്വഃ (1.50.5)**

പ്രത്യങ് എന്ന പദത്തിലെ ങകാരത്തിന് അഭിനിധാനം വരുന്നു.

അനനുനാസികസ്പർശങ്ങൾ, അനുനാസികസ്പർശങ്ങൾ പരമായി വരുമ്പോൾ അതാതിന്റെ യമങ്ങളായിത്തീരുന്നു. വർഗ്ഗപഞ്ചമങ്ങളായ ങ, ഞ, ണ, ന, മ എന്നിവയാണ് അനുനാസികസ്പർശങ്ങൾ.

**ഉദാഹരണങ്ങൾ**

**1. പലിക് നീരിത് (5.2.4)**

ഇവിടെ കകാരം കഴിഞ്ഞ് അനുനാസികമായ നകാരം പരമായിട്ടുണ്ട്. അതിനാൽ കകാരത്തിന് അതിന്റെ യമമായ കകാരം വരുന്നു.

**2. പരിഗ്മൻ (4.43.6)**

ഇവിടെ ഗ്മൻ എന്ന പദത്തിൽ ഗകാരമാകുന്ന അനനുനാസികസ്പർശം കഴിഞ്ഞ് മ എന്ന അനുനാസികം പരമായിട്ടുണ്ട്. അതിനാൽ ഗകാരത്തിന് അതിന്റെ യമമായ ഗകാരം വരുന്നു.

**3. വൃത്രഘ്നേ പരി (9.98.10)**

ഇവിടെ വൃത്രഘ്നേ എന്ന പദത്തിൽ ഘകാരം കഴിഞ്ഞ് നകാരമാകുന്ന വർഗ്ഗപഞ്ചമം വന്നിട്ടുണ്ട്. അതിനാൽ ഘകാരത്തിന് യമമായ ഘകാരം വരും.

സ്പർശങ്ങൾക്കാണ് യമങ്ങൾ വരിക. സ്പർശങ്ങളല്ലാത്ത

വ്യഞ്ജനങ്ങൾക്ക് യമം വരില്ല. അതിനാൽ ബ്രഹ്മ എന്ന പദത്തിൽ മകാരം വർഗ്ഗപഞ്ചമമാണെങ്കിലും ഹകാരത്തിന് യമം വരില്ല. അതുപോലെ ദധിക്രാവ്ണഃ എന്ന പദത്തിലെ ണകാരം പഞ്ചമാക്ഷരമാണ്. എങ്കിലും വകാരം കഴിഞ്ഞാണ് അത് വരുന്നത്. വകാരം അന്തഃസ്ഥമാണ്; സ്പർശമല്ല. അതിനാൽ യമം വരുന്നില്ല.

സ്പർശങ്ങളിൽത്തന്നെ അനനുനാസികമായ സ്പർശങ്ങളിൽ നിന്ന് അനുനാസിമായ സ്പർശം പരമായിരിയ്ക്കുമ്പോഴാണ് യമം വരിക. അനുനാസികമായ സ്പർശത്തിൽനിന്ന് അനുനാസികമായ സ്പർശം പരമായാൽ യമം വരുകയില്ല. അർവ്വാങ് നരാഃ (7.82.8) എന്ന വാക്യത്തിലെ അർവ്വാങ് എന്ന പഞ്ചമാക്ഷരം കഴിഞ്ഞ് നരാഃ എന്ന പദത്തിലെ നകാരം പരമായി വന്നിരിയ്ക്കുന്നു. ഇവിടെ അനുനാസികത്തിൽനിന്നുതന്നെ അനുനാസികം പരമായി വന്നതിനാൽ യമം വരുകയില്ല.

എല്ലാ വർഗ്ഗങ്ങളിലേയും അനനുനാസികങ്ങളായ സ്പർശാക്ഷരങ്ങൾക്ക് ഏതു വർഗ്ഗത്തിലേയും അനുനാസികങ്ങൾ പരമാവുമ്പോൾ യമം വരാം.

Note: ഇവിടെ യമങ്ങളെപ്പറ്റി അല്പം വിവരണം ആവശ്യമാണെന്നു തോന്നുന്നു. സിദ്ധാന്തകൌമുദിയിൽ ബാഹ്യപ്രയത്ന ങ്ങൾ ഏതെല്ലാമെന്നും, ഏതൊക്കെ വർണ്ണങ്ങൾക്ക് ഏതൊക്കെ ബാഹ്യപ്രയത്നങ്ങൾ വരും എന്നും പ്രതിപാദിയ്ക്കുന്ന സന്ദർഭത്തിൽ യമങ്ങളെക്കുറിച്ചുള്ള പ്രസ്താവം വരുന്നുണ്ട്. അവിടെ വൃത്തിയിൽ "വർഗ്ഗങ്ങളിൽ ആദ്യത്തെ നാലു വർണ്ണങ്ങൾക്ക് (ഏതെങ്കിലും) വർഗ്ഗപഞ്ചമം പരമായി വന്നാൽ മദ്ധ്യത്തിൽ യമം എന്നു പേരായി പൂർവ്വവർണ്ണസദൃശമായ വർണ്ണം പ്രാതിശാഖ്യങ്ങളിൽ പ്രസിദ്ധമാണ്" എന്നു പറയുന്നുണ്ട്. ഈ വ്യാഖ്യാനമനുസരിച്ച് ക്, ഖ്, ഗ്, ഘ് തുടങ്ങി എല്ലാ വർഗ്ഗത്തിന്റേയും ആദ്യത്തെ നാലു വർണ്ണങ്ങൾക്ക് അതേപോലുള്ള വർണ്ണങ്ങൾ ഇടയിൽ വരുകയാണ്. അതിനാൽ പലിക് നീഃ തുടങ്ങിയ പദങ്ങളിൽ പലിക്ക്നീഃഎന്ന് ഉച്ചാരണം വരുന്നു.

എന്നാൽ ഋഗ്വേദപ്രാതിശാഖ്യത്തിൽ യമങ്ങളെ വിധിയ്ക്കുന്ന "സ്പർശായമാനനനുനാസികാ സ്വാൻ പരേഷു സ്പർശേഷനുനാസികേഷു" എന്ന ഭാഗം വ്യാഖ്യാനിയ്ക്കുമ്പോൾ ഉവടൻ അന്നനുനാസികങ്ങളായ സ്പർശങ്ങൾ അനുനാസികസ്പർശങ്ങൾ പരമായി വരുമ്പോൾ അതാതിന്റെ യമങ്ങളായിത്തീരുന്നു- എന്നാണ് വ്യാഖ്യാനിയ്ക്കുന്നത്. അതായത് അവിടെ ഉണ്ടായിരുന്ന

അനനുനാസികസ്പർശത്തിന്റെ സ്ഥാനത്ത് യമം വരുന്നു. അപ്പോൾ പലിക്നീഃ എന്ന പദത്തിൽ കകാരം ഒന്നേയുള്ളൂ. അത് യമമായ കകാരമാണ്. യമം അനുനാസികമാണെന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. ശുക്ലയജുർവ്വേദത്തിന്റെ പ്രാതിശാഖ്യമായ വാജസനേയിപ്രാതിശാഖ്യത്തിനും ഉവടൻ ഭാഷ്യമെഴുതിയിട്ടുണ്ട്. വാജസനേയി പ്രാതിശാഖ്യത്തിൽ നാലാമത്തെ അദ്ധ്യായത്തിൽ 163-ാമത്തെ സൂത്രമായ 'അന്തഃപദേƒപഞ്ചമഃ പഞ്ചമേഷു വിച്ഛേദം' എന്ന സൂത്രം വ്യാഖ്യാനിയ്ക്കുന്ന അവസരത്തിൽ 'പദമദ്ധ്യത്തിൽ അപഞ്ചമമായ സ്പർശങ്ങൾ പഞ്ചമങ്ങൾ പരമാകുമ്പോൾ വിച്ഛേദമായിത്തീരുന്നു. വിച്ഛേദമെന്നത് യമം തന്നെയാണ്' എന്നു പറഞ്ഞിട്ട് രുക്മ എന്നു ഉദാഹരണം കാണിയ്ക്കുന്നു. അതിനുശേഷം സ്വരാത് സംയോഗാദിഃ (4.101) എന്ന സൂത്രമനുസരിച്ച് (സ്വരത്തിൽനിന്ന് പരമായ കൂട്ടക്ഷരത്തിന്റെ ആദ്യത്തെ വർണ്ണം ഇരട്ടിയ്ക്കുന്നു എന്ന് സൂത്രാർത്ഥം) കകാരത്തിന് ഇരട്ടിപ്പ് വന്നു കഴിഞ്ഞതിനുശേഷം ഈ സൂത്രംകൊണ്ട് രണ്ടാമത്തെ കകാരത്തിന് യമം വരുന്നു എന്നാണ് ഈ സൂത്രം പറയുന്നത്' എന്നു വ്യാഖ്യാനിയ്ക്കുന്നു. അതിൽനിന്ന് ഉവടന്റെ പക്ഷത്തിൽ യമം ആദേശമായിട്ടാണ്, ആഗമമായിട്ടല്ല എന്നൂഹിയ്ക്കാം. അനനുനാസികമായിരുന്നത് അനുനാസികമാകുന്നു എന്നാണ് വന്നുചേരുന്നത്.

പ്രാതിശാഖ്യങ്ങളുടെ കാലം ബി.സി. 700 നും ബി.സി. 500 നും ഇടയിലായിട്ടാണ് എന്ന് പ്രാമാണികന്മാർ പറയുന്നു. ഉവടൻ ജീവിച്ചിരുന്നത് എ.ഡി. 11-ാം നൂറ്റാണ്ടിലാണ്. പ്രാതിശാഖ്യങ്ങളിൽ ഏറ്റവും പ്രാചീനമായ ഋഗ്വേദപ്രാതിശാഖ്യത്തിന് പ്രാമാണികമായ വ്യാഖ്യാനം ഉവടന്റെയാണ്. പാർഷദവൃത്തി എന്ന പേരിൽ ഒരു വ്യാഖ്യാനത്തെക്കുറിച്ച് പറയുന്നുണ്ട്. അത് പ്രസിദ്ധീകരിയ്ക്കപ്പെട്ടിട്ടില്ല. ഋഗ്വേദപ്രാതിശാഖ്യത്തിന് നിലവിലുള്ള മറ്റു വ്യാഖ്യാനങ്ങളെല്ലാം ഉവടന്റെ ഭാഷ്യത്തെ ആശ്രയിച്ചുള്ളവയാണ്.

കൊൽക്കത്തയിൽനിന്ന് 1927-ൽ പശുപതിനാഥശാസ്ത്രി ഋഗ്വേദപ്രാതിശാഖ്യം ഉവടന്റെ ഭാഷ്യത്തെ ആശ്രയമാക്കി ഒരു ചെറിയ വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഉവടന്റെ വ്യാഖ്യാനത്തെ ആശ്രയിയ്ക്കുന്ന വ്യാഖ്യാനമാണെങ്കിലും യമങ്ങളെക്കുറിച്ച് പറയുന്ന മേൽപ്പറഞ്ഞ ഭാഗം വ്യാഖ്യാനിയ്ക്കുമ്പോൾ യമങ്ങൾ എന്നാൽ അനനുനാസികത്തിന്റേയും അനുനാസികത്തിന്റേയും മദ്ധ്യത്തിൽവരുന്ന വർണ്ണമായിട്ടാണ് ഉദാഹരത്തിൽ കാണിച്ചിരിയ്ക്കുന്നത്. പാരമ്പര്യമനുസരിച്ച് ഋഗ്വേദം പ

റിച്ചുചൊല്ലുന്ന പണ്ഡിതന്മാരോടന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്, ഉച്ചാരണം ചെയ്യപ്പെടുമ്പോൾ പലിക്ക്നീഃ എന്ന് രണ്ടു കകാരമുണ്ടെന്നാണ്. ഇവിടെ ഞാൻ ഭാഷ്യമനുസരിച്ചാണ് ഉദാഹരണം കാണിച്ചിരിയ്ക്കുന്നത്.

**9. ന സ്പർശസ്യോഷ്മപ്രകൃതേഃ പ്രതീയാദ്**
**യമാപത്തിം നാഭിനിധാനഭാവം ।**
**യമഃ പ്രകൃത്യൈവ സദൃക് ശ്രുതിർവാ**
**യമേന മുഖ്യാസ്തി സമാനകാലാ ।।**

1. ഊഷ്മാക്ഷരം പ്രകൃതിയായിട്ടുള്ള സ്പർശാക്ഷരത്തിന് യമാപത്തി വരുകയില്ല. അതായത് ഊഷ്മവർണ്ണത്തിന്റെ സ്ഥാനത്ത് വന്ന സ്പർശാക്ഷരത്തിന് യമത്വം വരികയില്ല എന്നർത്ഥം.
2. അതുപോലെ ഊഷ്മപ്രകൃതിയായ സ്പർശാക്ഷരത്തിന് അഭിനിധാനഭാവവും വരുകയില്ല.
3. യമം അതിന്റെ പ്രകൃതിയോട് സദൃശമാണ്. അതായത് ഏതിന്റെ സ്ഥാനത്താണോ യമം വരുന്നത് അതിന്റെ സ്വരൂപംതന്നെയായിരിയ്ക്കും; യമത്തിനും.
4. അല്ലെങ്കിൽ യമം പ്രകൃതിയോട് സദൃശമാണെന്നതിന് താൽപ്പര്യമായ അർത്ഥം യമത്തിന്റെ ഉച്ചാരണത്തോട് സമാനകാലമായി മുഖത്തിലുണ്ടാവുന്ന വ്യക്തമായ ശ്രവണത്തോടുകൂടിയത് എന്നർത്ഥം.

ഊഷ്മപ്രകൃതിയായ സ്പർശത്തിന് യമാപത്തി ഇല്ല എന്നതിനുദാഹരണം.

**1. പ്രദോഘുവച്ഛ്മശ്രുഷു (2-11-17)**

പ്രദോഘുവത്/ശ്മശ്രുഷു/ എന്നാണ് പദപാഠം. ശ്മശ്രുഷു എന്ന പദത്തിലെ ശകാരം ഛകാരവും, പ്രദോഘുവത് എന്ന പദത്തിലെ തകാരം ചകാരവുമായിത്തീരുന്നു സംഹിതയിൽ. ഇവിടെ ശ്മശ്രുഷു എന്ന പദത്തിലെ ശകാരമാണ് ഛകാരമായിത്തീർന്നത്. അതിനാൽ മകാരമാകുന്ന അനുനാസികമായ സ്പർശം പരമായിട്ടുണ്ടെങ്കിലും ഛകാരത്തിന് യമാപത്തി വരുന്നില്ല. എന്തെന്നാൽ ആ ഛകാരം ഊഷ്മാക്ഷരമായ ശകാരമാകുന്ന പ്രകൃതിയോടുകൂടിയതാണ്.

ഊഷ്മപ്രകൃതിയായ സ്പർശത്തിന് അഭിനിധാനഭാവം വരുകയില്ല എന്നതിന് ഉദാഹരണം.

1. ഘനേവ വജ്രിഞ്ഛ്നഥിഹി (1.63.5)

ഘനാ/ഇവ/വജ്രിൻ/ശ്നഥിഹി/ എന്നാണ് പദപാഠം. ശ്നഥിഹി എന്ന പദത്തിലെ ശകാരം പരമായതിനാൽ വജ്രിൻ എന്ന പദത്തിലെ നകാരം ഞകാരമായിത്തീരുന്നു. നകാരത്തിന്റെ സ്ഥാനത്തുവന്ന ഞകാരത്തിൽനിന്ന് പരമായ ശകാരം ഛകാരമായുംതീരുന്നു സംഹിതയിൽ. ഇവിടെ ഛകാരം ഊഷ്മപ്രകൃതിയായതിനാൽ അഭിനിഹിതമാകുന്നില്ല.

**10. അനന്യസ്തു പ്രകൃതേഃ പ്രത്യയാർത്ഥോ**
**ന സംയോഗം സ്വരഭക്തിർ വിഹന്തി।**
**യമാന്നാസിക്യാ സ്വരഭക്തിരുത്തരാ**
**ഗാർഗ്യസ്യോഷ്മാ സോഷ്മാണോ വർജയേത്തം ||**

പ്രത്യയാർത്ഥം=പരനിമിത്തകാര്യം

1. പരനിമിത്തമായി വരുന്ന കാര്യം വരുന്നിടത്ത് യമം പ്രകൃതിയിൽനിന്ന് വ്യത്യസ്തമല്ല. 2. സ്വരഭക്തി കൂട്ടക്ഷരനിമിത്തമായി വരുന്ന കാര്യത്തെ തടയുകയില്ല. 3. ഭഗവാനായ ഗാർഗ്യന്റെ മതത്തിൽ യമം കഴിഞ്ഞ് നാസികാസ്ഥാനമായ സ്വരഭക്തി ആഗമമായി വരും. 4. അദ്ദേഹത്തിന്റെതന്നെ മതത്തിൽ സോഷ്മങ്ങളുടെ യമങ്ങളിൽനിന്ന് പരമായി നാസികാസ്ഥാനമായ ഊഷ്മാവ് ആഗമമായി വരും. ആ ഊഷ്മാവിനെ വർജ്ജിയ്ക്കണം.

പരനിമിത്തമായ കാര്യം വരുന്നേടത്ത് യമം പ്രകൃതിയിൽനിന്ന് അഭിന്നമാണ് എന്നതിന് പ്രകൃതിയെ ആശ്രയിച്ചുള്ള കാര്യം വരും എന്നാണർത്ഥം.

**ഉദാഹരണം**

**1. ഉപദ്ധ്മാതേവ ധമതി (5.9.5)**

ഉപ/ധ്മാതാ/ഇവ/ധമതി എന്നു പദപാഠം. ഉപ ധ്മാതാ എന്ന പദങ്ങളിൽ 'ഉപ' എന്ന പകാരം കഴിഞ്ഞുവരുന്ന അകാരമാകുന്ന സ്വരം കഴിഞ്ഞ് ധ്മാതാ എന്ന പദം വരുന്നു. ഇവിടെ ധ്മാ എന്നതിൽ പഞ്ചമാക്ഷരം പരമായി വരുന്ന സോഷ്മമായ സ്പർശമാണ് ധകാരം. ഈ ധകാരത്തിന് യമം വരുന്നു. ഇത് യമമാണെങ്കിലും പ്രകൃതിയായ സോഷ്മമായ ധകാരത്തിന് വരുമായിരുന്ന 'സോഷ്മാ തു പൂർവ്വേണ സഹോച്യതേ സകൃത്' എന്ന കാരികാഭാഗം കൊണ്ടുവിധിച്ച ധകാരത്തിന്റെ പൂർവ്വസ്പർശമായ ദകാരം പൂർവ്വം വന്ന് ഉപദ്ധ്മാതേവ ധമതി എന്നാകുന്നു.

സംയോഗത്തിന് അതായത് കൂട്ടക്ഷരത്തിന് വരുന്ന കാര്യങ്ങളെ സ്വരഭക്തി വിഹനിയ്ക്കുന്നില്ല.

സ്വരഭക്തി എന്തെന്ന് വഴിയെ വിവരിയ്ക്കുന്നതാണ്. ഇതി

നെക്കുറിച്ച് പ്രഥപടലത്തിൽ പരാമർശിച്ചിട്ടുമുണ്ട്.

ഉദാഃ- സുജൂർണ്ണിഃ ശ്രേണിഃ സുമ്ന ആപിർഹ്രദേ ചക്ഷുഃ (10.95.6)

യാ സു*f*ജൂർണിഃ/ശ്രേണിഃ/സുമ്നേ/ ആപിഃ/ഹ്രദേ*f*ചക്ഷുഃ/

സ്വരഭക്തി എന്നാൽ 'സ്വരം കഴിഞ്ഞ് വരുന്ന രേഫത്തിൽനിന്ന് വ്യഞ്ജനം പരമായി വന്നാൽ ആ രേഫം കഴിഞ്ഞ് ഌകാരരൂപമായ സ്വരഭക്തി വരും' എന്ന വിധിയനുസരിച്ച് വരുന്ന വർണ്ണവിശേഷമാണ്. 'കർഹിചിത്' എന്ന പദത്തിൽ ക എന്നതിന്റെ അന്ത്യത്തിലുള്ള അകാരമാകുന്ന സ്വരം കഴിഞ്ഞ് 'ർ' എന്ന രേഫം പരമായിട്ടുണ്ട്. അതുകഴിഞ്ഞ് ഹ എന്ന വ്യഞ്ജനം വരുന്നുണ്ട്. അതിനാൽ രേഫം കഴിഞ്ഞ് 'ഌ' എന്ന സ്വരഭക്തി വന്ന് കർ(ഌ)ഹിചിൽ എന്നാകുന്നു എന്ന് ഉദാഹരണവും കൊടുത്തിട്ടുണ്ട്. ഇവിടെ 'സുജൂർണിഃ' എന്ന പദത്തിൽ 'ജൂ' എന്ന ഊകാരമാകുന്ന സ്വരം കഴിഞ്ഞ് 'ർ' എന്ന രേഫം വരുന്നു. അതു കഴിഞ്ഞ് ണകാരമാകുന്ന വ്യഞ്ജനം പരമായിട്ടുണ്ട്. അതിനാൽ രേഫം കഴിഞ്ഞ് സ്വരഭക്തി വരുന്നു. സുജുർ(ഌ)ണിഃ എന്നാകുന്നു. 'പരം രേഫാത്' എന്ന നിയമമനുസരിച്ച് സ്വരം കഴിഞ്ഞുവരുന്ന രേഫത്തിൽനിന്ന് പരമായ കൂട്ടക്ഷരത്തിന്റെ ആദിയിലുള്ളതിന് ഇരട്ടിപ്പ് വരും എന്ന് വിധിയ്ക്കുന്നുണ്ട്. ഇവിടെ ഇടയിൽ സ്വരഭക്തി വന്നിട്ടുണ്ടെങ്കിലും ഈ ഇരട്ടിപ്പ് വരുകതന്നെ ചെയ്യും. 'യാ സുജൂർണ്ണിഃ' എന്ന് സംഹിതയിൽ.

യമത്തിൽനിന്ന് പരമായി നാസികാസ്ഥാനമായ സ്വരഭക്തി ആഗമമായി വരും. ഗാർഗ്യാചാര്യന്റെ മതത്തിൽ.

ഉദാഃ- പലിക് നീരിത് (5.2.4)

അദ്ദേഹത്തിന്റെതന്നെ അഭിപ്രായത്തിൽ യമം കഴിഞ്ഞ് നാസികാസ്ഥാനമായ ഊഷ്മാവ് ആഗമമായി വരും. ആ ഊഷ്മാവിനെ വർജ്ജിയ്ക്കണം.

ഉദാഃ- അമഥ്നാദന്യം (1.93.6)

അമഥ്നാദന്യം എന്ന വാക്യത്തിലെ ഥകാരം യമമാണ്. (ഥകാരമാകുന്ന സ്പർശം കഴിഞ്ഞ് അനുനാസികമായ സ്പർശം നകാരം പരമായിട്ടുണ്ടല്ലോ) ആ ഥകാരത്തിൽനിന്ന് നാസികാസ്ഥാനമായ ഊഷ്മാവ് സകാരം വരുന്നു. അമഥ്(സ)നാദന്യം എന്ന് ഗാർഗ്യാചാര്യന്റെ മതത്തിൽ രൂപം. അതിനെ വർജ്ജിച്ചാൽ അമഥ്നാദന്യം എന്നു രൂപം.

**11 നാദഃ പരോ഻ഭിനിധാനാദ്ധ്രുവം തത്**
**തത്കാലസ്ഥാനമശ്രുതി ത്വഘോഷാത് ।**
**നാസികാസ്ഥാനമനുനാസികാച്ഛേദ്**
**അന്തഃസ്ഥായാഃ പൂർവ്വസ്വരൂപമേവ ।।**

1. ഘോഷാക്ഷരത്തോടുകൂടിയ അഭിനിധാനത്തിൽനിന്ന് പരമായി നാദം ആഗമമായി വരും. അതിന് ധ്രുവം എന്നു പേരുണ്ട്. അഭിനിധാനത്തിന്റെ കാലവും, സ്ഥാനവും തന്നെയാണ് അതിന്. 2. അഘോഷാക്ഷരത്തോടുകൂടിയ അഭിനിധാനത്തിൽനിന്നു പരമായ ധ്രുവം അശ്രുതിയാണ്. (അത് കേൾക്കാൻ സാധിയ്ക്കുകയില്ല) 3. അനുനാസികമായ അഭിനിധാനത്തിൽനിന്ന് പരമാണ് ധ്രുവം എങ്കിൽ അത് നാസികാസ്ഥാനമായി അറിഞ്ഞുകൊള്ളണം. 4. അന്തഃസ്ഥയുടെ ധ്രുവം പൂർവ്വസ്വരൂപംതന്നെയാണ്.

**ഉദാ:-1. അർവ്വാഗ് ദേവാഃ (10.129.6)**

'അർവ്വാഗ് ദേവാ' ഇവിടെ അർവ്വാഗ് എന്ന ഗകാരം കഴിഞ്ഞ് ദേവാ എന്ന് ദകാരം പരമായിട്ടുണ്ട്. 'അഭിനിധാനം കൃതസംഹിതാനാം സ്പർശാന്തസ്ഥാനാമപവാദ്യ രേഫം' എന്ന കാരിക(6-5)യിൽ പറഞ്ഞ നിയമമനുസരിച്ച് സ്പർശം പരമായ സ്പർശമാണ് ഗകാരം എന്നതിനാൽ ഗകാരത്തിന് അഭിനിധാനം വരുന്നു. (അർവ്വാക് എന്ന് പദപാഠത്തിൽ കകാരമായിരുന്നത് സംഹിതയിൽ ഗകാരമായതിനാൽ കൃതസംഹിതമായ സ്പർശമാണ് അർവ്വാഗ് എന്ന പദത്തിലെ ഗകാരം). ഗകാരം ഘോഷമാണ്. അതിനാൽ ഗ് എന്നതിന്റെ അഭിനിധാനം ഉണ്ടാവുമ്പോൾ ശേഷം ഒരു നാദം ഉണ്ടാവുന്നു. ഈ നാദത്തിന് ധ്രുവം എന്നു പേർ. അഭിനിധാനത്തിന്റെ സമയവും സ്ഥാനവും തന്നെയാണ് ഇതിനും. ഈ നാദം ശ്രവണവിഷയമാണ്.

**2. വാക് പതങ്ഗായ (10.189.3)**

ഇവിടെ വാക് എന്ന പദത്തിലെ കകാരം അഘോഷമാണ്. വാക് എന്ന അഘോഷമായ അഭിനിധാനം കഴിഞ്ഞുവരുന്ന ധ്രുവം അശ്രുതിയാണ്.

**3. അർവ്വാങ് നരാഃ (7.82.8)**

ഇവിടെ അർവ്വാങ് എന്ന പദത്തിലെ ങകാരം അനുനാസികമാണ്. അർവ്വാങ് എന്ന് അഭിനിധാനം അനുനാസികമായതിനാൽ അഭിനിധാനം കഴിഞ്ഞുവരുന്ന ധ്രുവവും നാസികാസ്ഥാനത്തോടുകൂടിയതാണ്.

**4. യയ് യയ് യുജം (2.25.2)**

'അന്തഃസ്ഥാസു രേഫവർജ്ജം പരാസുതാം പദാദിഷ്വനുനാസികാം തു' (1/3) (അന്തഃസ്ഥകൾ പദാദിയിൽ പരമായി വന്നാൽ മകാരം അതാത് അനുനാസികങ്ങളായ അന്തഃസ്ഥങ്ങളായിത്തീരുന്നു) എന്ന വിധിയനുസരിച്ച് ഇവിടെ യമ് യമ് എന്നീ പദങ്ങൾ യയ് യയ്എന്നായി യയ് യയ് യുജം എന്നായിരിയ്ക്കയാണ് ഇവിടെ. അന്തഃസ്ഥാ സ്വേ സ്വേ ച പരേ$f$പി രക്താഃ എന്ന വിധിയനുസരിച്ച് യകാരം മുതലായ അന്തഃസ്ഥകളിൽനിന്ന് അതാതന്തഃസ്ഥകൾ പരമായി വരുമ്പോൾ അന്തഃസ്ഥകൾക്ക് അഭിനിധാനം വരുന്നുണ്ട്. ആ അഭിനിധാനത്തിനുശേഷം വരുന്ന ധ്രുവം പൂർവ്വസ്വരൂപംതന്നെയാണ്.

**12. വ്യാലേഃ സർവ്വത്രാഭിനിധാനലോപ**
**പരക്രമേ സ്വരരേഫോപധേ ന ।**
**സവർണ്ണപൂർവ്വസ്യ സഹധ്രുവസ്യ**
**വിപര്യയോ ധ്രുവശിഷ്ടേ$f$പരേഷാം ॥**

വ്യാളി എന്നാചാര്യന്റെ അഭിപ്രായത്തിൽ എല്ലായിടത്തും അഭിനിധാനത്തിന് ലോപം വരും. എന്നാൽ അദ്ദേഹത്തിന്റെ മതത്തിൽത്തന്നെ പരക്രമത്തിലും, സ്വരോപധത്തിലും, രേഫോപധത്തിലും അഭിനിധാനത്തിന് ലോപം വരുകയില്ല.

മറ്റുള്ള ആചാര്യന്മാരുടെ മതത്തിൽ ധ്രുവവിധിയിൽ ധ്രുവസഹിതവും സവർണ്ണപൂർവ്വവുമായ അഭിനിധാനത്തിന് ലോപം വരും.

**ഉദാഃ- ഉപദ്ധ്മാതേവ ധമതി (5.9.5)**

ഇവിടെ 'ഉപദ്ധ്മാതേവ' എന്ന വാക്യത്തിൽ 'ദ്ധ്മാതാ' എന്ന പദത്തിൽ ദകാരം കഴിഞ്ഞ് ധകാരം ഉണ്ട്. ദകാരമാകുന്ന സ്പർശം കഴിഞ്ഞ് ധകാരമാകുന്ന സ്പർശം പരമായി വന്നതിനാൽ ദകാരത്തിന് അഭിനിധാനം വരുമെന്ന് ആദ്യം പറഞ്ഞിട്ടുണ്ട്. എന്നാൽ വ്യാളിയുടെ മതത്തിൽ ഇവിടെ അഭിനിധാനം വരുന്നില്ല.

(അഭിനിധാനം എന്നാൽ അപൂർണ്ണോച്ചാരണമാണ്. ദകാരത്തിന് അഭിനിധാനം വരുന്ന പക്ഷത്തിൽ ദകാരത്തിന്റെ പൂർണ്ണമായ ഉച്ചാരണം സംഭവിയ്ക്കുന്നില്ല. എന്നാൽ വ്യാളി എന്ന ആചാര്യന്റെ അഭിപ്രായത്തിൽ ഇവിടെ അഭിനിധാനം ഇല്ലാത്തതിനാൽ അപൂർണ്ണമായ ഉച്ചാരണമല്ല വേണ്ടത് എന്ന് സിദ്ധിയ്ക്കുന്നു.)

ആചാര്യനായ വ്യാളിയുടെ മതത്തിൽ പരക്രമത്തിൽ അഭിനിധാനത്തിന് ലോപം വരില്ല (അതായത് അഭിനിധാനം വരും)

എന്നതിന് ഉദാഹരണം:- **മഹത്തദുല്ബ്ബം (10.51.1)**

മഹത്/തദ്/ഉല്ബം/ എന്ന് പദപാഠം. 'ഉല്ബം' എന്ന പദത്തിൽ 'സ്പർശ ഏവം ലകാരാൽ' എന്ന പ്രാതിശാഖ്യവാക്യമനുസരിച്ച് ലകാരത്തിൽനിന്നും പരമായ സ്പർശമായ ബകാരത്തിന് 'ക്രമം' (ഇരട്ടിപ്പ്) വരുന്നു. അപ്പോൾ 'ല്ബ്ബ' എന്നായിത്തീരുന്നു. ഇവിടെ 'ല്' എന്ന അന്തഃസ്ഥ കഴിഞ്ഞ് 'ബ്' എന്ന സ്പർശം പരമായിട്ടുണ്ട്. ഈ ബകാരമാകട്ടെ ഇരട്ടിച്ചിട്ടുമുണ്ട്. അതിനാൽ പരക്രമം (പരത്തിന് ക്രമം വന്നിട്ടുള്ള) ആണ് ഇവിടുത്തെ ലകാരം. ഈ ലകാരത്തിന് 'സ്പർശാന്തഃസ്ഥാനാമപവാദ്യരേഫം- സന്ധാരണം സംവരണം ശ്രുതേശ്ച സ്പർശോഭയാനാം'- എന്ന പ്രാതിശാഖ്യമനുസരിച്ച് അഭിനിധാനം വരാം. വ്യാളി, അഭിനിധാനം ഒരിടത്തും വരില്ലെന്നു പറഞ്ഞെങ്കിലും പരക്രമം, സ്വരോപധം, രേഫോപധം എന്നിവയുള്ളിടത്ത് അഭിനിധാനലോപം സ്വീകരിയ്ക്കുന്നില്ല എന്നു പറഞ്ഞിട്ടുണ്ട്. ഇവിടെ പരക്രമമുള്ളതിനാൽ വ്യാളിയുടെ മതത്തിലും അഭിനിധാനം വരും. അതിനാൽ ഇവിടെ ലകാരത്തിന് അഭിനിധാനം വരുന്നു.

സ്വരോപധത്തിന് അഭിനിധാനലോപം വരികയില്ല എന്നതിന് ഉദാഹരണം:- **അർവ്വാഗ് ദേവാഃ (10.129.6)**

ഇവിടെ അർവ്വാഗ് എന്ന പദത്തിലെ ഗകാരം സ്വരോപധമായ (സ്വരത്തോടുകൂടിയ) സ്പർശമാണ്. ഈ ഗകാരം കഴിഞ്ഞ് ദേവാഃ എന്ന പദത്തിലെ ദകാരമാകുന്ന സ്പർശാക്ഷരം പരമായി വരുന്നുണ്ട്. സ്പർശങ്ങൾക്കും അന്തഃസ്ഥകൾക്കും സ്പർശം പരമായി വരുമ്പോൾ അഭിനിധാനം വരുമെന്ന് നേരത്തെ വിധിച്ചിട്ടുണ്ട്. വ്യാളിയുടെ മതത്തിൽ സ്വരോപധമായതിന് അഭിനിധാനലോപം വരില്ല എന്ന് പറഞ്ഞിട്ടുള്ളതിനാൽ ഇവിടെ അഭിനിധാനം വരുന്നു. അതിനാൽ അർവ്വാഗ് എന്ന ഗകാരത്തിന് അഭിനിധാനം വരുന്നു.

രേഫോപധമായ സ്പർശങ്ങൾക്ക് അഭിനിധാനലോപം വരികയില്ല എന്നതിനുള്ള ഉദാഹരണം:- **പരാവർക് (8.75.12).**

മാ നോ അസ്മിൻ മഹാഘനേ പരാവർഗ്ഭാരഭൃദ്യഥാ എന്നിത്യാദിയായ ഋക്കിലാണ് പരാ വർക് എന്നു വരുന്നത്. (മാ പരാ വർക് എന്നതിന് ഉപേക്ഷിയ്ക്കരുത് (മാ പരിത്യാക്ഷീഃ) എന്നാണ് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നത്) ഇവിടെ വർക് എന്ന പദത്തിലെ കകാരത്തിന് 'അപി ചാവസാനേ' (6/5) എന്ന കാരികാഭാഗംകൊണ്ടു വിധിയ്ക്കുന്ന അഭിനിധാനം വരാം. വ്യാ

ളി പൊതുവേ അഭിനിധാനത്തിന് ലോപം പറയുന്നുണ്ടെങ്കിലും അഭിനിധാനം വരുന്ന കകാരം രേഫോപധം (രേഫം പൂർവ്വത്തിലുള്ളത്) ആയതിനാൽ ഇവിടെ അഭിനിധാനലോപം വരുകയില്ല. പരക്രമം (ഇരട്ടിപ്പു വന്നിട്ടുള്ളതിന്റെ പൂർവ്വം വരുന്നത്) സ്വരോപധം (സ്വരം പൂർവ്വത്തിലുള്ളത്) രേഫോപധം (രേഫം പൂർവ്വത്തിലുള്ളത്) എന്നിവയിൽനിന്ന് ഭിന്നമായ വർണ്ണങ്ങൾക്കാണ് വ്യാളി അഭിനിധാനലോപം പറയുന്നത്.

മറ്റു ആചാര്യന്മാർ ധ്രുവം വിധിയ്ക്കുന്ന പ്രകരണത്തിൽ, ധ്രുവത്തോടുകൂടിയതും സവർണ്ണത്തിന്റെ പൂർവ്വത്തിലുള്ളതുമായ വർണ്ണങ്ങളുടെ അഭിനിധാനത്തിനാണ് ലോപം പറയുന്നത്. ഇവിടേയും 'പരക്രമസ്വരോപധേ ന' എന്ന് അനുവർത്തിയ്ക്കുന്നുണ്ട് എന്ന് ഉവടൻ പ്രത്യേകം എടുത്തുപറയുന്നു.

അതിനാൽ അഭിനിധാനലോപം വരുന്നത് പരക്രമസ്വരരേഫോപധങ്ങളായ വർണ്ണങ്ങളിൽ സവർണ്ണത്തിന്റെ പൂർവ്വത്തിലുള്ള വർണ്ണത്തിനാണ്. ഉദാഃ- (യദ്ദേവാ അദഃ-10.72.6)

യത്/ദേവാഃ/അദഃ/ എന്നാണ് ഇവിടെ പദപാഠം. യത് എന്ന തകാരം തവർഗ്ഗത്തിന്റെ പ്രഥമാക്ഷരം. അതുകഴിഞ്ഞ് ദേവാഃ എന്ന പദത്തിലെ ദകാരം വരുന്നു. ഇത് ഘോഷാക്ഷരമാണ്. 'ഘോഷവത് പരാഃ പ്രഥമാസ്തൃതീയാൻ' (4/1) എന്ന കാരികാഭാഗമനുസരിച്ച് ഘോഷാക്ഷരമായ ദകാരം പരമായി വന്നതിനാൽ പ്രഥമാക്ഷരമായ തകാരം ദകാരമായി മാറുന്നു. അങ്ങനെ 'യദ്ദേവാ അദഃ' എന്ന് സംഹിതയിൽ. ഇവിടെ യദ് എന്ന സ്പർശം കഴിഞ്ഞ് ദേവാ എന്ന സ്പർശം പരമായതിനാൽ അഭിനിധാനം വരാം. എന്നാൽ ഇവിടെ അഭിനിധാനലോപം വരുമെന്നാണ് മറ്റാചാര്യന്മാരുടെ മതം. അതായത്, സവർണ്ണമായ സ്പർശത്തിന്റെ പൂർവ്വമുള്ള സ്പർശത്തിന് അഭിനിധാനം വരുകയില്ല.

അർവ്വാഗ് ദേവാഃ തുടങ്ങിയ സ്ഥലങ്ങളിൽ അഭിനിധാനലോപം വരികയില്ല. അതായത് അവിടെ അഭിനിധാനം വരും.

**13. രേഫാൽ സ്വരോപഹിതാദ് വ്യഞ്ജനോദയാത്**
**ഌകാരവർണ്ണാ സ്വരഭക്തിരുത്തരാ |**
**വിച്ഛേദാത് സ്പർശോഷ്മപരാച്ച ഘോഷിണോ**
**ദ്രാഘീയസീ തൂഷ്മപരോത്തരാ ക്രമേ ||**

1. സ്വരാക്ഷരം പൂർവ്വത്തിലുള്ളതും വ്യഞ്ജനം പിന്നീടുള്ളതും ആയ രേഫത്തിൽനിന്ന് പരമായി ഌകാരരൂപമായ സ്വരഭക്തി വരും.

2. സ്പർശമോ ഊഷ്മാക്ഷരമോ പരമായിട്ടുള്ള ഘോഷാക്ഷരത്തോടുകൂടിയ അഭിനിധാനത്തിൽനിന്നും പരമായി സ്വരഭക്തി വരും.

**ഉദാഹരണങ്ങൾ**

**1. യദത്ര കർഹി കർഹിചിത് (7.73.5)**

കർഹി എന്ന പദത്തിലുള്ള രേഫം ക എന്നതിലെ അകാരമാകുന്ന സ്വരം പൂർവ്വം വരുന്നതും ഹകാരമാകുന്ന വ്യഞ്ജനം പരമായി വരുന്നതുമാണ്. അതിനാൽ ആ രേഫം കഴിഞ്ഞ് ഌകാരരൂപയായ സ്വരഭക്തി വരുന്നു. കർ(ഌ)ഹി, കർ(ഌ)ഹിചിത് എന്നായിത്തീരുന്നു.

ഇതേപോലെ അർചന്ത്യർകമർകിണഃ (1.10.1) എന്നതും ഉദാഹരണമായി കാണിയ്ക്കാവുന്നതാണ്. അർചന്തി എന്ന പദത്തിലും, അർകം എന്ന പദത്തിലും അർകിണഃ എന്ന പദത്തിലും രേഫം, പൂർവ്വം സ്വരമുള്ളതും, പരമായി വ്യഞ്ജനമുള്ളതുമാണ്. അതിനാൽ അവിടെ മൂന്നിടത്തും രേഫത്തിന് ഌകാരരൂപയായ സ്വരഭക്തി വരും.

സ്വരം പൂർവ്വം വരുന്നില്ല എങ്കിൽ പരമായി വ്യഞ്ജനമുണ്ടെങ്കിലും രേഫത്തിന് സ്വരഭക്തി വരില്ല. 'ആഷ്ട്ര്യാം പദം കൃണുതേ അഗ്നിധാനേ (10.165.3) എന്ന സംഹിതാഭാഗത്തിൽ ആഷ്ട്ര്യാം എന്ന പദത്തിൽ ടകാരം കഴിഞ്ഞിട്ടാണ് രേഫം വരുന്നത്. യകാരമാകുന്ന വ്യഞ്ജനം പരമായിട്ടുണ്ടെങ്കിലും ഇവിടെ സ്വരപൂർവ്വത്വം ഇല്ലാത്തതിനാൽ സ്വരഭക്തി വരുന്നില്ല.

സ്വരപൂർവ്വത്വമുണ്ട്, വ്യഞ്ജനപരത്വം ഇല്ല എങ്കിലും സ്വരഭക്തി വരികയില്ല. 'സുരൂപകൃത്നും' (1.4.1) എന്ന സംഹിതാഭാഗത്തിൽ സുരൂപ എന്നതിലെ രേഫം സു എന്ന ഉകാരം (സ്വരം) പൂർവ്വമുള്ളതാണ്. പക്ഷെ രേഫം കഴിഞ്ഞ് സ്വരം തന്നെയാണ് വരുന്നത്, വ്യഞ്ജനമല്ല. അതിനാൽ ഇവിടെ സ്വരഭക്തി വരുന്നില്ല.

അതിനാലാണ് സ്വരം പൂർവ്വത്തിലുള്ളതും വ്യഞ്ജനം പരത്തിലുള്ളതുമായ രേഫത്തിന് സ്വരഭക്തി വരും എന്നു പറഞ്ഞത്.

ഘോഷാക്ഷരത്തോടുകൂടിയ അഭിനിധാനത്തിൽനിന്ന്, ആ അഭിനിധാനം സ്പർശമോ ഊഷ്മാക്ഷരമോ പരമായിട്ടുള്ളതാണെങ്കിൽ സ്വരഭക്തി വരും എന്നതിന് ഉദാഹരണം-

**അർവാഗ് ദേവാഃ (10.129.6)**

ഇവിടെ അർവാഗ് എന്ന ഗകാരത്തിന് സ്പർശം പരമായതിനാൽ അഭിനിധാനം വരുന്നുണ്ട്. ഈ അഭിനിധാനം കഴിഞ്ഞ് സ്വ

രഭക്തി വരുന്നു.

ശതവല്ശഃ (3.8.11) ഇവിടെ 'ശതവല്' എന്ന ലകാരത്തിന് ശ എന്ന ഊഷ്മാക്ഷരം പരമായി വന്നതിനാൽ അഭിനിധാനം വരുന്നുണ്ട്. ഈ അഭിനിധാനം കഴിഞ്ഞ് സ്വരഭക്തി വരുന്നു.

(ലകാരത്തിന് ऌകാരരൂപിയായ സ്വരഭക്തിയാണ് വരിക. അതിനാൽ ശതവല് (ऌ) ശഃ എന്നാവും പ്രയോഗം)

യദ് യദ് യാമി തദാഭര (8.61.6) എന്ന സംഹിതാഭാഗത്ത് ആദ്യത്തെ യദ് എന്ന പദം കഴിഞ്ഞ് വീണ്ടും യദ് എന്ന പദവും അതിനുശേഷം യാമി എന്ന പദവും വരുന്നു രണ്ടിടത്തും ദകാരം കഴിഞ്ഞ് 'യ്' എന്ന വർണ്ണം പരമായി വരുന്നുണ്ട്. അതിനാൽ 'പദാന്തീയാഃ യരവോഷ്മോദയാശ്ച സ്പർശാ പദാദിഷ്വവരേമ മകാരാത്' - (മകാരം ഒഴികേയുള്ള പദാന്തത്തിലുള്ള സ്പർശങ്ങൾ യ, ര, വ, ഊഷ്മാക്കൾ (ശ, ഷ, സ, ഹ) എന്നിവ പരമാകുമ്പോൾ ശാകലമതത്തിൽ അഭിനിധാനം ചെയ്യപ്പെടുന്നു.)- എന്ന പ്രാതിശാഖ്യകാരികാഭാഗമനുസരിച്ച് ദകാരങ്ങൾ അഭിനിധാനം ചെയ്യപ്പെടുന്നുണ്ട്. എന്നിരിയ്ക്കലും ഇവിടെ സ്വരഭക്തി വരില്ല. കാരണം സ്വരഭക്തി വരണമെങ്കിൽ ഘോഷാക്ഷരത്തോടുകൂടിയ അഭിനിധാനത്തിൽനിന്ന് സ്പർശാക്ഷരമോ, ഊഷ്മാക്ഷരമോ പരമായി വരണം. ഇവിടെ അഭിനിധാനം ചെയ്യപ്പെടുന്ന വർണ്ണം ഘോഷാക്ഷരമാണെങ്കിലും, സ്പർശമോ, ഊഷ്മാവോ പരമായിട്ടില്ല. യകാരമാണ് പരമായിട്ടുള്ളത്. അത് അന്തഃസ്ഥയാണ്.

അഭിനിഹിതമായ വർണ്ണം ഘോഷാക്ഷരമല്ലെങ്കിലും സ്വരഭക്തി വരികയില്ല. സമ്യക് സ്രവന്തി (4.58.6) എന്ന സംഹിതയിൽ സമ്യക് എന്ന കകാരം പദാന്തത്തിലുള്ള (മകാരം ഒഴികേയുള്ള) സ്പർശമാണ്. അതു കഴിഞ്ഞ് സ്രവന്തി എന്ന പദത്തിന്റെ ആദിയിൽ ഊഷ്മാക്ഷരമായ സകാരമാണ് പരമായി വരുന്നത്. അതിനാൽ കകാരത്തിന് അഭിനിധാനം വരും. പക്ഷെ ഇവിടെ അഭിനിധാനത്തിന് ശേഷം സ്വരഭക്തി വരില്ല. കാരണം, കകാരം ഘോഷാക്ഷരമല്ല.

'ദ്രാഘീയസീ തൂഷ്മപരാ'- ഊഷ്മാക്ഷരം പരമായിട്ടുള്ളേടത്ത് അഭിനിധാനത്തിന് വരുന്ന സ്വരഭക്തി ദ്രാഘീയസീ (നീളക്കൂടുതലുള്ളത്) ആണ്.

'സ്വരഭക്തിഃ പൂർവ്വഭാഗക്ഷരാംഗം ദ്രാഘീയസീ സാർദ്ധമാത്രാ' (1-17) എന്ന ഋഗ്വേദപ്രാതിശാഖ്യകാരികയനുസരിച്ച് ദ്രാഘീയസിയായ സ്വരഭക്തിയുടെ കാലം അർദ്ധമാത്രയാണ്.

ഊഷ്മപരയായ സ്വരഭക്തിയെ അപേക്ഷിച്ച് മറ്റേ സ്വരഭക്തി ഹ്രസ്വയാണ്. അത് ഊഷ്മാവിന് ക്രമം വരുന്നിടത്താണ് വരിക.

ഉദാഃ- അദർശ്ശ്യായതീ (7.81.1)- അദർശി/ആ്യതീ/ എന്നു പദപാഠം.

അദർശി എന്ന പദത്തിലെ ഇകാരത്തിന് ആകാരമാകുന്ന സ്വരം പരമായതിനാൽ യകാരം വന്ന് (സമാനാക്ഷരമന്തഃസ്ഥാം സ്വാമകണ്ഠ്യം സ്വരോദയം), പരം രേഫാത് (സ്വരം കഴിഞ്ഞു വരുന്നതും സംയോഗത്തിന്റെ ആദിയിൽ വരുന്നതുമായ രേഫത്തിൽ നിന്ന് പരമായ സ്പർശം ഇരട്ടിയ്ക്കും.) എന്ന പ്രാതിശാഖ്യകാരികയനുസരിച്ച് ശകാരത്തിന് ഇരട്ടിപ്പ് വന്ന് അദർശ്ശ്യായതീ എന്ന് സംഹിതയിൽ രൂപം. ഇവിടെ രേഫം കഴിഞ്ഞ് വരുന്ന ഊഷ്മാവായ ശകാരത്തിന് ഇരട്ടിപ്പ് വന്നിട്ടുള്ളതിനാൽ സ്വരഭക്തി ഹ്രസ്വയാണ്.

**14. സർവ്വത്രൈകേ സ്വരഭക്തേരഭാവം**
**രേഫോപധാമപരേ വിദ്യമാനാം ।**
**അക്രാന്തോഷ്മപ്രത്യയാഭാവമേകേ**
**പൂർവ്വോത്തരസ്വരസരൂപതാഞ്ച ॥**

ചില ആചാര്യന്മാർ എല്ലായിടത്തും (അതായത് ഒരു പദത്തിൽ മാത്രമോ, രണ്ടു പദങ്ങളിലായോ രേഫത്തിൽനിന്നോ അഭിനിധാനത്തിൽനിന്നോ) സ്വരഭക്തിയുടെ അഭാവം പറയുന്നു. അതായത് സ്വരഭക്തി വരികയില്ല എന്ന് സാരം.

മറ്റു ചില ആചാര്യന്മാർ രേഫം പൂർവ്വത്തിലുള്ള സ്വരഭക്തി ഉണ്ടെന്നു കരുതുന്നു.

വേറെ ആചാര്യന്മാർ ഇരട്ടിയ്ക്കാത്ത ഊഷ്മാക്ഷരം പരമായി വരുന്ന സ്വരഭക്തി ഇല്ലെന്ന് അഭിപ്രായപ്പെടുന്നു.

ഇനിയും വേറെ ചില ആചാര്യന്മാരാകട്ടെ, സ്വരഭക്തിയ്ക്ക്, രേഫത്തിന്റെ പൂർവ്വവും, ഉത്തരവുമുള്ള സ്വരത്തിന്റെ സരൂപത പറയുന്നു. അതായത് സ്വരഭക്തി ഌകാരരൂപ മാത്രമല്ല എന്നു സാരം.

**ഉദാഃ- ധൂർഷദം (1.143.7)**

ഇവിടെ രേഫത്തിന്റെ പൂർവ്വമുള്ള ഊകാരത്തിന്റെ സരൂപയായ സ്വരഭക്തി വന്ന് ധൂര് (ഊ) ഷദം എന്ന് ഉച്ചാരണം. ഇവിടെ രേഫത്തിന്റെ പൂർവ്വമുള്ള സ്വരത്തിന്റെ സരൂപയായ സ്വരഭക്തിയാണ് വന്നിരിയ്ക്കുന്നത്.

**ഉദാഃ- ബർഹിഷദോ (9.68.1)**

ഇവിടെ രേഫത്തിന്റെ ഉത്തരഭാഗത്തുള്ള ഇകാരമാകുന്ന സ്വ

രത്തിന്റെ സരൂപയായ സ്വരഭക്തി വന്ന് ബർഹി(ഇ)ഷദോ എന്ന് ഉച്ചാരണം.

**15. ഊഷ്മോദയം പ്രഥമം സ്പർശമേകേ**
**ദ്വിതീയമാഹുരപദാന്തഭാജം ।**
**ഖ്യാതൌ ഖകാരയകാരാ ഉ ഏകേ**
**താവേവ ഖ്യാതി സദൃശേഷു നാമസു ।।**

ഊഷ്മാക്ഷരം പരമായി വരുന്നതും, പദാന്തത്തിൽ അല്ലാത്തതുമായ പ്രഥമസ്പർശം ചില ആചാര്യന്മാരുടെ മതത്തിൽ ദ്വിതീയസ്പർശമാകുന്നു.

'ക്ശാ'ധാതുവിന്റെ കകാരശകാരങ്ങളുടെ സ്ഥാനത്ത് ഖകാരയകാരങ്ങൾ വരുമെന്ന് ചില ആചാര്യന്മാർ പറയുന്നു. ആ ഖകാരയകാരങ്ങൾ 'ഖ്യാതി' തുടങ്ങിയ നാമങ്ങളിൽ വരുന്നുവെന്ന് ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നു.

**ഉദാഹരണം**

**1. ശശഃ ക്ഷുരം പ്രത്യഞ്ചം ജഗാര (10.28.9)**

ഇവിടെ ക്ഷുരം എന്ന പദത്തിലെ കകാരം പദാന്തത്തിലല്ലാത്ത, ഊഷ്മാക്ഷരം പിന്നീടുള്ള പ്രഥമസ്പർശമാണ്. ഇതിന് ദ്വിതീയസ്പർശം വന്ന് ശശഃ ഖ്ഷുരം പ്രത്യഞ്ചം ജഗാര എന്നായിത്തീരുന്നു.

**2. അഖ്യദ്ദേവാരോചമാനഃ (4.15.1)**

ഇവിടെ ക്ശാ ധാതുവിന് ഖകാരയകാരങ്ങൾ വന്ന് അഖ്യത് എന്നായിരിയ്ക്കുന്നു.

**ആറാം പടലം കഴിഞ്ഞു**

**ഒന്നാം അദ്ധ്യായം അവസാനിച്ചു**

## അദ്ധ്യായം -2

## ഏഴാം പടലം-പ്ലുതി

1. **ദീർഘം ഹ്രസ്വോ വ്യഞ്ജനേന്യസ്ത്വൃകാരാദ്**
**യഥാദിഷ്ടം സാമവശഃ സ സന്ധിഃ ।**
**സൈവ പ്ലുതിർ യാ സ്വരേഷൂപദിഷ്ടാ**
**യോനിമാരൈഗാദിഷു ചോദയാദേഃ ।।**

ഋകാരം ഒഴികേയുള്ള ഹ്രസ്വസ്വരങ്ങൾ വ്യഞ്ജനം പരമായി വരുമ്പോൾ ദീർഘത്വം പ്രാപിയ്ക്കും എന്നുള്ളത് അധികാരമായി അറിഞ്ഞുകൊള്ളണം. എവിടെയൊക്കെയാണോ ദീർഘത്വം വരുന്നതായി ആദിഷ്ടമാകുന്നത്, അതെല്ലാം ഉദാഹരണങ്ങളാണ്. ഈ സന്ധി സാമവശസന്ധി എന്ന് പറയപ്പെടുന്നു.

(“ഛന്ദസാം സമത്വം വശഃ പ്രയോജനം യേഷാമന്വക്ഷരസന്ധീനാം തേ സാമവശാഃ സന്ധയഃ” എന്ന് ഒന്നാം പടലത്തിൽ ‘സാമവശാ ഇതി ചൈവാപവാദാൻ’ എന്ന (1.25) കാരികാഭാഗത്തെ വ്യാഖ്യാനിയ്ക്കുമ്പോൾ ഉവടൻ പറഞ്ഞിട്ടുണ്ട്. അതിനാൽ വൃത്തം ശരിയാക്കുന്നതിനുവേണ്ടി പലയിടത്തും ഹ്രസ്വം ദീർഘമായി സംഹിതയിൽ വരും. ഈ സന്ധി സാമവശസന്ധിയെന്ന് അറിയപ്പെടുന്നു.)

ഹ്രസ്വം ദീർഘത്വത്തെ പ്രാപിയ്ക്കുന്നു എന്നതുതന്നെയാണ് പ്ലുതി എന്ന് പറയപ്പെടുന്നതും. സ്വരസന്ധി വിധിച്ചപ്പോൾ വിധിയ്ക്കപ്പെട്ട ‘ഏവാ് അഗ്നിമത്രിഷു സാ പ്ലുതോപധാ’ (ഏവാ് അഗ്നിം എന്ന ദ്വൈപദം അത്രിമണ്ഡലത്തിൽ ഇതേപോലെത്തന്നെ വരും. അതിന് പ്ലുതോപധ എന്നു പറയും) ആ പ്ലുതിയും ഹ്രസ്വത്തിന്റെ ദീർഘഭാവംതന്നെയാണ്.

യോനിമാരൈക് തുടങ്ങിയവയിൽ പരമായ പദത്തിന്റെ ആദിയിലുള്ള ഹ്രസ്വത്തിന് നിപതിപ്പിയ്ക്കപ്പെട്ട ദീർഘത്വവും പ്ലുതി എന്നറിയപ്പെടണം.

**ഏവാ് അഗ്നിമജൂർയമുഃ (5.6.10)**

ഇവിടെ പദപാഠം ഏവ/അഗ്നിം/അജൂർയമുഃ/ എന്നാണ്. ഏവ എന്ന പദം സംഹിതയിൽ ഏവാ് എന്നായിരിയ്ക്കുന്നു. ഈ സന്ധിയ്ക്ക് പ്ലുതോപധസന്ധി എന്നാണ് പറയുക എന്ന് അവിടെ (രണ്ടാമത്തെ അദ്ധ്യായത്തിൽ 32-ാമത്തെ കാരിക) വ്യാഖ്യാനിച്ചിട്ടുണ്ട്. അത്രിമണ്ഡലത്തിൽ ‘ഏവ അഗ്നി’ എന്നീ പദങ്ങൾ അടുപ്പിച്ച് വരുന്നേടത്ത് ഏവ എന്നത് ഏവാ് എന്നാകും എന്നു സാരം. ഏവ എന്ന പദം അത്രി മണ്ഡലത്തിൽത്തന്നെ മറ്റേതെങ്കി

ലും പദത്തിന്റെ മുൻപു വരുമ്പോഴോ, മറ്റു മണ്ഡലങ്ങളിൽ ഏവ എന്ന പദവും അഗ്നിം എന്ന പദവും അടുത്തടുത്തു വരുമ്പോഴോ ഈ സന്ധി വന്നു കാണുന്നില്ല. ഹ്രസ്വം ദീർഘമാവുകയാണു ണ്ടായത് എന്നതിനാൽ പ്ലുതി എന്ന സംജ്ഞ ഇവിടെ പ്രയോഗി യ്ക്കപ്പെടാം.

**സ്വസാ സ്വസ്രേജ്യായസ്യൈ യോനിമാരൈക് (1.124.8)**

സ്വസാ/സ്വസ്രേ/ജ്യായസ്യൈ/യോനിം/അരൈക്/ എന്നാണ് ഇവിടുത്തെ പദപാഠം. പദപാഠത്തിൽ അരൈക് എന്നത് സംഹി തയിൽ ആരൈക് എന്നായി. ഇവിടെ പദത്തിന്റെ ആദിയിലുള്ള അകാരമാണ് ദീർഘിച്ച് ആകാരമായിത്തീർന്നത്. ഈ ദീർഘം നി പാതനമാണ്.

പദാന്ത്യത്തിലും, പദാദിയിലും ഹ്രസ്വം ദീർഘമായി മാറുന്ന ത് 'പ്ലുതി' എന്ന സംജ്ഞയാൽ പ്രാതിശാഖ്യത്തിൽ വ്യവഹരി യ്ക്കപ്പെടുന്നു എന്നു സാരം.

2. **മക്ഷ്വിത്യുകാരഃ പ്ലവതേ സർവ്വത്രാപ്യപദാന്തഭാക് ।**
   **സുതാ യാഹീത്യതോഽന്യേഷു പദേഷ്വച്ഛേതി വിഗ്രഹേ ॥**

മക്ഷു എന്നതിന്റെ ഉകാരം എല്ലായിടത്തും പ്ലവിയ്ക്കും. (ദീർഘിയ്ക്കും); പദാന്തത്തിലല്ലാത്തതുകൂടി. അപ്പോൾ പദാന്ത ത്തിലുള്ളതും പ്ലവിയ്ക്കും എന്നു പറയേണ്ടതില്ലല്ലോ. (സാമാ ന്യമായി വികാരശാസ്ത്രം പദാന്ത്യത്തിലും പദാദിയിലുമുള്ള വർ ണ്ണങ്ങൾക്കാണല്ലോ വരുന്നത്).

**ഉദാഹരണങ്ങൾ**

**1. മക്ഷൂ ദേവവതോ രഥഃ (8.31.15)**

മക്ഷു/ദേവഽവതഃ/രഥഃ/ എന്നാണ് പദപാഠം. ഇവിടെ സംഹി തയിൽ മക്ഷു എന്നതിന്റെ ഉകാരത്തിന് പ്ലുതി വന്ന് മക്ഷൂ എന്നാ യിരിയ്ക്കുന്നു.

ഇത് പദാന്തത്തിലുള്ളതിന് പ്ലുതി വരുന്നതിന്റെ ഉദാഹരണ മാണ്.

**1. മക്ഷൂമക്ഷൂ കൃണുഹി ഗോജിതോ ന (3.31.20)**

മക്ഷൂഽമക്ഷു/കൃണുഹി/ഗോജിതഃ/നഃ/ എന്നാണ് ഇവിടെ പ ദപാഠം. മക്ഷു എന്ന പദത്തിന് വേഗം എന്നാണർത്ഥം. മക്ഷു മ ക്ഷു എന്നതിന് വേഗം വേഗം അഥവാ അതിവേഗം എന്നർത്ഥം. സംഹിതയിൽ ഇത് മക്ഷൂ മക്ഷൂ എന്നായിരിയ്ക്കുന്നു.

ഇതിൽ ആദ്യത്തെ മക്ഷു എന്നത് പദാന്തത്തിലില്ലാതിരുന്നി ട്ടും ദീർഘിച്ചിരിയ്ക്കുന്നു. അതിനാൽ 'അപദാന്തഭാക്' ആയ മ

ക്ഷു എന്നതിന്റെ ഉകാരം ദീർഘിയ്ക്കുന്നതിന് (പ്ലുതി വരുന്നതിന്) ഉദാഹരണമായി ഇത്. രണ്ടാമത്തെ മക്ഷു പദാന്തഭാക്കായ മക്ഷുവിന്റെ ഉകാരം ദീർഘിയ്ക്കുന്നതിനും ഉദാഹരണമാണ്.

**മക്ഷൂയുഭിർനരാ ഹയേഭിഃ (7.74.4)**

മക്ഷുയുഭിഃ/നരാഃ/ഹയേഭിഃ/ എന്നാണ് ഇവിടെ പദപാഠം.

മക്ഷുയുഭിഃ എന്നത് സംഹിതയിൽ മക്ഷൂയുഭിഃ എന്നായി. ഇതും അപദാന്തഭാക്കായ മക്ഷു എന്ന പദത്തിന് പ്ലുതി വരുന്നതിന് ഉദാഹരണമാണ്.

അച്ഛ എന്നത് ഒറ്റപ്പദമായി വരുന്നിടത്ത്, ആ പദം കഴിഞ്ഞ് സുതാ എന്നോ യാഹി എന്നോ വരുന്നില്ലെങ്കിൽ അച്ഛ എന്നതിന്റെ അവസാനത്തെ അകാരത്തിന് പ്ലുതി വരും.

**ഉദാഹരണം:- അച്ഛാ വദ തവസം (5.83.1)**

അച്ഛ/വദ/തവസം/ എന്നാണ് ഇവിടെ പദപാഠം. അച്ഛ എന്ന പദത്തിന് അഭിപ്രാപ്യ (നേരെ ചെന്നിട്ട്)എന്നാണ് സായണൻ അർത്ഥം പറഞ്ഞിരിയ്ക്കുന്നത്.

ഇവിടെ അച്ഛ എന്ന പദം കഴിഞ്ഞ് വദ എന്ന പദമാണ് പിന്നീട് വരുന്നത്. സുതാ എന്നോ യാഹി എന്നോ അല്ല. അതിനാൽ അന്ത്യമായ അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**പ്രത്യുദാഹരണങ്ങൾ**

**1. ഇന്ദ്രമച്ഛ സുതാ ഇമേ (9.106.1)**

ഇന്ദ്രം/അച്ഛ/സുതാഃ/ഇമേ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ സുതാ എന്ന പദം പിന്നീട് വന്നിട്ടുണ്ട്. അതിനാൽ സംഹിതയിൽ അച്ഛ എന്നതിന് പ്ലുതി വരുന്നില്ല. സുതാ എന്ന പദവും യാഹി എന്ന പദവും പരമായി (പിന്നീട്) വരാത്തിടത്താണ് അച്ഛ എന്നതിന് പ്ലുതി വരിക. ഇവിടേയും അച്ഛ എന്നതിന് അഭി (നേരെ) എന്ന അർത്ഥമാണ് സായണൻ പറഞ്ഞിരിയ്ക്കുന്നത്.

**2. അച്ഛ യാഹ്യാ വഹാ ദൈവ്യം (1.31.17)**

അച്ഛ/യാഹി/ആ/വഹ/ദൈവ്യം/ എന്നാണ് പദപാഠം. ഇവിടെ യാഹി എന്ന പദം പിന്നീട് വരുന്നുണ്ട്. അതിനാൽ അച്ഛ എന്നതിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വരുന്നില്ല. അച്ഛ എന്നതിന് ആഭിമുഖ്യേന എന്നുതന്നെ അർത്ഥം പറയുന്നു.

അച്ഛ എന്നത് ഒറ്റപ്പദമായി വരുമ്പോൾ മാത്രമേ, സുതാഃ യാഹി എന്നീ പദങ്ങളൊഴികെയുള്ള പദങ്ങൾ പിന്നീട് വരുമ്പോൾ പ്ലുതി വരികയുള്ളൂ. ഏതെങ്കിലും പദത്തിന്റെ അവയവമായി അ

ച്ഛ എന്ന് വന്നിട്ടുണ്ടെങ്കിൽ അവിടെ പ്ലുതി വരികയില്ല. ഉദാഹരണമായി-

**ഗോകാമാ മേ അച്ഛദയൻ (10.108.10)**

ഇവിടെ അച്ഛദയൻ എന്ന പദത്തിന്റെ അവയവമായി 'അച്ഛ' എന്നു വരുന്നുണ്ട്. ആവരണം ചെയ്യുക (മറയ്ക്കുക) എന്ന അർത്ഥത്തിലുള്ള ഛദിര് എന്ന ധാതുവിൽനിന്നുണ്ടായ ഒരു ക്രിയാപദമാണ് അച്ഛദയൻ എന്നത്. അല്ലാതെ അച്ഛ എന്ന ഒറ്റപ്പദമല്ല. ആഭിമുഖ്യാർത്ഥത്തിൽ പ്രയോഗിയ്ക്കുന്ന അച്ഛ എന്ന ഒറ്റപ്പദത്തിനു മാത്രമാണ് ഇവിടെ പ്ലുതി വിധിച്ചത്. അല്ലാതെ അച്ഛ എന്ന പദഭാഗത്തിനല്ല.

ഇവിടെ 'വിഗ്രഹേ' (ഒറ്റപ്പദത്തിൽ) എന്ന് പ്രത്യേകം എടുത്തുപറഞ്ഞത്. ഇതിനുമുൻപ് മക്ഷു എന്നത് പദാന്ത്യത്തിലോ, പദാവയവമായോ  വരുമ്പോഴും പ്ലുതി വരുമെന്ന് വിധിയ്ക്കുകയുണ്ടായല്ലോ. അത് ഇവിടേയ്ക്കു ബാധകമല്ല എന്ന് സൂചിപ്പിയ്ക്കാനാണ്. അതായത് അപദാന്തഭാക് എന്നത് ഇവിടെ അനുവർത്തിയ്ക്കുന്നില്ല. അതിനെ ഒഴിവാക്കാനായിട്ടാണ് കാരികയിൽ വിഗ്രഹേ എന്നു പറഞ്ഞത്.

**3. അനാകാരോപധശ്ചാന്ത്യോ യേത്യുത്തരപദസ്യ യഃ।**
**ഉദാത്താദേർദ്ദ്വ്യക്ഷരസ്യ നാസ്യേതി വ്യഞ്ജനോപധഃ ।।**

ആകാരം ഉപധ (പൂർവ്വാക്ഷരം) ആയി വരാത്തതും, ആദിയിൽ ഉദാത്തസ്വരം ഉള്ളതും രണ്ടക്ഷരത്തോടുകൂടിയതുമായ ഉത്തരപദത്തിന്റെ അവസാനത്തിലുള്ള യകാരത്തിന് പ്ലുതി വരും.

**ഉദാഹരണം**

**1. ആ യൂയാ ഘൃഷ്ണോ അഭിഗൂര്യാ ത്വം (2.37.3)**

ആ/യൂയ/ഘൃഷ്ണോ ഇതി/അഭിഗൂര്യ/ത്വം/ എന്നാണ് ഇവിടെ പദപാഠം.

യൂയ എന്ന രണ്ടക്ഷരമുള്ള പദം, ആദിയിൽ ഉദാത്തസ്വരമുള്ളതും, ആ എന്നതിന്റെ ഉത്തരപദവുമാണ്. അതിൽ അവസാനത്തെ യകാരം അകാരോപധം (അകാരമാകുന്ന പൂർവ്വവർണ്ണത്തോടുകൂടിയത്) അല്ല. അതിനാൽ അനാകാരോപധമാണ്. അതുകൊണ്ട് യകാരത്തിന് പ്ലുതി (യകാരത്തിന് പ്ലുതി എന്നു പറഞ്ഞാൽ യകാരം കഴിഞ്ഞുള്ള സ്വരത്തിന് പ്ലുതി എന്നർത്ഥം) വരുന്നു.

ആ യൂയ എന്നത് സംഹിതയിൽ 'ആയൂയാ' എന്നായി.

ആകാരം ഉപധയായി വന്നാൽ യകാരത്തിന് പ്ലുതി വരികയില്ല.

**1. പരിദായ രസം ദുഹേ (1.105.2)**

പരി/ദായ/രസം/ദുഹേ/ എന്നാണ് പദപാഠം. ഇവിടെ പരി എന്ന പദത്തിന്റെ ഉത്തരപദത്തിലുള്ള, ഉദാത്തം ആദിയിലുള്ള രണ്ടക്ഷരമുള്ള പദത്തിന്റെ അന്ത്യത്തിലുള്ളതാണ് യകാരം. എന്നാലും അത് ആകാരോപധം ആണ്. ദാ എന്ന ആകാരം കഴിഞ്ഞാണല്ലോ യ വരുന്നത്. അതിനാൽ ഇവിടെ പ്ലുതി ഇല്ല.

**2. വൈശ്വാനരം മനസാഗ്നിം നിചായ്യ്യാ ഹവിഷ്മന്തഃ (3.26.1)**

വൈശ്വാനരം/മനസാ/അഗ്നിം/നി/ചായ്യ്യ/ഹവിഷ്മന്തഃ/ എന്നു പദപാഠം.

ഇവിടെ നി എന്നതിന്റെ ഉത്തരപദവും ഉദാത്താദിയും ദ്വ്യക്ഷരവും ആയ പദമാണ് ചായ്യ്യാ എന്നത്. ചായ്യ്യാ എന്ന പദത്തിൽ രണ്ടു യകാരമുണ്ട്. അതിൽ ആദ്യത്തെ യകാരം ആകാരോപധമാണെങ്കിലും, രണ്ടാമത്തെ യകാരം ആകാരോപധമല്ല. അതിനാൽ ഇവിടെ യകാരത്തിന് പ്ലുതിവരും. നിചായ്യ്യാ ഹവിഷ്മന്തഃ എന്ന് സംഹിതയിൽ.

ചായൃ പൂജാനിശാമനയോഃ (പൂജ, നിശാമനം എന്നീ അർത്ഥങ്ങളിൽ ചായൃ ധാതു) എന്ന വാക്യമനുസരിച്ചുള്ള ചായൃ എന്ന ധാതു നി എന്ന ഉപസർഗ്ഗത്തോടുകൂടി നിചായൃ എന്നായി അതിൽനിന്ന് ല്യപ് എന്ന പ്രത്യയം വന്ന രൂപമാണ് നിചായ്യ്യ എന്ന്. അറിഞ്ഞിട്ട്, മനസ്സിലാക്കിയിട്ട് എന്നെല്ലാം അർത്ഥം പറയാം.

വ്യഞ്ജനമാകുന്ന ഉപധയോടുകൂടിയ അസ്യ എന്ന പദത്തിന്റെ അന്തത്തിന് പ്ലുതി വരികയില്ല.

**ഉദാഃ രാജാമി കൃഷ്ടേരുപമസി വഭ്രേ (4.42.1)**

ഇവിടെ ഉപമസ്യ എന്ന പദത്തിൽ ഉള്ള അസ്യ എന്നത് മ എന്ന വ്യഞ്ജനോപധയോടുകൂടിയതാണ്. അതിനാൽ സംഹിതയിൽ ഉപമസ്യ എന്നതിന്റെ അന്തത്തിന് പ്ലുതി വരുന്നില്ല.

വ്യഞ്ജനോപധമല്ലാത്തിടത്ത് 'അസ്യ' എന്നതിന്റെ അന്തത്തിന് പ്ലുതി വരും.

**അവാസ്യാ ശിശുമതീരദീദേഃ (1.140.10)**

അവ/അസ്യ/ശിശു/മതീഃ/അദീദേഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ അസ്യ എന്നത് വ്യഞ്ജനോപധം അല്ല. അവ എന്നതിന്റെ അകാരം കഴിഞ്ഞാണ് അസ്യ എന്നു വരുന്നത്. അതിനാൽ അകാരോപധമാണ്. വ്യഞ്ജനോപധമല്ലാത്തതിനാൽ അസ്യ എന്നതിന്റെ അന്തത്തിന് സംഹിതയിൽ പ്ലുതി വരും. അതിനാൽ സംഹിതയിൽ അവാസ്യാ ശിശുമതീരദീദേഃ എന്നു പ്രയോഗം.

**4. നിയൂയ പിഷ്ടതമയാഭിപദ്യ**
**പ്രാസ്യ സംഗത്യാനുദൃശ്യാഭിവൃത്യ ।**
**ആരഭ്യ സമ്മീല്യ മക്ഷുങ്ഗമാഭി**
**രഭിവ്ളഗ്യ യത്ര നിഷദ്യ വീതി ച ।।**

വ്യഞ്ജനോപധമായ 'അസ്യ' എന്നതിന്റെ അന്ത്യമായ യകാരത്തിന് പ്ലുതി വരില്ല എന്ന് മുൻകാരികയുടെ അവസാനം പറയുകയുണ്ടായി- നാസ്യേതി വ്യഞ്ജനോപധഃ എന്ന്. അവിടെ നിന്ന് ന എന്ന് ഈ കാരികയിലേയ്ക്കും അനുവർത്തിയ്ക്കുന്നു. 4-ാമത്തെ കാരികയുടെ അർത്ഥം-നിയൂയ പിഷ്ടതമയാ, അഭിപദ്യ, പ്രാസ്യ, സംഗത്യ, അനുദൃശ്യ, അഭിവൃത്യ, ആരഭ്യ, സംമീല്യ, മക്ഷുംഗമാഭി, അഭിവ്ളഗ്യ, നിഷദ്യവി എന്നിവയ്ക്കും പ്ലുതി വരുകയില്ല.

**ഉദാഹരണങ്ങൾ**

**1. വനസ്പതേ രശനയാ നിയൂയ പിഷ്ടതമയാ വയുനാനി വിദ്വാൻ**

ഇവിടെ നിയൂയ എന്നത് വ്യഞ്ജനം പരമായിട്ടുണ്ടെങ്കിലും ദീർഘം വന്ന് (പ്ലുതി വന്ന്) നിയൂയാ എന്നായിട്ടില്ല.

നിയൂയ എന്നതിന് പിഷ്ടതമയാ എന്ന പദം പരമായി വന്നാൽ മാത്രമേ പ്ലുതി നിഷേധം വരുന്നുള്ളൂ. അതുകൊണ്ടാണ് 'നിയൂയ പിഷ്ടതമയാ' എന്ന് ഒരുമിച്ച് പറഞ്ഞത്. പിഷ്ടതമയാ എന്ന പദം പിന്നീട് വരുന്ന നിയൂയ എന്ന പദത്തിന്റെ അന്ത്യമായ സ്വരത്തിന് പ്ലുതി വരില്ല എന്നർത്ഥം. അതിനാൽ വനസ്പതേ രശനയാ നിയൂയാ ദേവാനാം (10.7010) എന്ന ഋക്കിൽ നിയൂയാ എന്ന് പ്ലുതി വന്നിട്ടുള്ള പ്രയോഗമാണ്.

നിയൂയ എന്നതിന് കെട്ടിയിട്ട് (ബദ്ധ്വാ) എന്നാണർത്ഥം.

**2. ത ഏതേ വാചമഭിപദ്യ പാപയാ (10.71.9)**

ഇവിടെ അഭിപദ്യ എന്നതിലെ അന്ത്യമായ യകാരത്തിന് പ്ലുതി വരുന്നില്ല.

**3. പ്രാസ്യ പാരം നവതിം (1.121.13)**

പ്രാസ്യ എന്നു കഴിഞ്ഞ് 'പാരം' എന്ന് വ്യഞ്ജനം പരമായിട്ടുണ്ടെങ്കിലും പ്ലുതി വരുന്നില്ല.

**4. സർവ്വാഃ സംഗത്യ വീരുധഃ (10.97.21)**

ഇവിടെ സംഗത്യ എന്നതിന്റെ അന്ത്യത്തിന് പ്ലുതി വരുന്നില്ല.

**5. പൂർവ്വേഷാം പന്ഥാമനുദൃശ്യ ധീരാഃ (10.130.7)**

ഇവിടെ അനുദൃശ്യ എന്നതിന്റെ അന്ത്യത്തിന് പ്ലുതി വരുന്നില്ല.

**6. അഭിവൃത്യ സപത്നാൻ (10.174.2)**

ഇവിടെ അഭിവൃത്യ എന്നതിന്റെ അന്ത്യത്തിന് പ്ലുതി വരുന്നില്ല.

**7. യേ ത്വാരഭ്യ ചരാമസി (1.57.4)**

ഇവിടെ ആരഭ്യ എന്നതിന്റെ അന്ത്യത്തിന് പ്ലുതി വരുന്നില്ല.

**8. സംമീല്യ യദ് ഭുവനാ (1.161.12)**

ഇവിടെ സംമീല്യ എന്നതിന്റെ അന്ത്യത്തിന് പ്ലുതി വരുന്നില്ല.

**9. മക്ഷുംഗമാഭിരൂതിഭിഃ (8.22.16)**

മക്ഷുംഗമാഭിഃ എന്ന പദത്തിൽ മക്ഷു എന്ന ഉകാരത്തിന് പ്ലുതി വരുന്നില്ല.

മക്ഷു എന്നതിന്റെ ഉകാരത്തിന് എല്ലായിടത്തും പ്ലുതി വരുമെന്ന് നേരത്തെ വിധിച്ചിരുന്നതാണ്. പക്ഷെ മക്ഷുംഗമാഭിഃ എന്ന പദത്തിൽ പ്ലുതി വരുന്നില്ല.

**10. അഭിവ്ളഗ്യ യത്ര ഹതാ അമിത്രാഃ (1.133.1)**

ഇവിടെ അഭിവ്ളഗ്യ എന്നു കഴിഞ്ഞ് യത്ര എന്ന പദം വരുന്നുണ്ട്. അത്തരം സ്ഥലങ്ങളിൽ അഭിവ്ളഗ്യ എന്നതിന്റെ അന്ത്യത്തിന് പ്ലുതി വരുകയില്ല.

യത്ര എന്ന പദം വരുന്നില്ലെങ്കിൽ അവിടെ അഭിവ്ളഗ്യ എന്നതിന്റെ അന്ത്യത്തിന് പ്ലുതി വരും.

അഭിവ്ളഗ്യാ ചിദദ്രിവാഃ (1.133.2)

ഇവിടെ ചിദ് എന്ന പദമാണ് പരമായിട്ടുള്ളത്. അതിനാൽ അഭിവ്ളഗ്യ എന്നതിന്റെ അന്ത്യത്തിന് പ്ലുതി വരുന്നു.

**11. പിബാ നിഷദ്യ വി മുചാ ഹരീ ഇഹ (1.177.4)**

പിബാ/നി/സദ്യ/വി/മുച/ഹരീഇതി/ഇഹ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ നിഷദ്യ എന്ന പദം കഴിഞ്ഞ് വി എന്ന പദം വന്നിട്ടുണ്ട്. അതിനാൽ സംഹിതയിൽ നിഷദ്യ എന്നതിന് അന്ത്യത്തിൽ പ്ലുതി വരുന്നില്ല.

വി എന്ന പദം പിന്നീട് വരുന്നില്ലെങ്കിൽ നിഷദ്യ എന്നതിന്റെ അന്ത്യത്തിന് പ്ലുതി വരും.

താവിന്ദ്രാഗ്നീ സധ്ര്യഞ്ചാ നിഷദ്യാ വൃഷ്ണഃ (1.108.3)- ഇവിടെ നിഷദ്യ എന്ന പദം കഴിഞ്ഞ് വൃഷ്ണഃ എന്ന പദമാണ് പരമായി വരുന്നത്; വി എന്ന പദമല്ല. അതിനാൽ സംഹിതയിൽ നിഷദ്യ എന്നതിന് പ്ലുതി വന്ന് നിഷദ്യാ എന്നായിരിയ്ക്കുന്നു.

**5. നഹി ജഹ്യഭിവീര്യേണ കൃധീതി കൃണുതേതി ച ।**
**ഏതാന്യേകാക്ഷരേ പദേ ക്ഷൈപ്രീഭാവ്യേ പരാണി ച ।।**

നഹി, ജഹി, അഭി, വീര്യേണ, കൃധി, കൃണുത എന്നീ പദ

ങ്ങൾക്കും ഇനി പറയാൻ പോകുന്ന (ഏഴാമത്തെ കാരികയിൽ) പദങ്ങൾക്കും ക്ഷൈപ്രസന്ധി സംഘടനത്തോടുകൂടിയ ഏകാക്ഷരമായ പദം പരമായി വരുമ്പോൾ പ്ലുതി സംഭവിയ്ക്കുന്നു.

**ഉദാഹരണങ്ങൾ**

**1. നഹീ ന്വസ്യ പ്രതിമാനം (4.18.4)**

നഹി എന്ന പദം കഴിഞ്ഞ് ന്വസ്യ എന്ന പദം പരമായിട്ടുണ്ട്. ന്വസ്യ എന്നത് നു എന്ന ഏകാക്ഷരത്തിന് അസ്യ എന്ന പദത്തിലെ അകാരം പരമായി വന്നതിനാൽ ക്ഷൈപ്രസന്ധി വന്ന് ഉണ്ടായ രൂപമാണ്. അതിനാൽ ക്ഷൈപ്രസന്ധിസംഘടനത്തിലുള്ള ഏകാക്ഷരം പരമായിട്ടുള്ള നഹി എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**2. ജഹീ ന്യത്രിണം (6.51.14)**

ഇവിടെ ജഹി എന്ന പദം കഴിഞ്ഞ് ന്യത്രിണം എന്ന പദം പരമായിരിയ്ക്കുന്നു. ന്യത്രിണം എന്ന പദം നി എന്ന ഏകാക്ഷരപദത്തിന് അത്രിണം എന്ന പദത്തിന്റെ അകാരം പരമായതിനാൽ ക്ഷൈപ്രസന്ധി വന്നുണ്ടായതാണ്. ക്ഷൈപ്രസന്ധിസംഘടനത്തോടുകൂടിയ നി എന്ന ഏകാക്ഷരപദം പരമായതിനാൽ ജഹി എന്നതിന് സംഹിതയിൽ പ്ലുതി വരുന്നു.

**3. അഭീഷ്വര്യഃ പൌംസ്യൈർ ഭവേമ (10.59.3)**

അഭി/സു/അര്യഃ/പൌംസ്യൈഃ/ഭവേമ എന്നാണ് ഇതിന്റെ പദപാഠം. സു എന്ന ഏകാക്ഷരപദം അര്യഃ എന്ന പദത്തിലെ അകാരവുമായി ക്ഷൈപ്രസന്ധിയുണ്ടായി സ്വര്യഃ എന്നായി. സകാരത്തിന് ഷകാരം വന്ന് ഷ്വര്യഃ എന്നായിരിയ്ക്കുകയാണ്. അതിനാൽ അഭി എന്ന പദത്തിന് പ്ലുതി വന്ന് അഭീഷ്വര്യഃ എന്നായി സംഹിതയിൽ.

**4. ഇന്ദ്രം മാതാ വീര്യേണാ ന്യൃഷ്ടം (4.18.5)**

ഇന്ദ്രം/മാതാ/വീര്യേണ/നി/ഋഷ്ടം/ എന്ന് പദപാഠം. ഇവിടെ നി എന്ന ഏകാക്ഷരപദം കഴിഞ്ഞ് ഋഷ്ടം എന്ന പദം പരമായി വന്നിട്ടുണ്ട്. ഇകാരത്തിന് ക്ഷൈപ്രസന്ധി വന്ന് ന്യൃഷ്ടം എന്നായി. ക്ഷൈപ്രസന്ധിസംഘടനയോടുകൂടിയ ന്യൃഷ്ടം എന്ന ഏകാക്ഷരപദം പരമായി വന്നതിനാൽ വീര്യേണ എന്ന പദത്തിന് അന്ത്യത്തിൽ പ്ലുതി വന്ന് വീര്യേണാ എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**5. കൃധീഷ്വസ്മാ് അദിതേഃ (4.12.4)**

കൃധി/സു/അസ്മാൻ/അദിതേഃ/ എന്നാണ് ഇവിടെ പദപാ

ഠം. സു എന്ന പദം കഴിഞ്ഞ് അസ്മാൻ എന്ന പദം പരമായി വന്നതിനാൽ സു എന്ന ഉകാരത്തിന് ക്ഷൈപ്രസന്ധി വന്ന് സ്വസ്മാൻ എന്നായി സകാരത്തിന് ഷകാരവും അസ്മാൻ എന്ന നകാരത്തിന് ലോപവും നകാരത്തിന്റെ പൂർവ്വമുള്ള സ്വരത്തിന് അനുനാസികത്വവും വന്ന് ഷസ്മാ് എന്നായി. കൃധി എന്ന പദത്തിൽ നിന്ന് ക്ഷൈപ്രസന്ധിസംഘടനയോടുകൂടിയ ഏകാക്ഷര പദം പരമായി വന്നതിനാൽ കൃധി എന്നതിന് പ്ലുതി വരുന്നു.

Note: "നകാര ആകാരോപധ പദ്യാന്തോഽപിസ്വരോദയഃ. ലുപ്യതേ" (ആകാരം പൂർവ്വത്തിലുള്ള നകാരം പദ്യാന്തമായാലും അപദ്യാന്തമായാലും സ്വരം പരമായിട്ടുള്ളേടത്ത് ലോപിയ്ക്കും) എന്ന കാരികാഭാഗമനുസരിച്ചാണ് നകാരത്തിന് ലോപം. 'നകാരസ്യ ലോപരേഫോഷ്മഭാവേ പൂർവ്വസ്തൽസ്ഥാനാദനുനാസികഃ സ്വരഃ' (4/35) (ലോപം, രേഫം, ഊഷ്മഭാവം എന്നിവ നകാരത്തിന് വരുമ്പോൾ നകാരത്തിന്റെ പൂർവ്വമുള്ള സ്വരത്തിന് അനുനാസികത്വം വരുന്നു.) എന്ന കാരികാഭാഗമനുസരിച്ചാണ് പൂർവ്വസ്വരത്തിന് അനുനാസികത്വം സിദ്ധിച്ചത്.

**6. അജ്രേ ചിദസ്മൈ കൃണുഥാ ന്യഞ്ചനം (8.27.18)**

അജ്രേ/ചിദ്/അസ്മൈ/കൃണുഥ/നി/അഞ്ചനം/ എന്നാണ് ഇവിടെ പദപാഠം. നി എന്ന പദത്തിലെ ഇകാരം കഴിഞ്ഞ് അഞ്ചനം എന്ന പദത്തിലെ അകാരം പരമായതിനാൽ ഇകാരത്തിന് ക്ഷൈപ്രസന്ധി വന്ന് യകാരമായി ന്യഞ്ചനം എന്നായിത്തീർന്നു. കൃണുഥ എന്ന പദം കഴിഞ്ഞ് ക്ഷൈപ്രസന്ധിസംഘടനത്തോടുകൂടിയ ഏകാക്ഷരം പരമായി വന്നതിനാൽ കൃണുഥ എന്ന പദത്തിന് പ്ലുതി വന്ന് സംഹിതയിൽ കൃണുഥാ എന്നു രൂപം.

നഹി, ജഹി, അഭി, വീര്യേണ, കൃധി, കൃണുഥ എന്നീ പദങ്ങൾക്കുമാത്രമേ ക്ഷൈപ്രസന്ധിസംഘടനത്തോടുകൂടിയ ഏകാക്ഷരം പരമായിരിയ്ക്കുമ്പോൾ പ്ലുതി വരികയുള്ളൂ. മറ്റു പദങ്ങൾക്ക് പ്ലുതി വരികയില്ല.

ഉതോ നോ അസ്യാ ജൂഷേത ഹ്യർക്കസ്യ (1.131.6)

'ഹി അർക്കസ്യ' എന്നിങ്ങനെയുള്ള പദങ്ങളിൽ ഹകാരം കഴിഞ്ഞുള്ള ഇകാരത്തിന് അർക്കസ്യ എന്ന പദത്തിലെ അകാരം പരമായി വന്നതിനാൽ ക്ഷൈപ്രസന്ധി വന്ന് 'ഹ്യർക്കസ്യ' എന്നായി. ഇപ്രകാരം ക്ഷൈപ്രസന്ധിസംഘടനത്തോടുകൂടിയ ഏകാക്ഷരമായ പദം പരമായിട്ടുണ്ടെങ്കിലും ജുഷേത എന്നതിന് പ്ലുതി വരുന്നില്ല.

ക്ഷൈപ്രസന്ധിസംഘടനത്തോടുകൂടിയ പദം ഏകാക്ഷരമാവണം. ഏകാക്ഷരമല്ലെങ്കിൽ നഹി, ജഹി തുടങ്ങിയവയ്ക്ക് പ്ലുതി വരികയില്ല.

തമര്യമാഭിരക്ഷത്യൃജൂയന്തം (1.136.5)

തം/അര്യമാ/അഭി/രക്ഷതി/ഋജൂƒയന്തം/ എന്നാണ് ഇവിടെ പദപാഠം. അഭി എന്ന പദം കഴിഞ്ഞ് രക്ഷത്യൃജൂയന്തം എന്നാണുള്ളത്. ഇത് രക്ഷതി എന്ന പദം കഴിഞ്ഞ് ഋജൂയന്തം എന്ന പദത്തിലെ ഋകാരം പരമായതിനാൽ ക്ഷൈപ്രസന്ധിവന്ന് ഉണ്ടായതാണ്. എങ്കിലും രക്ഷതി എന്ന് മൂന്നക്ഷരങ്ങൾ ഉണ്ട്. അതിനാൽ അഭി എന്നതിന് പ്ലുതി വരുന്നില്ല.

നഹി മുതലായ മേൽപ്പറഞ്ഞ ആറു പദങ്ങളിൽനിന്ന് വെറുതെ ഏകാക്ഷരം പരമായാൽ പ്ലുതി വരില്ല. ക്ഷൈപ്രസന്ധി സംഘടനത്തോടുകൂടിയ ഏകാക്ഷരംതന്നെ പരമാവണം.

നഹി നു തേ മഹിമനഃ സമസ്യ (6.27.3)

ഇവിടെ നഹി എന്ന പദം കഴിഞ്ഞ് നു എന്ന ഏകാക്ഷരം പരമായിട്ടുണ്ട്. എങ്കിലും ആ 'നു' എന്ന പദം ക്ഷൈപ്രസന്ധിസംഘടനത്തോടുകൂടിയതല്ല. അതിനാൽ നഹി എന്ന പദത്തിന് പ്ലുതി വരികയില്ല.

ക്ഷൈപ്രീഭാവമുണ്ടെങ്കിൽ പ്ലുതി വരുന്ന കുറച്ചു പദങ്ങളെക്കുറിച്ചുകൂടി അധികം താമസിയാതെ പ്രതിപാദിയ്ക്കുന്നതാണ്.

**6. യുക്ഷ്വ മന്ദസ്വ വിദ്മേതി ഹീതി വിദ്ധി പിബ ത്വിതി ।**
**ജുഹോത യജ ധാസഥ ശിശീത ഭരേതി സ്വിതി ॥**

I. യുക്ഷ്വ, മന്ദസ്വ, വിദ്മ എന്നിവയ്ക്ക് 'ഹി' എന്ന പദം പരമായി വന്നാൽ പ്ലുതി വരും

II. വിദ്ധി, പിബ എന്നിവയ്ക്ക് 'തു' എന്ന പദം പരമായി വരുമ്പോൾ പ്ലുതി വരും.

III. ജുഹോത, യജ, ധാസഥ, ശിശീത, ഭര എന്നീ പദങ്ങൾക്ക് സു എന്ന പദം പരമാകുമ്പോൾ പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**I. 1. യുക്ഷ്വാ ഹ്യരുഷീ രഥേ (1.14.12)**

യുക്ഷ്വ/ഹി/അരുഷീഃ/രഥേ/ എന്നാണ് ഇവിടെ പദപാഠം. ഹി എന്ന പദം പരമായിട്ടുള്ളതിനാൽ യുക്ഷ്വ എന്ന പദം സംഹിതയിൽ യുക്ഷ്വാ എന്നായി.

**2. സ മന്ദസ്വാ ഹ്യന്ധസഃ (3.41.6)**

സഃ/മന്ദസ്വ/ഹി/അന്ധസഃ/ എന്നാണ് ഇവിടെ പദപാഠം. മന്ദ

സ്വ എന്ന പദം കഴിഞ്ഞ് ഹി എന്ന പദം പരമായി വന്നതിനാൽ മന്ദസ്വ എന്നതിന് പ്ലുതി വന്നു.

**3. വിദ്മാ ഹ്യസ്യ വീരസ്യ (8.2.21)**

വിദ്മ/ഹി/അസ്യ/വീരസ്യ/ എന്നാണ് ഇവിടെ പദപാഠം. ഹി എന്ന പദം പരമായതിനാൽ വിദ്മ എന്ന പദം സംഹിതയിൽ പ്ലുതി വന്ന് വിദ്മാ ഹ്യസ്യ എന്നായി.

II. **1. വിദ്ധീ ത്വസ്യ നോ വസോ (7.31.4)**

വിദ്ധി/തു/അസ്യ/നഃ/വസോ ഇതി/ എന്നാണ് ഇവിടെ പദപാഠം. തു എന്ന പദം പരമായി വന്നതിനാൽ വിദ്ധി എന്നത് സംഹിതയിൽ പ്ലുതി വന്ന് വിദ്ധീ എന്നായി.

**2. പിബാ ത്വസ്യ ഗിർവണഃ (8.1.26)**

പിബ/തു/അസ്യ/ഗിർവണഃ/ എന്നാണ് ഇവിടെ പദപാഠം. തു എന്ന പദം പരമായി വന്നതിനാൽ പിബ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്ന് പിബാ ത്വസ്യ എന്നായിരിയ്ക്കുന്നു.

III. **1. ആ ജൂഹോതാ സ്വധ്വരം (3.9.8)**

ആ/ജൂഹോത/സു*f*അധ്വരം/ എന്നാണ് പദപാഠം. സു എന്ന പദം പരമായി വന്നതിനാൽ ജൂഹോത എന്ന പദത്തിന് പ്ലുതി വന്ന് സംഹിതയിൽ ജൂഹോതാ സ്വധ്വരം എന്നായി.

**2. യജാ സ്വധ്വരം ജനം (1.45.1)**

യജ/സു*f*അധ്വരം/ജനം/ എന്നാണ് ഇവിടെ പദപാഠം. സു എന്ന പദം പരമായതിനാൽ യജ എന്ന പദത്തിന് പ്ലുതി വന്ന് സംഹിതയിൽ യജാ സ്വധ്വരം എന്നായി.

**3. തന്നഃ ശർധായ ധാസഥാ സ്വിന്ദ്രിയം (1.111.2)**

തത്/നഃ/ശർധായ/ധാസഥ/സു/ഇന്ദ്രിയം/ എന്നാണ് ഇവിടെ പദപാഠം. ധാസഥ എന്നു കഴിഞ്ഞ് സു എന്ന് പരമായി വന്നിട്ടുണ്ട്. അതിനാൽ ധാസഥാ എന്ന് പ്ലുതി വന്നു.

**4. തം ശിശീതാ സ്വധ്വരം (8.40.11)**

ഇവിടെ ശിശീത എന്ന പദം കഴിഞ്ഞ് സു പരമായിട്ടുള്ളതിനാൽ സംഹിതയിൽ ശിശീതാ എന്ന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. ത്വം പുരൂണ്യാ ഭരാ സ്വശ്വ്യാ (10.113.10)**

ത്വം/പുരൂണി/ആ/ഭര/സു*f*അശ്വ്യാ/ എന്നാണ് ഇവിടെ പദപാഠം. ഭര എന്ന പദം കഴിഞ്ഞ് സു എന്ന് പരമായിട്ടുണ്ട്. അതിനാൽ സംഹിതയിൽ പ്ലുതി വന്ന് ഭരാ എന്നായി.

**7. സു നു ഹീത്വേതേഷു പരേഷ്വധേതി**
**ത്വമ്പർത്തേന മുഞ്ചതാദ്വേതി വീതി ।**

**സുന്വിത്യനര്യപരയോരുകാരഃ**

**പദം തയോരുത്തരേ യോജ ഘേതി ।।**

I. സു, നു, ഹി എന്നീ പദങ്ങൾ (ഏകാക്ഷരപദങ്ങൾ) പരമായി വരുമ്പോൾ അധ എന്ന പദത്തിന് പ്ലുതി വരും, ക്ഷൈപ്രീഭാവമുണ്ടെങ്കിൽ. (അതായത് ക്ഷൈപ്രസന്ധിയോടുകൂടിയ സു, നു, ഹി എന്നീ പദങ്ങൾ പരമായി വന്നിട്ടുണ്ടെങ്കിൽ അധ എന്ന പദത്തിന് പ്ലുതി വരും).

II. ക്ഷൈപ്രസന്ധിയിലുള്ള വി എന്ന പദം പരമായി വന്നാൽ തൃമ്പ, ഋതേന, മുഞ്ചത, അദ്യ എന്നീ പദങ്ങൾക്ക് പ്ലുതി വരും.

III. അര്യ എന്ന പദം പരത്തിലില്ലാത്ത സു, നു എന്നീ പദങ്ങൾ പരമാവുമ്പോൾ 'ഉ' എന്ന പദത്തിന് പ്ലുതി വരുന്നു, ക്ഷൈപ്രീഭാവമുണ്ടെങ്കിൽ.

IV. അവയിൽ രണ്ടാമതു പറഞ്ഞത് (അതായത് സു, നു എന്നിവയിൽ ഉത്തരമായത്) പരമാകുമ്പോൾ യോജ, ഘ എന്നീ പദങ്ങൾക്ക് പ്ലുതി വരുന്നു, ക്ഷൈപ്രീഭാവമുണ്ടെങ്കിൽ. (അഞ്ചാമത്തെ കാരികയിൽ ക്ഷൈപ്രസന്ധിയോടുകൂടിയ ഏകാക്ഷരം പരമാകുമ്പോൾ ചില പദങ്ങൾക്കുകൂടി പ്ലുതി വരുന്നത് മേലിൽ പ്രസ്താവിയ്ക്കുന്നതാണ് എന്നു പറഞ്ഞത്, ഇപ്പോൾ പറഞ്ഞ കാരികയിലെ പദങ്ങളെ ഉദ്ദേശിച്ചാണ്)

**ഉദാഹരണങ്ങൾ**

**1. രുദ്രസ്യ മര്യാ അധാ സ്വശ്വാഃ (7.56.1)**

രുദ്രസ്യ/മര്യാഃ/അധഃ/സു/അശ്വാഃ/ എന്നാണ് പദപാഠം. ഇവിടെ സു എന്ന ഏകാക്ഷരപദം കഴിഞ്ഞ് അശ്വാഃ എന്ന പദത്തിലെ അകാരം പരമായതിനാൽ സു എന്ന പദത്തിലെ ഉകാരത്തിന് വകാരം വന്ന് സ്വശ്വാ എന്നായി. ഇത് ക്ഷൈപ്രസന്ധിയാണ്. ക്ഷൈപ്രസന്ധിയോടുകൂടിയ സു പരമായതിനാൽ അധ എന്നതിന് സംഹിതയിൽ പ്ലുതി വന്നു.

**2. അധാ ന്വസ്യ സന്ദൃശം (7.88.2)**

അധ/നു/അസ്യ സന്ദൃശം/ എന്നു പദപാഠം. നു എന്ന ഏകാക്ഷരപദം കഴിഞ്ഞ് അസ്യ എന്ന പദത്തിലെ അകാരം പരമായി വന്നതിനാൽ നു എന്ന പദത്തിന്റെ ഉകാരത്തിന് വകാരം വന്ന് ന്വസ്യ എന്നായി. ക്ഷൈപ്രസന്ധിയോടുകൂടിയ നു എന്ന ഏകാക്ഷരപദം പരമായതിനാൽ അധ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**3. അധാ ഹ്യഗ്നേ ക്രതോഃ (4.10.2)**

ഹി എന്ന ഏകാക്ഷരപദം കഴിഞ്ഞ് ‘അഗ്നേ’ എന്ന പദത്തിലെ അകാരം പരമായി വന്നതിനാൽ ഹി എന്ന പദത്തിലെ ഇകാരത്തിന് യകാരം വന്ന് ഹ്യഗ്നേ എന്നു സംഹിതയിൽ രൂപം വന്നു. ക്ഷൈപ്രസന്ധിയോടുകൂടിയ ഹി എന്ന് പരമായി വന്നതിനാൽ അധ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വരുന്നു.

**II. 1. തൃമ്പാ വ്യശ്നുഹീ മദം (8.45.22)**

വി എന്ന ഏകാക്ഷരത്തിൽനിന്ന് അശ്നുഹീ എന്ന പദത്തിന്റെ അകാരം പരമായതിനാൽ വി എന്നതിന്റെ ഇകാരത്തിന് യകാരം വന്ന് വ്യശ്നുഹീ എന്നായി. ക്ഷൈപ്രസന്ധിയോടുകൂടിയ ‘വി’ പരമായതിനാൽ തൃമ്പ എന്നതിന് പ്ലുതിവരുന്നു. സംഹിതയിൽ തൃമ്പാ എന്നു പ്രയോഗം. തൃമ്പ എന്നതിന് തൃപ്യ എന്നർത്ഥം.

**2. ദദൃശുഷീസ്തദൃതേനാ വ്യായൻ (10.139.4)**

ദദൃശുഷീഃ/തത്/ഋതേന/വി/ആയൻ/ എന്നാണ് ഇവിടെ പദപാഠം. വി എന്ന ഏകാക്ഷരപദത്തിൽനിന്ന് ആയൻ എന്ന പദം പരമായിട്ടുണ്ട്. അതിനാൽ വി എന്ന പദത്തിന്റെ ഇകാരത്തിന് യകാരം വന്ന് വ്യായൻ എന്നാകുന്നു. ഋതേന എന്ന പദത്തിൽനിന്ന് ക്ഷൈപ്രസന്ധിയോടുകൂടിയ വി എന്ന ഏകാക്ഷരം പരമായതിനാൽ ഋതേന എന്നതിന് പ്ലുതിവരുന്നു.

**3. ഏവോ ഷ്വസ്മന്മുഞ്ചതാ വ്യംഹഃ (4.12.6)**

വി എന്ന ഏകാക്ഷരപദത്തിൽനിന്ന് അംഹഃ എന്ന പദം പരമായതിനാൽ വി എന്നതിന്റെ ഇകാരത്തിന് യകാരം വന്ന് വ്യംഹഃ എന്നായി. മുഞ്ചത എന്ന പദം കഴിഞ്ഞ് ക്ഷൈപ്രസന്ധിയോടുകൂടിയ വി എന്ന ഏകാക്ഷരപദമായ പദം പരമായി വന്നതിനാൽ സംഹിതയിൽ മുഞ്ചത എന്നതിന് ദീർഘം (പ്ലുതി) വന്ന് മുഞ്ചതാ എന്നായി.

**4. സംവത്സരേ ഇദമദ്യാ വ്യഖ്യത (1.161.13)**

സംവത്സരേ/ഇദം/അദ്യ/വി/അഖ്യത/ എന്നാണ് ഇവിടെ പദപാഠം. വി എന്ന ഏകാക്ഷരമായ പദം കഴിഞ്ഞ് അഖ്യത എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ ക്ഷൈപ്രസന്ധി വന്ന് വ്യഖ്യത എന്നായി. ക്ഷൈപ്രസന്ധിയോടുകൂടിയ വി എന്ന ഏകാക്ഷരമായ പദം പരമായതിനാൽ അദ്യ എന്ന പദത്തിന് സംഹിതയിൽ പ്ലുതിവന്ന് അദ്യാ എന്നായി.

**III. 1. ഇമാമൂഷ്വാസുരസ്യ ശ്രുതസ്യ(5.85.5)**

ഇമാം/ഊം ഇതി/സു/ആസുരസ്യ/ശ്രുതസ്യ/ എന്നാണ് ഇ

വിടെ പദപാഠം. ഇവിടെ സു എന്ന പദം കഴിഞ്ഞ് അര്യ എന്ന പദം പരമായിട്ടില്ല; അസുരസ്യ എന്ന പദമാണ് പരമായിട്ടുള്ളത്. അര്യപദം പരമാവാത്ത സു ആണ് ഇവിടെയുള്ളത്. അതിനാൽ ഉ എന്ന പദത്തിന് പ്ലുതിവന്ന് 'ഇമാമൂഷാസുരസ്യ' എന്നാകുന്നു.

**2. കദൂ ന്വസ്യാകൃതം (8.66.9)**

കത്/ഊംഇതി/നു/അസ്യ/അകൃതം/ എന്നാണ് പദപാഠം. ഇവിടെ ഉകാരമാകുന്ന പദം കഴിഞ്ഞ് നു എന്ന പദം പരമായിട്ടുണ്ട്. നു കഴിഞ്ഞ് അര്യ എന്ന പദം പരമായിട്ടില്ല. അസ്യ എന്ന പദമാണ് പരമായിട്ടുള്ളത്. അതിനാൽ ഉ എന്ന പദത്തിന് പ്ലുതി വന്ന് കദൂന്വസ്യ എന്നാകുന്നു.

ഉ എന്ന പദത്തിനാണ് പ്ലുതി വരുന്നത്, ഉ എന്ന സ്വരത്തിനല്ല എന്നത് പ്രത്യേകം സ്മർത്തവ്യമാണ്.

വഹസ്വാ സു സ്വശ്വ്യം (8.26.23)- ഇവിടെ സു എന്നതിലെ ഉകാരം കഴിഞ്ഞ് സ്വശ്വ്യം എന്ന, അര്യശബ്ദം പരമാകാത്ത സു പരമായി വന്നിട്ടുണ്ടെങ്കിലും ഉകാരത്തിന് പ്ലുതി വരുന്നില്ല. കാരണം ഈ ഉകാരം ഉ എന്ന പദമല്ല, സു എന്ന പദത്തിന്റെ അവയവമായ ഉകാരസ്വരം മാത്രമാണ്.

അര്യ എന്ന പദം പരമായിട്ടുള്ള സു, നു എന്നിവയാണ് ഉ എന്ന പദത്തിൽനിന്ന് പരമായി വരുന്നത് എങ്കിൽ അവിടെ ഉ എന്ന പദത്തിന് പ്ലുതി വരുകയില്ല.

യസ്മാ ഇരസ്യസീദു നിര്യഃ (10.86.3)- യസ്മൈ/ഇരസ്യസി/ഇത്/ഊംഇതി/നു/അര്യഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ അര്യ എന്ന പദം പരമായിട്ടുള്ള നു എന്ന പദമാണ് ഉ എന്ന പദം കഴിഞ്ഞുവരുന്നത്. അതിനാൽ ഇവിടെ ഉ എന്ന പദത്തിന് പ്ലുതി വരുന്നില്ല.

**IV. 1. യോജാ ന്വിന്ദ്ര തേ ഹരീ (1.82.1)**

യോജ/നു/ഇന്ദ്ര/തേ/ഹരീ/ എന്നാണ് പദപാഠം. ഇവിടെ യോജ എന്ന പദത്തിനുശേഷം നു എന്ന പദം വന്നിട്ടുണ്ട്. അതിനാൽ യോജ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വരുന്നു.

**പ്രഘാ ന്വസ്യ മഹതഃ (2.15.1)**

പ്ര/ഘ/നു/അസ്യ/മഹതഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ഘ എന്ന പദം കഴിഞ്ഞ് നു എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ സംഹിതയിൽ ഘ എന്ന പദത്തിന് പ്ലുതി വരുന്നു.

ഘ എന്ന പദത്തിന് ഖലു എന്ന പദത്തിന്റെപോലെ പ്രസിദ്ധി അർത്ഥമാണ്.

**8. മൃളയദ്ഭ്യാം വസുവിത്തമം യത് സോമം ജാതവേദസം ।**
**ഭരതേത്യേ തേഷ്വപാദാന്തോ$f$ദ്യേതി കരണാദിഷു ।।**

I. മൃളയദ്ഭ്യാം, വസുവിത്തമം, യത്, സോമം, ജാതവേദസം എന്നീ പദങ്ങൾ പരമായി വരുമ്പോൾ ഭരത എന്ന പദത്തിന് പ്ലുതി വരുന്നു.

II. അപാദാന്തം (പാദാന്തത്തിലല്ലാത്തത്) എന്ന് ഇതിനുശേഷം പറയാൻ പോകുന്നതിലേയ്ക്ക് അധികരിച്ചതായി അറിഞ്ഞുകൊള്ളണം (ചിന്മഹിത്വം............ എന്നതുകൊണ്ട് വിധിയ്ക്കാൻ പോകുന്നത് പാദാന്തത്തിലല്ലാത്തവയ്ക്കാണ് എന്ന് അറിയണം എന്നു താൽപ്പര്യം)

III. അദ്യ എന്ന പദത്തിന് കരണം തുടങ്ങിയ പദങ്ങൾ പരമാകുമ്പോൾ പ്ലുതി വരുന്നു. കരണം തുടങ്ങിയ പദങ്ങൾ ഏതെല്ലാമാണ് എന്ന് പിന്നീട് ഉദാഹരിയ്ക്കുന്നതാണ്.

**ഉദാഹരണങ്ങൾ**

I. **1. ഹവ്യം മതിം ഭരതാ മൃളയദ്ഭ്യാം സ്വാദിഷ്ഠം (1.136.1)**

ഹവ്യം/മതിം/ഭരത/മൃളയദ്$f$ഭ്യാം/സ്വാദിഷ്ഠം/ എന്നാണ് ഇവിടെ പദപാഠം. ഭരത എന്ന പദം കഴിഞ്ഞ് മൃളയദ്ഭ്യാം എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ ഭരത എന്ന പദത്തിന് സംഹിതയിൽ പ്ലുതി വരുന്നു.

**2. പ്ര ദേവം ദേവവീതയേ ഭരതാ വസുവിത്തമം (6.16.41)**

പ്ര/ദേവം/ദേവവീതയേ/ഭരത/വസുവിത്$f$തമം/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ഭരത എന്ന പദം കഴിഞ്ഞ് വസുവിത്തമം എന്ന പദം പരമായിട്ടുണ്ട്. അതിനാൽ ഭരത എന്ന പദത്തിന് സംഹിതയിൽ പ്ലുതിവന്ന് ഭരതാ എന്നാകുന്നു.

**3. ഭരതാ യജ്ജൂജോഷതി (8.62.1)**

ഭരത/യത്/ജൂജോഷതി/ എന്നാണ് ഇവിടുത്തെ പദപാഠം. ഭരത എന്ന പദം കഴിഞ്ഞ് യത് എന്ന പദം പരമായിട്ടുണ്ട്. അതിനാൽ ഭരത എന്ന പദത്തിന് സംഹിതയിൽ പ്ലുതിവരുന്നു.

**4. അപാവപദ് ഭരതാ സോമമസ്മൈ (2.14.6)**

അപ$f$അവപത്/ഭരത/സോമം/അസ്മൈ/ എന്നാണ് ഇവിടെ പദപാഠം. ഭരത എന്ന പദം കഴിഞ്ഞ് സോമം എന്ന പദം പരമായിട്ടുണ്ട്. അതിനാൽ ഭരത എന്ന പദം സംഹിതയിൽ പ്ലുതി വന്ന് ഭരതാ എന്നാകുന്നു.

**5. പ്ര ദേവം ദേവ്യാ ധിയാ ഭരതാ ജാതവേദസം (10.176.2)**

പ്ര/ദേവം/ദേവ്യാ/ധിയാ/ഭരത/ജാതവേദസം/ എന്നാണ് ഇവി

ടെ പദപാഠം. ഇവിടെ ഭരത എന്ന പദം കഴിഞ്ഞ് ജാതവേദസം എന്ന പദം പരമായിട്ടുണ്ട്. അതിനാൽ ഭരത എന്ന പദം സംഹിതയിൽ ഭരതാ എന്ന് പ്ലുതി വന്ന രൂപമാണ്.

ചിത്, മഹിത്വം, ഗീഃ, ഗൃണാനഃ, സഃ, തേ എന്നീ പദങ്ങൾ പരമായി വരുന്ന നു എന്ന പദത്തിന് പ്ലുതി വരും. അവസാനത്തെ രണ്ടു പദങ്ങൾ മർത എന്ന പദമോ അദ്രിവഃ എന്ന പദമോ പരമുള്ളതാണെങ്കിൽ എന്ന് 10-ാമത്തെ കാരികയുടെ ഉത്തരാർദ്ധത്തിൽ പറയുന്നുണ്ട്. ഇവിടേയ്ക്ക് അപാദാന്തഃ എന്നത് അധികരിയ്ക്കണം. അപ്പോൾ ഒരു പാദത്തിന്റെ അന്തത്തിലുള്ളതായിരുന്നെങ്കിൽ മാത്രമേ നു എന്ന പദത്തിന് പ്ലുതി വരുകയുള്ളൂ എന്നർത്ഥം കിട്ടും. ഉദാഹരണങ്ങൾ 10-ാം കാരിക വ്യാഖ്യാനിയ്ക്കുമ്പോൾ കാണിയ്ക്കുന്നതാണ്. ഇവിടെ അപാദാന്തം എന്നതിന്റെ പ്രയോജനം മാത്രം കാണിയ്ക്കാം.

പാദാന്തത്തിലുള്ള നു എന്ന പദത്തിൽനിന്ന് ചിത്, മഹിത്വം തുടങ്ങിയവ പരമായാൽ അവിടെ നു എന്ന പദത്തിന് പ്ലുതി വരില്ല.

മഹാം ഇന്ദ്രഃ പരശ്ച നു മഹിത്വം (1.8.5). ഇവിടെ നു എന്ന പദം പാദാന്തത്തിലാണ് വരുന്നത്. അതിനാൽ മഹിത്വം പരമായിട്ടുണ്ടെങ്കിലും നു എന്ന പദത്തിന് പ്ലുതി വരുന്നില്ല.

കരണം, ച, ചിത്, കരതേ, വൃണീമഹേ, ഭവതം, കൃണോതു, ഭവത, സ്വസ്തയേ എന്നീ പദങ്ങൾ പരമായി വന്നാൽ അദ്യ എന്ന പദത്തിന് പ്ലുതി വരും. ഈ കാരികയിൽ കരണം തുടങ്ങിയവ പരമാകുമ്പോൾ അദ്യ എന്ന പദത്തിന് പ്ലുതി വരും എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. കരണം തുടങ്ങിയ പദങ്ങൾ ഏതെല്ലാമെന്ന് അടുത്ത കാരികയിലാണ് പറയുന്നത്. അതിനാൽ ഉദാഹരണങ്ങൾ അടുത്ത കാരിക വ്യാഖ്യാനിയ്ക്കുമ്പോൾ കാണിയ്ക്കുന്നതാണ്.

**9. കരണം ച ചിത്കരതേ വൃണീമഹേ**
**ഭവതം കൃണോതു ഭവത സ്വസ്തയേ ।**
**പുർവ്വിതി ചിത് പുരുഹൂതോ നൃഷൂതഃ**
**സഹസ്രാണി പുരുഭുജാ ധിയായതേ ॥**

I. പൂർവ്വ കാരികയിൽ നിർദ്ദേശിയ്ക്കപ്പെട്ട കരണാദികൾ ഇവയാണ്- കരണം, ച, ചിത്, കരതേ, വൃണീമഹേ, ഭവതം, കൃണോതു, ഭവത, സ്വസ്തയേ.

II. ചിത്, പുരുഹൂതഃ, നൃഷൂതഃ, സഹസ്രാണി, പുരുഭുജാ, ധിയാ

യതേ എന്നീ പദങ്ങൾ പരമായി വരുമ്പോൾ പുരു എന്ന പദത്തിന് പ്ലുതി വരുന്നു.

**I. 1. പ്ര തത്തേ അദ്യാ കരണം (6.18.13)**

പ്ര/തത്/തേ/അദ്യ/കരണം/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ അദ്യ എന്ന പദം കഴിഞ്ഞ് കരണം എന്ന പദം പരമായി വരുന്നുണ്ട്. അതിനാൽ അദ്യ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വരുന്നു.

**2. ഹവമദ്യാ ച മൃളയ (1.25.19)**

ഹവം/അദ്യ/ച/മൃളയ/ എന്നാണ് ഇവിടെ പദപാഠം. അദ്യ എന്ന പദം കഴിഞ്ഞ് ച എന്ന പദം പരമായി വന്നിരിയ്ക്കുന്നു. അതിനാൽ അദ്യ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**3. തദദ്യാ ചിത്ത ഉക്ഥിനഃ (8.15.6)**

തത്/അദ്യ/ചിത്/തേ/ഉക്ഥിനഃ/ എന്നാണ് ഇവിടെ പദപാഠം. അദ്യ എന്ന പദം കഴിഞ്ഞ് ചിത് എന്ന പദം പരമായി വന്നതിനാൽ സംഹിതയിൽ അദ്യ എന്ന പദത്തിന് പ്ലുതി വരുന്നു.

**4. കോ വാമദ്യാ കരതേ (4.44.3)**

കഃ/വാം/അദ്യ/കരതേ/ എന്ന് പദപാഠം. അദ്യ എന്ന പദം കഴിഞ്ഞ് കരതേ എന്ന പദം പരമായി വന്നതിനാൽ അദ്യ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**5. സൂക്തൈരദ്യാ വൃണീമഹേ (5.82.7)**

സു/ഉക്തൈഃ/അദ്യ/വൃണീമഹേ/ എന്നാണ് ഇവിടെ പദപാഠം. അദ്യ എന്ന പദം കഴിഞ്ഞ് വൃണീമഹേ എന്ന പദം പരമായി വന്നതിനാൽ അദ്യ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വരുന്നു.

**6. ത്രിശ്ചിന്നോ അദ്യാ ഭവതം (1.34.1)**

ത്രിഃ/ചിത്/നഃ/അദ്യ/ഭവതം/ എന്നാണ് ഇവിടെ പദപാഠം. അദ്യ എന്ന പദം കഴിഞ്ഞ് ഭവതം എന്ന പദം പരമായി വന്നതിനാൽ അദ്യ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**7. ഭദ്രം സോമഃ സുവാനോ അദ്യാ കൃണോതു നഃ (10.35.2)**

ഭദ്രം/സോമഃ/സുവാനഃ/അദ്യ/കൃണോതു/നഃ/ എന്നാണ് ഇവിടെ പദപാഠം. അദ്യ എന്ന പദം കഴിഞ്ഞ് കൃണോതു എന്ന പദം പരമായി വന്നതിനാൽ അദ്യ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**8. അർവാചോ അദ്യാ ഭവതാ യജത്രാഃ (2.29.6)**

അർവാചഃ/അദ്യ/ഭവത/യജത്രാഃ/ എന്നാണ് ഇവിടെ പദപാഠം. അദ്യ എന്ന പദം കഴിഞ്ഞ് ഭവത എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ അദ്യ എന്ന പദം സംഹിതയിൽ പ്ലുതി വന്ന് അദ്യാ എന്നായിരിയ്ക്കുന്നു.

**9. വിശ്വേ ദേവാഃ നോ അദ്യാ സ്വസ്തയേ (5.51.13)**

ഇവിടെ അദ്യ എന്ന പദം കഴിഞ്ഞ് സ്വസ്തയേ എന്ന് പരമായിട്ടുണ്ട്. അതിനാൽ അദ്യ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(1). തിരഃ പുരൂ ചിദർണവം ജഗന്വാൻ (10.10.1)**

തിരഃ/പുരു/ചിത്/അർണവം/ജഗന്വാൻ/ എന്നാണ് ഇവിടെ പദപാഠം. പുരു എന്ന പദം കഴിഞ്ഞ് ചിത് എന്ന പദം പരമായി വന്നതിനാൽ പുരു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(2). ഇന്ദ്രഃ പുരൂ പുരുഹൂതഃ (8.2.32)**

പുരു എന്ന പദം കഴിഞ്ഞ് പുരുഹുത എന്ന പദം പരമായി വന്നതിനാൽ പുരു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(3). സിമാ പുരൂ നൃഷൂതോ അസ്യ നവേ (8.4.1)**

സിമ/പുരു/നൃ/സുതഃ/അസി/ആനവേ/ എന്ന് ഇവിടെ പദപാഠം. പുരു എന്ന പദം കഴിഞ്ഞ് നൃഷൂത എന്ന പദം പരമായി വന്നതിനാൽ പുരു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**4. ത്വം പുരൂ സഹസ്രാണി ശതാനി ച (8.61.8)**

ഇവിടെ പുരു എന്ന പദം കഴിഞ്ഞ് സഹസ്രാണി എന്ന പദം പരമായി വന്നതിനാൽ പുരു എന്നതിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(5). യദ്വാ പുരൂ പുരുഭുജാ**

ഇവിടെ പുരു എന്ന പദം കഴിഞ്ഞ് പുരുഭുജാ എന്ന പദം പരമായിട്ടുണ്ട്. അതിനാൽ സംഹിതയിൽ പുരു എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(6). ഏഷ പുരൂ ധിയായതേ (9.15.2)**

പുരു എന്ന പദത്തിൽനിന്ന് ധിയായതേ എന്ന പദം പരമായി വന്നതിനാൽ പുരു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വരുന്നു.

10. വഹേതി ത്വം ദുഹിതർദൈവ്യമുത്തരം
ദ്യുമ്നം രുദ്രം നവ്യമേതേഷു വർധയ ।
ചിന്മഹിത്വം ഗീർഗൃണാനഃ സ തേ പരം
ന്വിത്യന്ത്യേ ചേന്മർത്തശബ്ദാദ്രിവഃ പരേ ॥

(1) വഹ എന്ന പദം ത്വം, ദുഹിതഃ, ദൈവ്യം എന്നിവ പിന്നീടു വരുന്നുണ്ടെങ്കിൽ പ്ലവിയ്ക്കും (പ്ലുതി വരും).

(2). ദ്യുമ്നം, രുദ്രം, നവ്യം എന്നീ പദങ്ങൾ പരമായി വന്നാൽ വർധയ എന്നതിന് പ്ലുതി വരും.

(3) ചിത്, മഹിത്വം, ഗീഃ, ഗൃണാനഃ, സഃ, തേ എന്നിവ പരമായി വരുന്ന നു എന്ന പദത്തിന് പ്ലുതി വരും. ഇവയിൽ അവസാനത്തെ രണ്ടു പദങ്ങൾ (അതായത് സഃ, തേ എന്നിവ) മർത, അദ്രിവഃ എന്നീ ശബ്ദങ്ങൾ പരമായി വന്നിട്ടുണ്ടെങ്കിൽ മാത്രമേ നു എന്നതിന് പ്ലുതി വരികയുള്ളൂ.

**ഉദാഹരണങ്ങൾ**

**1. ആ ദാശുഷേ ജാതവേദാ വഹാ ത്വം (1.44.1)**

ആ/ദാശുഷേ/ജാത*ƒ*വേദാഃ/വഹ/ത്വം/ എന്നാണ് പദപാഠം. ഇവിടെ ത്വം എന്ന പദം പരമായി വന്നതിനാൽ വഹ എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. സംഹിതയിൽ 'വഹാ ത്വം' എന്നു പാഠം.

**2. ആ വഹാ ദുഹിതർ ദിവഃ (5.79.8)**

ആ/വഹ/ദുഹിതഃ/ദിവഃ/ എന്നാണ് ഇവിടെ പദപാഠം. വഹ എന്ന പദം കഴിഞ്ഞ് ദുഹിതഃ എന്ന പദം പരമായി വന്നതിനാൽ വഹ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. അതുകൊണ്ടാണ് 'വഹാ ദുഹിതഃ' എന്നായത്.

**3. ആ വഹാ ദൈവ്യം ജനം (1.31.17)**

ആ/വഹ/ദൈവ്യം/ജനം/ എന്നാണ് ഇവിടെ പദപാഠം. 'ദൈവ്യം' എന്ന പദം പരമായി വന്നതിനാൽ വഹ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(1). ആര്യം സഹോ വർധയാ ദ്യുമ്നമിന്ദ്ര (1.103.3)**

ആര്യം/സഹഃ/വർധയ/ദ്യുമ്നം/ഇന്ദ്ര/ എന്നാണ് ഇവിടെ പദപാഠം. ദ്യുമ്നം എന്ന പദം പരമായതിനാൽ വർധയ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (ആര്യാഃ=വിദ്വാന്മാർ, സഹഃ=ബലം)

**(2). രുദ്രം ദിവാ വർധയാ രുദ്രം (6.49.10)**

രുദ്രം/ദിവാ/വർധയ/രുദ്രം/ എന്നാണ് ഇവിടെ പദപാഠം. രു

ദ്രം എന്ന പദം പരമായി വന്നതിനാൽ വർധയ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

(രുദ്ര എന്ന പദത്തിന് ദുഃഖത്തെ ഇല്ലാതാക്കുന്നവൻ എന്നും രുദ്രൻ എന്ന പേരിലുള്ള ഈശ്വരൻ എന്നും അർത്ഥമുണ്ട്)

**(3) ബൃഹസ്പതിം വർധയാ നവ്യമർകൈഃ (1.190.1)**

ബൃഹസ്പതിം/വർധയ/നവ്യം/അർകൈഃ/ എന്നാണ് ഇവിടെ പദപാഠം. നവ്യം എന്ന പദം പരമായി വന്നതിനാൽ വർധയ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(1). അദ്യാ ചിന്നൂ ചിത് (6.30.3)**

അദ്യ/ചിത്/നു/ചിത്/ എന്നാണ് ഇവിടെ പദപാഠം. ചിത് എന്ന് പിന്നീടുവരുന്നതിനാൽ നു എന്ന പദത്തിന് പ്ലുതി വന്ന് സംഹിതയിൽ നൂ എന്നായിരിയ്ക്കുന്നു (ഇവിടെ അദ്യ എന്ന പദത്തിനും പ്ലുതി വന്നിട്ടുണ്ട്. അത് നേരത്തെ പറഞ്ഞ 'അദ്യേതികരണാദിഷു' എന്ന പ്രാതിശാഖ്യവചനമനുസരിച്ചാണ്. കരണ, ചിത് മുതലായ പദങ്ങൾ പരമായി വരുമ്പോഴാണല്ലോ അദ്യ എന്ന പദത്തിന് അവിടെ പ്ലുതി വിധിച്ചത്. ചിത് എന്ന് പരമായതിനാലാണ് ഇവിടെ അദ്യ എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നത്)

**(2). പ്രനൂ മഹിത്വം വൃഷഭസ്യ (1.59.6)**

പ്ര/നു/മഹിത്വം/വൃഷഭസ്യ/ എന്നാണ് ഇവിടെ പദപാഠം. മഹിത്വം എന്ന പദം പരമായതിനാൽ നു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(3). ഇന്ദ്രം വേപീ വക്വരീ യസ്യ നൂ ഗീഃ (6.22.5)**

ഇന്ദ്രം/വേപീ/വക്വരീ/യസ്യ/നു/ഗീഃ/ എന്നാണ് ഇവിടെ പദപാഠം. ഗീഃ എന്ന പദം പരമായി വന്നതിനാൽ നു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നു.

**(4). നൂ ഷ്ടുത ഇന്ദ്ര നൂ ഗൃണാനഃ (4.16.21)**

നു/സ്തുതഃ/ഇന്ദ്ര/നു/ഗൃണാനഃ/ എന്നാണ് ഇവിടെ പദപാഠം. ഗൃണാനഃ എന്ന പദം പരമായി വന്നതിനാൽ നു എന്നതിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(5). പ്ര നൂ സ മർതഃ (1.64.13)**

പ്ര/നു/സഃ/മർതഃ/ എന്നാണ് ഇവിടെ പദപാഠം. മർതഃ എന്ന പദം പരമായിട്ടുള്ള സഃ എന്ന പദമാണ് ഇവിടെ നു എന്ന പദത്തിൽനിന്ന് പരമായിട്ടുള്ളത്. അതിനാൽ നു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(6). യേ ചാകനന്ത ചാകനന്ത നൂ തേ മർതാഃ (5.31.13)**

യേ/ചാകനന്ത/ചാകനന്ത/നു/തേ/മർതാഃ/ എന്നാണ് ഇവിടെ പദപാഠം. മർതാഃ എന്ന പദം പരമായിട്ടുള്ള തേ എന്ന പദം പരമായി വന്നതിനാൽ നു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (നു എന്ന പദത്തിന് ക്ഷിപ്രം എന്നാണ് അർത്ഥം. ചാകനന്ത എന്നതിന് അകാമയത (ആഗ്രഹിച്ചു) എന്നും അർത്ഥം)

**(7). ഊതീ അഭൂമ നഹി നൂ തേ അദ്രിവഃ (8.21.7)**

ഊതീ/അഭൂമ/നഹി/നു/തേ/അദ്രി/വഃ/ എന്നാണ് ഇവിടെ പദപാഠം. അദ്രിവഃ എന്ന ശബ്ദം പരമായിട്ടുള്ള തേ എന്ന പദം പരമായതിനാൽ നു എന്നത് സംഹിതയിൽ നൂ എന്ന് പ്ലുതി വന്നിരിയ്ക്കുന്നു.

നൂ എന്ന പദം കഴിഞ്ഞ് മർത എന്ന ശബ്ദമോ, അദ്രിവഃ എന്ന ശബ്ദമോ പരമായിട്ടുള്ള സഃ, തേ എന്നീ പദങ്ങൾ പരമായി വന്നാലേ നു എന്നതിന് പ്ലുതി വരികയുള്ളൂ.

ഭസന്നു ഷഃ പ്ര പൂർവ്യ്യഃ (6.14.1)

ഭസൻ/നു/സഃ/പ്ര/പൂർവ്യ്യഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ നു എന്ന പദം കഴിഞ്ഞ് സഃ എന്ന പദം പരമായി വന്നിട്ടുണ്ടെങ്കിലും സഃ എന്ന പദം കഴിഞ്ഞ് മർതഃ എന്നോ, അദ്രിവഃ എന്നോ പരമായി വന്നിട്ടില്ല. അതിനാൽ നു എന്ന പദത്തിന് പ്ലുതി വരുന്നില്ല.

നഹി നു തേ മഹിമനഃ (6.27.3)

നഹി/നു/തേ/മഹിമനഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ നു എന്ന പദം കഴിഞ്ഞ് തേ എന്ന പദം പരമായിട്ടുണ്ടെങ്കിലും തേ എന്ന പദം കഴിഞ്ഞ് മർതഃ എന്നോ അദ്രിവഃ എന്നോ പരമായി വന്നിട്ടില്ല. അതിനാൽ നു എന്നതിന് പ്ലുതി വന്നിട്ടില്ല.

**11. തൂതു ജാനോ മതിഭിർഭോജനാനി**
**നോ ദദ്ധി സ്തോമം ഭൂരി യോനിം ത്വമേഷു ।**
**ഭരേത്യേതന്ന നു ചിദ് യോ ഭവേതി**
**സ്തോതൃഭ്യോ ദ്യുമ്നോ ശതമേ പരേഷു ॥**

(1) ഭര എന്ന പദത്തിന് തൂതുജാനഃ, മതിഭിഃ, ഭോജനാനി, നഃ, ദദ്ധി, സ്തോമം, ഭൂരിം, യോനിം, ത്വം എന്നീ പദങ്ങൾ പരമായി വരുമ്പോൾ പ്ലുതി വരുന്നു.

(2). നു എന്ന പദം 'ചിദ്യഃ' എന്നത് പരമാകുമ്പോൾ പ്ലവിയ്ക്കുന്നില്ല.

(3). ഭവ എന്ന പദത്തിന് സ്തോതൃഭ്യഃ, ദ്യുമ്നഃ, ശത, മേ എ

ന്നീ പദങ്ങൾ പരമായി വരുമ്പോൾ പ്ലുതി വരുന്നു.

**ഉദാഹരണങ്ങൾ**

**(1). 1. അസ്മാ ഇദു പ്രഭരാ തൂതുജാനഃ (1.61.12)**

അസ്മൈ/ഇത്/ഊം ഇതി/പ്ര/ഭര/തൂതുജാനഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ 'ഭര' എന്ന പദം കഴിഞ്ഞ് തൂതുജാനഃ എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ ഭര എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (തൂതുജാനഃ=ത്വരമാണഃ=വേഗത്തിൽ).

**2. ഭൃതിം ന ഭരാ മതിഭിഃ (9.103.1)**

ഭൃതിം/ന/ഭര/മതിഭിഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ മതിഭിഃ എന്ന പദം പരമായി വന്നതിനാൽ ഭര എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**3. ശത്രൂയതാമാ ഭര ഭോജനാനി (5.4.5)**

ശത്രൂ*f*യതാം/ആ/ഭര/ഭോജനാനി/ എന്നാണ് ഇവിടെ പദപാഠം. ഭോജനാനി എന്ന പദം പരമായി വന്നതിനാൽ ഭര എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**4. സുപേശസം വാജമാ ഭരാ നഃ (1.63.9)**

സു*f*പേശസം/വാജം/ആ/ഭര/നഃ/ എന്നാണ് ഇവിടെ പദപാഠം. നഃ എന്ന പദം പരമായി വന്നതിനാൽ ഭര എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. മാ നോ മർധീരാ ഭരാ ദദ്ധി തന്നഃ (4.20.10)**

മാ/നഃ/മർധീഃ/ആ/ഭര/ദദ്ധി/തത്/നഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ദദ്ധി എന്ന പദം പരമായി വന്നതിനാൽ ഭര എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (മാ മർധീഃ=ഹിംസിയ്ക്കരുത്, ദദ്ധി=ദേഹി=തന്നാലും).

**6. ഭൂഷന്നിവ പ്രഭരാ സ്തോമമസ്മൈ(10.42.1)**

ഭൂഷൻ*f*ഇവ/പ്ര/ഭര/സ്തോമം/അസ്മൈ/ എന്നാണ് ഇവിടെ പദപാഠം. സ്തോമം എന്ന പദം പരമായി വന്നതിനാൽ ഭര എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**7. സംഗൃഭ്യാ ന ആ ഭരാ ഭൂരി പശ്വഃ (3.54.15)**

സം*f*ഗൃഭ്യ/നഃ/ആ/ഭര/ഭൂരി/പശ്വഃ/ എന്നാണ് ഇവിടെ പദപാഠം. ഭൂരി എന്ന പദം പരമായി വന്നതിനാൽ ഭര എന്ന പദത്തിന് സംഹിതയിൽ പ്ലുതി വരുന്നു.

**8. ഘാസിമിവ പ്രഭരാ യോനിം (1.140.1)**

ഘാസിം*f*ഇവ/പ്ര/ഭര/യോനിം/ എന്നാണ് ഇവിടെ പദപാ

ഠം. യോനിം എന്ന പദം പരമായി വന്നതിനാൽ ഭര എന്ന പദ ത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**9. വിശ്വാ വസൂന്യാ ഭരാ ത്വം നഃ (10.83.3)**

വിശ്വാ/വസൂനി/ആ/ഭര/ത്വം/നഃ/ എന്നാണ് ഇവിടെ പദപാ ഠം. ത്വം എന്ന ശബ്ദം പരമായി വന്നതിനാൽ ഭര എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(2)–1. ഉതോ നു ചിദ്യ ഓജസാ (8.40.10)**

ഉതോ ഇതി/നു/ചിത്/യഃ/ഓജസാ/ എന്നാണ് ഇവിടെ പദ പാഠം. ഇവിടെ നു കഴിഞ്ഞ് യഃ എന്ന പദം പരമായ ചിത് എന്ന പദമാണ് പരമായിട്ടുള്ളത്. അതിനാൽ നു എന്ന പദത്തിന് പ്ലുതി വരുന്നില്ല.

യഃ എന്ന പദം പരമാവാത്ത ചിത് എന്ന പദമാണ് പരമായി രുന്നത് എങ്കിൽ നു എന്നതിന് പ്ലുതി വരുമായിരുന്നു. അതിനു ള്ള ഉദാഹരണം നേരത്തെ കാണിച്ചിട്ടുള്ളതാണ്.

**(3)–1 ഭവാ സ്തോതൃഭ്യോ അന്തമഃ സ്വസ്തയേ (3.10.8)**

ഭവ/സ്തോതൃഭ്യഃ/അന്തമഃ/സ്വസ്തയേ/ എന്നാണ് ഇവിടെ പദപാഠം. ഭവ എന്ന പദം കഴിഞ്ഞ് സ്തോതൃഭ്യഃ എന്ന പദം പ രമായി വന്നതിനാൽ ഭവ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വരുന്നു.

**2. ഭവാ ദ്യുമ്നീ വാധ്ര്യശ്വ (10.69.5)**

ഭവ/ദ്യുമ്നീ/വാധ്ര്യശ്വ/ എന്നാണ് ഇവിടെ പദപാഠം. ഇവി ടെ ഭവ എന്ന പദം കഴിഞ്ഞ് ദ്യുമ്നീ എന്ന പദം പരമായി വന്നതി നാൽ ഭവ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കു ന്നു.

**3. പൂർഭവാ ശതഭുജിഃ (7.15.14)**

പൂഃ/ഭവ/ശതഭുജിഃ/ എന്നാണ് ഇവിടെ പദപാഠം. ശത എന്ന ത് പരമായതിനാൽ ഭവ എന്ന പദം സംഹിതയിൽ ഭവാ എന്നാ യിരിയ്ക്കുന്നു.

**4. അഭി പ്രേഹി ദക്ഷിണതോ ഭവാ മേ (10.83.7)**

അഭി/പ്ര/ഇഹി/ദക്ഷിണതഃ/ഭവ/മേ/ എന്നാണ് ഇവിടെ പദ പാഠം. ഭവ എന്ന പദം കഴിഞ്ഞ് മേ എന്ന പദം വന്നതിനാൽ ഭവ എന്ന പദം സംഹിതയിൽ ഭവാ എന്നായിരിയ്ക്കുന്നു.

**12. ശോചാ യവിഷ്ഠ്യൈവാ യഥാ കർത്താ യത് സാദയാ സപ്ത ।**
**അർച്ചാ മരുദ്ഭ്യസ്തിഷ്ഠാ നഃ സനാ സ്വഃ പാരയാ നവ്യഃ ।।**

ശോചാ യവിഷ്ഠ്യ, ഏവാ യഥാ, കർതാ യത്, സാദയാ സ

പ്ത, അർച്ചാ മരുദ്ഭ്യഃ, തിഷ്ഠാ നഃ, സനാ സ്വഃ, പാരയാ നവ്യഃ- ഈ ദ്വൈപദങ്ങളിൽ ആദ്യത്തെ പദത്തിന്റെ അന്തത്തിന് പ്ലുതി വരുന്നു.

**മറ്റൊരു തരത്തിൽ പറഞ്ഞാൽ -**

1. യവിഷ്ഠ്യ എന്ന പദം ശോച എന്ന പദം കഴിഞ്ഞു വരുന്നുണ്ടെങ്കിൽ ശോച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വരുന്നു.
2. യഥാ എന്ന പദം ഏവ എന്ന പദം കഴിഞ്ഞുവരുമ്പോൾ ഏവ എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് പ്ലുതി വരുന്നു.
3. യത് എന്ന പദം കർത എന്ന പദം കഴിഞ്ഞ് വന്നാൽ കർത എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് പ്ലുതി വരുന്നു.
4. സപ്ത എന്ന പദം സാദയ എന്ന പദം കഴിഞ്ഞു വന്നാൽ സാദയ എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് പ്ലുതി വരുന്നു.
5. മരുദ്ഭ്യഃ എന്ന പദം അർച എന്ന പദം കഴിഞ്ഞുവന്നാൽ അർച എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് പ്ലുതി വരുന്നു.
6. നഃ എന്ന പദം തിഷ്ഠ എന്ന പദം കഴിഞ്ഞുവന്നാൽ തിഷ്ഠ എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് പ്ലുതി വരുന്നു.
7. സ്വഃ എന്ന പദം സന എന്ന പദം കഴിഞ്ഞുവന്നാൽ സന എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് പ്ലുതി വരുന്നു.
8. നവ്യഃ എന്ന പദം പാരയ എന്ന പദം കഴിഞ്ഞുവന്നാൽ പാരയ എന്ന പദത്തിലെ അന്ത്യമായ അകാരത്തിന് പ്ലുതി വരുന്നു.

**യഥാക്രമം ഉദാഹരണങ്ങൾ:**

**1. ബൃഹച്ഛോചാ യവിഷ്ഠ്യ (6.16.11)**

ബൃഹത്/ശോച/യവിഷ്ഠ്യ/ എന്നാണ് ഇവിടെ പദപാഠം. യവിഷ്ഠ്യ എന്ന പദം പിന്നീട് വന്നതിനാൽ ശോച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വന്ന് സംഹിതയിൽ ശോചാ യവിഷ്ഠ്യ എന്നായിരിയ്ക്കുന്നു. (ശോച=ജ്വലിയ്ക്കൂ; യവിഷ്ഠ്യ=ഏറ്റവും യുവത്വമുള്ളവനേ (സംബോധന))

**2. നകിരേവാ യഥാ ത്വം (4.30.1)**

നകിഃ/ഏവ/യഥാ/ത്വം/ എന്നാണ് ഇവിടെ പദപാഠം. യഥാ എന്ന പദം പിന്നീട് വന്നതിനാൽ ഏവ എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (നകിഃ=ന=ഇല്ല)

**3. ജ്യോതിഷ്കർതാ യദുശ്മസി (1.86.10)**

ജ്യോതിഃ/കർത/യത്/ഉശ്മസി/ എന്നാണ് ഇവിടെ പദപാഠം.

യത് എന്ന പദം പിന്നീട് വന്നതിനാൽ കർത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (കുരുത എന്നതിന്റെ വൈദികരൂപമാണ് കർത എന്നത്. കർത =ചെയ്താലും; ഉശ്മസി=(ഞങ്ങൾ) ആഗ്രഹിയ്ക്കുന്നു)

**4. ദേവാ് ഈളേ സാദയാ സപ്ത ഹോതൄൻ (10.35.10)**

ദേവാൻ/ഈളേ/സാദയ/സപ്ത/ഹോതൄൻ/ എന്നാണ് ഇവിടെ പദപാഠം. സപ്ത എന്ന പദം പിന്നീട് വന്നതിനാൽ സാദയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**5. ദിവോ അർചാ മരുദ്ഭ്യഃ (5.52.5)**

ദിവഃ/അർച/മരുദ്ഭ്യഃ/ എന്നാണ് ഇവിടെ പദപാഠം. മരുദ്ഭ്യഃ എന്ന പദം പിന്നീട് വന്നതിനാൽ അർച എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**6. ഊർദ്ധ്വസ്തിഷ്ഠാ ന ഊതയേ (1.30.6)**

ഊർദ്ധ്വഃ/തിഷ്ഠ/നഃ/ഊതയേ/ എന്നാണ് ഇവിടെ പദപാഠം. നഃ എന്ന പദം പിന്നീട് വന്നതിനാൽ തിഷ്ഠ എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (ഊതയേ=രക്ഷണായ=രക്ഷിയ്ക്കുന്നതിനായി)

**7. സനാ ജ്യോതിഃ സനാ സ്വഃ (9.4.2)**

സന/ജ്യോതിഃ/സന/സ്വഃ/ എന്നാണ് ഇവിടെ പദപാഠം. സ്വഃ എന്ന പദം പിന്നീട് വന്നതിനാൽ സന എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (സന=ദേഹി=തന്നാലും)

**8. അഗ്നേ ത്വം പാരയാ നവ്യോ അസ്മാൻ (1.189.2)**

അഗ്നേ/ത്വം/പാരയ/നവ്യഃ/അസ്മാൻ/ എന്നാണ് ഇവിടെ പദപാഠം. നവ്യഃ എന്ന പദം പിന്നീട് വരുന്നതിനാൽ പാരയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

13. **ബോധാ സ്തോത്രേ ചകൃമാ ബ്രഹ്മവാഹഃ**
**ശംസാ ഗോഷൂച്ഛാ ദുഹിർവദാ തനാ ।**
**ആജാ നഷ്ടം ജംഭയാ താ അധാ മഹോ**
**ഗന്താ മാ യുക്ഷ്വാഹി സൃജാ വനസ്പതേ ॥**

ബോധാ സ്തോത്രേ, ചകൃമാ ബ്രഹ്മവാഹഃ, ശംസാ ഗോഷു, ഉച്ഛാ ദുഹിതഃ, വദാ തനാ, ആജാ നഷ്ടം, ജംഭയാ താഃ, അധാ മഹഃ, ഗന്താ മാ, യുക്ഷ്വാ ഹി, സൃജാ വനസ്പതേ എന്നിവയുടേ

യും പൂർവ്വപദങ്ങളുടെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.

അതായത്-

1. സ്തോത്രേ എന്ന പദം പിന്നീട് വന്നാൽ ബോധ എന്ന പദത്തിന് തന്റെ അന്ത്യത്തിലുള്ള സ്വരമായ അകാരത്തിന് പ്ലുതി വരും.
2. ബ്രഹ്മവാഹഃ എന്ന പദം പിന്നീട് വന്നാൽ ചകൃമ എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് പ്ലുതി വരും.
3. ഗോഷു എന്ന പദം പിന്നീട് വന്നാൽ ശംസ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വരും.
4. ദുഹിതഃ എന്ന പദം പിന്നീട് വന്നാൽ ഉച്ഛ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വരുന്നു.
5. തനാ എന്ന പദം പിന്നീട് വന്നാൽ വദ എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരും.
6. നഷ്ടം എന്ന പദം പിന്നീട് വന്നാൽ അജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വരുന്നു.
7. താഃ എന്ന പദം പിന്നീട് വന്നാൽ ജംഭയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വരുന്നു.
8. മഹഃ എന്ന പദം പിന്നീട് വന്നാൽ അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വരുന്നു.
9. മാ എന്ന പദം പിന്നീട് വന്നാൽ ഗന്ത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വരും.
10. ഹി എന്ന പദം പിന്നീട് വന്നാൽ യുക്ഷ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വരും.
11. വനസ്പതേ എന്ന പദം പിന്നീട് വന്നാൽ സൃജഃ എന്ന പദത്തിന്റെ അകാരത്തിന് പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. ബോധാ സ്തോത്രേ വയോ ദധത് (10.156.5)**

ബോധ/സ്തോത്രേ/വയഃ/ദധത്/ എന്നാണ് ഇവിടെ പദപാഠം. സ്തോത്രേ എന്ന പദം പിന്നീട് വന്നതിനാൽ ബോധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ബോധ=അവഗച്ഛ=അറിഞ്ഞാലും; സ്തോത്രേ=സ്തുതിയ്ക്കുന്നവനു വേണ്ടി)

**2. ത്വായാ ഹവിശ്ചകൃമാ ബ്രഹ്മവാഹഃ (1.101.9)**

ത്വാ*f*യാ/ഹവിഃ/ചകൃമ/ബ്രഹ്മ*f*വാഹഃ/ എന്നാണ് ഇവിടെ പദപാഠം. ബ്രഹ്മവാഹ എന്ന പദം പിന്നീട് വന്നതിനാൽ ചകൃമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വന്നു. (ച

കൃമഃ=കൃതവന്തഃ=ചെയ്തു)

**3. പ്ര ശംസാ ഗോഷാഘ്ന്യം (1.37.5)**

പ്ര/ശംസ/ഗോഷു/അഘ്ന്യം/ എന്നാണ് ഇവിടെ പദപാഠം. ഗോഷു എന്ന പദം പിന്നീട് വന്നതിനാൽ ശംസ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അഘ്ന്യം=അഹിംസ്യം=വധിയ്ക്കപ്പെടരുതാത്ത)

**4. വ്യുച്ഛാ ദുഹിതർദിവഃ (5.79.9)**

വി/ഉച്ഛ/ദുഹിതഃ/ദിവഃ/ എന്നാണ് ഇവിടെ പദപാഠം. ദുഹിതഃ എന്ന പദം പിന്നീട് വന്നതിനാൽ ഉച്ഛ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. അച്ഛാ വദാ തനാ ഗിരാ (1.38.13)**

അച്ഛ/വദ/തനാ/ഗിരാ/ എന്നാണ് ഇവിടെ പദപാഠം. തനാ എന്ന പദം പിന്നീട് വന്നതിനാൽ വദ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

അച്ഛ എന്ന പദത്തിനും ഇവിടെ പ്ലുതി വന്നിട്ടുണ്ട്. അതു നേരത്തെ വിധിച്ച 'സുതാ യാഹീ ത്യതോന്യേഷു പദേഷ്വച്ഛേതി വിഗ്രഹേ' (7.2) എന്ന വിധിവാക്യമനുസരിച്ചാണ്. സുതാഃ യാഹി എന്നീ പദങ്ങളൊഴികെയുള്ള പദങ്ങൾ പരമായി വന്നാൽ അച്ഛ എന്ന ഒറ്റപ്പദത്തിന് പ്ലുതി വരും എന്നാണല്ലോ അതിന്റെയർത്ഥം. **തനാ=വലുതാക്കുന്നത്, വിസ്തൃതമാക്കുന്നത്.**

**6. ആജാ നഷ്ടം യഥാ പശും (1.23.13)**

ആ/അജ/നഷ്ടം/യഥാ/പശും/ എന്നാണ് ഇവിടെ പദപാഠം. നഷ്ടം എന്ന പദം പിന്നീട് വന്നതിനാൽ അജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**7. അഭി സന്തി ജംഭയാ താഃ (2.23.9)**

അഭി/സന്തി/ജംഭയ/താഃ/ എന്നാണ് ഇവിടെ പദപാഠം. താഃ എന്ന പദം പരമായതിനാൽ ജംഭയ എന്ന പദത്തിന്റെ അന്ത്യമായ അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (ജംഭയ =നാശയ=നശിപ്പിയ്ക്കൂ)

**8. മരുതാമധാ മഹോ ദിവി (5.52.3)**

മരുതാം/അധ/മഹഃ/ദിവി/ എന്നാണ് ഇവിടെ പദപാഠം. മഹഃ എന്ന പദം പിന്നീട് വന്നതിനാൽ അധ എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അധ=അധുനാ=ഇപ്പോൾ)

**9. ആ ഗന്താ മാരിഷണ്യത് (8.20.1)**

ആ/ഗന്ത/മാ/രിഷണ്യത/ എന്നാണ് ഇവിടെ പദപാഠം. മാ

എന്ന പദം പിന്നീടുള്ളതിനാൽ ഗന്ത എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (ആ ഗന്ത=ആഗച്ഛത=വന്നാലും)

**10. അഗ്നേ യുക്ഷ്വാ ഹി യേ തവ (6.16.43)**

അഗ്നേ/യുക്ഷ്വ/ഹി/യേ/തവ/ എന്നാണ് ഇവിടെ പദപാഠം. ഹി എന്ന പദം പിന്നീടുവരുന്നതിനാൽ യുക്ഷ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (യുക്ഷ്വ=യോജയ=കൂട്ടിച്ചേർക്കൂ)

**11. അവ സൃജാ വനസ്പതേ (1.13.11)**

അവ/സൃജ/വനസ്പതേ/ എന്ന് പദപാഠം. വനസ്പതേ എന്ന പദം പിന്നീട് വരുന്നതിനാൽ സൃജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അവസൃജ=സമർപയ=സമർപ്പിയ്ക്കൂ)

**14. അഗ്നേ രക്ഷാണസ്തിഷ്ഠാ ഹിരണ്യയം**
**സോതാ വരേണ്യം ശോചാ മരുദ്വൃധഃ ।**
**ശിക്ഷാ സ്തോതൃഭ്യോ ഭൂമാ ത്രിബന്ധുരഃ**
**പിബാ മധൂനാം സോതാ പരീതി ച ॥**

അഗ്നേ രക്ഷാണഃ, തിഷ്ഠാ ഹിരണ്യം, സോതാ വരേണ്യം, ശോചാ മരുദ്വൃധഃ, ശിക്ഷാ സ്തോതൃഭ്യഃ, ഭൂമാ ത്രിബന്ധുരഃ, പിബാ മധൂനാം, സോതാ പരി- ഈ പദങ്ങളിലും പൂർവ്വപദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരും. (അഗ്നേ രക്ഷാണഃ എന്ന വാക്യത്തിൽ അഗ്നേ എന്ന് പൂർവ്വത്തിൽ വരുന്ന രക്ഷ എന്ന പദത്തിലെ അന്ത്യസ്വരത്തിന് നഃ എന്ന പദം പരമാവുമ്പോൾ പ്ലുതി വരുമെന്ന് പറയണം. ഇതിൽമാത്രം മൂന്നു പദങ്ങളുണ്ട്. ബാക്കി എല്ലാം ദ്വൈപദികങ്ങളാണ്)

കാരികയുടെ വിശദമായ അർത്ഥം ഇതാണ്:-

1. അഗ്നേ എന്ന പദം പൂർവ്വം വരുന്ന രക്ഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് നഃ എന്ന പദം പിന്നീടു വന്നാൽ പ്ലുതി വരും.
2. ഹിരണ്യയം എന്ന പദം പിന്നീടു വന്നാൽ തിഷ്ഠ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
3. വരേണ്യം എന്ന പദം പിന്നീടു വരുന്നുണ്ടെങ്കിൽ സോത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
4. മരുദ്വൃധഃ എന്ന പദം പിന്നീടു വരുന്നുണ്ടെങ്കിൽ ശോച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
5. സ്തോതൃഭ്യഃ എന്ന പദം പിന്നീട് വരുന്നുണ്ടെങ്കിൽ ശിക്ഷ എ

ന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.

6. ത്രിബന്ധുരഃ എന്ന പദം പിന്നീട് വരുന്നുണ്ടെങ്കിൽ ഭൂമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
7. മധൂനാം എന്ന പദം പിന്നീട് വരുന്നുണ്ടെങ്കിൽ പിബ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
8. പരി എന്ന പദം പിന്നീട് വന്നാൽ സോത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. അഗ്നേ രക്ഷാണോ അംഹസഃ (7.15.13)**

അഗ്നേ/രക്ഷ/നഃ/അംഹസഃ/ എന്നാണ് ഇവിടെ പദപാഠം.

അഗ്നേ എന്ന പദം പൂർവ്വമുള്ള രക്ഷ എന്ന പദം കഴിഞ്ഞ് നഃ എന്ന പദം ഉള്ളതിനാൽ രക്ഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

അഗ്നേ എന്ന പദം പൂർവ്വമില്ലാത്ത രക്ഷ എന്ന പദത്തിന് നഃ എന്ന പദം പിന്നീടുണ്ടെങ്കിലും അന്ത്യസ്വരത്തിന് പ്ലുതി വരികയില്ല.

തേന സോമാഭിരക്ഷ നഃ (9.114.4)

തേന/സോമ/അഭി/രക്ഷ/നഃ/ എന്നാണ് ഇവിടെ പദപാഠം. രക്ഷ എന്ന പദം കഴിഞ്ഞ് നഃ എന്നുണ്ടെങ്കിലും പൂർവ്വം അഭി എന്ന പദമാണുള്ളത്. അഗ്നേ എന്ന പദം ഇല്ല. അതിനാൽ രക്ഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**2. രഥം തിഷ്ഠാ ഹിരണ്യയം (8.69.16)**

രഥം/തിഷ്ഠ/ഹിരണ്യയം/ എന്നാണ് ഇവിടെ പദപാഠം. ഹിരണ്യയം എന്ന പദം പിന്നീട് വന്നതിനാൽ തിഷ്ഠ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു (ഹിരണ്യയം=ഹിരണ്മയം)

**3. സോമം സോതാ വരേണ്യം (8.1.19)**

സോമം/സോത/വരേണ്യം/ എന്നാണ് ഇവിടെ പദപാഠം. വരേണ്യം എന്ന പദം പിന്നീട് വന്നതിനാൽ സോത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (സോത=അഭിഷുണുത=സംസ്കരിയ്ക്കുക; വരേണ്യം=ശ്രേഷ്ഠം)

**4. ശം നഃ ശോചാ മരുദ്വൃധഃ (3.13.6)**

ശം/നഃ/ശോച/മരുദ്വൃധഃ/ എന്നാണ് പദപാഠം. മരുദ്വൃധഃ എന്ന പദം പിന്നീട് വന്നതിനാൽ ശോച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (മരുത്വൃധഃ=മ

രുത്തുക്കളാൽ വർദ്ധിയ്ക്കുന്നവൻ).

**5. ശിക്ഷാ സ്തോതൃഭ്യോ മാതി ധക് (2.11.21)**

ശിക്ഷ/സ്തോതൃഭ്യഃ/മാ/അതി/ധക്/ എന്നാണ് ഇവിടെ പദപാഠം. സ്തോതൃഭ്യഃ എന്ന പദം പിന്നീട് വന്നതിനാൽ ശിക്ഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നു. (ശിക്ഷ =ദേഹി=തന്നാലും; മാ ധക്=മാ ദാഃ=കൊടുക്കരുത്)

**6. സ പപ്രഥാനോ അഭി പഞ്ച ഭൂമാ ത്രിവന്ധുരം (7.69.2)**

സഃ/പപ്രഥാനഃ/അഭി/പഞ്ച/ഭൂമ/ത്രി/വന്ധുരഃ/ എന്നാണ് ഇവിടെ പദപാഠം.

ഭൂമ എന്ന പദം കഴിഞ്ഞ് ത്രിവന്ധുരഃ എന്ന പദം ഉള്ളതിനാൽ ഭൂമ എന്നതിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (പഞ്ചഭൂമ=പഞ്ചഭൂതങ്ങൾ)

**7. അഗ്രം പിബാ മധൂനാം (4.46.1)**

അഗ്രം/പിബ/മധൂനാം/ എന്നാണ് ഇവിടെ പദപാഠം. മധൂനാം എന്ന പദം പിന്നീട് വന്നതിനാൽ പിബ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**8. ആ സോതാ പരിഷിഞ്ചത (9.108.7)**

ആ/സോത/പരി/സിഞ്ചത/എന്നാണ് ഇതിന്റെ പദപാഠം. പരി എന്ന പദം പിന്നീട് വന്നതിനാൽ സോത എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

പാദാന്തത്തിലല്ലാത്ത പദാന്തഹ്രസ്വത്തിന് പ്ലുതി (ദീർഘം) വരുന്നതിന്റെ ഉദാഹരണങ്ങളാണ്. 8-ാമത്തെ കാരിക മുതൽ കാണിച്ചത്.

ഇനി പാദാദിയിലെ പദാന്തഹ്രസ്വത്തിന് പ്ലുതി വരുന്ന കാര്യമാണ് വിധിയ്ക്കുന്നത്.

**15. സക്ഷ്വ മിമിക്ഷ്വ ദധിഷ്വ വസിഷ്വ**
**ശ്രോത സുനോത ഹിനോത പുനാത ।**
**വിദ്മ ജഗൃംഭ രരംഭ വവന്മ**
**ക്ഷാമ സുപപ്തനി മന്ഥത മത്സ്വ ।।**

**16. സര രദ രണ ജിന്വ ധാരയാർഷ**
**ക്ഷര യജ യച്ഛ ദശസ്വ സാധ സേധ ।**
**തപ രുജ മൃള വർദ്ധ യാവയാത്ര**
**ശ്രവയ നമസ്യ വിദാഷ്ട കൃഷ്വജോഷ ।।**

**17. ശൃണുധി ശൃണുത യന്ത യച്ഛത**
**സ്തവ സിമ ഗൂഹത കുത്ര മോഷഥ ।**

**ദി ധ്യുത പചത വൃശ്ച വിധ്യതാഥ**
**മദഥാത്ത യദീത പാഥന ॥**

**18. ഉപാഗത്യാ ഖ്വലീകൃത്യ വവ്രാജാവിഷ്ടനോരുഷ്യ ।**
**ഇഷ്കർത്തേളിഷ്വ മർമൃജ്മ വിഭയേയർത തച്ഛതം ॥**

**19. സാർദ്ധമദ്യാദിഭിഃ പ്ലുതൈഃ പാദാദൌ വ്യഞ്ജനോദയ ।**
**ന്വേവവർജം ന സംയോഗേ ശേഷേ ചാപഠിതേ സതി ॥**

1. സക്ഷ്വ. 2. മിമിക്ഷ്വ. 3. ദധിഷ്വ. 4. വസിഷ്വ. 5. ശ്രോത. 6. സുനോത. 7. ഹിനോത. 8. പുനാത. 9. വിദ്മ. 10. ജഗൃംഭ. 11. രരംഭ. 12. വവന്മ. 13. ക്ഷാമ. 14. സുപപ്തനി. 15. മന്ഥത. 16. മത്സ്വ. 17. സര. 18. രദ. 19. രണ. 20. ജിന്വ. 21. ധാരയ. 22. അർഷ. 23. ക്ഷര. 24. യജ. 25. യച്ഛ. 26. ദശസ്യ. 27. സാധ. 28. സേധ. 29. തപ. 30. രുജ. 31. മൃള. 32. വർദ്ധ. 33. യാവയ. 34. അത്ര. 35. ശ്രവയ. 36. നമസ്യ. 37. വിദ. 38. അഷ്ട. 39. കൃഷ്വ. 40. ജോഷ. 41. ശൃണുധി. 42. ശൃണുത. 43. യന്ത. 44. യച്ഛത. 45. സ്തവ. 46. സിമ. 47. ഗൂഹത. 48. കുത്ര. 49. മോഷഥ. 50. ദിധൃത. 51. പചത. 52. വൃശ്ച. 53. വിധ്യത. 54. അഥ. 55. മദഥ. 56. അത്ത. 57. യദി. 58. ഇത. 59. പാഥന. 60. ഉപാഗത്യ. 61. അഖ്വലീകൃത്യ. 62. വവ്രാജ. 63. അവിഷ്ടന. 64. ഉരുഷ്യ. 65. ഇഷ്കർത്ത. 66. ഈളിഷ്വ. 67. മർമൃജ്മ. 68. വിഭയ. 69. ഇയർത്ത. എന്നീ 69 പദങ്ങളും, 8-ാം കാരിക മുതൽ 14-ാം കാരിക വരെ പറയപ്പെട്ട 1. അദ്യ. 2. പുരു. 3. വഹ. 4. വർധയ. 5. നു. 6. ഭര. 7. ഭവ. 8. ശോച. 9. ഏവ. 10. കർത. 11. സാദയ. 12. അർച. 13. തിഷ്ഠ. 14. സന. 15. പാരയ. 16. ബോധ. 17. ചകൃമ. 18. ശംസ. 19. ഉച്ഛ. 20. വദ. 21. അജ. 22. ജംഭയ. 23. അധ. 24. ഗന്ത. 25. യുക്ഷ്വ. 26. സൃജ. 27. രക്ഷ. 28. സോത. 29. ശിക്ഷ. 30. ഭൂമ. 31. പിബ. എന്നീ 31 പദങ്ങളുമടക്കം 100 പദങ്ങൾക്ക്, അവ പാദാദിയിലാണെങ്കിൽ, വ്യഞ്ജനാക്ഷരം പിന്നീട് വന്നാൽ, പ്ലുതി വരും.

100 പദങ്ങളിൽ നു, ഏവ എന്നിവയൊഴികെയുള്ളവയ്ക്ക് കൂട്ടക്ഷര(സംയോഗം)മാണ് പരമായിരിയ്ക്കുന്നത് എങ്കിൽ പ്ലുതി വരുകയില്ല.

ബാക്കിയുള്ള ദീർഘീഭാവവിധിയിൽ എടുത്തുപറയാത്തതും, സ്വസ്തയ ഉത്തരാണി (8/6), ഘാത്വദ്രിക് എന്നിങ്ങനെ കൂട്ടക്ഷരം പരമായാലും പ്ലുതി വിധിയ്ക്കപ്പെടുന്ന പദങ്ങളുടെ കൂടെ പറയാത്തതുമായ പദങ്ങൾക്കും കൂട്ടക്ഷരം പരമായാൽ പ്ലുതി വരികയില്ല എന്നു മനസ്സിലാക്കിയിരിയ്ക്കണം.

**ഉദാഹരണങ്ങൾ**

**1. സക്ഷ്വാ ദേവ പ്രണസ്പുരഃ (1.42.1)**

സക്ഷ്വ/ദേവ/പ്ര/നഃ/പുരഃ/ എന്നാണ് പദപാഠം. സക്ഷ്വ എന്ന പദം പാദാദിയിൽ വരുന്ന പദമാണ്. അതുകഴിഞ്ഞ് ദേവ എന്ന പദത്തിലെ ദകാരമാകുന്ന വ്യഞ്ജനം പരമായിട്ടുണ്ട്. അതിനാൽ സക്ഷ്വ എന്നതിന്റെ അന്ത്യസ്വരത്തിന് സംഹിതയിൽ പ്ലുതിവരുന്നു.

പ്രസക്ഷ്വ=പുരതോ ഗച്ഛ(മുൻപേ ഗമിച്ചാലും)

**2. മിമിക്ഷ്വാ സമിളാഭിരാ (1.48.16)**

മിമിക്ഷ്വ/സം/ഇളാഭിഃ/ആ/ എന്നാണ് ഇവിടെ പദപാഠം. സ എന്ന വ്യഞ്ജനം പരമായതിനാൽ മിമിക്ഷ്വ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

സംമിമിക്ഷ്വ=സംയോജയ

**3. ദധിഷ്വാ ജഠരേ സുതം (3.40.5)**

ദധിഷ്വ/ജഠരേ/സുതം/ എന്നാണ് പദപാഠം, ജഠരേ എന്ന പദത്തിലെ ജകാരം പരമായി വന്നതിനാൽ, പാദാദിയിലുള്ള ദധിഷ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. -ദധിഷ്വ=ധാരയ (വഹിയ്ക്കൂ).

**4. വസിഷ്വാ ഹി മിയേധ്യ (1.26.1)**

വസിഷ്വ/ഹി/മിയേധ്യ/ എന്നാണ് പദപാഠം. ഹി എന്ന പദത്തിലെ ഹകാരമാകുന്ന വ്യഞ്ജനം പിന്നീട് വരുന്നതിനാൽ വസിഷ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

വസിഷ്വ=ആച്ഛാദയ(മൂടുക); മിയേധ്യ=യജ്ഞയോഗ്യ.

**5. ശ്രോതാ ഹവം ജരിതുരേവയാമരുത (5.87.8)**

ശ്രോത/ഹവം/ജരിതുഃ/ഏവയാമരുതഃ/ എന്നാണ് പദപാഠം. ഹവം എന്ന പദത്തിലെ ഹകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ ശ്രോത എന്ന, പദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

ശ്രോത=ശ്രവിച്ചാലും

**6. സുനോതാ സോമപാവ്നേ (7.32.8)**

സുനോത/സോമപാവ്നേ/ എന്നാണ് പദപാഠം. പാദാദിയിലുള്ള സുനോത എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് വ്യഞ്ജനം പരമായതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു.

**7. ഹിനോതാ നോ അധ്വരം (10.30.11)**

ഹിനോത/നഃ/അധ്വരം/ എന്നാണ് ഇവിടെ പദപാഠം. പാദാദിയിലുള്ള ഹിനോത എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് നഃ എന്ന വ്യഞ്ജനം പരമായി വന്നതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു.

**8. പുനാതാ ദക്ഷസാധനം (9.104.3)**

പുനാത/ദക്ഷ/സാധനം/ എന്നാണ് പദപാഠം. പാദാദിയിലുള്ള പുനാത എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് ദക്ഷസാധനം എന്ന പദത്തിലെ ദ എന്ന വ്യഞ്ജനം പരമായി വന്നതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു.

**9. വിദ്മാ തേ അഗ്നേ ത്രേധാ ത്രയാണി (10.45.2)**

വിദ്മ/തേ/അഗ്നേ/ത്രേധാ/ത്രയാണി/ എന്നാണ് പദപാഠം. വിദ്മ എന്ന പദം പാദാദിയിലാണുള്ളത്. തേ എന്ന പദത്തിലെ തകാരമാകുന്ന വ്യഞ്ജനം പരമായിട്ടുണ്ട്. അതിനാൽ വിദ്മ എന്നതിന്റെ അന്ത്യസ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**10. ജഗൃംഭാ തേ ദക്ഷിണമിന്ദ്ര ഹസ്തം (10.47.1)**

ജഗൃംഭ/തേ/ദക്ഷിണം/ഇന്ദ്ര/ഹസ്തം/എന്നാണ് പദപാഠം. പാദാദിയിലുള്ള ജഗൃംഭ എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് തേ എന്ന പദത്തിലെ ത എന്ന വ്യഞ്ജനം പരമായതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു. (ജഗൃംഭ=പിടിയ്ക്കുന്നു)

**11. രരംഭാ ശവസസ്പതേ**

ശവസസ്പതേ എന്ന പദത്തിലെ ശകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായി വന്നതിനാൽ രരംഭ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**12. വവന്മാ നു തേ യുജ്യാഭിഃ (7.37.5)**

വവന്മ/നു/തേ/യുജ്യാഭിഃ/ എന്നു പദപാഠം. ഇവിടെ നു എന്ന പദത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ വവന്മ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**13. ക്ഷാമാ യേ വിശ്വധായസഃ (10.176.1)**

ക്ഷാമ/യേ/വിശ്വധായസഃ/ എന്നാണ് പദപാഠം. ക്ഷാമ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. യേ എന്ന പദത്തിലെ യകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ.

**14. സുപപ്തനീ പേതഥുഃ ക്ഷോദസോ മഹഃ (1.182.5)**

സുപപ്തനി/പേതഥുഃ/ക്ഷോദസഃ/മഹഃ/ എന്നു പദപാഠം. പേ

തഥുഃ എന്ന പദത്തിലെ പകാരമാകുന്ന വ്യഞ്ജനം പരമായതി നാൽ സുപപ്തനി എന്ന പാദാദിയിലുള്ള പദത്തിലെ അന്ത്യസ്വ രത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**15. മന്ഥതാ നരഃ കവിമദ്വയന്തം (3.29.5)**

മന്ഥത/നരഃ/കവിം/അദ്വയന്തം/എന്നാണ് ഇവിടെ പദപാഠം. നരഃ എന്ന പദത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായതി നാൽ മന്ഥത എന്ന പാദാദിയിലുള്ള പദത്തിലെ അന്ത്യസ്വരത്തി ന് പ്ലുതി വന്നിരിയ്ക്കുന്നു. (മന്ഥത=കടഞ്ഞെടുക്കൂ)

**16. മത്സ്വാ സുശിപ്രമന്ദിഭിഃ (1.9.3)**

മത്സ്വ/സുശിപ്ര/മന്ദിഭിഃ/ എന്നാണ് പദപാഠം. സുശിപ്ര എ ന്ന പദത്തിലെ സകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ മ ത്സ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നി രിയ്ക്കുന്നു.

മത്സ്വ=സന്തുഷ്ടനായാലും. സുശിപ്ര=ശോഭനമായ ഹനു അ ഥവാ നാസികയോടു കൂടിയവനേ. മന്ദിഭിഃ=സന്തുഷ്ടനാക്കുന്ന.

**17. സരാ രസേവ വിഷ്ടപം (9.41.6)**

സര/രസാƒഇവ/വിഷ്ടപം/ എന്നാണ് ഇവിടെ പദപാഠം. രസ എന്ന പദത്തിലെ രേഫമാകുന്ന വ്യഞ്ജനം പരമായി വന്നതി നാൽ സര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**18. രദാ പൂഷേവ നഃ സനിം (6.61.6)**

രദ/പൂഷാƒഇവ/നഃ/സനിം/ എന്നാണ് ഇവിടെ പദപാഠം. പൂ ഷാ എന്ന പദം പിന്നീടു വരുന്നതിനാൽ രദ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നു.

**19. രണാ യോ അസ്യ ധർമ്മഭിഃ**

യഃ എന്ന പദത്തിലെ യകാരമാകുന്ന വ്യഞ്ജനം പിന്നീട് വ ന്നതിനാൽ രണ എന്ന പാദാദിയായ പദത്തിലെ അന്ത്യസ്വരത്തി ന് പ്ലുതി വന്നിരിയ്ക്കുന്നു.

**20. ജിന്വാ ധിയോ വസുവിദഃ (8.60.12)**

ജിന്വ/ധിയഃ/വസുവിദഃ/ എന്നാണ് പദപാഠം. ധിയഃ എന്ന പ ദത്തിലെ ധകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായതിനാൽ പാദ ത്തിന്റെ ആദ്യത്തിലുള്ള ജിന്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

ജിന്വ=പ്രീണയ=പ്രീതിപ്പെടുത്തൂ.

**21. ധാരയാ ചമസാ് ഇവ (10.25.4)**

ധാരയ/ചമസാൻƒഇവ/ എന്നാണ് ഇവിടെ പദപാഠം. ചമസാൻ എന്ന പദത്തിലെ ആദ്യത്തിലുള്ള ചകാരമാകുന്ന വ്യഞ്ജനം പ രമായതിനാൽ ധാരയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വര ത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**22. അർഷാ സോമ ദ്യുമത്തമഃ (9.65.19)**

അർഷ/സോമ/ദ്യുമത്ƒതമഃ/ എന്നാണ് ഇവിടെ പദപാഠം. സോമ എന്ന പദത്തിലെ സകാരമാകുന്ന വ്യഞ്ജനം പരമായി വ ന്നതിനാൽ അർഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തി ന് പ്ലുതി വന്നിരിയ്ക്കുന്നു.

**23. ക്ഷരാ ണോ അഭി വാര്യം (9.35.3)**

ക്ഷര/നഃ/അഭി/വാര്യം/ എന്നാണ് പദപാഠം.നഃ എന്ന പദ ത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ക്ഷര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരി യ്ക്കുന്നു.

**24. യജാ നോ മിത്രാവരുണാ (1.75.5)**

യജ/നഃ/മിത്രാവരുണാ/എന്നാണ് പദപാഠം. നഃ എന്ന പദ ത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ യജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരി യ്ക്കുന്നു.

**25. യച്ഛാ നഃ ശർമ്മ സപ്രഥഃ (1.22.15)**

യച്ഛ/നഃ/ശർമ/സപ്രഥഃ/ എന്നാണ് പദപാഠം. നഃ എന്ന പദ ത്തിലെ നകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായി വന്നതിനാൽ യച്ഛ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നി രിയ്ക്കുന്നു.

ശർമ=ശരണം; സപ്രഥഃ=വിസ്താരത്തോടുകൂടിയത്.

**26. ദശസ്യാ നഃ പുർവ്വണീകഃ (6.11.6)**

ദശസ്യ/നഃ/പുരുƒഅനീക/ എന്നാണ് പദപാഠം. നഃ എന്ന പ ദത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ദശ സ്യ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നി രിയ്ക്കുന്നു. (ദശസ്യ=നൽകിയാലും)

**27. സാധാ ദിവാ ജാതവേദഃ (4.3.8)**

സാധ/ദിവഃ/ജാതƒവേദഃ/ എന്നാണ് പദപാഠം. ദിവഃ എന്ന പ ദത്തിലെ ദകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ സാ ധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരി യ്ക്കുന്നു.

**28. ദ്യുമത്തമം ദക്ഷം ധേഹ്യസ്മേ സേധാ ജനാനാം (6.44.9)**

ദ്യുമത്/തമം/ദക്ഷം/ധേഹി/അസ്മേ ഇതി/സേധ/ജനാനാം/ എന്നാണ് പദപാഠം. ജനാനാം എന്ന പദത്തിലെ ജ എന്ന വ്യഞ്ജനാക്ഷരം പരമായി വന്നതിനാൽ സേധ എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**29. തപാ തപിഷ്ഠ തപസാ (6.5.4)**

തപ/തപിഷ്ഠ/തപസാ/ എന്നാണ് പദപാഠം. തപിഷ്ഠ എന്ന പദത്തിലെ തകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ തപ എന്ന പാദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**30. രുജാ ദൃള്ഹാ ചിദ്രക്ഷസഃ (9.91.4)**

രുജ/ദൃള്ഹാ/ചിത്/രക്ഷസഃ/ എന്നാണ് പദപാഠം. ദൃള്ഹാ എന്ന പദത്തിലെ ദകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ പാദാദിയിലുള്ള രുജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

ദൃള്ഹാ ചിത്=ദൃഢാന്യപി (ദൃഢങ്ങളാണെങ്കിലും; രുജ=വിനാശയ=നശിപ്പിയ്ക്കൂ)

**31. മൃളാ നോ രുദ്രോതനഃ (1.114.2)**

മൃള/നഃ/രുദ്ര/ഉത/നഃ/ എന്നാണ് പദപാഠം. നഃ എന്ന പദത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ മൃള എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

മൃള=സുഖയ (സുഖിപ്പിയ്ക്കൂ), അഥവാ സുഖിപ്പിയ്ക്കുന്നവനായിത്തീരൂ; ഉത=മാത്രമല്ല.

**32. വർധാ നോ അമവച്ഛവഃ (8.75.13)**

വർധ/നഃ/അമ/വത്/ശവഃ/ എന്നാണ് പദപാഠം. നഃ എന്ന പദത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള വർധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അമവത്=ബലത്തോടുകൂടിയ; ശവഃ=വേഗം)

**33. യാവയാ വൃക്യം വൃകം (10.127.6)**

യവയ/വൃക്യം/വൃകം. എന്നാണ് പദപാഠം. വൃക്യം എന്ന പദത്തിലെ വകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായി വന്നതിനാൽ യവയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. യാവയ എന്ന പദം പാദാദിയിലാ

ണുള്ളത്. (വൃക്യം വൃകം ച=വൃകസ്ത്രീയേയും വൃകത്തേയും; യവയ=(ഞങ്ങളിൽനിന്ന്) വേർപ്പെടുത്തൂ.)

**34. അത്രാ തേ രൂപമുത്തമം (1.163.7)**

അത്ര/തേ/രൂപം/ഉത്/തമം/ എന്നാണ് പദപാഠം. തേ എന്ന പദത്തിലെ തകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ അത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**35. ശ്രവയാ വാചം കുവിദങ്ഗ വേദത് (8.96.12)**

ശ്രവയ/വാചം/കുവിത്/അംഗ/വേദത്/ എന്നാണ് പദപാഠം.

വാചം എന്ന പദത്തിൽ വകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ശ്രവയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**36. നമസ്യാ കല്മലീകിനം (2.33.8)**

നമസ്യ/കല്മലീകിനം/ എന്നാണ് പദപാഠം. കല്മലീകിനം എന്ന പദത്തിലെ ആദിയിലുള്ള കകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള നമസ്യ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (കല്മലീകിനം=തേജസ്വിനം (തേജസ്സുള്ളവനായ)

**37. വിദാ ചിന്നു മഹാന്തഃ (5.41.13)**

വിദ/ചിത്/നു/മഹാന്തഃ/ എന്നാണ് പദപാഠം. ചിത് എന്ന പദത്തിലെ ചകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ പാദാദിയിലുള്ള വിദ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**38. അഷ്ടാ പരഃ സഹസ്രാ (8.2.41)**

അഷ്ട/പരഃ/സഹസ്രാ/ എന്നാണ് പദപാഠം. പരഃ എന്ന പദത്തിലെ പകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള അഷ്ട എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**39. കൃഷാ കൃത്നോ അകൃതം (6.18.15)**

കൃഷ/കൃത്നോ ഇതി/അകൃതം/ എന്നാണ് പദപാഠം. കൃത്നോ എന്ന പദത്തിലെ കകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള കൃഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (കൃഷ=കുരുഷ=ചെയ്താലും; കൃത്നു=അനേകം കർമ്മങ്ങൾ ചെയ്തവൻ. കൃത്നോ എന്നത് അതിന്റെ സംബോധനയാണ്)

**40. ജോഷാ സവിതർയസ്യ തേ (10.158.2)**

ജോഷ/സവിതഃ/യസ്യ/തേ/ എന്നാണ് പദപാഠം. സവിതഃ എന്ന പദത്തിലെ സകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള ജോഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

(ജോഷ=സേവസ്വ=സ്വീകരിച്ചാലും)

**41. ശൃണുധീ ജരിതുർഹവം (8.13.7)**

ശൃണുധി/ജരിതുഃ/ഹവം/എന്നാണ് പദപാഠം. ജരിതുഃ എന്ന പദത്തിന്റെ ആദിയിലുള്ള ജകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ശൃണുധി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**42. ശൃണുതാ മ ഇമം ഹവം (2.41.13)**

ശൃണുത/മേ/ഇമം/ഹവം/ എന്നാണ് പദപാഠം. മേ എന്ന പദത്തിന്റെ ആദിയിലുള്ള മകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ശൃണുത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**43. യന്താ നോ$f$വൃകം ഛർദിഃ (8.27.4)**

യന്ത/നഃ/അവൃകം/ഛർദിഃ/ എന്നാണ് പദപാഠം. നഃ എന്ന പദത്തിന്റെ ആദിയിലുള്ള നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ യന്ത എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

യന്ത=തന്നാലും; അവൃകം=ബാധകളൊന്നുമില്ലാതെ; ഛർദിഃ=ഗൃഹം.

**44. യച്ഛതാ നോ ദുഷ്പരിഹന്തു ശർമ (2.27.6)**

യച്ഛത/നഃ/ദുഃ$f$പരിഹന്തു/ശർമ/ എന്നാണ് പദപാഠം. നഃ എന്ന പദത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ യച്ഛത എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

(ദുഷ്പരിഹന്തു=നശിപ്പിയ്ക്കാൻ പറ്റാത്ത; ശർമ=സുഖം)

**45. സ്തവാ നു ത ഇന്ദ്ര പൂർവ്യാ (2.11.6)**

സ്തവ/നു/തേ/ഇന്ദ്ര/പൂർവ്യാ/ എന്നാണ് പദപാഠം. നു എന്ന പദത്തിന്റെ നകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായി വന്നതിനാൽ സ്തവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

(പൂർവ്യാ=പഴയ; നു=വേഗത്തിൽ; സ്തവ=സ്തുതിയ്ക്കുന്നു)

**46. സിമാ പുരൂ നൃഷൂത (8.4.1)**

സിമ/പുരു/നൃƒസൂത/ എന്നാണ് പദപാഠം. പുരു എന്ന പദത്തിലെ ആദിയിലുള്ള പകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായതിനാൽ സിമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

(സിമ=ശ്രേഷ്ഠ!; പുരു=ധാരാളം; നൃഷൂതസ്തോതാക്കളാൽ പ്രേരിപ്പിയ്ക്കപ്പെടുന്നവനേ)

**47. ഗുഹതാ ഗുഹ്യം തമഃ (1.86.10)**

ഗുഹത/ഗുഹ്യം/തമഃ/ എന്നാണ് പദപാഠം. ഗുഹ്യം എന്ന പദത്തിലെ ഗകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ഗൂഹത എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ഗൂഹത=കാണാതാക്കൂ;ഗുഹ്യം =ഗുഹയിലുള്ള.)

**48. കുത്രാ ചിദ്യസ്യ സമൃതൌ (5.7.2)**

കുത്ര/ചിത്/യസ്യ സമ്ƒഋതൌ/ എന്നാണ് പദപാഠം. ചിത് എന്ന പദത്തിലെ ചകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ കുത്ര എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (സമൃതൌ=സമ്പ്രാപ്തനായപ്പോൾ)

**49. മോഷഥാ വൃക്ഷം കപനേവ വേധസാ (5.54.6)**

മോഷഥ/വൃക്ഷം/കപനാƒഇവ/വേധസഃ/ എന്നാണ് പദപാഠം. വൃക്ഷം എന്ന പദത്തിലെ ആദിയിലുള്ള വകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള മോഷഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**50. ദിധൃതാ യച്ച ദുഷ്ടരം (1.139.8)**

ദിധൃത/യത്/ച/ദുസ്തരം/ എന്നാണ് പദപാഠം. യത് എന്ന പദത്തിന്റെ ആദിയിലുള്ള യകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള ദിധൃത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**51. പചതാ പക്തീരവസേ (7.32.8)**

പചത/പക്തീഃ/അവസേ/ എന്നാണ് പദപാഠം. പക്തീഃ എന്ന പദത്തിലെ ആദിയിലുള്ള പകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായി വന്നതിനാൽ പാദാദിയിലുള്ള പചത എന്ന പദത്തിലെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**52. വൃശ്ചാ മധ്യം പ്രത്യഗ്രം (3.30.17)**

വൃശ്ച/മധ്യം/പ്രതി/അഗ്രം/ എന്നാണ് പദപാഠം. മധ്യം എന്ന പദത്തിലെ മകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള വൃശ്ച എന്ന പദത്തിലെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (വൃശ്ച=മുറിച്ചാലും)

**53. വിധ്യതാ വിദ്യുതാ രക്ഷഃ (1.86.9)**

വിധ്യത/വി/ദ്യുതാ/രക്ഷഃ/ എന്നാണ് പദപാഠം. വിദ്യുതാ എന്ന പദത്തിന്റെ ആദിയിലുള്ള വകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ വിധ്യത എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**54. അഥാ തേ അന്തമാനാം (1.4.3)**

അഥ/തേ/അന്തമാനാം/ എന്നാണ് പദപാഠം. തേ എന്ന പദത്തിന്റെ ആദിയിലുള്ള തകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള അഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

(അന്തമാനാം=ഏറ്റവും അടുത്തുള്ള)

**55. മദഥാ വൃക്തബർഹിഷഃ (8.7.20)**

മദഥ/വൃക്ത/ബർഹിഷഃ/എന്നാണ് പദപാഠം. വൃക്തബർഹിഷഃ എന്ന പദത്തിലെ ആദിയിലുള്ള വകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ മദഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്ന് മദഥാ എന്നായി.

**56. അത്താ ഹവീംഷി പ്രയതാനി (10.15.11)**

അത്ത/ഹവീംഷി/പ്രയതാനി/ എന്നാണ് പദപാഠം. ഹവീംഷി എന്ന പദത്തിന്റെ ആദിയിലുള്ള ഹകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള അത്ത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അത്ത=ഭക്ഷിയ്ക്കൂ)

**57. യദീ മന്ഥന്തി ബാഹുഭിഃ (3.29.6)**

യദി/മന്ഥന്തി/ബാഹുഭിഃ/ എന്നാണ് പദപാഠം. മന്ഥന്തി എന്ന പദത്തിന്റെ ആദിയിലുള്ള മകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ യദി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**58. ഇതാ മരുതോ അശ്വിനാ (8.83.7)**

ഇത/മരുതഃ/അശ്വിനാ/ എന്നാണ് പദപാഠം. മരുതഃ എന്ന പദത്തിന്റെ ആദിയിലുള്ള മകാരമാകുന്ന വ്യഞ്ജനം പരമായതി

നാൽ ഇത എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**59. പാഥനാ ശംസാത്തനയസ്യ (1.166.8)**

പാഥന/ശംസാത്/തനയസ്യ/ എന്നാണ് പദപാഠം. ശംസാത് എന്ന പദത്തിന്റെ ആദിയിലുള്ള ശകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാഥന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വന്ന് സംഹിതയിൽ പാഥനാ എന്നായിരിയ്ക്കുന്നു. (പാഥന=രക്ഷിയ്ക്കൂ)

ഋഗ്വേദപ്രാതിശാഖ്യത്തിൽ അടുത്ത പദമായിക്കാണുന്നത് ഉപാഗത്യ എന്ന പദമാണ്. ഉപാഗത്യ എന്ന് സംഹിതയിൽ കാണുന്നില്ല എന്ന് ഉവടൻ പറയുന്നു. എന്നാൽ വൃത്തിയിൽ ഈ ഉദാഹരണം കണ്ടു. അതിനാൽ അത് എഴുതുകയാണ് എന്നു പറഞ്ഞുകൊണ്ട് ഉദാഹരണം കാണിയ്ക്കുന്നു.

**60. ഉപാഗത്യാ സോമ്യാസഃ എന്ന്.**

ഇവിടെ ഉപാഗത്യ എന്നത് ഉപാഗത്യാ എന്നായിട്ടുണ്ട്.

**61. അഖ്ഖലീകൃത്യാ പിതരം ന പുത്രഃ (7.103.3)**

അഖ്ഖലീകൃത്യ/പിതരം/ന/പുത്രഃ/ എന്നാണ് പദപാഠം. പിതരം എന്ന പദത്തിന്റെ ആദിയിലുള്ള പകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ പാദാദിയിലുള്ള അഖ്ഖലീകൃത്യ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അഖ്ഖലീകൃത്യ=അഖ്ഖല എന്ന ശബ്ദം ഉണ്ടാക്കിക്കൊണ്ട്)

**62. വവ്രാജാ സീമനദതീഃ (3.1.6)**

വവ്രാജ/സീം/അനദതീഃ/ എന്നാണ് പദപാഠം. സീം എന്ന പദത്തിന്റെ ആദിയിലുള്ള സകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ വവ്രാജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

(അനദതീഃ=അഭക്ഷയന്തീഃ=ഭക്ഷിയ്ക്കാത്ത; സീം=എല്ലായിടത്തും)

**63. അവിഷ്ടനാ പൈജവനസ്യ കേതം (7.18.25)**

അവിഷ്ടന/പൈജ഻വനസ്യ/കേതം/ എന്നാണ് പദപാഠം. പൈജവനസ്യ എന്ന പദത്തിലെ പകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ അവിഷ്ടന എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു (അവിഷ്ടന=രക്ഷിയ്ക്കൂ)

**64. ഉരുഷ്യാ ണോ അഘായതഃ (5.24.3)**

ഉരുഷ്യ/നഃ/അഘ/യതഃ/ എന്നാണ് പദപാഠം. നഃ എന്ന പദത്തിന്റെ ആദിയിലുള്ള നകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ ഉരുഷ്യാ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ഉരുഷ്യാ=രക്ഷിയ്ക്കൂ; അഘായതഃ=അഘത്തെ ആഗ്രഹിയ്ക്കുന്ന)

**65. ഇഷ്കർത്താ വിഹ്രുതം പുനഃ (8.1.12)**

(പ്ലുതി വരുന്നതിന്റെ ഉദാഹരണമായിട്ടാണല്ലോ ഇഷ്കർതാ എന്ന പദം പ്രാതിശാഖ്യത്തിൽ കാണിച്ചിട്ടുള്ളത്. എന്നാൽ ഇവിടെ പദപാഠത്തിലും ഇഷ്കർതാ എന്നുതന്നെയാണ് കാണിച്ചിട്ടുള്ളത്. സായണൻ അതിന് സംസ്കർതാ എന്നർത്ഥവും പറഞ്ഞിരിയ്ക്കുന്നു)

**66. ഈളിഷ്വാ ഹി പ്രതീവ്യം (8.23.1)**

ഈളിഷ്വ/ഹി/പ്രതീവ്യം/ എന്നാണ് പദപാഠം. ഹി എന്ന പദത്തിലെ ഹകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ഈളിഷ്വ എന്ന പാദാദിയിലുള്ള പദത്തിലെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ഈളിഷ്വ=സ്തുതിയ്ക്കൂ).

**67. മർമൃജ്മാ തേ തന്വം (3.18.4)**

മർമൃജ്മ/തേ/തന്വം/ എന്നാണ് പദപാഠം. തേ എന്ന പദത്തിന്റെ ആദിയിലുള്ള തകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ മർമൃജ്മ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നു.

മർമൃജ്മ=സേചനം ചെയ്യുന്നു; തന്വം=ശരീരത്തെ.

**68. വിഭയാ ഹി ത്വാവതഃ (8.45.35)**

വിഭയ/ഹി/ത്വാവതഃ/ എന്നാണ് പദപാഠം. ഹി എന്ന പദത്തിന്റെ ആദിയിലുള്ള ഹകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായി വന്നതിനാൽ വിഭയ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**69. ഇയർതാ മരുതോ ദിവഃ (8.7.13)**

ഇയർത/മരുതഃ/ദിവഃ/ എന്നാണ് പദപാഠം. മരുതഃ എന്ന പദത്തിലെ മകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ഇയർത എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ഇയർത=കൊണ്ടുവരൂ)

സക്ഷ്വ എന്ന പദം മുതൽ ഇയർത എന്ന പദം വരെ 69 പദങ്ങളാണ് വരിക. ഇവ പാദാദിയിൽ വരുകയും വ്യഞ്ജനാക്ഷരം പരമായി വരുകയും ചെയ്യുമ്പോഴാണ് ഈ പദങ്ങളുടെ അന്ത്യസ്വ

രത്തിന് പ്ലുതി വരുന്നത്. അദ്യ, പുരു തുടങ്ങിയ പദങ്ങൾക്ക് ചില പ്രത്യേക പദങ്ങൾ പരമായി വന്നാൽ പാദാദിയിലല്ലെങ്കിലും പ്ലുതി വരുമെന്നെ നേരത്തെ വിധിയ്ക്കുകയും അവയ്ക്ക് ഉദാഹരണങ്ങൾ കാണിയ്ക്കുകയുമുണ്ടായി. ഇനി അദ്യ തുടങ്ങിയ പദങ്ങൾക്ക് അവ പാദാദിയിൽ വരികയും വ്യഞ്ജനാക്ഷരം പരമാവുകയും ചെയ്യുമ്പോൾ പ്ലുതി വരുന്നതിന് ഉദാഹരണം കാണിയ്ക്കുകയാണ്. അദ്യ, പുരു, വഹ തുടങ്ങി 34 പദങ്ങളേയാണ് നേരത്തെ ചില പദങ്ങൾ പരമായി വരുമ്പോൾ പാദാദിയിലല്ലെങ്കിലും പ്ലുതി വരുന്നതായി കാണിച്ചിട്ടുള്ളത്. അവയിൽ ശോച, തിഷ്ഠ, സോത എന്നിവ രണ്ടു പ്രാവശ്യം പറഞ്ഞിട്ടുള്ളതിനാൽ 31 പദങ്ങളുടെ ഉദാഹരണങ്ങളാണ് ഇനി കാണിയ്ക്കേണ്ടത്. നേരത്തെ ഉദാഹരണം കാണിച്ച 69 പദങ്ങളോടുകൂടി ഈ 31 പദങ്ങളുംകൂടി ചേർക്കുമ്പോൾ മൊത്തം 100 പദങ്ങളാകും.

**70. അദ്യാ ദേവാസഃ പിപൃതാ സ്വസ്തയേ (10.63.8)**

അദ്യ/ദേവാസഃ/പിപൃത/സ്വസ്തയേ/ എന്നാണ് പദപാഠം. പാദാദിയിലുള്ള അദ്യ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് ദേവാസഃ എന്ന പദത്തിന്റെ ആദിയിലുള്ള ദകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു.

**71. പുരൂ ച വൃത്രാ ഹനതി (6.29.6)**

പുരു/ച/വൃത്രാ/ഹനതി/ എന്നാണ് പദപാഠം. പുരു എന്ന പാദാദിയിലുള്ള പദത്തിലെ അന്ത്യത്തിലുള്ള സ്വരത്തിന് ച എന്ന പദത്തിന്റെ ആദിയിലുള്ള ചകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (പുരു =അനേകം, ധാരാളം)

**72. വഹാ നോ ഹവ്യം പ്രഥമഃ (10.12.2)**

വഹ/നഃ/ഹവ്യം/പ്രഥമഃ/ എന്നാണ് പദപാഠം. വഹ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് നഃ എന്ന പദത്തിന്റെ ആദിയിലുള്ള നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (വഹ =എത്തിയ്ക്കൂ).

**73. വർധയാ വാചം ജനയാ പുരംധിം (9.97.36)**

വർധയ/വാചം/ജനയ/പുരംfധിം/ എന്നാണ് പദപാഠം. വർധയ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് വാചം എന്ന പദത്തിന്റെ ആദിയിലുള്ള വകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ സംഹിതയിൽ പ്ലുതി വന്നിരിയ്ക്കു

ന്നു.

**74. നൂ ച പുരാ ച സദനം (1.96.7)**

നു/ച/പുരാ/ച/സദനം/ എന്നാണ് പദപാഠം. നു എന്ന പദം കഴിഞ്ഞ് ച എന്ന പദം പരമായിട്ടുണ്ട്. നു പാദാദിയിലാണ് വരുന്നത്. ച എന്നതിന്റെ ആദിയിൽ വ്യഞ്ജനമാണ്. അതിനാൽ നു എന്നതിന്റെ ഉകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

നു, ച എന്ന രണ്ടു നിപാതനങ്ങൾക്ക് ഒരുമിച്ച് അദ്യ (ഇന്ന്) എന്നർത്ഥമാണെന്ന് സായണൻ.

**75. ഭരാ പിബന്നര്യായ (8.2.23)**

ഭര/പിബത്/നര്യായ/ എന്നാണ് പദപാഠം. ഭര എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പിബത് എന്ന പദത്തിന്റെ ആദിയിലുള്ള പകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ സംഹിതയിൽ പ്ലുതിവന്നിരിയ്ക്കുന്നു. (നര്യായ=നരന്മാർക്ക് ഹിതകരനായ ഇന്ദ്രനായിക്കൊണ്ട്)

**76. ഭവാ മിത്രോ ന ശേവ്യഃ (1.156.1)**

ഭവ/മിത്രഃ/ന/ശേവ്യഃ/ എന്നാണ് പദപാഠം. മിത്രഃ എന്ന പദത്തിലെ മകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള ഭവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (മിത്രഃ=മിതിയിൽ (ദുഃഖത്തിൽ)നിന്ന് ത്രാണനം ചെയ്യുന്നവൻ. (സഖാവ് എന്നോ ആദിത്യൻ എന്നോ അർത്ഥം പറയാം)

**77. ശോചാ ശോചിഷ്ഠ ദീദിഹി(8.60.6)**

ശോച/ശോചിഷ്ഠ/ദീദിഹി/ എന്നാണ് പദപാഠം. ശോചിഷ്ഠ എന്ന പദത്തിന്റെ ആദിയിലുള്ള ശകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള ശോച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**78. ഏവാ ഹി തേ വിഭൂതയഃ (1.8.9)**

ഏവ/ഹി/തേ/വി്ഭൂതയഃ/ എന്നാണ് പദപാഠം. ഹി എന്ന പദത്തിന്റെ ആദിയിലുള്ള ഹകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള ഏവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**79. കർതാ നഃ സ്വസ്തിമതഃ (1.90.5)**

കർത/നഃ/സ്വസ്തിമതഃ/ എന്നാണ് പദപാഠം. നഃ എന്ന പദത്തിന്റെ ആദിയിലുള്ള നകാരമാകുന്ന വ്യഞ്ജനാക്ഷരം പരമാ

യി വന്നതിനാൽ പാദാദിയിലുള്ള കർത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**80. സാദയാ യോനിഷു ത്രിഷു (1.15.4)**

സാദയ/യോനിഷു/ത്രിഷു/ എന്നാണ് പദപാഠം. യോനിഷു എന്ന പദത്തിന്റെ ആദിയിലുള്ള യകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള സാദയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (സാദയ=ഇരുത്തൂ)

**81. അർചാ ദേവായാഗ്നയേ (5.16.1)**

അർച/ദേവായ/അഗ്നയേ/ എന്നാണ് പദപാഠം. ദേവായ എന്ന പദത്തിലെ ആദിയിലുള്ള ദകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള അർച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അർച=നൽകിയാലും)

**82. തിഷ്ഠാ ഹരീ രഥ ആയുജ്യമാനാ**

ഹരീ എന്ന പദത്തിലെ ആദിയിലുള്ള ഹകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ തിഷ്ഠ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**83. സനാ ച സോമ ജേഷി ച (9.4.1)**

സന/ച/സോമ/ജേഷി/ച/ എന്നാണ് പദപാഠം. ച എന്നതിന്റെ ആദിയിലുള്ള ചകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ സന എന്ന പദത്തിലെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**84. പാരയാ തുർവശം യദും സ്വസ്തി (1.174.9)**

പാരയ/തുർവശം/യദും/സ്വസ്തി/ എന്നാണ് പദപാഠം. തുർവശം എന്ന പദത്തിന്റെ ആദിയിലുള്ള തകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാരയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

പാരയ=രക്ഷിച്ചാലും.

**85. ബോധാ സു മേ മഘവൻ (7.22.3)**

ബോധ/സു/മേ/മഘ/വൻ/ എന്നാണ് പദപാഠം. സു എന്ന പദത്തിന്റെ ആദിയിലുള്ള സകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ബോധ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**86. ചകൃമാ സത്യരാധസേ (7.31.2)**

ചക്യമ/സത്യfരാധസേ/എന്നാണ് പദപാഠം. സത്യരാധസേ എന്ന പദത്തിന്റെ ആദിയിലുള്ള സകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള ചക്യമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**87. ശംസാ മഹാമിന്ദ്രം യസ്മിൻ**

മഹാം എന്ന പദത്തിന്റെ ആദിയിലുള്ള മകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായി വന്നതിനാൽ ശംസ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**88. ഉച്ഛാ ദിവോ ദുഹിതഃ**

ദിവഃ എന്ന പദത്തിന്റെ ആദിയിലുള്ള ദകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ഉച്ഛ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**89.** വദ എന്നുള്ളതിന് ഉദാഹരണം അന്വേഷിച്ചു കണ്ടെത്തണമെന്നാണ് ഉവടൻ പറഞ്ഞിട്ടുള്ളത്. ഉവടന് കണ്ടെത്താനായില്ല എന്നു താൽപ്പര്യം.

**90. അജാ വൃത ഇന്ദ്ര ശൂരപത്നീഃ (1.174.3)**

അജ/വൃത/ഇന്ദ്ര/ശൂരfപത്നീഃ/ എന്നാണ് പദപാഠം. വൃത എന്ന പദത്തിന്റെ ആദിയിലുള്ള വകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ അജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അജ=ഗമിച്ചാലും)

**91. ജംഭയാ കൃകദാശ്വം (1.29.7)**

ജംഭയ/കൃകദാശ്വം/ എന്നാണ് പദപാഠം. കൃകദാശ്വം എന്ന പദത്തിലെ കകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ജംഭയ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു (ജംഭയ=കൊന്നാലും)

**92. അധാ ഹോതാ ന്യസീദോ (6.1.2)**

അധ/ഹോതാ/നി/അസീദഃ/ എന്നാണ് പദപാഠം. ഹോതാ എന്ന പദത്തിന്റെ ആദിയിലുള്ള ഹകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**93. ഗന്താ നോ യജ്ഞം യജ്ഞിയാഃ (5.87.9)**

ഗന്ത/നഃ/യജ്ഞം/യജ്ഞിയാഃ/ എന്നാണ് പദപാഠം. നഃ എന്ന പദത്തിന്റെ ആദിയിലുള്ള നകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ ഗന്ത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന്

സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. ഗന്ത എന്ന പദം പാദാദി യിലാണ് വരുന്നത് (ഗന്ത=ആഗമിച്ചാലും).

**94. യുക്ഷ്വാ രഥം ന ശുചയദ്ഭിരംഗൈഃ (10.5.6)**

യുക്ഷ/രഥം/ന/ശുചയദ്ഭിഃ/അംഗൈഃ/ എന്നാണ് പദപാഠം. രഥം എന്ന പദത്തിന്റെ ആദിയിലുള്ള രേഫമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ യുക്ഷ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**95. സൃജാ വത്സം ന ദാമ്നഃ**

വത്സം എന്ന പദത്തിന്റെ ആദിയിലെ വകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായി വന്നതിനാൽ പാദാദിയിലുള്ള സൃജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**96. രക്ഷാ ണോ ബ്രഹ്മണസ്പതേ (1.18.3)**

രക്ഷ/നഃ/ബ്രഹ്മണഃ/പതേ/ എന്നാണ് പദപാഠം. നഃ എന്ന പദത്തിന്റെ ആദിയിലുള്ള നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പാദാദിയിലുള്ള രക്ഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**97. സോതാ ഹി സോമമദ്രിഭിഃ (8.1.17)**

സോത/ഹി/സോമം/അദ്രിfഭിഃ/ എന്നാണ് പദപാഠം. ഹി എന്ന പദത്തിന്റെ ആദിയിലുള്ള ഹകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ പാദാദിയിലുള്ള സോത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**98. ശിക്ഷാ ണോ അസ്മിൻ പുരുഹൂത**

ശിക്ഷ/നഃ/അസ്മിൻ/പുരുഹൂത/ എന്നാണ് പദപാഠം. നഃ എന്ന പദത്തിന്റെ ആദിയിലുള്ള നകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ പാദാദിയിലുള്ള ശിക്ഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**99. ഭൂമാ പൃഷ്ഠേവ രുരുഹുഃ (5.7.5)**

ഭൂമ/പൃഷ്ഠ/ഇവ/രുരുഹുഃ/ എന്നാണ് പദപാഠം. പൃഷ്ഠേവ എന്ന പദത്തിന്റെ ആദിയിലുള്ള പകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ പാദാദിയിലുള്ള ഭൂമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**100. പിബാ സോമമിന്ദ്ര മന്ദതു (7.22.1)**

പിബ/സോമം/ഇന്ദ്ര/മന്ദതു/ എന്നാണ് പദപാഠം. സോമം എന്ന പദത്തിന്റെ ആദിയിലുള്ള സകാരമാകുന്ന വ്യഞ്ജ്നം പരമായതിനാൽ പിബ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തി

ലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

സക്ഷ്വ തുടങ്ങിയ 100 പദങ്ങളും പാദത്തിന്റെ ആദിയിൽ വരുമ്പോഴാണ് അവയുടെ അന്ത്യത്തിലുള്ള സ്വരങ്ങൾക്ക് പ്ലുതി വരുന്നത്. ഈ 100 പദങ്ങളിൽ നു, ഏവ എന്നീ പദങ്ങളൊഴികെയുള്ളവയുടെ അന്ത്യസ്വരത്തിന് സംയോഗം (കൂട്ടക്ഷരം) പരമായാൽ പ്ലുതി വരില്ല.

'പുരു ത്വാ ദാശ്വാൻ വോചേ' - 1.150.1

പുരു/ത്വാ/ദാശ്വാൻ/വോചേ/ എന്നാണ് പദപാഠം. ഇവിടെ പുരു എന്ന പദം പാദാദിയിലാണെങ്കിലും ത്വാ എന്നത് കൂട്ടക്ഷരമായതിനാൽ സംഹിതയിൽ പ്ലുതി വന്നിട്ടില്ല.

നു എന്നതിന്റേയും, ഏവ എന്നതിന്റേയും അന്ത്യസ്വരത്തിന് കൂട്ടക്ഷരം പരമായാലും പ്ലുതി വരും.

**ഉദാഹരണം**

**1. നൂ ഷ്ടുത ഇന്ദ്ര നൂ ഗൃണാനഃ (4.16.21)**

നു/സ്തുതഃ/ഇന്ദ്ര/നു/ഗൃണാനഃ/ എന്നാണ് പദപാഠം. പാദാദിയിലുള്ള നു എന്ന പദം കഴിഞ്ഞ് സ്തുതഃ (ഷ്ടുതഃ) എന്ന പദമാണ് പരമായിട്ടുള്ളത്. അത് കൂട്ടക്ഷരമാണെങ്കിലും നു എന്ന പദത്തിന് പ്ലുതി വരുന്നു.(ഗൃണാനഃ എന്ന പദം പരമായതുകൊണ്ടാണ് പാദാദിയിലല്ലാത്ത നു എന്ന പദത്തിന്റെ അന്ത്യസ്വരത്തിന്പ്ലുതി വന്നത്)

**2. ഏവാ ത്വാമിന്ദ്ര വജ്രിൻ (4.19.1)**

ഏവ/ത്വാം/ഇന്ദ്ര/വജ്രിൻ/ എന്നാണ് പദപാഠം. ത്വാം എന്ന സംയുക്താക്ഷരം പരമായിട്ടും പാദാദിയിലുള്ള ഏവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

ഇതുവരെ പറഞ്ഞിട്ടില്ലാത്ത ദീർഘീഭാവവിധാനത്തിൽ ന സംയോഗേ (കൂട്ടക്ഷരമാണ് പരമെങ്കിൽ ദീർഘീഭാവം വരില്ല) എന്ന് അധികരിച്ചുകൊള്ളണം. എന്നാൽ സ്വസ്തയ ഉത്തരാണി, ഘാത്വദ്രിക് എന്നിത്യാദി പ്രത്യേകം പറഞ്ഞിട്ടില്ലാത്തിടത്താണ് ഈ അധികാരം എന്നറിഞ്ഞുകൊള്ളണം.

ഇപ്പറഞ്ഞതിന്റെ ആശയം ഇതാണ്. 8-ാം പടലത്തിൽ 6-ാമത്തെ കാരികയിൽ മദ, പർഷ, പിപൃത, ധന്വ, യച്ഛത, രുഹേമ എന്നീ പദങ്ങൾക്ക് സ്വസ്തയ എന്ന പദം പരമാവുമ്പോൾ പ്ലുതി വിധിയ്ക്കുന്നുണ്ട്. അതേപോലെ 8-ാം പടലത്തിൽത്തന്നെ 13-ാമത്തെ കാരികയിൽ ഘ എന്നതിന് ത്വദ്രിക് എന്ന പദം പരമായി വരുമ്പോൾ പ്ലുതി വരുമെന്ന് വിധിയ്ക്കുന്നുണ്ട്. സ്വസ്തയ എന്ന പ

ദവും, ത്വദ്രിക് എന്ന പദവും ആദിയിൽ സംയുക്താക്ഷരത്തോടു കൂടിയതാണല്ലോ. അതിനാൽ അവിടെ ന സംയോഗേ (സംയുക്താക്ഷരം പരമായാൽ പ്ലുതി വരില്ല) എന്ന വിധിയ്ക്ക് പ്രസക്തിയില്ല. ഈ രീതിയിൽ പ്രത്യേകം എടുത്തുപറയാത്തിടത്തെല്ലാം 'വ്യഞ്ജനം പരമായാൽ' എന്നുള്ളത് 'കൂട്ടക്ഷരമല്ലാത്ത വ്യഞ്ജനം പരമായാൽ' എന്ന അർത്ഥത്തിലാണ് എന്നു മനസ്സിലാക്കണം.

**20. വർധ ശുഭ്രേ രുജയഃ സേധ രാജൻ**
**വഹ ഹവ്യാനി യദി മേƒധ യാമനി ।**
**വിദ്മ ധാതാരമധ ധാരയാധ**
**യദധ തേ വിശ്വം പുരു വാർച ഗായ ॥**

**21. വഹ വായോ പിബ മധ്വഃ പുരു വിദ്വാൻ**
**പുരു വിശ്വാന്യധ വായും പുരു ശസ്ത ।**
**യദി മൃത്യോരധ ജിഹ്വാ പുരു വിശ്വാ**
**പിബ ശുദ്ധം പിബ രായേ വഹ കുത്സം ॥**

**22. ഭരദ്വാജേർച ദേവായ യദി വാ പുരു ദാശുഷേ ।**
**വഹ ശുഷ്ണായാധ ബഹ്വധ യത് പുരു ഹീതി ന ॥**

1. വർധ ശുഭ്രേ, 2. രുജ യഃ, 3. സേധ രാജൻ, 4. വഹ ഹവ്യാനി, 5. യദി മേ, 6. അധ യാമനി, 7. വിദ്മ ദാതാരം, 8. അധ ധാരയാ, 9. അധ യത്, 10. അധ തേ വിശ്വം, 11. പുരു വാ, 12. അർച ഗായ, 13. വഹ വായോ, 14. പിബ മധ്വഃ, 15. പുരു വിദ്വാൻ, 16. പുരു വിശ്വാനി, 17. അധ വായും, 18. പുരു ശസ്ത, 19. യദി മൃത്യോഃ, 20. അധ ജിഹ്വാ, 21. പുരു വിശ്വാ, 22. പിബ ശുദ്ധം, 23. പിബ രായേ, 24. വഹ കുത്സം, 25. ഭരദ്വാജേ അർച ദേവായ, 26. യദി വാ, 27. പുരു ദാശുഷേ, 28. വഹ ശുഷ്ണായ, 29. അധ ബഹു, 30. അധ യത്, 31. പുരു ഹി– ഇവകളിൽ നേരത്തെ പറഞ്ഞ വിധികൊണ്ട് ലഭിയ്ക്കാവുന്ന പ്ലുതി വരില്ല.

വർധ എന്ന പദത്തിന് ശുഭ്രേ എന്ന പദമാണ് പരമായിരിയ്ക്കുന്നത് എങ്കിൽ പ്ലുതി വരില്ല.

രുജ എന്ന പദത്തിന് യഃ എന്ന പദം പരമായിരിയ്ക്കുമ്പോൾ പ്ലുതി വരില്ല.

സേധ എന്ന പദത്തിന് രാജൻ എന്ന പദം പരമായിരിയ്ക്കുമ്പോൾ പ്ലുതിവരില്ല.

വഹ എന്ന പദത്തിന് ഹവ്യാനി, വായോ, കുത്സം, ശുഷ്ണായ എന്നീ പദങ്ങൾ പരമായി വന്നാൽ പ്ലുതി വരില്ല.

യദി എന്ന പദത്തിന് മേ, മൃത്യോഃ, വാ എന്നീ പദങ്ങൾ പരമായി വന്നാൽ പ്ലുതി വരികയില്ല.

അധ എന്ന പദത്തിന് യാമനി, ധാരയാ, യത്, തേ വിശ്വം, വായും, ജിഹ്വാ, ബഹു, യത് എന്നീ പദങ്ങൾ പരമായി വന്നാൽ പ്ലുതി വരില്ല.

വിദ്മ എന്ന പദത്തിന് ദാതാരം എന്ന പദം പരമായി വന്നാൽ പ്ലുതി വരില്ല.

പുരു എന്ന പദത്തിന് വാ, വിദ്വാൻ, വിശ്വാനി, ശസ്ത, വിശ്വ, ദാശുഷേ, ഹി എന്നീ പദങ്ങൾ പരമായി വന്നാൽ പ്ലുതി വരില്ല.

അർച്ച എന്ന പദത്തിന് ഗായ എന്ന പദം പരമായിരിയ്ക്കുമ്പോൾ പ്ലുതി വരില്ല. ഭരദ്വാജമണ്ഡലത്തിൽ ദേവായ എന്ന പദം പരമായിരിയ്ക്കുമ്പോഴും പ്ലുതി വരില്ല.

പിബ എന്ന പദത്തിന് മധ്വഃ, ശുദ്ധം, രായേ എന്നീ പദങ്ങൾ പരമായിരിയ്ക്കുമ്പോൾ പ്ലുതി വരില്ല.

വർധ, രുജ തുടങ്ങിയ 10 പദങ്ങൾക്കും, അവ പാദാദിയിൽ വരുമ്പോൾ കൂട്ടക്ഷരമല്ലാത്ത വ്യഞ്ജനം പരമായാൽ പ്ലുതി വരുമെന്ന് വിധിച്ചിരുന്നു. എന്നാൽ ചില പദങ്ങൾ പരമായാൽ പ്ലുതി വരികയില്ല എന്ന് ഇപ്പോൾ വിധിയ്ക്കുന്നു.

**ഉദാഹരണം**

**1. വർധ ശുഭ്രേ സ്തുവതേ (7.95.6)**

വർധ/ശുഭ്രേ/സ്തുവതേ/ എന്നാണ് പദപാഠം. ശുഭ്രേ എന്ന പദം പരമായി വന്നതിനാൽ വർധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**2. രുജ യസ്ത്വാ പൃതന്യതി (9.53.3)**

രുജ/യഃ/ത്വാ/പൃതന്യതി/ എന്നാണ് പദപാഠം. യഃ എന്ന പദം പരമായി വന്നതിനാൽ രുജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**3. സേധ രാജന്നപ സ്രിധഃ (10.25.7)**

സേധ/രാജൻ/അപ/സ്രിധഃ/ എന്നാണ് പദപാഠം. രാജൻ എന്ന പദം പരമായി വന്നതിനാൽ സേധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**4. വഹ ഹവ്യാനി സുമനസ്യമാനഃ (10.51.5)**

വഹ/ഹവ്യാനി/സുമനസ്യമാനഃ/ എന്നാണ് പദപാഠം. ഹവ്യാനി എന്ന പദം പരമായതിനാൽ വഹ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**5. യദി മേ സഖ്യമാവര (8.13.21)**

യദി/മേ/സഖ്യം/ആ/വരഃ/ എന്നാണ് പദപാഠം. മേ എന്ന പദം പരമായതിനാൽ യദി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**6. അധ യാമനി പ്രസിതസ്യ തദ്വേഃ (4.27.4)**

അധ/യാമനി/പ്രസിതസ്യ/തത്/വേരിതി വേഃ/ എന്നാണ് പദപാഠം. യാമനി എന്ന പദം പരമായി വന്നതിനാൽ അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**7. വിദ്മ ദാതാരമിഷാം (8.46.2)**

വിദ്മ/ദാതാരം/ഇഷാം/ എന്നാണ് പദപാഠം. ദാതാരം എന്ന പദം പരമായി വന്നതിനാൽ വിദ്മ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**8. അധ ധാരയാ മധ്വാ പൃചാനഃ (9.97.11)**

അധ/ധാരയാ/മധ്വാ/പൃചാനഃ/ എന്നാണ് പദപാഠം ധാരയാ എന്ന പദം പരമായി വന്നതിനാൽ അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**9. അധ യദ് രാജാനാ ഗവിഷ്ടൗ (10.61.23)**

അധ/യത്/രാജാനാ/ഗോ/ഇഷ്ടൗ/ എന്നാണ് പദപാഠം. യത് എന്ന പദം പരമായി വന്നതിനാൽ അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**10. അധ തേ വിശ്വമനു ഹാസദിഷ്ടയേ (1.57.2)**

അധ/തേ/വിശ്വം/അനു/ഹ/അസത്/ഇഷ്ടയേ/ എന്നാണ് പദപാഠം. വിശ്വം എന്ന പദം പരമായി വരുന്ന തേ എന്ന പദം പരമായി വന്നതിനാൽ അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല. (അധ=അനന്തരം; അസത്=ആസീദ്(ഉണ്ടായിരുന്നു, ആയിരുന്നു)

വിശ്വം എന്ന പദം തേ എന്ന പദത്തിനു ശേഷം വരുന്നില്ലെങ്കിൽ അധ എന്നതിന് പ്ലുതിനിഷേധം വരികയില്ല. അതായത് പ്ലുതി വരും.

അധാ തേ വിഷ്ണോ വിദുഷാ (1.156.1)

അധ/തേ/വിഷ്ണോ ഇതി/വിദുഷാ/ എന്നാണ് പദപാഠം. ഇവിടെ തേ എന്ന പദം കഴിഞ്ഞ് വിഷ്ണോ എന്ന പദമാണ് വരുന്നത്; വിശ്വം എന്ന പദമല്ല. അതിനാൽ ഇവിടെ അധ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നു.

**11. പുരു വാരം പുരുത്മനാ (1.142.10)**

പുരു/വാ/അരം/പുരു/ത്മനാ/ എന്നാണ് പദപാഠം. വാ എന്ന ശബ്ദം പരമായി വന്നതിനാൽ പുരു എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല. (അരം=അലം (മതിയായത്); ത്മനാ=ആത്മനാ)

**12. അർച ഗായ ച വേധസേ (6.16.22)**

അർച/ഗായ/ച/വേധസേ/ എന്നാണ് പദപാഠം. ഗായ എന്ന പദം പരമായി വന്നതിനാൽ അർച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**13. വഹ വായോ നിയുതോ യാഹി (7.90.1)**

വഹ/വായോ ഇതി/നി/യുതഃ/യാഹി/ എന്നാണ് പദപാഠം. വായോ എന്ന പദം പരമായി വന്നതിനാൽ വഹ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**14. പിബ മധ്വസ്തൃപദിന്ദ്രാ വൃഷസ്വ (10.116.1)**

പിബ/മധ്വഃ/തൃപത്/ഇന്ദ്ര/ആ/വൃഷസ്വ/ എന്നാണ് പദപാഠം. മധ്വഃ എന്ന പദം പരമായി വന്നതിനാൽ പിബ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**15. പുരു വിദ്വാം ഋചീഷമ (8.92.9)**

പുരു/വിദ്വാൻ/ഋചീഷമ/എന്നാണ് പദപാഠം. വിദ്വാൻ എന്ന പദം പരമായതിനാൽ പുരു എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**16. പുരു വിശ്വാനി ജൂർവൻ (1.191.9)**

പുരു/വിശ്വാനി/ജൂർവൻ/ എന്നാണ് പദപാഠം. വിശ്വാനി എന്ന പദം പരമായി വന്നതിനാൽ പുരു എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല. ജൂർവൻ=ഹിംസിയ്ക്കുന്നവൻ.

**17. അധ വായും നിയുതഃ സശ്ചത സ്വാഃ (7.90.3)**

അധ/വായും/നി/യുതഃ/സശ്ചത/സ്വാഃ/ എന്നാണ് പദപാഠം. വായും എന്ന പദം പരമായി വന്നതിനാൽ അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**18. പുരു ശസ്തമഘത്തയേ (4.37.8)**

പുരു/ശസ്ത/മഘത്തയേ/ എന്നാണ് പദപാഠം. ശസ്ത എന്ന പദം പരമായതിനാൽ പുരു എന്ന പദത്തിലെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല. (മഘത്തയേ=ധനം ദാനം നൽകുന്നതിനായി)

**19. യദി മൃത്യോരന്തികം നീതഏവ (10.161.2)**

യദി/മൃത്യോഃ/അന്തികം/നീതഃ/ഏവ/ എന്നാണ് പദപാഠം. മൃത്യോഃ എന്ന പദം പരമായി വന്നതിനാൽ യദി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**20. അധ ജിഹ്വാ പാപതീതി (6.6.5)**

അധ/ജിഹ്വാ/പാപതീതി/ എന്നാണ് പദപാഠം. ജിഹ്വാ എന്ന പദം പരമായി വന്നതിനാൽ അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല. (പാപതീതി=അത്യധികമായി വീണ്ടും വീണ്ടും പതിയ്ക്കുന്നു)

**21. പുരു വിശ്വാ ജനിമ മാനുഷാണാം (7.62.1)**

പുരു/വിശ്വാ/ജനിമ/മാനുഷാണാം/ എന്നാണ് പദപാഠം. വിശ്വാ എന്ന പദം പരമായി വന്നതിനാൽ പുരു എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**22. പിബ ശുദ്ധമുദകമാചരന്തീ (1.164.40)**

പിബ/ശുദ്ധം/ഉദകം/ആ/ചരന്തീ/ എന്നാണ് പദപാഠം. ശുദ്ധം എന്ന പദം പരമായി വന്നതിനാൽ പാദാദിയിലുള്ള പിബ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**23. പിബ രായേ ശവസേ ഹൂയമാനഃ (10.116.1)**

പിബ/രായേ/ശവസേ/ഹൂയമാനഃ/എന്നാണ് പദപാഠം. രായേ എന്ന പദം പരമായി വന്നതിനാൽ പാദാദിയിലുള്ള പിബ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**24. വഹ കുത്സമിന്ദ്ര യസ്മിൻ (1.174.5)**

വഹ/കുത്സം/ഇന്ദ്ര/യസ്മിൻ/ എന്നാണ് പദപാഠം. കുത്സം എന്ന പദം പരമായി വന്നതിനാൽ പാദാദിയിലുള്ള വഹ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**25. അർച ദേവായ വരുണായ സപ്രഥഃ (6.68.9)**

അർച/ദേവായ/വരുണായ/സപ്രഥഃ/ എന്നാണ് പദപാഠം. ആറാം മണ്ഡലം ഭരദ്വാജനാൽ ദർശിയ്ക്കപ്പെട്ടതാണ്. അതിനാൽ ഭാരദ്വാജമണ്ഡലം എന്നു പറയുന്നു. ഭാരദ്വാജമണ്ഡലത്തിലെ 68-ാം സൂക്തത്തിലെ 9-ാമത്തെ ഋക്കാണ് ഇവിടെ ഉദാഹരണത്തിന് എടുത്തിരിയ്ക്കുന്നത്. ദേവായ എന്ന പദം പരമായതിനാൽ അർച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

ഭരദ്വാജന്റെ മണ്ഡലത്തിൽ മാത്രമേ ദേവായ എന്ന പദം പരമാവുമ്പോൾ അർച എന്നതിന് പ്ലുതി വരാതിരിയ്ക്കുള്ളൂ.

അർചാ ദേവായാഗ്നയേ (5.16.1). അർച/ദേവായ/അഗ്നയേ/

എന്നാണ് പദപാഠം. ഈ ഋക്ഭാഗം അഞ്ചാം മണ്ഡലത്തിലുള്ള താണ്. ഇവിടെ ദേവായ എന്ന പദം പരമായി വന്നിട്ടുണ്ടെങ്കിലും സംഹിതയിൽ പാദാദിയിലുള്ള അർച എന്ന പദത്തിന്റെ അന്ത്യ ത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടുണ്ട്.

**26. യദി വാ ദധേ യദി വാ ന (10.129.7)**

യദി/വാ/ദധേ/യദി/വാ/ന/ എന്നാണ് പദപാഠം. യദി എന്ന പാദാദിയിലുള്ള പദം കഴിഞ്ഞ് വാ എന്ന പദം പരമായി വന്നതി നാൽ യദി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**27. പുരു ദാശുഷേ വിചയിഷ്ഠോ അംഹഃ (4.20.9)**

പുരു/ദാശുഷേ/വി/*f*ചയിഷ്ഠഃ/അംഹഃ/ എന്നാണ് പദപാഠം. ദാശുഷേ എന്ന പദം പരമായി വന്നതിനാൽ പുരു എന്ന പദാദി യിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടി ല്ല.

**28. വഹ ശുഷ്ണായ വധം കുത്സം (1.175.4)**

വഹ/ശുഷ്ണായ/വധം/കുത്സം/ എന്നാണ് പദപാഠം. ശുഷ് ണായ എന്ന പദം പരമായി വന്നതിനാൽ വഹ എന്ന പാദാദിയി ലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**29. അധ ബഹു ചിത്തമഃ (6.10.4)**

അധ/ബഹു/ചിത്/തമഃ/ എന്നാണ് പദപാഠം. ബഹു എന്ന പദം പരമായി വന്നതിനാൽ പാദാദിയിലുള്ള അധ എന്ന പദത്തി ന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**30. അധ യദേഷാം നിയുതഃ (1.167.2)**

അധ/യത്/ഏഷാം/നി/*f*യുതഃ/ എന്നാണ് പദപാഠം. യത് എ ന്ന പദം പരമായി വന്നതിനാൽ അധ എന്ന പാദാദിയിലുള്ള പ ദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**31. പുരു ഹി വാം പുരു ഭുജാ ദേഷ്ണം(6.63.8)**

പുരു/ഹി/വാം/പുരുഭുജാ/ദേഷ്ണം/ എന്നാണ് പദപാഠം. ഹി എന്ന പദം പരമായി വന്നതിനാൽ പാദാദിയിലുള്ള പുരു എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

23. **കൃധീതി പരേഷു സഹസ്രസാം ധിയം**
**ജരിത്രേ ന ഇതി തത്രേതി ചാന്ത്യേ ।**
**സഹസ്യേന സുശ്രവസം പവസ്വ**
**ദ്വേ നോ അധീത്യേഷു പരേഷു തേന ॥**

1. സഹസ്രസാം, ധിയം, ജരിത്രേ, നഃ എന്നീ പദങ്ങൾ പരമായി

വരുമ്പോൾ കൃധി എന്ന പദത്തിന് പ്ലുതി വരുന്നു.

2. നഃ എന്ന പദം പരമായി വരുമ്പോൾ തത്ര എന്ന പദത്തിന് പ്ലുതി വരുന്നു.
3. സഹസ്യേന, സുശ്രവസം, പവസ്വ എന്നീ പദങ്ങളും 'നോ അധി' എന്ന രണ്ടു പദങ്ങൾ ഒരുമിച്ചും പരമായാൽ തേന എന്ന പദത്തിന് പ്ലുതി വരും.

**ഉദാഹരണങ്ങൾ.**

**I.1. കൃധീ സഹസ്രസാമൃഷിം (1.10.11)**

കൃധി/സഹസ്ര*f*സാം/ഋഷിം/ എന്നാണ് പദപാഠം. സഹസ്രസാം എന്ന പദം പരമായതിനാൽ കൃധി എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. കൃധി=ചെയ്താലും!

**I.2. കൃധീ ധിയം ജരിത്രേ വാജരത്നാം(10.42.7)**

കൃധി/ധിയം/ജരിത്രേ/വാജ*f*രത്നാം/ എന്നാണ് പദപാഠം. ധിയം എന്ന പദം പരമായി വന്നതിനാൽ കൃധിഃ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**I.3. കൃധീ ജരിത്രേ മഘവൻ (8.97.8)**

കൃധി/ജരിത്രേ/മഘ*f*വൻ/ എന്നാണ് പദപാഠം. ജരിത്രേ എന്ന പദം പരമായി വന്നതിനാൽ കൃധി എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**I.4. കൃധീ ന ഊർധ്വാഞ്ചരഥായ (1.36.14)**

കൃധി/നഃ/ഊർധ്വാൻ/ചരഥായ/ എന്നാണ് പദപാഠം. നഃ എന്ന പദം പരമായി വന്നതിനാൽ കൃധി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**II. തത്രാ നോ ബ്രഹ്മണസ്പതിഃ (6.75.17)**

തത്ര/നഃ/ബ്രഹ്മണഃ/പതിഃ/ എന്നാണ് പദപാഠം. നഃ എന്ന പദം പരമായതിനാൽ തത്ര എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**III.1. തേനാ സഹസ്യേനാ വയം(7.55.7)**

തേന/സഹസ്യേന/വയം/ എന്നാണ് പദപാഠം. സഹസ്യേന എന്ന പദം പരമായി വന്നതിനാൽ തേന എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (സഹസ്യേന-അഭിഭവിയ്ക്കുന്ന=നിഷ്പ്രഭമാക്കുന്ന)

**III.2. തേനാ സുശ്രവസം ജനം (1.49.2)**

തേന/സുfശ്രവസം/ജനം/ എന്നാണ് പദപാഠം. സുശ്രവസം എന്ന പദം പരമായി വന്നതിനാൽ പാദാദിയിലുള്ള തേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**III.3. തേനാ പവസ്വാന്ധസാ (9.61.19)**

തേന/പവസ്വ/അന്ധസാ/ എന്നാണ് പദപാഠം. പവസ്വ എന്ന പദം പരമായി വന്നതിനാൽ തേന എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**III.4. തേനാ നോ അധിവോചത (8.20.26)**

തേന/നഃ/അധി/വോചത/ എന്നാണ് പദപാഠം. നഃ, അധി എന്നീ പദങ്ങൾ പിന്നീടു വന്നതിനാൽ തേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

നഃ, അധി എന്നീ പദങ്ങൾ നഃ എന്നു കഴിഞ്ഞ് അധി എന്ന രീതിയിൽ പരമായാലേ തേന എന്നതിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരികയുള്ളൂ.

തേന നോ മൃള ജീവസേ (9.66.30)- തേന/നഃ/മൃള/ജീവസേ/ എന്നാണ് പദപാഠം. ഇവിടെ നഃ കഴിഞ്ഞ് അധി എന്ന പദം ഇല്ല. അതിനാൽ തേന എന്ന പദത്തിന് പ്ലുതി വന്നിട്ടില്ല.

**24. ദേവം വേനം കേതമിത്യുത്തരേഷു**
**ദധാതേതി ശ്രുധി വംസ്വേതി നഃ പരേ ।**
**വേദേതി വിശ്വസ്യ ഭൃമംമ ഉത്തരം**
**ശുനശ്ശേപേ ച പ്ലവതേ യകാരേ ॥**

1. ദേവം, വേനം, കേതം എന്നീ പദങ്ങൾ പരമായി വന്നാൽ ദധാത എന്ന പദത്തിന് പ്ലുതി വരുന്നു. 2. ശ്രുധി, വംസ്വ എന്നീ പദങ്ങൾക്ക് നഃ എന്ന പദം പരമായി വരുമ്പോൾ പ്ലുതി വരുന്നു. 3. വിശ്വസ്യ, ഭൃമം, മേ എന്നീ പദങ്ങൾ പരമായി വരുമ്പോൾ വേദ എന്ന പദത്തിന് പ്ലുതി വരുന്നു. 4. ശുനശ്ശേപമഹർഷിയാൽ ദർശിയ്ക്കപ്പെട്ട മന്ത്രത്തിൽ വേദ എന്ന പദത്തിന് യകാരം പരമായി വരുമ്പോൾ പ്ലുതി വരുന്നു.

**ഉദാഹരണങ്ങൾ**

**1.(1) ദധാതാ ദേവമൃത്വിജം (5.22.2)**

ദധാത/ദേവം/ഋത്വിജം/ എന്നാണ് പദപാഠം. ദേവം എന്ന പദം പരമായി വന്നതിനാൽ ദധാത എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**1.(2) ദധാതാ വേനമാദിശേ (9.21.5)**

ദധാത/വേനം/ആ്fദിശേ/ എന്നാണ് പദപാഠം. വേനം എന്ന പദം പരമായി വന്നതിനാൽ ദധാത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവന്നിരിയ്ക്കുന്നു.

**1.(3) ദധാതാ കേതമാദിശേ (9.21.6)**

ദധാത/കേതം/ആ്fദിശേ/ എന്നാണ് പദപാഠം. കേതം എന്ന പദം പരമായി വന്നതിനാൽ ദധാത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2.(1) ശ്രുധീ ന ഇന്ദ്ര ഹ്വയാമസി ത്വാ (6.26.1)**

ശ്രുധി/നഃ/ഇന്ദ്ര/ഹ്വയാമസി/ത്വാ/ എന്നാണ് പദപാഠം. നഃ എന്ന പദം പരമായി വന്നതിനാൽ ശ്രുധി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2.(2) വംസ്വാ നോ വാര്യാ പുരു (8.23.27)**

വംസ്വ/നഃ/വാര്യാ/പുരു/ എന്നാണ് പദപാഠം. നഃ എന്ന പദം പരമായി വന്നതിനാൽ വംസ്വ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു (വംസ്വ =നൽകിയാലും!)

**3.(1) വേദാ വിശ്വസ്യ മേധിരഃ (6.42.3)**

വേദ/വിശ്വസ്യ/മേധിരഃ/ എന്നാണ് പദപാഠം. വിശ്വസ്യ എന്ന പദം പരമായി വന്നതിനാൽ വേദ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3.(2) വേദാ ഭൃമം ചിത് (8.61.12)**

വേദ/ഭൃമം/ചിത്/ എന്നാണ് പദപാഠം. ഭൃമം എന്ന പദം പരമായി വന്നതിനാൽ വേദ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3.(3) വേദാ മേ ദേവ ഋതുപാ ഋതൂനാം (5.12.3)**

വേദ/മേ/ദേവഃ/ഋതുfപാഃ/ഋതൂനാം/ എന്നാണ് പദപാഠം. മേ എന്ന പദം പരമായി വന്നതിനാൽ വേദ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4.(1) വേദാ യോ വീനാം പദം (1.25.7)**

വേദ/യഃ/വീനാം/പദം/ എന്നാണ് പദപാഠം. യഃ എന്ന പദം പരമായി വന്നതിനാൽ വേദ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. ഒന്നാമത്തെ മണ്ഡലത്തിൽ 6-ാമത്തെ അനുവാകത്തിൽ ഏഴു സൂക്തങ്ങളാണ്. ഇവയുടെ ദ്രഷ്ടാവായ ഋഷി ശുനശ്ശേപനാണ്. 1-ാം മണ്ഡലത്തിൽ 24 മുതൽ 29 ഉൾപ്പടെയുള്ള സൂക്തങ്ങളാണ് ഇവ. ഇവിടെ ഉദാഹരണത്തിന്

എടുത്തിരിയ്ക്കുന്നത് 25-ാമത്തെ സൂക്തത്തിൽനിന്നാണ്.

ശുനഃശേപൻ ദ്രഷ്ടാവല്ലാത്തിടത്ത് വേദ എന്നപദം കഴിഞ്ഞ് യഃ എന്ന പദം വന്നാൽ അവിടെ വേദ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരില്ല.

വേദ യസ്ത്രീണി വിദഥാനി (6.51.2)- വേദ/യഃ/ത്രീണി/വിദഥാനി/ എന്നാണ് പദപാഠം. ഇവിടെ വേദ എന്ന പദം കഴിഞ്ഞ് യഃ എന്ന പദം പരമായി വന്നിട്ടുണ്ടെങ്കിലും ഇത് ശുനശ്ശേപമഹർഷിയാൽ ദർശിയ്ക്കപ്പെട്ടതല്ലാത്തതിനാൽ ഇവിടെ വേദ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**25. ബ്രഹ്മേതി നോ ദ്വേ ച ഗിരഃ കൃണോതി**
**തേ കൃണോത തൂതോ ദിതി ചോത്തരേഷു ।**
**അഭീതി നോ നു നവന്തേ സതോ നരം**
**ദ്വാ സത്സ്വിത്യാ*f*ഗ്നേർഷപരേ തു മുഖ്യേ ॥**

1. ബ്രഹ്മ എന്ന പദത്തിന് നഃ, ച ഗിരഃ എന്നീ രണ്ടു പദങ്ങൾ, തേ, കൃണോത, തൂതോത് എന്നിവ പരമായി വരുമ്പോൾ പ്ലുതി വരുന്നു.

2. അഭി എന്ന പദത്തിന് നഃ, നു, നവന്തേ, സതഃ, നരം, ദ്വാ, സത്, സു എന്നീ പദങ്ങൾ പരമാകുമ്പോൾ പ്ലുതി വരുന്നു.

3. നഃ, നു തുടങ്ങിയവയിൽ മുഖ്യമായ, അതായത് ആദ്യത്തേതായ നഃ എന്നതിൽനിന്ന് പരമായി ആ, അഗ്നേ, അർഷ എന്നീ പാങ്ങൾ പരമായി വന്നാൽമാത്രം അഭി എന്ന പദത്തിന് പ്ലുതി വരും.

അതായത് അഭി എന്നു കഴിഞ്ഞു വരുന്ന നഃ എന്ന പദം കഴിഞ്ഞ് ആ, അഗ്നേ, അർഷ എന്നീ പദങ്ങളിലേതെങ്കിലുമുണ്ടെങ്കിൽ മാത്രമേ അഭി എന്ന പദത്തിന്പ്ലുതി വരികയുള്ളൂ.

**ഉദാഹരണങ്ങൾ**

**1(1) ബ്രഹ്മാണ ഇന്ദ്രോപ യാഹി(7.28.1).**

ബ്രഹ്മ/നഃ/ഇന്ദ്ര/ഉപ/യാഹി/ എന്നാണ് പദപാഠം. ബ്രഹ്മ എന്ന പദം കഴിഞ്ഞ് നഃ എന്ന പദം പരമായി വന്നതിനാൽ ബ്രഹ്മ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (ബ്രഹ്മ=സ്തോത്രം)

**1(2). ബ്രഹ്മാ ച ഗിരോ ദധിരേ (6.38.3)**

ബ്രഹ്മ/ച/ഗിരഃ/ദധിരേ/ എന്നാണ് പദപാഠം. ബ്രഹ്മ എന്ന പദം കഴിഞ്ഞ് ച ഗിരഃ എന്ന രണ്ടു പദങ്ങൾ യഥാക്രമം പരമായി വന്നതിനാൽ ബ്രഹ്മ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യ

ത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ബ്രഹ്മ=ഹവിസ്സ് മുതലായ അന്നം).

ച, ഗിരഃ എന്നീ രണ്ടു പദങ്ങൾ എന്നു പറഞ്ഞിട്ടുള്ളതിനാൽ ബ്രഹ്മ എന്ന പദം കഴിഞ്ഞ് ച എന്ന പദം മാത്രം വരുകയാണെങ്കിൽ പ്ലുതി വരികയില്ല.

ബ്രഹ്മ ച തേ ജാതവേദഃ (10.4.7)

ബ്രഹ്മ/ച/തേ/ജാത*f*വേദഃ/ എന്ന് പദപാഠം. ഇവിടെ ച എന്ന പദം പരമായിട്ടുണ്ടെങ്കിലും ച കഴിഞ്ഞ് ഗിരഃ എന്ന പദം പരമാകാത്തതിനാൽ ബ്രഹ്മ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**1(3). ബ്രഹ്മാ കൃണോതി വരുണഃ (1.105.15)**

ബ്രഹ്മ/കൃണോതി/വരുണഃ/ എന്നാണ് പദപാഠം. കൃണോതി എന്ന പദം പരമായി വന്നതിനാൽ ബ്രഹ്മ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**1(4). ബ്രഹ്മാ ത ഇന്ദ്ര ഗിർവണഃ (8.90.3)**

ബ്രഹ്മ/തേ/ഇന്ദ്ര/ഗിർവണഃ/ എന്നാണ് പദപാഠം. തേ എന്ന പദം പരമായതിനാൽ ബ്രഹ്മ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**1(5). ബ്രഹ്മാ കൃണോത പന്യ ഇത് (8.32.17)**

ബ്രഹ്മ/കൃണോത/പന്യേ/ഇത്/ എന്നാണ് പദപാഠം. കൃണോത എന്ന പദം പരമായി വന്നതിനാൽ ബ്രഹ്മ എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

(പന്യ=സ്തുത്യർഹൻ)

**1(6). ബ്രഹ്മാ തൂതോദിന്ദ്രോ ഗാതും (2.20.5)**

ബ്രഹ്മ/തൂതോത്/ഇന്ദ്രഃ/ഗാതും/ എന്നാണ് പദപാഠം. തൂതോദ് എന്ന പദം പരമായി വന്നതിനാൽ പാദാദിയിലുള്ള ബ്രഹ്മ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. തൂതോത്=വർദ്ധിപ്പിച്ചു.

**2(1). അഭീ ന ആ വവൃത്സ്വ (4.31.4)**

അഭി/നഃ/ആ/വവൃത്സ്വ/ എന്നാണ് പദപാഠം. നഃ എന്ന പദം പരമായതിനാൽ അഭി എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ഇവിടെ നഃ എന്ന പദത്തിനുശേഷം ആ എന്ന പദം വന്നിട്ടുണ്ട്. അഭി എന്ന പദത്തിന് നഃ എന്ന പദം പരമായി വന്നാൽ പ്ലുതി വരണമെങ്കിൽ ആ, അ

ഗ്നേ, അർഷ എന്നീ പദങ്ങളിലേതെങ്കിലും ഒന്ന് നഃ എന്ന പദത്തിനുശേഷം വരണമെന്നു പറഞ്ഞിട്ടുണ്ടല്ലോ)

**2(2). അഭീ നു മാ വൃഷഭ ചക്ഷമീഥാഃ (2.33.7)**

അഭി/നു/മാ/വൃഷഭ/ചക്ഷമീഥാഃ/ എന്ന് പദപാഠം. നു എന്ന പദം പരമായി വന്നാൽ പാദാദിയിലുള്ള അഭി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (നു=ക്ഷിപ്രം, വേഗം. ചക്ഷമീഥാഃ=ക്ഷമിയ്ക്കൂ)

**2(3). അഭീ നവന്തേ അദ്രുഹഃ (9.100.1)**

അഭി/നവന്തേ/അദ്രുഹഃ/ എന്നാണ് പദപാഠം. നവന്തേ എന്ന പദം പരമായതിനാൽ അഭി എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**2(4). അഭീ ഷതസ്തദാ ഭര (7.32.24)**

അഭി/സതഃ/തത്/ആ/ഭര/ എന്നാണ് പദപാഠം. സതഃ എന്ന പദം പരമായി വന്നതിനാൽ അഭി എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**2(5). അഭീ നരം ധീജവനം (9.97.49)**

അഭി/നരം/ധീ/ജവനം/ എന്നാണ് പദപാഠം. നരം എന്ന പദം പരമായി വന്നതിനാൽ അഭി എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ധീജവനം=ബുദ്ധിയ്ക്കു സമം വേഗതയുള്ള)

**2(6). അഭീ ദ്വാ കിമൂത്രയഃ കരന്തി (10.48.7)**

അഭി/ദ്വാ/കിം/ഊംഇതി/ത്രയഃ/കരന്തി/ എന്നാണ് പദപാഠം. അഭി എന്ന പദം കഴിഞ്ഞ് ദ്വാ എന്ന പദം പരമായി വന്നതിനാൽ അഭി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2(7). അഭീ ഷദപ ചുച്യവത് (2.41.10)**

അഭി/സത്/അപ/ചുച്യവത്/ എന്നാണ് പദപാഠം. സത് എന്ന പദം പരമായി വന്നതിനാൽ അഭി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2(8). അഭീ ഷുണഃ സഖീനാം (4.31.3)**

അഭി/സു/നഃ/സഖീനാം/ എന്നാണ് പദപാഠം. സു എന്ന പദം പരമായി വന്നതിനാൽ അഭി എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

അഭി എന്ന പദത്തിൽനിന്ന് നഃ എന്ന പദം പരമാവുമ്പോൾ അഭി എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരണമെങ്കിൽ നഃ എന്ന പദം കഴിഞ്ഞ് ആ, അഗ്നേ, അർഷ എന്നിവയിലേതെങ്കിലും പദം ഉണ്ടായിരിയ്ക്കണം.

ആദ്യത്തെ ഉദാഹരണത്തിൽ ആ എന്ന പദം പരമായിട്ടുള്ള നഃ എന്ന പദം പരമായി വന്നതിനാൽ അഭി എന്നതിന്റെ ഇകാരത്തിന് പ്ലുതി വരുന്നതായിട്ടാണ് കാണിച്ചത്. ഇനി അഗ്നേ എന്നും അർഷ എനും പരമാവുമ്പോൾ പ്ലുതി വരുന്നതിന്റെ ഉദാഹരണങ്ങൾ കാണിയ്ക്കുന്നു.

**3(1). അഭീ നോ അഗ്ന ഉക്ഥമിത് (1.140.13)**

അഭി/നഃ/അഗ്നേ/ഉക്ഥം/ഇത്/ എന്നാണ് പദപാഠം. അഗ്നേ എന്ന പദം പിന്നീടു വരുന്ന നഃ എന്ന പദം പരമായി വന്നതിനാൽ അഭി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3(2). അഭീ നോ അർഷദിവ്യാഃ (9.97.51)**

അഭി/നഃ/അർഷ/ദിവ്യാഃ/ എന്നാണ് പദപാഠം. അർഷ എന്ന പദം പരമായിട്ടുള്ള നഃ എന്ന പദം പരമായി വന്നതിനാൽ അഭി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

അഭി എന്ന പദത്തിൽനിന്ന് പരമായിരിയ്ക്കുന്ന നഃ എന്ന പദം ആ, അഗ്നേ, അർഷ എന്നീ പദങ്ങളിലേതെങ്കിലും ഒന്ന് പരമായിട്ടുള്ളതല്ലെങ്കിൽ അഭി എന്നതിന് പ്ലുതി വരില്ല.

അഭി നോ വാജസാതമം (9.98.1)

അഭി/നഃ/വാജ/സാതമം/ എന്നാണ് പദപാഠം. ഇവിടെ നഃ എന്ന പദം കഴിഞ്ഞ് ആ, അഗ്നേ, അർഷ എന്നീ പദങ്ങളിലൊന്നുപോലും പരമായിട്ടില്ലാത്തതിനാൽ അഭി എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**26. ചക്രുർവദേതേ ദശസ്യൻത്സമുദ്രോ**
**രഥേന നഃ സപ്തഋഷീൻ മദന്തി ।**
**തേ വോ ഭയന്തേ നിയുദ്ഭിഃ കൃപീടം**
**രഥസ്യ സോമസ്യ മതീ രണന്തി. ॥**

1. ചക്രുഃ, 2. വദേതേ, 3. ദശസ്യൻ. 4. സമുദ്രഃ, 5. രഥേന. 6. നഃ. 7. സപ്തഋഷീൻ. 8. മദന്തി. 9. തേ. 7. സപ്തഋഷീൻ. 8. മദന്തി. 9. തേ. 10. വഃ. 11. ഭയന്തേ. 12. നിയുദ്ഭിഃ. 13. കൃപീടം. 14. രഥസ്യ. 15. സോമസ്യ. 16. മതിഃ. 17. രണന്തി- ഇവയാണ് ചക്രുരാദികൾ.

യത്രേതി ചക്രുരാദിഷു നരഃ സുപർണ്ണാ ഇതി ച എന്ന് 28-ാം കാരികയിൽ പറയും. ചക്രുഃ തുടങ്ങിയ 17 പദങ്ങളും നരഃ, സുപർണ്ണാഃ എന്നീ പദങ്ങളും പരമായി വന്നാൽ യത്ര എന്ന പദത്തിന് പ്ലുതി വരും എന്നാണ് അതിനർത്ഥം.

**27. സമുദ്രം ദ്വേ സ്വർണ്ണനവഗ്വശബ്ദോ**
**ദശഗ്വം ദംസിഷ്ഠ വസൂനി നോ വസു ।**
**വൃത്രം നിർദ്വേ നു യതിഭ്യഃ സഹന്തഃ**
**പൃഥിവ്യാം നിർഹംസി സമത്സു പാവക. ।।**

1. സമുദ്രം. 2. സ്വർണ്ണ എന്ന രണ്ടു പദങ്ങൾ (സ്വ, നഃ എന്നിവ). 3. നവഗ്വശബ്ദം, 4. ദശഗ്വം. 5. ദംസിഷ്ഠ. 6. വസൂനി. 7. നഃ. 8. വസു. 9. വൃത്രം, നിഃ എന്നീ രണ്ടു പദങ്ങൾ. 10. നു. 11. യതിഭ്യഃ. 12. സഹന്തഃ 13. പൃഥിവ്യാം. 14. നിഃ. 15. ഹംസി. 16. സമത്സു. 17. പാവക. എന്നിവയാണ് സമുദ്രാദികൾ. സമുദ്രാദിഷു യേനേതി എന്ന് 28-ാം കാരികയിൽ പറയും. സമുദ്രം തുടങ്ങിയ പദങ്ങൾ പരമായി വന്നാൽ യേന എന്ന പദത്തിന് പ്ലുതി വരും എന്നാണ് അതിനർത്ഥം.

**യഥാക്രമം ഉദാഹരണങ്ങൾ.**

**1. യത്രാ ചക്രുരമൃതാ ഗാതും (7.63.5)**

യത്ര/ചക്രുഃ/അമൃതാഃ/ഗാതും/ എന്നാണ് പദപാഠം. ചക്രുഃ എന്ന പദം പരമായി വന്നതിനാൽ പാദാദിയിലുള്ള യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2. യത്രാ വദേതേ അവരഃ പരശ്ച (10.88.17)**

യത്ര/വദേതേ/ ഇതി/അവരഃ/പരഃ/ച/ എന്നാണ് പദപാഠം. വദേതേ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**3. യത്രാ ദശസ്യന്നുഷസഃ (10.138.1)**

യത്ര/ദശസ്യൻ/ഉഷസഃ/ എന്നാണ് പദപാഠം. ദശസ്യൻ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**4. യത്രാ സമുദ്രഃ സ്കംഭിതഃ (10.149.2)**

യത്ര/സമുദ്രഃ/സ്കംഭിതഃ/ എന്നാണ് പദപാഠം. സമുദ്രഃ എന്ന പദം പരമായതിനാൽ യത്ര എന്ന പദത്തിന് പ്ലുതി. സമുദ്രഃ=മേഘം.

**5. യത്രാ രഥേന ഗച്ഛഥഃ (1.22.4)**

യത്ര/രഥേന/ഗച്ഛഥഃ/ എന്നാണ് പദപാഠം. രഥേന എന്ന ശബ്ദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**6. യത്രാ നശ്ചക്രാ ജരസം തനൂനാം (1.89.9)**

യത്ര/നഃ/ചക്ര/ജരസം/തനൂനാം/ എന്നാണ് പദപാഠം. നഃ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**7. യത്രാ സപ്തഋഷീൻ പര (10.82.2)**

യത്ര/സ്പതഋഷീൻ/പരഃ/ എന്നാണ് പദപാഠം. സപ്തഋഷീൻ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**8. യത്രാ മദന്തി ധൂതയഃ (5.61.14)**

യത്ര/മദന്തി/ധൂതയഃ/ എന്നാണ് പദപാഠം. മദന്തി എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**9. യത്രാ ത ആഹുഃ പരമം (1.163.4)**

യത്ര/തേ/ആഹുഃ/പരമം/ എന്നാണ് പദപാഠം. തേ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**10. യത്രാ വോ ദിദ്യുത് രദതി (1.166.6)**

യത്ര/വഃ/ദിദ്യുത്/രദതി/ എന്നാണ് പദപാഠം. വഃ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**11. യത്രാ ഭയന്തേ ഭുവനാ (7.83.2)**

യത്ര/ഭയന്തേ/ഭുവനാ/ എന്നാണ് പദപാഠം. ഭയന്തേ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**12. യത്രാ നിയുദ്ഭിഃ സചസേ ശിവാഭിഃ (10.8.6)**

യത്ര/നിയുദ്ഭിഃ/സചസേ/ശിവാഭിഃ/ എന്നാണ് പദപാഠം. നിയുദ്ഭിഃ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**13. യത്രാ കൃപീടമനു തത് (10.28.8)**

യത്ര/കൃപീടം/അനു/തത്/ എന്നാണ് പദപാഠം. കൃപീടം എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

(കൃപീടം=ഉദകം,ജലം)

**14. യത്രാ രഥസ്യ ബൃഹതഃ (3.53.5)**

യത്ര/രഥസ്യ/ബൃഹതഃ/ എന്നാണ് പദപാഠം. രഥസ്യ എന്ന പദം പരമായി വന്നതിനാൽ പാദാദിയിലുള്ള യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**15. യത്രാ സോമസ്യ തൃമ്പസി (8.4.12)**

യത്ര/സോമസ്യ/തൃമ്പസി/ എന്നാണ് പദപാഠം. സോമസ്യ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**16. യത്രാ മതിർവിദ്യതേ പൂതബന്ധനീ (5.44.9)**

യത്ര/മതിഃ/വിദ്യതേ/പൂത*f*ബന്ധനീ/ എന്നാണ് പദപാഠം. മതിഃ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിനു പ്ലുതി.

**17. യത്രാ രണന്തി ധീതയഃ (9.111.2)**

യത്ര/രണന്തി/ധീതയഃ/ എന്നാണ് പദപാഠം. രണന്തി എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**18. യത്രാ നരഃ സം ച വി ച ദ്രവന്തി (6.75.11)**

യത്ര/നരഃ/സം/ച/വി/ച/ദ്രവന്തി/ എന്നാണ് പദപാഠം. നരഃ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**19. യത്രാ സുപർണാ അമൃതസ്യ (1.164.21)**

യത്ര/സു*f*പർണാഃ/അമൃതസ്യ/ എന്നാണ് പദപാഠം. സുപർണാഃ എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

ഇനി യേന എന്ന പദത്തിനു പ്ലുതിവരുന്നതിനുള്ള ഉദാഹരണങ്ങൾ:-

**1. യേനാ സമുദ്രമസൃജഃ (8.3.10)**

യേന/സമുദ്രം/അസൃജഃ/ എന്നാണ് പദപാഠം. യേന എന്ന പദം കഴിഞ്ഞ് സമുദ്രം എന്ന പദം പരമായി വന്നതിനാൽ യേന എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നു.

**2. യേനാ സ്വർണ തതനാമ (5.54.15)**

യേന/സ്വഃ/ന/തതനാമ/ എന്നാണ് പദപാഠം. സ്വഃ, നഃ എന്നീ രണ്ടു പദങ്ങൾ പരമായി വന്നതിനാൽ യേന എന്ന പദത്തി

ന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

സ്വഃ, നഃ എന്നീ രണ്ടു പദങ്ങൾ യഥാക്രമം പരമാകുമ്പോഴാണ് യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നത്. സ്വഃ എന്ന പദം കഴിഞ്ഞ് നഃ എന്ന പദം പരമായിട്ടില്ലെങ്കിൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരികയില്ല. യേന സ്വഃ സ്തഭിതം യേന (10.121.5)

ഇവിടെ യേന എന്ന പദം കഴിഞ്ഞ് സ്വഃ എന്ന പദം മാത്രമേ പരമായിട്ടുള്ളൂ. അതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**3. യേനാ നവഗ്വോ ദധ്യങ് (9.108.4)**

യേന/നവഗ്വഃ/ദധ്യങ്/ എന്നാണ് പദപാഠം. നവഗ്വഃ എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

നോട്ട്:- ഇവിടെ "നവഗ്വ ശബ്ദം" എന്നാണ് പറഞ്ഞിരിയ്ക്കുന്നത്. അതിനാൽ നവഗ്വഃ എന്നതുപോലെ നവഗ്വേ എന്നു പരമായാലും യേന എന്ന പദത്തിനു പ്ലുതി വരും.

**4. യേനാ ദശഗ്വമധ്രിഗും (8.12.2)**

യേന/ദശഗ്വം/അധ്രിഗും/ എന്നാണ് പദപാഠം. ദശഗ്വം എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**5. യേനാ ദംസിഷ്ഠ കൃത്വനേ (8.24.25)**

യേന/ദംസിഷ്ഠ/കൃത്വനേ/ എന്നാണ് പദപാഠം. ദംസിഷ്ഠ എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (ദംസിഷ്ഠ =ദർശനീയ! അഥവാ ശത്രുനാശക!; കൃത്വനേ=കർമ്മം ചെയ്യുന്നവനായിട്ട്)

**6. യേനാ വസൂന്യാഭൃതാ (6.16.48)**

യേന/വസൂനി/ആ/ഭൃതാ/ എന്നാണ് പദപാഠം. വസൂനി എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**7. യേനാ നഃ പൂർവ്വേ പിതരഃ (1.62.2)**

യേന/നഃ/പൂർവ്വേ/പിതരഃ/ എന്നാണ് പദപാഠം. നഃ എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**8. യേനാ വസു പ്രയച്ഛസി (8.17.10)**

യേന/വസു/പ്ര/യച്ഛസി/ എന്നാണ് പദപാഠം. യേന എന്ന പദം കഴിഞ്ഞ് വസു എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**9. യേനാ വൃത്രം നിരദ്ഭ്യഃ (1.80.2)**

യേന/വൃത്രം/നിഃ/അദ്/ഭ്യഃ/ എന്നാണ് പദപാഠം. വൃത്രം, നിഃ എന്നീ രണ്ടു പദങ്ങൾ യഥാക്രമം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

വൃത്രം എന്ന പദം കഴിഞ്ഞ് നിഃ എന്ന പദം പരമായിട്ടില്ലെങ്കിൽ യേന എന്ന പദത്തിനു പ്ലുതി വരില്ല.

**യേന വൃത്രം ചികേതഥ (8.9.4)**

യേന/വൃത്രം/ചികേതഥ/ എന്നാണ് പദപാഠം. ഇവിടെ യേന എന്ന പദം കഴിഞ്ഞ് വൃത്രം എന്ന പദം പരമായിട്ടുണ്ടെങ്കിലും വൃത്രം എന്ന പദം കഴിഞ്ഞ് നിഃ എന്ന പദം പരമായിട്ടില്ല. അതിനാൽ യേന എന്ന പാദാദിയിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിട്ടില്ല.

**10. യേനാ നു സദ്യ ഓജസാ (8.12.4)**

യേന/നു/സദ്യ/ഓജസാ/ എന്നാണ് ഇവിടെ പദപാഠം. നു എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**11. യേനാ യതിഭ്യോ ഭൃഗവേ (8.3.9)**

യേന/യതി/ഭ്യഃ/ഭൃഗവേ/ എന്നാണ് പദപാഠം. യതിഭ്യഃ എന്ന പദം പരമായി വന്നതിനാൽ യേനാ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**12. യേനാ സഹന്ത ഋഞ്ജത (5.87.5)**

യേന/സഹന്തഃ/ഋഞ്ജത/ എന്നാണ് പദപാഠം. സഹന്തഃ എന്ന പദം പരമായി വന്നതിനാൽ യേനാ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**13. യേനാ പൃഥിവ്യാം നിക്രിവിം (2.17.6)**

യേന/പൃഥിവ്യാം/നി/ക്രിവിം/ എന്നാണ് പദപാഠം. പൃഥിവ്യാം എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**14. യേനാ നിരംഹസോ യൂയം (10.126.2)**

യേന/നിഃ/അംഹസഃ/യൂയം/ എന്നാണ് പദപാഠം. നിഃ എന്ന

പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**15. യേനാ ഹംസി നൃത്രിണം (8.12.1)**

യേന/ഹംസി/നി/അത്രിണം/ എന്നാണ് പദപാഠം. ഹംസി എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**16. യേനാ സമത്സു സാസഹഃ (8.19.20)**

യേന/സമത്*f*സു/സസഹഃ/ എന്നാണ് പദപാഠം. സമത്സു എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**17. യേനാ പാവക ചക്ഷസാ (1.50.6)**

യേന/പാവക/ചക്ഷസാ/ എന്നാണ് പദപാഠം. യേന എന്ന പദം കഴിഞ്ഞ് പാവക എന്ന പദം പരമായി വന്നതിനാൽ യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**28. യത്രേതി ചക്രുരാദിഷു നരഃ സുപർണ ഇതി ച ।**
**സമുദ്രാദിഷു യേനേതി തത്രേതി മേ സദോ രഥം ॥**

1. ചക്രുഃ തുടങ്ങിയ പദങ്ങളും നരഃ, സുപർണഃ എന്നീ പദങ്ങളും പരമായി വന്നാൽ യത്ര എന്ന പദത്തിനു പ്ലുതി വരുന്നു.

2. സമുദ്ര തുടങ്ങിയ പദങ്ങൾ പരമായി വന്നാൽ യേന എന്ന പദത്തിനു പ്ലുതി വരുന്നു.

3. മേ, സദഃ, രഥം എന്നീ പദങ്ങൾ പരമായി വന്നാൽ തത്ര എന്ന പദത്തിനു പ്ലുതി വരുന്നു.

ചക്രു മുതലായ പദങ്ങൾ പരമായി വരുമ്പോൾ യത്ര എന്ന പദത്തിനും, സമുദ്ര തുടങ്ങിയ പദങ്ങൾ പരമായി വരുമ്പോൾ യേന എന്ന പദത്തിനും പ്ലുതി വരുന്നതിന്റെ ഉദാഹരണങ്ങൾ കാണിച്ചുകഴിഞ്ഞു. ഇനി തത്ര എന്ന പദത്തിന് പ്ലുതി വരുന്നതിനുള്ള ഉദാഹരണങ്ങൾ:-

**1. തത്രാ മേ നാഭിരാതതാ (1.105.9)**

തത്ര/മേ/നാഭിഃ/ആ*f*തതാ/ എന്നാണ് ഇവിടെ പദപാഠം. മേ എന്ന പദം പരമായി വന്നതിനാൽ തത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2. തത്രാ സദഃ കൃണവസേ (6.16.17)**

തത്ര/സദഃ/കൃണവസേ/ എന്നാണ് പദപാഠം. സദഃ എന്ന പദം പരമായി വന്നതിനാൽ തത്ര എന്ന പദത്തിന്റെ അന്ത്യത്തിലു

ള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**3. തത്രാ രഥമുപ ശഗ്മം സദേമ (6.75.8)**

തത്ര/രഥം/ഉപ/ശഗ്മം/സദേമ/ എന്നാണ് പദപാഠം. രഥം എന്ന പദം പരമായി വന്നതിനാൽ തത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**29. അവേതി നോ നു കൽപേഷു നൂനം വാജേഷു പൃത്സുഷു ।**
**ആദ്യേ ചേദ്വാജയും പാര്യേകമഗ്നേ മഘവൻ പരേ ॥**

1. നഃ, നു, കൽപേഷു, നൂനം, വാജേഷു, പൃത്സുഷു എന്നീ പദങ്ങൾ പരമായി വരുമ്പോൾ അവ എന്ന പദത്തിനു പ്ലുതി വരുന്നു. ഇവയിൽ ആദ്യം വരുന്ന നഃ, നു എന്നിവ വാജയും, പാര്യേ, കം, അഗ്നേ, മഘവൻ എന്നിവയിലേതെങ്കിലുമൊന്ന് പരമായി വന്നാൽ അവ എന്ന പദത്തിനു പ്ലുതി വരും.

അവ എന്ന പദത്തിനു നഃ, നു എന്നിങ്ങനെ ആറു പദങ്ങൾ പരമായി വന്നാൽ പ്ലുതി വരും എന്ന് ആദ്യം സാമാന്യമായി വിധിയ്ക്കുന്നു. അതിനുശേഷം അവ എന്ന പദത്തിൽനിന്ന് ആദ്യത്തെ രണ്ടു പദങ്ങൾ (അതായത് നഃ, നു ന്നിവ) പരമായാൽ മാത്രം പോര, നഃ, നു എന്നിവ കഴിഞ്ഞ് വാജയും, പാര്യേ തുടങ്ങിയ പദങ്ങളിലേതെങ്കിലും ഒന്ന് പരമാവുകയുംകൂടി വേണമെന്ന് പ്രത്യേകം വിധിയ്ക്കുന്നു. അതിനാൽ വാജയും തുടങ്ങിയ പദങ്ങൾ പരമായി വരുന്ന നഃ, നു എന്നീ പദങ്ങൾ പരമായി വന്നാൽ 'അവ' എന്നതിന്റെ അന്ത്യസ്വരത്തിനു പ്ലുതി വരും എന്നും, കൽപേഷു, നൂനം, വാജേഷു, പൃത്സുഷു എന്നീ പദങ്ങൾ പരമാകുമ്പോൾ 'അവ' എന്നതിന്റെ അന്ത്യസ്വരത്തിനു പ്ലുതി വരുമെന്നും അർത്ഥം ലഭിയ്ക്കുന്നു.

**ഉദാഹരണങ്ങൾ**

**1. അവാ നോ വാജയും രഥം (8.80.6)**

അവ/നഃ/വാജ്യും/രഥം/ എന്നാണ് പദപാഠം. വാജയും എന്ന പദം പരമായി വരുന്ന നഃ എന്ന പദം പരമായി വന്നതിനാൽ 'അവ' എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അവ=രക്ഷിയ്ക്കൂ; വാജയും=അന്നത്തെ ആഗ്രഹിയ്ക്കുന്ന)

**2. അവാ നു കം ജ്യായാൻ (10.50.5)**

അവ/നു/കം/ജ്യായാൻ/ എന്നാണ് ഇവിടെ പദപാഠം. കം എന്ന പദം പരമായിട്ടുള്ള നു എന്ന പദം പരമായതിനാൽ അവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരി

യ്ക്കുന്നു.

**3. അവാ കല്പേഷു നഃ പുമഃ (9.9.7)**

അവ/കല്പേഷു/നഃ/പുമഃ/ എന്നാണ് പദപാഠം. കല്പേഷു എന്ന പദം പരമായി വന്നതിനാൽ അവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**4. അവാ നൂനം യഥാ പുരാ (6.48.19)**

അവ/നൂനം/യഥാ/പുരാ/ എന്നാണ് പദപാഠം. നൂനം എന്ന പദം പരമായി വന്നതിനാൽ അവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**5. അവാ വാജേഷു വാജിനി (6.61.6)**

അവ/വാജേഷു/വാജിനി/ എന്നാണ് പദപാഠം. വാജേഷു എന്ന പദം പരമായി വന്നതിനാൽ അവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**6. അവാ പൃത്സുഷു കാസുചിത് (1.129.4)**

അവ/പൃത്സുഷു/കാസു/ചിത്/ എന്നാണ് പദപാഠം. പൃത്സുഷു എന്ന പദം പരമായി വന്നതിനാൽ അവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

'അവ' എന്ന പദത്തിൽനിന്ന് 'വാജയും' എന്ന പദം പരമായ നഃ എന്ന പദം പരമായപ്പോൾ അവ എന്ന പദത്തിനു പ്ലുതി വന്നതിന്റെ ഉദാഹരണം നേരത്തെ കാണിച്ചിട്ടുണ്ട്.

പാര്യേ തുടങ്ങിയ പദങ്ങൾ പരമായ നഃ എന്ന പദം പരമാകുമ്പോൾ അവ എന്ന പദത്തിന് പ്ലുതി വരുന്നതിന്റെ ഉദാഹരണം.

**7. അവാ നഃ പാര്യേ ധനേ (8.92.9)**

അവ/നഃ/പാര്യേ/ധനേ/ എന്നാണ് പദപാഠം. പാര്യേ എന്ന പദം പരമായി വന്നതിനാൽ അവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (പാരാ=ശത്രുക്കൾ; പാര്യഃ=ശത്രുസംബന്ധി)

**8. അവാ നോ അഗ്ന ഊതിഭിഃ (1.79.7)**

അവ/നഃ/അഗ്നേ/ഊതി/ഭിഃ/ എന്നാണ് പദപാഠം. അഗ്നേ എന്ന പദം പരമായിട്ടുള്ള നഃ എന്ന പദം പരമായതിനാൽ അവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**9. അവാ നോ മഘവൻ വാജസാതൌ (6.15.15)**

അവ/നഃ/മഘ/വൻ/വാജ/സാതൌ/ എന്നാണ് പദപാഠം. മഘ

വൻ എന്ന ശബ്ദം പരമായ നഃ എന്ന പദം പരമായതിനാൽ അവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

വാജയും, പാര്യേ, കം, അഗ്നേ, മഘവൻ എന്നീ പദങ്ങൾ പരമായ നഃ, നു, എന്നീ പദങ്ങൾ പരമായാൽ അവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും എന്നു പറഞ്ഞതിനാൽ മേൽപ്പറഞ്ഞ ഏതെങ്കിലും പദം പരമാവാത്ത നഃ, നു എന്നീ പദങ്ങൾ പരമായാൽ അവ എന്നതിന് പ്ലുതി വരില്ലെന്നു സിദ്ധിയ്ക്കുന്നു.

അവ നോ വൃജിനാ ശിശീഹി (10.105.8)- ഇവിടെ അവ എന്ന പദം കഴിഞ്ഞ് നഃ എന്ന പദം പരമായിട്ടുണ്ടെങ്കിലും, നഃ എന്ന പദം കഴിഞ്ഞ് വൃജിനാ എന്ന പദമാണ് പരമായിട്ടുള്ളത്. വാജയും, പാര്യേ തുടങ്ങിയ പദങ്ങളല്ല. അതിനാൽ അവ എന്നതിന് പ്ലുതി വന്നിട്ടില്ല.

**30. രാസ്വാ പിതഃ ശതേനാ നോ വർധസ്വാ സു ശ്രുധീഹവം ।**
**മന്ദസ്വാസു വഹസ്വാസു വനേമാ തേ നഹീനുവഃ ॥**

രാസ്വാ പിതഃ, ശതേനാ നഃ, വർധസ്വാ സു, ശ്രുധീ ഹവം, മന്ദസ്വാസു, വഹസ്വാസു, വനേമാ തേ, നഹീ നുവഃ- ഇവകളുടെ പൂർവ്വപദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരും.

1. പിതഃ എന്ന പദം പരമായ രാസ്വ എന്ന പദത്തിനു പ്ലുതി വരും.
2. നഃ എന്ന പദം പരമായ ശതേന എന്ന പദത്തിന് പ്ലുതി വരും.
3. സു എന്ന പദം പരമായ വർധസ്വ എന്ന പദത്തിന് പ്ലുതി വരും.
4. ഹവം എന്ന പദം പരമായ ശ്രുധി എന്ന പദത്തിനു പ്ലുതി വരും.
5. സു എന്ന പദം പരമായ മന്ദസ്വ എന്ന പദത്തിന് പ്ലുതി വരും.
6. സു എന്ന പദം പരമായ വഹസ്വ എന്ന പദത്തിന് പ്ലുതി വരും.
7. തേ എന്ന പദം പരമായ വനേമ എന്ന പദത്തിന് പ്ലുതി വരും.
8. നു, വഃ എന്ന പദങ്ങൾ യഥാക്രമം പരമായ നഹി എന്ന പദത്തിന് പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. രാസ്വാ പിതർമരുതാം (1.114.9)**

രാസ്വ/പിതഃ/മരുതാം/ എന്നാണ് പദപാഠം. പിതഃ എന്ന പദം പരമായതിനാൽ രാസ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (രാസ്വ=നൽകിയാലും)

**2. ശതേനാ നോ അഭിഷ്ടിഭിഃ (4.46.2)**

ശതേന/നഃ/അഭിഷ്ടി/ഭിഃ/ എന്നാണ് പദപാഠം. നഃ എന്ന പ

ദം പരമായതിനാൽ ശതേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3. വർധസ്വാ സു പുരുഷ്ടുത (8.13.25)**

വർധസ്വ/സു/പുരുƒസ്തുത/ എന്നാണ് പദപാഠം. സു എന്ന പദം പരമായി വന്നതിനാൽ വർധസ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. ശ്രുധീ ഹവമിന്ദ്ര മാരിഷണ്യഃ (2.11.1)**

ശ്രുധി/ഹവം/ഇന്ദ്ര/മാ/രിഷണ്യഃ/ എന്നാണ് പദപാഠം. ഹവം എന്ന പദം പരമായതിനാൽ ശ്രുധി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. മന്ദസ്വാ സു സ്വർണരേ (8.6.39)**

മന്ദസ്വ/സു/സ്വƒനരേ/എന്നാണ് പദപാഠം. സു എന്ന പദം പരമായതിനാൽ മന്ദസ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**6. വഹസ്വാ സു സ്വശ്വ്യം (8.26.23)**

വഹസ്വ/സു/സുƒഅശ്വ്യം/ എന്നാണ് പദപാഠം. സു എന്ന പദം പരമായി വന്നതിനാൽ വഹസ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**7. വനേമാ തേ അഭിഷ്ടിഭിഃ (8.19.20)**

വനേമ/തേ/അഭിഷ്ടിƒഭിഃ/ എന്നാണ് പദപാഠം. തേ എന്ന പദം പരമായി വന്നതിനാൽ വനേമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**8. നഹീ നു വോ മരുതോ അന്തി (1.167.9)**

നഹി/നു/വഃ/മരുതഃ/അന്തി/ എന്നാണ് പദപാഠം. നഹി എന്ന പദം കഴിഞ്ഞ് നു, വഃ എന്നീ പദങ്ങൾ യഥാക്രമം പരമായിട്ടുണ്ട്. അതിനാൽ നഹി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

നു എന്ന പദം കഴിഞ്ഞ് വഃ എന്ന പദം പരമായില്ലങ്കിൽ നഹി എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരില്ല.

നഹി നു തേ മഹിമനഃ (6.27.3)- നഹി/നു/തേ/മഹിമനഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ നു എന്ന പദം കഴിഞ്ഞ് തേ എന്ന പദമാണ് പരമായിരിയ്ക്കുന്നത്. വഃ എന്ന പദമല്ല. അതിനാൽ നഹി എന്നതിന്റെ അന്ത്യത്തിനു പ്ലുതി വന്നിട്ടില്ല.

**31. പാഥാ ദിവോ ധാതാ രയിം സൃജതാ ഗയസാധനം ।**
**രാസ്വാ ചോരൂ ന ശഗ്ധീനഃ സൃജതാ മധുമത്തമം ॥**

പാഥാദിവഃ, ധാതാ രയിം, സൃജതാ ഗയസാധനം, രാസ്വാ ച, ഊരൂ ന, ശഗ്ധീ നഃ, സൃജതാ മധുമത്തമം- ഈ ദ്വൈപദികങ്ങളുടെ പൂർവ്വപദത്തിലുള്ള അന്ത്യസ്വരത്തിനു പ്ലുതിവരും.

1. ദിവഃ എന്ന പദം പരമായ പാഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

2. രയിം എന്ന പദം പരമായ ധാത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

3. ഗയസാധനം എന്ന പദം പരമായിട്ടുള്ള സൃജത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

4. ച എന്ന പദം പരമായിട്ടുള്ള രാസ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

5. ന എന്ന പദം പരമായിട്ടുള്ള ഉരു എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

6. നഃ എന്ന പദം പരമായിട്ടുള്ള ശഗ്ധി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.

7. മധുമത്തമം എന്ന പദം പരമായിട്ടുള്ള സൃജത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

**ഉദാഹരണങ്ങൾ:**

**1. പാഥാ ദിവോ വിമഹസഃ (1.86.1)**

പാഥ/ദിവഃ/വി/*f*മഹസഃ/ എന്നാണ് പദപാഠം. ദിവഃ എന്ന പദം പരമായതിനാൽ പാഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു

(പാഥ=പാനം ചെയ്യൂ)

**2. ധാതാ രയിം സഹവീരം തുരാസഃ (3.54.13)**

ധാത/രയിം/സഹ*f*വീരം/തുരാസഃ/ എന്നാണ് പദപാഠം. രയിം എന്ന പദം പരമായി വന്നതിനാൽ ധാത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (തുരാസഃ=വേഗത കൂടിയവൻ; ധാത=ധത്ത)

**3. സമീ വത്സം ന മാതൃഭിഃ സൃജതാ ഗയസാധനം (9.104.2)**

സം/ഈമിതി/വത്സം/ന/മാതൃ*f*ഭിഃ/സൃജത/ഗയ*f*സാധനം/ എന്നു പദപാഠം. ഗയസാധനം എന്ന പദം പരമായി വന്നതിനാൽ സൃജത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**4. രാസ്വാ ച നോ അമൃത മർതഭോജനം (1.114.6)**

രാസ്വ/ച/നഃ/അമൃത/മർത*f*ഭോജനം/ എന്നാണ് പദപാഠം. ച

എന്ന പദം പരമായതിനാൽ രാസ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.

**5. ഉരൂ ന രാധഃ സവനാ (6.47.14)**

ഉരു/ന/രാധഃ/സവനാ/ എന്നാണു പദപാഠം. ന എന്ന പദം പരമായി വന്നതിനാൽ ഉരു എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**6. ശഗ്ധീ ന ഇന്ദ്ര യത്ത്വാ (8.3.11)**

ശഗ്ധി/നഃ/ഇന്ദ്ര/യത്/ത്വാ/ എന്നാണ് പദപാഠം. നഃ എന്ന പദം പരമായതിനാൽ ശഗ്ധി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**7. ആ നഃ സോമം പവിത്ര ആ സൃജതാ മധുമത്തമം (9.62.21)**

ആ/നഃ/സോമം/പവിത്രേ/ആ/സൃജത/മധുമത്/തമം/ എന്നാണ് പദപാഠം. മധുമത്തമം എന്ന പദം പരമായി വന്നതിനാൽ സൃജത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**32. ജഹീ ചികിത്വോ വേത്ഥാഹി രക്ഷഥാന ഹതാമഖം ।**
**യുയോതാ ശരും സ്വേനാഹി വനേമാ രരിമാ വയം ।।**

ജഹീ ചികിത്വഃ, വേത്ഥാഹി, രക്ഷഥാ ന, ഹതാ മഖം, യുയോതാ ശരും, സ്വേനാ ഹി, വനേമാ രരിമാ വയം എന്നിവയിൽ പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

1. ചികിത്വഃ എന്ന പദം പരമായി വന്നതിനാൽ ജഹി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

2. ഹി എന്ന പദം പരമായി വന്നാൽ വേത്ഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

3. ന എന്ന പദം പരമായി വന്നാൽ രക്ഷഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

4. മഖം എന്ന പദം പരമായി വന്നാൽ ഹത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

5. ശരും എന്ന പദം പരമായി വന്നാൽ യുയോത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

6. ഹി എന്ന പദം പരമായി വന്നാൽ സ്വേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

7. വനേമ എന്ന പദം കഴിഞ്ഞ് 'രരിമാ വയം' എന്നീ പദങ്ങൾ പരമായി വന്നാൽ വനേമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.

**ഉദാഹരണങ്ങൾ**

**1. ജഹീ ചികിത്വോ അഭിശസ്തിം (5.3.7)**

ജഹി/ചികിത്വഃ/അഭിƒശസ്തിം/ എന്നാണ് പദപാഠം. ചികിത്വഃ എന്ന പദം പരമായി വന്നതിനാൽ ജഹി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**2. വേത്ഥാ ഹി വേധോ അധ്വനഃ (6.16.3)**

വേത്ഥ/ഹി/വേധഃ/അധ്വനഃ/ എന്നാണ് പദപാഠം. ഹി എന്ന പദം പരമായതിനാൽ വേത്ഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**3. രക്ഷഥാ നേമംഘം നശത് (8.47.1)**

രക്ഷഥ/ന/ഈം/അംഘം/നശത്/ എന്നാണ് പദപാഠം. ന എന്ന പദം പരമായി വന്നതിനാൽ രക്ഷഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (ഈം=ഇവനെ (ഏനം), ന നശത്=പ്രാപിയ്ക്കുന്നില്ല).

**4. ഹതാ മഖം ന ഭൃഗവഃ (9.101.13)**

ഹത/മഖം/ന/ഭൃഗവഃ/ എന്നാണ് പദപാഠം. മഖം എന്ന പദം പരമായതിനാൽ ഹത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**5. യുയോതാ ശരുമസ്മദാ് (8.18.11)**

യുയോത/ശരും/അസ്മത്/ആ/ എന്ന് പദപാഠം. ശരും എന്ന പദം പരമായതിനാൽ യുയോത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. ശരു=ഹിംസകൻ.

**6. സ്വനാ ഹി വൃത്രം ശവസാ (7.21.6)**

സ്വന/ഹി/വൃത്രം/ശവസാ/ എന്നാണ് പദപാഠം. ഹി എന്ന പദം പരമായതിനാൽ സ്വന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**7. സ്തോമം യജ്ഞം ചാദരം വനേമാ രരിമാ വയം (2.5.7)**

സ്തോമം/യജ്ഞം/ച/ആത്/അരം/വനേമ/രരിമ/വയം/ എന്നാണ് പദപാഠം.

'രരിമാ വയം' എന്നീ പദങ്ങൾ പരമായതിനാൽ വനേമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവന്നിരിയ്ക്കുന്നു.

**33. പ്രപ്രാ വോ അസ്മേ ധാമാഹ സനാ ജ്യോതിരപാ വ്യധി ।**
**ഋധ്യാമാ തേ വാമദേവേ ജുഹോതാ മധുമത്തമം ॥**

പ്രപ്രാ വോ അസ്മേ, ധാമാഹ, സനാ ജ്യോതിഃ, അപാ വ്യ

ധി, ഋധ്യാമാ തേ(വാമദേവമണ്ഡലത്തിൽ), ജുഹൊതാ മധുമത്ത മം, എന്നീ പദങ്ങളിൽ പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.

1. വോ അസ്മേ എന്നീ പദങ്ങൾ യഥാക്രമം പരമായി വന്നാൽ പ്രപ്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

2. ഹ എന്ന പദം പരമായി വന്നാൽ ധാമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.

3. ജ്യോതിഃ എന്ന പദം പരമായി വന്നാൽ സന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

4. വൃധി എന്ന പദം പരമായാൽ അപ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

5. വാമദേവൻ എന്ന ഋഷി ദർശിച്ച സൂക്തങ്ങളിൽ തേ എന്ന പദം പരമായാൽ ഋധ്യാമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

6. മധുമത്തമം എന്ന പദം പരമായാൽ ജുഹോത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. പ്രപ്രാ വോ അസ്മേ സ്വയശോഭിരൂതി (1.129.8)**

പ്ര*f*പ്ര/വഃ/അസ്മേ ഇതി/ സ്വയശഃ*f*ഭിഃ/ഊതീ/ എന്നാണ് പദപാഠം.

വഃ എന്ന പദം പരമായി വന്നതിനാൽ പ്രപ്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

*Note:* പ്രപ്ര എന്ന ഒരേ ഉപസർഗ്ഗം രണ്ടു പ്രാവശ്യം ഉപയോഗിച്ചിരിയ്ക്കുകയാണ്. പാദപൂരണത്തിനാണ് അപ്രകാരം ചെയ്തിരിയ്ക്കുന്നത്. ഉപസർഗ്ഗം പറഞ്ഞിട്ടുള്ളതുകൊണ്ട് ക്രിയാപദം അധ്യാഹരിയ്ക്കണം. പ്രകൃഷ്ടോ ഭവതി (അത്യന്തം സമർത്ഥനാകുന്നു) എന്നർത്ഥം പറയാം- സായണൻ

അസ്മേ എന്ന പദം പരമായ വഃ എന്ന പദം പരമാകുമ്പൊഴേ പ്രപ്ര എന്നതിന്റെ അന്ത്യസ്വരത്തിനു പ്ലുതിവരുകയുള്ളൂ.

പ്രപ്ര വസ്ത്രിഷ്ടുഭമിഷം മന്ദദ്വീരായേന്ദവേ (8.69.1)- പ്ര*f*പ്ര/വഃ/ത്രി*f*സ്തുഭം/ഇഷം/മംദത്*f*വീരായ/ഇന്ദവേ/ എന്നാണ് പദപാഠം. ഇവിടെ വഃ എന്ന പദം കഴിഞ്ഞ് അസ്മേ എന്ന പദം പരമായിട്ടില്ല. അതിനാൽ പ്രപ്ര എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിട്ടില്ല.

**2. ധാമാ ഹ യത്തേ അജരാ (6.2.9)**

ധാമ/ഹ/യത്/തേ/അജര/ എന്നാണ് പദപാഠം. ഹ എന്നപദം പരമായതിനാൽ ധാമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (ധാമ=തേജസ്സ്).

**3. സനാ ജ്യോതിഃ സനാ സ്വഃ (9.4.2)**

സന/ജ്യോതിഃ/സന/സ്വഃ/ എന്നാണു പദപാഠം. ജ്യോതിഃ എന്നപദം പരമായതിനാൽ സനാ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.(സന=നൽകിയാലും).

**4. അപാ വൃധി പരിവൃതം ന രാധഃ (7.27.2)**

അപ/വൃധി/പരി/വൃതം/ന/രാധഃ/ എന്ന് പദപാഠം. വൃധി എന്ന പദം പരമായതിനാൽ അപ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**5. ഋധ്യാമാത ഓഹൈഃ (4.10.1)**

ഋധ്യാമ/തേ/ഓഹൈഃ/ എന്നാണ് പദപാഠം. ഇത് വാമദേവമണ്ഡലത്തിലേതാണ്. തേ എന്ന പദം പരമായതിനാൽ വാമദേവമണ്ഡലത്തിൽ ഋധ്യാമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

വാമദേവമണ്ഡലത്തിലല്ലാത്തിടത്ത് തേ എന്ന പദം പരമായാലും ഋധ്യാമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരില്ല. ഋധ്യാമ തേ വരുണ ഖാം (2.28.5)

ഇവിടെ ഋധ്യാമ എന്ന പദം കഴിഞ്ഞ് തേ എന്ന പദം വരുന്നുണ്ടെങ്കിലും ഋധ്യാമ എന്നത്തിനു പ്ലുതി വരുന്നില്ല. കാരണം ഇത് വാമദേവമണ്ഡലത്തിലെ സൂക്തമല്ല. ഗൃത്സമദനോ അദ്ദേഹത്തിന്റെ വംശത്തിലുള്ളവരോ ആണ് രണ്ടാമത്തെ മണ്ഡലത്തിലെ ഋഷിമാർ. അതിനാൽ ഋധ്യാമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നില്ല.

**6. തസ്മാ ഇദാസ്യേ ഹവിർജുഹോതാ മധുമത്തമം (7..102.3)**

തസ്മൈ/ഇത്/ആസ്യേ/ഹവിഃ/ജുഹോത/മധുമത്/തമം/ എന്നാണ് പദപാഠം. മധുമത്തമം എന്ന പദം പരമായതിനാൽ ജുഹോത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**34. യക്ഷ്വാ മഹേ ധിഷ്വാ ശവോ ജനിഷ്വാ ദേവവീതയേ ।**
**അധാ ത്വം ഹ്യദ്യാദ്യാ ശ്വഃ ശ്വഃ സചസ്വാനഃ സ്വസ്തയേ ॥**

യക്ഷ്വാ മഹേ, ധിഷ്വാ ശവഃ, ജനിഷ്വാ ദേവവീതയേ, അധാ ത്വം ഹി, അദ്യാദ്യാഃ ശ്വഃ ശ്വഃ, സചസ്വാനഃ സ്വസ്തയേ- ഈ പദ

ങ്ങളിൽ പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വ ന്നിരിയ്ക്കുന്നു.

1. മഹേ എന്ന പദം പരമായി വന്നതിനാൽ യക്ഷ എന്ന പ ദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

2. ശവഃ എന്ന പദം പരമായി വരുമ്പോൾ ധിഷ എന്ന പദ ത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

3. ദേവവീതയേ എന്ന പദം പരമായി വന്നാൽ ജനിഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

4. ത്വം ഹി എന്ന പദം പരമായി വന്നാൽ അധാ എന്ന പദ ത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

5. ശ്വഃ ശ്വഃ എന്നീ പദങ്ങൾ പരമായി വന്നാൽ അദ്യാദ്യ എ ന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.

6. നഃ സ്വസ്തയേ എന്നീ പദങ്ങൾ പരമായി വന്നാൽ സച സ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.

**ഉദാഹരണങ്ങൾ**

**1. യക്ഷ്വാ മഹേ സൌമനസായ (5.42.11)**

യക്ഷ/മഹേ/സൌമനസായ/ എന്നാണ് പദപാഠം. മഹേ എന്ന പദം പരമായി വന്നതിനാൽ യക്ഷ എന്ന പദത്തിന്റെ അ ന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**2. ധിഷ്വാ ശവഃ ശൂര യേന (2.11.18)**

ധിഷ/ശവഃ/ശൂര/യേന/ എന്നാണ് പദപാഠം. ശവഃ എന്ന പ ദം പരമായതിനാൽ ധിഷ എന്നപദത്തിന്റെ അന്ത്യത്തിലുള്ള സ്വ രത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. ശവഃ=ബലം.

**3. ജനിഷ്വാ ദേവവീതയേ സർവ്വതാതാ സ്വസ്തയേ (6.15.18)**

ജനിഷ/ദേവ/വീതയേ/സർവ/താതാ/സ്വസ്തയേ/ എന്നാണ് പദപാഠം. ദേവവീതയേ എന്ന പദം പരമായി വന്നതിനാൽ ജനി ഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നി രിയ്ക്കുന്നു.

ജനിഷ=പ്രത്യക്ഷപ്പെട്ടാലും; ദേവവീതയേ=ദേവകാമനായ യ ജമാനനായിക്കൊണ്ട്.

**4. അധ്വാ ത്വം ഹി നസ്കരോ (8.84.6)**

അധ/ത്വം/ഹി/നഃ/കരഃ/ എന്നാണ് പദപാഠം. ത്വം ഹി എ ന്നീ പദങ്ങൾ പരമായി വന്നതിനാൽ അധ എന്ന പദത്തിന്റെ അ ന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

അധ=അനന്തരം; കരഃ=ചെയ്താലും, നൽകിയാലും.

ഹി എന്ന പദം പരമായ ത്വം എന്ന പദം പരമാകുമ്പോഴാണ് അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നത്. ത്വം കഴിഞ്ഞ് ഹി പരമായി വന്നില്ലെങ്കിൽ അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരികയില്ല.

അധത്വമിന്ദ്രവിദ്ധി (10.61.22)

അധ/ത്വം/ഇന്ദ്ര/വിദ്ധി/ എന്നാണ് പദപാഠം. ഇവിടെ ത്വം എന്ന പദം കഴിഞ്ഞ് ഇന്ദ്ര എന്ന പദമാണ് പരമായിട്ടുള്ളത്. ഹി എന്ന പദമല്ല. അതിനാൽ അധ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിട്ടില്ല.

**5. അദ്യാദ്യാ ശ്വശ്വഃ ഇന്ദ്ര (8.61.17)**

അദ്യ*f*അദ്യ/ശ്വഃ*f*ശ്വഃ/ഇന്ദ്ര/എന്നാണ് പദപാഠം. ശ്വഃ ശ്വഃ എന്ന പദം പരമായതിനാൽ അദ്യാദ്യ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന്നു പ്ലുതി വന്നു.

**6. അഗ്നേ സൂപായനോ ഭവ സചസ്വാ നഃ സ്വസ്തയേ (1.1.9)**

അഗ്നേ/സു*f*ഉപായനഃ/ഭവ/സചസ്വ/നഃ/സ്വസ്തയേ/ എന്നാണ് പദപാഠം. നഃ സ്വസ്തയേ എന്നീ പദങ്ങൾ പരമായതിനാൽ സചസ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

സചസ്വ എന്ന പദം കഴിഞ്ഞ് സ്വസ്തയേ എന്ന പദം പരമായ നഃ എന്ന പദം പരമായാലേ സചസ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരികയുള്ളൂ.

സചസ്വനഃ പരാക ആ (1.129.9)

സചസ്വ/നഃ/പരാകേ/ആ/ എന്നാണ് പദപാഠം. ഇവിടെ സചസ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിട്ടില്ല. കാരണം നഃ എന്ന പദം കഴിഞ്ഞ് സ്വസ്തയേ എന്ന പദം പരമായി വന്നിട്ടില്ല.

**ഏഴാം പടലം കഴിഞ്ഞു**

1. **അന്തഃപാദം വിഗ്രഹ ഏഷ്വപൃക്ത**
**ഉകാരോ വ്രജസ്യ സു ധാ നമോഭിഃ ।**
**ശുചിം പവിത്രം തു മഹീർനു ചാപ്ലുതം**
**സുതസ്യേതി യദ്യുദയോദയാ ന. ।।**
2. **സോമസുതിം ചർകിരാമ സ്തവാമ**
**സ്തവാനാ ഗൃഭായ രഥം ശ്രുധീതി ।**
**തേ അസ്തി തേ മഹിമനഃ പ്രവോചത**
**പ്രവോചം നഃ സുമനാദ്വൈ പദാശ്ച ।।**

ഇനി വിധിയ്ക്കുവാൻ പോകുന്ന പ്ലുതി അന്തഃപാദത്തിലും, വിഗ്രഹത്തിലുമാണ് സംഭവിയ്ക്കുക. (അന്തഃപാദം എന്നാൽ പാദമദ്ധ്യത്തിൽ എന്നർത്ഥം. ഇതിനുമുൻപ് പാദാദിയിലുള്ള പദങ്ങൾക്ക് പ്ലുതിവരുന്ന കാര്യമാണല്ലോ വിധിച്ചത്)

അപൃക്തമായ ഉകാരത്തിന് വ്രജസ്യ, സു, ധാ, ന മോഭിഃ, ശുചിം, പവിത്രം, തു, മഹീഃ, അപ്ലുതമായ നു, സുതസ്യ എന്നീ പദങ്ങൾ പരമായാൽ പ്ലുതി വരും.വ്രജസ്യ തുടങ്ങിയ പദങ്ങളിൽനിന്ന് സോമസുതിം, ചർകിരാമ, സ്തവാമ, സ്തവാനാ, ഗൃഭായ, രഥം, ശ്രുധി എന്നീ പദങ്ങളോ, തേ അസ്തി, തേ മഹിമനഃ, പ്രവോചത, പ്രവോചം, നഃ സുമനാഃ എന്നീ ദ്വൈപദികങ്ങളോ പരമായിട്ടില്ലെങ്കിൽ.

'ഉ' എന്ന ഒറ്റപ്പദത്തിന് അത് പാദമദ്ധ്യത്തിലാണെങ്കിൽ സോമസുതിം മുതലായ പദങ്ങളോ, തേ അസ്തി എന്നു തുടങ്ങിയ ദ്വൈപദികങ്ങളോ പരമായിട്ടില്ലാത്ത വ്രജസ്യ തുടങ്ങിയ പദങ്ങൾ പരമായാൽ പ്ലുതി വരും എന്നർത്ഥം.

**ഉദാഹരണങ്ങൾ.**

**1. വ്യൂ വ്രജസ്യ തമസഃ (4.51.2)**

വി/ഊം ഇതി/വ്രജസ്യ തമസഃ/ എന്നാണ് പദപാഠം. ഉ എന്നത് പാദാദിയിലല്ല; പാദമദ്ധ്യത്തിലാണ്. വ്രജസ്യ എന്ന പദം പരമായിട്ടുണ്ട്. വ്രജസ്യ എന്ന പദം കഴിഞ്ഞ് സോമസുതിം തുടങ്ങിയ പദങ്ങളോ തേ അസ്തി തുടങ്ങിയ ദ്വൈപദികങ്ങളോ പരമായിട്ടില്ല. അതിനാൽ ഉകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (വ്രജസ്യ=വാരകസ്യ-തടയുന്ന, മറയ്ക്കുന്ന)

**2. അസ്യാ ഊ ഷുണ ഉപ സാതയേ (1.138.4)**

അസ്യാഃ/ഊം ഇതി/സു/നഃ/ഉപ/സാതയേ/ എന്നാണ് പദ

പാഠം. സു എന്ന പദം പരമായതിനാൽ പാദമദ്ധ്യത്തിലുള്ള ഉകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3. ശംസാത്യുക്ഥം യജതേ വ്യൂധാഃ (4.6.11)**

ശംസാതി/ഉക്ഥം/യജതേ/വി/ഊം ഇതി/ധാഃ/ എന്നു പദപാഠം. ധാഃ എന്ന പദം പരമായി വന്നതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. ഹോതാ തമൂ നമോഭിഃ (1.77.2)**

ഹോതാ/തം/ഊം ഇതി/നമഃ*f*ഭിഃ/ എന്നാണ് പദപാഠം. നമോഭിഃ എന്ന പദം പരമായി വന്നതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**5. തമൂ ശുചിം ശുചയോ ദീദിവാംസം (2.35.3)**

തം/ഊംഇതി/ശുചിം/ശുചയഃ/ദീദി*f*വാംസം/ എന്നാണ് പദപാഠം. ശുചിം എന്ന പദം പരമായതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**6. അത്യൂ പവിത്രമക്രമീത് (9.45.4)**

അതി/ഊംഇതി/പവിത്രം/അക്രമീത്/ എന്നാണ് പദപാഠം. പവിത്രം എന്ന പദം പരമായി വന്നതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**7. മായാ മൂ തു യജ്ഞിയാനാമേതാം (10.88.6)**

മായാം/ഊംഇതി/തു/യജ്ഞിയാനാം/ഏതാം/ എന്നാണ് പദപാഠം. തു എന്ന പദം പരമായി വന്നതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (മായാ=പ്രജ്ഞ)

**8. കദൂ മഹീരധൃഷ്ടാ അസ്യ (8.66.10)**

കത്/ഊംഇതി/മഹീഃ/അധൃഷ്ടാ/അസ്യ/ എന്നാണ് പദപാഠം. മഹീഃ എന്ന പദം പരമായതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു (കത്=കദാ=എപ്പോൾ)

**9. സമൂനു പത്നീർവൃഷഭിഃ (1.179.2)**

സം/ഊംഇതി/നു/പത്നീഃ/വൃഷ*f*ഭിഃ/ എന്നാണ് പദപാഠം. അപ്ലുതമായ നു എന്ന പദം പരമായതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിന് സംഹിതയിൽ പ്ലുതിവന്നിരിയ്ക്കുന്നു.

അപ്ലുതമായ നു എന്ന പദം പരമായാൽ മാത്രമേ ഉകാരത്തിന് പ്ലുതിവരുള്ളൂ.

കിംസ്വിദ്വക്ഷ്യാമി കിമുന്നൂമനിഷ്യേ (6.9.6)- കിം/സ്വിത്/വക്ഷ്യാമി/കിം/ഊംഇതി/നു/മനിഷ്യേ/ എന്നാണ് പദപാഠം. സംഹിതയിൽ പ്ലുതമായ നു (നൂ) പരമായതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിനു പ്ലുതി വരുന്നില്ല.

**10. ത ഊ സുതസ്യ സോമ്യസ്യ (10.94.8)**

തേ/ഊംഇതി/സുതസ്യ/സോമ്യസ്യ/ എന്നാണ് പദപാഠം. സുതസ്യ എന്ന പദം പരമായതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

അന്തഃപാദത്തിലല്ലാത്ത ഉകാരത്തിന് വ്രജസ്യ മുതലായ പദങ്ങൾ പരമായാലും പ്ലുതി വരികയില്ല.

കിം നോദുദു ഹർഷസേ ദാതവാ ഉ (4.21.9)- കിം/ന/ഉത്/ഉത്/ഊംഇതി/ഹർഷസേ/ദാതവൈ/ഊംഇതി/ എന്നാണ് പദപാഠം. ഇവിടെ അവസാനം വരുന്ന അപൃക്തമായ ഉകാരത്തിന് അന്തഃപാദമല്ലാത്തതിനാൽ പ്ലുതിവരുന്നില്ല.

വ്രജസ്യ, സു, ധാ തുടങ്ങിയ പദങ്ങളിലേതെങ്കിലുമൊന്ന് പരമായാൽ മാത്രമേ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിന് പ്ലുതി വരുകയുള്ളൂ.

അസ്മാ ഇദു സപ്തിമിവ (1.61.5)- അസ്മൈ/ഇത്/ഊംഇതി/സപ്തിം/ഇവ/ എന്നാണ് പദപാഠം. ഇവിടെ സപ്തിം എന്ന പദമാണ് പരമായിട്ടുള്ളത്. അതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായതാണെങ്കിലും ഉകാരത്തിനു പ്ലുതി വന്നിട്ടില്ല. അന്തഃപാദത്തിലുള്ള ഉകാരം അപൃക്തമാകണം. അല്ലെങ്കിൽ പ്ലുതി വരില്ല.

സഹോ നഃ സോമ പൃത്സു ധാഃ (9.8.8)- സഹഃ/നഃ/സോമ/പൃത്/സു/ധാഃ/ എന്നാണ് പദപാഠം. ഇവിടെ പൃത്സു എന്ന പദത്തിന്റെ അന്ത്യത്തിലുള്ള ഉകാരം അപൃക്തമല്ല. അതിനാൽ ധാഃ എന്ന പദം പരമായിട്ടുണ്ടെങ്കിലും, ഉകാരത്തിന് പ്ലുതി വരുന്നില്ല.

അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരം കഴിഞ്ഞ് വ്രജസ്യ, സു, ധാ തുടങ്ങിയ പദങ്ങൾ പരമായാൽ മാത്രം പോരാ, വ്രജസ്യ തുടങ്ങിയ പദങ്ങൾ കഴിഞ്ഞ് സോമസുതിം, ചർകിരാമ, സ്തവാമ, സ്തവാനാ, ഗൃഭാ, രഥം, ശ്രുധി എന്നീ പദങ്ങളും, തേ അസ്തി, തേ മഹിമനഃ, പ്രവോചത, പ്രവോചം, നഃ സുമനാഃ എന്നീ ദ്വൈപദികങ്ങളും പരമാകാതിരിയ്ക്കുകയും വേണം. സോമസുതി മുതലായ പദങ്ങൾ പരമായിട്ടുള്ള വ്രജസ്യ മുതലായവ

യാണ് പരമായിട്ടുള്ളതെങ്കിൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിന് പ്ലുതി വരില്ല.

**ഉദാഹരണങ്ങൾ**

**1. ഇമാ മുഷു സോമസുതിം (7.93.6)**

ഇമാം/ഊംഇതി/സു/സോമ*f*സുതിം/ എന്നാണ് പദപാഠം. ഇവിടെ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിൽനിന്ന് സോമസുതിം എന്ന പദം പരമായിട്ടുള്ള സു എന്ന പദമാണ് പരമായിരിയ്ക്കുന്നത്. അതിനാൽ ഉകാരത്തിന് പ്ലുതി വരുന്നില്ല.

**2. ദധിക്രാവ്ണ ഇദു നു ചർകിരാമ (4.40.1)**

ദധി*f*ക്രാവ്ണ/ഇത്/ഊംഇതി/നു/ചർകിരാമ/ എന്നാണ് പദപാഠം. ഇവിടെ ചർകിരാമ എന്ന പദം പരമായിട്ടുള്ള നു എന്ന പദമാണ് അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിൽനിന്ന് പാമായിട്ടുള്ളത്. അതിനാൽ പ്ലുതി വരുന്നില്ല.

**3. ആശും ദധിക്രാം തമുനുഷ്ടവാമ (4.39.1)**

ആശും/ദധിക്രാം/തം/ഊംഇതി/നു/സ്തവാമ/ എന്നാണ് പദപാഠം. സ്തവാമ എന്ന പദം പരമായി വരുന്ന നു എന്ന പദമാണ് ഇവിടെ പരമായി വരുന്നത്. അതിനാൽ ഉകാരത്തിന് പ്ലുതി വരുന്നില്ല.

**4. ഇന്ദ്രാവിഷ്ണൂ നൃവദുഷു സ്തവാനാ (4.55.4)**

ഇന്ദ്രാ വിഷ്ണൂ ഇതി/നൃ*f*വത്/ഊംഇതി/സു/സ്തവാനാ/ എന്നാണ് പദപാഠം. സ്തവാനാ എന്ന പദം പരമായിട്ടുള്ള സു എന്ന പദമാണ് ഉകാരം കഴിഞ്ഞുവരുന്നത്. അതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമാണെങ്കിലും ഉകാരത്തിനു പ്ലുതി വരുന്നില്ല.

**5. അവർഷീർവർഷമുദുഷൂഗൃഭായ (5.83.10)**

അവർഷീഃ/വർഷം/ഉത്/ഊംഇതി/സു/ഗൃഭായ/ എന്നാണ് പദപാഠം. ഗൃഭായ എന്ന് പരമായിട്ടുള്ള സു എന്ന പദമാണ് ഇവിടെ ഉകാരത്തിൽനിന്ന് പരമായിട്ടുള്ളത്. അതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരമാണെങ്കിലും അതിനു പ്ലുതി വരുന്നില്ല.

**6. യുവോരുഷൂ രഥം ഹുവേ (8.26.1)**

യുവോഃ/ഊംഇതി/സു/രഥം/ഹുവേ/ എന്നാണ് പദപാഠം. രഥം എന്ന പദം പരമായിട്ടുള്ള സു എന്ന പദമാണ് ഇവിടെ ഉകാരത്തിൽനിന്നു പരമായിട്ടുള്ളത്. അതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിന് പ്ലുതി വരുന്നില്ല.

**7. ഇമാ ഉ ഷു ശ്രുധീ ഗിരഃ (1.26.5)**

ഇമാഃ/ഊംഇതി/സു/ശ്രുധി/ഗിരഃ/ എന്നാണ് പദപാഠം. ശ്രുധി എന്ന പദം പരമായിട്ടുള്ള സു എന്ന പദമാണ് ഇവിടെ ഉകാരത്തിൽനിന്ന് പരമായിട്ടുള്ളത്. അതിനാൽ അന്തഃപാദത്തിലുള്ള അപൃക്തമാണെങ്കിലും ഉകാരത്തിന് പ്ലുതി വരുന്നില്ല.

**8. ഇന്ദ്രയ ഉ നു തേ അസ്തി (8.81.8)**

ഇന്ദ്ര/യഃ/ഊംഇതി/നു/തേ/അസ്തി/ എന്നാണ് പദപാഠം. തേ അസ്തി എന്ന ദൈ്വപദികം പരമുള്ള നു എന്ന പദമാണ് ഉകാരത്തിൽനിന്ന് പരമായിട്ടുള്ളത്. അതിനാൽ ഉകാരത്തിന് പ്ലുതി വരുന്നില്ല. തേ എന്ന് കഴിഞ്ഞ് അസ്തി എന്ന പദമില്ലെങ്കിൽ ഉകാരത്തിന് പ്ലുതി വരും.

ആദൂ നു തേ അനു ക്രതും (8.63.5)- ഇവിടെ ഉകാരത്തിൽനിന്ന് പരമായ നു എന്ന പദം കഴിഞ്ഞ് തേ എന്ന പദം മാത്രമേ ഉള്ളൂ. തേ എന്ന പദം കഴിഞ്ഞ് അസ്തി എന്ന പദം ഇല്ല. അതിനാൽ ഉകാരത്തിനു പ്ലുതി വരുന്നു.

**9. ക ഉ നു തേ മഹിമനഃ സമസ്യ (10.54.3)**

കേ/ഊംഇതി/നു/തേ/മഹിമനഃ/സമസ്യ/ എന്നാണ് പദപാഠം. ഇവിടെ തേ മഹിമനഃ എന്ന ദൈ്വപദികം പരമായിട്ടുള്ള നു എന്ന പദമാണ് ഉകാരത്തിൽനിന്ന് പരമായി വന്നിട്ടുള്ളത്. അതിനാൽ ഉകാരത്തിന് പ്ലുതി വരുന്നില്ല.

തേ മഹിമനഃ എന്ന ദൈ്വപദികം പരമാകാതെ 'തേ' എന്നു മാത്രം പരമായാൽ ഉകാരത്തിന് പ്ലുതി വരും. ആദൂ നു തേ അനു ക്രതും (8.63.5) എന്നത് വീണ്ടും ദൃഷ്ടാന്തമായി കാണിയ്ക്കാവുന്നതാണ്.

**10. ന തസ്യ വിദ്മ തദുഷു പ്രവോചത (10.40.11)**

ന/തസ്യ/വിദ്മ/തദ്/ഊംഇതി/സു/പ്ര/വോചത/ എന്നാണ് പദപാഠം. പ്രവോചത എന്ന ദൈ്വപദികം പരമായ സു എന്ന പദമാണ് ഉകാരം കഴിഞ്ഞ് പരമായി വരുന്നത്. അതിനാൽ ഉകാരത്തിന് പ്ലുതി വരുന്നില്ല.

വോചത എന്ന് പരമായ പ്ര എന്ന പദം പരമായി വരുമ്പോഴാണ് ഉകാരത്തിന് പ്ലുതിവരാത്തത്. പ്ര എന്നു മാത്രമേ പരമായിട്ടുള്ളൂ. എങ്കിൽ പ്ലുതിവരും.

പര്യൂൂഷു പ്ര ധന്വ വാജസാതയേ (9.110.1)- പരി/ഊംഇതി/സു/പ്ര/ധന്വ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ഉ എന്ന അന്തഃപാദത്തിലുള്ള അപൃക്തത്തിൽനിന്ന് പ്ര എന്നു പരമായ സു ആണ് പരമായിരിയ്ക്കുന്നത്. പ്രവോചത എന്ന ദൈ്വപദികമല്ല.

അതിനാൽ ഉകാരത്തിന് പ്ലുതി വരുന്നുണ്ട്.

**11. അഭീദ്ധോ ധർമ്മസ്തദു ഷു പ്രവോചം (1.164.26)**

അഭി/ഇദ്ധഃ/ധർമ്മഃ/തത്/ഊംഇതി/സു/പ്ര/വോചം/ എന്നാണ് പദപാഠം. പ്രവോചം എന്ന ദ്വൈപദികം പരമായ സു എന്ന പദം അന്തഃപാദത്തിലുള്ള അപൃക്തമായ ഉകാരത്തിൽനിന്ന് പരമായിരിയ്ക്കുന്നു. അതിനാൽ ഉകാരത്തിന് പ്ലുതി വരുന്നില്ല.

വോചം എന്നു പരമാവാത്ത പ്ര എന്ന പദം മാത്രമേ പരമായിട്ടുള്ളൂ എങ്കിൽ ഉകാരത്തിന് പ്ലുതിവരും.

പര്യൂഷു പ്ര ധന്വ എന്ന് മേൽക്കാണിച്ചത് ഇവിടേയും പ്രസക്തമാണ്.

**3. മഹേ ദധിധ്വം തിര മുഞ്ച നോ മൃധ–**
**ശ്ചര നമധ്വം നമതേ നയന്ത ।**
**സ്വിത്യേതേഷ്വേകാക്ഷരയോഃ പരാണി**
**ചേദുപേന്ദ്രാഗ്നേ/ത്രാധ്വരമായുരേത്വിതി ॥**

1. മഹേ, ദധിധ്വം, തിര, മുഞ്ച നഃ, മൃധഃ, ചര, നമധ്വം, നമ, തേ, നയന്ത എന്നീ പദങ്ങൾ പരമായി വരുമ്പോൾ സു എന്ന പദത്തിന് പ്ലുതി വരുന്നു. 2. മുകളിൽ പറയപ്പെട്ടവയിൽ ഏകാക്ഷരങ്ങളായ നഃ, തേ എന്നീ പദങ്ങൾ കഴിഞ്ഞ് ഉപ, ഇന്ദ്ര, അഗ്നേ, അത്ര, അധ്വരം, ആയുഃ, ഏതു– എന്നീ പദങ്ങൾ പരമാണെങ്കിൽ സു എന്നതിന് പ്ലുതിവരും.

മഹേ തുടങ്ങി നയന്ത എന്ന പദം വരെ 11 പദങ്ങളാണ്. സു എന്ന പദത്തിനുശേഷം ഈ 11 പദങ്ങളിലേതെങ്കിലും ഒന്ന് പരമായാൽ സു എന്ന പദത്തിന് പ്ലുതി വരും എന്ന് ആദ്യം വിധിയ്ക്കുന്നു. ഈ 11 പദങ്ങളിൽ നഃ, തേ എന്നിവ ഏകാക്ഷരപദങ്ങളാണ്. ഇവയിൽനിന്ന് ഉപ, ഇന്ദ്ര, അഗ്നേ, അത്ര, അധ്വരം, ആയുഃ, ഏതു എന്നീ പദങ്ങൾ പരമായാലാണ് സു എന്ന പദത്തിന് പ്ലുതി വരിക. അതിനാൽ ഉപ ഇന്ദ്ര തുടങ്ങിയ പദങ്ങളിലേതെങ്കിലും ഒന്ന് പരമായ നഃ, തേ എന്ന പദങ്ങൾ പരമായാൽ സു എന്നതിന് പ്ലുതി വരും എന്നായി അർത്ഥം. 11 പദങ്ങളിൽ നഃ, തേ എന്നിവയൊഴികെയുള്ള 9 പദങ്ങൾ പരമാകുമ്പോഴും, ഉപ, ഇന്ദ്ര എന്നു തുടങ്ങിയ പദങ്ങൾ പരമുള്ള നഃ, തേ എന്നീ പദങ്ങൾ പരമാകുമ്പോഴും സു എന്ന പദത്തിന് പ്ലുതി വരും എന്നർത്ഥം.

**ഉദാഹരണങ്ങൾ**

**1. പ്രസൂ മഹേ സുശരണായ (5.42.13)**

പ്ര/സു/മഹേ/സു/ശരണായ/എന്നാണ് പദപാഠം. ഇവിടെ മ

ഹേ എന്ന പദം പരമായി വന്നതിനാൽ സു എന്ന പദത്തിന്റെ സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2. നി ഷൂ ദധിധ്വമഖനന്ത ഉത്സം (10.101.11)**

നി/സു/ദധിധ്വം/അഖനന്ത/ഉത്സം/ എന്നാണ് ഇവിടെ പദപാഠം. ദധിധ്വം എന്ന പദം പരമായി വന്നതിനാൽ സു എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3. പ്രസൂതിരാ ശചീഭിർയേ ത ഉക്ഥിനഃ (8.53.6)**

(ഇത് വാലഖില്യസൂക്തത്തിൽ പെട്ടതാണ്. ഇവിടെ സായണവ്യാഖ്യാനവും കാണുന്നില്ല)

പ്ര/സു/തിര/ശചീഭിഃ/യേ/തേ/ഉക്ഥനഃ/ എന്നാണ് പദപാഠം. തിര എന്ന പദം പരമായി വന്നതിനാൽ സു എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. വിഷൂ മുഞ്ചാ സുഷുവുഷഃ (10.94.14)**

വി/സു/മുഞ്ച/സുസുƒവുഷഃ/ എന്നാണ് ഇവിടെ പദപാഠം. മുഞ്ച എന്ന പദം പരമായി വന്നതിനാൽ സു എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. അധ പ്രസൂന ഉപയന്തു (1.139.1)**

അധ/പ്ര/സു/നഃ/ഉപ/യന്തു/ എന്നാണ് പദപാഠം. ഉപ എന്ന പദം പരമായിട്ടുള്ള നഃ എന്ന ഏകാക്ഷരപദം സു എന്ന പദത്തിൽനിന്ന് പരമായിട്ടുണ്ട്. അതിനാൽ സു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**6. വിഷൂ മൃധഃ ശിശ്രഥഃ (2.28.7)**

വി/സു/മൃധഃ/ശിശ്രഥഃ/ എന്നാണ് പദപാഠം. മൃധഃ എന്ന പദം പരമായതിനാൽ സു എന്ന പദത്തിനു പ്ലുതി വരുന്നു.

**7. വിഷൂ ചര സ്വധാ അനു (8.32.19)**

വി/സു/ചര/സ്വധാഃ/അനു/ എന്നാണ് പദപാഠം. ചര എന്ന പദം പരമായി വന്നതിനാൽ സു എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**8. നിഷൂ നമധ്വം ഭവതാ സുപാരാഃ (3.33.9)**

നിƒസു/നമധ്വം/ഭവതാ/സുƒപാരാഃ/എന്നാണ് പദപാഠം. സു എന്ന പദം കഴിഞ്ഞ് നമധ്വം എന്ന പദം പരമായി വന്നതിനാൽ സു എന്നതിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**9. നിഷൂ നമാതി മതിം കയസ്യ(1.129.5)**

നി/സു/നമ/അതിƒമതിം/കയസ്യ/ എന്നാണ് പദപാഠം. നമ എന്ന പദം പരമായി വന്നതിനാൽ സു എന്ന പദത്തിന് പ്ലുതി വ

ന്നിരിയ്ക്കുന്നു.

**10. പ്രസൂത ഇന്ദ്ര പ്രവതാ (3.30.6)**

പ്ര/സു/തേ/ഇന്ദ്ര/പ്ര*f*വതാ/ എന്നാണ് പദപാഠം. ഇന്ദ്ര എന്ന പദം പരമായ തേ എന്ന പദം പരമായതിനാൽ സു എന്നതിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**11. പ്രസൂ നയന്ത ഗൃഭയന്ത ഇഷ്ടൌ (1.148.3)**

പ്ര/സു/നയന്ത/ഗൃഭയന്തഃ/ഇഷ്ടൌ/ എന്നാണ് പദപാഠം. നയന്ത എന്ന പദം പരമായി വന്നതിനാൽ സു എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

ഏകാക്ഷരങ്ങളായ നഃ, തേ എന്നീ പദങ്ങൾ ഉപ, ഇന്ദ്ര, അഗ്നേ, അത്ര, അധ്വരം, ആയുഃ, ഏതു എന്നീ പദങ്ങൾ പരമായി വരുന്നവയാണെങ്കിലേ സു എന്ന പദത്തിന് (നഃ, തേ എന്നിവ പരമായിരിയ്ക്കുമ്പോൾ) പ്ലുതി വരികയുള്ളൂ എന്ന് നേരത്തെ പറയുകയുണ്ടായി. 'ഉപ' പരമായിരിയ്ക്കുന്ന നഃ പരമായ 'സു'വിനും, ഇന്ദ്ര എന്ന് പരമായിരിയ്ക്കുന്ന തേ എന്ന പദം പരമായ 'സു'വിനും പ്ലുതി വരുന്നതിനുള്ള ഉദാഹരണങ്ങൾ മേൽക്കാണിച്ചു കഴിഞ്ഞതാണ്. ബാക്കിയുള്ള ഉദാഹരണങ്ങൾ:-

**1. മോഷൂണ ഇന്ദ്രാത്ര (1.173.12)**

മോ ഇതി/സു/നഃ/ഇന്ദ്ര/അത്ര/ എന്നാണ് ഇവിടെ പദപാഠം. ഇന്ദ്രശബ്ദം പരമായ നഃ എന്ന പദം പരമായതിനാൽ സു എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2. ഓഷൂണോ അഗ്നേ ശൃണുഹി (1.139.7)**

ഓഇതി/സു/നഃ/അഗ്നേ/ശൃണുഹി/ എന്നാണ് പദപാഠം. അഗ്നേ എന്ന പദം പരമായ നഃ എന്ന പദം പരമായതിനാൽ സു എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3. മോഷൂണോ അത്ര ജുഹുരന്ത (3.55.2)**

മോഇതി/സു/നഃ/അത്ര/ജൂഹുരന്ത/ എന്നാണ് പദപാഠം. അത്ര എന്ന പദം പരമായ നഃ എന്ന പദം പരമായതിനാൽ സു എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. ജുഷസ്വ സൂനോ അധ്വരം (3.24.2)**

ജുഷസ്വ/സു/നഃ/അധ്വരം/ എന്നാണ് പദപാഠം. അധ്വരം എന്ന പദം പരമായ നഃ എന്ന പദം പരമായതിനാൽ സു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**5. പ്രസൂന ആയുർജീവസേ (8.18.22)**

പ്ര/സു/നഃ/ആയുഃ/ജീവസേ/ എന്നാണ് പദപാഠം. ആയുഃ എ

ന്ന പദം പരമായ നഃ എന്ന പദം പരമായതിനാൽ സു എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**6. പ്രസൂന ഏത്വധ്വരഃ (8.27.3)**

പ്ര/സു/നഃ/ഏതു/അധ്വരഃ/ എന്നാണ് പദപാഠം. ഏതു എന്ന പദം പരമായ നഃ എന്ന പദം പരമായതിനാൽ സു എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

4. **സദേത്യേതദ്യോനിഷു പീതയേ പരം**
**ധന്വേത്യേതത് സോമരാട് പൂയമാനഃ ।**
**യദീതി കൃധോ മനസഃ കവീനാം**
**സബന്ധവോ ഗോഃ സരമേതി തേഷു ॥**

1. സദ എന്ന പദം യോനിഷു, പീതയേ എന്നീ പദങ്ങൾ പരമായിരിയ്ക്കുമ്പോൾ പ്ലവിയ്ക്കുന്നു. 2. സോമ, രാട്, പൂയമാനഃ എന്നീ പദങ്ങൾ പരമായി വരുമ്പോൾ ധന്വ എന്ന പദത്തിന് പ്ലുതി വരുന്നു. 3. കൃധഃ, മനസഃ, കവീനാം, സബന്ധവഃ, ഗോഃ, സരമാ എന്നീ പദങ്ങൾ പരമായി വരുമ്പോൾ യദി എന്ന പദത്തിന് പ്ലുതി വരുന്നു.

**ഉദാഹരണങ്ങൾ**

**1. ഉശൻ ഹോതർനിഷദാ യോനിഷു ത്രിഷു (2.36.4)**

(1). ഉശൻ/ഹോതഃ/നി/സദ/യോനിഷു/ത്രിഷു/ എന്നാണ് പദപാഠം. യോനിഷു എന്ന പദം പരമായി വന്നതിനാൽ സദ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(2). നി ഷദാ പീതയേ മധു (8.97.8)**

നി/സദ/പീതയേ/മധു/ എന്നാണ് പദപാഠം. പീതയേ എന്ന പദം പരമായി വന്നതിനാൽ സദ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**2. 1. പ്ര ധന്വാ സോമ ജാഗൃവിഃ (9.106.4)**

പ്ര/ധന്വ/സോമ/ജാഗൃവിഃ/ എന്നാണ് പദപാഠം. സോമ എന്ന പദം പരമായി വന്നതിനാൽ ധന്വ എന്ന പദത്തിന്റെ അന്ത്യ സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2. ഋണോ ന തായുരതി ധന്വാ രാട് (6.12.5)**

ഋണഃ/ന/തായുഃ/അതി/ധന്വ/രാട്/ എന്നാണ് പദപാഠം. രാട് എന്ന പദം പരമായി വന്നതിനാൽ ധന്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3. അഭി സ്വര ധന്വാ പൂയമാനഃ (9.97.3)**

അഭി/സ്വര/ധന്വ/പൂയമാനഃ/ എന്നാണ് പദപാഠം. പൂയമാനഃ

എന്ന പദം പരമായി വന്നതിനാൽ ധന്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**1. യുവാ യദീ കൃധഃ പുനഃ (5.74.5)**

യുവാ/യദി/കൃധഃ/പുനഃ/ എന്നാണ് പദപാഠം. അന്തഃപാദത്തിലുള്ള യദി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് കൃധഃ എന്ന പദം പരമായതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു.

**2. തക്ഷദ്യദീ മനസഃ.**

മനസഃ എന്ന പദം പരമായതിനാൽ അന്തഃപാദത്തിലുള്ള യദി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3. ഗുഹാ യദീ കവീനാം (10.22.10)**

ഗുഹാ/യദി/കവീനാം/ എന്നാണ് പദപാഠം. കവീനാം എന്ന പദം പരമായതിനാൽ യദി എന്ന അന്തഃപാദത്തിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. ഗിരാ യദീ സബന്ധവഃ (9.14.2)**

ഗിരാ/യദി/സ്/ബന്ധവഃ/ എന്നാണ് പദപാഠം. സബന്ധവഃ എന്ന പദം പരമായതിനാൽ യദി എന്ന അന്തഃപാദത്തിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**5. സ്വാവൃഗ്ദേവസ്യാമൃതം യദീ ഗോഃ (10.12.3)**

സ്വാവൃക്/ദേവസ്യ/അമൃതം/യദി/ഗോഃ/ എന്നാണ് പദപാഠം. ഗോഃ എന്ന പദം പരമായതിനാൽ അന്തഃപാദത്തിലുള്ള യദി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**6. വിദദ്യദീ സരമാ (3.31.6)**

വിദത്/യദി/സരമാ/ എന്നാണ് പദപാഠം. സരമാ എന്ന പദം പരമായി വന്നതിനാൽ യദി എന്ന അന്തഃപാദത്തിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

5. **ചരേതി പുഷ്ടിം സോമ ചർഷണിപ്രാ**
**ജനിമേതി ഹന്തി സം ജാതവേദാഃ ।**
**രന്ധയേതി യേഷു കം ശാസദുത്തരം ന**
**നഃകാരേ സ്വിത്യുപസാതയേ പരേ ॥**

1. പുഷ്ടിം, സോമ, ചർഷണിപ്രാഃ എന്നീ പദങ്ങൾ പരമായാൽ ചര എന്ന പദത്തിന് പ്ലുതിവരുന്നു. 2. ഹന്തി, സം, ജാതവേദാഃ എന്നീ പദങ്ങൾ പരമായാൽ ജനിമ എന്ന പദത്തിന് പ്ലുതി വരുന്നു. 3. യേഷു, കം ശാസത് എന്നീ പദങ്ങൾ പിന്നീട് വരു

മ്പോൾ രന്ധയ എന്ന പദത്തിന് പ്ലുതി വരുന്നു. 4. ഉപ സാതയേ എന്നീ പദങ്ങൾ പരമായിട്ടുള്ള നഃ പരമാകുമ്പോൾ സു എന്നതിന് പ്ലുതി വരുന്നില്ല.

**ഉദാഹരണങ്ങൾ**

**1. (1). രേവാ് ഇവ പ്രചരാ പുഷ്ടിമച്ഛ (8.48.6)**

രേവാൻ/ഇവ/പ്ര/ചര/പുഷ്ടിം/അച്ഛ/ എന്നാണ് പദപാഠം. പുഷ്ടിം എന്ന പദം പരമായി വന്നതിനാൽ ചര എന്ന അന്തഃപാദത്തിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(2). അവീരഹാ പ്രചരാ സോമ ദുര്യാൻ (1.91.19)**

അവീര/ഹാ/പ്ര/ചര/സോമ/ദുര്യാൻ/ എന്നാണ് പദപാഠം. സോമ എന്ന പദം പരമായി വന്നതിനാൽ അന്തഃപാദത്തിലുള്ള ചര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**(3). വിശഃ പൂർവ്വീഃ പ്ര ചരാ ചർഷണി പ്രാഃ (7.31.10)**

വിശഃ/പൂർവ്വീഃ/പ്ര/ചര/ചർഷണി/പ്രാഃ/ എന്നാണ് പദപാഠം. ചർഷണിപ്രാഃ എന്ന പദം പരമായതിനാൽ ചര എന്നതിന്റെ അകാരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**2. (1). വിശ്വാ വേദ ജനിമാ ഹന്തി ശുഷ്ണം (3.31.8)**

വിശ്വാ/വേദ/ജനിമ/ഹന്തി/ശുഷ്ണം/എന്നാണ് പദപാഠം. ഹന്തി എന്ന പദം പരമായതിനാൽ അന്തഃപാദത്തിലുള്ള ജനിമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(2). വിശ്വേദേതേ ജനിമാ സം വിവിക്തഃ (3.54.8)**

വിശ്വാ/ഇത്/ഏതേ ഇതി/ജനിമ/സം/വിവിക്തഃ/ എന്നാണ് പദപാഠം. സം എന്ന പദം പരമായതിനാൽ അന്തഃപാദത്തിലുള്ള ജനിമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**(3). വിശ്വാ വേദ ജനിമാ ജാതവേദാഃ (6.15.13)**

വിശ്വാ/വേദ/ജനിമ/ജാത/വേദാഃ/ എന്നാണ് പദപാഠം. ജാതവേദാഃ എന്ന പദം പരമായതിനാൽ അന്തഃപാദത്തിലുള്ള ജനിമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3 (1). ഏഭ്യോ നൃഭ്യോ രന്ധയാ യേഷ്വസ്മി (6.19.12)**

ഏഭ്യഃ/നൃഭ്യഃ/രന്ധയ/യേഷു/അസ്മി/ എന്നാണ് പദപാഠം.

യേഷു എന്ന പദം പരമായി വന്നതിനാൽ രന്ധയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**(2) സുന്വദ്ഭ്യോ രന്ധയാ കം ചിദവ്രതം (1.132.4)**

സുന്വദ്fഭ്യഃ/രന്ധയ/കം/ചിത്/അവ്രതം/ എന്നാണ് പദപാഠം. കം എന്ന പദം പരമായതിനാൽ രന്ധയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(3). ബർഹിഷ്മതേ രന്ധയാ ശാസദവ്രതാൻ (1.51.8)**

ബർഹിഷ്മതേ/രന്ധയ/ശാസത്/അവ്രതാൻ/എന്നാണ് പദപാഠം. ശാസത് എന്ന പദം പരമായി വന്നതിനാൽ രന്ധയ എന്ന അന്തഃപാദത്തിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**4. (1). അസ്യാ ഊഷുണ ഉപസാതയേ(1.138.4)**

അസ്യാഃ/ഊം ഇതി/സു/നഃ/ഉപ/സാതയേ/ എന്നാണ് പദപാഠം. ഉപ സാതയേ എന്നീ പദങ്ങൾ യഥാക്രമം പരമായിട്ടുള്ള നഃ എന്ന പദം പരമായതിനാൽ സു എന്ന പദത്തിന് പ്ലുതി വന്നിട്ടില്ല.

സാതയേ എന്ന പദം പരമായ, ഉപ എന്ന പദം പരമായ, നഃ എന്ന പദം പരമാകുമ്പോഴാണ് സു എന്നതിനു പ്ലുതി വരാതിരിയ്ക്കുന്നത്. സാതയേ എന്ന പദം പിന്നീടു വരാത്ത ഉപ എന്ന പദം പരമായി വന്നാൽ സു എന്ന പദത്തിനു പ്ലുതി വരും.

അധഃ പ്രസൂന ഉപ യന്തു (1.139.1)- അധഃ/പ്ര/സു/നഃ/ഉപ/യന്തു/ എന്നാണ് പദപാഠം. ഉപ എന്ന് പരമായ നഃ പരമായതിനാൽ സു എന്ന പദത്തിനു സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**6. മഹയാത്ര ജയ കാവ്യേന ഗൂർധയ**
**ഭരേതി സ്വരിതി പ്രത്യയേ ഷട് ।**
**മദ പർഷ പിപൃത ധന്വ യച്ഛത**
**രുഹേമേതി സ്വസ്തയ ഉത്തരാണി ॥**

1. സ്വഃ എന്ന പദം പരമായിരിയ്ക്കുമ്പോൾ മഹയ, അത്ര, ജയ, കാവ്യേന, ഗൂർധയ, ഭര എന്നീ ആറു് പദങ്ങൾക്ക് പ്ലുതി വരും.

2. സ്വസ്തയേ എന്ന പദം പരമായി വരുമ്പോൾ മദ, പർഷ, പിപൃത, ധന്വ, യച്ഛത, രുഹേമ, എന്നീ പദങ്ങൾക്ക് പ്ലുതി വരും.

**ഉദാഹരണങ്ങൾ.**

**1. (1) ത്യം സു മേഷം മഹയാ സ്വർവിദം (1.52.1)**

ത്യം/സു/മേഷം/മഹയ/സ്വഃfവിദം/ എന്നാണ് പദപാഠം. സ്വഃ

എന്ന പദം പരമായതിനാൽ മഹയ എന്ന പദത്തിന്റെ അന്ത്യത്തി ലുള്ള സ്വരത്തിനു പ്ലുതിവരുന്നു. മഹയ-പൂജിയ്ക്കൂ)

**(2). അസ്മാകേഭിർനൃഭിരത്രാ സ്വർജയ (8.15.12)**

അസ്മാകേഭിഃ/നൃƒഭിഃ/അത്ര/സ്വഃ/ജയ/ എന്നാണ് പദപാഠം. സ്വഃ എന്ന പദം പരമായതിനാൽ അത്ര എന്ന പദത്തിനു പ്ലുതി വ ന്നിരിയ്ക്കുന്നു.

**(3). ഹനോ വൃത്രം ജയാ സ്വഃ (8.89.4)**

ഹനഃ/വൃത്രം/ജയ/സ്വരിതി സ്വഃ/ എന്നാണ് പദപാഠം. സ്വഃ എന്ന പദം പരമായതിനാൽ ജയ എന്ന പദത്തിന്റെ അന്ത്യത്തിലു ള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**(4). വിപ്രഃ കവിഃ കാവ്യേനാ സ്വർചനാഃ (9.84.5)**

വിപ്രഃ/കവിഃ/കാവ്യേന/സ്വഃƒചനാഃ/എന്നാണ് പദപാഠം. സ്വഃ എന്ന പദം പരമായി വന്നതിനാൽ കാവ്യേന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(5) തം ഗൂർധയാ സ്വർണരം (8.19.1)**

തം/ഗൂർധയ/സ്വഃƒനരം/എന്നാണ് പദപാഠം. സ്വഃ എന്ന പദം പരമായിവന്നതിനാൽ ഗൂർധയ എന്ന പദത്തിന്റെ അന്ത്യത്തിലു ള്ള സ്വരത്തിനു പ്ലുതിവന്നു. ഗൂർധയ=സ്തുതിച്ചാലും.

**(6). ദ്യുമന്തം ശുഷ്മമാ ഭരാ സ്വർവിദം (9.106.4)**

ദ്യുƒമന്തം/ശുഷ്മം/ആ/ഭര/സ്വഃƒവിദം/ എന്നാണ് പദപാഠം. സ്വഃ എന്ന പദം പരമായതിനാൽ ഭര എന്ന പദത്തിന്റെ അന്ത്യ ത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**2 (1). താ് ആദിത്യാ് അനുമദാ സ്വസ്തയേ (10.63.3)**

താൻ/ആദിത്യാൻ/അനു/മദ/സ്വസ്തയേ/ എന്നാണ് പദപാ ഠം. സ്വസ്തയേ എന്ന പദം പരമായി വന്നതിനാൽ മദ എന്ന പ ദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവരുന്നു.

**(2) അതി പർഷാ സ്വസ്തയേ (1.97.8)**

അതി/പർഷ/സ്വസ്തയേ/ എന്നാണ് പദപാഠം. സ്വസ്തയേ എന്ന പദം പരമായതിനാൽ പർഷ എന്ന പദത്തിന്റെ അന്ത്യത്തി ലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (പർഷ=പാലയ=രക്ഷി യ്ക്കൂ)

**(3) അദ്യാ ദേവാസഃ പിപൃതാ സ്വസ്തയേ (10.63.8)**

അദ്യ/ദേവാസഃ/പിപൃത/സ്വസ്തയേ/ എന്നാണ് പദപാഠം. സ്വസ്തയേ എന്ന പദം പരമായതിനാൽ പിപൃത എന്ന പദത്തി ന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(4). പരിസോമപ്രധന്വാ സ്വസ്തയേ (9.95.5)**

പരി/സോമ/പ്ര/ധന്വ/സ്വസ്തയേ/ എന്നാണ് പദപാഠം. സ്വസ്തയേ എന്ന പദം പരമായതിനാൽ ധന്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവന്നിരിയ്ക്കുന്നു.

**(5) ഉരുണഃ ശർമ്മ യച്ഛതാ സ്വസ്തയേ (10.63.12)**

ഉരു/നഃ/ശർമ/യച്ഛത/സ്വസ്തയേ/ എന്നാണ് പദപാഠം. സ്വസ്തയേ എന്ന പദം പരമായി വന്നതിനാൽ യച്ഛത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**(6). അരിഷ്യന്തമാ രുഹേമാ സ്വസ്തയേ (10.63.14)**

അരിഷ്യന്തം/ആ/രുഹേമ/സ്വസ്തയേ/ എന്നാണ് പദപാഠം. സ്വസ്തയേ എന്ന പദം പരമായതിനാൽ രുഹേമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

Note- മഹയ, അത്ര, ജയ, കാവ്യേന, ഗൂർധയ, ഭര എന്നീ പദങ്ങൾക്ക് സ്വഃ എന്ന പദം പരമാകുമ്പോഴും, മദ, പർഷ, പിപൃത, ധന്വ, യച്ഛത, രുഹേമ എന്നീ പദങ്ങൾക്ക് സ്വസ്തയേ എന്ന പദം പരമാകുമ്പോഴും പ്ലുതി വരുമെന്നാണല്ലോ 6–ാമത്തെ കാരികകൊണ്ട് വിധിച്ചത്. വ്യഞ്ജനം പരമാകുമ്പോൾ പ്ലുതിവരുമെന്ന് വിധിച്ചെങ്കിലും കൂട്ടക്ഷരമാണെങ്കിൽ പ്ലുതി വരില്ല എന്നു പറഞ്ഞിരുന്നു. പക്ഷെ ചിലയിടങ്ങളിൽ കൂട്ടക്ഷരങ്ങളിൽ ആരംഭിയ്ക്കുന്ന പദങ്ങൾ പരമായാൽ പ്ലുതി വരുമെന്ന് വിധിയ്ക്കുന്നുണ്ട്. അത്തരം സ്ഥലങ്ങളിലൊഴികെ കൂട്ടക്ഷരം പരമായാൽ പ്ലുതി വരില്ലെന്നാണർത്ഥം എന്നും നേരത്തെ പറഞ്ഞിട്ടുണ്ട്. ഇവിടെ സ്വഃ എന്ന പദവും, സ്വസ്തയേ എന്ന പദവും കൂട്ടക്ഷരത്തിൽ ആരംഭിയ്ക്കുന്ന(സംയോഗാദി)വയാണ്. ഈ പദങ്ങൾ പ്രത്യേകം എടുത്തുപറഞ്ഞ് പ്ലുതി വിധിച്ചിരിയ്ക്കുന്നതിനാൽ 'കൂട്ടക്ഷരം പരമായാൽ പ്ലുതി വരില്ല' എന്ന നിഷേധം ഇവിടെ പ്രവർത്തിയ്ക്കുകയില്ല.

7. **ദധിമ മദത തന്വി സിഞ്ചത**
   **സ്തവ വദതാനജ രക്ഷതോക്ഷത ।**
   **പിപൃത പൃണത പൃച്ഛത പ്രുഷസ്ഥ**
   **ഘഹിനവായ ജുഹോത പശ്യത ।।**
8. **ചകൃമാകുത്ര ഭൂമ സ്മ ശിശീത സ്തോത പപ്തത ।**
   **യഥോദയാനി സർവ്വാണി ത്വിതി വൈകാക്ഷരോദയം ।।**

1. ദധിമ, മദത, തന്വി, സിഞ്ചത, സ്തവ, വദത, അനജ, രക്ഷത, ഉക്ഷത, പിപൃത, പൃണത, പൃച്ഛത, പ്രുഷ, സ്ഥ, ഘ, ഹിനവ,

അയ, ജുഹോത, പശ്യത, ചകൃമ, അകുത്ര, ഭൂമ, സ്മ, ശിശീത, സ്തോത, പപ്തത എന്നീ പദങ്ങൾക്ക് വ്യഞ്ജനങ്ങൾ പരമാകുമ്പോൾ പ്ലുതിവരും. 2. തു എന്ന പദത്തിന് ഏകാക്ഷരം പരമാകുമ്പോൾ പ്ലുതിവരും.

**ഉദാഹരണങ്ങൾ**

**1 (1). യസ്മിൻ വയം ദധിമാ ശംസം (10.42.6)**

യസ്മിൻ/വയം/ദധിമ/ശംസം/ എന്നാണ് പദപാഠം. ശംസം എന്ന പദത്തിലെ ശകാരമാകുന്ന വ്യഞ്ജനം പരമയതിനാൽ ദധിമ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(2). ഇന്ദ്രം ഗീർഭിർമദതാ വസ്വഃ (1.51.1)**

ഇന്ദ്രം/ഗീfർഭിഃ/മദത/വസ്വഃ/ എന്നാണ് പദപാഠം. വസ്വ എന്ന പദത്തിന്റെ ആദിയിലുള്ള വകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ മദത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(3). ന ധ്വസ്മാനസ്തന്വീ രേപഃ (4.6.6)**

ന/ധ്വസ്മാനഃ/തന്വി/രേപഃ/ എന്നാണ് പദപാഠം. രേപഃ എന്ന പദത്തിലെ രേഫമാകുന്ന വ്യഞ്ജനം പരമായതിനാൽ തന്വി എന്ന അന്തഃപാദമായ പദത്തിലെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. 1. തന്വി=ശരിരത്തിൽ; 2. രേപഃ=പാപം, ചീത്തപ്രവൃത്തി; 3. ധ്വസ്മാനഃ=ധ്വംസകന്മാർ.

**(4). ആമത്രേഭിഃ സിഞ്ചതാ മദ്യമന്ധഃ (2.14.1)**

അമത്രേഭിഃ/സിഞ്ചത/മദ്യം/അന്ധഃ/ എന്നാണ് പദപാഠം. മദ്യം എന്ന പദത്തിലെ മകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ സിഞ്ചത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. അമത്രങ്ങൾ=ചമസങ്ങൾ; അന്ധഃ=(സോമരൂപമായ) അന്നം.

**(5). ഇന്ദ്രം സ്തവാ നൃതമം (10.89.1)**

ഇന്ദ്രം/സ്തവ/നൃfതമം/ എന്നാണ് പദപാഠം. നൃതമം എന്ന പദത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ സ്തവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(6). രോദസീ ആ വദതാ ഗണശ്രിയഃ (1.64.9)**

രോദസീ ഇതി/ ആ/വദത/ഗണശ്രിയഃ/ എന്നാണ് പദപാഠം. ഗണശ്രിയഃ എന്ന പദത്തിലെ ഗകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ വദത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വര

ത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(7). ഇമാം വാചമനജാ പർവ്വതച്യുതേ (5.54.1)**

ഇമാം/വാചം/അനജ/പർവ്വത*f*ച്യുതേ/ എന്നാണ് പദപാഠം. പർവ്വതച്യുതേ എന്ന പദത്തിലെ ആദിയിലുള്ള പകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ അനജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(8). പൂർഭീ രക്ഷതാ മരുതഃ (1.166.8)**

പൂഃ*f*ഭിഃ/രക്ഷത/മരുതഃ/ എന്നാണ് പദപാഠം. മരുതഃ എന്ന പദത്തിലെ മകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ രക്ഷത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവന്നിരിയ്ക്കുന്നു.

**(9). ഘൃതമുക്ഷതാ മധുവർണം (1.87.2)**

ഘൃതം/ഉക്ഷത/മധുവർണ്ണം/ എന്നാണ് പദപാഠം. മധുവർണ്ണം എന്ന പദത്തിലെ മകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ഉക്ഷത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. ഘൃതം=മഴവെള്ളം.

**(10). നിരംഹസഃ പിപൃതാ നിരവദ്യാത് (1.115.6)**

നിഃ/അംഹസഃ/പിപൃത/നിഃ/അവദ്യാത്/ എന്നാണ് പദപാഠം. നിരവദ്യാത് എന്ന പദത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പിപൃത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**(11) സോമേഭിരീം പൃണതാ ഭോജമിന്ദ്രം (2.14.10)**

സോമേ*f*ഭിഃ/ഈം/പൃണത/ഭോജം/ഇന്ദ്രം/ എന്നാണ് പദപാഠം. ഭോജം എന്ന പദത്തിലെ ഭകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ പൃണത എന്ന അന്തഃപാദത്തിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ളസ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (പൃണത=നിറയ്ക്കൂ)

**12. തം പൃച്ഛതാ സ ജഗാമാ (1.145.1)**

തം/പൃച്ഛത/സഃ/ജഗാമ/എന്നാണ് പദപാഠം. സഃ എന്ന പദത്തിലെ ആദിയിലുള്ള സകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ പൃച്ഛത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**13. അഭ്ര പ്രുഷോന വാചാ പ്രുഷാ വസു (10.77.1)**

അഭ്ര*f*പ്രുഷഃ/ന/വാചാ/പ്രുഷ/വസു/ എന്നാണ് പദപാഠം. വസു എന്ന പദത്തിലെ വകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ പ്രുഷ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന്

പ്ലുതി വന്നിരിയ്ക്കുന്നു. (അഭ്രപ്രുഷഃ=മേഘത്തിൽനിന്ന് പുറത്തേയ്ക്കു വരുന്ന വെള്ളത്തുള്ളി; പ്രുഷ=സേചനം ചെയ്യു)

**14. കേഷ്ഠാനരഃ ശ്രേഷ്ഠതമാഃ (5.61.1)**

കേ/സ്ഥ/നരഃ/ശ്രേഷ്ഠ/തമാഃ/ എന്നാണ് പദപാഠം. നരഃ എന്ന പദത്തിന്റെ ആദിയിലുള്ള നകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ സ്ഥ എന്ന അന്തഃപാദത്തിലുള്ള പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവന്നിരിയ്ക്കുന്നു.

**15. ന ഘാ സ മാമപ ജോഷം (4.27.2)**

ന/ഘ/സഃ/മാം/അപ/ജോഷം/ എന്നാണ് പദപാഠം. സഃ എന്ന പദത്തിന്റെ ആദിയിലുള്ള സകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ ഘ എന്ന പദത്തിന്റെ അന്തത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ഘ=ഏവ എന്നതിന്റെ അർത്ഥം=തന്നെ, മാത്രം). ജോഷം=പര്യാപ്തം)

**16. പ്രതത്തേ ഹിനവാ യത്തേ (10.95.13)**

പ്ര/തത്/തേ/ഹിനവ/യത്/തേ/ എന്നാണ് പദപാഠം. യത് എന്ന പദത്തിന്റെ ആദിയിലുള്ള യകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ ഹിനവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (പുരൂരുവസ്സും ഉർവ്വശിയും തമ്മിലുള്ള സംവാദസൂക്തത്തിന്റെ ഒരു ഭാഗമാണിത്)

**17. നാഹമതോ നിരയാ ദുർഗ്ഗഹൈതത് (4.18.2)**

ന/അഹം/അതഃ/നിഃ/അയ/ദുഃഗഹാ/ഏതത്/ എന്നാണ് പദപാഠം. ദുർഗഹാ എന്ന പദത്തിലെ ദകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ നിരയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**18. ആ ജുഹോതാ ദുവസ്യത**

വ്യഞ്ജനം പരമായതിനാൽ ജുഹോത എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**19. തദസ്യേദം പശ്യതാ ഭൂരി (1.103.5)**

തത്/അസ്യ/ഇദം/പശ്യത/ഭൂരി/ എന്നാണ് പദപാഠം. ഭൂരി എന്ന പദത്തിലെ ഭകാരം പരമായതിനാൽ പശ്യത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**20. വയം ഹി തേ ചകൃമാ ഭൂരി (8.46.25)**

വയം/ഹി/തേ/ചകൃമ/ഭൂരി/ എന്നാണ് പദപാഠം. ഭൂരി എന്ന പദത്തിലെ ഭകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ ചകൃമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരി

യ്ക്കുന്നു.
**21. മാകുത്രാ നോ ഗൃഹേഭ്യഃ (1.120.8)**
മാ/അകുത്ര/നഃ/ഗൃഹേഭ്യഃ/ എന്നാണ് ഇവിടെ പദപാഠം. നഃ എന്ന പദത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ അകുത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.
**22. ദ്യാവാ ച ഭൂമാ ജനുഷഃ (1.61.14)**
ദ്യാവാ/ച/ഭൂമ/ജനുഷഃ/ എന്നാണ് പദപാഠം. ജനുഷഃ എന്ന പദത്തിന്റെ ആദിയിലുള്ള ജകാരമാകുന്ന വ്യഞ്ജനം പരമായി വന്നതിനാൽ ഭൂമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു (ദ്യാവാ ച ഭൂമ=ദ്യാവാപൃഥിവികൾ)
**23.** ഉത സ്മാ സദ്യ ഇത്പരി (4.31.8)
ഉത/സ്മ/സദ്യഃ/ഇത്/പരി/ എന്നാണ് പദപാഠം. സദ്യഃ എന്നപദത്തിലെ സകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ സ്മ എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവന്നു.
**24. തം ശിശീതാ സുവൃക്തിഭിഃ (8.40.10)**
തം/ശിശീത/സുവൃക്തി*f*ഭിഃ/ എന്നാണ് പദപാഠം. സുവൃക്തിഭിഃ എന്ന പദത്തിലെ സകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ ശിശീത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.
**25. ഇന്ദ്രം സ്തോതാ നവ്യം ഗീർഭിഃ (8.16.1)**
ഇന്ദ്രം/സ്തോത/നവ്യം/ഗീഃ*f*ഭിഃ/ എന്നാണ് പദപാഠം. നവ്യം എന്ന പദത്തിലെ നകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ സ്തോത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (നവ്യം=സ്തുത്യർഹനായ)
**26. വയോ ന പപ്തതാ സുമായാഃ (1.88.1)**
വയഃ/ന/പപ്തത/സു*f*മായാഃ/ എന്നാണ് പദപാഠം. സുമായാഃ എന്ന പദത്തിലെ സകാരമാകുന്ന വ്യഞ്ജനം പരമായതിനാൽ പപ്തത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (മായ എന്ന പദത്തിന് കർമ്മം എന്നോ ജ്ഞാനം എന്നോ അർത്ഥം പറയാം. അതിനാൽ സുമായാഃ എന്നാൽ നല്ല കർമ്മങ്ങൾ ചെയ്യുന്നവർ എന്നോ നല്ല ജ്ഞാനം ഉള്ളവർ എന്നോ അർത്ഥം-സായണൻ)- പപ്തത=പതിയ്ക്കൂ; ആഗതനാകൂ.
**2-1. ആ തൂ ന ഉപ ഗന്തന (8.7.11)**
ആ/തു/നഃ/ഉപ/ഗന്തനാ/ എന്നാണ് പദപാഠം. നഃ എന്ന ഏ

കാക്ഷരപദം പരമായതിനാൽ തു എന്ന പദത്തിന്റെ സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

ഏകാക്ഷരമായ പദം പരമാകുമ്പോൾ തു എന്നതിന് പ്ലുതി വരും എന്നു പറഞ്ഞതിനാൽ ഏകാക്ഷരമല്ലാത്ത പദം പരമായാൽ തു എന്നതിന് പ്ലുതി വരികയില്ല. പിബാ തു സോമം ഗോ ഋജീകം (6.23.7)

ഇവിടെ തു എന്ന കഴിഞ്ഞ് സോമം എന്ന പദമാണ് പരമായിരിയ്ക്കുന്നത്. അതിനാൽ തു എന്ന പദത്തിന്റെ ഉകാരത്തിന് പ്ലുതി വരുന്നില്ല.

**9. കദാ ഹരിവോ വരുണസ്യ ചക്രതുഃ**
**സൂര്യസ്യ നിഷ്ട്യാ ഇവ ഭൂമ തേഷു ന ।**
**വസ്ത്രാണി ഹി ബാബധേ യജ്ഞിയാനാം**
**തേ ദംസോ ദ്വേനഃ സവ ശക്ര തേഷു തു ॥**

1. കദാ, ഹരിവഃ, വരുണസ്യ, ചക്രതുഃ, സൂര്യസ്യ, നിഷ്ട്യാ ഇവ- എന്നീ പദങ്ങൾ പരമാകുമ്പോൾ ഭൂമ എന്ന പദത്തിന് പ്ലുതി വരികയില്ല.

2. വസ്ത്രാണി, ഹി, ബാബധേ, യജ്ഞിയാനാം, തേ ദംസഃ (എന്നീ രണ്ടുപദങ്ങൾ), നഃ സ, ശക്ര എന്നീ പദങ്ങൾ പരമായാൽ തു എന്ന പദത്തിന് പ്ലുതി വരില്ല.

**ഉദാഹരണങ്ങൾ**

**1-1. ശൂനേ ഭൂമ കദാചന (1.105.3)**

ശൂനേ/ഭൂമ/കദാ/ചന/ എന്നാണ് പദപാഠം. കദാ എന്ന പദം പരമായതിനാൽ ഭൂമ എന്ന പദത്തിന് പ്ലുതി വരുന്നില്ല.

**2. അധായ ഭൂമ ഹരിവഃ (7.19.7)**

അധായ/ഭൂമ/ഹരി*f*വഃ/ എന്നാണ് പദപാഠം. ഹരിവഃ എന്ന പദം പരമായതിനാൽ ഭൂമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവന്നിട്ടില്ല (ഹരിവഃ=ഇന്ദ്ര!)

**3. മാ ഹേളേ ഭൂമ വരുണസ്യ (7.62.4)**

മാ/ഹേളേ/ഭൂമ/വരുണസ്യ/ എന്നാണ് പദപാഠം. വരുണസ്യ എന്ന പദം പരമായി വന്നതിനാൽ ഭൂമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല. (ഹേള=ക്രോധം)

**4. സുരേതസാ പിതരാ ഭൂമ ചക്രതുഃ (1.159.2)**

സു*f*രേതസാ/പിതരാ/ഭൂമ/ചക്രതുഃ/ എന്നാണ് പദപാഠം. ചക്രതുഃ എന്ന പദം പരമായി വന്നതിനാൽ ഭൂമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**5. മാ ശൂനേ ഭൂമ സൂര്യസ്യ സംദൃശി (10.37.6)**

മാ/ശൂനേ/ഭൂമ/സൂര്യസ്യ/സംദൃശി/ എന്നാണ് പദപാഠം. സൂര്യസ്യ എന്ന പദം പരമായി വന്നതിനാൽ ഭൂമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല (ഭൂമ=ഭവേമ)

**6. മാ ഭൂമ നിഷ്ട്യാ ഇവ (8.1.13)**

മാ/ഭൂമ/നിഷ്ട്യാഃƒഇവ/എന്നാണ് പദപാഠം. 'നിഷ്ട്യാ ഇവ' എന്നു പരമായതിനാൽ ഭൂമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നില്ല. (നിഷ്ട്യാ ഇവ=നീചർക്ക് എന്ന പോലെ).

**2.1. സ തു വസ്ത്രാണ്യധ പേശനാനി (10.1.6)**

സ/തുഃ/വസ്ത്രാണി/അധ/പേശനാനി/ എന്നാണ് പദപാഠം. വസ്ത്രാണി എന്ന പദം പരമായതിനാൽ തു എന്നതിനു പ്ലുതി വരുന്നില്ല.

**2. അധ്വര്യവാ തു ഹി ഷിഞ്ച (8.32.24)**

അധ്വര്യോ/ഇതി/ആ/തു/ഹി/ഷിഞ്ച/ എന്നാണ് പദപാഠം. ഹി എന്ന പദം പരമായതിനാൽ തു എന്നതിനു പ്ലുതി വരുന്നില്ല.

**3. വി തു ബാബധേ രോദസീ (6.29.5)**

വി/തു/ബാബധേ/രോദസീ/ എന്നാണ് പദപാഠം. ബാബധേ എന്ന പദം പരമായതിനാൽ തു എന്നതിനു പ്ലുതി വന്നിട്ടില്ല.

**4. മായാമൂതു യജ്ഞിയാനാം. (10.88.6)**

മായാം/ഊംഇതി/തു/യജ്ഞിയാനാം/ എന്നാണ് പദപാഠം. യജ്ഞിയാനാം എന്ന പദം പരമായതിനാൽ തു എന്ന പദത്തിനു പ്ലുതി വരുന്നില്ല.

**5. തത്തു തേ ദംസോ യദഹൻ (1.69.4)**

തത്/തു/തേ/ദംസഃ/യത്/അഹൻ/ എന്നാണ് പദപാഠം. തേ ദംസഃ എന്നീ രണ്ടു പദങ്ങൾ പരമായി വന്നതിനാൽ തു എന്ന പദത്തിന് പ്ലുതി വരുന്നില്ല. ദംസഃ എന്ന പദം പരമായിട്ടുള്ള തേ എന്ന പദം പരമാകുമ്പോഴാണ് തു എന്നതിന് പ്ലുതി വരാത്തത്. തേ എന്ന പദം മാത്രം പരമാകുമ്പോൾ പ്ലുതി വരും. താ തൂ തേ സത്യാ തൂ വിനൃമ്ണ (4.22.6)- താ/തു/തേ/സത്യാ/തുവിƒനൃമ്ണ/ എന്നാണ് പദപാഠം. ഇവിടെ തു എന്ന പദം കഴിഞ്ഞ് തേ എന്ന പദം മാത്രമാണ് പരമായിട്ടുള്ളത്. അതിനാൽ തു എന്ന പദത്തിന്പ്ലുതി വരുന്നു.

**5. ആ തു നഃ സ വയത ഗവ്യം (8.21.10)**

ആ/തു/നഃ/സഃ/വയതി/ഗവ്യം/ എന്നാണ് പദപാഠം. നഃ, സഃ

എന്നീ പദങ്ങൾ പരമായതിനാൽ തു എന്ന പദത്തിനു പ്ലുതി വരുന്നില്ല.

സഃ എന്ന പദം പരമായ നഃ എന്ന പദം പരമാകുമ്പോഴാണ് തു എന്ന പദത്തിന് പ്ലുതി വരാത്തത്. സഃ എന്ന പദം പരമാവാത്ത നഃ എന്ന പദം പരമാവുമ്പോൾ തു എന്നതിനു പ്ലുതി വരും.

ആ തൂ ന ഇന്ദ്ര വൃത്രഹൻ (4.32.1)

ആ/തു/നഃ/ഇന്ദ്ര/വൃത്ര*f*ഹൻ/ എന്നാണ് പദപാഠം. ഇവിടെ സഃ എന്ന പദം പരമാകാത്ത നഃ എന്ന പദമാണ് തു എന്നതിൽനിന്ന് പരമായിട്ടുള്ളത്. അതിനാൽ തു എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു.

**6. സ്തീർണ്ണം ബർഹിരാതു ശക്ര പ്രയാഹി (1.177.4)**

സ്തീർണ്ണം/ബർഹിഃ/ആ/തു/ശക്ര/പ്ര/യാഹി/ എന്നാണ് പദപാഠം. ശക്ര എന്ന പദം പരമായി വന്നതിനാൽ തു എന്ന പദത്തിന് പ്ലുതി വരുന്നില്ല.

**10 ചക്യമേതി ദ്വൈപദേ ഭൂരി ദുഷ്കൃതം**
**വർധതാം വിപ്രവചസോ ജിഹ്വയേതി ।**
**കണ്വായനാ നിഷ്കൃതീ രേതയോഃ സ്ഥ**
**ജാതാഃ സുരഥാ ഹവനശ്രുതശ്ച ॥**

1. ദ്വൈപദമായ, ഭൂരി ദുഷ്കൃതം, വർധതാം, വിപ്രവചസഃ, ജിഹ്വയാ എന്നിവ പരമാകുമ്പോൾ ചകൃമ എന്ന പദത്തിന് പ്ലുതി വരില്ല.

2. കണ്വായനാഃ, നിഷ്കൃതീഃ എന്നീ പദങ്ങൾ പരമാകുമ്പോൾ സ്ഥ എന്ന പദത്തിന് പ്ലുതി വരികയില്ല.

ജാതാഃ, സുരഥാഃ, ഹവനശ്രുതഃ എന്നീ പദങ്ങൾ പരമാവുമ്പോഴും സ്ഥ എന്ന പദത്തിന് പ്ലുതി വരില്ല.

**ഉദാഹരണങ്ങൾ**

**1.1. ന വോ ഗുഹാ ചകൃമ ഭൂരി ദുഷ്കൃതം (10.100.7)**

ന/വഃ/ഗുഹാ/ചകൃമ/ഭൂരി/ദുഃ*f*കൃതം/ എന്നാണ് പദപാഠം. ഭൂരി ദുഷ്കൃതം എന്നീ ദ്വൈപദങ്ങൾ പരമായതിനാൽ ചകൃമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

ദുഷ്കൃതം എന്ന പദം പരമായ ഭൂരി എന്ന പദം പരമാകുമ്പോഴേ ചകൃമ എന്ന പദത്തിന് പ്ലുതി വരാതിരിയ്ക്കുകയുള്ളൂ. ദുഷ്കൃതം പരമാകാത്ത ഭൂരി എന്ന പദം പരമാകുമ്പോൾ ചകൃമ എന്ന പദത്തിന് പ്ലുതി വരും.

വയം ഹി തേ ചകൃമാ ഭൂരി ദാവനേ (8.46.25)- ഇവിടെ ഭൂരി

എന്ന പദം കഴിഞ്ഞ് ദുഷ്കൃതം എന്ന പദം വരുന്നില്ല. അതിനാൽ ചകൃമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (ഭൂരി ദാവനേ=ധാരാളം കൊടുക്കുന്നവനായ)

**2. പ്രാഞ്ചം യജ്ഞം ചകൃമ വർധതാം (3.1.2)**

പ്രാഞ്ചം/യജ്ഞം/ചകൃമ/വർധതാം/ എന്നാണ് പദപാഠം. ഇവിടെ വർധതാം എന്ന പദം പരമായി വന്നതിനാൽ ചകൃമ എന്ന പദത്തിന് പ്ലുതി വരുന്നില്ല.

**3. ആ പുരന്ദരം ചകൃമ വിപ്രവചസഃ (8.61.8)**

ആ/പുരംƒദരം/ചകൃമ/വിപ്ര/വചസഃ/ എന്നാണ് പദപാഠം. വിപ്രവചസഃ എന്ന പദം പരമയതിനാൽ ചകൃമ എന്ന പദത്തിനു പ്ലുതി വരുന്നില്ല. (വിപ്രവചസ=പലതരത്തിലുള്ള പ്രകൃഷ്ടങ്ങളായ വാക്കുകളോടു കൂടിയവർ)

**4. യദ്വോ ദേവാശ്ചകൃമ ജിഹ്വയാ ഗുരു (10.37.12)**

യത്/വഃ/ദേവാഃ/ചകൃമ/ജിഹ്വയാ/ഗുരു/ എന്നാണ് പദപാഠം. ജിഹ്വയാ എന്ന പദം പരമായി വന്നതിനാൽ ചകൃമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**2.1 സുദേവാ സ്ഥ കാണ്വായനാഃ (8.55.4)**

സുƒദേവാഃ/സ്ഥ/കാണ്വായനാഃ/ എന്നാണ് പദപാഠം. കാണ്വായനാഃ എന്ന പദം പരമായി വന്നതിനാൽ സ്ഥ എന്നതിന് പ്ലുതി വരുന്നില്ല.

**2. അഥോ യൂയം സ്ഥ നിഷ്കൃതീഃ (10.97.9)**

അഥോ ഇതി/ യൂയം/സ്ഥ/നിഃകൃതീഃ/ എന്നാണ് പദപാഠം. നിഷ്കൃതീഃ എന്ന പദം പരമായി വന്നതിനാൽ സ്ഥ എന്ന പദത്തിന് പ്ലുതി വരുന്നില്ല.

**3. യേ സ്ഥ ജാതാ അദിതേഃ (10.63.2)**

യേ/സ്ഥ/ജാതാഃ/അദിതേഃ/ എന്നാണ് പദപാഠം. ജാതാഃ എന്ന പദം പരമായി വന്നതിനാൽ സ്ഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**4. സ്വശ്വാ സ്ഥ സുരഥാഃ (5.57.2)**

സുƒഅശ്വാഃ/സ്ഥ/സുƒരഥാഃ/ എന്നാണ് പദപാഠം. സുരഥാഃ എന്ന പദം പരമായി വന്നതിനാൽ സ്ഥ എന്ന പദത്തിന് പ്ലുതി വരുന്നില്ല.

**5. കത്ധ സ്ഥ ഹവനശ്രുതഃ (8.67.5)**

കത്/ഹ/സ്ഥ/ഹവനƒശ്രുതഃ/ എന്നാണ് പദപാഠം. ഹവനശ്രു

തഃ എന്ന പദം പരമായി വന്നതിനാൽ സ്ഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**11 സവാപരം ഘേതി കൌത്സവൈമദം**
**സ്മ രാശിമിത്യാദിഷു ന പ്രതി ഷ്മ ച ।**
**സ്മ തേ പരേഷു വ്രജനം വനസ്പതേ**
**ശുഭേ പരുഷ്ണ്യാം സ്മ പുരാ വൃഷാകപൌ ॥**

1. കുത്സന്റേയോ വിമദന്റേയോ ആർഷത്തിൽ (കുത്സവിമദന്മാർ ദർശിച്ചതായ മന്ത്രങ്ങളിൽ) ഉള്ളതും സഃ എന്നോ വാ എന്നോ പരമായി വരുന്നതുമായ ഘ എന്ന പദത്തിന് പ്ലുതി വരില്ല.
2. രാശിം തുടങ്ങിയവ പരമായി വരുമ്പോൾ സ്മ എന്ന പദത്തിന്പ്ലുതി വരികയില്ല. (രാശിം തുടങ്ങിയ പദങ്ങൾ ഏതെല്ലാമെന്ന് അടുത്ത കാരികയിൽ വിവരിയ്ക്കുന്നതാണ്).
3. പ്രതി എന്ന പദം പൂർവ്വത്തിലുള്ള സ്മ എന്ന പദത്തിനും പ്ലുതി വരില്ല.
4. സ്മ തേ എന്ന ദ്വൈപദത്തിന്റെ പൂർവ്വപദമായ സ്മ എന്നതിന് വ്രജനം, വനസ്പതേ, ശുഭേ, പരുഷ്ണ്യാം എന്നീ പദങ്ങൾ പരമായി വരുമ്പോൾ പ്ലുതി വരില്ല.
5. സ്മ പുരാ എന്നതിൽ സ്മ എന്ന പദത്തിന് വൃഷാകപിയുമായുള്ള സംവാദസൂക്തത്തിൽ പ്ലുതി വരികയില്ല.

**ഉദാഹരണങ്ങൾ**

**1.1. അയം ഘ സ തുരോ മദഃ (10.25.10)**

അയം/ഘ/സഃ/തുരഃ/മദഃ/എന്നാണ് പദപാഠം. വിമദനാൽ ദർശിയ്ക്കപ്പെട്ടതായി പറയപ്പെടുന്നു. സഃ എന്ന പദം പരമായി വന്നതിനാൽ ഘ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**2. ആ ഘ വാ യാഭിരരുണീഃ (1.112.19)**

ആ/ഘ/വാ/യാഭിഃ/അരുണീഃ/ എന്നാണ് പദപാഠം. (അംഗിരഗോത്രത്തിൽപ്പെട്ട കുത്സനാണ് ഇവിടെ ഋഷി) വാ എന്ന പദം പരമായി വന്നതിനാൽ ഘ എന്ന പദത്തിനു പ്ലുതി വരുന്നില്ല.

കൌത്സ–വൈമദമല്ലാത്ത ഋക്കുകളിൽ ഘ എന്ന പദം കഴിഞ്ഞ് സഃ എന്നോ വാ എന്നോ പരമായി വന്നാൽ പ്ലുതിനിഷേധമില്ല; അതായത് പ്ലുതി വരും.

സു നീഥോ ഘാ സ മർത്യഃ (8.46.4)

സു/നീഥഃ/ഘ/സഃ/മർത്യഃ/ എന്നാണ് പദപാഠം. ഇവിടെ സഃ

എന്ന പദം പരമായിട്ടുണ്ട് എങ്കിലും ഘ എന്ന പദത്തിന് പ്ലുതി വന്നിട്ടുണ്ട്. ഈ സൂക്തത്തിന്റെ ദ്രഷ്ടാവായ ഋഷി അശ്വപുത്രനായ 'വശ'നാണ്. കുത്സനോ വിമദനോ അല്ലാത്തതിനാൽ ഇവിടെ പ്ലുതിനിഷേധമില്ല.

2. സ്മ എന്ന പദത്തിന് രാശിം തുടങ്ങിയ പദങ്ങൾ പരമായി വരുമ്പോൾ പ്ലുതി വരില്ലെന്നുള്ളതിന് ഉദാഹരണങ്ങൾ, രാശ്യാദി പദങ്ങൾ ഏതൊക്കെയെന്ന് വിവരിയ്ക്കുന്ന അടുത്ത കാരിക വ്യാഖ്യാനിയ്ക്കുമ്പോൾ കാണിയ്ക്കുന്നതാണ്.

**3. പ്രതി ഷ്മ രിഷതോ ദഹ (1.12.5)**

പ്രതി/സ്മ/രിഷതഃ/ദഹ/എന്നാണ് പദപാഠം. ഇവിടെ സ്മ എന്ന പദത്തിന്റെ പൂർവ്വം, 'പ്രതി' എന്ന പദം വരുന്നുണ്ട്. അതിനാൽ സ്മ എന്നതിന് പ്ലുതി വരുന്നില്ല.

**4.1 അധ സ്മതേ വ്രജനം കൃഷ്ണം (7.3.2)**

അധ/സ്മ/തേ/വ്രജനം/കൃഷ്ണം/ എന്നാണ് പദപാഠം. ഇവിടെ സ്മ തേ എന്ന ദ്വൈപദത്തിൽനിന്ന് (തേ എന്നു പരമുള്ള സ്മ) വ്രജനം എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിനു പ്ലുതി വന്നിട്ടില്ല.

**2. ഉത സ്മ തേ വനസ്പതേ (1.28.6)**

ഉത/സ്മ/തേ/വനസ്പതേ/ എന്നാണ് പദപാഠം. ഇവിടെ 'സ്മ തേ' എന്ന ദ്വൈപദത്തിൽനിന്ന് വനസ്പതേ എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിനു പ്ലുതി വന്നിട്ടില്ല.

**3. ഉത സ്മ തേ ശുഭേ നരഃ (5.52.8)**

ഉത/സ്മ/തേ/ശുഭേ/നരഃ/ എന്നാണ് പദപാഠം. ഇവിടെ 'സ്മ തേ' എന്ന ദ്വൈപദത്തിൽനിന്ന് ശുഭേ എന്ന പദം പരമായതിനാൽ സ്മ എന്നതിന് പ്ലുതി വന്നിട്ടില്ല.

**4. ഉത സ്മ തേ പരുഷ്ണ്യാം (5.52.9)**

ഉത/സ്മ/തേ/പരുഷ്ണ്യാം/ എന്നാണ് പദപാഠം. ഇവിടെ സ്മ തേ എന്ന ദ്വൈപദത്തിൽനിന്ന് പരുഷ്ണ്യാം എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ സ്മ എന്ന പദത്തിന് പ്ലുതി വന്നിട്ടില്ല. (പരുഷ്ണി എന്നത് ഒരു നദിയുടെ നാമമാണ്)

**5. സംഹോത്രം സ്മ പുരാ നാരീ (10.86.10)**

സം*f*ഹോത്രം/സ്മ/പുരാ/നാരീ/ എന്നാണ് പദപാഠം. ഇവിടെ സ്മ എന്ന പദം കഴിഞ്ഞ് പുരാ എന്നു വരുന്നു. അതിനാൽ സ്മ എന്നതിന് പ്ലുതി വരുന്നില്ല.

പത്താം മണ്ഡലത്തിലെ 86-ാം സൂക്തം ഇന്ദ്രൻ, ഇന്ദ്രാണി,

ഇന്ദ്രപുത്രനായ വൃഷാകപി എന്നിങ്ങനെ മൂന്നുപേരും കൂടിയുള്ള ഒരു സംവാദസൂക്തമാണ്. ഇതിൽ 23 ഋക്കുകളാണുള്ളത്. ആർ പറയുന്നുവോ ആ ആളാണ് ഋഷി. അതനുസരിച്ച് ഇന്ദ്രന്റെ വാക്യമെന്ന രൂപത്തിലുള്ള ഋക്കുകൾക്ക് ഇന്ദ്രനും ഇന്ദ്രാണിയുടെ വാക്യമെന്ന നിലയിലുള്ള ഋക്കുകൾക്ക് ഇന്ദ്രാണിയും, വൃഷാകപിയുടെ വാക്യമെന്ന നിലയ്ക്കുള്ള ഋക്കുകൾക്ക് വൃഷാകപിയുമാണ് ഋഷി. സായണന്റെ അഭിപ്രായപ്രകാരം 9 ഋക്കുകൾക്ക് ഇന്ദ്രനും 11 ഋക്കുകൾക്ക് ഇന്ദ്രാണിയും 3 ഋക്കുകൾക്ക് വൃഷാകപിയും ഋഷിയാണ്. ഒന്നാമത്തെ ഋക്ക് ഇന്ദ്രന്റേതായാണ് സായണൻ പറഞ്ഞിട്ടുള്ളത് എങ്കിലും അദ്ദേഹംതന്നെ മാധവഭട്ടന്റെ അഭിപ്രായപ്രകാരം ഇത് ഇന്ദ്രാണിയുടെ വാക്യമാണ് എന്നു പറയുന്നുണ്ട്.

സംഹോത്രം സ്മ പുരനാരീ- എന്ന ഋക്ക് ഇന്ദ്രാണിയുടെ വാക്യമാണ്. അതിനാൽ ഇന്ദ്രാണിയാണ് ഋഷി. 'സ്മ പുരാ വൃഷാകപൌ' എന്ന പ്രാതിശാഖ്യകാരികാഭാഗം വ്യാഖ്യാനിയ്ക്കുമ്പോൾ ഉവടൻ ഉദാഹരണമായി കാണിച്ചിട്ടുള്ളത് 'സംഹോത്രം സ്മ പുരനാരീ' എന്ന ഋഗ്ഭാഗമാണ്. ഇതിന്റെ ഋഷി വൃഷാകപിയല്ലാത്തതിനാൽ വൃഷാകപൌ എന്നതിന് വൃഷാകപിയുമായുള്ള സംവാദസൂക്തത്തിൽ എന്നർത്ഥം പറഞ്ഞതതുകൊണ്ടാണ്.

**12 രാശിം വാജേഷു മേ സദ്മ പൂഷണം**
**തം ത്വംഹദ്ധായി മാ ദുർഹണായതഃ ।**
**യസ്മൈ യദ്വൃത്രഹത്യേഷു മാവതേ**
**വാതോ യം യസ്യ മദ്ദുർഗൃഭീയസേ ॥**

രാശിം, വാജേഷു, മേ, സദ്മ, പൂഷണം, തം, തൃംഹത്, ധായി, മാ, ദുർഹണായതഃ, യസ്മൈ, യത്, വൃത്രഹത്യേഷു, മാവതേ, വാതഃ, യം, യസ്യ, മത്, ദുർഗൃഭീയസേ എന്നീ പദങ്ങളാണ് രാശ്യാദികൾ. ഇവ പരമായി വരുമ്പോൾ സ്മ എന്ന പദത്തിനു പ്ലുതി വരികയില്ല.

**ഉദാഹരണങ്ങൾ**

**1. ഉത സ്മ രാശിം പരിയാസി (9.87.9)**

ഉത/സ്മ/രാശിം/പരി/യാസി/ എന്നാണ് പദപാഠം. ഇവിടെ രാശിം എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിന് പ്ലുതി വന്നിട്ടില്ല.

**2. പ്ര സ്മ വാജേഷു നോ/വ (8.60.10)**

പ്ര/സ്മ/വാജേഷു/നഃ/അവ/ എന്നാണ് പദപാഠം. ഇവിടെ

വാജേഷു എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തി നു പ്ലുതി വന്നിട്ടില്ല.

**3. ഉത സ്മ മേƒവ്യത്യൈ (10.95.5)**

ഉത/സ്മ/മേ/അവ്യത്യൈ/ എന്നാണ് പദപാഠം. ഇവിടെ മേ എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിന് പ്ലുതി വരുന്നില്ല.

**4. ഉത സ്മ സദ്മ ഹര്യതസ്യ (10.96.10)**

ഉത/സ്മ/സദ്മ/ഹര്യതസ്യ/ എന്നാണ് പദപാഠം. ഇവിടെ സദ്മ എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിനു പ്ലുതി വരുന്നില്ല.

**5. വഹാമി സ്മ പൂഷണമന്തരേണ (10.33.1)**

വഹാമി/സ്മ/പൂഷണം/അന്തരേണ/ എന്നാണ് പദപാഠം. ഇവിടെ പൂഷണം എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിനു പ്ലുതി വരുന്നില്ല.

**6. അപ സ്മ തം പഥോ ജഹി (1.42.2)**

അപ/സ്മ/തം/പഥഃ/ജഹി/ എന്നാണ് പദപാഠം. ഇവിടെ തം എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിനു പ്ലുതി വന്നിട്ടില്ല.

**7. കൂടം സ്മ തൃംഹദഭിമാതിം (10.102.4)**

കൂടം/സ്മ/തൃംഹത്/അഭിമാതിം/ എന്നാണ് പദപാഠം. ഇവിടെ തൃംഹത് എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിനു പ്ലുതി വരുന്നില്ല.

**8. ഇഹ സ്മ ധായി ദർശതഃ (5.56.7)**

ഇഹ/സ്മ/ധായി/ദർശതഃ/ എന്നാണ് പദപാഠം. ഇവിടെ ധായി എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിനു പ്ലുതി വരുന്നില്ല.

**9. ത്രിഃ സ്മ മാഹ്നഃ ശ്നഥയഃ (10.95.5)**

ത്രിഃ/സ്മ/മാ/അഹ്നഃ/ശ്നഥയഃ/ എന്നാണ് പദപാഠം. ഇവിടെ മാ എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിനു പ്ലുതി വരുന്നില്ല.

**10. അവ സ്മ ദുർഹണായതഃ (10.134.2)**

അവ/സ്മ/ദുഃƒഹനായതഃ/ എന്നാണ് പദപാഠം. ഇവിടെ ദുർഹണായതഃ എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിന് പ്ലുതി വരുന്നില്ല. ദുർഹണായതഃ=ദുഃഖപ്രദമായ ഹനനത്തെ ആചരിയ്ക്കുന്ന.

**11. ശുചിഃ ഷ്മ യസ്മാ അത്രിവത് (5.7.8)**

ശുചിഃ/സ്മ/യസ്മൈ/അത്രിƒവത്/എന്നാണ് പദപാഠം. ഇവിടെ യസ്മൈ എന്ന പദം പരമായി വന്നതിനാൽ സ്മ എന്നുള്ള പദത്തിന് പ്ലുതി വരുന്നില്ല.

**12. നഹി ഷ്മ യദ്ധ വഃ പുരാ (8.7.21)**

നഹി/സ്മ/യത്/ഹ/വഃ/പുരാ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ യത് എന്ന പദം പരമായതിനാൽ സ്മ എന്ന പദത്തിനു പ്ലുതി വരുന്നില്ല.

**13. മഘോനഃ സ്മ വൃത്രഹത്യേഷു (7.32.15)**

മഘോനഃ/സ്മ/വൃത്രƒഹത്യേഷു/ എന്നാണ് പദപാഠം. ഇവിടെ വൃത്രഹത്യേഷു എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിന് പ്ലുതി വരുന്നില്ല. (വൃത്രഹത്യേഷു = സംഗ്രാമങ്ങളിൽ (യുദ്ധങ്ങളിൽ).

**14. നി ഷ്മ മാവതേ വഹഥാ പുരാചിത് (6.65.4)**

നി/സ്മ/മാƒവതേ/വഹഥ/ എന്നാണ് പദപാഠം. ഇവിടെ മാവതേ എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിന് പ്ലുതി വരുന്നില്ല. (മാവതേ=എന്നോട് തുല്യനായ)

**15. ഉൽസ്മ വാതോ വഹതി (10.102.2)**

ഉത്/സ്മ/വാതഃ/വഹതി/ എന്നാണ് പദപാഠം. ഇവിടെ സ്മ എന്ന പദം കഴിഞ്ഞ് വാതഃ എന്ന പദം പരമായതിനാൽ സ്മ എന്ന പദത്തിന് പ്ലുതി വരുന്നില്ല.

**16. ഉത സ്മ യം ശിശും (5.9.3)**

ഉത/സ്മ/യം/ശിശും/ എന്നാണ് പദപാഠം. ഇവിടെ യം എന്ന പദം പരമായതിനാൽ സ്മഎന്ന പദത്തിന് പ്ലുതി വന്നിട്ടില്ല.

**17. അധ സ്മ യസ്യാർചയഃ (5.9.5)**

അധ/സ്മ/യസ്യ/അർചയഃ/ എന്നാണ് പദപാഠം. ഇവിടെ യസ്യ എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിനു പ്ലുതി വരുന്നില്ല.

**18. അപ സ്മ മത്തരസന്തീ (10.95.8)**

അപ/സ്മ/മത്/തരസന്തീ/ എന്നാണ് പദപാഠം. ഇവിടെ മത് എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തിന്റെ അന്ത്യസ്വരത്തിനു പ്ലുതി വരുന്നില്ല.

**19. ഉത സ്മ ദുർഗൃഭീയസേ (5.9.4)**

ഉത/സ്മ/ദുഃƒഗൃഭീയസേ/ എന്നാണ് പദപാഠം. ഇവിടെ ദുർഗൃഭീയസേ എന്ന പദം പരമായി വന്നതിനാൽ സ്മ എന്ന പദത്തി

നു പ്ലുതി വരുന്നില്ല. ദുർഗൃഭീയസേ=വളരെ ബുദ്ധിമുട്ടി ഗ്രഹണം ചെയ്യുന്നു)

**13. പൃച്ഛാ വിപശ്ചിതമവാ പുരന്ധ്യാ**
**ഘാത്വദ്രിഗ്വീരാൻ വനുയാമാ ത്വോതാഃ ।**
**ജനയാ ദൈവ്യം ഭുജേമാ തനൂഭി-**
**ർഹാ വഹതോ വാസയാ മന്മനാ ച ॥**

പൃച്ഛാ വിപശ്ചിതം, അവാ പുരന്ധ്യാ, ഘാത്വദ്രിക്, വീരാന്വ നുയാമാ ത്വോതാഃ, ജനയാ ദൈവ്യം, ഭുജേമാ തനൂഭിഃ, ഹാ വഹ തഃ, വാസയാ മന്മനാ എന്നീ ദ്വൈപദങ്ങളിൽ പൂർവ്വപദത്തിനു പ്ലു തി വരും.

1. വിപശ്ചിതം എന്നു പരമായ പൃച്ഛ എന്ന പദത്തിനു പ്ലുതി വരും.
2. പുരന്ധ്യാ എന്നു പരമായ അവ എന്ന പദത്തിനു പ്ലുതി വരും.
3. ത്വദ്രിക് എന്ന പദം പരമായ ഘ എന്ന പദത്തിന് പ്ലുതി വരും.
4. വീരാൻ എന്നു പൂർവ്വത്തിലുള്ള വനുയാമ എന്ന പദത്തിനു ത്വോതാഃ എന്ന പദം പരമായാൽ പ്ലുതി വരും.
5. ദൈവ്യം എന്ന പദം പരമായാൽ ജനയ എന്ന പദത്തിനു പ്ലുതി വരും.
6. തനൂഭിഃ എന്ന പദം പരമായാൽ ഭുജേമ എന്ന പദത്തിനു പ്ലുതി വരും.
7. വഹതഃ എന്ന പദം പരമായാൽ ഹ എന്ന പദത്തിനു പ്ലുതി വ രും.
8. മന്മനാ എന്ന പദം പരമായാൽ വാസയ എന്ന പദത്തിനു പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. ഇന്ദ്രം പൃച്ഛാ വിപശ്ചിതം (1.4.4)**

ഇന്ദ്രം/പൃച്ഛ/വിപഃƒചിതം/ എന്നാണ് പദപാഠം. വിപശ്ചിതം എന്ന പദം പരമായതിനാൽ പൃച്ഛ എന്ന പദത്തിന്റെ അന്ത്യത്തി ലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**2. രഥമവാ പുരന്ധ്യാ (5.35.8)**

രഥം/അവ/പുരംƒധ്യാ/ എന്നാണ് പദപാഠം. ഇവിടെ പുര ന്ധ്യാ എന്ന പദം പരമായി വന്നതിനാൽ അവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (പുരന്ധ്യാ =ശോഭനമായ ബുദ്ധിയോടുകൂടി)

**3. ന ഘാ ത്വദ്രിഗപ വേതി (10.43.2)**

ന/ഘ/ത്വദ്രിക്/അപ/വേതി/ എന്നാണ് പദപാഠം. ഇവിടെ ത്വ

ദ്രിക് എന്ന പദം പരമായി വന്നതിനാൽ ഘ എന്ന പദ്ത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (ത്വദ്രിക്=അങ്ങയുടെ നേർക്ക്, അപ വേതി =അപഗച്ഛതി)

**4. വീരൈർ വീരാൻ വനുയാമാ ത്വോതാഃ (1.73.9)**

വീരൈഃ/വീരാൻ/വനുയാമ/ത്വാ*f*ഊതാഃ/ എന്നാണ് പദപാഠം. ഇവിടെ വീരാൻ എന്ന പദം പൂർവ്വമുള്ള വനുയാമ എന്ന പദത്തിൽനിന്ന് ത്വോതാഃ എന്ന പദം പരമായി വന്നതിനാൽ വനുയാമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (ത്വോതാഃ=അങ്ങയാൽ രക്ഷിയ്ക്കപ്പെട്ട, വനുയാമ=വധിയ്ക്കുന്നു)

വീരാൻ എന്ന പദം പൂർവ്വത്തിലില്ലെങ്കിൽ വനുയാമ എന്ന പദത്തിന് ത്വോതാഃ എന്ന പദം പരമായാലും പ്ലുതി വരില്ല.- വയമഗ്നേ വനുയാമ ത്വോതാഃ (5.3.6)- വയം/അഗ്നേ/വനുയാമ/ത്വാ*f*ഊതാഃ/ എന്നാണ് പദപാഠം. ഇവിടെ ത്വോതാഃ എന്ന പദം പരമായിട്ടുണ്ടെങ്കിലും വനുയാമ എന്ന പദത്തിന് പ്ലുതി വന്നിട്ടില്ല. വനുയാമ എന്ന പദത്തിനുമുൻപ് വീരാൻ എന്ന പദമില്ലാത്തതിനാലാണത്.

**5. മനുർഭവ ജനയാ ദൈവ്യം ജനം (10.53.6)**

മനുഃ/ഭവ/ജനയ/ദൈവ്യം/ജനം/ എന്നാണ് പദപാഠം. ദൈവ്യം എന്ന പദം പരമായതിനാൽ ജനയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നു.

**6. യക്ഷം ഭുജേമാ തനൂഭിഃ (5.70.4)**

യക്ഷം/ഭുജേമ/തനൂഭിഃ/ എന്നാണ് പദപാഠം. ഇവിടെ തനൂഭിഃ എന്ന പദം പരമായതിനാൽ ഭുജേമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**7. ആ ഹാ വഹതോ മർത്യായ (5.41.7)**

ആ/ഹ/വഹതഃ/മർത്യായ/ എന്നാണ് പദപാഠം. ഇവിടെ വഹതഃ എന്ന പദം പരമായി വന്നതിനാൽ ഹ എന്ന പദത്തിന്റെ അന്ത്യസ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**8. വസ്ത്രേണേവ വാസയാ മന്മനാ ശുചിം (1.140.1)**

വസ്ത്രേണ*f*ഇവ/വാസയ/മന്മനാ/ശുചിം/എന്നാണ് പദപാഠം. ഇവിടെ മന്മനാ എന്ന പദം പരമായി വന്നതിനാൽ വാസയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (വാസയ=പൊതിയൂ, മറയ്ക്കൂ).

**14 വേദാ വസുധിതിം രോമാ പൃഥിവ്യാ**
**വോചാ സുതേഷു ധാവതാ സുഹസ്ത്യഃ ।**
**മുഞ്ചാ സുഷുവുഷഃ സ്വാദ്മാ പിതൂനാം**
**ഇഹാ വൃണീഷ്വ ബോധയാ പുരന്ധിം ।।**

വേദാ വസുധിതിം, രോമാ പൃഥിവ്യാഃ, വോചാ സുതേഷു, ധാവതാ സുഹസ്ത്യഃ, മുഞ്ചാ സുഷുവുഷഃ, സ്വാദ്മാ പിതൂനാം, ഇഹാ വൃണീഷ്വ, ബോധയാ പുരന്ധിം എന്നീ ദ്വൈപദങ്ങളിൽ പൂർവ്വപദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരും.

1. വസുധിതിം എന്ന പദം പരമായി വന്നാൽ വേദ എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരും.
2. പൃഥിവ്യാഃ എന്ന പദം പരമായി വന്നാൽ രോമ എന്ന പദത്തിന്റെ അന്ത്യസ്വരത്തിനു പ്ലുതി വരും.
3. സുതേഷു എന്ന പദം പരമായി വന്നാൽ വോച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
4. സുഹസ്ത്യഃ എന്ന പദം പരമായി വരുമ്പോൾ ധാവതാ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
5. സുഷുവുഷ എന്നത് പരമാകുമ്പോൾ മുഞ്ച എന്ന പദത്തിനു പ്ലുതി വരും.
6. പിതൂനാം എന്ന പദം പരമായി വരുമ്പോൾ സ്വാദ്മ എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരും.
7. വൃണീഷ്വ എന്ന പദം പരമായി വരുമ്പോൾ ഇഹ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
8. പുരന്ധിം എന്ന പദം പരമായി വരുമ്പോൾ ബോധയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിനു പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. സ ഹി വേദാ വസുധിതിം (4.8.2)**

സഃ/ഹി/വേദ/വസുƒധിതിം/ എന്നാണ് പദപാഠം. ഇവിടെ വസുധിതിം എന്ന പദം പരമായി വന്നതിനാൽ വേദ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.

**2. അഗ്നിർഹദാതി രോമാപൃഥിവ്യാഃ (1.65.4)**

അഗ്നിഃ/ഹ/ദാതി/രോമ/പൃഥിവ്യാഃ/ എന്നാണ് പദപാഠം. ഇവിടെ പൃഥിവ്യാഃ എന്ന പദം പരമായി വന്നതിനാൽ രോമ എന്ന പദത്തിനു പ്ലുതി വന്നിരിയ്ക്കുന്നു (ദാതി=മുറിയ്ക്കുന്നു)

**3. പ്രനു വോചാ സുതേഷു വാം (6.59.1)**

പ്ര/നു/വോച/സുതേഷു/വാം/ എന്നാണ് പദപാഠം. ഇവിടെ

സുതേഷു എന്ന പദം പരമായി വന്നതിനാൽ വോച എന്ന പദത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**4. ആ ധാവതാ സുഹസ്ത്യഃ (9.46.4)**

ആ/ധാവത/സുƒഹസ്ത്യഃ/ എന്നാണ് പദപാഠം. ഇവിടെ സുഹസ്ത്യഃ എന്ന പദം പരമായി വന്നതിനാൽ ധാവത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (ആ ധാവത=വരിക)

**5. വിഷൂ മുഞ്ചാ സുഷുവിഷഃ (10.94.14)**

വി/സു/മുഞ്ച/സുസുƒവിഷഃ/ എന്നാണ് പദപാഠം. ഇവിടെ സുഷുവുഷഃ എന്ന പദം പരമായി വന്നതിനാൽ മുഞ്ച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**6. ഊധർന ഗോനാം സ്വാദ്മാ പിതൂനാം (1.69.2)**

ഊധഃ/ന/ഗോനാം/സ്വാദ്മ/പിതൂനാം/ എന്ന് പദപാഠം. പിതൂനാം എന്ന പദം പരമായി വന്നതിനാൽ സ്വാദ്മ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. 1. സ്വാദ്മ=സ്വാദുണ്ടാക്കുന്ന. 2. പിതു=അന്നം (ഭക്ഷണം).

**7. അസ്മാ് ഇഹാ വൃണീഷ്വ (4.31.11)**

അസ്മാൻ/ഇഹ.വൃണീഷ്വ/ എന്നാണ് പദപാഠം. ഇവിടെ വൃണീഷ്വ എന്ന പദം പരമായി വന്നതിനാൽ ഇഹ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**8. പ്ര ബോധയാ പുരന്ധിം (1.134.3)**

പ്ര/ബോധയ/പുരംƒധിം/ എന്നാണ് പദപാഠം. പുരന്ധിം എന്ന പദം പരമായതിനാൽ ഇവിടെ ബോധയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

15 **അവഥാ സ കൃണുഥാ സുപ്രതീകം**
**തിരാ ശചീഭിഃ കൃണുതാ സുരത്നാൻ ।**
**ശ്മന്താ നഹുഷോƒനയതാ വിയന്തഃ**
**സ്മാ ച്യാവയന്നീരയാ വൃഷ്ടിമന്തം ॥**

അവഥാ സ, കൃണുഥാ സുപ്രതീകം, തിരാ ശചീഭിഃ, കൃണുതാ സുരത്നാൻ, ശ്മന്താ നഹുഷഃ, അനയതാ വിയന്തഃ, സ്മാ ച്യാവയൻ, ഈരയാ വൃഷ്ടിമന്തം എന്നീ ദ്വൈപദങ്ങളുടെ പൂർവ്വ പദത്തിന്റെ അന്തത്തിന് പ്ലുതി വരുന്നു.

1. സഃ എന്ന പദം പരമായി വരുന്ന അവഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.
2. സുപ്രതീകം എന്ന പദം പരമായി വരുന്ന കൃണുഥ എന്ന പദ

ത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.
3. ശചീഭിഃ എന്ന പദം പരമായിട്ടുള്ള തിര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.
4. സുരത്നാൻ എന്ന പദം പരമായി വരുന്ന കൃണുത എന്ന പദത്തിന്റെ സ്വരത്തിനു പ്ലുതി വരുന്നു.
5. നഹുഷഃ എന്ന പദം പരമായിട്ടുള്ള ഗ്മ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.
6. വിയന്തഃ എന്ന പദം പരമായിട്ടുള്ള അനയത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.
7. ച്യാവയൻ എന്ന പദം പരമായി വരുമ്പോൾ സ്മ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.
8. വൃഷ്ടിമന്തം എന്ന പദം പരമായി വരുന്ന ഈരയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവരുന്നു.

**ഉദാഹരണങ്ങൾ**

**1. യം ദേവാസോƒവഥാ സ വിചർഷണിഃ (4.36.5)**

യം/ദേവാസഃ/അവഥ/സഃ/വിƒചർഷണിഃ/ എന്നാണ് പദപാഠം. സഃ എന്ന പദം പരമായതിനാൽ അവഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (അവഥ=രക്ഷിയ്ക്കുന്നു; വിചർഷണിഃ=പലതരത്തിൽ കാണപ്പെടേണ്ടത്)

**2. അശ്രീരം ചിത്കൃണുഥാ സുപ്രതീകം (6.28.6)**

അശ്രീരം/ചിത്/കൃണുഥ/സുƒപ്രതീകം/ എന്നാണ് ഇവിടെ പദപാഠം. സുപ്രതീകം എന്ന പദം പരമായതിനാൽ കൃണുഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (അശ്രീരം=അമംഗളം)

**3. പ്രസൂതിരാ ശചീഭിർയേ ത ഉക്ഥിനഃ (8.53.6)**

പ്ര/സു/തിര/ശചീഭിഃ/യേ/തേ/ഉക്ഥിനഃ/ എന്നാണ് ഇവിടെ പദപാഠം. ശചീഭിഃ എന്ന പദം പരമായി വന്നതിനാൽ തിര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. സുഭാഗാന്നോ ദേവാഃ കൃണുതാ സുരത്നാൻ (10.78.8)**

സുƒഭാഗാൻ/നഃ/ദേവാഃ/കൃണുത/സുƒരത്നാൻ/ എന്നാണ് പദപാഠം. സുരത്നാൻ എന്ന പദം പരമായി വന്നതിനാൽ കൃണുത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. അഥ ഗ്മന്താ നഹുഷഃ (1.122.11)**

അഥ/ഗ്മന്ത/നഹുഷഃ/ എന്നാണ് പദപാഠം. ഇവിടെ നഹു

ഷഃ എന്ന പദം പരമായി വന്നതിനാൽ ഗ്മന്ത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.(ഗ്മന്ത=വന്നാലും!; നഹുഷഃ=മനുഷ്യനായ)

**6. യേ വാജാ അനയതാ വ്യയന്തഃ (10.61.27)**

യേ/വാജാൻ/അനയത/വി*f*യംതഃ/ എന്നാണ് പദപാഠം. ഇവിടെ വിയന്തഃ എന്ന പദം പരമായി വന്നതിനാൽ അനയത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**7. ത്വം ഹി സ്മാ ച്യാവയന്നച്യുതാനി (3.30.4)**

ത്വം/ഹി/സ്മ/ച്യാവയൻ/അച്യുതാനി/ എന്നാണ് പദപാഠം. ഇവിടെ ച്യാവയൻ എന്ന പദം പരമായതിനാൽ സ്മ എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**8. പ്ര പർജ്ജന്യമീരയാ വൃഷ്ടിമന്തം (10.98.8)**

പ്ര/പർജന്യം/ഈരയ/വൃഷ്ടി*f*മന്തം/ എന്നാണ് പദപാഠം. ഇവിടെ വൃഷ്ടിമന്തം എന്ന പദം പരമായി വന്നതിനാൽ ഈരയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

16 **അസ്യജതാ മാതരം സൂരഥം ഹുവേ**
**നയതാബദ്ധം സ്വാപയാ മിഥൂദൃശാ ।**
**ഇതാ ജയതാ ഗതാ സർവ്വതാതയ**
**ഈരയഥാ മരുതോ നേഷഥാ സുഗം ॥**

അസൃജതാ മാതരം, സൂരഥം ഹുവേ, നയതാ ബദ്ധം, സ്വാപയാ മിഥൂദൃശാ, ഇതാ ജയത, ആഗതാ സർവ്വതാതയേ, ഈരയഥാ മരുതഃ, നേഷഥാ സുഗം എന്നീ ദ്വൈപദങ്ങളിലെ പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

1. മാതരം എന്ന പദം പരമായി വന്നാൽ അസൃജത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
2. ഹുവേ എന്ന പദം പിന്നീടുവരുന്ന രഥം എന്ന പദം പരമായി വന്നാൽ സു എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരും.
3. ബദ്ധം എന്ന പദം പരമായി വന്നാൽ നയത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
4. മിഥൂദൃശാ എന്ന പദം പരമായി വരുന്നതായാൽ സ്വാപയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
5. ജയത എന്ന പദം പരമായി വന്നാൽ ഇത എന്ന പദത്തിന്റെ

അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.

6. ആ എന്നു പൂർവ്വത്തിലുള്ള ഗത എന്ന പദത്തിന് സർവ്വതാത യേ എന്ന പദം പരമായി വന്നാൽ അന്ത്യസ്വരത്തിൽ പ്ലുതി വരും.
7. മരുതഃ എന്ന പദം പരമായി വന്നാൽ ഈരയഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
8. സുഗം എന്ന പദം പരമായി വന്നാൽ നേഷഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. സം വത്സേനാസൃജതാ മാതരം (1.110.8)**

സം/വത്സേന/അസൃജത/മാതരം/ എന്നാണ് പദപാഠം. ഇവിടെ മാതരം എന്ന പദം പരമായി വന്നതിനാൽ അസൃജത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (സം അസൃജത=കൂട്ടിയോജിപ്പിച്ചു)

**3. യുവോ രുഷൂ രഥം ഹുവേ (8.26.1)**

യുവോ/ഊഇതി/സു/രഥം/ഹുവേ/ എന്നാണ് പദപാഠം. ഹുവേ എന്ന പദം പിന്നീടുവരുന്ന രഥം എന്ന പദം പരമായതിനാൽ സു എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. ഹുവേ എന്നു പരമാകാത്ത രഥം എന്ന പദം പരമായാൽ സു എന്നതിന് പ്ലുതി വരികയില്ല. അസ്മാകം സു രഥം പുരഃ (8.45.9)- അസ്മാകം/സു/രഥം/പുരഃ/ എന്നാണ് പദപാഠം. ഇവിടെ പുരഃ എന്ന പദം പരമായ രഥം എന്ന പദമാണ് സു എന്ന പദം കഴിഞ്ഞ് വന്നിട്ടുള്ളത്. അതിനാൽ സു എന്നതിന് പ്ലുതി വരുന്നില്ല.

**3. ന ജാനീമോ നയതാ ബദ്ധമേതം (10.34.4)**

ന/ജാനീമഃ/നയത/ബദ്ധം/ഏതം/ എന്നാണ് പദപാഠം. ഇവിടെ ബദ്ധം എന്ന പദം പരമായിട്ടുള്ളതിനാൽ നയത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. നിഷ്വാപയാ മിഥൂദൃശാ (1.29.3)**

നി/സ്വാപയ/മിഥൂ$f$ദൃശാ/ എന്നാണ് പദപാഠം. ഇവിടെ മിഥൂദൃശാ എന്ന പദം പരമായതിനാൽ സ്വാപയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (സ്വാപയ=ഉറക്കൂ; മിഥൂദൃശാ=ഇരട്ടകളായി കാണപ്പെടുന്ന)

**5. പ്രേതാ ജയതാ നരഃ (10.103.13)**

പ്ര/ഇത/ജയത/നരഃ/ എന്നാണ് പദപാഠം. ഇവിടെ ജയത എന്ന പദം പരമായതിനാൽ ഇത എന്ന പദത്തിന്റെ അന്ത്യത്തി

ലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**6. ആഗതാ സർവ്വതാതയേ (1.106.2)**

ആ/ഗത/സർവ്വ/താതയേ/ എന്നാണ് പദപാഠം. ഇവിടെ ആ എന്ന പദം പൂർവ്വമുള്ള ഗത എന്ന പദത്തിൽനിന്ന് പരമായി സർവ്വ താതയേ എന്ന പദം വന്നതിനാൽ ഗത എന്ന പദത്തിന്റെ അന്ത്യ ത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**7. ഉദീരയഥാ മരുതഃ സമുദ്രതഃ (5.55.5)**

ഉത്/ഈരയഥ/മരുതഃ/സമുദ്രതഃ/ എന്നാണ് പദപാഠം. ഇവി ടെ മരുതഃ എന്ന പദം പരമായി വന്നതിനാൽ ഈരയഥ എന്ന പ ദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**8. ചക്ഷുരിവ യന്തമനു നേഷഥാ സുഗം (5.54.6)**

ചക്ഷുഃ/ഇവ/യന്തം/അനു/നേഷഥ/സു/ഗം/ എന്നാണ് പദപാ ഠം. ഇവിടെ സുഗം എന്ന പദം പരമായി വന്നതിനാൽ നേഷഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവന്നു. (നേ ഷഥ=നയിയ്ക്കൂ; സുഗം=നല്ലതുപോലെ ഗമിയ്ക്കാവുന്ന വഴി)

**17 അന്യത്രാ ചിത് പിബതാ മുഞ്ജനേജനം**
**ഘാ സ്യാ വോചേമാ വിദഥേഷ്വിതാ ധിയം ।**
**ഇതാ നി യത്രാ വിദശസ്യഥാക്രിവിം**
**ചാ ബോധാതി ദ്രാവയാത്വം കിരാവസു. ॥**

അന്യത്രാ ചിത്, പിബതാ മുഞ്ജനേജനം, ഘാസ്യാഃ, വോ ചേമാ വിദഥേഷു, ഇതാ ധിയം, ഇതാ നി, യത്രാവി, ദശസ്യഥാ ക്രിവിം, ചാ ബോധാതി, ദ്രാവയാ ത്വം, കിരാ വസു എന്നീ ദ്വൈ പദങ്ങളിൽ പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.

1. ചിത് എന്ന പദം പരമായാൽ അന്യത്ര എന്ന പദത്തിന്റെ അ ന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.
2. മുഞ്ജനേജനം എന്ന പദം പരമായാൽ പിബത എന്ന പദ ത്തിന് പ്ലുതി വരും.
3. സ്യാഃ എന്ന പദം പരമായി വന്നതിനാൽ ഘ എന്ന പദത്തിന് പ്ലുതി വരും.
4. വിദഥേഷു എന്ന പദം പരമായാൽ വോചേമ എന്ന പദത്തി ന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
5. ധിയം എന്ന പദം പരമായി വന്നാൽ ഇത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
6. നി എന്ന പദം പരമാവുമ്പോൾ ഇത എന്ന പദത്തിന്റെ അന്ത്യ

ത്തിലുള്ള സ്വരത്തിന് പ്ലുതി വരും.

7. വി എന്ന പദം പരമാവുമ്പോൾ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
8. ക്രിവിം എന്ന പദം പരമായി വന്നാൽ ദശസ്യഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
9. ബോധാതി എന്ന പദം പരമായി വന്നാൽ ച എന്ന പദത്തിന്റെ അന്ത്യസ്വരത്തിനു പ്ലുതി വരും.
10. ത്വം എന്ന പരം പരമായി വന്നാൽ ദ്രാവയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
11. വസു എന്ന പദം പരമായി വന്നാൽ കിര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.

**1. നൂ അന്യത്രാ ചിദദ്രിവഃ (8.24.11)**

നു/അന്യത്ര/ചിത്/അദ്രി*f*വഃ/ എന്നാണ് പദപാഠം. ഇവിടെ ചിത് എന്ന പദം പരമായതിനാൽ അന്യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അദ്രിവഃ=വജ്രീ-വജ്രത്തോടുകൂടിയവൻ).

**2. ഇദം വാ ഘാ പിബതാ മുഞ്ജനേജനം (1.161.8)**

ഇദം/വാ/ഘ/പിബത/മുഞ്ജ്*f*നേജനം/ എന്നാണ് പദപാഠം. ഇവിടെ മുഞ്ജനേജനം എന്ന പദം പരമായി വന്നതിനാൽ പിബത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3. ത്വം ത്വം വാ ഘാസ്യാ അഹം (8.44.23)**

ത്വം/ത്വം/വാ/ഘ/സ്യാഃ/അഹം/ എന്നാണ് പദപാഠം. ഇവിടെ സ്യാഃ എന്ന പദം പരമായതിനാൽ ഘ എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. തമിദ്വോചേമാ വിദഥേഷു ശംഭുവം (1.40.6)**

തം/ഇത്/വോചേമ/വിദഥേഷു/ശം*f*ഭുവം/ എന്നാണ് പദപാഠം. ഇവിടെ വിദഥേഷു എന്ന പദം പരമായി വന്നതിനാൽ വോചേമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (1. വോചേമ=പറയാം; 2. വിദഥം=യജ്ഞം; 3. ശംഭുവം=മംഗളകാരിയായ.)

**5. ഏതാ ധിയം കൃണവാമാ സഖായഃ (5.45.6)**

ആ/ഇത/ധിയം/കൃണവാമ/സഖായഃ/ എന്നാണ് പദപാഠം. ഇവിടെ ധിയം എന്ന പദം പരമായി വന്നതിനാൽ ഇത എന്ന പദത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (ആ എന്ന ഉപസർഗ്ഗത്തോടുകൂ

ടി ഇത എന്ന ക്രിയാപദം ചേർന്നതാണ് ഏത എന്ന പദം; ഏത=വന്നാലും)

**6. ആ ത്വേതാ നിഷീദത (1.5.1)**

ആ/തു/ആ/ഇത/നി/സീദത/ എന്നാണ് പദപാഠം. ഇവിടെ നി എന്ന പദം പരമായി വന്നതിനാൽ ഇത എന്ന പദത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**7. മനോ യത്രാ വി തദ്ദധുർവിചേതസഃ (8.13.20)**

മനഃ/യത്ര/വി/തത്/ദധുഃ/വി/ചേതസഃ/ എന്നാണ് പദപാഠം. ഇവിടെ വി എന്ന പദം പരമായി വന്നതിനാൽ യത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**8. യാഭിർദശസ്യഥാ ക്രിവിം (8.20.24)**

യാഭിഃ/ദശസ്യഥ/ക്രിവിം/ എന്നാണ് പദപാഠം. ഇവിടെ ക്രിവിം എന്ന പദം പരമായി വന്നതിനാൽ ദശസ്യഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (1. ദശസ്യഥ=നൽകുന്നു; 2. ക്രിവി=കിണർ)

**9. സ ചാ ബോധാതി മനസാ യജാതി (1.77.2)**

സഃ/ച/ബോധാതി/മനസാ/യജാതി/ എന്നാണ് പദപാഠം. ഇവിടെ ബോധാതി എന്ന പദം പരമായി വന്നതിനാൽ ച എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (1. ബോധാതി=അറിയുന്നു; 2. യജാതി=പൂജിയ്ക്കുന്നു)

**10. അധ്വര്യോ ദ്രാവയാ ത്വം (8.4.11)**

അധ്വര്യോ ഇതി/ദ്രവയ/ത്വം/ എന്നാണ് പദപാഠം. ഇവിടെ ത്വം എന്ന പദം പരമായി വന്നതിനാൽ ദ്രാവയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**11. ആ നഃ സോമ പവമാനഃ കിരാവസു (9.81.3)**

ആ/നഃ/സോമ/പവമാനഃ/കിരാ/വസു/ എന്നാണ് പദപാഠം. ഇവിടെ വസു എന്ന പദം പരമായി വന്നതിനാൽ കിര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ആ കിര=എല്ലായിടത്തുനിന്നും വിക്ഷേപിച്ചാലും).

18 **ഹാ പദേവ കർത്തനാ ശ്രുഷ്ടിം**
**യോധയാ ച ജഗ്രഭാ വാചം ।**
**പായയാ ച തർപയാ കാമം**
**ഗാതുയാ ച മന്ദയാ ഗോഭിഃ ॥**

ഹാ പദേവ, കർത്തനാ ശ്രുഷ്ടിം, യോധയാ ച, ജഗ്രഭാ വാചം, പായയാ ച, തർപ്പയാ കാമം, ഗാതുയാ ച, മന്ദയാ ഗോഭിഃ എ

ന്നീ ദ്വൈപദങ്ങളിൽ പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.

1. പദേവ എന്ന പദം പരമായി വരുമ്പോൾ ഹ എന്ന പദത്തിനു പ്ലുതി വരുന്നു.
2. ശ്രുഷ്ടിം എന്ന പദം പരമായി വരുമ്പോൾ കർതന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.
3. ച എന്ന പദം പരമായി വന്നാൽ യോധയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
4. വാചം എന്ന പദം പരമായി വന്നാൽ ജഗ്രഭ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
5. ച എന്ന പദം പരമായി വന്നാൽ പായയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
6. കാമം എന്ന പദം പരമായി വന്നാൽ തർപയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
7. ച എന്ന പദം പരമായി വന്നാൽ ഗാതുയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
8. ഗോഭിഃ എന്ന പദം പരമായാൽ മന്ദയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. ആ ഹാ പദേവ ഗച്ഛസി (4.31.5)**

ആ/ഹ/പദാ*f*ഇവ/ഗച്ഛസി/ എന്നാണ് പദപാഠം. ഇവിടെ പദേവ എന്ന പദം പരമായി വന്നതിനാൽ ഹ എന്ന പദത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**2. അധ്വര്യവഃ കർതനാ ശ്രുഷ്ടിമസ്മേ (2.14.9)**

അധ്വര്യവഃ/കർതന/ശ്രുഷ്ടിം/അസ്മേ/ എന്നാണ് പദപാഠം. ശ്രുഷ്ടിം എന്ന പദം പരമായതിനാൽ കർതന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു (കർതന =ചെയ്താലും; ശ്രുഷ്ടിം=സുഖകരം)

**3. സ യോധയാ ച ക്ഷയയാ ച (3.46.2)**

സഃ/യോധയ/ച/ക്ഷയയ/ച/ എന്നാണ് പദപാഠം. ഇവിടെ ച എന്ന പദം പരമായി വന്നതിനാൽ യോധയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. പ്രതീചിം ജഗ്രഭാ വാചം (10.18.14)**

പ്രതീചിം/ജഗ്രഭ/വാചം/ എന്നാണ് പദപാഠം. ഇവിടെ വാ

ചം എന്ന പദം പരമായി വന്നതിനാൽ ജഗ്രഭ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. ആ സാദയ പായയാ ചാ മധൂനി (3.57.5)**

ആ/സാദയ/പായയ/ച/മധൂനി/ എന്നാണ് പദപാഠം. ഇവിടെ ച എന്ന പദം പരമായി വന്നതിനാൽ പായയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**6. വ്യശ്നുഹി തർപയാ കാമമേഷാം (1.54.9)**

വി/അശ്നുഹി/തർപയ/കാമം/ഏഷാം/ എന്നാണ് പദപാഠം. ഇവിടെ കാമം എന്ന പദം പരമായി വന്നതിനാൽ തർപയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**7. ദശസ്യാ ച ഗാതുയാ ച (8.16.12)**

ദശസ്യ/ച/ഗാതുƒയ/ച/ എന്നാണ് പദപാഠം. ഇവിടെ ച എന്ന പദം പരമായതിനാൽ ഗാതുയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**8. ഇമം കാമം മന്ദയാ ഗോഭിരശ്വൈഃ (3.30.20)**

ഇമം/കാമം/മന്ദയ/ഗോഭിഃ/അശ്വൈഃ/ എന്നാണ് ഇവിടെ പദപാഠം. ഗോഭിഃ എന്ന പദം പരമായി വന്നതിനാൽ മന്ദയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.

**19 ഘാ സ്യാലാദേനാ സുമതിം**
**വോചാ നു വ്യഥയാ മന്യും ।**
**നേഥാ ച ചക്രാ ജരസം**
**ഭവതാ മൃളയന്തശ്ച ।।**

ഘാ സ്യാലാത്, ഏനാ സുമതിം, വോ ചാനു, വ്യഥയാ മന്യും, നേഥാ ച, ചക്രാ ജരസം, ഭവതാ മൃളയന്തഃ എന്നീ ദ്വൈപദങ്ങളിൽ പൂർവ്വപദങ്ങളുടെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

1. സ്യാലാത് എന്ന പദം പരമായാൽ ഘ എന്ന പദത്തിനു പ്ലുതി വരും.
2. സുമതിം എന്ന പദം പരമായി വന്നാൽ ഏന എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരും.
3. നു എന്ന പദം പരമായാൽ വോച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
4. മന്യും എന്ന പദം പരമായാൽ വ്യഥയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
5. ച എന്ന പദം പരമായാൽ നേഥ എന്ന പദത്തിന്റെ അന്ത്യ

ത്തിലുള്ള സ്വരത്തിനു പ്ലുതിവരും.

6. ജരസം എന്ന പദം പരമായാൽ ചക്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.

7. മൃളയന്തഃ എന്ന പദം പരമായാൽ ഭവത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. വിജാമാതുരുതവാ ഘാ സ്യാലാത് (1.109.2)**

വി*f*ജാമാതുഃ/ഉത/വാ/ഘ/സ്യാലാത്/ എന്നാണ് പദപാഠം. ഇവിടെ സ്യാലാത് എന്ന പദം പരമായി വന്നതിനാൽ ഘ എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (സ്യാലൻ=ഭാര്യാസഹോദരൻ- സ്യം എന്നാൽ മുറം. അതിൽനിന്ന് ലാജം (മലര്) ആവപനം ചെയ്യുന്നവൻ എന്ന് യൌഗികാർത്ഥം)

**2. വിദ്വാ് ഏനാ സുമതിം യാത്യച്ഛ (9.96.2)**

വിദ്വാൻ/ഏന/സു*f*മതിം/യാതി/അച്ഛ/ എന്നാണ് പദപാഠം. ഇവിടെ സുമതിം എന്ന പദം പരമായി വന്നതിനാൽ ഏന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.(ഏന=ഏതേന-ഈ)

**3. അധി വോചാ നു സുന്വതേ (1.132.1)**

അധി/വോച/നു/സുന്വതേ/ എന്നാണ് പദപാഠം. ഇവിടെ നു എന്ന പദം പരമായതിനാൽ വോച എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. അമിത്രസ്യ വ്യഥയാ മന്യുമിന്ദ്ര (6.25.2)**

അമിത്രസ്യ/വ്യഥയ/മന്യും/ഇന്ദ്ര/ എന്നാണ് പദപാഠം. ഇവിടെ മന്യും എന്ന പദം പരമായി വന്നതിനാൽ വ്യഥയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**5. പാഥ നേഥാ ച മർത്യം (10.126.2)**

പാഥ/നേഥ/ച/മർത്യം/ എന്നാണ് പദപാഠം. ഇവിടെ ച എന്ന പദം പരമായതിനാൽ നേഥ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു (നേഥ=നയിയ്ക്കൂ)

**6. യത്രാനശ്ചക്രാജരസം തനൂനാം (1.89.9)**

യത്ര/നഃ/ചക്ര/ജരസം/തനൂനാം/ എന്നാണ് പദപാഠം. ഇവിടെ ജരസം എന്ന പദം പരമായതിനാൽ ചക്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**7. ആദിത്യാസോ ഭവതാ മൃളയന്തഃ (1.107.1)**

ആദിത്യാസഃ/ഭവത/മൃളയന്തഃ/ എന്നാണ് പദപാഠം. ഇവിടെ

മൃളയന്തഃ എന്ന പദം പരമായി വന്നതിനാൽ ഭവത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

20 **ഏവാ ചന ഭജാരായേ രരിമാ തേ ഭജാഭൂരി ।**
**ശ്രുധീന ഉഭയത്രാ തേ ഭജാത്വം മൃളയാനശ്വ ॥**

ഏവാ ചന, ഭജാ രായേ, രരിമാതേ, ഭജാഭൂരി, ശ്രുധീ ന, ഉഭയത്രാ തേ, ഭജാത്വം, മൃളയാ നഃ എന്നീ ദ്വൈപദങ്ങളിൽ പൂർവ്വപദങ്ങളുടെ അന്ത്യസ്വരത്തിനു പ്ലുതി വരുന്നു.

1. ചന എന്ന പദം പരമായി വന്നാൽ ഏവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.
2. രായേ എന്ന പദം പരമായാൽ ഭജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.
3. തേ എന്ന പദം പരമായി വന്നാൽ രരിമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.
4. ഭൂരി എന്ന പദം പരമായി വന്നാൽ ഭജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവരും.
5. ന എന്ന പദം പരമായി വന്നാൽ ശ്രുധി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.
6. തേ എന്ന പദം പരമായി വന്നാൽ ഉഭയത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.
7. ത്വം എന്ന പദം പരമായി വന്നാൽ ഭജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതിവരും.
8. നഃ എന്ന പദം പരമായാൽ മൃളയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. മോത സൂരോ അഹ ഏവാ ചന (6.48.17)**

മാ/ഉത/സൂരഃ/അഹരിതി/ഏവ/ചന/ എന്നാണ് പദപാഠം. ഇവിടെ ചന എന്ന പദം പരമായി വന്നതിനാൽ ഏവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**2. അഭക്ഷേത ചിദാ ഭജാ രായേ അസ്മാൻ (10.112.10)**

അഭക്ഷേത/ചിത്/ആ/ഭജ/രായേ/അസ്മാൻ/ എന്നാണ് പദപാഠം. ഇവിടെ രായേ എന്ന പദം പരമായി വന്നതിനാൽ ഭജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**3. പിബാ സോമം രരിമാ തേ മദായ (3.32.2)**

പിബ/സോമം/രരിമ/തേ/മദായ/ എന്നാണ് പദപാഠം. ഇവിടെ തേ എന്ന പദം പരമായതിനാൽ രരിമ എന്ന പദത്തിന്റെ അ

ന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**4. വി ഭജാ ഭൂരി തേ വസു (1.81.6)**

വി/ഭജ/ഭൂരി/തേ/വസു/ എന്നാണ് പദപാഠം. ഇവിടെ ഭൂരി എന്ന പദം പരമായതിനാൽ ഭജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു (വിഭജ=വിഭജിയ്ക്കു)

**5. അവർമഹ ഇന്ദ്ര ദാദൃഹി ശ്രുധീ നഃ (1.133.6)**

അവഃ/മഹഃ/ഇന്ദ്ര/ദദൃഹി/ശ്രുധി/നഃ/ എന്നാണ് പദപാഠം. ഇവിടെ നഃ എന്ന പദം പരമായി വന്നതിനാൽ ശ്രുധി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (ദദൃഹി=വിദാരണം ചെയ്താലും)

**6. ഇന്ദ്ര ഭ്രാതരുഭയത്രാ തേ (3.53.5)**

ഇന്ദ്ര/ഭ്രാതഃ/ഉഭയത്ര/തേ/ എന്നാണ് പദപാഠം. ഇവിടെ തേ എന്ന പദം പരമായി വന്നതിനാൽ ഉഭയത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. ഇവിടെ തേ എന്ന പദം പരമായി വന്നതിനാൽ ഉഭയത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**7. ആ ഗോമതി വ്രജേ ഭജ ത്വം ന (7.27.1)**

ആ/ഗോ*ƒ*മതി/വ്രജേ/ഭജ/ത്വം/നഃ/ എന്നാണ് പദപാഠം. ത്വം എന്ന പദം പരമായി വന്നതിനാൽ ഭജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**8. സോമ രാജൻ മൃളയാ നഃ സ്വസ്തി (8.48.8)**

സോമ/രാജൻ/മൃളയ/നഃ/സ്വസ്തി/ എന്നാണ് പദപാഠം. ഇവിടെ നഃ എന്ന പദം പരമായി വന്നതിനാൽ മൃളയ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**21. ഏകാദശി ദ്വാദശിനോർലഘ്വാവഷ്ട-**
**മമക്ഷരം**
**ഉദയേ സംഹിതാകാലേ നഃകാരേ-**
**ച ഗുരാവപി**

1. പതിനൊന്നക്ഷരവും പന്ത്രണ്ടക്ഷരവും ഒരു പാദത്തിൽ വരുന്ന ഋക്കുകളിൽ സംഹിതയിൽ എട്ടാമത്തെ അക്ഷരത്തിന് ലഘ്വക്ഷരം പരമായി വന്നാൽ പ്ലുതിവരുന്നു.
2. നഃ എന്നത് പരമാകുമ്പോൾ ഗുർവ്വക്ഷരമാണെങ്കിലും എട്ടാമത്തെ അക്ഷരത്തിനു പ്ലുതിവരും.

**ഉദാഹരണങ്ങൾ**

**1. താദീത്നാ ശത്രും ന കിലാ വിവിത്സേ (1.32.4)**

താദീത്നാ/ശത്രും/ന/കില/വിവിത്സേ/ എന്നാണ് പദപാഠം. ഇവിടെ പാദത്തിൽ 11 അക്ഷരമാണുള്ളത്. കില എന്ന പദത്തിലെ ല എന്ന അക്ഷരം 8-ാമത്തെ അക്ഷരമാണ്. അതു കഴിഞ്ഞ് വിവിത്സേ എന്ന പദത്തിലെ വി എന്ന അക്ഷരമാണ് പരമായിരിയ്ക്കുന്നത്. അത് ഹ്രസ്വമായതിനാൽ ലഘുവാണ്. ലഘ്വക്ഷരം പരമായതിനാൽ കില എന്ന പദത്തിന്റെ ല എന്നുള്ളതിന് പ്ലുതി വന്ന് സംഹിതയിൽ കിലാ എന്നായി.

**2. അഗ്നേ സഖ്യേ മാരിഷാ മാ വയം തവ (1.94.1)**

അഗ്നേ/സഖ്യേ/മാ/രിഷാമ/വയം/തവ/ എന്നാണ് പദപാഠം. ഇവിടെ പാദത്തിൽ 12 അക്ഷരങ്ങൾ വീതമാണുള്ളത്. രിഷാമ എന്ന പദത്തിലെ മ എന്ന അക്ഷരമാണ് എട്ടാമത്തേത്. അതുകഴിഞ്ഞ് വയം എന്ന പദത്തിലെ വ എന്നാണ് പരമായി വരുന്നത്. അത് ലഘ്വക്ഷരവുമാണ്. അതിനാൽ രിഷാമ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള മകാരത്തിനു സംഹിതയിൽ പ്ലുതിവരുന്നു.

എട്ടാമത്തെ അക്ഷരം കഴിഞ്ഞ് ലഘുവായ അക്ഷരം പരമായാൽ മാത്രമേ എട്ടാമത്തെ അക്ഷരത്തിനു പ്ലുതിവരികയുള്ളൂ.. വൃഷാ സമത്സു ദാസസ്യ നാമ ചിത് (5.33.4) - വൃഷാ/സമത്ƒസു/ദാസസ്യ/നാമ/ചിത്/ എന്നാണ് പദപാഠം. ത്രിഷ്ടുപ്ച്ഛന്ദസ്സിലുള്ളതാണ് ഋക്ക്. ഓരോ പാദത്തിലും 11 അക്ഷരംവീതമാണ് വരുക. എട്ടാമത്തെ അക്ഷരം ദാസസ്യ എന്ന പദത്തിലെ സ്യ എന്ന അക്ഷരമാണ്. അതുകഴിഞ്ഞ് നാമ എന്ന പദത്തിലെ നാ ആണ് പരമായിട്ടുള്ളത്. അത് ഗുരുവാണ്. അതിനാൽ ദാസസ്യ എന്നതിന്റെ സ്യ എന്ന അക്ഷരത്തിനു പ്ലുതിവന്നിട്ടില്ല.

ഒരു പാദത്തിൽ 11 അക്ഷരമോ 12 അക്ഷരമോ വരുന്ന വൃത്തങ്ങളിൽ മാത്രമേ എട്ടാമത്തെ അക്ഷരത്തിനു, ലഘ്വക്ഷരം പരമാണെങ്കിൽ പ്ലുതി വരികയുള്ളൂ. ത്രിഷ്ടുപ്ച്ഛന്ദസ്സിൽ ഓരോ പാദത്തിലും 11 അക്ഷരങ്ങൾവീതവും ജഗതീച്ഛന്ദസ്സിൽ ഓരോ പാദത്തിലും 12 അക്ഷരങ്ങൾവീതവുമാണ് വരിക. ബൃഹതീഛന്ദസ്സിൽ മൂന്നാമത്തെ പാദത്തിൽ മാത്രം 12 അക്ഷരം വരും. ബാക്കി മൂന്നു പാദങ്ങളിലും 8 അക്ഷരം വീതമാണ് വരിക. ഇവിടെ പ്രാതിശാഖ്യത്തിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് ഒരു പാദത്തിൽ 11 അക്ഷരമോ 12 അക്ഷരമോ വരുന്നില്ലെങ്കിൽ 8-ാമത്തെ അക്ഷരത്തിനു ലഘ്വക്ഷരം പരമായാലും പ്ലുതിവരില്ല. ഭദ്രം നോ അപി വാതയ മനഃ (10.20.1)- ഇവിടെ വാതയ എന്ന പദത്തിലെ യകാരത്തിനു പ്ലുതി വന്നിട്ടില്ല. കാരണം, പാദത്തിൽ 11 അക്ഷരമോ 12 അക്ഷര

മോ ഇല്ല.

**2. ദ്യുഭിർഹിതോ ജരിമാ സൂ നോ അസ്തു.**

ദ്യു*f*ഭിഃ/ഹിതഃ/ജരിമാ/സു/നഃ/അസ്തു/ എന്നാണ് പദപാഠം. നഃ എന്ന പദം വിസർഗ്ഗത്തോടുകൂടിയതിനാൽ ഗുരുവാണ്. ഗുരുവാണെങ്കിലും നഃ എന്ന പദം പരമായതിനാൽ സു എന്ന പദത്തിന് (എട്ടാമത്തെ അക്ഷരമായ സു എന്ന പദത്തിന്) പ്ലുതി വന്നിരിയ്ക്കുന്നു. (ഇവിടെ ഛന്ദസ്സ് ത്രിഷ്ടുഭ് ആണ്)

**22. ദശമം ചൈതയോരേവം ഷഷ്ഠം -**
**ചാഷ്ടാക്ഷരേ*f*ക്ഷരം ।**
**വ്യൂഹൈഃ സംപത് സമീക്ഷ്യാനേ-**
**കൈക്ഷപ്രവർണ്ണൈകഭാവിനാ ॥**

1. ഒരു പാദത്തിൽ 11 അക്ഷരമോ 12 അക്ഷരമോ ഉള്ള ഋക്കിൽ ഇതുപോലെ (എട്ടാമക്ഷരത്തിന് എന്നപോലെ) 10-ാമത്തെ അക്ഷരത്തിനും പ്ലുതിവരും.
2. എട്ടക്ഷരമുള്ള പാദത്തിൽ 6-ാമത്തെ അക്ഷരത്തിനും ഇങ്ങനെ പ്ലുതിവരുന്നു.
3. അക്ഷരങ്ങൾ കുറവുള്ള പാദത്തിൽ, ക്ഷൈപ്രസന്ധികൊണ്ട് ഉണ്ടായിട്ടുള്ള വർണ്ണങ്ങൾക്കും, ഏകീഭാവം വന്നിട്ടുള്ള വർണ്ണങ്ങൾക്കും വ്യൂഹങ്ങളെക്കൊണ്ട് പാദങ്ങളുടെ പൂരണം ചെയ്യേണ്ടതാണ്. (വ്യൂഹം=സന്ധിമൂലം രണ്ടക്ഷരങ്ങൾ ചേർന്ന് ഒറ്റ അക്ഷരമായി തീർന്നേടത്ത് രണ്ടക്ഷരമാക്കി പിരിയ്ക്കൽ. ക്ഷൈപ്രസന്ധി 'സമാനാക്ഷരമന്തസ്ഥാം സ്വാമകണ്ഠ്യം സ്വരോദയം' (കണ്ഠസ്ഥാനികമായ സമാനാക്ഷരം ഒഴികേയുള്ള സമാനാക്ഷരം സ്വരം പരമാകുമ്പോൾ തന്റെ തന്റെ സ്ഥാനത്തുള്ള അന്തഃസ്ഥയായിത്തീരുന്നു) എന്ന കാരികഭാവംകൊണ്ട് വിധിച്ചിരിയ്ക്കുന്നു. പ്രശ്ലിഷ്ടസന്ധി 'സമാനാക്ഷരേ സസ്ഥാനേ...' എന്നുതുടങ്ങുന്ന കാരികകൊണ്ടും 'ഉകാരോദയ ഓകാരം' എന്ന കാരികകൊണ്ടുമാണ് വിധിച്ചിട്ടുള്ളത്. ഈ രണ്ടു കാരികകളും രണ്ടാമത്തെ പടലമായ സംഹിതാപടലത്തിൽ 6,7 എന്നീ അക്കങ്ങളിലായാണ് വരുന്നത്. ദീർഘം, ഗുണം, വൃദ്ധി എന്നിവയാണ് പ്രശ്ലിഷ്ടസന്ധികൾ)

**ഉദാഹരണങ്ങൾ**

**1. അഹാ വിശ്വാ സുമനാ ദീദിഹീനഃ (3.54.22)**

അഹാ/വിശ്വാ/സു*f*മനാഃ/ദീദിഹി/നഃ/ എന്നാണ് പദപാഠം. ഇവിടെ ദീദിഹി എന്ന പദത്തിലെ ഹി എന്ന അക്ഷരം പത്താമ

ത്തെയാണ്. ഒരു പാദത്തിൽ 11 അക്ഷരങ്ങൾ വീതം വരുന്ന ത്രിഷ്ടുഭ് ആണ് ഇവിടെ ഛന്ദസ്സ്. 11 അക്ഷരങ്ങളുള്ള പാദത്തിലെ 10-ാമത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (വിശ്വാ അഹാ =എല്ലാ ദിവസങ്ങളിലും; ദീദിഹി=പ്രകാശമാനമാക്കൂ)

**2. അവ രുദ്രാ അശസോ ഹന്തനാ വധഃ (2.34.9)**

അവ/രുദ്രാഃ/അശസഃ/ഹന്തന/വധരിതി/ എന്നാണ് പദപാഠം. ഓരോ പാദത്തിലും 12 അക്ഷരമുള്ള ജഗതിയാണ് ഇവിടെ ഛന്ദസ്സ്. ഹന്തന എന്ന പദത്തിലെ നകാരം 10-ാമത്തെ അക്ഷരമാണ്. അതിനു പ്ലുതി വന്നിരിയ്ക്കുന്നു. (1. അശസഃ=ഭക്ഷകന്റെ. 2. വധഃ=ആയുധം; അവ ഹന്തന=വേറിട്ടാക്കിയിട്ട് നശിപ്പിയ്ക്കൂ)

ഒരു പാദത്തിൽ 11 അക്ഷരമോ 12 അക്ഷരമോ ഉള്ളിടത്തുമാത്രമേ പത്താമത്തെ അക്ഷരത്തിനു പ്ലുതി വരികയുള്ളൂ.

പ്രസുവാനാസോ ബൃഹദ്ദിവേഷു ഹരയഃ (9.79.1) ഇവിടെ 13 അക്ഷരങ്ങൾ വരുന്നുണ്ട്. അതിനാൽ പത്താമത്തെ അക്ഷരത്തിനു പ്ലുതി ഇല്ല.

പതിനൊന്നോ പന്ത്രണ്ടോ അക്ഷരങ്ങളുള്ള പാദത്തിൽ ലഘുവായ അക്ഷരം പരമായി വരുമ്പോഴേ പത്താമത്തെ അക്ഷരത്തിനു പ്ലുതി വരികയുള്ളൂ. രായ ഏഷേഌവസേ ദധീത ധീഃ (5.41.5)- രായഃ/ഏഷേ/അവസേ/ദധീത/ധീഃ/ എന്നാണ് പദപാഠം. ഇവിടെ ദധീത എന്ന പദത്തിന്റെ അന്ത്യാക്ഷരമായ ത എന്നതിനു ധീഃ എന്ന ഗുർവ്വക്ഷരം പരമായതിനാൽ പ്ലുതി വന്നിട്ടില്ല.

**3. നൂ ദേവാസോ വരിവഃ കർതനാ നോ (ഭൂതനഃ) - (7.48.4)**

നു/ദേവാസഃ/വരിവഃ/കർതന/നഃ/ എന്നാണ് പദപാഠം. ഇവിടെ നഃ എന്ന പദം ഗുരുവാണെങ്കിലും കർതന എന്ന പദത്തിലെ നകാരത്തിനു (അത് പത്താമത്തെ അക്ഷരമാണ്) പ്ലുതിവന്നിരിയ്ക്കുന്നു. (വരിവഃ=ധനം)

**4-1. ഈശാനോയവയാ വധം (1.5.10)**

ഈശാനഃ/യവയ/വധം/ എന്നാണ് പദപാഠം. ഇവിടെ ഈ പാദത്തിൽ എട്ടക്ഷരമാണുള്ളത്. യവയ എന്ന പദത്തിലെ അവസാനത്തെ യകാരം ആറാമത്തെ അക്ഷരമാണ്. അതിന് വധം എന്ന പദത്തിലെ വകാരമാകുന്ന ലഘ്വക്ഷരം പരമായതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു (ഇവിടെ ഗായത്രമാണ് വൃത്തം)

ലഘുവായ അക്ഷരമല്ല പരമായിട്ടുള്ളത് എങ്കിൽ ആറാമത്തെ അക്ഷരത്തിനു പ്ലുതിവരില്ല. - ആ പവസ്വ ദേവ സോമ (9.67.30) ഇവിടെ ദേവ എന്ന പദത്തിലെ വ എന്ന അക്ഷരമാണ് ആറാമ

ത്തെ അക്ഷരം. അതിൽനിന്ന് സോമ എന്ന പദത്തിലെ സോ എന്ന അക്ഷരമാണ് പരമായിട്ടുള്ളത്. അതു ഗുർവ്വക്ഷരമാണ്. അതിനാൽ വകാരത്തിന് പ്ലുതി വരുന്നില്ല.

**4-2. ഉദ്വത്സ്വസ്മാ അകൃണോതനാ തൃണം (1.161.11)**

ഉദ്വത്/സു/അസ്മൈ/അകൃണോതന/തൃണം/ എന്നാണ് പദപാഠം. ഇവിടെ ഛന്ദസ്സ് ജഗതിയാണ്. എങ്കിലും ഉദ്വത്സ്വസ്മാ.. എന്ന പാദത്തിൽ 11 അക്ഷരങ്ങളേ ഉള്ളൂ. അതിനാൽ ഇവിടെ വ്യൂഹം ചെയ്യുന്നു. ഉദ്വത്സു എന്ന പദത്തിലെ ഉകാരത്തിന് അസ്മൈ എന്ന പദത്തിലെ അകാരം പരമായതിനാൽ വ എന്ന അന്തഃസ്ഥ വന്നിട്ടാണല്ലോ സംഹിതയിൽ ഉദ്വത്സ്വസ്മാ എന്നായത്. ഇത് ക്ഷൈപ്രസന്ധിയാണ്. ഇതിന് വ്യൂഹം ചെയ്തുച്ചരിച്ചാൽ ഉദ്വത് സു അസ്മാ എന്നാകും. അപ്പോൾ ഉ എന്ന ഒരക്ഷരം കൂടിയതിനാൽ പാദത്തിൽ 12 അക്ഷരം തികഞ്ഞു. അപ്പോൾ പത്താമത്തെ അക്ഷരമായ, അകൃണോതന എന്ന പദത്തിലെ നകാരത്തിന് തൃണം എന്ന പദത്തിലെ തൃ എന്ന ലഘ്വക്ഷരം പരമായതിനാൽ പ്ലുതി വന്ന് അകൃണോതനാ എന്നാകുന്നു.

**2. പ്രേതാ ജയതാ നരഃ (10.103.13)**

പ്ര/ഇത/ജയത/നരഃ/ എന്നാണ് പദപാഠം. ഇവിടെ അനുഷ്ടുപ് ആണ് ഛന്ദസ്സ്. ഒരു പാദത്തിൽ എട്ടരക്ഷങ്ങളാണ് വേണ്ടത്. സംഹിതയിൽ 7 അക്ഷരങ്ങളേ ഉള്ളൂ ആദ്യത്തെ പദം പ്രേതാ എന്നാണല്ലോ. അത് പ്ര എന്ന പദം കഴിഞ്ഞ് ഇത എന്ന പദം പരമായപ്പോൾ പ്ര എന്നതിന്റെ അവസാനത്തിലുള്ള അകാരവും ഇത എന്ന പദത്തിന്റെ ആദിയിലുള്ള ഇകാരവും ഏകീഭവിച്ച് ഏ എന്ന പ്രശ്ലിഷ്ടസന്ധി ഉണ്ടായതാണ്. അതിന് വ്യൂഹം ചെയ്താൽ പ്ര ഇതാ എന്നാകും. അപ്പോൾ എട്ടക്ഷരം തികയും. അങ്ങനെ വരുമ്പോൾ ആറാമത്തെ അക്ഷരമായ ജയത എന്ന പദത്തിലെ ത എന്ന അക്ഷരത്തിനു പ്ലുതി വന്ന് ജയതാ എന്നായി.

ഇപ്രകാരം അക്ഷരങ്ങൾക്ക് കുറവ് വരുന്നിടത്ത് പാദത്തിന്റെ പൂരണം ചെയ്യണം.. അക്ഷരങ്ങൾക്ക് കുറവില്ലാത്തിടത്ത് വ്യൂഹം ചെയ്യേണ്ടതില്ല.

**പ്രത്യഗ്ര ഭീഷ്മ നൃതമസ്യ നൃണാം (5.30.12)**

പ്രതി/അഗ്രഭീഷ്മ/നൃ*f*തമസ്യ/നൃണാം/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ത്രിഷ്ടുപ് ആണ് ഛന്ദസ്സ്. ഈ പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ആയതിനാൽ ഇവിടെ വ്യൂഹം ചെയ്യേണ്ട. പ്രതി എന്ന പദത്തിലെ ഇകാരത്തിന് അഗ്രഭീഷ്മ എന്ന പദത്തിലെ അ

കാരം പരമായി വന്നതിനാൽ യകാരമാകുന്ന അന്തഃസ്ഥ വന്ന് സംഹിതയിൽ പ്രത്യഗ്രഭീഷ്മ എന്നായി. ഇവിടെ ക്ഷൈപ്രസന്ധി വന്നതിനുശേഷവും ഛന്ദസ്സിൽ ആവശ്യമായ വർണ്ണങ്ങളുണ്ട്. അതിനാൽ വ്യൂഹത്തിന്റെ ആവശ്യമില്ല. വർണ്ണങ്ങൾക്കു കുറവു വരുന്നിടത്തുമാത്രമേ വ്യൂഹം ചെയ്യേണ്ടൂ. ഇക്കാര്യമാണ് കാരികയിൽ 'ഊനേ' എന്ന പദംകൊണ്ട് പറഞ്ഞിട്ടുള്ളത്.

**23 ന വാവൃധന്ത വാതസ്യാവദ്യാനി ജിഘാംസസി ।**
**സാസഹ്യാമ വവൃത്യാമ ദീദിഹ്യഷ്ടമമൂർണുഹി ॥**

പതിനൊന്നക്ഷരങ്ങളുള്ള പാദത്തിലും പന്ത്രണ്ടക്ഷരങ്ങളുള്ള പാദത്തിലും പത്താമതായും എട്ടാമതായും വരുന്ന അക്ഷരങ്ങൾക്കും എട്ടക്ഷരമുള്ള പാദത്തിൽ ആറാമതായിവരുന്ന അക്ഷരങ്ങൾക്കും പ്ലുതി വരുമെന്നാണല്ലോ വിധിച്ചത്. എന്നാൽ വാവൃധന്ത, വാതസ്യ, അവദ്യാനി, ജിഘാംസസി, സാസഹ്യാമ, വവൃത്യാമ, എട്ടാമതായി വരുന്ന ദീദിഹി, ഊർണുഹി എന്നീ പദങ്ങൾ മേൽപ്പറഞ്ഞ രീതിയിൽ വന്നാലും അവയ്ക്കു പ്ലുതിവരികയില്ല. (അവയ്ക്കു പ്ലുതി വരില്ല എന്നു പറഞ്ഞാൽ അവയുടെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരില്ലെന്നാണർത്ഥം.)

**ഉദാഹരണങ്ങൾ**

**1. ദ്യുതദ്യാമാനം വാവൃധന്ത നൃണാം (10.93.12)**

ദ്യുതത്*f*യാമാനം/വവൃധന്ത/നൃണാം/ എന്നാണ് പദപാഠം. ഇവിടെ വവൃധന്ത എന്നതിന് പ്ലുതി വരുന്നില്ല.

**2. യുജാനോ അശ്വാ വാതസ്യ ധുനീ (10.22.4)**

യുജാനഃ/അശ്വാ/വാതസ്യ/ധുനീ/ എന്നാണ് പദപാഠം. ഇവിടെ വാതസ്യ എന്നതിന് പ്ലുതി വരുന്നില്ല.

ഉവടൻ ഈ ഉദാഹരണം പ്രദർശിപ്പിച്ചതിനുശേഷം ഒരു പൂർവ്വപക്ഷം ഉന്നയിച്ച് അതിന് സമാധാനം പറയുന്നുണ്ട്. അതിപ്രകാരമാണ്.

പൂർവ്വപക്ഷം:- പത്തക്ഷരമുള്ള പദമായതിനാൽ പ്ലുതിനിഷേധം വിധിയ്ക്കുന്ന കൂട്ടത്തിൽ വാതസ്യ എന്നു പഠിച്ചത് പ്രയോജനശൂന്യമാണ്.

ഉത്തരപക്ഷം:- പ്രയോജനശൂന്യമല്ല. വ്യൂഹംകൊണ്ട് പന്ത്രണ്ടക്ഷരമാകുമല്ലോ.

പൂർവ്വപക്ഷം:- ഇവിടെ വ്യൂഹം ഇഷ്ടമല്ല. സർവ്വാനുക്രമണിയിൽ ഇവ സ്വരാജ് അനുഷ്ടുഭങ്ങളായോ (രണ്ടക്ഷരം കുറവുള്ള) അനുഷ്ടുഭങ്ങളായോ വിരാജ്ബൃഹതികളായോ പറയപ്പെട്ടിരി

യ്ക്കുന്നു. അതിനാൽ പത്തക്ഷരമുള്ള പാദമാണിത്. അതിനാൽ വാതസ്യ എന്ന പദം പഠിച്ചത് നിഷ്പ്രയോജനമാണ്.

ഉത്തരപക്ഷം:- അതിനാൽ മർതസ്യ എന്ന പദം വാതസ്യ എന്നതിന്റെ സ്ഥാനത്ത് പഠിയ്ക്കുന്നു.

യജ്ഞം മർതസ്യ രിപോഃ (8.11.4). യജ്ഞം/മർതസ്യ/രിപോഃ/ എന്നാണ് പദപാഠം. ഇവിടെ ഗായത്രമാണ് വൃത്തം. മർതസ്യ എന്നതിനു പ്ലുതി വരുന്നില്ല.

**3. അന്തഃ സന്തോഽവദ്യാനി പുനാനാഃ (6.66.4)**

അന്തരിതി/സന്തഃ/അവദ്യാനി/പുനാനാഃ/എന്നാണ് പദപാഠം. ഇവിടെ ത്രിഷ്ടുപ് ആണ് ഛന്ദസ്സ്. അവദ്യാനി എന്നതിനു പ്ലുതി വരുന്നില്ല.

**4. യത് സ്തോതാരം ജിഘാംസസി സഖായം (7.86.4)**

യത്/സ്തോതാരം/ജിഘാംസസി/സഖായം/ എന്ന് പദപാഠം. ഇവിടേയും ത്രിഷ്ടുപ് ആണ് ഛന്ദസ്സ്. ജിഘാംസസി എന്നതിന് പ്ലുതി വരുന്നില്ല.

**5. ഇന്ദ്രത്വോതാഃ സാസഹ്യാമ പൃതന്യതഃ (1.132.1)**

ഇന്ദ്രത്വാഽഊതാഃ/സസഹ്യാമ/പൃതന്യതഃ/ എന്നാണ് പദപാഠം. ഇവിടെ സസഹ്യാമ എന്ന പദത്തിനു പ്ലുതി വരുന്നില്ല.

**6. ആ തേ മനോ വവൃത്യാമ മഘായ (7.27.5)**

ആ/തേ/മനഃ/വവൃത്യാമ/മഘായ/ എന്നാണ് പദപാഠം. വവൃത്യാമ എന്ന പദത്തിനു പ്ലുതി വരുന്നില്ല.

**7. ശോചാ ശോചിഷ്ഠ ദീദിഹി വിശേമയഃ (8.60.6)**

ശോച/ശോചിഷ്ഠ/ദീദിഹി/വിശേ/മയഃ/ എന്നാണ് പദപാഠം. ഇവിടെ എട്ടാമത്തെ അക്ഷരമായ ദീദിഹി എന്ന പദത്തിലെ ഹി എന്നതിനു പ്ലുതി വരുന്നില്ല.

ദീദിഹി എന്ന പദത്തിലെ ഹി എന്ന അക്ഷരത്തിന് എട്ടാമത്തേതല്ലെങ്കിൽ പ്ലുതിനിഷേധമില്ല; അതായത് പ്ലുതിവരും.

'അഹാ വിശ്വാ സുമനാ ദീദിഹീ നഃ' (3.54.22) അഹാ/വിശ്വാ/സുഽമനാഃ/ദീദിഹി/നഃ/ എന്നാണ് പദപാഠം. ഇവിടെ ദീദിഹി എന്ന പദത്തിലെ ഹി എന്ന അക്ഷരം പത്താമതായാണ് വരുന്നത്. അതിനാൽ ഇവിടെ പ്ലുതിനിഷേധമില്ല. പ്ലുതിവന്ന് ദീദിഹീ എന്നായിരിയ്ക്കുന്നു. നഃ എന്ന പദം പരമായിട്ടുണ്ടല്ലോ. അതിനാൽ നേരത്തെപ്പറഞ്ഞ നഃകാരേ ച ഗുരാവപി എന്ന നിയമമനുസരിച്ച് പ്ലുതി വരുന്നു.

**8. പുനാന ഇന്ദ ഊർണുഹി വി വാജാൻ (9.91.4)**

പുനാനഃ/ഇന്ദോ ഇതി/ഊർണുഹി/വി/വാജാൻ/ എന്നാണ് പദപാഠം. ഇവിടെ ഊർണുഹി എന്നതിന് പ്ലുതി വരുന്നില്ല.

**24 പുരുപ്രജാതസ്യാഭി നഃ കൃണുഹി ദ്വ്യക്ഷരോപധം ।**

**ഹര്യശ്വോത ഭവന്ത്വിന്ദ്ര സദനായാസ്തി നാമ ചിത് ॥**

പുരുപ്രജാതസ്യ, അഭി നഃ, ദ്വ്യക്ഷരോപധമായ കൃണുഹി (അതായത് കൃണുഹി എന്ന പദത്തിന്റെ മുൻപ് രണ്ടക്ഷരങ്ങൾ ഉള്ള പദം വേണം), ഹര്യശ്വ, ഉത, ഭവന്തു, ഇന്ദ്ര, സദനായ, അസ്തി, നാമ ചിത് എന്നിവയ്ക്കും പതിനൊന്നോ പന്ത്രണ്ടോ എട്ടോ അക്ഷരങ്ങളുള്ള പാദത്തിൽ വന്നാലും പ്ലുതി വരില്ല.

1. പുരു പ്രജാതസ്യ എന്ന പദം പതിനൊന്നോ പന്ത്രണ്ടോ എട്ടോ അക്ഷരങ്ങളുള്ള പാദത്തിൽ വന്നാലും പ്ലുതി വരില്ല.
2. അഭി എന്ന പദം പൂർവ്വത്തിലുള്ള നഃ എന്ന പദത്തിന് പതിനൊന്നോ പന്ത്രണ്ടോ എട്ടോ അക്ഷരങ്ങളുള്ള പാദത്തിൽ വന്നാലും പ്ലുതി വരില്ല.
3. രണ്ടക്ഷരങ്ങളുള്ള ഒരു പദം പൂർവ്വം വരുന്ന കൃണുഹി എന്ന പദത്തിന്റെ അന്ത്യസ്വരത്തിന് അത് എട്ടാമതായി വരുന്നുവെങ്കിലും പ്ലുതി വരില്ല.
4. ഹര്യശ്വ എന്ന പദത്തിലെ അവസാനത്തെ അകാരത്തിന്, അത്, പതിനൊന്നോ പന്ത്രണ്ടോ എട്ടോ അക്ഷരങ്ങളുള്ള പാദത്തിൽ വന്നാലും പ്ലുതി വരില്ല/
5. ഇപ്രകാരമുള്ള ഉത എന്നതിന് പ്ലുതി വരില്ല.
6. ഭവന്തു എന്നതിനും പ്ലുതി വരില്ല.
7. ഇന്ദ്ര എന്ന പദത്തിനും പ്ലുതി വരില്ല.
8. സദനായ എന്ന പദത്തിനും പ്ലുതി വരില്ല.
9. അസ്തി എന്ന പദത്തിനും പ്ലുതി വരില്ല.
10. ചിത് എന്ന പദം പരമായി വരുന്ന 'നാമ' എന്ന പദത്തിനും പ്ലുതി വരില്ല.

**ഉദാഹരണങ്ങൾ**

**1. വിദത് പുരുപ്രജാതസ്യ ഗുഹാ യത് (10.61.13)**

വിദത്/പുരുƒപ്രജാതസ്യ/ഗുഹാ/യത്/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ത്രിഷ്ടുപ് ആണ് ഛന്ദസ്സ്. ഒരു പാദത്തിൽ 11 അക്ഷരങ്ങളാണുള്ളത്. പുരുപ്രജാതസ്യ എന്ന പദത്തിന്റെ അവസാനമുള്ള സ്യ എന്ന അക്ഷരം എട്ടാമതായാണ് വരുന്നത്. എങ്കിലും അതിന് പ്ലുതി വരുന്നില്ല.

**2. പതിരിവ ജായാമഭി നോ ന്യേതു (10.149.4)**

പതിഃ/ഇവ/ജായാം/അഭി/നഃ/നി/ഏതു/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. നഃ എന്ന പദം പരമായിട്ടുള്ള അഭി എന്ന പദമാണ് ഇവിടെ. അഭി എന്ന പദത്തിന്റെ ഭി എന്ന അക്ഷരം എട്ടാമത്തേയാണ്. നഃ എന്ന് പരമായിട്ടുമുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല.

നഃ എന്ന പദം പരമായിട്ടുണ്ടെങ്കിൽ മാത്രമേ അഭി എന്നതിന് പ്ലുതിനിഷേധമുള്ളൂ. നഃ എന്ന പദം പരമായിട്ടില്ലാത്തിടത്ത് അഭി എന്നതിന് പ്ലുതി വരും.

തം ദുരോഷമഭീ നരഃ (9.101.3) - തം/ദുരോഷം/അഭി/നരഃ/ എന്നാണ് പദപാഠം. ഇവിടെ ഗായത്രമാണ് ഛന്ദസ്സ്. അഭി എന്ന പദത്തിലെ ഭി എന്ന അക്ഷരം ആറാമത്തേയാണ്. എട്ടക്ഷരങ്ങളുള്ള പാദത്തിലെ ആറാമത്തെ അക്ഷരമായതിനാൽ പ്ലുതി വരുന്നു. നഃകാരം പരമാകാത്തതിനാലാണിത്.

**3. വർഷീയോ വയഃ കൃണുഹി ശചീഭിഃ (6.44.9)**

വർഷീയഃ/വയഃ/കൃണുഹി/ശചീഭിഃ/ എന്നാണ് പദപാഠം. കൃണുഹി എന്ന പദത്തിലെ ഹി എന്ന അക്ഷരം എട്ടാമത്തെയാണ്. പാദത്തിൽ പതിനൊന്നക്ഷരങ്ങളുണ്ട്. ലഘ്വക്ഷരം പരമായിട്ടുമുണ്ട്. എങ്കിലും കൃണുഹി എന്നതിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരുന്നില്ല.

ഇവിടെ വയഃ എന്ന രണ്ടക്ഷരമുള്ള പദമാണ് കൃണുഹി എന്ന പദത്തിനു മുൻപു വരുന്നത്. രണ്ടക്ഷരമുള്ള പദമല്ല പൂർവ്വം വരുന്നത് എങ്കിൽ കൃണുഹി എന്നതിന് പ്ലുതിനിഷേധമില്ല.

ജഹി വൃഷ്ണ്യാനി കൃണുഹീ പരാചഃ (6.25.3)- ജഹി/വൃഷ്ണ്യാനി/കൃണുഹി/പരാചഃ/ എന്നാണ് പദപാഠം. ഇവിടെ കൃണുഹി എന്ന പദത്തിന്റെ പൂർവ്വമുള്ള പദം രണ്ടക്ഷരമുള്ളതല്ല; മൂന്നക്ഷരമുള്ളതാണ്. അതിനാൽ പ്ലുതിനിഷേധമില്ല. സംഹിതയിൽ കൃണുഹി എന്ന് പ്ലുതി വന്ന രൂപം. ത്രിഷ്ടുപ്പാണ് ഇവിടെ ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. പരാചഃ എന്ന പദത്തിലെ പകാര ലഘ്വക്ഷരമാണ്. എട്ടാമത്തെ അക്ഷരമായ ഹി എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു. (വൃഷ്ണ്യം = വീര്യം, പരാചഃ =പരാങ്മുഖരായിട്ട്)

**4. സ നഃ പ്രജായൈ ഹര്യശ്വ മൃളയ (10.128.8)**

സഃ/നഃ/പ്ര/ജായൈ/ഹരി/അശ്വ/മൃളയ/ എന്നാണ് പദപാഠം. ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ഹര്യശ്വ എന്ന പദത്തിലെ അവസാനത്തെ അക്ഷരമായ ശ്വ എന്നത്

എട്ടാമത്തെ അക്ഷരമാണ്. മൃളയ എന്ന പദത്തിലെ ആദ്യത്തെ അക്ഷരമായ മൃ എന്ന ലഘ്വക്ഷരമാണ് പരമായി വന്നിരിയ്ക്കുന്നു. എങ്കിലും പ്ലുതിനിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**5. അദിതേ മിത്ര വരുണോത മൃള (2.27.14)**

അദിതേ/മിത്ര/വരുണ/ഉത/മൃള/ എന്നാണ് പദപാഠം. സായണൻ ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സെന്നു പറയുന്നു. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. പക്ഷെ പ്രാതിശാഖ്യകാരൻ പറയുന്നതനുസരിച്ച് പതിനൊന്നോ പന്ത്രണ്ടോ അക്ഷരങ്ങളുള്ള പാദത്തിൽ എട്ടാമത്തേയും പത്താമത്തേയും അക്ഷരത്തിനും എട്ടക്ഷരങ്ങളുള്ള പാദത്തിൽ ആറാമത്തെ അക്ഷരത്തിനുമാണ് പ്ലുതി വരിക. മേൽക്കാണിച്ച ഋക്ഭാഗമാണ് ഉവടൻ ഉദാഹരണമായി കാണിച്ചു തരുന്നത്. അതിൽ ഉത എന്നതിന്റെ അന്ത്യത്തിലുള്ള ത എന്ന അക്ഷരം ഒമ്പതാമത്തെ അക്ഷരമായിട്ടാണ് വരുന്നത്. വ്യൂഹം ചെയ്യുകയാണെങ്കിൽ പത്താമത്തെയായിട്ട് വരാം. പക്ഷെ അപ്പോൾ പാദത്തിൽ 12 അക്ഷരങ്ങളാകും.

**6. സ്വസ്തയ ആദിത്യാസോ ഭവന്തു നഃ (5.51.12)**

സ്വസ്തയേ/ആദിത്യാസഃ/ഭവന്തു/നഃ/എന്നാണ് പദപാഠം. ഈ സൂക്തത്തിലെ 11,12,13 എന്നീ ഋക്കുകളുടെ ഛന്ദസ്സ് ജഗതിയോ ത്രിഷ്ടുപ്പോ ആകാം എന്നാണ് അനുക്രമണിയെ ഉദ്ധരിച്ചുകൊണ്ട് സായണൻ പറയുന്നത്. ഈ പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ഭവന്തു എന്ന പദത്തിലെ ന്തു എന്ന അക്ഷരം പത്താമത്തെയാണ്. നഃ എന്നാണ് പരമായി വരുന്നത്. ഗുരുവാണെങ്കിലും നഃ എന്ന പദം പരമായാൽ പ്ലുതിവരുമെന്ന് നേരത്തെ വിധിച്ചിരുന്നുവെങ്കിലും ഭവന്തു എന്നതിന് പ്ലുതി നിഷേധിച്ചതിനാൽ ഇവിടെ പ്ലുതി വരുന്നില്ല.

**7. യഥാ ത്രിതേ ഛന്ദ ഇന്ദ്ര ജുജോഷസി (8.52.1)**

യഥാ/ത്രിതേ/ഛന്ദഃ/ഇന്ദ്ര/ജുജോഷസി/ എന്നാണ് പദപാഠം. ഇത് വാലിഖില്യസൂക്തങ്ങളിൽ ഉള്ള ഋക്കാണ്. ഇവിടെ പാദത്തിൽ 12 അക്ഷരങ്ങളാണുള്ളത്. ഇന്ദ്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അക്ഷരമായ ന്ദ്ര എന്നത് എട്ടാമത്തെ അക്ഷരമാണ്. ജുജോഷതി എന്ന പദത്തിലെ ജു എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി നിഷേധിച്ചതിനാൽ ഇന്ദ്രശബ്ദത്തിനു പ്ലുതി വരുന്നില്ല.

**8. സൂര്യാമാസാ സദനായ സധന്യാ (10.93.5)**

സൂര്യാമാസാ/സദനായ/സ*f*ധന്യാ/ എന്നാണ് പദപാഠം. പ

തിനൊന്നക്ഷരങ്ങളുണ്ട് പാദത്തിൽ. സദനായ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അക്ഷരമായ യ എന്നത് 8-ാമത്തെയാണ്. സധന്യാ എന്ന പദത്തിന്റെ ആദിയിലുള്ള സ എന്ന ലഘ്വക്ഷരമാണ് പരമായിട്ടുള്ളത്. എങ്കിലും, പ്ലുതി വരുന്നില്ല; കാരണം സദനായ എന്നതിന് പ്ലുതി നിഷേധിച്ചിരിയ്ക്കുന്നു. (1. സൂര്യാമാസാ=സൂര്യചന്ദ്രന്മാർ; സധന്യാ=സമാനധനത്തോടുകൂടിയ)

**9. രായസ്പൂർധി സ്വധാവോ/സ്തി ഹി തേ (1.36.12)**

രായഃ/പൂർധി/സ്വധാ/വഃ/അസ്തി/ഹി/തേ/ എന്നാണ് പദപാഠം. ഇവിടെ അസ്തി എന്നതിന് പ്ലുതി വരുന്നില്ല.

**10. വൃഷാ സമത്സു ദാസസ്യ നാമ ചിത് (5.33.4)**

വൃഷാ/സമത്/സു/ദാസസ്യ/നാമ/ചിത്/എന്നാണ് പദപാഠം. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ഇവിടെ ത്രിഷ്ടുപ് ആണ് ഛന്ദസ്സ്. നാമ എന്ന പദത്തിലെ മകാരം പത്താമത്തെ അക്ഷരമാണ്. അതു കഴിഞ്ഞ് ചിത് എന്ന പദം പരമായിട്ടുണ്ട്. ചിത് എന്ന് പരമായ നാമ എന്ന പദത്തിന് പ്ലുതി വരില്ല.

ചിത് എന്ന പദം പരമായിട്ടില്ലെങ്കിൽ നാമ എന്ന പദത്തിനു പ്ലുതി വരും- ദിവേ ദിവേ അധി നാമാ ദധാനാ (1.123.4)-ദിവേ/ദിവേ/അധി/നാമ/ദധാനാ/ എന്നാണ് പദപാഠം. ത്രിഷ്ടുപ് ആണ് ഛന്ദസ്സ്. നാമ എന്ന പദത്തിലെ മകാരം 8-ാമത്തെ അക്ഷരമാണ്. ദധാനാഎന്ന പദത്തിലെ ദകാരമാകുന്ന ലഘ്വക്ഷരമാണ് പരമായി വരുന്നത്. അതിനാൽ 11 അക്ഷരങ്ങളുള്ള പാദത്തിലെ എട്ടാമത്തെ അക്ഷരത്തിനു സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

25 **ചമസാ് ഇവാവ്രി വസവാന**
**ദ്വാദശിനഃ സൃജാസ്യ വിമദസ്യ ।**
**സുമഖായ ധാരയ ദദാതു**
**രക്ഷ ധിയാ ദധാതു ദിധിഷേയ ।।**

ചമസാ് ഇവ, അവ്രി, വസവാന, പന്ത്രണ്ടക്ഷരമുള്ള പാദത്തിൽ ഉള്ള സൃജ, അസ്യ, വിമദസ്യ, സുമഖായ ധാരയ, ദദാതു ധിയാ എന്നു പരമായ രക്ഷ, ദധാതു, ദിധിഷേയ എന്നീ പദങ്ങൾ 11 അക്ഷരമോ 12 അക്ഷരമോ വരുന്ന പാദങ്ങളിലോ എട്ടക്ഷരമുള്ള പാദത്തിലോ വരുമ്പോൾ പ്ലവിയ്ക്കുന്നില്ല. (സൃജ എന്നത് പന്ത്രണ്ടക്ഷരമുള്ള പാദത്തിൽ മാത്രമാണ് പ്ലവിയ്ക്കാത്തത്)

**ഉദാഹരണങ്ങൾ**

**1. ധാരയാ ചമസാ് ഇവ വിവക്ഷസേ (10.25.4)**

ധാരയ/ചമസാൻ/ഇവ/വിവക്ഷസേ/ എന്നാണ് പദപാഠം. ഇ

വിടെ ആസ്താരപംക്തിയാണ് ഛന്ദസ്സ്. ആദ്യത്തെ രണ്ടു പാദങ്ങളിൽ 8 അക്ഷരങ്ങൾ വീതവും ഒടുവിലത്തെ രണ്ടു പാദങ്ങളിൽ 12 അക്ഷരങ്ങൾ വീതവുമാണ് വരിക. ഇവിടെ 12 അക്ഷരങ്ങളുണ്ട്. ചമസാ͠ ഇവ എന്ന പദത്തിലെ ഇവ എന്നതിലെ വകാരം എട്ടാമത്തെ അക്ഷരമാണ്. വിവക്ഷസേ എന്ന പദത്തിലെ വി എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും ചമസാ͠ ഇവ എന്നുള്ളതിന് പ്ലുതി വരില്ല.

**2. ദേവസ്യ ത്രാതുരവ്രി ഭഗസ്യ (4.55.5)**

ദേവസ്യ/ത്രാതുഃ/അവ്രി/ഭഗസ്യ/ എന്നാണ് പദപാഠം. ഇവിടെ അവ്രി എന്നതിന് പ്ലുതി വരുന്നില്ല.

**3. മാ രിഷണ്യോ വസവാന വസുഃ സൻ (10.22.15)**

മാ/രിഷണ്യഃ/വസവാന/വസുഃ/സൻ/ എന്നാണ് പദപാഠം. ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരമുണ്ട്. വസവാന എന്ന പദത്തിലെ നകാരം എട്ടാമത്തെ അക്ഷരമാണ്. അതിന് സംഹിതയിൽ പ്ലുതി വന്നിട്ടില്ല (വസു എന്ന പദത്തിന് ധനമെന്നാണർത്ഥം. വസവാന എന്നാൽ വസു ആനയിയ്ക്കുന്നവൻ എന്നർത്ഥം. ഇവിടെ അതിന്റെ സംബോധനയാണ്) മാരിഷണ്യഃ=ഹിംസിയ്ക്കരുത്.

**4. സംരായാ ഭൂയസാ സൃജ മയോഭുനാ (3.16.6)**

സം/രായാ/ഭൂയാസാ/സൃജ/മയഃ͠ഭുനാ/ എന്നാണ് പദപാഠം. ഇവിടെ സതോബൃഹതിയാണ് ഛന്ദസ്സ്, ഒന്നും മൂന്നും പാദങ്ങളിൽ 12 അക്ഷരങ്ങൾ വരുന്നതിനാൽ. ഇത് മൂന്നാമത്തെ പാദമാണ്. പന്ത്രണ്ടക്ഷരങ്ങളുള്ള പാദത്തിലാണ് സൃജ വന്നിട്ടുള്ളത്. സൃജ എന്നതിന്റെ ജകാരം 8-ാമത്തെ അക്ഷരമാണ്. അതിനു പ്ലുതി വന്നിട്ടില്ല. സൃജ എന്ന പദം 12 അക്ഷരമുള്ള പാദത്തിൽ വന്നാൽ മാത്രമേ പ്ലുതി വരാതിരിയ്ക്കുള്ളൂ. സ്വാദോഃ സ്വാദീയഃ സ്വാദുനാ സൃജാസം (10.120.3)- സ്വാദോഃ/സ്വാദീയഃ/സ്വാദുനാ/സൃജ/സം/ എന്നാണ് പദപാഠം. ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ഈ പാദത്തിൽ 11 അക്ഷരങ്ങളാണുള്ളത്. സൃജ എന്നതിലെ ജകാരം 10-ാമത്തെ അക്ഷരമായിട്ടാണ് വരുന്നത്. പന്ത്രണ്ടക്ഷരങ്ങളുള്ള പാദത്തിലല്ലാത്തതിനാൽ സൃജ എന്നതിനു പ്ലുതി വരുന്നു.

**5. സംവാരന്നകിരസ്യ മഘാനി (10.132.3)**

സം/ഊംഇതി/ആരൻ/നകിഃ/അസ്യ/മഘാനി/എന്നാണ് പദപാഠം. ഇവിടെ വ്യൂഹം ചെയ്യുമ്പോൾ അസ്യ എന്നതിലെ സ്യ എന്നത് 8-ാമത്തെ അക്ഷരമാകും. 11 അക്ഷരമുള്ള പാദത്തിലെ 8-ാ

മത്തെ അക്ഷരമാണെങ്കിലും അസ്യ എന്നതിന്റെ സ്യ എന്നതിന് പ്ലുതിവരുന്നില്ല.

**6. തവ ചേന്ദ്ര വിമദസ്യ ച ഋഷേഃ (10.23.7)**

തവ/ച/ഇന്ദ്ര/വി*f*മദസ്യ/ച/ഋഷേഃ/ എന്നാണ് പദപാഠം. ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. വിമദസ്യ എന്ന പദത്തിന്റെ അവസാനത്തെ അക്ഷരമായ സ്യ എന്നത് 8-ാമത്തെ അക്ഷരമാണ്. ച എന്ന ലഘ്വക്ഷരം പരമായിട്ടുമുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല.

**7. കദ്രുദ്രായ സുമഖായ ഹവിർദേ (4.3.7)**

കത്/രുദ്രായ/സുമഖായ/ഹവിഃ*f*ദേ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ഈ പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. സുമഖായ എന പദത്തിലെ അവസാനത്തെ അക്ഷരമായ യ എന്നത് 8-ാമത്തെ അക്ഷരമാണ്. അതിൽനിന്ന് ഹവിർദേ എന്നതിലെ ഹ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും സുമഖായ എന്നതിന്റെ യകാരത്തിനു പ്ലുതി വരുന്നില്ല.

**8. അസ്മേ രയിം നി ധാരയ വിവോ മദേ (10.24.1)**

അസ്മേ ഇതി/രയിം/നി/ധാരയ/വി/വഃ/മദേ/ എന്നാണ് പദപാഠം. ഇവിടെ ആസ്താരപംക്തിയാണ് ഛന്ദസ്സ്. ആദ്യത്തെ രണ്ടു പാദങ്ങൾ ഗായത്രം വൃത്തത്തിലും പിന്നത്തെ രണ്ടു പാദങ്ങൾ ജഗതിച്ഛന്ദസ്സിലും വരുകയാണെങ്കിൽ അതാണ് ആസ്താരപംക്തി. അസ്മേ രയിം- എന്നത് മൂന്നാമത്തെ പാദമാണ്. ഇതിൽ 12 അക്ഷരങ്ങളുണ്ട്. ധാരയ എന്ന പദത്തിലെ യ എന്ന അക്ഷരം 8-ാമത്തെയാണ്. അതുകഴിഞ്ഞ് വി എന്ന ലഘ്വക്ഷരം പരമായിട്ടുണ്ടെങ്കിലും പ്ലുതി വരുന്നില്ല.

**9. അഗ്നിരിഷാം സഖ്യേ ദദാതു നഃ (8.71.13)**

അഗ്നിഃ/ഇഷാം/സഖ്യേ/ദദാതു/നഃ/ എന്നാണ് പദപാഠം. ഇവിടെ സതോബൃഹതിയാണ് ഛന്ദസ്സ്. ഒന്നും മൂന്നും പാദങ്ങളിൽ 12 അക്ഷരങ്ങളും രണ്ടും നാലും പാദങ്ങളിൽ 8 അക്ഷരങ്ങൾ വീതവുമാണ് സതോബൃഹതിയിൽ വരുക. (ഇവിടെ ഒന്നാമത്തെ പാദത്തിൽ 10 അക്ഷരങ്ങളേ കാണുന്നുള്ളൂ. ഉവടൻ ഇത് ഉദാഹരണമായി കാണിച്ചതിനാൽ, ഇത് ഉദാഹരണമായി എടുത്തതാണ്).

**10. ജ്യോതിഷ്മതഃ പഥോ രക്ഷധിയാ കൃതാൻ (10.53.6)**

ജ്യോതിഷ്മതഃ/പഥഃ/രക്ഷ/ധിയാ/കൃതാൻ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ജഗതിയാണ് ഛന്ദസ്സ്. ഒരു പാദത്തിൽ 12

അക്ഷരങ്ങളുണ്ട്. ധിയാ എന്ന പദം പരമായ രക്ഷ എന്ന പദത്തിന്റെ അവസാനത്തെ അക്ഷരമായ ക്ഷ എന്നത് എട്ടാമത്തെ അക്ഷരമാണ്. ലഘ്വക്ഷരം പരമായിട്ടുമുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല.

**11. സ്വസ്തി പൂഷാ അസുരോ ദധാതു നഃ (5.51.11)**

സ്വസ്തി/പൂഷാ/അസുരഃ/ദധാതു/നഃ/ എന്നാണ് പദപാഠം. ജഗതിയോ ത്രിഷ്ടുപ്പോ ആണ് ഛന്ദസ്സ് എന്നാണ് അനുക്രമണിയെ ഉദ്ധരിച്ച് സായണൻ അഭിപ്രായപ്പെട്ടിരിയ്ക്കുന്നത്. 11 അക്ഷരങ്ങളാണ് ഈ പാദത്തിലുള്ളത്. ദധാതു എന്ന പദത്തിലെ തു എന്നത് പത്താമത്തെ അക്ഷരമാണ്. ഗുർവ്വക്ഷരമായ നഃ ആണ് ഇവിടെ പരമായിട്ടുള്ളത്. ഇവിടെ തു എന്നതിനു പ്ലുതി വരുന്നില്ല.

**12. സ്തോതാരമിദ്ദിധിഷേയ രദാവസോ (7.32.18)**

സ്തോതാരം/ഇത്/ദിധിഷേയ/രദവസോ ഇതി ര/ദവസോ/ എന്നാണ് പദപാഠം. സതോബൃഹതിയാണ് ഛന്ദസ്സ്. പന്ത്രണ്ടക്ഷരമുള്ള പാദമാണ്. ദിധിഷേയ എന്ന പദത്തിലെ യ എന്ന അക്ഷരം എട്ടാമത്തെയാണ്. ര എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും യ എന്നതിന് പ്ലുതി വരുന്നില്ല.

**26 അങ്ഗ സരസ്വതി പഞ്ചചരന്തി**
**ഗ്നാഭിരിഹേന്വസി രണ്വസി ധാവ ।**
**വിദ്ധിഷു ണോഽഭി ഷതഃ സുവിതായ**
**ത്വാ സമിധാന ദധീമഹി ദേവ ॥**

അങ്ഗ, സരസ്വതി, പഞ്ച, ചരന്തി, ഗ്നാഭിരിഹ, ഇന്വസി, രണ്വസി, ധാവ, വിദ്ധിഷുണഃ, അഭിഷതഃ, സുവിതായ, ത്വാ സമിധാന, ദധീമഹി, ദേവ എന്നിവ പതിനൊന്നോ പന്ത്രണ്ടോ അക്ഷരങ്ങളുള്ള പാദത്തിൽ പ്ലവിയ്ക്കുകയില്ല.

നേരത്തെ എട്ടക്ഷരമുള്ള പാദത്തിൽ ആറാമത്തെ അക്ഷരത്തിനും പതിനൊന്നോ പന്ത്രണ്ടോ അക്ഷരങ്ങളുള്ള പാദത്തിൽ എട്ടാമത്തേയോ പത്താമത്തേയോ അക്ഷരങ്ങൾക്കും ലഘ്വക്ഷരം പരമായിട്ടുണ്ടെങ്കിൽ പ്ലുതി വരുമെന്ന് വിധിച്ചിരുന്നു. ആ പ്ലുതിയുടെ അപവാദങ്ങളാണ് പറഞ്ഞുകൊണ്ടിരിയ്ക്കുന്നത്. ഈ ശ്ലോകത്തിലും അത്തരം അപവാദംതന്നെയാണ് പറയുന്നത്.

ഇവിടെ അങ്ഗ, സരസ്വതി, പഞ്ച, ചരന്തി, ഗ്നാഭിരിഹ, ഇന്വസി, രിണ്യസി, ധാവ, വിദ്ധിഷുണഃ, അഭിഷതഃ, സുവിതായ, ത്വാ സമിധാന, ദധീമഹി, ദേവ എന്നിങ്ങനെ പതിനാലു പദങ്ങളുടെ

അന്ത്യസ്വരങ്ങൾക്കാണ് പ്ലുതിനിഷേധം പറയുന്നത്. ഇവയിൽ ഗ്നാഭിരിഹ എന്നത് ഗ്നാഭിഃ എന്ന് പൂർവ്വമുള്ള ഇഹ എന്ന പദത്തിന്റെ അന്ത്യസ്വരം എന്നു വ്യാഖ്യാനിയ്ക്കണം. (ഗ്നാഭിഃ സഹ എന്നതിന് ദേവപത്നിമാരോടൊപ്പം എന്നാണർത്ഥം പറഞ്ഞിരിയ്ക്കുന്നത്) വിദ്ധിഷുണഃ എന്നതിന് വിദ്ധി എന്നു പൂർവ്വവും ണഃ (നഃ) എന്ന് പരവുമുള്ള സു എന്നതിന് എന്ന് വ്യാഖ്യാനിയ്ക്കണം. അഭിഷതഃ എന്നത് സതഃ എന്ന് പരമുള്ള അഭി എന്നതിന്റെ അന്ത്യസ്വരത്തിന് എന്നാണർത്ഥം. ത്വാ സമിധാന എന്നത് ത്വാ എന്ന പദം പൂർവ്വമുള്ള സമിധാന എന്ന പദത്തിന്റെ അന്ത്യസ്വരം എന്നുമാണർത്ഥം.

**ഉദാഹരണങ്ങൾ**

**1. ഇന്ദ്രസോമാ യുവമങ്ഗ തരുത്രം (6.72.5)**

ഇന്ദ്രാസോമാ/യുവം/അങ്ഗ/തരുത്രം/ എന്നാണ് പദപാഠം. ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പതിനൊന്നക്ഷരങ്ങളാണ് പാദത്തിലുള്ളത്. അങ്ഗ എന്ന പദത്തിലെ ങ്ഗ എന്നത് എട്ടാമത്തെ അക്ഷരമാണ്. ത എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും ഇവിടെ ങ്ഗ എന്നതിന്റെ അന്ത്യസ്വരത്തിന് പ്ലുതി വരുന്നില്ല.

**2. അയമുതേ സരസ്വതി വസിഷ്ഠഃ (7.95.6)**

അയം/ഊംഇതി/സരസ്വതി/വസിഷ്ഠഃ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. സരസ്വതി എന്ന പദത്തിലെ അവസാനമുള്ള തി എന്ന അക്ഷരം എട്ടാമത്തേയാണ്. വസിഷ്ഠഃ എന്ന പദത്തിലെ വ എന്ന ലഘ്വക്ഷരം പരമായി വന്നിട്ടുണ്ട്. എങ്കിലും ഇവിടെ തി എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നില്ല.

**3. യേ യുക്ത്വായ പഞ്ചശതാ (10.93.14)**

യേ/യുക്ത്വായ/പഞ്ച/ശതാ/ എന്നാണ് പദപാഠം. ഇവിടെ പ്രസ്താരപംക്തിയാണ് ഛന്ദസ്സ്. ആദ്യത്തെ രണ്ടു പാദങ്ങളിൽ ജഗതീഛന്ദസ്സും പിന്നീടുള്ള രണ്ടു പാദങ്ങളിൽ ഗായത്രവും വരുമ്പോഴാണ് പ്രസ്താരപംക്തിഛന്ദസ്സ് വരുന്നത്. മേൽക്കാണിച്ച ഉദാഹരണം ഒരു ഋക്കിന്റെ മൂന്നാമത്തെ പാദമാണ്. 8 അക്ഷരങ്ങളുണ്ട്. ആറാമത്തെ അക്ഷരമായ ഞ്ച എന്നതിനു പ്ലുതി വരുന്നില്ല.

**4. സമശ്വപർണ്ണാശ്ചരന്തി നോ നരഃ (6.47.31)**

സം/അശ്വ/പർണ്ണാഃ/ചരന്തി/നഃ/നരഃ/ എന്നാണ് പദപാഠം. ഈ പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ചരന്തി എന്ന പദത്തിലെ ന്തി എ

ന്ന അക്ഷരം എട്ടാമത്തെയാണ്. അതുകഴിഞ്ഞ് ഗുർവായ നഃകാരം പരമായിരിയ്ക്കുന്നു. എങ്കിലും പ്ലുതി വരുന്നില്ല.

**5. ശം നസ്ത്വഷ്ടാ ഗ്നാഭിരിഹ ശൃണോതു (7.35.6)**

ശം/നഃ/ത്വഷ്ടാ/ഗ്നാഭിഃ/ഇഹ/ശൃണോതു/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ഈ പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ഗ്നാഭിഃ എന്ന് പൂർവ്വമുള്ള ഇഹ എന്ന പദമാണ് ഇവിടെയുള്ളത്. അതിനാൽ ഇഹ എന്നതിലെ ഹകാരം എട്ടാമത്തേയാണെങ്കിലും ശൃ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ടെങ്കിലും ഇവിടെ പ്ലുതി വരുന്നില്ല.

ഗ്നാഭിഃ എന്ന പദം പൂർവ്വമില്ലെങ്കിൽ ഇഹ എന്ന പദത്തിന് പ്ലുതി വരും. അധാ തേ അഗ്നേ കിമിഹാ വദന്തി (4.5.14) - അധ/തേ/അഗ്നേ/കിം/ഇഹ/വദന്തി/ എന്നാണ് ഇവിടെ പദപാഠം. ത്രിഷ്ടുപ്പാണ് വൃത്തം. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ഇഹ എന്ന പദത്തിലെ ഹകാരം എട്ടാമത്തെയാണ്. ഇവിടെ ഗ്നാഭിഃ എന്ന് പൂർവ്വം വരുന്നില്ല. വദന്തി എന്ന പദത്തിലെ വകാരമാണ് പരമായി വരുന്നത്. അത് ലഘ്വക്ഷരമാണ്. അതിനാൽ പ്ലുതി വരുന്നു.

**6. വൃഷാ യജ്ഞോ യമിന്വസി വൃഷാ ഹവഃ (8.13.32)**

വൃഷാ/യജ്ഞഃ/യം/ഇന്വസി/വൃഷാ/ഹവഃ/ എന്നാണ് ഇവിടെ പദപാഠം. ഉഷ്ണിക്കാണ് ഛന്ദസ്സ്. ഈ ഛന്ദസ്സിൽ ആദ്യത്തെ രണ്ടു പാദങ്ങളിൽ 8 അക്ഷരങ്ങൾ വീതവും മൂന്നാമത്തേതിൽ 12 അക്ഷരങ്ങളുമാണുണ്ടാവുക. മേൽക്കാണിച്ച ഉദാഹരണത്തിൽ മൂന്നാമത്തെ പാദമാണ്. പന്ത്രണ്ടക്ഷരങ്ങളുണ്ട്. ഇന്വസി എന്നതിലെ സി എന്ന അക്ഷരം എട്ടാമത്തെയാണ്. വൃഷാ എന്ന പദത്തിലെ വൃ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും ഇവിടെ നിഷേധിച്ചതിനാൽ പ്ലുതി വരുന്നില്ല.

**7. ഉക്ഥേ വാ യസ്യ രണ്യസി സമിന്ദുഭിഃ (8.12.18)**

ഉക്ഥേ/വാ/യസ്യ/രണ്യസി/സം/ഇന്ദുfഭിഃ/ എന്നാണ് ഇവിടെ പദപാഠം. ഉഷ്ണിക്കാണ് ഛന്ദസ്സ്. മൂന്നാമത്തെ പാദമാണ് മേൽക്കാണിച്ച ഉദാഹരണം. ഇതിൽ 12 അക്ഷരങ്ങളുണ്ട്. രണ്യസി എന്ന പദത്തിലെ സി എന്ന അക്ഷരം എട്ടാമത്തെ അക്ഷരമാണ്. സ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എന്നിരുന്നാലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല. (രണ്യസി=രമിയ്ക്കുന്നു)

**8. അവ്യോവാരേ പരിധാവ മധുപ്രിയം (9.86.48)**

അവ്യഃ/വാരേ/പരി/ധാവ/മധു/പ്രിയം/ എന്നാണ് പദപാഠം. ജഗതിയാണ് ഛന്ദസ്സ്. ഒരു പാദത്തിൽ 12 അക്ഷരങ്ങൾ വീതമു

ണ്ടാകും. മേൽക്കാണിച്ച ഉദാഹരണമായ ഋക്പാദത്തിൽ ധാവ എന്ന പദത്തിലെ വ എന്ന അക്ഷരം എട്ടാമത്തെയാണ്. ലഘ്വക്ഷ രമായ മ എന്ന അക്ഷരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ള തിനാൽ ധാവ എന്നതിന്റെ അന്ത്യസ്വരത്തിന് പ്ലുതിവരുന്നില്ല.

**9. വയം തേ വയ ഇന്ദ്ര വിദ്ധി ഷുണഃ (2.20.1)**

വയം/തേ/വയഃ/ഇന്ദ്ര/വിദ്ധി/സു/നഃ/ എന്നാണ് പദപാഠം. ത്രി ഷ്ടുപ്പാണ് ഛന്ദസ്സ്. ഒരു പാദത്തിൽ 11 അക്ഷരങ്ങളാണ്. വിദ്ധി എ ന്ന് പൂർവ്വത്തിലുള്ള സു(ഷു)എന്നത് പത്താമത്തെ അക്ഷരമാണ്. അതുകഴിഞ്ഞ് നഃ(ണഃ) എന്ന് പരമായിട്ടുണ്ട്. എങ്കിലും സു(ഷു) എന്നതിന് പ്ലുതി വരുന്നില്ല.

വിദ്ധി എന്ന് പൂർവ്വം ഇല്ല എങ്കിൽ സു എന്നതിന് പ്ലുതി വ രും. ദ്യുഭിർഹിതോ ജരിമാ സൂ നോ അസ്തു (10.59.4)- ദ്യുഃ/ഭിഃ/ ഹിതഃ/ജരിമാ/സു/നഃ/അസ്തു/ എന്നാണ് പദപാഠം. ഇവിടെ ത്രി ഷ്ടുപ്പാണ് ഛന്ദസ്സ്. പതിനൊന്നക്ഷരങ്ങളുള്ള പാദത്തിൽ സു എ ന്ന പദം എട്ടാമതായി വരുന്നു. സുവിന്റെ പൂർവ്വം വിദ്ധി എന്ന പ ദം ഇല്ല. സു കഴിഞ്ഞ് ഗുരുവായ നകാരം പരമായിട്ടുണ്ട്. അതി നാൽ സു എന്നതിന് പ്ലുതിവന്ന് സംഹിതയിൽ സൂ എന്നായിരി യ്ക്കുന്നു.

**10. മഹോ വിശ്വാ് അഭിഷതഃ (8.23.26)**

മഹഃ/വിശ്വാൻ/അഭി/സതഃ/ എന്നാണ് പദപാഠം. ഇവിടെ ഉ ഷ്ണിക്കാണ് ഛന്ദസ്സ്. ആദ്യത്തെ രണ്ടുപാദങ്ങളിൽ എട്ടക്ഷരങ്ങൾ വീതമാണല്ലോ ഉണ്ടാവുക. ഇത് ഒന്നാമത്തെ പാദമാണ്. അഭി എ ന്ന പദത്തിന്റെ അവസാനത്തിലുള്ള ഭി എന്ന അക്ഷരം ആറാമ ത്തെയാണ്. സതഃ എന്ന പദം പിന്നീട് വരുന്നതിനാൽ പ്ലുതി വ രുന്നില്ല.

സതഃ എന്ന പദം പരമായില്ലെങ്കിൽ അഭി എന്നതിന് പ്ലുതി വരും. തം ദുരോഷമഭീ നരഃ (9.101.3) തം/ദുരോഷം/അഭി/നരഃ/ എന്നാണ് പദപാഠം. ഗായത്രമാണ് ഛന്ദസ്സ്. അഭി എന്ന പദത്തി ലെ ഭി ആറാമത്തെ അക്ഷരമാണ്. അഭി കഴിഞ്ഞ് സത എന്ന പ ദം വരുന്നില്ല. അതിനാൽ പ്ലുതി വരുന്നു.

**11. ഇന്ദ്രാ യാഹി സുവിതായ മഹേ നഃ (6.40.3)**

ഇന്ദ്ര/ആ/യാഹി/സുവിതായ/മഹേ/നഃ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ഒരു പാദത്തിൽ 11 അക്ഷരങ്ങളാണ്. സുവി തായ എന്ന പദത്തിലെ അവസാനത്തെ അക്ഷരമായ യ എന്നത് എട്ടാമത്തെ അക്ഷരമാണ്. മഹേ എന്ന പദത്തിലെ മ എന്ന ലഘ്വ

ക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**12. മർത്താസസ്ത്വാ സമിധാന ഹവാമഹേ (10.150.2)**

മർത്താസഃ/ത്വാ/സം*f*ഇധാന/ഹവാമഹേ/ എന്നാണ് പദപാഠം. ബൃഹതിയാണ് ഛന്ദസ്സ്. ഒന്നും രണ്ടും നാലും പാദങ്ങളിൽ എട്ടക്ഷരങ്ങൾവീതവും മൂന്നാം പാദത്തിൽ പന്ത്രണ്ടക്ഷരങ്ങളുമാണ് ബൃഹതീഛന്ദസ്സിന്. ഇത് ഋക്കിന്റെ മൂന്നാമത്തെ പാദമാണ്. ത്വാ എന്ന പദം പൂർവ്വത്തിലുള്ള സമിധാന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള ന എന്ന അക്ഷരം എട്ടാമത്തെയാണ്. അതുകഴിഞ്ഞ് ഹ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**13. പ്രതിസ്തോമം ദധീമഹി തുരാണാം (7.40.1)**

പ്രതി/സ്തോമം/ദധീമഹി/തുരാണാം/ എന്നാണ് പദപാഠം. ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ദധീമഹി എന്ന പദത്തിലെ ഹി എന്ന അക്ഷരം എട്ടാമത്തെയാണ്. തുരാണാം എന്ന പദത്തിലെ തു എന്നത് ലഘ്വക്ഷരമാണ്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല. ദധീമഹി=ചെയ്യുന്നു.

**14. കൃധീ നോ അഹ്രയോ ദേവ സവിതഃ (10.93.9)**

കൃധി/നഃ/അഹ്രയഃ/ദേവ/സവിതഃ/ എന്നാണ് പദപാഠം. ഈ പാദത്തിൽ 11 അക്ഷരങ്ങളുണ്ട്.

ഇവിടെ പംക്തിയാണ് ഛന്ദസ്സെന്ന് അനുക്രമണിയെ ഉദ്ധരിച്ചുകൊണ്ട് സായണൻ അഭിപ്രായപ്പെടുന്നു. പക്ഷെ അക്ഷരസംഖ്യകൊണ്ടാണ് പംക്തി, പാദങ്ങളെക്കൊണ്ടല്ല എന്നും പറഞ്ഞിരിയ്ക്കുന്നു. പംക്തിചന്ദസ്സിന്റെ ലക്ഷണം പ്രാതിശാഖ്യത്തിൽ വരുന്നത് 8 അക്ഷരങ്ങൾ വീതമുള്ള അഞ്ചു പാദങ്ങൾ എന്നാണ്. കൃധീ നോ.... എന്ന ഋക്കിൽ ആകെ 40 അക്ഷരങ്ങളാണുള്ളത്. അതുകൊണ്ട് പംക്തിയാണ്. ദേവ എന്ന പദത്തിലെ വ എന്നതിനു പ്ലുതി വരുന്നില്ല.

27 **ജാമിഷു ജാസു ചികേത കിരാസി**
**സ്മസ്യുപ പാത്യസി സോമ ശതസ്യ ।**
**ആയുഷി ചേതതി വിഷ്ടപി മാസ്വ**
**പ്രോശ്മസി മൂർധനി സദ്മ വരന്ത ।।**

ജാമിഷു, ജാസു, ചികേത, കിരാസി, സ്മസി, ഉപ, പാതി, അസി, സോമ, ശതസ്യ, ആയുഷി, ചേതതി, വിഷ്ടപി, മാസ്വ, പ്ര, ഉശ്മസി, മൂർധനി, സദ്മ, വരന്ത– ഈ പദങ്ങളും പന്ത്രണ്ടോ പതി

നൊന്നോ എട്ടോ അക്ഷരങ്ങളുള്ള പാദത്തിൽ എട്ടാമത്തേയോ പത്താമത്തേയോ ആറാമത്തേയോ അക്ഷരമായി വന്നാലും അവയ്ക്കു പ്ലുതി വരികയില്ല.

**ഉദാഹരണങ്ങൾ**

**1. ഗർഭം ദധാസി ജാമിഷു വിവക്ഷസേ (10.21.8)**

ഗർഭം/ദധാസി/ജാമിഷു/വിവക്ഷസേ/ എന്നാണ് പദപാഠം. ഇവിടെ ആസ്താരപംക്തിയാണ് ഛന്ദസ്സ്. ആദ്യത്തെ രണ്ടുപാദങ്ങളിൽ ഗായത്രം ഛന്ദസ്സും പിന്നത്തെ രണ്ടു പാദങ്ങളിൽ ജഗതിയുമാണ്. ഇത് നാലാമത്തെ പാദമാണ്. ഇതിൽ പന്ത്രണ്ടക്ഷരങ്ങളാണുള്ളത്. ജാമിഷു എന്ന പദത്തിലെ ഷു എന്ന അക്ഷരം എട്ടാമത്തേതാണ്. അതിന് വി എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**2. അനമീവോ രുദ്ര ജാസു നോ ഭവ (7.46.2)**

അനമീവഃ/രുദ്ര/ജാസു/നഃ/ഭവ. എന്നാണ് പദപാഠം. ഇവിടെ ജഗതിയാണ് ഛന്ദസ്സ്. ഇവിടെ ജാസു എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല. (അമീവാ=രോഗം; അനമീവഃ=രോഗമില്ലാതെ; ജാസു=പ്രജകളിൽ)

**3. അയം ധ്രുവോ രയീണാം ചികേത യത് (9.102.4)**

അയം/ധ്രുവഃ/രയീണാം/ചികേത/യത്/ എന്നാണ് പദപാഠം. ഉഷ്ണിക്കാണ് ഛന്ദസ്സ്. ചികേത എന്ന പദത്തിന്റെ അവസാനത്തെ ത എന്നതിന് പ്ലുതി വരുന്നില്ല.

**4. ആ യഥാ മന്ദസാനഃ കിരാസിനഃ (8.49.4)**

ആ/യഥാ/മന്ദസാനഃ/കിരാസി/നഃ/ എന്നാണ് പദപാഠം. ഈ പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. കിരാസി എന്ന പദത്തിലെ സി എന്ന അക്ഷരം പത്താമത്തെയാണ്. നഃകാരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതിവരുന്നില്ല.

**5. യുഷ്മേ ഇദ്ധോ അപി ഷ്മസി സജാത്യേ (8.18.19)**

യുഷ്മേ ഇതി/ഇത്/വഃ/അപി/സ്മസി/സ/ജാത്യേ/ എന്നാണ് പദപാഠം. ഉഷ്ണിക്കാണ് ഛന്ദസ്സ്. സ്മസി എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**6. ഇമാമുഷു സോമ സുതിമുപനഃ (7.93.6)**

ഇമാം/ഊംഇതി/സു/സോമ/സുതിം/ഉപ/നഃ/ എന്നാണ് പദപാഠം. ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ഉപ എന്ന പദത്തിലെ പ എന്ന അക്ഷരം പത്താമത്തേതാണ്. നഃകാരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി

വരുന്നില്ല. (സോമസുതി=സോമാഭിഷവക്രിയാ.

**7. ജാതോ ബൃഹന്നഭി പാതി തൃതീയം (10.1.3)**

ജാതഃ/ബൃഹൻ/അഭി/പാതി/തൃതീയം/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാതി എന്ന പദത്തിന്റെ അവസാനത്തെ അക്ഷരമായ തി എന്നത് എട്ടാമത്തേതാണ്. തൃ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പാതി എന്നതിന് പ്ലുതി വരുന്നില്ല; നിഷേധമുള്ളതിനാൽ.

**8. പുരൂ യോ ദഗ്ധാസി വനാ (5.9.4)**

പുരു/യഃ/ദഗ്ധാ/അസി/വനാ/ എന്നാണ് പദപാഠം. അനുഷ്ടുപ്പാണ് ഛന്ദസ്സ്. ദഗ്ധാസി എന്ന പദത്തിലെ സി എന്ന അക്ഷരം ആറാമത്തേതാണ്. വനാ എന്ന പദത്തിലെ വ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**9. അനു ഹി ത്വാ സുതം സോമ മദാമസി (9.110.2)**

അനു/ഹി/ത്വാ/സുതം/സോമ/മദാമസി/ എന്നാണ് പദപാഠം.ഇവിടെ അനുഷ്ടിപ്പിന്റെ ഒരു വകഭേദമായ പിപീലികാമദ്ധ്യയാണ് ഛന്ദസ്സ്. ആദ്യത്തേയും മൂന്നാമത്തേയും പാദങ്ങളിൽ 12 അക്ഷരങ്ങൾവീതവും രണ്ടാമത്തെ പാദത്തിൽ എട്ടക്ഷരങ്ങളും വരികയാണെങ്കിൽ അവിടെയാണ് പിപീലികാമദ്ധ്യയായ അനുഷ്ടുപ്പ്. ഇത് ഒന്നാമത്തെ പാദമാണ്. പന്ത്രണ്ടക്ഷരങ്ങളുണ്ട്. സോമ എന്ന പദത്തിലെ മ എന്ന അക്ഷരം എട്ടാമത്തെയാണ്. മദാമസി എന്ന പദത്തിലെ ആദ്യത്തെ മകാരം ലഘുവാണ്. അതിനാൽ ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല.

**10. നി ധേഹി ശതസ്യ നൃണാം (1.43.7)**

നി/ധേഹി/ശതസ്യ/നൃണാം/ എന്നാണ് പദപാഠം. ഗായത്രമാണ് ഛന്ദസ്സ്. ശതസ്യ എന്ന പദത്തിലെ സ്യ എന്നത് ആറാമത്തെ അക്ഷരമാണ്. നൃണാം എന്ന പദത്തിലെ നൃ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും ഇവിടെ, നിഷേധിച്ചതിനാൽ പ്ലുതി വരുന്നില്ല.

11. പിപ്രീഷതി സ്വ ആയുഷി ദുരോണേ (4.4.7)

പി പ്രീഷതി/സ്വേ/ആയുഷി/ദുരോണേ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ഈ പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ആയുഷി എന്ന പദത്തിലെ ഷി എന്ന അക്ഷരം എട്ടാമതാണ് വരുന്നത്. ദുരോണേ എന്ന പദത്തിലെ ദു എന്ന ലഘ്വക്ഷരം പരമായി വന്നിട്ടുമുണ്ട്. എങ്കിലും ഇവിടെ പ്ലുതി വരുന്നില്ല, നിഷേധമുള്ളതിനാൽ.

**12. സോമോ ജൈത്രസ്യ ചേതതി യഥാവിദേ (9.106.2)**

സോമഃ/ജൈത്രസ്യ/ചേതതി/യഥാ/വിദേ/ എന്നാണ് പദപാഠം. ഉഷ്ണിക്കാണ് ഛന്ദസ്സ്. ഇത് മൂന്നാമത്തെ പാദമായതിനാൽ 12 അക്ഷരങ്ങളുണ്ട്. ചേതതി എന്ന പദത്തിലെ തി എന്ന അക്ഷരം എട്ടാമത്തെയാണ്. യഥാ എന്ന പദത്തിലെ യ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ ഇവിടെ പ്ലുതി വരുന്നില്ല.

**13. സമുദ്രസ്യാധി വിഷ്ടപി മനീഷിണഃ (9.107.14)**

സമുദ്രസ്യ/അധി/വിഷ്ടപി/മനീഷിണഃ/ എന്നാണ് പദപാഠം. ഇവിടെ വിഷ്ടപി എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നില്ല.

**14. നൂ നോ രയിമുപമാസ്വ നൃവന്തം (9.93.5)**

നു/നഃ/രയിം/ഉപ/മാസ്വ/നൃ*f*വന്തം/ എന്നാണ് ഇവിടെ പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. മാസ്വ എന്ന പദത്തിലെ സ്വ എന്ന പദം എട്ടാമത്തെയാണ്. നൃ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**15. അഭി സവ്യേന പ്ര മൃശ (8.81.6)**

അഭി/സവ്യേന/പ്ര/മൃശ/ എന്നാണ് പദപാഠം. ഗായത്രമാണ് ഛന്ദസ്സ്. പാദത്തിൽ എട്ടക്ഷരങ്ങളുണ്ട്. പ്ര എന്നത് ആറാമത്തെ അക്ഷരമാണ്. മൃ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ടെങ്കിലും ഇവിടെ നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**16. താ വാം വാസ്തൂന്യുശ്മസി ഗമധ്യൈ (1.154.6)**

താ/വാം/വാസ്തൂനി/ഉശ്മസി/ഗമധ്യൈ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ഇവിടെ ഉശ്മസി എന്നതിന് പ്ലുതി വരുന്നില്ല.

**17. നി പർവ്വതസ്യ മൂർധനി സദന്താ (7.70.3)**

നി/പർവ്വതസ്യ/മൂർധനി/സദംതാ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ പതിനൊന്നക്ഷരങ്ങളുണ്ട്. മൂർധനി എന്ന പദത്തിലെ അവസാനത്തെ നി എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല, നിഷേധമുള്ളതിനാൽ.

**18. നക്ഷദ്ധോതാ പരി സദ്മ മിതാ യൻ (1.173.3)**

നക്ഷത്/ഹോതാ/പരി/സദ്മ/മിതാ/യൻ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ പതിനൊന്നക്ഷരങ്ങളുണ്ട്. സദ്മ എന്ന പദത്തിലെ ദ്മ എന്ന അക്ഷരം എട്ടാമത്തെയാണ്. മി എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ

പ്ലുതി വരുന്നില്ല.

**19. മാദ്ഭിഃ ശരദ്ഭിർദുരോ വരന്ത വഃ (2.24.5)**

മാത്/ഭിഃ/ശരത്ഭിഃ/ദുരഃ/വരന്ത/വഃ/ എന്നാണ് പദപാഠം. ജഗതിയാണ് ഛന്ദസ്സ്. ഇവിടെ വരന്ത എന്നതിനു പ്ലുതി വരുന്നില്ല.

**28 പ്രദിവി വരുണ തമസി തിരസി**
**ഘൃതമിവ ദിവി മമഹി നു വിശഃ ।**
**ഉഷസി പൃഥിവി രജസി വഹസി**
**ഹനതി പിതരി വിവിഹി നി മധു ॥**

പ്രദിവി, വരുണ, തമസി, തിരസി, ഘൃതമിവ, ദിവി, മമ, ഹി, നു വിശഃ, ഉഷസി, പൃഥിവി, രജസി, വഹസി, ഹനതി, പിതരി, വി, വിഹി, നി, മധു എന്നീ പദങ്ങളും പതിനൊന്നോ പന്ത്രണ്ടോ അക്ഷരങ്ങൾ ഉള്ള പാദങ്ങളിൽ എട്ടാമതോ പത്താമതോ ആയി വരുമ്പോഴും എട്ടക്ഷരമുള്ള പാദത്തിൽ ആറാമത്തെ അക്ഷരമായി വന്നാലും പ്ലവിയ്ക്കുകയില്ല.

**ഉദാഹരണങ്ങൾ**

**1. ഇന്ദ്രം സോമാസഃ പ്രദിവി സുതാസഃ (3.46.4)**

ഇന്ദ്രം/സോമാസഃ/പ്ര/ദിവി/സുതാസഃ/ എന്നാണ് പദപാഠം. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. പ്രദിവി എന്ന പദത്തിലെ അവസാനത്തെ അക്ഷരമായ വി എന്നത് എട്ടാമത്തെയാണ്. സുതാസഃ എന്ന പദത്തിലെ സു എന്ന അക്ഷരം ലഘുവാണ്. അതാണ് വി കഴിഞ്ഞുവരുന്നത്. എങ്കിലും ഇവിടെ നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**2. അവ തേ ഹേളോ വരുണ നമോഭിഃ (1.24.14)**

അവ/തേ/ഹേളഃ/വരുണ/നമഃ/ഭി/എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. വരുണ എന്ന പദത്തിലെ ണ എന്ന അക്ഷരം എട്ടാമത്തെയാണ്. നമോഭിഃ എന്ന പദത്തിലെ ന എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല. (ഹേളഃ=ക്രോധം)

**3. യോ അപാചീനേ തമസി മദന്തീഃ (7.6.4)**

യഃ/അപാചീനേ/തമസി/മദന്തീഃ/ എന്നാണ് പദപാഠം. പാദത്തിൽ 11 അക്ഷരങ്ങളാണുള്ളത്. തമസി എന്ന പദത്തിലെ സി എന്ന അക്ഷരം എട്ടാമത്തെയാണ്. ലഘ്വക്ഷരമായ മ എന്ന് പരമായിട്ടുണ്ട്. എങ്കിലും, നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**4. പ്രവേധസശ്ചിത്തിരസി മനീഷാം (4.6.1)**

പ്ര/വേധസഃ/ചിത്/തിരസി/മനീഷാം/ എന്നാണ് പദപാഠം.

ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. തിരസി എന്ന പദത്തിലെ സി എന്ന അക്ഷരം എട്ടാമത്തെയാണ്. മനീഷാം എന്ന പദത്തിലെ മ എന്ന ലഘ്വക്ഷരം പരമായി വന്നിട്ടുമുണ്ട്. എന്നിട്ടും ഇവിടെ പ്ലുതി വരുന്നില്ല, നിഷേധമുള്ളതിനാൽ (പ്രതിരസി=പ്രകർഷേണ വർദ്ധിപ്പിയ്ക്കുന്നു)

**5. മധുശ്ചുതം ഘൃതമിവ സുപൂതം (4.57.2)**

മധു/ശ്ചുതം/ഘൃതം/ഇവ/സു/പൂതം/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ഘൃതമിവ എന്ന പദത്തിലെ അവസാനത്തെ അക്ഷരമായ വ എന്നത് എട്ടാമത്തെയാണ്. സുപൂതം എന്ന പദത്തിലെ സു എന്ന ലഘ്വക്ഷരം പരമായി വന്നിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല. (മധുശ്ചുതം=തേനൊഴുകുന്നത്)

**6. ശ്യേനാ ഇവേദധി ദിവി നിഷേദ (4.35.8)**

ശ്യേനാഃ/ഇവ/ഇത്/അധി/ദിവി/നി/സേദ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ദിവി എന്ന പദത്തിലെ വി എന്ന അക്ഷരം എട്ടാമത്തെയാണ്. നിഷേദ എന്ന പദത്തിലെ നി എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**7. അധാ കാമാ ഇമേ മമ വിവോ മദേ (10.25.2)**

അധ/കാമാഃ/ഇമേ/മമ/വി/വഃ/മദേ/ എന്നാണ് പദപാഠം. ആസ്താരപംക്തിയാണ് ഛന്ദസ്സ്. ആദ്യത്തെ രണ്ടുപാദങ്ങളിൽ എട്ടക്ഷരങ്ങൾവീതവും പിന്നീടുള്ള രണ്ടുപാദങ്ങളിൽ പന്ത്രണ്ടക്ഷരങ്ങൾവീതവും വരികയാണെങ്കിൽ അവിടെയാണ് ആസ്താരപംക്തി. ഇത് ഋക്കിലെ മൂന്നാമത്തെ പാദമാണ്. പന്ത്രണ്ടക്ഷരങ്ങളുണ്ട്. മമ എന്ന പദത്തിലെ ഒടുവിലത്തെ മ എന്ന അക്ഷരം എട്ടാമത്തെയാണ്. വി എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

**8. യൂപാദമുഞ്ചോ അശമിഷ്ടഹിഷഃ (5.2.7)**

യൂപാത്/അമുഞ്ചഃ/അശമിഷ്ട/ഹി/സഃ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ഹി എന്ന പദം പത്താമത്തേതാണ്. ഹി എന്നതിനു പ്ലുതി വരുന്നില്ല.

**9. തൃണസ്കന്ദസ്യ നു വിശഃ (1.172.3)**

തൃണസ്കന്ദസ്യ/നു/വിശഃ/ എന്നാണ് പദപാഠം. ഇവിടെ ഗായത്രമാണ് ഛന്ദസ്സ്. എട്ടക്ഷരങ്ങളുള്ള മൂന്നു പാദങ്ങളോ ആറക്ഷരങ്ങൾവീതമുള്ള നാലുപാദങ്ങളോ ആയി ഗായത്രം എന്ന ഛന്ദ

സ്സ് വരും. ഇത് എട്ടക്ഷരമുള്ള പാദമാണ്. വിശഃ എന്നു പരമുള്ള നു എന്ന ഏകാക്ഷരമായ പദം ആറാമത്തെയായിട്ടാണ് വരുന്നത്. അതിനു പ്ലുതി വരുന്നില്ല.

വിശഃ എന്നു പരമായില്ലെങ്കിൽ നു എന്നതിനു പ്ലുതിവരും. തൂവർന്ന യാമന്നേതശസ്യ നൂരണേ(6.15.5)- തൂർവ്വൻ/ന/യാമൻ/ഏതശസ്യ/നു/രണേ/ എന്നാണ് പദപാഠം. ജഗതിയാണ് ഛന്ദസ്സ്. ഒരു പാദത്തിൽ 12 അക്ഷരങ്ങളുണ്ട്. ഇവിടെ നു എന്ന ഏകാക്ഷരമായ പദം പത്താമത്തെയാണ്. വിശഃ എന്നു പരമായിട്ടുമില്ല. അതിനാൽ പ്ലുതിവന്ന് നൂ എന്നായിരിയ്ക്കുന്നു. (തൂർവ്വൻ ന=ശത്രുക്കളെ ഹിംസിയ്ക്കുന്ന പുരുഷൻ എന്നപോലെ; യാമം=യുദ്ധം; ഏതശൻ എന്നത് ഒരു ഋഷിയുടെ നാമധേയമാണ്)

**10. തമിദ്ദോഷാ തമുഷസി യവിഷ്ഠം (7.3.5)**

തം/ഇത്/ദോഷാ/തം/ഉഷസി/യവിഷ്ഠം/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പതിനൊന്നക്ഷരങ്ങളാണ് പാദത്തിലുള്ളത്. ഉഷസി എന്ന പദത്തിലെ സി എന്ന അക്ഷരം എട്ടാമത്തെ അക്ഷരമാണ്. അതിന് പ്ലുതി വന്നിട്ടില്ല; നിഷേധമുള്ളതിനാൽ. (ദോഷാ (ദോഷായാം)=രാത്രിയിൽ.

**11. തദൃതം പൃഥിവി ബൃഹത് (5.66.5)**

തത്/ഋതം/പൃഥിവി/ബൃഹത്/ എന്നാണ് പദപാഠം. അനുഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ എട്ടക്ഷരമുണ്ട്. പൃഥിവി എന്ന പദത്തിലെ വി എന്ന അക്ഷരം ആറാമത്തെയാണ്. അതിന് പ്ലുതി വന്നിട്ടില്ല; നിഷേധമുള്ളതിനാൽ.

(ഋതം(ഇവിടെ)=ജലം എന്നർത്ഥം.

**12. അസൂർതേ സൂർതേ രജസി നിഷത്തേ (10.82.4)**

അസൂർതേ/സൂർതേ/രജസി/നി/ഷത്തേ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11അക്ഷരമുണ്ട്. രജസി എന്ന പദത്തിലെ സി എന്ന അക്ഷരം എട്ടാമത്തെയാണ്. നി എന്ന ലഘ്വക്ഷരം പരമായിട്ടുമുണ്ട്. എങ്കിലും നിഷേധമുള്ളതിനാൽ പ്ലുതി വരുന്നില്ല.

(അസൂർതം=സ്ഥാവരം; സൂർതം-ജംഗമം; രജസ്സ്=ലോകം; നിഷത്തേ=അചഞ്ചലമായി സ്ഥിതിചെയ്യുന്നു)

**13. അതന്ദ്രോ ഹവ്യാ വഹസി ഹവിഷ്കൃതഃ (8.60.15)**

അതന്ദ്രഃ/ഹവ്യാ/വഹസി/ഹവിഃ/കൃതഃ/ എന്നാണ് പദപാഠം. ബൃഹതിയാണ് ഛന്ദസ്സ്. പാദത്തിൽ 12 അക്ഷരങ്ങളുണ്ട്. വഹസി എന്ന പദത്തിലെ സി എന്ന അക്ഷരം എട്ടാമത്തെയാണ്. ഹ എ

ന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും, നിഷേധിയ്ക്കപ്പെട്ടതിനാൽ പ്ലുതി വരുന്നില്ല. (അതന്ദ്രഃ=അലസനായി-ആലസ്യം കൂടാതെ)

**14. പുരൂ ച വൃത്രാ ഹനതി നിദസ്യൂൻ (6.29.6)**

പുരു/ച/വൃത്രാ/ഹനതി/നി/ദസ്യൂൻ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ഹനതി എന്ന പദത്തിലെ തി എന്ന അക്ഷരം 8-ാമത്തെയാണ്. നി എന്ന ലഘ്വക്ഷാം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല.

**15. കാമം കൃണ്വാനേ പിതരി യുവത്യാം (10.61.6)**

കാമം/കൃണ്വാനേ/പിതരി/യുവത്യാം/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ പതിനൊന്നക്ഷരങ്ങളുണ്ട്. പിതരി എന്ന പദത്തിലെ രി എന്ന അക്ഷരം എട്ടാമത്തെയാണ്. അതിന് യു എന്ന ലഘ്വക്ഷരം പരമായി വന്നെങ്കിലും പ്ലുതി വരുന്നില്ല.

**16. ഓ ഭേ അപ്രാ രോദസീ വിഷ ആവഃ (9.97.38)**

ആ/ഉഭേ ഇതി/അപ്രാഃ/രോദസീ ഇതി/വി/സഃ/ആവരിത്യാവഃ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. വി എന്ന ഏകാക്ഷരമായ പദം എട്ടാമത്തെയാണ്. അതിനു പ്ലുതി വരുന്നില്ല.

**17. യജസ്വ വീര പ്ര വിഹി മനോയതഃ (2.26.2)**

യജസ്വ/വീര/പ്ര/വിഹി/മനായതഃ/ എന്നാണ് പദപാഠം. ജഗതിയാണ് ഛന്ദസ്സ്. പാദത്തിൽ 12 അക്ഷരങ്ങളൂണ്ട്. വിഹി എന്ന പദത്തിലെ ഹി എന്ന അക്ഷരം എട്ടാമത്തെയാണ്. മ എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി വന്നില്ല. (വിഹി=പോകു; മനായതഃ=മനസ്സുപോലെ ശീഘ്രം പ്രവർത്തിയ്ക്കുന്നു)

**18. പരാജിതാസോ അപ നിലയന്താം**

പരാജിതാസഃ/അപ/നി/ലയന്താം/ എന്നാണ് പദപാഠം. ഇവിടെ നി എന്നത് എട്ടാമത്തെയായാണ് വരുന്നത്. ആകെ 11 അക്ഷരങ്ങളാണുള്ളത്. നി എന്നതിനു പ്ലുതി വരുന്നില്ല.

**19. ആന്നോ വായോ മധു പിബ (8.26.20)**

ആത്/നഃ/വായോ ഇതി/മധു/പിബ/ എന്നാണ് പദപാഠം. പാദത്തിൽ 8 അക്ഷരങ്ങളുണ്ട്. മധു എന്ന പദത്തിലെ ധു എന്ന അക്ഷരം ആറാമത്തെയാണ്. പിബ എന്ന പദത്തിലെ പി എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല.

**29 സഹസ്രാണിശ്രോമതേനാസ നാമ**
**ച്ഛായാമി വേഷണ്യസി സസ്തു പാഹി**
**ഗോപീഥ്യായ പവമാനോ വസന്താൻ**
**സഖ്യായ വോചേമഹി മാനുഷസ്യ**

സഹസ്രാണി, ശ്രോമതേന, അസനാമ, ച്ഛായാമിവ, ഇഷണ്യസി, സസ്തു, പാഹി, ഗോപീഥ്യായ, പവമാന, വസന്താൻ എന്നു പരമായ ഉ, സഖ്യായ, വോചേമഹി, മാനുഷസ്യ എന്നീ പദങ്ങൾക്കും പതിനൊന്നും പന്ത്രണ്ടും അക്ഷരങ്ങളുള്ള പാദങ്ങളിൽ എട്ടാമത്തേതോ പത്താമത്തേതോ ആകുമ്പോഴും 8 അക്ഷരങ്ങളുള്ള പാദത്തിൽ ആറാമത്തെ അക്ഷരമായി വരുമ്പോഴും പ്ലുതിവരില്ല.

**ഉദാഹരണങ്ങൾ**

**ത്വം പുരൂ സഹസ്രാണി ശതാനി ച (8.61.8)**

ത്വം/പുരു/സഹസ്രാണി/ശതാനി/ച/ എന്നാണ് പദപാഠം. സതോബൃഹതിയാണ് ഛന്ദസ്സ്. ഒന്നും മൂന്നും പാദങ്ങളിൽ 12 അക്ഷരങ്ങളും, രണ്ടും നാലും പാദങ്ങളിൽ 8 അക്ഷരങ്ങൾ വീതവുമാണെങ്കിൽ സതോബൃഹതി. ഇത് പംക്തിച്ഛന്ദസ്സിന്റെ ഒരു വകഭേദമാണ്. ഇവിടെ സഹസ്രാണി എന്നതിനു പ്ലുതി വരുന്നില്ല.

**2. കേനോ നുകം ശ്രോമതേന ന ശുശ്രുവേ (8.66.9)**

കേനോ ഇതി/നു/കം/ശ്രോമതേന/ന/ശുശ്രുവോ/ എന്നാണ് പദപാഠം. ബൃഹതിയാണ് ഛന്ദസ്സ്. പാദത്തിൽ 12 അക്ഷരങ്ങളുണ്ട്. ശ്രോമതേന എന്ന പദത്തിലെ ന എന്നത് എട്ടാമത്തെ അക്ഷരമാണ്. ന എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല (ശ്രോമതേന=ശ്രവണീയനായ)

**3. രഥം യുക്തമസനാമ സുഷാമണി (8.25.22)**

രഥം/യുക്തം/അസനാമ/സുƒസാമനി/എന്നാണ് പദപാഠം. ഉഷ്ണിക്കാണ് ഛന്ദസ്സ്. ആദ്യ രണ്ടു പാദങ്ങളിൽ എട്ടക്ഷരങ്ങളും മൂന്നാമത്തെ പാദത്തിൽ 12 അക്ഷരങ്ങളുമാണല്ലോ ഉഷ്ണിക്കിന്. ഇത് മൂന്നാമത്തെ പാദമാണ്. അസനാമ എന്ന പദത്തിലെ അവസാനത്തെ അക്ഷരമായ മ എന്നത് എട്ടാമത്തെയാണ്. സു എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല.

**4. ഉപച്ഛായാമിവ ഘൃണേ (6.16.38)**

ഉപ/ഛായാംƒഇവ/ഘൃണേഃ/ എന്നാണ് പദപാഠം. ഗായത്രമാണ് ഛന്ദസ്സ്. ഈ പാദത്തിൽ എട്ടക്ഷരങ്ങളുണ്ട്. ഛായാമിവ എന്ന പദത്തിലെ വ എന്നത് ആറാമത്തെ അക്ഷരമാണ്. ഘൃ എന്ന

ലഘ്വക്ഷരം പരമായിട്ടുണ്ടെങ്കിലും പ്ലുതി വരുന്നില്ല. (ഘൃണി=ദീപ്തൻ)

**5. കം നശ്ചിത്രമിഷണ്യസി ചികിത്വാൻ (10.99.1)**

കം/നഃ/ചിത്രം/ഇഷണ്യസി/ചികിത്വാൻ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ഇഷണ്യസി എന്ന പദത്തിലെ അവസാനത്തെ അക്ഷരമായ സി എന്നത് എട്ടാമത്തെയാണ്. ചി എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല. (ഇഷണ്യസി=പ്രേരിപ്പിയ്ക്കുന്നു; ചികിത്വാൻ=അറിയുന്നവൻ)

**6. സസ്തു മാതാ സസ്തു പിതാ (7.55.5)**

സസ്തു/മാതാ/സസ്തു/പിതാ/ എന്നാണ് പദപാഠം. അനുഷ്ടുപ്പാണ് ഛന്ദസ്സ്. പിതാ എന്ന പദത്തിനു മുൻപുള്ള സസ്തു എന്ന പദത്തിന്റെ അവസാനത്തെ അക്ഷരം ആറാമത്തെയാണ്. പി എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല (സസ്തു=ഉറങ്ങട്ടെ)

**7. ഇന്ദ്ര ത്വം രഥിരഃ പാഹി നോ രിഷഃ (3.31.20)**

ഇന്ദ്ര/ത്വം/രഥിരഃ/പാഹി/നഃ/രിഷഃ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാഹി എന്ന പദത്തിലെ ഹി എന്ന അക്ഷരം പാദത്തിൽ എട്ടാമത്തെയാണ്. നഃകാരം പരമായിട്ടുമുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല. (രഥിരഃ=രഥവാൻ; രിഷഃ=ഹിംസകനായ ശത്രുവിൽനിന്ന്)

**8. ജജ്ഞിഷ ഇത്ഥാ ഗോപീഥ്യായ ഹി (10.95.11)**

ജജ്ഞിഷേ/ഇത്ഥാ/ഗോ*f*പീഥ്യായ/ഹി/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ഇവിടെ ഗോപീഥ്യായ എന്ന പദത്തിലെ യ എന്ന അക്ഷരത്തിന് പ്ലുതിവരുന്നില്ല (ഗോപീഥ്യായ=ഭൂസംരക്ഷണാർത്ഥം)

**9. സോമ ജഹി പവമാന ദുരാധ്യഃ (9.79.3)**

സോമ/ജഹി/പവമാന/ദുഃ*f*ആധ്യഃ/എന്നാണ് പദപാഠം. ജഗതിയാണ് ഛന്ദസ്സ്. ഇവിടെ പവമാന എന്ന പദത്തിലെ നകാരത്തിന് പ്ലുതി വരുന്നില്ല.

**10. ശതം ഹേമന്താൻ ശതമു വസന്താൻ (10.161.4)**

ശതം/ഹേമന്താൻ/ശതം/ഊം ഇതി/വസന്താൻ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ശതം എന്ന പദം കഴിഞ്ഞുവരുന്ന ഉ എന്നത് എട്ടാമത്തെ അക്ഷരമാണ്. അതുകഴിഞ്ഞ് വസന്താൻ എന്ന പദം പരമായി വരുന്നുണ്ട്. അതിനാൽ ഉ എന്ന അക്ഷരത്തിന് പ്ലുതി വരുന്നില്ല.

വസന്താൻ എന്ന പദം പരമായി വന്നില്ലെങ്കിൽ ഉ എന്ന അക്ഷരത്തിന് പ്ലുതി വരും.

ഇദം ത ഏകം പര ഊ ത ഏകം (10.56.1)

ഇദം/തേ/ഏകം/പരഃ/ഊം ഇതി/തേ/ഏകം/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. ഉ എന്നത് എട്ടാമത്തെ അക്ഷരമാണ്. അതുകഴിഞ്ഞ് വസന്താൻ എന്ന പദം വന്നിട്ടില്ല. അതിനാൽ അവിടെ പ്ലുതി വരുന്നു.

**11. മരുത്വന്തം സഖ്യായ ഹവാമഹേ (1.101.1)**

മരുത്വന്തം/സഖ്യായ/ഹവാമഹേ/ എന്നാണ് പദപാഠം. ജഗതിയാണ് ഛന്ദസ്സ്. സഖ്യായ എന്നതിന് പ്ലുതി വരുന്നില്ല.

**12. വയം ശ്വോ വോചേമഹി സമര്യേ (1.167.10)**

വയം/ശ്വഃ/വോചേമഹി/സ*f*മര്യേ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. വോചേമഹി എന്നതിന് പ്ലുതി വരുന്നില്ല.

**13. അപദ്രുഹോ മാനുഷസ്യ ദുരോ വഃ (1.121.4)**

അപ/ദ്രുഹഃ/മാനുഷസ്യ/ദുരഃ/വരിതി വഃ/ എന്നാണ് പദപാഠം. ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പതിനൊന്നക്ഷരങ്ങളുള്ള പാദത്തിൽ മാനുഷസ്യ എന്ന പദത്തിന്റെ അവസാനമുള്ള സ്യ എന്നത് എട്ടാമത്തെ അക്ഷരമാണ് ദു എന്ന ലഘ്വക്ഷരം പരമായിട്ടുണ്ട്. എങ്കിലും പ്ലുതി വരുന്നില്ല.

**30 ആവ്യ ഭൂമേതി പാദാന്തൌ വ്യഞ്ജനേഷു ശ്രുധീഹവം ।**
**സദ്മാ ഹോതാ സ്മാ സനേമി ധർമ്മാ സംഭൂഷതാ രഥഃ ॥**

1. ആവ്യ, ഭൂമ എന്നിവ പാദാന്തത്തിൽ വരുകയും വ്യഞ്ജനാക്ഷരം പരമാവുകയും ചെയ്താൽ പ്ലവിയ്ക്കും. ഇത് ലഘ്വക്ഷരമാകേണ്ടതില്ല. 2. ശ്രുധി എന്നത് ഹവം എന്ന് പരമായിരിയ്ക്കുമ്പോൾ പ്ലവിയ്ക്കും. 3. പാദാന്തത്തിലുള്ള സദ്മ എന്നത് ഹോതാ എന്നു പരമായിരിയ്ക്കുമ്പോഴും സ്മ എന്നത് സനേമി എന്ന പദം പരമായിരിയ്ക്കുമ്പോഴും ധർമ്മ എന്നത് സം എന്നു പരമായിരിയ്ക്കുമ്പോഴും ഭൂഷത എന്നത് രഥം എന്ന് പരമായിരിയ്ക്കുമ്പോഴും പ്ലവിയ്ക്കും.

**ഉദാഹരണങ്ങൾ**

**1. അയാ ധിയാ മനവേ ശ്രുഷ്ടിമാവ്യാ സാകം (1.166.13)**

1. അയാ/ധിയാ/മനവേ/ശ്രുഷ്ടിം/ആവ്യ/സാകം/ എന്നാണ് പദപാഠം. പാദാന്ത്യത്തിലുള്ള ആവ്യ എന്നു കഴിഞ്ഞ് സാകം എന്ന പദത്തിലെ സാ എന്ന വ്യഞ്ജനാക്ഷരം പരമായതിനാൽ ആവ്യ എന്നതിന് പ്ലുതിവന്ന് സംഹിതയിൽ ആവ്യാ എന്നായി. (ശ്രു

ഷ്ടി=കീർത്തി, സ്തുതി, ആവ്യ=രക്ഷിച്ചിട്ട്)

**2. സം വിവ്യ ഇന്ദ്രോ വൃജനം ന ഭൂമാ ഭർതി (1.173.6)**

സം/വിവ്യേ/ഇന്ദ്രഃ/വൃജനം/ന/ഭൂമ/ഭർതി/ എന്നാണ് പദപാഠം. ഇവിടെ ഛന്ദസ്സ് ത്രിഷ്ടുപ്പാണ്. പതിനൊന്നക്ഷരമുള്ള പാദത്തിൽ ഭൂമ എന്ന പദം അവസാനമാണ് വരുന്നത്. അടുത്ത പാദത്തിലെ ഭർതി എന്ന പദത്തിലെ ഭകാരമാകുന്ന വ്യഞ്ജനാക്ഷരം പരമായി വന്നിട്ടുണ്ട്. അതിനാൽ ഭൂമ എന്ന പദത്തിന് പ്ലുതിവന്ന് സംഹിതയിൽ ഭൂമാ എന്നായിരിയ്ക്കുന്നു.

പാദാന്തത്തിലല്ലാതെ വരുന്ന ഭൂമ എന്നതിനു പ്ലുതി വരുകയില്ല. ശൂനേ ഭൂമ കദാചന (1.105.3). ഇവിടെ ഭൂമ എന്നത് പാദാന്തത്തിലല്ലാത്തതിനാൽ പ്ലുതി വരുന്നില്ല.

**2. ഇമം മേ വരുണ ശ്രുധീ ഹവം (1.25.19)**

ഇമം/മേ/വരുണ/ശ്രുധി/ഹവം/ എന്നാണ് പദപാഠം. ഗായത്രമാണിവിടെ ഛന്ദസ്സ്. ശ്രുധി എന്നത് പാദാന്തത്തിലാണ് വരുന്നത്. ഹ എന്ന വ്യഞ്ജനം പരമായിട്ടുണ്ട്. അതിനാൽ പ്ലുതി വരുന്നു.

**3. സ ദൂതോ വിശ്വേദഭി വഷ്ടി സദ്മാ ഹോതാ (4.1.8)**

1. സഃ/ദൂതഃ/വിശ്വാ/ഇത്/അഭി/വഷ്ടി/സദ്മ/ഹോതാ/ എന്നാണ് പദപാഠം. ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. സദ്മ എന്ന പദം പതിനൊന്നക്ഷരങ്ങളുള്ള പാദത്തിൽ അവസാനമാണ് വരുന്നത്. അതുകഴിഞ്ഞ് ഹോതാ എന്ന പദം പരമായിട്ടുണ്ട്. അതിനാൽ സദ്മ എന്നത് സംഹിതയിൽ പ്ലുതിവന്ന് സദ്മാ എന്നായിരിയ്ക്കുന്നു.

2. കൃതം ചിദ്ധി ഷ്മാ സനേമി (4.10.7)

കൃതം/ചിത്/ഹി/സ്മ/സനേമി/ എന്നാണ് പദപാഠം. ഉഷ്ണിക്കോ പദപംക്തിയോ ആണ് ഛന്ദസ്സ്. സനേമി എന്ന പദം പരമായതിനാൽ സ്മ (ഷ്മ) എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു.

**3. സമിധ്യമാനഃ പ്രഥമാനു ധർമ്മാ സം (3.17.1)**

സം/ഇധ്യമാനഃ/പ്രഥമാ/അനു/ധർമ്മ/സം/ എന്നാണ് പദപാഠം. സം എന്നു പരമായതിനാൽ ധർമ്മ എന്ന പദത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**4. അഭൂദിദം വയുനമോഷു ഭൂഷതാ രഥഃ (1.182.1)**

അഭൂത്/ഇദം/വയുനം/ഓ ഇതി/സു/ഭൂഷത/രഥഃ/ എന്നാണ് പദപാഠം.

ജഗതിയാണ് ഛന്ദസ്സ്. പന്ത്രണ്ടക്ഷരങ്ങളുള്ള പാദത്തിൽ ഭൂ

ഷത എന്ന പദം അവസാനത്തെയാണ്. അതുകഴിഞ്ഞ് രഥഃ എന്ന പദത്തിലെ രേഫം (വ്യഞ്ജനാക്ഷരം) പരമായിട്ടുണ്ട്. അതിനാൽ ഭൂഷത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നു.

**എട്ടാം പടലം കഴിഞ്ഞു**

## ഒമ്പതാം പടലം

### (പ്ലുതിപടലം – 3)

1 സർവ്വത്ര പൂർവ്വപദാന്താഃ പ്ലവന്തേ
വസുമഘയോഃ പരയോ രവേ തുവി ।
വിശ്വ വിഭ്വ ധന്വ രഥർത്തി ശത്രു
ദ്യുമ്ന യജ്ഞേതി സഹതൌ പ്ര ചാപ്ലുതേ ॥

1. വസു, മഘ എന്നീ പദങ്ങൾ പരമാകുമ്പോൾ പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരും.
2. രവ എന്നു പരമാകുമ്പോൾ 'തുവി' എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും.
3. വിശ്വ, വിഭ്വ, ധന്വ, രഥ, ഋതി, ശത്രു, ദ്യുമ്ന, യജ്ഞ എന്നീ പദങ്ങൾ പൂർവ്വപദങ്ങളായി വരികയും സഹതി (സഹ് എന്ന ധാതുവിന്റെ ഏതെങ്കിലും രൂപം) പരമാവുകയും ചെയ്താൽ പൂർവപദത്തിന്റെ അന്ത്യങ്ങൾക്ക് പ്ലുതി വരും.
4. അപ്ലുതമായ സഹതി പരമായാൽ പ്ര എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിന് പ്ലുതിവരും.

**ഉദാഹരണങ്ങൾ**

**(1).1 പുരൂവസുർഹി മഘവൻ (7.32.24)**

പുരു*f*വസുഃ/ഹി/മഘ*f*വൻ/ എന്നാണ് പദപാഠം. ഇവിടെ 'ധാരാളം' എന്നർത്ഥമുള്ള പുരു എന്ന ശബ്ദവും 'ധനം' എന്നർത്ഥമുള്ള വസു എന്ന ശബ്ദവും 'ഏതൊരുവനാണോ ധാരാളം ധനമുള്ളത് അവൻ' എന്ന അർത്ഥത്തിൽ സമാസിച്ചിരിയ്ക്കുകയാണ്. വസു എന്ന പദം പരമായതിനാൽ പൂർവ്വപദമായ പുരു എന്നതിന് പ്ലുതിവന്ന് സംഹിതയിൽ പുരൂവസു എന്നായിരിയ്ക്കുന്നു. വിശ്വാവസു എന്നതും ഉദാഹരണമാണ്.

**(1)2. അശ്വാ മഘാ ഗോമഘാ വാം ഹുവേമ (7.71.1)**

അശ്വ*f*മഘാ/ഗോ*f*മഘാ/വാം/ഹുവേമ/ എന്നാണ് പദപാഠം. 'കുതിരകളാകുന്ന ധനമുള്ള' എന്ന അർത്ഥത്തിൽ അശ്വശബ്ദവും മഘശബ്ദവും തമ്മിൽ സമസിച്ചപ്പോൾ അശ്വാമഘാ എന്ന പദം ഉണ്ടായി. ഈടെ മഘ എന്ന പദം പരമായതിനാലാണ് അശ്വ എന്നതിന് പ്ലുതി വന്ന് അശ്വാമഘാ എന്നായത്. തുവീമഘം (8.81.2) എന്നതും ഉദാഹരണമായി എടുക്കാവുന്നതാണ്. തുവി എന്നതിന് ധാരാളം എന്നർത്ഥം.

**2.1. സ ഇദ്ദാസം തുവീരവം (10.99.6)**

സഃ/ഇത്/ദാസം/തുവി*f*രവം/ എന്നാണ് പദപാഠം. തുവി, രവ

എന്ന രണ്ടു പദങ്ങൾതമ്മിൽ സമസിച്ച പദമാണ് തുവീരവം എന്നത്. 'അധികമായ ശബ്ദത്തോടുകൂടിയവൻ' എന്നർത്ഥം. തുവി എന്ന പൂർവ്വപദത്തിന് രവ എന്ന പദം പരമായതിനാൽ പ്ലുതി വന്ന് തുവീരവം എന്നായിരിയ്ക്കുന്നു.

**3.1. വിശ്വാസാഹമവസേ (3.47.5)**

വിശ്വ/സഹം/അവസേ/ എന്നാണ് പദപാഠം. സഹ് ധാതുവിൽ നിന്നുണ്ടായ സഹ എന്ന പദവുമായി വിശ്വ എന്ന പദം സമസിച്ചിരിയ്ക്കുന്നു. പൂർവ്വപദമായ വിശ്വ എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2. ഹോതർ വിഭ്വാസഹം രയിം (5.10.7)**

ഹോതഃ/വിഭ്വ/സഹം/രയിം/ എന്നാണ് പദപാഠം. വിഭ്വ എന്ന പദം സഹ് ധാതുവിന്റെ ഒരു രൂപമായ സഹ എന്ന പദത്തോട് സമസിച്ച് വിഭ്വാസഹം എന്നായി. സഹ എന്ന ധാതുവിന്റെ ഒരു രൂപം പരത്തിലുള്ളതിനാൽ വിഭ്വ എന്ന പൂർവ്വപദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. വിഭ്വാസഹം=വലുതിനെക്കൂടി നിഷ്പ്രഭമാക്കുന്ന.

**3. ധന്വാസഹാ നായതേ (1.127.3)**

ധന്വ/സഹാ/ന/അയതേ/ എന്നാണ് പദപാഠം. വില്ലുകൊണ്ട് ശത്രുക്കളെ നിഷ്പ്രഭരാക്കുന്ന എന്ന അർത്ഥത്തിൽ ധനുശ്ശബ്ദം സഹ് ധാതുവിൽനിന്നുണ്ടായ സഹാ എന്ന പദവുമായി സമസിയ്ക്കുന്നു. പൂർവ്വപദത്തിനു പ്ലുതിവന്ന് ധന്വാസഹാ എന്നു സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**4. യുക്ഷ്വാഹി ത്വം രഥാസഹാ (8.26.20)**

യുക്ഷ്വ/ഹി/ത്വം/രഥ/സഹാ/ എന്നാണ് പദപാഠം. രഥത്തെ വഹിയ്ക്കുന്നതിന് സമർത്ഥങ്ങൾ (അശ്വങ്ങൾ) എന്നാണ് രഥസഹാ എന്ന സമസ്തപദത്തിന്റെ അർത്ഥം. സഹാ എന്ന പദം പരമായതിനാൽ രഥ എന്നതിനു പ്ലുതി വന്നിരിയ്ക്കുന്നു.

**5. തം വോ ദസ്മമൃതീഷഹം (8.88.1)**

തം/വഃ/ദസ്മം/ഋതി/സഹം/ എന്നാണ് പദപാഠം. ശത്രുക്കളെ നിഷ്പ്രഭരാക്കുന്ന എന്ന അർത്ഥമാണ് ഋതീസഹ എന്ന പദത്തിന്. സഹ എന്ന പദം പരമായതിനാൽ ഋതി എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു (ഋതി=ബാധകരായ ശത്രുക്കൾ)

**6. ശത്രൂഷാഹഃ സ്വഗ്നയഃ (8.60.6)**

ശത്രു/സഹഃ/സു/അഗ്നയഃ/ എന്നാണ് പദപാഠം. ശത്രു എന്ന പൂർവ്വപദത്തിന് സഹ എന്ന പദം പരമായതിനാൽ പ്ലുതി വ

ന്നിരിയ്ക്കുന്നു. ശത്രൂഷാഹഃ=ശത്രുക്കളെ നിഷ്പ്രഭരാക്കുന്ന

**7. ദ്യുമ്നാസാഹമഭി യോധാന ഉത്സം (1.121.8)**

ദ്യുമ്ന/സഹം/അഭി/യോധാനഃ/ഉത്സം/ എന്നാണ് പദപാഠം. സഹ് ധാതുവിൽനിന്നുണ്ടായ സാഹ എന്ന പദം പരമായി വന്നതിനാൽ ദ്യുമ്ന എന്ന പൂർവ്വപദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. ദ്യുമ്നാസാഹം=ധനത്തെ ആക്രമിച്ച് ഇല്ലാതാക്കുന്ന.

**8. യജ്ഞാസാഹം ദുവ ഇഷേ (10.20.7)**

യജ്ഞ/സഹം/ദുവഃ/ഇഷേ/ എന്നാണ് പദപാഠം. 'യാഗത്തെ വഹിയ്ക്കുന്നവൻ' എന്ന അർത്ഥത്തിൽ യജ്ഞശബ്ദവും സഹ് ധാതുവിന്റെ ഒരു രൂപമായ സാഹശബ്ദവും തമ്മിൽ സമസിച്ചിരിയ്ക്കുന്നു. സാഹശബ്ദത്തിന്റെ പൂർവ്വത്തിലുള്ള യജ്ഞ എന്നതിന് പ്ലുതി വന്ന് സംഹിതയിൽ യജ്ഞാസാഹം എന്നായിരിയ്ക്കുന്നു.

**4.1 അചേതി പ്രാസഹസ്പതിസ്തുവിഷ്മാൻ (10.74.6)**

അചേതി/പ്ര/സഹഃ/പതിഃ/തുവിഷ്മാൻ/ എന്നാണ് പദപാഠം. അത്യധികം നിഷ്പ്രഭമാക്കുന്ന എന്ന അർത്ഥമാണ് പ്രാസഹഃ എന്ന പദത്തിന്. സഹ് ധാതുവിന്റെ രൂപമായ സഹ എന്നത് പ്ലുതിവരാത്ത (സാഹ എന്നാവാത്ത) രൂപമാണ്. അത് പരമായതിനാൽ പ്ര എന്നതിന് പ്ലുതി വന്ന് പ്രാസഹ എന്ന് സംഹിതയിൽ.

അപ്ലുതമായ സഹതി പരമാകുമ്പോൾ മാത്രമേ പ്ര എന്നതിന് പ്ലുതി വരുകയുള്ളൂ. പ്ലുതമായ (ദീർഘമുള്ള) സഹതി പരമാകുകയാണെങ്കിൽ പ്ര എന്നതിനു പ്ലുതി വരികയില്ല.

മത്സരാസോ ജർഹൃഷന്ത പ്രസാഹം (6.17.4)

മത്സരാസഃ/ജർഹൃഷന്ത/പ്ര/സഹം/ എന്നാണ് പദപാഠം. ഇവിടെ സംഹിതയിൽ സഹതിയുടെ ഒരു രൂപമായ സാഹ എന്ന് പരമായതിനാൽ പ്ര എന്നുള്ളതിന് പ്ലുതി വന്നിട്ടില്ല.

2 **സഹപ്രവാദാ ഉദയാസ്തമാന്താഃ**
**പര്യഭ്യപാപിതി വ്യതാവ്യവർണ്ണേ ।**
**അഭിവർതഃ സൂയവസോ രഥീതമഃ**
**പുരൂതമോƒനന്തരർദ്ധർച്ച ഉത്തമഃ ॥**

പ്രവാദാഃ = രൂപഭേദങ്ങൾ; തമാന്താഃ ഉദയാഃ =തമ എന്നു വരേയുള്ള പരപദങ്ങൾ.

ഒമ്പതാം പടലത്തിൽ ഒന്നാമത്തേയും രണ്ടാമത്തേയും കാരികകളിൽ ഏതു പദങ്ങൾ പരമായാലാണോ പൂർവ്വപദങ്ങൾക്ക് പ്ലുതി വിധിച്ചിട്ടുള്ളത്, ആ പരപദങ്ങളേയാണ് ഇവിടെ തമാന്ത

ങ്ങാളായ ഉദയങ്ങൾ എന്നു പറഞ്ഞിട്ടുള്ളത്. തമാന്തങ്ങളായ ഉദയങ്ങൾ ഇവയാണ്:- വസു, മഘ, രവ, സഹതി, (ഇവ നാലും ഒന്നാമത്തെ കാരികയിൽ പറഞ്ഞിട്ടുള്ളവ), വൃതി, വർത, യവസ, തമ- ഇവയാണ് രണ്ടാമത്തെ കാരികയിൽ പറയുന്നവ.

അർത്ഥം:- തമാന്തങ്ങളായ ഉദയങ്ങൾ സഹപ്രവാദങ്ങളായി (രൂപഭേദങ്ങളോടുകൂടി) അറിയണം.

1. പരി, അഭി, അപ, അപി എന്നിവ പൂർവ്വപദങ്ങളായി വരുമ്പോൾ അവയുടെ അന്ത്യസ്വരത്തിന് ഋകാരയുക്തമായ വൃതി പരമാകുമ്പോൾ പ്ലുതിവരും.

2. അഭീവർത്തഃ, സൂയവസഃ, രഥീതമഃ, പുരൂതമഃ എന്നിവയുടെ പൂർവ്വപദങ്ങളുടെ (അഭി, സു, രഥി, പുരു) അന്ത്യത്തിന് പ്ലുതി വരുന്നു.

3. ഇവയിൽ ഉത്തമം (അവസാനത്തെ-പുരൂതമം എന്നർത്ഥം) അർദ്ധർച്ചത്തിന്റെ ആദിയിലോ അന്തത്തിലോ വരുമ്പോൾ പ്ലവിയ്ക്കുന്നു(ദീർഘിയ്ക്കുന്നു)

**ഉദാഹരണങ്ങൾ**

**1. (1). വിശ്വാവസും സോമ ഗന്ധർവ്വമാപാഃ (10.139.4)**

വിശ്വ/വസും/സോമ/ഗന്ധർവ്വം/ആപഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ വസും എന്ന ശബ്ദം പരമായതിനാൽ പൂർവ്വപദമായ വിശ്വ എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു.

തമാന്തങ്ങളായ ഉദയങ്ങൾ സഹപ്രവാദങ്ങളാണെന്ന് ഈ കാരികയിൽ പറഞ്ഞിട്ടുണ്ട്. 'തമ' എന്നതുൾപ്പടേയുള്ള പരപദങ്ങൾ ഏതു രൂപത്തിലുള്ളതായാലും പൂർവ്വപദങ്ങൾക്കു പ്ലുതിവരുമെന്നാണതിനർത്ഥം. ഒന്നാമത്തെ കാരികയിൽ ഉദാഹരണമായി 'പുരൂവസുഃ' എന്നാണ് പറഞ്ഞത്. അതിൽ 'വസുഃ' എന്നത് പ്രഥമാ ഏകവചനമാണ്. ഇവിടെ വിശ്വാവസും എന്നാണ് ഉദാഹരണം. വസും എന്ന പദം ദ്വിതീയൈകവചനമാണ്. ഇതേപോലെ വസു തുടങ്ങിയതിന്റെ ഏതു രൂപവും പരമായാലും പൂർവ്വപദത്തിന് പ്ലുതി വരും. ഇതാണ് ഉദയങ്ങൾ സഹപ്രവാദങ്ങളായിട്ടറിയണം എന്നതിന്റെ താൽപ്പര്യം. (ഗന്ധർവ്വം=ഗീതരൂപത്തിലുള്ള ഗോവിനെ (വാക്കിനെ) ധരിയ്ക്കുന്നവനായ)

**(2). തുവീമഘം (8.81.2):-** നേരത്തെ ഉദാഹരണമായി കാണിച്ചിട്ടുള്ളതാണ്. ഇവിടെ മഘം എന്ന പദമാണ് പരമായിട്ടുള്ളത്. അശ്വാമഘാ എന്നതിൽ മഘാ എന്നാണല്ലോ പരമായിട്ടുള്ളത്.

**(3). കഥാകവിസ്തുവീരാൻ (10.64.4):-**

കഥാ/കവിഃ/തുവിƒരവാൻ/ എന്നാണ് പദപാഠം. ഇവിടെ രവാൻ എന്ന പദമാണ് പരമായിട്ടുള്ളത്. മുൻപു കാണിച്ച ഉദാഹരണത്തിൽ രവം എന്ന പദമായിരുന്നു പരമായിരുന്നത്. തുവി എന്ന പൂർവപദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. സഹ് ധാതുവിന്റെ വിവിധ രൂപങ്ങളായ സഹ, സ്വാഹ, സഹം, സാഹം എന്നിവ പരമാവുമ്പോൾ വിശ്വ, വിഭ്വ തുടങ്ങിയ പദങ്ങൾക്ക് പ്ലുതി വരുന്നതിനുള്ള ഉദാഹരണം നേരത്തെ കാണിച്ചിട്ടുണ്ട്.

**(4) അപോ ബിഭ്രതം തമസാ പരീവൃതം (10.113.6)**

അപഃ/ബിഭ്രതം/തമസാ/പരിƒവൃതം/ എന്നാണ് പദപാഠം. ഇവിടെ വൃതം എന്ന ഌകാരയുക്തമായ പദം പരമായതിനാൽ പരി എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു. (പരീവൃതം=ചുറ്റപ്പെട്ട, ചുറ്റും വളഞ്ഞ)

**(5) ഘൃതേന ദ്യാവാപൃഥിവീ അഭീവൃതേ (6.70.4)**

ഘൃതേന/ദ്യാവാപൃഥിവീ/അഭിവൃതേ ഇത്യഭിƒവൃതേ/ എന്നാണ് പദപാഠം. ഇവിടെ വൃതേ എന്ന പദം പരമായതിനാൽ അഭി എന്ന പൂർവ്വപദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(6). രാധോ വിശ്വായു ശവസേ അപാവൃതം (1.57.1)**

രാധഃ/വിശ്വƒആയു/ശവസേ/അപാƒവൃതം/ എന്നാണ് പദപാഠം. ഇവിടെ വൃതം എന്ന പദം പരമായതിനാൽ പൂർവ്വപദമായ അപ എന്നുള്ളതിന് പ്ലുതി വന്നിരിയ്ക്കുന്നു. (വിശ്വായു=എല്ലായിടത്തും വ്യാപിച്ചിരിയ്ക്കുന്ന; ശവസേ=ബലത്തിനായി; രാധഃ=ധനം; അപാവൃതം=പൊയ്പ്പോയ ആവരണത്തോടുകൂടിയതായ)

**(6). അപീവൃതോ അധയന്മാതുരൂധഃ (10.32.8)**

അപിƒവൃതഃ/അധയത്/മാതുഃ/ഊധഃ/ എന്നാണ് പദപാഠം. ഇവിടെ വൃതഃ എന്ന പദം പരമായിട്ടുള്ള അപി എന്ന പൂർവ്വപദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അപീവൃതഃ=പരിവൃതൻ(ചുറ്റപ്പെട്ടവൻ), അധയത്=കുടിച്ചു)

ഌവർണ്ണത്തോടുകൂടിയ (ഌവർണ്ണമുള്ള) വൃതി പരമാകുമ്പോഴേ പരി മുതലായ പൂർവ്വപദത്തിന് പ്ലുതി വരുകയുള്ളൂ.

ഉത വ്രജമപവർതാസി ഗോനാം (4.20.8)- ഉത/വ്രജം/അപƒവർതാ/അസി/ഗോനാം/ എന്നാണ് പദപാഠം. ഇവിടെ അപ എന്നതിനുശേഷം വൃതിയുടെ ഌകാരമില്ലാത്ത രൂപമായ വർതാ എന്നാണ് പരമായിട്ടുള്ളത്. അതിനാൽ പ്ലുതിവരുന്നില്ല.

**2. (1). അഭീവർത്തേന ഹവിഷാ (10.174.1)**

അഭിƒവർത്തേന/ഹവിഷാ/എന്നാണ് പദപാഠം. അഭി എന്ന

പൂർവ്വപദത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**(2). പ്രജാവതീഃ സൂയവസം രിശന്തീഃ (6.28.7)**

പ്രജാ*f*വതീഃ/സു*f*യവസം/രിശന്തീഃ/ എന്നാണ് പദപാഠം. ഇവിടെ സു എന്ന പൂർവ്വപദത്തിന് പ്ലുതി വന്ന് സൂയവസം എന്നായിരിയ്ക്കുന്നു. (സൂയവസം=ശോഭനതൃണം)

**(3). രഥീതമം രഥീനാം (1.11.1)**

രഥി*f*തമം/രഥീനാം/ എന്നാണ് പദപാഠം. ഇവിടെ രഥി എന്ന പൂർവ്വപദത്തിന് പ്ലുതി വന്ന് രഥീതമം എന്നായിരിയ്ക്കുന്നു.

**(4). പുരൂതമം പുരൂണാം (6.45.29)**

പുരു*f*തമം/പുരൂണാം/ എന്നാണ് ഇവിടെ പദപാഠം. പുരു എന്ന പൂർവ്വപദത്തിന് പ്ലുതി വന്ന് പുരൂതമം എന്നായിരിയ്ക്കുന്നു.

ഇവിടെ അതിനിചൃത്ഗായത്രമാണ് ഛന്ദസ്സ്. അതിൽ ആദ്യത്തേയും അവസാനത്തേയും പാദങ്ങളിൽ ഏഴക്ഷരങ്ങൾവീതവും രണ്ടാമത്തെ പാദത്തിൽ ആറക്ഷരങ്ങളുമാണുണ്ടാവുക. (ഗായത്രിയിൽ മൂന്നു പാദങ്ങളാണല്ലോ). പുരൂതമം പുരൂണാം എന്നത് ഒന്നാമത്തെ പാദമാണ്. പുരൂതമം എന്നത് അർധർച്ചത്തിന്റെ ആദിയിൽ വന്നിരിയ്ക്കുന്നതാണ്.

**(5). അധ്വരാണാം പുരൂതമം (8.102.7)**

അധ്വരാണാം/പുരു*f*തമം/ എന്നാണ് പദപാഠം. ഇവിടെ അധ്വരാണാം പുരൂതമം എന്ന അർധർച്ചത്തിന്റെ അന്ത്യത്തിലാണ് പുരൂതമം എന്ന് വന്നിട്ടുള്ളത്. പുരു എന്നതിന് പ്ലുതി വന്നിട്ട് സംഹിതയിൽ പുരൂതമം എന്നാവുകയാണുണ്ടായത്.

അർധർച്ചത്തിന്റെ (ഋക്കിന്റെ അർദ്ധമാണ് അർധർച്ചം) ആദിയിലോ അന്തത്തിലോ വരുമ്പോൾ മാത്രമേ പുരുതമ എന്നത് പുരൂതമ എന്നാകുകയുള്ളൂ.

മരുതാം പുരുതമമപൂർവ്യം (5.56.5)- ഇവിടെ പുരുതമം എന്ന പദം അർദ്ധർച്ചത്തിന്റെ ആദിയിലോ അന്തത്തിലോ അല്ലാത്തതിനാൽ പ്ലുതി വരുന്നില്ല.

3 **കവർദു ധാന്വ മിഥു ചർഷണി സ്തന**
**പിബേതി സർവത്ര യഥോദയം ച ।**
**തിഷ്വുക്ഥേത്വേതാ ഉദയേ മകാരേ**
**പര്വുർ വക്ഷേത്വമകാരേ*f*നുനാസികേ ॥**

1. കവ, ഋദു, ധാന്യ, മിഥു, ചർഷണി, സ്തന, പിബ എന്നീ പദങ്ങളുടെ അന്ത്യസ്വരം ഏതു പദം പരമായി വന്നാലും പ്ലവിയ്ക്കും (ദീർഘമാകും).

2. ത്വിഷി, ഉക്ഥ എന്നീ പദങ്ങൾ പൂർവ്വപദങ്ങളായി വരുകയും മ കാരം പരമായി വരുകയും ചെയ്യുമ്പോൾ അന്ത്യസ്വരത്തിന് പ്ലുതി വരും.
3. പരി, ഉരു, അക്ഷ എന്നിവ കഴിഞ്ഞ് മകാരം ഒഴികേയുള്ള അ നുനാസികം പരമാകുമ്പോൾ പരി മുതലായവയുടെ അന്ത്യ ത്തിലുള്ള സ്വരത്തിനു പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. (1). തനൂ ശുഭ്രം മഘവാ യഃ കവാ സഖഃ (5.34.3)**

തനൂ*f*ശുഭ്രം/മഘ*f*വാ/യഃ/കവ*f*സഖഃ/ എന്നാണ് പദപാഠം. ഇ വിടെ കവാസഖഃ എന്ന പദത്തിലെ പൂർവ്വപദമായ കവ എന്നതി ന് പ്ലുതി വന്നിരിയ്ക്കുന്നു.

**(2). ഋദൂപേ ചിദൃദൂവൃധാ (8.77.11)**

ഋദൂ*f*പേ/ചിത്/ഋദൂ*f*വൃധാ/ എന്നാണ് പദപാഠം. ഇവിടെ ഋ ദു എന്നതിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(3). വപന്തോ ബീജമിവ ധാന്യാകൃതഃ (10.94.13)**

വപന്തഃ/ബീജം*f*ഇവ/ധാന്യ*f*കൃതഃ/ എന്നാണ് പദപാഠം. ധാ ന്യകൃതഃ എന്ന പദത്തിൽ കൃതഃ എന്ന പദം പരമായതിനാൽ ധാ ന്യ എന്ന പൂർവ്വപദത്തിന് പ്ലുതിവന്ന് സംഹിതയിൽ ധാന്യാകൃ തഃ എന്നായിരിയ്ക്കുന്നു.

**(4). നിഷ്വപയാ മിഥൂദൃശാ (1.29.3)**

നി/സ്വാപയ/മിഥൂ*f*ദൃശാ/ എന്നാണ് പദപാഠം. ഇവിടെ മിഥു ദൃശാ എന്ന പദത്തിൽ ദൃശാ എന്ന പദം പരമായതിനാൽ പൂർവ്വ പദമായ മിഥു എന്നതിന് പ്ലുതിവന്നിരിയ്ക്കുന്നു.

**(5). ഗാം ന ചർഷണീസഹം (8.1.2)**

ഗാം/ന/ചർഷണി*f*സഹം/ എന്നാണ് പദപാഠം. സഹം എ ന്നു പരമായതിനാൽ ചർഷണി എന്ന പൂർവ്വപദത്തിന് പ്ലുതി വ ന്നിരിയ്ക്കുന്നു.

**(6). സ്തനാ ഭുജോ അശിശ്വീഃ (1.120.8)**

സ്തന*f*ഭുജഃ/അശിശ്വീഃ/ എന്നാണ് പദപാഠം. ഇവിടെ ഭുജ എന്ന പദം പരമായി വന്നതിനാൽ സ്തന എന്ന പൂർവ്വപദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(7). പിബാപിബേദിന്ദ്ര ശൂര സോമം (2.11.11)**

പിബ*f*പിബ/ഇത്/ഇന്ദ്ര/ശൂര/സോമം/ എന്നു പദപാഠം. ഇ വിടെ പിബ എന്ന പദം പരമായതിനാൽ പിബ എന്ന പൂർവ്വപദ ത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2. (1). ത്വിഷീമന്തോ അധ്വരസ്യേവ (6.66.10)**

ത്വിഷി*f*മന്തഃ/അധ്വരസ്യ*f*ഇവ/ എന്നാണ് പദപാഠം. ഇവിടെ പൂർവ്വപദമായ ത്വിഷി എന്നതിന് മകാരം പരമായതിനാൽ പ്ലുതി വന്ന് സംഹിതയിൽ ത്വിഷീമന്തഃ എന്നായിരിയ്ക്കുന്നു.

**(2). ബൃഹസ്പതിരുക്ഥാമദാനി ശംസിഷത് (ഐ.ബ്രാ. 2.38.9)**

ഇവിടെ ഉക്ഥ എന്ന പൂർവ്വപദത്തിന് മകാരം പരമായതിനാൽ പ്ലുതി വന്ന് ഉക്ഥാമദാനി എന്നായിരിയ്ക്കുന്നു.

**3. (1). ചക്രാണാസഃ പരീണഹം പൃഥിവ്യാഃ (1.33.8)**

ചക്രാണാസഃ/പരി*f*നഹം/പൃഥിവ്യാഃ/ എന്നാണ് പദപാഠം. ഇവിടെ പരി എന്ന പദത്തിനുശേഷം നഹം എന്ന പദത്തിലെ നകാരമാകുന്ന അനുനാസികം പരമായിട്ടുണ്ട്. മകാരഭിന്നമായ അനുനാസികമായതിനാൽ പരി എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(2). ഉരൂണസാ വസു തൃപൌ (10.14.12)**

ഉരു*f*നസൌ/വസു*f*തൃപൌ/ എന്നാണ് പദപാഠം. ഇവിടെ നസൌ എന്ന പദത്തിലെ നകാരമാകുന്ന അനുനാസികം പരമായതിനാൽ ഉരു എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ഉരൂണസൌ=നീളത്തിലുള്ള മൂക്കോടുകൂടിയ)

**(3). അക്ഷാനഹോ നഹ്യതനോത സോമ്യാഃ (10.53.7)**

അക്ഷ*f*നഹഃ/നഹ്യതന/ഉത/സോമ്യാഃ/ എന്നാണ് പദപാഠം.

ഇവിടെ നഹഃ എന്ന പദത്തിലെ നകാരമാകുന്ന അനുനാസികം പരമായിട്ടുണ്ട്. മകാരഭിന്നമായ അനുനാസികമായതിനാൽ അക്ഷ എന്ന പൂർവ്വപദത്തിന് പ്ലുതി വന്ന് സംഹിതയിൽ അക്ഷാനഹഃ എന്ന് പ്രയോഗം.

മകാരമാകുന്ന അനുനാസികം പരമായാൽ പരി, ഉരു, അക്ഷ എന്നീ പൂർവ്വപദങ്ങൾക്ക് പ്ലുതി വരികയില്ല. മകാരഭിന്നമായ അനുനാസികങ്ങൾ പരമായാലേ പ്ലുതി വരികയുള്ളൂ. വിപ്രാസഃ പരിമാമൃശുഃ (8.9.3)-വിപ്രാസഃ/പരി*f*മമൃശുഃ/ എന്നാണ് പദപാഠം. ഇവിടെ പരി എന്ന പദത്തിന് മകാരമാകുന്ന അനുനാസികം പരമായതിനാൽ പ്ലുതി വരുന്നില്ല.

4 **പിത്ര്യ മാഹിനാകൃഷി ഭങ്ഗുരാശ്വ**
**വിശ്വദേവ്യ ഭേഷജ തുഗ്ര്യ പസ്ത്യ ।**
**സുമ്നർതാരാതീത്യുദയേ വകാരേ**
**വൈഭ്വാദയശ്ച പൃശനാദയസ്തു ॥**

1. പിത്ര്യ, മാഹിന, അകൃഷി, ഭങ്ഗുര, അശ്വ, വിശ്വദേവ്യ, ഭേഷജ, തുഗ്ര്യ, പസ്ത്യ, സുമ്ന, ഋത, അരാതി എന്നീ പദങ്ങൾ പൂർവ്വപദങ്ങളായി വരുമ്പോൾ അവയുടെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും; വകാരം പരമായാൽ.
2. വൈഭ്വാദികളായ പൂർവ്വപദങ്ങളുടെ അന്ത്യങ്ങൾക്ക് പ്ലുതി വരും, വകാരം പരമാകുമ്പോൾ.
3. പൃശനാ മുതലായവ പൂർവ്വപദങ്ങളായി വരുമ്പോൾ അവയുടെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരും, യകാരം പരമാകുമ്പോൾ.

Note:-വൈഭ്വ തുടങ്ങിയ പദങ്ങൾ ഈ പടലത്തിലെ ഏഴാമത്തെ കാരികയിലും, പൃശനാ തുടങ്ങിയ പദങ്ങൾ ആറാമത്തെ കാരികയിലുമാണ് പറയപ്പെടുന്നത്. പൃശനാ മുതലായ പദങ്ങൾക്ക് യകാരം പരമാകുമ്പോൾ പ്ലുതി വരുമെന്നർത്ഥം പറയുകയുണ്ടായി. എന്നാൽ യകാരം പരമാകുമ്പോൾ എന്ന അർത്ഥത്തിൽ 'യകാരേ' എന്ന പദം വരുന്നത് അടുത്ത (അഞ്ചാമത്തെ) കാരികയിലാണ്. അത് മുൻകൂട്ടി സ്വീകരിച്ചുകൊണ്ടാണ് കാരിക വ്യാഖ്യാനിച്ചത്.

**ഉദാഹരണങ്ങൾ**

**1. (1) യോഷേവ പിത്ര്യാവതീ (9.46.2)**

യോഷാ*f*ഇവ/പിത്ര്യ*f*വതീ/ എന്നാണ് പദപാഠം. ഇവിടെ പിത്ര്യവതീ എന്ന പദത്തിൽ വതീ എന്നതിലെ വകാരം പരമായി വന്നതിനാൽ പിത്ര്യ എന്നതിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (പിത്ര്യാവതീ=പിതൃമതീ-പിതാവുള്ളവൾ)

**(2). ത്ര്യനീകഃ പത്യതേ മാഹിനാവാൻ (3.56.3)**

ത്ര്യനീകഃ/പത്യതേ/മാഹിന*f*വാൻ/ എന്നാണ് പദപാഠം. ഇവിടെ മാഹിനവാൻ എന്നതിലെ വാൻ എന്നതിലെ വകാരം പരമായതിനാൽ മാഹിന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവന്നിരിയ്ക്കുന്നു (മാഹിനവാൻ=മഹത്വമുള്ളവൻ)

**(3). ബഹ്വന്നാമകൃഷീവലാം (10.146.6)**

ബഹു*f*അന്നാം/അകൃഷി*f*വലാം/ എന്നാണ് പദപാഠം. ഇവിടെ വലാം എന്നതിലെ വകാരം പരമായതിനാൽ അകൃഷി എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അന്നം= കടിച്ചു ചവച്ചു തിന്നാവുന്നത് (അദനീയം); ഫലമൂലാദികൾ)

വൻകാടിനെ അരണ്യാനി (മഹദരണ്യം അരണ്യാനി) എന്നു

പറയും. ആ വൻകാടിനെ സ്തുതിയ്ക്കുന്ന (അതായത് വൻകാട് ദേവതയായ) സൂക്തത്തിലുള്ളതാണ് ഈ ഋക്ഭാഗം. ആറ് ഋക്കുകളാണ് ഈ ഭാഗത്തിലുള്ളത്)

**(4). അപഹത രക്ഷസോ ഭംഗുരാവതഃ (10.76.4)**

അപ/ഹത/രക്ഷസഃ/ഭങ്ഗുര*f*വതഃ/ എന്നാണ് പദപാഠം. ഇവിടെ ഭങ്ഗുരവതഃ എന്ന പദത്തിലെ വതഃ എന്നതിലെ വകാരം പരമായതിനാൽ ഭങ്ഗുര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(5). അശ്വാവതീം സോമാവതീം (10.97.7)**

അശ്വ*f*വതീം/സോമ*f*വതീം/ എന്നാണ് പദപാഠം. ഇവിടെ അശ്വവതീം എന്ന പദത്തിലെ വതീം എന്നതിന്റെ വകാരം പരമായതിനാൽ അശ്വ എന്നതിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**(6). വിശ്വകർമണാ വിശ്വദേവ്യാവതാ (10.170.4)**

വിശ്വ*f*കർമണാ/വിശ്വദേവ്യ*f*വതാ/ എന്നാണ് പദപാഠം. ഇവിടെ വിശ്വദേവ്യവതാ എന്ന പദത്തിൽ വതാ എന്നതിന്റെ വകാരം പരമായതിനാൽ വിശ്വദേവ്യ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**(7) ഭേഷജാവാൻ**

ഇവിടെ ഭേഷജാവാൻ എന്ന പദത്തിലെ വാൻ എന്നതിലെ വകാരം പരമായതിനാൽ ഭേഷജ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**(8). മന്ദന്തു തുഗ്ര്യാവൃധഃ (8.1.15)**

മന്ദന്തു/തുഗ്ര്യ*f*വൃധഃ/ എന്നാണ് പദപാഠം. ഇവിടെ തുഗ്ര്യവൃധഃ എന്ന പദത്തിൽ വൃധഃ എന്നതിലെ വകാരം പരമായതിനാൽ തുഗ്ര്യ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നു.

**(9) മര്യോ ദേവ ധന്വ പസ്ത്യാവാൻ (9.97.18)**

മര്യഃ/ദേവ/ധന്വ/പസ്ത്യ*f*വാൻ/ എന്നാണ് പദപാഠം. ഇവിടെ പസ്ത്യവാൻ എന്ന പദത്തിലെ വാൻ എന്നതിലെ വകാരം പരമായതിനാൽ പസ്ത്യ എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നു. (പസ്ത്യം=ഗൃഹം)

**(10). സുമ്നാവരീ സൂനൃതാ ഈരയന്തീ (1.113.12)**

സുമ്ന*f*വരീ/സൂനൃതാഃ/ഈരയന്തീ/ എന്നാണ് പദപാഠം. ഇവിടെ സുമ്നവരീ എന്ന പദത്തിൽ വരീ എന്നതിന്റെ വകാരം പ

രമായതിനാൽ സുമ്ന എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നു. (സുമ്നം=സുഖം)

**(11). ഋതാവാ യസ്യ രോദസീ (3.13.2)**

ഋത*f*വാ/യസ്യ/രോദസീ/ എന്നാണ് പദപാഠം. ഇവിടെ ഋത വാ എന്ന പദത്തിൽ വാ എന്നതിലെ വകാരം പരമായി വന്നതി നാൽ ഋത എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നി രിയ്ക്കുന്നു (ഋതാവാ=സത്യസങ്കല്പഃ)

**(12). അരാതീവാ മാനസ്താരീത് (9.114.4)**

അരാതി*f*വാ/മാ/നഃ/താരീത്/ എന്നാണ് പദപാഠം. ഇവിടെ അരാതിവാ എന്ന പദത്തിൽ വാ എന്ന വകാരം പരമായി വന്നിട്ടു ള്ളതിനാൽ അരാതി എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അരാതിവാ=ശത്രുക്കളുള്ളവൻ)

വകാരം പരമായില്ലെങ്കിൽ പിത്ര്യ തുടങ്ങിയ പന്ത്രണ്ടു പദ ങ്ങൾക്കും പ്ലുതി വരില്ല. യേ അശ്വദാ ഉത (5.42.8) - യേ/അശ്വ *f*ദാഃ/ഉത/ എന്നാണ് പദപാഠം. ഇവിടെ അശ്വശബ്ദം കഴിഞ്ഞ് ദ എന്നതാണ് പരമായത് എന്നതിനാൽ അശ്വ എന്നതിന്റെ അന്ത്യ ത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

വൈഭാദികളും പൃശനാദികളും പിന്നീട് ഉദാഹരിയ്ക്കുന്ന താണ്.

5. **യകാരേ*f*രാതി കവിസുക്രതുശ്രുധി**
   **പിതു സുമ്ന രയ്യൃതാശ്വേതി ചൈതേ ।**
   **നത്വശ്വ സുമ്നർത വൃഷേതി പദ്യാ**
   **ഏകാക്ഷരാദാ ഉദയേ യകാരേ ॥**

1. യകാരം പരമായിട്ടുണ്ടെങ്കിൽ അരാതി, കവി, സുക്രതു, ശ്രുധി, പിതു, സുമ്നാ, രയി, ഋത, അശ്വ എന്നീ പദങ്ങളുടെ അന്ത്യാ ക്ഷരങ്ങൾക്കു പ്ലുതി വരും.

2. അശ്വ, സുമ്ന, ഋത, വൃഷ എന്നീ പദങ്ങൾ ഒരു പദത്തിന്റെ പൂർവ്വാർദ്ധമായി വരുകയും അതുകഴിഞ്ഞ് ഏകാക്ഷരമായ യകാ രം പരമാവുകയും ചെയ്താൽ അശ്വ തുടങ്ങിയ പദങ്ങളുടെ അ ന്ത്യസ്വരത്തിന് പ്ലുതി വരില്ല.

(അശ്വ, സുമ്ന, ഋത എന്നീ ശബ്ദങ്ങളുടെ അന്ത്യാക്ഷരത്തി ന് പ്ലുതി വരുന്നത് ഒന്നിൽക്കൂടുതൽ അക്ഷരങ്ങളോടുകൂടിയ യ കാരം പരമാവുമ്പോഴാണ്)

**ഉദാഹരണങ്ങൾ**

**1-1 അരാതീയതോ നിദഹാതി വേദഃ (1.99.1)**

അരാതി*f*യതഃ/നി/ദഹാതി/വേദഃ/ എന്നാണ് പദപാഠം. ഇവിടെ അരാതിയതഃ എന്ന പദത്തിൽ അരാതി എന്ന പൂർവ്വപദത്തിന്റെ അന്ത്യസ്വരത്തിന് യകാരം പരമായി വന്നതിനാൽ പ്ലുതി വന്ന് സംഹിതയിൽ അരാതീയതഃ എന്നായിരിയ്ക്കുന്നു. (അരാതീയതഃ=ശത്രുവിനെപ്പോലെ ആചരിയ്ക്കുന്ന)

**1–2. കവീയമാനഃ ക ഇഹ പ്രവോചത് (1.164.18)**

കവി*f*യമാനഃ/കഃ/ഇഹ/പ്ര/വോചത്/ എന്നാണ് പദപാഠം. ഇവിടെ കവിയമാനഃ എന്ന പദത്തിലെ കവി എന്നതിന് യകാരം പരമായതിനാൽ സംഹിതയിൽ പ്ലുതിവന്ന് കവീയമാനഃ എന്നായിരിയ്ക്കുന്നു. (കവീയമാനഃ=കവിയെപ്പോലെ ആചരിയ്ക്കുന്ന- തന്റെ ക്രാന്തദർശിത്വം പ്രകടിപ്പിയ്ക്കുന്ന)

**1–3. വി യോ മമേ രജസീ സുക്രതൂയയാ (1.160.4)**

വി/യഃ/മമേ/രജസീ ഇതി/സുക്രതൂ*f*യയാ/ എന്നാണ് പദപാഠം. ഇവിടെ സുക്രതുയയാ എന്ന പദത്തിലെ സുക്രതു എന്നതിന്റെ അന്ത്യസ്വരത്തിന് യകാരം പരമായതിനാൽ സംഹിതയിൽ പ്ലുതിവന്നിരിയ്ക്കുന്നു. (സുക്രതൂയയാ=നല്ല പ്രവൃത്തി ചെയ്യാനുള്ള ആഗ്രഹത്തോടെ)

**1–4. ശ്രുധീയതശ്ചിദ്യതഥഃ (6.67.3)**

ശ്രുധി*f*യതഃ/ചിത്/യതഥഃ/ എന്നാണ് പദപാഠം. ശ്രുധിയതഃ എന്ന പദത്തിലെ ശ്രുധി എന്നതിന് യകാരം പരമായി വന്നതിനാൽ സംഹിതയിൽ പ്ലുതിവന്നിരിയ്ക്കുന്നു. (ശ്രുധി=അന്നം അഥവാ യശസ്സ്)

**1–5. പ്രവത്തേ അഗ്നേ ജനിമാ പിതൂയതഃ (10.142.2)**

പ്ര*f*വത്/തേ/അഗ്നേ/ജനിമ/പിതൂ*f*യതഃ/ എന്നാണ് പദപാഠം. ഇവിടെ പിതുയതഃ എന്ന പദത്തിലെ പിതു എന്നതിന് യകാരം പരമായതിനാൽ സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു (പിതുയതഃ=അന്ന(ഭക്ഷ്യ)ത്തെ ആഗ്രഹിയ്ക്കുന്ന)

**1–6. സുമ്നായവ ഈമഹേ ദേവയന്തഃ (6.1.7)**

സുമ്ന*f*യവഃ/ഈമഹേ/ദേവ*f*യന്തഃ/ എന്നാണ് പദപാഠം. ഇവിടെ സുമ്നയവഃ എന്ന പദത്തിലെ സുമ്ന എന്നതിന് യകാരം പരമായതിനാൽ സംഹിതയിൽ പ്ലുതിവന്നിരിയ്ക്കുന്നു. (സുമ്നയവഃ=സുഖത്തെ ആഗ്രഹിയ്ക്കുന്ന)

**1–7. അയമുവാം പുരുതമോരയീയൻ (3.62.2)**

അയം/ഊം ഇതി/വാം/പുരു*f*തമഃ/രയി*f*യൻ/ എന്നാണ് പദപാഠം. ഇവിടെ രയിയൻ എന്ന പദത്തിൽ രയി എന്ന പദം കഴി

ഞ്ഞ് യകാരം പരമായതിനാൽ രയി എന്നതിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (രയീയൻ=ധനം തനിയ്ക്ക് ഉണ്ടാവണമെന്ന് ആഗ്രഹിയ്ക്കുന്ന)

**1-8. ഋതായിനീ മായിനീ (10.5.3)**

ഋത*f*യിനീ/മായിനീ/ എന്നാണ് പദപാഠം. ഋതയിനീ എന്ന പദത്തിൽ ഋത എന്നതു കഴിഞ്ഞ് യകാരം പരമായതിനാൽ സംഹിതയിൽ ഋതായിനീ എന്ന് പ്ലുതി വന്നിരിയ്ക്കുന്നു. (ഋതായിനീ=സത്യവതികൾ)

**1-9. അശ്വായന്തോ ഗവ്യന്തഃ (10.160.5)**

അശ്വ*f*യന്തഃ/ഗവ്യന്തഃ/ എന്നാണ് പദപാഠം. ഇവിടെ അശ്വയന്തഃ എന്ന പദത്തിൽ അശ്വ എന്നു കഴിഞ്ഞു യകാരം പരമായതിനാൽ അശ്വ എന്നതിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (അശ്വായന്തഃ=അശ്വങ്ങളെ ആഗ്രഹിയ്ക്കുന്നവൻ)

യകാരം പരമായി വന്നിട്ടില്ല എങ്കിൽ ഇവയ്ക്ക് പ്ലുതി വരികയില്ല. യേ അശ്വദാ ഉത (5.42.8)- യേ/അശ്വ*f*ദാ/ഉത/ എന്നാണ് പദപാഠം. ഇവിടെ യകാരം പരമാവാത്തതിനാൽ അശ്വ എന്നതിന് പ്ലുതി വന്നിട്ടില്ല. സംഹിതയിൽ അശ്വദാ എന്ന് പ്ലുതി വരാത്ത രൂപമാണ്.

**2-1. അശ്വയുർഗവ്യൂ രഥയുഃ (1.51.14)**

അശ്വ*f*യുഃ/ഗവ്യുഃ/രഥ*f*യുഃ/ എന്നാണ് പദപാഠം. ഇവിടെ അശ്വ എന്ന പദം കഴിഞ്ഞ് യു എന്ന ഏകാക്ഷരമായ യകാരം പരമായതിനാൽ അശ്വ എന്നതിന് പ്ലുതി വന്നിട്ടില്ല.

ഏകാക്ഷരമല്ലാത്ത യകാരം പരമാവുമ്പോൾ പ്ലുതി വരുന്നതിന് ഉദാഹരണം നേരത്തെ കാണിച്ചിട്ടുള്ളതാണ്. (അശ്വയുഃ=അശ്വങ്ങളെ ആഗ്രഹിയ്ക്കുന്ന)

**2-2. തം വഃ ശർധം മാരുതം സുമ്നയുഃ (2.30.11)**

തം/വഃ/ശർധം/മാരുതം/സുമ്ന*f*യുഃ/ എന്നാണ് പദപാഠം. ഇവിടെ സുമ്നയുഃ എന്ന പദത്തിൽ സുമ്ന എന്നു കഴിഞ്ഞ് യുഃ എന്ന് ഏകാക്ഷരമായ യകാരമാണ് പരമായിട്ടുള്ളത് എന്നതിനാൽ സുമ്ന എന്നതിന് സംഹിതയിൽ പ്ലുതി വന്നിട്ടില്ല.

**2-3. ത്വം ന ഇന്ദ്ര ഋതയുഃ (8.70.10)**

ത്വം/നഃ/ഇന്ദ്ര/ഋത*f*യുഃ/ എന്നാണ് പദപാഠം. ഇവിടെ ഋതയുഃ എന്ന പദത്തിൽ ഋത എന്നു കഴിഞ്ഞ് യു എന്ന ഏകാക്ഷരമായ പദമാണ് പരമായിരിയ്ക്കുന്നത്. അതിനാൽ ഋത എന്നതിന് പ്ലുതി വരുന്നില്ല. (ഋതയുഃ=യജ്ഞത്തെ ആഗ്രഹിയ്ക്കുന്ന)

**2-4. അത്യോ ന യൂഥേ വൃഷയുഃ (9.77.5)**

അത്യഃ/ന/യൂഥേ/വൃഷfയുഃ/ എന്നാണ് പദപാഠം. ഇവിടെ വൃഷ എന്ന പദം കഴിഞ്ഞ് ഏകാക്ഷരമായ യകാരമാണ് പരമായിരിയ്ക്കുന്നത് എന്നതിനാൽ പ്ലുതി വരുന്നില്ല.

6. **പൃശനാജിരർജൂ മധു പുത്രി ജനി**
**ക്രതു വല്ഗു വന്ധുര വൃകാങ്കു ദമ ।**
**വൃജിനാധ്വരീഷു വൃഷ മധ്യ സഖി**
**സ്തഭു ദുച്ഛുനാഘ യവി ശത്രു വസു ॥**

4-ാം ശ്ലോകത്തിൽ സൂചിപ്പിയ്ക്കപ്പെട്ട പൃശനാദികൾ ഇവയാണ്. യകാരം പരമാവുമ്പോൾ പൂർവ്വപദത്തിന്റെ അന്ത്യത്തിന് പ്ലുതി വരും.

പൃശന, അജിര, ഋജൂ, മധു, പുത്രി, ജനി, ക്രതു, വല്ഗു, വന്ധുര, വൃക, അങ്കു, ദമ, വൃജിന, അധ്വരി, ഇഷു, വൃഷ, മധ്യ, സഖി, സ്തഭു, ദുച്ഛുന, അഘ, യവി, ശത്രു, വസു എന്നിവയുടെ അന്ത്യാക്ഷരങ്ങൾക്ക് യകാരം പരമാകുമ്പോൾ പ്ലുതി വരും.

**1. താ അസ്യ പൃശനായുവഃ (1.84.11)**

താഃ/അസ്യ/പൃശനfയുവഃ/ എന്നാണ് പദപാഠം. പൃശനയുവഃ എന്ന പദത്തിൽ പൂർവ്വത്തിലുള്ള പൃശന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് യുവഃ എന്നതിലെ യകാരം പരമായതിനാൽ സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**2. സ്തോമഃ ഇന്ദ്രാജിരായതേ (8.14.10)**

സ്തോമഃ/ഇന്ദ്ര/അജിരfയതേ/ എന്നാണ് പദപാഠം. ഇവിടെ അജിരയതേ എന്ന പദത്തിൽ പൂർവ്വമുള്ള അജിര എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് യതേ എന്നതിലെ യകാരം പരമായതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു. (അജിരായതേ=ക്ഷിപ്രഗാമിയെപ്പോലെ ആചരിയ്ക്കുന്നു)

**3. ഋജൂയന്തമനുവ്രതം (1.136.5)**

ഋജൂfയന്തം/അനു/വ്രതം/ എന്നാണ് പദപാഠം. യന്തം എന്നതിലെ യകാരം പരമായതിനാൽ ഋജു എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. ശമൂഷു വാം മധൂയുവാ (5.74.9)**

ശം/ഊംഇതി/സു/വാം/മധൂfയുവാ/ എന്നാണ് പദപാഠം. ഇവിടെ യുവാ എന്നതിലെ യകാരം പരമായതിനാൽ മധു എന്നതിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ശമു(ശം+ഉ)=സുഖകരമായിത്തന്നെ, മധൂയുവാ=(അല്ലയോ) മധുവോടുകൂടിയവരേ!)

**5. പുത്രീയന്തഃ സുദാനവഃ (7.96.4)**

പുത്രിƒയന്തഃ/സുƒദാനവഃ/ എന്നാണ് പദപാഠം. ഇവിടെ യന്തഃ എന്നതിലെ യകാരം പരമായതിനാൽ പുത്രി എന്ന പദത്തിലെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു (പുത്രീയന്തഃ=പുത്രന്മാരെ ആഗ്രഹിയ്ക്കുന്ന)

**6. ജനീയന്തോ ന്വഗ്രവഃ (7.96.4)**

ജനിƒയന്തഃ/നു/അഗ്രവഃ/ എന്നാണ് പദപാഠം. ഇവിടെ യന്തഃ എന്നതിലെ യകാരം പരമായി വന്നതിനാൽ ജനി എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ജനി=ജായ; ജനീയന്തഃ=ജായയെ ആഗ്രഹിയ്ക്കുന്ന)

**7. ക്രതൂയന്തി ക്രതവഃ (10.64.2)**

ക്രതൂƒയന്തി/ക്രതവഃ/ എന്നാണ് പദപാഠം. ഇവിടെ യന്തി എന്നതിലെ യകാരം പരമായതിനാൽ പൂർവ്വത്തിലുള്ള ക്രതു എന്നതിന്റെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**8. വല്ഗൂയതി വന്ദതേ (4.50.7)**

വല്ഗൂƒയതി/വന്ദതേ/ എന്നാണ് പദപാഠം. ഇവിടെ യതി എന്നതിലെ യകാരം പരമായതിനാൽ വല്ഗു എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു (വല്ഗൂയതി=സ്തുതിയ്ക്കുന്നു)

**9. യഃ സൂര്യാം വഹതി വന്ധുരായുഃ (4.44.1)**

യഃ/സൂര്യാം/വഹതി/വന്ധുരƒയുഃ/ എന്നാണ് പദപാഠം. യുഃ എന്നതിലെ യകാരം പരമായതിനാൽ വന്ധുര എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**10. വൃകായുരാദിദേശതി (10.133.4)**

വൃകƒയുഃ/ആ/ദിദേശതി/ എന്നാണ് പദപാഠം. ഇവിടെ യു എന്ന യകാരം പരമായതിനാൽ വൃക എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.(വൃകായുഃ=വൃകത്തെപ്പോലെ ആചരിയ്ക്കുന്ന)

**11. യമങ്കൂയന്ത മാനയൻ (6.15.17)**

യം/അങ്കൂƒയന്തം/ആ/അനയൻ/ എന്നാണ് പദപാഠം. ഇവിടെ യന്തം എന്നതിലെ യകാരം പരമായതിനാൽ അങ്കു എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**12. ശൃണ്വേ വീര ഉഗ്രമുഗ്രം ദമായൻ (6.47.16)**

ശൃണ്വേ/വീരഃ/ഉഗ്രംƒഉഗ്രം/ദമƒയൻ/ എന്നാണ് പദപാഠം. ഇവിടെ യൻ എന്നതിലെ യകാരം പരമായതിനാൽ ദമ എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**13. സത്യഘല്വൃതം വൃജിനായന്തം (10.27.1)**

സത്യfഘല്വൃതം/വൃജിനfയന്തം/ എന്നാണ് പദപാഠം. ഇവിടെ യന്തം എന്നതിലെ യകാരം പരമായതിനാൽ വൃജിന എന്ന പൂർവ്വ പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (സത്യഘല്വൃതം=സത്യത്തെ ഹിംസിയ്ക്കുന്ന; കളവു പറയുന്ന; വൃജിനായന്തം=പാപം ചെയ്യുവാനാഗ്രഹിയ്ക്കുന്ന)

**14. ജാമയോ അധ്വരീയതാം (1.23.16)**

ജാമയഃ/അധ്വരിfയതാം/ എന്നാണ് പദപാഠം. ഇവിടെ യതാം എന്നതിലെ യകാരം പരമായതിനാൽ അധ്വരി എന്നതിന്റെ അന്ത്യത്തിലെ സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ജാമയഃ=ബന്ധുക്കൾ)

**15. ക്രത്വാ വേധാ ഇഷൂയതേ (1.128.4)**

ക്രത്വാ/വേധാഃ/ഇഷൂfയതേ/ എന്നാണ് പദപാഠം. ഇവിടെ യതേ എന്നതിലെ യകാരം പരമായതിനാൽ ഇഷു എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ആഗ്രഹിയ്ക്കപ്പെടുന്നത് (ഇഷ്യതേ) ഏതോ അത് ഇഷു=അന്നം മുതലായത്)

**16. വൃഷായമാണ ഉപ (3.52.5)**

വൃഷfയമാണഃ/ഉപ/ എന്നാണ് പദപാഠം. ഇവിടെ യമാണഃ എന്നതിന്റെ യകാരം പരമായി വന്നതിനാൽ വൃഷ എന്ന പൂർവ്വ പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**17. മധ്യായുവ ഉപ ശിക്ഷന്തി (1.173.10)**

മധ്യfയുവഃ/ഉപ/ശിക്ഷന്തി/ എന്നാണ് പദപാഠം. യുവഃ എന്നതിലെ യകാരം പരമായി വന്നതിനാൽ മധ്യ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നു.

**18. വിശ്വശ്രുഷ്ടിഃ സഖീയതേ (1.128.1)**

വിശ്വfശ്രുഷ്ടിഃ/സഖിfയതേ/ എന്നാണ് പദപാഠം. ഇവിടെ യതേ എന്നതിലെ യകാരം പരമായതിനാൽ സഖി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**19. സ്തഭൂയമാനം വഹതോ വഹന്തി (3.7.4)**

സ്തഭുfയമാനം/വഹതഃ/വഹന്തി/ എന്നാണ് പദപാഠം. ഇവിടെ യമാനം എന്നതിലെ യകാരം പരമായി വന്നതിനാൽ സ്തഭു എന്ന പൂർവ്വപദത്തിലെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**20. കിമസ്മാൻ ദുച്ഛുനായതേ (7.55.3)**

കിം/അസ്മാൻ/ദുച്ഛുന*f*യതേ/ എന്നാണ് പദപാഠം. ഇവിടെ യതേ എന്നതിലെ യ പരമായതിനാൽ ദുച്ഛുന എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**21. അഘായതേ ജാതവേദഃ (8.71.7)**

അഘ*f*യതേ/ജാത*f*വേദഃ/ എന്നാണ് പദപാഠം. ഇവിടെ യതേ എന്നതിലെ യകാരം പരമായതിനാൽ അഘ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**22. സ ധർതാ ജജ്ഞേ സഹസാ യവീയുത് (10.61.9)**

സഃ/ധർതാ/ജജ്ഞേ/സഹസാ/യവി*f*യുത്/ എന്നാണ് പദപാഠം. ഇവിടെ യുത് എന്നതിലെ യകാരം പരമായതിനാൽ യവി എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**23. ശത്രൂയന്തോ അഭി (10.89.15)**

ശത്രുയന്തഃ/അഭി/ എന്നാണ് പദപാഠം. ഇവിടെ യന്തഃ എന്നതിലെ യകാരം പരമായതിനാൽ ശത്രു എന്ന പദത്തിലെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**24. അശ്വയുർഗവ്യൂ രഥയുർവസൂയുഃ (1.51.14)**

അശ്വ*f*യുഃ/ഗവ്യുഃ/രഥ*f*യുഃ/വസൂ*f*യുഃ/ എന്നാണ് പദപാഠം. ഇവിടെ യുഃ എന്നതിലെ യകാരം പരമായതിനാൽ വസു എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

(അശ്വയുഃ, ഗവ്യുഃ, രഥയുഃ, വസൂയുഃ എന്നീ പദങ്ങൾക്ക് യഥാക്രമം അശ്വങ്ങളേയും, ഗോക്കളേയും, രഥങ്ങളേയും മറ്റുതരത്തിലുള്ള ധനങ്ങളേയും ആഗ്രഹിയ്ക്കുന്ന എന്നർത്ഥമാണ്.)

7. **വൈഭു ഹ്രാദുനി പുഷ്ട പർവ്വതാഹുതി**
   **ശുഭ്ര ഹൃദയാമതി സഹ വൃഷ്ണ്യ ശക്തി ।**
   **സപ്തി സ്വധിതി കൃശന വയുനർണ**
   **ഘൃണി ഹിത ധിത വിഷു സുതർത്വിയ നീഥ ॥**

നാലാമത്തെ കാരികയിൽ സൂചിപ്പിയ്ക്കപ്പെട്ട വൈഭാദികൾ ഏതൊക്കെയാണെന്ന് ഈ കാരികയിൽ പറയുന്നു. വൈഭാദികളുടെ അന്ത്യസ്വരത്തിന് വകാരം പരമാകുമ്പോൾ പ്ലുതി വരും. വൈഭാദികൾ ഇവയാണ്:-

വൈഭു, ഹ്രാദുനി, പുഷ്ട, പർവത, ആഹുതി, ശുഭ്ര, ഹൃദയ, അമതി, സഹ, വൃഷ്ണ്യ, ശക്തി, സപ്തി, സ്വധിതി, കൃശന, വയുന, ഋണ, ഘൃണി, ഹിത, ധിത, വിഷു, സുത, ഋത്വിയ, നീഥ- എന്നീ വൈഭു തുടങ്ങി 23 പദങ്ങളാണ് വൈഭാദികൾ.

**ഉദാഹരണങ്ങൾ.**

**1. വൈഭൂവസോ മൂർധന്യഘ്ന്യായാഃ (10.46.3)**

വൈഭൂ*f*വസഃ/മൂർധനി/അഘ്ന്യായാഃ/ എന്നാണ് പദപാഠം. ഇവിടെ വസഃ എന്നതിലെ വകാരം പരമായതിനാൽ വൈഭു എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. അഘ്ന്യാ=ഭൂമി.

**2. അബ്ദ്ഗ്യയാ ചിന്മുഹുരാ ഫ്രാദുനീവൃതഃ (5.54.3)**

അബ്ദ്ഗ്യ*f*യാ/ചിത്/മുഹുഃ/ആ/ഫ്രാദുനി*f*വൃതഃ/ എന്നാണ് പദപാഠം. ഇവിടെ വൃതഃ എന്നതിലെ വകാരം പരമായതിനാൽ ഫ്രാദുനി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. ഫ്രാദുനി=അശന;

**3. പുഷ്ടാവന്തോ യഥാ പശും (8.45.16)**

പുഷ്ട*f*വന്തഃ/യഥാ/പശും/ എന്നാണ് പദപാഠം. ഇവിടെ വന്തഃ എന്നതിലെ വകാരം പരമായതിനാൽ പുഷ്ട എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. ക്ഷരന്തഃ പർവതാവൃധഃ (9.46.1)**

ക്ഷരന്തഃ/പർവത*f*വൃധഃ/ എന്നാണ് പദപാഠം. ഇവിടെ വൃധ എന്നതിലെ വകാരം പരമായതിനാൽ പർവത എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. യുവാനമാഹുതീവൃധം (9.67.29)**

യുവാനം/ആഹുതി*f*വൃധം/ എന്നാണ് പദപാഠം. ഇവിടെ വൃധം എന്നതിലെ വകാരം പരമായതിനാൽ ആഹുതി എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**6. അന്തഃ ശുഭ്രാവതാ പഥാ (9.15.3)**

അന്തരിതി/ശുഭ്ര*f*വതാ/പഥാ/ എന്നാണ് പദപാഠം. ഇവിടെ വതാ എന്നതിലെ വകാരം പരമായതിനാൽ ശുഭ്ര എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**7. ഉതാപവക്താ ഹൃദയാവിധശ്ചിത് (1.24.8)**

ഉത/അപ*f*വക്താ/ഹൃദയ*f*വിധഃ/ചിത്/ എന്നാണ് പദപാഠം. ഇവിടെ വിധഃ എന്നതിലെ വകാരം പരമായതിനാൽ ഹൃദയ എന്നപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**8. ന മേസ്തോതാമതീവാ ന (8.19.26)**

ന/മേ/സ്തോതാ/അമതി*f*വാ/ന/ എന്നാണ് പദപാഠം. ഇവിടെ വാ എന്നതിലെ വകാരം പരമായി വന്നതിനാൽ അമതി എ

ന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (അമതിവാ=സദ്ബുദ്ധിയല്ലാത്തവൻ)

**9. സഹാവാ് ഇന്ദ്ര സാനസിഃ (1.175.2)**

സഹ*f*വാൻ/ഇന്ദ്ര/സാനസിഃ/ എന്നാണ് പദപാഠം. ഇവിടെ വാൻ എന്നതിലെ വകാരം പരമായതിനാൽ സഹ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (സഹാവാൻ=സഹായിയോട് കൂടിയവൻ)

**10. യഃ പത്യതേ വൃഷഭോ വൃഷ്ണ്യാവാൻ (6.22.1)**

യഃ/പത്യതേ/വൃഷഭഃ/വൃഷ്ണ്യ*f*വാൻ/ എന്നാണ് പദപാഠം. ഇവിടെ വാൻ എന്നതിലെ വകാരം പരമായതിനാൽ വൃഷ്ണ്യ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവന്നിരിയ്ക്കുന്നു. (വൃഷ്ണ്യാവാൻ=ബലവാൻ)

**11. ശക്തീവോ യദ്വിഭരാ രോദസീ (5.31.6)**

ശക്തി*f*വഃ/യത്/വി*f*ഭരാഃ/രോദസീ ഇതി/ എന്നാണ് പദപാഠം. ഇവിടെ വഃ എന്നതിലെ വകാരം പരമായി വന്നതിനാൽ ശക്തി എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ശക്തീവഃ=ശക്തിമാൻ)

**12. സപ്തീവന്താ സപര്യവഃ (7.94.10)**

സപ്തി*f*വന്തഃ/സപര്യവഃ/എന്നാണ് പദപാഠം. ഇവിടെ വന്തഃ എന്ന പദത്തിലെ വകാരം പരമായതിനാൽ സപ്തി എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**13. രുക്മോ ന ചിത്ര സ്വധിതീവാൻ (1.88.2)**

രുക്മഃ/ന/ചിത്രഃ/സ്വധിതി*f*വാൻ/ എന്നാണ് പദപാഠം. ഇവിടെ വാൻ എന്നതിലെ വ എന്ന് പരമായതിനാൽ സ്വധിതി എന്ന പൂർവ്വപദത്തിലെ അന്ത്യസ്വരത്തിനു പ്ലുതിവന്നിരിയ്ക്കുന്നു. (സ്വധിതി=വജ്രം-ആയുധവിശേഷം)

**14. മദച്ച്യുതഃ കൃശനാവതഃ (1.126.4)**

മദ്*f*ച്ച്യുതഃ/കൃശന*f*വതഃ/ എന്നാണ് പദപാഠം. ഇവിടെ വതഃ എന്നതിലെ വകാരം പരമായതിനാൽ കൃശന എന്ന പദത്തിലെ അന്ത്യസ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (കൃശനം=ഹിരണ്യം)

**15. വിഹോത്രാ ദധേ വയുനാവിദേക ഇത് (5.81.1)**

വി/ഹോത്രാഃ/ദധേ/വയുന*f*വിത്/ഏകഃ/ഇത്/ എന്നാണ് പദപാഠം. ഇവിടെ വിത് എന്നതിലെ വകാരം പരമായതിനാൽ വയുന എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (വയുനം=പ്രജ്ഞ)

**16. ഋണാവാ ബിഭൃദ്ധനമിച്ഛമാനഃ (10.34.10)**

ഋണ*f*വാ/ബിഭൃത്/ധനം/ഇച്ഛമാനഃ/ എന്നാണ് പദപാഠം. ഇവിടെ വാ എന്നതിലെ വകാരം പരമായതിനാൽ ഋണ എന്ന പൂർവ്വ പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവരുന്നു.

**17. ഘൃണീവാഞ്ചേതതി ത്മനാ (10.176.3)**

ഘൃണി*f*വാൻ/ചേതതി/ത്മനാ/ എന്നാണ് പദപാഠം. ഇവിടെ വാൻ എന്നതിലെ വകാരം പരമായി വന്നതിനാൽ ഘൃണി എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവന്നിരിയ്ക്കുന്നു. (ഘൃണീവാൻ=ദീപ്തിമാൻ)

**18. വിപന്യാമഹേ വിപണിർഹിതാവാൻ (1.180.7)**

വിപന്യാമഹേ/വി/പണിഃ/ഹിത*f*വാൻ/ എന്നാണ് പദപാഠം. ഇവിടെ വാൻ എന്നതിലെ വകാരം പരമായി വന്നതിനാൽ ഹിത എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു (വിപന്യാമഹേ=പലേതരത്തിൽ സ്തുതിയ്ക്കുന്നു)

**19. ശ്രുഷ്ടീവാനം ധിതാവാനം (3.27.2)**

ശ്രുഷ്ടീ*f*വാനം/ധിത*f*വാനം/ എന്നാണ് പദപാഠം. ഇവിടെ വാനം എന്നതിലെ വകാരം പരമായതിനാൽ ധിത എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (ശ്രുഷ്ടീവാന=സുഖത്തോടുകൂടിയ. ധിതാവന=ധനം സൂക്ഷിപ്പുള്ള)

**20. വിഷൂവൃദിന്ദ്രോ അമതേഃ (10.43.3)**

വിഷു*f*വൃത്/ഇന്ദ്രഃ/അമതേഃ/എന്നാണ് പദപാഠം. ഇവിടെ വൃത് എന്നതിലെ വകാരം പരമായതിനാൽ വിഷു എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു.

**21. സുതാവന്തസ്ത്വാ വയം (8.65.6)**

സുത*f*വന്തഃ/ത്വാ/വയം/ എന്നാണ് പദപാഠം. ഇവിടെ വന്ത എന്നതിലെ വകാരം പരമായതിനാൽ സുത എന്ന പൂർവ്വപദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതിവന്നിരിയ്ക്കുന്നു.

**22. ഇയം ത ഋത്വിയാവതീ (8.12.10)**

ഇയം/തേ/ഋത്വിയ*f*വതീ/എന്നാണ് പദപാഠം. ഇവിടെ വതീ എന്നതിലെ വകാരം പരമായി വന്നതിനാൽ ഋത്വിയ എന്ന പൂർവ്വ പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിരിയ്ക്കുന്നു. (ഋത്വിയം=വസന്തം തുടങ്ങിയ ഋതുവിൽ അനുഷ്ഠിയ്ക്കേണ്ട യാഗം തുടങ്ങിയവ)

**23. നീഥാവിദോ ജരിതാരഃ (3.12.5)**

നീഥ*f*വിദഃ/ജരിതാരഃ/ എന്നാണ് പദപാഠം. ഇവിടെ വിദഃ എ

ന്നതിലെ വകാരം പരമായതിനാൽ നീഥ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (നീഥാവിദ =സ്തോത്രത്തെ അറിയുന്ന സാമഗാനകുശലന്മാർ)

8. **നാർതവാകേനാശ്വവിത് സുമ്നയന്താ**
**വസുവസു പ്രസഹാനോƒഭിവാവൃതേ ।**
**പരിവൃതം നാഭിവൃത്യാശ്വവച്ച**
**പാദാന്തേ സർവ്വത്ര പരേ മഘസ്യ ॥**

1. ഋതവാകേന, അശ്വവിത്, സുമ്നയന്താ, വസുവസു, പ്രസഹാനഃ,അഭിവാവൃതേ, പരിവൃതം ന, അഭിവൃത്യ എന്നിവയുടെ പൂർവ്വപദങ്ങൾക്ക് പ്ലുതി വരികയില്ല.

2. അശ്വവത് എന്നതിന്റെ പൂർവ്വപദാന്ത്യസ്വരത്തിന് പാദാന്തത്തിലാണെങ്കിൽ പ്ലുതി വരില്ല.

3. മഘസ്യ എന്ന ഷഷ്ഠ്യന്തം പരമാവുമ്പോൾ പൂർവപദത്തിന്റെ അന്ത്യത്തിന് പ്ലുതി വരികയില്ല.

*Note:* മുൻകാരികകൾക്കൊണ്ട് വിധിയ്ക്കപ്പെട്ട പ്ലുതി ചില പ്രത്യേകപദങ്ങളിൽ നിഷേധിയ്ക്കുകയാണ് ഇവിടെ ചെയ്തത്.

**ഉദാഹരണങ്ങൾ**

**1. ഋതവാകേന സത്യേന (9.113.2)**

ഋത്ƒവാകേന/സത്യേന/ എന്നാണ് പദപാഠം. ഇവിടെ വാകേന എന്ന വകാരം പരമായിട്ടുണ്ടെങ്കിലും ഋത എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല. സുമ്നർതാരാതീത്യുദയേ വകാരേ- എന്ന കാരികാഭാഗം (9/4) അനുസരിച്ച് വകാരം പരമാകുമ്പോൾ ഋത എന്ന പൂർവപദത്തിന് പ്ലുതി വരേണ്ടതായിരുന്നു.

**2. പരിണോ അശ്വമശ്വവിത് (9.61.3)**

പരി/നഃ/അശ്വം/അശ്വവിത്/ എന്നാണ് പദപാഠം. ഇവിടെ വിത് എന്നതിലെ വകാരം പരമായിട്ടുണ്ടെങ്കിലും അശ്വ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല. 'പിത്ര്യമാഹിനാകൃഷിഭങ്ഗുരാശ്വ' എന്ന മുൻകാരിക (9/4) അനുസരിച്ച് വകാരം പരമാകുമ്പോൾ അശ്വ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരേണ്ടതായിരുന്നു.

**3. ഗീർഭിർമിത്രാവരുണാ സുമ്നയന്താ (6.49.1)**

ഗീഃƒഭിഃ/മിത്രാവരുണാ/സുമ്നയന്താ/ എന്നാണ് പദപാഠം. ഇവിടെ യന്താ എന്നതിലെ യകാരം പരമായിട്ടുണ്ടെങ്കിലും സുമ്ന എന്ന പൂർവ്വപദത്തിലെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നി

ട്ടില്ല. 'പിതു സുമ്നരയ്യൃതാശ്വേതി ചൈതേ' (9/5) എന്ന മുൻകാരികയനുസരിച്ച് ഇവിടെ പ്ലുതി വരേണ്ടതായിരുന്നു.

**4. വസുവസുവഃ പാർത്ഥിവായ (10.76.8)**

വസു/വസു/വഃ/പാർത്ഥിവായ/എന്നാണ് പദപാഠം. ഇവിടെ വസുവസു എന്നതിൽ (രണ്ടാമത് വരുന്ന) വസു എന്ന പദം പരമായിട്ടുണ്ടെങ്കിലും (ആദ്യത്തെ) വസു എന്നതിന് പ്ലുതി വന്നിട്ടില്ല. സർവ്വത്ര പൂർവ്വപദാന്താഃ പ്ലവന്തേ വസുമഘയോഃ പരയോഃ (9/1) എന്ന കാരികാഭാഗമനുസരിച്ച് ഇവിടെ പ്ലുതി വരേണ്ടതായിരുന്നു.

**5. സസനീളേഭി പ്രസഹാനോ അസ്യ (10.99.2)**

സ:/സനീളേഭിഃ/പ്രസഹാനഃ/അസ്യ എന്നു പദപാഠം. ഇവിടെ പ്രസഹാന എന്നതിലെ സഹാന എന്നത് അപ്ലുതമായ സഹതി ആണെങ്കിലും പ്ര എന്നതിന് പ്ലുതി വരുന്നില്ല. പ്രചാപ്ലുതേ (9/1) എന്ന കാരികാവിഭാഗമനുസരിച്ച് ഇവിടെ പ്ലുതി വരേണ്ടതായിരുന്നു.

**6. യേ നേന്ദ്രോ അഭിവാവൃതേ (10.174.1)**

യേന/ഇന്ദ്രഃ/അഭി/വവൃതേ/ എന്നാണ് പദപാഠം. ഇവിടെ വാവൃതേ എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല. 'പര്യഭ്യപാപിതി വൃതാവൃവർണ്ണോ'-(9/2) എന്ന കാരികാഭാഗമനുസരിച്ച് ഇവിടെ പ്ലുതി വരേണ്ടതായിരുന്നു.

**7. അപാവൃധി പരിവൃതം ന രാധഃ (7.27.2)**

അപ/വൃധി/പരി/വൃതം/ന/രാധഃ/ എന്നാണ് പദപാഠം. ഇവിടെ പരിവൃതം എന്നു കഴിഞ്ഞ് ന എന്ന് പരമായിട്ടുണ്ട്. അതിനാൽ പരി എന്ന പൂർവ്വപദത്തിന്റെ അന്ത്യസ്വരത്തിന് 'പര്യഭ്യപാപിതി വൃതാവൃവർണ്ണേ' എന്ന കാരികാഭാഗമനുസരിച്ച് പ്ലുതി വരാമായിരുന്നു എങ്കിലും പ്ലുതി വരുന്നില്ല.

പരിവൃതം എന്നു കഴിഞ്ഞ് ന എന്നില്ലെങ്കിൽ പരി എന്നതിന് പ്ലുതി വരും.

അപോബിഭ്രതം തമസാ പരീവൃതം (10.113.6) - അപഃ/ബിഭ്രതം/തമസാ/പരി/വൃതം/ എന്ന് പദപാഠം. ഇവിടെ ന എന്ന് പരമായിട്ടില്ലത്തതിനാൽ പരി എന്നതിന് പ്ലുതിവന്ന് സംഹിതയിൽ പരീവൃതം എന്നായിരിയ്ക്കുന്നു.

**8. അഭിവൃത്യ സപത്നാൻ (10.174.2)**

അഭി/വൃത്യ/സ/പത്നാൻ/ എന്നാണ് പദപാഠം. ഇവിടെ അഭിവൃത്യ എന്ന പദത്തിൽ വൃത്യ എന്ന ഋകാരയുക്തമായ വൃതി

പരമായിട്ടുണ്ടെങ്കിലും അഭി എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**2.1 ദധാനോ ഗോമദശ്വാവത് (8.46.5)**

ദധാനഃ/ഗോ*ƒ*മത്/അശ്വ*ƒ*വത്/ എന്നാണ് പദപാഠം. ഇവിടെ വത് എന്നതിലെ വകാരം പരമായിട്ടുണ്ട്. എങ്കിലും അശ്വ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല. ഇവിടെ അശ്വവത് എന്ന പദം പാദാന്തത്തിലാണ് വരുന്നത്; അതിനാലാണ് പ്ലുതി വരാത്തത്.

പാദാന്തത്തിലല്ലെങ്കിൽ അശ്വ എന്ന പൂർവ്വപദത്തിന്റെ അന്ത്യസ്വരത്തിന് വകാരം പരമാവുമ്പോൾ പ്ലുതി വരും.

അശ്വാവത് ഗോമദ്യവമത് (8.93.3)– അശ്വ*ƒ*വത്/ഗോ*ƒ*മത്/യവ*ƒ*മത്/ എന്നാണ് പദപാഠം. ഇവിടെ അശ്വവത് എന്ന പദം പാദാന്തത്തിലല്ല വരുന്നത്. അതിനാൽ പ്ലുതിവന്നിരിയ്ക്കുന്നു.

**3.1 പ്രാര്യസ്തുഷേ തുവി മഘസ്യ ദാനം (5.33.6)**

പ്ര/അര്യഃ/സ്തുഷേ/തുവി*ƒ*മഘസ്യ/ദാനം. എന്നാണ് പദപാഠം. ഇവിടെ മഘസ്യ എന്ന ഷഷ്ഠ്യന്തം പരമായതിനാൽ തുവി എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിന് പ്ലുതി വരുന്നില്ല. 'സർവ്വത്ര പൂർവ്വപദാന്താഃ പ്ലവന്തേ വസുമഘയോഃ പരയോഃ'– (9/1) എന്ന കാരികാഭാഗമനുസരിച്ച് ഇവിടെ പ്ലുതി വരേണ്ടതായിരുന്നു. ഷഷ്ഠ്യന്തമായ മഘശബ്ദം പരമാവുമ്പോൾ പ്ലുതി നിഷേധിച്ചതിനാൽ ഇവിടെ പ്ലുതി വരുന്നില്ല.

9. **അശ്വയൂപായാശ്വയുജോശ്വയോഗാഃ**
   **സഹവാഹഃ സുമ്നയന്തർതയന്ത ।**
   **സഹവസും സഹവത്സർതയുക്തിം**
   **സഹവീരം വയുനവച്ചകാര ॥**

അശ്വയൂപായ, അശ്വയുജഃ, അശ്വയോഗാഃ, സഹവാഹഃ, സുമ്നയന്ത, ഋതയന്ത, സഹവസും, സഹവത്സാ, ഋതയുക്തിം, സഹവീരം, വയുനവത്ചകാര എന്നീ പദങ്ങളുടെ അന്ത്യത്തിന് പ്ലുതി വരുന്നില്ല.

**ഉദാഹരണങ്ങൾ.**

**1. ചഷാലം യേ അശ്വയൂപായ തക്ഷതി (1.162.6)**

ചഷാലം/യേ/അശ്വ*ƒ*യൂപായ/തക്ഷതി/ എന്നാണ് പദപാഠം. ഇവിടെ യൂപായ എന്ന പദത്തിലെ യകാരം പരമായിട്ടുണ്ടെങ്കിലും അശ്വ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നില്ല. 'സുമ്നരയ്യൃതാശ്വേതി ചൈതേ' എന്ന കാരികാഭാ

ഗംകൊണ്ട് യകാരം പരമാകുമ്പോൾ അശ്വ എന്ന പൂർവ്വപദത്തിന് പ്ലുതി വിധിച്ചിരുന്നു. അതിന് അശ്വയൂപായ എന്ന പദത്തിൽ നിഷേധം വിധിച്ചിരിയ്ക്കുകയാണ് ഇവിടെ. (ചഷാലം=യൂപത്തിന്റെ അഗ്രഭാഗം)

**2. വയോവൃധോ അശ്വയുജഃ പരിജ്രയഃ (5.54.2)**

വയഃ/വൃധഃ/അശ്വയുജഃ/പരി/ജ്രയഃ/ എന്നാണ് പദപാഠം. ഇവിടെ യുജഃ എന്നതിലെ യകാരം പരമായിട്ടുണ്ടെങ്കിലും അശ്വ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിട്ടില്ല.

**3. ഉത ന ഈം മതയോശ്വയോഗാഃ (1.186.7)**

ഉത/നഃ/ഈം/മതയഃ/അശ്വ/യോഗാഃ/ എന്നാണ് പദപാഠം. ഇവിടെ യോഗാഃ എന്നതിലെ യകാരം പരമായിട്ടുണ്ടെങ്കിലും അശ്വ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിട്ടില്ല. (ഈം=ഇവനെ-ഏനം)

**4. ബൃഹസ്പതിം സഹവാഹോ വഹന്തി (7.97.6)**

ബൃഹസ്പതിം/സഹ/വാഹഃ/വഹന്തി/ എന്നാണ് പദപാഠം. ഇവിടെ വാഹഃ എന്നതിലെ വകാരം പരമായിട്ടുണ്ടെങ്കിലും സഹ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല.

**5. ഗീർഭിർ മിത്രാവരുണാ സുമ്നയന്താ (6.49.1)**

(ഈ ഉദാഹരണം ഇതിന്റെ മുൻപത്തെ കാരികയിൽ കാണിച്ചിട്ടുള്ളതാണ്)

**6. കദു സ്തുവന്ത ഋതയന്ത (8.3.14)**

കത്/ഊം ഇതി/സ്തുവന്ത/ഋത/യന്ത/ എന്നാണ് പദപാഠം. ഇവിടെ യന്ത എന്നതിലെ യകാരം പരമായതിനാൽ ഋത എന്ന പൂർവ്വപദത്തീന്റെ അന്ത്യത്തിന് 'സുമ്ന രയ്യൃതാശ്വേതി ചൈതേ' എന്ന കാരികാഭാഗമനുസരിച്ച് പ്ലുതി വരേണ്ടതായിരുന്നു. നിഷേധിയ്ക്കപ്പെട്ടതിനാൽ വരുന്നില്ല.

**7. യോ നാർമരം സഹവസും (2.13.8)**

യഃ/നാർമരം/സഹ/വസും/ എന്നാണ് പദപാഠം. ഇവിടെ വസും എന്നതിലെ വകാരം പരമായിട്ടുണ്ടെങ്കിലും സഹ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല. സഹ എന്നത് വൈഭാദിയിൽപ്പെട്ടതാണ് എന്നതിനാൽ വകാരം പരമാകുമ്പോൾ പ്ലുതി വരേണ്ടതായിരുന്നു. സഹവസും എന്നതിന് പ്ലുതി നിഷേധിച്ചതിനാൽ വരുന്നില്ല.

**8. ദാനുഃ ശയേ സഹവത്സാ ന ധേനുഃ (1.32.9)**

ദാനുഃ/ശയേ/സഹ*f*വത്സാ/ന/ധേനുഃ/ എന്നാണ് പദപാഠം. ഇവിടെ വത്സാ എന്ന പദത്തിലെ വകാരം പരമായിട്ടുണ്ടെങ്കിലും സഹ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നില്ല.

**9. ഋതം വദന്ത ഋതയുക്തിമഗ്മൻ (10.61.10)**

ഋതം/വദന്തഃ/ഋത*f*യുക്തിം/അഗ്മൻ/ എന്നാണ് പദപാഠം. ഇവിടെ യുക്തിം എന്നതിലെ യകാരം പരമായിട്ടുണ്ട്. എങ്കിലും ഋത എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വന്നിട്ടില്ല.

**10. ധാതാ രയിം സഹവീരം തുരാസഃ (3.54.13)**

ധാത/രയിം/സഹ*f*വീരം/തുരാസഃ/ എന്നാണ് പദപാഠം. ഇവിടെ വീരം എന്ന പദത്തിലെ വകാരം പരമായിട്ടുണ്ടെങ്കിലും സഹ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിനു പ്ലുതി വരുന്നില്ല. സഹ എന്നത് വൈഭാദിയിൽപ്പെട്ടതായതിനാൽ വകാരം പരമായി വരുമ്പോൾ പ്ലുതി വരേണ്ടതായിരുന്നു.

**11. സൂര്യേണ വയുനവച്ചകാര (6.21.3)**

സൂര്യേണ/വയുന*f*വത്/ചകാര/ എന്നാണ് പദപാഠം. ഇവിടെ ചകാര എന്ന പദം പരമായിട്ടുള്ള വയുനവത് എന്ന പദത്തിൽ വത് എന്നതിന്റെ വകാരം പരമായിട്ടുണ്ടെങ്കിലും വയുന എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിട്ടില്ല. വയുന എന്ന പദം വൈഭാദിയിൽപ്പെട്ടതായതിനാൽ പ്ലുതി വരുന്നില്ല (വയുനം=പ്രകാശം, ബുദ്ധി)

ചകാര എന്ന പദം പിന്നീറ്റ് വരുന്നില്ലെങ്കിൽ വയുനവത് എന്ന പദത്തിലെ വയുന എന്ന പൂർവ്വപദത്തിനു പ്ലുതി വരും. ജ്യോതിസ്തമസോ വയുനാവദസ്ഥാത്-(4.51.1)- ജ്യോതിഃ/തമസഃ/വയുന*f*വത്/അസ്ഥാത്/ എന്നാണ് പദപാഠം. ഇവിടെ വയുനവത് എന്ന പദം കഴിഞ്ഞ് ചകാര എന്ന പദമില്ല. അതിനാൽ വയുനവത് എന്ന പദത്തിലെ പൂർവ്വപദത്തിന് പ്ലുതിവന്ന് സംഹിതയിൽ വയുനാവത് എന്നു പ്രയോഗം.

10. **സുമ്നായുർജൂഹ്വ ഋതായന്നൃതായും**
**ഉഗ്രാ ദേവം ദക്ഷിണാവാനൃതായോഃ ।**
**വൃഷാരവായ സൂമയം ശതാവ–**
**ന്നപീജുവാ പരീവൃതോ*f*നപാവൃത് ॥**

സുമ്നായുർജൂഹ്വേ, ഋതായൻ, ഋതായും, ഉഗ്രാദേവം, ദക്ഷി

ണാവാൻ, ഋതായോഃ, വൃഷാരവായ, സൂമയം, ശതാവൻ, അപീ ജുവാ, പരീവൃതഃ, അനപാവൃത് എന്നീ പദങ്ങളുടെ പൂർവ്വപദത്തി ന്റെ അന്ത്യസ്വരത്തിനു പ്ലുതി വരും.

സുമ്നായുർജുഹ്വേ എന്നതിന് ജുഹ്വേ എന്ന പദം പരമായി ട്ടുള്ള സുമ്നായുഃ എന്നാണർത്ഥം വിവക്ഷിയ്ക്കുന്നത്. ന ത്വ ശ്വ സുമ്നർതവൃഷേതി പദ്യാ ഏകാക്ഷരദാ ഉദയേ യകാരേ (9/5) എന്ന കാരികാഭാഗംകൊണ്ട് അശ്വ, സുമ്ന, ഋത, വൃഷ എന്നീ പ ദങ്ങൾ പൂർവ്വമായി വരികയും അതുകഴിഞ്ഞ് ഏകാക്ഷരമായ യ കാരം പരമാവുകയും ചെയ്താൽ അശ്വ, സുമ്ന മുതലായവയ്ക്ക് പ്ലുതി നിഷേധിച്ചിരിയ്ക്കുന്നു. ആ നിഷേധിയ്ക്കപ്പെട്ടതിൽ ചില തിന് പ്ലുതി നിപതിയ്ക്കുകയാണ്.- ജുഹ്വേ എന്നു പരമായ സുമ് നായുഃ, ഋതായൻ, ഋതായും, ഋതായോഃ എന്നീ പദങ്ങളിൽ ഏകാ ക്ഷരമായ യകാരം പരമായാലും പ്ലുതിവരും. ഉഗ്ര എന്നതിൽനി ന്ന് ദേവ എന്നു പരമാകുമ്പോൾ ഉഗ്ര എന്ന പൂർവ്വപദത്തിന്റെ അ ന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി നിപതിപ്പിയ്ക്കുന്നു. രവ എന്നു പരമായ വൃഷ എന്ന പൂർവ്വപദത്തിന് പ്ലുതി ഈ കാരികകൊണ്ട് നിപതിപ്പിയ്ക്കുന്നു. അതുപോലെ മയ എന്നു പരമായ സു എന്ന തിനും ജുവാ എന്നു പരമായ അപി എന്നതിനും വൻ എന്നു പര മായ ശത എന്നതിനും വൃത എന്നു പരമായ അപരി എന്നതിനും വൃത് എന്നു പരമായ അനപ എന്നതിനും പ്ലുതി നിപതിപ്പിച്ചിരി യ്ക്കുന്നു.

**ഉദാഹരണങ്ങൾ**

**1. സുമ്നായുർജ്ജുഹ്വേ അധ്വരേ (6.2.3)**

സുമ്ന്യുഃ/ജുഹ്വേ/അധ്വരേ/എന്നാണ് പദപാഠം. ഇവിടെ യുഃ എന്ന ഏകാക്ഷരമായ യകാരം പരമായിട്ടുണ്ട്. അതിൽനിന്ന് ജു ഹ്വേ എന്ന പദം പരമായിട്ടുമുണ്ട്. അതിനാൽ സുമ്ന എന്ന പൂർവ്വ പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

ജുഹ്വേ എന്ന പദം പരമായിട്ടില്ലെങ്കിൽ പ്ലുതി വരില്ല. ദേ വാഞ്ജിഗാതി സുമ്നയുഃ (3.27.1)- ദേവാൻ/ജിഗാതി/സുമ്ന്യുഃ/ എന്ന് പദപാഠം. ഇവിടെ സുമ്ന എന്ന പൂർവ്വപദത്തിന് പ്ലുതി വ രുന്നില്ല.

**2. സർഗോ ന സൃഷ്ടോ അർവതീർ ഋതായൻ (7.87.1)**

സർഗഃ/ന/സൃഷ്ടഃ/അർവതീഃ/ഋത്യൻ/ എന്നാണ് പദപാഠം. ഇവിടെ യൻ എന്ന ഏകാക്ഷരമായ യകാരം പരമായിട്ടും ഋത എ ന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരി

യ്ക്കുന്നു.

**3. ഉദീമൃതായുമീരയത് (8.79.6)**

ഉത്/ഈം/ഋത/യും/ഈരയത്/ എന്നാണ് പദപാഠം. ഇവിടെ ഏകാക്ഷരമായ യും എന്നതിലെ യകാരം പരമായിട്ടും ഋത എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. ഉഗ്രാദേവം ഹവാമഹേ (1.36.18)**

ഉഗ്ര/ദേവം/ഹവാമഹേ/ എന്ന് പദപാഠം. ഇവിടെ ദേവം എന്ന പദം പിന്നീടുള്ള ഉഗ്ര എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. ഹസ്തേ ദധേ ദക്ഷിണേ ദക്ഷിണാവാൻ (3.39.6)**

ഹസ്തേ/ദധേ/ദക്ഷിണേ/ദക്ഷിണ/വാൻ/ എന്നാണ് പദപാഠം. വാൻ എന്ന ഏകാക്ഷരമായതിന്റെ വകാരം പരമായിട്ടും ദക്ഷിണശബ്ദത്തിന് പ്ലുതി വന്ന് ദക്ഷിണാവാൻ എന്നായിരിയ്ക്കുന്നു.

**6. പ്രണേതാരഃ കസ്യചിദൃതായോഃ (1.169.5)**

പ്രണേതാരഃ/കസ്യ/ചിത്/ഋത/യോഃ/ എന്നാണ് പദപാഠം. ഇവിടെ യോഃ എന്ന ഏകാക്ഷരത്തിന്റെ യകാരം പരമായിട്ടും ഋത എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**7. വൃഷാരവായ വദതേ (10.146.2)**

വൃഷ/രവായ/വദതേ/ എന്നാണ് പദപാഠം. വൃഷ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്ന് സംഹിതയിൽ വൃഷാരവായ എന്ന് പ്രയോഗിച്ചിരിയ്ക്കുന്നു.

**8. തുവിക്ഷം തേ സുകൃതം സൂമയം ധനുഃ (8.77.11)**

തുവി/ക്ഷം/തേ/സു/കൃതം/സു/മയം/ധനുഃ/ എന്നാണ് പദപാഠം. ഇവിടെ മയ എന്നു പരമായ സു എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**9. വഹിഷ്ഠയോ ശതാവന്നശ്വയോരാ (6.47.9)**

വഹിഷ്ഠയോഃ/ശത/വൻ/അശ്വയോഃ/ആ/ എന്നാണ് പദപാഠം. ഇവിടെ ശത എന്നതിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്ന് ശതാവൻ എന്നായിരിയ്ക്കുന്നു.

**10. ഉഷാസാനക്താ ജഗതാമപീജുവാ (2.31.5)**

ഉഷാസാനക്താ/ജഗതാം/അപീ/ജൂവാ/ എന്ന് പദപാഠം. ഇവിടെ അപി എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന്

പ്ലുതി വന്നിരിയ്ക്കുന്നു.

ഉഷാസാനക്താ=ഉഷസ്സും രാത്രിയും; അപീജുവാ=പ്രേരിപ്പിയ്ക്കുന്നവൻ.

**11. അപരീവൃതോ വസതി പ്രചേതാഃ (2.10.3)**

അപരി*f*വൃതഃ/വസതി/പ്ര*f*ചേതാഃ/ എന്നാണ് പദപാഠം. ഇവിടെ അപരി എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**12. ഇത്ഥാ സൃജാനാ അനപാവൃദർത്ഥം (6.32.5)**

ഇത്ഥാ/സൃജാനാഃ/അനപ*f*വൃത്/അർത്ഥം. എന്നാണ് പദപാഠം. ഇവിടെ അനപ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**11. ഇന്ദ്രാവതഃ സോമാവതീമവായതീ**
**ദീർഘാധിയോമിത്രായുധോ രഥീതരഃ ।**
**അന്നാവൃധം വിശ്വാപുഷം വസൂജുവം**
**വിശ്വാഭുവേ യജ്ഞായതേ ഘൃതാവൃധാ ॥**

ഇന്ദ്രാവതഃ, സോമാവതീം, അവായതീ, ദീർഘാധിയഃ, അമിത്രായുധഃ, രഥീതരഃ, അന്നാവൃധം, വിശ്വാപുഷം, വസൂജുവം, വിശ്വാഭുവേ, യജ്ഞായതേ, ഘൃതാവൃധാ എന്നിവയുടേയും പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവരുന്നു.

**ഉദാഹരണങ്ങൾ**

**1. ഋജിപ്യ ഈമിന്ദ്രാവതോ ന ഭുജ്യും (4.27.4)**

ഋജിപ്യഃ/ഈം/ഇന്ദ്ര*f*വതഃ/ന/ഭുജ്യും/ എന്നാണ് പദപാഠം. ഇന്ദ്ര എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2. അശ്വാവതീം സോമാവതീം (10.97.7)**

അശ്വ*f*വതീം/സോമ*f*വതീം/ എന്ന് പദപാഠം. സോമ എന്ന പൂർവ്വപദത്തിന് പ്ലുതിവന്ന് സംഹിതയിൽ സോമാവതീം എന്നായിരിയ്ക്കുന്നു.

(അശ്വാവതി, സോമാവതി തുടങ്ങിയവ ഓഷധികളാണെന്ന് സായണൻ വ്യാഖ്യാനത്തിൽ പറയുന്നുണ്ട്. ഈ സൂക്തം ഓഷധിസൂക്തമാണ്. അഥർവ്വനാണ് ഋഷി)

**3. കന്യാവാരവായതീ (8.91.1)**

കന്യാ/വാഃ/അവ*f*യതീ/ എന്നാണ് പദപാഠം. അവ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

(അത്രിയുടെ പുത്രിയായ അപാലയാണ് ഈ സൂക്തത്തിന്റെ ഋഷി)

**4. ദീർഘാധിയോ രക്ഷമാണാ അസുര്യം (2.27.4)**

ദീർഘ/fധിയഃ/രക്ഷമാണാഃ/അസുര്യം/ എന്നു പദപാഠം. ദീർഘ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. അമിത്രായുധോ മരുതാമിവ പ്രയാഃ (3.29.15)**

അമിത്ര/fയുധഃ/മരുതാം/fഇവ/പ്ര/fയാഃ/ എന്നാണ് പദപാഠം. ഇവിടെ അമിത്ര എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. അമിത്രായുധഃ=ശത്രുക്കളുമായി യുദ്ധം ചെയ്യുന്ന.

**6. നകിഷ്ട്വദ്രഥീതരഃ (1.84.6)**

നകിഃ/ത്വത്/രഥി/fതരഃ/ എന്നാണ് പദപാഠം. രഥി എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (രഥീതരഃ=(ഏറ്റവും അധികം) രഥത്തോടുകൂടിയവൻ; നകിഃ=ഇല്ല)

**7. അന്നാവൃധം പ്രതിചരന്ത്യന്നൈഃ (10.1.4)**

അന്ന/fവൃധം/പ്രതി/ചരന്തി/അന്നൈഃ/ എന്നാണ് പദപാഠം. ഇവിടെ അന്ന എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (അന്നാവൃധം=(അന്നസ്യ വർദ്ധകം) അന്നത്തെ വർദ്ധിപ്പിയ്ക്കുന്ന).

**8. പുംസഃ പുത്രാ് ഉത വിശ്വാപുഷം രയിം (1.162.22)**

പുംസഃ/പുത്രാൻ/ഉത/വിശ്വ/fപുഷം/രയിം/ എന്നാണ് പദപാഠം. ഇവിടെ വിശ്വ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**9. വസവാനം വസൂജുവം (8.99.8)**

വസവാനം/വസു/fജുവം/എന്നാണ് പദപാഠം. വസു എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**10. അർചാ വിശ്വാനരായ വിശ്വാഭുവേ (10.50.1)**

അർച/വിശ്വാനരായ/വിശ്വ/fഭുവേ/ എന്നാണ് പദപാഠം. വിശ്വഭുവേ എന്നതിന്റെ പൂർവ്വപദമായ വിശ്വ എന്നതിന് സംഹിതയിൽ പ്ലുതി വന്ന് വിശ്വാഭുവേ എന്നായിരിയ്ക്കുന്നു.

**11. യജ്ഞായതേ വാ പശുഷഃ (5.41.1)**

യജ്ഞ/fയതേ/വാ/പശു/fസഃ/ എന്നാണ് പദപാഠം. യജ്ഞ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരി

യ്ക്കുന്നു.

**12. ഘൃതശ്രിയാ ഘൃതപൃചാ ഘൃതാവൃധാ (6.70.4)**

ഘൃത*f*ശ്രിയാ/ഘൃത*f*പൃചാ/ഘൃത*f*വൃധാ/ എന്നാണ് പദപാഠം. ഇവിടെ ഘൃത എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവന്ന് ഘൃതാവൃധാ എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു. (ഘൃതം=ജലം)

**12. സുമ്നായന്നിന്മിത്രായുവ ഋഷീവോ ദേവാവാന്ദിവഃ I**
**ഏവാവദസ്യ ക്ഷേത്രാസാ മൃതാവ്നേ സദനാസദേ II**

സുമ്നായന്നിത്, മിത്രായുവഃ, ഋഷീവഃ, ദേവാവാൻ ദിവഃ, ഏവാവദസ്യ, ക്ഷേത്രാസാം, ഋതാവ്നേ, സദനാസദേ എന്നീ പദങ്ങളുടെ പൂർവ്വപദത്തിന്റെ അന്ത്യസ്വരത്തിന് പ്ലുതിവരും.

'ഇത്' എന്നു പരമായിട്ടുള്ള സുമ്നയൻ എന്ന പദത്തിന്റെ പൂർവ്വത്തിലുള്ള സുമ്ന എന്നതിനും മിത്രായുവ എന്ന പദത്തിലെ പൂർവ്വത്തിലുള്ള മിത്ര എന്നതിനും ഋഷിവഃ എന്നതിലെ പൂർവ്വത്തിലുള്ള ഋഷി എന്നതിനും ദിവഃ എന്ന പദം പരമായി വരുന്ന ദേവവാൻ എന്ന പദത്തിലെ ദേവ എന്നതിനും, ഏവവദസ്യ എന്ന പദത്തിലെ പൂർവ്വത്തിലുള്ള ഏവ എന്നതിനും ക്ഷേത്രസാം എന്ന പദത്തിലെ ക്ഷേത്ര എന്നതിനും ഋതവ്നേ എന്ന പദത്തിന്റെ പൂർവ്വത്തിലുള്ള ഋത എന്നതിനും സദനസദേ എന്നതിന്റെ പൂർവ്വത്തിലുള്ള സദന എന്നതിനും അന്ത്യസ്വരപ്ലുതി സംഭവിയ്ക്കുന്നു എന്ന് താത്പര്യം.

**ഉദാഹരണങ്ങൾ**

**1. സുമ്നായന്നിദ്വിശോ അസ്മാകം (1.114.3)**

സുമ്ന*f*യൻ/ഇത്/വിശഃ/അസ്മാകം/ എന്നാണ് പദപാഠം. ഇവിടെ ഇത് എന്നു പരമായ സുമ്നയൻ എന്ന പദത്തിലെ പൂർവ്വത്തിലുള്ള സുമ്ന എന്നതിന് സംഹിതയിൽ ദിർഘം വന്നിരിയ്ക്കുന്നു.

'ഇത്' എന്നു പരമായിട്ടില്ലെങ്കിൽ സുമ്നയൻ എന്നതിലെ സുമ്ന എന്നതിനു പ്ലുതിവരില്ല.

അർചാമി സുമ്നയന്നഹം (1.138.1)

അർചാമി/സുമ്ന*f*യൻ/അഹം/ എന്നാണ് പദപാഠം. ഇവിടെ സുമ്നയൻ എന്നു കഴിഞ്ഞ് 'ഇത്' എന്ന പദമില്ല. അതിനാൽ സുമ്ന എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല.

**2. മിത്രായുവോ ന പൂർപതിം (1.173.10)**

മിത്ര*f*യുവഃ/ന/പൂഃ*f*പതിം/ എന്നാണ് പദപാഠം.

ഇവിടെ മിത്രയുവഃ എന്ന പദത്തിലെ പൂർവ്വത്തിലുള്ള മിത്ര എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

മിത്രായുവോ ന=ഹിതൈഷികളെപ്പോലെ.

**3. ശിപ്രിന്നൃഷീവഃ ശചീവഃ (8.2.28)**

ശിപ്രിൻ/ഋഷി*f*വഃ/ശചീ*f*വഃ/എന്നാണ് പദപാഠം. ഇവിടെ ഋഷിവഃ എന്ന പദത്തിൽ ഋഷി എന്നതിന് പ്ലുതിവന്ന് ഋഷീവഃ എന്നായിരിയ്ക്കുന്നു. (ശിപ്രം=ശിരസ്ത്രാണം (തൊപ്പി മുതലായത്)ശിപ്രേ എന്ന് ദ്വിവചനമാണെങ്കിൽ താടിയെല്ല് (ഹനു) എന്നോ നാസിക എന്നോ അർത്ഥം പറയാം)- ശിപ്രി=ശിപ്രത്തോടു കൂടിയവൻ.

ഋഷി എന്നതിന് സ്തോതാവ് എന്നും ശചി എന്നതിന് ശക്തി എന്നും അർത്ഥമുണ്ട്. വഃ എന്ന പ്രത്യയം വേദത്തിൽ മതുപിന്റെ അർത്ഥത്തിൽ പ്രയോഗിയ്ക്കാറുണ്ട്. അതിനാൽ ഋഷീവഃ എന്നതിന് സ്തോതാക്കളുള്ളവൻ എന്നും ശചീവഃ എന്നതിന് ശക്തിയുള്ളവൻ എന്നും അർത്ഥം.

**4. സോമം ഭരദ്ദാദൃഹാണോ ദേവാവാന്ദിവഃ (4.26.6)**

സോമം/ഭരത്/ദദൃഹാണഃ/ദേവ*f*വാൻ/ദിവഃ/ എന്നാണ് പദപാഠം. ഇവിടെ ദിവഃ എന്ന പദം പരമായിട്ടുള്ള ദേവവാൻ എന്ന പദത്തിലെ ദേവ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

ദിവഃ എന്ന പദം പരമായിട്ടില്ലെങ്കിൽ ദേവവാൻ എന്ന പദത്തിലെ ദേവ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതിവരില്ല.

സ ഗൃണാനോ അദ്ഭിർദേവവാനിതി (10.61.26)

സഃ/ഗൃണാനഃ/അദ്ഭിഃ/ദേവ*f*വാൻ/ഇതി/ എന്നാണ് പദപാഠം. ഇവിടെ ഇതി എന്ന പദമാണ് ദേവവാൻ എന്നു കഴിഞ്ഞുവരുന്നത്. അതിനാൽ പ്ലുതി വരുന്നില്ല.

**5. ഏവാവദസ്യ യജതസ്യ (5.44.10)**

ഏവ*f*വദസ്യ/യജതസ്യ/എന്നാണ് പദപാഠം. ഇവിടെ ഏവ എന്ന പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**6. ക്ഷേത്രാസാം ദദഥുരുർവ്വരാസാം (4.38.1)**

ക്ഷേത്ര*f*സാം/ദദഥുഃ/ഉർവ്വരാ*f*സാ/എന്നാണ് പദപാഠം. ഇവിടെ ക്ഷേത്ര എന്നുള്ളതിന് പ്ലുതി വന്നിരിയ്ക്കുന്നു.

**7. ഋതാവ്നേ ബൃഹതേ ശുക്രശോചിഷേ (8.103.8)**

ഋത*f*വ്നേ/ബൃഹതേ/ശുക്ര*f*ശോചിഷേ/ എന്നാണ് പദപാഠം. ഇവിടെ ഋതവ്നേ എന്ന പദത്തിന്റെ പൂർവ്വത്തിലുള്ള ഋത എന്ന തിന്റെ അന്ത്യത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

(ഋത എന്ന പദത്തിന് സത്യം യജ്ഞം തുടങ്ങി പല അർത്ഥ ങ്ങളിലും വേദത്തിൽ പ്രയോഗമുണ്ട്. ഋതാവാ എന്നതിന് യജ്ഞ വാൻ, സത്യവാൻ തുടങ്ങിയ അർത്ഥങ്ങൾ പറയാം. അതിന്റെ ച തുർത്ഥീവിഭക്ത്യന്തമാണ്. ഋതാവ്നേ എന്നത്)

**8. ദേവായ സദനാസദേ (9.98.10)**

ദേവായ/സദന*f*സദേ/ എന്നാണ് പദപാഠം. ഇവിടെ സദന സദേ എന്ന പദത്തിന്റെ പൂർവ്വപദമായ സദന എന്നതിന്റെ അന്ത്യ ത്തിലുള്ള സ്വരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (സദനസദേ=യ ജ്ഞഗൃഹത്തിൽ)

**13. പദേഷ്വന്തരനിങ്ഗ്യേഷു പ്ലുതിഃപദ്യേഷു ചോത്തരാ ।**
**വൃഷസ്വ വന്ഥ വൃധ്വാംസം വാതാ വാതുർവനോ വൃതുഃ ॥**

**14. വൃതേ വൃഷാണാ വൃഷാണോ വൃജേവന്ധി മൃജുർമൃശുഃ ।**
**മൃജേ മൃജീത വാനൈഷാം വമേതി സദൃശാദിഷു ॥**

ഇങ്ഗ്യം=അവഗ്രഹത്തോടുകൂടിയത്; അനിങ്ഗ്യം=അവഗ്രഹ മില്ലാത്തത്; അവഗ്രഹചിഹ്നമിട്ട് വേർതിരിയ്ക്കപ്പെടാത്തത്.

13-ാമത്തെ കാരികയിൽ പൂർവ്വാർദ്ധത്തിന്റെ അർത്ഥം ഇ താണ്:-

അവഗ്രഹമില്ലാത്ത പദങ്ങളിലും അവഗ്രഹത്തോടുകൂടിയ പ ദാവയവങ്ങളിലും ഒരു പദത്തിന്റെ ഉള്ളിൽത്തന്നെ ഇനി പറയാൻ പോകുന്ന പ്ലുതി വരും. (പൂർവ്വപദത്തിന്റെ അന്ത്യത്തിലുള്ള സ്വര ത്തിന് എന്നത് പിൻവലിയ്ക്കപ്പെട്ടു)

വകാരമകാരങ്ങൾക്കാണ് ഇവിടെ പ്ലുതി വിധിയ്ക്കുന്നത്. (വ കാരമകാരങ്ങൾക്ക് എന്നു പറഞ്ഞാൽ വ്, മ് എന്നീ വ്യഞ്ജനാം ശം കഴിഞ്ഞുവരുന്ന സ്വരത്തിന് എന്നർത്ഥം. പ്ലുതി സ്വരത്തിന ല്ലേ വരികയുള്ളൂ?)

13-ാം കാരികയിലെ ഉത്തരാർദ്ധത്തിലും 14-ാം കാരികയി ലും ഉള്ള പദങ്ങൾ പരമായി വരുമ്പോഴാണ് പ്ലുതി വരിക. വകാ രത്തിൽ തുടങ്ങുന്ന പദം പരമാവുമ്പോൾ വകാരത്തിനും മകാര ത്തിൽ തുടങ്ങുന്ന പദം പരമാവുമ്പോൾ മകാരത്തിനും പ്ലുതിവരും.

വൃഷസ്വ, വന്ഥ, വൃധ്വാംസം, വാതാ, വാതുഃ, വനഃ, വൃതേ, വൃഷാണാ, വൃഷാണഃ, വൃജേ, വന്ധി, മൃജുഃ, മൃശുഃ, മൃജേ, മൃ

ജീത, വാന എന്നീ പദങ്ങളാണ് പരമായി വരേണ്ട പദങ്ങൾ.

വൃഷസ്വ തുടങ്ങി വകാരാദിയായ പദം പരമാകുമ്പോൾ വകാരത്തിനും മൃജുഃ തുടങ്ങിയ മകാരാദിയായ പദങ്ങൾ പരമാവുമ്പോൾ മകാരത്തിനും പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. ഉദ്വാവൃഷസ്വ മഘവൻ (8.61.7)**

ഉത്/വവൃഷസ്വ/മഘfവൻ/ എന്നാണ് പദപാഠം. ഇവിടെ വവൃഷസ്വ എന്ന പദം അനിങ്ഗ്യമാണ്. വൃഷസ്വ എന്നു പരമായതിനാൽ വ എന്നതിന് പ്ലുതി വന്ന് വാവൃഷസ്വ എന്ന് സംഹിതയിൽ പ്രയോഗം. പദമദ്ധ്യത്തിലാണ് പ്ലുതി.

**2. യദ്വാവന്ഥ പുരുഷ്ടുത (8.66.5)**

യത്/വവന്ഥ/പുരുfസ്തുത/ എന്നാണ് പദപാഠം. ഇവിടെ വവന്ഥ എന്ന അനിങ്ഗ്യമായ പദത്തിൽ വന്ഥ എന്ന് പരമായതിനാൽ വകാരത്തിന് പ്ലുതി വന്ന് വാവന്ഥ എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**3. വാവൃധ്വാംസം ചിദദ്രിവഃ (8.98.8)**

വവൃദ്ധ്വാംസം/ചിത്/അദ്രിവഃ/ എന്നാണ് പദപാഠം. ഇവിടെ വവൃദ്ധ്വാംസം എന്ന അനിങ്ഗ്യമായ പദത്തിൽ വൃദ്ധ്വാംസം എന്നു പരമായ്തിനാൽ വകാരത്തിന് പ്ലുതിവന്ന് സംഹിതയിൽ വാവൃദ്ധ്വാംസം എന്ന് പ്രയോഗിച്ചിരിയ്ക്കുന്നു.

**4. ഉപബ്രഘ്നം വാവാതാ വൃഷണാ (8.4.14)**

ഉപ/ബ്രഘ്നം/വവാത/വൃഷണാ/ എന്നാണ് പദപാഠം. വവാതാ എന്നതിൽ വാതാ എന്നു പരമായതിനാൽ വ എന്നതിന് പ്ലുതിവന്ന് വാവാതാ എന്നായിരിയ്ക്കുന്നു.

**5. വാ വാതുഃ സഖ്യുരാഗഹി (8.1.16)**

വവാതുഃ/സഖ്യുഃ/ആ/ഗഹി/ എന്നാണ് പദപാഠം. ഇവിടെ വവാതുഃ എന്ന പദത്തിൽ വാതുഃ എന്ന് പരമായി വന്നതിനാൽ വകാരത്തിന് പ്ലുതിവന്ന് വാവാതുഃ എന്നായിരിയ്ക്കുന്നു സംഹിതയിൽ.

**6. വിശ്വാ ചക്രേവ വാവൃതുഃ (4.30.2)**

വിശ്വാ/ചക്രാfഇവ/വവൃതുഃ/ എന്നാണ് പദപാഠം. അവഗ്രഹമില്ലാത്ത വവൃതു എന്ന പദത്തിൽ വൃതുഃ എന്ന് പരമായതിനാൽ വ എന്നതിന് പ്ലുതിവന്ന് സംഹിതയിൽ വാവൃതുഃ എന്നായി. (വവൃതുഃ=വർത്തിയ്ക്കുന്നു (ഉണ്ട്)

**7. യേനേന്ദ്രോ അഭിവാവൃതേ (10..174.1)**

യേന/ഇന്ദ്രഃ/അഭി/വവൃതേ/ എന്നാണ് പദപാഠം. ഇവിടെ അഭിവവൃതേ എന്നത് അവഗ്രഹമുള്ള പദമാണ്. ആ പദത്തിൽ വവൃതേ എന്നതിൽ വൃതേ എന്നു പരമായതിനാൽ വകാരത്തിന് പ്ലുതിവന്ന് സംഹിതയിൽ അഭിവാവൃതേ എന്നായിരിയ്ക്കുന്നു.

**8. മഹോ വാജസ്യ സാതൌ വാവൃഷാണാഃ (6.26.1)**

മഹഃ/വാജസ്യ/സാതൌ/വവൃഷാണാഃ/എന്നാണ് പദപാഠം. ഇവിടെ അനിങ്ഗ്യമായ വവൃഷാണാഃ എന്ന പദത്തിൽ വൃഷാണാഃ എന്നു പരമായതിനാൽ വകാരത്തിന് പ്ലുതി വന്ന് സംഹിതയിൽ വാവൃഷാണാഃ എന്നായിരിയ്ക്കുന്നു.

**9. ഉദ്വാവൃഷാണോ രാധസേ (4.29.3)**

ഉത്/വവൃഷാണഃ/രാധസേ/ എന്നാണ് പദപാഠം. ഉത്വവൃഷാണഃ എന്നത് അവഗ്രഹത്തോടുകൂടിയ പദമാണ്. അതിൽ വവൃഷാണഃ എന്നതിൽ വൃഷാണഃ എന്ന് പരമായതിനാൽ വകാരത്തിന് ദീർഘം വന്ന് വാവൃഷാണഃ എന്നായി. (വാവൃഷാണഃ=സേചനം ചെയ്യപ്പെടുന്ന).

എട്ടാമത്തെ ഉദാഹരത്തിൽ വൃഷാണാഃ എന്ന് ബഹുവചനവും ഒൻപതാമത്തേതിൽ വൃഷാണഃ എന്ന് ഏകവചനവുമാണ്. അതിനാലാണ് വേറെവേറെ പറയപ്പെട്ടത്)

**10. പ്രവാവൃജേ സുപ്രയാ ബർഹിഃ (7.39.2)**

പ്ര/വവൃജേ/സു/പ്രയാഃ/ബർഹിഃ/ എന്ന് പദപാഠം. വവൃജേ എന്ന പദത്തിൽ വൃജേ എന്നു പരമായതിനാൽ വകാരത്തിനു പ്ലുതിവന്ന് വാവൃജേ എന്നായിരിയ്ക്കുന്നു.

**11. വാവന്ധി യജ്യൂँരുത തേഷു ധേഹി (5.31.13)**

വവന്ധി/യജ്യൂൻ/ഉത/തേഷു/ധേഹി/ എന്നാണ് പദപാഠം. വവന്ധി എന്ന പദം അവഗ്രഹമില്ലാത്തതാണ്. ഇവിടെ വന്ധി എന്നു പരമായതിനാൽ വകാരത്തിന് പ്ലുതിവന്ന് സംഹിതയിൽ വാവന്ധി എന്നായിരിയ്ക്കുന്നു. (യജ്യു=യജമാനൻ)

**12. വശം ദേവാ സസ്തന്വീനി മാമൃജുഃ (10.66.9)**

വശം/ദേവാസഃ/തന്വി/നി/മമൃജുഃ/ എന്നാണ് പദപാഠം. ഇവിടെ മമൃജുഃ എന്ന പദം അവഗ്രഹരഹിതമാണ്. മൃജുഃ എന്നു പരമായതിനാൽ മകാരത്തിന് പ്ലുതി വന്ന് സംഹിതയിൽ മാമൃജുഃ എന്നായിരിയ്ക്കുന്നു.

**13. വിപ്രാസഃ പരിമാമൃശുഃ (8.9.3)**

വിപ്രാസഃ/പരി/മമൃശുഃ/ എന്നാണ് പദപാഠം. പരിമാമൃശുഃ എന്ന് അവഗ്രഹത്തോടുകൂടിയ പദമാണ്. അതിൽ മാമൃശുഃ എ

ന്ന പദത്തിൽ മൃശുഃ എന്ന് പരമായതിനാൽ അതിന്റെ അവയവ മായ മകാരത്തിന് പ്ലുതിവന്ന് സംഹിതയിൽ മാമൃശുഃ എന്നായി. (പരിമമൃശുഃ=അനുഷ്ഠിയ്ക്കുന്നു)

**14. നിമാമൃജേ പുര ഇന്ദ്ര സു സർവാഃ (7.26.3)**

നി/മമൃജേ/പുരഃ/ഇന്ദ്രഃ/സു/സർവാഃ/ എന്നാണ് പദപാഠം. ഇ വിടെ മമൃജേ എന്ന പദം അവഗ്രഹരഹിതമാണ്. മൃജേ എന്നു പ രമായതിനാൽ മകാരത്തിന് പ്ലുതിവന്ന് സംഹിതയിൽ മാമൃജേ എന്നായിരിയ്ക്കുന്നു.

**15. വി സാതയേ തന്വം മാമൃജീത (7.95.3)**

വി/സാതയേ/തന്വം/മമൃജീത/എന്നാണ് പദപാഠം. ഇവിടെ മമൃജീത എന്ന പദം അവഗ്രഹരഹിതമാണ്. മൃജീത എന്നു പരമാ യതിനാൽ മകാരത്തിനു പ്ലുതിവന്ന് മാമൃജീത എന്നായിരിയ്ക്കു ന്നു. (മമൃജീത=സംസ്കരിയ്ക്കുന്നു;ശുദ്ധീകരിയ്ക്കുന്നു)

**16. യദ്വാവാന പുരുതമം പുരാഷാട് (10.74.6)**

യത്/വവാന/പുരുƒതമം/പുരാഷാട്/ എന്നാണ് പദപാഠം. വ വാന എന്ന പദം അവഗ്രഹശൂന്യമാണ്. വാന എന്നു പരമായതി നാൽ വകാരത്തിനു പ്ലുതിവന്ന് വാവാന എന്നായി. (വവാന=കൊ ല്ലുന്നു; കീഴ്പ്പെടുത്തുന്നു)

അനിങ്ഗ്യങ്ങളായ (അവഗ്രഹംകൊണ്ട് വേർതിരിയ്ക്കപ്പെടാ ത്ത) പദങ്ങൾ എന്നു പറഞ്ഞതിനാൽ അവഗ്രഹംകൊണ്ട് വേർതി രിയ്ക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിൽ ഒരു പദത്തിനെ നിമിത്തമാക്കി പ്ലുതിവരില്ല. സം തേ ശസ്തിർ ദേവവാതാ ജരേത (4.3.15)– സം/ തേ/ശസ്തിഃ/ദേവƒവാതാ/ജരേത/ എന്നാണ് പദപാഠം. ഇവിടെ ദേവ എന്ന പദവും വാതാ എന്ന പദവും അവഗ്രഹംകൊണ്ട് വേർതിരിച്ചിട്ടുണ്ട്. അതിനാൽ ദേവ എന്നതിലെ വകാരത്തിന് പ്ലു തി വരുന്നില്ല.

വകാരത്തിൽനിന്ന് വകാരവും, മകാരത്തിൽനിന്ന് മകാരവും പരമായാൽ മാത്രമേ വകാരമകാരങ്ങൾക്ക് പ്ലുതിവരികയുള്ളൂ. വ കാരത്തിൽനിന്ന് മകാരം പരമായാലോ, മകാരത്തിൽനിന്ന് വകാ രം പരമായാലോ പ്ലുതി വരില്ല. അതുകൊണ്ടാണ് 'സദൃശാസി ഷു' എന്നു പറഞ്ഞത്.

**15. സാഹേത്യാദിഃ പൂർവ്വപദോപധഃ സൻ**
**ഏകാക്ഷര ചർഷണി ധന്വവർജം ।**
**ന തു പാദസ്യാഷ്ടിനോന്തം ഗതസ്യ**
**ന ദ്വാദശിനോƒനഭിമാതി പൂർവ്വഃ ॥**

ഒരക്ഷരം മാത്രമുള്ള പദമോ, ചർഷണി, ധന്വ എന്നീ പദങ്ങളോ അല്ലാത്ത ഒരു പൂർവ്വപദത്തോടുകൂടിയ 'സഹ്' എന്നതിന്റെ സകാരം കഴിഞ്ഞുള്ള അകാരത്തിന് പ്ലുതിവരും. എന്നാൽ എട്ടക്ഷരങ്ങളുള്ള പാദത്തിൽ അവസാനം വരുന്ന 'സഹ്' എന്നതിന്റെ അകാരത്തിന് പ്ലുതി വരികയില്ല. അഭിമാതി എന്ന പദം പൂർവ്വത്തിലില്ലാത്ത പന്ത്രണ്ടക്ഷരങ്ങളുള്ള പാദത്തിൽ അന്ത്യത്തിലുള്ള സഹ് എന്നതിന്റെ അകാരത്തിനും പ്ലുതി വരികയില്ല.

**ഉദാഹരണങ്ങൾ**

**1. വിശ്വാസാഹമവസേ നൂതനാ യോഗ്രം (3.47.5)**

വിശ്വ/സഹം/അവസേ/നൂതനായ/ഉഗ്രം/ എന്നാണ് പദപാഠം. വിശ്വ എന്ന പൂർവ്വപദത്തോടുകൂടിയ സഹ് എന്ന ധാതുവിന്റെ ഒരു രൂപമാണ് വിശ്വസഹ എന്ന പദത്തിലെ സഹ എന്നത്. 'വിശ്വവിഭ..... യജ്ഞേതിസഹതൌ' (9/1) എന്ന പ്രാതിശാഖ്യകാരികാഭാഗമനുസരിച്ച് വിശ്വ എന്നതിന് പ്ലുതിവന്ന് വിശ്വാസഹ എന്നായി. സഹേത്യാദിഃ പൂർവ്വപദോപധഃ സൻ (9/5) എന്ന കാരികാഭാഗമനുസരിച്ച് സകാരം കഴിഞ്ഞുള്ള അകാരത്തിനും പ്ലുതിവന്ന് വിശ്വാസാഹം എന്ന് സംഹിതയിൽ പ്രയോഗം. (വിശ്വാസഹം =(പ്രതിപക്ഷമായ)എല്ലറ്റിനേയും നിഷ്പ്രഭമാക്കുന്ന)

പൂർവ്വപദത്തിന്റെ ഉപധയായി 'സഹ്' എന്നത് വന്നാൽ മാത്രമേ (അതായത് സഹ് എന്നതിന്റെ പൂർവ്വം ഒരു പദം ഉണ്ടായാൽ മാത്രമേ) സഹ് എന്നതിന് പ്ലുതി വരുള്ളൂ.

'അഷാള്ഹായ സഹമാനായ വേധസേ' (2.21.2) ഇവിടെ പൂർവ്വപദമില്ലാത്തതിനാൽ പ്ലുതി വരുന്നില്ല. പൂർവ്വമുള്ള പദം ഏകാക്ഷരത്തിലുള്ളതോ, ചർഷണി, ധന്വ എന്നിവയോ ആണെങ്കിലും പ്ലുതി വരില്ല.

പ്രാസഹാ സമ്രാട് സഹുരിം (8.46.20)- പ്ര/സഹാ/സം/രാട്/സഹുരിം/ എന്നാണ് പദപാഠം. പ്രസഹാ എന്ന പദത്തിൽ സഹാ എന്നതിന്റെ പൂർവ്വം പ്ര എന്ന ഏകാക്ഷരപദമായതിനാൽ സാഹ എന്ന് പ്ലുതി വരുന്നില്ല. പ്ര എന്നതിനാകട്ടെ പ്ര ചാപ്ലുതേ എന്നതനുസരിച്ച് പ്ലുതി വരും. അങ്ങനെ പ്രാസഹാ എന്ന് സംഹിതയിൽ പ്രയോഗം.

**ഗാം ന ചർഷണീസഹം (8.1.2)**

ഗാം/ന/ചർഷണി/സഹം/ എന്നാണ് പദപാഠം. ഇവിടെ ചർഷണി എന്ന പദം പൂർവ്വത്തിലുള്ളതിനാൽ സഹ എന്നതിന് പ്ലുതി വരുന്നില്ല. 'കവർദു ധാന്യമിഥു ചർഷണി.... യഥോദയം ച' (9/3)

എന്ന കാരികാഭാഗമനുസരിച്ച് ചർഷണി എന്ന പദത്തിന് ഏതു പദം പരമായാലും പ്ലുതി വരും. അതിനാൽ ഇകാരത്തിന് പ്ലുതി വന്ന് ചർഷണീസഹം എന്നാണ് സംഹിതയിൽ പ്രയോഗം വരുന്നത്. (ചർഷണീസഹം=ശത്രുക്കളെ അഭിഭവിയ്ക്കുന്ന)

ധന്വ എന്ന പദം പൂർവ്വത്തിലുള്ള സഹ എന്നതിനും പ്ലുതി വരില്ല.

ധന്വാസഹാ നായതേ (1.127.3)-ധന്വ/*f*സഹാ/നായതേ/ എന്നാണ് പദപാഠം. ഇവിടെ ധന്വ എന്ന പദം പരമായതിനാൽ സഹ എന്നതിന് പ്ലുതി വരുന്നില്ല. സഹ എന്നത് പരമാകുമ്പോൾ വിശ്വ, വിഭ്വ, ധന്വ തുടങ്ങിയവയ്ക്ക് പ്ലുതിവരുമെന്ന് വിധിച്ചിട്ടുള്ളതിനാൽ ധന്വ എന്നതിന് പ്ലുതി വന്ന് ധന്വാസഹാ എന്നാവുന്നു. (ധന്വാസഹഃ=ധാനുഷ്കൻ)വില്ലാളി).

എട്ടക്ഷരമുള്ള പാദത്തിന്റെ അന്ത്യത്തിൽ വരുന്ന സഹ് എന്നുള്ളതിന് (സകാരം കഴിഞ്ഞുള്ള അകാരത്തിന്) പ്ലുതി വരില്ല.

തം വോ ദസ്മമൃതീഷഹം (8.88.1)- തം/വഃ/ദസ്മം/ഋതി*f*സഹം/ എന്നാണ് പദപാഠം. ഇത് എട്ടക്ഷരമുള്ള പാദമാണ്. സഹ് എന്നത് അന്ത്യത്തിലാണ് വരുന്നത്. അതിനാൽ സഹ് എന്നുള്ളതിന് പ്ലുതി വരുന്നില്ല. 'വിശ്വ വിഭ്വ ധന്വരഥർതി.....' എന്ന കാരികകൊണ്ട് സഹ് ധാതുവിന്റെ രൂപങ്ങൾ പരമാവുമ്പോൾ വിഭ്വ തുടങ്ങിയ പദങ്ങൾക്ക് വിധിച്ച പ്ലുതി ഋതി എന്ന പദത്തിനും വരും; ഋതി എന്നത് വിഭ്വ തുടങ്ങിയവയിൽ പെട്ടതാണല്ലോ. സകാരത്തിന് ഷകാരവും (നതി) വന്ന് ഋതീഷഹം എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു. (ഋതി=എതിരാളി. ഋതീഷഹ=എതിർത്തുവരുന്നവരെ നിഷ്പ്രഭരാക്കുന്ന)

എട്ടക്ഷരങ്ങളല്ലാത്ത പാദങ്ങളിൽ അന്ത്യത്തിൽ വന്നാലും സഹ് എന്നതിന് പ്ലുതി വരും.

സഹസ്രവാജമഭിമാതിഷാഹം (10.104.7). ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പാദത്തിൽ 11 അക്ഷരങ്ങളുണ്ട്. പാദത്തിന്റെ അന്ത്യത്തിലാണ് സഹ് എന്ന ധാതുവിന്റെ ഒരു രൂപമായ സഹം എന്നു വന്നിട്ടുള്ളത്. എങ്കിലും പ്ലുതിവന്ന് ഷത്വവും വന്ന് അഭിമാതിഷാഹം എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു. സഹസ്ര*f*വാജം/അഭിമാതി*f*സഹം/ എന്നാണ് പദപാഠം.

എട്ടക്ഷരമുള്ള പാദത്തിൽ അന്ത്യത്തിൽ വന്നാൽ മാത്രമേ സഹ് എന്നതിന് പ്ലുതി വരാതിരിയ്ക്കുകയുള്ളൂ.

യജ്ഞാ സാഹം ദുവ ഇഷേ (10.20.7)- യജ്ഞ*f*സഹം/ദുവഃ/

ഇഷേ/ എന്നാണ് പദപാഠം. ഇത് എട്ടക്ഷരമുള്ള പാദമാണ്. എങ്കിലും യജ്ഞസഹം എന്നത് പാദത്തിന്റെ അന്ത്യത്തിലല്ലാത്തതിനാൽ പ്ലുതിവന്ന് യജ്ഞാസാഹം എന്നായിരിയ്ക്കുന്നു.

പന്ത്രണ്ടക്ഷരങ്ങളുള്ള പാദത്തിൽ അവസാനത്തിൽ വരുന്ന സഹ് എന്നതിന് അഭിമാതിയല്ലാത്ത പൂർവ്വപദമാണെങ്കിൽ പ്ലുതി വരികയില്ല.

സത്രാസാഹോ ജനഭക്ഷോ ജനംസഹഃ (2.21.3)- സത്രാ*f*സഹഃ/ജന*f*ഭക്ഷഃ/ജനം*f*സഹഃ/ എന്നാണ് പദപാഠം. പന്ത്രണ്ടക്ഷരങ്ങളുള്ള പാദത്തിന്റെ അന്ത്യത്തിലുള്ള സഹ് എന്നതിന് അഭിമാതി എന്ന പൂർവ്വപദമില്ലാത്തതിനാൽ പ്ലുതി വരുന്നില്ല.

പാദത്തിൽ 12 അക്ഷരമല്ലെങ്കിൽ അന്ത്യത്തിലുള്ള സഹ് എന്നതിന് അഭിമാതി പൂർവ്വപദമല്ലെങ്കിലും പ്ലുതി വരും.

സതോവീരാ ഉരവോ വ്രാതസാഹാ (6.75.9)

സതഃ*f*വീരാഃ/ഉരവഃ/പ്രാത*f*സഹാഃ/ എന്നാണ് പദപാഠം. ഇത് പതിനൊന്നക്ഷരങ്ങളുള്ള പാദമാണ്. പാദാന്തത്തിലുള്ള സഹ് എന്നതിന്റെ പൂർവ്വപദം അഭിമാതി എന്നല്ല; വ്രാത എന്നാണ്. എങ്കിലും പ്ലുതി വരുന്നു.

12 അക്ഷരങ്ങളുള്ള പാദത്തിൽ അന്ത്യത്തിലുള്ള സഹ് എന്നതിനാണ് അഭിമാതി പൂർവ്വപദമില്ലെങ്കിൽ പ്ലുതി വരാത്തത്. പാദത്തിന്റെ അന്ത്യത്തിൽ അല്ലാത്തിടത്ത് പ്ലുതി വരും.

സത്രാസഹേ നമ ഇന്ദ്രായ വോചത (2.21.2)

സത്രാ*f*സഹേ/നമഃ/ഇന്ദ്രായ/വോചത/ എന്നാണ് പദപാഠം. പന്ത്രണ്ടക്ഷരങ്ങളുള്ള പാദത്തിൽ അന്ത്യത്തിലല്ല സഹ് എന്ന പദം അന്ത്യത്തിലുള്ള പദം വന്നിരിയ്ക്കുന്നത്. അതിനാൽ സഹ് എന്നതിന് പ്ലുതി വന്നിയ്ക്കുന്നു.

ദ്വാദശാക്ഷരങ്ങളുള്ള പാദത്തിൽ അന്ത്യത്തിൽ വരുന്ന സഹ് അഭിമാതിപൂർവ്വമല്ലെങ്കിൽ പ്ലുതി വരില്ല എന്നു പറഞ്ഞതിനാൽ 'അഭിമാതി' പൂർവ്വമുണ്ടെങ്കിൽ അന്ത്യത്തിൽ വന്നാലും പ്ലുതി വരുമെന്ന് സിദ്ധിയ്ക്കുന്നു.

ശ്രുത ഋഷിമുഗ്രമഭിമാതിഷാഹം (10.47.3)- ശ്രുത*f*ഋഷിം/ഉഗ്രം/അഭിമാതി*f*സഹം/ എന്നാണ് പദപാഠം. പന്ത്രണ്ടക്ഷരങ്ങളുള്ള പാദത്തിൽ അന്ത്യത്തിൽവരുന്ന സഹ്, അഭിമാതിപൂർവ്വത്തിലുള്ളതായതിനാൽ പ്ലുതി വന്ന് സാഹ് എന്നായി, സകാരത്തിന് ഷത്വവും വന്ന് സംഹിതയിൽ അഭിമാതിഷാഹം എന്നായിരിയ്ക്കുന്നു.

അഭിമാതി=ശത്രു; അഭിമാതിഷാഹഃ=ശത്രുക്കളെ അമർച്ചചെയ്യുന്ന.

**16. അഭിമാതി നൃപൃതനോപധസ്തു**
**സർവ്വത്ര പരേ പ്ലവതേ യകാരേ ।**
**ശ്രാവയാദീനാമുദയാസ്ത്രിവർണ്ണാഃ**
**പദൈകദേശാ ഇതി താൻ പ്രതീയാത് ॥**

(1). അഭിമാതി, നൃ, പൃതനാ എന്നീ ഉപധകളുള്ള സഹ് എന്നതിന്റെ ആദിയ്ക്ക് യകാരം പരമായാൽ എല്ലായിടത്തും (എട്ടക്ഷരങ്ങളുള്ളതോ പന്ത്രണ്ടക്ഷരങ്ങളുള്ളതോ മാത്രമല്ല) പാദത്തിൽ പ്ലുതിവരും.

(2). ശ്രാവയ മുതലായവയുടെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരും എന്ന് അടുത്ത കാരികയിൽ പറയുന്നുണ്ട്. ഇതിൽ ശ്രാവയ മുതലായവ എന്നതുകൊണ്ട് മൂന്നക്ഷരങ്ങളേയാണ് ഉദ്ദേശിയ്ക്കുന്നത്. ശ്രാവയ മുതലായവ പദത്തിന്റെ ഏകദേശം മാത്രമാണ്. ഇപ്രകാരം ഏകദേശങ്ങളായി ഗ്രഹിയ്ക്കണമെന്ന് പറഞ്ഞതിനാൽ 'ആശ്രാവയ' തുടങ്ങിയ പദങ്ങളിലും ഈ പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**(1). 1 ഇന്ദ്രാഭിമാതിഷാഹ്യേ (3.37.3)**

ഇന്ദ്ര/അഭിമാതി*f*സഹ്യേ/എന്നാണ് പദപാഠം. ഇവിടെ അഭിമാതി എന്ന ഉപധയോടുകൂടിയ (പൂർവ്വപദമുള്ള) സഹ് എന്നതിൽ നിന്ന് യകാരം പരമായതിനാൽ സഹ എന്നതിന്റെ ആദ്യാക്ഷരമായ സകാരത്തിന് (അതായത് അകാരത്തിന്) പ്ലുതിവന്ന് സകാരത്തിനു ഷത്വവും വന്ന് അഭിമാതിഷാഹ്യേ എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**2. നൃഷാഹ്യേ സാസഹ്വാ് അമിത്രാൻ (1.100.5)**

നൃ*f*സഹ്യേ/സ*f*സഹ്വാൻ/അമിത്രാൻ/ എന്നാണ് പദപാഠം. ഇവിടെ നൃ എന്ന ഉപധയോടുകൂടിയ സഹ് എന്നതിൽനിന്നും യകാരം പരമായതിനാൽ സ എന്നതിന് പ്ലുതിവന്ന് ഷത്വവും വന്ന് നൃഷാഹ്യേ എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**3. പൃതനാഷാഹ്യായ ച (3.37.1)**

പൃതനാ*f*സഹ്യായ/ച/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ പൃതന എന്ന ഉപധയോടു കൂടിയ സഹ് എന്നതിന്റെ ആദ്യാക്ഷരത്തിന് യകാരം പരമായതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു.

*Note:* ഇവിടെ ഒരു ചോദ്യം പ്രസക്തമാണ്. അഭിമാതിഷാഹ്യ, നൃഷാഹ്യ, പൃതനാഷാഹ്യ എന്നീ പ്രയോഗങ്ങളുടെ ഉപപ

ത്തിയ്ക്കുവേണ്ടി 'അഭിമാതിനൃപൃതനോപധസ്തു സർവ്വത്ര പ രേ പ്ലവതേ യകാരേ' എന്നിങ്ങനെ വീണ്ടും വിധിയ്ക്കേണ്ട ആവ ശ്യം ഉണ്ടായിരുന്നോ? സഹേത്യാദിഃ പൂർവ്വപദോപധഃ സന്നേകാ ക്ഷര ചർഷണി ധന്വവർജ്ജം (9-15) എന്ന് (ഏകാക്ഷരമായ പൂർവ്വ പദമോ ചർഷണി ധന്വ എന്നോ പൂർവ്വമില്ലാത്ത സഹ് എന്നത് പൂർവ്വപദത്തിന്റെ ഉപധയായി വന്നാൽ പ്ലുതിവരും) എന്ന വിധി കൊണ്ടുതന്നെ ഇവിടെ പ്ലുതി വരാമായിരുന്നില്ലേ? എന്ന്. ഇതി ന്റെ ഉത്തരം ഇതാണ്:- 'ശേഷേ ചാ പഠിതേ സതി' (7-19) എന്ന അധികാരത്തിലാണ് ഇത് വിധിയ്ക്കുന്നത് എന്നതിനാൽ പ്രത്യേ കം എടുത്തു പറഞ്ഞിട്ടില്ലെങ്കിൽ കൂട്ടക്ഷരം പരമാകുന്നിടത്ത് പ്ലു തി വരില്ല. ഇവിടെ മൂന്നിടങ്ങളിലും ഹ്യ എന്ന കൂട്ടക്ഷരം (സം യോഗം) പരമായിട്ടുണ്ട്. അതുകൊണ്ടാണ് ഇത് പ്രത്യേകം എടു ത്ത് പറഞ്ഞത്.

'യകാരം പരമായിരിയ്ക്കുമ്പോൾ' എന്ന് പ്രത്യേകം പറഞ്ഞി രിയ്ക്കുന്നതിനാൽ അഭിമാതി, നൃ, പൃതനാ എന്നിവ ഉപധയായി ട്ടുള്ള സഹ് എന്നതിന് യകാരം പരമായിട്ടില്ലെങ്കിൽ പ്ലുതി വരില്ല.

തമഗ്നേ പൃതനാഷഹം (5.23.2)-തം/അഗ്നേ/പൃതനാ*f*സഹം/ എന്ന് പദപാഠം. ഇവിടെ സഹ് എന്നതിന് പ്ലുതി വന്നിട്ടില്ല; യകാ രം പരമാകാത്തതിനാൽ.

സർവ്വത്ര എന്ന് എടുത്തു പറഞ്ഞതിനാൽ എട്ടോ പന്ത്രണ്ടോ അക്ഷരങ്ങളോടുകൂടിയ പാദങ്ങളുടെ അന്തത്തിലുള്ള (എന്ന അ ധികാരത്തിൽ വരുന്ന) അഭിമാതി, നൃ, പൃതനാ എന്നിവ ഉപധ യായ സഹ് എന്നതിന് യകാരം പരമാവുമ്പോൾ പ്ലുതി വരും എ ന്ന അർത്ഥത്തിൽനിന്ന് വിട്ട് എല്ലായിടത്തും അതായത് എട്ടോ പന്ത്രണ്ടോ അക്ഷരങ്ങളോടുകൂടിയതല്ലാത്ത പദങ്ങളിൽ വരുന്ന അഭിമാതി, നൃ, പൃതനാ എന്നീ ഉപധകളോടുകൂടിയ സഹ് എന്ന തിന് യകാരം പരമാവുമ്പോൾ പ്ലുതി വരും എന്നർത്ഥം കിട്ടുന്നു.

നൃ സാഹ്യേ സാസഹ്വാ് അമിത്രാൻ (1.100.5)-നൃ*f*സഹ്യേ/ സസഹ്വാൻ/അമിത്രാൻ/ എന്ന് പദപാഠം. ഇവിടെ നൃസാഹ്യേ എന്ന് പ്ലുതി വന്നിരിയ്ക്കുന്നു.

പൃതനാഷാഹ്യായ ച (3.37.1)- പൃതനാ*f*സഹ്യായ/ച/ എ ന്നാണ് പദപാഠം. ഇവിടെ പൃതനാഷാഹ്യായ എന്ന് പ്ലുതി വന്നി രിയ്ക്കുന്നു. 'സർവ്വത്ര'ഗ്രഹണംകൊണ്ടാണ് അത്.

**17. ശ്രാവയ യാവയ ച്യാവയ യാമയ രാമയ മാമഹ വാവസ I**
**ദ്രാവയ ദാദൃഹ വാവൃധ താതൃഷ സാസഹ രാരപ II**

**18. ആദ്യക്ഷരം പ്ലുതം തേഷാം അനന്വിത്യസ്യ മദ്ധ്യമം ।**
**ദ്വിവർണ്ണപ്രത്യയോ/ന്ത്യസ്യ പ്രവാദാഃ ഷളിതഃ പരേ ॥**

(1) ശ്രാവയ, യാവയ, ച്യാവയ, യാമയ, രാമയ, മാമഹ, വാവസ, ദ്രാവയ, ദാദൃഹ, വാവൃധ, താതൃഷ, സാസഹ, രാരപ എന്നീ പദങ്ങളുടെ ആദ്യത്തെ അക്ഷരത്തിനു പ്ലുതി വരും.

(2). അനനു എന്നതിന്റെ മദ്ധ്യത്തിലുള്ള അക്ഷരത്തിനു പ്ലുതി വരും.

(3). ശ്രാവയ തുടങ്ങിയവയിൽ ഏറ്റവും അവസാനം പറഞ്ഞതിന് അതായത് രാരപ എന്നതിന് രാര എന്ന രണ്ടക്ഷരമുള്ളതിനും പ്ലുതി വരും.

(4). ഇനി പറയാൻ പോകുന്ന (അതായത് പ്ലുതി നിപതിപ്പിയ്ക്കാൻ പോകുന്ന) ദൂണാശ മുതലായവ ആറെണ്ണങ്ങളാണെന്നും പ്രവാദങ്ങളാണെന്നും അറിയണം.

ദൂണാശ മുതലായ ആറെണ്ണങ്ങൾ അടുത്തുതന്നെ പറയും. അവ ഇവയാണ്:- ദൂണാശ, ഉക്ഥശാസഃ, ഇകാരാന്തമായ ദാദൃഷി, പാദാന്തത്തിൽ വരുന്നതും പദാവയവമല്ലാത്തതുമായ സാദനം, അർദ്ധർച്ചത്തിന്റെ അന്ത്യത്തിൽ വരുന്ന പൂരുഷഃ, ഉഷാസഃ, എന്നിവ. ഇവയിൽ ഉഷാസഃ എന്നതിന് ചില പദങ്ങൾ കഴിഞ്ഞു വരുമ്പോഴാണ് പ്ലുതി വരിക. ആ പദങ്ങൾ ഏതൊക്കെയെന്ന് 20-ാമത്തെ കാരികയിൽ പറയും.

പ്രവാദങ്ങളെന്നാൽ വിവിധരൂപങ്ങളെന്നാണർത്ഥം.

**ഉദാഹരണങ്ങൾ**

**(1).1. ശ്രാവയാ വാചം (8.96.12)**

ശ്രവയ/വാചം/ എന്നാണ് പദപാഠം. സംഹിതയിൽ ശ്രാവയ എന്ന് ആദ്യക്ഷരമായ ശ്ര എന്നതിന് പ്ലുതിവന്ന് ശ്രാ എന്നായി പ്രയോഗിച്ചിരിയ്ക്കുന്നു.

ഇതേപോലെ ആശ്രാവയന്ത ഇവ ശ്ലോകം (1.139.3) എന്നും സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു. ആശ്രവയന്ത/ഇവ/ശ്ലോകം/ എന്നാണ് അതിന്റെ പദപാഠം. ഇവിടെ ശ്രാവയ എന്ന് വരുന്ന ആശ്രാവയന്ത എന്ന പദമാണ് ഉദാഹരണം. ശ്രാവയ മുതലായത് പദൈകദേശമാണ്.

**2. യാവയാ വൃക്യം വൃകം (10.127.6)**

യവയ/വൃക്യം/വൃകം/ എന്നാണ് പദപാഠം. ഇവിടെ യാവയാ എന്ന് ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**3. ആ ച്യാവയ സ്യൂതയേ (8.92.7)**

ആ/ച്യവയസി/ഊതയേ/ എന്നാണ് പദപാഠം. ഇവിടെ ച്യവയസി എന്ന പദത്തിന്റെ ഏകദേശമായ ച്യവയ എന്നത് സംഹിതയിൽ ച്യാവയ എന്നായിരിയ്ക്കുന്നു.

**4. ആ നഃ സുമ്നേഷു യാമയ (8.3.2)**

ആ/നഃ/സുമ്നേഷു/യമയ/ എന്നാണ് പദപാഠം. പദപാഠത്തിൽ യമയ എന്നത് സംഹിതയിൽ യാമയ എന്നായിരിയ്ക്കുന്നു.

**5. നിരാമയ ജരിതഃ സോമേ (10.42.1)**

നി/രമയ/ജരിതഃ ഇതി/സോമേ/ എന്നാണ് പദപാഠം. പദപാഠത്തിൽ രമയ എന്നുള്ളത് സംഹിതയിൽ രാമയ എന്നായിരിയ്ക്കുന്നു.

**6. തന്നോ മിത്രോ വരുണോമാമഹന്താം (1.94.16)**

തത്/നഃ/മിത്രഃ/വരുണഃ/മമഹന്താം/ എന്നാണ് പദപാഠം. ഇവിടെ പദപാഠത്തിൽ മമഹന്താം എന്ന പദത്തിന്റെ ഏകദേശമായ മമഹ എന്നത് സംഹിതയിൽ മാമഹ എന്നായിരിയ്ക്കുന്നു. (മമഹന്താം=രക്ഷിയ്ക്കട്ടെ)

ഇതേപോലെ കോമ്പത്ര മരുതോഃ മാമഹേ വഃ (1.165.13) എന്ന ഋക്കിൽ മമഹേ എന്നത് മാമഹേ എന്നായിരിയ്ക്കുന്നു.

**7. വാവസാനാ വിവസ്വതി (1.146.13)**

വവസാനാ/വിവസ്വതി/ എന്നാണ് പദപാഠം. ഇവിടെ വവസാനാ എന്ന പദത്തിന്റെ ഏകദേശമായ വവസ എന്നത് സംഹിതയിൽ വാവസാ എന്നായിരിയ്ക്കുന്നു (വവസാനാ=വസിയ്ക്കുന്ന ശീലമുള്ളവൻ)

ഇതേപോലെ സവ്യാമനു സ്ഫിഗ്യം വാവസേ (8.4.8) എന്ന ഋക്കിലും വവസേ എന്നത് വാവസേ എന്നായിരിയ്ക്കുന്നു.

**8. അദ്ധ്വര്യോ ദ്രാവയാത്വം (8.4.11)**

അദ്ധ്വര്യോ ഇതി/ദ്രവയ/ത്വം/ എന്നാണ് പദപാഠം. ഇവിടെ ദ്രവയ എന്നത് സംഹിതയിൽ ദ്രാവയാ എന്നായിരിയ്ക്കുന്നു.

ഇതുപോലെ - സൂര്യസ്യേവ രശ്മയോ ദ്രാവയിത്നവഃ (9.69.6) എന്ന ഋക്കിലും ദ്രാവയിത്നവഃ എന്നതിന്റെ ഏകദേശമായ ദ്രാവയ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. പദപാഠത്തിൽ ദ്രവയിത്നവഃ എന്നാണ്.

**9. ദാദൃഹാണോ വജ്രമിന്ദ്രോ ഗഭസ്ത്യോഃ (1.130.4)**

ദാദൃഹാണഃ/വജ്രം/ഇന്ദ്രഃ/ഗഭസ്ത്യോഃ/ എന്നാണ് പദപാഠം. ഇവിടെ ദാദൃഹാണഃ എന്ന പദത്തിന്റെ ഏകദേശമായ ദദൃഹ എ

ന്നത് സംഹിതയിൽ ദാദൃഹ എന്നായിരിയ്ക്കുന്നു (ദാദൃഹാണഃ=ദൃഢമായി പിടിച്ചുകൊണ്ട്)

**10. വാവൃധാനാ ശുഭസ്പതീ (8.5.11)**

വവൃധാനാ/ശുഭഃ/പതീ ഇതി/ എന്നാണ് പദപാഠം. വവൃധാനാ എന്ന പദത്തിന്റെ ഏകദേശമായ വവൃധ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (വവൃധാനാ=വർദ്ധിച്ച)

ഇതേപോലെ - വാവൃധീഥാഃ അഹോഭിരിവ ദ്യൌഃ (1.130.10) എന്ന ഋക്കിലെ വാവൃധീഥാഃ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിനും പ്ലുതി വന്നിട്ടുണ്ട്. പദപാഠത്തിൽ വവൃധീഥാഃ എന്നാണ് പദപാഠം. രണ്ടിടത്തും ഏകദേശമായ വവൃധ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുകയാണ്.

**11. തീർത്ഥേ നാച്ഛാ താതൃഷാണമോകഃ (1.173.11)**

തീർത്ഥേ/ന/അച്ഛ/തതൃഷാണം/ഓകഃ/ എന്നാണ് പദപാഠം. ഇവിടെ തതൃഷാണം എന്ന പദത്തിന്റെ ഏകദേശമായ തതൃഷ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതിവന്ന് താതൃഷ എന്നായിരിയ്ക്കുന്നു. (താതൃഷാണം=ദാഹത്തോടുകൂടിയവനെ)

**12. യേനാ സമത്സു സാസഹഃ (8.19.20)**

യേന/സമത്fസു/സസഹഃ/ എന്നാണ് പദപാഠം. ഇവിടെ സസഹഃ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

ഇതേപോലെ- സുപ്രകേതേഭിഃ സാസഹിർദധാനഃ (1.171.6) എന ഋക്കിലും, പദപാഠത്തിൽ സസഹിഃ എന്നത്, സംഹിതയിൽ സാസഹിഃ എന്നായിരിയ്ക്കുന്നു.

**13. ശോചിഷാ രാരപീതി മിത്രമഹാഃ (6.3.6)**

ശോചിഷാ/രരപീതി/മിത്രമഹാഃ/എന്നാണ് പദപാഠം. ഇവിടെ രരപിതി എന്നതിന്റെ ഏകദേശമായ രരപ എന്നതിന് സംഹിതയിൽ രാരപ എന്ന് ആദ്യത്തെ അക്ഷരത്തിനു പ്ലുതിവന്ന് പ്രയോഗം.

**(2). 1. അനാനുദോ വൃഷഭോ ജഗ്മിഃ (2.23.11)**

അനനുfദഃ/വൃഷഭഃ/ജഗ്മിഃ/ എന്ന് പദപാഠം. ഇവിടെ അനനു എന്നതിലെ മദ്ധ്യത്തിലുള്ള സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**(3). സോമ രാരന്ധി നോ ഹൃദി (1.91.13)**

സോമ/രരന്ധി/നഃ/ഹൃദി/ എന്നാണ് ഇവിടെ പദപാഠം. രാര

പ എന്നതിന്റെ ആദ്യത്തെ രണ്ടക്ഷരങ്ങൾ മാത്രമേ രാരന്ധി എന്നതിൽ ഉള്ളൂ. എങ്കിലും അതിന് പ്ലുതിവരുമെന്ന് വിധിച്ചതിനാൽ രരന്ധി എന്ന പദത്തിന്റെ ഏകദേശമായ രര എന്നതിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്ന് രാരന്ധി എന്ന് സംഹിതയിൽ പ്രയോഗിച്ചിരിയ്ക്കുന്നു.

**19. ദൂണാശ ഉക്ഥശാസശ്ചേകരാന്തശ്ച ദാധൃഷിഃ ।**

**പാദാന്തേƒപദ്യഃ സാദനമർധർച്ചാന്തേ തു പൂരുഷഃ ॥**

ദൂണാശഃ എന്നതിന് പ്ലുതിവരും. ഉക്ഥശാസഃ എനതിനും പ്ലുതിവരും. ഇകാരാന്തമായ ദാധൃഷിഃ എന്നതിനും പ്ലുതിവരും. പാദാന്തത്തിലുള്ളതും പദാവയവമല്ലാത്തതുമായ 'സാദനം' എന്നതിനും പ്ലുതിവരും. അർധർച്ചത്തിന്റെ അന്ത്യത്തിലുള്ള പൂരുഷ എന്നതിനും പ്ലുതിവരും.

**ഉദാഹരണങ്ങൾ**

**1. ദൂണാശം സഖ്യം തവ (6.45.26)**

ദുഃƒനശം/സഖ്യം/തവ/ എന്നാണ് പദപാഠം. ഇവിടെ 'ദുഃനശം' എന്നത് സംഹിതയിൽ പ്ലുതിവന്ന് ദൂണാശം എന്നായിരിയ്ക്കുന്നു. ഇതേപോലെ ദൂണാശേയം ദക്ഷിണാ എന്ന സംഹിതാഭാഗത്തിലും ദൂണാശാ എന്ന് പ്ലുതി വന്നതായി കാണാം.

**2. അസുതൃപ ഉക്ഥശാസശ്ചരന്തി (10.82.7)**

അസുƒതൃപഃ/ഉക്ഥƒശസഃ/ചരന്തി/ എന്നാണ് പദപാഠം. ഉക്ഥശസഃ എന്ന പദത്തിലെ 'ശ' എന്നതിന്റെ അകാരത്തിന് പ്ലുതി വന്ന് ഉക്ഥശാസഃ എന്നായിരിയ്ക്കുന്നു.

ഇതേപോലെ യജ്ഞന്യം സാമഗാമുക്ഥശാസം (10.107.6) എന്ന ഋക്കിലും ഉക്ഥശാസം എന്ന് പ്ലുതി വന്നിരിയ്ക്കുന്നു. ഉക്ഥശാസഃ, ഉക്ഥശാസം എന്നിവ ഒരേ പദത്തിന്റെ ഭിന്നരൂപങ്ങളാണ്.

**3. ബ്രഹ്മണാ യാമി സവനേഷു ദാധൃഷിഃ (2.16.7)**

ബ്രഹ്മണാ/യാമി/സവനേഷു/ദധൃഷിഃ/ എന്നാണ് പദപാഠം. ഇവിടെ ഇകാരാന്തമായ ദധൃഷിഃ എന്നത് സംഹിതയിൽ ദാധൃഷിഃ എന്നായിരിയ്ക്കുന്നു.

ദധൃഷിഃ എന്ന ഇകാരാന്തമായ പദം മാത്രമേ സംഹിതയിൽ ദാധൃഷി എന്നാകുകയുള്ളൂ. ഇകാരാന്തമല്ലെങ്കിൽ ദകാരം കഴിഞ്ഞുള്ള അകാരത്തിന് പ്ലുതി വരികയില്ല.

വാജേഷു ദധൃഷം കവേ (3.42.6)- വാജേഷു/ദധൃഷം/കവേ/ എന്നാണ് പദപാഠം. ഇവിടെ ദധൃഷ എന്ന പദം ഇകാരാന്തമല്ലാത്തതിനാൽ പ്ലുതി വരുന്നില്ല.

**4. ധാരാ ഋതസ്യ സാദനേ (1.84.4)**

ധാരാഃ/ഋതസ്യ/സദനേ/ എന്നാണ് പദപാഠം. അനുഷ്ടുപ്പാണ് ഇവിടെ ഛന്ദസ്സ്. എട്ടക്ഷരങ്ങളുള്ള (നാലാമത്തെ) പാദത്തിന്റെ അന്ത്യത്തിലാണ് സദനേ എന്നു വരുന്നത്. സദനേ എന്നത് ഒറ്റപ്പദമാണ്. അത് മറ്റൊന്നിന്റെ കൂടെ വരുന്നതല്ല. അതിനാൽ പദപാഠത്തിൽ സദനേ എന്നത് സംഹിതയിൽ സാദനേ എന്ന്, ആദ്യക്ഷരത്തിന് പ്ലുതിയോടുകൂടി പ്രയോഗം.

ഇതുപോലെ ദ്യുക്ഷം മിത്രസ്യ സാദനം- എന്നതിലും പദപാഠത്തിൽ സദനം എന്നുള്ളത് സാദനം എന്നായിരിയ്ക്കുന്നു.

പാദാന്തത്തിലുള്ള സദനം എന്ന പദത്തിന്റെ ആദ്യക്ഷരത്തിനേ പ്ലുതി വരികയുള്ളൂ. പാദാന്തത്തിലല്ലെങ്കിൽ വരുകയില്ല.

യോനിഷ്ട ഇന്ദ്ര സദനേ അകാരി (7.24.1)-യോനിഃ/തേ/ഇന്ദ്ര/സദനേ/അകാരി/ എന്ന് പദപാഠം. ഇവിടെ സദനേ എന്ന പദം പാദമദ്ധ്യത്തിലാണ് വരുന്നത്. അതിനാൽ പ്ലുതി വരുന്നില്ല.

പാദാന്തത്തിൽ വരുന്നതാണെങ്കിലും മറ്റൊരു പദത്തോട് കൂടെ- അതായത് പദാവയവമായി നിൽക്കുകയാണെങ്കിൽ പ്ലുതി വരുകയില്ല.

രണ്വാ നരോ നൃഷദനേ (5.7.2)- രണ്വാഃ/നരഃ/നൃ*f*സദനേ/ എന്നാണ് പദപാഠം. ഇവിടെ സദനേ എന്ന പദം നൃസദനേ എന്ന പദത്തിന്റെ അവയവം (പദ്യം) ആയിട്ടാണ് നിൽക്കുന്നത്. അതിനാൽ അപദ്യം അല്ല. അതുകൊണ്ട് പ്ലുതി വരുന്നില്ല.

**5. വിരാജോ അധിപൂരുഷഃ (10.90.5)**

വി*f*രാജഃ/അധി/പൂരുഷഃ/ എന്നാണ് പദപാഠം. തസ്മാദ്വിരാളജായത വിരാജോ അധിപൂരുഷഃ/ സ ജാതോ അത്യരിച്യത പശ്ചാദ്ഭൂമിമഥോ പുരഃ*f* എന്ന ഋക്കിന്റെ അർദ്ധഭാഗം അവസാനിയ്ക്കുന്നിടത്താണ് പൂരുഷഃ എന്ന പദം വന്നിരിയ്ക്കുന്നത്. അതിനാൽ ആദ്യത്തെ അക്ഷരമായ 'പു' എന്നതിന് പ്ലുതിവന്ന് സംഹിതയിൽ 'പൂ' എന്നായിരിയ്ക്കുന്നു.

ഇതേപോലെ ആത്മാനം തവ പൂരുഷ (10.97.8) എന്നതിലും പുരുഷഃ എന്നത് പൂരുഷഃ എന്നായിരിയ്ക്കുന്നു.

അർദ്ധർച്ചാന്തത്തിൽ വരുന്ന പുരുഷശബ്ദം മാത്രമേ സംഹിതയിൽ പൂരുഷഃ എന്നാകുകയുള്ളൂ. സഹസ്രശീർഷാ പുരുഷഃ സഹസ്രാക്ഷഃ സഹസ്രപാത് (10.90.1) എന്ന ഋക്കിൽ അർദ്ധർച്ചാന്തത്തിലല്ല പുരുഷഃ എന്ന പദം വരുന്നത് എന്നതിനാൽ പ്ലുതി വരുന്നില്ല.

**20. ദോഷാമസ്മൈ രാജതോƒക്രൻ വനസ്പതീൻ**
**മഹീയമാനാം കതി തുഭ്യമേഭ്യഃ I**
**ഉഷാസമിത്യുത്തരം സർവ്വദേശ്യം**
**പാദസ്യചൈകാദശിനോ യദന്തേ II**

1. ദോഷാം, അസ്മൈ, രാജതഃ, അക്രൻ, വനസ്പതീൻ,മഹീയമാനാം, കതി, തുഭ്യം എന്നീ പദങ്ങൾ കഴിഞ്ഞുവരുന്ന ഉഷസ്സ് എന്നതിന്റെ ഷകാരം കഴിഞ്ഞുള്ള അകാരത്തിന് എല്ലായിടത്തും പ്ലുതിവരുന്നു.

2. പതിനൊന്നക്ഷരങ്ങളുള്ള പാദത്തിന്റെ അന്തത്തിലുള്ള ഉഷസഃ എന്ന പദം ഉഷാസഃ എന്നാകുന്നു.

**ഉദാഹരണങ്ങൾ**

1. ദോഷാമുഷാസമീമഹേ (5.5.6)

ദോഷാം/ഉഷസം/ഈമഹേ/ എന്നാണ് പദപാഠം. ഇവിടെ ദോഷാം എന്ന പദം കഴിഞ്ഞ് ഉഷസം എന്നു വന്നിട്ടുണ്ട്. അതിനാൽ സംഹിതയിൽ ഉഷാസം എന്നായിരിയ്ക്കുന്നു. (ദോഷാ= രാത്രിദേവി; ഉഷസ്സ്=പകലിന്റെ ദേവത)

**2. അസ്മാ ഉഷാസ ആതിരന്തയാമം (8.96.1)**

അസ്മൈ/ഉഷസഃ/ആ/അതിരന്ത/യാമം/ എന്നാണ് പദപാഠം. ഇവിടെ അസ്മൈ എന്ന പദം കഴിഞ്ഞ് ഉഷസഃ എന്നുവന്നിട്ടുണ്ട്. അതിനാൽ സംഹിതയിൽ ഉഷാസഃ എന്നു വരുന്നു.

**3. അധിശ്രിയാ വിരാജതഃ ഉഷാസാവേഹ സീദതാം (1.188.6)**

അധി/ശ്രിയാ/വിƒരാജതഃ/ഉഷസൌ/ആ/ഇഹ/സീദതാം/ എന്നാണ് പദപാഠം. ഇവിടെ രാതഃ എന്നു കഴിഞ്ഞ് ഉഷസൌ എന്ന് വന്നിട്ടുണ്ട്. അതിനാൽ സംഹിതയിൽ ഉഷാസൌ എന്ന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. അക്രന്നുഷാസോ വയുനാനി (1.92.2)**

അക്രൻ/ഉഷസഃ/വയുനാനി/ എന്നാണ് പദപാഠം. ഇവിടെ അക്രൻ എന്ന പദം കഴിഞ്ഞാണ് ഉഷസഃ എന്ന പദം വരുന്നത്. അതിനാൽ സംഹിതയിൽ ഉഷാസഃ എന്നായി. (അക്രൻ=ചെയ്തു; വയുനാനി=ജ്ഞാനങ്ങളെ)

**5 ആ പശും ഗാസി പൃഥിവീ വനസ്പതീനുഷാസാ (8.27.2)**

ആ/പശും/ഗാസി/പൃഥിവീ/വനസ്പതീൻ/ഉഷസാ/ എന്നാണ് പദപാഠം. ഇവിടെ വനസ്പതീൻ എന്ന പദം കഴിഞ്ഞ് ഉഷസാ എന്ന പദം പരമായിട്ടുണ്ട്. അതിനാൽ ഉഷസാ എന്നതിന്റെ ഷകാരം കഴിഞ്ഞുള്ള അകാരത്തിന് പ്ലുതി വന്ന് സംഹിതയിൽ ഉ

ഷാസാ എന്നായിരിയ്ക്കുന്നു.

**6. മഹാൻ മഹീയമാനാമുഷാസമിന്ദ്ര സം പിണക് (4.30.9)**

മഹാൻ/മഹീയമാനാം/ഉഷസം/ഇന്ദ്ര/സം/പിണക്/ എന്നാണ് പദപാഠം. ഗായത്രമാണ് ഇവിടെ ഛന്ദസ്സ്. രണ്ടും മൂന്നും പാദങ്ങളാണ് ഉദാഹരണത്തിനെടുത്തിരിയ്ക്കുന്നത്. രണ്ടാമത്തെ പാദത്തിന്റെ അവസാനത്തിലുള്ള മഹീയമാനാം എന്ന പദം കഴിഞ്ഞ് അടുത്ത പാദത്തിലെ ആദ്യത്തിലുള്ള ഉഷസം എന്ന പദം പരമായി വന്നിട്ടുണ്ട്. അതിനാൽ ഉഷാസം എന്ന് സംഹിതയിൽ ഷകാരം കഴിഞ്ഞുള്ള അകാരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

(മൂന്നാമത്തെ ഉദാഹരണമായ അധി ശ്രിയാ വി രാജത/ഉഷാസഃ എന്നതും രാജത എന്ന പൂർവ്വപദവും ഉഷാസഃ എന്ന ഉത്തരപദവും ഭിന്നപാദങ്ങളിലായാണ് വരുന്നത്. ഉഷാസമിത്യുത്തരം സാർവ്വദേശ്യം എന്ന് പറഞ്ഞിട്ടുള്ളതിനാലാണിത്. ഭിന്നപാദങ്ങളായാലും ദോഷാം തുടങ്ങിയ പദങ്ങൾ കഴിഞ്ഞ് വരുന്ന ഉഷശ്ശബ്ദത്തിന് ഷകാരം കഴിഞ്ഞുള്ള അകാരത്തിന് പ്ലുതി വരുമെന്നർത്ഥം)

**7. കത്യുഷാസഃ കത്യു സ്വിദാപഃ (10.88.18)**

കതി/ഉഷസഃ/കതി/ഊം ഇതി/സ്വിത്/ആപഃ/ എന്നാണ് പദപാഠം. ഇവിടെ കതി എന്ന പദം കഴിഞ്ഞ് ഉഷസഃ എന്ന പദം പരമായിരിയ്ക്കുന്നു. അതിനാൽ ഉഷസഃ എന്നത് സംഹിതയിൽ ഉഷാസഃ എന്നായിരിയ്ക്കുന്നു.

**8. തുഭ്യമുഷാസഃ ശുചയഃ പരാവതി (1.134.4)**

തുഭ്യം/ഉഷസഃ/ശുചയഃ/പരാ*f*വതി/ എന്നാണ് പദപാഠം. ഇവിടെ തുഭ്യം എന്ന പദം കഴിഞ്ഞ് ഉഷസഃ എന്ന പദം പരമായി വരുന്നു. അതിനാൽ സംഹിതയിൽ ഉഷാസഃ എന്ന് പ്ലുതി വന്നിരിയ്ക്കുന്നു.

ദോഷാം, അസ്മൈ തുടങ്ങിയ പദങ്ങളിൽനിന്ന് പരമായ ഉഷസ്സ് എന്ന പദത്തിന്റെ വിവിധരൂപങ്ങൾക്ക് (പ്രവാദങ്ങൾക്ക്) പ്ലുതി വരുന്നതിന്റെ ഉദാഹരണങ്ങളാണ് മേൽക്കാണിച്ചത്. (ഉഷസ്സ് എന്നതിന്റെ ഷകാരം കഴിഞ്ഞുള്ള അകാരത്തിനാണ് പ്ലുതി)

പതിനൊന്നക്ഷരങ്ങളുള്ള പാദത്തിന്റെ അവസാനം വരുന്ന ഉഷസ്സ് എന്നതിനും പ്ലുതി വരും. (ഇവിടെ പൂർവ്വപദം ഇന്നതായിരിയ്ക്കണമെന്ന് നിർബന്ധമില്ല)

രേവദുച്ഛന്തു സുദിനാ ഉഷാസഃ (1.124.9)

രേവത്/ഉച്ഛന്തു/സു*f*ദിനാഃ/ഉഷസഃ/ എന്നാണ് പദപാഠം. പ

തിനൊന്നക്ഷരങ്ങളുള്ള പാദത്തിന്റെ അന്ത്യത്തിലാണ് ഉഷസഃ എന്ന് വന്നിട്ടുള്ളത്. അതിനാൽ സംഹിതയിൽ ഉഷാസഃ എന്ന് പ്ലുതി വന്നിരിയ്ക്കുന്നു.

പതിനൊന്നക്ഷരങ്ങളുള്ള പാദത്തിൽ എന്ന് പ്രത്യേകം പറഞ്ഞിട്ടുള്ളതിനാൽ പതിനൊന്നക്ഷരങ്ങളോടു കൂടിയതല്ലാത്ത പാദത്തിൽ അന്തത്തിൽ വന്നാലും പ്ലുതി വരില്ല. - അഗ്നേ വിവസ്വദുഷസഃ (1.44.1)- അഗ്നേ/വിവസ്വത്/ഉഷസഃ/ എന്നാണ് പദപാഠം. ഇത് പതിനൊന്നക്ഷരങ്ങളുള്ള പാദമല്ലാത്തതിനാൽ പാദാന്തത്തിലാണ് ഉഷസഃ എന്ന പദം വന്നിരിയ്ക്കുന്നത് എങ്കിലും പ്ലുതി വരുന്നില്ല.

പതിനൊന്നക്ഷരങ്ങളുള്ള പാദത്തിൽ അന്തത്തിലല്ല വരുന്നതെങ്കിൽ പ്ലുതി വരില്ല. - അഗ്രേ ബൃഹന്നുഷസാ മൂർദ്ധ്വോ അസ്ഥാത്-(10.1.1)-പതിനൊന്നക്ഷരമുള്ള പാദമാണെങ്കിലും ഇവിടെ ഉഷസാം എന്ന പദം പാദാന്തത്തിലല്ല വരുന്നത്. അതിനാൽ പ്ലുതി വരുന്നില്ല.

**21. യവയുരരമയഃ സസാഹിഷേ**
**വവൃധന്തോ രമയാ ഗിരാ രരംഭ I**
**യവയസി തതൃഷാണമോഷതി**
**ശ്രവയന്തോഽദദൃഹന്ത തേ നൃഷഹ്യേ II**

യവയുഃ, അരമയഃ, സസാഹിഷേ, വവൃധന്തഃ, രമയാ, ഗിരാ, രരംഭ, യവയസി, തതൃഷാണമോഷതി, ശ്രവയന്തഃ, അദദൃഹന്ത, തേ നൃഷഹ്യേ എന്നിവയ്ക്ക് മുൻപേ പറഞ്ഞിട്ടുള്ള നിയമമനുസരിച്ച് പ്ലുതി പ്രാപ്തമായെങ്കിലും വരികയില്ല.

**ഉദാഹരണങ്ങൾ**

**1. ത്വാമിദ്യവയുർമ്മമ (8.78.9)**

ത്വാം/ഇത്/യവയുഃ/മമ/ എന്നാണ് പദപാഠം. ഇവിടെ യവയുഃ എന്നതിന്റെ ആദ്യക്ഷരത്തിന് പ്ലുതി വരുന്നില്ല. ശ്രാവയ മുതലായ പദസമൂഹത്തിൽ ഉൾപ്പെട്ടതായതിനാൽ പ്ലുതി പ്രാപ്തമായതാണ്. എങ്കിലും ഇവിടെ നിഷേധിച്ചതിനാൽ പ്ലുതി വരുന്നില്ല.

**2. അരമയഃ സരപസസ്തരായകം (2.13.12)**

അരമയഃ/സരഽഅപസഃ/തരായ/കം/ എന്നാണ് പദപാഠം. രമയഃ എന്നത് ശ്രാവയാദിയിൽ പെട്ടതിനാൽ ആദ്യത്തെ അക്ഷരത്തിന് പ്ലുതി പ്രാപ്തമായതാണെങ്കിലും ഇവിടെ നിഷേധിയ്ക്കപ്പെട്ടതിനാൽ പ്ലുതി വരുന്നില്ല.

**3. പ്ര സസാഹിഷേ പുരുഹൂത (10.180.1)**

പ്ര/സസഹിഷേ/പുരു/ഹൂത/ എന്നാണ് പദപാഠം. സാസഹ എന്നത് ശ്രാവയാദിയിൽപ്പെട്ടതാണ്. എങ്കിലും ഇവിടെ നിഷേധിയ്ക്കപ്പെട്ടതിനാൽ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുന്നില്ല.

**4. ശുചന്തോ അഗ്നിം വവൃധന്ത (4.2.17)**

ശുചന്തഃ/അഗ്നിം/വവൃധന്ത/ എന്നാണ് പദപാഠം. ഇവിടെ വവൃധന്ത എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല. ശ്രാവയാദിയിൽ വാവൃധ എന്നത് പെടുന്നുണ്ട്. എങ്കിലും നിഷേധിച്ചതിനാൽ പ്ലുതി വരുന്നില്ല.

**5. നമസ്യാ രമയാ ഗിരാ (5.52.13)**

നമസ്യ/രമയ/ഗിരാ/ എന്നാണ് പദപാഠം. ഇവിടെ രമയ എന്നതിന് സംഹിതയിൽ പ്ലുതി വരുന്നില്ല. രാമയ എന്നത് ശ്രാവയാദിയിൽപ്പെട്ടതാണല്ലോ.

രമയാ ഗിരാ എന്ന് പറഞ്ഞിട്ടുള്ളതിനാൽ രമയാ എന്നു കഴിഞ്ഞ് ഗിരാ എന്ന് വന്നിട്ടില്ലെങ്കിൽ പ്ലുതി വരും.

നിരാമയഃ ജരിതഃ സോമേ (10.42.1) - നി/രമയ/ജരിതരിതി/സോമേ/ എന്നാണ് പദപാഠം. ഇവിടെ രമയ എന്നു കഴിഞ്ഞ് ഗിരാ എന്ന പദം വന്നിട്ടില്ല. അതിനാൽ സംഹിതയിൽ രാമയ എന്ന് പ്ലുതി വന്നിരിയ്ക്കുന്നു.

**6. രരംഭാ ശവസസ്പതേ (8.45.20)**

രരംഭ/ശവസഃ/പതേ/ എന്നാണ് പദപാഠം. ഇവിടെ രരംഭ എന്ന പദത്തിന്റെ ആദ്യത്തിലുള്ള അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല. ദ്വിവർണ്ണഃ പ്രത്യയോ/ന്ത്യസ്യ എന്ന കാരികാഭാഗമനുസരിച്ച് ശ്രാവയാദികളിൽ അവസാനത്തേതായ രാരപ എന്നതിന്റെ ആദ്യത്തെ രണ്ടക്ഷരങ്ങളേയും ഗ്രഹിയ്ക്കുമല്ലോ. അങ്ങനെ രരംഭ എന്നതിലും പ്ലുതി പ്രാപ്തമായതായിരുന്നു.

**7. സസ്ഥാവാനാ യവയസി (8.37.4)**

സ/സ്ഥാവാനാ/യവയസി/ എന്നാണ് പദപാഠം. ഇവിടെ യവയസി എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല. (യവയസി=വെവ്വേറെയാക്കുന്നു)

**8. ദക്ഷന്ന വിശ്വം തതൃഷാണമോഷതി (1.130.8)**

ധക്ഷത്/ന/വിശ്വം/തതൃഷാണം/ഓഷതി/ എന്നാണ് പദപാഠം. ഇവിടെ തതൃഷാണം എന്ന പദത്തിന്റെ ആദ്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നില്ല. ശ്രാവയാദിയിൽപ്പെട്ടതാകയാൽ പ്ലുതി പ്രാപ്തമായതായിരുന്നു. (ഓഷതി=ദഹിപ്പിയ്ക്കുന്നു)

തതൃഷാണമോഷതി എന്നു പറഞ്ഞിരിയ്ക്കുന്നതിനാൽ ഓ

ഷതി എന്നു പരമായാൽ മാത്രമേ തതൃഷാണം എന്നതിന് പ്ലുതി വരാതിരിയ്ക്കുകയുള്ളൂ.

തീർത്ഥേനാച്ഛാ താതൃഷാണമോകഃ (1.173.11) - തീർത്ഥേ/ന/അച്ഛ/തതൃഷാണം/ഓകഃ/ എന്നാണ് പദപാഠം. ഇവിടെ തതൃഷാണം എന്നു കഴിഞ്ഞ് ഓഷതി എന്നല്ല പരമായിട്ടുള്ളത്. ഓകഃ എന്നാണ് പരമായ പദം. അതിനാൽ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്ന് താതൃഷാണം എന്നായിരിയ്ക്കുന്നു.

**9. അഗോഹ്യം യച്ഛ്രവയന്ത ഐതന (1.110.3)**

അഗോഹ്യം/യത്/ശ്രവയന്തഃ/ഐതന/ എന്നാണ് പദപാഠം. ഇവിടെ ശ്രവയന്തഃ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല. (ഐതന=വന്നു)

**10. യദേദന്താ അദദൃഹന്ത (10.82.1)**

യദാ/ഇത്/അന്താഃ/അദദൃഹന്ത/ എന്നാണ് പദപാഠം. ഇവിടെ അദദൃഹന്ത എന്ന പദത്തിൽ ദദൃഹ എന്നതിന്റെ ആദിയിലുള്ള അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല. ദാദൃഹ എന്നത് ശ്രാവയാദിയിൽപ്പെട്ടതാണല്ലോ.

**11. ഇന്ദ്ര ദേവേഭിരനു തേ നൃഷഹ്യേ (6.25.8)**

ഇന്ദ്ര/ദേവേഭിഃ/അനു/തേ/നൃƒസഹ്യേ/എന്നാണ് പദപാഠം. ഇവിടെ നൃസഹ്യേ എന്ന പദത്തിൽ പ്ലുതി വന്നിട്ടില്ല.

തേ നൃഷഹ്യേ എന്ന് പറഞ്ഞിട്ടുള്ളതിനാൽ തേ എന്ന പദം പൂർവ്വമുള്ള നൃഷഹ്യേ എന്ന പദത്തിനാണ് പ്ലുതി വരാതിരിയ്ക്കുന്നത്. നൃഷഹ്യേ എന്ന പദത്തിനുമുൻപ് തേ എന്ന പദമില്ലെങ്കിൽ പ്ലുതിനിഷേധമില്ല. പ്ലുതി വരികതന്നെ ചെയ്യും.

നൃഷാഹ്യേ സാസഹ്വാ് അമിത്രാൻ (1.100.5)- നൃƒസഹ്യേ/സസഹ്വാൻ/അമിത്രാൻ/ എന്നാണ് പദപാഠം. ഇവിടെ നൃസഹ്യേ എന്നതിന്റെ പൂർവ്വം തേ എന്ന പദമില്ല. അതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു.

22 ശ്രവയതം വാജസാതൌ നൃഷഹ്യേ
വിഭ്വാസഹം ദൂണശാ രോചനാനി ।
ന തതൃഷാണോ യമയോ രരപ്ശേ
പുരുഷീണാം യവയന്ത്വിന്ദവശ്ച ॥

ശ്രവയതം, വാജസാതൌ നൃഷഹ്യേ, വിഭ്വാസഹം, ദൂണശാ രോചനാനി, ന തതൃഷാണഃ, യമയോഃ, രരപ്ശേ, പുരുഷീണാം, യവയന്ത്വിന്ദവഃ എന്നിവയ്ക്കും പ്ലുതി വരികയില്ല. ഇവയ്ക്ക് നേരത്തെ വിധിച്ച വിധികളനുസരിച്ച് പ്ലുതി പ്രാപ്തമായതാണ്.

**ഉദാഹരണങ്ങൾ**

**1. ആനോ ജനേ ശ്രവയതം യുവാനാ (7.62.5)**

ആ/നഃ/ജനേ/ശ്രവയതം/യുവാനാ/ എന്നാണ് പദപാഠം. ഇവിടെ ശ്രവയതം എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുന്നില്ല. ഈ പദം ശ്രാവയാദിയിൽപ്പെട്ടതാണല്ലോ.

**2. പരിസ്രവ വാജസാതൌ നൃഷഹ്യേ (9.97.19)**

പരി/സ്രവ/വാജസാതൌ/നൃ*f*സഹ്യേ/ എന്നാണ് പദപാഠം. ഇവിടെ നൃസഹ്യേ എന്ന പദത്തിലെ സകാരത്തിന് സംഹിതയിൽ പ്ലുതി വരുന്നില്ല. എന്തെന്നാൽ വാജസാതൌ എന്ന പദം കഴിഞ്ഞാണ് നൃഷഹ്യേ എന്ന പദം വരുന്നത്.

വാജസാതൗ എന്ന പദം പൂർവ്വമില്ല എങ്കിൽ നൃസഹ്യേ എന്നതിന് പ്ലുതി വരും. (തേ എന്നപദം പൂർവ്വമുണ്ടെങ്കിൽ പ്ലുതി വരില്ലെന്ന് ഇതിനു മുൻപത്തെ കാരികയിൽ പറഞ്ഞിരുന്നതും ഓർമ്മിയ്ക്കുമല്ലോ)

നൃഷാഹ്യേ സാസഹ്വാ് അമിത്രാൻ (1.100.5) എന്ന ഋക്കിൽ വാജസാതൌ എന്ന് പൂർവ്വം ഇല്ലാത്തതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു. (അഭിമാതി നൃ പൃതനോപധസ്തു – എന്ന് അഭിമാതി, നൃ, പൃതന എന്നീ പൂർവ്വപദങ്ങളോടുകൂടിയ സഹ് എന്നതിന് പ്ലുതി വരും എന്ന് നേരത്തെ വിധിച്ചിട്ടുണ്ട്)

**3. ഹോതർ വിഭാസഹം രയിം (5.10.7)**

ഹോതഃ/വിഭ*f*സഹം/രയിം/ എന്നാണ് പദപാഠം.ഇവിടെ വിഭാസഹം എന്ന പദത്തിൽ സഹ് എന്നതിന്റെ സകാരത്തിനു പ്ലുതി 'സഹേത്യാദിഃ' എന്ന കാരികാഭാഗംകൊണ്ട് പ്രാപ്തമായതാണ്. അത് വരുന്നില്ല. വിഭ എന്നതിന് സഹ് പരമാകുമ്പോൾ പ്ലുതി വരും. അതുകൊണ്ടാണ് വിഭാസഹം എന്നായത്.

**4. ത്രിരുത്തമാ ദൂണശാ രോചനാനി (3.56.8)**

ത്രിഃ/ഉത്*f*തമാ/ദുഃ*f*നശാ/രോചനാനി/ എന്നാണ് പദപാഠം. ഇവിടെ ദൂണശാ എന്നതിന് പ്ലുതി വന്ന് ദൂണാശാ എന്നാകുന്നില്ല. പ്രവാദാഃ ഷളിതഃ പരേ എന്ന വിധിയനുസരിച്ച് ഇവിടെ പ്ലുതി വരേണ്ടതായിരുന്നു. ഇവിടെ നിഷേധിച്ചതിനാൽ വരുന്നില്ല.

രോചനാനി എന്ന പദം പരമായി വന്നാൽ മാത്രമാണ് ഈ പ്ലുതിനിഷേധം. 'ദൂണശാ രോചനാനി' എന്നാണല്ലോ വിധി. രോചനാനി എന്ന പദം പിന്നീട് വരാത്തിടത്ത് പ്ലുതി വരും. ദൂണാശേയം ദക്ഷിണാ (6.27.8)-ദൂണാശാ/ഇയം/ദക്ഷിണാ/ എന്ന് പദപാഠം. ഇവിടെ പ്ലുതി വന്നിട്ടുണ്ട്. (രോചനാനി=ശോഭിയ്ക്കുന്ന)

**5. ആ യോ ഘൃണേ ന തതൃഷാണോ അജരഃ (6.15.5)**

ആ/യഃ/ഘൃണേ/ന/തതൃഷാണഃ/അജരഃ/ എന്നാണ് പദപാഠം. ന എന്ന പദം പൂർവ്വത്തിലുള്ള തതൃഷാണ എന്നതിന് പ്ലുതി വരില്ല എന്നാണ് 'ന തതൃഷാണഃ' എന്നതുകൊണ്ട് സൂചിപ്പിയ്ക്കുന്നത്. ഇവിടെ ന എന്ന പദം പൂർവ്വമുള്ളതിനാൽ തതൃഷാണഃ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുന്നില്ല. താതൃഷ എന്നത് ശ്രാവയാദിയിൽപ്പെട്ടതാണല്ലോ.

ന എന്ന പദം പൂർവ്വമില്ലെങ്കിൽ തതൃഷാണ എന്നതിന് പ്ലുതി വരും. യസ്താതൃഷാണ ഉഭയായ (1.31.7)-യഃ/തതൃഷാണഃ/ഉഭയായ/ എന്നാണ് പദപാഠം. ഇവിടെ ന എന്ന പദം പൂർവ്വമില്ല. (ഓഷതി എന്ന പദം പരവുമില്ല) അതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു.

**6. യമയോശ്ചിന്ന സമാ വീര്യാണി (10.117.9)**

യമയോഃ/ചിത്/ന/സമാ/വീര്യാണി/ എന്ന് പദപാഠം. ഇവിടെ യമയോഃ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുന്നില്ല. യാമയ എന്നത് ശ്രാവയാദിയിൽപ്പെട്ടതാണല്ലോ. അതിനാൽ പ്ലുതി പ്രാപ്തമായതാണ്. അതിനെ ഇവിടെ നിഷേധിച്ചിരിയ്ക്കുന്നു. (യമന്മാർ=സഹജാതന്മാർ)

**7. വി യോ രരപ്ശ ഋഷിഭിഃ (4.20.5)**

വി/യഃ/രരപ്ശേ/ഋഷിഭിഃ/ എന്നാണ് പദപാഠം. ഇവിടെ രരപ്ശേ എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുന്നില്ല. 'രര' എന്ന രണ്ടക്ഷരങ്ങളിൽ ആദ്യത്തേതിന് പ്ലുതി വരാമായിരുന്നു. 'ദ്വിവർണ്ണഃ പ്രത്യയോന്ത്യസ്യ' എന്ന വിധിയനുസരിച്ച്. അതിന്റെ നിഷേധമാണ് ഇവിടെ ചെയ്തത്.

(രരപ്ശേ=സ്തുതിയ്ക്കപ്പെടുന്നു)

**8. പർജന്യഃ പുരുഷീണാം (7.102.2)**

പർജന്യഃ/പുരുഷീണാം/ എന്നാണ് പദപാഠം. ഇവിടെ അർധർച്ചാന്തത്തിൽ വന്നതാണെങ്കിലും പുരുഷീണാം എന്നതിന്റെ ആദ്യത്തെ അക്ഷരമായ ഉകാരത്തിന് പ്ലുതി വരുന്നില്ല.

**9. ഉത മാ്രസാമാദ്യവയന്ത്വിന്ദവഃ (8.48.5)**

ഉത/മാ/സ്രാമാത്/യവയന്തു/ഇന്ദവഃ/ എന്നാണ് പദപാഠം. ഇവിടെ യവയന്തു എന്ന പദം കഴിഞ്ഞ് ഇന്ദവഃ എന്നു പരമായിട്ടുണ്ട്. അതിനാൽ യവയന്തു എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുന്നില്ല. യാവയ എന്ന് ശ്രാവയാദികളിൽപ്പെട്ടതാകയാൽ പ്ലുതി വരാമായിരുനു. അതിനെയാണ് നിഷേധിച്ചത്. (സ്രാ

മാത്=വ്യാധിയിൽനിന്ന്)

ഇന്ദവഃ എന്നു പരമായിട്ടില്ലെങ്കിൽ യവയന്തു എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിനു പ്ലുതിവരും.

തേ വിശ്വാസ്മദ് ദുരിതാ യാവയന്തു (7.44.3)

തേ/വിശ്വാ/അസ്മത്/ദുƒഃഇതാ/യവയന്തു/ എന്നാണ് പദപാഠം. ഇവിടെ യവയന്തു എന്ന പദം കഴിഞ്ഞ് ഇന്ദവഃ എന്ന പദം വരുന്നില്ല. അതിനാൽ സംഹിതയിൽ യാവയന്തു എന്ന് ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്ന രൂപം.

**23. രരക്ഷ യവയ സ്തേനം സസാഹേ യവയാ വധം I**
**പരമയാ ദ്രവയന്ത ശ്രവയൻ രരതേ ച നഃ II**

രരക്ഷ, യവയ, സ്തേനം, സസാഹേ, യവയാവധം, പരമയാ, ദ്രവയന്ത, ശ്രവയൻ, രരതേ എന്നിവയ്ക്കും മുൻപറഞ്ഞ നിയമമനുസരിച്ച് പ്ലുതി പ്രാപ്തമായെങ്കിലും വരില്ല.

**ഉദാഹരണങ്ങൾ**

**1. രരക്ഷ താൻ സുകൃതോ വിശ്വവേദാഃ (1.147.3)**

രരക്ഷ/താൻ/സുƒകൃതഃ/വിശ്വƒവേദാഃ/ എന്നാണ് പദപാഠം. ഇവിടെ രരക്ഷ എന്നതിന്റെ ആദ്യത്തെ സ്വരത്തിന് പ്ലുതി വരുന്നില്ല.

**2. യവയ സ്തേനമൂർമ്യേ (10.127.6)**

യവയ/സ്തേനം/ഊർമ്യേ/ എന്നാണ് പദപാഠം. സ്തേനം എന്ന പദം പരമായ യവയ എന്ന പദമാണ് ഇവിടെയുള്ളത്. അതിനാൽ ശ്രാവയാദികളിൽ ഉൾപ്പെട്ടതാണെങ്കിലും പ്ലുതി വരുന്നില്ല. സ്തേനം എന്ന പദം പരമായിട്ടില്ലെങ്കിൽ യവയ എന്നതിന് പ്ലുതി വരും. യാവയാ വൃക്യം വൃകം (10.127.6). ഇവിടെ സ്തേനം എന്നു പരമായിട്ടില്ലാത്തതിനാൽ പ്ലുതി വന്നിരിയ്ക്കുന്നു.

**3. സസാഹേ ശക്രഃ പൃതനാഃ (10.104.10)**

സസഹേ/ശക്രഃ/പൃതനാഃ/ എന്നാണ് പദപാഠം. ഇവിടെ സസഹേ എന്ന പദത്തിന്റെ ആദ്യത്തിലുള്ള അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല. സാസഹ എന്നത് ശ്രാവയാദിയിൽപ്പെടുന്നു.

**4. വരീയോ യവയാ വധം (10.152.5)**

വരീയഃ/യവയ/വധം/ എന്നാണ് പദപാഠം. ഇവിടെ യവയ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല. യവയാ വധം എന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ വധം എന്ന പദം പിന്നീട് വരുന്ന യവയ എന്നതിനാണ് പ്ലുതി നിഷേധിച്ചിരിയ്ക്കുന്നത്. വധം എന്ന പദം പിന്നീട് വരുന്നില്ലെങ്കിൽ യവയ എന്നതിനു

പ്ലുതിവരും. യാവയാ ദിദ്യുമേഭ്യഃ (6.46.9)-യവയ/ദിദ്യും/ഏഭ്യഃ/ എന്നാണ് പദപാഠം. ഇവിടെ യവയ എന്നതിന് വധം എന്നപദം പരമായി വന്നിട്ടില്ല. അതിനാൽ പ്ലുതി വരുന്നു. (ദിദ്യും=ശോഭിയ്ക്കുന്ന)

**5. തം വോ ധിയാ പരമയാ (6.38.3)**

തം/വഃ/ധിയാ/പരമയാ/ എന്നാണ് പദപാഠം. ഇവിടെ പരമയാ എന്ന പദത്തിലെ രമയാ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല.

**6. ഊർമിർന നിമ്നൈർദ്രവയന്ത വക്വാഃ (10.148.5)**

ഊർമിഃ/ന/നിമ്നൈഃ/ദ്രവയന്ത/വക്വാഃ/ എന്നാണ് പദപാഠം. ഇവിടെ ദ്രവയന്ത എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല.

**7. പ്രാന്ധം ശ്രോണം ശ്രവയൻ (2.13.12)**

പ്ര/അന്ധം/ശ്രോണം/ശ്രവയൻ/ എന്നാണ് പദപാഠം. ഇവിടെ ശ്രവയൻ എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല.

**8. ചനിഷ്ഠം പിത്വോ രരതേ വിഭാഗേ (5.77.4)**

ചനിഷ്ഠം/പിത്വോഃ/രരതേ/വിഭാഗേ/ എന്നാണ് പദപാഠം. ഇവിടെ രരതേ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല.

**24. സാഹ്വാം സോ വഃ സത്രാസാഹം**
**സാദന്യം സത്യം താതാന ।**
**നാനാമ ശ്രൂയാഃ ശുശ്രൂയാ**
**രീഷന്തം ഗാതൂയന്തീവ ॥**

സാഹ്വാംസഃ, വഃ സത്രാസാഹം, സാദന്യം, സത്യം താതാന, നാനാമ, ശ്രൂയാഃ, ശുശ്രൂയാഃ, രീഷന്തം, ഗാതൂയന്തീവ എന്നിവയ്ക്ക് പ്ലുതി വരുന്നു.

പ്ലുതിനിഷേധം കഴിഞ്ഞ് വീണ്ടും പ്ലുതി വിധിയ്ക്കുന്നു. സാഹ്വാംസഃ, വഃ എന്നു കഴിഞ്ഞുവരുന്ന സത്രാസാഹം, സാദന്യം; സത്യം എന്നു കഴിഞ്ഞുവരുന്ന താതാന, നാനാമ, ശ്രൂയാഃ, ശുശ്രൂയാഃ, രീഷന്തം, ഗാതൂയന്തീവ എന്നീ പദങ്ങൾക്കാണ് പ്ലുതി വിധിച്ചിരിയ്ക്കുന്നത്. (പ്ലുതിയോടുകൂടിയാണ് ഈ പദങ്ങൾ നിർദ്ദേശിച്ചിട്ടുള്ളത്)

**ഉദാഹരണങ്ങൾ**

**1. സാഹ്വാംസോ ദസ്യുമവ്രതം (9.41.2)**

സഹ്വാംസഃ/ദസ്യും/അവ്രതം/ എന്നാണ് പദപാഠം. ഇവിടെ സ ഹ്വാംസഃ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരി യ്ക്കുന്നു.

**2. ത്യമു വഃ സത്രാസാഹം (8.92.7)**

ത്യം/ഊം ഇതി/വഃ/സത്രാ/സഹം/ എന്നാണ് പദപാഠം. ഇ വിടെ സത്രാസഹം എന്നത് സംഹിതയിൽ പ്ലുതിവന്ന് സത്രാ സാഹം എന്നായിരിയ്ക്കുന്നു. വഃ എന്ന പദം കഴിഞ്ഞുവരുന്ന സ ത്രാസഹം എന്ന പദത്തിനാണ് പ്ലുതി വിധിയ്ക്കുന്നത്.

ഏകാക്ഷരമായ പദമോ ചർഷണി ധന്വ എന്നീ പദങ്ങളോ പൂർവ്വം വന്നിട്ടില്ല എങ്കിൽ സഹ് എന്നതിന് പ്ലുതി വരുമെന്ന് നേ രത്തെ വിധിച്ചിട്ടുണ്ടെങ്കിലും എട്ടക്ഷരമുള്ള പാദത്തിന്റെ അന്ത്യ ത്തിൽ വരുകയാണെങ്കിൽ പ്ലുതി വരില്ല എന്ന നിഷേധിയ്ക്കുക യുണ്ടായി. ആ നിഷേധത്തെ മറികടക്കാനാണ് ഈ വിധി എന്ന് ഉവടൻ ചൂണ്ടിക്കാണിയ്ക്കുന്നുണ്ട്.

വഃ എന്ന പദം പൂർവ്വമില്ലെങ്കിൽ സത്രാസഹം എന്നതിന് പ്ലു തി വരുകയില്ല.

**3. സാദന്യം വിദഥ്യം (1.91.20)**

സദന്യം/വിദഥ്യം/ എന്നാണ് പദപാഠം. ഇവിടെ സദന്യം എ ന്നതിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (വിദഥ്യഃ=യാഗം അനുഷ്ഠിയ്ക്കുന്നതിൽ തൽപ്പരൻ)

**4. സത്യം താതാന സൂര്യഃ (1.105.12)**

സത്യം/തതാന/സൂര്യ/ എന്നാണ് പദപാഠം. ഇവിടെ തതാ ന എന്ന പദത്തിന് സംഹിതയിൽ പ്ലുതിവന്ന് താതാന എന്നായി രിയ്ക്കുന്നു. സത്യം എന്ന പദം കഴിഞ്ഞുവരുന്ന തതാന എന്ന പ ദത്തിനാണ് പ്ലുതി വരുക.

ആ യസ്തതാന രോദസീ (5.1.7)=ആ/യഃ/തതാന/രോദസീ/ എന്നാണ് പദപാഠം. ഇവിടെ സത്യം എന്ന പദം പൂർവ്വമില്ലാത്ത തിനാൽ തതാന എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലു തി വരുന്നില്ല.

**5. പ്രതി നാനാമ രുദ്രോപയന്തം (2.33.12)**

പ്രതി/നനാമ/രുദ്ര/ഉപ/യന്തം/ എന്നാണ് പദപാഠം. ഇവിടെ നനാമ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**6. ശ്രൂയാ അഗ്നിശ്ചിത്രഭാനുഃ (2.10.2)**

ശ്രുയാഃ/അഗ്നിഃ/ചിത്രഭാനുഃ/ എന്നാണ് പദപാഠം. ഇവിടെ

പദപാഠത്തിൽ ശ്രുയാഃ എന്നുള്ളത് സംഹിതയിൽ ശ്രൂയാഃ എന്നായിരിയ്ക്കുന്നു.

**7. യച്ഛുശ്രൂയാഃ ഇമം ഹവം (8.45.18)**

യത്/ശുശ്രുയാഃ/ഇമം/ഹവം/ എന്നാണ് പദപാഠം. ഇവിടെ പദപാഠത്തിൽ ശുശ്രുയാഃ എന്നായിരുന്നത് സംഹിതയിൽ ശുശ്രൂയാഃ എന്നായിരിയ്ക്കുന്നു.

**8. ദ്രുഹേ രീഷന്തം പരിധേഹി രാജൻ (2.30.9)**

ദ്രുഹേ/രിഷന്തം/പരി/ധേഹി/രാജൻ/ എന്നാണ് പദപാഠം. ഇവിടെ പദപാഠത്തിൽ രിഷന്തം എന്നുള്ളത് സംഹിതയിൽ രീഷന്തം എന്നായി. (രിഷന്തം=ഹിംസിയ്ക്കുന്ന)

**9. യേ സ്മാ പുരാ ഗാതൂയന്തീവ (1.169.5)**

യേ/സ്മ/പുരാ/ഗാതുയന്തി/ഇവ/ എന്നാണ് പദപാഠം. ഇവിടെ പദപാഠത്തിൽ 'ഗാതുയന്തി ഇവ' എന്നത് സംഹിതയിൽ 'ഗാതൂയന്തീ വ' എന്നായിരിയ്ക്കുന്നു. (ഗാതുയന്തി=(യജ്ഞ)ഗമനം ആഗ്രഹിയ്ക്കുന്ന)

**25. വാവർത്ത യേഷാം രീഷതോഽദകാരേ**
**സാന്ത്വഭി നൃഷാഹമ പൂരുഷഘ്നഃ ।**
**സാന്തി ഗുഹാ തന്വം രീരിഷീഷ്ട**
**ജാനി പൂർവ്വോഽഭീവ്യതേവ ശ്രഥായാ ॥**

വാവർത്ത യേഷാം (യേഷാം എന്ന പദം പരമായ വവർത്ത എന്ന പദം) ദകാരം പരമായിട്ടില്ലാത്ത രിഷതഃ എന്ന പദം, അഭി എന്നു പരമായ സന്തി എന്ന പദം, നൃസഹം എന്ന പദം, അപുരുഷഘ്ന എന്ന പദം, ഗുഹാ എന്നു പരമായ സന്തി എന്ന പദം, തന്വം എന്ന പദം പൂർവ്വമുള്ള തിരിഷീഷ്ട എന്ന പദം, പൂർവ്യഃ എന്ന പദം പരമായിട്ടുള്ള ജനി എന്ന പദം, അഭി വൃതേവ എന്നതിന്റെ പൂർവ്വത്തിലുള്ള അഭി, ശ്രഥയ എന്ന പദം- ഇവയ്ക്ക് സംഹിതയിൽ പ്ലുതി വരും.

(ഇവയിൽ നൃസഹം എന്നതിന്റെ സകാരം കഴിഞ്ഞുള്ള അകാരത്തിനും അപുരുഷഘ്ന എന്നതിന്റെ പകാരം കഴിഞ്ഞുള്ള ഉകാരത്തിനും അഭി എന്നതിന്റെ ഭകാരം കഴിഞ്ഞുള്ള ഇകാരത്തിനും, ശ്രഥയ എന്നതിന്റെ ഥകാരം കഴിഞ്ഞുള്ള അകാരത്തിനുമാണ് പ്ലുതി വരുന്നത്. ബാക്കിയുള്ള പദങ്ങളുടെ ആദ്യത്തെ അക്ഷരത്തിനും പ്ലുതി വരുന്നു).

**ഉദാഹരണങ്ങൾ**

**1. വാവർത്ത യേഷാം രായാ (10.93.13)**

വവർത്ത/യേഷാം/രായാ/ എന്നാണ് പദപാഠം. ഇവിടെ യേഷാം എന്ന പദം പരമായ വവർത്ത എന്ന പദം സംഹിതയിൽ വാവർത്ത എന്നായിരിയ്ക്കുന്നു. യേഷാം എന്ന പദം പരമായിട്ടില്ലെങ്കിൽ വവർത്ത എന്നതിന് പ്ലുതി വരില്ല.

കോ അധ്വരേ മരുത ആ വവർത (1.165.2)- കഃ/അധ്വരേ/മരുതഃ/ആ/വവർത/ എന്നാണ് പദപാഠം. ഇവിടെ യേഷാം എന്ന പദം പരമാവാത്തതിനാൽ പ്ലുതി വരുന്നില്ല.

**2. പാഹി രീഷത ഉതവാ (1.36.15)**

പാഹി/രിഷതഃ/ഉത/വാ/ എന്നാണ് പദപാഠം. ഇവിടെ ദകാരം പരമാവാത്ത രിഷതഃ എന്നതിന് സംഹിതയിൽ പ്ലുതിവന്ന് രീഷതഃ എന്നായിരിയ്ക്കുന്നു. ദകാരം പരമുണ്ടെങ്കിൽ പ്ലുതി വരില്ല. പ്രതിഷ്മരിഷതോ ദഹ (1.12.5)-പ്രതി/സ്മ/രിഷതഃ/ദഹ/ എന്ന് പദപാഠം. ഇവിടെ ദകാരം പരമായതിനാൽ പ്ലുതി വരുന്നില്ല.

**3. വിശ്വാനി സാന്ത്യഭ്യസ്തു മഹ്നാ (2.28.1)**

വിശ്വാനി/സന്തി/അഭി/അസ്തു/മഹ്നാ/ എന്നാണ് പദപാഠം. ഇവിടെ അഭി എന്നു പരമായ സന്തി എന്നതിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. അഭി എന്നു പരമായില്ലെങ്കിൽ പ്ലുതി വരില്ല. -സന്തി കാമാസോ ഹരിവഃ (8.21.6)-ഇവിടെ അഭി എന്നു പരമല്ലാത്തതിനാൽ പ്ലുതി വരുന്നില്ല.

**4. നരം നൃഷാഹം മംഹിഷ്ഠം (8.16.1)**

നരം/നൃ*f*സഹം/മംഹിഷ്ഠം/ എന്നാണ് പദപാഠം. ഇവിടെ നൃസഹം എന്നത് സംഹിതയിൽ നൃഷാഹം (സകാരത്തിന് ഷകാരം വന്ന്) എന്ന് പ്ലുതി വന്നിരിയ്ക്കുന്നു.

*Note:* സഹ് എന്നതിന് പ്ലുതി വിധിച്ചിരിയ്ക്കുന്നത് 'ഏകാക്ഷരചർഷണി ധന്വവർജം' എന്ന വിധികൊണ്ടാണല്ലോ. നൃ എന്നത് ഏകാക്ഷരമായതിനാൽ നൃസഹം എന്നതിന് പ്ലുതി വരില്ല. അഭിമാതി, നൃ, പൃതന എന്നീ പദങ്ങൾ ഉപാധിയായി വരുന്ന സഹ് എന്നതിന് യകാരം പരമായാലേ പ്ലുതി വരുള്ളൂ. അതുകൊണ്ടാണ് ഇവിടെ നൃസഹം എന്നതിന് വേറെ പ്ലുതി വിധിയ്ക്കുന്നത്.

**5. അപൂരുഷഘ്നോ അപ്രതീത (1.133.6)**

അപുരഷ*f*ഘ്നഃ/അപ്രതി*f*ഇത/ എന്നാണ് പദപാഠം. ഇവിടെ അപുരുഷഘ്നഃ എന്ന പദത്തിലെ പകാരം കഴിഞ്ഞുള്ള ഉകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**6. ആവിഃ സാന്തി ഗുഹാ പരഃ (8.8.23)**

ആവിഃ/സന്തി/ഗുഹാ/പരഃ/ എന്ന് പദപാഠം. ഇവിടെ ഗുഹാ എന്ന പദം പരമായിട്ടുണ്ട്. അതിനാൽ സന്തി എന്ന പദത്തിന് പ്ലുതി വന്നിരിയ്ക്കുന്നു; ഗുഹാ എന്ന പദം പരമില്ലെങ്കിൽ പ്ലുതി വരികയില്ല.

**7. സ്വയം രിപുസ്തന്വം രീരിഷീഷ്ട (6.51.7)**

സ്വയം/രിപുഃ/തന്വം/രീരിഷീഷ്ട/ എന്നാണ് പദപാഠം. ഇവിടെ തന്വം എന്ന പദം പൂർവ്വമുള്ള രിരിഷീഷ്ട എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

തന്വം എന്ന പദം പൂർവ്വമില്ലെങ്കിൽ പ്ലുതി വരില്ല. 'സൈ്വഃ ഷ ഏവൈ രിരിഷീഷ്ട'–(8.18.13). ഇവിടെ തന്വം എന്ന പദം പൂർവ്വമല്ലാത്തതിനാൽ രിരിഷീഷ്ട എന്നതിന് പ്ലുതി വരുന്നില്ല.

**8. അഗ്നിർഹി ജാനി പൂർവ്വ്യഃ (8.7.36)**

അഗ്നിഃ/ഹി/ജനി/പൂർവ്വ്യഃ/ എന്നാണ് പദപാഠം. പൂർവ്വ്യ എന്ന പദം പരമായ ജനി എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു; പൂർവ്വ്യഃ എന്നു പരമായില്ലെങ്കിൽ പ്ലുതി വരില്ല. ദേവസ്യ ഭർഗഃ സഹസോ യതോ ജനി (1.141.7)– ഇവിടെ പൂർവ്വ്യഃ എന്ന പദം പരമായിട്ടില്ലാത്തതിനാൽ പ്ലുതി വരുന്നില്ല.

**9. അഭീ വൃതേവ താ മഹാപദേന (10.73.2)**

അഭിവൃതാ$f$ഇവ/താ/മഹാ$f$പദേന/ എന്നാണ് പദപാഠം. ഇവിടെ അഭിവൃതേവ എന്ന പദം സംഹിതയിൽ അഭീവൃതേവ എന്നായിരിയ്ക്കുന്നു.

**10. വിമച്ഛ്രൂഥായ രശനാമിവാഗഃ (2.28.5)**

വി/മത്/ശ്രഥയ/രശനാം$f$ഇവ/ആഗഃ/ എന്നാണ് പദപാഠം. ഇവിടെ ശ്രഥയ എന്ന പദത്തിന് പ്ലുതി വന്ന് സംഹിതയിൽ ശ്രഥാ യ എന്ന് പ്രയോഗിച്ചിരിയ്ക്കുന്നു.

**26. സാഹൻ സാഹാ ജർഹൃഷന്ത പ്രസാഹം**
**നക്തോഷാസാ സൂര്യമുഷാസമഗ്നിം ।**
**പരിരാപഃ സൂനൃതേ ജാരയന്തീ**
**ശുശ്രൂയാതം യൂയുവിഃ സാദനാ തേ. ॥**

സാഹൻ, സാഹാ, ജർഹൃഷന്ത പ്രസാഹം, നക്തോഷാസാ, സൂര്യമുഷാസമഗ്നിം, പരിരാപഃ, സൂനൃതേ ജാരയന്തീ, ശുശ്രൂയാതം, യൂയുവിഃ, സാദനാ തേ എന്നീ പദങ്ങൾക്കും പ്ലുതി വരും.

സാഹൻ, സാഹ എന്നീ പദങ്ങളിൽ സകാരം കഴിഞ്ഞുള്ള അകാരത്തിന് പ്ലുതി വന്ന രൂപമാണ് കൊടുത്തിരിയ്ക്കുന്നത്. പദപാഠത്തിൽ സഹൻ, സഹാ എന്നത് സംഹിതയിൽ സാഹൻ,

സാഹാ എന്നാകും എന്നർത്ഥം.

ജർഹൃഷന്ത എന്ന പദം പൂർവ്വമുള്ള പ്രസഹ എന്നത് സംഹിതയിൽ പ്ലുതി വന്ന് പ്രാസഹ എന്നാവും. ഏകാക്ഷരമുള്ള പൂർവ്വപദത്തോടുകൂടിയ സഹ് എന്നതിന് പ്ലുതി നേരത്തേയുള്ള വിധിയനുസരിച്ച് സിദ്ധിയ്ക്കുമായിരുന്നില്ല. അതിനാലാണ് ഇവിടെ, അതായത്, പ്രാസഹ എന്ന പദത്തിന് പ്ലുതി വിധിയ്ക്കുന്നത്.

നക്തോഷസാ എന്ന പദത്തിൽ ഷ എന്ന അക്ഷരത്തിന് പ്ലുതി വരും.

സൂര്യം എന്ന പദം പൂർവ്വവും അഗ്നിം എന്ന പദം പിന്നീടും വരുന്ന ഉഷസം എന്ന പദത്തിലെ ഷകാരം കഴിഞ്ഞുള്ള അകാരത്തിന് പ്ലുതി വരും.

പരിരപ എന്ന പദത്തിലെ 'രപ' എന്ന രേഫം കഴിഞ്ഞു വരുന്ന അകാരത്തിന് പ്ലുതി വരും.

സൂനൃതേ എന്ന പദം പൂർവ്വമുള്ള ജരയന്തീ എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരും.

ശുശ്രുയാതം എന്ന പദത്തിലെ ശ്രു എന്ന അക്ഷരത്തിന് പ്ലുതി വരും.

യുയുവിഃ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരും.

തേ എന്ന പദം പരമായിട്ടുള്ള സദനാ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരും.

**ഉദാഹരണങ്ങൾ**

**1. ജയഞ്ഛത്രൂ്ँരമിത്രാൻ പൃത്സു സാഹൻ (6.73.2)**

ജയൻ/ശത്രൂൻ/അമിത്രാൻ/പൃത്ƒസു/സഹൻ/ എന്നാണ് പദപാഠം. ഇവിടെ സഹൻ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**2. സാഹാ യേ സന്തി മുഷ്ടിഹേവ (8.20.20)**

സഹാഃ/യേ/സന്തി/മുഷ്ടിഹാƒഇവ/ എന്നാണ് പദപാഠം.

ഇവിടെ സഹാഃ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (മുഷ്ടിഹാ=മല്ലൻ-(മുഷ്ടികളെക്കൊണ്ടു കൊല്ലുന്നവൻ)

**3. മത്സരാസോ ജർഹൃഷന്ത പ്രസാഹം (6.17.4)**

മത്സരാസഃ/ജർഹൃഷന്ത/പ്രƒസഹം/ എന്നാണ് പദപാഠം. ജർഹൃഷന്ത എന്ന പദം പൂർവ്വമുള്ള പ്രസഹം എന്ന പദത്തിലെ സ എന്നതിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു; ജർഹൃഷന്ത എന്ന പദം പൂർവ്വമില്ലെങ്കിൽ പ്ലുതി വരില്ല. ജർഹൃഷന്ത=അ

ത്യധികം സന്തോഷിയ്ക്കട്ടെ.

വിശ്വായും പ്രാസഹം യുജം (1.129.4)

വിശ്വ/ആയും/പ്ര/സഹം/യുജം/ എന്നാണ് പദപാഠം. ഇവിടെ പ്രസഹം എന്ന പദത്തിന്റെ പൂർവ്വം വിശ്വായും എന്ന പദമാണ്. അതിനാൽ സകാരം കഴിഞ്ഞുള്ള അകാരത്തിനു പ്ലുതി വരുന്നില്ല.

**4. നക്തോഷാസാ സുപേശസാ (1.13.7)**

നക്തോഷസാ/സു/പേശസാ/ എന്നാണ് പദപാഠം. ഇവിടെ നക്തോഷസാ എന്ന പദത്തിൽ ഷകാരമാകുന്ന അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. ജനയന്താ സൂര്യമുഷാസമഗ്നിം (7.99.4)**

ജനയന്താ/സൂര്യം/ഉഷസം/അഗ്നിം/ എന്നാണ് പദപാഠം. സൂര്യം എന്ന പദം പൂർവ്വവും അഗ്നിം എന്ന പദം പരവുമായി വരുന്ന ഉഷസം എന്ന പദത്തിന്റെ ഷകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

പരമായിട്ട് അഗ്നിപദമുണ്ടെങ്കിലും പൂർവ്വം സൂര്യപദമില്ലെങ്കിൽ ഉഷസം എന്നതിന് പ്ലുതി വരില്ല.

ദധിക്രാം വഃ പ്രഥമമശ്വിനോഷസമഗ്നിം (7.44.1) – ദധിക്രാം/വഃ/പ്രഥമം/അശ്വിനാ/ഉഷസം/അഗ്നിം/ എന്നാണ് പദപാഠം. ഇവിടെ സൂര്യം എന്ന പദം പൂർവ്വം ഇല്ല. അഗ്നിം എന്ന പദം പരമായിട്ടുണ്ട്; പ്ലുതി വരുന്നില്ല. സൂര്യം എന്ന പദം പൂർവ്വമുണ്ട്, അഗ്നിം എന്ന പദം പരമായിട്ടില്ല എങ്കിലും പ്ലുതി വരില്ല.

യേഭിഃ സൂര്യമുഷസം മന്ദസാനഃ (6.17.5)

ഇവിടെ സൂര്യം എന്ന പദം പൂർവ്വമുണ്ടെങ്കിലും അഗ്നിം എന്ന പദം പരമായിട്ടില്ല. തന്മൂലം ഉഷസം എന്നതിന് പ്ലുതി വരുന്നില്ല.

**6. ബൃഹസ്പതേ വി പരിരാപോ അർദയ (2.23.14)**

ബൃഹസ്പതേ/വി/പരി/രപഃ/അർദയ/ എന്നാണ് പദപാഠം. പദപാഠത്തിൽ പരിരപഃ എന്നത് സംഹിതയിൽ പരിരാപഃ എന്നായിരിയ്ക്കുന്നു.

**7. രേവത് സ്തോത്രേ സൂനൃഹേ ജാരയന്തീ (1.124.10)**

രേവത്/സ്തോത്രേ/സൂനൃതേ/ജരയന്തീ/ എന്നാണ് പദപാഠം. സൂനൃതേ എന്ന പദം പൂർവ്വമുള്ള ജരയന്തീ എന്ന പദത്തിന്റെ ആദ്യത്തെ സ്വരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

സൂനൃതേ എന്ന പദം പൂർവ്വമില്ലെങ്കിൽ പ്ലുതി വരില്ല. ജരയ

ന്തീ വൃജനം പദ്വത് (1.48.5)

ജരയന്തീ/വൃജനം/പത്fവത്/ എന്നാണ് പദപാഠം. ഇവിടെ പൂർവ്വം 'സൂനൃതേ' എന്ന പദം ഇല്ല. അതിനാൽ പ്ലുതി വരുന്നില്ല. വൃജനം=ഗമനശീലം; ജരയന്തീ=ജരയെ പ്രാപിയ്ക്കുന്ന.

**8. ശുശ്രൂയാതമിമം ഹവം (5.74.10)**

ശുശ്രുയാതം/ഇമം/ഹവം/ എന്നാണ് പദപാഠം. ഇവിടെ ശുശ്രുയാതം എന്നതിലെ രണ്ടാമത്തെ 'ശ്രു' എന്നതിലെ ഉകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**9.ദ്വിഷോ യുയോതു യൂയുവിഃ (5.50.3)**

ദ്വിഷഃ/യുയോതു/യുയുവിഃ/ എന്നാണ് പദപാഠം. ഇവിടെ യുയുവി എന്ന പദം സംഹിതയിൽ ആദ്യത്തെ അക്ഷരത്തിനു പ്ലുതിവന്ന് യൂയുവി എന്നായിരിയ്ക്കുന്നു.

**10.തേfത്രാ യമഃ സാദനാ തേ മിനോതു (10.18.13)**

തേ/അത്ര/യമഃ/സദനാ/തേ/മിനോതു/ എന്നാണ് പദപാഠം. ഇവിടെ തേ എന്ന പദം പരമായ സദനാ എന്ന പദത്തിന് സംഹിതയിൽ സാദനാ എന്ന് പ്ലുതി വന്നിരിയ്ക്കുന്നു. 'സാദനാ തേ' എന്നു പറഞ്ഞിരിയ്ക്കുന്നതിനാൽ തേ എന്ന പദം പരമായില്ലെങ്കിൽ പ്ലുതി വരില്ല. പിതൃഭ്യഃ ആ സദനേ ജോഹുവാനാ (5.47.1)-ഇവിടെ ജോഹുവാനാ എന്ന പദമാണ് പരമായി വരുന്നത്. അതിനാൽ പ്ലുതി വരുന്നില്ല.

**27. കരൻസുഷാഹാ ഘൃതവാന്തി സാഹ്വാൻ**
**യജൂയേവ സൂയവസാദ് വൃഷായ ।**
**ഉഷാസാനക്താ പൃഥുജാഘനേ ച**
**രാധ്യേഭീ രീരിഷത ഗ്ലാപയന്തി ॥**

കരൻസുഷാഹാ, ഘൃതവാന്തി, സാഹ്വാൻ, ഋജൂയേവ, സൂയവസാത്, വൃഷായ, ഉഷാസാനക്താ, പൃഥു ജാഘനേ ച, രാധ്യേഭിഃ, രീരിഷത, ഗ്ലാപയന്തി എന്നീ പദങ്ങൾക്കും പ്ലുതി വരുന്നു.

കരൻ എന്ന പദം കഴിഞ്ഞുവരുന്ന 'സുഷഹാ' (സുസഹാ) എന്ന പദത്തിന്റെ സകാരം കഴിഞ്ഞുള്ള സ്വരത്തിന് പ്ലുതിവരുന്നു. സു എന്ന ഏകാക്ഷരമായ പദം പൂർവ്വമായതിനാൽ 'ഏകാക്ഷര ചർഷണി ധന്വവർജ്ജം' എന്ന നിയമമനുസരിച്ച് 'സുസഹാ' എന്നതിന്റെ 'സഹ്' എന്നതിലെ സകാരത്തിന് പ്ലുതി വരുമായിരുന്നില്ല. അതിനാലാണ് ഇവിടെ വിധിച്ചത്.

ഘൃതവാന്തി എന്ന പദത്തിൽ വകാരത്തിന് (വകാരം കഴിഞ്ഞുള്ള അകാരത്തിന്) പ്ലുതി വന്നിരിയ്ക്കുന്നു. സഹ്വാൻ എന്ന

പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരും. ഋജൂയേവ എന്ന പദത്തിലെ ജകാരം കഴിഞ്ഞുള്ള ഉകാരത്തിന് പ്ലുതി വരുന്നു. സുയവസാത് എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുന്നു. വൃഷയ എന്ന പദത്തിലെ ഷകാരം കഴിഞ്ഞുള്ള അകാരത്തിന് പ്ലുതി വരുന്നു. ഉഷസാനക്താ എന്ന പദത്തിലെ ഷകാരം കഴിഞ്ഞുള്ള അകാരത്തിന് പ്ലുതി വരുന്നു. പൃഥുജഘനേ എന്ന പദത്തിലെ ജകാരം കഴിഞ്ഞുള്ള അകാരത്തിന് പ്ലുതി വരുന്നു. രഥ്യേഭിഃ എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുന്നു. രിരിഷത എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുന്നു. ഗ്ലപയന്തി എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുന്നു.

**ഉദാഹരണങ്ങൾ**

**1. കരൻ സുഷാഹാ വിഥുരംന ശവഃ (1.186.2)**

കരൻ/സുƒസഹാ/വിഥുരം/ന/ശവഃ/ എന്നാണ് പദപാഠം. ഇവിടെ കരൻ എന്ന പദം കഴിഞ്ഞ് സുസഹ എന്ന പദം വന്നിട്ടുണ്ട്. അതിനാൽ ഷത്വവും പ്ലുതിയും വന്ന് സുഷാഹാ എന്ന് സംഹിതയിൽ പ്രയോഗം (ശവഃ=അന്നം; വിഥുരം=ഹീനം). കരൻ എന്ന പദം പൂർവ്വം വന്നില്ലെങ്കിൽ സുസഹാ എന്ന പദത്തിന് പ്ലുതി വരില്ല.

സുഷഹാ സോമ താനി തേ (9.29.3)-ഇവിടെ കരൻ എന്ന പദം പൂർവ്വം വരാത്തതിനാൽ സുഷഹാ എന്നതിന് പ്ലുതി വരുന്നില്ല.

**2.അവ ദ്രോണാനി ഘൃതവാന്തി സീദ (9.96.13)**

അവ/ദ്രോണാനി/ഘൃതƒവന്തി/സീദ/ എന്നാണ് പദപാഠം. ഇവിടെ ഘൃതവന്തി എന്ന പദത്തിലെ വകാരം കഴിഞ്ഞുള്ള അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**3. സാഹ്വാൻ വിശ്വാ അഭിയുജഃ (3.11.6)**

സഹ്വാൻ/വിശ്വാഃ/അഭിƒയുജഃ/ എന്നാണ് പദപാഠം. സഹ്വാൻ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (സാഹ്വാൻ=സഹിയ്ക്കുന്ന (സ്വബലംകൊണ്ട് തിരസ്കരിയ്ക്കുന്ന)

**4. ദിശം ന ദിഷ്ടാമൃജൂയേവ യന്താ (1.183.5)**

ദിശം/ന/ദിഷ്ടാം/ഋജൂയാƒഇവ/യന്താ/ എന്നാണ് പദപാഠം. ഇവിടെ ഋജൂയേവ എന്ന പദത്തിന്റെ ജകാരം കഴിഞ്ഞുള്ള ഉകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**5. സൂയവസാദ് ഭഗവതീ ഹി ഭൂയാഃ (1.164.40)**

സുയവസ്/അത്/ഭഗ്/വതീ/ഹി/ഭൂയാഃ/ എന്നാണ് പദപാഠം. ഇവിടെ സുയവസാത് എന്ന പദത്തിന്റെ ആദ്യത്തിലുള്ള സ്വരത്തിന് പ്ലുതി വരുന്നു. (സുയവസാത്=ശോഭനമായ ഇളം പുല്ല് തിന്നുന്ന; ഭഗവതീ=ഭഗം(ധനം) ഉള്ളവൾ)

**6. സ പർജ്ജന്യം ശംതനവേ വൃഷായ (10.98.1)**

സഃ/പർജ്ജന്യം/ശം/തനവേ/വൃഷയ/ എന്നാണ് പദപാഠം. വൃഷയ എന്ന പദത്തിലെ ഷകാരം കഴിഞ്ഞുള്ള അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (വൃഷയ=വർഷിയ്ക്കൂ)

**7. ഉഷാസാനക്താ ബൃഹതീ സുപേശസാ (10.36.1)**

ഉഷസാനക്താ/ബൃഹതീ ഇതി/സുപേശസാ/ എന്നാണ് പദപാഠം. ഇവിടെ ഉഷസാനക്താ എന്ന പദത്തിൽ ഷകാരം കഴിഞ്ഞുള്ള അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**8. പൃഥുഷ്ടോ പൃഥുജാഘനേ (10.86.8)**

പൃഥു/സ്തോ/പൃഥു/ജഘനേ/ എന്ന് പദപാഠം. ഇവിടെ പൃഥു ജഘനേ എന്ന പദത്തിലെ ജകാരം കഴിഞ്ഞുള്ള അകാരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**9. അഥോ ഹ സ്ഥോ രഥ്യാ രാഥ്യേഭിഃ (1.157.6)**

അഥോ ഇതി/ഹ/സ്ഥഃ/രഥ്യാ/രഥ്യേഭിരിതി രഥ്യേഭിഃ/ എന്നാണ് പദപാഠം. ഇവിട് രഥ്യേഭിഃ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**10. മാനോ മദ്ധ്യാ രീരിഷതായുർഗന്തോഃ (1.89.9)**

മാ/നഃ/മദ്ധ്യാ/രിരിഷത/ആയുഃ/ഗന്തോഃ/ എന്നാണ് പദപാഠം. ഇവിടെ രിരിഷത എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**11. ഊർധ്വാസ്തസ്ഥൌ നേമവ ഗ്ലാപയന്തി (1.164.10)**

ഊർധ്വഃ/തസ്ഥൌ/ന/ഈം/അവ/ഗ്ലപയന്തി/ എന്നാണ് പദപാഠം. ഇവിടെ ഗ്ലപയന്തി എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**28. അധ്വാനയദ്രീരിഷത് പ്രാവണേഭീ**
**രഥീയന്തീവാദമായഃ സസാഹേ ।**
**സാസാഹയൂയുധിരിവാ ശ്രഥായഃ**
**പൂരുഷഘ്നം രീരിഷഃ പൂരുഷാദഃ ॥**

അധ്വാനയത്, രീരിഷത്, പ്രാവണേഭിഃ, രഥീയന്തീ വ, അദമായഃ, സസാഹേ, സാസാഹ, യൂയുധിരിവ, അശ്രഥായഃ, പൂരുഷഘ്

നം, രീരിഷഃ, പൂരുഷാദഃ- എന്നീ പദങ്ങൾക്ക് പ്ലുതി വരുന്നു.

**ഉദാഹരണങ്ങൾ**

**1. അധ്വാനയദ് ദുരിതാദംഭയച്ച (6.18.10)**

അധ്വനയത്/ദുഃ*f*ഇതാ/ദംഭയത്/ച/ എന്നാണ് പദപാഠം. ഇവിടെ അധ്വനയത് എന്ന പദത്തിലെ രണ്ടാമത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (അധ്വനയത്=ശബ്ദിയ്ക്കുന്നു)

2. **മാ ച ഹാ മാച രീരിഷത് (3.53.20)**

മാ ച ഹാ മാ ചരീരിഷത്/ എന്നാണ് പദപാഠം. ഇവിടെ രിരിഷത് എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (മാ ച ഹാഃ=(ഞങ്ങളെ) ഉപേക്ഷിയ്ക്കരുത്; മാ ച രീരിഷത്=(ഞങ്ങളെ) നശിപ്പിയ്ക്കരുത്)

**3. പ്രാവണേഭിഃ സജോഷസഃ (3.22.4)**

പ്രവണേഭിഃ/സ*f*ജോഷസഃ/ എന്നാണ് പദപാഠം. ഇവിടെ പ്രവണേഭിഃ എന്ന പദത്തിലെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**4. രഥീയന്തീവ പ്ര ജിഹീത ഓഷധിഃ (1.166.5)**

രഥിയന്തീ*f*ഇവ/പ്ര/ജിഹീതേ/ഓഷധിഃ/ എന്നാണ് പദപാഠം. ഇവിടെ രഥിയന്തീവ എന്ന പദത്തിലെ രണ്ടാമത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**5. ത്വം ഹ നു ത്യദദമായോ ദസ്യൂൻ (6.18.3)**

ത്വം/ഹ/നു/ത്യദ്/അദമയഃ/ദസ്യൂൻ/ എന്നാണ് പദപാഠം. ഇവിടെ അദമയഃ എന്ന പദത്തിന്റെ മൂന്നാമത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**6. സസാഹേ ശക്രഃ പൃതനാ അഭിഷ്ടിഃ (10.104.10)**

സസഹേ/ശക്രഃ/പൃതനാഃ/അഭിഷ്ടിഃ/ എന്നാണ് പദപാഠം. ഇവിടെ സസഹേ എന്ന പദത്തിലെ രണ്ടമത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

*Note:-* ശ്രാവയാദിയിൽപ്പെട്ടതായതിനാൽ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരേണ്ടതാണ്. അത് വരില്ലെന്ന് 'സസാഹേ യവയാ വധം' (23/9) എന്ന കാരികാഭാഗംകൊണ്ട് നിഷേധിച്ചിട്ടുണ്ട്. രണ്ടാമത്തെ അക്ഷരത്തിന് പ്ലുതി വിധിയ്ക്കുകയാണ് ഈ കാരികയിലൂടെ.

**7. സാസാഹ യോ യുധാ നൃഭിഃ (5.25.6)**

സസാഹ/യഃ/യുധാ/നൃ*f*ഭിഃ/ എന്നാണ് പദപാഠം. ഇവിടെ

സസാഹ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**8. ഗാവ ഇവ ഗ്രാമം യൂയുധിരിവാശ്വാൻ (10.149.4)**

ഗാവഃ/ഇവ/ഗ്രാമം/യുയുധിഃ/ഇവ/അശ്വാൻ/ എന്നാണ് പദപാഠം. ഇവിടെ യുയുധിരിവ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**9. സതീനമന്യുരശ്രഥായഃ (10.112.8)**

സതീന/മന്യുഃ/അശ്രഥയഃ/ എന്നാണ് പദപാഠം. ഇവിടെ അശ്രഥയഃ എന്ന പദത്തിലെ മൂന്നാമത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**10. ആരേ തേ ഗോഘ്നമുത പൂരുഷഘ്നം (1.114.10)**

ആരേ/തേ/ഗോ/ഘ്നം/ഉത/പുരുഷഘ്നം/ എന്നാണ് പദപാഠം. ഇവിടെ പുരുഷഘ്നം എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**11. മാനോ ഗോഷുമാനോ അശ്വേഷു രീരിഷഃ (1.114.8)**

മാ/നഃ/ഗോഷു/മാ/നഃ/അശ്വേഷു/രിരിഷഃ/ എന്നാണ് പദപാഠം. ഇവിടെ രിരിഷഃ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**12. തതോ വയഃ പ്രപതാൻ പൂരുഷാദഃ (10.27.22)**

തതഃ/വയഃ/പ്ര/പതാൻ/പുരുഷ/അദഃ/ എന്നാണ് പദപാഠം. ഇവിടെ പുരുഷാദഃ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**29. അപൂരുഷം ജാഹൃഹാണേന രീഷത**
**ഋതായുഭീ രഥീനാം സാഹിഷീമഹി ।**
**പവീതാരഃ കിയാത്യേ പൂരുഷത്വത**
**ഋതാവരീരിവ ഹവ്യാനി ഗാമയ ॥**

അപൂരുഷം, ജാഹൃഷാണേന, രീഷതേ, ഋതായുഭിഃ, രഥീനാം, സാഹിഷീ മഹി, പവീതാരഃ, കിയാത്യാ, ഈ പൂരുഷത്വതഃ, ഋതാവരീരിവ, ഹവ്യാനി ഗാമയ- എന്നീ പദങ്ങൾക്കും പ്ലുതി വരുന്നു.

## ഉദാഹരണങ്ങൾ

**1. സിന്ധോഃ പാരേ അപൂരുഷം (10.155.3)**

സിന്ധോഃ/പാരേ/അപുരുഷം/ എന്നാണ് പദപാഠം. അപുരുഷം എന്ന പദത്തിന്റെ രണ്ടമത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2. യോ വ്യംസം ജാഹൃഷാണേന (1.101.2)**

യഃ/വി*f*അംസം/ജഹൃഷാണേന/ എന്നാണ് പദപാഠം. ഇവിടെ ജഹൃഷാണേന എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (ജഹൃഷാണേന=വർദ്ധിച്ച; വ്യംസം=പൊയ്പ്പോയ തോളോടുകൂടിയവനെ)

**3. മാ രീഷതേ സഹസാവൻ (1.189.5)**

മാ/രിഷതേ/സഹസാ*f*വൻ/ എന്നാണ് പദപാഠം. ഇവിടെ രിഷതേ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിട്ടുണ്ട്. (രിഷതേ=ഹിംസിയ്ക്കുന്നവനായിക്കൊണ്ട്.)

**4. പവമാന ഋതായുഭിഃ (9.3.3)**

പവമാനഃ/ഋതയുഭിഃ/ എന്നാണ് പദപാഠം. ഇവിടെ ഋതയുഭിഃ എന്ന പദത്തിലെ രണ്ടാമത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**5. രഥീതമം രഥീനാം (1.11.1)**

രഥി*f*തമം/രഥിനാം/ എന്നാണ് പദപാഠം. ഇവിടെ രഥിനാം എന്ന പദത്തിന്റെ രണ്ടാമത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**6. വീളു ചിത്സാഹിഷീമഹി (8.40.1)**

വീളു/ചിത്/സഹിഷീമഹി/ എന്നാണ് പദപാഠം. ഇവിടെ സഹിഷീമഹി എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. (വീളു=ശത്രുസൈന്യങ്ങളെ)

**7. പവീതാരഃ പുനീതന(9.4.4)**

പവിതാരഃ/പുനീതന/ എന്നാണ് പദപാഠം. ഇവിടെ പവിതാരഃ എന്ന പദത്തിന്റെ രണ്ടാമത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**8. അഹരഹര്യാത്യക്തുരപാം കിയാത്യാ(2.30.1)**

അഹഃ*f*അഹഃ/യാതി/അക്തുഃ/അപാം/കിയതി/ആ/ എന്നാണ് പദപാഠം. ഇവിടെ കിയതി എന്ന പദത്തിന്റെ രണ്ടാമത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. ആകാരം പരമായിട്ടുള്ള കിയതി ആണ് ഇത്. ആകാരം പരമായിട്ടുണ്ടെങ്കിലേ കിയതി എന്നതിന്റെ യകാരത്തിന് പ്ലുതി വരികയുള്ളൂ.

**9. ദീനൈർദക്ഷൈഃ പ്രഭൂതീ പൂരുഷത്വതാ (4.54.3)**

ദീനൈഃ/ദക്ഷൈഃ/പ്ര*f*ഭൂതീ/പുരുഷത്വതാ/എന്നാണ് പദപാഠം. ഇവിടെ പുരുഷത്വതാ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു. ഇവിടെ പുരുഷത്വതാ എന്ന പദത്തിന്റെ മുൻപ് പ്രഭൂതീ എന്ന പദമാണ്. അത് ഈകാരത്തിൽ അ

വസാനിയ്ക്കുന്നു. ഇപ്രകാരം ഈ എന്ന സ്വരാക്ഷരം മുൻപ് വന്നാൽ മാത്രമേ പുരുഷത്വതാ എന്നതിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരുകയുള്ളൂ.

**ന തസ്യ വിദ്മ പുരുഷത്വതാ വയം (5.48.5)**

ഇവിടെ വിദ്മ എന്ന് അകാരത്തിൽ അവസാനിയ്ക്കുന്ന പദമാണ് പുരുഷത്വതാ എന്ന പദത്തിന്റെ പൂർവ്വമുള്ളത്. അതിനാൽ പു എന്ന ആദ്യാക്ഷരത്തിന് പ്ലുതി വരുന്നില്ല.

**10. ഋതാവരീരിവ സംക്രോശമാനാഃ (4.18.6)**

ഋതവരീഃ/ഇവ/സം/ക്രോശമാനാഃ/ എന്നാണ് പദപാഠം. ഇവിടെ ഋതവരീരിവ എന്ന പദത്തിന്റെ രണ്ടാമത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. (ഋതവരീഃ=വെള്ളത്തോടുകൂടിയ-നദികൾ)

**11. തത്ര ഹവ്യാനി ഗാമയ (5.5.10)**

തത്ര/ഹവ്യാനി/ഗമയ/ എന്നാണ് പദപാഠം. ഇവിടെ ഗമയ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. ഹവ്യാനി ഗാമയ എന്ന് പറഞ്ഞിരിയ്ക്കുന്നതിനാൽ ഹവ്യാനി എന്ന പദം പൂർവ്വമുണ്ടെങ്കിലേ ഗമയ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വരികയുള്ളൂ.

**അധരം ഗമയാ തമഃ (10.152.4)**

അധരം/ഗമയ/തമഃ/ എന്നാണ് പദപാഠം. ഇവിടെ ഹവ്യാനി എന്ന പദം മുന്നിൽ ഇല്ലാത്തതിനാൽ ഗമയ എന്ന പദത്തിന്റെ ഗ എന്ന ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിട്ടില്ല.

**30. വൃഷായസ്വ പ്രസവീതാ സസാഹിഷേ**
**താതൃപാണാ താതൃപിം സാദനസ്പൃശഃ ।**
**സാഹ്യാമേയാന്തി പശുമാന്തി ജാഗൃധുഃ**
**പവീതാരം സൂര്യമുഷാസമീമഹേ ॥**

വൃഷായസ്വ, പ്രസവീതാ, സസാഹിഷേ, താതൃപാണാ, താതൃപിം, സാദനസ്പൃശഃ, സാഹ്യാമ, ഇയാന്തി പശുമാന്തി, ജാഗൃധുഃ, പവീതാരം, സൂര്യമുഷാസമീമഹേ എന്നീ പദങ്ങൾക്കും പ്ലുതി വരുന്നു.

**ഉദാഹരണങ്ങൾ**

**1. വൃഷായസ്വായൂയാ ബാഹുഭ്യാം**

ഇവിടെ വൃഷായസ്വ എന്ന പദത്തിന്റെ രണ്ടാമത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**2. ഉദ്വേതി പ്രസവീതാ ജനാനാം (7.63.2)**

ഉത്/ഊംഇതി/ഏതി/പ്ര/സവിതാ/ജനാനാം/ എന്നാണ് പദപാഠം. ഇവിടെ പ്രസവിതാ എന്ന പദത്തിലെ മൂന്നാമത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**3. പ്രസസാഹിഷേ പുരുഹൂത (10.180.1)**

പ്രസസഹിഷേ/പുരു/ഹൂത/ എന്നാണ് പദപാഠം. ഇവിടെ സസഹിഷേ എന്ന പദത്തിന്റെ രണ്ടാമത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

യവയുരരമയഃ സസാഹിഷേ (21/9) എന്ന കാരികാഭാഗംകൊണ്ട് ആദ്യത്തെ അക്ഷരത്തിന് പ്ലുതി നിഷേധിയ്ക്കുകയാണ് ഉണ്ടായത്. ശ്രാവയാദിയിൽപ്പെട്ടതിനാൽ വരുമായിരുന്ന പ്ലുതിയാണ് നിഷേധിയ്ക്കപ്പെട്ടത്. ഇവിടെ രണ്ടാമത്തെ അക്ഷരത്തിന് പ്ലുതി വിധിയ്ക്കുകയാണ്.

**4. താദേവേദം താതൃഷാണാ ചരാമി (10.95.16)**

താത്/ഏവ/ഇദം/തതൃഷാണാ/ചരാമി/ എന്നാണ് പദപാഠം. ഇവിടെ തതൃഷാണാ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു (തതൃഷാണാ=തൃപ്ത)

**5. പിബാ വൃഷസ്വ താതൃപിം (3.40.2)**

പിബ/ആ/വൃഷസ്വ/തതൃപിം/ എന്നാണ് പദപാഠം. ഇവിടെ തതൃപിം എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**6. മാനോ നിർഭാഗ്വസുനഃ സാദനസ്പൃശഃ (9.72.8)**

മാ/നഃ/നിഃ/ഭാക്/വസുനഃ/സദന/സ്പൃശഃ/ എന്ന് പദപാഠം. ഇവിടെ സദനസ്പൃശഃ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**7. സാഹ്യാമ ദാസമാര്യം (10.83.1)**

സഹ്യാമ/ദാസം/ആര്യം/ എന്നാണ് പദപാഠം. ഇവിടെ സഹ്യാമ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**8. ഗന്തേയാന്തി സവനാ ഹരിഭ്യാം (6.23.4)**

ഗന്താ/ഇയന്തി/സവനാ/ഹരി/ഭ്യാം/ എന്നാണ് പദപാഠം. ഇവിടെ ഇയന്തി എന്ന പദത്തിന്റെ രണ്ടാമത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**9. പരിസദ്മേ വ പശുമാന്തി ഹോതാ (9.92.6)**

പരി/സദ്മ/ഇവ/പശു/മന്തി/ഹോതാ/ എന്നാണ് പദപാഠം. ഇവിടെ പശുമന്തി എന്ന പദത്തിലെ മകാരം കഴിഞ്ഞുള്ള അകാ

രത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**10. നിരാമിണോ രിപവോഽന്നേഷു ജാഗൃധുഃ (2.23.16)**

നിരാമിണഃ/രിപവഃ/അന്നേഷു/ജഗൃധുഃ/ എന്നാണ് പദപാഠം. ഇവിടെ ജഗൃധുഃ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന് പ്ലുതി വന്നിരിയ്ക്കുന്നു.

**11. അവന്ത്യസ്യ പവീതാരമാശവഃ (9.83.2)**

അവന്തി/അസ്യ/പവിതാരം/ആശവഃ/ എന്നാണ് പദപാഠം. ഇവിടെ പവിതാരം എന്ന പദത്തിന്റെ രണ്ടാമത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു.

**12. അനാഗാസ്ത്വം സൂര്യമുഷാസമീമഹേ (10.35.2)**

അനാഗാഃ/ത്വം/സൂര്യം/ഉഷസം/ഈമഹേ/ എന്നാണ് പദപാഠം. ഇവിടെ സൂര്യം എന്ന പദം പൂർവ്വവും ഈമഹേ എന്ന പദം പിന്നീടും വരുന്ന ഉഷസം എന്ന പദത്തിന്റെ രണ്ടാമത്തെ അക്ഷരത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. സൂര്യം എന്ന പദം പൂർവ്വവും ഈമഹേ എന്ന പദം പിന്നീടും വന്നാൽ മാത്രമേ ഉഷസം എന്നതിന് ഉഷാസം എന്നു വരുകയുള്ളൂ. അത് സൂചിപ്പിയ്ക്കാനാണ് കാരികയിൽ സൂര്യമുഷാസമീമഹേ എന്ന് പറഞ്ഞത്.

**ഒമ്പതാം പടലം കഴിഞ്ഞു**

1. ക്രമോ ദ്വാഭ്യാമഭിക്രമ്യ പ്രത്യാദായോത്തരം തയോഃ I
ഉത്തരേണോപസന്ദധ്യാത് തഥാർധർച്ചം സമാപയേത് II

ഇനി ക്രമത്തെക്കുറിച്ചാണ് പറയാൻ പോകുന്നത്. രണ്ടു പദങ്ങൾകൊണ്ടാരംഭിച്ച് അവയിൽ രണ്ടാമത്തെ പദം വീണ്ടുമെടുത്ത് അതിന്റെ അടുത്ത് പിന്നീട് വരുന്ന പദത്തോട് കൂട്ടിച്ചേർക്കുക. ഈ രീതിയിൽ ഋക്കിന്റെ പകുതിഭാഗം സമാപിപ്പിയ്ക്കണം. ഈ രീതിയ്ക്ക് ക്രമം എന്നു പറയും.

ഓരോ ഋക്കിലും ആദ്യത്തെ രണ്ടുപദം ചൊല്ലി, പിന്നീട് ചൊല്ലിത്തീർന്ന രണ്ടു പദങ്ങളിൽ രണ്ടാമത്തെ പദവും അതിനടുത്ത് പിന്നീട് വരുന്ന പദവും കൂടിച്ചൊല്ലുക. പിന്നീട്, ചൊല്ലിത്തീർന്ന രണ്ടാമത്തെ പദവും അതിനടുത്ത പദവും കൂട്ടിച്ചേർത്ത് ചൊല്ലുക. ഇപ്രകാദം ഒരു ഋക്കിന്റെ പകുതി വരെ ചൊല്ലി നിറുത്തുക.

**ഉദാഹരണം**

'പർജ്ജന്യായ പ്രഗായത ദിവസ്പുത്രായ മീള്ഹുഷേ' എന്നത് ഏഴാമത്തെ മണ്ഡലത്തിൽ 102-ാമത്തെ സൂക്തത്തിൽ 1-ാമത്തെ ഋക്കിന്റെ പകുതി ഭാഗമാണ്. ഇവിടെ പദപാഠം 'പർജന്യായ/പ്ര/ഗായത/ദിവഃ/പുത്രായ/മീള്ഹുഷേ/ എന്നാണ്. ഇതിന്റെ ക്രമപാഠം ഇങ്ങനെയാണ്:-

പർജ്ജന്യായ പ്ര/പ്രഗായത/ഗായത ദിവഃ/ദിവസ്പുത്രായ/പുത്രായ മീള്ഹുഷേ/മീള്ഹുഷേ ഇതി മീള്ഹുഷേ/ എന്ന്.

**2. ഏകവർണ്ണമനോകാരം നതേ സുഷ്മേതി നഃ പരേ I**
**പദേന ച വ്യവേതം യത് പദം തച്ച വ്യവായി ച II**
**3 ഈം ലുപ്താന്തം പ്ലുതാദീനി സ്കംഭനേനേതി ലുപ്തവത് I**
**ഇതോ ഷിഞ്ചതാവർത്തമഃ പൂർവ്വേ ദ്വൈപദയോർദ്വയോഃ II**
**4 സ്വസാരമസ്കൃതേത്യുഭേ പരം വീരാസ ഏതന I**
**അതീത്യൈ താന്യവസ്യന്തി പ്ലുതാദി പ്രഭൃതീനി ച II**

ക്രമപാഠത്തിന്റെ സാമാന്യനിയമമാണ് മുകളിൽ പ്രസ്താവിച്ചത്. ചിലപദങ്ങൾ ക്രമപാഠത്തിൽ ഒഴിവാക്കപ്പെടുന്നുണ്ട്. അവയെക്കുറിച്ചാണ് അടുത്ത് പറയുന്നത്.

1. ഓകാരം ഒഴികെയുള്ള ഏകാക്ഷരമായ പദം.. ആ, ഈം തുടങ്ങിയവ ഏകാക്ഷരപദങ്ങളാണ്. ഈ പദങ്ങളെ വീണ്ടും എടുക്കാതെത്തന്നെ ഋക്കിന്റെ അർദ്ധം സമാപിപ്പിയ്ക്കുന്നു.

2. നതി വന്നതും നഃ എന്ന പദം പരമുള്ളതുമായ സു സ്മ എന്നീ പദങ്ങൾ.
3. ഒരു പദത്താൽ വിഭജിയ്ക്കപ്പെട്ടതും ആ പദത്തെ വിഭജിയ്ക്കുന്നതുമായ പദങ്ങൾ.
4. അവസാനത്തെ വർണ്ണം ലോപിയ്ക്കപ്പെട്ട ഈ൦ എന്ന പദം (അതായത് ഈ എന്ന വർണ്ണം)
5. ആദിയിൽ പ്ലുതിയുള്ള പദം.
6. ആദ്യത്തെ സകാരം ലോപിച്ചുപോയ സ്കംഭനേന എന്ന പദം (അതായത് കംഭനേന എന്ന പദം)
7. ഇതോഷിഞ്ചത, ആവർത്തമഃ എന്നീ ദ്വൈപദങ്ങളുടെ പൂർവ്വമുള്ള പദങ്ങൾ.
8. സ്വസാരം, അസ്കൃത എന്നീ പദങ്ങൾ.
9. വീരാസ ഏതന എന്ന ദ്വൈപദത്തിലെ പരമായ (ഒടുക്കം വരുന്ന) പദം. (അതായത് ഏതന എന്ന പദം)
10. പ്ലുതം ആദിയിൽ വരുന്നവ മുതലായവയും എന്നാണ് പ്ലുതാദിപ്രഭൃതീനി ച- എന്ന വാക്യത്തിന്റെ അർത്ഥം. ഇവിടെ ച എന്നത് വികല്പാർത്ഥത്തിലാണെന്നാണ് ചില ആചാര്യന്മാരുടെ മതം. അതിനാൽ പ്ലുതാദികളായവക്ക് അവസാനീയത്വം വൈകല്പികമാണ് എന്നാണർത്ഥം. അപ്പോൾ യോനീമാരൈക്/ആരൈഗപഃ എന്നും; ചിത് കംഭനേന.കംഭനേന സ്കഭീയാൻ എന്നും; പരീതഃ/ഇതോഷിഞ്ചത എന്നും; പരാവീരാസഃ വീതസ ഏതന എന്നും ക്രമപാഠമാവാമെന്നു വരുന്നു. മറ്റു ചിലരുടെ അഭിപ്രായത്തിൽ രണ്ടിൽക്കൂടുതൽ പദങ്ങൾ ഇടയിൽ വരുന്നിടത്തേയ്ക്കായിട്ടാണ് ഈ വിധി.

**ഉദാഹരണങ്ങൾ**

**1. (1). ആ മന്ദ്രമാവരേണ്യം (9.65.29)**

ആ/മന്ദ്രം/ആ/വരേണ്യം/ എന്നാണ് ഇതിന്റെ പദപാഠം. ഇവിടെ ക്രമപാഠം -ആ മന്ദ്രം/മന്ദ്രമാ വരേണ്യം/ എന്നാണ്. (അല്ലാതെ ആ മന്ദ്രം/മന്ദ്രമാ/ആ വരേണ്യം/ എന്നല്ല). കാരണം, ഓകാരഭിന്നമായ ഏകവർണ്ണമാണ്. ആ എന്നത്. ഈ ഏകാക്ഷരവർണ്ണത്തെ അതിക്രമിച്ചുകൊണ്ട് അടുത്ത പദത്തിലാണ് ക്രമപാഠം അവസാനിയ്ക്കുന്നത്. ആകാരമാകുന്ന ഏകാക്ഷരപദം അനവസാനീയമായ പദമാണെന്നു താത്പര്യം.

**(2). ഉദുത്യം ജാതവേദസം (1.50.1)**

ഉത്/ഊം ഇതി/ത്യം/ജാത/വേദസം/ എന്നാണ് ഇവിടുത്തെ

പദപാഠം.

ഉദുത്യം/ഊം ഇത്യൂം/ത്യം ജാതവേദസം/ എന്നാണ് ക്രമ പാഠം.

ഇവിടെ ഊം എന്ന അനോകാരമായ ഏകാക്ഷരപദം അന വസാനീയപദമാണെന്ന് വ്യക്തമാകുന്നു.

**2(1). മോഷുണഃ (1.38.6) (സംഹിതാപാഠം).**

മോ ഇതി/സു/നഃ/ എന്നാണ് പദപാഠം. ഇവിടെ നഃ എന്ന് പ രമായിട്ടുള്ള നതമായ സു ആണ് മോഷുണഃ എന്നതിലെ ഷു. അ തിനാൽ അത് അനവസാനീയപദമാണ്. (അതായത് ഷു എന്നത് രണ്ടാമത്തെ പദമാണെങ്കിലും മോഷു എന്ന് ക്രമവർഗ്ഗം ഉണ്ടാകു ന്നില്ല.) മോഷുണഃ എന്നാണ് ഇവിടെ ക്രമപാഠം.

**(2). ആ സുഷ്മാണഃ (6.44.18)**

ആസു/സ്മ/നഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ നഃ എന്ന് പരമായിട്ടുള്ള നതമായ സ്മ ആണ് ഷ്മാ എന്നത്. അത് അനവസാനീയപദമായതിനാൽ ഇവിടുത്തെ ക്രമപാഠം-ആസുഷ്മാ ണഃ എന്നാണ്.

നതേ സു സ്മേതി എന്ന് പറഞ്ഞിരിയ്ക്കുന്നതിനാൽ നതമ ല്ലാത്ത സു, സ്മ എന്നിവ അനവസാനീയങ്ങളായിരിയ്ക്കുകയി ല്ല. നതമായാലും നഃ എന്ന് പരമായിട്ടില്ലെങ്കിലും അനവസാനീയ മല്ല. പ്രസൂന ആയുജീവസേ (8.18.22)-ഇവിടെ നഃ എന്ന് പരമായി ട്ടുണ്ടെങ്കിലും സു എന്ന പദത്തിന് നതി (ഷത്വം)വന്നിട്ടില്ല. ഇന്ദ്ര സൂരീൻ കൃണുഹി സ്മാ നോ അർധം (6.64.18)-ഇവിടെ നഃ എന്ന് പരമായിട്ടുണ്ടെങ്കിലും സ്മ എന്നതിന് നതി (ഷത്വം) വന്നിട്ടില്ല. മോഷുത്വാ ബാധശ്ചന (7.32.1)-ഇവിടെ സു എന്നതിന് നതി വ ന്നിട്ടുണ്ടെങ്കിലും നഃ എന്ന പദം പരമായിട്ടില്ല. ത്വം ഹിഷ്മാ ച്യാ വയ അച്യുതാനി (3.30.4)-ഇവിടെ  സ്മ എന്നതിന് നതി വന്നിട്ടു ണ്ടെങ്കിലും നഃ എന്ന പദം പരമായിട്ടില്ല.

**3. ഈയതേ നരാ ച ശംസം ദൈവ്യം (9.86.42)**

ഈയതേ/നരാശംസം/ച/ദൈവ്യം/ എന്നാണ് ഇവിടെ പദ പാഠം.

ഇവിടെ നരാശംസം എന്ന പദത്തെ ച എന്ന പദം രണ്ടാക്കി വിഭജിച്ച് നരാ ച ശംസം എന്നാണ് സംഹിതയിൽ പഠിച്ചിരിയ്ക്കു ന്നത്. നരാ ശംസം എന്ന പദം വിഭജിയ്ക്കപ്പെടുന്ന പദവും (വ്യ വേതം) ച എന്ന പദം വിഭാജകപദവും (വ്യവായി) ആണ്. ഇവ അനവസാനീയങ്ങളാണ്. (അതായത് ഒരു ക്രമവർഗ്ഗത്തിൽ അവ

സാനത്തെ ആയി വരുകയില്ല) അതിനാൽ ഇവിടെ ക്രമപാഠം -ഈയതേ നരാ ച ശംസം ദൈവ്യം-എന്നാണ്.

**4. യമീ ഗർഭം (9.102.6)**

യം/ഈമിതി/ഗർഭം/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ഈം എന്നതിന്റെ അന്ത്യത്തിലുള്ള അനുസ്വാരത്തിന് ലോപം വന്നിട്ടുള്ള പാഠമാണ് സംഹിതയിൽ. അതിനാൽ ഈ എന്നത് അനവസാനീയപദമാണ്. അതുകൊണ്ട് ക്രമപാഠത്തിൽ-യമീ ഗർഭം എന്ന് പഠിയ്ക്കുന്നു.

സമീം രേഭാസഃ (8.97.11)-സം/ഈം/രേഭാസഃ/ എന്ന് പദപാഠം. ഇവിടെ ഈം എന്നതിന്റെ അനുസ്വാരത്തിന് ലോപം വന്നിട്ടില്ല. അതിനാൽ അത് അനവസാനീയമല്ല.

**5. യോനിമാരൈഗപ (1.124.8)**

യോനിം/അരൈക് അപഃ/എന്നാണ് പദപാഠം. പദപാഠത്തിലെ അരൈക് എന്ന പദം സംഹിതയിൽ ആരൈക് എന്നായി നിപതിപ്പിച്ചിട്ടുണ്ട്. ഹ്രസ്വം ദീർഘമാവുന്നതിന് പ്ലുതി എന്നാണ് പറയുക എന്ന് 7-ാമത്തെ പടലത്തിൽ ആദ്യഭാഗത്ത് പറഞ്ഞിട്ടുള്ളതാണല്ലോ. ആരൈക് എന്ന പദം ആ എന്ന ദീർഘാക്ഷരത്തിൽ തുടങ്ങുന്നതായതുകൊണ്ട് പ്ലുതാദി ആണ്. പ്ലുതാദിയായ പദം ക്രമപാഠത്തിൽ അനവസാനീയപദമാണ്. അതിനാൽ യോനി മാരൈക് എന്ന് ക്രമപാഠം വരില്ല. ആരൈക് എന്നതിനെ അതിക്രമിച്ച് അടുത്ത പദമായ അപഃ എന്നതിലാണ് ഈ ക്രമവർഗ്ഗം അവസാനിയ്ക്കുക. ആയതിനാൽ 'യോനിമാരൈഗപ' എന്നാണ് ക്രമപാഠം. ഇതേപോലെ പ്ലുതാദിയായി വരുന്ന എല്ലാ പദങ്ങളും അനവസാനീയമാണ്.

**6. ചിത് കംഭനേന സ്കഭീയാൻ (10.11.5)**

ചിത്/സ്കംഭനേന/സ്കഭീയാൻ/ എന്നാണ് പദപാഠം. ഇവിടെ സ്കംഭനേന എന്ന പദത്തിന്റെ സകാരത്തിന് സംഹിതയിൽ ലോപം വന്നിരിയ്ക്കുന്നു. അതിനാൽ ആ പദം അനവസാനീയമാണ്. ക്രമപാഠം ചിത് കംഭനേന സ്കഭീയാൻ എന്നാണ്.

**7 (1). പരീതോ  ഷിഞ്ചത (9.107.1)**

പരി/ഇതഃ/സിഞ്ചത/ എന്നാണ് പദപാഠം. ഇവിടെ ഇതോ ഷിഞ്ചത എന്ന ദ്വൈപദത്തിലെ പൂർവ്വപദമായ ഇതോ(ഇതഃ) എന്നത് അനവസാനീയമാണ്. അതിനാൽ പരീതോഷിഞ്ചത എന്നാണ് ക്രമപാഠം.

**(2). ഉഷാ ആവർത്തമഃ (1.92.4)**

ഉഷാഃ/ആവരിത്യാവഃ/തമഃ/ എന്നാണ് പദപാഠം. ആവർത്ത മഃ എന്ന ദ്വൈപദത്തിലെ പൂർവ്വപദമായ ആവര് എന്ന പദം അന വസാനീയമാണ്. ഉഷാ ആവർത്തമഃ എന്ന് ക്രമപാഠം.

**8. നിരുസ്വസാരമസ്കൃതോഷസം (10.127.3)**

നിഃ/ഊം ഇതി/സ്വസാരം/അകൃത/ഉഷസം/ എന്നാണ് പദ പാഠം. നിഃ എന്ന പദത്തിൽ തുടങ്ങി ഉഷസം എന്ന പദത്തിലാ ണ് ക്രമവർഗ്ഗം അവസാനിയ്ക്കുക. ഉ എന്നത് അനോകാരമായ ഏകാക്ഷരമായ പദമാണ്. അതിനാൽ അത് അനവസാനീയമാ ണ്. സ്വസാരമസ്കൃത എന്നീ രണ്ടു പദങ്ങളും അനവസാനീയ ങ്ങളാണ്. അതിനാൽ ക്രമപാഠം നിരുസ്വാരമസ്കൃതോഷസം എ ന്നാവുന്നു.

**9. പരാ വീരാസ ഏതന മര്യാസ (5.61.4)**

പരാ/വീരാസഃ/ഏതന/മര്യാസഃ/ എന്നാണ് പദപാഠം. വീരാ സ ഏതന എന്ന ദ്വൈപദത്തിലെ രണ്ടാമാത്തെ പദമായ ഏതന എന്നത് അനവസാനീയപദമാണ്.  അതിനാൽ ക്രമപാഠം-പരാ വീരാസഃ/വീരാസ ഏതനമര്യാസഃ/ എന്നാണ്.

**5. പൂർവ്വോത്തരകൃതം രൂപം പ്രത്യാദാനാവസാനയോഃ ।**
**ന ബ്രൂയാത് സർവ്വമേവാന്യദ് യഥാസംഹിതമാചരേത് ।।**

ക്രമപാഠമെന്നാൽ ഓരോ ഋക്കിലേയും ആദ്യത്തെ രണ്ടു പ ദങ്ങൾ ആദ്യം ചൊല്ലി പിന്നെ രണ്ടാമത്തെ പദവും അതിനടുത്ത പദവും ചൊല്ലി പിന്നീട് മൂന്നാമത്തേയും അതിനടുത്ത പദവും എന്നിങ്ങനെ ക്രമത്തിൽ ചൊല്ലലാണല്ലോ. ഇങ്ങനെ വരുമ്പോൾ ഇടയിൽ വരുന്ന പദങ്ങൾക്ക് പൂർവ്വപദത്തിലെ അന്ത്യവർണ്ണം മു ഖേനയോ ഉത്തരപദത്തിന്റെ ആദ്യത്തിലുള്ള വർണ്ണം മുഖേന യോ വർണ്ണവികാരം സംഭവിച്ചിട്ടുണ്ടെങ്കിൽ ക്രമപാഠത്തിൽ വർ ണ്ണവികാരം സംഭവിയ്ക്കുന്നതിനു മുമ്പത്തെ രൂപമാണ് ചൊല്ലേ ണ്ടത് എന്നാണ് ഈ കാരികയിൽ അനുശാസിയ്ക്കുന്നത്.കാരി കയുടെ അർത്ഥം:- പൂർവ്വാക്ഷരജന്യമായ രൂപം ക്രമപാഠത്തിൽ പ്രത്യാദാനം ചെയ്യുമ്പോൾ (പ്രത്യാദാനം-പുനർഗ്രഹണം) പറ യരുത്. ഉത്തരപദത്തിന്റെ ആദ്യാക്ഷരജന്യമായ രൂപം അവസാന ത്തിലും പറയരുത്. ഈ രണ്ടും ഒഴികെ എല്ലാം സംഹിതയിൽ എപ്രകാരമോ അതേ രീതിയിൽത്തന്നെ ആചരിയ്ക്കണം.

**ഉദാഹരണങ്ങൾ**

1. യച്ഛക്വരീഷു ബൃഹതാ (7.33.4)

യത്/ശക്വരീഷു/ബൃഹതാ/ എന്നാണ് പദപാഠം. ഇവിടെ

'സർവ്വൈഃ പ്രഥമൈരുപധീയമാനഃ ശകാരഃ ശാകല്യപിതുശ്ഛകാരം' (4/2) എന്ന വിധിയനുസരിച്ച് യത് എന്ന പൂർവ്വപദത്തിലെ തകാരം കഴിഞ്ഞുവരുന്ന 'ശക്വരീഷു' എന്ന പദത്തിലെ ശകാരം 'ഛ'കാരമായി മാറിയിട്ടാണ് 'യച്ഛക്വരീഷു' എന്നായത്. അതിനാൽ ഇവിടെ ക്രമപാഠം 'യച്ഛക്വരീഷു/ശക്വരീഷു ബൃഹതാ/ എന്നാണ്. പ്രത്യാദാനം ചെയ്യുന്ന സമയത്ത് ശക്വരീഷു എന്ന മൂലഭൂതമായ പദമാണ് പ്രയോഗിയ്ക്കേണ്ടത്; അല്ലാതെ 'ഛക്വരീഷു' എന്നല്ല. കാരണം, ഛക്വരീഷു എന്നതിലെ ഛകാരം പൂർവ്വപദമായ യത് എന്നതിന്റെ അന്ത്യവർണ്ണമായ തകാരത്തിന്റെ സമ്പർക്കം കൊണ്ടുണ്ടായതാണ്. ക്രമപാഠത്തിനുവേണ്ടി ശക്വരീഷു എന്ന പദം വീണ്ടും ചൊല്ലുമ്പോൾ ഛകാരാദേശം വരാത്ത മൂലഭൂതമായ ശകാരം തന്നെയാണ് ചൊല്ലേണ്ടത്.

(വാസ്തവത്തിൽ തകാരം പൂർവ്വമുണ്ടെങ്കിലേ ശകാരം ഛകാരമാകുകയുള്ളൂ. ശക്വരീഷു ബൃഹതാ എന്ന പാഠത്തിൽ ശകാരത്തിനുമുൻപ് തകാരം ഇല്ല. അത് ഓർമ്മിപ്പിയ്ക്കുകയാവണം ഈ നിർദ്ദേശത്തിന്റെ ഉദ്ദേശം)

**2. അഗ്നേ അച്ഛാ വദ (10.141.1)**

അഗ്നേ/അച്ഛ/വദ/ എന്നാണ് പദപാഠം. 'സുതാ യാഹീത്യതോന്യേഷച്ഛേതി വിഗ്രഹേ' (7/2) എന്ന വിധിയനുസരിച്ച് സുതാ, യാഹി എന്നീ പദങ്ങളൊഴികേയുള്ള പദങ്ങൾ പിന്നീടു വരികയാണെങ്കിൽ അച്ഛ എന്ന പദത്തിന്റെ അന്ത്യത്തിലുള്ള അകാരത്തിന് പ്ലുതി വരും. ഇവിടെ വദ എന്ന പദമാണ് പരമായിട്ടുള്ളത് എന്നതിനാൽ അച്ഛ എന്ന പദത്തിന് സംഹിതയിൽ പ്ലുതി വന്നിരിയ്ക്കുന്നു. ക്രമപാഠം ചൊല്ലുമ്പോൾ അഗ്നേ/അച്ഛ/അച്ഛാ വദ/ എന്നാണ് ചൊല്ലേണ്ടത്. വദ എന്ന ഉത്തരപദം ഉള്ളതിനാലാണല്ലോ അച്ഛ എന്നതിന് പ്ലുതി വന്നത്. അതിനാൽ അഗ്നേ അച്ഛ എന്ന ക്രമപാഠത്തിൽ അവസാനത്തിലുള്ള അച്ഛ എന്നത് പ്ലുതിരഹിതമായാണ് ചൊല്ലേണ്ടത്.

പൂർവ്വപദം മൂലമോ ഉത്തരപദം മൂലമോ അല്ലാതെയുള്ള രൂപഭേദം എല്ലാം സംഹിതയിലുള്ളതുപോലെത്തന്നെ ആചരിയ്ക്കണം.

വാജേഷു സാസഹിർഭവ (3.37.6)

വാജേഷു/സസഹിഃ/ഭവ/ എന്നാണ് പദപാഠം. ഇവിടെ ക്രമപാഠം- വാജേഷു സാസഹിഃ/സാസഹിഃ ഭവ/ എന്നാണ്. സാസഹി എന്ന പദം സസഹി എന്നതിന് രൂപഭേദം വന്നതാണെങ്കിലും

ആ രൂപഭേദം പൂർവ്വപദം മൂലമോ ഉത്തരപദം മൂലമോ അല്ല.

**6. അവഗൃഹ്യാണ്യതിക്രമ്യ സഹേതി കരണാനി ച ।**
**ധക്ഷി ധുക്ഷി പ്രവാദൌ ച വികൃതാദീ പ്ലുതാദി ച ॥**

**7. അന്തഃ പദം ച യേഷാം സ്യാദ് വികാരോനന്യകാരിതഃ ।**
**ഏതാനി പരിഗൃഹ്ണീയാദ് ബഹുമധ്യഗതാനി ച ॥**

1. ഒറ്റപ്പദത്തിലെ പൂർവ്വോത്തരഭാഗങ്ങളാകുന്ന പദാവയവങ്ങളെ രണ്ടാക്കി ഭാഗിയ്ക്കുന്ന അവഗ്രഹങ്ങളോടുകൂടിയ പദങ്ങളെ അതിക്രമിച്ചിട്ട് അവയെ പരിഗ്രഹിയ്ക്കണം.
2. (പദപാഠത്തിൽ) ഇതി എന്ന ശബ്ദത്തോടുകൂടിയ പദങ്ങളേയും അതിക്രമിച്ചിട്ട് അവയെ പരിഗ്രഹിയ്ക്കണം.
3. ആദ്യത്തെ വർണ്ണത്തിന് വികാരം വന്ന ധക്ഷി, ധുക്ഷി എന്നീ പദങ്ങളെ അതിക്രമിച്ചിട്ട് അവയെ പരിഗ്രഹിയ്ക്കണം.
4. ദീർഘം ആദിയിൽ വരുന്ന പദത്തേയും അതിക്രമിച്ചിട്ട് പരിഗ്രഹിയ്ക്കണം.
5. ഏതൊരു പദങ്ങൾക്ക് മധ്യത്തിൽ മറ്റു പദങ്ങൾ മുഖാന്തിരമല്ലാതെ വികാരം വരുന്നുവോ അത്തരം പദങ്ങളും അതിക്രമിച്ചിട്ട് വീണ്ടും പരിഗ്രഹിയ്ക്കണം.
6. അനേകം പദങ്ങളുടെ മധ്യത്തിൽ വരുന്ന പദങ്ങളും അതിക്രമിച്ചിട്ട് പരിഗ്രഹിയ്ക്കണം.

   (അതിക്രമിച്ചിട്ട്=ക്രമം ചൊല്ലിക്കഴിഞ്ഞിട്ട്. പരിഗ്രഹിയ്ക്കുക =ഇതി എന്നു ചേർത്ത് ആവർത്തിയ്ക്കുക)

**ഉദാഹരണങ്ങൾ**

**1. ഋഷിഭിരീഡ്യഃ (1.1.2)**

ഋഷി*f*ഭിഃ/ഈഡ്യഃ/എന്നാണ് പദപാഠം. ഇവിടെ ക്രമപാഠം ഋഷിഭിരീഡ്യഃ/ഋഷിഭിരിത്യൃഷി*f*ഭിഃ/ എന്നാണ്.

ഇവിടെ ഋഷിഭിഃ എന്ന ഒറ്റപ്പദത്തിന്റെ പ്രകൃതി-പ്രത്യയങ്ങളാകുന്ന അവയവഭാഗങ്ങളെ വേർതിരിച്ചുകാണിച്ചുകൊണ്ട് പദപാഠത്തിൽ അവഗ്രഹചിഹ്നം ചേർത്തിട്ടുണ്ട്. ക്രമപാഠം ചൊല്ലുമ്പോൾ ഋഷിഭിരീഡ്യഃ എന്ന ക്രമം ചൊല്ലിക്കഴിഞ്ഞ് ഋഷിഭിഃ എന്ന പദം പരിഗ്രഹിയ്ക്കുന്നു-ഋഷിഭിരിത്യൃഷി*f*ഭിഃ എന്ന്.

**2. ഇന്ദ്രാഗ്നീ അപാത് (6.59.6)**

ഇന്ദ്രാഗ്നീ ഇതി/അപാത്/ എന്നാണ് പദപാഠം. ഇന്ദ്രാഗ്നീ അപാത് എന്ന് ക്രമം ചൊല്ലിയിട്ട് പദപാഠത്തിൽ ഇതി എന്നുള്ളതുകൊണ്ട് ഇന്ദ്രാഗ്നീ എന്ന പദം പരിഗ്രഹിയ്ക്കുന്നു-ഇന്ദ്രഗ്നീ ഇതീന്ദ്രാഗ്നീ എന്ന്.

അതിനാൽ ഇവിടെ ക്രമപാഠം 'ഇന്ദ്രാഗ്നീ അപാത്/ഇന്ദ്രാഗ്നീ ഇതീന്ദ്രാഗ്നീ/ എന്നാണ്.

**3. അനുദക്ഷി ദാവനേ (2.1.10)**

(1). അനു/ദക്ഷി/ദാവനേ/ എന്നാണ് പദപാഠം. ഇവിടെ ദക്ഷി എന്നത് ധക്ഷി എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരമായ ധ എന്നതിനു വികാരം വന്ന രൂപമാണ്. ആയതിനാൽ ഇവിടുത്തെ ക്രമപാഠം അനു ദക്ഷി/ദക്ഷി ദാവനേ/ എന്നു കഴിഞ്ഞ് ധക്ഷീതി ധക്ഷി/ എന്ന് പരിഗ്രഹിയ്ക്കണം.

(2). മന്ദിനം ദുക്ഷൻ വൃധേ (1.121.8)

മന്ദിനം/ധുക്ഷൻ/വൃധേ/ എന്നാണ് പദപാഠം. ഇവിടെ ദുക്ഷൻ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരമായ ദു എന്നത് ധുക്ഷൻ എന്ന പദത്തിന്റെ ആദ്യത്തെ അക്ഷരത്തിന്റെ വികാരമാണ്. അതിനാൽ ഇവിടെ മന്ദിനം ദുക്ഷൻ/ എന്നു ചൊല്ലിയിട്ട് ദുക്ഷൻ വൃധേ/ധുക്ഷന്നിതി ധുക്ഷൻ/ എന്ന് പരിഗ്രഹിയ്ക്കണം.

ഇവിടെ വികാരം വന്ന ആദിയോടുകൂടിയ ധക്ഷി, ധുക്ഷി എന്നു പറഞ്ഞതിനാൽ വികാരം വരാത്ത ആദിയോടുകൂടിയ ധക്ഷി ധുക്ഷി എന്നിവ ഉള്ളിടത്ത് ഇതേപോലെ പരിഗ്രഹം ചെയ്യേണ്ട ആവശ്യമില്ല.

നീചാ തം ധക്ഷ്യതസം (4.4.4)-നീ ചാ/തം/ധക്ഷി/അതസം/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ ധക്ഷി എന്ന് ആദിയിൽ വികാരം വരാത്ത രൂപമായതിനാൽ ഇവിടുത്തെ ക്രമപാഠം -നീചാ തം/തം ധക്ഷി/ധക്ഷി അതസം/ എന്നാണ്. ഇവിടെ പരിഗ്രഹം ചെയ്യുന്നില്ല.

നിർധുക്ഷൻ വക്ഷണാഭ്യഃ (8.1.17)-ഇവിടെ നിർധുക്ഷൻ/ധുക്ഷൻ വക്ഷണാഭ്യഃ/ എന്നാണ് ക്രമപാഠം. ഇവിടേയും പരിഗ്രഹിയ്ക്കേണ്ട. (വക്ഷണാ=നദി).

**4. ആരൈക് പന്ഥാം (1.113.16)**

അരൈക്/പന്ഥാം/ എന്നാണ് പദപാഠം. സംഹിതയിൽ ആരൈക് എന്ന പദം പ്ലുതാദിയാണല്ലോ. അതിനാൽ ആരൈക് പന്ഥാം എന്ന് ക്രമം ചൊല്ലിക്കഴിഞ്ഞ്, അരൈക് ഇത്യരൈക് എന്ന് പരിഗ്രഹിയ്ക്കണം.

ഇതേപോലെ ആയുക്ഷാതാമശ്വിനാ (1.157.1) എന്നതും അയുക്ഷാതാമിത്യയുക്ഷാതാം എന്ന് പരിഗ്രഹിയ്ക്കണം. രണ്ടിടത്തും പദപാഠത്തിൽ ഹ്രസ്വമായിരുന്നത് സംഹിതയിൽ പ്ലുതമായതാണ്.

**5. സുഷുമാ യാതം (1.137.1)**

സുസുമ/ആ/യാതം/ എന്നാണ് പദപാഠം. ഇവിടെ സുഷുമ എന്ന പദത്തിന്റെ മധ്യത്തിലുള്ള സകാരം ഷകാരമായി മാറിയിട്ടുണ്ട്. ആ മാറ്റം മറ്റു വർണ്ണങ്ങളുടെ സ്വാധീനം മൂലമല്ല. അതിനാൽ അനന്യകാരിതമാണ്.

(ഏകവർണ്ണമായ പദമാണ് ആ എന്നത്. അതിനെ അതിക്രമിച്ചുകൊണ്ടാണല്ലോ ക്രമപാഠം വരിക) അതിനാൽ ഇവിടെ ക്രമപാഠം സുഷുമാ യാതം എന്നു ചൊല്ലിക്കഴിഞ്ഞ് സുസുമേതി സുസുമ എന്ന് പരിഗ്രഹിയ്ക്കുന്നു. വികാരം അനന്യകാരിതമാണെങ്കിൽ മാത്രമാണ് പരിഗ്രഹിയ്ക്കേണ്ടത്. അന്യകാരിതമാണെങ്കിൽ വേണ്ട.

ശക്ര ഏണം പീപയത് (8.1.19)

ശക്രഃ/ഏനം/പീപയത്/ എന്നാണ് പദപാഠം. ഏനം എന്ന പദത്തിലെ നകാരം സംഹിതയിൽ ഏണം എന്നായിരിയ്ക്കുന്നു. ഇത് അന്യകാരിതമാണ്. (അഞ്ചാം പടലം അവസാനകാരിക നോക്കുക)

അതിനാൽ ഇവിടെ ക്രമപാഠം ശക്ര ഏണം/ഏനം പീപയത്/ എന്നാണ്.

**6. ഈയതേ നരാ ച ശംസം ദൈവ്യം (9.86.42)**

ഈയതേ/നരാശംസം/ച/ദൈവ്യം/എന്നാണ് പദപാഠം. ഇവിടെ നരാശംസം എന്ന പദത്തിന്റെ ഇടയിൽ ച എന്ന പദം വന്നിരിയ്ക്കുകയാണ്. അതായത് ച എന്ന പദം നരാശംസം എന്ന പദത്തെ വിഭജിച്ചിരിയ്ക്കുന്നു. ച വിഭാജകവും നരാശംസം വിഭക്തവുമാണ്. ഈ വിഭാജകത്തിനേയാണ് നേരത്തെ വ്യവായി എന്നും വിഭക്തത്തിനെ വ്യവേതമെന്നും പറഞ്ഞത്. വ്യവായിയേയും വ്യവേതത്തേയും അതിക്രമിച്ചാണ് ക്രമപാഠം വരുക എന്ന് മുൻപ് (10/2) പറയുകയുണ്ടായല്ലോ. അതിനാൽ ഇവിടെ ക്രമപാഠം അനേകം പദങ്ങളോടുകൂടിയതാണ്. ക്രമപാഠം ഇങ്ങനെ- ഈയതേ നരാ ച ശംസം ദൈവ്യം. മധ്യത്തിൽ വന്ന നരാ ച ശംസം എന്നതിനെ പരിഗ്രഹിയ്ക്കണമെന്നാണ് ഇവിടെ പറഞ്ഞത്. അതിനാൽ ഈയതേ നരാ ച ശംസം ദൈവ്യം-എന്ന് ചൊല്ലിയിട്ട് നരാശംസമിതി നരാശംസം.ചേതി ച/ എന്നിങ്ങനെ പരിഗ്രഹിയ്ക്കുന്നു.

**8. അർധർചാന്ത്യം ച നാകാരം പ്രാഗതോനനുനാസികം ।**
**പ്രത്യാദായൈവതം ബ്രൂയാദുത്തരേണ പുനഃ സഹ ॥**

(1). ഒരു ഋക്കിന്റെ പകുതിയിൽ അവസാനം നിൽക്കുന്ന പദത്തേയും അതിക്രമിച്ച് പരിഗ്രഹിയ്ക്കണം.

(2). ഋക്കിന്റെ പകുതിയിൽ അവസാനം നിൽക്കുന്ന പദത്തിന്റെ മുൻപു വരുന്ന അനനുനാസികമായ അകാരം പരിഗ്രഹിയ്ക്കേണ്ടതില്ല.

അതായത് ഋക്കിന്റെ പകുതിയിൽ അവസാനം നിൽക്കുന്നതല്ലാത്ത അനനുനാസികമായ ആകാരം പരിഗ്രഹിയ്ക്കേണ്ട (അർധർചത്തിൽ അന്ത്യത്തിലുള്ള അനനുനാസികമായ ആകാരം പരിഗ്രഹിയ്ക്കണം)

(3). ഋക്കിന്റെ പകുതിയിൽ അവസാനമുള്ളതല്ലാത്ത അനുനാസികമായ ആകാരം വീണ്ടും സ്വീകരിച്ച് അടുത്ത പദത്തോടു കൂടി ഉച്ചരിയ്ക്കണം.

**ഉദാഹരണങ്ങൾ.**

**1. പർജന്യായ പ്ര ഗായത ദിവസ്പുത്രായ മീള്ഹുഷേ**
**സ നോ യവസമിച്ഛതു (7.102.1)**

ഈ ഋക്കിൽ അർധർചത്തിൽ (ഋക്കിന്റെ പകുതിയിൽ) അന്ത്യത്തിലുള്ള പദം മീള്ഹുഷേ എന്നാണ്. പുത്രായ മീള്ഹുഷേ/ മീള്ഹുഷേ ഇതി മീള്ഹുഷേ/ എന്ന് ക്രമപാഠം.

**2. ആ മന്ദ്രമാവരേണ്യമാ വിപ്രമാ മനീഷിണം**
**പാന്തമാ പുരുസ്പൃഹം (9.65.29)**

ഇവിടെ ആ മന്ദ്രം/മന്ദ്രമാവരേണ്യം/ എന്നിങ്ങനെയാണല്ലോ ക്രമപാഠം. മന്ദ്രം എന്ന പദം കഴിഞ്ഞുവരുന്ന 'ആ'കാരം ഋക്കിന്റെ പകുതിയിൽ അന്ത്യത്തിലല്ലാതെയാണ് വരുന്നത്. അതിനാൽ ആ ആകാരം പരിഗ്രഹിയ്ക്കേണ്ടതില്ല.

എന്നാൽ അർധർച്ചത്തിന്റെ അന്ത്യത്തിൽ വരുന്ന അനനുനാസികമായ ആകാരം പരിഗ്രഹിയ്ക്കണം.

ആരയിമാസുചേതുനമാസുക്രതോ തനൂഷാ।
പാന്തമാ പുരുസ്പൃഹം (9.65.30)

ഇവിടെ തനൂഷാ എന്നതിന്റെ പദപാഠം തനൂഷു/ആ/എന്നാണ്. ഈ ആകാരം അർധർചത്തിന്റെ അന്ത്യത്തിലാണ് വരുന്നത്. ഇവിടെ ക്രമപാഠം തനൂഷാ/ഏത്യാ/ എന്നാണ്. (തനൂഷാ എന്നത് തനൂഷു ആ/ എന്നും ഏത്യാ എന്നത് ആ ഇതി ആ എന്നുമാണ്)അർധർചാന്ത്യത്തിലായതിനാൽ അനുനാസികമായ ആകാരം പരിഗ്രഹിച്ചിരിയ്ക്കുന്നു.

അർധർചാന്ത്യത്തിലല്ലെങ്കിലും അനുനാസികമായ ആകാര

മാണെങ്കിൽ പരിഗ്രഹിയ്ക്കണം.

പർഷി ദീനേ ഗഭീരേ ആ ഉഗ്രപുത്രേ ജിഘാംസതഃ।

മാകിസ്തോകസ്യ നോ രിഷത് (8.67.11)

ഗഭീരേ ആ് എന്ന ആകാരം അർധർചത്തിന്റെ അന്ത്യത്തില ല്ലാത്ത അനുനാസികമായ ആകാരമാണ്. ഇവിടെ ക്രമപാഠം- ഗ ഭീര ആ് ഉഗ്രപുത്രേ/ഏത്യാ/ എന്നാണ്. അനുനാസികമായതി നാൽ പരിഗ്രഹിച്ചിരിയ്ക്കുന്നു.

**3. മന്ദ്ര മാ വരേണ്യം (9.65.29)**

അനനുനാസികമായ ആകാരം അടുത്ത പദത്തോട് ചേർത്ത് ഉച്ചരിയ്ക്കുമ്പോൾ മന്ദ്രമാ വരേണ്യം/ആ വരേണ്യം/ എന്നാവും.

(മന്ദ്രം എന്ന പദം കഴിഞ്ഞുവരുന്ന 'ആ്'കാരം ഏകാക്ഷരമാ യ പദമായതിനാൽ അനവസാനീയമാണ്. അതിനാൽ 'മന്ദ്രമാവ രേണ്യം' എന്ന് ക്രമം. അതു കഴിഞ്ഞ് അനുനാസികമായ അർധർചാ ന്ത്യത്തിലല്ലാത്ത ആകാരം വരേണ്യം എന്ന പദത്തോട് ചേർത്ത് ആ വരേണ്യം എന്ന് ഉച്ചരിയ്ക്കൽ)

**9. ഉപസ്ഥിതം സേതികരണം കേവലം തു പദം സ്ഥിതം. ।**
**തത്സ്ഥിതോപസ്ഥിതം നാമ യത്രോഭേ ആഹ സംഹിതേ ॥**

ഇതി എന്ന ശബ്ദം ചേർത്തുപറയുന്ന പദത്തിന് ഉപസ്ഥിതം എന്നു പേരുണ്ടായിരിയ്ക്കും. കേവലമായ പദത്തെ സ്ഥിതമെന്നു പറയും. എവിടെയാണോ വക്താവ് സ്ഥിതത്തേയും ഉപസ്ഥിത ത്തേയും ഒരുമിച്ച് ചൊല്ലുന്നത് അത് സ്ഥിതോപസ്ഥിതമെന്ന് പ റയപ്പെടുന്നു.

**ഉപസ്ഥിതം:-**

ഉദ്യം യമീതി സവിതേവ ബാഹൂ (1.95.7)

ഉത്/യംയമീതി/സവിതാ/ഇവ/ബാഹൂ ഇതി/ ഇവിടെ ബാ ഹൂ ഇതി എന്ന് ഇതി എന്ന ശബ്ദത്തോടുകൂടിയതാണ്. ആയതി നാൽ അതിന് ഉപസ്ഥിതം എന്നു പേര്.

**സ്ഥിതം:-**

അഗ്നിമീളേ പുരോഹിതം (1.1.1)

അഗ്നിം എന്ന പദം സ്ഥിതം എന്നു പേരുള്ളതാണ്.

**സ്ഥിതോപസ്ഥിതം:-**

അഗ്നേ പൂർവ്വാ അനൂഷസോ വിഭാവസോ (1.44.10)

അഗ്നേ/പൂർവ്വാ/അനു/ഉഷസഃ/വിഭാവസോ ഇതി വിഭാവ സോ/ എന്ന് പദപാഠം.

ഇവിടെ വിഭാവസോ ഇതി വിഭാവസോ എന്നതിന് സ്ഥി

തോപസ്ഥിതം എന്നു പറയുന്നു.

**10. അദൃഷ്ടവർണ്ണേ പ്രഥമേ ചോദകഃ സ്യാത് പ്രദർശകഃ ।**
**ഏതദിഷ്ടം മാസാംസ്തു പുനർവചന ഇങ്ഗയേത്. ॥**

(1). ക്രമപാഠം ചൊല്ലുമ്പോൾ ആദ്യത്തെ ദ്വൈപദത്തിൽ പൂർവ്വമുള്ള പദത്തിന്റെ അന്ത്യത്തിലുള്ള വർണ്ണം അസ്പഷ്ടമാണ് എങ്കിൽ അത് പരിഗ്രഹംകൊണ്ട് പ്രദർശിപ്പിച്ചു കാണിയ്ക്കണം. അങ്ങനെ പരിഗ്രഹം കൊണ്ടു മാത്രമേ പൂർവ്വപദത്തിന്റെ സ്വരൂപത്തെക്കുറിച്ച് ബോധമുണ്ടാകുകയുള്ളൂ.

(2). സമാസങ്ങളെ അതായത് അവഗ്രഹിയ്ക്കപ്പെട്ട (രണ്ടു ഖണ്ഡമായി തിരിയ്ക്കപ്പെട്ട) പദങ്ങൾ ക്രമപാഠത്തിൽ പരിഗ്രഹിയ്ക്കുമ്പോൾ രണ്ടാമത്തെ പദത്തിൽ അവഗ്രഹം കാണിയ്ക്കണം.

**ഉദാഹരണങ്ങൾ**

**1. തന്ന ഇന്ദ്രസ്തദ്വരുണഃ (1.107.3)**

തത്/നഃ/ഇന്ദ്രഃ/തത്/വരുണഃ/ എന്നു പദപാഠം. ഇവിടെ ക്രമപാഠത്തിൽ ആദ്യത്തെ ദ്വൈപദം തത് നഃ എന്നാണ്. അതു ചൊല്ലുമ്പോൾ തന്നഃ എന്നാണ്. ആദ്യത്തെ പദം അസ്പഷ്ടമായതിനാൽ അത് പരിഗ്രഹിയ്ക്കുന്നു- തദിതി തത് എന്ന്. ഇങ്ങനെ പരിഗ്രഹിയ്ക്കുമ്പോൾ ആദ്യത്തെ പദമായ തത് എന്നത് വ്യക്തമാകുന്നു.

അതുപോലെ 'തന്നോ ദാത മരുതഃ (2.34.7) - തം/നഃ/ദാത/മരുതഃ/ എന്ന് പദപാഠം. ഇവിടേയും ക്രമപാഠത്തിൽ ആദ്യത്തെ ദ്വൈപദം 'തന്നഃ' എന്നാണ്. അതിൽ ആദ്യത്തെ പദം അസ്പഷ്ടമായതിനാൽ തമിതി 'തമ്' എന്നു പരിഗ്രഹിയ്ക്കണം. (തത് എന്ന പദം നകാരത്തോടു ചേർന്നാലും, തം എന്ന പദം നകാരത്തോടു ചേർന്നാലും സന്ധി ചേരുമ്പോൾ തന്നഃ എന്നായിത്തീരുന്നു. സന്ധിചേർത്തു മാത്രം ഉച്ചരിയ്ക്കുമ്പോൾ സന്ധിയ്ക്കു മുൻപുള്ള പദം എന്താണെന്നു വ്യക്തമാകാതെ വരും. പരിഗ്രഹിച്ചുകാണിച്ചാൽ അവ്യക്തത മാറിക്കിട്ടും)- ഈ കാരികയിൽ ചോദകം എന്ന പദത്തിന് പരിഗ്രഹം എന്നാണർത്ഥം.

**2. പുരോജിതീവഃ (9.101.1)**

പുരഃ/ജിതീ/വഃ/ എന്നാണ് പദപാഠം. പുരോജിതീ എന്നത് സമസ്തപദമാണ്. അതിനാൽ ക്രമപാഠം ചൊല്ലുമ്പോൾ പുരോജിതീ വഃ എന്ന് ആദ്യത്തെ ദ്വൈപദം ചൊല്ലിക്കഴിഞ്ഞതിനുശേഷം പുരോജിതീതി പുരഃ/ജിതീ എന്ന് അവഗ്രഹിച്ചു ചൊല്ലണം.

**11. ഇതി പൂർവ്വേഷു സന്ധാനം പൂർവൈഃ സ്വഃ സ്വാദസംഹിതം ।**
**തദവഗ്രഹവദ് ബ്രൂയാത് സന്ധിർനാർധർചയോർഭവേത് ॥**

1. പരിഗ്രഹം ചെയ്യുമ്പോൾ ഇതി എന്ന പദം ഏതൊരു പദങ്ങളിൽനിന്ന് പൂർവ്വമായിട്ടാണോ ഉള്ളത് ആ പദങ്ങളുമായി ഇതി എന്നതിന് സന്ധി വരുന്നത് പൂർവ്വാചാര്യന്മാർക്ക് ഇഷ്ടമാണ്.
2. സ്വഃ എന്ന പദത്തിന് സന്ധി വരുകയില്ല. അത് അവഗ്രഹത്തോടുകൂടി ചൊല്ലണം. (അവഗ്രഹത്തിന് ഒരു മാത്രയാണ് ഉച്ചാരണകാലം)
3. ക്രമവിധാനത്തിൽ അർധർചങ്ങൾക്ക് തമ്മിൽ സന്ധി വരുകയില്ല.

**ഉദാഹരണങ്ങൾ**

1. ഇന്ദ്രാഗ്നീ ഇതീന്ദ്രാഗ്നീ- ഇവിടെ ഇതി എന്ന പദത്തിന് ഇന്ദ്രാഗ്നീ എന്ന പാദവുമായി സന്ധി വന്നിട്ട് ഇതീന്ദ്രാഗ്നീ എന്നായിരിയ്ക്കുന്നു.

2. സ്വരിതി സ്വഃ - ഇവിടെ സന്ധി വന്നിട്ടില്ല. സ്വരിതി എന്ന് ഉച്ചരിച്ചുകഴിഞ്ഞ് ഒരു മാത്ര കഴിഞ്ഞിട്ട് സ്വഃ എന്ന് ഉച്ചരിയ്ക്കണം.

**12. ദൃഷ്ടക്രമത്വാൽ സമയാൻ**
**സന്ദധ്യാത് സർവ്വശഃ ക്രമേ ।**
**പദേന ച പദാഭ്യാം ച**
**പ്രാഗവസ്യേദതീത്യ ച ॥**

ക്രമം ചൊല്ലുമ്പോൾ 'സമയ'ത്തിലെ ആദ്യത്തെ പദത്തോട് ചേർത്ത് ചൊല്ലിയതിനുശേഷം സമയം മുഴുവനും ചൊല്ലി പിന്നീട് വരുന്ന പദപാഠത്തിലുള്ള രണ്ടു പദങ്ങളിലുമായി ചേർത്ത് ചൊല്ലണം. എന്തെന്നാൽ ക്രമം അപ്രകാരമാണ് കണ്ടിട്ടുള്ളത്.

**ഉദാഃ- പ്രപ്രവസ്ത്രിഷ്ടുഭമിഷം മന്ദദ്വീരായേന്ദവേ (8.69.1)**

ഇവിടെ പദപാഠം പ്രപ്ര/ഓ/മന്ദദ്വീരായ/ഇന്ദവേ/ എന്നാണെന്ന് ഒരു വ്യാഖ്യാനത്തിൽ കാണുന്നു. പദപാഠമനുസരിച്ചാണല്ലോ ക്രമപാഠം വരുക. ഇവിടുത്തെ ക്രമം ഇങ്ങനെയാണ്:- പ്രപ്ര വഃ/ പ്രപ്രേതി പ്രപ്ര/വസ്ത്രിഷ്ടുഭമിഷം മന്ദദ്വീരായേന്ദവേ/ - ഈ വ്യാഖ്യാനപ്രകാരം പദപാഠത്തിൽ വസ്ത്രിഷ്ടുഭമിഷം എന്ന പാഠത്തിന്റെ പ്രദർശനപരിത്യാഗമുണ്ട്. ഈ പ്രദർശനപരിത്യാഗത്തേയും ചിലപ്പോൾ പരിത്യക്തപദങ്ങളേയും 'സമയം' എന്നു പറയുന്നു. സമയത്തിന്റെ ആദ്യത്തെ പദം വഃ എന്നാണ്. ആ പദവുമായി ചേർത്ത് പ്രപ്രവഃ എന്ന് ആദ്യം ചൊല്ലുന്നു. പിന്നീട് എല്ലാ പരി

തൃക്തപദങ്ങളേയും (സമയങ്ങളെ) ചേർത്ത് അതു കഴിഞ്ഞ് വരുന്ന രണ്ട് പദങ്ങളോടുംകൂടി അവസാനിപ്പിയ്ക്കുന്നു. (അതായത് സംഹിതയിലുള്ളതും പദപാഠത്തിലില്ലാത്തതുമായ പദങ്ങളേയും ക്രമപാഠത്തിൽ ചൊല്ലണം)

**13. നകാരസ്യോഷ്മവദ് വൃത്തം**
**പ്ലുതോപാചരിതേ നതിഃ ।**
**പ്രശ്ലേഷശ്ച പ്രഗൃഹ്യസ്യ**
**പ്രകൃത്യാ സ്യുഃ പരിഗ്രഹേ ॥**

നകാരത്തിന് ഊഷ്മാവായ വിസർഗ്ഗത്തിന്റേതുപോലെ ലോപം, രേഫം തുടങ്ങിയ സന്ധി വരുന്നിടത്തും, പ്ലുതം, ഉപാചരിതം, നതി തുടങ്ങിയവ വരുന്നിടത്തും, പ്രഗൃഹ്യത്തിന് പ്രശ്ലേഷം വരുന്നിടത്തും പരിഗ്രഹിയ്ക്കുമ്പോൾ പ്രകൃതിഭാവം പറയണം.

ആദ്യം നകാരത്തിന് ഊഷ്മവദ്ഭാവം വരുന്നിടത്ത് പരിഗ്രഹിയ്ക്കുമ്പോൾ പ്രകൃതിഭാവം വരുന്നതിന് ഉദാഹരണം കാണിയ്ക്കാം:- അസ്മാँ അസ്മാँ ഇദുദവ (4.32.4) ഇവിടെ അസ്മാനസ്മാൻ/ഇത്/ഉത്/അവ/ എന്നാണ് പദപാഠം. - 'നകാര ആകാരോപധഃ പദ്യാന്തോ$f$പി സ്വരോദയഃ. ലുപ്യതേ'...... (4/26) എന്ന പ്രാതിശാഖ്യനിയമമനുസരിച്ച് അസ്മാനസ്മാൻ എന്ന സമസ്തപദത്തിലെ രണ്ട് നകാരങ്ങൾക്കും ലോപം വന്നു. 'നകാരസ്യ ലോപരേഫോഷ്മഭാവേ പൂർവ്വസ്തത് സ്ഥാനാദനുനാസികഃ സ്വരഃ' (4/34) എന്ന പ്രാതിശാഖ്യനിയമമനുസരിച്ച് ലുപ്തമായ നകാരത്തിന്റെ പൂർവ്വമുള്ള ആകാരാത്മകമായ സ്വരത്തിന് അനുനാസികത്വവും വന്ന് സംഹിതയിൽ 'അസ്മാँ അസ്മാँ' എന്നു പ്രയോഗിച്ചിരിയ്ക്കുകയാണ്. ക്രമപാഠത്തിൽ 'അസ്മാ് അസ്മാ് ഇത്' എന്ന് ക്രമം ചൊല്ലിയിട്ട് 'അസ്മാ് അസ്മാ്' എന്നതിന്റെ പരിഗ്രഹം പറയുമ്പോൾ പ്രകൃതിഭാവത്തോടുകൂടി (പ്രകൃത്യാ ഉണ്ടായിരുന്ന =സന്ധിയ്ക്ക് മുൻപ് ഉണ്ടായിരുന്ന) അസ്മാനസ്മാനിത്യസ്മാൻ$f$അസ്മാൻ' എന്ന് ചൊല്ലണം. ഇത് നകാരത്തിന് ലോപസന്ധി വന്നിടത്ത് പ്രകൃതിഭാവം വന്നതിന്റെ ഉദാഹരണമാണ്.

ഇനി നകാരത്തിന് രേഫസന്ധി വരുന്നിടത്തെ പരിഗ്രഹത്തിനുള്ള ഉദാഹരണം-

ഉത് പൂഷണം യുവാമഹേ$f$ഭീശൂँരിവ സാരഥിഃ- (6.57.6) ഉത്/പൂഷണം/യുവാമഹേ/അഭീശൂൻ$f$ഇവ/സാരഥിഃ/ എന്ന് പദപാഠം.

പദപാഠത്തിൽ അഭീശൂൻ$f$ഇവ എന്നത് സംഹിതയിൽ അഭീശൂँരിവ എന്നായിരിയ്ക്കുന്നു. 'ഈകാരോകാരോപഹിതോ രേഫ

മേഷു സ്വരേഷു ച (4/29) എന്ന പ്രാതിശാഖ്യവചനത്താൽ ഊകാരം പൂർവ്വമുള്ള നകാരത്തിന് സ്വരം പരമായതിനാൽ രേഫം വരികയാണുണ്ടായത്. നകാരത്തിനുമുൻപുള്ള സ്വരമായ ഊകാരത്തിന് അനുനാസികത്വവും വന്നു. ഇവിടെ ക്രമപാഠം അഭീശൂ̐രിവ സാരഥിഃ എന്നാണ്. നകാരത്തിന് വിസർഗ്ഗത്തിന്റെയെന്ന പോലെയുള്ള സന്ധിയാണ് ഇത്. അതിനാൽ ഇവിടെ പരിഗ്രഹത്താൽ 'അഭീശൂനിവേത്യഭീശൂൻƒഇവ' എന്ന് പ്രകൃതിഭാവം വന്നു.

വിഭ്രാജമാനാന̐ശ്ചമസാൻ (4.33.6)- വിƒഭ്രാജമാനാൻ/ചമസാൻ/ എന്നാണ് പദപാഠം. ക്രമം ചൊല്ലുമ്പോൾ വിഭ്രാജമാനാൻ എന്നുള്ളത് പരിഗ്രഹിച്ച് വിഭ്രാജമാനാനിതി വിƒഭ്രാജമാനാൻ എന്നു ചൊല്ലണം.

വിഭ്രാജമാനാൻ എന്ന പദം കഴിഞ്ഞ് ചമസാൻ എന്ന പദം പരമായി വന്നതിനാൽ 'ചരതി ചക്രേ...' (4/32) എന്ന പ്രാതിശാഖ്യനിയമമനുസരിച്ച് നകാരത്തിന് വിസർജ്ജനീയവദ്ഭാവമുള്ളതിനാൽ അഘോഷേ രേഫ്യരേഫീ (4/10) എന്ന പ്രാതിശാഖ്യമനുസരിച്ചുള്ള സന്ധി വന്ന് അനുനാസികത്വവും വന്ന് വിഭ്രാജമാനാ̐ശ്ചമസാൻ എന്ന് സംഹിതയിൽ രൂപം വന്നു.

ഇത് 'ചമസാൻ' എന്ന പദം പരമായി വനപ്പോൾ ദീർഘോപധമായ നകാരത്തിന് വിസർഗ്ഗവദ്ഭാവം വന്ന് നകാരത്തിന് ശകാരം വന്ന രൂപമാണ്. അതായത് നകാരത്തിന് ഊഷ്മവദ്വൃത്തം വന്നതിന്റെ മറ്റൊരുദാഹരണം- ആവദ̐സ്ത്വം ശകുനേ ഭദ്രമാവദ (2.43.3)- ആƒവദൻ/ത്വം/ശകുനേ/ഭദ്രം/ആ/വദ/ എന്നാണ് പദപാഠം. ക്രമപാഠം ആദ്യം 'ആവദ̐സ്ത്വം' എന്ന്. പിന്നീട് ഇത് നകാരത്തിന് ഊഷ്മവദ്വൃത്തമുള്ളതായതിനാൽ ആവദന്നിത്യാƒവദൻ എന്നു പരിഗ്രഹം. ഇവിടെ ആവദൻ ഇത്യാƒവദൻ എന്നു പരിഗ്രഹത്തിൽ പ്രകൃതിഭാവം വന്നിരിയ്ക്കുന്നു.

ആവദ്̐സ്ത്വം എന്നു ദ്വൈപദത്തിൽ നകാരത്തിന് വിസർഗ്ഗവദ്ഭാവം വിധിച്ചിട്ടുണ്ട്. (4/33)

സ്വതവ̐ഃ പായുഃ (4.26)- സ്വതവാൻ/പായുഃ എന്നാണ് പദപാഠം. - സ്വതവ̐പായുഃ എന്ന് ക്രമം ചൊല്ലിയശേഷം സ്വതവാനിതിസ്വƒതവാൻ എന്നു പരിഗ്രഹിയ്ക്കുന്നു. പരിഗ്രഹത്തിൽ പ്രകൃതിഭാവം വന്നിരിയ്ക്കുന്നു.

ഇവിടെ നകാരത്തിന് വിസർഗ്ഗം വന്നിരിയ്ക്കുന്നു. ഇത് വിക്രാന്തസന്ധിയാണ്. നകാരത്തിന് ലോപം, രേഫം, ഊഷ്മഭാവം

- ഊഷ്മാക്കളിൽ ശകാരം, സകാരം, വിസർഗ്ഗം- എന്നിവ വരുന്നേടത്ത് പരിഗ്രഹിയ്ക്കുമ്പോൾ പ്രകൃതിഭാവം വരുന്നതിനുള്ള ഉദാഹരണങ്ങളാണ് കാണിച്ചത്. ഇനി പ്ലുതി വരുന്നിടത്ത് പരിഗ്രഹത്തിൽ പ്രകൃതിഭാവം വരുന്നതിന് ഉദാഹരണം കാണിയ്ക്കുന്നു.

മക്ഷൂ മക്ഷൂ കൃണുഹി (3.31.20)- മക്ഷൂƒമക്ഷു/കൃണുഹി/ എന്ന് പദപാഠം. മക്ഷൂ മക്ഷൂകൃണുഹി എന്ന് ക്രമം ചൊല്ലിയശേഷം പ്ലുതി വന്ന മക്ഷൂമക്ഷൂ എന്ന സമസ്തപദം പരിഗ്രഹിയ്ക്കുമ്പോൾ മക്ഷു മക്ഷിതിമക്ഷൂƒമക്ഷു എന്ന് പ്രകൃതിഭാവം പറയണം (മക്ഷുമക്ഷു=അതിവേഗം)

അടുത്തത് നതി വന്നേടത്ത് പരിഗ്രഹിയ്ക്കുമ്പോൾ പ്രകൃതിഭാവം വരുന്നതിനാണ്- സുഷുമാ യാതം (1.137.1)- സുസുമ/യാതം/ എന്നാണ് പദപാഠം.

സുഷുമാ യാതം എന്ന് ക്രമം ചൊല്ലിയ ശേഷം നതി വന്ന സുഷുമ എന്ന പദം പരിഗ്രഹിയ്ക്കുമ്പോൾ അതിന് പ്രകൃതിഭാവം വരുന്നു. 'സുസുമേതി സുസുമഃ' എന്നാണ് പരിഗ്രഹം.

ഉപാചരിതം വരുന്നേടത്ത് പരിഗ്രഹത്തിൽ പ്രകൃതിഭാവം വരുന്നതിന് ഉദാഹരണം:- ജ്യോതിഷ്കൃദസി (1.50.4)- ജ്യോതിഃƒകൃത്/അസി/ എന്നാണ് പദപാഠം. ജ്യോതിഃ എന്നതിലെ വിസർഗ്ഗത്തിന് കൃത് എന്നതിലെ കകാരം പരമായതിനാൽ ഷകാരം വന്നു. വിസർഗ്ഗത്തിന് സകാരമോ ഷകാരമോ വരുന്ന സന്ധിയ്ക്ക് ഉപാചരിതം എന്നു പേർ.

ഉപാചരിതസന്ധിയിൽ പരിഗ്രഹം പറയുമ്പോൾ പ്രകൃതിഭാവത്തോടെ പറയണം. അതിനാൽ- ജ്യോതിഷ്കൃദസി എന്ന് ക്രമം ചൊല്ലിയശേഷം ജ്യോതിഃ കൃദിതി ജ്യോതിഃƒകൃത് എന്നാണ് പരിഗ്രഹം. പ്രഗൃഹ്യത്തിന് പ്രശ്ലേഷം വരുന്നിടത്ത് പരിഗ്രഹത്തിൽ പ്രകൃതിഭാവം വരുന്നതിനുള്ള ഉദാഹരണമാണ് അടുത്തത്- ദമ്പതീവ ക്രതുവിദാ (2.39.2)- ദമ്പതീ ഇവേതി ദമ്പതീƒഇവ/ എന്നാണ് പരിഗ്രഹം.

ത്ര്യക്ഷരാന്താസ്തു നേവേ (2/27) എന്ന പ്രാതിശാഖ്യനിയമമനുസരിച്ച് മൂന്നക്ഷരങ്ങളുള്ള, പ്രഗൃഹ്യസംജ്ഞയുള്ള പദം ഇവ എന്നത് പരമായിരിയ്ക്കുമ്പോൾ പ്രകൃത്യാ ഭവിയ്ക്കുകയില്ല. അതിനാൽ പ്രശ്ലേഷം വന്നു. സംഹിതയിൽ മാത്രമേ പ്രകൃതിഭാവം ഇല്ലാതുള്ളൂ. പദപാഠത്തിൽ ദമ്പതീ ഇവേതി ദമ്പതീƒഇവ എന്നാണ്.

പ്രഗൃഹ്യസംജ്ഞ ഇല്ലാത്തിടത്ത് പരിഗ്രഹത്തിൽ പ്രകൃതി ഭാവം ഇല്ല.

ശ്വഘ്നീവ യഃ (2.12.4)- ഇവിടെ ശ്വഘ്നീവ യഃ എന്നു ചൊല്ലിയിട്ട് 'ശ്വഘ്നീവേതി ശ്വഘ്നീ/ഇവ' എന്ന് പരിഗ്രഹിയ്ക്കുമ്പോൾ ശ്വഘ്നീവേതി എന്ന് സന്ധിചേർന്ന രൂപമാണ് പറയുന്നത്.

**14. ശൌദ്ധാക്ഷരാഗമോ/പൈതി**
**ന്യായം യാന്ത്യുത്തരേ ത്രയഃ।**
**രിഫിതാന്യൂഷ്മണോ/ഘോഷേ**
**ദൂഭാവഃ സ്വധിതീതി ച ॥**

1. ശൌദ്ധാക്ഷരങ്ങളുടെ സന്ധിയിൽ വരുന്ന ആഗമങ്ങൾ പരിഗ്രഹം ചെയ്യുമ്പോൾ പറയേണ്ടതില്ല.
2. നാലാം പടലത്തിൽ ഏറ്റവുമൊടുക്കം പറഞ്ഞ നിപാതനങ്ങളിൽ മൂന്നെണ്ണം പരിഗ്രഹിയ്ക്കുമ്പോൾ പ്രകൃതിഭാവത്തെ പ്രാപിയ്ക്കുന്നു.
3. അഘോഷം പരമായിരിയ്ക്കുമ്പോൾ ഊഷ്മാവിന്റെ (വിസർഗ്ഗത്തിന്റെ) സ്ഥാനത്ത് വരുന്ന രേഫം, ദൂഭാവം, സ്വധിതി എന്നിവയ്ക്ക് പരിഗ്രഹം ചെയ്യുമ്പോൾ പ്രകൃതിഭാവം വരുന്നു.

**ഉദാഹരണങ്ങൾ**

**1. പുരുശ്ചന്ദ്രം യജതം (5.8.1)**

പുരൂ/ചന്ദ്രം/യജതം/ എന്നാണ് പദപാഠം. ഇവിടെ ക്രമപാഠം 'പുരുശ്ചന്ദ്രം യജതം' എന്ന ദ്വൈപദം കഴിഞ്ഞ് 'പുരുശ്ചന്ദ്രമിതി പുരൂ/ചന്ദ്രം/ എന്ന് പരിഗ്രഹത്തിൽ ആഗമമായി വന്ന ശകാരം ഇല്ലാതാകുന്നു. ശൌദ്ധാക്ഷരസന്ധിയിൽ ആഗമമായി വന്ന ശകാരമാണ് ഇത്.

(ശ, ഷ, സ, ര എന്നിവ ചിലപദങ്ങളുടെ മദ്ധ്യത്തിൽ ആഗമമായി വരും. ആഗമം ചേർന്നുള്ള രൂപത്തെ ശൌദ്ധാക്ഷരസന്ധി എന്നു പറയും. ഇതേക്കുറിച്ച് നാലാം പടലത്തിൽ പറഞ്ഞിട്ടുണ്ട് (4/37, 38)

ശൌദ്ധാക്ഷരാഗമോ/പൈതി എന്നു തുടങ്ങുന്ന ഈ കാരികയുടെ അർത്ഥം വ്യാഖ്യാനിയ്ക്കുമ്പോൾ ആദ്യത്തെ വരിയുടെ അർത്ഥത്തിന്റെ കാര്യത്തിൽ അഭിപ്രായഭേദമില്ലെങ്കിലും 'ന്യായം യാന്ത്യുത്തരേ ത്രയഃ' എന്ന ഭാഗത്തിന്റെ വ്യാഖ്യാനത്തിന് അഭിപ്രായഭേദമുണ്ട്.

ഉത്തരേ ത്രയഃ എന്നാൽ പിന്നീടു വരുന്ന മൂന്നെണ്ണങ്ങൾ എ

ന്നാണല്ലോ അർത്ഥം. ഇത് ചിലരുടെ അഭിപ്രായത്തിൽ ശൌദ്ധാക്ഷരസന്ധിയ്ക്ക് ശേഷം വരുന്ന മൂന്നെണ്ണങ്ങൾ എന്നാണർത്ഥം. ആ മൂന്നെണ്ണങ്ങൾ ജുഘുക്ഷത എന്നും ധക്ഷി ധുക്ഷി പ്രവാദങ്ങളുമാണ്. ഇവയിൽ ജുഘുക്ഷത എന്ന പദത്തിൽ ഗകാരത്തിന് ഘകാരത്തിന്റെ നിപാതനവും, ധക്ഷി-ധുക്ഷി എന്നിവയ്ക്ക് ദകാരത്തിന്റെ നിപാതനവുമാണ് സംഹിതയിലുള്ളത്. ഈ മൂന്നു നിപാതനങ്ങളും പരിഗ്രഹിയ്ക്കുമ്പോൾ പ്രകൃതിഭാവത്തോടെ പറയണം. ന്യായം യാന്തി എന്നാൽ പ്രകൃതിഭാവത്തെ പ്രാപിയ്ക്കുന്നു എന്നർത്ഥം.

ഇക്കൂട്ടരുടെ അഭിപ്രായത്തിൽ ന്യായം യാന്ത്യുത്തരേ ത്രയഃ- എന്നത് ഒറ്റവാക്യമാണ്. (ഈ മതത്തിൽ ഉത്തരേ എന്നതിന് ശൌദ്ധാക്ഷരാഗമവിധിയ്ക്കുശേഷമുള്ള എന്നർത്ഥം പറഞ്ഞിട്ടുണ്ടെങ്കിലും ശൌദ്ധാക്ഷരാഗമവിധി കഴിഞ്ഞ് ഉടനെ വരുന്നതല്ല ഈ നിപാതനവിധി. രണ്ടു കാരികകൾ കഴിഞ്ഞ് നാലാം പടലത്തിൽ അവസാനം വരുന്ന കാരികയിലെ നിപാതനങ്ങളിൽപ്പെട്ടവയാണ് ഇത്).

ഈ വ്യാഖ്യാനമനുസരിച്ചുള്ള അർത്ഥമാണ് മേൽകൊടുത്തിട്ടുള്ളത്. ഇതിന്റെ ഉദാഹരണങ്ങൾ:-

ന ജൂഗക്ഷത (8.31.7)- ന/ജുഘുക്ഷതഃ/ എന്നാണ് പദപാഠം. ന ജുഗുക്ഷത എന്ന് ചൊല്ലിയിട്ട് ജൂഘുക്ഷത ഇതി ജൂഘുക്ഷത എന്ന് പരിഗ്രഹം. പരിഗ്രഹത്തിൽ ജൂഗുക്ഷത എന്നതിന് പ്രകൃതിഭാവം വന്ന് ജൂഘുക്ഷത എന്നായിരിയ്ക്കുന്നു.

അനു ദക്ഷി (2.1.10)- അനു/ധക്ഷി/ എന്ന് പദപാഠം. 'അനുദക്ഷി' എന്നു ചൊല്ലിയിട്ട് 'ധക്ഷീതി ധക്ഷി' എന്ന് പരിഗ്രഹിയ്ക്കണം. ധക്ഷി എന്ന് പ്രകൃതിഭാവം വന്ന രൂപമാണ്. (ധക്ഷി=ദഹിപ്പിയ്ക്കുന്നു)

ദുക്ഷൻ വൃധേ (1.121.8)- ധുക്ഷൻ/വൃധേ/ എന്ന് പദപാഠം. ദുക്ഷൻ വൃധേ എന്നു ചൊല്ലിയിട്ട് ധുക്ഷൻ ഇതി ധുക്ഷൻ എന്ന് പരിഗ്രഹിയ്ക്കണം. പരിഗ്രഹത്തിൽ പ്രകൃതിഭാവം.

ഉവടൻ മുതലായവരുടെ വ്യാഖ്യാനമനുസരിച്ച് 'ന്യായം യാന്ത്യുത്തരേ ത്രയഃ' എന്നത് അടുത്ത രണ്ടു വരികളിൽ പറയുന്ന കാര്യവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് അതായത് പിന്നത്തെ രണ്ടു വരികളിൽ അഘോഷം പരമാവുമ്പോൾ ഊഷ്മാവിന് രിഫിതം വരുമ്പോഴും 'ദുര്' എന്നതിന് ദൂഭാവം വരുമ്പോഴും സ്വധിതീവ എന്നു വരുന്നിടത്തും - ഈ മൂന്നിലും പരിഗ്രഹത്തിൽ പ്രകൃ

തിഭാവം വരും എന്നർത്ഥം. അതായത് ഉത്തരേ ത്രയഃ എന്നത് ഉത്തരാർദ്ധത്തിൽ പറയുന്ന മൂന്നു കാര്യങ്ങളാണ്.

അഘോഷം പരമായിരിയ്ക്കുമ്പോൾ വിസർഗ്ഗത്തിന്റെ സ്ഥാനത്ത് വന്ന രിഫിതത്തിന് പരിഗ്രഹിയ്ക്കുമ്പോൾ പ്രകൃതിഭാവം വന്നതിനുള്ള ഉദാഹരണം-

സ്വർചക്ഷാ രഥിരഃ (9.97.46)- സ്വഃ*f*ചക്ഷാഃ/രഥിരഃ/ എന്നാണ് പദപാഠം. ഇവിടെ സ്വർചക്ഷാ രഥിരഃ എന്നു ചൊല്ലിക്കഴിഞ്ഞ് സ്വശ്ചക്ഷാ ഇതി സ്വഃ*f*ചക്ഷാഃ എന്ന് പരിഗ്രഹിയ്ക്കുമ്പോൾ പ്രകൃതിഭാവം വന്നിരിയ്ക്കുന്നു.

ദൂഭാവം വന്നതിന് പരിഗ്രഹിയ്ക്കുമ്പോൾ പ്രകൃതിഭാവം വരുന്നതിന് ഉദാഹരണം- ദൂണാശം സഖ്യം (6.45.26)- ദുഃ*f*നശം/സഖ്യം/ എന്നാണ് പദപാഠം. ദൂണാശംസഖ്യം എന്ന് ചൊല്ലിയിട്ട് 'ദുർനശം ഇതി ദുഃ*f*നശം എന്ന് പരിഗ്രഹിയ്ക്കുമ്പോൾ പ്രകൃതിഭാവം വന്നിരിയ്ക്കുന്നു.

സ്വധിതീവ രീയതേ (5.7.8)- സ്വധിതിഃ*f*ഇവ/രീയതേ/ എന്നു പദപാഠം. സ്വധിതീവ രീയതേ എന്നു ചൊല്ലിക്കഴിഞ്ഞിട്ട് സ്വധിതിരിവേതി സ്വധിതിഃ*f*ഇവ എന്ന് പരിഗ്രഹം ചൊല്ലുക. പരിഗ്രഹത്തിൽ പ്രകൃതിഭാവം വന്നിരിയ്ക്കുന്നു.

**പത്താം പടലം കഴിഞ്ഞു**

## പതിനൊന്നാം പടലം
## (ക്രമഹേതുപടലം)

1. **അഥാർഷ്യലോപേന യദാഹ സക്രമഃ**
**സമാനകാലം പദസംഹിതം ദ്വയോഃ ।**
**അഥോ ബഹൂനാമവിലോപകാരണഃ**
**പരൈരെവസ്യന്ത്യതിഗമ്യ കാനിചിത് ॥**

ഋഷിപ്രോക്തമായ സംഹിതയ്ക്ക് ലോപം വരരുത് എന്ന ഉദ്ദേശത്തോടെ ഒരേസമയം ഈ രണ്ടു പദങ്ങളുടെ പദവും സംഹിതയും ചൊല്ലലാണ് ക്രമമെന്നു പറയപ്പെടുന്നത്. സംഹിതാലോപം വരാതിരിയ്ക്കുക എന്ന ഉദ്ദേശത്തോടെതന്നെ ചിലപ്പോൾ രണ്ടിലധികം പദങ്ങളെ അതിക്രമിച്ചിട്ട് അതിനുശേഷം വരുന്ന പദങ്ങളുമായി ചേർത്ത് ക്രമം ചൊല്ലുന്നു.

പത്താമത്തെ പടലത്തിൽ വിധിച്ചവയ്ക്ക് ഹേതുക്കളെ നിർദ്ദേശിയ്ക്കുകയാണ് ഈ പടലത്തിൽ.

2. **അപൃക്തമേകാക്ഷരമദ്വിയോനി യത്**
**തദാനുനാസിക്യ ഭയാദതീയതേ ।**
**നതം ച പൂർവ്വേണ പരസ്യ കാരണം**
**നതേഃ പരസ്യോഭയഹേതു സംഗ്രഹാത് ॥**

(അപൃക്തം=അവ്യഞ്ജനം; അദ്വിയോനി=സന്ധ്യക്ഷരമല്ലാത്തത് (ഏ, ഓ, ഐ, ഔ സന്ധ്യക്ഷരം)

വ്യഞ്ജനാക്ഷരത്തോടു കൂടാത്തതും സന്ധ്യക്ഷരഭിന്നവും ഏകാക്ഷരവുമായ പദം (ആ, ഉ തുടങ്ങിയവ) ക്രമത്തിൽ അവസാനീയമാകാത്തത് ആനുനാസികൃഭയത്താലാണ്. മേൽക്കൊടുത്ത കാരികയുടെ പൂർവ്വാർദ്ധത്തിന്റെ അർത്ഥമാണ് ഇത്. താത്പര്യാർത്ഥം ഇതാണ്:-

'ഏകവർണ്ണമനോകാരം.....' എന്നു തുടങ്ങുന്ന പത്താം പടലത്തിലെ കാരികകൊണ്ട് ഓകാരഭിന്നമായ ഏകവർണ്ണമായ പദം ക്രമപാഠത്തിൽ അവസാനീയമാവില്ല എന്നു പറയുകയുണ്ടായി. അതിനു കാരണം, അത് അവസാനീയമായാൽ അതിന് അനുനാസികത്വം വരും. സംഹിതയിൽ അനുനാസികമല്ല അത്. അതിനാൽ ക്രമത്തിൽ അനുനാസികത്വം വന്നാൽ സംഹിതാലോപം വരും.

'അഷ്ടാവാദ്യാനവസാനേƒപ്രഗൃഹ്യാൻ ആചാര്യ ആഹുരനുനാസികാൻ സ്വരാൻ (1/26) എന്ന പ്രാതിശാഖ്യമനുസരിച്ച് അപ്ര

ഗൃഹ്യങ്ങളായ അവസാനത്തിലുള്ള ആദ്യത്തെ എട്ടുസ്വരങ്ങളും (അ, ഋ, ഇ ഉ ഹ്രസ്വദീർഘങ്ങൾ) അനുനാസികമാവും.

അതിനാൽ 'ആ മന്ദ്രമാ വരേണ്യം' (9.65.29)- 'ആ മന്ദ്രം/മന്ദ്രം ആ/ എന്ന് ക്രമം ചൊല്ലിയാൽ (മന്ദ്രം കഴിഞ്ഞുള്ള) 'ആ' അനുനാസികമാവും; അവസാനം വരുന്നതിനാൽ.

രണ്ടാമത്തെ കാരികയുടെ ഉത്തരാർദ്ധത്തിന്റെ അർത്ഥമിതാണ്-

പൂർവ്വമുള്ള ഒരു പദം കാരണം ഒരു പദം നതമാവുകയും, പിന്നീട് ആ പദം പരമായ പദത്തിന് നതി വരുത്തുകയും ചെയ്യുകയാണെങ്കിൽ മദ്ധ്യത്തിലുള്ള പദം ക്രമത്തിന്റെ അവസാനം വന്നാൽ മൂന്നാമത്തെ പദത്തിന് നതി (മൂർദ്ധന്യഭാവം) ഇല്ലാതാവും. 'മോ ഷു ണഃ' (1.38.6) എന്ന സംഹിതയിൽ 'മോ ഷു' എന്ന് ഷു അവസാനീയമായാൽ 'ണഃ' എന്ന് സംഹിതയിൽ മൂർദ്ധന്യഭാവം വന്ന രൂപത്തിന് കാരണമില്ലാതാകും. അപ്പോൾ നഃ എന്ന് സംഹിത വരും. ഇത് സംഹിതാലോപമാണ്. അതിനാൽ 'മോ ഷു ണഃ' എന്നാണ് ക്രമപാഠം. ഷു എന്നത് അവസാനീയമാകുന്നില്ല.

**3 പരീത ഇത്യുത്തരമേതയോർദ്വയോഃ**
**പരം ഹി പൂർവ്വോ നമതീത്യതീയതേ I**
**തതോ*f*പരേ സന്ധ്യമവേക്ഷ്യ കാരണം**
**തദർത്ഥജം ദ്വിക്രമമത്ര കുർവ്വതേ II**

'ഇതോഷിഞ്ചത' എന്ന ദ്വൈപദത്തിലെ പൂർവ്വമുള്ള ഇതഃ എന്നതിനെ അതിക്രമിച്ചിട്ട് -അതായത് അതുവരെ കഴിഞ്ഞുവരുന്ന പദത്തോടുചേർത്ത് ക്രമം ചൊല്ലണമെന്ന് പത്താം പടലത്തിൽ മൂന്നാമത്തെ കാരികയിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ കാരണമാണ് പറയുന്നത്. പരീതോ ഷിഞ്ചത-(9.107.1) എന്ന് സംഹിതയിൽ സിഞ്ചത സകാരത്തിന് മൂർദ്ധന്യഭാവം വന്നത് പരി എന്ന പദം കാരണമാണ്. ഇവിടെ ഇതഃ എന്ന പദം ഇടയിൽ വരുന്നുണ്ടെങ്കിലും പരി എന്ന പദം സിഞ്ചത എന്ന പദത്തിലെ സകാരത്തിനെ നമിപ്പിയ്ക്കുന്നു. അതിനാൽ പരീതോ എന്ന് ക്രമം ചൊല്ലിയാൽ സിഞ്ചത എന്നതിന് മൂർദ്ധന്യഭാവം വരില്ല. ഇത് സംഹിതാലോപത്തിന് വഴിവെയ്ക്കുന്നു.

ഉത്തരാർദ്ധത്തിൽ ഇപ്രകാരം പറയുന്നു. തതോ*f*പരേ =അപരേ=മറ്റു ചിലർ-

വേറെ ചില ആചാര്യന്മാർ ഇതോ*f*ഷിഞ്ചത എന്നതിൽ ഇ

തോ എന്നുള്ള ഓത്വനിപാതനം (അവസാനമുള്ള ഓകാരത്തിന്റെ ഉച്ചാരണം) സിഞ്ചത എന്ന പദത്തിന്റെ സകാരത്തിന് മൂർദ്ധന്യത്തെ ഉണ്ടാക്കുന്നതാണെന്ന് അഭിപ്രായപ്പെടുന്നു. അതിനാൽ ക്രമം പരീതോ, ഇതോ ഷിഞ്ചത എന്നാണെന്നും അഭിപ്രായപ്പെടുന്നു.

**4. തമഃ പരം രേഫനിമിത്തസംശയാത്**
**തഥാവരിത്യേതദപോദ്വതേ പദം ।**
**അദോ പിതോ സോ ചിദുഷർവസൂയവോ**
**ന ധക്ഷി ധുക്ഷീത്യപി ചാതിയന്തി കിം ॥**

തമഃ എന്ന പദം പരത്തിലുള്ള 'ആവര്' എന്ന പദം അവസാനീയമാകില്ല എന്ന് പൂർവ്വപടലത്തിൽ പറഞ്ഞുവല്ലോ. അതിനു കാരണം രേഫത്തിന്റെ നിമിത്തം ഏതാണെന്ന് സംശയം ഉണ്ടാവുന്നതിനാലാണ്. പൂർവ്വത്തിലുള്ള പദാന്തമാണോ ഉത്തരത്തിലുള്ള പദാദിയാണോ ഏതാണ് രേഫത്തിന്റെ നിമിത്തം എന്ന് നിശ്ചയമില്ലാത്തതാകുന്നു. അതിനാൽ 'ഉഷാ ആവർതമഃ' എന്നാണ് ക്രമപാഠം.

'ആവര്' എന്ന പദം രേഫത്തിന്റെ നിമിത്തത്തിലുള്ള സംശയംകൊണ്ടാണ് അനവസാനീയമാകുന്നത് എങ്കിൽ അദോ പിതോ, സോ ചിത്, ഉഷർവസൂയവഃ എന്നിവയും ധക്ഷി ധുക്ഷി എന്നീ പ്രവാദങ്ങളും എന്തുകൊണ്ട് അനവസാനീയമാകുന്നില്ല? എന്തെന്നാൽ ഇവയും അതിനെപ്പോലെയാണല്ലോ?

(ഈ ചോദ്യത്തിന് ഗ്രന്ഥകാരൻ ഉത്തരം പറഞ്ഞിട്ടില്ല. വ്യാഖ്യാതാവായ ഉവടൻ ഇപ്രകാരം പറയുന്നു:- പൂർവ്വപടലത്തിൽ അനവസാനീയങ്ങളായി ഇവയെ പറഞ്ഞിട്ടില്ല. അവിടെ അവസാനീയങ്ങളല്ലാതെ വരുന്നവയുടെ കാരണം മാത്രമാണ് ഇവിടെ പറയുന്നത്)

**5. സ്വസാരമിത്യേതദപോദ്വതേ പദം**
**പരഃ സകാരോ പജനോഽസ്കൃതേതി ച ।**
**നിരസ്കൃതേതി ഹ്യുപസർഗകാരിത–**
**സ്തദന്വയാദാചരിതം തു പഞ്ചഭിഃ ॥**

സ്വസാരമസ്കൃത എന്ന രണ്ടു പദങ്ങളും അനവസാനീയങ്ങളാണ് എന്ന് പൂർവ്വപടലത്തിൽ (10/4) പറഞ്ഞു. അതിനുകാരണം, അസ്കൃത എന്ന പദത്തിൽ കൃത എന്നതിന്റെ കകാരത്തിന് സകാരം ആഗമമായി വന്നത് 'നിര്' എന്ന ഉപസർഗ്ഗത്തിന്റെ സ്വാധീനം മൂലമാണ്. അതുകൊണ്ട് 'നിരു സ്വസാരമസ്കൃതോഷസം'

(10.127.3) എന്ന സംഹിതയ്ക്ക് അഞ്ചു പദങ്ങളോടുകൂടി ക്രമം ചൊല്ലുന്നു- നിരുസ്വസാരമസ്കൃതോഷസം എന്ന്.

**6. സഹേതി ചേമേതി ച രക്തസംഹിതം**
**ഗുണാഗമാദേതനഭാവി ചേതന ।**
**പദഞ്ച ചാസ്കംഭ ചിദിത്യതഃ പരം**
**പ്ലുതാദി ചൈതാനി നിമിത്തസംശയാത്. ॥**

1. ഇതി എന്ന പദത്തോടുകൂടിയതും, മകാരത്തിന് ലോപം വന്നതുമായ ഈം എന്ന പദം അനവസാനീയമാണെന്ന് (10/3) പറഞ്ഞു. അതിനു കാരണം നിമിത്തസംശയമാണ്. പൂർവ്വപദത്തിന്റെ അന്തത്തിലുള്ള വർണ്ണമോ അതോ പരപദത്തിന്റെ ആദിയിലുള്ള വർണ്ണമോ ഏതാണ് മകാരത്തിന്റെ ലോപത്തിന് കാരണം എന്നറിയുന്നില്ല. യമീ ഗർഭമൃതാവൃധോ ദൃശേ (9.102.6)
'യം/ഈമിതി/ഗർഭം/ഋത്fവൃധഃ/ദൃശേ/ എന്നാണ് പദപാഠം. ഇതികരണയുക്തവും (സംഹിതയിൽ) മകാരം ലോപിച്ചതുമായ പദമാണ് 'ഈ' എന്നത്. അതിനാൽ ക്രമത്തിൽ അത് അനവസാനീയമായി. യമീഗർഭം എന്നാണ് ക്രമപാഠം. 'സഹേതി ചേമേതി' എന്നതിലെ 'സഹേതി' എന്നതിന് 'ഇതി'യോടു കൂടിയത് എന്നർത്ഥമാണ്. ചേമേതി എന്നത് പദച്ഛേദം ചെയ്യുമ്പോൾ ച+ഈം+ആ+ഇതി എന്നാകും. ഇതിൽ ച ഈം എന്നത് ആദ്യത്തെ സഹേതിയുമായി ചേരും.
ഏതി എന്നത് ആ+ഇതി എന്നാണ് എന്നു പറഞ്ഞുവല്ലോ. ഇത് അടുത്തുവരുന്ന 'രക്തസംഹിതം' എന്ന പദത്തോടും ചേരുന്നു.
2. രക്ത(അനുനാസിക)യുക്തമായ ആകാരം അനവസാനീയമാകുന്നു. നിമിത്തസംശയം മൂലമാണ് ഇതും. പൂർവ്വമുള്ള പദാന്ത്യവർണ്ണമോ പരത്തിലുള്ള പദാദിവർണ്ണമോ അനുനാസികത്വത്തിന് കാരണമെന്നറിയുന്നില്ല.
അഭ്ര ആ് അപഃ (5.48.1)
അഭ്രേ/ആ/അപഃ/ എന്നാണ് പദപാഠം. ഇവിടെ ക്രമം അഭ്ര ആ അപഃ എന്നാകുന്നു.
3. 'ഗുണ'മായ ഏകാരത്തിന്റെ ആഗമം മൂലം ഏതന എന്നായിത്തീർന്ന ഇതന എന്ന പദം അനവസാനീയമാണ്. നിമിത്തസംശയം മൂലമാണ് ഇത്. പൂർവ്വപദത്തിന്റെ അന്തത്തിലുള്ളതോ, പരപദത്തിന്റെ ആദിയിലുള്ളതോ ഏകാരമാകുന്ന

ഗുണം വരാൻ കാരണമെന്നറിയില്ല.

വീരാസ ഏതന മര്യാസഃ (5.61.4)- വീരാസഃ/ഇതന/മര്യാസഃ/ എന്നാണ് പദപാഠം. ഏതന എന്നത് അനവസാനീയമാക യാൽ വീരാസ ഏതന മര്യാസഃ എന്ന് ക്രമം.

4. ചാസ്കംഭ ചിത്- എന്നു കഴിഞ്ഞുവരുന്ന ആദ്യത്തെ സകാ രം ലോപിച്ച് കംഭനേന എന്നായിത്തീർന്ന പദം അനവസാ നീയമാണ്. കാരണം സകാരത്തിന് ലോപം വരാനുള്ള നിമി ത്തമെന്തെന്നറിയുന്നില്ല.

5. പ്ലുതം (ദീർഘം) ആദിയിലുള്ള പദം അനവസാനീയമാണ്. ഇതും നിമിത്തസംശയം മൂലമാണ്.

യോനിമാരൈഗപഃ (1.124.8)-യോനിം/അരൈക്/അപഃ/ - പ ദപാഠത്തിൽ 'അരൈക്' എന്നുള്ളത് സംഹിതയിൽ 'ആരൈ ക്' എന്നായിരിയ്ക്കുന്നു. ഇതിന്റെ നിമിത്തവും വ്യക്തമല്ല. അതിനാൽ അത് അനവസാനീയമാകുന്നു. ക്രമം ചൊല്ലു മ്പോൾ യോനിമാരൈഗപഃ എന്നു ചൊല്ലുന്നു.

**7. ദ്വിഭിക്രമം പൂർവ്വനിമിത്തമാനിന-**
**സ്ത്രിഷൂത്തമേഷ്വാഹുരനന്തരം ഹിതത് ।**
**അനന്തരം ത്വേവ ചതുർത്ഥഷഷ്ഠയോഃ**
**പരം കഥം തത്ര ച നഹ്യദിക്രമം. ॥**

മുകളിൽ പറഞ്ഞ അഞ്ചു അനവസാനീയങ്ങളിൽ അവസാന ത്തെ മൂന്നെണ്ണങ്ങൾ പൂർവ്വനിമിത്തം മൂലമാണെന്ന് കരുതുന്ന വർ അവ ദ്വിക്രമങ്ങളാണെന്നു അഭിപ്രായപ്പെടുന്നു. പൂർവ്വപദം കഴിഞ്ഞ് ഉടനെയാണല്ലോ പരപദം വരുക.

വീരാസ ഏതന, ചിത് കംഭനേന, യോനിമാരൈക് എന്നിവ യാണല്ലോ അവസാനത്തെ മൂന്നെണ്ണങ്ങൾ. ഇതന എന്നത് ഏത ന എന്നായതും സ്കംഭനേന എന്നത് കംഭനേന എന്നായതും അ രൈക് എന്നത് ആരൈക് എന്നായതും പൂർവ്വപദാന്തമോ പരപ ദാദിയോ കാരണമാണെന്ന കാര്യത്തിൽ തീർച്ചയില്ലാത്തതിനാൽ അവ അനവസാനീയമാണെന്നാണല്ലോ പറഞ്ഞത്. ഇവിടെ മൂ ന്നിനും പൂർവ്വപദമാണ് നിമിത്തം എന്ന് ചിലർ തീർച്ച പറയുന്നു. അപ്പോൾ അവരുടെ മതപ്രകാരം ഇവിടെ ക്രമപാഠം വീരാസ ഏ തന, ചിത് കംഭനേന, യോനിമാരൈക് എന്നാണ്.

എന്നാൽ നാലാമത്തേയും (നാലാമത്തെ കാരികയിൽപ്പറഞ്ഞ 'ഉഷാ ആവർത്തമഃ എന്നത്) ആറാമത്തേയും (ആറാമത്തെ കാരി കയിൽ ആദ്യത്തേതായി പറഞ്ഞ യമീ ഗർഭം എന്നത്) അനവ

സാനീയങ്ങൾക്ക് പരമായ പദം നിമിത്തമാകാമല്ലോ. മൂന്നെണ്ണങ്ങൾക്ക് പൂർവ്വപദം നിമിത്തമാണെന്ന് പറയുന്നവർക്ക് ഇവിടെ പരപദം നിമിത്തമാണെന്ന് സ്വീകരിച്ചുകൊണ്ട് രണ്ടു പദങ്ങളുടെ ക്രമം എന്തുകൊണ്ട് സ്വീകരിയ്ക്കുന്നില്ല?

ഇവയ്ക്കു രണ്ടിനും ദ്വിക്രമം സ്വീകരിയ്ക്കുന്നില്ലെങ്കിൽ നേരത്തെ പറഞ്ഞ മൂന്നിനും സ്വീകരിയ്ക്കാൻ പാടില്ല. അവയ്ക്ക് സ്വീകരിയ്ക്കുന്നു എങ്കിൽ ഇവിടേയും സ്വീകരിയ്ക്കണം.

**8. അനാനുപൂർവ്വേ പദസന്ധ്യദർശനാത്**
**പദവ്യവേതഞ്ച പദവ്യവായി ച ।**
**തതോഽപരേ ദ്വിക്രമമാഹുരാശ്രയാത്**
**കൃതാ വിലുപ്താത്രഹി വർണ്ണസംഹിതാ ॥**

അനാനുപൂർവ്വ്യം=ആനുപൂർവ്വി അനുസരിച്ചല്ലാത്ത (ആനുപൂർവ്വി=പദങ്ങളിൽ വർണ്ണങ്ങളുടെ ക്രമം)

നാരാശംസം, ശുനഃശേഫം മുതലായതാണ് പദപാഠത്തിൽ കാണുന്ന ആനുപൂർവ്വി. സംഹിതയിൽ ഇതിനു ഭിന്നമായ ച, വാ തുടങ്ങിയ പദങ്ങൾ ഇവയുടെ ഇടയിൽ കാണുന്നു. നരാ ച ശംസം, ശുനശ്ചിത് ശേഫം തുടങ്ങിയ രീതിയിൽ സംഹിതയിൽ പ്രയോഗം കാണുന്നുണ്ട്. ഇവയെയാണ് അനാനുപൂർവ്വ്യങ്ങൾ എന്നു പറഞ്ഞിരിയ്ക്കുന്നത്.

അനാനുപൂർവ്വ്യങ്ങളായവ സംഹിതയിൽ ക്രമം ചൊല്ലുമ്പോൾ ഏതൊരു പദംകൊണ്ടാണോ ഒരു പദം വ്യവഹിതമാക്കപ്പെട്ടത് ആ പദവും വ്യവഹിതമായ പദവും രണ്ടും അനവസാനീയങ്ങളാണ്. കാരണം, ഈ രണ്ടു പദങ്ങൾക്കും തമ്മിൽ സന്ധി കാണുന്നില്ല.

മറ്റു ചില ആചാര്യന്മാർ ഇവിടെ ദ്വിക്രമം ഇഷ്ടപ്പെടുന്നു. എന്തെന്നാൽ വർണ്ണങ്ങൾ വർണ്ണങ്ങളോട് (ഒരു പദത്തിന്റെ അന്ത്യത്തിലുള്ളതും അടുത്ത പദത്തിന്റെ ആദിയിലുള്ളതുമായ വർണ്ണങ്ങൾ) സന്ധി ചേർന്ന് ഇവിടെ അവിലുപ്തമായ വർണ്ണസംഹിത ഉണ്ടാകുന്നു. ഉദാഹരണമായി:-

ശുനശ്ചിച്ഛേപന്നിദിതം (5.2.7) എന്നിടത്ത് ശുനഃ എന്ന പദത്തിലെ വിസർഗ്ഗം അടുത്ത പദത്തിൽ ചകാരം പരമായതിനാൽ ശകാരമായിത്തീർന്ന് ശുനശ്ചിത് എന്നാകുന്നു. ചിത് എന്നതിലെ തകാരം ശേപം എന്നതിലെ ശകാരം പരമായതിനാൽ ചകാരമായിത്തീർന്ന് ശുനശ്ചിച് എന്നായി. അതിനുശേഷം വരുന്ന ശകാരം ഛകാരമായി ശുനശ്ചിച്ഛേപം എന്നാകുന്നു. ഈ അവസാന

ത്തിലുള്ള മകാരം കഴിഞ്ഞ് നിദിതം എന്ന പദം പരമായതിനാൽ മകാരത്തിന് നകാരം വന്ന് ശുനശ്ചിച്ഛേപന്നിദിതം എന്ന് സംഹിതയിൽ പ്രയോഗം. ഒരു വർണ്ണത്തിനും ലോപമില്ലാതെ വർണ്ണസംഹിത മനോഹരമായി ചൊല്ലാവുന്നരീതിയിൽ സംരക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്. അതിനാൽ ഇവിടെ ക്രമം:- ശുനശ്ചിത്/ചിച്ഛേപം/ശേപന്നിദിതം/ എന്നാണ്.

**9. പദാനുപൂർവ്വേണ സപൂർവ്വ ആ തത-**
**സ്തതോ വ്യവേതഞ്ച സഹ വ്യവായി ച ।**
**തതോ നിരാഹേതരയോശ്ച തേ പദേ**
**തതോ വ്യവേതേന പരസ്യ സംഹിതാ ॥**

അനാനുപൂർവ്വ്യസംഹിത വരുന്നിടത്ത് പൂർവ്വം പദങ്ങളുണ്ടെങ്കിൽ സംഹിതയിൽ വരുന്ന മുറയ്ക്ക് ഈരണ്ടു പദങ്ങളുള്ള ക്രമം അനാനുപൂർവ്വ്യസംഹിത തുടങ്ങുന്നതിനുമുൻപുള്ള പദം വരെ പറയണം. അതിനുശേഷം വ്യവേതമായ പദവും വ്യവായിയായ പദവും വ്യവേതത്തിന് മുൻപുള്ളതും പിന്നീട് വരുന്നതുമായ പദങ്ങളോട് ചേർത്ത് പറയണം.

നരാ ച ശംസം എന്നുള്ള അനാനുപൂർവ്വ്യസംഹിത പൂർവ്വം പദങ്ങളുള്ള(സപൂർവ്വം) താണ്.

ദ്വാ ജനാ യാതയന്നന്തരീയതേ നരാ ച ശംസം ദൈവ്യം ച ധർത്തരി (9.86.42) എന്നാണ് സംഹിത. ദ്വാജനാ/ജനായാതയൻ/യാതയന്നന്തഃ/അന്തരീയതേ/-സപൂർവ്വമായ അനാനുപൂർവ്വിയായ 'നരാ ച ശംസം' എന്നതിന് പൂർവ്വം വരെ ഇങ്ങനെ ചൊല്ലുക. ഇതിനുശേഷം ഈയതേ നരാ ച ശംസം ദൈവ്യം എന്ന് ചൊല്ലണം. അനാനുപൂർവ്വ്യസംഹിതയ്ക്ക് മുൻപു വരുന്നതും അതു കഴിഞ്ഞു വരുന്നതുമായ പദങ്ങളോട് ചേർത്ത് ചൊല്ലുകയാണ് ചെയ്തത്. ഇത് ചില ആചാര്യന്മാരുടെ മതമാണ്. ഇവരുടെ അഭിപ്രായത്തിൽ ഈയതേ എന്ന പദത്തിന് നരാശംസം എന്ന പദവുമായി സന്ധി അദൃഷ്ടമായതിനാൽ ആ പദവും അനവസാനീയമായേയ്ക്കും. അതൊഴിവാക്കാനാണ് ഇങ്ങനെ ഒരു വിധി ആവശ്യമായി വന്നത് എന്നാണ്. അതല്ലെങ്കിൽ 'ക്രമോ ദ്വാഭ്യാമതിക്രമ്യ' (10/1) എന്ന വിധി കൊണ്ടുതന്നെ ഇവിടത്തെ ക്രമം ലഭിയ്ക്കുമായിരുന്നു.

മറ്റു ചിലരാകട്ടെ ഈയതേ എന്ന പദം അനവസാനീയമാകുമെന്നതുകൊണ്ടല്ല ഇവിടെ ഇപ്രകാരം വിധിച്ചത്. അനാനുപൂർവ്വ്യങ്ങളിൽ പൂർവ്വമുള്ളതായ പദവും, അനാനുപൂർവ്വ്യം കഴി

ഞ്ഞ് വരുന്ന പദവും കൂടിയാണ് ക്രമം ചൊല്ലേണ്ടത്. ഇത് നേരത്തെ പറയാത്തതുകാരണമാണ് ഇപ്പോൾ വിധിച്ചത് എന്നു വാദിയ്ക്കുന്നു.

ഉത്തരാർദ്ധത്തിന്റെ അർത്ഥം:- ഇത്രയും കഴിഞ്ഞതിനുശേഷം ക്രമവക്താവ് വ്യവേതമായ പദത്തേയും വ്യവായിയായ പദത്തേയും പരിഗ്രഹിയ്ക്കണം.

നരാശംസമിതി നരാശംസം/ചേതി ച/ എന്ന്. പൂർവ്വം പദങ്ങളില്ലാത്ത അനാനുപൂർവ്വ്യങ്ങൾ പരിഗ്രഹിച്ചുപറയണം. ആദ്യം ശുനശ്ചിച്ഛേപം നിദിതം എന്നു ചൊല്ലിയിട്ട് ശുനഃ ശേപമിതി ശുനഃ*f*ശേപം ചിദിതി ചിത്. നരാവാ ശംസം പൂഷണം നരാശംസമിതി നരാശംസഃ വേതി വാ.

അതിനുശേഷം പൂർവ്വപദമുള്ളതും ഇല്ലാത്തതുമായ അനാനുപൂർവ്വ്യങ്ങൾക്കുശേഷം വരുന്ന പദവുമായ അടുത്ത പദത്തിനെ ചേർത്തുപറയണം. 'ദ്വാജനായാതയന്നന്തരീയതേ നരാ ച ശംസം ദൈവ്യം ച ധർത്തരി' എന്ന സപൂർവ്വമായ അനാനുപൂർവ്വ്യത്തിൽ അനാനുപൂർവ്വ്യം കഴിഞ്ഞുവരുന്ന ദൈവ്യം എന്ന പദം അതിനടുത്ത പദമായ ച എന്നതിനോട് ചേർത്ത് ദൈവ്യം ച എന്നു ചൊല്ലണം.

പൂർവ്വം പദങ്ങളില്ലാത്ത (അതായത് പാദാദിയിൽ വരുന്ന) അനാനുപൂർവ്വ്യങ്ങളായ 'ശുനശ്ചിച്ഛേപം നിദിതം സഹസ്രാത്' എന്നതിലും നരാ വാ ശംസം പൂഷണമഗോഹ്യമഗ്നിം എന്നതിലും പരിഗ്രഹം കഴിഞ്ഞാൽ യഥാക്രമം നിദിതം സഹസ്രാത് എന്നും പൂഷണമഗോഹ്യം എന്നും ചൊല്ലണം.

(ഇത്രയും വിസ്തരിച്ച് ആചാര്യന്മാർ വിവരിച്ചത് ഇക്കാര്യത്തിൽ അൽപ്പവും സംശയം ഉണ്ടാകരുത് എന്ന ആശയത്താലാണെന്ന് ഉവടൻ)

**10. അനന്തരേ ത്രിക്രമകാരണേ യദി**
**ത്രിഭിശ്ച ഗാർഗ്യഃ പുനരേവ ച ത്രിഭിഃ ।**
**ത്രിസങ്ഗമേ പഞ്ചഭിരാർഷ്യനുഗ്രഹ-**
**ശ്ചതുഃക്രമസ്ത്വാ ചരിതോത്ര ശാകലൈഃ ॥**

മൂന്നു പദങ്ങളുള്ള ക്രമത്തിന് കാരണമായി രണ്ടു നിമിത്തങ്ങൾ അടുപ്പിച്ച് വരുകയാണെങ്കിൽ ആദ്യം മൂന്നു പദങ്ങളുള്ള ക്രമം ഉച്ചരിച്ച് പിന്നീട് മൂന്നു പദങ്ങളിൽ മധ്യമമായ പദം തുടങ്ങി വീണ്ടും മൂന്നു പദങ്ങളുള്ള ക്രമം പറയണമെന്ന് ഗാർഗ്യൻ എന്ന ആചാര്യൻ നിഷ്ക്കർഷിയ്ക്കുന്നു.

കാരികയുടെ പൂർവ്വാർദ്ധത്തിന്റെ അർത്ഥമാണ് മുകളിൽ കൊടുത്തത്. ഉദാഹരണം:- ഉദൂഷുണോ വസോ (8.70.9)- ഇവിടെ പദപാഠം ഉത്/ഊം ഇതി/സു/നഃ/വസോ/ എന്നാണ്. രണ്ടാമത്തെ പദമായ ഊം എന്നത് ഏകവർണ്ണമനോകാരം.. (10/2) എന്ന നിയമമനുസരിച്ച് അനവസാനീയമാണ്. അതിനുശേഷം വരുന്ന 'ഷു' എന്ന പദം 'നതേ സുസ്മേതി ണഃ പരേ' (10/2) എന്ന നിയമമനുസരിച്ച് അനവസാനീയമാണ്. അതിനാൽ രണ്ടു കരണങ്ങളോടു കൂടിയതാണ്. അതിനാൽ ഗാർഗ്യാചാര്യന്റെ അഭിപ്രായപ്രകാരം 'ഉദൂഷു', 'ഊഷുണഃ' എന്ന് മൂന്നു പദങ്ങളുള്ള ക്രമം ആദ്യം ചൊല്ലി പിന്നീട് മധ്യമമായ പദം വീണ്ടുമെടുത്തു മൂന്നു പദങ്ങളുടെ ക്രമം അടുത്തതായി ചൊല്ലുന്നു.

മറ്റു ചില ആചാര്യന്മാർ അതിക്രമകാരണങ്ങൾ മൂന്നെണ്ണം ഒരുമിച്ച് ഇവിടെ വരുന്നു എന്നതിനാൽ അഞ്ചു പദങ്ങളുടെ ക്രമം കൊണ്ട് സംഹിതയ്ക്ക് അവിലോപം വരുമെന്ന് കരുതുന്നു. അതിനാൽ അവരുടെ അഭിപ്രായത്തിൽ ഉദൂഷുണോ വസോ എന്ന് അഞ്ചു പദങ്ങളുള്ള ക്രമമാണ്. ഊ, ഷു എന്നിവ അനവസാനീയങ്ങളാണെന്ന് നേരത്തെ പറഞ്ഞു. 'ണഃ' എന്നത് എങ്ങനെ അനവസാനീയമാകുന്നു? 'നോ വസോ' എന്ന സ്ഥലത്ത് 'ണോ വസോ' എന്ന സന്ധി അദൃഷ്ടമാണ്. അതിനാൽ ണഃ എന്നതും അതിക്രമകാരണമാണ്. അതുകൊണ്ട് അഞ്ചു പദങ്ങളുടെ ക്രമം.

ശാകലന്മാരാകട്ടെ മൂന്ന് അതിക്രമകാരണങ്ങൾ സംഗമിയ്ക്കുന്നേടത്ത് നാലു പദങ്ങളുൾക്കൊള്ളുന്ന ക്രമം സ്വീകരിയ്ക്കുന്നു. ഉദൂഷോണഃ നോ വസോ എന്ന്.

**11. അലോപഭാവാദപരേ ബഹുക്രമം**
**പ്രതിസ്വമാർഷീതി ന കുർവ്വതേ ക്വചിത് ।**
**അസർവശസ്ത്രി പ്രഭൃതിഷ്വ നേകശഃ**
**സ്മരന്തി സംഖ്യാ നിയമേന ശാകലം ॥7**

വേറെ ചില ആചാര്യന്മാർ ഋഷിപ്രോക്തത്തിന് (വേദസംഹിതയ്ക്ക്) ലോപം ഇല്ലാത്തതിനാൽ രണ്ടിൽ കൂടുതൽ പദങ്ങളോടുകൂടിയ ക്രമം ഒരിടത്തും സ്വീകരിയ്ക്കുന്നില്ല. എന്താണ് കാരണം? പ്രതിസ്വം ആർഷീ ഭവതീതി- ഒരു പദത്തിന്റെ അന്ത്യത്തിലുള്ള വർണ്ണവും അടുത്തപദത്തിന്റെ ആദ്യത്തിലുള്ള വർണ്ണവും തമ്മിൽ ചേർത്തു പറയുമ്പോൾ ലോപം, ആഗമം, വർണ്ണവികാരം തുടങ്ങിയവ ഓരോ ദ്വൈപാദങ്ങളിലും വരുമെന്നുള്ളതുകൊണ്ട് രണ്ടു പദങ്ങളുള്ള ക്രമത്തിൽ വേദസംഹിതയ്ക്ക് മാറ്റമൊന്നും

സംഭവിയ്ക്കുന്നില്ല. മോ ഷു/ സു നഃ/ എന്ന് ഉദാഹരണം.

ഉത്തരാർദ്ധത്തിന്റെ അർത്ഥം- ഓരോ ദ്വൈപദത്തിലേയും രണ്ടു പദങ്ങളിൽ ഓരോന്നിന്നും അലോപം (ലോപാഭാവം) വരുന്നു എന്നു പറഞ്ഞത് എല്ലായിടത്തും യോജിയ്ക്കുന്നില്ല.

മോ ഷുണഃ (1.38.6) എന്ന സംഹിതയിൽ ഷു എന്ന് സകാരത്തിനു ഷകാരം വന്നത്, അത് നാമ്യുപധയായതിനാലാണ്. 'അന്തഃപാദം നാമ്യുപധഃ സകാരഃ ഷകാരം...' (5/1) എന്നതാണ് വിധി. സകാരം ഷകാരമായതിനാലാണ് നഃ എന്നത് ണഃ എന്നായത്. നാമി ഇല്ലെങ്കിൽ (മോ എന്നതിലെ ഓകാരം) ഷത്വം വരില്ല. ഷത്വം വന്നില്ലെങ്കിൽ ണത്വവും വരില്ല. ആയതിനാൽ ഇവിടെ ആർഷീലോപം വരുന്നു.

തന്നോ മിത്രഃ (1.107.3)- തത്/നഃ/മിത്രഃ/ എന്നു പദപാഠം. ഇവിടെ തന്നഃ/നോ മിത്രഃ/ എന്ന് രണ്ടു പദങ്ങൾ വീതമുള്ള ക്രമം പറഞ്ഞാൽ ആർഷീലോപം വരുന്നില്ല. ഇവിടെ തത് നഃ എന്ന ദ്വൈപദത്തിൽ പഞ്ചമാക്ഷരമായ നകാരം പരമായതിനാൽ തത് എന്നതിലെ തകാരം നകാരമായി തന്നഃ എന്നായി. നഃ മിത്രഃ എന്ന ദ്വൈപദത്തിലാകട്ടെ ഘോഷാക്ഷരമായ മകാരം പരമായി വന്നതിനാൽ നഃ എന്ന വിസർഗ്ഗം ഓകാരമായി. തന്നഃ നോ മിത്രഃ എന്ന ക്രമത്തിൽ ആർഷീലോപമില്ല.

എന്നാൽ എല്ലായിടത്തും ഒരുപോലെ ആർഷീലോപാഭാവം വരാത്തതിനാൽ ബഹുക്രമം സ്വീകരിയ്ക്കേണ്ടിവരുന്നു. അതിനാൽ ത്രിക്രമവും ചതുഃക്രമവും, പഞ്ചക്രമവും ഉണ്ട്.

മോഷുണഃ എന്നിടത്ത് ത്രിക്രമവും ഉദൂഷുണഃ എന്നിടത്ത് ചതുഃക്രമവും നിരുസ്വസാരമസ്കൃതോഷസം എന്നുള്ളേടത്ത് പഞ്ചക്രമവും ആണ്.

ക്രമത്തിലെ പദങ്ങളുടെ സംഖ്യ വ്യത്യസ്തമായിട്ട് വരുമെന്നാണ് ശാകലവിധാനം.

**12. അയാവനേ പൂർവ്വവിധാനമാചരേദ്**
**യഥാപദം സന്ധിമപേത ഹേതുഷു ।**
**അഥോ പദാഭ്യാം സമയം പദേന ച**
**ക്രമേഷ്വവസ്യേദധിഗമ്യ സന്ദധത്. ॥**

യാവനം=മിശ്രണം, അയാവനം=അമിശ്രണം

1. പൂർവ്വപദത്തിന് പരപദത്തിനോട് ചേർത്തുച്ചരിയ്ക്കുമ്പോൾ മിശ്രണമൊന്നുമില്ലെങ്കിൽ (വർണ്ണവികാരമൊന്നുമില്ലെങ്കിൽ) ക്രമോ ദ്വാഭ്യാം- എന്നുള്ള ആദ്യത്തെ വിധിയെത്തന്നെ സ്വീകരി

യ്ക്കണം. അഗ്നിമ്+ഈളേ- ഇവിടെ അഗ്നിമീളേ പുരോഹിതം- എന്നിങ്ങനെ ഈരണ്ടു പദങ്ങളുള്ള ക്രമമാണ് സ്വീകരിയ്ക്കേണ്ട ത്. ഇവിടെ പദാന്തത്തിലും പദാദിയിലും വരുന്ന വർണ്ണങ്ങൾക്ക് മാറ്റം വന്നിട്ടില്ല. (പൂർവ്വവിധാനം എന്നതിന് ക്രമോ ദ്വാഭ്യാം എ ന്ന വിധാനം എന്നർത്ഥം)

(2). സന്ധിയുടെ ഹേതു ഇല്ലാത്തിടത്ത് പദപാഠത്തിൽ ഉള്ള തുപോലെയുള്ള പദം അടുത്ത പദവുമായി ചേർത്ത് പറയണം. പ്രണ ഇന്ദോ (9.44.1)- പ്ര/നഃ/ഇന്ദോ ഇതി/ എന്നാണ് പദപാഠം. ഇവിടെ ക്രമം പ്രണഃ ന ഇന്ദോ എന്നാണ്. പ്ര എന്ന പദമാണ് ന എന്നത് ണകാരമാകാൻ കാരണം. ന ഇന്ദോ എന്ന ദ്വൈപദത്തിൽ ണത്വത്തിന് ഹേതുവായ പ്ര ഇല്ലാത്തതിനാൽ ണത്വം വരുന്നില്ല.

(3). സമയം കഴിഞ്ഞുവരുന്ന രണ്ടു പദങ്ങൾകൊണ്ട് ക്രമം അവസാനിപ്പിയ്ക്കണം. അതുപോലെ സമയത്തിന് മുമ്പുള്ള പദ വും സമയത്തിലെ ആദ്യത്തെ പദവും സന്ധിപ്പിയ്ക്കണം.

ത്വാം ഹത്യദിന്ദ്രാർണ്ണസാതൌ സ്വർമീള്ഹേ (1.63.6)- പദ പാഠം- ത്വാം/ഓ/അർണസാതൌ/സ്വഃ*f*മീള്ഹേ/

ക്രമം- ത്വാം ഹ/ഹത്യദ് ഇന്ദ്രാർണ്ണസാതൌ സ്വർമീള്ഹേ/ എന്ന്.

(സമയത്തെക്കുറിച്ച് ദശമമണ്ഡലത്തിൽ പറഞ്ഞിട്ടുണ്ട്)

**13 സഹേതികാരാണി സമാസമന്തഭാഗ്**
**ബഹുക്രമേ മധ്യഗതാനി യാനി ച ।**
**തൃതീയതാം ഗച്ഛതി യസ്യ സോഷ്മവാൻ**
**അനന്യയോഗം വികൃതം പ്ലുതാദി ച ॥**

ഇതി എന്ന പദത്തോടുകൂടിയതും അവഗ്രഹത്തോടുകൂടിയ തും അർധർച്ചത്തിന്റെ അവസാനത്തിൽ വരുന്ന പദവും, ബഹു ക്രമങ്ങളിൽ ത്രിക്രമം മുതലായവയുടെ മധ്യത്തിൽ വരുന്ന പ ദങ്ങളും സോഷ്മങ്ങളായ വർണ്ണങ്ങൾ അതാതു വർഗ്ഗത്തിന്റെ തൃ തീയവർണ്ണമായിത്തീരുന്ന പദങ്ങളും മറ്റു വർണ്ണങ്ങൾ കൊണ്ട ല്ലാതെ സ്വയം വികാരം വരുന്ന വർണ്ണങ്ങളുള്ള പദങ്ങളും പ്ലുതം (ദീർഘം) ആദ്യം വരുന്ന പദങ്ങളും അതിനടുത്ത് വരുന്ന പദവു മായി പ്രത്യാദാനം ചെയ്തിട്ട് പദത്തിൽ ഏതൊരു പ്രകൃതിയാ ണോ കാണിയ്ക്കപ്പെട്ടിട്ടുള്ളത് അതിനെ പരിഗ്രഹിച്ച് കാണിയ്ക്ക ണം.

തേ മഹിമാനം പരിഷ്ടഃ (1.61.8)-തേ ഇതി/മഹിമാനം/പരി/ സ്ത ഇതിസ്ത/ എന്ന് പദപാഠം. ഇവിടെ സ്ത ഇതിസ്ത എന്ന

ത് സേതികാരം (ഇതി എന്നതിനോട് കൂടിയത്) ആണ്. പദത്തിലുള്ള പ്രകൃതിയെ പ്രദർശിപ്പിയ്ക്കണം എന്നു പറഞ്ഞതിനാൽ സ്ത ഇതിസ്തഃ എന്ന് പരിഗ്രഹംകൊണ്ട് പ്രദർശിപ്പിയ്ക്കുന്നു. ഇപ്രകാരം വിധിച്ചില്ലായിരുന്നു എങ്കിൽ 'യുഗ്മാന്തഃ (സ്ഥാ)ദന്തമൂലീയ പൂർവ്വൈഃ'- എന്നുള്ള പ്രാതിശാഖ്യംകൊണ്ടു വിധിച്ച ഷത്വം വന്ന് സ്ത ഇതിഷ്ടഃ എന്നാകുമായിരുന്നു.

(യുഗ്മങ്ങളായ അന്തഃസ്ഥകളോ ദന്തമൂലീയങ്ങളോപൂർവ്വമുള്ള നാമികളിൽനിന്ന് പരമായ സകാരത്തിന് നതി (ഷത്വം) വരും എന്നാണ് പ്രസ്തുത പ്രാതിശാഖ്യത്തിന്റെ അർത്ഥം. സ്ത ഇതി സ്തഃ എന്നുള്ളേടത്ത് ഇതി എന്നതിലെ ഇകാരം നാമിയാണ്. അതാകട്ടെ ദന്തമൂലീയവർഗ്ഗമായ തകാരം പൂർവ്വത്തിലുള്ളതുമാണ്)

തദാ രഭസ്വ ദുർഹണോ തേന ഗച്ഛ പരസ്തരം (10.155.3) ഇവിടെ പദപാഠത്തിൽ ദുർഹണോ എന്നത് ദുർഹനോ ഇതി ദുഃ$f$ഹനോ എന്നാണ് പഠിച്ചിരിയ്ക്കുന്നത്. ആരാലും കൊല്ലപ്പെടുവാൻ പറ്റാത്തവൻ (ദുഃഖേന ഹന്തും ശക്യഃ) എന്ന താത്പര്യാർത്ഥത്തിൽ സമാസിച്ചിരിയ്ക്കുന്ന പദമാണ്. ദുർഹണോ ഇതി ദുഃഹനോ എന്ന് പരിഗ്രഹത്തിൽ പ്രകൃതി പ്രദർശിപ്പിച്ചിരിയ്ക്കുന്നു. ഇങ്ങനെ വിധിച്ചില്ലായിരുന്നുവെങ്കിൽ  സമസ്തപദത്തിൽ ഉത്തരമുള്ള പദത്തിലുള്ള നകാരത്തെ കകാരം പൂർവ്വമല്ലാത്ത ഋ, ഷകാരം എന്നിവ നമിപ്പിയ്ക്കുന്നു (ണകാരമാക്കുന്നു) എന്നു  വിധിയ്ക്കുന്ന ഋകാരരേഫഷകാര... എന്ന പ്രാതിശാഖ്യനിയമനുസരിച്ച് പരിഗ്രഹത്തിന്റെ പൂർവ്വവചനത്തിൽ നകാരത്തിന് ണത്വം വരുമായിരുന്നു.

വിദേ വൃധസ്യ ദക്ഷസോ മഹാൻ ഹിഷഃ (8.13.1)- വിദേ/വൃധസ്യ/ദക്ഷസഃ/മഹാൻ/ഹി/സഃ/ എന്ന് പദപാഠം. ഇവിടെ ഋക്കിന്റെ അന്തത്തിൽ വരുന്ന ഷഃ എന്നത് സകാരത്തിന് ഷത്വം വന്ന രൂപമാണ്. അതിനാൽ പദപാഠത്തിൽ സഃ എന്ന് പറഞ്ഞിരിയ്ക്കുന്നു. പരിഗ്രഹിയ്ക്കുമ്പോൾ സ ഇതി സഃ എന്നാകുന്നു. ഇവിടെ ഇപ്രകാരം വിധിച്ചില്ലായിരുന്നുവെങ്കിൽ 'യുഗ്മാന്തഃ സ്ഥാഃ...' എന്ന നിയമമനുസരിച്ച് ഷത്വം വരുമായിരുന്നു.

ന ദേവാനാമപി ഹുതഃ സുമതിം ന ജൂഗുക്ഷത ( 8.31.7) ജൂഗുക്ഷത എന്നതിന്റെ പദപാഠം ജൂഘുക്ഷത എന്നാണ്. ഇവിടെ സോഷ്മമായ ഘകാരം സംഹിതയിൽ തൃതീയഭാവം വന്ന് ഗകാ

രമായിരിയ്ക്കുകയാണ്. ഇവിടെ ജൂഘ്ലുക്ഷത എന്ന് പദപ്രകൃതി യെ പ്രദർശിപ്പിയ്ക്കുന്നു.

പരിഗ്രഹം ചൊല്ലുമ്പോൾ ആദ്യത്തേത് സംഹിതയേപ്പോലെ യും രണ്ടാമത്തേത് പദത്തെപ്പോലെയും എന്ന നിയമമനുസരിച്ച് ആദ്യത്തേതിന് തൃതീയഭാവം വന്നരൂപം വന്ന് ജൂഗുക്ഷത ഇതി ജൂഘ്ലുക്ഷത എന്ന് വരാതിരിയ്ക്കലാണ് ഇവിടെ പദപ്രകൃതി വി ധിച്ചതിന്റെ പ്രയോജനം.

സുസുമേതി സുസുമ എന്നാണ് സുഷുമായാതം(7.137.1) എ ന്ന ഋക്കിലെ ആദ്യത്തെ പദത്തിന്റെ പരിഗ്രഹം. ഇവിടെ സുഷുമ എന്ന പദത്തിലെ ഷത്വം അനന്യകാരിതമാണ്. അതിനാൽ ഈ കാരികകൊണ്ട് വിധിച്ചതായ പദപ്രകൃതി പ്രദർശനം ചെയ്തിരി യ്ക്കുന്നു. ഈ വിധിയുടെ അഭാവത്തിൽ പരിഗ്രഹത്തിൽ ആദ്യ ത്തെ പദം സംഹിതയിലെപ്പോലെയും രണ്ടാമത്തേത് പദപാഠ ത്തിലെപ്പോലെയുമെന്ന് നിയമമുള്ളതിനാൽ സുഷുമേതി സുസു മ എന്നാകുമായിരുന്നു. ഈ പ്രാതിശാഖ്യകാരികയിൽ അനന്യ യോഗം വികൃതം എന്ന് നിർദ്ദേശിച്ചതിനാൽ ഇവിടെ സുസുമേ തി സുസുമ എന്ന പദപ്രകൃതിപ്രദർശനം വന്നു.

യോനിമാരൈക് (1.124.8)- ഇവിടെ അരൈഗിത്യരൈക് എ ന്നാണ് പരിഗ്രഹം. ഇവിടേയും പ്രകൃതിപ്രദർശനം വന്നു.

**14. അതീത്വ തേഷാം പദതാം പ്രദർശയേത്**
**കൃതേ തു ഗാർഗ്യസ്യ പുനസ്ത്ര്യഭിക്രമേ ।**
**അദൃഷ്ടവർണ്ണേ പ്രഥമേ പ്രദർശനം**
**സ്മരന്തി തത്ത്വത്ര നിരാഹ ചോദകഃ ॥**

ഗാർഗ്യൻ എന്ന ആചാര്യന്റെ മതത്തിൽ 'ത്രിഭിശ്ച പൂർവ്വഃ പു നരേവ ചത്രിഭിഃ' എന്ന വാക്യമനുസരിച്ച് ത്ര്യഭിക്രമം കഴിഞ്ഞതി നുശേഷം മാത്രം പദത പ്രദർശിപ്പിച്ചാൽ മതി.

ഉദൂഷു/ഉഷുണഃ/ഊ൦ ഇത്യൂ൦/സ്വിതിസു/

ഒരു ദ്വൈപദത്തിൽ ആദ്യത്തെ പദത്തിന്റെ അന്ത്യത്തിലുള്ള വർണ്ണം വ്യക്തമല്ലെങ്കിൽ അതിന്റെ പ്രദർശനം ആചാര്യന്മാർ സ്മ രിച്ചിട്ടുണ്ട്. (അത് പരിഗ്രഹിച്ച് പ്രദർശിപ്പിയ്ക്കണമെന്നാണ് ആ ചാര്യന്മാർ താത്പര്യപ്പെടുന്നത്)

താന്ത്വാ മുഷർവസൂയവഃ (1.49.4)- താന്ത്വാം- എന്നാണ് ആ ദ്യത്തെ ദ്വൈപദം. അതിലെ പൂർവ്വപദത്തിലെ അന്ത്യം മകാരമാ ണോ നകാരമാണോ എന്ന് വ്യക്തമല്ല. രണ്ടായാലും താന്ത്വാം എന്നാണ് സന്ധി വരുക. അതിനാൽ സംശയനിവൃത്തിയ്ക്കായി

താന്ത്വാം എന്ന ക്രമം കഴിഞ്ഞ് താമിതിതാം എന്ന് പരിഗ്രഹിച്ചു പറയണം.

**15. പദം യദാ കേവലമാഹ സാ സ്ഥിതിർ-**
**യദേതികാരാന്തമുപസ്ഥിതം തദാ I**
**അഥോ വിപര്യസ്യ സമസ്യ ചാഹ തേ**
**യദാ സ്ഥിതോപസ്ഥിതമാചരന്ത്യുത II**

ഇതി കരണത്തോടുകൂടാതെ വക്താവ് കേവലമായ പദം മാത്രമുച്ചരിയ്ക്കുമ്പോൾ അത് സ്ഥിതി എന്നറിയപ്പെടുന്നു. ഇതികരണത്തോടുകൂടി പറയുകയാണെങ്കിൽ ആ പദം ഉപസ്ഥിതമെന്നാണറിയപ്പെടുക. ഉപസ്ഥിതം ആദ്യവും സ്ഥിതം പിന്നീടുമായി വക്താവ് പറയുകയാണെങ്കിൽ അത് സ്ഥിതോപസ്ഥിതമാണ്.

തന്നഃ എന്നു കഴിഞ്ഞ് തത് എന്നു പറയുമ്പോൾ അത് സ്ഥിതം.

ഇന്ദ്രാഗ്നീ ഇതി എന്നത് ഉപസ്ഥിതം. (ഇന്ദ്രാഗ്നീ തപന്തി (6.59.8). ഇവിടെ ഇന്ദ്രാഗ്നീ ഇതി/തപന്തി/ എന്ന് പദപാഠം) ക്രമം ചൊല്ലുമ്പോൾ ഇന്ദ്രാഗ്നീ തപന്തി എന്ന ദ്വൈപദം ചൊല്ലിക്കഴിഞ്ഞ് ഇതി കരണയുക്തമായ ഇന്ദ്രാഗ്നീ ഇതി എന്നത് പരിഗ്രഹിയ്ക്കുമ്പോൾ ഇന്ദ്രാഗ്നീ ഇതി എന്നത് ഇതികരണയുക്തമായതിനാൽ ഉപസ്ഥിതം.

വിഭാവസോ ഇതി വിഭാവസോ എന്നത് സ്ഥിതോപസ്ഥിതം.

**16. പുനർബ്രുവൻ തത്ര സമാസമിങ്ഗയേത്**
**സ്വരിത്വതോന്യേഷു തു സന്ധിമാചരേത് I**
**അവഗ്രഹസ്യേവ ഹി കാലധാരണാ**
**പരിഗ്രഹേസ്തീത്യുപധേത്യനു സ്മൃതാ II**

സ്ഥിത്യുപസ്ഥിതം ചെയ്യുന്ന സമയത്ത് രണ്ടാമത് പറയുമ്പോൾ സമസ്തപദം (രണ്ടു പദങ്ങൾ തമ്മിൽ ചേർന്നത്) അവഗ്രഹിയ്ക്കണം.

അഗ്നിമീളേ പുരോഹിതം (1.1.1)-അഗ്നിമീളേ/ഈളേ പുരോഹിതം/ എന്ന് കഴിഞ്ഞ് പുരോഹിതശബ്ദം സമസ്തപദമാകയാൽ പുരോഹിതമിതി പുരഃ/ഹിതം എന്നു പറയണം.

സ്ഥിതോപസ്ഥിതത്തിൽത്തന്നെ സ്വഃ എന്ന പദം ഒഴികെ മറ്റു പദങ്ങൾ ഇതി എന്ന് കഴിഞ്ഞുവരുമ്പോൾ ഇതി എന്ന പദവുമായി ഏതെങ്കിലും സന്ധി വരാവുന്നതായിട്ടുണ്ടെങ്കിൽ അത് ചെയ്യാവുന്നതാണ്.

ഇന്ദ്രാഗ്നീ ഇതീന്ദ്രാഗ്നീ (6.59.8) (ഇവിടെ ഇതി എന്നതിലെ

അവസാനത്തെ ഇകാരവും ഇന്ദ്രാഗ്നീ എന്നതിലെ ആദ്യത്തെ ഇകാരവും ചേർന്ന് പ്രശ്ലിഷ്ടസന്ധി ഉണ്ടായിരിയ്ക്കുന്നു)

സ്വഃ എന്ന പദത്തിന് പരിഗ്രഹത്തിൽ അവഗ്രഹത്തിന്റെപോലെ കാലധാരണയുണ്ട് എന്ന് ശാകലമതം സ്മരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. അതിനാൽ അവിടെ സന്ധി വരില്ല.

**17. അഭിക്രമേതോഭയതോഽനുസംഹിതം**
**തതോഽസ്യ പശ്ചാൽ പദതാം പ്രദർശയേത് ।**
**യഥാ പദഞ്ചാന്യതരേണ സംദധത്**
**ത്രിഷൂത്തമേഷ്വേതദലോപസംഭവാത് ॥**

ലോപം സംഭവിയ്ക്കില്ല എന്നതിനാൽ വർണ്ണവികാരത്തിന്റെ നിമിത്തം ഏതെന്ന് സംശയം ഉള്ളതായിപ്പറഞ്ഞ അവസാനത്തെ മൂന്നിടത്ത് പൂർവ്വപദമായിട്ടും പരപദമായിട്ടും (രണ്ടുമായിട്ടും)സംഹിതയനുസരിച്ച് അഭിക്രമം ചെയ്ത് പിന്നീട് അതിന്റെ പദതയെ പ്രദർശിപ്പിയ്ക്കണം.

ഈ പടലത്തിൽ ആറാമത്തെ കാരികയിൽ ഇതികരണയുക്തമായ ഈം എന്ന പദം തുടങ്ങി അഞ്ചെണ്ണം അനവസാനീയമാകുന്നത് നിമിത്തസംശയം മൂലമാണെന്ന് പറഞ്ഞു. അവയിൽ അവസാനത്തെ മൂന്നെണ്ണത്തേയാണ് ഇവിടെ പരാമർശിയ്ക്കുന്നത്. ആ മൂന്നെണ്ണം ഇവയാണ്.

1. ഇകാരത്തിന് ഏകാരം വന്ന ഇതന എന്ന പദം.
2. ചാസ്കംഭ ചിത് എന്നു കഴിഞ്ഞുവരുന്ന, സകാരം ലോപിച്ച കംഭനേന എന്ന പദം
3. പ്ലുതാദിയായ പദം.

ഇവ അനവസാനീയങ്ങളായതിനാൽ വീരാസ ഏതന മര്യാസഃ, ചിത് കംഭനേന സ്കഭീയാൻ, യോനിമാരൈഗപഃ എന്നുമാണ് ക്രമം എന്നാണ് അവിടെ പറഞ്ഞത്.

മറ്റൊരു തരത്തിലാവാമെന്നാണ് ഇവിടെപ്പറയുന്നത്.

1. വീരാസ ഏതന/ഏതന മര്യാസഃ/ഇതനേതീ തന/
2. ചിത് കംഭനേന/കംഭനേന സ്കഭീയാൻ/സ്കംഭനേനേതി സ്കംഭനേന/
3. യോനിമാരൈക്/ആരൈഗപഃ/അരൈകിത്യരൈക്/

ഈ മൂന്നിടത്തും നിമിത്തസംശയമുള്ള പദത്തിന്റെ പൂർവ്വമുള്ള പദവുമായിട്ടും പരമുള്ള പദവുമായിട്ടും ആ പദത്തിന് ദ്വൈപദത്വം വരുന്നുണ്ട്. സംഹിതയിലുള്ളതുപോലെ ക്രമം ചൊല്ലിയിട്ട് നിമിത്തസംശയമുള്ള പദം പദപാഠത്തിലുള്ളതുപോലെ പ്രദർശി

പ്പിയ്ക്കുന്നു. ഇപ്രകാരമാവുമ്പോഴും സംഹിതാലോപം സംഭവിയ്ക്കുകയില്ല.

ഉത്തരാർദ്ധത്തിന്റെ അർത്ഥം- അല്ലെങ്കിൽ പദപാഠമനുസരിച്ചുള്ള പദത്തെ പൂർവ്വമുള്ള പദവുമായോ പരമുള്ള പദവുമായോ (ഏതെങ്കിലും ഒന്നിനോട്) ചേർത്തുകൊണ്ട് ക്രമം പറയണം.

1. വീരാസ എതന/ഇതന മര്യാസഃ/വീരാസ ഇതന/ഏതന മര്യാസഃ/
2. ചിത്കംഭനേന/സ്കംഭനേന സ്കഭീയാൻ/ചിത് സ്കംഭനേന/കംഭനേന സ്കഭീയാൻ/
3. യോനിമാരൈക്. അരൈഗപ/യോനിമരൈക്/ആരൈഗപ/

(‘ഉഭയതോനുസംഹിതം’ -സംഹിതയിലുള്ള പൂർവ്വ-പരപദങ്ങളുമായി ക്രമം ചൊല്ലി പദത പ്രദർശിപ്പിയ്ക്കണമെന്നും) ‘യഥാപദം വാന്യതരേണ’-ആദ്യത്തേതിനോടോ പിന്നെ വരുന്നതിനോടോ ഏതെങ്കിലും ഒന്നിനോട് സന്ധിപ്പിയ്ക്കണം. എന്ന് രണ്ടു പക്ഷമാണ് ഇപ്പോൾ പ്രസ്താവിച്ചത്. വർണ്ണവികാരത്തിന്റെ ഹേതു അറിയാൻ പറ്റാത്ത സ്ഥലങ്ങളിൽ ഏതെങ്കിലുമൊന്ന് കാരണമാവാമെന്ന അഭിപ്രായത്തിലാണ് ആദ്യത്തെ പക്ഷം. ഏതെങ്കിലുമൊന്ന് കാരണമാകുമെന്ന അഭിപ്രായത്തിൽ രണ്ടാമത്തെ പക്ഷവും)

ഈ കാരികയിലെ ത്രിഷൂത്തമേഷു (ഒടുവിലത്തെ മൂന്നെണ്ണങ്ങളിൽ) എന്ന പദം മറ്റു ചിലർ വേറൊരുതരത്തിലാണ് വ്യാഖ്യാനിയ്ക്കുന്നത്.

നിമിത്തസംശയമുള്ളവയെപ്പറ്റി പറയുന്നത് വളരെ മുൻപാണ്. അതിനാൽ ഇവിടെ സന്ദർഭം അതല്ല. ‘സഹേതി കാരാണി’(11/13) എന്ന കാരികയിൽ പറഞ്ഞ അഞ്ചെണ്ണങ്ങളിൽ അവസാനത്തെ മൂന്നെണ്ണത്തിൽ എന്നാണ് അർത്ഥം. ആ മൂന്നെണ്ണങ്ങൾ ഇവയാണ്.

1. സോഷ്മാവായ വർഗ്ഗചതുർത്ഥം തൃതീയമാകുന്നിടത്ത്.
2. മറ്റൊന്നിന്റേയും സ്വാധീനമില്ലാതെ വർണ്ണവികാരം വരുന്നിടത്ത്.
3. ദീർഘം ആദിയിൽ വരുന്നിടത്ത്.

(ഇവിടെയെല്ലാം ഉത്തരപദവുമായി പ്രത്യാദാനം ചെയ്ത് അവയുടെ പദത പ്രദർശിപ്പിയ്ക്കണം എന്നാണ് അവിടെ വിധിച്ചിരിയ്ക്കുന്നത്)

ഇവിടെ ഇവ ഉദാഹരണമായി പറയുമ്പോൾ:- പത്മൻ ദക്ഷു ഷഃ കൃഷ്ണജംഹസഃ (1.141-7)

പത്മൻ/ധക്ഷുഷഃ/കൃഷ്ണ്/ജംഹസഃ/ എന്ന് പദപാഠം. ഇവിടെ ക്രമം ആദ്യത്തെ പക്ഷപ്രകാരം,

1. പത്മൻ ദക്ഷുഷഃ, ദക്ഷുഷഃ കൃഷ്ണജംഹസഃ, ധക്ഷുഷ ഇതി ധ ക്ഷുഷഃ.
2. വരുണോ മാമഹന്താമദിതിഃ (1.94.16)
   വരുണഃ/മമഹന്താം/അദിതിഃ/ എന്നാണ് പദപാഠം. വരുണഃ മാ മഹന്താം/മാമഹന്താമദിതിഃ/മമഹന്താമിതി മമഹന്താം/ എന്നു ക്രമം.
3. യോനിമാരൈഗപ
   യോനിം/അരൈക്/അപ/ (പദപാഠം)
   ക്രമം:- യോനിമാരൈക്..ആരൈഗപഃ/അരൈഗിത്യരൈക്/യോ നിമാരൈഗപ/അരൈഗിത്യരൈക് എന്നാണ് ഇവിടെ ചൊല്ലി വരുന്നത്.

**രണ്ടാമത്തെ പക്ഷപ്രകാരം ക്രമം:-**

1. പത്മൻ ദക്ഷുഷഃ/ധക്ഷുഷഃ കൃഷ്ണജംഹസഃ/
2. വരുണോ മാമഹന്താം/മമഹന്താമദിതിഃ/
3. യോനിമാരൈക്/അരൈഗപ/

**18. അരക്തസന്ധ്യേത്വപവാദ്യതേ പദം**
**പുനസ്തദുക്ത്വാധ്യവസായ പൂർവ്വവത് ।**
**തഥാ യദൃച്ഛോപനതേ ബഹുക്രമേ**
**ക്രമേത തസ്യൈക പദാനി നിഃസൃജൻ ॥**

(അരക്തസന്ധി+ആ+ഇതി അപവാദ്യതേ)

സന്ധിയിൽ രക്തത്വം (അനുനാസികത്വം) വരാത്ത ആ എന്ന പദം പരിഗ്രഹത്തിൽനിന്ന് ഒഴിവാക്കപ്പെടുന്നു. വീണ്ടും ആ എന്നപദം അടുത്ത പദവുമായി ചേർത്ത് ക്രമം ചൊല്ലണം.

ആ മന്ദ്രമാവരേണ്യം (9.65.29)

ആ മന്ദ്രം/മന്ദ്രമാവരേണ്യം/ആ വരേണ്യം/ എന്നാണ് ക്രമം.

(ആ എന്ന ഏകാക്ഷരമായ പദം അനവസാനീയമായതിനാൽ മന്ദ്രമാവരേണ്യം എന്ന് ക്രമം ചൊല്ലുന്നു. ഇവിടെ ബഹുക്രമേ മ ധ്യഗതാനി യാനി ച (11/15) എന്ന പ്രാതിശാഖ്യമനുസരിച്ച് വരാ വുന്ന പരിഗ്രഹത്തെ അപവദിയ്ക്കുന്നു.)

മന്ദ്രമാവരേണ്യം എന്നതിലെ ആ എന്നത് അനനുനാസികമാ ണ്. അതിനാൽ അത് പരിഗ്രഹിയ്ക്കാതെ പിന്നീടുവരുന്ന വരേ

ണ്യം എന്ന പദവുമായി ചേർത്ത് ചൊല്ലുന്നു. 'ആ വരേണ്യം' എന്ന്.

അതുപോലെ (ആകാരത്തിന്റെ പദപ്രദർശനത്തിനായി പ്രത്യാദാനം പറഞ്ഞതുപോലെ)യദൃച്ഛോപനതമായ ബഹുക്രമത്തിലും ബഹുക്രമത്തിലെ ഓരോ പദവും ഉപേക്ഷിച്ചുകൊണ്ട് വക്താവ് വെവ്വേറെ ചൊല്ലണം.

ആ ത്വേതാനി (1.5.1) – ആ/തു/ആ/ഇത/നി/ എന്ന് പദപാഠം. ആത്വേതാനി എന്ന് ക്രമം. ഇവിടെ ചൊല്ലിവരുന്നത് ഇങ്ങനെയല്ല. ഇത് ബഹുക്രമമാണ്. ഈ ബഹുക്രമം യദൃച്ഛോപനതം എന്നറിയപ്പെടുന്നു.

(നിമിത്ത നൈമിത്തികപ്രസങ്ഗേന യോ ബഹുക്രമഃ ക്രമശാസ്ത്രേഷു നാമ്നാതഃ സ യദൃച്ഛോപനതഃ എന്നാണ് ഉവടൻ വ്യാഖ്യാനത്തിൽ എഴുതിയിരിയ്ക്കുന്നത്)

ആദ്യം ആത്വേതാനി എന്ന് യദൃച്ഛോപനതമായ ബഹുക്രമം ചൊല്ലിയിട്ട് ത്വേതാനി, ഏതാനി/ഇതാനി/ എന്നു ചൊല്ലുക. ആതു, ത്വേത, ഏത, ഇതാനി എന്നിങ്ങനെ ക്രമം ചൊല്ലിവരുന്നു.

**19. നകാരലോപോഷ്മരഭാവമാനയേ–**
**ദപേതരാഗാം പ്രകൃതിം പരിഗ്രഹേ ।**
**നതിം പ്ലുതോപാചരിതേ ച യത്ര ച**
**പ്രഗൃഹ്യമേകീ ഭവതി സ്വരോദയം ॥**

സംഹിതയിൽ നകാരത്തിന് സംഭവിച്ചിരിയ്ക്കുന്ന ലോപം, ഊഷ്മഭാവം, രഭാവം എന്നിവയെ പരിഗ്രഹത്തിൽ അനുനാസികത്വമില്ലാത്ത പ്രകൃതിഭാവത്തിലേയ്ക്ക് നയിയ്ക്കണം. (ഇവയുടെ പ്രകൃതിയായിരുന്ന പദം ഇതാണ് എന്ന് പ്രദർശിപ്പിയ്ക്കാനാണ് ഇങ്ങനെ ചെയ്യുന്നത്)

ഇതേപോലെ നതി, പ്ലുതം ഉപാചരിതം, പ്രഗൃഹ്യത്തിന് സ്വരം പരമായിരിയ്ക്കുമ്പോൾ സന്ധി വരുന്നിടം എന്നിവയിലും പ്രകൃതിയെ കാണിയ്ക്കണം, പദപ്രദർശനത്തിനായിട്ട്.

(പത്താം പടലത്തിൽ 13-ാമത്തെ കാരികയിൽ നകാരത്തിന് സംഹിതയിൽ ഊഷ്മവദ്വൃത്തം, പ്ലുതം, ഉപാചരിതം, നതി മുതലായവ വരുന്നേടത്ത് പരിഗ്രഹത്തിൽ പ്രകൃതിഭാവം വിധിച്ചിരിയ്ക്കുന്നു. അപ്രകാരം വിധിച്ചത് പദപ്രദർശനത്തിനാണെന്ന് സൂചിപ്പിയ്ക്കുകയാണ് ക്രമഹേതുപടലമായ ഈ പടലത്തിൽ)

ഉദാഹരണങ്ങൾ എല്ലാം 10-ാം പടലത്തിലെ 13-ാമത്തെ കാരികയുടെ വ്യാഖ്യാനത്തിൽ കാണിച്ചിട്ടുണ്ട്.

**20. പ്രവാദിനോ ദൂണാശദൂഢ്യദൂളഭാൻ**
**പരേഷ്വഘോഷേഷു ച രേഫമൂഷ്മണഃ I**
**മഹാപ്രദേശം സ്വധിതീവ ചാനയേത്**
**നുദേച്ച ശൌഢാക്ഷരസന്ധ്യമാഗമം II**

1. പ്രവാദികളായ ദൂണാശ, ദൂഢ്യ, ദൂളഭ എന്നിവയേയും പരിഗ്രഹത്തിൽ പ്രകൃതിഭാവത്തെ (പദപാഠത്തിലുള്ള പദരൂപത്തെ) പ്രാപിപ്പിയ്ക്കണം. (ഇതും പദപ്രകൃതി ഏതാണെന്ന് വിശദമാക്കാൻ തന്നെയാണ്).

2. അഘോഷം പരമായിട്ടുള്ള ഊഷ്മാക്ഷരത്തിന് രേഫം വരുന്നുണ്ട് (സംഹിതയിൽ). ആ രേഫത്തേയും പരിഗ്രഹത്തിൽ പ്രകൃതിഭാവത്തിലേയ്ക്കു കൊണ്ടുവരണം.

3. മഹാപ്രദേശമായ സ്വധിതീവ എന്നതിനേയും പ്രകൃതിയിലേയ്ക്ക് (പദമാകുന്ന പ്രകൃതിയിലേയ്ക്ക്) ആനയിയ്ക്കണം.

(മഹാപ്രദേശം-പ്രതികണ്ഠഗ്രഹണം ചെയ്യപ്പെട്ടിട്ടുള്ളതിനേയാണ് മഹാപ്രദേശം എന്ന പദംകൊണ്ട് വിവക്ഷിച്ചിട്ടുള്ളത്. 'സർവ്വശാസ്ത്രാർത്ഥം പ്രതികണ്ഠമുക്തം' എന്ന് പ്രഥമപടലത്തിൽ (1/23) പറഞ്ഞിട്ടുണ്ട്. സ്വരം,സന്ധി, ആഗമം തുടങ്ങി പ്രാതിശാഖ്യത്തിൽ സാമാന്യേന വിധിച്ചിട്ടുള്ള പലകാര്യങ്ങളും സംഹിതയിൽ ചിലയിടത്ത് വരാത്തതായി കാണാം. അങ്ങനെയുള്ള ഓരോന്നിനേയും അതാതിടത്ത് വേദത്തിൽ (സംഹിതയിൽ) പ്രയോഗിച്ചിരിയ്ക്കുന്നതുപോലെത്തന്നെ കാണിച്ചിട്ടുണ്ട്. ഇവ അതാതു വിധികളുടെ അപവാദമാണെന്ന് മനസ്സിലാക്കണം. ഓരോ പദങ്ങളേയും ചിലപ്പോൾ ഒന്നിലധികം പദങ്ങളേയും പ്രത്യേകം എടുത്തുപറയുന്നതിനെ 'പ്രതികണ്ഠഗ്രഹണം' ചെയ്യുക എന്നാണ് ഈ ശാസ്ത്രത്തിൽ സ്വീകരിച്ചിരിയ്ക്കുന്ന നാമധേയം. അതിനെത്തന്നെയാണ് മഹാപ്രദേശം എന്നു പറയുന്നതും.

സർവ്വോപധസ്തു (4/9) എന്ന കാരികയനുസരിച്ച് സ്വധിതിഃ എന്ന വിസർഗ്ഗം കഴിഞ്ഞ് ഇവ എന്നു സ്വരം പരമായതിനാൽ വിസർഗ്ഗത്തിന് രേഫം വരേണ്ടതാണ്. എന്നാൽ പ്രസ്വധിതീവ രീയതേ (5.7.8) എന്ന സംഹിതയിൽ വിസർഗ്ഗത്തിനു രേഫം വന്നിട്ടുണ്ടെങ്കിൽത്തന്നെ അതിനു ലോപം വരുകയും ഇകാരത്തിന് ദീർഘം വരികയും ചെയ്തിരിയ്ക്കുന്നു. അതിനാൽ 'നാ ക്ഷാ ഇന്ദുഃ സ്വധിതീവാഹ ഏവ' എന്ന കാരികയിൽ അക്ഷാ ഇന്ദുഃ (9.98.3) സ്വധിതീവ (5.7.8) തുടങ്ങിയവയിൽ രേഫം വരില്ല എന്ന് പ്രത്യേ

കം എടുത്തുപറഞ്ഞിട്ടുണ്ട്. അതിനാൽ സ്വധിതീവ എന്നത് മഹാപ്രദേശമായി.

4. ശൌദ്ധാക്ഷരസന്ധിജമായ ആഗമത്തേയും മാറ്റി പ്രകൃതിഭാവത്തെ കൊണ്ടുവരണം.

**ഉദാഹരണങ്ങൾ**

**1. ദൂണാശം സഖ്യം (6.45.26)**

1. ഇവിടെ ദുഃfനശം/സഖ്യം/ എന്നാണ് പദപാഠം. ക്രമം ചൊല്ലുമ്പോൾ ദൂണാശം സഖ്യം എന്ന് ദ്വൈപദം ചൊല്ലിക്കഴിഞ്ഞ് ദുർനശമിതി ദുഃfനശം എന്ന് പരിഗ്രഹത്തിൽ പദതയെ പ്രദർശിപ്പിയ്ക്കാൻ വേണ്ടി പ്രകൃതിയിലേയ്ക്ക് ദൂണാശം എന്നതിനെ ആനയിയ്ക്കുന്നു.

**2. ജനസ്യ ദൂഢ്യഃ (8.19.15)**

ജനസ്യ/ദുഃfധ്യഃ/ എന്നാണ് പദപാഠം. ജനസ്യ ദൂഢ്യഃ എന്നു ക്രമം ചൊല്ലിയിട്ട് ദുർധ്യ ഇതി ദുഃfധ്യഃ എന്ന് പരിഗ്രഹിച്ച് ദൂഢ്യഃ എന്നതിന്റെ പ്രകൃതിയെ കാണിയ്ക്കുന്നു.

**3. ദൂളഭോ രഥഃ (4.9.8)**

ദുഃfദഭഃ/രഥഃ/ എന്നാണ് ഇതിന്റെ പദപാഠം. ദൂളഭോ രഥഃ എന്ന് ദ്വിക്രമം ചൊല്ലിയിട്ട് ദുർദഭ ഇതി ദുഃfദഭ എന്ന് പരിഗ്രഹത്തിൽ ദൂളഭ എന്നതിനെ പ്രകൃതിയിലേയ്ക്ക് ആനയിയ്ക്കുന്നു.

**2. കാവ്യേനാ സ്വർചനാഃ (9.84.5)**

കാവ്യേന/സ്വഃfചനാഃ/ എന്നാണ് പദപാഠം. കാവ്യേനാ സ്വർചനാഃ എന്ന് ക്രമം ചൊല്ലിക്കഴിഞ്ഞ് സ്വശ്ചനാ ഇതി സ്വഃfചനാഃ എന്ന് രേഫമായിത്തീർന്ന ഊഷ്മാവായ വിസർഗ്ഗത്തെ പ്രകൃതിഭാവത്തിലേയ്ക്ക് ആനയിയ്ക്കുന്നു.

**3. സ്വധിതീവരീയതേ (5.7.8)**

സ്വധിതിഃfഇവ/രീയതേ/ എന്നു പദപാഠം. സ്വധിതിരിവേതി സ്വധിതിഃfഇവ എന്ന് പരിഗ്രഹത്തിൽ സ്വധിതീവ എന്ന മഹാപ്രദേശത്തെ പ്രകൃതിയിലേയ്ക്ക് ആനയിയ്ക്കുന്നു.

**4. സുശ്ചന്ദ്ര ദസ്മ (5.6.5)**

സുfചന്ദ്ര/ദസ്മ/ എന്നാണ് പദപാഠം. സുശ്ചന്ദ്ര ദസ്മ എന്ന് ചൊല്ലിയശേഷം സുശ്ചന്ദ്രേതി സുfചന്ദ്ര എന്ന് പരിഗ്രഹിച്ച് പ്രകൃതിയിലേയ്ക്ക് ആനയിയ്ക്കുന്നു. സുചന്ദ്രേതിസു-ചന്ദ്ര എന്നിങ്ങനെയെന്നാവും.

**21. അഭിക്രമേ പൂർവ്വവിധാനമാചരേത്**
**പുനർബ്രുവം സ്തൂത്തരകാരിതം ക്രമേ ।**

**വികാരമന്യദ് യദതോനു*f*സംഹിതം**
**തദാചരേദന്തഗതാദ്യയോസ്തു ന ॥**

ക്രമം ചൊല്ലുമ്പോൾ ഓരോ ഋക്കിലേയും ആദ്യവും അന്ത വുമായ പദങ്ങളൊഴികെ ബാക്കി എല്ലാ പദങ്ങളും ഈരണ്ടു പ്രാ വശ്യം ചൊല്ലുമല്ലോ. ഇപ്രകാരം രണ്ടുപ്രാവശ്യം ചൊല്ലപ്പെടുന്ന പദങ്ങളുടെ കാര്യത്തിലുള്ള നിയമമാണ് ഇവിടെ പറയുന്നത്. ക്ര മവിധാനത്തിൽ ദ്വൈപദത്തിന്റെ ഒന്നാമത്തെ ഉച്ചാരണത്തിൽ ആ ദ്യത്തെ (മുമ്പിലുള്ള) പദം മൂലം വന്ന വികാരത്തോടുകൂടി ഉച്ചരി യ്ക്കണം. രണ്ടാമത്തേതിലാകട്ടെ പിന്നീടുവരുന്ന പദം മൂലമുള്ള വികാരത്തോടു കൂടിയതായിട്ടാണ് ഉച്ചരിയ്ക്കേണ്ടത്. പൂർവ്വമോ പരമോ ഉള്ള പദം മൂലമല്ലാതെ സ്വയം വികാരം വന്ന പദമാകട്ടെ രണ്ടു വചനത്തിലും സംഹിതയിലുള്ളതുപോലെത്തനെ ചൊല്ല ണം. ആദ്യവും ഒടുക്കവും വരുന്ന പദങ്ങൾക്ക് സ്വയം വികൃതമാ ണെങ്കിലും ഉഭയവചനത്തിന്റെ ആവശ്യമില്ല.

പ്രണ ഇന്ദ്രോ (9.44.1)- പ്ര/നഃ/ഇന്ദോ ഇതി/ എന്നാണ് പദ പാഠം. പ്ര എന്നു കഴിഞ്ഞുവരുന്ന 'ന' എന്നതിലെ നകാരത്തിന് നതി വരുമെന്ന് (5/26) നേരത്തെ പറഞ്ഞിട്ടുണ്ട്. അതിനാൽ 'നഃ' എന്നത് 'ണ' എന്നായത് പൂർവ്വപദകൃതമാണ്. അതിനാൽ ക്രമ ത്തിൽ 'പ്രണഃ' എന്ന് ചൊല്ലുന്നു. അടുത്ത ക്രമം 'ഇന്ദോ' എന്ന തിനോട് ചേർത്താണ്. അവിടെ ണത്വത്തിന് നിമിത്തമില്ല. അതി നാൽ നകാരം ണകാരമായി ചൊല്ലേണ്ട. പക്ഷെ ഇന്ദോ എന്നതി ലെ ഇ എന്ന സ്വരം പരമായതിനാൽ 'ഹ്രസ്വപൂർവ്വസ്തുസോ *f*കാരം' (2/10) എന്ന പ്രാതിശാഖ്യനിയമനുസരിച്ച് ഹ്രസ്വപൂർവ്വ മായ വിസർഗ്ഗം (അകാരത്തോടുകൂടി) അകാരമായിത്തീർന്ന് (അ തായത് നഃ എന്നതിലെ അഃ എന്നതിന്റെ സ്ഥാനത്ത് അ എന്നു വ ന്ന്) ന എന്നായി. അതിനാൽ അടുത്ത ക്രമം ന ഇന്ദോ എന്നാണ്.

ഇപ്രകാരം ദ്വൈപദത്തിന്റെ പ്രഥമവചനത്തിൽ പൂർവ്വകൃത മായ വികാരവും ദ്വിതീയവചനത്തിൽ ഉത്തരകൃതമായ വികാര വും പഠിച്ചിരിയ്ക്കുന്നു.

സുപ്രകേതേഭിഃ സാസഹിർദധാനഃ (1.171.6)- ഇവിടെ സുപ്ര കേതേഭിഃ/സസഹി/ദധാനഃ/ എന്നാണ് പദപാഠം. സസഹി എന്ന തിന് സാസഹി എന്ന് വികാരം വന്നത് പൂർവ്വമോ പരമോ ഉള്ള പദം മൂലമല്ല. അതിനാൽ ക്രമം സുപ്രകേതേഭിഃ സാസഹി/സാ സഹിർദധാനഃ എന്നാണ്.

**22. സകൃത് യഥാസംഹിതമേഷു വാചരേത്**
**പുനർവിചക്ഷത് പദമപ്യസന്ദധത് ।**
**പരിഗ്രഹേ സന്ധിഷു കാരണാന്വയാദ്**
**അവിക്രമം ദ്വ്യൂഷ്മസു ചോഷ്മസന്ധിഷു ॥**

1. അഥവാ നകാരത്തിന് ലോപം, രേഫം, ഊഷ്മഭാവം എന്നിത്യാദി മുകളിൽ പ്രകൃതിഭാവം പറഞ്ഞ സ്ഥലങ്ങളിൽ പരിഗ്രഹത്തിൽ ആദ്യത്തേത് സംഹിതയിലെന്നപോലെ ചൊല്ലാം. രണ്ടാമത്തേതാകട്ടെ സന്ധിയില്ലാതേയും. എന്തെന്നാൽ പരിഗ്രഹത്തിന്റെ ആദ്യത്തെ ഭാഗത്ത് നകാരലോപം മുതലായവയുടെ കാരണത്തിന്റെ അന്വയമുണ്ട്.

ശ്യേനാँ ഇവ ധ്രജതഃ (1.165.2)

ശ്യേനാൻ/ഇവ/ധ്രജതഃ/ എന്നാണ് പദപാഠം.

ക്രമം- ശ്യേനാँ ഇവ ധ്രജതഃ എന്നു ചൊല്ലിയിട്ട് ശ്യേനാँ ഇവേതി ശ്യേനാൻ/ഇവ എന്ന് പരിഗ്രഹത്തിൽ ആദ്യത്തേത് സംഹിതയിലെപ്പോലെയും രണ്ടാമത്തേത് പദപാഠത്തിലെപ്പോലെയും ചൊല്ലുക. ശ്യേനാനിവേതി ശ്യേനാൻ-ഇവ എന്നാണ് ചൊല്ലിവരുന്നത്.

നകാരത്തിന് ലോപം വന്നതിനുള്ള ഉദാഹരണമാണ് മേൽക്കാണിച്ചത്. ഇനി ശൌദ്ധാക്ഷരസന്ധി വരുന്നേടത്ത് - വിശ്വശ്ചന്ദ്രാ അമിത്രഹൻ - ഇവിടെ പരിഗ്രഹത്തിൽ 'വിശ്വശ്ചന്ദ്രാ ഇതി വിശ്വ/ചന്ദ്രാഃ എന്ന്. വിശ്വചന്ദ്രാ ഇതി വിശ്വ-ചന്ദ്രാഃ എന്നു ചൊല്ലിവരുന്നു.

2. രണ്ട് ഊഷ്മാക്ഷരങ്ങൾ വരുന്ന ഊഷ്മസന്ധികളിൽ പരിഗ്രഹിയ്ക്കുമ്പോൾ പരിഗ്രഹത്തിൽ ആദ്യത്തെ പദത്തിൽ അവിക്രമം തന്നെ ചെയ്യണം (വിക്രാന്തസന്ധി എന്നാൽ വിസർഗ്ഗത്തിന് വികാരം വരാതിരിയ്ക്കലാണ്. അവിക്രമം എന്നാകുമ്പോൾ വിസർഗ്ഗത്തിന് വിസർഗ്ഗമല്ലാതെ മറ്റേതെങ്കിലും വരുന്നതാണ്)

നിഷ്ഷിധ്വരീസ്തേ (3.55.22)

നിഃ/സിധ്വരീഃ/തേ/ എന്നാണ് പദപാഠം. ഇവിടെ നിഷ്ഷിധ്വരീസ്തേ എന്നു ചൊല്ലിയിട്ട് നിസ്സിധ്വരീരിതി നിഃ/സിധ്വരീഃ എന്ന് പരിഗ്രഹിയ്ക്കുമ്പോൾ ആദ്യത്തേതിൽ വിസർഗ്ഗമില്ലാത്ത (അവിക്രമം)തായി ചൊല്ലിയിരിയ്ക്കുന്നു.

(ഇവിടെ നിഃസിധ്വരീഃ എന്ന വാക്യത്തിൽ സിധ്വരീഃ എന്നതിലെ സകാരത്തിന് ഷത്വം വന്ന് (അന്തഃപാദം നാമ്യുപധഃസകാരഃ ഷകാരം...)(5/1) തമേവോഷ്മാണമൂഷ്മണി (4/32) എന്ന

പ്രാതിശാഖ്യമനുസരിച്ച് വിസർഗ്ഗത്തിന് ഷകാരവും വന്ന് നിഷ്ഷിധ്വരീഃ എന്നാവുകയാണ്)

**23. സമാനകാലാവസമാനകാരണാ-**
**വനന്തരൌ വാ യദി സംനിഗച്ഛതഃ ।**
**പദസ്യ ദോഷാവഥ ഹേത്വസംഗ്രഹേ**
**നിയുക്തമാർഷ്യന്യതരേണ ലുപ്യതേ ॥**

ഒരേ കാലത്തിലുള്ളതും എന്നാൽ ഭിന്നനിമിത്തങ്ങളോടുകൂടിയതും അതല്ലെങ്കിൽ നിമിത്തത്തിൽനിന്ന് വ്യവധാനം ഇല്ലാത്തതോ ഉള്ളതോ ആയ വർണ്ണവികാരങ്ങൾ ഒരു പദത്തിൽ വരുമ്പോൾ ബഹുക്രമം ചെയ്തില്ലെങ്കിൽ നിശ്ചയമായും ആർഷിയായ സംഹിത മുമ്പുവരുന്ന പദത്താലോ പിന്നീടുവരുന്ന പദത്താലോ ലുപ്തയാവും. (അതിനാൽ ബഹുക്രമം ചെയ്യണം എന്നു താത്പര്യം)

ഉദാഹരണം:- പ്രണ ഇന്ദോ (9.44.1)

ഇവിടെ നകാരത്തിന് ണത്വം വന്നത് പ്ര എന്നതിൽ രേഫമുള്ളതിനാലാണ്. പദപാഠത്തിൽ അനുദാത്തമായ ന എന്നതിന് സംഹിതയിൽ സ്വരിതം വന്നത് പ്ര എന്നത് ഉദാത്തമായതുകൊണ്ടാണ്. ണത്വം, സ്വരിതത്വം എന്നിവ ഉത്തരപദമായ ഇന്ദോ എന്നതുമായി പ്രത്യാദാനം ചെയ്യുമ്പോൾ വരില്ല. ന ഇന്ദോ എന്നാണ് വരിക. ഇതേപോലെ ശക്ര ഏണം പീപയത് (8.1.19) ശക്ര ഏണം എന്ന ദ്വൈപദത്തിൽ ശക്ര എന്ന പദം കഴിഞ്ഞ്, ഏ എന്ന അക്ഷരം കഴിഞ്ഞുവരുന്നതാണെങ്കിലും (അതായത് ഏ എന്നതിനാൽ വ്യവഹിതമാണെങ്കിലും) നകാരത്തിന് ണത്വം വന്നത് ശക്ര എന്ന പദം നിമിത്തമാണ്. ഇതുപോലെ ഏണം എന്നതിലെ സ്വരിതത്വവും ശക്ര എന്നതിന്റെ ക്ര എന്നത് ഉദാത്തമായതിനാലാണ്. ആദ്യത്തെ ദ്വൈപദത്തിൽ ശക്ര ഏണം എന്നു വരുമെങ്കിലും രണ്ടാമത്തെ ദ്വൈപദത്തിൽ ഏനം പീപയത് എന്നേ വരുകയുള്ളൂ. അതിനാൽ ബഹുക്രമം ചെയ്യണം.

**24. മകാരലോപേ വികൃതസ്വരോപധേ**
**തൃതീയഭാവേ പ്രഥമസ്യ ച ധ്രുവം ।**
**വിപര്യയോ വേതരഥാഭ്യുപേയുഷാം**
**തഥോഭയേഷാമനുനാസികോദയേ ॥**

1. വികൃതസ്വരോപധമായ മകാരത്തിനു ലോപം വന്നിട്ടുള്ളേടത്തും (വികാരം=മാറ്റം; വികാരം വന്ന സ്വരാക്ഷരം പൂർവ്വമുള്ള എന്നാണ് വികൃതസ്വരോപധമായ എന്നതിനർത്ഥം). 2. വർഗ്ഗപ്ര

ഥമങ്ങൾക്ക് തൃതീയഭാവം വന്നിട്ടുള്ളേടത്തും ബഹുക്രമം ചെയ്തില്ലെങ്കിൽ തീർച്ചയായും ആർഷീലോപം വരും. 3. ഗാർഗ്യമതമനുസരിയ്ക്കുന്നവർക്ക് 'തസ്മാദന്ത്യമവസാനേ തൃതീയം' എന്ന വാക്യമനുസരിച്ച് തൃതീയാക്ഷരമാണ് പ്രകൃതി എന്നതിനാൽ വർഗ്ഗപ്രഥമത്തിന്റെ സ്ഥാനത്ത് തൃതീയം വരുന്നേടത്ത് ആർഷീലോപമില്ല എന്നും പറയാം. (അതിനാൽ അവരുടെ മതത്തിൽ ബഹുക്രമം വേണ്ട). 4. അനുനാസികം പരമായിട്ടുള്ള വർഗ്ഗപ്രഥമവർണ്ണത്തിലാകട്ടെ രണ്ടു മതത്തിലും (ഗാർഗ്യമതത്തിലും ശാകടായനമതത്തിലും) ബഹുക്രമം ചെയ്തില്ലെങ്കിൽ ആർഷീലോപം സുനിശ്ചിതമാണ്.

**ഉദാഹരണങ്ങൾ**

**1. ഏ രിണന്തി (9.71.6)**

ആ/ഈമിതി/രിണന്തി/ എന്നാണ് പദപാഠം. പദപാഠത്തിൽ ആകാരം ഉദാത്തവും ഈമ് എന്നത് അനുദാത്തവുമായിട്ടാണ് പഠിയ്ക്കുന്നത്. ആകാര-ഈകാരങ്ങൾക്കുതമ്മിൽ ഏകാദേശസന്ധി വരുകയും മകാരലോപം വരുകയും ചെയ്തിട്ടുള്ള രൂപമാണ് സംഹിതയിലുള്ള 'ഏ' എന്നത്. ഈ ഏകാരം ഉദാത്തവുമാണ്. രിണന്തി എന്ന അടുത്ത പദവുമായി പ്രത്യാദാനം ചെയ്യുമ്പോൾ (നിമിത്തമില്ലാത്തതുകൊണ്ട്) ഏത്വവും ഉദാത്തത്വവും നഷ്ടപ്പെടുന്നു. ഈ രിണന്തി എന്നേ പറയുവാൻ കഴിയൂ. ഇത് ആർഷീലോപമാണല്ലോ. ആർഷീലോപം വരാതിരിയ്ക്കാൻ 'ഏരിണന്തി' എന്നു ബഹുക്രമം ചെയ്യുന്നു.

**2,3. ഇന്ദ്രസ്യ ത്രിഷ്ടുബിഹ (10.130.5)**

ഇന്ദ്രസ്യ/ത്രി/സ്തുപ്/ഇഹ/ എന്നാണ് പദപാഠം. ത്രിസ്തുപ് എന്നതിലെ സകാരതകാരങ്ങൾക്ക് നതിവന്ന് ത്രിഷ്ടുപ് എന്നാകുന്നു. ശാകടായനാചാര്യന്റെ മതത്തിൽ ഒരു പദത്തിന്റെ അന്തത്തിൽ വർഗ്ഗപ്രഥമമേ വരൂ. ഇന്ദ്രസ്യ ത്രിഷ്ടുപ് എന്നേ ദ്വൈപദമായി പറഞ്ഞാൽ പറയാൻ പറ്റുകയുള്ളൂ. ഇഹ എന്നതിലെ 'ഇ' എന്ന സ്വരം പിന്നീടു വന്നതുകൊണ്ടാണ് സംഹിതയിൽ ത്രിഷ്ടുബിഹ എന്നു പറഞ്ഞത്. ശാകടായനമതപ്രകാരം പറയുമ്പോൾ ഇന്ദ്രസ്യ ത്രിഷ്ടുപ് എന്നു ദ്വൈപദത്തിൽ ആർഷീലോപം വരുന്നു. ആർഷിയിൽ ത്രിഷ്ടുബ് എന്നാണല്ലോ. ഗാർഗ്യമതപ്രകാരം പദാന്തത്തിൽ വർഗ്ഗതൃതീയമാണ് എന്നതിനാൽ ആർഷീലോപം ഇല്ല. അതിനാൽ ഇത്തരം സ്ഥലങ്ങളിൽ അവർക്ക് ബഹുക്രമമില്ലാതേയും ആർഷീലോപത്തെ ഒഴിവാക്കാം.

**4. പ്രസർഗ്ഗേ ത്രികകുമ്നി വർത്തത് (1.121.4)**

പ്ര/സർഗ്ഗേ/ത്രി/കകുപ്/നി/വർത്തത്/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ പദപാഠത്തിൽ ത്രികകുപ് എന്നത് വർഗ്ഗപ്രഥമാക്ഷരമായ പകാരം അന്ത്യത്തിലുള്ളതാണ്. നിവർത്തത് എന്ന പദത്തിലെ അനുനാസികമായ നകാരം പരമായതിനാലാണ് സംഹിതയിൽ പകാരം മകാരമായത്. ത്രികകുപ് എന്നതിന്റെ പൂർവ്വത്തിലുള്ള പ്രസർഗ്ഗേ എന്ന പദത്തിനോട് ചേർത്ത് ദ്വൈപദം ചൊല്ലിയാൽ പകാരം മകാരമായി അതായത് പ്രസർഗ്ഗേ ത്രികകും എന്നു ചൊല്ലാൻ പറ്റില്ല. നിമിത്തമായ നിവർത്തത് എന്ന പരപദമില്ലാത്തതിനാൽ. അതിനാൽ ഗാർഗ്യമതത്തിലും ശാകടായനമതത്തിലും ഇവിടെ ആർഷീലോപം വരുന്നുണ്ട്. ആർഷീലോപം വരാതിരിയ്ക്കാൻ ഇവിടെ ബഹുക്രമം ചെയ്യണം.

**25. അഥോ നതേനോപഹിതേ/നുനാസികേ**
**തഥാക്ഷരസ്യ ക്രമ ഏകപാതിനഃ ।**
**ന ചാത്ര പൂർവ്വഃ സ്വരിതേന സംഹിതാം**
**ലഭേത തസ്മിൻ നിയതസ്വരോദയേ ॥**

1. നതമായ പൂർവ്വപദം കഴിഞ്ഞുവരുന്ന അനുനാസികത്തിലും പരമായ പദത്തോടുകൂടി ബഹുക്രമം ചെയ്തിട്ടില്ലെങ്കിൽ ആർഷീലോപം വരും. 2. അതേപോലെ ഏകീഭൂതമായ അക്ഷരത്തിനും ദ്വിക്രമത്തിൽ ആർഷീലോപം വരും. 3. ഏകീഭൂതമായ അക്ഷരത്തിന് ദ്വിക്രമത്തിൽ ഏകീഭൂതമായതിന്റെ പൂർവ്വസ്വരത്തിന് അനുദാത്തം പരമായിരിയ്ക്കുമ്പോൾ സ്വരിതത്വം വരികയുമില്ല.

**ഉദാഹരണങ്ങൾ**

**1. മോ ഷുണഃ (1.38.6)**

മോ ഇതി/സു/നഃ/ എന്ന് പദപാഠം. ഇവിടെ സകാരത്തിന് ഷത്വം ആദ്യം വരുന്നു. ആഷത്വമാണ് നഃ എന്നതിന് ണത്വം വരാൻ കാരണം. ണഃ എന്നതിന് പരാപരാ എന്ന അടുത്ത പദവുമായി ദ്വിക്രമം പറഞ്ഞാൽ നിമിത്തമില്ലാത്തതിനാൽ ണത്വം പറയാൻ പറ്റില്ല. നഃ പരാ പരാ എന്നേ പറയാൻ പറ്റുകയുള്ളൂ. ഇത് ആർഷീലോപമാണ്.

**2. മുഞ്ചതാ വ്യംഹഃ (4.12.6)**

മുഞ്ചത/വി/അംഹഃ/ എന്നാണ് പദപാഠം. ഇവിടെ ദ്വിക്രമം പറയുകയാണെങ്കിൽ മുഞ്ചതാ വി/വ്യംഹഃ/ എന്നുവരും. ഇത് ആർഷീലോപമാണ്. (മുഞ്ചതാ വി എന്നത് ആർഷിയല്ലല്ലോ)

**3. യേനാ ഹംസി ന്യത്രിണം (8.12.1)**

യേന/ഹംസി/നി/അത്രിണം/ എന്നാണ് പദപാഠം. ഇവിടെ ദ്വിക്രമം പറയുകയാണെങ്കിൽ യേനാ ഹംസി/ഹംസി നി/ന്യത്രിണം/ എന്നു വരും. ഇപ്രകാരം പറയുമ്പോൾ ഹംസി നി എന്ന അനാർഷമായ പ്രയോഗം വരുന്നത് കൂടാതെ സ്വരിതസ്വരവും വരുന്നില്ല. (പദപാഠത്തിൽ നി എന്നതിലെ ഇകാരം ഉദാത്തവും അത്രിണം എന്നതിലെ അകാരം അനുദാത്തവുമാണ്. ന്യ എന്ന് ഏകീഭാവം വരുമ്പോൾ അത് സംഹിതയിൽ സ്വരിതമാണ്).

**26. യദാ ച ഗച്ഛത്യനുദാത്തമക്ഷരം**
**വശം പദാദേരുദയസ്യ തേന ച I**
**ഉദാത്തപൂർവ്വേ നിയതസ്വരോദയേ**
**പരോ വിലോപോ*f*നിയതോ യദാവരഃ II**

എപ്പോഴാണോ അനുദാത്തമായ അക്ഷരം പദത്തിന്റെ ആദിയിലുള്ള ഉദാത്തത്തിന് അധീനമായിത്തീരുന്നത്, അതുപോലെ സ്വരിതവും എപ്പോഴാണോ ഉദാത്തവുമായി ഏകീഭാവം വരുന്നത്, അപ്പോൾ ബഹുക്രമം ചെയ്തില്ലെങ്കിൽ തീർച്ചയായും ആർഷീലോപം വരും.

(പൂർവ്വപദത്തിന്റെ അന്ത്യത്തിലോ പരപദത്തിന്റെ ആദിയിലോ ഒരിടത്ത് ഉദാത്തവും മറ്റിടത്ത് അനുദാത്തമോ സ്വരിതമോ വരികയും, പൂർവ്വപദാന്തപരപദാദിസ്വരങ്ങൾ തമ്മിൽ ഏകീഭാവം വരുന്ന സന്ധികൾ വരികയും ചെയ്താൽ ഏകീഭാവം വന്ന സ്വരം ഉദാത്തമായിരിയ്ക്കും എന്ന് നേരത്തെ (3/6) പറഞ്ഞിട്ടുണ്ട്. അത്തരം ഏകീഭാവം വരുന്നിടത്ത് ബഹുക്രമം പറഞ്ഞില്ലെങ്കിൽ ആർഷീലോപം വരുമെന്നാണ് ഇവിടെ പറയുന്നത്)

ആ തേ*f*വോ വരേണ്യം (5.35.3)-ആ/തേ/അവഃ/വരേണ്യം/ എന്നു പദപാഠം. ഇവിടെ പദപാഠത്തിൽ തേ എന്നത് അനുദാത്തവും അവ എന്നതിലെ അ എന്നത് ഉദാത്തവുമാണ്. ഇവിടെ ഏകീഭാവസന്ധിവന്ന് സംഹിതയിൽ തേ*f*വ എന്നായിരിയ്ക്കുകയാണ്. സംഹിതയിൽ ഏകാരം ഉദാത്തമായിരിയ്ക്കുന്നു7. ഇവിടെ തേ എന്ന പദം അതിന്റെ പൂർവ്വമുള്ള ആ എന്ന പദവുമായി ചേർത്ത് 'ആ തേ' എന്ന് ദ്വിക്രമം പറയുകയാണെങ്കിൽ ആർഷീലോപം വരും.

ത്വാം സോമ പവമാനം സ്വാധ്യോ*f*നു (9.86.24)

ത്വാം/സോമ/പവമാനം/സ്വാ*f*ആധ്യഃ/അനു/ എന്നാണ് പദപാ

ററം. ഇവിടെ സ്വാധ്യഃ എന്ന പദത്തിലെ ധ്യ എന്നത് സ്വരിതവും അനു എന്ന പദത്തിലെ അ എന്നത് ഉദാത്തവുമാണ്. ധ്യ, അ എന്നിവയ്ക്ക് ഏകീഭാവം വന്ന് സംഹിതയിൽ ധ്യോ എന്നായപ്പോൾ സ്വരം ഉദാത്തമാവുകയും ചെയ്തു. (പൂർവ്വം സ്വരിതവും പരം ഉദാത്തവും വന്നപ്പോൾ സ്വരിതത്തിന് ഉദാത്തത്വം വന്നതിനുദാഹരണമാണിത്)ഇവിടെ പവമാന എന്ന പൂർവ്വപദവുമായി സ്വാധ്യഃ എന്ന് ദ്വിക്രമം ചൊല്ലിയാൽ ധ്യ എന്നതിന് ഉദാത്തസ്വരം വരില്ല എന്നതിനാൽ ആർഷീലോപം വരും. (അതിനാൽ ബഹുക്രമം വേണം)

ഉത്തരാർദ്ധത്തിന്റെ അർത്ഥം:- ഉദാത്തം പൂർവ്വവും അനുദാത്തം പരവുമായി ഏകാദേശം വരുന്നേടത്ത് അവയിൽ പരമായ പദം, അതുകഴിഞ്ഞുവരുന്ന പദവുമായി ദ്വിക്രമം പറയുകയാണെങ്കിലും ആർഷീലോപം വരും. ഉദാത്തം പരവും അനുദാത്തം പൂർവ്വവും വരുന്നേടത്തും ആർഷീലോപം വരും.

(ഇവിടെ രണ്ടാമതു പറഞ്ഞത് ഇതിനുമുൻപു പറഞ്ഞതുതന്നെയാണല്ലോ എന്നാശങ്കിയ്ക്കേണ്ട കാര്യമില്ല. അവിടെ പരമായ പദത്തോട് ചേർത്ത് ദ്വിക്രമം പറയുമ്പോൾ വരുന്ന ആർഷീലോപമാണ് കാണിച്ചത്. ഇവിടെ ശാകലവിധാനത്തിൽ പൂർവ്വമായ പദത്തോടുചേർത്ത് ദ്വിക്രമം പറഞ്ഞാലും ആർഷീലോപം വരുമെന്ന് പറയുകയാണ്).

ഉദാത്തപൂർവ്വത്തിന് ഉദാഹരണം:- ഏന്ദ്ര സാനസിം (1.8.1). ആകാരത്തിനും ഇകാരത്തിനും ഏകീഭാവം വന്നിട്ടാണ് ഏന്ദ്ര എന്നു വന്നത്. ആകാരം ഉദാത്തവും ഇകാരം അനുദാത്തവും ആയിരുന്നു പദപാഠത്തിൽ. സംഹിതയിൽ ഏകീഭാവം വന്നപ്പോൾ ഏ എന്നത് ഉദാത്തമായി. ഇവിടെ ഇന്ദ്ര എന്ന പദം സാനസിം എന്ന പരപദത്തോടുചേർത്ത് ദ്വൈപദം പറഞ്ഞാൽ ആർഷീലോപം വരും.

ബ്രുവന്തു തേ*f*വന്തു(10.15.5)

ബ്രുവന്തു/തേ/അവന്തു/ എന്ന് പദപാഠം. പദപാഠത്തിൽ തേ എന്നത് ഉദാത്തവും അവന്തു എന്ന അകാരം അനുദാത്തവുമാണ്. സംഹിതയിൽ ആ രണ്ടു വർണ്ണങ്ങൾക്ക് ഏകീഭാവം വന്ന് തേ*f*വന്തു എന്നായപ്പോൾ ഏകാരം സ്വരിതമായി (ഹ്രസ്വങ്ങളായ രണ്ട് ഇകാരങ്ങൾ തമ്മിൽ പ്രശ്ലേഷം വരുമ്പോഴും, ക്ഷൈപ്രം അഭിനിഹിതം എന്നീ സന്ധികളിലും ഉദാത്തം പൂർവ്വവും അനുദാത്തം പിന്നീടും വരുകയാണെങ്കിൽ ശാകലാചാര്യന്റെ മതമനു

സരിച്ച് സ്വരിതം പറയണം (3/7) എന്നു നിയമുള്ളതിനാലാണ് ഇവിടെ സ്വരിതം വരുന്നത്) ഇവിടെ ബഹുക്രമം പറയാതെ ബ്രു വന്തു തേ എന്ന് ദ്വിപദക്രമം പറഞ്ഞാൽ തേ എന്നതിന് സ്വരിതം പറയാൻ പറ്റാത്തതിനാൽ ആർഷീലോപം വരും.

**27. സ്വരൈകദേശം സ്വരിതസ്യ ചോത്തരം**
**യദാ നിഹന്യാദനിമിത്തമക്ഷരം ।**
**ഉദാത്തപൂർവ്വോƒപ്യനുദാത്തസങ്ഗമോ**
**യദാ സ്വരൌ ദ്വൌ ലഭതേƒപി വാ ബഹൂൻ ॥**

സ്വരിതസ്വരത്തിന്റെ ആദ്യത്തെ പകുതി ഉദാത്തവും രണ്ടാമത്തെ പകുതി അനുദാത്തവുമാണല്ലോ. സ്വരിതം കഴിഞ്ഞ് ഉദാത്തമോ സ്വരിതമോ ആയ അക്ഷരം പരമായാൽ ഈ അനുദാത്തം ശ്രവിയ്ക്കും; ഇല്ലെങ്കിൽ ഉദാത്തശ്രുതിയാണ്. (3/3). സ്വരിതം അവസാനസ്വരത്തിൽ ഉള്ള പദം ക്രമപാഠത്തിൽ രണ്ടാമതായി വന്നാൽ അനുദാത്തസ്വരം ചൊല്ലാൻ വക്താവിന് പറ്റില്ല; നിമിത്തമില്ലാത്തതിനാൽ. അനുദാത്തം ചൊല്ലാതിരുന്നാൽ ആർഷീലോപം വരും.

പ്ര തേ സോ താര ഓണ്യോരസം (9.16.1)

പ്ര/തേ/സോതാരഃ/ഓണ്യോഃ/രസം/ എന്നു പദപാഠം. ഇവിടെ ഓണ്യോഃ എന്ന പദത്തിലെ അവസാനത്തെ ഓകാരം സ്വരിതമാണ്. ഈ സ്വരിതം കഴിഞ്ഞ് രസം എന്ന പദത്തിലെ രേഫം ഉദാത്തമാണ്. ഉദാത്തം പരമായതിനാൽ ഓണ്യോഃ എന്ന സ്വരിതത്തിന്റെ അവസാന അർദ്ധം അനുദാത്തമായാണ് ചൊല്ലേണ്ടത്. എന്നാൽ ഓണ്യോഃ എന്ന പദത്തെ ഉത്തരപദമാക്കി സോതാര ഓണ്യോ എന്ന സ്വരിതത്തിലെ അവസാനത്തെ അർദ്ധം അനുദാത്തമായി ചൊല്ലാൻ പറ്റില്ല, ഉദാത്തമാകുന്ന നിമിത്തം പരമല്ലാത്തതിനാൽ.

ഉദാത്തമോ സ്വരിതമോ പൂർവ്വത്തിലുള്ള രണ്ടോ രണ്ടിൽക്കൂടുതലോ അനുദാത്തങ്ങൾ (പദപാഠത്തിൽ) വരുന്നേടത്തും ദ്വിക്രമം പറഞ്ഞാൽ ആർഷീലോപം വരും.

ഉത ദേവാ അവഹിതമ് (10.137.1)

ഉത/ദേവാഃ/അവƒഹിതമ്/ എന്നു പദപാഠം. ഇവിടെ ഉത ദേവാ എന്നും ദേവാ അവഹിതം എന്നും ദ്വിക്രമം പറയുകയാണെങ്കിൽ ആർഷീലോപം വരും. ദേവാഃ എന്നതിലെ രണ്ടക്ഷരവും അനുദാത്തമാണ്. സംഹിതയിൽ ദേ എന്ന അക്ഷരം സ്വരിതമായി.

കാരണം ഉദാത്തമായ ത എന്ന അക്ഷരം പൂർവ്വത്തിലുള്ളതിനാൽ ഉദാത്തപൂർവ്വമായ അനുദാത്തത്തിന് സ്വരിതത്വം വന്നു. അവഹിതം എന്ന പദത്തിലെ അകാരം ഉദാത്തമായതിനാലാണ് ദേവാഃ എന്നതിലെ അവസാനത്തെ അക്ഷരം അനുദാത്തമാകുന്നത്. ആയതിനാൽ ഉത ദേവാഃ എന്ന് ദ്വിക്രമം ചെയ്താൽ ദേ എന്നുള്ളതിന് അനുദാത്തം വരില്ല. ദേവാ അവഹിതം എന്ന് ദ്വിക്രമം ചെയ്യുമ്പോൾ ദേ എന്നതും വാഃ എന്നതും അനുദാത്തമാകും. സംഹിതയിൽ ദേ എന്ന അക്ഷരം സ്വരിതമായാണ് ഉച്ചരിയ്ക്കുന്നത്.

**28. യഥാ പ്രക്ഌപ്തേ സ്വരവർണ്ണസംഹിതേ**
**തയോസ്തയോരക്ഷരവർണ്ണയോസ്തഥാ ।**
**അദർശനേഽനാർഷ്യവിലോപ ഉച്യതേ**
**ക്രമേഷ്വനാർഷം ബ്രുവതേഽപരേ സ്വരം ॥**

എപ്രകാരമാണോ സ്വരവർണ്ണസംഹിതകൾ വിധിയ്ക്കപ്പെട്ടിരിയ്ക്കുന്നത് അപ്രകാരം അതാതക്ഷരങ്ങളേയും വർണ്ണങ്ങളേയും കാണാതിരിയ്ക്കൽ ആർഷീലോപമായി പറയപ്പെടുന്നു. (കാരികയിൽ അനാർഷ്യവിലോപം എന്ന പദമാണ് കൊടുത്തിരിയ്ക്കുന്നത്. അതിന് ആർഷീവിലോപം എന്നാണർത്ഥം. ആർഷിയുടെ അവിലോപം-ആർഷിയുടെ നാശമില്ലായ്മ.. അങ്ങനെ അല്ലാതിരിയ്ക്കലാണ് അനാർഷ്യവിലോപം. ചില ആചാര്യന്മാർ ക്രമത്തിൽ സ്വരം അനാർഷമാണെന്നു പറയുന്നു.

പ്രണ ഇന്ദോ മഹ തന (9.44.1)

പ്ര/നഃ/ഇന്ദോ ഇതി/മഹേ/തനേ/ എന്നു പദപാഠം. ഇവിടെ ദ്വിക്രമം പറയുകയാണെങ്കിൽ പ്രണഃ/ന ഇന്ദോ/ഇന്ദോ മഹേ/ എന്നാണ് പറയേണ്ടത്. നകാരത്തിനു ണത്വം വന്നത് പൂർവ്വമുള്ള പ്ര എന്ന പദം കാരണമാണ്. അതുപോലെ അത്, പദപാഠത്തിൽ അനുദാത്തമാണെങ്കിലും സംഹിതയിൽ സ്വരിതമായത് പൂർവ്വമുള്ള പ്ര എന്ന പദം ഉദാത്തമായതിനാലാണ്. ഈ ണത്വവും സ്വരിതത്വവും ന ഇന്ദോ എന്നുള്ള ദ്വിക്രമത്തിൽ ദർശിയ്ക്കുന്നില്ല. പ്രണഃ എന്ന ആദ്യത്തെ ദ്വിക്രമത്തിൽ അത് കാണുന്നുണ്ടെങ്കിലും ആർഷീവിലോപം വരുന്നുണ്ട്. സംഹിതയിൽ ഇന്ദോ എന്നതിന്റെ പ്രചയസ്വരം കാണുന്നില്ല.

ക്രമത്തിൽ സ്വരം അനാർഷമാണെന്ന് ചില ആചാര്യന്മാർ പറയുന്നു. അതിനാൽ ഇത് ദോഷമല്ലെന്നാണ് അവരുടെ അഭിപ്രായം.

**29. അദൃഷ്ടമാർഷ്യാം യദി ദൃശ്യതേ ക്രമേ**
**വിലോപമേവം ബ്രുവതേഽപരേ തഥാ ।**

**സ കരണാന്വാർഷ്യവിലോപവിക്രമഃ**
**ക്രമേണ യുക്തോ$f$പി ബഹൂനി സന്ദധത് ॥**

ക്രമം ചൊല്ലുമ്പോൾ ഒരു വചനത്തിൽ ആർഷി കാണപ്പെടുകയും മറ്റേ വചനത്തിൽ കാണപ്പെടാതെ വരികയും ചെയ്താലും, സംഹിതയിൽ ഇല്ലാത്തത് ക്രമപാഠത്തിൽ വരുന്നതിനാൽ ആർഷീലോപം വരുകതന്നെ ചെയ്യുമെന്ന് വേറെ ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. ആയതിനാൽ ആർഷീലോപം വരാതിരിയ്ക്കാനായി സംഹിതയിൽ പറഞ്ഞിട്ടുള്ള അനേകം പദങ്ങളെ ക്രമത്തിൽ ചേർത്തുകൊണ്ട് ക്രമം ചൊല്ലണം.

ഇമം മേ ഗംഗേ യമുനേ സരസ്വതി ശുതുദ്രി സ്തോമം (10.75.5)

ഇമം/മേ/ഗംഗേ/യമുനേ/സരസ്വതി/ശുതുദ്രി/സ്തോമം/. ഇവിടെ പദപാഠത്തിൽ ഇമം എന്ന പദത്തിലെ മം എന്നത് ഉദാത്തമാണ്. അതു കഴിഞ്ഞുവരുന്ന മേ എന്നത് അനുദാത്തമാണ്. സംഹിതയിൽ അത് സ്വരിതമാകുന്നു. സ്വരിതത്തിന്റെ അന്ത്യാർദ്ധം അനുദാത്തമാണ്. അതുകഴിഞ്ഞ് ഉദാത്തമോ സ്വരിതമോ പരത്തിൽ ഇല്ലെങ്കിൽ ഉദാത്തശ്രുതിയാണല്ലോ. ഗംഗേ, യമുനേ, സരസ്വതീ എന്നീ മൂന്നു ആമന്ത്രിതങ്ങളിലേയും (ആമന്ത്രണം ചെയ്യൽ =സംബോധനചെയ്യൽ) എല്ലാ അക്ഷരങ്ങളും അനുദാത്തങ്ങളാകയാൽ സംഹിതയിൽ ഉദാത്തശ്രുതി (പ്രചയം)യാണ്. ഇവിടെ ഇമം മേ ഗംഗേ യമുനേ സരസ്വതീ ശുതുദ്രിസ്തോമം എന്ന് ബഹുക്രമം പറഞ്ഞില്ലെങ്കിൽ സംഹിതയിലുള്ള സ്വരത്തിന് ലോപം വരുന്നതിനാൽ ആർഷീലോപം വരും.

**30. പദം പദാന്തശ്ച യദാ ന ഗച്ഛതി**
**സ്വരാവസാനം സ തു യോ$f$ത്ര യുജ്യതേ ।**
**തദാ ന രൂപം ലഭതേ നിരാകൃതം**
**ന ചേന്നിരാഹോപനിവൃത്യ തത്പദം ॥**

ഇവിടെ പരിഗ്രഹം ചെയ്യുന്നതിന്റെ ആവശ്യകത കാണിച്ചു തരുന്നു-സംഹിതയിൽ ഒരു പദം അതിന്റെ പദപാഠത്തിലെ സ്വരത്തിൽ നിന്ന് ഭിന്നസ്വരമാവുകയോ, പദത്തിന്റെ അന്തം സന്ധി മുതലായവകൊണ്ട് മറ്റൊരുതരത്തിലാവുകയോ ചെയ്യുമ്പോൾ ക്രമം ചൊല്ലുന്ന ആൾ പരിഗ്രഹിച്ചു ചൊല്ലിയില്ലെങ്കിൽ ആ പദങ്ങളുടെ സ്വരം, സ്വരൂപം എന്നിവ കേൾവിക്കാരന് മനസ്സിലാവില്ല.

തേ$f$വദൻ (10.109.1)

തേ/അവദൻ/ എന്നാണ് പദപാഠം. ഇവിടെ പദപാഠത്തിൽ തേ എന്ന അക്ഷരം ഉദാത്തവും അവദൻ എന്ന പദം സർവ്വാനു

ദാത്തവുമാണ്. സംഹിതയിൽ തേ എന്ന അക്ഷരം സ്വരിതയുക്തമാകുന്നു. ഉദാത്തം കഴിഞ്ഞ് അനുദാത്തം വന്നാൽ അവിടെ സ്വരിതത്വം വരുമല്ലോ (3/4). ക്രമം ചൊല്ലുമ്പോൾ തേƒവദൻ എന്നു ചൊല്ലിയിട്ട് 'ത ഇതി തേ' എന്നു പരിഗ്രഹിച്ചു പറയുമ്പോഴേ തേ എന്നതിന്റെ ഉദാത്തത്വം വ്യക്തമാകൂ.

അതേപോലെ; 'നൂ ഇത്ഥാ' (1.132.4)-നു/ഇത്ഥാ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ നൂ ഇത്ഥാ എന്ന് ദ്വിക്രമം ചൊല്ലിയിട്ട് ന്വിതി നു എന്ന് പരിഗ്രഹിയ്ക്കുമ്പോഴേ പ്ലുതി വരുന്നതിന് മുൻപുള്ള ഹ്രസ്വരൂപം വെളിപ്പെടുകയുള്ളൂ.

**31. സ്ഥിതിസ്ഥിതോപസ്ഥിതയോശ്ച ദൃശ്യതേ**
**പദം യഥാവദ്വ്യയവദ്ധ്യുപസ്ഥിതേ ।**
**ക്വചിത് സ്ഥിതൌ ചൈവമതോƒധി ശാകലാഃ**
**ക്രമേ സ്ഥിതോപസ്ഥിതമാചരന്ത്യുത ॥**

സ്ഥിതി, ഉപസ്ഥിതം, സ്ഥിതോപസ്ഥിതം എന്നിവയിൽ ഏതെങ്കിലുമൊന്നുകൊണ്ട് പദപ്രദർശനം ചെയ്യുന്നു എന്ന് നേരത്തെ പറയുകയുണ്ടായല്ലോ. അത് ശരിയല്ല. എന്തുകൊണ്ടെന്നാൽ സ്ഥിതിയിലും സ്ഥിതോപസ്ഥിതത്തിലുമാണ് ന്യൂനതയില്ലാതെ പദം ഉള്ളതുപോലെത്തന്നെ കാണപ്പെടുന്നത്. ഉപസ്ഥിതത്തിൽ ലോപത്തോടുകൂടീയാണ് കാണപ്പെടുന്നത്. ചിലയിടത്ത് സ്ഥിതിയിലും ഉപസ്ഥിതത്തെപ്പോലെ ന്യൂനതയോടെ കാണപ്പെടുന്നു. അതുകൊണ്ട് ശാകലന്മാർ ക്രമത്തിൽ സ്ഥിതോപസ്ഥിതം മാത്രമാണ് ആചരിയ്ക്കുന്നത്.

ആരൈക് പന്ഥാം (1.113.16) എന്ന് സംഹിത. അരൈക്/പന്ഥാം/ എന്നാണ് പദപാഠം. ഇവിടെ അരൈഗിതി എന്ന ഉപസ്ഥിതത്തിൽ പദപാഠത്തിൽ പദാന്തത്തിൽ ദൃഷ്ടമായ സ്വരിതത്വം കാണപ്പെടുന്നില്ല. അതുകൊണ്ട് ഉപസ്ഥിതത്തിൽ ലോപം ഉള്ളതായി പറയപ്പെടുന്നു. അതുപോലെ-

മോഷൂണഃ എന്നുള്ളിടത്ത് സ്വിതി എന്ന ഉപസ്ഥിതത്തിൽ ഹ്രസ്വാന്തത്വം കാണുന്നില്ല.

മോഷൂണഃ (1.173.12)- എന്നു സംഹിത. മോ ഇതി/സു/നഃ/ എന്ന് പദപാഠം. പദപാഠത്തിൽ ഹ്രസ്വമായ സു ആണ് സംഹിതയിൽ ഷൂ ആയത്. അത് പ്രദർശിപ്പിയ്ക്കാൻ 'സു'വിനോട് 'ഇതി' ചേർത്ത് പറയുമ്പോൾ 'സ്വിതി' എന്നാണല്ലോ വരുക. ഇവിടെ ഹ്രസ്വത്വം കാണുന്നില്ല.

ചിലയിടത്ത് സ്ഥിതിയിലും ഇതുപോലെത്തന്നെ ന്യൂനതയോ

ടെ കാണപ്പെടുന്നു. ഉദാഹരണമായി, പ്രാതഃ സോമമുത രുദ്രം ഹുവേമ (1.41.1). ഇവിടെ പദപാഠം പ്രാതരിതി/സോമം/ഉത/രുദ്രം/ഹുവേമ/ എന്നാണ്. പ്രാതഃ സോമം പ്രാതഃ എന്ന് സ്ഥിതത്തിൽ പദപാഠത്തിൽ ദൃഷ്ടമായ രേഫം കാണപ്പെടുന്നില്ല.

ഈ കാരണത്താൽ ശാകലന്മാർ ക്രമപാഠത്തിൽ സ്ഥിതോപസ്ഥിതമാണ് ആചരിയ്ക്കുന്നത്. അതിനാൽ മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽ ശാകലമതത്തിൽപ്പെട്ടവരുടെ ക്രമം ഇങ്ങനെയാണ്-

1. അരൈരെഗിത്യരൈക്. 2. സ്വിതിസു. 3. പ്രാതരിതി പ്രാതഃ.

**32. ക്രമേത സർവ്വാണി പദാനി നിർബ്രുവ-**
**ന്നിതി സ്മരന്ത്യാചരിതം തു നോത്ക്രമേത് ।**
**ക്രമസ്യ വർത്മ സ്മൃതിസംഭവൌ ബ്രുവൻ**
**സമാധിമസ്യാന്വിതരാണി കീർത്തയേത് ॥**

ദ്വിക്രമത്തിലായാലും ബഹുക്രമത്തിലായാലും ക്രമം ചൊല്ലുന്ന ആൾ എല്ലാ പദങ്ങളും പരിഗ്രഹിച്ചു പറയണമെന്ന് ചില ആചാര്യന്മാർ നിഷ്ക്കർഷിയ്ക്കുന്നു. ക്രമശാസ്ത്രമായ പത്താം പടലത്തിൽ പറഞ്ഞിട്ടുള്ള "ക്രമോ ദ്വാഭ്യോമതിക്രമ്യ..." എന്ന ശാസനത്തെ തെറ്റിയ്ക്കരുത്. ക്രമശാസ്ത്ര(10-ാം പടലം)ത്തിൽ പറഞ്ഞതിന് വിരോധം വരാത്തവിധത്തിൽ ക്രമഹേതുപടലത്തിൽ പറഞ്ഞ കാര്യങ്ങൾ അനുസരിയ്ക്കണം.

എല്ലാ പദങ്ങളും പരിഗ്രഹിച്ചുപറയണം എന്ന് അഭിപ്രായപ്പെടുന്നവരുടെ മതത്തിൽ-

ആ മന്ദ്രം/ഏത്യാ/മന്ദ്രമാ വരേണ്യം/മന്ദ്രമിതി മന്ദ്രം/ആ വരേണ്യം/ഏത്യാ/ - ഇപ്രകാരം എല്ലായിടത്തും യുക്തിയ്ക്കനുസരിച്ച് പരിഗ്രഹിയ്ക്കുകയാണെങ്കിൽ അഗ്നിമീളേ/ഈളേ പുരോഹിതം/ എന്ന സ്ഥലത്തും ത്രിക്രമം പറയേണ്ടിവരും. അദൃഷ്ടമാർഷ്യാം... (11/29) എന്ന കാരികയിൽ പറഞ്ഞ നിയമമനുസരിച്ച്, ഇവിടെ രണ്ടാമത്തെ ക്രമത്തിൽ സംഹിതയിൽ അദൃഷ്ടമായ സ്വരം കാണപ്പെടുന്നതിനാൽ. ആർഷീലോപഭയം ഹേതുവായിട്ടാണ് ത്രിക്രമം പറയേണ്ടിവരുന്നത്.

**33. യഥോപദിഷ്ടം ക്രമശാസ്ത്രമാദിതഃ**
**പുനഃ പൃഥക്തൈർവിവിധൈർന്ന സാധുവത് ।**
**ഇതി പ്ര ബാഭ്രവ്യ ഉവാച ച ക്രമം**
**ക്രമപ്രവക്താ പ്രഥമം ശശംസ ച ॥**

ക്രമശാസ്ത്രം ദശമപടലത്തിൽ എപ്രകാരമാണോ ഉപദേശി

യ്ക്കപ്പെട്ടിരിയ്ക്കുന്നത് അതാണ് നന്നായി അറിഞ്ഞിരിയ്ക്കേണ്ട ത്. പതിനൊന്നാം പടലത്തിൽ വീണ്ടും പല തരത്തിൽ യാതൊ ന്നാണോ പറയപ്പെട്ടിരിയ്ക്കുന്നത്, അത് സാധുവല്ല. ഇപ്രകാരം ബഭ്രുപുത്രനായ ഭഗവാൻ പാഞ്ചാലൻ ക്രമത്തിന്റെ പ്രവക്താവാ യി ക്രമത്തെ ആദ്യം പറയുകയും പ്രശംസിയ്ക്കുകയും ചെയ്തു.

**34. ക്രമേണ നാർത്ഥഃ പദസംഹിതാ വിദഃ**
**പുരാƒപ്രസിദ്ധാശ്രയ പൂർവ്വസിദ്ധിഭിഃ ।**
**അകൃത്സ്ന സിദ്ധശ്ച ന ചാന്യ സാധകോ**
**ന ചോദയാപായകരോ ന ച ശ്രുതഃ ॥**

പദത്തിനും സംഹിതയ്ക്കും മുമ്പ് ക്രമം പ്രസിദ്ധമല്ല. മാത്ര മല്ല, ക്രമം സംഹിതയേയും പദപാഠത്തേയും ആശ്രയിച്ചാണ് വ രുന്നതും. അതിനാൽ പദവും സംഹിതയും അറിയുന്ന ആൾക്ക് ക്രമംകൊണ്ട് പ്രയോജനമില്ല. പിന്നെ ഇതിലുള്ളതെല്ലാം തെളി യിയ്ക്കപ്പെട്ടിട്ടുമില്ല. ഇത് മറ്റൊന്നിന്റേയും സാധകവുമല്ല. ക്രമം ചൊല്ലുന്നതുകൊണ്ട് അഭിവൃദ്ധിയോ ചൊല്ലാത്തതുകൊണ്ട് ദോ ഷമോ ഇല്ല. സംഹിത ചൊല്ലേണ്ട പ്രകാരത്തിന്റേയും നാമാഖ്യാ താദികളായ പദങ്ങളുടേയും വിധി കാണുന്നതുപോലെ ക്രമത്തെ വിധിയ്ക്കുന്നതായി കാണുന്നുമില്ല. (അതുകൊണ്ട് ക്രമവിധാനം അനർത്ഥകമാണ്)

**36. അസിദ്ധ്യതഃ സിദ്ധിവിപര്യയോ യദി**
**പ്രസിധ്യതോƒസിദ്ധി വിപര്യയസ്തഥാ ।**
**സഹാപവാദേഷു ച സത്സു ന ക്രമഃ**
**പ്രദേശശാസ്ത്രേഷു ഭവത്യനർത്ഥകഃ ॥**

പദസംഹിതകളിൽനിന്ന് പൂർവ്വം ക്രമം ഉണ്ടായിരുന്നില്ലാത്ത തിനാൽ ക്രമത്തിന് അപ്രസിദ്ധത്വമുണ്ടെന്ന് പറഞ്ഞത് ശരിയല്ല. അത് ക്രമത്തിന് അപ്രസിദ്ധത്വത്തിന്റെ വിപരീതമാണ് ഉണ്ടാക്കു ക. പ്രസിദ്ധമായ പദസംഹിതകളെ ആശ്രയിച്ചുണ്ടാകുന്ന ക്രമവും പ്രസിദ്ധമാവുകയല്ലേ ചെയ്യുക? അർത്ഥങ്ങളെ പ്രതിപാദിയ്ക്കു ന്ന ശാസ്ത്രങ്ങളിൽ ചിലത് മറ്റു ചില ശാസ്ത്രങ്ങളെ നിന്ദിയ്ക്കു ന്നതായി കാണാം. അതുകൊണ്ട് ആ ശാസ്ത്രങ്ങൾ അനർത്ഥക മൊന്നുമാവുന്നില്ല. അതിനാൽ ക്രമശാസ്ത്രം അനർത്ഥകമല്ല.

**36. വിപര്യയാച്ഛാസ്ത്രസമാധിദർശനാത്**
**പുരാ പ്രസിദ്ധേരുഭയോരനാശ്രയാത് ।**
**സമഭ്യുപേയാദ് ബഹുഭിശ്ച സാധുഭിഃ**
**ശ്രുതേശ്ച സമ്മാനകരഃ ക്രമോƒർത്ഥവാൻ ॥**

ക്രമം പ്രയോജനമുള്ളതാണെന്ന് സ്ഥാപിയ്ക്കാൻ കുറേ ഹേതുക്കൾ പ്രദർശിപ്പിയ്ക്കുകയാണിവിടെ. പഞ്ചമീവിഭക്ത്യന്തമായവയെല്ലാം ഹേതുക്കളാണ്. ആദ്യത്തെ ഹേതു 'വിപര്യയാത്' എന്നാണ്. 'പ്രസിദ്ധ്യതോഽസിദ്ധി വിപര്യയസ്തഥാ' എന്ന് ഇതിനു മുൻപത്തെ കാരികയിൽ പറഞ്ഞ വസ്തുതയേയാണ് 'വിപര്യയാത്' എന്നുള്ളതുകൊണ്ടുദ്ദേശിയ്ക്കുന്നത്. അതിനാൽ അതിന്റെ അർത്ഥം അപ്രസിദ്ധങ്ങളായവയും പ്രസിദ്ധങ്ങളെ ആശ്രയിച്ച് ഉണ്ടാവുന്നതാവുമ്പോൾ പ്രസിദ്ധങ്ങളാകുന്നു. ശാസ്ത്രസമാധിദർശനം ഉള്ളതുകൊണ്ടും ക്രമം പ്രയോജനമുള്ളതാണ്. അനേകം വിധിവിശേഷങ്ങൾ ക്രമശാസ്ത്രത്തിൽ കാണുന്നതിനേയാണ് ഇവിടെ ശാസ്ത്രസമാധിദർശനം എന്നതുകൊണ്ടുദ്ദേശിയ്ക്കുന്നത്. ഈരണ്ടു പദം വീതം എടുത്തുകൊണ്ടാണ് ക്രമം ചൊല്ലുന്നത് എന്ന് സാമാന്യമായി നിയമം പറഞ്ഞുവെങ്കിലും അനവസാനീയങ്ങളായി പലതിനേയും പറയുക മുതലായവയെല്ലാം വിശേഷവിധികളാണ്. ഇത്തരം വിശേഷവിധികൾ പദസംഹിതകളെ ആശ്രയിയ്ക്കാതെയുള്ളതാണ്. പദസംഹിതയിൽ പറയാത്ത കാര്യങ്ങൾ ക്രമശാസ്ത്രത്തിലുണ്ട്. അവഗൃഹ്യങ്ങളായവയെ പരിഗ്രഹിയ്ക്കുക എന്നത് ക്രമത്താൽ മാത്രം വരുന്നതാണല്ലോ. പൂർവ്വാചാര്യന്മാരാൽ പലരാലും ക്രമശാസ്ത്രം സ്വീകരിയ്ക്കപ്പെട്ടിട്ടുണ്ട്. അനർത്ഥകമായ ഒന്നിനെ ആചാര്യശ്രേഷ്ഠന്മാർ സ്വീകരിയ്ക്കുമോ? ദ്വൈപദംകൊണ്ട് അംഗിരസ്സുകൾ പറഞ്ഞു (ദ്വൈപദേനാംഗിരസഃ പ്രോചുഃ) ത്രിപദംകൊണ്ട് വാലഖില്യന്മാരും (ത്രിപദേന വാലഖില്യാഃ) എന്നു ശ്രുതിയുള്ളതിനാലും ക്രമം പ്രയോജനമുള്ളതാണെന്നു സിദ്ധിയ്ക്കുന്നു.

**37. ഋതേ ന ച ദ്വൈപദസംഹിതാസ്വരൌ**
**പ്രസിദ്ധ്യതഃ പാരണകർമ്മ ചോത്തമം ।**
**ക്രമാദതോഽപ്യൃഗ്യജുഷാം ച ബ്യംഹണം**
**പദൈഃ സ്വൈരൈശ്ചാദ്ധ്യയനം തഥാ ത്രിഭിഃ ॥**

ക്രമം ഇല്ലെങ്കിൽ ദ്വൈപദസംഹിതയും ദ്വൈപദസ്വരങ്ങളും സിദ്ധിയ്ക്കുകയില്ല. ഭഗവാനായ പഞ്ചാലനാൽ നടപ്പിൽ വരുത്തപ്പെട്ട പാരായണകർമ്മങ്ങളിൽ ക്രമപാരായണം ഉത്തമമായി കരുതപ്പെടുന്നു. ദ്വൈപദംകൊണ്ട് ഋക്കുകളുടേയും, യജുസ്സുകളുടേയും ബൃംഹണം ചെയ്യപ്പെടുന്നു. സംഹിതാപാഠം, പദപാഠം, ക്രമപാഠം എന്നിങ്ങനെ മൂന്നുതരത്തിലുള്ള അദ്ധ്യയനം നിലവിലുണ്ട്.

**പതിനൊന്നാം പടലം കഴിഞ്ഞു**

## 12-സീമാപടലം

**1. ഊഷ്മാന്തസ്ഥർസോഷ്മ ചകാരവർഗ്ഗാഃ**
**നാന്തം യാന്ത്യന്യത്ര വിസർജ്ജനീയാത് ।**
**ഌകാരല്കാരൌ പരമർധമൂഷ്മണാം**
**നാദിം തകാരാദവരേ ച സപ്ത ॥**

ഊഷ്മാക്ഷരങ്ങൾ, അന്തഃസ്ഥകൾ, ഌകാരം, സോഷ്മകൾ, ചവർഗ്ഗം എന്നിവയിൽ വിസർജ്ജനീയം ഒഴികെയുള്ളവ പദങ്ങളിൽ അവസാനം വരുകയില്ല. ഌകാരം ണകാരം, ഊഷ്മാക്ഷരങ്ങളിലെ അവസാനത്തെ പകുതി തകാരത്തിൽ പൂർവ്വമുള്ള ഏഴു വർണ്ണങ്ങൾ എന്നിവ പദങ്ങളുടെ ആദ്യം വരില്ല.

ഹ്, ശ്, ഷ്, സ്, വിസർഗ്ഗം,ᳵക, ᳵപ, അനുസ്വാരം എന്നിവയാണ് ഊഷ്മാക്കൾ. ഇവയിൽ വിസർഗ്ഗം ഒഴികെയുള്ളവയാണ് പദാന്തത്തിൽ വരാത്തത്.

യ്, ര്, ല്, വ് എന്നിവയാണ് അന്തഃസ്ഥകൾ. ഖ്,ഘ്,ഛ്,ഝ്,ഠ്,ഢ്,ഥ്,ധ്,ഫ്,ഭ് എന്നിവയാണ് സോഷ്മകൾ.

ച്,ഛ്,ജ്,ഝ്,ഞ് എന്നിവ ചവർഗ്ഗം. ഈ വർണ്ണങ്ങൾ പദാന്തത്തിൽ വരുകയില്ല. അതായത് ഇവയിൽനിന്ന് ഭിന്നമായത് പദാന്തത്തിൽ വരും.

അ,ആ, ഇ, ഈ, ഉ,ഊ, ഏ,ഓ, ഐ,ഔ, ക്, ഗ്, ങ്, ട്, ഡ്, ണ്, ത്, ദ്, ന്, പ്, ബ്, മ് എന്നിവ പദാന്തത്തിൽ വരും.

**ഉദാഹരണങ്ങൾ.**

ഏവ, തയാ, അഭി, ദേവീ, വസു, ബാഹൂ, അഗ്നേ, വായോ, വൈ, തൌ, വാക്, വാഗ്, അർവാങ്, വിട്, വൃഷങ്ƒവാൻ, യത്, യദ്, ത്രിഷ്ടുപ്, ത്രിഷ്ടുബ്, ഇന്ദ്രമ്, നൃഭ്യഃ.

ൡകാരണകാരങ്ങൾ, ഊഷ്മാക്കളുടെ അവസാനത്തെ പകുതി-അതായത് വിസർഗ്ഗം, ജിഹ്വാമൂലീയം, ഉപധ്മാനീയം, അനുസ്വാരം എന്നിവ-തകാരത്തിൽ പൂർവ്വമുള്ള ഏഴുവർണ്ണങ്ങൾ-ഝ്,ഞ്,ട്,ഠ്,ഡ്,ഢ്,ണ് എന്നിവ പദാദിയിൽ വരില്ല. ഇവയല്ലാത്തവ പദാദിയിൽ വരുമെന്നർത്ഥം.

**ഉദാഹരണങ്ങൾ**

അഥ, ആശു, ഌതം, (ൡകാരമാണ് ആദിയിൽ വരാത്തത്) ഇന്ദ്രമ്, ഈഷത്, ഉത, ഊചുഃ, ഏഷഃ, ഓഷധീഃ, ഐത്, ഔക്ഷൻ, കഃ, ഖനമാനഃ, ഗംഗേ, ഘൃതം, ചിത്രം, ഛായാ, ജഗത്, തമ്, ദേവമ്, ധനമ്, നു, പരി, ഫലിനീഃ, ബലമ്, ഭയമ്, മമ, യാ, രത്നം, ല

ക്ഷ്മീഃ, വായുഃ, ഹരിണ്യാ, ശതം, ഷട്, സഃ.

2. **നാന്യോന്യേന മദ്ധ്യമാഃ സ്പർശവർഗ്ഗാഃ**
**സംയുജ്യന്തേ ന ലകാരേണ രേഫഃ ।**
**സ്പർശൈർവകാരോ ന പരൈരനുത്തമൈ–**
**സ്തഥാ തേഷാം ഘോഷിണഃ സർവ്വഘോഷ്മഭിഃ ॥**

ആകെ അഞ്ചു വർഗ്ഗങ്ങളുള്ളതിൽ കവർഗ്ഗം ആദ്യവും പവർഗ്ഗം അവസാനവും ചവർഗ്ഗടവർഗ്ഗതവർഗ്ഗങ്ങൾ അവയുടെ ഇടയിലുമാണല്ലോ വരുന്നത്. അതിനാൽ മദ്ധ്യമസ്പർശവർഗ്ഗങ്ങൾ എന്നാൽ ചവർഗ്ഗടവർഗ്ഗതവർഗ്ഗങ്ങൾ എന്നർത്ഥം. ഈ വർഗ്ഗങ്ങളിൽപ്പെട്ട വർണ്ണങ്ങൾ പരസ്പരം സംയുക്തമാകുകയില്ല. അതായത് ചവർഗ്ഗത്തിൽപ്പെട്ട വർണ്ണങ്ങൾ ടവർഗ്ഗത്തിൽപ്പെട്ട വർണ്ണങ്ങളുമായോ തവർഗ്ഗത്തിൽപ്പെട്ട വർണ്ണങ്ങളുമായോ സംയുക്തമാകുകയില്ല. അതുപോലെ ടവർഗ്ഗതവർഗ്ഗങ്ങളും. അവ തന്റേതന്നെ വർഗ്ഗത്തിൽപ്പെട്ട വർണ്ണങ്ങളുമായാണ് സംയുക്തമാവുക. കവർഗ്ഗത്തിൽപ്പെട്ട വർണ്ണങ്ങളുമായോ പവർഗ്ഗത്തിൽപ്പെട്ട വർണ്ണങ്ങളുമായോ സംയുക്തമാവുകയും ചെയ്യും. മധ്യമവർഗ്ഗങ്ങളിൽ തന്റേതല്ലാത്ത വർഗ്ഗത്തിലുള്ള വർണ്ണങ്ങളുമായി സംയുക്തമാകുകയില്ല എന്നു സാരം.

യജ്ഞനീഃ (1.15.2) ഇവിടെ ജകാരഞകാരങ്ങൾ പരസ്പരം സംയുക്തമായിരിയ്ക്കുന്നു.

സുഷ്ടു (8.22.16) ഇവിടെ ടകാരഠകാരങ്ങൾ പരസ്പരം സംയുക്തമായിരിയ്ക്കുന്നു. 'ഇന്ദോ' (1.43.8). ഇവിടെ നകാരദകാരങ്ങൾ പരസ്പരം സംയുക്തമായിരിയ്ക്കുന്നു.

ഇവയെല്ലാം അതാതു വർഗ്ഗങ്ങളിലെത്തന്നെ വർണ്ണങ്ങളാണ്.

1. വാക്തങ്ഗായ ധീയതേ (10.189.3) ഇവിടെ ക്ത എന്ന സംയുക്തം കകാരവും തകാരവും തമ്മിൽ വന്നിരിയ്ക്കുന്നു. കവർഗ്ഗം മദ്ധ്യമവർഗ്ഗത്തിൽപ്പെട്ടതല്ലല്ലോ. 2. ലകാരവുമായി രേഫം സംയുക്തമാകില്ല. 3. വർഗ്ഗങ്ങളിൽ അവസാനം വരുന്നതല്ലാത്ത സ്പർശാക്ഷരങ്ങൾ പരമായി വന്നാൽ വകാരം സംയുക്തമാകില്ല.

ക്വ, ജ്വലയന്തീ, അനഡ്വാഹൌ, ത്വാം വിഭ്വാ- ഇവിടങ്ങളിലെല്ലാം വകാരത്തിന്റെ പൂർവ്വമാണ് അനുത്തമങ്ങളായ സ്പർശങ്ങൾ വന്നിരിയ്ക്കുന്നത്.

ദധിക്രാവ്ണഃ എന്ന പദത്തിൽ വകാരം ണകാരവുമായിച്ചേർന്ന് സംയുക്തമുണ്ടായിരിയ്ക്കുന്നു. ഇവിടെ വർഗ്ഗത്തിൽ അവസാനം വരുന്ന ണകാരം പരമായിട്ടാണ് വരുന്നത്. പഞ്ചമാക്ഷരഭിന്ന

ങ്ങളായ വർഗ്ഗാക്ഷരമാണെങ്കിൽ വകാരത്തിന്റെ പൂർവ്വവും പഞ്ച മാക്ഷരമാണെങ്കിൽ വകാരത്തിന് ശേഷവുമായിട്ടാണ് വകാരംസം യുക്തങ്ങളിൽ വരുക എന്നു സാരം.

സ്പർശാക്ഷരങ്ങളിൽ പഞ്ചമാക്ഷരമൊഴികേയുള്ള ഘോഷാ ക്ഷരങ്ങൾ ഊഷ്മാക്കളുമായി പൂർവ്വത്തിലായാലും പരത്തിലാ യാലും സംയുക്തമാവുകയില്ല. അഘോഷങ്ങൾക്ക് ഊഷ്മാക്കളു മായി സംയോഗം വരും.

സ്കംഭതുഃ (6.72.2)- ഇവിടെ സകാരവുമായി അഘോഷമാ യ കകാരം സംയുക്തമായിരിയ്ക്കുന്നു.

ശ്ചോതന്തി-ഇവിടെ ശകാരവുമായി അഘോഷമായ ചകാ രം സംയുക്തമായിരിയ്ക്കുന്നു.

സ്തൌതി-ഇവിടെ സകാരവുമായി അഘോഷമായ തകാ രം സംയുക്തമായിരിയ്ക്കുന്നു.

ത്സരു വത്സം-ഇവിടെ തകാരം ആദ്യവും സകാരം പിന്നീടും വരുന്ന സംയുക്തം. പൃശ്നി, വിഷ്ണു, സ്മ എന്നീ പദങ്ങളിൽ പ ഞ്ചമങ്ങൾക്ക് അവ ഘോഷങ്ങളാണെങ്കിലും ഊഷ്മാക്കളുമായി സംയോഗം വന്നിരിയ്ക്കുന്നു.

**3. നാന്ത്യാന്തഃസ്ഥാ ന പ്രഥമോഷ്മഭിഃ പരൈർ-**
**ന്ന രേഫോ രേഫേണ ന സോഷ്മണോഷ്മവാൻ I**
**ന സ്പർശൈരൂഷ്മാ പ്രഥമഃ പരഃ സൻ**
**നാനുത്തമൈഃ സ ച സോഷ്മാ ച പൂർവ്വൌ II**

1. അവസാനത്തേയും ആദ്യത്തേയും അന്തഃസ്ഥകൾ പരത്തി ലുള്ള ഊഷ്മാക്കളുമായി സംയുക്തമാകുകയില്ല. അതായത് പൂർവ്വ ത്തിലുള്ള ഊഷ്മാക്കളുമായാണ് സംയുക്തമാകുക. അവസാന ത്തെ അന്തഃസ്ഥ=വ; ആദ്യത്തെ അന്തഃസ്ഥ=യ.

ശ്യാവാശ്വസ്യ-ഈ പദത്തിൽ മൂന്നു സംയുക്തങ്ങളുണ്ട്. ആ ദ്യത്തേത് ശ്യാ-എന്നത്. പൂർവ്വത്തിലുള്ള ശ എന്ന ഊഷ്മാവുമാ യി ആദ്യത്തെ അന്തഃസ്ഥയായ യകാരം സംയുക്തമായിരിയ്ക്കു ന്നു. ശ്വ എന്ന രണ്ടാമത്തെ സംയുക്തത്തിൽ ശ-യുമായി അന്ത്യാ ന്തഃസ്ഥയായ വകാരം സംയുക്തമായിരിയ്ക്കുന്നു. സ്യ എന്ന മൂ ന്നാമത്തെ സംയുക്തത്തിൽ സകാരമാകുന്ന ഊഷ്മാവുമായി യ എന്ന ആദ്യാന്തഃസ്ഥയ്ക്ക് സംയോഗം വന്നിരിയ്ക്കുന്നു.

സ്വാഹാ എന്ന പദത്തിൽ പൂർവ്വമുള്ള സകാരവുമായി വകാ രത്തിന് സംയോഗം വന്നിരിയ്ക്കുന്നു.

ആദ്യത്തേയും അവസാനത്തേയും അന്തഃസ്ഥകൾക്കു മാത്ര

മേ പൂർവ്വമുള്ള ഊഷ്മാക്കളുമായി സംയോഗം വരികയുള്ളൂ എന്ന നിയമമുള്ളൂ. ഇടയിൽ വരുന്ന അന്തഃസ്ഥകളായ രേഫം, ലകാരം എന്നിവ പരമായുള്ള ഊഷ്മാക്കളുമായും സംയുക്തമാകും.

അദർശി എന്ന പദത്തിൽ രേഫം കഴിഞ്ഞുവരുന്ന ശകാരവുമായി സംയോഗം കാണുന്നുണ്ട്. ശതവല്ശഃ എന്ന പദത്തിൽ ലകാരം കഴിഞ്ഞുവരുന്ന ശകാരവുമായി സംയോഗം കാണുന്നു.

2. രേഫം രേഫവുമായി സംയുക്തമാകില്ല. മറ്റു വർണ്ണങ്ങളുമായി മാത്രമേ സംയോഗം വരികയുള്ളൂ. അര്യമാ എന്ന പദത്തിൽ രേഫത്തിന് യകാരവുമായി സംയോഗം വന്നിരിയ്ക്കുന്നു.

3. സോഷ്മമായ വർണ്ണവുമായി ഊഷ്മാവാനായ വർണ്ണം സംയുക്തമാകില്ല. സോഷ്മാവായ വർണ്ണവുമായി അന്തഃസ്ഥ മുതലായ മറ്റു വർണ്ണങ്ങൾ സംയുക്തമാകും.

തുച്ഛ്യേനാഭ്വപിഹിതം (10.129.3). ഇവിടെ ച്ഛ്യ എന്നതും ഭ്വ എന്നതും സംയുക്തങ്ങളാണ്. ച്ഛ്യ എന്നതിൽ ഛകാരമാകുന്ന സോഷ്മവർണ്ണം യ എന്ന അന്തഃസ്ഥയുമായി സംയുക്തമായിരിയ്ക്കുന്നു. ഭ്വ എന്ന അക്ഷരത്തിൽ ഭകാരമാകുന്ന സോഷ്മ വ എന്ന അന്തഃസ്ഥയുമായി സംയുക്തമായിരിയ്ക്കുന്നു.

4. സ്പർശാക്ഷരങ്ങളുമായി ആദ്യത്തെ ഊഷ്മാവ് പരമായിട്ട് വന്നാൽ സംയുക്തമാകില്ല. പൂർവ്വമാണെങ്കിൽ സംയുക്തമാകും. (ആദ്യത്തെ ഊഷ്മാവ്=ഹകാരം).

പൂർവ്വാഹ്നേ എന്ന പദത്തിൽ ആദ്യത്തെ ഊഷ്മാവായ ഹകാരം പൂർവ്വത്തിൽനിന്നുകൊണ്ട് സ്പർശാക്ഷരമായ നകാരവുമായി സംയുക്തമായിരിയ്ക്കുന്നു.

സ്പർശാക്ഷരവുമായി സംയുക്തമാവുമ്പോൾ മാത്രമേ ആദ്യത്തെ ഊഷ്മാവ് (ഹകാരം) പൂർവ്വവും സ്പർശം പിന്നീടും എന്ന നിർബന്ധമുള്ളൂ. അന്തഃസ്ഥയുമായിട്ടാണെങ്കിൽ ഊഷ്മാവ് പരമായാലും സംയുക്തമാകും.

ബർഹിഃ എന്ന പദത്തിൽ ഹകാരം രേഫം കഴിഞ്ഞിട്ടാണല്ലോ വരുന്നത്.

5. അനുത്തമങ്ങളായ (അവസാനത്തേതല്ലാത്ത) സ്പർശങ്ങളോടുകൂടി ഹകാരവും സോഷ്മകളും പൂർവ്വത്തിൽനിന്നുകൊണ്ട് സംയുക്തമാകില്ല. ഉത്തമങ്ങളോടുകൂടി (അവസാനത്തെ വർണ്ണങ്ങളോടുകൂടി) ഹകാരവും സോഷ്മകളും സംയുക്തമാകും.

ബ്രഹ്മ എന്ന പദത്തിൽ ഹകാരം മകാരവുമായി ചേർന്നിരിയ്ക്കുന്നു. വൃത്രഘ്നഃ എന്ന പദത്തിൽ സോഷ്മ ആയ ഘകാരം

പരത്തിലുള്ള നകാരവുമായി ചേർന്നിരിയ്ക്കുന്നു.

അമഥ്നാത് എന്ന പദത്തിൽ സോഷ്മയായ ഥകാരം നകാരവുമായി സംയുക്തമായിരിയ്ക്കുന്നു.

**4. നാനുത്തമാ ഘോഷിണോ***ഽ***ഘോഷിഭിഃ സഹ**
**സ്പർശൈഃ സ്പർശാഃ നോത്തമാ ഊഷ്മഭിഃ പരൈഃ ।**
**ലകാര സ്പർശൈർന്ന യകാര ഉത്തരൈ–**
**രൂഷ്മാണോ***ഽ***ന്യോന്യേന ച ന ഋക്പദേഷ്വിദമ്. ॥**

(1). അനുത്തമങ്ങളായ അതായത് ങ, ഞ, ണ, ന, മ എന്നിവ യല്ലാത്ത ഘോഷങ്ങളായ സ്പർശങ്ങൾ അഘോഷങ്ങളായ സ്പർശങ്ങളോടുകൂടി (അഘോഷങ്ങളായ സ്പർശങ്ങൾ പൂർവ്വത്തിലായാലും പരത്തിലായാലും) സംയുക്തമാകില്ല. ഉത്തമങ്ങളായ (അവസാനത്തേതായ ങ, ഞ, ണ, ന, മ എന്നിവകൾ) സ്പർശങ്ങൾ അഘോഷങ്ങളോടുകൂടീ സംയുക്തമാകും. എന്നു താത്പര്യം.

പലിക് നീഃ എന്ന പദത്തിൽ പൂർവ്വത്തിലുള്ള അഘോഷമായ കകാരവുമായി ഘോഷമായ നകാരം സംയുക്തമായിരിയ്ക്കുന്നു. അമഥ്നാത് എന്ന പദത്തിൽ പൂർവ്വത്തിലുള്ള അഘോഷമായ ഥകാരവുമായി ഘോഷമായ നകാരം സംയുക്തമായിരിയ്ക്കുന്നു.

യ ഈങ്ഖയന്തി- ഇവിടെ ഘോഷമായ ങകാരം അഘോഷമായ ഖകാരവുമായി ഘോഷമായ നകാരം സംയുക്തമായിരിയ്ക്കുന്നു.

പന്ഥാഃ എന്ന പദത്തിൽ ഘോഷമായ നകാരം പരമായ അഘോഷത്തോടു് (ഥകാരത്തോടുകൂടി) സംയുക്തമായിരിയ്ക്കുന്നു.

(2). ഉത്തമങ്ങളായ സ്പർശങ്ങൾ (ങ, ഞ, ണ, ന, മ എന്നിവ) പരമായി വരുന്ന ഊഷ്മാക്കളുമായി സംയുക്തമാകില്ല. (അതായത് പൂർവ്വത്തിൽ വരുന്ന ഊഷ്മാക്കളുമായേ സംയുക്തമാകുകയുള്ളൂ)

ബ്രഹ്മാ എന്ന പദത്തിൽ പൂർവ്വത്തിലുള്ള ഊഷ്മാവുമായിട്ടാണ് ഉത്തമസ്പർശമായ മകാരം സംയുക്തമായിരിയ്ക്കുന്നത്.

വിഷ്ണുഃ എന്ന പദത്തിൽ പൂർവ്വത്തിലുള്ള ഊഷ്മാവായ ഷകാരത്തോടുകൂടി ഉത്തമസ്പർശമായ ണകാരം സംയുക്തമായിരിയ്ക്കുന്നു.

സ്മ എന്ന പദത്തിൽ പൂർവ്വത്തിലുള്ള ഊഷ്മാവായ സകാരവുമായി ഉത്തമസ്പർശമായ മകാരം സംയുക്തമായിരിയ്ക്കുന്നു.

പൃശ്നിഃ എന്ന പദത്തിൽ പൂർവ്വത്തിലുള്ള ഊഷ്മാവായ ശ

കാരത്തോടുകൂടി ഉത്തമസ്പർശമായ നകാരം സംയുക്തമായിരിയ്ക്കുന്നു.

ഉത്തമങ്ങളായ സ്പർശങ്ങൾക്കുമാത്രമേ പൂർവ്വത്തിലുള്ള ഊഷ്മാക്കളുമായി സംയുക്തമാകുകയുള്ളൂ എന്ന നിയമമുള്ളൂ. അനുത്തമങ്ങളായ സ്പർശങ്ങൾ പരത്തിലുള്ള ഊഷ്മാക്കളുമായി സംയുക്തമാകും.

അപ്സു എന്ന പദത്തിൽ പകാരം പരത്തിലുള്ള ഊഷ്മാവായ സകാരവുമായി സംയുക്തമായിരിയ്ക്കുന്നു.

(3). പരത്തിലുള്ള (പിന്നീടുവരുന്ന) ലകാരം സ്പർശങ്ങൾ എന്നിവയുമായി യകാരം സംയുക്തമാകില്ല. അതായത് പൂർവ്വത്തിലുള്ള ലകാരവുമായും സ്പർശങ്ങളുമായുമാണ് യകാരം സംയുക്തമാകുക.

വിബാല്യം എന്ന പദത്തിൽ പൂർവ്വത്തിലുള്ള ലകാരവുമായി യകാരം സംയുക്തമായിരിയ്ക്കുന്നു.

ദൂഢ്യഃ, സത്യം, ആരഭ്യ എന്നീ പദങ്ങളിൽ പൂർവ്വത്തിലുള്ള സ്പർശങ്ങളായ ഢകാരം, തകാരം, ഭകാരം എന്നിവയുമായി യകാരം സംയുക്തമായിരിയ്ക്കുന്നു.

(4). ഊഷ്മാക്ഷരങ്ങളിൽ ഒന്ന് മറ്റൊന്നുമായി സംയുക്തമാകില്ല. എന്നാൽ ഓരോന്നും അവയുടെതന്നെ മറ്റൊന്നുമായി (ശകാരം ശകാരത്തോട്, ഷകാരം ഷകാരത്തോട് എന്നിങ്ങനെ) സംയുക്തമാകും.

ശുനശ്ശേഫഃ എന്ന പദത്തിൽ ഒരു ശകാരം മറ്റൊരു ശകാരവുമായി സംയുക്തമായിരിയ്ക്കുന്നു.

നിഷ്ഷപീ എന്ന പദത്തിൽ ഒരു ഷകാരം മറ്റൊരു ഷകാരവുമായി സംയുക്തമായിരിയ്ക്കുന്നു.

(5). ഋക്കുകളിൽ ഒരു പദത്തിന്റെ ഉള്ളിൽത്തന്നെ വരുന്ന പ്രത്യേകതകളാണ് ഈ പടലത്തിൽ ഇതുവരെ പറഞ്ഞത്. രണ്ടു പദങ്ങൾ തമ്മിൽ ചേരുമ്പോഴത്തെ (പദസന്ധി വരുന്നേടത്തെ) കാര്യമല്ല പറഞ്ഞത്. ആയതിനാൽ വഷട്തേ (7.99.7) എന്ന ഋക്കിൽ വഷട് തേ എന്നിങ്ങനെ ചേർന്ന് സന്ധി വന്നിട്ടുണ്ട്. 'നാന്യോന്യേന മദ്ധ്യമാഃ സ്പർശവർഗ്ഗാഃ ' എന്ന നിയമം ഇവിടെ ബാധകമല്ല. ടവർഗ്ഗതവർഗ്ഗങ്ങൾ തമ്മിൽ ഇവിടെ ചേർന്നിരിയ്ക്കുന്നുണ്ട്.

സുമദംശുർ ലലാമീഃ (1.100.16)– ഇവിടെ 'നകാരലകാരേണ രേഫഃ' (12/2) (ലകാരവുമായി രേഫം ചേർന്നിരിയ്ക്കുകയില്ല) എന്ന നിയമം ഈ സന്ധിയിൽ ബാധകമല്ല.

ദേവാൻഹുവേ (10.66.1)-ഇവിടെ 'നോത്തമാ ഊഷ്മഭിഃ പരൈഃ' (12/4) (ഉത്തമങ്ങളായ സ്പർശങ്ങൾ പരത്തിലുള്ള ഊഷ്മാക്കളുമായി സംയുക്തമാകില്ല) എന്ന നിയമം വരില്ല.

5. **നാമാഖ്യാതമുപസർഗോ നിപാത-**
   **ശ്ചത്വാര്യാഹുഃ പദജാതാനി ശാബ്ദാഃ ।**
   **തന്നാമ യേനാഭിദധാതി സത്വം**
   **തദാഖ്യാതം യേന ഭാവം സ ധാതുഃ ॥**

ശബ്ദശാസ്ത്രത്തെ അറിയുന്നവർ നാമം, ആഖ്യാതം, ഉപസർഗ്ഗം, നിപാതം എന്നിങ്ങനെ പദസമൂഹം നാലുതരത്തിലാണെന്നു പറയുന്നു.

വക്താവ് ഏതൊരു പദംകൊണ്ടാണോ ദ്രവ്യത്തെ പറയുന്നത് ആ പദത്തെ നാമം എന്നു പറയുന്നു. അഗ്നി, ഇന്ദ്രൻ, മിത്രൻ, വരുണൻ തുടങ്ങിയവ നാമങ്ങളാണ്. ഏതൊന്നാണോ ഒരു ധാതുവിനെ ഉൾക്കൊള്ളുന്നതും ഏതെങ്കിലുമൊരു ഭാവത്തെ പറയുന്നതും ആ പദമാണ് ആഖ്യാതം. 'ഹതം നുദേഥാം നിശിശീതമത്രിണഃ' (7.104.1)-ഇവിടെ ഹതം, നുദേഥാം, നിശിശീതം എന്നിവ ആഖ്യാതങ്ങളാണ്.

6. **പ്രാഭ്യാപരാ നിർദുരനുവ്യുപാപസം**
   **പരിപ്രതിന്യത്യധി സൂദവാപി ।**
   **ഉപസർഗ്ഗാ വിംശതിരർത്ഥവാചകാഃ**
   **സഹേതരാഭ്യാമിതരേ നിപാതാഃ ॥**

പ്ര, അഭി, ആ, പരാ, നിഃ, ദുഃ, അനു, വി, ഉപ, അപ, സം, പരി, പ്രതി, നി, അതി, അധി, സു, ഉത്, അവ, അപി എന്നിങ്ങനെ 20 എണ്ണം ഉപസർഗ്ഗങ്ങളാണ്. ഇവ നാമങ്ങളുമായും ആഖ്യാതങ്ങളുമായും ചേർന്നുകൊണ്ട് അർത്ഥവാചകങ്ങളായിത്തീരുന്നു. (ഒറ്റയ്ക്ക് അർത്ഥത്തെ പറയുന്നില്ല എന്നു സാരം) നാമം, ആഖ്യാതം, ഉപസർഗ്ഗം എന്നിവയിൽനിന്ന് ഭിന്നമായവ നിപാതങ്ങളാകുന്നു.

പ്രയാണേ ജാതവേദസഃ (8.43.6) ഇവിടെ പ്ര എന്നത് നാമത്തിന്റെ ഭാഗമായിനിന്നുകൊണ്ട് അർത്ഥബോധകമാവുന്നു.

പ്ര ദേവം ദേവ്യാ ധിയാ ഭാരത (10.176.2)

ഇവിടെ പ്ര എന്നത് ഭരത എന്ന ക്രിയയുമായി ചേർന്നുനിന്നുകൊണ്ട് അർത്ഥബോധകമാകുന്നു. അഭിഷ്ടനേ തേ അദ്രിവഃ (1.80.14)- ഇവിടെ നാമത്തിന്റെ ഭാഗമായി നിന്നുകൊണ്ട് അഭി എന്നത് അർത്ഥബോധകമാവുന്നു.

അഭിഷ്യാമ രക്ഷസഃ (10.132.2)- ഇവിടെ ക്രിയാപദവുമായി ചേർന്ന് അഭി എന്നത് അർത്ഥബോധകമാവുന്നു.

ഇപ്രകാരം പ്ര മുതലായ ഇരുപതെണ്ണവും നാമപദവുമായും ക്രിയാപദവുമായും ചേർന്ന് അർത്ഥത്തെ ബോധിപ്പിയ്ക്കുന്നു.

**7. വിംശതേരുപസർഗ്ഗാണാമുച്ചാ ഏകാക്ഷരാ നവ I**
**ആദ്യുദാത്താ ദശ തേഷാമന്തോദാത്തസ്ത്വഭീത്യയം II**

ഇരുപത് ഉപസർഗ്ഗങ്ങളിൽ ഏകാക്ഷരങ്ങളായ പ്ര, ആ, നിഃ, ദുഃ, വി, സം, നി, സു, ഉത് എന്നീ ഒമ്പതെണ്ണം ഉദാത്തസ്വരത്തോടുകൂടിയതാണ് (ഉച്ചം=ഉദാത്തം)

പരാ, അനു, ഉപ, അപ, പരി, പ്രതി, അതി, അധി, അവ, അപി എന്നീ പത്തെണ്ണം ആദ്യുദാത്തങ്ങളാണ്. അഭി എന്നത് അന്തോദാത്തമാണ്.

ഉദാത്തം, അനുദാത്തം, സ്വരിതം എന്നിങ്ങനെ സ്വരങ്ങൾ മൂന്നുതരത്തിൽ വരും. എല്ലാ പദങ്ങളിലും ഒരക്ഷരം ഉദാത്തമോ സ്വരിതമോ ആയിരിയ്ക്കും. ബാക്കിയുള്ളവ അനുദാത്തങ്ങളായിരിയ്ക്കും. ഇത് ഒരു സാമാന്യനിയമമാണ്. എല്ലാം അനുദാത്തമായിട്ടും കുറച്ചു പദങ്ങളുണ്ട്. ഉദാത്തവും സ്വരിതവും അൽപ്പമേ വരികയുള്ളൂ എന്നതിനാൽ ഉദാത്തശബ്ദംകൊണ്ടും, സ്വരിതശബ്ദം കൊണ്ടും പദങ്ങളെ പറയുന്നു. ആദ്യത്തെ അക്ഷരം ഉദാത്തമായ പദത്തിനെ ആദ്യുദാത്തമെന്നും, മധ്യത്തിലുള്ള അക്ഷരം ഉദാത്തമായ പദത്തെ മധ്യോദാത്തമെന്നും, അന്ത്യത്തിലുള്ള അക്ഷരം ഉദാത്തമായ പദത്തിനെ അന്തോദാത്തം എന്നും പറയുന്നു. ഇതേപോലെ ആദ്യസ്വരിതം, മദ്ധ്യസ്വരിതം, അന്തസ്വരിതം എന്നും പദങ്ങൾ വ്യവഹരിയ്ക്കപ്പെടാം.

ഉപസർഗ്ഗങ്ങൾ ഏകാക്ഷരങ്ങളായും, ദ്വ്യക്ഷരങ്ങളായും വരുന്നുണ്ട്. അവയിൽ ഏകാക്ഷരങ്ങളായവ എല്ലാം ഉദാത്തങ്ങളാണ്. ഏകാക്ഷരങ്ങളായതിനാൽ ആദ്യമധ്യാന്തഭേദം പറയാറില്ല.

ദ്വ്യക്ഷരങ്ങളായവയിൽ അഭി എന്നതൊഴികെ മറ്റെല്ലാം ആദ്യുദാത്തങ്ങളാണ്. അഭി അന്തോദാത്തമാണ്.

**8. ക്രിയാവാചകമാഖ്യാതമുപസർഗോ വിശേഷകൃത് I**
**സത്ത്വാഭിധായകം നാമ നിപാതഃ പാദപൂരണഃ II**

ക്രിയാവാചകത്തെ ആഖ്യാതമെന്നു പറയുന്നു. ഉപസർഗം ധാത്വർത്ഥത്തിന് ചില മാറ്റം വരുത്തുന്നു. ദ്രവ്യവാചകമാണ് നാമം. നിപാതം പാദപൂരണവും.

**9. നിപാതാനാമർത്ഥവശാന്നിപാതനാൽ**
**അനർത്ഥകാനാമിതരേ ച സാർത്ഥകാഃ ।**
**നേയന്ത ഇത്യസ്തി സംഖ്യേഹ വാങ്മയേ**
**മിതാക്ഷരേ ചാപ്യമിതാക്ഷരേ ച യേ ॥**

ചില നിപാതങ്ങൾ ചില പ്രത്യേകാർത്ഥങ്ങളിൽ നിപതിപ്പിയ്ക്കപ്പെട്ടിട്ടുണ്ട്. അതിനാൽ ചിലത് സാർത്ഥകങ്ങളും ചിലത് അനർത്ഥകങ്ങളുമാണ്. എങ്കിലും അവ പദ്യത്തിലും ഗദ്യത്തിലും ഇത്രയേ വരൂ എന്നു പറയാനാകില്ല.

**പന്ത്രണ്ടാം പടലം കഴിഞ്ഞു**

## രണ്ടാം അദ്ധ്യായം അവസാനിച്ചു

## അദ്ധ്യായം-3
## 13-ാം പടലം-ശിക്ഷാപടലം

1. **വായുഃ പ്രാണഃ കോഷ്ഠ്യമനുപ്രദാനം**
**കണ്ഠസ്യ ഖേ വിവൃതേ സംവൃതേ വാ ।**
**ആപദ്യതേ ശ്വാസതാം നാദതാം വാ**
**വക്ത്രീഹായാമുഭയം വാന്തരോഭൌ ॥**

വക്താവിന് പറയണമെന്ന ഇച്ഛയുണ്ടാകുമ്പോൾ ശ്വാസകോശങ്ങളിൽനിന്ന് (ഉദരഭാഗത്തുനിന്ന്) പുറത്തേയ്ക്കു തള്ളിവരുന്ന പ്രാണവായു കണ്ഠദേശത്തുള്ള ദ്വാരം തുറന്നിരിയ്ക്കുകയാണെങ്കിൽ ശ്വാസതയേയും അടഞ്ഞിരിയ്ക്കുകയാണെങ്കിൽ നാദതയേയും മുഴുവനായും തുറക്കപ്പെടുകയോ അടയ്ക്കപ്പെടുകയോ ചെയ്തിട്ടില്ലെങ്കിൽ ശ്വാസ-നാദതയേയും പ്രാപിയ്ക്കുന്നു.

2. **താ വർണ്ണാനാം പ്രകൃതയോ ഭവന്തി**
**ശ്വാസോഽഘോഷാണാമിതരേഷാം തു നാദഃ ।**
**സോഷ്മോഷ്മണാം ഘോഷിണാം ശ്വാസനാദൌ**
**തേഷാം സ്ഥാനം പ്രതി നാദാത് തദുക്തം ॥**

ശ്വാസം, നാദം, ശ്വാസനാദങ്ങളാകുന്ന ഉഭയം എന്നിവ വർണ്ണങ്ങളുടേയും പ്രകൃതിയാകുന്നു. അഘോഷങ്ങളായ വർണ്ണങ്ങൾക്ക് ശ്വാസവും മറ്റുള്ളവയ്ക്ക്, അതായത് ഘോഷങ്ങൾക്കും സ്വരങ്ങൾക്കും, നാദവും പ്രകൃതിയാണ്. ഘോഷങ്ങളായ സോഷ്മങ്ങൾക്കും ഊഷ്മാവിനും (വർഗചതുർത്ഥങ്ങൾക്കും ഹകാരത്തിനും ശ്വാസനാദങ്ങൾ (ഉഭയങ്ങൾ) പ്രകൃതിയാണ്.

ചുരുക്കിപ്പറഞ്ഞാൽ അഘോഷങ്ങൾ ശ്വാസാനുപ്രദാനങ്ങളും ഹകാര-വർഗചതുർത്ഥങ്ങൾ ഉഭയാനുപ്രദാനങ്ങളും ശേഷമുള്ളവ നാദാനുപ്രദാനങ്ങളുമാണ്.

ശ്വാസം, നാദം, ശ്വാസ-നാദോഭയം ഇവകളുടെ സ്ഥാനത്തെപ്പറ്റി നാദത്തെക്കുറിച്ച് വ്യാഖ്യാനിച്ചപ്പോൾ പറഞ്ഞിട്ടുണ്ട്.

(ആറാമത്തെ പടലത്തിൽ നാദഃ പരോഭിനിധാനാദ്ധ്രുവം തത്തദ് കാലസ്ഥാനം (6/11) (ഘോഷാക്ഷരത്തിന്റെ അഭിനിധാനത്തിൽനിന്ന് പരമായി നാദം ആഗമമായി വരുന്നു, അതിന് ധ്രുവം എന്നു പേര്. ഇത് അഭിനിധാനത്തിന്റെ കാലം, സ്ഥാനം എന്നിവകളോടുകൂടിയതാണ്) എന്ന വാക്യംകൊണ്ട് പറയപ്പെട്ടു)

3. **തദ്വിശേഷഃ കരണം സ്പൃഷ്ടമസ്ഥിതം**
**ദുസ്പൃഷ്ടന്തു പ്രാഗ്ഘകാരാച്ചതുർണ്ണാം ।**

**സ്വരാനു സ്വാരോഷ്മണാമസ്പൃഷ്ടം സ്ഥിതം**
**നൈകേ കണ്ഠ്യസ്യ സ്ഥിതമാഹുരൂഷ്മണഃ ॥**

വർണ്ണങ്ങളുടെ വ്യത്യസ്തതയ്ക്കു ഒരു കാരണം കരണമാണ്. സ്പർശങ്ങളുടെ കരണം സ്പൃഷ്ടമാണ്. ഇത് അസ്ഥിതം എന്നറിയപ്പെടുന്നു.

ദുസ്പൃഷ്ടം (**ഈഷത്സ്പൃഷ്ടം**) ഹകാരത്തിനുമുൻപുള്ള നാലു വർണ്ണങ്ങൾക്കാണ്. (അതായത് യ, ര, ല, വ എന്നീ അന്തഃസ്ഥകൾക്ക്)

സ്വരം, അനുസ്വാരം, ഊഷ്മാക്കൾ എന്നിവയ്ക്ക് അസ്പൃഷ്ടമാണ് കരണം. അത് സ്ഥിതം എന്നറിയപ്പെടുന്നുന്നു.

ചില ആചാര്യന്മാർ കണ്ഠസ്ഥാനികങ്ങളായ ഊഷ്മാക്കൾക്ക് - ഹ, വിസർഗ്ഗം എന്നിവയ്ക്ക്- അസ്പൃഷ്ടം കരണമല്ല എന്ന് അഭിപ്രായപ്പെടുന്നു.

(നൈകേ കണ്ഠ്യസ്യ എന്നതിന് മറ്റു ചിലർ അകണ്ഠ്യമായ ഊഷ്മാക്കൾക്ക് എന്നും വ്യാഖ്യാനിയ്ക്കുന്നുണ്ടെന്ന് ഉവടൻ വ്യക്തമാക്കുന്നു)

4. **പ്രയോക്തുരീഹാഗുണസന്നിപാതേ**
**വർണ്ണീഭവൻ ഗുണവിശേഷയോഗാത് ।**
**ഏകഃ ശ്രുതീഃ കർമ്മണാപ്നോതി ബഹ്വീ**
**രേകേ വർണ്ണാഞ്ഛാശ്വതികാൻ ന കാര്യാൻ ॥**

ഉച്ചരിയ്ക്കുന്ന ആളുകളുടെ ഉച്ചരിയ്ക്കണം എന്ന ആഗ്രഹം (അഥവാ ആഗ്രഹം മൂലമുണ്ടാകുന്ന പ്രയത്നം) ആകുന്ന ഗുണവുമായി സമ്മേളിച്ചു വർണ്ണമായിത്തീരുന്ന കണ്ഠസ്ഥിതനായ ഒറ്റയായ വായു മറ്റു ഗുണങ്ങളുടേയും സംയോഗം നിമിത്തം ഉള്ള കർമ്മത്താൽ അനേകം രൂപങ്ങളെ പ്രാപിയ്ക്കുന്നു.

അനുപ്രദാനം, സംസർഗ്ഗം, സ്ഥാനം, കരണം, പരിമാണം എന്നിവയുമായുള്ള സംയോഗമാണ് വർണ്ണങ്ങൾക്ക് ശ്രുതിയിൽ (കേൾവിയിൽ) ഭേദത്തെ ഉണ്ടാക്കുന്നത്.

വർഗ്ഗത്തിലെ അഞ്ചക്ഷരങ്ങൾക്കും സ്ഥാനം കരണം എന്നിവ തുല്യമാണെങ്കിലും പ്രഥമാക്ഷരതൃതീയാക്ഷരങ്ങൾ കേൾക്കുമ്പോൾ ഭിന്നമായിരിയ്ക്കുന്നത് അനുപ്രദാനഭേദംകൊണ്ടാണ്. ഹകാരം വിസർഗ്ഗം എന്നിവയ്ക്കും, അതുപോലെത്തന്നെ. വർഗ്ഗദ്വിതീയങ്ങൾക്കും വർഗ്ഗചതുർത്ഥങ്ങൾക്കും തമ്മിലും ഉള്ള ശ്രുതിഭേദവും അനുപ്രദാനഭേദംകൊണ്ടുതന്നെ.

അനുപ്രദാനാൽ സംസർഗ്ഗാത്

സ്ഥാനാത് കരണവിഭ്രമാത് ।
ജായതേ വർണ്ണവൈശേഷ്യം
പരിമാണാച്ച പഞ്ചമാത് ॥(തൈ.പ്രാ-23.2)

എന്ന കാരികയും ഇക്കാര്യം ഉറപ്പിച്ചുപറയുന്നു.

ചില ആചാര്യന്മാർ അകാരം മുതലായ വർണ്ണങ്ങൾ നിത്യങ്ങളാണെന്നു പറയുന്നു; അല്ലാതെ അവ അനിത്യങ്ങളല്ല.

**5. ആഹുർഘോഷം ഘോഷവതാമകാരം**
**ഏകേ/നുസ്വാരമനുനാസികാനാം ।**
**സോഷ്മതാഞ്ച സോഷ്മണാമൂഷ്മണാഹുഃ**
**സസ്ഥാതേന ഘോഷിണാം ഘോഷിണൈവ ॥**

ഘോഷവത്തായ വർണ്ണങ്ങളിൽ ഘോഷത്വം ജനിപ്പിയ്ക്കുന്നത് അകാരമാണെന്ന് ചില ആചാര്യന്മാർ പറയുന്നു.

വർഗ്ഗങ്ങളുടെ തൃതീയചതുർത്ഥപഞ്ചമങ്ങളും അന്തഃസ്ഥകളും ഹകാരവും ഘോഷങ്ങളാണല്ലോ.

അനുനാസികങ്ങളായ വർണ്ണങ്ങൾക്ക് അതേ ആചാര്യന്മാർ അനുസ്വാരമാകുന്ന ഘോഷത്തെ പറയുന്നു. (അതായത് അനുസ്വാരമാണ് അനുനാസികങ്ങൾക്ക് ഘോഷത്വം ജനിപ്പിയ്ക്കുന്നത്)

സോഷ്മങ്ങളായ വർണ്ണങ്ങൾക്ക് സോഷ്മത്വം ഉണ്ടാക്കുന്നത് അതാത് സോഷ്മങ്ങളുടെ സ്ഥാനത്തുണ്ടാകുന്ന ഊഷ്മാക്കളാണെന്നും ഈ ആചാര്യന്മാർ പറയുന്നു.

ഘോഷങ്ങളായ സോഷ്മങ്ങൾക്ക് ഘോഷമായ ഊഷ്മാവ് -ഹകാരം- ആണ് സോഷ്മത്വം നൽകുന്നത്.

വർഗ്ഗതൃതീയങ്ങൾക്കും -ഗ,ജ,ഡ,ദ,ബ എന്നിവയ്ക്കും -യ, ര,ല,വ എന്നീ അന്തഃസ്ഥകൾക്കും ഹ എന്ന ഊഷ്മാവിനും ഘോഷത്വം കൊടുക്കുന്നത് അകാരവും വർഗ്ഗപഞ്ചമങ്ങളായ ങ, ഞ, ണ, ന, മ എന്നിവയ്ക്ക് അനുസ്വാരവും ഘോഷത്വം കൊടുക്കുന്നു. ഖ, ഛ, ഠ, ഥ, ഫ എന്നീ സോഷ്മങ്ങൾക്ക് സോഷ്മത്വം കൊടുക്കുന്നത് യഥാക്രമം അതാതിന്റെ സ്ഥാനത്തോടുകൂടിയ ≍ക (ജിഹ്വാമൂലീയം) ശകാരം, ഷകാരം, സകാരം, ≍പ (ഉപധ്മാനീയം) എന്നിവയും, ഘ, ഝ, ഢ, ധ, ഭ എന്നീ സോഷ്മങ്ങൾക്ക് (ഘോഷങ്ങളായ സോഷ്മങ്ങൾ) സോഷ്മത്വം കൊടുക്കുന്നത് ഹകാരവുമാണെന്നാണ് ഈ മതത്തിന്റെ ചുരുക്കം.

**6. അത്രോല്പന്നാവപര ഊഷ്മഘോഷൌ**
**ശീഘ്രതരം സോഷ്മസു പ്രാണമേകേ ।**

**രക്ഷോ വചനോ മുഖനാസികാഭ്യാ-**

**മേതദ് വർണ്ണാത്മഗുണശാസ്ത്രമാഹുഃ ॥**

മറ്റു ചില ആചാര്യന്മാർ സോഷ്മങ്ങളിൽ ഊഷ്മത്വവും, ഘോഷങ്ങളിൽ ഘോഷത്വവും സ്വയം ഉണ്ടാകുന്നതാണെന്ന് പറയുന്നു. എന്തെന്നാൽ മറ്റൊന്ന് ഉണ്ടാക്കുന്നു എന്നു സ്വീകരിച്ചാൽ വർണ്ണങ്ങൾ നിത്യങ്ങളല്ല എന്നുവരും.

വർഗ്ഗദ്വിതീയങ്ങളും, ചതുർത്ഥങ്ങളും അതായത് ഖ, ഘ, ഛ, ഝ, ഠ, ഢ, ഥ, ധ, ഫ, ഭ എന്നിവ ശീഘ്രതരങ്ങളായ പ്രാണവായുവോടുകൂടിയതാണ് എന്ന് ചില ആചാര്യന്മാർ കരുതുന്നു. എല്ലാ വർണ്ണങ്ങളിലും സ്ഥാനം, കരണം അനുപ്രദാനം എന്നീ മൂന്നുതരം ഗുണങ്ങൾ സമാനമാണ്. സോഷ്മങ്ങളിൽ ഊഷ്മാവ് എന്ന ഗുണം അധികമായിട്ടുണ്ട്. സോഷ്മങ്ങളിൽ ഗുണാധിക്യം കാരണം ഒരു മാത്ര സമയംകൊണ്ട് ഉച്ചരിയ്ക്കപ്പെടണമെങ്കിൽ ശീഘ്രത കൂടാതെ പറ്റില്ല എന്നതിനാൽ ഇതിലെ പ്രാണൻ മറ്റുള്ളവയെ അപേക്ഷിച്ച് ശീഘ്രതരമാണെന്ന് അംഗീകരിയ്ക്കുന്നു.

ഇക്കാര്യം പദകാരനും അംഗീകരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:- (വർഗ്ഗത്തിലെ) പ്രഥമദ്വിതീയങ്ങൾ ശ്വാസമാകുന്ന അനുപ്രദാനത്തോടുകൂടിയവയും, അഘോഷങ്ങളുമാണ്.- ചിലത് (പ്രഥമങ്ങൾ) അല്പപ്രാണവും, ചിലത് (ദ്വിതീയങ്ങൾ) മഹാപ്രാണങ്ങളുമാണ്. (വർഗ്ഗത്തിലെ) മൂന്നും നാലും നാദമാകുന്ന അനുപ്രദാനത്തോടുകൂടിയതും ഘോഷവത്തുക്കളുമാണ്. ചിലത് (തൃതീയങ്ങൾ) അല്പപ്രാണവും, ചിലത് (ചതുർത്ഥങ്ങൾ) മഹാപ്രാണവുമാണ്. - എന്ന്. ഇപ്രകാരം സോഷ്മങ്ങളിൽ മഹാപ്രാണത്വം വിധിയ്ക്കുന്നത് വായുവിന്റെ ശീഘ്രതരത്വത്തെ തന്നെ പറയുവാനാണ്.

വായ് കൊണ്ടും മൂക്കുകൊണ്ടും കൂടി ഏതൊന്ന് ഉച്ചരിയ്ക്കപ്പെടുന്നുവോ അതാണ് അനുനാസികം. രക്തം എന്നുള്ള നാമവും അനുനാസികത്തിന്റേതാണ്. ങ, ഞ, ണ, ന, മ എന്നിവ അനുനാസികങ്ങളാണ്.

സചാँ ഇന്ദ്ര (1.51.11) എന്ന ഋഗ്ഭാഗത്തിലെ സചാँ എന്നതിലെ ആകാരം അനുനാസികമാണ്. ഇതേപോലെയുള്ള അനുനാസികങ്ങൾ വായും മൂക്കും ഉപയോഗിച്ച് ഉച്ചരിയ്ക്കപ്പെടേണ്ടതാണ്.

ഈ പടലത്തിന്റെ ആരംഭം മുതൽ ഇതുവരെ പറഞ്ഞത് വർണ്ണങ്ങളുടെ ഗുണങ്ങളെക്കുറിച്ചാണ്. അതിനാൽ ഈ ഭാഗം വർ

ണ്ണാത്മഗുണശാസ്ത്രമാണ്. വർണ്ണാത്മഗുണങ്ങൾ ശ്വാസത, നാദത, ഉഭയത, സ്പൃഷ്ടത, ദുഃസ്പൃഷ്ടത അസ്പൃഷ്ടത, കണ്ഠദ്വാരത്തിന്റെ വിവൃതത (വലുതാവൽ), സംവൃതത (ചുരുങ്ങൽ) അഘോഷത, ഘോഷത, സോഷ്മത, അനുനാസികത എന്നിവയാണ്.

**7. നപുംസകം യദൂഷ്മാന്തം തസ്യ ബഹ്വഭിധാനജഃ ।**
**അനുസ്വാരോ ദീർഘപൂർവ്വഃ സിഷ്യന്തേഷു പദേഷുസഃ ॥**

ഊഷ്മാക്ഷരത്തിൽ അവസാനിയ്ക്കുന്നതും, നപുംസകലിംഗവുമായ പദത്തിന്റെ ബഹുവചനോല്പന്നവും ദീർഘപൂർവ്വവും പദമദ്ധ്യത്തിലുള്ളതും ആയത് അനുസ്വാരമാണെന്നു അറിഞ്ഞുകൊള്ളണം. ഇത് സി, ഷി എന്ന് അവസാനിയ്ക്കുന്ന പദങ്ങളിലാണ് കാണുക.

ഭാസാംസി വസ്തേ സൂര്യോ ന ശുക്രഃ (ഋ.6.4.3)- ഇവിടെ ഭാസാംസി എന്ന നപുംസകലിംഗത്തിലുള്ള പദത്തിന്റെ മദ്ധ്യത്തിൽ സാ എന്നു ദീർഘം കഴിഞ്ഞുവരുന്നതും 'സ്' എന്ന ഊഷ്മാക്ഷരമാകുന്ന അന്തത്തോടുകൂടിയതും (ദീർഘത്തിന്റേയും ഊഷ്മാവിന്റേയും ഇടയിൽ വരുന്നതെന്നു സാരം) ബഹുവചനജന്യവുമാണ് 'ം' എന്നത്. ഇത് അനുസ്വാരമാണ്.

ചക്ഷൂംഷീവ സൂര്യേ സം ചരന്തി (ഋ. 5.1.4) - ചക്ഷൂംഷി/ഇവ/സൂര്യേ/സം/ചരന്തി/ എന്ന് പദപാഠം. ചക്ഷൂംഷി എന്നത് സകാരാന്തം നപുംസകലിംഗം പ്രഥമാ-ദ്വിതീയാ ബഹുവചനമാണ്. ക്ഷൂ എന്ന ദീർഘം കഴിഞ്ഞും ഷ എന്ന ഊഷ്മാക്ഷരത്തിന് മുൻപും ആയി പദമധ്യത്തിൽ വരുന്ന 'ം' എന്നത് അനുസ്വാരമാണ്.

ഭാസാംസി എന്നത് സി എന്നവസാനിയ്ക്കുന്നതും ചക്ഷൂംഷി എന്നത് ഷി എന്നവസാനിയ്ക്കുന്നതുമായ പദങ്ങളാണ്. ഇതുപോലെ ശ്രവാംസി, വപൂംഷി, ഹവീംഷി തുടങ്ങിയവയും ഉദാഹരിയ്ക്കപ്പെടാവുന്നതാണ്.

ഭാസാംസി, ചക്ഷൂംഷി തുടങ്ങിയ പദങ്ങളിൽ പദമദ്ധ്യത്തിലുള്ള അനുസ്വാരത്തെ പാഠംകൊണ്ടുതന്നെ അറിയാവുന്നതല്ലേ ഉള്ളൂ? എന്തിനാണ് അത് അനുസ്വാരമാണെന്ന് എടുത്തുപറയുന്നത് എന്നൊരു ചോദ്യം ഇവിടെ പ്രസക്തമാണ്. ഉത്തരമിതാണ്- തെറ്റായ ഉച്ചാരണം ഒഴിവാക്കാനായി ഈ പടലത്തിലും അടുത്ത പടലത്തിലും അനേകം വർണ്ണങ്ങളെ എടുത്തുപറയുന്നുണ്ട്. ഗുരുമുഖത്തുനിന്ന് യഥാവിധി വേദാഭ്യാസം നടത്താത്തവ

രും വർണ്ണഗുണങ്ങളേയോ ഉച്ചാരണദോഷത്തേയോ മനസ്സിലാക്കാത്ത അലസന്മാരും ഒരു വർണ്ണത്തെ മറ്റൊന്നാക്കി ഉച്ചരിയ്ക്കും. അത്തരം ദോഷത്തെ വാരണം ചെയ്യാനാണ് ആചാര്യൻ ഇപ്രകാരം ഓരോ വർണ്ണങ്ങളെ എടുത്തു പറയുന്നത്. ഹവീംഷി എന്നത് ഉച്ചരിയ്ക്കുമ്പോൾ അനുസ്വാരത്തിന്റെ സ്ഥാനത്ത് ങകാരവും ങ കാരത്തിനുശേഷം കകാരവും (ഹവീങ്ക്ഷി) ഉച്ചരിയ്ക്കപ്പെടാതിരിയ്ക്കാനാണ് ഇവിടെ അനുസ്വാരമാണെന്ന് എടുത്തുപറയുന്നത്.

പദമദ്ധ്യത്തിലുള്ള അനുസ്വാരത്തിന് ഉച്ചാരണവൈകല്യം സംഭവിയ്ക്കുന്നതുപോലെ പദാന്ത്യത്തിലുള്ള അനുസ്വാരത്തിന് ഉച്ചാരണവൈകല്യം കാണാത്തതിനാൽ അത് എടുത്തുപറയുന്നില്ല. പദമദ്ധ്യത്തിൽത്തന്നെ ഹ്രസ്വപൂർവ്വമായ അനുസ്വാരത്തിനും ദീർഘപൂർവ്വമായ അനുസ്വാരത്തിനെന്നപോലെ ഉച്ചാരണവൈകല്യം കാണാത്തതിനാൽ അതും എടുത്തുപറയുന്നില്ല.

മറ്റു ചിലരുടെ അഭിപ്രായത്തിൽ ഹ്രസ്വപൂർവ്വമായ അനുസ്വാരം ചിലർ ഉച്ചരിയ്ക്കുമ്പോൾ ദീർഘിച്ചതാവാറുണ്ട്. അതിനാൽ ആചാര്യൻ ദീർഘപൂർവ്വമായ അനുസ്വാരം ഏതെല്ലാമാണെന്ന് കാണിച്ചുതരാൻ വേണ്ടിയാണ് ഇങ്ങനെ പറയുന്നത്.

**8. സഃ സാ സൌ സംപദാന്തേഭ്യഃ**
**പൂർവ്വോഽനാമ്യുപധസ്തഥാ ।**
**യകാരോ വാ വകാരോ വാ**
**പുരസ്താച്ഛേദസന്ധിജഃ ॥**

ഒരു പദാന്തത്തിൽ സഃ, സാ, സൌ, സം എന്നിവ വരുകയും, അവയുടെ പൂർവ്വത്തിലുള്ള അനുസ്വാരം അനാമ്യുപധം ആവുകയും ചെയ്താൽ സി, ഷി എന്നിവ അന്തത്തിലുള്ള പദങ്ങളിൽ പൂർവ്വമുള്ള അനുസ്വാരം ദീർഘപൂർവ്വമാകുന്നതുപോലെ ഇവിടേയും ദീർഘപൂർവ്വമാകും, ആ അകാരത്തിന്റെ പൂർവ്വം സന്ധി കൊണ്ടുണ്ടായതല്ലാത്ത യ, വ എന്നിവകളുണ്ടെങ്കിൽ. നാമികൾ-അകാരം ഒഴികെയുള്ള സ്വരങ്ങൾ; അനാമി-അ, ആ എന്നിവ; അനാമ്യുപധം-അ, ആ എന്നിവ പൂർവ്വമുള്ള;

**ഉദാഹരണങ്ങൾ:-**

1. സാഹ്വാംസോ ദസ്യൂം (ഋ. 9.41.2)- സഹ്വാംസഃ/ദസ്യൂമ്/ എന്നാണ് പദപാഠം. ഇവിടെ സഹ്വാംസഃ എന്നത് 'സഃ' എന്ന് അന്തത്തിലുള്ളതും അസന്ധിജമായ വകാരം പൂർവ്വമുള്ള അനാമ്യു

പധമായ അനുസ്വാരം പദമദ്ധ്യത്തിൽ ഉള്ളതുമായ പദമാണ്. അതുകൊണ്ട് ഇവിടെ അനുസ്വാരം ദീർഘപൂർവ്വമായി ഉച്ചരിയ്ക്കണം.

2. ശുശ്രുവാംസാ ചിത് (7.70.5)-ശുശ്രുവാംസാ എന്ന പദം സാ എന്ന് അന്തത്തിലുള്ളതും അസന്ധിജമായ വകാരം പൂർവ്വമുള്ള അനാമി ഉപധയായ അനുസ്വാരം പദമദ്ധ്യത്തിലുള്ളതുമാണ്. അതിനാൽ ഇവിടെ അനുസ്വാരം ദീർഘപൂർവ്വമാണ്.

3. വിദ്വാംസാവിദ്ദുരഃ (1.120.2)- വിദ്വാംസൌ/ഇത്/ദുരഃ/ എന്നു പദപാഠം. വിദ്വാംസൌ എന്ന പദം സൌ എന്ന് അന്തത്തിലുള്ളതും അസന്ധിജമായ വകാരം പൂർവ്വമുള്ള അനാമിഉപധയായ അനുസ്വാരം പദമദ്ധ്യത്തിലുള്ളതുമായ പദമാണ്. ആയതിനാൽ അനുസ്വാരം ദീർഘപൂർവ്വമാണ്.

4. ശ്രേയാംസം ദക്ഷം മനസാ (10.31.2)- ഇവിടെ ശ്രേയാംസം എന്ന പദം സം എന്ന് അന്തത്തിലുള്ളതും, അസന്ധിജമായ യകാരം പൂർവ്വമുള്ള അനാമി ഉപധയായ അനുസ്വാരം പദമദ്ധ്യത്തിലുള്ളതുമായ പദമാണ്. അതിനാൽ അനുസ്വാരം ദിർഘോപധമാണ്.

യോ വ്യംസം (1.101.2)-യഃ/വി/*f*അംസം/ എന്നു പദപാഠം. ഇവിടെ വ്യംസം എന്നത് സം അന്തത്തിലുള്ളതും യകാരം പൂർവ്വത്തിലുള്ള അനാമി ഉപധയായിട്ടുള്ള അനുസ്വാരം മദ്ധ്യത്തിലുള്ള പദമാണെങ്കിലും അനുസ്വാരം ദീർഘപൂർവ്വമല്ല. എന്തെന്നാൽ ഇവിടെ യകാരം സന്ധിജമാണ്.

**9. ജിഘാംസൻ പാംസുരേ മാംസം**
**പുമാംസം പൌംസ്യമിത്യപി ।**
**പദേഷ്വേവം പ്രവാദേഷു**
**നാമകാര ഉപോത്തമേ ॥**

നാമകാരേ-ന അമകാരേ (എന്ന് പദച്ഛേദം); അമകാരേ-മകാരത്തോടു കൂടാത്ത; ഉപോത്തമേ-ഉത്തമത്തിന്റെ (അവസാനത്തേതിന്റെ) അടുത്തുള്ള.

ജിഘാംസൻ, പാംസുരേ, മാംസം, പുമാംസം, പൌംസ്യം- ഈ പദങ്ങളിലും ഈ പദങ്ങളുടെ പ്രവാദങ്ങളിലും (വിവിധ രൂപങ്ങളിലും) അനുസ്വാരം ദീർഘപൂർവ്വമാണെന്ന് മനസ്സിലാക്കണം.

1. ദ്രുഹഞ്ജിഘാംസന്ധ്വരസം (4.23.7); 2. യ സ്തോതാരഞ്ജിഘാംസസി സഖായം (7.86.4); 3. സമൂള്ഹമസ്യ പാംസുരേ (1.22.17); 4. മാംസമേകഃ പിംശതി സൂനയാ ഭൃതം (1.161.10); 5. പുമാംസം പുത്രം ; 6. സ്തുഷേ തദസ്യ പൌംസ്യം (8.63.3)

മകാരം ഇല്ലാത്ത പുമാംസം എന്ന പദത്തിൽ അനുസ്വാരം ദീർഘപൂർവ്വമല്ല. പുംസഃ പുത്രാ് ഉത (1.162.22).

**10. പ്രശ്ലിഷ്ടാദഭിനിഹിതാ–**
**മ്മാ്ശ്ചത്വേ/യാംസമിത്യപി ।**
**ഏതാവാന്യക്ഷ്വനുസ്വാരോ**
**ദീർഘാദിതരഥേതരഃ ॥**

പ്രശ്ലിഷ്ട(ഏകീഭാവ) സന്ധി കഴിഞ്ഞും, അഭിനിഹിതസന്ധി കഴിഞ്ഞും വരുന്ന അനുസ്വാരം പദപാഠത്തിൽ ഹ്രസ്വപൂർവ്വമായിട്ടാണെങ്കിലും സംഹിതയിൽ ദീർഘപൂർവ്വമാകും. (ആ ഭൂതാംശഃ (10.106.11)– ആ/ഭൂത/അംശഃ/ എന്നു പദപാഠം.

പദപാഠത്തിൽ അംശ എന്നതിലെ അനുസ്വാരം ഹ്രസ്വപൂർവ്വമാണ്. ഭൂത എന്ന പദത്തിന്റെ അന്തത്തിലുള്ള അകാരവും അംശ എന്നതിലെ അനുസ്വാരപൂർവ്വമായ അകാരവും തമ്മിൽ പ്രശ്ലിഷ്ട സന്ധിവന്ന് സംഹിതയിൽ ഭൂതാംശ എന്നായി. ഇപ്പോൾ അനുസ്വാരം ദീർഘപൂർവ്വമാണ്.

ഭരേഷ്വിന്ദ്രം സുഹവം ഹവാമഹേം/ഹമുചം (10.63.9)– ഭരേഷു/ഇന്ദ്രം/സുഹവം/ഹവാമഹേ/അംഹഃ-മുചം/ എന്നു പദപാഠം.

ഇവിടെ ഹവാമഹേ അംഹ/മുചം എന്ന പദങ്ങളിൽ അഭിനിഹിതസന്ധിവന്ന് ഹവാമഹേ/ംഹമുചം എന്നായിരിയ്ക്കുന്നു. പദപാഠത്തിൽ അം എന്നതിലെ അനുസ്വാരം ഹ്രസ്വപൂർവ്വമാണെങ്കിലും സംഹിതയിൽ ഹവാമഹേ/ംഹമുചഃ എന്ന് ദീർഘപൂർവ്വമായിരിയ്ക്കുന്നു.

മാംശ്ചത്വേ, അയാംസം എന്നീ പദങ്ങളിലും അനുസ്വാരം ദീർഘപൂർവ്വമാണ്.

മാംശ്ചത്വേ വാ പൃശനേ വാ വധത്രേ (9.97.54)

അയാംസമഗ്നേ സുക്ഷിതിമ്(2.35.15)

പദമദ്ധ്യത്തിൽ ദീർഘപൂർവ്വമായ അനുസ്വാരം വരുന്നത് ഇത്രയും പദങ്ങളിലാണ്.

ഈ പറയപ്പെട്ട ദീർഘപൂർവ്വമായ വിഷയത്തിൽനിന്ന് ഭിന്നമായ ഋക്കുകളിൽ പദമദ്ധ്യത്തിലുള്ള അനുസ്വാരം ഹ്രസ്വപൂർവ്വമാണെന്നറിയണം.

അംഹഃ, വിംശത്യാ, അംസേഷു– ഈ പദങ്ങളുടെ മദ്ധ്യത്തിൽ വരുന്ന അനുസ്വാരം ഹ്രസ്വപൂർവ്വമാണ്.

**11. സമാപാദ്യാന്യുത്തരേ ഷട്പകാരേ**
**രാധോ രഥോ ഗ്നാ ദിവോ ജാ ഋതശ്ച ।**

**അഞ്ജഃ പാദുഃ പ്രേതി ച പൂർവ്വപദ്വാ–**
**വനിംഗയൻ വിക്രമമേഷു കുര്വാത് ॥**

പകാരം പരമായിട്ട് വരുമ്പോൾ രാധഃ, രഥഃ, ഗ്നാഃ, ദിവഃ, ജാഃ, ഋതഃ എന്നീ ആറ് പദങ്ങളും അഞ്ജഃ പാഃ, ദുഃ പ്ര എന്നീ രണ്ടെ ണ്ണങ്ങൾ പൂർവ്വപദത്തിന്റെ ഭാഗങ്ങളായി നിൽക്കുമ്പോഴും സമാ പാദ്യങ്ങളായിത്തീരുന്നു. പദപാഠത്തിൽ ഇവയിൽ വിക്രമം ചെ യ്യണം; അവഗ്രഹം ചെയ്യാതെ. സമാപാദ്യങ്ങൾ-(ഇവിടെ) ഉപാ ചരിതങ്ങൾ (വിസർഗ്ഗത്തിന് സകാരമോഷകാരമോവരൽ); വിക്രമം =വിസർഗ്ഗം.

1. ത്വം ഹി രാധസ്പതേ (8.61.14)– ത്വം/ഹി/രാധഃ പതേ/ എ ന്ന് പദപാഠം. ഇവിടെ രാധഃ പതേ എന്ന് പദപാഠത്തിൽ അവഗ്ര ഹം ചെയ്തിട്ടില്ല. സംഹിതയിൽ വിസർഗ്ഗത്തിന് സകാരം വന്ന് രാധസ്പതേ എന്നായിരിയ്ക്കുന്നു.

2. ഏഷ തേ ദേവ നേതാ രഥസ്പതിഃ (5.50.5)– ഏഷഃ/തേ/ ദേവ/നേതരിതി/രഥഃപതി/ എന്നു പദപാഠം.

പതി എന്ന പദത്തിലെ പകാരം പരമായതിനാൽ രഥഃ എന്ന വിസർഗ്ഗം സകാരമായിരിയ്ക്കുന്നു, സംഹിതയിൽ. പദപാഠത്തിൽ രഥസ്പതി എന്നത് രഥഃപതി എന്ന് അവഗ്രഹം ഇല്ലാതെ കാണി ച്ചിരിയ്ക്കുന്നു.

3. നരാശംസോ ഗ്നാസ്പതിർനോ അവ്യാഃ (2.38.10)– നരാ ശംസഃ/ഗ്നാഃപതിഃ/നഃ/അവ്യാഃ/ എന്ന് പദപാഠം. സംഹിതയിൽ ഗ്നാസ്പതിഃ എന്ന പദത്തിൽ ഗ്നാ കഴിഞ്ഞുള്ള വിസർഗ്ഗം പകാ രം പരമായതിനാൽ സകാരമായിത്തീർന്നിരിയ്ക്കുന്നു. പദപാഠ ത്തിൽ ഗ്നാഃ എന്നു കഴിഞ്ഞ് പതി എന്നതിനു മുൻപായി അവഗ്ര ഹം ചെയ്തിട്ടില്ല.

4. ദിവസ്പൃഥിവ്യോരവ ആ വൃണീമഹേ (10.35.2)– ദിവഃ പൃ ഥിവ്യോഃ/അവഃ/ആ/വൃണീമഹേ/ എന്ന് പദപാഠം.

സംഹിതയിൽ ദിവസ്പൃഥിവ്യോ എന്ന് വിസർഗ്ഗം സകാര മായിരിയ്ക്കുന്നു. പദപാഠത്തിൽ ദിവഃ പൃഥിവ്യോഃ എന്ന് അവഗ്ര ഹം കൂടാതെ വിക്രമം ചെയ്തിരിയ്ക്കുന്നു.

5. സംജാസ്പത്യമ്(5.28.3)–സം/ജാഃപത്യം/ എന്നു പദപാഠം.

സംഹിതയിൽ വിസർഗ്ഗത്തിന് സകാരവും പദപാഠത്തിൽ അ വഗ്രഹം ചെയ്യാതെ വിസർഗ്ഗാന്തമായി പ്രയോഗവും.

6. തവ വായവൃതസ്പതേ (8.26.21)–തവ/വായോ ഇതി/ഋതഃ പതേ/ എന്നു പദപാഠം.

പതേ എന്ന പകാരം പരമായതിനാൽ ഋതഃ എന്ന വിസർഗ്ഗം സംഹിതയിൽ സകാരമായിരിയ്ക്കുന്നു. പദപാഠത്തിൽ ഋതഃ എന്ന് വിക്രമം ചെയ്തിരിയ്ക്കുന്നു. അവഗ്രഹം ചെയ്തിട്ടുമില്ല.

7. യാമന്നഞ്ജസ്പാ ഇവ ഘേദുപബ്ദിഭിഃ (10.94.13) യാമൻ/ അഞ്ജഃപാ-ഇവ/ഘ/ഇത്/ഉപബ്ദി-ഭിഃ/ എന്നു പദപാഠം.

അഞ്ജസ്പാ ഇവ എന്നത് സമസ്തപദമാണ്. അതിന്റെ പൂർവ്വാവയവമാണ് അഞ്ജസ്പാ എന്നത്. സംഹിതയിൽ അഞ്ജസ്പാഎന്നും, പദപാഠത്തിൽ അഞ്ജഃ പാ എന്ന് വിക്രമത്തോടെയും പ്രയോഗിച്ചിരിയ്ക്കുന്നു.

8. ദുഷ്പ്രാവ്യോഽവഹന്തേദവാചഃ (4.25.6)- ദുഃപ്ര-അവ്യഃ/അവ-ഹന്താ/ഇത്/അവാചഃ/ എന്നു പദപാഠം.

സംഹിതയിൽ ദുഃ എന്ന വിസർഗ്ഗം ഷകാരമായിരിയ്ക്കുന്നു. പദപാഠത്തിൽ അവഗ്രഹം ചെയ്യാതെ വിക്രമം ചെയ്തിട്ടുമുണ്ട്. ദുഃ പ്ര എന്നത് ദുഃപ്രാവ്യോ എന്നതിൽ പൂർവ്വപദവുമാണ്. ഇമമഞ്ജസ്പാമുഭയേ അകൃണ്വത (10.92.2) - ഇമം/അഞ്ജഃ പാം/ഉഭയേ/അകൃണ്വത/

ഇവിടെ അഞ്ജസ്പാം എന്നത് പൂർവ്വപദ്യം (പൂർവ്വത്തിലുള്ളത്) അല്ലാത്തതിനാൽ പദപാഠത്തിൽ അവഗ്രഹമുണ്ട്.

**12. സമാപാദ്യം നാമ വദന്തി ഷത്വം**
**തഥാ ണത്വം സാമവശാംശ്ച സന്ധീൻ ।**
**ഉപാചാരം ലക്ഷണതശ്ച സിദ്ധമ്**
**ആചാര്യാ വ്യാളിശാകല്യ ഗാർഗ്യാഃ ॥**

ഷത്വം, ണത്വം, സാമവശസന്ധികൾ, ലക്ഷണംകൊണ്ട് സിദ്ധമായ ഉപാചാരം എന്നിവയെ വ്യാളി, ശാകല്യൻ, ഗാർഗ്യൻ എന്നീ ആചാര്യന്മാർ സമാപാദ്യം എന്നു പറയുന്നു.

1. ഷത്വം - സുഷുമായാതം (1.137.1)-സുസുമ/ആ/യാതം/ എന്നാണ് പദപാഠം. ഇവിടെ സുസുമ എന്ന് പദപാഠത്തിൽ ഉള്ളത് സംഹിതയിൽ സുഷുമ എന്നായിരിയ്ക്കുന്നു. (മേൽപ്പറഞ്ഞ ആചാര്യന്മാർ ഇതിനെ സമാപാദ്യം എന്നു വിളിയ്ക്കുന്നു).

2. ണത്വം- തദാരഭസ്വ ദുർഹണോ (10.155.3)- തത്/ആ/രഭസ്വ/ദുർഹനോ ഇതി ദുഃഽഹനോ/ എന്ന് പദപാഠം.

ഇവിടെ ദുർഹനോ എന്ന പദത്തിന് സംഹിതയിൽ ണത്വം വന്ന് ദുർഹണോ എന്നായിട്ടുണ്ട്. ഇതും സമാപാദ്യം എന്ന പേരിലറിയപ്പെടുന്നു.

3. മക്ഷൂ മക്ഷൂ കൃണുഹി (3.31.20) - മക്ഷു-മക്ഷു/കൃണുഹി/

എന്നു പദപാഠം. ഇവിടെ സംഹിതയിൽ മക്ഷൂ മക്ഷൂ എന്നായി രിയ്ക്കുന്നു. ഇത് സാമവശസന്ധിയാണ്. സമാപാദ്യം എന്ന പേ രിൽ. വ്യാളി, ശാകല്യൻ, ഗാർഗ്യൻ എന്നീ ആചാര്യന്മാർ വ്യവഹ രിയ്ക്കുന്നു.

4. ത്വം ഹി രാധസ്പതേ (8.61.14)

ഇവിടെ വിസർഗ്ഗത്തിന് സകാരം വന്നിരിയ്ക്കുന്നു. (അകാ രം പൂർവ്വത്തിലുള്ള വിസർഗ്ഗം കകാരപകാരങ്ങൾ പരമായി വ ന്നാൽ സകാരമായും, നാമികൾ പൂർവ്വത്തിലുള്ള വിസർഗ്ഗം കകാ രപകാരങ്ങൾ പരമാവുമ്പോൾ ഷകാരമായും മാറും. ഇതിനു ഉ പാചരിതം എന്നു പേര്. നാലാം പടലത്തിൽ പതിനാലാം കാരി കയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്) ഉപാചരിതത്തിനും, വ്യാ ളി മുതലായ ആചാര്യന്മാർ സമാപാദ്യം എന്നു പറയുന്നു.

**13. ഹ്രസ്വാമർദ്ധസ്വരഭക്ത്യാ സമാപ്താം**
**അനുസ്വാരസ്യോപധാമാഹുരേകേ ।**
**അനുസ്വാരം താവ തൈവാധികഞ്ച**
**ഹ്രസ്വോപധം ദീർഘപൂർവ്വം തദൂനം ॥**

ഹ്രസ്വമായ അനുസ്വാരോപധയെ സ്വരഭക്തിയുടെ പകുതി യേക്കാൾ കുറവായിട്ട് ചില ആചാര്യന്മാർ പറയുന്നു. (ദീർഘസ്വ രഭക്തിയുടെ കാലം അർദ്ധമാത്രയാണ്. അതിനാൽ അനുസ്വാര ത്തിന്റെ ഉപധയായ ഹ്രസ്വത്തിന് സ്വരഭക്തിയുടെ കാലത്തിന്റെ- അർദ്ധമാത്രയുടെ പകുതി (കാൽ മാത്ര)യേക്കാൾ കുറവ് എന്നു പറയുമ്പോൾ കാൽ മാത്രയേക്കാൾ കുറവാണ് എന്നുവരുന്നു) അനുസ്വാരത്തിന് ആ കാലത്തേക്കാൾ അധികമുണ്ട്. ദീർഘപൂർവ്വ മായ അനുസ്വാരമാകട്ടെ സ്വരഭക്തികാലത്തിന്റെ അർദ്ധത്തേക്കാൾ കുറവാണ്. അതിനേക്കാൾ കൂടുതൽ ഉപധയായ ദീർഘത്തിന് വ രും എന്നും പറയുന്നു.

**14. രേഫോസ്ത്യൃകാരേ ച പരസ്യ ചാർദ്ധേ**
**പൂർവ്വേ ഹ്രസീയാംസ്തു നവേതരസ്മാത് ।**
**മദ്ധ്യേ സ തസ്യൈവ ലകാരഭാവേ**
**ധാതൌ സ്വരഃ കല്പപയതാവ് ഌകാരഃ ॥**

ഋകാരത്തിൽ രേഫമുണ്ട്. പരമായ (അതായത് ദീർഘമായ) ൠകാരത്തി ന്റെ ആദ്യത്തെ പകുതിയിലും രേഫമുണ്ട്. ഹ്രസ്വതരമായ ആ രേഫം ൠകാരരേഫത്തേക്കാളും അല്പതരമാണ്; സമമല്ല. ഌകാരത്തിലുള്ള ആ രേഫം ഌകാരത്തിന്റെ മദ്ധ്യത്തിലാണ്; ആദിയിലോ അന്തത്തിലോ അല്ല. ഌകാരത്തിന്റെ സ്ഥാനത്ത് ഉള്ള രേഫം ലകാരമായിത്തീരുമ്പോൾ

ഌകാരം **ങ**കാരമായിത്തീരുന്നു. സ്വരം എന്ന പേരോടുകൂടിയതുമായി ത്തീരുന്നു. ക്**ങ**പ് എന്ന ധാതുവിൽമാത്രം.

തേന ചാക്ങ്പ്രേ ഌഷയോ മനുഷ്യാഃ (10.130.5)- തേന/ചാഅ ക്ങപ്രേ/ഌഷയഃ/മനുഷ്യാഃ/ എന്നു പദപാഠം.

ഇവിടെ കൃപ്ധാതുവിന്റെ ലിട്ടിലെ രൂപമാണ് 'ചാക്ങ്പ്രേ' എന്നത്. (ചാക്ങ്പ്രിരേ എന്നാണ് ഇവിടെ വ്യാഖ്യാനിയ്ക്കേണ്ട ത്). കൃപ് എന്നതിന്റെ ഋകാരത്തിലുള്ള രേഫം ലകാരമായിത്തീർ ന്നതിനാൽ ഌകാരം ങകാരമായി മാറിയ രൂപമാണ് ഇത്.

സ്വരം കഴിഞ്ഞുവരുന്ന കകാരത്തിന് ദ്വിത്വം വരുന്നില്ല. സ്വ രോപധമായതിനാൽ പകാരത്തിന് ദ്വിത്വം വരികയും ചെയ്യുന്നു.

**15. അനന്തസ്ഥം തമനുസ്വാരമാഹുർ-**
**വ്യാളിർന്നാസിക്യമനുനാസികം വാ ।**
**സന്ധ്യാനി സന്ധ്യക്ഷരാണ്യാഹുരേകേ**
**ദ്വിസ്ഥാനതൈതേഷു തഥോഭയേഷു ॥**

കുറച്ചുമുൻപ് അനുസ്വാരങ്ങളെക്കുറിച്ച് പറയുകയുണ്ടായല്ലോ. ആ അനുസ്വാരം പദമദ്ധ്യത്തിൽ മാത്രം വരുന്നവയാണെന്ന് ആ ചാര്യന്മാർ പറയുന്നു. (നപുംസകം യദൂഷ്മാന്തം- എന്നു തുട ങ്ങി ഏതാവാന്യക്ഷ്വനുസ്വാരോ ദീർഘാത് എന്നു വരെ പറഞ്ഞ അനുസ്വാരങ്ങളെക്കുറിച്ചാണ് ഇപ്പോൾ പറഞ്ഞത്. ദീർഘപൂർവ്വ മായി പദാന്തത്തിൽ വരുന്ന അനുസ്വാരങ്ങൾ വേറെ ധാരാളമു ണ്ട്. ത്വാം രാജാനം (1.174.1), താം സു തേ കീർത്തിമ് മുതലായവ ഉദാഹരണം).

ആചാര്യനായ വ്യാളി എല്ലാ അനുസ്വാരങ്ങളും നാസികസ്ഥാ നത്തോടുകൂടിയതോ മുഖനാസികാസ്ഥാനങ്ങളോടു കൂടിയതോ ആണെന്നു കരുതുന്നു.

1. ത്വം രാജേന്ദ്ര (5.54.11)-ഇത് പദാന്തത്തിലുള്ളതും ഹ്രസ്വ പൂർവ്വവുമായ അനുസ്വാരമാണ്.

2. ത്വാം രാജാനം (10.6.3)-ഇത് പദാന്തത്തിലുള്ളതും ദീർഘ പൂർവ്വവുമായ അനുസ്വാരമാണ്.

3. അംസേഷുവഃ - ഇത് പദമദ്ധ്യത്തിലുള്ള ഹ്രസ്വപൂർവ്വമായ അനുസ്വാരമാണ്.

4. ഹവീംഷി- ഇത് പദമദ്ധ്യത്തിലുള്ള ദീർഘപൂർവ്വമായ അ നുസ്വാരമാണ്.

ഇവയെല്ലാം നാസിക്യങ്ങളോ അനുനാസികങ്ങളോ ആണ്.

ചില ആചാര്യന്മാർ ഏ,ഓ,ഐ,ഔ എന്നീ സന്ധ്യക്ഷരങ്ങ ളെ കൂട്ടിച്ചേർക്കപ്പെട്ടവയോ കൂടിച്ചേരൽക്കൊണ്ട് ഉണ്ടായവയാ

യോ കരുതുന്നു. മറ്റുള്ളവയെപ്പോലെ തനിയെ ഉണ്ടായവയല്ല. അതിനാൽ ഇവയ്ക്ക് ദ്വിസ്ഥാനത വരുന്നു. ഏ, ഐ എന്നിവ കണ്ഠതാലുവും ഓ, ഔ എന്നിവയ്ക്ക് കണ്ഠോഷ്ഠവും എന്നിങ്ങനെ ഈ രണ്ടു സ്ഥാനങ്ങൾ വീതം വരുന്നു.

**16. സന്ധ്യേഷ്വകാരോഽർദ്ധമികാര ഉത്തരം**
**യുജോരുകാര ഇതി ശാകടായനഃ ।**
**മാത്രാസംസർഗാദവരേഽപൃഥഗ് ശ്രുതൌ**
**ഹ്രസ്വാനുസ്വാര വ്യതിഷങ്ഗവത് പരേ ॥**

സന്ധ്യക്ഷരങ്ങളിൽ (നാലിലും) അകാരം ആദ്യത്തെ പകുതിയിൽ വരുന്നു. ഏ, ഐ എന്നിവയിൽ അവസാനത്തെ പകുതിയിൽ ഇകാരവും ഓ, ഔ എന്നിവയിൽ അവസാനത്തെ പകുതിയിൽ ഉകാരവും വരുന്നു. ഇതാണ് ശാകടായനാചാര്യന്റെ അഭിപ്രായം ഇവയിൽ തുല്യമായ മാത്രകളിലുള്ള ഏ,ഓ എന്നിവയും ക്ഷീരോദകമിശ്രണത്തിൽ ക്ഷീരവും ഉദകവും വേർതിരിച്ച് മനസ്സിലാക്കാൻ പറ്റാത്തപോലെ) എവിടെയാണ് അകാരത്തിന്റെ മാത്ര, എവിടെയാണ് ഇകാര-ഉകാരങ്ങളുടെ മാത്ര എന്ന് വേർതിരിച്ചറിയുന്നില്ല.

ഹ്രസ്വവും അനുസ്വാരവും തമ്മിൽച്ചേരുമ്പോൾ അനുസ്വാരത്തിന് പാദമാത്രയേക്കാൾ അല്പം കൂടുതലും കുറവും എന്നു പറഞ്ഞതുപോലെ ഐ എന്നതിൽ ഇവർണ്ണത്തിനും ഔ എന്നതിൽ ഉവർണ്ണത്തിനും കൂടുതലും അകാരത്തിന് രണ്ടിടത്തും കുറവും മാത്രയും വരുന്നു. അതിനാൽ ഇവിടെ പൃഥഗ്ശ്രവണം വരും.

**17. ത്രീണി മന്ദ്രം മദ്ധ്യമമുത്തമഞ്ച**
**സ്ഥാനാന്യാഹുഃ സപ്ത യമാനി വാചഃ ।**
**അനന്തരശ്ചാത്ര യമോഽവിശേഷഃ**
**സപ്ത സ്വരാ യേ യമാസ്തേ പൃഥഗ്വാ ॥**

മന്ദ്രം, മദ്ധ്യമം, ഉത്തമം എന്നിങ്ങനെ വാക്കിന്റെ സ്ഥാനങ്ങൾ മൂന്നാകുന്നു. സപ്ത(ഏഴ്) യമങ്ങളോടുകൂടിയതാണ് ഈ സ്ഥാനങ്ങൾ. അവയിൽ മന്ദ്രം ഉരസ്സിലും (മാറിലും) മദ്ധ്യമം കഴുത്തിലും, ഉത്തമം ശിരസ്സിലും സ്ഥിതിചെയ്യുന്നു. ഈ മന്ദ്രം മുതലായ സ്ഥാനങ്ങൾ സ്വരത്തിന്റെ വിശേഷണങ്ങളായും ഉപയോഗിയ്ക്കാറുണ്ട്.

'മന്ദ്രമായ സ്വരത്തോടുകൂടി അദ്ധ്യയനം ചെയ്യുന്നു'. 'മന്ദ്രമായ വാക്കോടുകൂടി വേണം പ്രാതസ്സവനത്തിൽ ശംസിയ്ക്കാൻ'- എന്നിത്യാദി.

ഈ സ്ഥാനങ്ങളിൽ നിന്ന് യമങ്ങളെ വേർതിരിച്ചുകാണിയ്ക്കാൻ സാദ്ധ്യമല്ല.

യമങ്ങളെന്നത് സപ്തസ്വരങ്ങളാണ്. ഷഡ്ജം, ഋഷഭം, ഗാന്ധാരം, മധ്യമം, പഞ്ചമം, ധൈവതം, നിഷാദം എന്നിവ ഗാന്ധർവ്വവേദത്തിൽ സ്വരങ്ങൾ എന്ന പേരിൽ പ്രസിദ്ധങ്ങളാണ്. അതുപോലെ സാമവേദത്തിൽ ക്രുഷ്ടം, പ്രഥമം, ദ്വിതീയം, തൃതീയം, ചതുർത്ഥം, മന്ദ്രം, അതിസ്വാര്യം എന്നിവയും യമങ്ങളാണ്. അഥവാ സ്വരങ്ങളിൽനിന്ന് വേറിട്ട മറ്റു യമങ്ങൾ സ്വരങ്ങളിലുണ്ട്.

**18. തിസ്രോ വൃത്തീരുപദിശന്തി വാചോ**
**വിളംബിതാം മധ്യമാഞ്ച ദ്രുതാഞ്ച ।**
**വൃത്ത്യന്തരേ കർമ്മവിശേഷമാഹുർ-**
**മാത്രാവിശേഷഃ പ്രതിവൃത്ത്യുപൈതി ॥**

ആചാര്യന്മാർ വാക്കിന് മൂന്നു വൃത്തികൾ ഉപദേശിയ്ക്കുന്നുണ്ട്. അവ വിളംബിതാ, മധ്യമാ, ദ്രുതാ എന്നിവയാണ്.

കർമ്മവിശേഷങ്ങളിൽ വൃത്തിയുടെ വ്യത്യാസത്തെ പറയുന്നു. പ്രാതസ്സവനം വിളംബിതവൃത്തിയിലും, മാധ്യന്ദിനസവനം മധ്യമവൃത്തിയിലും തൃതീയസവനം ദ്രുതവൃത്തിയിലുമാണ്.

ഓരോ വൃത്തിയിലും മാത്രയ്ക്ക് വ്യത്യാസം വരും. ദ്രുതവൃത്തിയിൽ ഉള്ളതിന്റെ മൂന്നിരട്ടി മധ്യമയിലും, മധ്യമയിലുള്ളതിന്റെ മൂന്നിരട്ടിയോ നാലിരട്ടിയോ അധികം വിളംബിതയിലും വരുമെന്നാണ് നിയമം.

**19. അഭ്യാസാർത്ഥേ ദ്രുതാം വൃത്തിം**
**പ്രയോഗാർത്ഥേ തു മധ്യമാം ।**
**ശിഷ്യാണാമുപദേശാർത്ഥേ**
**കുര്യാൽ വൃത്തിം വിളംബിതാം ॥**

ചൊല്ലിപ്പഠിയ്ക്കാൻ ദ്രുതവൃത്തിയും പ്രയോഗിയ്ക്കാൻ മധ്യമയും ശിഷ്യരെ പഠിപ്പിയ്ക്കാൻ വിളംബിതവും ഉപയോഗിയ്ക്കണം.

**20. ചാഷസ്തു വദതേ മാത്രാം**
**ദ്വിമാത്രാം വായസോഽബ്രവീത് ।**
**ശിഖീ ത്രിമാത്രോ വിജ്ഞേയ**
**ഏഷ മാത്രാപരിഗ്രഹഃ ॥**

ചാഷം(പൊന്മ) ഒരു മാത്രയിലും കാക്ക രണ്ടു മാത്രയിലും മയിൽ മൂന്നു മാത്രയിലും ശബ്ദിയ്ക്കുന്നു. മാത്രയെക്കുറിച്ചുള്ള ചുരുക്കമാണിത്.

**പതിമൂന്നാം പടലം കഴിഞ്ഞു**

## 14-ാം പടലം

## ഉച്ചാരണദോഷപടലം

1. **സമുദ്ദിഷ്ടാ വർണ്ണഗുണാഃ പുരസ്താ-**
**ന്നിർദ്ദിഷ്ടാനാം സംഹിതോ യശ്ച ധർമ്മഃ ।**
**തദായാപായവ്യഥനാനി ദോഷാ-**
**സ്താൻ വ്യാഖ്യാസ്യാമോ$f$ത്ര നിദർശനായ ॥**

ഗ്രന്ഥാരംഭത്തിൽ നിർദ്ദേശിയ്ക്കപ്പെട്ട അക്ഷരസമാമ്നായത്തിലെ വർണ്ണങ്ങൾക്ക് സ്വാഭാവികമായി ഉള്ള ശ്വാസത്വം, നാദത്വം തുടങ്ങിയ ഗുണങ്ങളേയും പദാന്ത്യ-പദാദികളിൽ വരുന്ന സ്വരവ്യഞ്ജനങ്ങൾക്ക് സംഭവിയ്ക്കാവുന്ന ധർമ്മഭേദങ്ങളേയും നിർദ്ദേശിച്ചുകഴിഞ്ഞു.

ഇനി ആയം, അപായം, വ്യഥനം എന്നിങ്ങനെ വർണ്ണങ്ങൾക്ക് സംഭവിയ്ക്കാവുന്ന ദോഷങ്ങളെക്കുറിച്ച് പറയാം.

ഇല്ലാത്ത വർണ്ണത്തെ കൂട്ടി ഉച്ചരിയ്ക്കലാണ് ആയം. ഉള്ളത് മുഴുവൻ ഉച്ചരിയ്ക്കാതിരിയ്ക്കലാണ് അപായം. ഒരു വർണ്ണത്തെ മറ്റൊരു വർണ്ണംപോലെ ഉച്ചരിയ്ക്കലാണ് വ്യഥനം.

2. **നിരസ്തം സ്ഥാനകരണാപകർഷേ**
**വിഹാരസംഹാരയോർവ്യാസ പീഡനേ ।**
**ഓഷ്ഠാഭ്യാമംബൂകൃതമാഹ നദ്ധം**
**ദുഷ്ടം മുഖേന സുഷിരേണ ശൂനം ॥**

വർണ്ണങ്ങളുടെ ഉത്പത്തിസ്ഥാനം, കരണം എന്നിവയ്ക്ക് അപകർഷം ഉണ്ടാകുമ്പോൾ നിരസ്തം എന്ന ദോഷം സംഭവിയ്ക്കുന്നു. സ്ഥാനകരണങ്ങൾക്ക് വിസ്താരം ഉണ്ടാകുമ്പോൾ വ്യാസം എന്ന ദോഷവും സങ്കോചം ഉണ്ടാകുമ്പോൾ പീഡനം എന്ന ദോഷവും സംഭവിയ്ക്കുന്നു. ചേർത്തുപിടിച്ച ചുണ്ടുകൾക്കൊണ്ട് പറയുമ്പോൾ അംബൂകൃതം എന്ന ദോഷവും, പൊള്ളയായ വായോടുകൂടി പറയുന്നത് ശൂനം എന്ന ദോഷവുമാകുന്നു.

3. **സന്ദഷ്ടം തു വ്രീഡന ആഹ ഹന്വോഃ**
**പ്രകർഷേണ തദു വിക്ലിഷ്ടമാഹുഃ ।**
**ജിഹ്വാമൂലനിഗ്രഹേ ഗ്രസ്തമേത-**
**ന്നാസികയോസ്ത്വനുസങ്ഗേ$f$നുനാസികം ॥**

താടിയെല്ലുകൾ താഴ്ത്തിക്കൊണ്ടുള്ള ഉച്ചാരണമാണ് സന്ദഷ്ടം എന്ന ദോഷം. താടിയെല്ലുകൾ എല്ലായിടത്തേയ്ക്കും ചലിപ്പിച്ചുകൊണ്ട് ഉച്ചരിയ്ക്കുകയാണെങ്കിൽ അതാണ് വിക്ലിഷ്ടം എ

ന്ന ദോഷം. വിക്ലിഷ്ടം എന്നാൽ അസംയുക്തം. നാവിന്റെ കടയ്ക്കൽ ഒരു നിയന്ത്രണം കൊടുത്തുകൊണ്ട് ഉച്ചരിച്ചാൽ അതാണ് ഗ്രസ്തം എന്ന ദോഷം. ഉച്ചാരണത്തിൽ നാസികയുടെ സഹായംകൂടി സ്വീകരിച്ചുകൊണ്ടുള്ള ഉച്ചാരണത്തിന് അനുനാസികം എന്ന ദോഷം.

4. **അയഥാമാത്രം വചനം സ്വരാണാം**
   **സന്ദംശോ വ്യാസഃ പീഡനം നിരാസഃ ।**
   **ഗ്രാസഃ കണ്ഠ്യയോരനുനാസികാനാം**
   **സന്ദഷ്ടതാ വിഷമരാഗതാ ച ॥**

ഏകമാത്രികമായ സ്വരം ഹ്രസ്വവും ദ്വിമാത്രികമായത് ദീർഘവും, ത്രിമാത്രികമോ ത്ര്യധികമാത്രികമോ ആയ സ്വരം പ്ലുതവുമാണ്. ഈ സ്വരങ്ങളിൽ മാത്ര തെറ്റിച്ച് ഉച്ചരിയ്ക്കൽ ദോഷമാണ്. രണ്ടും മൂന്നും ശ്ലോകങ്ങളിലായി പറയപ്പെട്ടിട്ടുള്ള സന്ദംശം, വ്യാസം, പീഡനം, നിരാസം എന്നീ ദോഷങ്ങൾ സ്വരങ്ങളുടെ കാര്യത്തിലും വരാവുന്നതാണ്. നാവിന്റെ കടയ്ക്കൽ നിയന്ത്രണം കൊടുത്തുകൊണ്ടുള്ള ഉച്ചാരണം ഗ്രാസം എന്ന ദോഷമാണെന്ന് മൂന്നാമത്തെ ശ്ലോകത്തിൽ പറഞ്ഞുവല്ലോ. ആ ദോഷം കണ്ഠസ്ഥാനികങ്ങളായ അകാരം, ആകാരം എന്നിവയ്ക്കു സംഭവിയ്ക്കാം. അനുനാസികങ്ങൾക്ക് സന്ദഷ്ടത എന്ന ദോഷവും വിഷമരാഗത എന്ന ദോഷവും സംഭവിയ്ക്കാം.

സന്ദഷ്ടത എന്താണെന്ന് നേരത്തെ വിവരിച്ചതാണ്. വിഷമരാഗത എന്നതിന് സമരാഗത ഇല്ലാതിരിയ്ക്കുക.

5. **സാന്തഃസ്ഥാനാമാദിലോപാന്തലോപാ-**
   **വദേശേ വാ വചനം വ്യഞ്ജനസ്യ ।**
   **അന്യോന്യേന വ്യഞ്ജനാനാം വിരാഗോ**
   **ലേശേന വാ വചനം പീഡനം വാ ॥**

അന്തഃസ്ഥകളോടുകൂടിയ വർണ്ണങ്ങളിൽ ചിലപ്പോൾ ആദ്യത്തേതിനും മറ്റു ചിലപ്പോൾ അവസാനത്തേതിനും ലോപം വരാറുണ്ട്. ഉച്ചരിയ്ക്കുന്ന സമയത്ത് ഇതുരണ്ടും ഉച്ചാരണദോഷങ്ങളാണ്.

ഉദാഹരണമായി 'പിബാ ഹ്യസ്യ' എന്നത് 'പിബാ യസ്യ' എന്ന് ഉച്ചരിയ്ക്കുകയാണെങ്കിൽ യകാരമാകുന്ന അന്തഃസ്ഥയുടെ ആദിയിലെ ഹകാരം ലോപിച്ച് ഉച്ചരിയ്ക്കുക എന്ന ദോഷം വന്നിരിയ്ക്കുന്നു. ദോഷം വർജ്ജിയ്ക്കപ്പെടേണ്ടതാണ്.

അതേപോലെ ഇന്ദ്രവായോഃ എന്നത് ഇന്ദ്രവായോഃ എന്നു

ച്ചരിയ്ക്കുമ്പോൾ വകാരമാകുന്ന അന്തഃസ്ഥയോടുകൂടിയ ഇന്ദ്ര വായോഃ എന്നതിലെ അന്തഃസ്ഥയായ വകാരമാകുന്ന അന്തത്തിന് (അവസാനത്തിന്) ലോപം വന്നിരിയ്ക്കുന്നു.

വേണ്ടാത്തിടത്ത് വ്യഞ്ജനം ഉച്ചരിയ്ക്കുക എന്നതും ഒരു ദോഷമാണ്. ഉദാഹരണമായി ഉത്സ്നായ (2.15.5) എന്ന് ഉച്ചരിയ്ക്കേണ്ടിടത്ത് ഉത്സ്ത്നായ എന്നിങ്ങനെ സകാരത്തിൽനിന്ന് പരമായി തകാരം ഉച്ചരിയ്ക്കൽ.

അടുപ്പിച്ചുപയോഗിയ്ക്കുന്ന വ്യഞ്ജനങ്ങളിൽ ചിലത് ലോപിയ്ക്കുക എന്നതും ദോഷമാണ്. ഉദാഹരണമായി:- ഉപമാഷഡ്ദ്വാ ദ്വാ (8.68.14) എന്ന് ഉച്ചരിയ്ക്കേണ്ടിടത്ത് ഉപമാഷഡ്വാ ദ്വാ എന്നുച്ചരിച്ചാൽ ഇവിടെ ഡകാരം കഴിഞ്ഞുവരുന്ന ദകാരത്തിന് ലോപം വന്നിരിയ്ക്കുന്നു.

പ്രയത്നം ശിഥിലമാക്കിക്കൊണ്ടും അധികമാക്കിക്കൊണ്ടും വ്യഞ്ജനങ്ങൾ ഉച്ചരിയ്ക്കുന്നതും ദോഷങ്ങളാണ്.

**6. ഘോഷവതാമനുനാദഃ പുരസ്താദ്**
**ആദിസ്ഥാനാം ക്രിയതേ ധാരണം വാ ।**
**സോഷ്മോഷ്മണാമനുനാദോഽപ്യനാദോ**
**ലോമശ്യം ച ക്ഷ്വേഡനമൂഷ്മണാം തു ॥**

ഒരു പദത്തിന്റെ ആദിയിൽ വരുന്ന ഘോഷാക്ഷരങ്ങൾ ഉച്ചരിയ്ക്കുമ്പോൾ ഘോഷാക്ഷരങ്ങളുടെ ഉച്ചാരണത്തിനുമുൻപ് ഒരു ധ്വനി ഉണ്ടാക്കുന്നു. അതല്ലെങ്കിൽ ഘോഷാക്ഷരങ്ങൾ കേൾക്കാൻ പറ്റാത്തതാകുന്നു. ഇതു രണ്ടും ദോഷങ്ങളാണ്; അതിനാൽ വർജ്ജ്യങ്ങളും.

ഉദാഹരണം:- ഹ്വയാമി എന്ന പദം ഉച്ചരിയ്ക്കുമ്പോൾ ഹകാരത്തിന്റെ ഉച്ചാരണത്തിനുമുൻപ് (അ)ഹ്വയാമി എന്നിങ്ങനെ. അഥവാ ആ ദോഷത്തെ പരിഹരിയ്ക്കാനായി ഹകാരത്തിന്റെ ഉച്ചാരണംതന്നെ ഒഴിവാക്കൽ.

ധാരണം എന്ന പദത്തിന് മറ്റു ചിലർ ഇരട്ടിപ്പ് എന്നർത്ഥം പറയുന്നുണ്ട്.

ഉദാ:- ജ്യോതിഷ്കൃത് എന്നത് ജ്ജ്യോതിഷ്കൃത് എന്നുച്ചരിയ്ക്കൽ.

സോഷ്മങ്ങളും ഊഷ്മാക്കളും പദത്തിന്റെ ആദിയിൽ വരുമ്പോൾ ആദ്യം ധ്വനിയോ കേൾക്കാതിരിയ്ക്കലോ ഉണ്ടാകുന്നു.

അഭിഖ്യാ ഛായാമിവ (6.16.38)- ഇവിടെ ഛ എന്നുള്ള സോഷ്മവർണ്ണം ഉച്ചരിയ്ക്കപ്പെടുമ്പോൾ ആദ്യം ധ്വനിയോ അതല്ലെ

ങ്കിൽ ഛകാരം കേൾക്കാതിരിയ്ക്കലോ ഉണ്ടാകുന്നു.

ശ്ചോതന്തി, സ്തൌതി എന്നീ രണ്ടു പദങ്ങളിലും പദാദിയിൽ യഥാക്രമം ശ, സ എന്നു വരുന്നുണ്ട്. ഇവ ഊഷ്മാക്കളാണല്ലോ. ഇവയുടെ ഉച്ചാരണത്തിലും മേൽപ്പറഞ്ഞ ദോഷങ്ങൾ സംഭവിയ്ക്കാം.

അഘോഷങ്ങളായ ഊഷ്മാക്ഷരങ്ങൾക്ക് ലോമശ്യവും ക്ഷേളനവും ദോഷങ്ങളാണ്. ലോമശ്യം എന്നാൽ അസൌകുമാര്യവും, ക്ഷേളനം വർണ്ണത്തിന്റെ അധികമായ സരൂപധ്വനിയുമാണ്.

**7. വർഗേഷു ജിഹ്വാ പ്രമഥനം ചതുർഷു**
**ഗ്രാസോ മുഖ്യേ പ്രതിഹാരശ്ചതുർത്ഥേ ।**
**സരേഫയോർമ്മധ്യമയോർന്നിരാസോ**
**വിശ്ലേശഃ സ്ഥാനേ സകലേ ചതുർത്ഥേ॥**

ആദ്യത്തെ നാലു വർഗ്ഗങ്ങളിൽപ്പെട്ടവ ഉച്ചരിയ്ക്കുമ്പോൾ നാവിന്റെ പ്രഥനം (വിസ്താരം) സംഭവിയ്ക്കുന്നു. ഇതു ദോഷമാണ്. ഇവയിൽ ആദ്യം വരുന്ന വർഗ്ഗത്തിൽ -അതായത് കവർഗ്ഗത്തിൽ- ഗ്രാസം എന്ന ദോഷം വരുന്നു.

നാവിന്റെ കടയ്ക്കൽ സ്തംഭനം ചെയ്യുന്നതാണ് ഗ്രസ്തം എന്ന് മുൻപ് പറഞ്ഞിട്ടുണ്ട്. അതുതന്നെയാണ് ഗ്രാസം.

ആദ്യത്തെ നാലുവർഗ്ഗങ്ങളിൽ നാലാമത്തെ വർഗ്ഗത്തിൽ പ്രതിഹാരം എന്ന ദോഷം സംഭവിയ്ക്കാം. പ്രതിഹാരം എന്നാൽ അതിപ്രയത്നമാണ്. ആദ്യത്തെ നാലുവർഗ്ഗങ്ങളിൽ ഇടയിൽ വരുന്ന രണ്ടു വർഗ്ഗങ്ങൾക്ക് ചവർഗ്ഗ-ടവർഗ്ഗങ്ങൾക്ക്- രേഫത്തോടു കൂടുമ്പോൾ നിരാസം എന്ന ദോഷം വരാം.

സ്ഥാനം കരണം എന്നിവയ്ക്ക് അപകർഷം വരുമ്പോഴാണ് നിരസ്തം എന്ന ദോഷം വരിക. നിരസ്തംതന്നെയാണ് നിരാസം.

നാലാമത്തെ വർഗ്ഗത്തിൽ കരണം, സ്ഥാനം മുതലായ എല്ലാ അവയവങ്ങളിലും വിശ്ലേശം എന്ന ദോഷം വരാവുന്നതാണ്. വിശ്ലേശം എന്നാൽ അവൈശദ്യം.

**8. അതിസ്പർശോ ബർബരതാ ച രേഫേ**
**ജിഹ്വാന്താഭ്യാം ച വചനം ലകാരേ ।**
**ശ്വാസോഽഘോഷനിഭതാ വാഹകാരേ**
**നിരാസോഽന്യേഷൂഷ്മസു പിഡനം വാ ॥**

അതിസ്പർശവും, ബർബരതയും രേഫത്തിന്റെ ഉച്ചാരണത്തിന് സംഭവിയ്ക്കാവുന്ന ദോഷങ്ങളാണ്. അതിസ്പർശം അ

ത്യന്തമുള്ള സ്പർശം. ബർബരത അസൌകുമാര്യംതന്നെയാണ്. ഈ ദോഷങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്.

നാവിന്റെ അഗ്രംകൊണ്ട് ഉച്ചരിയ്ക്കപ്പെടേണ്ട വർണ്ണമാണ് ലകാരം. അത് നാവിന്റെ അന്തർഭാഗങ്ങൾകൊണ്ട് ഉച്ചരിയ്ക്കപ്പെടുക എന്നതും അതിസ്പർശം, ബർബരത എന്നിവയും ലകാരത്തിന്റെ ഉച്ചാരണത്തിൽ വരാവുന്ന ദോഷങ്ങളാണ്.

അധികശ്വാസത്വവും അഘോഷതുല്ല്യതയും രണ്ടും ഹകാരത്തിന്റെ ഉച്ചാരണത്തിൽ വരാവുന്ന ദോഷങ്ങളാണ്.

ഹകാരം ഒഴികെയുള്ള ഊഷ്മാക്കളിൽ നിരാസം, പീഡനം എന്നീ ദോഷങ്ങൾ വരാം.

9. **സ്വരാത്പരം പൂർവ്വസസ്ഥാനമാഹുർ-**
**ദീർഘാന്നിരസ്തം തു വിസർജ്ജനീയം ।**
**കണ്ഠ്യാദ്യഥാ രേഫവതസ്തദാഹു**
**രക്താത്തു നാസിക്യമപീതരസ്മാത് ॥**

ദീർഘമായ സ്വരത്തിൽനിന്ന് പരമായ വിസർഗ്ഗം പൂർവ്വവർണ്ണത്തിന്റെ സസ്ഥാനമായിത്തീരുന്നതിനാൽ നിരസ്തം എന്ന ദോഷത്തോടുകൂടിയതാണ്.

രഥീഃ, വധൂഃ, അഗ്നേഃ, വായോഃ മുതലായ പദങ്ങളിൽ വിസർഗ്ഗം യഥാക്രമം ഈകാരം, ഊകാരം, ഏകാരം, ഓകാരമെന്നിങ്ങനെയുള്ള പൂർവ്വവർണ്ണങ്ങളുടെ സ്ഥാനസദൃശസ്ഥാനങ്ങളോടുകൂടിയതായി കാണുന്നു. വിസർഗ്ഗത്തിന്റെ സ്ഥാനം കണ്ഠമാണല്ലോ. അതിനാൽ വിസർഗ്ഗത്തിന്റെ സ്ഥാനത്തിന് അപകർഷം വരുന്നതിനാൽ നിരസ്തം എന്ന ദോഷമുണ്ട് എന്നാണ് ആചാര്യന്റെ അഭിപ്രായം.

എന്നാൽ മറ്റുചിലർ ഈ ശ്ലോകഭാഗം മറ്റൊരുതരത്തിലും വ്യാഖ്യാനിയ്ക്കുന്നുണ്ടെന്ന് ഭാഷ്യകാരനായ ഉവടൻ പറയുന്നു. അവരുടെ അഭിപ്രായമിതാണ്- മുൻപറഞ്ഞ ദീർഘസ്വരങ്ങളിൽനിന്ന് പരമായ വിസർഗ്ഗം പൂർവ്വസ്വരങ്ങളുടെ സസ്ഥാനികങ്ങളായിട്ടല്ലാതെ ആർക്കും ഉച്ചരിയ്ക്കാൻ സാധ്യമല്ലതന്നെ. അതിനാൽ ഇത്തരം സ്ഥലങ്ങളിൽ വിസർഗ്ഗം പൂർവ്വസസ്ഥാനികങ്ങളാണ് എന്ന് വിധിയ്ക്കുകയാണ് ചെയ്യുന്നത്. ഹ്രസ്വസ്വരങ്ങളിൽനിന്ന് പരമാകുന്ന വിസർഗ്ഗവും ഇതേപോലെ പൂർവ്വസസ്ഥാനികങ്ങളാവും.

തൈത്തിരീയപ്രാതിശാഖ്യത്തിൽ 'കണ്ഠസ്ഥാനൌ ഹകാരവിസർജ്ജനോയൌ' എന്ന സൂത്രംകൊണ്ട് ഹകാരം, വിസർഗ്ഗം

എന്നിവയുടെ സ്ഥാനം കണ്ഠമാണെന്നും 'ഉഭയസ്വരാദിസസ്ഥാനോ ഹകാര ഏകേഷാം' എന്ന സൂത്രംകൊണ്ട് പരമായി വരുന്ന സ്വരം മുതലായവയുടെ സ്ഥാനത്തുതന്നെയാണ് ഹകാരത്തിന്റെ സ്ഥാനവും എന്ന് ചിലർ അഭിപ്രായപ്പെടുന്നു എന്നും, 'പൂർവ്വാന്ത സസ്ഥാനോ വിസർജ്ജനീയഃ' എന്ന സൂത്രംകൊണ്ട് വിസർഗ്ഗം, പൂർവ്വമുള്ള സ്വരത്തിന്റെ സസ്ഥാനം (സമാനമായ സ്ഥാനത്തോടുകൂടിയത്) ആണെന്നും വിധിയ്ക്കുന്നുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ കാര്യം തെറ്റെന്ന് പറയാൻ പറ്റില്ല.

പക്ഷെ ഉച്ചാരണദോഷങ്ങളെ പ്രതിപാദിയ്ക്കുന്ന പ്രകരണത്തിൽ ഇപ്രകാരം പറഞ്ഞിട്ടുള്ളതിനാൽ അത് ദോഷമായി പരിഗണിയ്ക്കണം എന്നാണ് ഉവടന്റെ അഭിപ്രായം. ഇതിന് ഉപോദ്ബലകമായ യുക്തിയായി അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്- 'ചിലരുടെ മതത്തിൽ അനുനാസികം പരത്തിലുള്ള ഊഷ്മാക്ഷരത്തിൽനിന്ന് പരമായി യമം ആഗമമായി വരാം; അസ്മേ, വിഷ്ണുഃ തുടങ്ങിയ പദങ്ങളിൽ. എന്നാൽ 'പരം യമം രക്തപരാദഘോഷാത്' എന്ന കാരികാഭാഗം (അടുത്ത കാരികയിലുള്ളത്)കൊണ്ട് അത് ദോഷമാണെന്ന് പറയുന്നു. ദോഷം വർജ്ജ്യമാണല്ലോ. ഋഗ്വേദപ്രാതിശാഖ്യകാരന്റെ അഭിപ്രായത്തിൽ ദോഷമായതിനാൽ വിസർഗ്ഗത്തിന്റെ പൂർവ്വസസ്ഥാനികത്വം ദോഷമാണെന്നുതന്നെ ഉവടൻ അഭിപ്രായപ്പെടുന്നു.

ദീർഘമായ കണ്ഠ്യസ്വരത്തിൽനിന്ന്, അതായത് ആകാരത്തിൽനിന്ന് പരമായ വിസർഗ്ഗം ഋകാരത്തിന് ശേഷംവരുന്ന ജിഹ്വാമൂലീയം എന്നപോലെ നിരസ്തമാണ്.

അനുനാസികമായ ദീർഘമായ അകാരത്തിൽനിന്നു പരമായ വിസർഗ്ഗവും അനുനാസികമായ ഋകാരത്തിൽനിന്നു പരമായ വിസർഗ്ഗവും അനുനാസികമായി ചൊല്ലപ്പെടുന്നുണ്ട്. അത് ദോഷമാണ്.

സ്വതാവാँ പായുഃ (4.2.6)- ഇവിടെ അനുനാസികമായ ആകാരത്തിൽനിന്ന് പരമായ വിസർഗ്ഗമാണ്. ഇത് അനുനാസികമായി ചൊല്ലപ്പെടുന്നു. അത് ദോഷമാണ്.

നൄँപതിഭ്യഃ-ഇവിടെ അനുനാസികമായ ഋകാരത്തിൽനിന്ന് പരമായ വിസർഗ്ഗമാണ്. ഇതും അനുനാസികമായി ഉച്ചരിയ്ക്കപ്പെടുന്നത് ദോഷമാണ്.

**10 സംയോഗാദേരൂഷ്മണഃ പൂർവ്വമാഹുർ-**
**വിസർജ്ജനീയമധികം സ്വരോപധാത് ।**

**പരം യമം രക്തപരാദഘോഷാദ്**

**ഊഷ്മാണം വാ ഘോഷിണസ്തൽ പ്രയത്നം II**

1. സ്വരം പൂർവ്വമുള്ള കൂട്ടക്ഷരത്തിന്റെ ആദ്യമുള്ള ഊഷ്മാക്ഷരത്തിന് മുമ്പായിട്ട് അധികമായി വിസർഗ്ഗം ചൊല്ലപ്പെടുന്നുണ്ട്. ഇത് ഉച്ചാരണദോഷമാണ്.

2. അനുനാസികം പരമായ അഘോഷമായ ഊഷ്മാക്ഷരത്തിൽനിന്ന് പരമായി യമം ഉച്ചരിയ്ക്കാറുണ്ട്. അത് ദോഷമാണ്.

3. അനുനാസികം പരമായ ഘോഷമായ ഊഷ്മാക്ഷരത്തിൽനിന്ന് പരമായി പൂർവ്വമുള്ള ഘോഷാക്ഷരത്തിന്റെ തുല്യമായ പ്രയത്നമുള്ള ഊഷ്മാക്ഷരത്തേയോ, യമത്തേയോ ഉച്ചരിയ്ക്കുന്നു. ഇത് ദോഷമാണ്.

**ഉദാഹരണം**

1. പാവക തേ സ്തോകാശ്ചോതന്തി (3.21.2)- ഇവിടെ തേ എന്ന പദത്തിലെ ഏകാരമാകുന്ന സ്വരം പൂർവ്വമുള്ള കൂട്ടക്ഷരമാണ് സ്തോകാഃ എന്ന പദത്തിലെ സ്തോ എന്നത്. ഈ കൂട്ടക്ഷരത്തിന്റെ ആദ്യമുള്ളത് 'സ്' എന്ന ഊഷ്മാക്ഷരമാണ്. ഈ ഏകാരത്തിനും സകാരത്തിനുമിടയ്ക്ക് വിസർഗ്ഗമില്ല. എങ്കിലും ഋക്ക് ഉച്ചരിയ്ക്കുമ്പോൾ വിസർഗ്ഗം അധികമായി ഉച്ചരിയ്ക്കാറുണ്ട്. അത് ദോഷമാണ്.

2. പൃശ്നിഃ, വിഷ്ണുഃ മുതലായ പദങ്ങളിൽ യഥാക്രമം ശ്, ഷ് എന്നീ അഘോഷങ്ങളായ ഊഷ്മാക്ഷരങ്ങൾ അനുനാസികങ്ങളായ ന്, ണ് എന്നിവ പരമായുള്ളവയാണ്. ഇവിടെ ശ്, ഷ് എന്നിവ യമമായി ഉച്ചരിയ്ക്കുന്നു. അപ്പോൾ പൃശ്ശ്˘നി, വിഷ്ഷ്˘ണു എന്നാകും ഇത് ദോഷമാണ്.

11. **ശുനശ്ശേപോനിഷ്ഷപീ ശാസ്സി നിഷ്ഷാള്**
**വിക്രമാ ബ്രഹ്മ വിഷ്ണു സ്മ പൃശ്നിഃ I**
**സ്പർശോഷ്മസന്ധീൻ സ്പർശരേഫ-**
**സന്ധീനഭിപ്രായാംശ്ച പരിപാദയന്തി II**

ശുനശ്ശേപഃ, നിഷ്ഷപീ, ശാസ്സി, നിഷ്ഷാള്, ബ്രഹ്മ, വിഷ്ണു, സ്മ, പൃശ്നി എന്നിവ അവിക്രമങ്ങളാണ്. ഇവകളിൽ വിക്രമം ദോഷമാണ്. വിക്രമം എന്നാൽ വിസർഗ്ഗം.

ശുനശ്ശേപോയമഹ്വദ് ഗൃഭീതഃ (1.24.12)- ശുനഃ ശേപഃ എന്ന് ശുന എന്ന ശബ്ദത്തിനുശേഷം വിസർഗ്ഗത്തിന്റെ ഉച്ചാരണം ദോഷമാണെന്നു സാരം.

മാനോ മഘേവ നിഷ്ഷപീ പരാ ദാഃ (1.104.5)- ഇവിടെ നി

ഷ്ഷപീ എന്ന പദം നിഃഷപീ എന്നുച്ചരിയ്ക്കുന്നത് ഉച്ചാരണദോഷമാണ്.

പ്ര പാകം ശാസ്സി പ്രദിശോ വിദുഷ്ടരഃ (1.31.14) - ഇവിടെ ശാസ്സി എന്ന പദം ശാഃ സി എന്നുച്ചരിയ്ക്കുന്നത് ദോഷമാണ്.

പ്ര വാം ശരദ്വാൻ വൃഷഭോ ന നിഷ്ഷാട് (1.181.6)

ഇവിടെ നിഷ്ഷാട് എന്ന പദം നിഃ ഷാട് എന്നുച്ചരിയ്ക്കുന്നത് ദോഷമാണ്.

ബ്രഹ്മ, വിഷ്ണു, സ്മ, പൃശ്നി എന്നിവ 'സംയോഗാദേരൂഷ്മണഃ...' എന്ന കാരികയിൽ പറഞ്ഞ ഉച്ചാരണദോഷങ്ങൾ വരാവുന്ന പദങ്ങളാണ്. ബ്രഹ്മ എന്ന പദത്തിലെ ഹ്മ എന്നതിലെ ഹ കാരം അനുനാസികം പരമുള്ള ഘോഷമായ ഊഷ്മാവും, വിഷ്ണു, പൃശ്നി, സ്മ എന്നിവയിലെ ഷ്ണു, ശ്നി, സ്മ എന്നിവയിലെ ഷ, ശ, സ എന്നിവ അനുനാസികം പരമായ അഘോഷങ്ങളായ ഊഷ്മാക്കളുമാണ്.

സ്പർശാക്ഷരങ്ങളും ഊഷ്മാക്കളും തമ്മിലുള്ള സന്ധി വരുന്നേടത്തും, സ്പർശാക്ഷരങ്ങളും രേഫവും തമ്മിൽ സന്ധി വരുന്നേടത്തും വിവൃത്യഭിപ്രായസന്ധികൾ വരുന്നേടത്തും അനുസ്വാരം ഉച്ചരിയ്ക്കുന്നുണ്ട്. ഇത് ദോഷമാണ്.

അന്തഃപാദമോ, പാദാന്തത്തിലോ ഉള്ള ദീർഘസ്വരം പൂർവ്വമുള്ള നകാരം ചരതി, ചക്രേഃ, ചമസാൻ, ച, ചോ, ചിത്, ചരസി, ച്യൌത്നഃ, ചതുരഃ, ചികിത്വാൻ (എല്ലാം ചകാരത്തിൽ തുടങ്ങുന്നത്) എന്നീ പദങ്ങൾ പരമായി വന്നാൽ വിസർഗ്ഗത്തിന്റെ ധർമ്മങ്ങളെ പ്രാപിയ്ക്കുന്നു എന്നിങ്ങനെ നാലാം പടലത്തിൽ 32-ാം ശ്ലോകത്തിൽ പ്രസ്താവിയ്ക്കുന്നുണ്ട്. വിസർഗ്ഗത്തിന്റെ ഏതു ധർമ്മങ്ങളാണ് എന്നതിന് ഈ പടലത്തിലെത്തന്നെ 10-ാമത്തെ ശ്ലോകത്തിൽ പറഞ്ഞ കാര്യങ്ങളാണ് എന്ന് വ്യക്തമാക്കുന്നു. ആ കാര്യം ഇതാണ്- അഘോഷമായ സ്പർശം പരമായി വരുമ്പോൾ രേഫിയും അരേഫിയുമായ വിസർഗ്ഗം പരത്തിലുള്ള അഘോഷത്തിന്റെ സ്ഥാനത്തിന് തുല്യമായ സ്ഥാനത്തോടുകൂടിയ ഊഷ്മാവായിത്തീരുന്നു, ഈ അഘോഷത്തിൽനിന്ന് ഊഷ്മാക്ഷരം പരമായിട്ടില്ലെങ്കിൽ.

നകാരത്തിനുവരാവുന്ന സന്ധികളായ ലോപം, രേഫം, ഊഷ്മഭാവം എന്നിവ വരുന്നിടത്ത് എല്ലായിടത്തും നകാരത്തിന് പൂർവ്വമുള്ള സ്വരം അനുനാസികമാവും എന്നും 4-ാം പടലത്തിലെ 34-ാം ശ്ലോകം വ്യക്തമാക്കുന്നുണ്ട്.

താ് സ്തേ അശ്യാമ (9.91.5)-താൻ/തേ/അശ്യാമ/ എന്നാണി വിടെ പദപാഠം. നകാരത്തിന് ഊഷ്മഭാവം വന്ന് പൂർവ്വസ്വര ത്തിന് അനുനാസികവും വന്നിരിയ്ക്കുന്നു.

രശ്മീ് രിവ(8.35.21)- ഇവിടെ നകാരത്തിന് അനുനാസികത്വ വും വന്നിരിയ്ക്കുന്നു. പീവോ അന്നാ് രയിവൃധഃ (7.91.3)-പീവഃ/അ ന്നാൻ/രയി/വൃധഃ/ എന്നാണ് ഇവിടെ പദപാഠം. ഇവിടെ സംഹി തയിൽ പീവോ അന്നാൻ എന്നതിലെ നകാരം ലോപിയ്ക്കുക യും പൂർവ്വവർണ്ണത്തിന് അനുനാസികത്വം വരികയും ചെയ്തിട്ടു ണ്ട്.

ഇവിടെ എല്ലായിടത്തും അനുനാസികം ഉച്ചരിയ്ക്കേണ്ടിട ത്ത് അനുസ്വാരം ഉച്ചരിയ്ക്കുന്നു. ഇത് ദോഷമാണ്. (പരിപാദയ ന്തി=അനുസ്വാരമാക്കുന്നു)

12 **സ്വരൌ കുർവ്വന്ത്യോഷ്ഠനിഭൌ സരേഫൌ**
**തിസ്രോ മാതൄസ്ത്രീൻ പിതൄൻ യന്നൃഭിർന്നൄൻ ।**
**ദന്ത്യാൻ സകാരോപനിഭാനഘോഷാൻ**
**രഥ്യഃ പൃഥ്വീ പൃഥിവീ ത്വാ പൃഥീതി ।।**

രേഫസഹിതങ്ങളായ സ്വരങ്ങൾ-അതായത് ഋകാരവും ൠകാ രവും ഓഷ്ഠസ്ഥാനികങ്ങളായ ഉകാരങ്ങൾ പോലെ ചൊല്ലുന്നു. അത് ദോഷമാണ്.

തിസ്രോ മാതൄസ്ത്രീൻ പിതൄൻ ബിഭ്രത് (1.164.10)- ഇവി ടെ മാതൄഃ, പിതൄൻ എന്നീ പദങ്ങളിലെ ൠകാരങ്ങൾ ഉകാരം പോലെ ചൊല്ലുന്നു.

കർഹി സ്വിത്തദിന്ദ്ര യന്നൃഭിർന്നൄൻ- കർഹി/സ്വിത്/തത്/ ഇന്ദ്ര/യത്/നൃ/ഭിഃ/നൄൻ/ എന്നാണ് പദപാഠം. ഇവിടെ നൃഭിഃ, നൄ ൻ എന്നീ പദങ്ങളിലുള്ള ഋകാരവും ൠകാരവും ഉകാരംപോലെ ചൊല്ലുന്നു.

ദന്തസ്ഥാനികങ്ങളായ അഘോഷങ്ങളെ -അതായത് ത്, ഥ് എന്നിവയെ സകാരംപോലെ ചൊല്ലുന്നു; അത് ദോഷമാണ്.

അസർജി വക്വാ രഥ്യേ യഥാജൌ (9.91.1)- ഇവിടെ രഥ്യേ എന്ന പദത്തിലെ ഥകാരം സകാരംപോലെ ചൊല്ലുന്നു. ഇതു പോലെ പൃഥ്വീ, പൃഥിവീ, പൃഥീ തുടങ്ങിയ ശബ്ദങ്ങളും. ത്വാ എ ന്നതിലെ തകാരവും സകാരംപോലെ ചൊല്ലുന്നു.

13 **ഊഷ്മാന്തഃ സ്ഥാ പ്രത്യയം രേഫപൂർവ്വം**
**ഹ്രസ്വം ലുമ്പത്യാഹുരഥാപ്യസന്തം ।**

**പുരുഷന്തിം പുരുവാരാര്യമാഷ്യാം**
**ഹരിയോജനായ ഹരിയൂപീയായാം ll**

ഊഷ്മാക്ഷരമോ അന്തഃസ്ഥയോ പരമായി വരുന്ന രേഫം പൂർവ്വത്തിലുള്ള ഹ്രസ്വം ചൊല്ലാതിരിയ്ക്കുകയോ അതല്ലെങ്കിൽ ഇല്ലാത്ത ഹ്രസ്വം രേഫത്തിൽനിന്നു പരമായി ഉണ്ടാക്കിച്ചൊല്ലു കയോ ചെയ്യുന്നു. ഇതു രണ്ടും ദോഷമാണ്.

യാഭിർധ്വസന്തിം പുരുഷന്തിമാവതം (1.132.23)-യാഭിഃ/ധ്വംസം തിം/പുരു/സന്തിം/ആവതം/ എന്നു പദപാഠം. ഇവിടെ പുരുസ ന്തിം എന്ന പദത്തിലെ രു എന്ന അക്ഷരം രേഫം പൂർവ്വത്തിലു ള്ള ഹ്രസ്വത്തോടുകൂടിയതാണ്. ഈ ഹ്രസ്വസ്വരം കഴിഞ്ഞു ഷ എന്ന ഊഷ്മാക്ഷരമുണ്ട്. ഇവിടെ ഹ്രസ്വസ്വരത്തെ ഉച്ചരിയ്ക്കാ തെ പുർഷന്തിം എന്ന് ഉച്ചരിയ്ക്കുന്നു. അത് ദോഷമാണ്. ഇതു പോലെ പുരുവാര പ്രയന്ധി (4.2.20) എന്ന സംഹിതാഭാഗത്തിലെ പുരുവാര എന്നത് പുർവാര എന്നുച്ചരിയ്ക്കുന്നു.

അര്യമാ യാതജ്ജനഃ (1.136.3)- ഇവിടെ അര്യമാ എന്ന പദ ത്തിൽ രേഫം കഴിഞ്ഞ് യകാരമാണുള്ളത്. ഹ്രസ്വസ്വരം ഇല്ല. എ ന്നാൽ ചൊല്ലുമ്പോൾ അരിയമാ എന്നു ചൊല്ലുന്നു.

ആഷ്ട്ര്യാം പദം കൃണുതേ (10.165.2)-ഇവിടെ ആഷ്ട്ര്യാം എ ന്നത് ആഷ്ട്രിയാം എന്ന് ഹ്രസ്വസ്വരമുണ്ടാക്കി ചൊല്ലുന്നു.

അതക്ഷദ് ബ്രഹ്മ ഹരിയോജനായ (1.62.13)-ഇവിടെ ഹരി യോജനായ എന്ന പദം ഹര്യോജനായാ എന്നു ചൊല്ലുന്നു.

യദ്ധരിയൂപീയായാം (6.27.5)-യത്/ഹരിയൂപീയായാം/ എന്ന് പദപാഠം. ഇവിടെ ഹരിയൂപീയായാം എന്നത് ഹര്യൂപീയായാം എന്നുച്ചരിയ്ക്കുന്നു.

14 **ഐയേരിത്യൈകാരമകാരമാഹുർ-**
**വൈയശ്വേ ച ക്രമയന്തോ യകാരം l**
**തദേവാന്യേഷു വിപരീതമാഹു-**
**സ്തേരയ്യാ വയ്യം ച ഹൃദയ്യയേതി ll**

'ഐയേഃ' എന്നുള്ള പദം ഉച്ചരിയ്ക്കുമ്പോൾ ഐകാരം അ കാരമായും യകാരം ഇരട്ടിച്ചും ഉച്ചരിയ്ക്കുന്നു. വൈയശ്വേ എന്ന പദവും ഇത്തരത്തിൽ ഉച്ചരിയ്ക്കുന്നു. ഇതുരണ്ടും ദോഷങ്ങളാ ണ്.

ഹൃണീയമാനോ അപഹി മദൈയേഃ (5.2.8)-ഹൃണീയമാനഃ/ അപ/ഹി/മത്/ഐയേഃ/ എന്നു പദപാഠം. (ഇവിടെ 'ഐയേ' എ ന്ന പദം പോകുക എന്ന അർത്ഥത്തിലുള്ള 'ഇണ്' എന്ന ധാതു

വിന്റെ ലങ് മദ്ധ്യമപുരുഷനിലെ രൂപമാണ്. അപ എന്ന ഉപസർഗ്ഗം ഇതോട് ചേർത്ത് അപൈയേഃ എന്നു രൂപം പറയേണ്ടതാണ്.)

ഐയേഃ എന്നത് 'അയ്യേഃ' എന്നുച്ചരിയ്ക്കാറുണ്ട്. അതു ദോഷമാണ് എന്നു സാരം.

വൈയശ്വസ്യ ശ്രുതം നരോതോ (8.26.11) -വൈയശ്വസ്യ/ ശ്രുതം/നരാ/ഉതോ/ഇതി/ എന്നാണ് പദപാഠം. (വൈയശ്വൻ-വ്യശ്വന്റെ പുത്രൻ)

വൈയശ്വസ്യ എന്ന പദം 'വയ്യശ്വസ്യ' എന്നു ചൊല്ലുന്നു. ഇതും മേൽപ്പറഞ്ഞ ദോഷംതന്നെയാണ്.

ഇതിന്റെ നേരെ വിപരീതമായി അകാരം ഉച്ചരിയ്ക്കേണ്ടിടത്ത് ഐകാരവും യകാരത്തിനു ഇരട്ടിപ്പ് വേണ്ടിടത്ത് അതില്ലാതെയും ഉച്ചരിയ്ക്കുന്നുണ്ട്. അതും ദോഷമാണ്.

തേ രയ്യാ സം സൃജന്തു നഃ (10.19.7)- ഇവിടെ രയ്യാ എന്നത് 'രൈയാ' എന്ന് ഉച്ചരിയ്ക്കുന്നു. (രയി=ധനം. രയ്യാ എന്നത് അതിന്റെ തൃതീയൈകവചനം)

പരിപ്രയന്തം വയ്യം സുഷം സദം (9.68.8)-പരി/പ്രയന്തം/വയ്യം/സു/സംസദം/ എന്നു പദപാഠം. (വി എന്ന ധാതുവിനോടു കൂടി 'യത്' എന്ന പ്രത്യയം വന്ന് നിപതിപ്പിയ്ക്കപ്പെട്ട രൂപമാണ് വയ്യം എന്നത്. കാമ്യമാനം എന്നർത്ഥം)

വയ്യം എന്ന പദം വൈയം എന്നുച്ചരിയ്ക്കുന്നു. ശ്രദ്ധാം ഹൃദയ്യയാ- ഇവിടെ ഹൃദയ്യയാ എന്ന പദം ഹൃദൈയയാ എന്ന് ഉച്ചരിയ്ക്കുന്നു.

**15 അകാരസ്യ സ്ഥാന ഐകാരമാഹുർ-**
**ലുമ്പന്തി ച സയമീകാരമുത്തരം ।**
**ബഹ്വക്ഷരം ദ്വ്യക്ഷരതാം നയന്തി**
**യഥോ നയീർധ്വന കോശയോരിതി ॥**

(സയം=യകാരത്തോടുകൂടിയത്)

അകാരം ഉച്ചരിയ്ക്കേണ്ടിടത്ത് 'ഐ'കാരം ഉച്ചരിയ്ക്കുന്നു. അതിനുശേഷം വരുന്ന യകാരത്തോടുകൂടിയ ഈകാരം ലോപിയ്ക്കുകയും ചെയ്യുന്നു. ഇങ്ങനെ ഉച്ചരിയ്ക്കപ്പെടുമ്പോൾ ബഹ്വക്ഷരത്തെ (കൂടുതൽ അക്ഷരങ്ങളുള്ള പദത്തെ) ദ്വക്ഷരം (രണ്ടക്ഷരമുള്ള പദം)ആക്കുന്നു.

ജരിതുഃ കാമമൂനയീഃ (1.53.3)-ജരിതുഃ/കാമം/ഊനയീഃ/ എന്നു പദപാഠം. ഇവിടെ ഊനയീ എന്ന പദം ഊനൈഃ എന്നുച്ചരിയ്ക്കുന്നു.

മാത്വാഗ്നിർ ധ്വനയീദ്ധൂമഗന്ധിഃ (1.162.15)-മാ/ത്വാ/അഗ്നിഃ/ധ്വനയീത്/ധൂമ/ഗന്ധിഃ/ എന്നു പദപാഠം. ഇവിടെ ധ്വനയീത് എന്ന പദം ധ്വനൈത് എന്നുച്ചരിയ്ക്കുന്നു.

കോശയീർദശ (6.47.22)- ഇവിടെ കോശയീഃ/ദശ/ എന്നു പദപാഠം. കോശയീഃ എന്ന പദം കോശൈഃ എന്നുച്ചരിയ്ക്കുന്നു.

**16 തദേവ ചാന്യത്ര വിപര്യയേണ**
**കാര്യേ ഐത്വേ സയമീകാരമാഹുഃ ।**
**ധാതോർബിഭേതർജ്ജയതേർനിയശ്ചാ/-**
**ഭൈഷ്മാ ചാ ജൈഷ്മ നൈഷ്ടേതി ചൈഷു ॥**

ഇതിന്റെ വിപരീതമായിട്ട് ഐകാരം ഉച്ചരിയ്ക്കേണ്ട മറ്റു ചില പദങ്ങളിൽ അകാരം ഉച്ചരിച്ച് യകാരത്തോടുകൂടിയ ഈകാരം ഉച്ചരിയ്ക്കുന്നു. ഇതും ദോഷമാണ്. 'ഭീ', 'ജി', 'നീ' എന്നീ ധാതുക്കളുടെ പ്രയോഗത്തിൽ മേൽപ്പറഞ്ഞ ഉച്ചാരണദോഷം കണ്ടുവരുന്നു.

അഭൈഷ്മാപതദുച്ഛ്രതു (8.47.18)-അഭൈഷ്മ/അപ/തത്/ഉച്ഛ്രതു/ എന്നാണ് പദപാഠം. അഭൈഷ്മ എന്ന പദം 'ഭീ'ധാതുവിൽ നിന്നുണ്ടായതാണ്. ഈ പദം അഭയീഷ്മ എന്നുച്ചരിയ്ക്കുന്നു.

അജൈഷ്മാദ്യാസനാമ (8.47.18)- അജൈഷ്മ/അദ്യ/അസനാമ/ എന്നു പദപാഠം. അജൈഷ്മ എന്ന പദം 'ജി' എന്ന ധാതുവിന്റെ ഒരു രൂപമാണ്. ഈ പദം അജയീഷ്മ എന്നുച്ചരിയ്ക്കുന്നു.

ദൂരം നൈഷ്ട പരാവതഃ (8.30.3)- ദൂരം/നൈഷ്ട/പരാ/വതഃ/ എന്നു പദപാഠം. ഇവിടെ നൈഷ്ട എന്ന പദം 'നീ' എന്ന ധാതുവിൽനിന്നുണ്ടായതാണ്. ഇത് നയീഷ്ട എന്ന് ഉച്ചരിയ്ക്കുന്നു.

**17 ഇകാരസ്യസ്ഥാന ഌകാരമാഹുർ-**
**ഋകാരംവാ ചന്ദ്രനിർണിക് സുശിൽപേ ।**
**അനന്തരേ തദ്വിപരീതമാഹു-**
**സ്താലവ്യേ ശൃങ്ഗേ ബിഭ്യയാദ്വിച്യുത്താഃ ॥**

ഇകാരത്തിന്റെ സ്ഥാനത്ത് ചിലയിടത്ത് ഌകാരവും മറ്റു ചിലയിടങ്ങളിൽ ഋകാരവും ഉച്ചരിയ്ക്കുന്നു.

ചന്ദ്രനിർണിങ്മനഌംഗാ (10.106.8)- ചന്ദ്ര/നിർനിക്/മനഃ/ഌംഗാ/ എന്നു പദപാഠം. ചന്ദ്രനിർണിക് എന്ന പദം ചന്ദ്രനൃർണിക് എന്നുച്ചരിയ്ക്കുന്നു.

സുശില്പേ ബൃഹതീ മഹീ (9.5.6)- സുശില്പേ ഇതി സുശില്പേ/ബൃഹതീ ഇതി/മഹീ ഇതി/ എന്നു പദപാഠം. ഇവിടെ സുശില്പേ എന്ന പദം സുശ്ഌല്പേ എന്ന് ഉച്ചരിയ്ക്കുന്നു.

ഌകാരത്തിന്റെ തൊട്ടു മുൻപോ ഌകാരം കഴിഞ്ഞ ഉടനേയോ താലുസ്ഥാനികമായ വർണ്ണം വന്നാൽ തൊട്ടുമുൻപുപറഞ്ഞ ദോഷത്തിന് വിപരീതമായ ദോഷം വരുന്നു. അതായത് ഇകാരത്തിന്റെ സ്ഥാനത്ത് ഌകാരം ഉച്ചരിയ്ക്കുന്നു എന്നത് ഌകാരത്തിന്റെ സ്ഥാനത്ത് ഇകാരം ഉച്ചരിയ്ക്കുന്നു എന്നു സാരം. അതും ദോഷമാണ്.

ശിശീതേ ശൃംഗേ രക്ഷസേ വിനിക്ഷേ (5.2.9)- ശിശീതേ/ശൃംഗേ ഇതി/ രക്ഷസേ/വി*f*നിക്ഷേ/എന്ന് പദപാഠം. ഇവിടെ ശൃംഗേ എന്നത് ശിംഗേ എന്ന് ഉച്ചരിയ്ക്കുന്നു.

യമീർ യമസ്യ ബിഭൃയാദജാമി (10.10.9)- യമീഃ/യമസ്യ/ബിഭൃയാത്/അജാമി/ എന്ന് പദപാഠം. ഇവിടെ ബിഭൃയാത് എന്ന പദം ബിഭിയാത് എന്ന് ഉച്ചരിയ്ക്കുന്നു.

പാശാ ആദിത്യാ രിപവേ വിചൃത്താഃ (2.27.16)- പാശാഃ/ആദിത്യാഃ/രിപവേ/വി*f*ചൃത്താഃ/ എന്ന് പദപാഠം. (വിചൃത്താഃ എന്ന പദത്തിന് പ്രസാരിതാഃ എന്നർത്ഥം). ഇവിടെ വിചൃത്താഃ എന്ന പദം വിചിത്താഃ എന്ന് ഉച്ചരിയ്ക്കുന്നു.

**18 താലുസ്ഥാനോ വ്യഞ്ജനാദുത്തരശ്ചേദ്**
**അയകാരസ്തത്ര യകാരമാഹുഃ ।**
**ശുനശ്ശേപഃ ശാസ്സി വവർജ്ജുഷീണാം**
**അത്കേ വിരപ്ശീതി നിദർശനാനി ॥**

യകാരഭിന്നമായ, താലുസ്ഥാനമായ വർണ്ണം വ്യഞ്ജനത്തിന് ശേഷം വരുന്നു എങ്കിൽ അവിടെ യഥാർത്ഥത്തിലില്ലാത്ത യകാരം ഉച്ചരിച്ചുകാണുന്നുണ്ട്. അത് ദോഷമാണ്. ശുനശ്ശേപ മുതലായവ ഉദാഹരണങ്ങളാണ്. ശുനശ്ശേപോ യമഹ്വദ് ഗൃഭീതഃ (1.24.12)- ശുനശ്ശേപഃ/യം/അഹ്വത്/ഗൃഭീതഃ/ എന്നു പദപാഠം. ഇവിടെ ശുനശ്ശേപഃ എന്ന പദം ശുനശ്ശ്യേപഃ എന്നുച്ചരിയ്ക്കുന്നു.

പാകം ശാസ്സി പ്രദിശോ വിദുഷ്ടരഃ (1.31.14)-പാകം/ശാസ്സി/പ്ര/ദിശഃ/വിദുഃ*f*തരഃ/ എന്ന് പദപാഠം. ഇവിടെ ശാസ്സി എന്നത് ശാസ്സ്യി എന്നുച്ചരിയ്ക്കുന്നു.

വിശാം വർജുഷീണാം (1.134.6)- ഇവിടെ വവർജുഷീണാം എന്ന പദം വവർജ്യുഷീണാം എന്ന് ഉച്ചരിയ്ക്കുന്നു.

അർജ്ജുനേ അത്കേ (9.107.13)- ഇവിടെ അത്കേ എന്ന പദം അത്ക്യേ എന്ന് ഉച്ചരിയ്ക്കുന്നു.

സൂനൃതാ വിരപ്ശീ (1.8.8)-സൂനൃതാ/വി*f*രപ്ശീ/ എന്നു പദ

പാഠം. ഇവിടെ വിരപ്ശീ എന്ന പദം വിരപ്ശ്യീ എന്നുച്ചരിയ്ക്കുന്നു.

19 ലുമ്പന്തി വാ സന്തമേവം യ്വകാരം
ജൈഷ്ഠ്യായ സംവാരന്നാപൃച്ഛ്യമൃഭ്വാ ।
വ്യസ്യന്ത്യന്തർമഹതോഽവ്യായതം തം
ദീർഘായുഃ സൂര്യോ രുശദീർത ഊർജ്ജം ॥

ചിലയിടത്താകട്ടെ ഇതുപോലെ വ്യഞ്ജനത്തിൽനിന്ന് പരമായ യകാരവും വകാരവും ഉച്ചരിയ്ക്കാതിരിയ്ക്കുന്നു. അതും ദോഷമാണ്.

ഇന്ദ്ര ജ്യൈഷ്ഠ്യായ സുക്രതോ (1.5.6)- ഇവിടെ ജ്യൈഷ്ഠ്യായ എന്ന പദം ജൈഷ്ഠായ എന്നുച്ചരിയ്ക്കുന്നു.

സമ്വാരന്നകിരസ്യ മഘാനി (10.132.3)- സം/ഊ്ഇതി/ആരൻ/നകിഃ/അസ്യ/മഘാനി/ എന്ന് പദപാഠം. (നകിഃ=നൈവ(ഇല്ലതന്നെ) സമാരൻ=ഇല്ലാതാകുന്നു-പൊയ്പോകുന്നു). ഇവിടെ സംഹിതയിൽ സമ്വാരൻ എന്ന പദം സമാരൻ എന്നുച്ചരിയ്ക്കുന്നു.

ആ പൃച്ഛ്യം ധരുണം വാജ്യർഷതി (9.107.5)-ആഽപൃച്ഛ്യം/ധരുണം/വാജീഽഅർഷതി/ എന്നു പദപാഠം. ഇവിടെ ആപൃച്ഛ്യം എന്നത് ആപൃച്ഛം എന്നുച്ചരിയ്ക്കുന്നു.

പുരുഹൂതോ യ പുരുഗൂർത ഋഭ്വാ (6.34.2)- പുരുഽഹൂതഃ/യഃ/പുരുഽഗൂർതഃ/ഋഭ്വാ/ എന്ന് പദപാഠം. ഇവിടെ ഋഭ്വാ എന്ന പദം ഋഭാ എന്നുച്ചരിയ്ക്കുന്നു.

ദീർഘത്തിൽനിന്ന് പരമായതും രേഫവുമായിച്ചേർന്ന് കൂട്ടക്ഷരമായിരിയ്ക്കുന്നതുമായതിനെ ഏതെങ്കിലും സ്വരം ചേർത്തുച്ചരിച്ചുകൊണ്ട് രേഫവുമായ സംയോഗത്തിൽനിന്ന് വിടർത്തുന്നു.

ദീർഘായുരസ്യാഃ പതിഃ (10.85.39)- ഇവിടെ ദീരിഘായുഃ എന്നുച്ചരിയ്ക്കുന്നു.

സൂര്യോ നോ ദിവസ്പാതു (10.158.1)- സൂര്യഃ/നഃ/ദിവഃ/പാതു/ എന്നു പദപാഠം. ഇവിടെ സൂര്യഃ എന്ന പദം സൂരിയഃ എന്നുച്ചരിയ്ക്കുന്നു.

പവമാനോ രുശദീർതേ പയോ ഗോഃ (9.91.3)- പവമാനഃ/രുശത്/ഈർതേ/പയഃ/ഗോഃ/ എന്ന് പദപാഠം. ഇവിടെ രുശദീർതേ എന്ന പദം രുശദീരിതേ എന്നുച്ചരിയ്ക്കുന്നു.

ഇഷമൂർജം ച പിന്വസേ- ഇവിടെ ഊർജം എന്ന പദം ഊരിജം എന്ന് ഉച്ചരിയ്ക്കുന്നു.

20. ലുമ്പന്ത്യന്തഃസ്ഥാം ക്രമയന്തി വൈതാം
സ്വരാത് സസ്ഥാനാദവരാം പരാം വാ ।

**സ്വസ്തയേƒധായി ഭുവനേയമൂവൂ**

**രക്തം ഹ്രസ്വം ദ്രാഘയന്ത്യുഗ്ര് ഓകഃ ||**

ഒരേ ഉച്ചാരണസ്ഥാനത്തോടുകൂടിയ സ്വരത്തിൽനിന്ന് പൂർവ്വമോ പരമോ ആയ അന്തഃസ്ഥാക്ഷരത്തെ ലോപിയ്ക്കുകയോ (ഉച്ചരിയ്ക്കാതിരിയ്ക്കുകയോ) ഇരട്ടിയ്ക്കുകയോ ചെയ്യുന്നു. "സ്വസ്തയേ വായുമുപപ്രവാമഹേ' (5.51.12)- ഇവിടെ സ്വസ്തയേ എന്ന പദത്തിലെ യേ എന്നത് ഏ സ്വരത്തിൽനിന്ന് പൂർവ്വമുള്ള അന്തഃസ്ഥയോടുകൂടിയതാണ്. ഇവിടെ 'സ്വസ്ത ഏ' എന്നോ 'സ്വസ്തയ്യേ' എന്നോ ഉച്ചരിയ്ക്കുന്നു. ഇത് ദോഷമായതിനാൽ പരിഹരിയ്ക്കപ്പെടേണ്ടതാണ്.

ഇതുപോലെ അധായി, ഭുവനാ, ഇയം, ഊവുഃ തുടങ്ങിയ പദങ്ങൾ ഉച്ചരിയ്ക്കുമ്പോഴും മേൽപ്പറഞ്ഞ രണ്ടുദോഷങ്ങളും വരാറുണ്ട്.

ഉപപ്രഗാത് സുമൻമേƒധായി മന്മഃ (1.162.7)- ഉപ/പ്ര/അഗാത്/സുƒമത്/മേ/അധായി/മന്മ/ എന്നു പദപാഠം. ഇവിടെ അധായി എന്നത് അധാഇ എന്നോ അധായ്യി എന്നോ ഉച്ചരിയ്ക്കുന്നു.

തം സംപ്രശ്നം ഭുവനാ യന്ത്യന്യാ (10.82.3)-തം/സംƒപ്രശ്നം/ഭുവനാ/യന്തി/അന്യാ/ എന്ന് പദപാഠം. ഇവിടെ ഭുവനാ എന്നത് ഭുഅനാ എന്നോ ഭുവ്വനാ എന്നോ ഉച്ചരിയ്ക്കുന്നു.

ഇയം ശുഷ്മേഭിർബിസഖാ ഇവാരുജത് (6.61.2)- ഇയം/ശുഷ്മേƒഭിഃ/ബിസഖാƒഇവ/അരുജത്/ എന്ന് പദപാഠം. ഇവിടെ ഇയം എന്ന പദം ഇഅം എന്നോ ഇയ്യം എന്നോ ഉച്ചരിയ്ക്കുന്നു.

ഇന്ദ്രായാർക്കമഹിഹത്യ ഊവുഃ (1.61.8)- ഇന്ദ്രായ/അർകം/അഹിƒഹത്യേ/ഊവുരിത്യൂവുഃ/ എന്ന് പദപാഠം. ഇവിടെ ഊവുഃ എന്ന പദം 'ഊഉഃ' എന്നോ ഊവ്വുഃ എന്നോ ഉച്ചരിയ്ക്കുന്നു.

ഹ്രസ്വമായ അനുനാസികം ദീർഘമായി ഉച്ചരിയ്ക്കുന്നു. ഇതും ദോഷമാണ്.

വിശ്വേദഹാനി തവിഷീവ ഉഗ്ര് ഓകഃ (7.25.4)- വിശ്വാ/ഇത്/അഹാനി/തവിഷീƒവഃ/ഉഗ്ര/ഓകഃ/ എന്നു പദപാഠം. ഇവിടെ ഉഗ്ര് എന്നത് ഉഗ്രാ് എന്നുച്ചരിയ്ക്കുന്നു.

21 **ഹകാരസോഷ്മോപഹിതാദ് യകാരാദ്**

**വകാരാദ്വാ സർവ്വസോഷ്മോഷ്മ പൂർവ്വാത് I**

**തത്സസ്ഥാനം പൂർവ്വമൂഷ്മാണമാഹു-**

**സ്തുച്ഛ്വാൻ ദഘ്വാ ആ പൃച്ഛ്യമൃഭ്വാ ഹ്വയേƒഹ്വഃ II**

ഹകാരത്തിൽനിന്നോ സോഷ്മാക്ഷരങ്ങളിൽനിന്നോ പര

മായ യകാരത്തിൽനിന്നോ എല്ലാ സോഷ്മാക്ഷരങ്ങളും ഉഷ്മാക്കളും പൂർവ്വമുള്ള വകാരത്തിൽനിന്നോ പൂർവ്വമായി അതിന്റെ സമാനസ്ഥാനികമായ ഊഷ്മാക്ഷരം ഉച്ചരിയ്ക്കുന്നു. ഈ ദോഷം തുച്ഛ്യാൻ ദഘ്ന്യാഃ, ആ പൃച്ഛ്യം, ഋഭ്വാ, ഹ്വയേ, അഹ്യഃ മുതലായ പദങ്ങൾ ഉച്ചരിയ്ക്കുമ്പോഴാണ് കാണുന്നത്.

തുച്ഛ്യാൻ:- തുച്ഛ്യാൻ കാമാൻ കരതേ സിഷ്വിദാനഃ (5.42.10)-തുച്ഛ്യാൻ/കാമാൻ/കരതേ/സിസ്വിദാനഃ/ എന്നു പദപാഠം. ഇവിടെ തുച്ഛ്യാൻ എന്ന പദം തുശ്ച്ഛ്യാൻ എന്ന് ഉച്ചരിയ്ക്കുന്നു. പശ്ചാ സ ദഘ്ന്യാ യോ അഘ്നസ്യ ധാതാ (1.123.5)- പശ്ചാ/സഃ/ദഘ്ന്യാഃ/യഃ/ അഘ്നസ്യ/ധാതാ/ എന്നു പദപാഠ,. ഇവിടെ ദഘ്ന്യാഃ എന്ന പദം ദഃഘ്ന്യാഃ എന്ന് ഉച്ചരിയ്ക്കുന്നു.

ആപൃച്ഛ്യം:- ആപൃച്ഛ്യം ധരുണം വാജ്യർഷതി (9.107.5)- ഇവിടെ ആപൃച്ഛ്യം എന്ന പദം ആപൃശ്ച്ഛ്യം എന്നുച്ചരിയ്ക്കുന്നു.

ഋഭ്വ:- പുരുഹൂതോ യഃ പുരുഗൂർത ഋഭ്വാ (6.34.2). ഇവിടെ ഋഭ്വാ എന്ന പദം ഋᳵ പ്ഭ്വാ എന്നൂച്ചരിയ്ക്കുന്നു.

ഹ്വയേ:- തത്ര ദേവാँ ഉപഹ്വയേ (1.13.12). തത്ര/ദേവാൻ/ഉപ/ഹ്വയേ/ എന്നു പദപാഠം. ഇവിടെ ഹ്വയേ എന്ന പദം 'ഃ ഹ്വയേ' എന്നുച്ചരിയ്ക്കുന്നു.

അഹ്യഃ:- ശതചക്രം യോഹ്യോ വർതനിഃ (10.144.4)-ശത/ചക്രം/യഃ/അഹ്യഃ/വർതനിഃ/ എന്നു പദപാഠം. ഇവിടെ അഹ്യഃ എന്ന പദം 'അഃഹ്യഃ' എന്നുച്ചരിയ്ക്കുന്നു.

22. **പകാരവർഗോപഹിതാച്ച രക്താദ്**
**അന്യം യമം തൃപ്ണുതാപ്നാനമൌഭ്നാത് I**
**അനുസ്വാരമുപധാം വാന്യവർണാം**
**സ്വരോപധാത് സോഷ്മയമോദയശ്ചേത് II**

23 **തങ്ഘ്നന്ത്യഞ്ജമോ ജങ്ഘ്നത ഈങ്ഖയന്തീഃ**
**സംജ്ഞാതരൂപോ/ഥ സംജ്ഞാനമിന്ദ്രഃ I**
**സാന്തഃസ്ഥാദൌ ധാരയന്തഃ പരക്രമം**
**ശർമ്മൻ സ്വാമാസ്മിൻ സുജനാഞ്ഛ്രുധീയതഃ II**

1. പവർഗ്ഗത്തിൽപ്പെട്ട വർണ്ണം പൂർവ്വത്തിലുള്ള അനുനാസികത്തിൽനിന്ന് പൂർവ്വമായി മറ്റൊരു യമം അധികമായി ഉച്ചരിയ്ക്കുന്നു. തൃപ്പ്ˇണുത,ആപ്പ്ˇനാനം, ഔഭ്ഭ്ˇനാത് എന്നീ പദങ്ങളിൽ മുകളിൽപ്പറഞ്ഞ ഉച്ചാരണദോഷം കാണാം.

തൃപ്പ്ˇണുത:- സമു തൃപ്ണുത ഋഭവഃ (1.110.1)- സം/ഊ്ഇതി/തൃപ്ണുത/ഋഭവഃ/ ഇവിടെ തൃപ്ണുത എന്ന പദത്തിൽ ണ

കാരമാകുന്ന അനുനാസികം പരമായിട്ടുള്ളതിനാൽ പകാരത്തിന് യമം വന്ന് തൃപ്പ്് ണുത എന്നായത് ഒരു യമം അധികമായി ഉച്ചരിയ്ക്കുമ്പോൾ തൃപ്പ്് പ്് ണുത എന്നാകുന്നു.

ആപ്നാനം തീർത്ഥം ക ഇഹ പ്രവോചത് (10.114.7)-ആപ്നാനം/തീർത്ഥം/കഃ/ഇഹ/പ്രവോചത്/ എന്നു പദപാഠം. ഇവിടേയും യമം വന്ന് ആപ്പ്നാനം എന്നാകുമ്പോൾ അവിടെ അധികമായി ഒരു യമം കൂടി ഉച്ചരിച്ച് ആപ്പ്് പ്് നാനം എന്നായിത്തീരുന്നു.

ദുള്ഹാ ന്യൌഭ്നാദുശമാന ഓജഃ (4.19.4)-ദുള്ഹാനി/ഔഭ്നാത്/ഉശമാനഃ/ഓജഃ/ എന്ന് പദപാഠം. (ദുള്ഹാനി=ദൃഢങ്ങളായ. ഓഭ്നാത്=ഭേദിച്ചു).

ഇവിടെ ഔഭ്നാത് എന്ന പദത്തിൽ ഭകാരത്തിന് യമം വന്ന് ഔഭ്ഭ് ്നാത് എന്നാകുന്നു. അധികമായ യമോച്ചാരണം ചെയ്യുമ്പോൾ പദം 'ഔഭ് ഭ് ഭ് നാത്' എന്നാകുന്നു.

22-ാം കാരികയിലെ പൂർവ്വാർദ്ധത്തിന്റെ അർത്ഥമാണ് മുകളിൽ കൊടുത്തത്. അടുത്ത ഭാഗത്തിന്റെ അർത്ഥം പറയുമ്പോൾ 21-ാം കാരികയിൽനിന്ന് 'തത്സസ്ഥാനം പൂർവ്വം' എന്ന ഭാഗത്തുനിന്ന് പൂർവ്വം എന്നും, 22-ാം ശ്ലോകത്തിലെ 'പകാരവർഗോപഹിതാച്ച രക്താത്' എന്നതിലെ രക്താദ് എന്നും ഇവിടെ കൂട്ടിച്ചേർക്കണം. അപ്പോൾ അർത്ഥം ഇങ്ങനെയാകും:-

സ്വരം പൂർവ്വമുള്ള അനുനാസികത്തിൽനിന്ന് പൂർവ്വമായി അനുസ്വാരം ഉച്ചരിയ്ക്കുന്നു; അല്ലെങ്കിൽ മറ്റേതെങ്കിലും വർണ്ണം ഉപധയായി ഉച്ചരിയ്ക്കുന്നു. ഈ രണ്ടു തരത്തിലുള്ളതും സംഭവിയ്ക്കുന്നത് ആ അനുനാസികം കഴിഞ്ഞ് സോഷ്മങ്ങളോ, യമങ്ങളോ ഉണ്ടെങ്കിലാണ്. ഈ രണ്ടു ദോഷങ്ങളേയും ഒഴിവാക്കേണ്ടതാണ്. തങ്ഘ്നന്തി, അഞ്ജ്മഃ, ജങ്ഘ്നതഃ, ഈങ്ഖയന്തീ, സഞ്ജ്ഞാതരൂപഃ, സഞ്ജ്ഞാനമിന്ദ്ര തുടങ്ങിയ പദങ്ങളിലാണ് ഇപ്രകാരം കാണുന്നത്.

തങ്ഘ്നന്തി:- നകിഷ്ടങ് ഘ്നന്ത്യന്തിതോ ന ദൂരാത് (2.27.13)-നകിഃ/തമ്/ഘ്നന്തി/അന്തിതഃ/ന/ദൂരാത്/ എന്നു പദപാഠം. തമ്ഘ്നന്തി എന്നതിലെ 'തമി'ന്റെ മകാരത്തിന് 'വിസ്ഥാനേ സ്പർശ ഉദയേ മകാര സർവ്വേഷാമേവോദയസ്യോത്തമം സ്വം' (4/3) എന്ന കാരികാഭാഗംകൊണ്ട് 'തങ് ഘ്നന്തി' എന്നാവും. നകിഃ എന്ന വിസർഗ്ഗം സകാരമായി അതിന് നതി(ഷ)വന്ന് തകാരം ടകാരമായ രൂപമാണ് നകിഷ്ടങ് എന്ന് സംഹിതയിലുള്ളത്. ഇവിടെ നകിഃ

എന്ന പദം ചേർക്കാതെ പറയുമ്പോൾ തങ്ഘ്നന്തി എന്നാണ്. അതിൽ ങകാരം അനുനാസികമാണ്. അതിന്റെ പൂർവ്വം അ എന്ന സ്വരവുമുണ്ട്. അനുനാസികമായ ങകാരം കഴിഞ്ഞ് സോഷ്മമായ ഘകാരം പരമായിട്ടുമുണ്ട്. തങ്ഘ്നന്തി എന്നത് തംങ്ഘ്നന്തി എന്നുച്ചരിയ്ക്കുന്നു.

ഗോഭിരഞ്ജ്മോ മദായകം (9.45.3)- ഗോഭിഃ/അഞ്ജ്മഃ/മദായ/കം/ എന്നു പദപാഠം.

അഞ്ജ്മ:- ഇവിടെ അഞ്ജ്മ എന്ന പദത്തിലെ അനുനാസികമായ ഞകാരത്തിൽനിന്ന് പൂർവ്വമായി അനുസ്വാരം ഉച്ചരിയ്ക്കുന്നു-അംഞ്ജ്മ എന്ന്.

ജങ്ഘ്നത:- പവമാനസ്യ ജങ്ഘ്നതഃ (9.66.25):- ഇവിടെ സ്വരം പൂർവ്വത്തിലുള്ള അനുനാസികമായ ങകാരത്തിൽനിന്ന് പൂർവ്വമായി അനുനാസികം ഉച്ചരിയ്ക്കുന്നു -ജംങ്ഘ്നതഃ എന്ന്.

ഈങ്ഖയന്തീ:- ഈങ്ഖയന്തീരപസ്യുവഃ (10.153.1)- ഇവിടെ സ്വരം പൂർവ്വത്തിലുള്ള അനുനാസികമായ ങകാരത്തിൽനിന്ന് പൂർവ്വമായി അനുസ്വാരം ഉച്ചരിയ്ക്കുന്നു- ഈംങ്ഖയന്തീ എന്ന്.

സഞ്ജ്ഞാതരൂപഃ- സഞ്ജ്ഞാതരൂപശ്ചികേതദസ്മൈ (1.69.5)-സഞ്ജ്ഞാത/രൂപഃ/ചികേതത്/അസ്മൈ/ എന്നു പദപാഠം. ഇവിടെ സഞ്ജ്ഞാതരൂപഃ എന്നത് സംഞ്ജ്ഞാതരൂപഃ എന്നുച്ചരിയ്ക്കുന്നു.

സഞ്ജ്ഞാനമിന്ദ്രഃ:- സഞ്ജ്ഞാനമിന്ദ്രശ്ചാഗ്നിശ്ച. ഇവിടെ സംജ്ഞാനമിന്ദ്രശ്ചാഗ്നിശ്ച എന്നുച്ചരിയ്ക്കുന്നു.

അന്തഃസ്ഥാക്ഷരങ്ങളോടുകൂടിയ കൂട്ടക്ഷരത്തിന് മുമ്പുള്ള അനുനാസികം വിളംബിച്ചുകൊണ്ട് അതിനുശേഷം വരുന്ന വ്യഞ്ജനം ഇരട്ടിച്ച് ഉച്ചരിയ്ക്കുന്നു.

ശർമ്മൻ സ്യാമ, അസ്മിൻ സ്വേതത്, ജനാൻ ശ്രുധീയത എന്നീ സ്ഥലങ്ങളിലാണ് ഇപ്രകാരം കാണുന്നത്.

ശർമ്മൻ സ്യാമ:- ശർമ്മൻ സ്യാമ മരുതാമുപസ്ഥേ (7.34.25). ഇവിടെ ശർമ്മൻ എന്ന പദത്തിലെ നകാരം വിളംബിച്ചുകൊണ്ട് സ്യാമ എന്ന കൂട്ടക്ഷരത്തിലെ സകാരം ഇരട്ടിച്ച് ശർമ്മൻസ്സ്യാമ എന്നുച്ചരിയ്ക്കുന്നു.

അസ്മിൻ സ്വേതദ്:- അസ്മിൻ സ്വേതച്ഛ കപൂത ഏനഃ (10.132.5)-അസ്മിൻ/സു/ഏതത്/ശകപൂതേ/ ഏനഃ എന്നു പദപാഠം. ഇവിടെ അസ്മിൻ എന്ന പദത്തിലെ നകാരമാകുന്ന അനുനാസികം വിളംബിച്ച് സ്വേതദ് എന്നതിലെ സകാരം ഇരട്ടിച്ച് അ

സ്മിൻ സ്സ്വോതദ് എന്നുച്ചരിയ്ക്കുന്നു.

ജനാഞ്ച്ഛ്രുധീയത:- സം യാ വപ്നസേഥാ അപസേവ ജ നാഞ്ച്ഛ്രുധീയതഃ (6.67.3). സം/യൌ/അപ്നഃ/സ്ഥഃ/അപസാ/ഇ വ/ജനാൻ ശ്രുധി/യതഃ/ എന്നു പദപാഠം. ജനാഞ്ച്ഛ്രുധീയതഃ എന്നതിലെ അനുനാസികമായ ഞകാരം വിളംബിച്ച് ഛകാരം ഇ രട്ടിപ്പിച്ച് ജനാഞ്ച്ഛ്ഛ്രുധീയത എന്നു ചൊല്ലുന്നു.

**24 രക്തൈഃ രാഗഃ സമവായേ സ്വരാണാം**
**ന നൂനം നൃമ്ണ നൃമ്ണാ നൃഭിർന്നൄൻ ।**
**രക്താത്തു സോഷ്മാ ക്രിയതേ ഹകാരോ**
**ദധ്യങ് ഹ ദേവാൻ ഹവതേ മഹാൻഹി ॥**

അനുനാസികങ്ങളായ വ്യഞ്ജനങ്ങൾ അടുത്തടുത്ത് വരു മ്പോൾ അനുനാസികമല്ലാത്ത സ്വരങ്ങൾ അനുനാസികമായി ഉ ച്ചരിയ്ക്കുന്നു. ന നൂനം, നൃമ്ണം, നൃമ്ണാ, നൃഭിർനൄൻ മുതലാ യവയിലാണ് ഈ ഉച്ചാരണദോഷം സംഭവിച്ചുകാണുന്നത്.

ന നൂനമസ്തി നോ ശ്വഃ (1.170.1) ഇവിടെ 'ന നൂനം' എന്നീ പദങ്ങളിൽ അനുനാസികമായ നകാരം അടുത്തടുത്ത് വരുന്നു ണ്ട്. നകാരങ്ങൾ കഴിഞ്ഞുവരുന്ന അകാരങ്ങളും ഊകാരവും അ നുനാസികമല്ല. എങ്കിലും അനുനാസികം ഉച്ചരിയ്ക്കുന്നു. ന് നൂ് നം എന്ന്.

നൃമ്ണം തദ്ധത്തമശ്വിനാ- (8.9.2) നൃമ്ണം/തത്/ധത്തം/അ ശ്വിനാ/ എന്ന് പദപാഠം. ഇവിടെ നൃമ്ണം എന്ന പദത്തിൽ ന്, മ്, ണ് എന്നീ വ്യഞ്ജനങ്ങൾ അനുനാസികങ്ങളാണ്. ഋകാരവും അ കാരവും അനുനാസികങ്ങളല്ല. എങ്കിലും അനുനാസികമായി ഉച്ച രിയ്ക്കുന്നു- നൃ് മ് ണം് എന്ന്.

നൃമണാ വീരപസ്ത്യഃ (5.50.4)- ഇവിടെ നൃമണാ എന്ന പദ ത്തിലെ ന്, മ്, ണ് എന്നീ വ്യഞ്ജനങ്ങൾ അനുനാസികങ്ങളാണ്. അവ കഴിഞ്ഞുവരുന്ന സ്വരങ്ങൾ അനുനാസികങ്ങളല്ല. എങ്കിലും അനുനാസികമായി ഉച്ചരിയ്ക്കുന്നു. - നൃ്മ്ണാ എന്ന്.

കർഹി സ്വിത്തദിന്ദ്ര യന്നൃഭിർനൄൻ (6.35.2)- ഇവിടെ നൃ ഭിർനൄൻ എന്നത് നൃഭിർനൄ്ൻ എന്നുച്ചരിയ്ക്കുന്നു.

അനുനാസികത്തിൽനിന്ന് പരമായ ഹകാരം സോഷ്മമായി ഉച്ചരിയ്ക്കുന്നു. ദധ്യങ്ഹ, ദേവാൻ ഹവതേ മഹാൻഹി മുതലായ സ്ഥലങ്ങളിലാണ് ഈ ദോഷം കണ്ടുവരുന്നത്.

ദധ്യങ് ഹ മേ ജനുഷം (1.139.9)- ഇവിടെ ദധ്യങ് എന്ന പദ ത്തിലെ അനുനാസികമായ ങകാരം കഴിഞ്ഞ് ഹകാരം വരുന്നു

ണ്ട്. ഈ ഹകാരം സോഷ്മമായ ഘകാരമായി ഉച്ചരിയ്ക്കുന്നു. - ദധ്യങ്ഘ എന്ന്.

ദേവാൻ ഹവത ഊതയേ (1.105.17)- ഇവിടെ ദേവാൻ ഹവത എന്നീ പദങ്ങൾ അടുത്തടുത്ത് വരുന്നവയാണ്. ദേവാൻ എന്ന പദത്തിലെ അന്ത്യത്തിലുള്ള നകാരം അനുനാസികമാണ്. അതുകഴിഞ്ഞുവരുന്ന ഹവത എന്ന പദത്തിലെ ഹകാരം സോഷ്മയായ ഘകാരമായി ഉച്ചരിയ്ക്കുന്നു. ദേവാൻ ഘവത എന്ന്.

ദക്ഷസോ മഹാൻ ഹിഷഃ (8.13.1)

ദക്ഷസഃ/മഹാൻ/ഹി/സഃ/ എന്ന് പദപാഠം. ഇവിടെ മഹാൻ എന്ന പദത്തിലെ അന്ത്യമായ നകാരം അനുനാസികമാണ്. അതുകഴിഞ്ഞുവരുന്ന ഹി എന്നതിലെ ഹകാരം സോഷ്മയായി ഉച്ചരിയ്ക്കുന്നു. മഹാൻഘിസഃ എന്ന്.

**25 സംയോഗാനാം സ്വരഭക്ത്യാ വ്യവായോ*f***
**വിക്രമണം ക്രമണം വാ*f*യഥോക്തമ് ।**
**വിപര്യയോ വാ വ്യത തില്വിലേ*f*ജ്മൻ**
**ദ്രപ്സോ*f*ജൂഷ്രൻ സാർഞ്ജയോ*f*ഷ്ലാം പ്രനേഷ്ലാത്. ॥**

ചിലയിടങ്ങളിൽ കൂട്ടക്ഷരങ്ങളുടെ ഇടയിൽ സ്വരം ഉച്ചരിയ്ക്കുന്നു. മറ്റു ചിലയിടങ്ങളിൽ ഇരട്ടിപ്പ് ഉള്ളത് ഇല്ലാതെ ഉച്ചരിയ്ക്കുന്നു. വേറെ ചിലയിടങ്ങളിൽ പറയാത്ത വിധത്തിൽ ഇരട്ടിച്ചുകൊണ്ട് ഉച്ചരിയ്ക്കുന്നു. ചിലയിടങ്ങളിൽ ഉള്ള സ്വരഭക്തിയെ ചെയ്യുന്നില്ല.

ശൂരോ യോ യുത്സു തന്വം പരിവ്യത (2.17.2)

ശൂരഃ/യഃ/യുത്*f*സു/തന്വം/പരി*f*വ്യത/ എന്നു പദപാഠം. ഇവിടെ വ്യത എന്നതിലെ വ്യ എന്ന സംയോഗം (കൂട്ടക്ഷരം) ഇ എന്ന സ്വരം പൂർവ്വത്തിലുള്ളതാകയാൽ 'സ്വരാനുസ്വാരോപഹിതോ ദ്വിരുച്യതേ സംയോഗാദിഃ' (6/1) എന്ന കാരികാഭാഗമനുസരിച്ച് സംയോഗാദിയിലുള്ള വകാരം ഇരട്ടിയ്ക്കണം. പരിവ്വ്യതഃ എന്നാണുച്ചരിയ്ക്കേണ്ടത്. പകരം പരിവ്യതഃ എന്നുച്ചരിയ്ക്കുന്നു.

ഭദ്രേ ക്ഷേത്രേ നിമിതാ തില്ബിലേ വാ (5.62.7)- ഇവിടെ തില്ബ്ബിലേ എന്നു ഉച്ചരിയ്ക്കേണ്ടിടത്ത് തിലിബിലേ എന്ന് ഉച്ചരിയ്ക്കുന്നു. അപ്രകാരം വിശ്വോ വോ അജ്മൻ ഭയതേ വനസ്പതിഃ (1.166.5). അജ്മൻ എന്ന പദം അജ്ജ്മൻ എന്നുച്ചരിയ്ക്കേണ്ടതിനുപകരം അജിമൻ എന്ന് ഉച്ചരിയ്ക്കുന്നു. രണ്ടിടത്തും ഇരട്ടിപ്പ് പറയാതേയും സ്വരം ഇടയിൽ ഉച്ചരിയ്ക്കുകയുമാണ് ചെയ്യുന്നത്.

ദ്രപ്സശ്ചസ്കന്ദ പ്രഥമാ് അനുദ്യൂൻ (10.17.11)- ദ്രപ്സഃ/ച സ്കന്ദ/പ്രഥമാൻ/അനു/ദ്യൂൻ/ എന്ന് പദപാഠം. ഇവിടെ ദ്രപ്സഃ എന്ന പദത്തിലും ഇരട്ടിപ്പ് ഉച്ചരിയ്ക്കുന്നില്ല.

സ്വസാരഃ ശ്യാവീമരുഷീമജൂഷ്രൻ (1.71.1)- സ്വസാരഃ/ശ്യാവീം/ അരുഷീം/അജൂഷ്രൻ/ എന്നു പദപാഠം. ഇവിടെ അജൂഷ്രൻ എന്ന പദം ഉച്ചരിയ്ക്കുമ്പോൾ ഷകാരം കഴിഞ്ഞ് ടകാരം ഉള്ളതു പോലെ കുറഞ്ഞൊന്ന് തോന്നിച്ചുകൊണ്ട് ഉച്ചരിയ്ക്കുന്നു. ഇരട്ടിപ്പ് ഇല്ലാത്ത ഇവിടെ ഇരട്ടിച്ച് ഉച്ചരിയ്ക്കുകയും ചെയ്യുന്നു. അജൂഷ്ട്രൻ എന്നുച്ചരിയ്ക്കുന്നു എന്നു സാരം

ഭരദ്വാജാൻ സാർഞ്ജയോ അഭ്യയഷ്ട (6.47.25)- ഭരത്/വാജാൻ/ സാർഞ്ജയഃ/അഭി/അയഷ്ട/ എന്നു പദപാഠം. ഇവിടെ സാർഞ്ജയ എന്ന പദത്തിലെ രേഫം കഴിഞ്ഞ് വ്യഞ്ജനം വരുന്നതിനാൽ, 'രേഫാത് സ്വരോപഹിതാദ് വ്യഞ്ജനോദയാത്' (6/13) എന്ന കാരികയനുസരിച്ച്, സ്വരഭക്തി വരേണ്ടതാണ്. സ്വരഭക്തി വന്നാൽ 'സാർ(ഋ)ഞ്ജയഃ' എന്നാണ് ഉച്ചാരണം. സ്വരഭക്തി ഇവിടെ ഉച്ചരിയ്ക്കുന്നില്ല.

അഷ്ട്രാം പൂഷാ ശിഥിരാമുദ്വരീവൃജത് (6.58.2)- ഇവിടെ അഷ്ട്രാം എന്ന പദത്തിൽ ഇരട്ടിപ്പ് വരുത്തുന്നു.

പ്രദേവം ദേവ്യാ ധിയാ (10.176.2)- ഇവിടെ പ്ര എന്നുള്ളതിൽ ഇരട്ടിപ്പ് വരുത്തുന്നു.

നേഷ്ട്രാത് സോമം ദ്രവിണോദഃ പിബ ഋതുഭിഃ (2.37.3)- ഇവിടെ നേഷ്ട്രാത് എന്ന പദത്തിലും ഇരട്ടിപ്പോടെ ഉച്ചരിയ്ക്കുന്നു.

**26. വിവൃത്തിഷു പ്രത്യയാദേരദർശനം**
**യഥാ യാ ഐച്ഛശ്ച യ ഔശിജശ്ച ।**
**ഇഉ സന്ധൌ സന്ധ്യവചനം ച കാസുചിത്**
**സ ഇദസ്താ കസ്ത ഉഷോ യഥൈതേ ॥**

വിവൃത്തികളിൽ പരമായ പദത്തിന്റെ ആദിയിലുള്ള വർണ്ണം ലോപിയ്ക്കുന്നു. ഇമാ ഗാവഃ സരമേ യാ ഐച്ഛഃ (10.108.5)- ഇവിടെ 'യാ ഐച്ഛഃ' എന്ന വിവൃത്തിയിൽ പരമായി വരുന്ന ഐച്ഛഃ എന്ന പദത്തിലെ ഐ എന്നത് ഇ എന്നായി ഉച്ചരിയ്ക്കുന്നു.- യാ ഇച്ഛഃ എന്ന്.

കക്ഷീവന്തം യ ഔശിജഃ (1.18.1)- ഇവിടെ യ ഔശിജഃ എന്ന വിവൃത്തിയിൽ പരമായി വരുന്ന ഔശിജ എന്ന പദത്തിലെ ഔകാരം ഉ എന്നുച്ചരിയ്ക്കുന്നു- യഉശിജഃ എന്ന്.

(രണ്ടു സ്വരങ്ങളുടെ ഇടയിൽ ഉച്ചാരണത്തിൽ വരുന്ന കാല

വിളംബം ആണ് വിവൃത്തി. സാധാരണ അടുത്തടുത്തു വരുന്ന രണ്ടു സ്വരങ്ങൾ തമ്മിൽ സന്ധിവരും. ഇവിടെ സന്ധി വരുന്നില്ല. വേദത്തിൽ പദമദ്ധ്യത്തിലും രണ്ടു പദങ്ങളുടെ ഇടയിലായും ഇത്തരം വിവൃത്തികൾ വരുന്നു. രണ്ടു പദങ്ങൾക്കിടയിൽ വരുന്ന ഈ വിവൃത്തിയെ പാണിനി പ്രകൃതിഭാവമെന്നു പറയുന്നു).

ചില വിവൃത്തികളിൽ ഇ,ഉ എന്നിവ പരമായിരിയ്ക്കുന്നേടത്ത്, സന്ധി ഉണ്ടാകുമ്പോഴുള്ള അക്ഷരം ഉച്ചരിയ്ക്കുകയും പരമായ വർണ്ണം ഉച്ചരിയ്ക്കാതിരിയ്ക്കുകയും ചെയ്യുന്നു.

സ ഇദസ്തേവ പ്രതി ധാദസിഷ്യൻ (6.3.5)-സഃ/ഇത്/അസ്താƒഇവ/പ്രതി/ധാത്/അസിഷ്യൻ/ എന്നു പദപാഠം. ഇവിടെ 'സ ഇത്' എന്നത് വിവൃത്തിയാണ്. വിവൃത്തിയാകുമ്പോൾ സന്ധി ഉണ്ടാകില്ല. വിവൃത്തി അല്ലായിരുന്നുവെങ്കിൽ അകാരം കഴിഞ്ഞ് ഇകാരം വന്നാൽ രണ്ടിന്റേയും കൂടി സ്ഥാനത്ത് ഏ എന്ന അക്ഷരം വരും. അപ്പോൾ പരമായ ഇകാരത്തിന്റെ ശ്രവണം ഉണ്ടാകയില്ല.

സ ഇദസ്തേവ- എന്നു ചൊല്ലേണ്ടിടത്ത് സേദസ്തേവ എന്നു ചൊല്ലുന്നു എന്ന് സാരം. ഇത് ദോഷമായതിനാൽ വർജ്ജിയ്ക്കപ്പെടണം.

കസ്ത ഉഷഃ കധപ്രിയേ (1.30.20)- കഃ/തേ/ഉഷഃ/കധഃƒപ്രിയേ/ എന്നു പദപാഠം. കഃ തേ എന്നത് ചേർന്ന് കസ്തേ എന്നാകുന്നു. അതിനുശേഷം കസ്തേ എന്നതിലെ ഏകാരം കഴിഞ്ഞ് ഉ എന്ന സ്വരം വരുന്നതിനാൽ ഏകാരം അ എന്നായി കസ്ത ഉഷ എന്നാകുന്നു. ഇവിടെ വിവൃത്തിയാണ്. സന്ധി വരില്ല. സന്ധി പറയുകയാണെങ്കിൽ ഓ എന്ന അക്ഷരം വരണം. കസ്തോഷോ എന്ന് ഉച്ചരിയ്ക്കുന്നു. ഇവിടെ ഇല്ലാത്ത ഓകാരം ഉച്ചരിയ്ക്കുകയും ഉള്ള ഉകാരം ഉച്ചരിയ്ക്കാതിരിയ്ക്കുകയും ചെയ്യുന്നു.

**27. സമാന വർണ്ണാസു വിപര്യയോ വാ**
**യഥാ ഹ്യൂതി ഇന്ദ്ര ക ആസതശ്ച ।**
**അഭിവ്യാദാനം ച വിവൃത്തിപൂർവ്വേ**
**കണ്വ്യേ താ ആപോ ƒവസാ ഏതി ദീർഘേ ॥**

സമാനവർണ്ണങ്ങളായ വിവൃത്തികളിൽ ചിലയിടത്ത് ആദ്യത്തെ വർണ്ണം പിന്നീടും പിന്നീടുള്ള വർണ്ണം ആദ്യവും ഉച്ചരിയ്ക്കുന്നു. ഊതീ ഇന്ദ്ര, ക ആസത എന്നിവ ഉദാഹരണങ്ങളാണ്.

ആനസ്തുത ഉപ വാജേഭിരൂതീ ഇന്ദ്ര (4.29.1)-ആ/നഃ/സ്തുതഃ/ഉപ/വാജേഭിഃ/ഊതീ/ഇന്ദ്ര/ എന്നു പദപാഠം. ഇവിടെ ഊതീ

ഇന്ദ്ര എന്നത് സമാനവർണ്ണങ്ങളായ വിവൃത്തിയാണ്.

ഊതീ എന്ന ഈകാരം ദീർഘവും ഇന്ദ്ര എന്നതിലെ ഇകാരം ഹ്രസ്വവും. ഉച്ചരിയ്ക്കുമ്പോൾ ആദ്യം ഹ്രസ്വവും പിന്നീട് ദീർഘവും ഉച്ചരിയ്ക്കുന്നു.- ഊതി ഈന്ദ്രഃ-എന്ന്.

ക ആസതോ വചസഃ സന്തി (5.12.4)- ഇവിടെ ക എന്നിടത്ത് ഹ്രസ്വാകാരവും ആസത എന്നിടത്ത് ദീർഘമായ ആകാരവുമാണ്. ഉച്ചാരണം ചെയ്യുമ്പോൾ ക എന്നത് ദീർഘമായും ആസത എന്നതിലെ ആകാരം ഹ്രസ്വമായും ഉച്ചരിയ്ക്കുന്നു-കാ അസത-എന്ന്.

വിവൃത്തി പൂർവ്വത്തിലുള്ളതോ വിവൃത്തിയുടെ പൂർവ്വത്തിലുള്ളതോ ആയ കണ്ഠസ്ഥാനികമായ ദീർഘം (ആകാരം)എവിടെയാണോ ഉള്ളത് അവിടെ ചില വിവൃത്തികളിൽ അഭിവ്യാദാനം വരുന്നു.

വിവൃത്തിയ്ക്ക് കാൽ (1/4) മാത്രയാണ് പറഞ്ഞിട്ടുള്ളത്. അതിലുമധികം സമയം വിവൃത്തി ഉച്ചരിയ്ക്കാനെടുക്കുമ്പോൾ അടുത്ത സ്വരം മുഴുവൻ ഉച്ചരിയ്ക്കപ്പെടുന്നില്ല. ഇതാണ് അഭിവ്യാദാനം. (അഭിവ്യാദനം=Swallowing)

താ ആപോ ദേവീരിഹ മാമവന്തു (7.49.1)- ഇവിടെ താ ആപഃ എന്നിടത്ത് തകാരം കഴിഞ്ഞുള്ള ആകാരവും ആപഃ എന്നതിലെ ആകാരവും സമാനവർണ്ണങ്ങളായ കണ്ഠസ്ഥാനികങ്ങളായ ദീർഘങ്ങളാണ്. താ എന്ന ആകാരം ഉച്ചരിച്ച് വിവൃത്തി ഉച്ചരിച്ചു കഴിയുമ്പോൾ ആപഃ എന്ന ആകാരം ഉച്ചരിയ്ക്കാതെയാകും. താ പഃ എന്നാകും ഉച്ചാരണം.

സ്വസ്ത്യാ ഗൃഹേഭ്യ അവസാ ആ വിമോചനാത് (3.53.20)- ഇവിടെ 'അവസാ ആ' എന്നുള്ളത് ഉച്ചരിയ്ക്കുമ്പോൾ അവസാ എന്നു മാത്രമാകുന്നു.

**28. ന ദോഷാണാം സ്വരസംയോഗജാനാം**
**അന്തോ ഗമ്യഃ സംഖ്യയാഥേതരേഷാം ।**
**ശക്യസ്തു ശാസ്ത്രാദധിസാധു ധർമ്മോ**
**യുക്തേന കൃത്സ്നഃ പ്രതിപത്തുമസ്മാത് ॥**

സ്വരങ്ങളും വ്യഞ്ജനങ്ങളും ഉച്ചരിയ്ക്കുമ്പോൾ ഉണ്ടാവുന്ന ദോഷങ്ങൾ എണ്ണിയാൽ തീരില്ല. കാരണം പല തരത്തിലുള്ള സ്ഥാനം, പ്രയത്നം, അനുപ്രദാനം, സ്വരങ്ങൾ എന്നിവയോടുകൂടിയ വർണ്ണങ്ങൾ ഉച്ചരിയ്ക്കുന്ന ആളുകൾ പല ദേശത്തുള്ളവരും പലതരം സ്വഭാവത്തോടുകൂടിയവരും പലതരം ആചാരങ്ങളോ

ടും കൂടിയവരുമാണ്. അത്തരം ആളുകൾ ഏതു വർണ്ണങ്ങൾ എങ്ങനെ ഉച്ചരിയ്ക്കുമെന്ന് പറയാനാവില്ല.

എന്നാൽ ശാസ്ത്രത്തിൽനിന്ന് ഓരോ വർണ്ണങ്ങളുടേയും സ്ഥാനം, പ്രയത്നം തുടങ്ങിയ വർണ്ണധർമ്മങ്ങൾ മനസ്സിലാക്കാൻ സാധിയ്ക്കും. ഉച്ചാരണശാസ്ത്രം ശരിയായി മനസ്സിലാക്കി അത് വേണ്ടവിധത്തിൽ പ്രയോഗത്തിൽ വരുത്തുവാൻ ശാസ്ത്രകുശലനായ ആൾക്ക് കഴിയും

**29. അകാരസ്യ കരണാവസ്ഥയാന്യാൻ**
**സ്വരാൻ ബ്രൂയാത്തദ്ധി സംപന്നമാഹുഃ ।**
**പരാനകാരോദയവദ്വിവക്ഷേത്**
**സർവ്വത്ര വർണ്ണാനിതി സംപദേഷാ ॥**

അകാരത്തിന്റെ കരണാവസ്ഥയോടുകൂടി മറ്റു സ്വരങ്ങളേയും ഉച്ചരിയ്ക്കണം. അതാണ് ശരിയെന്നു പറയപ്പെടുന്നു. വ്യഞ്ജനങ്ങളെ അകാരം പരമായിട്ടുള്ള പോലെ ഉച്ചരിയ്ക്കണം. (അതായത് ക്, ഖ്, ഗ്, ഘ്, ങ് എന്നു തുടങ്ങിയ വ്യഞ്ജനങ്ങൾ ക, ഖ, ഗ, ഘ, ങ എന്നീ രീതിയിൽ ഉച്ചരിയ്ക്കണം. അതേപോലെ ക, കാ, കി, കീ, കു, കൂ തുടങ്ങിയ രീതിയിൽ എല്ലാ വ്യഞ്ജനങ്ങളും ഉച്ചരിയ്ക്കണം. ഇതാണ് വർണ്ണസമ്പത്ത്). രണ്ടു പടലങ്ങളിലായി ഈ വർണ്ണസമ്പത്താണ് പ്രതിപാദിയ്ക്കപ്പെട്ടത്.

**30 ശാസ്ത്രാപവാദാത് പ്രതിപത്തിഭേദാൻ**
**നിന്ദന്ത്യകൃത്സ്നേതി ച വർണ്ണശിക്ഷാം ।**
**നൈതേന ശാസ്ത്രേണവിശിഷ്യതേഽന്യൈഃ**
**കൃത്സ്നശ്ച വേദാംഗമനിന്ദ്യമാർഷം ॥**

ശാസ്ത്രങ്ങൾക്ക് പലവിധ ദോഷങ്ങൾ സംഭവിയ്ക്കാറുണ്ട്. അവയിൽ ചിലതാണ് പുനരുക്തം, അവിസ്പഷ്ടാർത്ഥത, അശക്യാർത്ഥത മുതലായവ. ഇവയിൽ അശക്യാർത്ഥത എന്ന ദോഷം ഈ ശാസ്ത്രത്തിൽ വരുന്നുണ്ട്. ഒരക്ഷരം ഇതിൽ പറഞ്ഞ വിധത്തിൽ ഉച്ചരിയ്ക്കുക എന്നത് ശക്യമായ കാര്യമല്ലതന്നെ.

ഇതേപോലെ പ്രതിപത്തിഭേദം കൊണ്ടും ഈ ശാസ്ത്രം പ്രയോജനരഹിതമാണ്. 'ആഹുർഘോഷം ഘോഷവതാ മകാരം' (13/5). (ഘോഷങ്ങളായ വർണ്ണങ്ങൾക്ക് ഘോഷത്തെ ജനിപ്പിയ്ക്കുന്നത് അകാരമാണ്) എന്ന് ആദ്യം പറഞ്ഞിട്ട് പിന്നീട് 'അത്രോല്പന്നാവപര ഊഷ്മഘോഷൌ' (13/6). അത് സ്പഷ്ടമല്ല എന്നു പറയുന്നു. ഇങ്ങനെ പല അഭിപ്രായം പറയുമ്പോൾ ഏതു ശരിയെന്ന് തീരുമാനിയ്ക്കാനാകാതെ വരുമ്പോൾ ശാസ്ത്രം ഉദ്ദേശി

ച്ച ഫലം നൽകാത്തതിനാൽ നിഷ്പ്രയോജനമാകുന്നു. ഇത്യാദി രൂപേണ വർണ്ണശിക്ഷയെ ചിലർ നിന്ദിയ്ക്കുന്നുണ്ട്. അത് ശരിയല്ല, ഈ ശാസ്ത്രവും മറ്റു ശാസ്ത്രങ്ങളെപ്പോലെത്തന്നെയാണ്. മറ്റു ശാസ്ത്രങ്ങളിലും ഗ്രസ്തം, നിരസ്തം തുടങ്ങിയ ദോഷങ്ങളെപ്പറ്റി പറയുന്നുണ്ട്. അത് അശക്യാർത്ഥവിധാനമായതിനാൽ നിഷ്പ്രയോജനങ്ങളാണെന്ന് ആരും പറയുന്നില്ല. അതിനാൽ ഈ ശാസ്ത്രവും നിഷ്പ്രയോജനമല്ല.

പ്രതിപത്തിഭേദവും ഇല്ല. മറ്റു ശാസ്ത്രങ്ങളിലും ഇത്തരത്തിലുള്ള വികല്പവിധികൾ ഉണ്ടാകാറുണ്ട്. മാത്രമല്ല, ഇത് ആറു വേദാംഗങ്ങളിൽ ഒന്നാണ്. കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ശിക്ഷ, ജ്യോതിഷം എന്നിവയാണല്ലോ വേദാംഗങ്ങൾ. അതിനാൽത്തന്നെ ഇതു അനിന്ദ്യമാണ്. വേദാംഗങ്ങളെല്ലാം മഹർഷിമാരാൽ രചിയ്ക്കപ്പെട്ടതാണ്. മഹർഷിപ്രോക്തങ്ങളെല്ലാം പ്രമാണങ്ങളാണ്. പ്രമാണങ്ങൾ നിന്ദ്യങ്ങളാവുകയില്ലല്ലോ.

മറ്റെന്തെല്ലാം വിഷയങ്ങളിൽ അറിവുണ്ടായിരുന്നാലും ഉച്ചാരണശാസ്ത്രം ശരിയ്ക്കു പഠിയ്ക്കാത്ത ആൾക്ക് സഭയിൽ ശോഭിയ്ക്കാൻ കഴിയില്ല.

**പതിനാലാം പടലം കഴിഞ്ഞു**

## 15-ാം പടലം (ഓങ്കാരപടലം)

**1. പാരായണം വർതയേദ് ബ്രഹ്മചാരീ**
**ഗുരുഃ ശിഷ്യേഭ്യഃ തദനുവ്രതേഭ്യഃ ।**
**അധ്യാസീനോ ദിശമേകാം പ്രശസ്താം**
**പ്രാചീമുദീചീമപരാജിതാം വാ ॥**

ഗുരു സ്വയം ബ്രഹ്മചാരിയായിത്തീർന്നിട്ട് ഗുരുവിനോടും വേദാദ്ധ്യയനത്തോടും ഭക്തിയും ശ്രദ്ധയും ഉള്ള ശിഷ്യന്മാർക്ക് കിഴക്ക്, വടക്ക്, വടക്കുകിഴക്ക് എന്നീ പ്രശസ്തങ്ങളായ ഏതെങ്കിലുമൊരു ദിക്കിലേയ്ക്ക് അഭിമുഖമായി ഇരുന്നുകൊണ്ട് വേദമന്ത്രങ്ങൾ ചൊല്ലിക്കൊടുക്കണം.

**2. ഏകഃ ശ്രോതാ ദക്ഷിണതോ നിഷേദേത്**
**ദ്വൗ വാ ഭൂയാംസസ്തു യഥാവകാശം ।**
**തേഽധീഹി ഭോ ഇത്യഭിചോദയന്തീ**
**ഗുരും ശിഷ്യാ ഉപസംഗൃഹ്യ സർവ്വേ ॥**

ഒരു ശിഷ്യൻ ആണ് ഉള്ളതെങ്കിൽ ഗുരുനാഥന്റെ വലത്തുഭാഗത്ത് ഇരിയ്ക്കണം. രണ്ടു പേരുണ്ടെങ്കിലും അതുപോലെത്തന്നെ. ധാരാളം പേരുണ്ടെങ്കിൽ സ്ഥലമനുസരിച്ച് ഇരിയ്ക്കാം. എല്ലാവരും ഗുരുവിനെ അഭിവാദനം ചെയ്ത് 'അധീഹി ഭോദ' (അദ്ധ്യാപനം ചെയ്താലും) എന്ന് പറഞ്ഞുകൊണ്ട് ഗുരുനാഥനെ അദ്ധ്യാപനത്തിലേയ്ക്ക് പ്രേരിപ്പിയ്ക്കണം.

**3. സ ഓമിതി പ്രസ്വരതി ത്രിമാത്രഃ**
**പ്രസ്വാരഃ സ്ഥാനേ സ ഭവത്യുദാത്തഃ ।**
**ചതുർമാത്രോ വാർദ്ധപൂർവ്വോഽനുദാത്തഃ**
**ഷണ്മാത്രോ വാ ഭവതി ദ്വീഃ സ്വരഃ സൻ ॥**

ആ ഗുരു 'ഓം' എന്ന് പറയുന്നു. ഈ ഓം എന്നത് മൂന്ന് മാത്രയിലുള്ളതാണ്. അത് സ്ഥാനത്തുള്ളതാണ്. ഉദാത്തവുമാണ്.

(വാക്കിന്റെ ഏഴുസ്ഥാനങ്ങളെക്കുറിച്ച് തൈത്തിരീയ പ്രാതിശാഖ്യത്തിൽ പറയുന്നതിന്റെ ചുരുക്കം:- വാക്കിന് ഏഴു സ്ഥാനങ്ങളുണ്ട്. ഉപാംശു, ധ്വാനം, നിമദം, ഉപബ്ദിമത്, മന്ദ്രം, മധ്യമം, താരം എന്നിവയാണവ. പ്രയത്നത്തോടുകൂടിയതും ശബ്ദമില്ലാത്തതും (പുറമേയ്ക്ക് കേൾക്കാൻ പറ്റാത്തത്ര അത്യല്പമായ ശബ്ദം മാത്രമുള്ളത്) മനഃപ്രയോഗമില്ലാത്തതുമാണ് ആദ്യത്തെ അവസ്ഥ (സ്ഥാനം)യായ ഉപാംശു. സ്വരം, വ്യഞ്ജനം എന്നിവയെ വേർതിരിച്ച് അറിയാൻ സാധിയ്ക്കാത്ത എന്നാൽ കേവലമായ ധ്വനിയു

ടെ ഉപലബ്ധി ഉണ്ടാകലുമാണ് രണ്ടാമത്തെ അവസ്ഥയായ ധ്വാനം സ്വരവ്യഞ്ജനങ്ങളെ വേർതിരിച്ച് മനസ്സിലാക്കാൻ സാധിയ്ക്കുന്ന അവസ്ഥയാണ് നിമദം. അൽപ്പം കൂടി ഉച്ചത്തിൽ സ്വരവ്യഞ്ജനങ്ങളുടെ ഉപലബ്ധിയാണ് ഉപബ്ദിമത്. ഉരസ്സിൽ ഉച്ചരിയ്ക്കപ്പെടുന്നത് മന്ദ്രവും കണ്ഠത്തിൽ ഉള്ളത് മധ്യമവും, ശിരസ്സിൽ ഉള്ളത് താരവും ആകുന്നു) ഓങ്കാരം മന്ദ്രം മധ്യമം താരം എന്നിവയിലേതെങ്കിലും സ്ഥാനത്തിൽ പ്രയോഗിയ്ക്കപ്പെടണം. ഈ ആശയമാണ് സ്ഥാനേ എന്നതുകൊണ്ട് പറഞ്ഞത്.

അഥവാ നാലു മാത്രയിലുമാകാം. അപ്പോൾ ആദ്യത്തെ പകുതി അനുദാത്തമാകും. അല്ലെങ്കിൽ ആറു മാത്രയിലുമാകാം. അപ്പോൾ രണ്ടു സ്വരമായി വരും. (അ, ഉമ്) എന്നിങ്ങനെ.

(ഇങ്ങനെ മൂന്നു വിധത്തിലാണ് പ്രണവം. ഇവയിൽ ആദ്യത്തേതാണ് ഭൂരിപക്ഷം പേരും സ്വീകരിച്ചിട്ടുള്ളത്; രണ്ടാമത്തേതല്ല. നമ്മൾ ഒടുക്കം പറഞ്ഞ വിധത്തിലാണ് ചൊല്ലുന്നത് എന്ന് ഉവടൻ)

**4. അധ്യേതുരധ്യാപയിതുശ്ച നിത്യം**
**സ്വർഗ്ഗദ്വാരം ബ്രഹ്മ വരിഷ്ഠമേതത് ।**
**മുഖം സ്വാധ്യായസ്യ ഭവേന്ന ചൈതത്**
**സന്ദധ്യാത് സ്വാധ്യായഗതം പരേണ ॥**

പ്രണവം അധ്യേതാവിനും അധ്യാപകനും ഒരുപോലെ സ്വർഗദ്വാരമായ ഈശ്വരവന്ദനമാണ്. വേദപഠനത്തിന്റെ ആരംഭത്തിൽ പ്രണവം ചൊല്ലണം. (സ്വാധ്യായത്തിന്റെ മുഖമാണ്). സ്വാധ്യായം തുടങ്ങുന്നതിനുമുൻപ് ചൊല്ലുന്ന പ്രണവം (ഓം) എന്നത് വേദസംഹിതാഭാഗവുമായി സന്ധിചേർക്കരുത്.

**5. പ്രചോദിതോഽഭിക്രമതേ യഥാസ്യ**
**ക്രമഃ പരസ്താദ് വിഹിതസ്തഥൈവ ।**
**സർവ്വോദാത്തം ത്വിഹ തസ്മിന്നപൃക്തം**
**അക്ഷൈഃ പ്രയുക്തം ദ്വിരുപസ്ഥിതം വാ ॥**

ശിഷ്യനാൽ പ്രേരിപ്പിയ്ക്കപ്പെട്ട ഗുരു മന്ത്രങ്ങൾ ഉരുവിട്ടുകൊടുക്കുന്നു. ഈ അധ്യയനത്തിന്റെ രീതി എങ്ങനെയായിരിയ്ക്കണമെന്ന് മേലിൽ പറയും. ആ രീതിയിൽ ചൊല്ലിക്കൊടുക്കണം.

ചൊല്ലിപ്പഠിയ്ക്കുന്നതിനുവേണ്ടി വേദമന്ത്രങ്ങൾ ചൊല്ലുന്ന സമയത്ത് സർവ്വോദാത്തമായ പദം, ക്ഷൈപ്രസന്ധിയോടുകൂടാത്ത അപൃക്തം, പദപാഠത്തിൽ 'ഇതി' എന്നതിനോട് ചേർന്നത് എന്നിവ രണ്ടു പ്രാവശ്യം പറയണം.

പ്ര, ആ എന്നിവ സർവ്വോദാത്തമാണ് (ഉദാത്തസ്വരം മാത്രമുള്ളതാണ്). രോദസീ ഇതി- ഇതി എന്ന് ചേർത്തുപറയുന്നതാണ് ഇത്.

ഉദ്വേതി (7.63.1)- ഉത്/ഊ് ഇതി/ഏതി/ എന്നു പദപാഠം. ഇവിടെ 'ഊ്' കഴിഞ്ഞുവരുന്ന ഏതി എന്നത് ക്ഷൈപ്രസന്ധിയാൽ 'വേതി' എന്നാകുന്നു. ആദ്യത്തെ 'ഉത്' കൂട്ടിച്ചേർത്തുപറയുമ്പോൾ 'ഉദ്വേതി എന്നുച്ചരിയ്ക്കുന്നു. ഇവിടെ 'ഊ്' എന്നത് അപൃക്തമാണെങ്കിലും ക്ഷൈപ്രസന്ധിയുള്ളതുകൊണ്ട് രണ്ടുപ്രാവശ്യം ഉച്ചരിയ്ക്കേണ്ട.

6. **അഭിക്രാന്തേ ദ്വൈപദേ വാധികേ വാ**
**പൂർവ്വം പദം പ്രഥമഃ പ്രാഹ ശിഷ്യഃ ।**
**നിർവാച്യേ തു ഭോ*3* ഇതി ചോദനാസ്യാ-**
**ന്നിരുക്ത ഓം ഭോ*3* ഇതി ചാഭ്യനുജ്ഞാ ॥**

ഗുരു രണ്ടു പദമോ അതിലധികമോ ചൊല്ലി നിർത്തിയാൽ അതിലാദ്യത്തെ പദം വലത്തുവശത്തിരിയ്ക്കുന്ന ഒന്നാമത്തെ ശിഷ്യൻ ആദ്യവും പിന്നീട് മറ്റുള്ളവരും ചൊല്ലണം. ഏതെങ്കിലും തരത്തിലുള്ള വിവരണം ആവശ്യമുള്ളിടത്ത് ശിഷ്യൻ ഗുരുവിനെ 'ഭോ*3*' എന്ന് ബഹുമാനപൂർവ്വം അഭിസംബോധന ചെയ്യണം. വിശദീകരണം കഴിഞ്ഞാൽ ആദ്യം പറഞ്ഞുകൊണ്ടിരുന്നത് തുടരാനായി 'ഓം ഭോഃ*3*' എന്ന് അനുവാദവും കൊടുക്കണം.

7. **പരിപന്നം പ്രാകൃതമൂഷ്മസന്ധിം**
**നകാരസ്യ ലോപരേഫോഷ്മഭാവം ।**
**അസംയുക്തം ഋപരം രേഫസന്ധിം**
**വിവൃത്തിമിത്യത്ര നിദർശനാനി ॥**

സാധാരണഗതിയിൽ എന്തിനൊക്കെയാണ് വിശദീകരണം വേണ്ടിവരികയെന്നത് എടുത്തുപറയുന്നു- പരിപന്നസന്ധി, പ്രാകൃതമായ ഊഷ്മസന്ധി, നകാരത്തിന് സംഭവിയ്ക്കുന്ന ലോപം, രേഫം, ഊഷ്മഭാവം, അസംയുക്തം, (സന്ധി വരാതിരിയ്ക്കൽ-പ്രഗൃഹ്യസംജ്ഞ മുതലായവയുള്ളപ്പോൾ) ഋകാരം പരമാവുമ്പോൾ ഉള്ളത്, രേഫസന്ധി, വിവൃത്തി എന്നിവ ഇവിടെ ഉദാഹരണങ്ങളാണ്. (ഉവടന്റെ വ്യാഖ്യാനമനുസരിച്ച് പരിപന്നസന്ധി മുതലായവ ഇതിന് തൊട്ടുമുൻപ് പറഞ്ഞ വിശദീകരണം അർഹിയ്ക്കുന്നതിന് ഉദാഹരണങ്ങളല്ല. ഇത് എന്തിന്റെ ഉദാഹരണങ്ങളാണെന്ന് വ്യക്തമല്ല എന്നാണദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്. സന്ദർഭമനുസരിച്ച് പൂർവ്വശ്ലോകത്തിൽ പറഞ്ഞതിന്റെ ഉദാഹരണങ്ങളാ

കാനാണ് സാദ്ധ്യതയെന്നതിനാൽ ഇപ്രകാരം വ്യാഖ്യാനിച്ചു).

8. **പ്രത്യുച്ചാര്യൈതദ് വചനം പരസ്യ**
**ശിഷ്യസ്യ സ്യാദ് ഭോ3 ഇതി ചോദനാ വാ ।**
**അർദ്ധർചോദർക്കേഷു തു വർജ്ജയേയു–**
**രധ്യായാന്തേഷൂഭയഥാ സ്മരന്തി ॥**

ഗുരു ചൊല്ലിക്കൊടുത്തത് ആവർത്തിച്ചുകഴിഞ്ഞാൽ ശിഷ്യൻ 'ഭോ3' എന്ന് പറയുകയോ പറയാതിരിയ്ക്കുകയോ ആവാം. അർദ്ധർച്ചം (ഋക്കിന്റെ പകുതി ഭാഗം) ചൊല്ലിക്കഴിയുന്ന സമയത്ത് 'ഭോഃ3' എന്ന് വർജ്ജിയ്ക്കേണ്ടതാണ്. അദ്ധ്യായത്തിന്റെ അവസാനത്തിലുള്ള ഋക്കിന്റെ അർദ്ധം കഴിയുമ്പോൾ ഭോഃ3 എന്ന് പറയണമെന്നും, പറയേണ്ടെന്നും രണ്ടഭിപ്രായം പറയപ്പെടുന്നു.

9. **ഗുരുഃ ശിഷ്യസ്യ പദമാഹ മുഖ്യം**
**സമാസശ്ചേദസമാസോ യദിദ്വേ ।**
**ഏതേന കല്പേന സമാപ്യ പ്രശ്നം**
**പ്രത്യാമ്നായുസ്തം പുനരേവ സർവ്വേ ॥**

ഗുരു ശിഷ്യന് ഒരു പ്രശ്നത്തിൽ (തൃചത്തിൽ) സമസ്തപദമാണെങ്കിൽ ഒന്നും, സമസ്തപദമല്ലെങ്കിൽ രണ്ടും പദങ്ങൾ ചൊല്ലിക്കൊടുക്കുന്നു. ഈ രീതിയിൽ പ്രശ്നം അവസാനിപ്പിച്ചിട്ട് പിന്നീട് എല്ലാ ശിഷ്യന്മാരും ആ പ്രശ്നം വീണ്ടും അഭ്യസിയ്ക്കുന്നു.

10. **തത ഊർദ്ധ്വം സന്തതം സംവൃതേന**
**പ്രവിഗഹേണ മൃദ്വവഗ്രഹേണ ।**
**സർവ്വോദാത്തേന ച ചർച്ചയേയുഃ**
**സർവ്വേ ഇമാന്യുപസ്ഥാപയന്തഃ പദാനി ॥**

ഈ അഭ്യാസത്തിനുശേഷം എല്ലാവരും ഇടയ്ക്ക് നിർത്താതെ ഉദാത്തസ്വരത്തോടുകൂടി സ്വരസന്ധിയിലുള്ളത് ചെറുതായി അവഗ്രഹംകൊണ്ട് വിടുവിച്ച്, ഇനി പറയാൻ പോകുന്ന പദങ്ങൾ 'ഇതി' എന്നു ചേർത്ത് ഉച്ചരിച്ചുകൊണ്ട് പ്രശ്നം (തൃചം) ചൊല്ലണം.

ഉദ്വേതി സുഭഗോ വിശ്വചക്ഷാഃ (7.63.1)– ഇവിടെ ഉദ്വേതി എന്നത് ഉത് ഉ ഏതി– എന്നു ചൊല്ലണം.

11. **അഭ്യുത്പരാ നിർവ്യുപ സം പ്രതി പ്ര–**
**ന്യധ്യത്യപാ ദുഃസ്വപി പര്യവാനു ।**
**ആദ്യം സ്ഥിതോപസ്ഥിതമേകമേഷാം**
**അർദ്ധർചാന്തേ കുര്യുരഥോ ദ്വിഷന്ധൌ ॥**

അഭി, ഉത്, പരാ, നിര്, വി, ഉപ, സം, പ്രതി, പ്ര, നി, അധി, അതി, അപ, ആദുഃ, സു, അപി, പരി അവ, അനു ഇവയാണ് പത്താമത്തെ ശ്ലോകത്തിൽ അവസാനമായി പറഞ്ഞ പദങ്ങൾ. ഇവ ഇതികരണം ചെയ്യേണ്ടവയാണ്.

(ഉവടൻ ഇത് ചില ശാഖയിൽ മാത്രമുള്ളതാണ്. ഉവടന്റെ ശാഖയിൽ ഇതില്ല എന്ന് രേഖപ്പെടുത്തുന്നു)

ഇവയിൽ ആദ്യത്തേതായ 'അഭി' എന്നത് ഒരു അർദ്ധർച്ചത്തിന്റെ അവസാനത്തിൽ വരികയാണെങ്കിലും, ദ്വിഷന്ധി എന്ന വിവൃത്തിയിൽ വന്നാലും സ്ഥിതോപസ്ഥിതം ചെയ്യണം. (ദ്വിഷന്ധി-2/44 നോക്കുക)- അഭീത്യഭി.

**12. ച ഘ ഹി വേതി ച സർവ്വത്ര തേഷാം**
**അനേകം ചേത് സന്നിപതേദ് ദ്വിതീയം ।**
**സമസ്യന്തശ്ച ദ്വിപദാദ്യർധർചൌ**
**വ്യവസ്യന്ത ഇതരാശ്ചർചയേയുഃ ।।**

ച, ഘ, ഹി, വാ എന്നിവ എല്ലായിടത്തും സ്ഥിതോപസ്ഥിതം ചെയ്യണം.

ചേതി ച/ഘേതി ഘ/ എന്നിങ്ങനെ. അഭി മുതലായ ഉപസർഗ്ഗങ്ങൾ ഒന്നിൽക്കൂടുതൽ(അതായത് രണ്ടെണ്ണം) വന്നാൽ രണ്ടാമത്തേതുമാത്രം ഇതികരണം ചെയ്താൽ മതി. 'ഉത്പരാ' എന്നത് 'ഉത്പരേതി' എന്ന്, രണ്ടാമത്തേതു മാത്രം ഇതികരണം ചെയ്യുക.

'പശ്വാ നതായും' (1.65.1) തുടങ്ങിയ ദ്വിപദങ്ങളായ സൂക്തങ്ങളും ഈ രണ്ട് അർദ്ധർച്ചങ്ങൾ ചേർത്ത് ഒരു ഋക്കാകുമ്പോൾ അതിൽപ്പെടാത്ത അധികമായ 'സാധുർന ഗൃധ്നുഃ'(1.70.6) എന്നതിലെ ആദ്യത്തെ പദത്തിനെ മുമ്പത്തേതിൽനിന്ന് വേറിട്ടാക്കി ചൊല്ലണം. (ഒന്നാമത്തെ മണ്ഡലത്തിൽ 65, 66, 67, 68, 69, 70 എന്നീ സൂക്തങ്ങൾ ദ്വൈപദങ്ങളാണ്. ദ്വൈപദങ്ങൾ എന്നതുകൊണ്ടുദ്ദേശിയ്ക്കുന്നത് ഓരോന്നിലും (70-ൽ ഒഴികെ) അയ്യഞ്ചു ഋക്കുകളാണ്. പക്ഷെ 10 ഋക്കുകളായി കണക്കാക്കുന്നു. ഓരോ ഋക്കിനേയും രണ്ടു ഋക്കുകളായി കണക്കാക്കുന്നു എന്നു താത്പര്യം. 70-ാമത്തേതിൽ അവസാനത്തെ ഋക്ക് ദ്വൈപദമല്ല. 'സാധുർന' എന്നതാണ് ആ ഋക്ക്. ഇതിനെ മുമ്പത്തേതിൽനിന്ന് വേർതിരിയ്ക്കണമെന്നർത്ഥം).

**13. ദക്ഷിണായ പ്രഥമം പ്രശ്നമാഹ**
**പ്രദക്ഷിണം തത ഊർദ്ധ്വം പരീയുഃ ।**

**ഏവം സർവ്വേ പ്രശ്നശോ/ദ്ധ്യായ മുക്ത്വോ-**
**പസംഗൃഹ്യാതിസൃഷ്ടാ യഥാർത്ഥം ॥**

ഗുരു തന്റെ വലത്തു വശത്തിരിയ്ക്കുന്ന ശിഷ്യന് ആദ്യം തൃചം ചൊല്ലിക്കൊടുക്കുന്നു. അതിനുശേഷം ശിഷ്യന്മാർ ഗുരുവിനെ പ്രദക്ഷിണം ചെയ്യണം. ഇപ്രകാരം ഓരോ പ്രശ്നമായിട്ട് ഗുരുവിനെ വണങ്ങി അദ്ദേഹത്തിന്റെ അനുവാദത്തോടെ പറഞ്ഞയയ്ക്കപ്പെട്ടവരായി അതാത് പ്രവൃത്തികളിൽ ഏർപ്പെടാം.

**14. പ്രശ്നസ്തൃചഃ പങ്ക്തിഷു തു ദ്വൃചൌ വാ**
**ദ്വേ ദ്വേ ച പങ്ക്തേരധികാക്ഷരേഷു ।**
**ഏകാ ച സൂക്തം സമയാസ്ത്വഗണ്യാഃ**
**പരാവരാർദ്ധ്യാ ദ്വിപദേ യഥൈകാ ॥**

മുമ്മൂന്ന് ഋക്കുകളാണ് ഒരു പ്രശ്നം. പംക്തി ഛന്ദസ്സിൽ ഉള്ള ഋക്കുകളാണ് എങ്കിൽ രണ്ടുമാവാം. പംക്തിഛന്ദസ്സിനേക്കാൾ അധികം അക്ഷരമുള്ള ഋക്കുകളാണെങ്കിൽ ഈരണ്ടുവീതം. ഒരു ഋക്കു മാത്രമുള്ള സൂക്തവും ഒരു പ്രശ്നമാവും.

വേദത്തിൽ ആവർത്തിച്ചുവരുന്ന ചില ഭാഗങ്ങൾ പദപാഠത്തിൽ പറയാതെ വിടും. അതിനെ സമയം എന്നു പറയും. ഈ സമയം ചെറുതോ വലുതോ (അതായത് കുറച്ചക്ഷരങ്ങളോ കൂടുതലക്ഷരങ്ങളോ ഉള്ളത്) ആകാം. അത്തരം സമയങ്ങൾ ഗണിയ്ക്കപ്പെടേണ്ട. (സമായാസ്തു ഗണ്യാഃ- എന്ന് പാഠഭേദവും ഉണ്ട്. ഉവടൻ അഗണ്യാഃ എന്ന പാഠമാണ് സ്വീകരിച്ചിരിയ്ക്കുന്നത്). ദ്വിപദാഋക്കുകൾ ഒരു ഋക്കായി കണക്കാക്കുന്നു)

**15. സൂക്തസ്യ ശേഷോ/ല്പതരോ യദി സ്യാത്**
**പൂർവ്വം സ ഗച്ഛേദ് യദി തു ദ്വൃചോ വാ ।**
**തേ ഷഷ്ടിരദ്ധ്യായ ഉപാധികാ വാ**
**സൂക്തേ/സമാപ്തേ യദി തേ സമാപ്താഃ ॥**

ഇത്തരത്തിൽ ഒരു പ്രശ്നം എന്തെന്നു വ്യാഖ്യാനിയ്ക്കപ്പെട്ടു എങ്കിലും, ഒരു സൂക്തത്തിൽ ബാക്കിവരുന്ന ഭാഗം ഒരു പ്രശ്നത്തിൽ വരേണ്ടതിനേക്കാൾ കുറവാണെങ്കിൽ ആ ഭാഗം അതിനുമുമ്പത്തെ പ്രശ്നത്തിലേയ്ക്ക് എടുക്കണം. എന്നാൽ ശേഷിയ്ക്കുന്നത് രണ്ട് ഋക്കാണ് എങ്കിൽ പൂർവ്വത്തിന്റെ ഭാഗമായോ മറ്റൊരു പ്രശ്നമായോ എടുക്കാവുന്നതാണ്. ആ പ്രശ്നങ്ങൾ ഇപ്രകാരം കണക്കാക്കപ്പെടുമ്പോൾ ഓരോ അദ്ധ്യായത്തിൽ 60 എണ്ണം വരും. സൂക്തം മുഴുവനാവുന്നതിനു മുൻപേ പ്രശ്നങ്ങൾ അറുപതു കഴിഞ്ഞെങ്കിൽ, പിന്നെ എത്ര പ്രശ്നങ്ങളുണ്ടോ അത്ര

യും കൂടി 60-നോടു ചേർക്കുമ്പോൾ 60-ൽ അധികം പ്രശ്നങ്ങളുണ്ടാകുന്നു.

**16. ഭോ3 ഇത്യർധർചേ ഗുരുണോക്ത ആഹ**
**ശിഷ്യം ഓം ഭോ3 ഇത്യുചിതാമൃചം ച ।**
**അഥൈകേ പ്രാഹുരനുസംഹിതം തത്.**
**പാരായണേ പ്രവചനം പ്രശസ്തം ॥**

അദ്ധ്യായത്തിന്റെ അവസാനത്തിൽ ഉള്ള അർധർചം സമാപിച്ചു കഴിഞ്ഞാൽ 'ഭോ3' എന്നു ഗുരു പറയുമ്പോൾ ശിഷ്യൻ 'ഓം ഭോ3' എന്നു പറയുന്നു. അങ്ങയുടെ അനുഗ്രഹംകൊണ്ട് ഇതു സമാപ്തമായി എന്നർത്ഥം. അതിനുശേഷം ശിഷ്യൻ 'ശതധാരമുത്സ' എന്ന ഋക്ക് ചൊല്ലുകയും ചെയ്യുന്നു.

ശതധാരം എന്ന ഋക്ക് മൂന്നാം മണ്ഡലത്തിൽ 26-ാമത്തെ സൂക്തത്തിലെ 9-ാമത്തേതാണ്. ശതധാരമുത്സമക്ഷീയമാണം വിപശ്ചിതം പിതരം വക്ത്വാനാം മേളിം മദന്തം പിത്രോരുപസ്ഥേ്തം രോദസീ പിപൃതം സത്യവാചം'

വിശ്വാമിത്രൻ ഏതൊരു ഉപാദ്ധ്യായനിൽനിന്നാണോ വൈശ്വാനരരൂപിയായ പരബ്രഹ്മത്തെ മനസ്സിലാക്കിയത്, ആ ഉപാദ്ധ്യായനെ സ്തുതിയ്ക്കുന്ന ഋക്കാണ് ഇത്. ആ ഗുരുവിന് ഉചിതമായ ഫലം കൊടുക്കാൻ ദ്യാവാപൃഥിവികളോട് അഭ്യർത്ഥിയ്ക്കുകയാണ്.

ഏതൊരു ഗുരുവിൽനിന്ന് വേദം വശമാക്കിയോ ആ ഗുരുവിനെ സ്തുതിയ്ക്കാൻ ഈ മന്ത്രം പര്യാപ്തമാണല്ലോ.

ഇതേപോലെ 'നമോ ബ്രഹ്മണേ' 'നമോസ്ത്വഗ്നയേ' എന്നുള്ളതും ദിവസവും സ്വാദ്ധ്യായത്തിൽ ചൊല്ലേണ്ടതാണ്.

ചില ആചാര്യന്മാർ വേദം പഠിപ്പിയ്ക്കുന്നതിനുള്ള ഈ രീതി വളരെ നല്ലതാണെന്നും, സംഹിതയ്ക്ക് യോജിച്ചതാണെന്നും അഭിപ്രായപ്പെടുന്നു.

(ഈ രീതി സ്വീകരിയ്ക്കാവുന്നതാണെല്ലാതെ, ഇതേപോലെത്തന്നെയാണ് അദ്ധ്യയനം ചെയ്യപ്പെടേണ്ടത് എന്ന നിയമമൊന്നുമില്ല. അദ്ധ്യാപകന്റേയും വിദ്യാർത്ഥികളുടേയും ഭേദമനുസരിച്ച് ചില കാര്യങ്ങളിൽ മാറ്റങ്ങൾ നിലവിലുണ്ട്)

**പതിനഞ്ചാം പടലം കഴിഞ്ഞു**

## 16-ാം പടലം-ഛന്ദഃപടലം

1. **ഗായത്ര്യുഷ്ണിഗനുഷ്ടുപ്ച ബൃഹതീ ച പ്രജാപതേഃ I**
**പങ്ക്തിസ്ത്രിഷ്ടുബ് ജഗതീ ച സപ്തഛന്ദാംസി താനിഹ II**

ഗായത്രി, ഉഷ്ണിക്, അനുഷ്ടുപ്, ബൃഹതി, പങ്ക്തി ത്രിഷ്ടുപ്, ജഗതി എന്നിങ്ങനെ എട്ടക്ഷരം മുതലുള്ള ഏഴു ഛന്ദസ്സുകൾ പ്രജാപതിയുടെ ഛന്ദസ്സുകളാണ്.

2. **അഷ്ടാക്ഷരപ്രഭൃതീനി ചതുർഭൂയഃ പരം പരം I**
**ദൈവ്യാന്യപി ച സപ്തൈവ സപ്തചൈവാസുരാണ്യപി II**

പ്രജാപതി ഛന്ദസ്സിൽ ആദ്യത്തേതായ ഗായത്രിയിൽ എട്ടക്ഷരമാണ് വരുക. പിന്നെപ്പിന്നെ വരുന്ന ഓരോന്നിലും യഥാക്രമം നാലക്ഷരങ്ങൾ കൂടും. അതായത് ഉഷ്ണിക്കിൽ-12, അനുഷ്ടിപ്പിൽ-16, ബൃഹതിയിൽ-20, പങ്ക്തിയിൽ-24, ത്രിഷ്ടുപ്പിൽ-28, ജഗതിയിൽ-32. പ്രജാപതിഛന്ദസ്സുകളെപ്പോലെത്തന്നെ ഗായത്രി മുതലായ ഏഴെണ്ണവും ദൈവീഛന്ദസ്സുകളായും ആസുരീഛന്ദസ്സുകളായും വരും.

3. **ഏകോത്തരാണി ദേവാനാം**
**താന്യേവൈകാക്ഷരാദധി I**
**ഏകാവമാന്യസുരാണാം**
**തതഃ പഞ്ചദശാക്ഷരാത്. II**

ദൈവിയായ ഗായത്ര്യാദിഛന്ദസ്സ് ഒരക്ഷരം മുതലുള്ളതും പിന്നെയുള്ള ഓരോ ഛന്ദസ്സും ഓരോ അക്ഷരം കൂടുതലുള്ളതുമാണ്. അപ്പോൾ ദൈവീഗായത്രിയിൽ ഒരക്ഷരവും ദൈവ്യുഷ്ണിക്കിൽ രണ്ടും എന്നിങ്ങനെ ക്രമത്തിൽ അടുത്തത്ത് വരുന്നതിൽ ഓരോ അക്ഷരം വീതം അധികമാവുന്നു.

ആസുരിയായ ഗായത്ര്യാദിഛന്ദസ്സുകളിൽ ആദ്യത്തേതിന് പതിനഞ്ചക്ഷരവും പിന്നെ വരുന്നവയിൽ ക്രമത്തിൽ ഓരോന്ന് കുറഞ്ഞും വരും. അപ്പോൾ ആസുരീഗായത്രീഛന്ദസ്സിൽ 15 അക്ഷരവും, ഉഷ്ണിക്കിൽ 14 അക്ഷരവും അനുഷ്ടുപ്പിൽ 13 അക്ഷരവും എന്ന രീതിയിലാണ് അക്ഷരങ്ങൾ വരുക.

4. **താനി ത്രീണി സമാഗമ്യ സനാമാനി സനാമതത് I**
**ഏകം ഭവത്യൃഷിഛന്ദസ്തഥാ ഗച്ഛന്തി സമ്പദം II**

ഒരേ പേരുള്ള പ്രജാപതി, ദേവൻ, അസുരൻ എന്നിവരുടെ ഛന്ദസ്സുകൾ ഒരുമിച്ചുചേർന്നാൽ അതേ പേരിലുള്ള ഋഷിഛന്ദസ്സായി. അങ്ങനെ വരുമ്പോൾ പ്രജാപതി ഗായത്രിയ്ക്ക് എട്ടും,

ദൈവീഗായത്രിയ്ക്ക് ഒന്നും, ആസുരീഗായത്രിയ്ക്ക് പതിനഞ്ചും അക്ഷരങ്ങളായതിനാൽ ഋഷിയുടേതായ ഗായത്രിയ്ക്ക് 24 അക്ഷരങ്ങൾ വരും. ഇതേ രീതിയിൽ ഉഷ്ണിക്കിന് ഇരുപത്തിയെട്ടും, അനുഷ്ടുപ്പിന് മുപ്പത്തിരണ്ടും, ബൃഹതിയിൽ മുപ്പത്തിയാറും പങ്ക്തിയ്ക്ക് നാല്പതും, ത്രിഷ്ടുപ്പിന് നാൽപ്പത്തിനാലും, ജഗതിയ്ക്ക് നാൽപ്പത്തിയെട്ടും അക്ഷരങ്ങൾ വരും. ഇതാണ് ഋഷിഛന്ദസ്സിന്റെ കണക്ക്.

**5. ഏവം ത്രിപ്രകൃതീന്യാഹുർ യുക്താനി ചതുരുത്തരമ് ।**
**ഋഷിഛന്ദാംസി തൈഃ പ്രായോ മന്ത്രഃ ശ്ലോകശ്ച വർത്തതേ ॥**

ഇപ്രകാരം ഋഷിച്ഛന്ദസ്സുകൾ മൂന്നു മൂലപ്രകൃതിയോടുകൂടിയതായി പറയപ്പെടുന്നു. ഇവ ഓരോന്നും ക്രമത്തിൽ നാലെണ്ണം വീതം അക്ഷരങ്ങൾ കൂടുതലുള്ളവയാണ്. ഗായത്രിയിലുള്ളതിനേക്കാൾ നാലക്ഷരം ഉഷ്ണിക്കിലും, ഉഷ്ണിക്കിലുള്ളതിനേക്കാൾ നാലക്ഷരം അനുഷ്ടുപ്പിലും എന്നിങ്ങനെയാണ് വരുക. മിക്കവാറും മന്ത്രങ്ങളും ശ്ലോകങ്ങളും ഈ ഋഷിച്ഛന്ദസ്സുകളിലാണ് നിർമ്മിതമായിരിയ്ക്കുന്നത്.

**6. തത്പാദോ യജൂഷാം ഛന്ദഃ**
**സാമ്നാം തു ദ്വാവൃചാം ത്രയഃ ।**
**ഗായത്ര്യാദി ജഗത്യന്ത –**
**മേക ദ്വിത്ര്യധികം തു തത് ॥**

ഋഷിച്ഛന്ദസ്സിന്റെ നാലിലൊന്നാണ് യജുസ്സിന്റെ ഛന്ദസ്സ്. രണ്ടിലൊന്ന് സാമത്തിന്റേയും, മുക്കാൽ (നാലിൽ മൂന്ന്) ഭാഗം ഋഗ്വേദത്തിന്റേയും ഛന്ദസ്സാണ്. അതായത് യജുസ്സിന്റെ ഗായത്രി ആറക്ഷരത്തോട് കൂടിയതും സാമത്തിന്റേത് പന്ത്രണ്ടക്ഷരങ്ങളോടുകൂടിയതും ഋഗ്വേദത്തിന്റേത് പതിനെട്ടക്ഷരങ്ങളോട് കൂടിയതുമാണ്.

യജുസ്സ്, സാമം, ഋക്ക് എന്നിവയിൽ ഗായത്രി മുതൽ ജഗതി വരേയുള്ള ഛന്ദസ്സുകൾ ക്രമത്തിൽ ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ അധികമുള്ളവയാണ്. അതായത് യജുസ്സിൽ ഗായത്രിയ്ക്ക് ആറക്ഷരങ്ങൾ, ഉഷ്ണിക്കിന് ഏഴക്ഷരം, അനുഷ്ടുപ്പിന് എട്ടക്ഷരം എന്നിങ്ങനെ ഓരോ അക്ഷരംവീതം കൂടുതൽ വരും. സാമത്തിൽ ഗായത്രിയ്ക്ക് പന്ത്രണ്ടക്ഷരങ്ങൾ, ഉഷ്ണിക്കിന് പതിനാലക്ഷരങ്ങൾ, അനുഷ്ടുപ്പിന് പതിനാറക്ഷരങ്ങൾ എന്നിങ്ങനെ ജഗതിവരെ ഓരോ ഛന്ദസ്സിനും ഈരണ്ടക്ഷരങ്ങൾ വീതം ക്രമത്തിൽ കൂടുതൽ വരും. ഋക്കിൽ ഗായത്രിയ്ക്ക് പതിനെട്ടക്ഷര

ങ്ങൾ, ഉഷ്ണിക്കിന് ഇരുപത്തൊന്നക്ഷരങ്ങൾ, അനുഷ്ടുപ്പിന് ഇരുപത്തിനാലക്ഷരങ്ങൾ എന്നിങ്ങനെ ക്രമത്തിൽ ജഗതിവരെ ഓരോ ഛന്ദസ്സിനും മുമ്മൂന്നക്ഷരങ്ങൾ കൂടുതലായി വരും.

**7. ആർഷവത്തത്സമാഹാരോ ബ്രഹ്മോ വർഗ്ഗഃ ഷഡുത്തരഃ I**
**അക്ഷരാണി തു ഷട്ത്രിംശദ് ഗായത്രീബ്രഹ്മണോ മതാ II**

പ്രജാപതിഛന്ദസ്സ്, ദൈവീഛന്ദസ്സ്, ആസുരീഛന്ദസ്സ് എന്നിവയുടെ സമാഹരമാണല്ലോ ഋഷിച്ഛന്ദസ്സ്. അതുപോലെ യജുസ്സ്, സാമം, ഋക്ക് എന്നിവയുടെ ഛന്ദസ്സിന്റെ സമാഹാരമാണ് ബ്രാഹ്മമായ ഗണം. ബ്രാഹ്മഗണത്തിൽ ഗായത്രി മുതൽ ജഗതിവരെ ക്രമത്തിൽ ഓരോ ഛന്ദസ്സിനും ആറക്ഷരം കൂടുതൽ വരും.

ബ്രാഹ്മീഗായത്രിയിൽ മുപ്പത്തിയാറക്ഷരം വരും. എങ്ങനെയെന്നാൽ യജുസ്സിലെ ഗായത്രിയുടെ ആറും, സാമത്തിലെ ഗായത്രിയുടെ പന്ത്രണ്ടും, ഋക്കിലെ ഗായത്രിയുടെ പതിനെട്ടും ചേരുമ്പോൾ മുപ്പത്തിയാറാകുമല്ലോ. ഗായത്രിയേക്കാൾ ആറക്ഷരം കൂടുതലാണ് ഉഷ്ണിക്കിൽ. ഉഷ്ണിക്കിലേക്കാൾ ആറക്ഷരം കൂടുതൽ അനുഷ്ടുപ്പിൽ. ഇങ്ങനെ ക്രമത്തിൽ ജഗതിവരെ.

**8. യജുഷാം ഷഡ്ഋചാം ത്രിഃ ഷട് I**
**സാമ്നാം ദ്വാദശ സമ്പദി**
**ഋഷീണാം തു ത്രയോ വർഗാഃ**
**സപ്തകാഃ ഏകധേതരേ II**

യജുസ്സിന്റെ ഗായത്രി ആറക്ഷരത്തോടുകൂടിയതും സാമത്തിന്റെ പന്ത്രണ്ടക്ഷരങ്ങളോടുകൂടിയതും ഋക്കിന്റെ പതിനെട്ടക്ഷരങ്ങളോടുകൂടിയതുമാണ്. ഇവയെല്ലാം കൂടി കൂടുമ്പോൾ മുപ്പത്തിയാറക്ഷരമാകുമല്ലോ.

ഋഷിച്ഛന്ദസ്സുകളിൽ ഏഴെണ്ണം വീതമുള്ള മൂന്നു വർഗ്ഗങ്ങളുണ്ട്. ഗായത്രി മുതലുള്ള ഏഴെണ്ണം ഒരു വർഗ്ഗവും അതിജഗതി മുതലായവ രണ്ടാമത്തേതും, കൃതി മുതലായവ മൂന്നാമത്തേതുമാണ്. പ്രജാപതി, ദൈവ, ആസുര, സാമ, യജു, ഋക്, ബ്രാഹ്മഛന്ദസ്സുകൾ ഒരു വിധത്തിലേ ഉള്ളൂ.

**ഗായത്രി-അതിന്റെ വകഭേദങ്ങൾ**

**9. ഋഷിഛന്ദാംസി ഗായത്രീ സാ ചതുർവ്വിംശത്യക്ഷരാ I**
**അഷ്ടാക്ഷരാസ്ത്രയഃ പാദാശ്ചത്വാരോ വാ ഷഡക്ഷരാഃ II**

ഋഷിഛന്ദസ്സുകളെപ്പറ്റി ഇനി വിസ്തരിയ്ക്കുകയാണ്- ഋഷിച്ഛന്ദസ്സിലെ ഗായത്രി 24 അക്ഷരങ്ങളുള്ളതാണ്. എട്ടക്ഷരങ്ങളോടുകൂടി മൂന്ന് പാദങ്ങൾ വരും. അല്ലെങ്കിൽ ആറക്ഷരങ്ങളോടുകൂ

ടി നാല് പാദങ്ങൾ ഉണ്ടാകും.

**10. ഇന്ദ്രഃ ശചീപതിർബലേന വീളിതഃ ।**
**ദുശ്ച്യവനോ വൃഷാ സമത്സു സാസഹിഃ ॥**

ഇത് ആറക്ഷരങ്ങളോടുകൂടിയ നാലു പാദങ്ങളുള്ള ഗായത്രിയ്ക്ക് ഉദാഹരണം.

അഗ്നിമീളേ പുരോഹിതം
യജ്ഞസ്യ ദേവമൃത്വിജം
ഹോതാരം രത്നധാതമം (1.1.1)

ഇത് എട്ടക്ഷരങ്ങളുള്ള മൂന്നു പാദത്തോടുകൂടിയ ഗായത്രിയ്ക്ക് ഉദാഹരണം.

**11. പഞ്ചകാഃ പഞ്ച ഷട്കോ*f*ന്ത്യഃ**
**പദപംക്തിർഹി സാ ഭൂരിക് ।**
**ദ്വൌ വാ പാദൌ ചതുഷ്കശ്ച**
**ഷട്കശ്ചൈകസ്ത്രിപഞ്ചകാഃ ॥**

അയ്യഞ്ചക്ഷരത്തോടുകൂടി അഞ്ചുപാദങ്ങളായി വരുന്നതിന് പദപംക്തി എന്നു പറയുന്നു. അഞ്ചാമത്തേതായ അവസാനത്തെ പാദം ആറക്ഷരങ്ങളുള്ളതും ബാക്കി നാലുപാദങ്ങൾ അയ്യഞ്ചക്ഷരങ്ങളോടുകൂടിയതുമായി വരുന്നത് ഭൂരിക് പദപംക്തിയാണ്. അഥവാ ഒരു പാദത്തിൽ നാലും മറ്റൊരു പാദത്തിൽ ആറും, മറ്റു മൂന്നു പാദങ്ങളിൽ അഞ്ചക്ഷരങ്ങൾ വീതവും വരുന്നതും പദപംക്തിയാണ്.

**12. അധാഹീന്ദ്രേതി ച തൃചൌ**
**ഘൃതമഗ്നേ തമിത്യ്വ ചഃ ।**
**അഷ്ടകോ ദശകഃ സപ്തീ**
**വിദ്വാംസാവിതി സാ ഭൂരിക് ॥**

അധാഹ്യഗ്നേ (4.10.2): നാലാമത്തെ മണ്ഡലത്തിൽ പത്താമത്തെ സൂക്തത്തിലെ രണ്ടു മുതൽ നാലുവരെ (അതായത് രണ്ട്, മൂന്ന്, നാല്)യുള്ള ഋക്കുകൾ പദപങ്ക്തിയ്ക്കുദാഹരണമാണ്.

**ഇന്ദ്ര ജുഷസ്വ പ്രവഹാ യാഹി ശൂര ഹരീഹ**
**പിബാ സുതസ്യ മതിർന മധ്വശ്ചകാനശ്ചാരുർമദായ– എന്നു തുടങ്ങുന്ന തൃചവും ഉദാഹരണമാണ്.**

**ഘൃതം ന പൂതം തനൂരരേപാഃശുചി ഹിരണ്യം**
**തത്തേരുക്മോ ന രോചത സ്വധാവഃ (4.10.6)**
**അഗ്നേ തമദ്യാശ്വം ന സ്തോമൈഃ ക്രതും ന ഭദ്രം ഹൃദിസ്പൃശം ഋദ്ധ്യാമാ ത ഓ**

**ഹൈഃ (4.10.1) ഇവയും പദപംക്തിയ്ക്ക് ഉദാഹരണങ്ങളാണ്.**

ഒന്നാമത്തെ പാദത്തിൽ എട്ടക്ഷരങ്ങളും അടുത്തതിൽ പത്തും, അവസാനത്തേതിൽ ഏഴും അക്ഷരങ്ങൾ വന്നാൽ അത് ഭൂരിക് (ഗായത്രി) ആണ്. 'വിദ്വാംസാവിദ് ദുരഃ പൃച്ഛേത്' (1.120.2) ഇത് ഭൂരിക് ഗായത്രിയ്ക്ക് ഉദാഹരണമാണ്.

**13. യുവാകു ഹീതി ഗായത്രീ**
**ത്രയഃ സപ്താക്ഷരാ വിരാട് I**
**സൈഷാ പാദനിച്യന്നാമ**
**ഗായത്ര്യേവൈക വിംശികാ II**

യുവാകു ഹി ശചീനാം (1.17.4) എന്നുള്ള ഋക്ക് മൂന്നു പാദങ്ങളിലും ഏഴക്ഷരങ്ങൾ വീതം വരുന്ന മൊത്തം ഇരുപത്തിയൊന്നക്ഷരങ്ങളുള്ള വിരാട് ഗായത്രിയാണ്. ഇതിനെ പാദനിചൃത് എന്ന് പറയും.

**14. ഷട്കഃ സപ്തകയോർമദ്ധ്യേ**
**സ്തോതൃണാം വിവാചീതി I**
**യസ്യാഃ സാതി നിച്യന്നാമ**
**ഗായത്രീദ്വിർദശാക്ഷരാ II**

ഏഴക്ഷരം വീതമുള്ള രണ്ടു പാദങ്ങളുടെ മദ്ധ്യത്തിൽ ആറക്ഷരമുള്ള പാദം ഏതൊരു ഋക്കിനാണോ വരുക, മൊത്തം ഇരുപതക്ഷരങ്ങളുള്ള ആ ഛന്ദസ്സ് അതിനിചൃത്ഗായത്രിയാണ്.

പുരുതമം പുരൂണാം സ്തോതൃണാം (6.45.29)- ഇത് ഉദാഹരണമാണ്.

**15. ഷട്കസപ്തകയോർമദ്ധ്യേ**
**തുഹ്യാസാവതിഥിം യഥാ I**
**ഷഡക്ഷരഃ പ്രകൃത്യൈഷ**
**വ്യുഹേനാഷ്ടാക്ഷരോƒപി വാ II**

ആറക്ഷരങ്ങളും ഏഴക്ഷരങ്ങളുമുള്ള പാദങ്ങളുടെ മദ്ധ്യത്തിൽ പ്രകൃത്യാ ആറക്ഷരങ്ങളാണെങ്കിലും വ്യൂഹംകൊണ്ട് എട്ടക്ഷരമായ പാദത്തോടുകൂടിയ ഋക്കിലും അതിനിചൃത്ഗായത്രിതന്നെയാണ്.

പ്രോഷുമു പ്രിയാണാം (8.103.10) എന്ന ഋക്കിൽ അതിനിചൃത്ഗായത്രിയാണ്.

ഇവിടെ സ്തുഹ്യാസാവതിഥിം എന്ന ഇടയിലുള്ള പാദത്തിൽ ആറക്ഷരങ്ങളാണ് പ്രകൃത്യാ ഉള്ളതെങ്കിലും വ്യൂഹം ചെയ്യുമ്പോൾ

എട്ടക്ഷരങ്ങളാകും.

16. **ഉത്തരോത്തരിണഃ പാദാഃ**
**ഷട്സപ്താഷ്ടാവിതി ത്രയഃ ।**
**ഗായത്രീ വർദ്ധമാനൈഷാ**
**ത്വമഗ്നേ യജ്ഞാനാമിതി ।।**

ഒന്നാമത്തെ പാദത്തിൽ ആറക്ഷരം, രണ്ടാമത്തേതിൽ ഏഴ ക്ഷരം, മൂന്നാമത്തേതിൽ എട്ടക്ഷരം എന്നിങ്ങനെ ക്രമത്തിൽ ഓ രോ അക്ഷരം വീതം വർദ്ധിച്ചുകൊണ്ടുള്ളത് ഏതൊന്നിനാണോ ആ ഗായത്രി വർദ്ധമാനാ ഗായത്രി എന്നറിയപ്പെടുന്നു.

ത്വമഗ്നേ യജ്ഞാനാം ഹോതാ വിശ്വേഷാം ഹിതഃ

ദേവേഭിർമാനുഷേ ജനേ ( 6.16.1) - ഈ ഋക്കിൽ വർദ്ധമാന ഗായത്രിയാണ് ഛന്ദസ്സ്.

17. **അഷ്ടകൌ മദ്ധ്യമഃ ഷട്കഃ**
**ഏകേഷാമുപദിശ്യതേ ।**
**സ നോ വാജേഷു പാദൌ ദൌ**
**ജാഗതൌ ദ്വിപദോച്യതേ ।।**

ചില ശാഖക്കാരുടെ മതമനുസരിച്ച് ആദ്യത്തേയും അവസാ നത്തേയും പാദങ്ങളിൽ എട്ടക്ഷരങ്ങളും നടുവിലത്തെ പാദത്തിൽ ആറക്ഷരങ്ങളും ഉള്ളത് ഏതൊന്നിനാണോ അതും വർദ്ധമാന ഗായത്രിയാണ് എന്ന് ഉപദേശിയ്ക്കപ്പെടുന്നുണ്ട്.

സനോ വാജേഷവിതാ പുരുവസുഃ (8.46.13)- എന്ന ഋക്കിൽ പന്ത്രണ്ടക്ഷരങ്ങളുള്ള രണ്ടു പാദങ്ങളാണുള്ളത്. ഇതിനെ ദ്വിപ ദാ ഗായത്രി എന്നു പറയുന്നു. (ജാഗതൌ =ജഗതിയുടേതായ അ തായത് പന്ത്രണ്ടക്ഷരങ്ങളുള്ള)

18. **ആദ്യാന്ത്യൌ സപ്തകൌ യസ്യാ**
**മധ്യമോ ദശകോ ഭവേത് ।**
**യവമദ്ധ്യാ തു ഗായത്രീ**
**സമുന്വ ഇതി ദൃശ്യതേ ।।**

ആദ്യത്തേയും അവസാനത്തേയും പാദങ്ങളിൽ ഏഴക്ഷരങ്ങ ളും മദ്ധ്യമപാദത്തിൽ പത്തക്ഷരങ്ങളുമുള്ളതേതിനോ ആ ഗായ ത്രി 'യവമദ്ധ്യാ' എന്നറിയപ്പെടുന്നു.

സമുന്വയോ വസൂനാം (9.108.13)- എന്ന ഋക്കിൽ യവമദ്ധ്യാ ഗായത്രിയാണ് ഛന്ദസ്സ്. 'സ സുന്വേ യോ വസൂനാം യോ രായാ മാനേതാ യ ഇളാനാം സോമോ യഃ സുക്ഷിതീനാം' - എന്നാണ് പൂർണ്ണരൂപം.

**19. ഷഡക്ഷരഃ സപ്താക്ഷരസ്തത ഏകാദശാക്ഷരഃ I**
**ഏഷോഷ്ണിഗ്ഗർഭാ ഗായത്രീ താ മേ അശ്വ്യാനാമിതി II**

ആദ്യത്തെ പാദത്തിൽ ആറക്ഷരങ്ങളും രണ്ടാമത്തെ പാദത്തിൽ ഏഴക്ഷരങ്ങളും മൂന്നാമത്തെ പാദത്തിൽ പതിനൊന്നക്ഷരങ്ങളും വരുന്നത് ഏതൊന്നിനോ അതിൽ ഉഷ്ണിഗ്ഗർഭയാണ് ഛന്ദസ്സ്.

താ മേ അശ്വ്യാനാം ഹരീണാം നിതോശനാ (8.25.23)- ഇവിടെ ഉഷ്ണിഗ്ഗർഭയാണ്.

താ മേ അശ്വ്യാനാം ഹരീണാം നിതോശനാ
ഉതോ നു കൃത്വ്യാനാം നൃവാഹസാ- എന്നാണ് ഋക്കിന്റെ പൂർണ്ണരൂപം.

**ഉഷ്ണിക്കും അതിന്റെ വകഭേദങ്ങളും**

**20. അഷ്ടാവിംശത്യക്ഷരോഷ്ണിക്**
**സാ പാദൈർ വർതതേ ത്രിഭിഃ I**
**പൂർവ്വാവഷ്ടാക്ഷരൌ പാദൌ**
**തൃതീയോ ദ്വാദശാക്ഷരഃ II**

ഉഷ്ണിക് എന്ന ഛന്ദസ്സുള്ള ഋക്കിന് 28 അക്ഷരമാണ്. മൂന്നു പാദങ്ങളാണുണ്ടാവുക. ആദ്യത്തെ രണ്ടു പാദങ്ങളും എട്ടക്ഷരങ്ങളുള്ളതും മൂന്നാം പാദം 12 അക്ഷരങ്ങളുള്ളതുമായിരിയ്ക്കും.

**21. പുര ഉഷ്ണിക് തു സാ തസ്മിൻ പ്രഥമേ മദ്ധ്യമേ കകുപ് I**
**അഗ്നേ വാജസ്യ തച്ചക്ഷുഃ സുദേവഃ സ മഹേതി ച II**
**22. ഋചോ നിദർശനായൈതാഃ പരാ യാസ്താ യഥോദിതാഃ I**
**സപ്താക്ഷരൈശ്ചതുർഭിർദ്വേ നദം മംസീ മഹീതി ച II**
**23. പാദൈരനുഷ്ടുഭോ വിദ്യാദക്ഷരൈരുഷ്ണിഹാവിമേ I**
**ദദി രേക്ണ ഇതി ത്വേഷാ കകുമ്ന്യങ്കുശിരാ നിച്വത് II**

ആ 12 അക്ഷരം ഒന്നാമത്തെ പാദത്തിൽ വന്നാൽ പുര ഉഷ്ണിക് എന്നു പറയും. രണ്ടാമത്തേതിൽ വന്നാൽ കകുപ് എന്നും.

അഗ്നേ വാജസ്യ ഗോമതഃ (1.79.4)
തച്ചക്ഷുർ ദേവഹിതം ശുക്രമുച്ചരത് (7.76.16)
സുദേവഃ സമഹാസതി (5.53.15) എന്നീ ഋക്കുകൾ ക്രമത്തിൽ ഉദാഹരണങ്ങളാണ്.

ഇവയിൽ ഒന്നാമത്തേതായ ഋക്കിന്റെ പൂർണ്ണരൂപം ഇതാണ്.
**അഗ്നേ വാജസ്യ ഗോമത ഈശാനഃ സഹസോയഹോ I**
**അസ്മൈ ധേഹി ജാതവേദോ മഹി ശ്രവഃ II – എന്ന്.**

ഇവിടെ ഉഷ്ണിക്കാണ്. രണ്ടാമതു പറഞ്ഞ ഋക്കിന്റെ പൂർണ്ണരൂപം

**തച്ചക്ഷുർ ദേവഹിതം ശുക്രമുച്ചരത്**
**പശ്യേമ ശരദഃ ശതം ജീവേമ ശരദഃശതം**

ഇവിടെ പുര ഉഷ്ണിക്കാണ്.

മൂന്നാമത്തേതിന്റെ പൂർണ്ണരൂപം.

**'സുദേവഃ സമഹാസതി സുവീരോ നരോ മരുതഃ സമർത്യഃ**
**യം ത്രായധ്വേ സ്യാമ തേ' II**

ഇവിടെ കകുപ് ആണ്.

ഏഴക്ഷരങ്ങളുള്ള നാലു പാദങ്ങളോടുകൂടിയ 'നദം വ ഓദതീനാം' (8.69.2) എന്ന ഋക്കിലും 'മംസീ മഹീത്വാ വയം' (10.26.4) എന്ന ഋക്കിലും ഉഷ്ണിക്കാണ് ഛന്ദസ്സ്. പാദങ്ങൾകൊണ്ട് ഇവ അനുഷ്ടുപ്പാണെങ്കിലും അക്ഷരങ്ങൾകൊണ്ട് ഇവ ഉഷ്ണിക്കാണ്.

**നദം വ ഓദതീനാം നദം യോയുവതീനാം**
**പതിം വോ അഘ്ന്യാനാം ധേനൂനാമിഷു ധ്യസി (8.69.2)**

എന്നാണ് നദം വാ എന്ന ഋക്കിന്റെ പൂർണ്ണരൂപം.

**മംസീ മഹി ത്വാ വയമസ്മാകം ദേവ പൂഷൻ**
**മതീനാം ച സാധനം വിപ്രാണാം ചാധവമ്**

എന്നാണ് മംസീ മഹി എന്ന ഋക്കിന്റെ പൂർണ്ണരൂപം.

ദദീ രേക്ണ (8.46.15) എന്ന ഋക്ക് നൃങ്കുശിരാ നിചൃത് കകുപ് എന്ന ഛന്ദസ്സിലാണ്.

**ദദീ രേക്ണസ്തന്വേ ദദിർവസുദദിർ വാജേഷു പുരുഹൂത വാജിനം**
**നൂനമഥ** എന്നാണ് പൂർണ്ണരൂപം.

ഇതിന്റെ ഒന്നാമത്തെ പാദത്തിൽ പതിനൊന്നക്ഷരങ്ങളും (പേരിൽ കകുപ് എന്നുള്ളതുകൊണ്ട് രണ്ടാമത്തേതിൽ പന്ത്രണ്ടക്ഷരങ്ങളും) മൂന്നാമത്തേതിൽ നാലും അക്ഷരങ്ങളാണ്.

**24. ഏകാദശോƒസ്യാഃ പ്രഥമഃ ഉത്തമശ്ചതുരക്ഷരഃ II**
**ഏകാദശാക്ഷരൌ ച ദ്വൗ മദ്ധ്യേ ചൈകഃ ഷഡക്ഷരഃ II**

**25. ഉഷ്ണിക് പിപീലികാമദ്ധ്യാ ഹരീയസ്യേതി ദൃശ്യതേ I**
**താഭ്യാം പരഃ ഷഡക്ഷരഃ പ്രയാ തനുശിരാ നാമ II**

(ഇരുപത്തിനാലാമത്തെ ശ്ലോകത്തിന്റെ ആദ്യപാദത്തിന്റെ അർത്ഥം നൃങ്കുശിരാ കകുപ് നിചൃതിനെ സംബന്ധിച്ചുള്ളതാകയാൽ അത് മുകളിൽ പറഞ്ഞു)

പതിനൊന്നക്ഷരമുള്ള രണ്ടു പാദങ്ങളുടെ ഇടയിൽ ആറക്ഷരമുള്ള ഒരു പാദം വന്നാൽ അത് പിപീലികാമധ്യ എന്നു പേരുള്ള ഉഷ്ണിക് ആണ് എന്നറിഞ്ഞുകൊള്ളണം. ഹരീ യസ്യ (10.105.2) എന്നത് ഉദാഹരണമാണ്.

ഹരീ യസ്യ സുയുജാ വിവ്രതാവേർവന്താനുശേപാ/ ഉഭാ രജീ ന കേശിനാ പതിർദൻ- എന്നാണ് പൂർണ്ണപാഠം.

ആദ്യത്തെ രണ്ടു പാദങ്ങൾ പതിനൊന്നക്ഷരം വീതവും മൂന്നാമത്തെ പാദം ആറക്ഷരങ്ങളുള്ളതുമാണെങ്കിൽ തനുശിരസ്സ് എന്ന ഉഷ്ണിക് ഛന്ദസ്സാണത്. പ്രയാ (1.120.5) എന്നത് ഉദാഹരണമാണ്.

പ്രയാ ഘോഷേ ഭൃഗവാണേ ന ശോഭേ യയാ വാചാ യജതി പജ്രിയോ വാം/ പ്രൈഷയുർന വിദ്വാൻ- എന്നാണ് ഋക്കിന്റെ പൂർണ്ണരൂപം.

**26. ആദ്യഃ പഞ്ചാക്ഷരഃ പാദഃ**
**ഉത്തരേഽഷ്ടാക്ഷരാ സ്ത്രയഃ ।**
**അനുഷ്ടുബ്ഗർഭൈവ സോഷ്ണിക്**
**സാഗസ്ത്യോസ്തി പിതും ന്വിതി ॥**

ആദ്യത്തെ പാദം അഞ്ചക്ഷരങ്ങളുള്ളതും, പിന്നീടുള്ള മൂന്നു പാദങ്ങൾ എട്ടക്ഷരങ്ങൾ വീതമുള്ളതും ആയാൽ അത് അനുഷ്ടുപ്ഗർഭയായ ഉഷ്ണിക്കാണ്. അഗസ്ത്യമഹർഷിയാൽ ദൃഷ്ടമായ മന്ത്രത്തിലാണ് വരുന്നത്. 'പിതും നു' എന്നത് ഉദാഹരണമാണ്.

**പിതും നു സ്തോഷം മഹോ ധർമ്മാണം തവിഷീം**
**യസ്യ ത്രിതോ വ്യോജസാ വൃത്രം വിപർവ മർദയൻ (1.187.1)**

എന്നതാണ് ഋക്കിന്റെ പൂർണ്ണരൂപം.

## അനുഷ്ടുപ്പും അതിന്റെ വകഭേദങ്ങളും

**27. ദ്വാത്രിംശദക്ഷരാനുഷ്ടുപ് ചത്വാരോഽഷ്ടാക്ഷരാഃ സമാഃ ।**
**കൃതിർ ദ്വൌ ദ്വാദശാക്ഷരാവേകശ്ചാഷ്ടാക്ഷരഃ പരഃ ॥**

മുപ്പത്തിരണ്ടക്ഷരങ്ങളാണ് അനുഷ്ടിപ്പിന്. എട്ടക്ഷരങ്ങളോടുകൂടി ഒരേപോലെ നാലു പാദങ്ങളാണുണ്ടാവുക.

**ഗായന്തിത്വാ ഗായത്രിണോഽർചത്യർകമർകിണഃ**
**ബ്രഹ്മാണസ്ത്വാ ശതക്രത ഉദ്വംശമിവ യേമിരേ (1.10.1)**

ഇത് അനുഷ്ടുപ്ച്ഛന്ദസ്സിന് ഉദാഹരണമാണ്.

രണ്ടു പാദങ്ങളിൽ പന്ത്രണ്ടക്ഷരങ്ങൾവീതവും ഒരു പാദം എട്ടക്ഷരവുമുള്ളതായാൽ ആ അനുഷ്ടുപ് കൃതി എന്ന സംജ്ഞയുള്ളതാണ്.

**'മാ കസ്മൈ ധാതമഭ്യമിത്രിണേ നോ മാകുത്രാ**
**നോ ഗൃഹേഭ്യോ ധേനവോ ഗുഃ**
**സ്തനാഭുജോ അശിശ്വീഃ (1.120.8)**

ഇവിടെ കൃതിയാണ് ഛന്ദസ്സ്.

**28. യസ്യാസ്ത്വഷ്ടാക്ഷരോ മധ്യേ**
**സാ പിപീലികമധ്യമാ I**
**നവകൌ ദ്വാദശീ ദ്വ്യൂനാ**
**താം വിദ്വാംസേതി കാവിരാട് II**

പന്ത്രണ്ടക്ഷരങ്ങളുള്ള രണ്ട് പാദങ്ങളുടെ മധ്യത്തിൽ എട്ടക്ഷരമുള്ള പാദം വന്നാൽ അത് പിപീലികമധ്യമാ എന്ന അനുഷ്ടുപ്പാണ്.

**പര്യൂഷു പ്ര ധന്വ വാജസാതയേ പരിവൃത്രാണി സക്ഷണിഃ**
**ദ്വിഷസ്തരധ്യാ ഋണയാ ന ഈയസേ (9.110.1)**

ഈ ഋക്ക് ഉദാഹരണമാണ്.

ആദ്യത്തേയും അവസാനത്തേയും പാദങ്ങളിൽ ഒമ്പതക്ഷരങ്ങൾ വീതവും മധ്യത്തിൽ പന്ത്രണ്ടക്ഷരങ്ങളും വന്നാൽ രണ്ടക്ഷരം കുറവുള്ള കാവിരാട് എന്ന ഛന്ദസ്സാണ്.

**താ വിദ്വാംസാ ഹവാമഹേ വാംതാ നോ**
**വിദ്വാംസോ മന്മ വോചേത മദ്യ**
**പ്രാർചദ്ദയമാനോ യുവാകുഃ (1.120.3).**

ഇവിടെ, കാവിരാട് ഛന്ദസ്സാണ്.

**29. തേഷാ മേ കാധികാവന്ത്യൌ**
**നഷ്ടരൂപാ വിപൃച്ഛാമി I**
**ദശാക്ഷരാസ്ത്രയോ വിരാട്**
**ത്രയോ വൈകാദശാക്ഷരാഃ II**

ഒമ്പതക്ഷരം വീതമുള്ള രണ്ടുപാദങ്ങളുടെ ഇടയിൽ പന്ത്രണ്ടക്ഷരമുള്ള പാദം വരുമ്പോഴാണല്ലോ കാവിരാട് വരുന്നത്. ഇതിൽ രണ്ടാമത്തേയും മൂന്നാമത്തേയും പാദങ്ങളിൽ ഓരോ അക്ഷരം കൂടുതൽ വന്നാൽ നഷ്ടരൂപ എന്ന ഛന്ദസ്സായി.

ഒന്നാമത്തെ പാദത്തിൽ ഒമ്പത്, രണ്ടാമത്തെ പാദത്തിൽ പതിമൂന്ന്, മൂന്നാമത്തെ പാദത്തിൽ പത്ത് എന്നിങ്ങനെയാണ് അക്ഷരങ്ങളുടെ നില.

വിപൃച്ഛാമി (1.120.4) എന്ന ഋക്ക് ഉദാഹരണമാണ്.

**'വി പൃച്ഛാമി പാക്യാ3നദേവാൻ വഷട്കൃതസ്യാദ്ഭൂതസ്യ ദസ്രാ I**
**പാതം ച സഹ്യസോ യുവം ച രഭ്യസോനഃ**

എന്നാണ് ഋക്കിന്റെ പൂർണ്ണരൂപം

ഏതൊരു ഋക്കിലാണോ പത്തക്ഷരങ്ങൾ വീതമുള്ള മൂന്നു പാദങ്ങളുള്ളത്, അഥവാ പതിനൊന്നക്ഷരങ്ങൾ വീതമുള്ള മൂന്നു

പാദങ്ങളുള്ളത് ആ ഋക്കിൽ വിരാട് എന്നു പേരുള്ള അനുഷ്ടുപ്പാണ്.

**ശ്രുധീഹവം വിപിപാനസ്യാദ്രേർബോധാ-**
**വിപ്രസ്യാർചതോ മനീഷാം**
**കൃഷ്വാ ദുവാംസ്യംതമാ സചേ മാ (7.22.4)**

ഇത് മൂന്ന് പാദങ്ങളിലും പത്തക്ഷരം വീതമുള്ള വിരാട് എന്നുപേരുള്ള അനുഷ്ടുപ്പാണ്.

**അഗ്ന ഇന്ദ്രശ്ച ദാശുഷോ ദുരോണേ സുതാവതോ-**
**യജ്ഞമിഹോ പയാതം l**
**അമർധംതാ സോമപേയായ ദേവാ (3.25.4)**

ഇത് പതിനൊന്നക്ഷരങ്ങളോടുകൂടിയ മൂന്നുപാദങ്ങളുള്ള ഋക്കാണ്. ഇവിടെ വിരാട് എന്നു പേരുള്ള അനുഷ്ടുപ്പാണ് ഛന്ദസ്സ്.

**30. ഷന്മഹാപദപംക്തിസ്തു ഷട്കോ/ന്ത്യഃ പഞ്ച പഞ്ചകാഃ l**
**മാ കസ്മൈ പര്യൂഷു ശ്രുധ്യഗ്നേ തവ സ്വാദിഷ്ഠാ ഋചഃ ll**

ആറു പാദങ്ങളോടുകൂടിയ അനുഷ്ടുപ് മഹാപദപംക്തി എന്നറിയപ്പെടുന്നു. അതിന്റെ അവസാനത്തെ അതായത് ആറാമത്തെ പാദത്തിൽ ആറക്ഷരവും, മറ്റ് അഞ്ച് പാദങ്ങളിൽ അഞ്ച് അക്ഷരങ്ങൾ വീതവുമാണുണ്ടാവുക. 'തവ സ്വാധിഷ്ഠാഗ്നേഃ' (4.10.5) എന്ന് ഋക്ക് ഉദാഹരണമാണ്.

**തവ സ്വാദിഷ്ഠാഗ്നേ സംദൃഷ്ടിരിദാ ചിദഹൂ ഇദാ ചിദക്തോഃ**
**ശ്രിയേ രുക്മോ ന രോചതേ ഉപാകേ (4.10.5)**

- എന്നാണ് ഋക്കിന്റെ പൂർണ്ണരൂപം.

മാ കസ്മൈ (1.120.8), പര്യൂഷു (9.110.1), ശ്രുധി (7.22.4), അഗ്നേ (3.25.4) എന്നിവ ഉദാഹരണങ്ങളാണ്. (ഇവ അതാതിന്റെ ഉദാഹരണങ്ങളായി മേൽ കാണിച്ചിട്ടുള്ളതാണ്).

## ബൃഹതിയും അതിന്റെ വകഭേദങ്ങളും

**31. ചതുഷ്പദാ തു ബൃഹതീ പ്രായഃ ഷട് ത്രിംശദക്ഷരാ l**
**അഷ്ടാക്ഷരാസ്ത്രയഃ പാദാസ്തൃതീയോ ദ്വാദശാക്ഷരഃ ll**

ബൃഹതീഛന്ദസ്സ് മുപ്പത്തിയാറക്ഷരങ്ങളും നാലു പാദങ്ങളുമുള്ളതാണ്. ഒന്നും രണ്ടും നാലും പാദങ്ങളിൽ എട്ടക്ഷരങ്ങൾവീതവും മൂന്നാമത്തെ പാദത്തിൽ പന്ത്രണ്ടക്ഷരങ്ങളുമാണ്.

**മാ ചിദന്യദ്വിശംസത സഖായോ മാ രിഷണ്യത**
**ഇന്ദ്രമിത്സ്തോതാ വൃഷണം സ ചാ സുതേ മുഹുരുക്ഥാ ച ശംസത (8.1.1)**

ഇവിടെ മുപ്പത്തിയാറക്ഷരങ്ങളും നാലു പാദങ്ങളും ഒന്ന്,

രണ്ട്, നാല് എന്നീ പാദങ്ങളിൽ എട്ടക്ഷരങ്ങളും മൂന്നാം പാദത്തിൽ പന്ത്രണ്ടക്ഷരങ്ങളുമുണ്ട്. അതിനാൽ ബൃഹതിയാണ് ഛന്ദസ്സ്.

**32. പുരസ്താദ് ബൃഹതീ നാമ പ്രഥമേ ദ്വാദശാക്ഷരേ**
**ഉപരിഷ്ടാദ്ബൃഹത്യന്ത്യേ ദ്വിതീയേ ന്യങ്കുസാരിണീ I**
**സ്കന്ധോ ഗ്രീവ്യുരോ ബൃഹതീ ത്രേധൈനാം പ്രതിജാനതേ**
**ത്രയോ ദ്വാദശകാ യസ്യാഃ സാ ഹോർധ്വ ബൃഹതീ വിരാട് II**

ഒന്നാമത്തെ പാദത്തിൽ പന്ത്രണ്ടക്ഷരം വന്നാൽ അത് പുരസ്താദ് ബൃഹതി എന്നറിയപ്പെടുന്നു.

**മഹോ യസ്പതിഃ ശവസോ അസാമ്യാ മഹോന്യമ്ണസ്യ തൂതുജി**
**ഭർതാ വജ്രസ്യ ധൃഷ്ണോഃ പിതാ പുത്രമിവ പ്രിയം (10.22.3)**

ഇവിടെ പുരസ്താദ് ബൃഹതിയാണ്.

അവസാനത്തെ പാദത്തിൽ -അതായത് നാലാം പാദത്തിൽ- പന്ത്രണ്ടക്ഷരം വന്നാൽ ഉപരിഷ്ടാദ് ബൃഹതി എന്നു പറയുന്നു.

**ന തമംഹോ ന ദുരിതം ദേവാസോ അഷ്ട മർത്യം**
**സജോഷസോ യമര്യമാ മിത്രോ നയന്തി വരുണോ അതി ദ്വിഷഃ (10.120.1)**

ഇവിടെ ഉപരിഷ്ടാദ് ബൃഹതിയാണ്.

രണ്ടാമത്തെ പാദത്തിൽ പന്ത്രണ്ടക്ഷരം വന്നാൽ അത് ന്യങ്കുസാരിണീ, സ്കന്ധോഗ്രീവീ, ഉരോബൃഹതീ എന്നീ മൂന്നു നാമങ്ങൾകൊണ്ട് വ്യവഹരിയ്ക്കപ്പെട്ടുവരുന്നു.

**മത്സ്യപായി തേ മഹഃ പാത്രസ്യേവ ഹരിവോ മത്സരോ മദഃ**
**വൃഷാ തേ വൃഷ്ണ ഇന്ദുർവാജീ സഹസ്രസാതനഃ (1.175.1)**

ഇവിടെ മേൽപ്പറഞ്ഞ ഛന്ദസ്സാണ്.

ഏതൊരു ബൃഹതിയ്ക്കാണോ മൂന്നു പാദങ്ങൾ പന്ത്രണ്ടക്ഷരങ്ങളോടുകൂടി വരുന്നത് ആ ബൃഹതി ഊർദ്ധ്വബൃഹതിവിരാട് എന്നറിയപ്പെടുന്നു.

**അജീജനോ അമൃത മർത്ത്യേഷ്വാ് ഋതസ്യ-**
**ധർമ്മന്നമൃതസ്യ ചാരുണഃ**
**സദാസരോ വാജമച്ഛാ സനിഷ്യദത് (9.110.4)**

ഇവിടെ ഊർദ്ധ്വബൃഹതി വിരാട് ആണ് ഛന്ദസ്സ്.

**34. മഹോ യോധീന്ന തം മത്സീ ജാനമിദജീജനഃ I**
**അഷ്ടിനോർദ്ദശകൌ മദ്ധ്യേ വിഷ്ടാരബൃഹതീ യുവമ് II**

മഹോ യഃ (10.22.3), അധീന്വത്ര സപ്തതിം ച സപ്ത ച (10.93.15) എന്നുള്ളത് പുരസ്താത് ബൃഹതിയ്ക്കും, ന തമംഹോ (10.126.1) എന്നത് ഉപരിഷ്ടാദ് ബൃഹതിയ്ക്കും, ഈജാനമിത് (10.132.1)

മത്സ്യപായി (1.175.1) എന്നിവ ഉരോബൃഹതിയ്ക്കും 'അജീജനോ അമൃത മർത്ത്യേഷു' (9.110.4) എന്നത് ഊർദ്ധ്വബൃഹതി വിരാട് എന്നതിനും ഉദാഹരണങ്ങളാണ്.

എട്ടക്ഷരങ്ങളുള്ള പാദങ്ങളുടെ മധ്യത്തിൽ പത്തക്ഷരങ്ങളുള്ള രണ്ടു പാദങ്ങൾ (8+10+10+8) വന്നാൽ വിഷ്ടാരബൃഹതിയാണ് ഛന്ദസ്സ്. 'യുവം ഹ്യാസ്തം (1.120.7) എന്നൠക്ക് ഉദാഹരണമാണ്.

**യുവം ഹ്യാസ്തം മഹോ രൻ യുവം വാ യന്നിരതതം സതം**

**താ നോ വസൂ സുഗോപാ സ്യാതം പ്രാതം നോ വൃകാദഘായോഃ**

എന്നാണ് ൠക്കിന്റെ പൂർണ്ണരൂപം.

**35. ഏകാഗസ്ത്യോ പിതുസ്തോമേ നവാക്ഷരപാദോത്തമാ I**
**ദ്വയോശ്ചോപേദമാഹാർഷം സർവ്വേ വ്യൂഹേ നവാക്ഷരാഃ II**

അഗസ്ത്യമഹർഷിയാൽ ദർശിയ്ക്കപ്പെട്ട അന്നസ്തുതിസൂക്തത്തിൽ അവസാനത്തെ ഒരു ൠക്ക് ഒമ്പതക്ഷരങ്ങളുള്ള പാദത്തോടുകൂടിയതാണ്. ബൃഹതിതന്നെയാണ്.

**തം ത്വാ വയം പിതോ വചോഭിർ–**
**ഗാവോ ന ഹവ്യാ സുഷൂദിമ I**
**ദേവേഭ്യസ്ത്വാ സധമാദ–**
**മസ്മഭ്യം ത്വാ സധമാദം II(1.187.11)**

ഇതാണ് ൠക്കിന്റെ പൂർണ്ണരൂപം. (സായണൻ ഇവിടെ അനുഷ്ടുപ്പാണെന്നു പറയുന്നു)

ഉപേദമുപപർചനം (6.28.8); ആഹാർഷം ത്വവിദം ത്വാ (10.161.5) എന്ന ൠക്കിലും എല്ലാ പാദങ്ങളും വ്യൂഹം ചെയ്താൽ ഒമ്പതക്ഷരങ്ങളാകും. ഇവിടേയും ബൃഹതിതന്നെയാണ്.

ആദ്യത്തെ ൠക്കിന്റെ പൂർണ്ണരൂപം:-

**ഉപേദമുപപർചനമാസു ഗോഷൂപ പൃച്യതാം I**
**ഉപ ൠഷഭസ്യ രേതസ്യുപേന്ദ്ര തവ വീര്യേ II**

ഉപ/ഇദം/ഉപ*f*പർചനം/ആസു/ഗോഷു/ഉപ/പൃച്യതാം/ഉപ/ൠഷഭസ്യ/രേതസി/ഉപ/ഇന്ദ്ര/തവ/വീര്യേ/

രണ്ടാമത്തേതിന്റെ പൂർണ്ണരൂപം:-

**ആഹാർഷം ത്വാവിദം ത്വാ പുനരാഗാഃ പുനർനവ I**
**സർവ്വാംഗ സർവ്വം തേ ചക്ഷുഃ സർവ്വമായുശ്ച തേ*f*വിദം II**

ആ/അഹാർഷം/ത്വാ/അവിദം/ത്വാ/പുനഃ/ആ/അഗാഃ/പുനഃ*f* നവ/സർവ*f*അംഗ/സർവ്വം/തേ/ചക്ഷുഃ/സർവം/ആയുഃ/ച/തേ/അവിദം/ (ഈ രണ്ടു ൠക്കുകളിൽ സായണഭാഷ്യപ്രകാരം അനുഷ്ടുപ്പാണ് ഛന്ദസ്സ്)

36. ത്രയോദശാക്ഷരൌ ച ദ്വൌ
മദ്ധ്യേ ചാഷ്ടാക്ഷരോ ഭവേത് ।
അഭിവോ വീരമിത്യേഷാ
സാ പിപീലികമദ്ധ്യമാ ॥

പതിമൂന്നക്ഷരങ്ങളുള്ള രണ്ടു പാദങ്ങളുടെ ഇടയിൽ എട്ടക്ഷരങ്ങളുള്ള ഒരു പാദം വന്നാൽ അത് പിപീലികമദ്ധ്യമ എന്നു പേരുള്ള ബൃഹതിയാണ്. (13+8+13) അഭി വോ വീരമന്ധസോ മദേഷു ഗായ (8.46.14) എന്ന ഋക്ക് ഉദാഹരണമാണ്.

**അഭി വോ വീരമന്ധസോ മദേഷു ഗായ ഗിരാ മഹാ വിചേതസം ।**
**ഇന്ദ്രം നാമ ശ്രുത്യം ശാകിനം വാചോ യഥാ ॥**

– എന്നാണ് ഋക്കിന്റെ പൂർണ്ണരൂപം.

37. നവകാഷ്ടാദശസഹൈകഃ പരമോƒഷ്ട ച യദി പാദാഃ ।
ബൃഹതീ വിഷമപദാ സാ സനിതഃ സുസനിതരുഗ്ര ॥

ഒന്നാമത്തെ പാദത്തിൽ ഒമ്പതും രണ്ടാമത്തെ പാദത്തിൽ എട്ടും മൂന്നാമത്തെ പാദത്തിൽ പതിനൊന്നും (നവക-അഷ്ട-ദശ സഹൈക) അന്ത്യത്തിൽ എട്ടും അക്ഷരങ്ങൾ വന്നാൽ (9+8+11+8) ആ ബൃഹതിയെ വിഷമപദാം എന്നു പറയും.
സനിതഃ സുസനിതരുഗ്ര (8.46.20) എന്ന ഋക്ക് ഉദാഹരണമാണ്.

**സനിതഃ സുസനിതരുഗ്ര ചിത്ര ചേതിഷ്ഠ സൂനൃത ।**
**പ്രാസഹാ സാമ്രാട് നഹുരിം സഹംതം ഭുജ്യം വാജേഷു പൂർവ്വം ॥**

– എന്നാണ് ഋക്കിന്റെ പൂർണ്ണരൂപം.

## പംക്തിഛന്ദസ്സും അതിന്റെ വകഭേദങ്ങളും

38. പംക്തിരഷ്ടാക്ഷരാഃ പഞ്ച ചത്വാരോ ദശകാഃ വിരാട് ।
ആദേശേƒഷ്ടാക്ഷരൌ വിദ്യാത് സോപസർഗേഷു നാമസു ॥

എട്ടക്ഷരങ്ങളോടുകൂടിയ അഞ്ചു പാദങ്ങൾ ഏതൊന്നിലാണോ ഉള്ളത് ആ ഋക്കിൽ പംക്തിയാണ് ഛന്ദസ്സ്.

**ഇന്ദ്രോ മദായ വാവൃധേ ശവസേ വൃത്രഹാ നൃഭിഃ**
**തമിന്മഹത്സ്വാജിഷൂ തേമർഭേ ഹവാമഹേ സ വാജേഷു പ്രനോƒവിഷത് (1.81.1)**

– ഇത് പംക്തിയ്ക്ക് ഉദാഹരണമാണ്.

പത്തക്ഷരങ്ങളോടുകൂടിയ നാലു പാദങ്ങൾ ഏതൊരു ഋക്കിലാണോ വരുന്നത് ആ ഋക്കിൽ വിരാട് പംക്തിയാണ് ഛന്ദസ്സ്.

**മന്യേ ത്വാ യജ്ഞിയം യജ്ഞിയാനാം**
**മന്യേ ത്വാ ച്യവനമച്യുതാനാമ് ।**
**മന്യേ ത്വാ സത്വനാമിന്ദ്ര കേതുമ്**
**മന്യേ ത്വാ വൃഷഭം ചർഷണീനാം ॥ (8.96.4)**

ഈ ഋക്ക് ഇതിനുദാഹരണമാണ്.

പംക്തി എന്നതിനോട് 'ആസ്താര' മുതലായവ ചേർത്ത് പംക്തിയുടെ പേർ പറയുന്നിടത്ത് ആദിയിലോ മധ്യത്തിലോ അന്ത്യത്തിലോ ഏതെങ്കിലും രണ്ടു പാദങ്ങളിൽ എട്ടക്ഷരങ്ങൾ വിതമുണ്ടായിരിയ്ക്കും എന്നറിഞ്ഞുകൊള്ളണം.

**39. യുഗ്മാവഷ്ടാക്ഷരൌ പാദാ-**
**വയുജൌ ദ്വാദശാക്ഷരൌ ।**
**സാ സതോ ബൃഹതീ നാമ**
**വിപരീതാ വിപര്യയേ ॥**

രണ്ടും നാലും പാദങ്ങളിൽ എട്ടക്ഷരങ്ങൾ വീതവും ഒന്നും മൂന്നും പാദങ്ങളിൽ പന്ത്രണ്ടക്ഷരങ്ങൾ വീതവും വന്നാൽ സതോ ബൃഹതീ എന്നു പേരുള്ള പംക്തിയാണ്.

**മാ തേ രാധാംസി മാത ഊതയോ വസോऽസ്മാൻ കദാചനാ ദഭൻ**
**വിശ്വാ ച ന ഉപമിമീഹി മാനുഷ വസൂനി ചർഷണിഭ്യഃ ആ. (1.84.20)**

ഇവിടെ സതോബൃഹതിയാണ്.

ഇത് നേരെ വിപരീതമായി വന്നാൽ -അതായത് ഒന്നും മൂന്നും പാദങ്ങളിൽ എട്ടക്ഷരം വീതവും രണ്ടും നാലും പാദങ്ങളിൽ പന്ത്രണ്ടക്ഷരം വീതവും വന്നാൽ - വിപരീതാ സതോബൃഹതീ പംക്തിയാണ് ഛന്ദസ്സ്.

**യ ഋഷ്വഃ ശ്രാവയത്സഖാ വിശ്വേത്സവേദ ജനിമാ പുരുഷ്ടുതഃ**
**തം വിശ്വേ മാനുഷാ യുഗേന്ദ്രം ഹവന്തേ തവിഷം യതസ്രുചഃ (8.46.12)**

ഇവിടെ വിപരീതസതോബൃഹതിയാണ് ഛന്ദസ്സ്.

**40. ആസ്താരപംക്തിരാദിതഃ പ്രസ്താരപംക്തിരന്തതഃ ।**
**സംസ്താരപംക്തിർമധ്യതോ വിഷ്ടാരപംക്തിർബാഹ്യതഃ ॥**

ആദ്യത്തെ രണ്ടു പാദങ്ങൾ എട്ടക്ഷരങ്ങളോടുകൂടിയതും പിന്നത്തെ രണ്ടു പാദങ്ങൾ പന്ത്രണ്ടക്ഷരങ്ങളോടുകൂടിയതുമായാൽ ആസ്താരപംക്തി എന്ന ഛന്ദസ്സാണ് (8+8+12+12)

**അഗ്നിം ന സ്വവൃക്തിഭിർഹോതാരം ത്വാ വൃണീമഹേ**
**യജ്ഞായ സ്തീർണ്ണബർഹിഷേവിവോമദേ ശീരം പാവകശോചിഷം വിവക്ഷസേ**
(10.21.1)

ഇവിടെ ആസ്താരപംക്തിയാണ് ഛന്ദസ്സ്.

അവസാനത്തെ രണ്ടു പാദങ്ങൾ എട്ടക്ഷരങ്ങളുള്ളതും ആദ്യത്തെ രണ്ടു പാദങ്ങൾ പന്ത്രണ്ടക്ഷരങ്ങളുള്ളതും ആയ ഋക്കിന് പ്രസ്താരപംക്തിയാണ് ഛന്ദസ്സ്. (12+12+8+8)

**മഹിദ്യാവാപൃഥിവീഭൂതമുർവ്വീ നാരീ യഹ്വീ ന രോദസീ സദം നഃ**

**തേഭിർ നഃ പാതം സഹ്യസ ഏഭിർ നഃ പാതം ശൂഷണിഃ (10.93.1)**

ഇവിടെ പ്രസ്താരപംക്തിയാണ് ഛന്ദസ്സ്.

രണ്ടും മൂന്നും പാദങ്ങൾ എട്ടക്ഷരങ്ങളുള്ളതും ആദ്യത്തേതും അവസാനത്തേതും പന്ത്രണ്ടക്ഷരങ്ങൾ വീതവുമുള്ളത് ഏതിലാണോ അതിൽ സംസ്താരപംക്തിയാണ് (12+8+8+12)

പിതുഭൃതോ ന തം തു മിത്സുദാനവഃ പ്രതി ദധ്മോയജാമസി – ഇത് പത്താമത്തെ മണ്ഡലത്തിൽ 172-മത്തെ സൂക്തത്തിൽ മൂന്നാമത്തേതാണ് ഈ സൂക്തത്തിൽ നാലു ഋക്കുകളാണ് നാലും ദ്വിപദകളാണ്)

ആദ്യത്തേയും അവസാനത്തേയും പാദങ്ങൾ എട്ടക്ഷരങ്ങളുള്ളതും രണ്ടും മൂന്നും പാദങ്ങൾ പന്ത്രണ്ടക്ഷരങ്ങളുള്ളതുമായാൽ അവിടെ വിഷ്ടാരപംക്തിയാണ്. (8+12+12+8).

**അഗ്നേ തവ ശ്രവോ വയോ മഹി ഭ്രാജന്തേ അർചയോ വിഭാവസോ**
**ബൃഹദ്ഭാനോ ശവസാ വാജമുക്ഥ്യം ദധാസി സാശുഷേ കവേ (10.140.1)**

ഇത് വിഷ്ടാരപംക്തിയ്ക്ക് ഉദാഹരണമാണ്.

**41. മന്യേ ത്വാ മാതേ രാധാംസി യ ഋഷ്വ അഗ്നിം മഹീതി ച ।**
**പിതുഭൃതോ നാഗ്നേ തവ താ ഋചോƒത്ര നിദർശനം ॥**

മന്യേ ത്വാ (8.96.4) എന്നത് വിരാജിനും, മാ തേ രാധാംസി (1.184.20) എന്നത് സതോ ബൃഹതിയ്ക്കും, യ ഋഷ്വ (8.46.12) എന്നത് വിപരീതയ്ക്കും, അഗ്നിം (10.21.1) എന്നത് ആസ്താരപംക്തിയ്ക്കും, മഹി (10.93.1) എന്നത് പ്രസ്താരപംക്തിയ്ക്കും, പിതു ഭൃതേ (10.172.3) എന്നത് സംസ്താരപംക്തിയ്ക്കും, അഗ്നേ തവ (10.140.1) എന്നത് വിഷ്ടാരപംക്തിയ്ക്കും ഉദാഹരണങ്ങളാണ്.

## ത്രിഷ്ടുപ്പും അതിന്റെ വകഭേദങ്ങളും

**42. ചതുശ്ചത്വാരിംശത് ത്രിഷ്ടുബക്ഷരാണി ചതുഷ്പദാ ।**
**ഏകാദശാക്ഷരൈഃ പാദൈർ ദ്വൗ ചേത്തു ദ്വാദശാക്ഷരൗ॥**

**43. പ്രായസ്യോപജഗത്യേഷാ പരസ്യാസ്യ തു സാ ത്രിഷ്ടുപ് ।**
**വൈരാജജാഗതൈഃ പാദൈര്യോഃ വാത്രേത്യഭിസാരിണീ ॥**

നാലുപാദങ്ങളിലോരോന്നിലും പതിനൊന്നക്ഷരങ്ങളോടുകൂടി നാൽപ്പത്തിനാലക്ഷരങ്ങളുള്ളതാണ് ത്രിഷ്ടുപ് ഛന്ദസ്സ്.

**പിബാ സോമമഭിയമുഗ്ര തർദ ഊർവം ഗവ്യം മഹി ഗൃണാന ഇന്ദ്ര**
**വിയോ ധൃഷ്ണോ വധിഷോ വജ്ര ഹസ്ത വിശ്വാ വൃത്രമമി ത്രിയാ ശവോഭിഃ (6.17.11)**

ഇവിടെ ത്രിഷ്ടുപ്പാണ്. പന്ത്രണ്ടക്ഷരങ്ങൾ വീതമുള്ള രണ്ടു പാദങ്ങളും പതിനൊന്നക്ഷരങ്ങളുള്ള രണ്ടു പാദങ്ങളും വന്നാൽ ഇനി പറയാൻ പോകുന്ന ജഗതിഛന്ദസ്സുകളുടെ ഇടയിൽ ഉപജഗ

തി എന്നും, ത്രിഷ്ടുപ്പ് ഛന്ദസ്സുള്ള ഋക്കുകളുടെ ഇടയിൽ ത്രിഷ്ടുപ്പ് എന്നും പറയപ്പെടുന്നു.

**സോ ചിന്നു വൃഷ്ടിർ യൂഥ്യാ3 സ്വാ സചാ് ഇന്ദ്ര ശ്മശ്രൂണി ഹരിതാഭി പ്രുഷ്ണുതേ**

**അവ വേതി സുക്ഷയം സുതേ മധൂഭിദ്ധുനോതി വാതോ യഥാ വനമ്(10.23.4)**

ഇവിടെ ഉപജഗതിയാണ്.

**സനേമി ചക്രമജരം വിവാവൃത ഉത്താനായാം ദശയുക്താ വഹന്തി**

**സൂര്യസ്യ ചക്ഷു രജസൈത്യാവൃതം തസ്മിന്നാർപിതാ ഭുവനാനി വിശ്വാ (1.164.14)**

ഇവിടെ ത്രിഷ്ടുപ്പാണ്.

ഏതൊന്നിന് രണ്ടു പാദങ്ങളിൽ പത്തക്ഷരം വീതവും മറ്റു രണ്ടു പാദങ്ങളിൽ പന്ത്രണ്ടക്ഷരങ്ങൾവീതവും (വൈരാജ-ജാഗത) വരുന്നത് ആ ഋക്കിൽ അഭിസാരിണി എന്ന ഛന്ദസ്സാണ്.

**യോ വാചാ വിവാചോ മൃധ്രവാചഃ പുരൂസഹസ്രാശിവാ ജഘാന**

**തത്തദിദസ്യ പൌംസ്യം ഗൃണീമസി പിതേവ യസ്തവിഷീം വാവൃധേ ശവഃ (10.23.5)**

ഇവിടെ അഭിസാരിണിയാണ് ഛന്ദസ്സ്.

**44. നവകോ ദശകോ വാസ്യാദേകോഽനേകോഽപി ത്രിഷ്ടുഭഃ ।**

**ഏകാദശാക്ഷരശ്ചാപി വിരാട്സ്ഥാനാ ഹ നാമ സാ ॥**

ത്രിഷ്ടുപ്പിന്റെ ഒന്നോ ഒന്നിലധികമോ പാദങ്ങൾ ഒമ്പതക്ഷരങ്ങളോടുകൂടിയതോ പത്തക്ഷരങ്ങളോട് കൂടിയതോ ആകാം. പതിനൊന്നക്ഷരമുള്ള പാദവും ഒന്നോ അതിലധികമോ വരാം. അത് വിരാട്സ്ഥാനാ എന്നറിയപ്പെടുന്നു.

**ശ്രുധീ ഹവമിന്ദ്ര മാരിഷണ്യഃ സ്യാമ തേ ദാവനേ വസൂനാം**

**ഇമാഹി ത്വാമൂർജോ വർധയന്തി വസൂയവഃ സിന്ധവോ ന ക്ഷരന്തഃ (2.11.1)**

ഇവിടെ വിരാട്സ്ഥാനയാണ്.

(വിരാട്സ്ഥാനയുടെ ലക്ഷണം സായണൻ അനുക്രമണിയിൽ നിന്ന് ഉദ്ധരിയ്ക്കുന്നതിപ്രകാരമാണ്– 'നവകൌ വൈരാജസ്ത്രൈഷ്ടുഭശ്ച ദ്വൌ വാ വൈരാജൌ നവകസ്ത്രൈഷ്ടുഭശ്ച വിരാട്സ്ഥാനേതി' – വൈരാജമെന്നാൽ പത്തക്ഷരമുള്ള പാദമാണ്. അപ്പോൾ ഒമ്പതക്ഷരമുള്ള രണ്ടു പാദങ്ങളും പത്തക്ഷരമുള്ള ഒരു പാദവും ഒരു ത്രൈഷ്ടുഭവും, അതായത് പതിനൊന്നക്ഷരങ്ങളുള്ള ഒരു പാദവും (9+9+10+11) ആയാലും, പത്തക്ഷരങ്ങളുള്ള രണ്ടു പാദങ്ങളും ഒമ്പതക്ഷരമുള്ള ഒരു പാദവും പതിനൊന്നക്ഷരമുള്ള ഒരു പാദവും (10+10+9+11) ആയാലും വിരാട്സ്ഥാനയായ ത്രിഷ്ടുപ്പ് ആണ് ഛന്ദസ്സ് എന്നാണ് മേൽപ്പറഞ്ഞ അനുക്രമണീവാക്യംകൊ

ണ്ട് സിദ്ധിയ്ക്കുന്നത്. ഇവിടെ ഏകാദശാക്ഷരങ്ങളുള്ള പാദവും ഒന്നോ അതിലധികമോ എന്ന് വ്യാഖ്യാനിച്ചതിനാൽ അതുംകൂടി വരുമ്പോൾ വിരാട്സ്ഥാനയുടെ ഭേദങ്ങളുടെ എണ്ണം കൂടും)

**45. പൂർവ്വൌ ദശാക്ഷരൌ പാദാവുത്തരേƒഷ്ടാക്ഷരാസ്ത്രയഃ I**

**വിരാട്പൂർവ്വാ ഹ നാമൈഷാ ത്രിഷ്ടുപ് പംക്ത്യുത്തരൈവവാ. II**

ആദ്യത്തെ രണ്ടു പാദങ്ങൾ പത്തക്ഷരങ്ങൾ വീതവും പിന്നീട് മൂന്നു പാദങ്ങൾ എട്ടക്ഷരം വീതമായും വന്നാൽ വിരാട്പൂർവ്വ എന്നോ പംക്ത്യുത്തരാ എന്നോ പറയപ്പെടുന്നു.

**ഏവേന്ദ്രാഗ്നിഭ്യാമഹാവി ഹവ്യം ശ്രൂഷ്യം ഘൃതം ന പൂത മദ്രിഭിഃ**

**താ സൂരിഷു ശ്രവോ ബൃഹദ്രയിം ഗൃണത്സു ദിധൃതമിഷം ഗൃണത്സു ദിധൃതം (5.86.6).**

ഇവിടെ വിരാട്പൂർവ്വയാണ്.

**46. ത്രയശ്ചൈകാദശാക്ഷരാ ഏകശ്ചാഷ്ടാക്ഷരഃ പരഃ I**

**വിരാഡ്രൂപാ ഹ നാമൈഷാ ത്രിഷ്ടുമ്നാക്ഷരസമ്പദാ II**

മൂന്നു പാദങ്ങൾ പതിനൊന്നക്ഷരം വീതവും, ഒരു പാദം എട്ടക്ഷരത്തോടുകൂടിയതുമായാൽ വിരാഡ്രൂപാ എന്നു പേരുള്ള ത്രിഷ്ടുപ്പാണ്; അക്ഷരസംഖ്യ തികച്ചില്ലെങ്കിലും.

**ക്രീളന്നോ രശ്മ ആ ഭുവഃ സം ഭസ്മനാ വായുനാ വേവിദാനഃ**

**താ അസ്യ സന്ധൃഷജോ ന തിഗ്മാഃ സുസംശിതാ വക്ഷ്യോ വക്ഷണേസ്ഥാഃ (5.19.5)**

ഇവിടെ വിരാഡ്രൂപയാണ് ഛന്ദസ്സ്.

**47. ത്രയശ്ച ദ്വാദശാക്ഷരാ ഏകശ്ചാഷ്ടാക്ഷരഃ ക്വചിത് I**

**ഏഷാ ജ്യോതിഷ്മതീ നാമ തതോ ജ്യോതിര്യതോƒഷ്ടകഃ II**

മൂന്നു പാദങ്ങൾ പന്ത്രണ്ടക്ഷരങ്ങൾ വീതവും ഒരു പാദം എട്ടക്ഷരവുമാണെങ്കിൽ ആ ത്രിഷ്ടുപ് ജ്യോതിഷ്മതീ എന്നറിയപ്പെടുന്നു. എവിടെയാണോ (ആദിയിലോ മദ്ധ്യത്തിലോ അന്ത്യത്തിലോ) എട്ടക്ഷരമുള്ളത് അതാണ് ജ്യോതി. (ജ്യോതി ഉള്ളത് ജ്യോതിഷ്മതി)

**യദ് വാ യജ്ഞം മനവേ സംമിമക്ഷഥുരേവേത് കാണ്വസ്യ ബോധതം**

**ബൃഹസ്പതിം വിശ്വാൻ ദേവ് അഹം ഹുവ ഇന്ദ്രാവിഷ്ണൂ അശ്വിനാശുഹേഷസാ(8.10.2)**

ഇവിടെ മദ്ധ്യത്തിലാണ് എട്ടക്ഷരമുള്ള പാദം എന്നതിനാൽ മധ്യേജ്യോതി എന്ന ജ്യോതിഷ്മതിയാണ്.

**അഗ്നിനേന്ദ്രേണ വരുണേന വിഷ്ണുനാദിത്യൈരുദ്രൈർവസുഭിഃ സ ചാഭുവാ സ ജോഷസാ ഉഷസാ സൂര്യേണ ച സോമം പിബതമശ്വിനാ (8.35.1)**

നാലാമത്തെ പാദത്തിൽ എട്ടക്ഷരമായതിനാൽ ഇത് ഉപരിഷ്ടാജ്ജ്യോതിഷ്മതിയാണ്.

**48. ചത്വാരോ*ƒ*ഷ്ടാക്ഷരാഃ പാദാ ഏകശ്ച ദ്വാദശാക്ഷരഃ I**
**സാ മഹാബൃഹതീ നാമ യവമധ്യാ തു മധ്യമേ II**

എട്ടക്ഷരങ്ങളുള്ള നാലു പാദങ്ങളും പന്ത്രണ്ടക്ഷരമുള്ള ഒരു പാദവും വന്നാൽ അത് മഹാബൃഹതീ എന്ന പേരിൽ അറിയപ്പെടുന്ന ത്രിഷ്ടുപ്പാണ്.

**നമോവാകേ പ്രസ്ഥിതേ അധ്വരേ നരാ വിവക്ഷണസ്യപീതയേ**
**ആയാതമശ്വിനാ ഗതമവസ്യുർവാമഹം ഹുവേ ധത്തം രത്നാനി ദാശുഷേ(8.35.23)**

ഇവിടെ മഹാബൃഹതിയാണ്.

നടുവിൽ പന്ത്രണ്ടക്ഷരങ്ങളുള്ള പാദം വന്നാൽ ആ ത്രിഷ്ടുപ് യവമധ്യ എന്നറിയപ്പെടുന്നു. (ആകെ അഞ്ചു പാദങ്ങളാണല്ലോ ഉള്ളത്. മൂന്നാമത്തെ പാദം ആണല്ലോ മധ്യം. ആ പാദം പന്ത്രണ്ടക്ഷരമായി വന്നാൽ എന്നർത്ഥം)

**ബൃഹദ്ഭിരഗ്നേ അർചിർഭി ശുക്രേണ ദേവ ശോചിഷാ**
**ഭരദ്വാജേ സമിധാനോ യവിഷ്ഠ്യ രേവന്നഃ ശുക്ര ദീദിഹി ദ്യുമത്പാവക ദീദിഹി (6.48.7)**

ഇവിടെ യവമദ്ധ്യയാണ്.

**49. സോ ചിന്നു സനേമി ശ്രുധ്യേവ ക്രീളന്വദ്വാഗ്നിനേന്ദ്രേണ I**
**നമോവാകേ ബൃഹദ്ഭിശ്ച താ ഋചോ*ƒ*ത്ര നിദർശനം II**

സോ ചിന്നു (10.23.4), സനേമി (1.164.14), ശ്രുധി (2.11.1), ഏവ (5.86.6), ക്രീളൻ(5.19.5), അഗ്നിനാ(8.35.2), നമോവാകേ(8.35.23), ബൃഹദ്ഭിഃ(6.48.7) എന്നീ ഋക്കുകൾ ഇവിടെ ഉദാഹരണങ്ങളാണ്. (ഇവ മുൻകൂട്ടി പറഞ്ഞു കഴിഞ്ഞു)

## ജഗതിയും അതിന്റെ വകഭേദങ്ങളും

**50. പഞ്ചാശജ്ജഗതീ ദ്വ്യൂനാ ചത്വാരോ ദ്വാദശാക്ഷരാഃ**
**തദസ്യ ബഹുളം വൃത്തം മഹാപംക്തിഃ ഷഡഷ്ടകാഃ**
**അഷ്ടകൌ സപ്തകഃ ഷട്കഃ ദശകോ നവകശ്ച വാ**

രണ്ടു കുറവുള്ള അമ്പതക്ഷരങ്ങൾ–അതായത് നാൽപ്പത്തിയെട്ടക്ഷരങ്ങൾ– ഏതിനാണോ ഉള്ളത് അത് ജഗതിച്ഛന്ദസ്സാണ്. അതിൽ പന്ത്രണ്ടക്ഷരങ്ങളോടുകൂടിയ നാലുപാദങ്ങളാണുള്ളത്. ഇതാണ് ജഗതിയുടെ സാമാന്യസ്വഭാവം.

**പ്രദേവമച്ഛാ മധുമന്ത ഇന്ദവോ*ƒ*സിഷ്വദംത ഗാവ ആ ന ധേനവഃ**
**ബർഹിഷദോ വചനാവംത ഊധഭിഃ പരിസ്രുതമുസ്രിയാ നിർണിജം ധിരേ (9.68.1)**

ഇവിടെ ജഗതിയാണ് ഛന്ദസ്സ്.

എട്ടക്ഷരങ്ങളോടെ ആറുപാദങ്ങളുള്ള ജഗതിയെ മഹാപംക്തി എന്നു പറയുന്നു. എട്ടക്ഷരമുള്ള രണ്ടു പാദങ്ങൾ, ഏഴക്ഷര

മുള്ള ഒരു പാദം, ആറക്ഷരങ്ങളുള്ള ഒരു പാദം, പത്തക്ഷരങ്ങളുള്ള ഒരു പാദം, ഒമ്പതക്ഷരങ്ങളുള്ള ഒരു പാദം എന്നിങ്ങനെയായാലും മഹാപംക്തിതന്നെയാണ് (ഇവിടേയും ആകെ നാല്പത്തെട്ട് അക്ഷരങ്ങൾതന്നെ).

**സേഹാന ഉഗ്ര പൃതനാ അഭിദ്രുഹ ശചീപത ഇന്ദ്ര വിശ്വാഭിരൂതിഭിഃ ।**
**മാധ്യംദിനസ്യ സവനസ്യ വൃത്രഹന്നനേദ്യ പിബാ സോമസ്യ വജ്രിവഃ (8.37.2)**

ഇവിടെ എട്ടക്ഷരങ്ങളോടെ ആറു പാദങ്ങളുള്ള മഹാപംക്തിയാണ്.

**സൂര്യേ വിഷമാ സജാമി ദൃതിം സുരാവതോ ഗൃഹേ ।**
**സോ ചിന്നു ന മരാതി നോ വയം മരാമാരേ അസ്യ യോജനം ഹരിഷ്ഠാ മധു ത്വാ മധുലാ ചകാര (1.191.10).**

ഇത് രണ്ടാമതു പറഞ്ഞ വിധത്തിലുള്ള മഹാപംക്തിയ്ക്ക് ഉദാഹരണമാണ്.

**51. മഹാസതോ ബൃഹത്യർദ്ധേ വ്യൂഹയോരേതയോഃ സഹ ।**
**സമ്പാതേ ത്വേതി പാദാന്തേ ദൈവവാൻ സപ്തവിംശകേ ।।**

എട്ടക്ഷരങ്ങളോടുകൂടി ആറു പാദങ്ങളുള്ളതും പന്ത്രണ്ടക്ഷങ്ങളോടുകൂടി നാലു പാദങ്ങളുള്ളതുമായ ഋക്കുകളുടെ പകുതി വീതം -അതായത് എട്ടക്ഷരങ്ങളുള്ള മൂന്നു പാദങ്ങളും പന്ത്രണ്ടക്ഷരങ്ങളുള്ള രണ്ട് പാദങ്ങളും ഒരു ഋക്കിൽ വന്നാൽ അവിടെ മഹാസതോബൃഹതിയാണ്.

**ആ യഃ പപ്രൌഃ ഭാനുനാ രോദസീ ഉഭേ ധൂമേന ധാവതേ ദിവി ।**
**തിരസ്തമോ ദദൃശ ഊർമ്യാസ്വാ ശ്വാവാസ്വരുഷോ വൃഷാ ശ്വാവാ അരുഷോ വൃഷാ।। (6.48.6)**

ഇവിടെ മഹാസതോബൃഹതിയാണ് ഛന്ദസ്സ്.

**വിശ്വാസാം ഗൃഹപതിർവിശാമസി ത്വമഗ്നേ മാനുഷീണാം**
**ശതം പൂർഭിര്യവിഷ്ഠപാഹ്യംഹസഃ സമേദ്ധാരം ശതം ഹിമാ സ്തോതൃഭ്യോ യേ ച ദദാതി (6.48.8)**

ഇവിടേയും മഹാസതോബൃഹതിയാണ്.

(സംപാതേ തു-എന്ന ഉത്തരഭാഗം പ്രക്ഷിപ്തമാണെന്നാണ് അഭിപ്രായം. അതിനു വ്യാഖ്യാനമില്ല.)

**52 അസ്മാ ഊഷുഭേ യദിന്ദ്ര സേഹാന ഉഗ്രേതി ഷട് ।**
**ആയഃ പപ്രൌ ച വിശ്വാസാം താ ഋചോ/ത്ര നിദർശനം ।।**

അസ്മാ ഊഷു (8.41.1), ഉഭേ യദിന്ദ്ര (10.134.1), സേഹാന ഉഗ്ര(8.37.2) എന്നിവ മഹാപംക്തിയാണ്. 'ആയഃ പപ്രൌ',(6.48.6), 'വിശ്വാസാം ഗൃഹപതിർവിശാമസി' (6.48.8) എന്നിവ മഹാസതോ

ബൃഹതിയാണ്.

**53 ദ്വാവതിച്ഛന്ദസാം വർഗാ ഉത്തരൌ ചതുരുത്തരൌ ।**
**പ്രഥമാതി ജഗത്യാസാം സാ ദ്വിപഞ്ചാശദക്ഷരാ ॥**

ജഗതി ഛന്ദസ്സിനുശേഷം അതി ഛന്ദസ്സുകളുടെ രണ്ടു വർഗ്ഗമുണ്ട്-അതിജഗതി മുതലായവയും, കൃതി തുടങ്ങിയവയും. ഇവയിൽ ആദ്യത്തേതായ അതിജഗതി അമ്പത്തിരണ്ടക്ഷരങ്ങളുള്ളതാണ്.

തമിന്ദ്രം ജോഹവീമി മഘവാനമുഗ്രം സത്രാ ദധാന മപ്രതിഷ്കുതം ശവാംസി

മംഹിഷ്ഠോ ഗീർഭിരാ ച യജ്ഞിയോ വവർതദ്രാ യേ നോ വിശ്വാസുപഥാ കൃണോതു വജ്രീ (8.97.13)

ഇവിടെ അതിജഗതിയാണ് ഛന്ദസ്സ്.

**54 ഷട്പഞ്ചാശത്തു ശക്വരീ ഷഷ്ടിരേവാതി ശക്വരീ ।**
**ഉത്തരാഷ്ടിശ്ചതുഃ ഷഷ്ടിസ്തതോഽഷ്ടാ ഷഷ്ടിരത്യഷ്ടിഃ ॥**

1. അമ്പത്താറക്ഷരമുള്ള ഛന്ദസ്സിനെ ശക്വരി എന്നു പറയുന്നു.
   പ്രോഷ്വസ്മൈ പുരോരഥമിന്ദ്രായ ശൂഷമർചത
   അഭീകേ ചിദു ലോകകൃത്സംഗേ സമത്സു വൃത്രഹാസ്മാകം
   ബോധി ചോദിതാ നഭന്താമന്യകേഷാം ജ്യാകാ അധിധന്വസു
   (10.133.1)

ഇവിടെ ശക്വരിയാണ് ഛന്ദസ്സ്.

2. അറുപതക്ഷരമായാൽ അതിശക്വരിയെന്നു പറയും.
   സുഷുമാ യാതമദ്രിഭിർഗോ ശ്രീതാ മത്സരാ ഇമേ സോമാസോ മത്സരാ ഇമേ
   ആ രാജാനാ ദിവിസ്പൃശാസ്മത്രാ ഗംതമുപ നഃ
   ഇമേ വാം മിത്രാവരുണാ ഗവാശിരഃ സോമാഃ ശുക്രാ ഗവാശിരഃ (1.137.1)
3. അറുപത്തിനാലക്ഷരമായാൽ അഷ്ടി എന്ന ഛന്ദസ്സാണ്.
   ത്രികദ്രുകേഷു മഹിഷോ യവാശിരം തുവിശുഷ്മതൃപത്സോമമപിബദ്വിഷ്ണുനാസുതം യഥാവശത്
   സ ഈം മമാദ മഹി കർമ കർത്തവേ മഹാമുരും സൈനം
   സശ്ച ദേവോ ദേവം സത്യമിന്ദ്രം സത്യ ഇന്ദുഃ (2.22.1)
   ഇവിടെ അഷ്ടിയാണ് ഛന്ദസ്സ്.
4. അറുപത്തെട്ടക്ഷരമായാൽ അവിടെ അത്യഷ്ടിയാണ് ഛന്ദസ്സ്.
   അയാരുചാ ഹിരണ്യാ പുനാനോ വിശ്വാ ദ്വേഷാംസി
   തരതിസ്വ യുഗ്വഭിഃ സൂരോനസ്വയുഗ്വഭിഃ ।

ധാരാസുതസ്യ രോചതേ പുനാനോ അരുഷോ ഹരിഃ
വിശ്വാ യദ്രൂപാ പരിയാത്യൃക്വഭിഃ സപ്താസ്യേഭിർ ഋക്വഭിഃ॥ (9.111.1)

ഇവിടെ അത്യഷ്ടിയാണ് ഛന്ദസ്സ്.

55 **ധൃതിഃ പൂർവ്വാ ദ്വിസപ്തതിഃ ഷട്സപ്തതിസ്ത്വതിധൃതിഃ ।**
**സർവ്വാ ദാശതയീഷ്വേതാ ഉത്തരാസ്തു സുഭേഷജേ ॥**

1. എഴുപത്തിരണ്ടക്ഷരമായാൽ അവിടെ ധൃതിയാണ് ഛന്ദസ്സ്.

**സഖേ സഖായമഭ്യാവവൃത്സ്വാശും ന ചക്രം**
**രഥ്യേവ രംഹ്യാസ്മഭ്യം ദസ്മ രംഹ്യാ.**
**അഗ്നേ മൃളീകം വരുണേ സചാ വിദോ മരുത്സു വിശ്വഭാനുഷു.**
**തോകായ തുജേ ശുശു ചാനശം കൃധ്യസ്മഭ്യം ദസ്മ ശം കൃധി (4.1.3)**

ഇവിടെ ധൃതിയാണ് ഛന്ദസ്സ്.

2. എഴുപത്തിയാറക്ഷരമായാൽ അതിധൃതി.

**സഹി ശർധോ ന മാരുതം തുവിഷ്വണിരപ്നസ്വതീഷൂർ വരാസ്വിഷ്ടനിരാർതനാസ്വിഷ്ടനിഃ**
**ആദദധ്വ്യാന്യാദദിര്യജ്ഞസ്യ കേതുരർഹണാ**
**അധസ്മാസ്യ ഹർഷതോ ഹൃഷീവതോ വിശ്വേ ജുഷംത പംഥാം നരഃ ശുഭേ ന പംഥാം (1.127.6)**

ഇവിടെ അതിധൃതിയാണ് ഛന്ദസ്സ്.

3. അതിജഗതി, ശാക്വരി, അതിശാക്വരി, അഷ്ടി, അത്യഷ്ടി, ധൃതി, അതിധൃതി എന്നിവ ഋഗ്വേദത്തിൽ കാണാം. ഇനി പറയാൻ പോകുന്നവ സുഭേഷജഋഷിയാൽ ദൃഷ്ടമായ ഋക്കുകളിൽ കാണുന്നവയാണ്.

56 **കൃതി പ്രകൃതിരാകൃതി വികൃതിഃ സംസ്കൃതിസ്തഥാ ।**
**ഷഷ്ഠീ ചാഭികൃതിർനാമ സപ്തമ്യുത്കൃതിരുച്യതേ ॥**

കൃതി, പ്രകൃതി, ആകൃതി, വികൃതി, സംസ്കൃതി, അഭികൃതി, ഉത്കൃതി എന്നിവയാണ് കൃത്യാദികൾ.

57 **അശീതിശ്ചതുരശീതിരഷ്ടാശീതിർദ്വിനവതിഃ ।**
**ഷണ്ണവതിഃ ശതം പൂർണ്ണമുത്തമാതു ചതുശ്ശതം ॥**

കൃതിയ്ക്ക് എൺപതക്ഷരവും, പ്രകൃതിയ്ക്ക് എൺപത്തിനാലും, ആകൃതിയ്ക്ക് എൺപത്തിയെട്ടും വികൃതിയ്ക്ക് തൊണ്ണൂറ്റിരണ്ടും സംസ്കൃതിയ്ക്ക് തൊണ്ണൂറ്റിയാറും, അഭികൃതിയ്ക്ക് നൂറും, ഉത്കൃതിയ്ക്ക് നൂറ്റിനാലും (ചതുശ്ശതം-ചതുരധികം ശതം) അക്ഷരങ്ങളാണ്.

58 **തമിന്ദ്രം പ്രോഷു സുഷുമ ത്രികദ്രുകേഷ്വയാരുചാ ।**
**സഖേ ച സഹി ശർധശ്ച മധ്യമോ വർഗ ഉച്യതേ ॥**

തമിന്ദ്രം (8.97.13), പ്രോഷു (10.133.1), സുഷുമ(1.137.1), ത്രിക

ദ്രുകേഷു (2.22.1), അയാ രുചാ (9.111.1), സഖേ (4.1.3), സഹി ശർധഃ (1.127.6) എന്നീ ഋക്കുകൾ യഥാക്രമം രണ്ടാമത്തെ വർഗ്ഗത്തിൽപ്പെട്ട അതിജഗതി, ശക്വരി, അതിശക്വരി, അഷ്ടി, അത്യഷ്ടി, ധൃതി, അതിധൃതി എന്നിവയുടെ ഉദാഹരണങ്ങളാണ്. അതിഛന്ദസ്സുകളുടെ ആദ്യത്തെ വകഭേദമാണ് ഈ ഏഴെണ്ണവും.

**59 ആസു കൃതിസ്തു പ്രകൃതിർധ്രുവം പൂർവ്വാ തതഃ പരാ ।**
**ആകൃതിര്യദിതേ മാത്രാ മേഷീ വികൃതിരുച്യതേ ॥**

**60 സംസ്കൃതിസ്തു ന വൈ തത്ര ദേവോ അഗ്നിസ്ത്വഭികൃതിഃ ।**
**സർവ്വസ്യേത്യുത്കൃതിസ്തത്ര തൃതീയോ വർഗ ഉച്യതേ ॥**

വൈദികഛന്ദസ്സുകൾ മൂന്നു വർഗ്ഗങ്ങളിൽപ്പെടുന്നു. ഗായത്രി, ഉഷ്ണിക്, അനുഷ്ടുപ്പ്, ബൃഹതി, പംക്തി, ത്രിഷ്ടുപ്, ജഗതി എന്നിവ ഒന്നാമത്തെ വർഗ്ഗത്തിലുള്ളവയാണ്. അതിജഗതി, ശക്വരി, അതിശക്വരി, അഷ്ടി, അത്യഷ്ടി, ധൃതി, അതിധൃതി എന്നിവ രണ്ടാമത്തെ വർഗ്ഗത്തിലും കൃതി, പ്രകൃതി, ആകൃതി, വികൃതി, സംസ്കൃതി, അഭികൃതി, ഉത്കൃതി എന്നിവ മൂന്നാമത്തെ വർഗ്ഗത്തിലും പെടുന്നു. രണ്ടാമത്തേയും മൂന്നാമത്തേയും വർഗ്ഗങ്ങൾ അതിച്ഛന്ദസ്സുകളാണ്. (നാല്പത്തെട്ടക്ഷരങ്ങളിൽ കൂടുതൽ വരുന്നവയാണ് അതിച്ഛന്ദസ്സുകൾ) ആദ്യത്തെ രണ്ടുവർഗ്ഗങ്ങൾക്കും മാത്രമേ ഋഗ്വേദത്തിൽ ഉദാഹരണങ്ങളുള്ളൂ. മൂന്നാമത്തെ വർഗ്ഗത്തിന് പുറമേനിന്നാണ് ഉദാഹരണം. അത് ഉവടഭാഷ്യത്തിൽ കാണുന്നത് ഇങ്ങനെയാണ്.

കൃതിയ്ക്ക് 'ആസുരൈതു പരാവതഃ (തു.പ്രൈ.പൃ 123/125), പ്രകൃതിയ്ക്ക് 'ധ്രുവം പൂർവ്വാ' (തു.പ്രൈ.പൃ124.125), ആകൃതിയ്ക്ക് 'യദി തേ മാത്രാ' (തു.പ്രൈ.പൃ124/125), വികൃതിയ്ക്ക് 'മേഷീ' (തു.പ്രൈ.പൃ124/125), (സംസ്കൃതിയ്ക്ക് ഇവിടേയും സുഭേഷജത്തിൽ ഉദാഹരണങ്ങൾ കാണുന്നില്ല), അഭികൃതിയ്ക്ക് 'ദേവോ അഗ്നിഃ സ്വിഷ്ടകൃത് (തു.പ്രൈ.പൃ 124), ഉത്കൃതിയ്ക്ക് 'സർവ്വസ്യ' (തു.പ്രൈ.പൃ 124/125), എന്നതും ഉദാഹരണമാണ്. 'സംസ്കൃതിസ്തു ന വൈ തത്ര' എന്ന കാരികാഭാഗത്തിന് ചിലർ 'ന വൈ' (തു.പ്രൈ.പൃ 124) എന്നത് ഉദാഹരണമാണെന്ന് വ്യാഖ്യാനിയ്ക്കുന്നു.

'ആ സു' എന്നല്ല; 'ആസൂഃ" എന്നാണ് എന്നും മതഭേദമുണ്ട്. സുഭേഷജമഹർഷിദൃഷ്ടമായ സൂക്തങ്ങൾ ഖിലസൂക്തങ്ങളിലാണ് പെടുക.

**പതിനാറാം പടലം കഴിഞ്ഞു**

## പതിനേഴാം പടലം -ഛന്ദഃ പടലം(2)

**1. ഏകം ക്ഌപ്ത പ്രമാണാനാം ഛന്ദസാമുപദിശ്യതേ ।**
**ഏകദ്വ്യൂനാധികാ സൈവ നിച്യദൂനാധികാ ഭൂരിക് ॥**

21 ഛന്ദസ്സുകളുടേയും ലക്ഷണം പറഞ്ഞുകഴിഞ്ഞു. ഇനി അവയുടെ ചില പ്രത്യേകതകളെക്കുറിച്ചാണ് പറയാൻ പോകുന്നത്. ഒന്നോ രണ്ടോ അക്ഷരങ്ങൾ കുറവോ കൂടുതലോ വന്നാലും ഛന്ദസ്സ് അതുതന്നെയാണ്. ഒരക്ഷരം കുറവുള്ള ഋക് നിചൃത് ആണ്, ഒരക്ഷരം കൂടുതലെങ്കിൽ ഭൂരിക്-ഉം.

യ ശുക്ര ഇവ സൂര്യോ ഹിരണ്യമിവ രോചതേ
ശ്രേഷ്ഠോ ദേവാനാം വസുഃ (1.43.5)- ഇവിടെ നിചൃത്ഗായത്രിയാണ്.

പരിധാമാനി യാനി തേ ത്വം സോമാസി വിശ്വതഃ
പവമാനഃ ഋതുഭിഃ കവേ (9.66.3)- ഇവിടെ ഭൂരിക് ഗായത്രിയാണ്.

**2 വിരാജസ്തൂത്തരസ്യാഹു ദ്വാഭ്യാം യാ വിഷയേ സ്ഥിതാഃ ।**
**സ്വരാജ ഏവം പൂർവ്വസ്യ യാഃ കാശ്ചൈവം ഗതാ ഋചഃ ॥**

യാതൊരു ഋക്കുകൾ പറയപ്പെട്ട ലക്ഷണത്തിൽനിന്ന് രണ്ടക്ഷരം അധികമോ കുറവുള്ളതോ ആകുകയാണെങ്കിൽ പൂർവ്വോത്തരഛന്ദസ്സുകളുടെ മദ്ധ്യത്തിൽ വരുന്ന അവ പൂർവ്വഛന്ദസ്സിന്റെ സ്വരാജും, ഉത്തരഛന്ദസ്സിന്റെ വിരാജും ആയിരിയ്ക്കും.

ഗായത്രിയ്ക്ക് 24 അക്ഷരവും ഉഷ്ണിക്കിന് 28 അക്ഷരവുമാണല്ലോ. ഗായത്രിയുടെ അക്ഷരസംഖ്യയായ ഇരുപത്തിനാലിനേക്കാൾ രണ്ടക്ഷരം കൂടിയാൽ 26 അക്ഷരമാകും. ഇത് ഉഷ്ണിക്കിന്റെ അക്ഷരസംഖ്യയേക്കാൾ രണ്ടക്ഷരം കുറവാണെന്നും പറയാമല്ലോ. എന്തെന്നാൽ ഈ അക്ഷരസംഖ്യ രണ്ടു ഛന്ദസ്സുകളുടെ മദ്ധ്യത്തിൽ വരുന്നതാണ്. അതിനാൽ ഒരു സൂക്തത്തിൽ അധികവും ഗായത്രീഛന്ദസ്സുള്ള ഋക്കുകളാണ് ഉള്ളതെങ്കിൽ 26 അക്ഷരമുള്ളതിനെ സ്വരാജ് ഗായത്രി (രണ്ടക്ഷരം കൂടുതലുള്ള)യായി പറയും. അധികവും ഉഷ്ണിക്ഛന്ദസ്സിലുള്ള ഋക്കുകളാണ് ഉള്ളതെങ്കിൽ 26 അക്ഷരമുള്ള ഋക്കിനെ വിരാജ് ഉഷ്ണിക്കായും കണക്കാക്കും.

ജോഷാ സവിതർയസ്യ തേ ഹരഃ ശതം സവാ് അർഹതി
പാഹിനോ ദിദ്യുതഃ പതംത്യാ (10.158.2)
ഇവിടെ സ്വരാജ് ഗായത്രിയാണ്.

അതിഥിർമാനുഷാണാം സൂനും വനസ്പതീനാം

വിപ്രാ അഗ്നിമവസേ പ്രത്നമീളതേ (8.23.25)

ഇവിടെ വിരാജ് ഉഷ്ണിക്കാണ്.

**3 യാ കാശ്ചിദ് ബഹുപാദാസ്തു ഗായത്ര്യോ ഹീനതാം ഗതാഃ ।**

**അക്ഷരൈർ ബഹുഭിസ്താസ്തു ഗായത്ര്യ ഉപധാരയേത് ।।**

ഒന്നോ രണ്ടോ മൂന്നോ നാലോ അഞ്ചോ അക്ഷരങ്ങൾ കുറവുള്ള ഗായത്രികളെല്ലാംതന്നെ വിരാജ് ഗായത്രികൾതന്നെയാണ്. (ഗായത്രിയാണല്ലോ ഒന്നാമത്തെ ഛന്ദസ്സ്. അതിനു മുൻപെ വേറൊന്നും ഇല്ലാത്തതിനാൽ അതിന്റെ സ്വരാജ് ആവുകയില്ല എന്നു സാരം)

**4. താ രാട് വിരാട് സ്വരാട് സമ്രാട് സ്വവശിനീ പരമേഷ്ഠീ ।**

**പ്രതിഷ്ഠാ പ്രത്നമമൃതം വൃഷാ ശുക്രം ജീവം പയഃ ।।**

**5. തൃപ്തമർണ്ണോംƒശോംƒഭോƒമ്ബുവാര്യാപശ്ചോദകമുത്തമമ് ।**

**ദൈവതം ഛന്ദസാമത്ര വക്ഷ്യതേ തത ഉത്തരമ്. ।।**

രണ്ടക്ഷരങ്ങളുടെ വ്യത്യാസത്തിൽ 22 അക്ഷരം മുതൽ 102 അക്ഷരം വരെ വരുന്ന 21 വിരാജങ്ങൾ ഇവയാണ്- താരാട് (രാട്), വിരാട്, സ്വരാട്, സമ്രാട്, സ്വവശിനി, പരമേഷ്ഠീ, പ്രതിഷ്ഠാ, പ്രത്നം, അമൃതം, വൃഷാ, ശുക്രം, ജീവം, പയസ്സ്, തൃപ്തം, അർണം, അംശം, അംഭം, അംബു, വാരി, ആപഃ, ഉദകം.

(താരാട് എന്നത് താഃ, രാട് എന്നിങ്ങനെ വെവ്വേറെ പരമായും താരാട് എന്ന് ഒറ്റപ്പദമായും രണ്ടു തരത്തിൽ പ്രയോഗിച്ചു കാണുന്നുണ്ട്. ഉവടൻ താരാട് എന്ന ഒറ്റപ്പദമായ പ്രയോഗമാണ് സ്വീകരിച്ചുകാണുന്നത്).

**ഇനി ഗായത്രി മുതലായ ഛന്ദസ്സുകളുടെ ദേവതകളെ പറയാം**

**6. അഗ്നേർഗായത്ര്യതോƒധി ദ്വേ ഭക്ത്യാ ദൈവതമാഹതുഃ ।**

**സപ്താനാം ഛന്ദസാമൃചൌ ന പംക്തേഃ സാ തു വാസവീ ।।**

അഗ്നേർ ഗായത്ര്യഭവത് സയുഗ്വോഷ്ണിഹയാ സവിതാ സംബഭൂവ

**അനുഷ്ടുഭാ സോമ ഉക്ഥൈർമഹസ്വാൻ ബൃഹസ്പതേർ ബൃഹതീ വാചമാവത് (10.130.4)**

**വിരാണ്മിത്രാവരുണയോ രഭിശ്രീരിന്ദ്രസ്യ ത്രിഷ്ടുബിഹ ഭാഗോ അഹ്നഃ**

**വിശ്വൻ ദേവാൻ ജഗത്യാ വിവേശ തേന ചാക്ളപ്ര ഋഷയോ മനുഷ്യാഃ (10.130.5)**

പത്താം മണ്ഡലത്തിൽ 130-ാം സൂക്തത്തിൽ നാലും അഞ്ചും ഋക്കുകളാണ് മേൽക്കാണിച്ചത്. ഇവയിൽ ഓരോ ഛന്ദസ്സിന്റേയും

ദേവതമാരെ പറയുന്നുണ്ട്. അതനുസരിച്ച് ഗായത്രിയുടെ ദേവത അഗ്നിയും, ഉഷ്ണിക്കിന്റേത് സവിതാവും, അനുഷ്ടിപ്പിന്റേത് സോമനും, ബൃഹതിയുടേത് ബൃഹസ്പതിയും, വിരാടിന്റേത് മിത്രാവരുണന്മാരും, ത്രിഷ്ടുപ്പിന്റേത് ഇന്ദ്രനും, ജഗതിയുടേത് വിശ്വേദേവന്മാരുമാകുന്നു.

ഏതു ഛന്ദസ്സാണെന്നു സംശയമുണ്ടാകുമ്പോൾ ഛന്ദസ്സിന്റെ ദൈവതജ്ഞാനംകൊണ്ട് - ഏതു ദേവതായാണെന്ന് മനസ്സിലാക്കിയാൽ- തീരുമാനമുണ്ടാകും. ഉദാഹരണം പറയാം.

തവ സ്വാദിഷ്ഠാഗ്നേ സംദൃഷ്ടിരിദാ ചിദഹ്ന ഇദാ ചിദക്തോഃ
ശ്രിയേ രുക്മോ ന രോചത ഉപാകേ (4.10.5)

ഇത് നാലാമത്തെ മണ്ഡലത്തിൽ പത്താമത്തെ സൂക്തത്തിലെ അഞ്ചാമത്തെ ഋക്കാണ്. ഇവിടെ അനുഷ്ടുപ്പാണ്.

ശിവാ നഃ സഖ്യാ സന്തുഭ്രാത്രാഗ്നേ ദേവേഷു യുഷ്മേ
സാ നോ നാഭിഃ സദനേ സസ്മിന്നൂധൻ (4.10.8)

ഇത് അതേ സൂക്തത്തിലെ എട്ടാമത്തെ ഋക്കാണ്. ഈ രണ്ടു ഋക്കുകളുടേയും മദ്ധ്യത്തിൽ വരുന്ന

ഘൃതം ന പൂതം തനൂരേപാഃ ശുചി ഹിരണ്യം ।
തത്തേ രുക്മോ ന രോചത സ്വധാവഃ ॥(4.10.6)
കൃതം ചിദ്ധി ഷ്മാ സനേമി ദ്വേഷോƒഗ്ന ഇനോഷി മർതാത്
ഇത്ഥാ യജമാനാദൃതാവഃ (4.10.7)

ഈ രണ്ടു ഋക്കുകളും സ്വരാജ് ഗായത്രികളാണ്; വിരാജ് ഉഷ്ണിക്കുകളല്ല.

(സായണഭാഷ്യത്തിൽ ഇവ പദപംക്തി (അനുഷ്ടിപ്പിന്റെ വകഭേദം)കളോ ഉഷ്ണിക്കുകളോ ആണെന്നു പറഞ്ഞിരിയ്ക്കുന്നു). ഉവടഭാഷ്യമനുസരിച്ച് ഈ സൂക്തം ആഗ്നേയി ആയതിനാൽ അഗ്നിദേവതയായ ഗായത്രി(സ്വരാജ് ഗായത്രി) ആണ് ഛന്ദസ്സ്.

പംക്തിഛന്ദസ്സിന്റെ ദേവതയെക്കുറിച്ച് മേൽക്കാണിച്ച ഋക്കിൽ പരാമർശമില്ല. പംക്തിഛന്ദസ്സ് വസുദേവതാകമാണ്.

**7. പ്രജാപത്യാ ത്വതിച്ഛന്ദാ വിച്ഛന്ദാ വായുദൈവതാ ।**
**ദ്വിപദാ പൌരുഷം ഛന്ദോ ബ്രാഹ്മീ ത്വേകപദാ സ്മൃതാ ॥**

അതിജഗതി മുതൽക്കുള്ള അതിച്ഛന്ദസ്സുകൾക്ക് (കൂടുതൽ അക്ഷരങ്ങൾ വരുന്ന ദീർഘങ്ങളായ ഛന്ദസ്സുകൾക്ക്) പ്രജാപതിയാണ് ദേവത. വിവിധ ഛന്ദസ്സുകൾ വരുന്നിടത്ത് വായുവാണ് ദേവത. ദ്വിപദയ്ക്ക് പുരുഷനും, ഏകപദയ്ക്ക് (ഒറ്റപ്പദമുള്ള ഋക്കിന്)ബ്രഹ്മവും ആണ് ദേവതമാർ.

**8. ഏതേനൈവ ക്രമേണൈഷാം വർണതോ ഭക്തിരുച്യതേ ।**
**ശ്വേതം ച സാരംഗമതഃ പിശംഗം കൃഷ്ണമേവ ച ॥**
**9. നീലം ച ലോഹിതം ചൈവ സുവർണമിവ സപ്തമം ।**
**അരുണം ശ്യാമഗൌരേ ച ബഭ്രുവൈ നകുലം യഥാ ॥**

ഏതു ക്രമത്തിലാണോ ഛന്ദസ്സുകളുടെ ദേവതമാരെപ്പറ്റി പറഞ്ഞത് അതേ ക്രമത്തിൽ അവയുടെ നിറങ്ങളെപ്പറ്റി പറയാം. ഗായത്രിയ്ക്ക് ശ്വേതവർണ്ണവും, ഉഷ്ണിക്കിന് സാരംഗം (ശുക്ലകൃഷ്ണം എന്നു ഉവടൻ) എന്ന വർണ്ണവും, അനുഷ്ടുപ്പിന് രോചനാവർണ്ണവും, ബൃഹതിയ്ക്ക് കൃഷ്ണവർണ്ണവും, വിരാജത്തിന് നീലവും, ത്രിഷ്ടുപ്പിന് ലോഹിതവർണ്ണവും, ജഗതിയ്ക്ക് സ്വർണ്ണത്തിന്റെ നിറവും, പംക്തിയ്ക്ക് അരുണവർണ്ണവും, ശ്യാമവർണ്ണം അതിഛന്ദസ്സുകൾക്കും, ഗൌരവർണ്ണം വിച്ഛന്ദസ്സിനും, കപിലവർണ്ണം ദ്വൈപദഛന്ദസ്സിനും, നകുലവർണ്ണം ഏകപദത്തിന്റെ ഛന്ദസ്സിനും ആകുന്നു.

**10. പൃശ്നിവർണ്ണം തു വൈരാജം നിച്യച്ഛാവം പൃഷദ് ഭുരിക് ।**
**ബ്രഹ്മസാമർഗ്യജുശ്ഛന്ദഃ കപിലം വർണതഃ സ്മൃതം ॥**

പൃശ്നിവർണ്ണം അഥവാ ചിത്രരൂപം ആണ് വിരാജിന്റേത്. നിചൃതിന്റേത് ശ്യാവം (കടുംതവിട്ടുനിറം) എന്ന വർണ്ണവും, ഭൂരിക്കിന്റെ വർണ്ണം ബിന്ദുക്കളുള്ളതും, ബ്രഹ്മം, സാമം, ഋക്ക്, യജുസ്സ് എന്നിവയുടേത് കപിലവും (മഞ്ഞകലർന്ന തവിട്ടുനിറം) ആണെന്നു പറയപ്പെട്ടിരിയ്ക്കുന്നു.

(ഇവിടെ വിരാടിന് പൃശ്നിവർണ്ണമാണെന്നു പറഞ്ഞു. നേരത്തെ ദൈവതങ്ങളെ പറഞ്ഞ ക്രമത്തിൽ ഛന്ദസ്സുകൾക്ക് വർണ്ണങ്ങളെ പറഞ്ഞപ്പോൾ വിരാടിന് നീലനിറമാണെന്നും പറഞ്ഞതെന്തുകൊണ്ട് എന്ന ചോദ്യത്തിന് ഭാഷ്യത്തിൽ ഉവടൻ പറയുന്നതിപ്രകാരമാണ്- വിരാട് എന്നു പേരുള്ളവ മൂന്നെണ്ണമുണ്ട്. ഒന്ന് അനുഷ്ടുപ്പിലും (16/29) മറ്റൊന്ന് പംക്തിയിലും (16/38) വേറൊന്ന് രണ്ടക്ഷരം കുറവുള്ളതായി രണ്ടു ഛന്ദസ്സുകളുടെ മദ്ധ്യത്തിൽ വരുമ്പോൾ പിന്നീടുവരുന്ന ഛന്ദസ്സിന്റെ വിരാജായിട്ടും എന്നിങ്ങനെ. ഇവയിൽ ആദ്യം പറഞ്ഞ വിരാജുകൾക്കാണ് നേരത്തെ നിർദ്ദേശിയ്ക്കപ്പെട്ട നീലവർണ്ണം. മൂന്നാമത്തെ വിരാജിനാണ് പൃശ്നിവർണ്ണം. ഇതെങ്ങനെ വേർതിരിച്ച് പറയാൻ പറ്റും എന്നാണെങ്കിൽ നിചൃത്, ഭൂരിക് (ഒരു വർണ്ണം കുറവുള്ളതും ഒരു വർണ്ണം കൂടുതലുള്ളതും) എന്നിവയുടെ കൂടെ ഇവിടെ വിരാടിനെ പറഞ്ഞതുകൊണ്ട് അങ്ങനെ പറയാൻ പറ്റും)

**11 മാപ്രമാ പ്രതിമോപമാസംമാ ച ചതുരക്ഷരാത് ।**
**ചതുരുത്തരമുദ്യന്തി പഞ്ച ഛന്ദാംസി താനി ഹ ॥**

മാ, പ്രമാ, പ്രതിമാ, ഉപമാ, സംമ എന്നിവ നാലക്ഷരത്തിൽ തുടങ്ങി പിന്നെ ഓരോന്നും നന്നാലക്ഷരം കൂടുതലുള്ളവയാണ്. ഇവ അഞ്ചും ഗായത്രിയ്ക്ക് മുൻപുള്ള ഛന്ദസ്സുകളാണ്. 'മാ'യ്ക്ക് നാലക്ഷരം, 'പ്രമ'യ്ക്ക് എട്ടക്ഷരം, 'പ്രതിമ'യ്ക്ക് പന്ത്രണ്ടക്ഷരം, 'ഉപമ'യ്ക്ക് പതിനാറക്ഷരം, 'സംമ'യ്ക്ക് ഇരുപതക്ഷരം.

**12 ഹർഷീകാ സർഷീകാ മർഷീകാ സർവ്വമാത്രാ വിരാട്കാമാ ।**
**ദ്വ്യക്ഷരാദീനി മാദീനാം വൈരാജാന്യനു ചക്ഷതേ ॥**

ഹർഷീകാ തുടങ്ങിയവ രണ്ടക്ഷരം മുതൽക്കുള്ളതും പിന്നീട് വരുന്ന ഓരോന്നും നന്നാലക്ഷരം വീതം കൂടുതലായി പതിനെട്ടക്ഷരം വരെ വരുന്നവയുമാണ്. ഇവ മാ മുതലായവയുടെ വിരാജങ്ങളായി ആചാര്യന്മാരാൽ പറയപ്പെടുന്നു.

രണ്ടക്ഷരമുള്ള ഹർഷീക മാ-വിരാട് ആണ്. ആറക്ഷരമുള്ള സർഷീക പ്രമാ-വിരാട്, പത്തക്ഷരമുള്ള മർഷീക പ്രതിമാ-വിരാട്, പതിനാലക്ഷരമുള്ള സർവ്വമാത്ര ഉപമാ-വിരാട്, പതിനാറക്ഷരമുള്ള വിരാട്കാമ സംമ-വിരാട്.

**13 അക്ഷരാണ്യേവ സർവ്വത്ര നിമിത്തം ബലവത്തരം ।**
**വിദ്യാത് വിപ്രതിപന്നാനാം പാദവൃത്താക്ഷരൈർ ഋചാം ॥**

ഋക്കുകളിൽ പാദം, വൃത്തം, അക്ഷരസംഖ്യ എന്നിവകൊണ്ട് വൈരുദ്ധ്യം വരികയാണെങ്കിൽ ഛന്ദസ്സ് നിശ്ചയിയ്ക്കുന്നതിൽ അക്ഷരസംഖ്യയെയാണ് നിർണ്ണായകമായി കണക്കാക്കേണ്ടത്.

ജഗതിയുടെ വകഭേദമായ മഹാപംക്തി എന്ന ഛന്ദസ്സ് 'മഹാപംക്തിഃ ഷഡഷ്ടകാഃ' എന്നു പറഞ്ഞതനുസരിച്ച് എട്ടക്ഷരമുള്ള ആറുപാദങ്ങളാണ്. അക്ഷരസംഖ്യ നാൽപ്പത്തെട്ടും. ഒന്നാമത്തെ മണ്ഡലത്തിലെ 191-ാമത്തെ സൂക്തത്തിലെ 10, 11, 12 എന്നിവയിലെ ഛന്ദസ്സ് പാദങ്ങളുടെ എണ്ണംകൊണ്ട് മനസ്സിലാക്കാൻ പ്റ്റില്ലെങ്കിലും അക്ഷരസംഖ്യകൊണ്ട് അത് മഹാപംക്തി (ജഗതി)യാണെന്നു മനസ്സിലാക്കാം.

ആ ഋക്കുകൾ താഴെ കാണിയ്ക്കുന്നു-

സൂര്യേ വിഷമാ സജാമി ദൃതിം സുരാവതോ ഗൃഹേ
സോ ചിന്നു ന മരാതി നോ വയം മരാമാരേ അസ്യ യോജനം
ഹരിഷ്ഠാ മധു ത്വാ മധുലാ ചകാര (1.191.10)
ഇയത്തികാ ശംകുതികാ സകാ ജഘാസ തേ വിഷം
സോ ചിന്നു ന മരാതി നോ വയം മരാമാരേ അസ്യ യോജനം

ഹരിഷ്ഠാ മധു ത്വാ മധുലാ ചകാര (1.191.11)
ത്രിഃ സപ്ത വിഷ്പുലിംഗകാ വിഷസ്യ പുഷ്യമക്ഷൻ
താശ്ചിന്നു ന മരംതി നോ വയം മരാമാരേ അസ്യ യോജനം
ഹരിഷ്ഠാ മധു ത്വാ മധുലാ ചകാര (1.191.12)

ഇതുപോലെ ഇതേ സൂക്തത്തിലെ അടുത്ത് ഋക്ക് (13-ാമത്തേത്) പംക്തിയാണെന്നും അക്ഷരസംഖ്യകൊണ്ട് നിർണ്ണയിയ്ക്കാം.

ഋക്കിതാണ്-

നവാനാം നവതീതാനാം വിഷസ്യ രോപുഷീണാം

സർവ്വാസാമഗ്രഭം നാമാരേ അസ്യ യോജനം ഹരിഷ്ഠാ മധു ത്വാ മധുലാ ചകാര.

'യുഗ്മാവഷ്ടാക്ഷരൌ പാദാവയുജൌ ദ്വാദശാക്ഷരൌ' (16/39) എന്ന നിയമമനുസരിച്ച് രണ്ടും നാലും പാദങ്ങളിൽ എട്ടക്ഷരം വീതവും ഒന്നും നാലും പാദങ്ങളിൽ പന്ത്രണ്ടക്ഷരം വീതവുമായാൽ പംക്തിയുടെ വകഭേദമായ സതോബൃഹതിയാണ്. മേൽക്കാണിച്ച ഋക്കിൽ പാദങ്ങളുടെ വേർതിരിവ് വ്യക്തമല്ല. എങ്കിലും നാൽപ്പതക്ഷരങ്ങൾ വരുന്നുണ്ട്. ആയതിനാൽ ഇവിടെ സതോബൃഹതിയാണ്(സായണഭാഷ്യത്തിൽ അനുക്രമണിയനുസരിച്ച് മഹാബൃഹതിയാണെന്നാണ് കാണുന്നത്). ഉവടൻ പംക്തി എന്നു മാത്രമാണ് പറഞ്ഞിട്ടുള്ളത്.

ചില ഋക്കുകളിൽ വൃത്തം പറഞ്ഞതുപോലെയുണ്ടാവില്ല. ഉദാഹരണമായി പത്താം മണ്ഡലത്തിൽ 77-ാമത്തെ സൂക്തത്തിൽ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ഇവിടെ 'ഗുർവ്വേവേതരയോർ ഋക്ഷു' (17/22) എന്ന് ഇനി പറയാൻ പോകുന്ന നിയമമനുസരിച്ച് 11 അക്ഷരമുള്ള പാദത്തിൽ പത്താമത്തെ അക്ഷരം ഗുരുവാകും. എന്നാൽ മേൽപ്പറഞ്ഞ ഋക്കിന്റെ പത്താമത്തെ അക്ഷരം ഗുരുവല്ല. എന്നാൽ അക്ഷരസംഖ്യ ത്രിഷ്ടുപ്പിന്റേതാകയാൽ ഇവിടെ ത്രിഷ്ടുപ്പാണെന്നു നിർണ്ണയിയ്ക്കാം.

ഋക്കിതാണ്:-

**അഭ്രപ്രുഷോ ന വാചാ പ്രുഷാ വസു ഹവിഷ്മതോ ന യജ്ഞാ വിജാനുഷ I**
**സുമാരുതം ന ബ്രഹ്മാണമർഹസേ ഗണമസ്തോഷ്യേഷാം ന ശോഭസേ. II**

അതുപോലെ ഒന്നാം മണ്ഡലത്തിൽ 43-ാമത്തെ സൂക്തത്തിൽ 9-ാമത്തെ ഋക്ക് അനുഷ്ടുപ്പാണെന്ന് തീരുമാനിയ്ക്കുന്നതും അക്ഷരസംഖ്യ നോക്കിയിട്ടാണ്. ഇവിടേയും വൃത്തം പറഞ്ഞതുപോലെ വരുന്നില്ല.

എട്ടക്ഷരമോ പന്ത്രണ്ടക്ഷരമോ ഉള്ള പാദത്തിൽ അവസാനത്തേതിന്റെ തൊട്ടുമുൻപുള്ള അക്ഷരം ലഘുവായിരിയ്ക്കും എന്ന് പറയുന്നുണ്ട്. മേൽസൂചിപ്പിയ്ക്കപ്പെട്ട ഋക്കിൽ ഗുർവ്വക്ഷരങ്ങളാണ് നിർദ്ദിഷ്ടസ്ഥലങ്ങളിൽ കാണുന്നത്. ഋക്കിതാണ്:-

യാസ്തേ പ്രജാ അമൃതസ്യ പരസ്മിൻ ധാമന്നൃതസ്യ ।

മൂർധാ നാഭാ സോമവേന ആഭൂഷംതീഃ സോമ വേദ (1.43.9)

യേന സപത്നാ അപതേ ഭവന്തിന്ദ്രാഗ്നിഭ്യാമവ ബാധാമഹേ താൻ ।

വസവോ രുദ്രാ ആദിത്യാ ഉപരിസ്പൃശം മോഗ്രം ചേത്താരമധിരാ ജമക്രത് (10.128.9)

ഈ സൂക്തത്തിൽ അവസാനത്തേതായ ഈ ഋക്കൊഴികെ ബാക്കിയെല്ലാം ത്രിഷ്ടുപ്പാണ്. അക്ഷരസംഖ്യകൊണ്ട് ഇത് ജഗതിയാണെന്ന് തീരുമാനിയ്ക്കപ്പെടുന്നു.

**14. വ്യൂഹേദേകാക്ഷരീഭാവാൻ പാദേഷൂനേഷു സമ്പദി ।**

**ക്ഷൈപ്രവർണ്ണാംശ്ച സംയോഗാൻ വ്യവേയാത് സദൃശൈഃ സ്വരൈഃ ॥**

1. അക്ഷരം കുറവുള്ള പാദങ്ങളിൽ അക്ഷരസംഖ്യ തികയ്ക്കാനായി രണ്ടക്ഷരങ്ങൾ ചേർന്ന് ഒരക്ഷരമായിത്തീർന്നിട്ടുള്ള സന്ധികളെ പിരിയ്ക്കണം.

പ്രേതാ ജയതാ നര ഇന്ദ്രോ വ ശർമ്മ യച്ഛതു

ഉഗ്രാ വഃ സന്തു ബാഹവോƒനാധൃഷ്യാ യഥാസഥ (10.103.13)

പ്രേതാ എന്ന പദം 'പ്ര ഇതാ' എന്ന് പിരിയ്ക്കുന്നു. പ്ര എന്നതിന്റെ അവസാനത്തെ അകാരവും ഇത എന്നതിന്റെ ആദ്യത്തെ ഇകാരവും ചേർന്ന് (അതായത് രണ്ടു വർണ്ണങ്ങളുടെ സ്ഥാനത്ത്) ഒരു ഏകാരം വരികയാണല്ലോ ഉണ്ടായത്. ഈ ഏകാക്ഷരീഭാവത്തെ മുമ്പുണ്ടായിരുന്ന അവസ്ഥയിലേയ്ക്ക് മാറ്റുന്നു.

അക്ഷരങ്ങൾക്ക് കുറവില്ല എങ്കിൽ ഇപ്രകാരം സന്ധി പിരിയ്ക്കേണ്ടതില്ല.

യം ദേവാസസ്ത്രിരഹന്നായജന്തേ ദിവേ ദിവേ വരുണോ മിത്രോ അഗ്നിഃ

സേമം യജ്ഞം മധുമന്തം കൃധീ നസ്തനൂനപാദ് ഘൃതയോനിം വിധന്തം (3.4.2)

ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ആകെ നാൽപ്പത്തിനാലക്ഷരങ്ങളാണ്. അത്രയും അക്ഷരങ്ങൾ ഈ ഋക്കിൽ ഉണ്ട്. അതിനാൽ ഉത്തരാർദ്ധത്തിൽ സേമം എന്ന ഏകാക്ഷരീഭാവത്തെ പിരിയ്ക്കേണ്ടതില്ല.

അക്ഷരം തികയ്ക്കാൻവേണ്ടി മാത്രമേ ഇപ്രകാരം വ്യൂഹം ചെയ്യേണ്ടു. കൂടുതൽ ഏകാക്ഷരീഭാവങ്ങൾ ഉള്ളപ്പോൾ ഒരെണ്ണത്തിന്റെ വ്യൂഹംകൊണ്ട് അക്ഷരം തികയ്ക്കാൻ പറ്റുമെങ്കിൽ മറ്റുള്ളവ വ്യൂഹം ചെയ്യേണ്ട കാര്യമില്ല.

ഏതായാമോപ ഗവ്യംത ഇന്ദ്രമസ്മാകം സു പ്രമതിം വാവൃധാതി

അനാമൃണഃ കുവിദാദസ്യ രായോ ഗവാം കേതം പരമാവർജതേ നഃ (1.33.1)

ഇവിടേയും ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പൂർവ്വാർദ്ധത്തിൽ ഒരക്ഷരത്തിന്റെ കുറവാണുള്ളത്. ആദ്യത്തെ പദമായ 'ഏതായാമോപ' എന്നത് പദപാഠത്തിൽ ആ/ഇത/അയാമ/ഉപ/ എന്നാണ് പിരിച്ചിരിയ്ക്കുന്നത്.ആകാരവും ഇകാരവും ചേർന്ന് ഏ എന്നായി ഏത എന്നത് അയാമ എന്നതിനോടുചേർന്ന് ഏതായാമ എന്നായി. ഏതായാമ എന്നത് ഉപ എന്നതിനോട് ചേർന്ന് ഏതായാമോപ എന്നാവുകായാണുണ്ടായത് എന്നാണ് പദപാഠം സൂചിപ്പിയ്ക്കുന്നത്. അതിനാൽ ഇവിടെ മൂന്ന് ഏകാക്ഷരീഭാവങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരക്ഷരം കൂടിയേ അക്ഷരസംഖ്യ തികയ്ക്കാൻ ആവശ്യമുള്ളൂ എന്നതിനാൽ ഏറ്റവും ആദ്യത്തെ ഏകാക്ഷരീഭാവത്തെ മാത്രം പിരിച്ചാൽ മതി.

2. യ മുതാലയ അന്തസ്ഥാക്ഷരങ്ങൾ ക്ഷൈപ്രവർണ്ണങ്ങളാണ്. ക്ഷൈപ്രസന്ധി എന്നാൽ ഇ മുതലായവയുടെ സ്ഥാനത്ത് യ മുതലായവ വരികയാണല്ലോ. അതിനാൽ യ മുതലായവയെ ക്ഷൈപ്രവർണ്ണങ്ങൾ എന്നു പറയുന്നു. യ മുതലായ അന്തഃസ്ഥകളായ സംയോഗത്തെ സദൃശങ്ങളായ സ്വരങ്ങൾകൊണ്ട് വ്യവധാനം (മറയ്ക്കൽ) ചെയ്യണം. അതായത് ഇടയിൽ ഇ മുതലായ സദൃശസ്വരം ചേർക്കണം.

ത്ര്യംബകം യജാമഹേ (7.59.12).

ഈ ഋക്ക് അനുഷ്ടുപ്പാണ്. ഇവിടെ ത്ര്യംബകം എന്നതിലെ ക്ഷൈപ്രവർണ്ണമായ യകാരം ചേർന്ന കൂട്ടക്ഷരത്തെ സദൃശമായ ഇകാരം ചേർത്ത് ത്രിയംബക എന്നാക്കി ഉച്ചരിയ്ക്കണം അക്ഷര സംഖ്യ തികയാൻ.

ഏകാക്ഷരീഭാവം വന്ന പദങ്ങളുടെ അക്ഷരസംഖ്യ തികയാത്ത ഋക്കുകളിലെ വ്യൂഹത്തിന്റെ നിയമംതന്നെയാണ് ഇവിടേയും. അക്ഷരസംഖ്യ തികച്ചുള്ളേടത്ത് ഇത്തരത്തിൽ ക്ഷൈപ്രസംയോഗത്തിന്റെ ഇടയിൽ സദൃശസ്വരങ്ങൾ കൊണ്ടുവരേണ്ടതില്ല. കൂടു

തൽ ക്ഷൈപ്രസംയോഗങ്ങൾ ഉണ്ടെങ്കിൽ അക്ഷരസംഖ്യ തിക യാനുള്ളതു മാത്രമേ ചെയ്യേണ്ടൂ. അത് പൂർവ്വമുള്ളത് ചെയ്യുക യാണ് വേണ്ടത്.

ഭദ്രമിദം രുശമാ അഗ്ര അക്രൻഗവാം ചത്വാരി ദദതഃ സഹ സ്രാ ।

ഋണഞ്ച യസ്യ പ്രയതാ മഘാനി പ്രത്യഗ്രഭീഷ്മ നൃതമസ്യ നൃണാം. (5.30.12) ॥

ഇവിടെ നാലാമത്തെ പാദത്തിൽ പ്രത്യഗ്രഭീഷ്മ എന്ന പദ ത്തിൽ പ്രതി എന്നതിലെ ഇകാരം അഗ്രഭീഷ്മ എന്നതിലെ അ കാരവുമായിച്ചേർന്ന് പ്രത്യഗ്രഭീഷ്മ എന്ന് ക്ഷൈപ്രസംയോഗം വന്നിട്ടുണ്ടെങ്കിലും അക്ഷരസംഖ്യ തികച്ചുള്ളതിനാൽ ഇവിടെ കൂട്ടക്ഷരത്തിന്റെ ഇടയിൽ ഇകാരം ചേർത്ത് പ്രതിയഗ്രഭീഷ്മ എ ന്ന് പറയേണ്ടതില്ല. (ത്രിഷ്ടുപ്പാണ് ഇവിടെ ഛന്ദസ്സ്).

**15 പദാഭേദേന പാദാനാം വിഭാഗോഽഭി സമീക്ഷ്യ തു ।**

**ഛന്ദസഃ സമ്പദം താം താം യാം യാം മന്യേത പാദതഃ ॥**

ഓരോ പാദങ്ങളിലും എത്രയെത്ര അക്ഷരങ്ങൾ വീതമാണ് വേണ്ടത് എന്ന് മുൻകൂട്ടി മനസ്സിലാക്കി പാദങ്ങളെ വിഭജിയ്ക്കു മ്പോൾ പദങ്ങൾ വിഭജിയ്ക്കപ്പെടാതെയിരിയ്ക്കണം. ഇങ്ങനെ ചെയ്യുമ്പോൾ ചിലപ്പോൾ അടുത്ത പാദത്തിന്റെ ജ്ഞാനത്തിനു ഹേതുവായവയുമായി വിരോധം വന്നേയ്ക്കാം. എങ്കിലും പദങ്ങ ളെ വിഭജിയ്ക്കാതെ നോക്കണം.

പ്രേദം ബ്രഹ്മവൃത്ത തൂര്യേഷ്വാവിഥ പ്ര സുന്വതഃ
ശചീപത ഇന്ദ്ര വിശ്വാഭിരൂതിഭിഃ ।
മാധ്യംദിനസ്യ സവനസ്യ വൃത്രഹന്നനേദ്യ
പിബാ സോമസ്യ വജ്രിവ (8.37.1)

ഇവിടെ മഹാപംക്തിയാണ് ഛന്ദസ്സ്. എട്ടക്ഷരങ്ങളുള്ള ആറു പാദങ്ങളാണ് ഈ ഛന്ദസ്സിൽ ഉണ്ടാവുക. ഇവിടെ ഉത്തരാർദ്ധ ത്തിൽ 'മാധ്യംദിനസ്യ സവനസ്യ' എന്നു തുടങ്ങുന്ന പാദത്തിൽ 'സവന' എന്നാകുമ്പോഴേയ്ക്കും എട്ടക്ഷരം കഴിയും. എങ്കിലും 'സവനസ്യ' എന്ന പദം സവന എന്നിടത്ത് നിറുത്തിപ്പറയരുത്. സവന എന്ന് നിറുത്താതിരിയ്ക്കുമ്പോൾ ആ പാദത്തിൽ ഒമ്പത ക്ഷരം വരിക എന്ന വിരോധം വരുന്നുണ്ട്. എങ്കിലും സവനസ്യ എന്നുതന്നെ പദം പറയണം.

ഇതേ സൂക്തത്തിലെ മൂന്നാമത്തെ ഋക്കായ 'ഏകരാളസ്യ ഭു വനസ്യ' എന്നതിലെ ആദ്യത്തെ പാദമായ ഏകരാളസ്യ ഭുവന

സ്യ എന്നതിലും ഇതേപോലെ മഹാപംക്തിച്ഛന്ദസ്സാണ്. ഈ പാദത്തിലും ഒമ്പതക്ഷരം വരും. എങ്കിലും ഭുവന എന്ന് പദം വിഭജിയ്ക്കരുത്. ഭുവനസ്യ എന്നുതന്നെ പറയണം.

**16. പ്രായോ/ർത്ഥോ വൃത്തമിത്യേതേ**
**പാദജ്ഞാനസ്യ ഹേതവഃ I**
**വിശേഷസന്നിപാതേ തു**
**പൂർവ്വം പൂർവ്വം പരം പരം II**

1. ഒരു ഛന്ദസ്സിൽ ഉണ്ടാകേണ്ട അക്ഷരസംഖ്യ മറ്റു പാദങ്ങളിൽ ഭൂരിപക്ഷത്തിലും ഉണ്ടായിരിയ്ക്കുക (പ്രായഃ) അർത്ഥം ഉണ്ടായിരിയ്ക്കുക (അർത്ഥഃ), ഗുരുലഘുക്കൾ(വൃത്തം) നിയമമനുസരിച്ച് ഉണ്ടാവുക (വൃത്തം) എന്നിവയാണ് പാദത്തിന്റെ നിർണ്ണായകങ്ങൾ.

'അസ്മാ ഇദുപ്രഭരാ തൂതുജാനോ വൃത്രായ വജ്രമീശാനഃ കിയേഥാഃ I

ഗോർന പർവ വിരദാതിരശ്ചേഷ്യന്നർണ്ണാംസ്യപാം ചരധ്യൈ' (1.61.12)

ഈ ഋക്കിൽ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. എന്നാൽ ഗോർന എന്നു തുടങ്ങുന്ന ഉത്തരാർദ്ധത്തിലെ ആദ്യത്തെ പാദത്തിൽ പ്രകൃത്യാ പത്തക്ഷരങ്ങളേ ഉള്ളൂ. പൂർവ്വാർദ്ധത്തിലെ പാദങ്ങളിൽ പതിനൊന്നക്ഷരങ്ങളുണ്ട്. അതിനാൽ അധികം പാദങ്ങളിൽ പതിനൊന്നക്ഷരമുള്ളതിനാൽ (പ്രായഃ) ഇവിടെ വ്യൂഹം ചെയ്ത് പതിനൊന്നക്ഷരമാക്കുന്നു. അങ്ങനെ പാദവിഭാഗം ചെയ്യുന്നു.

'സ ഗൃണാനോ അദ്ഭിർദേവവാനിതി സുബന്ധുർ നഭസാ സുക്കൈതഃ

വർധദുക്ഥൈർവചോഭിരാ ഹി നൂനം വ്യധ്വൈതി പയസ ഉസ്രിയായാഃ' (10.61.26)

ഇവിടെ 'സഗൃണാനോ അദ്ഭിർദേവവാനിതി' എന്ന് 'ഇതി' കഴിയുന്നതുവരെ ഒരു പാദമായി കണക്കാക്കുന്നു. ദേവവാൻ എന്നുവരേയുള്ളതിനെയല്ല ഒരു പാദമായി കണക്കാക്കുന്നത്. ഇത് അർത്ഥാനുരോധമാണ്.

'അലായ്യസ്യ പരശുർനനാശ തമാ പവസ്വ ദേവ സോമ I

ആഖും ചിദേവ ദേവ സോമ' II (9.67.30)

ഇവിടെ പുര ഉഷ്ണിക്കാണ് ഛന്ദസ്സ്. അലായ്യസ്യ പരശുർന്നനാശ തം എന്ന ആദ്യപാദത്തിൽ പതിനൊന്നക്ഷരമാണുള്ളതെങ്കിലും വൃത്തത്തിന്റെ അടിസ്ഥാനത്തിൽ പാദത്തെ വികർഷി

യ്ക്കുന്നതുകൊണ്ട് അത് പന്ത്രണ്ടക്ഷരമുള്ളതാക്കുന്നു. അപ്പോൾ പതിനൊന്നാമത്തെ അക്ഷരമായ ശ എന്നത് ലഘുവായതിനാൽ വൃത്തത്തിന്റെ നിയമം ശരിയായി. എട്ടും പന്ത്രണ്ടും അക്ഷരങ്ങ ളുള്ള പാദത്തിന്റെ ഉപോത്തമം (അവസാനത്തേതിന്റെ തൊട്ടു മുൻപുള്ളത്) ലഘുവാകുമെന്നാണല്ലോ.

'അര്യോ ഗിരഃ സദ്യ ആ ജഗ്മുഷീഃ' (1.122.14). ഇവിടേയും വൃ ത്തമനുസരിച്ചാണ് പാദച്ഛേദം.

2. ഈ മൂന്നു നിമിത്തങ്ങളും ഒരിടത്ത് ഒരുമിച്ച് വന്നാൽ ആ ദ്യത്തെ നിമിത്തത്തേയാണ് സ്വീകരിയ്ക്കേണ്ടത്. അർത്ഥവും വൃ ത്തവും ഒരുമിച്ചുവന്നാൽ അർത്ഥത്തേയാണ് സ്വീകരിയ്ക്കേണ്ട ത്. പ്രായോവൃത്തങ്ങൾ ഒരുമിച്ചുവന്നാൽ പ്രായഃ എന്നുള്ളതാണ് സ്വീകരിയ്ക്കേണ്ടത്.

'ത്വം ജഘംഥ നമുചിം മഖസ്യും ദാസം കൃണ്വാന ഋഷയേ വിമായം

ത്വം ചകർഥ മനവേ സ്യോനാൻപഥോ ദേവത്രാഞ്ജസേവ യാനാൻ' (10.73.7)

ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ത്വം ചകർഥ മനവേ സ്യോ നാൻ എന്ന പാദത്തിൽ പ്രായോനിയമമനുസരിച്ച് സ്യോനാൻ എ ന്നാണ് പാദാന്ത്യത്തിൽ വരിക. അർത്ഥമനുസരിച്ചാണെങ്കിൽ മ നവേ സ്യോനാൻ പഥഃ എന്നാകും പാദം. അർത്ഥനിയമത്തേക്കാൾ പ്രായോനിയമത്തിന് പ്രാബല്യമുള്ളതിനാൽ സ്യോനാൻ എന്നു തന്നെയാണ് പാദാന്ത്യം.

'ഊർധ്വ ഊഷുണഃ ഊതയേ തിഷ്ഠാ ദേവോ ന സവിതാ ।

ഊർധ്വോ വാജസ്യ സനിതാ യദഞ്ജിഭിർബാധദ്ഭിർവിഹ്വ യാമഹേ' (1.36.13)

ഇവിടെ ബൃഹതിയാണ് ഛന്ദസ്സ്. തൃതീയപാദത്തിൽ പന്ത്ര ണ്ടക്ഷരവും മറ്റു മൂന്നു പാദങ്ങളിൽ എട്ടക്ഷരം വീതവും വരു മ്പോഴാണ് ബൃഹതി എന്ന ഛന്ദസ്സു വരുന്നത്. ഊർധ്വോ വാജ സ്യ എന്നു തുടങ്ങുന്ന ഉത്തരാർദ്ധത്തിൽ യദഞ്ജിഭിഃ എന്ന് അ വസാനിയ്ക്കുന്നേടത്ത് പന്ത്രണ്ടക്ഷരങ്ങൾ തികയുന്നു. അതിനാൽ അതുതന്നെയാണ്(യദഞ്ജിഭിഃ) പാദാന്ത്യം; അല്ലാതെ സനിതാഃ എന്നതല്ല.

'പ്രായ'നിയമത്തിന് പ്രാബല്യം കാണിയ്ക്കാൻ രണ്ടുദാഹര ണം കാണിച്ചതിനുശേഷം ഇനി പ്രായോവൃത്തവിരോധം വരു മ്പോൾ പ്രായോബലീയസ്ത്വം കാണിയ്ക്കാൻ ഉദാഹരിയ്ക്കുന്നു-

**'ഭദ്രമിദം രുശമാ അഗ്ന അക്രൻ ഗവാം ചത്വാരി ദദതഃ സഹസ്രാ ।**
**ഋണഞ്ചയസ്യ പ്രയതാ മഘാനി പ്രത്യഗ്രഭീഷ്മ നൃതമസ്യ നൃണാം' ॥ (5.30.12)**

ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. പതിനൊന്നക്ഷരം വീതമുള്ള പാദങ്ങളിൽ പത്താമത്തേത് ഗുരുവായിരിയ്ക്കണം എന്നാണ് വൃത്തനിയമം. എന്നാൽ നൃണാം എന്നതിലെ 'നൃ' എന്നത് ഗുരുവല്ലാത്തതിനാൽ 'ണാം' എന്നത് പാദാന്ത്യമാകില്ല. എന്നാൽ പതിനൊന്നക്ഷരമുള്ളതിനാൽ ത്രിഷ്ടുപ്പിനുവേണ്ട അക്ഷരസംഖ്യയുണ്ട്. പ്രായനിയമമനുസരിച്ച് നൃണാം എന്നത് പാദാന്ത്യമാകാം. വൃത്തനിയമമനുസരിച്ച് നൃണാം എന്നതിന് പാദാന്ത്യത്വം സംഭവിയ്ക്കില്ലെങ്കിലും പ്രായനിയമത്തിന് വൃത്തനിയമത്തേക്കാൾ പ്രാബല്യമുള്ളതിനാൽ നൃണാം എന്നത് പാദാന്ത്യമാകുന്നു.

അർത്ഥവൃത്തങ്ങൾ തമ്മിൽ വിരോധം വരുമ്പോൾ അർത്ഥനിയമമാണ് സ്വീകരിയ്ക്കേണ്ടത്. ഉദാഹരണം-

'യദഗ്നേ സ്യാമഹം ത്വം ത്വംവാ ഘാസ്യാ അഹം ।
സ്യുഷ്ടേ സത്യാ ഇഹാശിഷഃ' ॥ (8.44.23)

ഇവിടെ ഗായത്രിയാണ് ഛന്ദസ്സ്. എട്ടക്ഷരം വീതമുള്ള മൂന്നു പാദങ്ങളാണല്ലോ ഗായത്രിയ്ക്ക്.

ഇവിടെ ആദ്യത്തെ പാദത്തിൽ അർത്ഥമനുസരിച്ചാണെങ്കിൽ 'യദഗ്നേ സ്യാമഹം ത്വം' എന്നിങ്ങനെ 'ത്വ'മാണ് പാദാന്ത്യം. എട്ടക്ഷരങ്ങളുള്ള പാദത്തിൽ (ഇവിടെ എട്ടക്ഷരമാകാൻ വ്യൂഹം ചെയ്യേണ്ടിവരും) ഏഴാമത്തെ അക്ഷരം ലഘുവാകണം എന്ന വൃത്തനിയമമനുസരിച്ചാണെങ്കിൽ 'ത്വം' എന്ന പദം പാദാന്ത്യത്തിലുള്ളതാകില്ല. കാരണം 'ഹം' എന്നുള്ളത് ലഘുവല്ലല്ലോ. ആയതിനാൽ 'യദഗ്നേ സ്യാമഹം' എന്ന് 'ഹം' എന്നത് പാദാന്ത്യം എന്നു പറയാനേ പറ്റുകയുള്ളൂ. അപ്പോൾ 'മ' എന്നുള്ളത് ലഘുവായതിനാൽ വൃത്തനിയമം ശരിയാകും.

ഇപ്രകാരം വിരോധം വരുമ്പോൾ അർത്ഥനിയമത്തിന് പ്രാബല്യമുള്ളതിനാൽ 'ത്വം' ആണ് പാദാന്ത്യം എന്ന് സിദ്ധിയ്ക്കുന്നു. ഇപ്രകാരം ഓരോ സ്ഥലത്തും പ്രാബല്യം നോക്കിവേണം പാദാന്ത്യം അറിയുവാൻ.

**17 അനുദാത്തം തു പാദാദൌ നോവർജം വിദ്യതേ പദം ।**
**പാദാദാവനുദാത്തം തു യദന്യത്തദിഹോദിതമ് ॥**

1. 'ഉ' എന്ന പദമൊഴികെ പാദത്തിന്റെ ആദ്യഭാഗത്ത് അനുദാത്തമായ പദം ഉണ്ടാകില്ല. (അതായത് ഉ എന്നത് അനുദാത്തമാണെങ്കിലും പാദാദിയിൽ വരാം. അതല്ലാതെ പാദാദിയിൽ അ

നുദാത്തം വരാത്തതിനാൽ പാദാന്ത്യത്തിനോടടുപ്പിച്ച് അനുദാത്തം ഉണ്ടെങ്കിൽ അത് പാദാന്ത്യമായി കണക്കാക്കാം എന്നു താൽപ്പര്യം. ഇത് എല്ലാ ഹേതുക്കളേക്കാളും ബലവത്തമമാണ്).

തം തേ മദം ഗൃണീമസി വൃഷണം പൃത്സ്മ സാസഹിം
ഉ ലോകകൃത്നുമദ്രിവോ ഹരിശ്രിയം (8.15.4)

ഇവിടെ ഉഷ്ണിക്കാണ് ഛന്ദസ്സ്. ആദ്യത്തെ രണ്ടു പാദങ്ങളിൽ എട്ടക്ഷരങ്ങൾ വീതവും മൂന്നാമത്തെ പാദത്തിൽ പന്ത്രണ്ടക്ഷരവും. മൂന്നാമത്തെ പാദത്തിന്റെ ആദിയിൽ അനുദാത്തമായ ഉ എന്ന് വന്നിരിയ്ക്കുന്നു.

അർവ്വാവതോ ന ആ ഗഹ്യഥോ ശക്ര പരാവതഃ
ഉ ലോകോ യസ്തേ അദ്രിവ ഇന്ദ്രേഹ തത ആഗഹി (3.37.11)

അനുഷ്ടുപ്പാണ് ഇവിടെ ഛന്ദസ്സ്. ഇവിടേയും പാദാദിയിൽ അനുദാത്തമായ 'ഉ' എന്ന പദം വന്നിട്ടുണ്ട്.

ബതോ ബതാസി യമ നൈവ തേ മനോ ഹൃദയം ചാ വിദാമ ।
അന്യാ കില ത്വാം കക്ഷ്യേവ യുക്തം പരിഷ്വജാതേ ലിബുജേവ വൃക്ഷം॥ (10.10.13)

ഇവിടെ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. ബതോ ബതാസി എന്നു തുടങ്ങുന്ന ഒന്നാമത്തെ പാദത്തിൽ നൈവ തേ എന്നതിൽ തേ അനുദാത്തമായതിനാൽ അത് പാദാദിയിൽ വരില്ല എന്നുള്ളതുകൊണ്ട് പാദാന്ത്യമാണെന്നു തീർച്ചയാക്കാം.

ഇതുപോലെ,

'ക്ഷത്രായ ത്വമവസി ന ത്വമാവിഥ ശചീപത ഇന്ദ്രവിശ്വാഭിരൂതിഭിഃ ।
മാധ്യന്ദിനസ്യ സവനസ്യ വൃത്രവഹന്നനേദ്യ പിബാ സോമസ്യ വജ്രിവ' ॥

ഇവിടെ മഹാപംക്തിയാണ് ഛന്ദസ്സ്. എട്ടക്ഷരമുള്ള ആറു പാദങ്ങളാണ്. ഒന്നാമത്തെ പാദം ക്ഷത്രായ ത്വമവസി എന്നാണെന്നുറപ്പിയ്ക്കാം, കാരണം സി എന്നത് അനുദാത്തമായതിനാൽ പാദാദിയിൽ വരില്ല.

2. എന്നാൽ വേറെ ചില അനുദാത്തങ്ങളായ പദങ്ങൾ പാദാദിയിൽ വരും. അവ ഇവിടെ അടുത്തുതന്നെ പറയപ്പെടും.

**18. വശേ*f*സ്തീയക്ഷസീത്യേകം തൃചേ ചാദിഷ്ട ഇത്യപി ।**
**നേതിപൂർവ്വാണി സർവ്വാണി മധുച്ഛന്ദസ്യതാ വ്യധൌ ॥**

1. വശൻ എന്ന ഋഷിയാൽ ദൃഷ്ടമായ ഒരു ഋക്കിൽ പാദാദി

യിൽ ഇയക്ഷസി എന്ന അനുദാത്തമായ പദം ഉണ്ട്. ഋക്കിതാണ്:-

**മഹഃ സുവോ അരമിഷേ സ്തവാമഹേമീള്ഹുഷേ അരംഗമായ ജഗ്മയേ**

**യജ്ഞേഭിർഗീർഭിർ വിശ്വമനുഷാം മരുതാമിയക്ഷസി ഗായേത്വാ നമസാ ഗിരാ (8.46.17)**

ജഗതിച്ഛന്ദസ്സുള്ള ഈ ഋക്കിൽ നാലാമത്തെ പാദത്തിന്റെ ആദിയിലാണ് ഇയക്ഷസി എന്ന് വരുന്നത്.

2. അഭിഷ്ടേ (4.10.4) എന്നു തുടങ്ങുന്ന തൃചത്തിൽ (4.10.5, 4.10.6) ന എന്ന പദം പൂർവ്വത്തിൽ വരുന്ന എല്ലാ അക്ഷരങ്ങളും അനുദാത്തങ്ങളാണ്. അഭിഷ്ടേ എന്നാരംഭിയ്ക്കുന്ന തൃചങ്ങൾ ഇവയാണ്-

'അഭിഷ്ടേ അദ്യ ഗീർഭിർഗൃണംതോഽഗ്നേ ദാശേമ ।
പ്രതേ ദിവോ ന സ്തനയന്തി ശുഷ്മാഃ' ॥
'തവ സ്വാദിഷ്ഠാഗ്നേ സംദൃഷ്ടിരിദാ ചിദഹ്ന ഇദാ ചിദക്തോഃ।
ശ്രിയേ രുക്മോ ന രോചത ഉപാകേ' ॥
'ഘൃതം ന പൂതം തനൂരരേപാഃ ശുചി ഹിരണ്യം ।
തത്തേ രുക്മോ ന രോചത സ്വധാവഃ' ॥

ഇവയിൽ സ്തനയന്തി ശുഷ്മാ, രോചതേ ഉ പാകേ, രോചത സ്വധാവഃ എന്നീ അനുദാത്താക്ഷരങ്ങൾ ന എന്ന പൂർവ്വത്തോടുകൂടിയതാണ്. (ഈ മൂന്നിടത്തും പാദാദിയിൽ അനുദാത്തം വരുന്നുണ്ട്. അഭിഷ്ടേ എന്നു തുടങ്ങുന്ന ഋക്കിലും, ഘൃതം ന പൂതം എന്നു തുടങ്ങുന്ന ഋക്കിലും പദപംക്തിയാണ് ഛന്ദസ്സ്. അയ്യഞ്ചക്ഷരങ്ങളുള്ള അഞ്ചു പാദങ്ങളോ, അയ്യഞ്ചക്ഷരങ്ങളുള്ള നാലു പാദവും ആറക്ഷരമുള്ള ഒരു പാദവുമോ, അയ്യഞ്ചക്ഷരമുള്ള മൂന്നു പാദങ്ങളും ഒരു നാലക്ഷരമുള്ള പാദവും ഒരു ആറക്ഷരമുള്ള പാദവുമോ വരുമ്പോൾ പദപംക്തിഭുരിക് (ഗായത്രിയുടെ വകഭേദം) വരുന്നു. തവ സ്വാദിഷ്ഠ എന്നു തുടങ്ങുന്ന ഋക്കിൽ മഹാപദപംക്തിയാണ്. ഇത് അനുഷ്ടുപ്പിന്റെ വകഭേദമാണ്. ആകെ ആറു പാദങ്ങൾ, അതിൽ അഞ്ചെണ്ണത്തിൽ അഞ്ചക്ഷരങ്ങളും ഒരെണ്ണത്തിൽ ആറക്ഷരങ്ങളുമാണ്.

ഈ തൃചത്തിൽ അവസാനത്തെ പാദത്തിന്റെ ആദി അനുദാത്തസ്വരത്തോടുകൂടിയതാണ്.

3. മധുച്ഛന്ദസ്സ് എന്ന ഋഷിയാൽ ദൃഷ്ടമായ സൂക്തത്തിൽ ഋതാവൃധൌ എന്ന ഒന്ന് അനുദാത്തമാണ്. മേൽസൂചിപ്പിയ്ക്കപ്പെട്ട ഋക്ക് ഇതാണ്-

'ഋതേന മിത്രാവരുണാ വൃതാവൃധാവൃതസ്പൃശാ ।
ക്രതും ബൃഹന്തമാശാഥേ' ॥ (1.2.8)

ഇവിടെ ഗായത്രിയാണ് ഛന്ദസ്സ്. ഋതാ വൃധൌ എന്നു തുടങ്ങുന്നതാണ് രണ്ടാമത്തെ പാദം. പാദാദിയിൽ ഇവിടെ അനുദാത്തസ്വരമുണ്ട്.

**19 സ്തോമശബ്ദേ പരേƒധായ്യൃതശബ്ദേ പരേ സ്രിധത് ।**
**ഹുവേ തുരാണേ യത് പൂർവ്വം തൃപന്മരുത ഉത്തരമ് ॥**

1. സ്തോമഃ എന്ന പദം പരമായിരിയ്ക്കുന്ന അധായി എന്ന പദം അനുദാത്തമായിട്ടുണ്ട്.

അവീന്നോ അഗ്നിർ ഹവ്യാന്നമോഭിഃ പ്രേഷ്ഠോ അസ്മാ അധായി സ്തോമഃ (7.34.14)

സ്തോമ എന്നു പരമായിരിയ്ക്കുന്ന 'അധായി' എന്നത് അനുദാത്തമാണ്.

2. ഋതശബ്ദം പരമായിരിയ്ക്കുമ്പോൾ 'സ്രിധത്' എന്ന ഒന്ന് അനുദാത്തമാണ്. - മാ നോഹിർബുധ്ന്യോ രിഷേ ധാന്മാ യജ്ഞോ അസ്യ സ്രിധദൃതാ യോഃ- ഇവിടെ ഋതശബ്ദം പരമായ സ്രിധത് എന്നത് അനുദാത്തസ്വരത്തിലുള്ളതാണ്.

3. ഹുവേ തുരാണാം എന്ന ദ്വൈപദത്തിൽ പൂർവ്വമായ പദം അനുദാത്തമാണ്. - പ്രിയാ വോ നാമ ഹുവേ തുരാണാമായത്തൃപന്മരുതോ വാവശാനഃ (7.56.10)

4. തൃപൻ മരുത എന്ന ദ്വൈപദത്തിൽ രണ്ടാമതു വരുന്നത് അതായത് മരുത എന്നത് അനുദാത്തമാണ്.

മുകളിൽ കാണിച്ച ഋക്കിന്റെ അവസാനത്തെ ഭാഗം 'ആയത്തൃപൻ മരുതോ വാവശാനഃ' എന്നാണല്ലോ. ഇവിടെ 'തൃപൻ മരുതഃ' എന്ന ദ്വൈപദത്തിലെ ഉത്തരപദമായ 'മരുതഃ' എന്നത് അനുദാത്തമാണ്.

**20 പ്രേദം ബ്രഹ്മേതി ചൈതസ്മിൻ സൂക്തേ പാദോസ്തി പഞ്ചമഃ ।**
**സർവ്വാനുദാത്തഃ ഷട് സ്വൃക്ഷ്വാദിതശ്ച ചതുർദശ.॥**

1. പ്രേദം ബ്രഹ്മ (8.37.1) എന്നു തുടങ്ങുന്ന സൂക്തത്തിൽ ആദ്യത്തെ ആറു ഋക്കുകളിൽ അഞ്ചാമത്തെ പാദം സർവ്വാനുദാത്തമാണ്.

'പ്രേദം ബ്രഹ്മ' എന്നാരംഭിയ്ക്കുന്ന സൂക്തം എട്ടാമത്തെ മണ്ഡലത്തിൽ 37-ാമത്തെയാണ്. ആകെ ഏഴ് ഋക്കുകളാണ് ഈ സൂക്തത്തിലുള്ളത്. ആദ്യത്തെ ഋക്കായ പ്രേദം ബ്രഹ്മ- എന്നത് 62 അക്ഷരങ്ങളുള്ള അതിജഗതിയും, പിന്നത്തെ ആറു ഋക്കുകൾ മഹാപംക്തിയുമാണ്. എട്ടക്ഷരങ്ങളുള്ള ആറു പാദമാണല്ലോ മഹാപംക്തിയ്ക്ക്.

പ്രേദം ബ്രഹ്മ തുടങ്ങി ആറു ഋക്കുകളിൽ അഞ്ചാമത്തെ പാദം 'വൃത്രഹന്നനേദ്യ' എന്നിങ്ങനെ സർവ്വാനുദാത്തമായ പദമാണുള്ളത്. (വൃത്രഹന്നനേദ്യ എന്നുതന്നെയാണ് 6-ലും അഞ്ചാമത്തെ പാദം).

ഈ സൂക്തത്തിലെ ആദ്യം മുതലുള്ള പാദങ്ങളിൽ 14-ാമതായി (ആറു പാദം വീതം കണക്കാക്കുമ്പോൾ മൂന്നാമത്തെ ഋക്കിന്റെ രണ്ടാമത്തെ പാദം) വരുന്ന പാദവും സർവ്വാനുദാത്തമാണ്.

'ഏകരാളസ്യ ഭുവനസ്യ രാജസി ശചീപത ഇന്ദ്രവിശ്വാഭിരൂതിഭിഃ ।

മാധ്യന്ദിനസ്യ സവനസ്യ വൃത്രഹന്നനേദ്യ പിബാ സോമസ്യ വജ്രിവഃ - ഇവിടെ രാജസി ശചീപതേ എന്നുള്ളതാണ് സർവ്വാനുദാത്തം.

(ഈ സൂക്തത്തിൽ ആകെയുള്ള ഏഴു ഋക്കുകളിൽ ആദ്യത്തെ ആറിലും 3, 4, 5, 6 എന്നീ പാദങ്ങൾ (ഋക്കിന്റെ രണ്ടാം പകുതി) ഒരുപോലെയാണ്. സർവ്വാനുദാത്തമായത് അഞ്ചാം പാദം. മൂന്നാമത്തെ ഋക്കിലെ രണ്ടാമത്തെ പാദവും സർവ്വാനുദാത്തമാണ്).

**21 പാദൌ ഗായത്രവൈരാജാവഷ്ടാക്ഷരദശാക്ഷരൌ ।**
**ഏകാദശിദ്വാദശിനൌ വിദ്യാത്ത്രൈഷ്ടുഭജാഗതൌ ॥**

എട്ടക്ഷരമുള്ള പാദം ഗായത്രമെന്നും പത്തക്ഷരമുള്ള പാദം വൈരാജമെന്നും പറയുന്നു. പതിനൊന്നക്ഷരമുള്ളത് ത്രൈഷ്ടുഭവും പന്ത്രണ്ടക്ഷരമുള്ളത് ജാഗതവുമാണ്.

**22 വർഷിഷ്ഠാണിഷ്ഠയോരേഷാം ലഘൂപോത്തമമക്ഷരം ।**
**ഗുർവ്വേവേതരയോർ ഋക്ഷു തദ്വൃത്തം പ്രാഹുശ്ച്ഛന്ദസാമ് ॥**

1. ഇവകളിൽ എട്ടക്ഷരവും പന്ത്രണ്ടക്ഷരവുമുള്ള പാദങ്ങളിൽ അവസാനത്തെ അക്ഷരത്തിന് മുൻപുള്ള -അതായത് ഏഴാമത്തേതും പതിനൊന്നാമത്തേതും- അക്ഷരം ലഘുവായിരിയ്ക്കും.

ഉദാഃ- അഗ്നിമീളേ പുരോഹിതമ്(1.1.1)

ഇവിടെ പാദത്തിൽ എട്ടക്ഷരമാണുള്ളത്. ഏഴാമത്തെ അക്ഷരം ഹി എന്നത് ലഘുവാണ്.

പ്രദേവമച്ഛാ മധുമന്ത ഇന്ദവഃ (9.68.1)

ഇവിടെ പാദത്തിൽ പന്ത്രണ്ടക്ഷരമാണുള്ളത്. പതിനൊന്നാമത്തെ അക്ഷരമായ ന്ദ എന്നത് ലഘുവാണ്.

2. മറ്റു രണ്ടിലും ഉപോത്തമമായ (അവസാനത്തേതിന്റെ തൊട്ടുമുൻപുള്ള) അക്ഷരം ഗുരുവായിരിയ്ക്കും. (മറ്റു രണ്ടിലും എന്നു പറഞ്ഞാൽ പത്തക്ഷരവും പതിനൊന്നക്ഷരവുമുള്ള പാദങ്ങളിൽ എന്നർത്ഥം. ഇവകളിൽ യഥാക്രമം 9-ാമത്തേയും 10-ാമത്തേയും അക്ഷരങ്ങൾ ഗുരുവായിരിയ്ക്കും എന്നർത്ഥം)

ഉദാ: പിബാ സോമമഭി യമുഗ്രതർദ്ദഃ (6.17.1)- ഇവിടെ പത്താമത്തെ അക്ഷരമായ ത ഗുരുവാണ്.

ശ്രുധീഹവം വിപിപാനസ്യാദ്രേഃ (7.23.4)-ഇവിടെ ഒമ്പതാമത്തെ അക്ഷരം ഗുരുവാണ്.

3. ഇത് ഋക്കുകളിലെ ഛന്ദസ്സുകളുടെ വൃത്തം ആണെന്ന് ആചാര്യന്മാർ പറയുന്നു.

**23 ഏതൈശ്ചന്ദാംസി വർത്തന്തേ**
**സർവ്വാണ്യന്യൈരതോഽല്പശഃ ।**
**ഏതദ്വികാരാ ഏവാന്യേ**
**സർവ്വേ തു പ്രാകൃതാഃ സമാഃ ॥**

ഈ പാദങ്ങളോടുകൂടിയാണ് എല്ലാ ഛന്ദസ്സുകളും സ്ഥിതി ചെയ്യുന്നത്. കുറച്ചെണ്ണം ഇവയിൽനിന്ന് ഭിന്നമായിട്ടുമുണ്ട്. അപ്രകാരം ഭിന്നമായ പാദങ്ങൾ ഈ പാദങ്ങളുടെതന്നെ വികാരങ്ങളാണ്. എട്ടക്ഷരങ്ങളിൽ കുറവുള്ള പാദങ്ങൾ ഗായത്രപാദത്തിന്റെ വികാരങ്ങളാണ്. ഒമ്പതക്ഷരമുള്ളത്, അവസാനത്തേതിന്റെ തൊട്ടുമുൻപുള്ള അക്ഷരം ഗുരുവാണ് എങ്കിൽ വൈരാജത്തിന്റെ വികാരമാണ്; ലഘുവാണ് എങ്കിൽ ഗായത്രത്തിന്റേയും. പതിമൂന്നക്ഷരം മുതലുള്ളവയിൽ അവസാനത്തേതിന്റെ തൊട്ടുമുമ്പുള്ള അക്ഷരം ഗുരുവാണെങ്കിൽ ത്രൈഷ്ടുഭവും ലഘുവാണെങ്കിൽ ജാഗതവുമാണ്.

ഗായത്രം എന്ന എട്ടക്ഷരമുള്ള പാദം, പത്തക്ഷരമുള്ള വൈരാജം, പതിനൊന്നക്ഷരമുള്ള ത്രൈഷ്ടുഭം, പന്ത്രണ്ടക്ഷരമുള്ള ജാഗതം എന്നിവയാണ് പ്രാകൃതപാദങ്ങൾ. ഇവ ഒന്ന് മറ്റൊന്നിന്റെ വികാരമല്ലാത്തതിനാൽ പ്രാകൃതങ്ങൾ മാത്രമാണ്. പ്രാകൃതങ്ങൾ എന്ന നിലയ്ക്ക് ഈ നാലും തുല്യങ്ങളാണ്.

**24 ഏക ഏകപദൈതേഷാം ദ്വൌ പാദൌ ദ്വിപദോച്യതേ ।**
**തേ തു തേനൈവ പ്രോച്യേതേ സരൂപേ യസ്യ പാദതഃ ॥**

1. ഇപ്രകാരം നാലുതരത്തിലുള്ള പാദങ്ങളിൽ ഒറ്റപ്പദം മാത്രമുള്ളതിന് ഏകപദാഋക്ക് എന്നു പറയുന്നു.

അസിക്ന്യാം യജമാനോ ന ഹോതാ (4.17.15)- ഇത് ഏകപദയായ ഋക്കാണ്.

2. രണ്ടു പാദങ്ങളുള്ളതിനെ ദ്വിപദാഋക്ക് എന്നു പറയുന്നു.

'സാധുർന ഗൃധ്നുരസ്തേവ ശൂരോ യാതേവഭീമസ്ത്വേഷഃ സമത്സു' (1.70.11)- ഇത് ദ്വിപദാഋക്കാണ്.

3. ഈ ഏകപദയും ദ്വിപദയും അക്ഷരങ്ങളുടെ സംഖ്യകൊണ്ട് ഏതൊരു ഛന്ദസ്സിന്റെ പാദവുമായിട്ടാണോ സദൃശ്യം വഹിയ്ക്കുന്നത് ആ ഛന്ദസ്സിന്റെ പേരിലറിയപ്പെടുന്നു. (ദ്വിപദാ ഗായത്രി, ഏകപദാ ത്രിഷ്ടുപ് എന്നിങ്ങനെ പേരുകൾ പറയപ്പെടുന്നു എന്നു താൽപ്പര്യം).

**25 ന ദാശതയ്യേകപദാ കാചിദസ്തീതി വൈ യാസ്കഃ I**
**അന്യത്ര വൈ മദ്യാഃ സൈകാ ദശിനീ മുഖതോ വിരാട് II**

ഋഗ്വേദസംഹിതയിൽ വിമദമഹർഷിയാൽ ദൃഷ്ടമായതല്ലാതെ ഏകപദയായ ഋക്ക് ഇല്ല എന്ന് യാസ്കാചാര്യൻ കരുതുന്നു. വിമദദൃഷ്ടയായ ആ ഏകപദയാകട്ടെ സൂക്തത്തിന്റെ ആദ്യത്തിൽത്തന്നെ ഉള്ളതും പത്തക്ഷരമുള്ളതുമായ വിരാട് ആണ്.

ഭദ്രം നോ അപി വാതയ മനഃ (10.20.1). ഇതാണ് വിമദമഹർഷിയാൽ ദർശിയ്ക്കപ്പെട്ട സൂക്തത്തിലെ ആദ്യത്തെ ഋക്കായ ഏകപദാ. പത്തക്ഷരമുള്ള വിരാടാണ് ഛന്ദസ്സ്.

**26 ആഹു സ്ത്വേകപദാ അന്യേ അധ്യാസാനേകപാതിനഃ I**
**അധ്യാസാനപി യേ കേചിത്ത്വാഹുരേകപദാ ഇമാഃ II**

ചില ആചാര്യന്മാർ ഏകപദാഋക്കിനെ പൂർവ്വഋക്കിന്റെ അംഗമായി കണക്കാക്കുന്നു.

'ആ വാം സുമ്നേ വരിമൻ സൂരിഭിഃ ഷ്യാം' (6.63.11)
അസിക്ന്യാം യജമാനോ ന ഹോതാ (4.17.15)
ഉരൌ ദേവാ അനിവാധേ സ്യാമ (5.42.17)
സിഷക്തു ന ഊർജവ്യസ്യ പുഷ്ടേഃ

ഇവയിൽ 'ആ വാം സുമ്നേ..' എന്ന ഏകപദ 63-ാമത്തെ സൂക്തത്തിന്റെ അവസാനമാണ് വരുന്നത്. 'അസിക്ന്യാം' എന്നു തുടങ്ങുന്ന ഏകപദ 4-ാമത്തെ മണ്ഡലത്തിൽ 17-ാമത്തെ സൂക്തത്തിൽ ഇടയിലായിട്ടാണ് വരുന്നത്. ഈ സൂക്തത്തിൽ ആകെ 21 ഋക്കുകളാണ് ഉള്ളത്. 'ഉരൌ ദേവാ' എന്നു തുടങ്ങുന്ന ഏകപദ 5-ാമത്തെ മണ്ഡലത്തിൽ 42-ാമത്തെ സൂക്തത്തിൽ അവസാനത്തേതിന്റെ തൊട്ടുമുൻപാണ് വരുന്നത്. ആകെ 18 ഋക്കുകളാണ്

ഈ സൂക്തത്തിൽ. ഏകപദ 17-ാമത് വരുന്നു. 'സിഷക് തു നഃ' എന്നുതുടങ്ങുന്ന ഏകപദയാകട്ടെ അഞ്ചാമത്തെ മണ്ഡലത്തിൽ 41-ാമത്തെ സൂക്തത്തിൽ അവസാനത്തേതാണ്.

സൂക്തത്തിന്റെ ആദ്യം വരുന്നത് 'ഭദ്രം നോ അപി വാതയ മനഃ' (10.20.1) എന്നതു മാത്രമാണ്. ബാക്കി എല്ലാ ഏകപദകളും അതാതു സൂക്തങ്ങളിൽ തൊട്ടുമുൻപുവരുന്ന ഋക്കുകളുടെ ഭാഗമാണെന്നാണ് ചില ആചാര്യന്മാരുടെ അഭിപ്രായം. മറ്റു ചില ആചാര്യന്മാർ അധ്യാസങ്ങളെ ഏകപദകളായി പറയുന്നു.

**27 ആ വാം സുമ്നേ അസിക്ന്യാം ദ്വേ ഉരൌ ദേവാ സിഷക്തു നഃ ।**
**പാദാ ഏകാധികാഃ സന്തി ഛന്ദസാം ചതുരക്ഷരാത് ॥**

'ആ വാം സുമ്നേ വരിമൻത്സൂരിഭിഃ ഷ്യാം' (6.63.11)

'അസിക്ന്യാം യജമാനോ ന ഹോതാ' (4.17.15)

ഉരൌ ദേവാ അനിബാധേ സ്യാമ (5.42.17)

സിഷക്തു ന ഊർജവ്യസ്യ പുഷ്ടേഃ (5.41.20) എന്നിവ ഉദാഹരണങ്ങളാണ്. (ഉത്തരാർദ്ധത്തിന്റെ അർത്ഥം അടുത്ത കാരികയുടെ അർത്ഥത്തോടു ചേർന്നു പറയുന്നതാണ്).

**28 സന്ത്യതി ഛന്ദസാം പാദാ ഏകോത്കർഷേണ ജാഗതാത് ।**
**ഷോഡശാക്ഷരപര്യന്താ ഏകശ്ചാഷ്ടാദശാക്ഷരഃ ॥**

ഛന്ദസ്സുകളുടെ പാദങ്ങൾ നാലക്ഷരം മുതൽ ഓരോ നാലക്ഷരം കൂടിക്കൂടി പതിനാറക്ഷരം വരേയാണ്. ഒരെണ്ണം പതിനെട്ടക്ഷരമുള്ളതുമുണ്ട്. അതിച്ഛന്ദസ്സുകളിലും ജഗതിച്ഛന്ദസ്സിലേക്കാൾ ക്രമത്തിൽ ഓരോന്നു കൂടുതലായിട്ടാണ് വരുന്നത്.

ദദേ രേക്ണസ്തന്വേ ദദിർവസുദദിർവാജേഷു പുരുഹൂതവാജിനം നൂനമഥ (8.46.5)

ഈ ഋക്കിൽ കകുപ് ന്യങ്കുശിരാ ഛന്ദസ്സാണ്. മൂന്നാമത്തെ പാദത്തിൽ നാലക്ഷരങ്ങളേ ഉള്ളൂ അതിനാൽ നൂനമഥ എന്നത് നാലക്ഷരമുള്ള പാദത്തിന് ഉദാഹരണമാകുന്നു..

'അഗ്നേ തമദ്യാശ്വം ന സ്തോമൈഃ ക്രതും ന ഭദ്രം ഹൃദിസ്പൃശം' ।

'ഋധ്യാമാ ത ഓഹൈഃ' ॥ (4.10.1)- ഇവിടെ പദപംക്തിയാണ് ഛന്ദസ്സ്. ആകെ അഞ്ചു പാദങ്ങളുള്ള ഈ ഛന്ദസ്സിൽ അവസാനത്തെ പാദത്തിൽ ആറക്ഷരങ്ങളാണുള്ളത്. ഇപ്രകാരം ഉദാഹരണങ്ങൾ കണ്ടെത്താവുന്നതാണ്.

**29 ഏകാദശൈവ ഛന്ദസി പാദാ യേ ഷോഡശാക്ഷരാഃ ।**
**സർവ്വേ ത്രികദ്രുകീയാസു നാകുലേ/ഷ്ടാദശാക്ഷരഃ ॥**

സംഹിതയിൽ പതിനാറക്ഷരമുള്ള പാദങ്ങൾ പതിനൊന്നെണ്ണമാണുള്ളത്. അവയാകട്ടെ എല്ലാം ത്രികദ്രുകീയങ്ങളിലാണ്. രണ്ടാമത്തെ മണ്ഡലത്തിൽ 22-ാമത്തെ സൂക്തത്തിൽ 1-ാമത്തെ ഋക്ക് 'ത്രികദ്രുകേഷു' എന്നാണാരംഭിയ്ക്കുന്നത്. അതിനാൽ ഈ സൂക്തത്തെ ത്രികദ്രുകീയം എന്ന് പറയുന്നു. (ത്രികദ്രുകേഷു എന്ന ശബ്ദം ജ്യോതിസ്സ്, ഗോവ്, ആയുസ്സ് എന്നീ അഭിപ്ലവികദിനങ്ങളിൽ എന്ന് വ്യാഖ്യാനിയ്ക്കപ്പെട്ടിരിയ്ക്കുന്നു) ഈ സൂക്തത്തിൽ നാലു ഋക്കുകളാണുള്ളത്. ഒന്നാമത്തെ ഋക്കിൽ 4-ഉം, രണ്ടാമത്തേതിൽ മൂന്നും, നാലിൽ ഒന്നും, മൂന്നിൽ മൂന്നും പാദങ്ങൾ (ആകെ പതിനൊന്ന്) പതിനാറക്ഷരങ്ങളോടുകൂടിയതാണ്. (ഋഗ്വേദസംഹിതയിൽ 16 അക്ഷരങ്ങളുള്ള പാദങ്ങൾ ആകെ 11 ആണ് എന്നു പറഞ്ഞതിതുകൊണ്ടാണ്).

പതിനെട്ടക്ഷരമുള്ള പാദം ഒരെണ്ണമാണ്; അത് നകുലർഷിദൃഷ്ടമായ സൂക്തത്തിലാണ്. - 'അർചാമി സത്യസവം രത്നധാമഭിപ്രിയം മതിം കവിം' എന്നതാണത്.

**30 അവർമഹോ*f*വികർഷേണ ജ്യേഷ്ഠാ ദാശതയീഷ്വൃചാമ് ।**
**വികർഷണേ തു പാദൈശ്ച സഹി ശർധ ഇതി സ്മൃതഃ ॥**

ഋഗ്വേദസംഹിതയിൽ ആദ്യത്തെ മണ്ഡലത്തിൽ 133-ാമത്തെ സൂക്തത്തിൽ 6-ാമത്തേതായ 'അവർമഹ ഇന്ദ്ര' എന്നാരംഭിയ്ക്കുന്ന ഋക്ക് വ്യൂഹം കൂടാതെ എഴുപതക്ഷരങ്ങളുള്ളതാണ്. അതിനാൽ ഇത് ഋക്കുകളിൽവച്ച് വലുതാണ്.

എന്നാൽ ഒന്നാമത്തെ മണ്ഡലത്തിൽ 127-ാമത്തെ സൂക്തത്തിൽ ആറാമതായി വരുന്ന 'സഹി ശർധോ ന മാരുതം' എന്ന ഋക്ക് വ്യൂഹം ചെയ്താൽ 76 അക്ഷരങ്ങൾ വരും; 8 പാദങ്ങളുണ്ട്. അതിനാൽ ഈ ഋക്ക് 'ജ്യേഷ്ഠ'യാണ്.

**31 അണിഷ്ഠാ ബഹുപാദാനാം**
**ഭാരദ്വാജീ പുരൂതമമ് ।**
**അവികർഷേണ സൌഭരീ**
**പ്രോഷ്ഠംവാദിഹ്രസീയസീ ॥**

അനേകം പാദങ്ങളുള്ള ഋക്കുകളുടെ കൂട്ടത്തിൽ ഭരദ്വാജമഹർഷിയാൽ ദൃഷ്ടയായ ഇരുപതക്ഷരങ്ങളുള്ള 'പുരുതമം പുരൂണാം സ്തോതൃണാം' (6.45.29) എന്ന ഋക്കാണ് ഏറ്റവും ചെറുത്.

ഇവിടെ ഭരദ്വാജദൃഷ്ടമായ എന്ന് പ്രത്യേകം എടുത്തുപറഞ്ഞതുകൊണ്ട് 'പുരുതമം പുരൂണാമീശാനം' (1.5.2) എന്ന ഋക്കിനെ എടുക്കരുത്. അത് ഭരദ്വാജദൃഷ്ടമല്ല. മധുച്ഛന്ദോദൃഷ്ടമാണ്.

വ്യൂഹം കൂടാതെ 'പ്രോഷ്ഠമുപ്രിയാണാം' (8.103.10) എന്ന സൌഭരിദൃഷ്ടമായ ഋക്ക് മുൻപറഞ്ഞതിനേക്കാൾ ചെറുതാണ്. പത്തൊമ്പതക്ഷരങ്ങളേ ഉള്ളൂ.

**32 വിരാജോ ദ്വിപദാഃ കേചിത് സർവ്വാ ആഹുശ്ചതുഷ്പദാഃ**
**കൃത്വാ പഞ്ചാക്ഷരാൻ പാദാം സ്താസ്തഥാക്ഷരപംക്തയഃ**

പശ്വാ ന തായും ഗുഹാ ചതംതം (1.65.1) എന്നു തുടങ്ങിയ വിരാട്ടുക്കളായ ദ്വിപദകളേയെല്ലാം അഞ്ചക്ഷരങ്ങളുള്ള നാലു പാദങ്ങളാക്കി ചിലർ പറയുന്നു. അപ്പോൾ 'പശ്വാ ന തായും', 'ഗുഹാ ചതംതം', 'നമോ യുജാനം', നമോ വഹന്തം' എന്ന് ഒരു ചതുഷ്പദയാകുന്നു. ഇങ്ങനെ അഞ്ചക്ഷരം വീതമുള്ള ചതുഷ്പദയാക്കുമ്പോൾ അവ അക്ഷരപംക്തി എന്നറിയപ്പെടുന്നു.

**പതിനേഴാം പടലം കഴിഞ്ഞു**

1. **ബാർഹതോ ബൃഹതീപൂർവ്വഃ**
**കകുപ് പൂർവ്വസ്തു കാകുഭഃ ।**
**ഏതൌ സതോ ബൃഹത്യന്തൌ**
**പ്രഗാഥൌ ഭവതോ ദ്വൃചൌ ॥**

ഏതൊരു ദ്വൃചത്തിൽ ആദ്യത്തേത് ബൃഹതി ഛന്ദസ്സോടുകൂടിയതും രണ്ടാമത്തേത് സതോബൃഹതീഛന്ദസ്സോടുകൂടിയതും ആകുന്നുവോ ആ പ്രഗാഥം ബാർഹതപ്രഗാഥം എന്നറിയപ്പെടുന്നു. ആദ്യത്ത് ഋക്ക് കകുപ്ഛന്ദസ്സോടുകൂടിയതും രണ്ടാമത്തെ ഋക്ക് സതോബൃഹതിയും ആണെങ്കിൽ ആ പ്രഗാഥം കാകുഭമായ പ്രഗാഥമാണ്.

2. **ത്വമങ്ഗ പ്രപ്രവേ യഹ്വം മാ ചിദ് ബൃഹദു ഗായിഷേ ।**
**ബാർഹതാഃ കാകുഭാനാഹുസ്തം ഗൂർധയ വയമ്വിതി ॥**

ഒന്നാമത്തെ മണ്ഡലത്തിൽ 84-ാം സൂക്തത്തിൽ 19-ാമത്തെ ഋക്ക് ബൃഹതിയും, 20-ാമത്തേത് സതോബൃഹതിയുമാണ്. ആയതിനാൽ ആ ദ്വൃചം ബാർഹതപ്രഗാഥമാണ്.

ആ രണ്ട് ഋക്കുകൾ താഴെക്കൊടുക്കുന്നു:-

**ത്വമങ്ഗ പ്രശംസിഷോ ദേവ ശവിഷ്ഠ മർത്യം**
**ന ത്വദന്യോ മഘവന്നസ്തി മർഡിതേന്ദ്ര ബ്രവീമി തേ വചഃ (1.84.19)**
**മാ തേ രാധാംസി മാത ഊതയോ വസോഽസ്മാൻ കദാചനാദഭൻ**
**വിശ്വാ ച ന ഉപമിമീഹി മാനുഷ വസൂനി ചർഷിണിഭ്യ ആ(1.84.20)**

ഒന്നാമത്തെ മണ്ഡലത്തിൽ 36-ാം സൂക്തത്തിൽ ഒന്നും രണ്ടും ഋക്കുകളടങ്ങുന്ന ആദ്യത്തെ ദ്വൃചമാണ് ബാർഹതപ്രഗാഥത്തിന് ഉദാഹരണമായി രണ്ടാമത് കാണിച്ചിരിയ്ക്കുന്നത്. (20 ഋക്കുകളുള്ള ഈ സൂക്തത്തിൽ 1. 3, 5 തുടങ്ങി പത്തൊൻപതു വരേയുള്ളവ ബൃഹതിയും 2, 4, 6 തുടങ്ങി 20 വരേയുള്ളവ സതോബൃഹതിയുമാണെന്ന് പറഞ്ഞിരിയ്ക്കുന്നതിനാൽ എല്ലാ ദ്വൃചവും ബാർഹതപ്രഗാഥങ്ങളാണെന്നു കാണാം.) ആദ്യത്തെ രണ്ട് ഋക്കുകളിതാണ്.

**പ്രവോ യഹ്വം പുരൂണാം വിശാം ദേവയതീനാം**
**അഗ്നിം, സൂക്തേഭിർവചോഭിരീമഹേ യം സീമിദന്യ ഈളതേ(1.36.1)**
**ജനാസോ അഗ്നിം ദധിരേ സഹോവൃധം ഹവിഷ്മതോ വിധേമതേ**
**സ ത്വം നോ അദ്യ സുമനാ ഇഹാവിതാ ഭവാ വാജേഷു സംത്യ(1.36.2)**

8-ാമത്തെ മണ്ഡലത്തിൽ ആദ്യത്തെ സൂക്തത്തിലെ ആദ്യത്തെ രണ്ടു ഋക്കുകളടങ്ങുന്ന ദ്വൃചമാണ് മൂന്നാമത്തെ ഉദാഹരണം. ഋക്കുകളിവയാണ്:-

**മാ ചിദന്യദ്വി ശംസതേ സഖായോ മാ രിഷണ്യത**
**ഇദമിത്സ്തോതാ വൃഷണം സചാ സുതേ മുഹുരുക്ഥാ ച ശംസത (8.1.1)**
**അവ ക്രക്ഷിണം വൃഷഭം യഥാജുരം ഗാം ന ചർഷണീസഹം**
**വിദ്വേഷണം സംവനനോഭയംകരം മംഹിഷ്ഠമുഭയാവിനം (8.1.2)**

ഇവയിൽ ആദ്യത്തേത് ബൃഹതിയും രണ്ടാമത്തേത് സതോബൃഹതിയുമാണ്. ആയതിനാൽ ഈ ദ്വൃചം ബാർഹതപ്രഗാഥമാണ്.

ഏഴാമത്തെ മണ്ഡലത്തിൽ 96-ാമത്തെ സൂക്തത്തിൽ ഒന്നും രണ്ടും ഋക്കുകളടങ്ങുന്ന ദ്വൃചവും ബാർഹതപ്രഗാഥത്തിന് ഉദാഹരണമാണ്. ഋക്കുകളിതാണ്:-

**ബൃഹദു ഗായിഷേ വചോ*f*സുര്യാ നദീനാം**
**സരസ്വതീമിന്മഹയാ സുവൃക്തിഭിഃ സ്തോമൈർവസിഷ്ഠ രോദസീ (7.96.1)**
**ഉഭേ യത്തേ മഹിനാ ശുഭ്രേ അംധസീ അധിക്ഷയന്തി പൂരവഃ**
**സാ നോ ബോധ്യവിത്രീ മരുത്സഖാ ചോദ രാധോ മഘോനാം (7.96.2)**

ത്വമങ്ഗ എന്നു തുടങ്ങുന്ന രണ്ടാമത്തെ കാരികയിൽ പൂർവ്വാർദ്ധം ബാർഹതപ്രഗാഥത്തിന് നാലുദാഹരണങ്ങളെ കാണിയ്ക്കുന്നു. 'ത്വമങ്ഗപ്ര', 'പ്രവോ യഹ്വം', 'മാ ചിദ്', 'ബൃഹദു ഗായിഷേ' എന്നിവ ഋക്കുകളുടെ ആദ്യഭാഗങ്ങളാണ്. ഇവ നാലും മേൽക്കാണിച്ചു. ഉത്തരാർദ്ധത്തിൽ കാകുഭപ്രഗാഥത്തിന് രണ്ടുദാഹരണങ്ങളെക്കാണിയ്ക്കുന്നു. 'തം ഗൂർദ്ധയ', 'വയമു' എന്നിവയാണവ.

**'തം ഗൂർദ്ധയാ സ്വർണ്ണരം ദേവാസോ ദേവമരതിം ദധന്വിരേ I**
**ദേവത്രാ ഹവ്യമോഹിരേ' II (8.19.1)**
**'വിഭൂതാരാതിം വിപ്ര ചിത്രശോചിഷമഗ്നിമീളിഷ്വയന്തുരം**
**അസ്യ മേഘസ്യ സോമ്യസ്യ സോഭരേ പ്രേമധ്വരായ പൂർവ്വ്യം' II (8.19.2)**

ഋഗ്വേദത്തിൽ എട്ടാമത്തെ മണ്ഡലത്തിൽ 19-ാമത്തെ സൂക്തത്തിൽ ഒന്നും രണ്ടും ഋക്കുകളാണ് മേൽക്കാണിച്ചത്. ഒന്നാമത്തേതിൽ കകുപ്പും രണ്ടാമത്തേതിൽ സതോബൃഹതിയുമാണ്. ആയതിനാൽ ഈ ദ്വൃചം കാകുഭപ്രഗാഥമാണ്.

ഋഗ്വേദം 8-ാം മണ്ഡലത്തിൽ 21-ാമത്തെ സൂക്തത്തിൽ ഒന്നും രണ്ടും ഋക്കുകളടങ്ങുന്ന ദ്വൃചവും കാകുഭപ്രഗാഥത്തിന് ഉദാഹരണമാണ് ഋക്കുകൾ താഴെക്കൊടുക്കുന്നു:-

**'വയമുത്വാമപൂർവ്വ്യ സ്ഥൂരം ന കച്ചിദ്ഭരന്തോ/വസ്യവഃ I**

**വാജേ ചിത്രം ഹവാമഹേ' II (8.21.1)**

**'ഉപത്വാ കർമ്മന്നൂതയേ സനോ യുവോഗ്രശ്ചക്രാമ യോ ധൃഷത് I**

**ത്വാമിദ്ധ്യാ വിതാരം വവൃമഹേ സഖായ ഇന്ദ്ര സാനസിം' II (8.21.2)**

ഈ സൂക്തത്തിലെ 1, 3, 4 തുടങ്ങിയ ഒറ്റയക്കങ്ങളുള്ളവയിൽ കകുപ്പും 2, 4, 6 എന്നീ ഇരട്ടയക്കങ്ങളിലുള്ള ഋക്കുകളിൽ സതോബൃഹതിയും ആയതിനാൽ ഈ ദ്വൃചത്തിൽ കാകുഭപ്രഗാഥമാണ്.

**3. അനുഷ്ടുബ് ദ്വേ ച ഗായത്ര്യാ വേഷ ആനുഷ്ടുഭഃ സ്മൃതഃ I**
**വിരാജാവഭിസമ്പന്നഃ പദ്യാക്ഷര്യേ സ ഉത്ഥിതഃ II**

ഒരു ഋക്ക് അനുഷ്ടുപ് ഛന്ദസ്സിലും രണ്ടു ഋക്കുകൾ ഗായത്രിയിലുമുള്ള തൃചം ആനുഷ്ടുഭപ്രഗാഥം എന്നറിയപ്പെടുന്നു. പാദങ്ങൾകൊണ്ടും അക്ഷരങ്ങൾകൊണ്ടും ഇത് രണ്ടു വിരാജങ്ങൾക്കു തുല്ല്യമാണ്. പത്തു പാദങ്ങളും എൺപത് അക്ഷരങ്ങളും. 'സഃ' എന്നത് 'സ പൂർവ്വ്യോ മഹാനാം' എന്നതിന്റെ പ്രതീകമാണ്. ഇതാണ് ഇവിടെ ഉദാഹരണമായെടുക്കുന്നത്. എട്ടാമത്തെ മണ്ഡലത്തിൽ 63-ാം സൂക്തത്തിൽ ഒന്നു മുതൽ മൂന്നുവരേയുള്ള ഋക്കുകളാണ് ഇവിടുത്തെ തൃചം.

ഈ കാരികയിൽ 'ഉത്ഥിതഃ' എന്ന ശബ്ദം പ്രയോഗിച്ചത് ഈ പ്രഗാഥത്തിന്റെ പ്രശംസാവചനമായെടുക്കണം. മറ്റു പ്രഗാഥങ്ങളിൽ ആറോ ഏഴോ എട്ടോ പാദങ്ങളാണ് വരുക. ഈ പ്രഗാഥത്തിലാകട്ടെ പത്ത് പാദങ്ങൾ വരും. (അനുഷ്ടുപ്പിന്റെ നാലു പാദങ്ങളും ഗായത്രികളുടെ ആറു പാദങ്ങളും)

വിരാട്പംക്തിയ്ക്ക് എട്ടക്ഷരം വീതമുള്ള അഞ്ചുപാദങ്ങളാണല്ലോ. രണ്ടു വിരാട്ടാകുമ്പോൾ പത്തു പാദങ്ങളായി. അതാണ് രണ്ടു വിരാട്ടിനു തുല്ല്യമാണെന്നു പറഞ്ഞത്. രണ്ടു വിരാട്ടിലും എൺപതക്ഷരങ്ങളാണ്; അനുഷ്ടുപ്പിൽ മുപ്പത്തിരണ്ടും, രണ്ടു ഗായത്രികളിലായി നാൽപ്പത്തിയെട്ടും വരുമ്പോൾ ഒരുമിച്ചുകൂട്ടിയ സംഖ്യയും എൺപതാണല്ലോ. അതിനാൽ ആനുഷ്ടുഭപ്രഗാഥത്തിൽ പാദങ്ങൾകൊണ്ടും അക്ഷരങ്ങൾകൊണ്ടും രണ്ടു വിരാജങ്ങൾക്കു തുല്ല്യമായ പാദങ്ങളും അക്ഷരങ്ങളും ഉണ്ട്.

'സ പൂർവ്വ്യ' എന്ന തൃചം താഴെകൊടുക്കുന്നു.

**'സ പൂർവ്വ്യോ മഹാനാം വേനഃ ക്രതുഭിരാനജേ I**

**യസ്യ ദ്വാരാ മനുഷ്പിതാ ദേവേഷു ധിയ ആനജേ' II (8.63.1)**

**'ദിവോ മാനം നോത്സദൻ സോമപൃഷ്ഠാസോ അദ്രയഃ I**

**ഉക്ഥാ ബ്രഹ്മ ച ശംസ്യാ' II (8.63.2)**

**സവിദ്വാ് അംഗിരോഭ്യ ഇന്ദ്രോ ഗാ അവൃണോദപ I**

**സ്തുഷേ തദസ്യ പൌംസ്യം (8.63.3)**

ഈ തൃചത്തിൽ ആദ്യത്തേത് അനുഷ്ടുപ്പും പിന്നീടുള്ള രണ്ടും ഗായത്രിയുമാണ്. അതിനാൽ ഈ തൃചം ആനുഷ്ടുഭപ്രഗാഥം ആകുന്നു.

**4. ആകൃതിർവ്യാപദേശാനാം പ്രായ ആദിത ആദിതഃ I**
**ഗായത്ര്യാദിസ്തു ബാർഹതേ പ്രായോ ഗായത്ര ബാർഹതഃ II**

സാമാന്യമായി പറഞ്ഞാൽ ഒരു പ്രഗാഥത്തിന്റെ നാമധേയം ആദ്യത്തെ ഋക്കിലെ ഛന്ദസ്സിനനുസൃതമായിരിയ്ക്കും. ബാർഹതപ്രഗാഥം, കാകുഭപ്രഗാഥം തുടങ്ങിയവ ഉദാഹരണം.

എന്നാൽ ഗായത്രിയിൽ തുടങ്ങുന്നതും ബൃഹതിയിൽ അവസാനിയ്ക്കുന്നതുമായ പ്രഗാഥം ഗായത്രബാർഹതം എന്നാണ് പറയപ്പെടുന്നത്. ഗായത്രബാർഹതപ്രഗാഥത്തിന് ഉദാഹരണം താഴെക്കാണിയ്ക്കുന്നു:-

**'തമിന്ദ്രം ദാനമീമഹേ ശവസാനമഭീർവം I**

**ഈശാനം രായ ഈമഹേ' II (8.46.6)**

**'തസ്മിൻ ഹി സന്ത്യൂതയോ വിശ്വാ അഭീരവഃ സചാ I**

**തമാ വഹന്തു സപ്തയഃ പുരൂവസും മദായ ഹരയഃ സുതം' II (8.46.7)**

ഈ ദ്വൃചത്തിൽ ആദ്യത്തേതിൽ ഗായത്രിഛന്ദസ്സും രണ്ടാമത്തേതിൽ ബൃഹതിയുമാണ്. ആയതിനാൽ ഈ ദ്വൃചത്തിൽ ഗായത്രബാർഹതപ്രഗാഥമാണ്.

**5. ഗായത്രകാകുഭോ നാമ പ്രായോ ഭവതി കാകുഭേ I**
**ഔഷ്ണിഹസ്തൂഷ്ണിഹാ പൂർവ്വഃ പംക്ത്യന്തഃ പാങ്ക്ത കാകുഭഃ II**

ഒരു ദ്വൃചത്തിൽ ആദ്യത്തെ ഋക്ക് ഗായത്രിഛന്ദസ്സോടുകൂടിയതും രണ്ടാമത്തേത് കകുപ് ഛന്ദസ്സോടുകൂടിയതുമായാൽ ആ പ്രഗാഥം ഗായത്രകാകുഭമാണ്.

ഉഷ്ണിക്ഛന്ദസ്സ് ആദ്യത്തെ ഋക്കിലും സതോബൃഹതി രണ്ടാമത്തെ ഋക്കിലും വന്നാൽ ആ പ്രഗാഥം ഔഷ്ണിഹപ്രഗാഥം എന്നറിയപ്പെടുന്നു. കകുപ്ഛന്ദസ്സ് പൂർവ്വത്തിലും പംക്തിഛന്ദസ്സ് രണ്ടാമത്തേതിലും വരുകയാണെങ്കിൽ ആ പ്രഗാഥം പാംക്തകാകുഭം എന്നാണറിയപ്പെടുക.

1. ഗായത്രകാകുഭത്തിനുദാഹരണം:-

**'സുനീഥോ ഘാ സ മർത്യോ യം മരുതോ യമര്യമാ I**

**മിത്രഃ പാന്ത്യദ്രുഹഃ' II (8.46.4)**

**'ദധാനോ ഗോമദശ്വവത്സുവീര്യമാദിത്യജൂത ഏധതേ ।**
**സദാ രായാ പുരുസ്പൃഹാ' ॥ (8.46.5)**

ഈ ദ്വൃചത്തിൽ ആദ്യത്തേത് ഗായത്രിയും രണ്ടാമത്തേത് കകുപ്പുമായതിനാൽ ഈ പ്രഗാഥം ഗായത്രകാകുഭമാണ്.

2. ഔഷ്ണിഹപ്രഗാഥത്തിനുദാഹരണം:-
**യമാദിത്യാസോ അദ്രുഹഃ പാരം നയഥ മർത്യം**
**മഘോനാം വിശ്വേഷാം സുദാനവഃ (8.19.34)**
**യൂയം രാജാനഃ കംചിച്ചർഷണീസഹഃ ക്ഷയന്തം മാനുഷാ് അനു ।**
**വയം തേ വോ വരുണ മിത്രാര്യമൻത്സ്യാമേതദൃതസ്യരഥ്യഃ ॥(8.19.35)**

ഈ ദ്വൃചത്തിൽ ഒന്നാമത്തെ ഋക്ക് ഉഷ്ണിക്ഛന്ദസ്സോടുകൂടിയതും രണ്ടാമത്തെ ഋക്ക് സതോബൃഹതിയുമാണ്. ആയതിനാൽ ഈ പ്രഗാഥം ഔഷ്ണിഹമെന്നറിയപ്പെടുന്നു.

3. **'അദാന്മേ പൌരുകുത്സ്യഃ പഞ്ചാശതം ത്രസദസ്യുർ വധൂനാം ।**
**മംഹിഷ്ഠോ അര്യ സത്പതിഃ' ॥ (8.19.36)**
**'ഉതമേ പ്രയിയോർവയിയോഃ സുവാസ്ത്വാ അധി തുഗ്വനി ।**
**തിസൃണാം സപ്തതീനാം ശ്യാവഃ പ്രണേതാ ഭുവദ്വസുർദിയാനാം പതിഃ' ॥ (8.19.37)**

ഈ ദ്വൃചത്തിൽ ഒന്നാമത്തെ ഋക്കിൽ കകുപ്പും രണ്ടാമത്തേതിൽ പംക്തിയുമാണ് ഛന്ദസ്സ്. അതിനാൽ ഈ ദ്വൃചം പാങ്ക്തകാകുഭം എന്ന പ്രഗാഥമാണ്.

**6. തമിന്ദ്രശ്ച സുനീഥശ്ച യമാദിത്യാസ ഏവ ച ।**
**അദാന്മേ പൌരുകുത്സ്യശ്ച താ ഋചോƒത്ര നിദർശനം ॥**

തമിന്ദ്രം (8.46.6,7), സുനീഥോ ഘാസമർത്യഃ (8.46-4, 5), യമാദിത്യാസോ അദ്രുഹഃ (8.19-34,35), അദാന്മേ പൌരുകുത്സ്യ (8.19-36, 37), എന്നീ ദ്വൃചങ്ങൾ ഗായത്രബാർഹതം, ഗായത്രകാകുഭം, ഔഷ്ണിഹം, പാങ്ക്തകാകുഭം എന്നീ പ്രഗാഥങ്ങൾക്കുദാഹരണമാണ്. ഈ ഉദാഹരണങ്ങൾ മുകളിൽ പ്രദർശിയ്ക്കപ്പെട്ടുകഴിഞ്ഞു.

**7 മഹാസതോ ബൃഹത്യന്തോ യോ മഹാബൃഹതീമുഖഃ ।**
**സ മഹാബാർഹതോ നാമ ബാർഹതോ ബൃഹതീമുഖഃ ॥**

ഒരു ദ്വൃചത്തിൽ ഒടുവിൽ മഹാസതോബൃഹതിയും ആദ്യത്തിൽ മഹാബൃഹതിയും ഛന്ദസ്സുകൾ വരികയാണെങ്കിൽ ആ പ്രഗാഥം മഹാബാർഹതം എന്നറിയപ്പെടുന്നു.

മഹാബർഹതത്തിനുദാഹരണം:-
**'ബൃഹദ്ഭിരഗ്നേ അർചിഭിഃ ശുക്രേണ ദേവ ശോചിഷാ ।**
**ഭരദ്വാജേ സമിധാനോ യവിഷ്ഠ്യ രേവന്നഃ ശുക്ര ദീദിഹിദ്യുമത് പാവക ദീദിഹി' ॥**

**(6.48.7)**

**'വിശ്വാസാം ഗൃഹപതിർവിശാമസി ത്വമഗ്നേ മാനുഷീണാം ।**

**ശതം പൂർഭിർയവിഷ്ഠ പാഹ്യംഹസഃ സമേദ്ധാരം ശതം ഹിമാഃ സ്തോതൃഭ്യോ യേ ച ദദതി' ॥ (6.48.8)**

ഈ ദ്വൃചത്തിൽ ആദ്യത്തേത് മഹാബൃഹതി എന്ന ഛന്ദസ്സോടുകൂടിയതാണ് (എട്ടക്ഷരങ്ങളുള്ള നാലു പാദങ്ങളും പന്ത്രണ്ടക്ഷരങ്ങളുള്ള ഒരു പാദവുമാണ് മഹാബൃഹതീഛന്ദസ്സിൽ). രണ്ടാമത്തെ ഋക്ക് മഹാസതോബൃഹതിയാണ്. (എട്ടക്ഷരങ്ങളുള്ള മൂന്നുപാദങ്ങളും പന്ത്രണ്ടക്ഷരങ്ങളുള്ള രണ്ടു പാദങ്ങളുമാണ് മഹാസതോബൃഹതീഛന്ദസ്സിൽ). ഈ പ്രഗാഥം മഹാബാർഹതം എന്നറിയപ്പെടുന്നു.

ബൃഹതി ആദ്യത്തെ ഋക്കിലും ജഗതി രണ്ടാമത്തെ ഋക്കിലും ഛന്ദസ്സായിവരുന്ന ദ്വൃചം ബാർഹതപ്രഗാഥം എന്നറിയപ്പെടുന്നു.

**ഉദാഹരണം**

**തം വഃ ശർധം രഥേ ശുഭം ത്വേഷം പനസ്യുമാഹുവേ ।**

**യസ്മിൻ സുജാതാ സുഭഗാ മഹീയതേ സ ചാ മരുത്സു മീള്ഹുഷീ ॥(5.56.9)**

**ആ രുദ്രാസ ഇന്ദ്രവന്തഃ സജോഷസോ ഹിരണ്യരഥാഃ സുവിതായ ഗന്തന ।**

**ഇയം വോ അസ്മത് പ്രതിഹര്യതേ മതിസ്തൃഷ്ണജേ ന ദിവ ഉത്സാ ഉദന്യവേ ॥ (5.57.1)**

അഞ്ചാമത്തെ മണ്ഡലത്തിൽ 56-ാം സൂക്തത്തിലെ അവസാനത്തെ ഋക്കും, 57-ാം സൂക്തത്തിലെ ആദ്യത്തെ ഋക്കുമടങ്ങുന്ന ദ്വൃചമാണ് മേൽക്കാണിച്ചത്. ഇവയിൽ ആദ്യത്തേതിൽ ബൃഹതി ഛന്ദസ്സും രണ്ടാമത്തേതിൽ ജഗതിഛന്ദസ്സുമാണ്. ഈ ദ്വൃചം ബാർഹതപ്രഗാഥമാണ്.

**8 അഥോ$f$തിജഗത്യന്തോ യവമധ്യോത്തരോ$f$പി ച ।**
**ബൃഹത്ഭിസ്തം വോ നേമിം ച വാമീ വാമസ്യ താ ഋചഃ ॥**

ആദ്യം ബൃഹതിയും രണ്ടാമത് അതിജഗതിയും വരുന്ന പ്രഗാഥവും ബാർഹതം തന്നെയാണ്. ആദ്യം ബൃഹതിയും രണ്ടാമത് യവമധ്യയും വരുന്ന പ്രഗാഥവും അതേപോലെത്തന്നെ ബാർഹതമാണ്.

**1. നേമിം നമന്തി ചക്ഷസാ മേഷം വിപ്രാ അഭിസ്വരാ ।**

**സുദീതയോ വോ അദ്രുഹോ$f$പികർണേ തരസ്വിനഃ സമൃക്വഭിഃ ॥ (8.97.12)**

**തമിന്ദ്രം ജോഹവീമി മഘവാനമുഗ്രം സത്രാ ദധാനമപ്രതിഷ്കുതം ശവാംസി ।**

**മംഹിഷ്ഠോ ഗീർഭിരാ ച യജ്ഞിയോ വവർതദ്രായേ നോ വിശ്വാ സുപ്രഥാ കൃണോതു വജ്രീ ॥(8.97.13)**

ഈ ദ്വൃചത്തിൽ ആദ്യത്തെ ഋക്കിൽ ബൃഹതിയും, രണ്ടാമത്തേതിൽ അതിജഗതിയുമാണ് ഛന്ദസ്സുകൾ. ബൃഹതീമുഖമായതിനാൽ ബാർഹതപ്രഗാഥം.

2. **വാമീ വാമസ്യ ധൂതയഃ പ്രണീതിരസ്തു സൂനൃതാ ।**
**ദേവസ്യ വാ മരുതോ മർത്യസ്യ വേജാനസ്യ പ്രയജ്യ വഃ (6.48.20)**
**സദ്യശ്ചിദ്യസ്യ ചർകൃതിഃ പരിദ്യാം ദേവീ നൈതി സൂര്യഃ ।**
**ത്വേഷം ശവോ ദധിരേ നാമ യജ്ഞിയം മരുതോ വൃത്രഹം ശവോ ജ്യേഷ്ഠം വൃത്രഹം ശവഃ (6.48.21)**

'വാമീ വാമസ്യ' എന്നു തുടങ്ങുന്ന ദ്വൃചത്തിൽ ആദ്യത്തേതിൽ ബൃഹതിയും രണ്ടാമത്തേതിൽ യവമധ്യയുമാണ്. (യവമധ്യ ത്രിഷ്ടുപ്പിന്റെ വകഭേദമാണ്. ഇതിൽ അഞ്ചു പാദങ്ങളുള്ളതിനാൽ മൂന്നാമത്തേതിൽ പന്ത്രണ്ടക്ഷരങ്ങളും ബാക്കി നാലിലും എട്ടക്ഷരങ്ങൾവീതവുമാണ്). ആദ്യത്തെ ഋക്ക് ബൃഹതിയായതിനാൽ ഈ പ്രഗാഥം ബാർഹതംതന്നെയാണ്.

ബൃഹദ്ഭിഃ (6.48. 7-8, തം വ ശർധം (5.56 9, 5.57.1) എന്നിവ മഹാബർഹതപ്രഗാഥത്തിന്റേയും ബാർഹതപ്രഗാഥത്തിന്റേയും ഉദാഹരണങ്ങളുടെ പ്രതീകങ്ങളാണ്. അവ നേരത്തെ കണിക്കപ്പെട്ടു.

9 **നഹി തേ വിപരീതാന്തോ മോഷുത്വാ ദ്വിപദാധികഃ ।**
**അനുഷ്ടുബ്ജഗതീ ചൈവ വിശ്വേഷാമിരജ്യന്തം ച ॥**

നഹി തേ ശൂര രാധസഃ (8.46. 11-12) എന്ന പ്രഗാഥം ബൃഹതീമുഖവും (ആദ്യത്തെ ഋക്ക് ബൃഹതിയിലും) വിപരീതാന്തവും (വിപരീത എന്ന ഛന്ദസ്സ് രണ്ടാമത്തെ ഋക്കിലും) ആണ്. എന്നാൽ അത് വിപരീതാന്തമെന്നാണറിയപ്പെടുന്നത്. (ആദ്യത്തെ ഋക്കിലെ ഛന്ദസ്സിന്റെ പേരിലല്ല അറിയപ്പെടുന്നത് എന്നു താത്പര്യം)

നഹി തേ- എന്ന പ്രഗാഥത്തിലെ ദ്വൃചം താഴെകൊടുക്കുന്നു. :-

**നഹി തേ ശൂര രാധസോഽന്തം വിംദാമി സത്രാ ।**
**ദശസ്യാ നോ മഘവന്നൂചിദദ്രിവോ ധിയോ വാജേഭിരാവിഥ ॥ (8.46.11)**
**യ ഋഷ്വഃ ശ്രാവയത്സഖാ വിശ്വേത്സ വേദ ജനിമാ പുരുഷ്ടുതഃ ।**
**തം വിശ്വേ മാനുഷാ യുഗേന്ദ്രം ഹവന്തേ തവിഷം യതസ്രുചഃ ॥ (12) (8.46.12)**

(നാലുപാദങ്ങളുള്ളതിൽ ഒന്നും മൂന്നും പാദങ്ങളിൽ 8 അക്ഷരങ്ങൾവീതവും രണ്ടും നാലും പാദങ്ങളിൽ 12 അക്ഷരങ്ങൾ വീതവും വന്നാൽ വിപരീതസതോബൃഹതിയാണ് ഛന്ദസ്സ്)

'മോഷു ത്വാ ബാധതശ്ച ന' (7.32.1-3) എന്ന പ്രഗാഥം ദ്വിപദാധികം എന്നറിയപ്പെടുന്നു. 'രായസ്കാമോ വജ്രഹസ്തം സുദക്ഷിണം' (7.32.3) എന്നതിനോട് ചേർന്നാണ് വരിക.

**മോഷു ത്വാ ബാധതശ്ചനാരേ അസ്മന്നിരീരമൻ I**
**ആരാത്താച്ചിത്സധമാദം ന ആഗഹീഹ വാ സന്നുപ ശ്രുധി II (7.32.1)**
**ഇമേ ഹിതേ ബ്രഹ്മകൃതഃ സുതേ സചാ മധൌ ന മക്ഷ ആസതേ I**
**ഇന്ദ്രേ കാമം ജരിതാരോ വസൂയവോ രഥേ ന പാദമാദധുഃ II (7.32.2)**
**രായസ്കാമോ വജ്രഹസ്തം സുദക്ഷിണം പുത്രോന പിതരം ഹുവേ (7.32.3)**

ബൃഹതി ആദ്യത്തിലും സതോബൃഹതി രണ്ടാമത്തേതിലും വന്നിട്ടുള്ള ദ്വൃചത്തോട് ദ്വിപദകൂടി കൂട്ടിച്ചേർക്കുമ്പോൾ ഇത് ദ്വിപദാധിക എന്ന പ്രഗാഥമാകുന്നു.

വിശ്വേഷാ മിരജ്യന്തം വസൂനാം (8.46-16, 17) എന്ന പ്രഗാഥം അനുഷ്ടുപ് പൂർവ്വവും (ആദ്യത്തെ ഋക്കിൽ അനുഷ്ടുപ്പും) ജഗത്യന്തവും (രണ്ടാമത്തെ ഋക്കിൽ ജഗതിയും) ആണ്. വിശ്വേഷാം എന്ന ദ്വൃചം താഴെകൊടുക്കുന്നു:

**വിശ്വേഷാമിരജ്യന്തം വസൂനാം സാസഹ്വാംസം ചിദസ്യ വർപസഃ I**
**കൃപയതോ നൂനമത്യഥ II (8.46.16)**
**മഹഃ സുവോ അരമിഷേ സ്തവാമഹേ മീള്ഹുഷേ അരംഗമായ ജഗ്മയേ I**
**യജ്ഞേഭിർ ഗീർഭിർവിശ്വമനുഷാം മരുതാമിയക്ഷസി ഗായേത്വാ നമസാ ഗിരാ II (8.46.17)**

**10. ദ്വിപദാ ബൃഹതീ ചൈവ സനോ വാജേഷ്വിതി സ്മൃതഃ I**
**കകുപ്പൂർവ്വസ്തു കോ വേദ സ്മൃതഃ കാകുഭബാർഹതഃ II**

1. ആദ്യത്തേത് ദ്വിപദയും രണ്ടാമത്തേതിൽ ബൃഹതിഛന്ദസ്സും വരുന്ന ദ്വൃചം 'സനോ വാജേഷ്വവിതാ (8.46. 13-14) എന്നത് ദ്വൈപദബാർഹതം എന്ന പ്രഗാഥമാണ്.

സനോ വാജേഷു എന്നതിന്റെ പൂർണ്ണരൂപം താഴെക്കൊടുക്കുന്നു:

**സ നോ വാജേഷ്വവിതാ പുരൂവസുഃ പുരഃസ്ഥാതാ**
**മഘവാ വൃത്രഹാ ഭുവത് (8.46.13)**
**അഭി വോ വീരമന്ധസോ മദേഷു ഗായ ഗിരാ മഹാവിചേതസം**
**ഇന്ദ്രം നാമ ശ്രുത്യം ശാകിനം വചോ യഥാ (8.46.14)**

(സനോ വാജേഷു എന്നത് ദ്വിപദാജഗതിയും, അഭിവോ എന്നത് പിപീലികാമധ്യയായ ബൃഹതിയുമാണ്)

2. ഒരു ദ്വൃചത്തിൽ ആദ്യത്തെ ഋക്ക് കകുപ്പും രണ്ടാമത്തെ ഋക്ക് ബൃഹതിയുമായി വന്നാൽ ആ പ്രഗാഥം കാകുഭബാർഹത

മാണ്. കോ വേദ ജാനമേഷാം(5.53-1,2) എന്നത് ഉദാഹരണമാണ്.

ദ്വൃചത്തിന്റെ പൂർണ്ണരൂപം താഴെക്കൊടുക്കുന്നു:

**കോ വേദ ജാനമേഷാം കോ വാ പുരാ സുമ്നേഷ്വാസമരുതാം**

**യദ്യുയുജേ കിലാസ്യഃ (5.53.1)**

**ഐതാൻ രഥേഷു തസ്ഥുഷഃ കഃ ശുശ്രാവ കഥാ യയുഃ**

**കസ്മൈ സസ്നുഃ സുദാസേ അന്വാപയ ഇളാഭിർ വൃഷ്ടയഃ സഹ (5.53.2)**

**11. ആനുഷ്ടുഭൌഷ്ണിഹം വിദ്യാത്തേ മ ആഹുർയ ആയയുഃ I**

**തേ ന സ്ത്രാധ്വം ബൃഹത്യാദിർബാർഹതാനുഷ്ടുഭഃ സ്മൃതഃ II**

1. ഒരു ദ്വൃചത്തിൽ ആദ്യത്തേത് അനുഷ്ടുപ്ഛന്ദസ്സിലും രണ്ടാമത്തേത് ഉഷ്ണിക്ഛന്ദസ്സിലും വന്നാൽ അവിടെ പ്രഗാഥം ആനുഷ്ടുഭൌഷ്ണിഹമാണ്.

'തേ മേ ആഹുർയ ആയയുഃ' (5.53. 3,4) എന്ന ദ്വൃചം ഉദാഹരണമാണ്.

ദ്വൃചത്തിന്റെ പൂർണ്ണരൂപം താഴെക്കൊടുക്കുന്നു.

**തേ മ ആഹുർയ ആയയുരുപദ്യുഭിർ വിഭിർമദേ I**

**നരോ മര്യാ അരേപസ ഇമാൻ പശ്യന്നിതി ഷ്ടുഹി II (5.53.3)**

**യേ അംജിഷു യേ വാശീഷു സ്വഭാനവഃ സ്രക്ഷു രുക്മേഷു ഖാദിഷു I**

**ശ്രായാ രഥേഷു ധന്വസു II (5.53-4)**

തേ മ എന്ന ഋക്ക് അനുഷ്ടുപ്ഛന്ദസ്സോടുകൂടിയതും യേ അംജിഷു എന്ന ഋക്ക് പുര ഉഷ്ണിക്കുമാണ്.

2. 'തേ ന സ്ത്രാധ്വം എന്ന പ്രഗാഥം ബൃഹതിഛന്ദസ്സ് ആദ്യത്തേതിലും അനുഷ്ടുപ്ഛന്ദസ്സ് രണ്ടാമത്തേതിലും വരുന്നതാകയാൽ ബാർഹതാനുഷ്ടുഭമെന്നറിയപ്പെടുന്നു.

തേ ന സ്രാധ്വം എന്ന പ്രഗാഥത്തിന്റെ പൂർണ്ണരൂപം താഴെക്കൊടുക്കുന്നു:

**തേ ന സ്ത്രാധ്വം തേ/വത ത ഉ നോ അധി വോചത I**

**മാനഃ പഥഃ പിത്ര്യാന്മാനവാദധി ദൂരം നൈഷ്ട പരാവതഃ II (8.30.3)**

**യേ ദേവാസ ഇഹ സ്ഥന വിശ്വേ വൈശ്വാനരാ ഉത I**

**അസ്മഭ്യം ശർമ്മ സ/പ്രഥോ ഗവേശ്വായ യച്ഛത II (8.30.4)**

തേ ന സ്ത്രാധ്വം എന്നു തുടങ്ങുന്ന ഋക്ക് ബൃഹതിഛന്ദസ്സോടുകൂടിയതും, യേ ദേവാസ എന്നുതുടങ്ങുന്ന ഋക്ക് അനുഷ്ടുപ്ഛന്ദസ്സിലും ഉള്ളതുമാണ്.

**12. അഗ്നിം വഃ പൂർവ്വമിത്യേഷോ അനുഷ്ടുപ്പംക്തിരേവ ച I**

**യദധ്രിഗാവോ അധ്രിഗൂ കകുപ് ച ത്രിഷ്ടുബേവ ച II**

1. അഗ്നിം വഃ പൂർവ്വ്യംഗിരാ (8.31-14,15) എന്ന പ്രഗാഥം ആ

ദ്യത്തെ ഋക്കിൽ അനുഷ്ടുപ് ഛന്ദസ്സും രണ്ടാമത്തെ ഋക്കിൽ പംക്തിഛന്ദസ്സും ഉള്ളതാകയാൽ ആനുഷ്ടുഭപാംക്തമെന്നറിയപ്പെടുന്നു.

അഗ്നിം വഃ പൂർവ്വ്യംഗിരാ എന്ന പ്രഗാഥത്തിന്റെ പൂർണ്ണരൂപം താഴെക്കൊടുക്കുന്നു.

**അഗ്നിം വഃ പൂർവ്വ്യം ഗിരാ ദേവമീളേ വസൂനാം ।**

**സപര്യംതഃ പുരുപ്രിയം മിത്രം ന ക്ഷേത്രസാധസം ॥(8.31.14)**

**മക്ഷൂ ദേവവതോ രഥഃ ശൂരോ വാ പൃത്സു കാസുചിത് ।**

**ദേവാനാം യ ഇന്മനോ യജമാന ഇയക്ഷത്യഭീദയജ്വനോ ഭുവത് ॥(8.31.15)**

അഗ്നിം പൂർവ്വ്യം എന്നുതുടങ്ങുന്ന ഋക്കിൽ അനുഷ്ടുപ്ഛന്ദസ്സും, മക്ഷൂദേവവതോ എന്നു തുടങ്ങുന്ന ഋക്കിൽ പംക്തിയുമാണ് ഛന്ദസ്സ്.

2. യദധ്രിഗാവോ അധ്രിഗൂ (8.22-11,12) എന്ന പ്രഗാഥം ആദ്യത്തെ ഋക്കിൽ കകുപ്പും രണ്ടാമത്തെ ഋക്കിൽ ത്രിഷ്ടുപ്പും ഛന്ദസ്സുള്ളതാകയാൽ കാകുഭത്രൈഷ്ടുഭം എന്നറിയപ്പെടുന്നു.

പ്രഗാഥത്തിലെ ദ്വൃചത്തിന്റെ പൂർണ്ണരൂപം:

**യദധ്രിഗാവോ അധ്രിഗു ഇദാ ചിദഹ്നോ അശ്വിനാ ഹവാമഹേ ।**

**വയം ഗീർഭിർവിപന്യവഃ ॥ (8.22.11)**

**താഭിരാ യാതം വൃഷണോപ മേ ഹവം വിശ്വപ്സും വിശ്വവാര്യം ।**

**ഇഷാ മംഹിഷ്ഠാ പുരുഭൂതമാ നരാ യാഭിഃ ക്രിവിം വാവൃധുസ്താഭിരാ ഗതം ॥ (8.22.12)**

യദധ്രിഗാവോ എന്നുതുടങ്ങുന്ന ഋക്കിൽ കകുപ്പും, താഭിരാ എന്നുതുടങ്ങുന്ന ഋക്കിൽ ത്രിഷ്ടുപ്പും (ഉപരിഷ്ടാത് ജ്യോതിഷ്മതി) ആണ്.

**13 യദദ്യ വാമനുഷ്ടുപ് ച ത്രിഷ്ടുപ് ചൈവോപദിശ്യതേ ।**

**യത്സ്ഥോ ദീർഘേതി ച ത്വേഷോ ബൃഹതീ ത്രിഷ്ടുബേവ ച ॥**

1. യദദ്യ വാം നാസത്യ (8.9.9,10) എന്ന പ്രഗാഥം ആദ്യത്തെ ഋക്കിൽ അനുഷ്ടുപ്പും രണ്ടാമത്തേതിൽ ത്രിഷ്ടുപ്പും ഛന്ദസ്സുകളുള്ളതാകയാൽ ആനുഷ്ടുഭത്രൈഷ്ടുഭമെന്നറിയപ്പെടുന്നു.

പ്രഗാഥത്തിന്റെ പൂർണ്ണരൂപമിതാണ്:

**യദദ്യ വാം നാസത്യോക്ഥൈരാചുച്യുവീമഹി ।**

**യദ്വാ വാണീഭിരശ്വിനേവത് കാണ്വസ്യബോധതം ॥ (8.9.9)**

**യദ്വാംകക്ഷീവാ് ഉത യദ്വ്യശ്വ ഋഷിർയദ്വാം ദീർഘതമാജുഹാവ ।**

**പൃഥീ യദ്വാം വൈന്യഃ സാദനേഷ്വേവേദതോ അശ്വിനാ ചേതയേഥാം ॥ (8.9.10)**

യദദ്യ വാം എന്നു തുടങ്ങുന്ന ഋക്ക് അനുഷ്ടുപ്ഛന്ദസ്സും യ

ദ്വാം കക്ഷീവാ് എന്ന രണ്ടാമത്തെ ഋക്ക് ത്രിഷ്ടുപ്ഛന്ദസ്സും ആക യാൽ ഈ പ്രഗാഥം ആനുഷ്ടുഭത്രൈഷ്ടുഭമാണ്.

2. ആദ്യത്തെ ഋക്കിൽ ബൃഹതിഛന്ദസ്സും രണ്ടാമത്തേതിൽ ത്രിഷ്ടുപ്പും വരികയാണെങ്കിൽ ആ പ്രഗാഥം ബാർഹതത്രൈഷ്ടു ഭമാണ്. യത്സ്ഥോ ദീർഘ പ്രസദ്മ നി (8.10-1,2) എന്ന പ്രഗാഥം ബാർഹതത്രൈഷ്ടുഭമാണ്.

പ്രഗാഥത്തിന്റെ പൂർണ്ണരൂപം

**യത്സ്ഥോ ദീർഘപ്രസദ്മനി യദ്വാദോ രോചനേ ദിവഃ ।**
**യദ്വാ സമുദ്രേ അധ്യാകൃതേ ഗൃഹേ$f$ത ആയാതമശ്വിനാ ॥ (8.10.1)**
**യദ്വാ യജ്ഞം മനവേ സംമിമക്ഷഥുരേവേത് കാണ്വസ്യ ബോധതം ।**
**ബൃഹസ്പതിം വിശ്വാൻ ദേവാ് അഹം ഹുവ ഇന്ദ്രാവിഷ്ണൂഅശ്വിനാവാശുഹേഷ സാ ॥ (8.10.2)**

യത്സ്ഥോ ദീർഘപ്രസദ്മനി എന്ന ഒന്നാമത്തെ ഋക്കിൽ ബൃ ഹതിയാണ് ഛന്ദസ്സ്. യദ്വാ യജ്ഞം എന്ന രണ്ടാമത്തെ ഋക്കിൽ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്. അതിനാൽ ബാർഹതത്രൈഷ്ടുഭപ്രഗാഥ മാണിത്.

**14 ആയന്മാ വേനാസ്ത്രിഷ്ടുപ് ച ജഗതീ ചോപദിശ്യതേ ।**
**താ വൃധന്താവനുഷ്ടുപ് ച മഹാസതോമുഖൈവ ച ॥**

ആയന്മാ വേനാഃ (8.100-5,6) എന്ന ദ്വൃചത്തിൽ ദ്വൃചം ആദ്യ ത്തെ ഋക്കിൽ ത്രിഷ്ടുപ്ഛന്ദസ്സുള്ളതും രണ്ടാമത്തെ ഋക്കിൽ ജഗ തീഛന്ദസ്സുള്ളതുമാകയാൽ ത്രൈഷ്ടുഭജാഗതമാണ്.

പ്രഗാഥത്തിന്റെ പൂർണ്ണരൂപമിതാണ്:-

**ആ യന്മാ വേനാ അരുഹന്നൃതസ്യ് ഏകമാസീനം ഹര്യതസ്യ പൃഷ്ഠേ ।**
**മനശ്ചിന്മേ ഹൃദ ആ പ്രത്യവോചദചിക്രദഞ്ഛിശുമന്തഃ സഖായഃ ॥ (8.100.5)**
**വിശ്വേത്താ തേ സവനേഷു പ്രവാച്യാ യാ ചകർഥ മഘവന്നിന്ദ്ര സുന്വതേ ।**
**പാരാവതം യത്പുരുസംഭൃതം വസ്വപാവൃണോഃ ശരഭായ ഋഷിബന്ധവേ (8.100.6)**

ആയന്മാ വേനാഃ എന്ന ഋക്കിൽ ത്രിഷ്ടുപ്പാണ് ഛന്ദസ്സ്; വി ശ്വേത്താ തേ എന്നതിൽ ജഗതിയും.

2. ഒരു ദ്വൃചത്തിൽ ആദ്യത്തെ ഋക്ക് അനുഷ്ടുപ്ഛന്ദസ്സോടു കൂടിയതും രണ്ടാമത്തെ ഋക്ക് മഹാസതോമുഖ എന്ന ത്രിഷ്ടുപ്ഛ ന്ദസ്സോടുകൂടിയതുമായാൽ ആ പ്രഗാഥം ആനുഷ്ടുഭത്രൈഷ്ടുഭം എന്നറിയപ്പെടുന്നു. 'താ വൃധന്താവനു ദ്യൂന്മർതായ' (5.86-5,6) എന്ന പ്രഗാഥം ആനുഷ്ടുഭത്രൈഷ്ടുഭമാണ്.

ദ്വൃചം താഴെക്കൊടുക്കുന്നു:-

**താ വൃധന്താവനു ദ്യൂന്മർതായ ദേവാവദഭാ ।**

**അർഹന്താ ചിത്പുരോ ദധേƒശേവ ദേവാ വർവതേ II(5.86.5)**

**ഏവേന്ദ്രാഗ്നിഭ്യാമഹാവി ഹവ്യം ശ്രൂഷ്യം ഘൃതം ന പൂതമദ്രിഭിഃ I**

**താ സൂരിഷു ശ്രവോ ബൃഹദ്രയിം ഗൃണത്സു ദിധൃതമിഷം ഗൃണത്സു ദിധൃതം II (5.86.6)**

താ വൃധന്താവനു (5.86.5) എന്നു തുടങ്ങുന്ന ഋക്ക് അനുഷ്ടുപ്ഛന്ദസ്സിലും, ഏവേന്ദ്രാഗ്നിഭ്യാം (5.86.6) എന്നു തുടങ്ങുന്ന ഋക്ക് വിരാട്പൂർവ്വയായ ത്രിഷ്ടുപ്പുമാണ്. (വിരാട്പൂർവ്വയായ ത്രിഷ്ടുപ്പിൽ ആദ്യത്തെ രണ്ടുപാദങ്ങൾ പത്തക്ഷരം വീതവും പിന്നത്തെ മൂന്നു പാദങ്ങൾ എട്ടക്ഷരം വീതവുമാണ്. ആകെ നാൽപ്പത്തിനാലക്ഷരം).

15 **ജാഗതസ്ത്വദദാ അർഭാം പ്രഗാഥസ്ത്രിഷ്ടുബുത്തരഃ I**
**ഉത്തരസ്ത്രൈഷ്ടുഭസ്തസ്മാജ്ജഗത്യുത്തര ഉച്യതേ II**

1. അദദാ അർഭാംമഹതേ വചസ്യവേ (1.51.13-14). എന്ന പ്രഗാഥം ത്രിഷ്ടുഭുത്തരമായ ജാഗതമാണ്. (ഈ ദ്വൃചത്തിൽ ആദ്യത്തെ ഋക്ക് ജഗതി ഛന്ദസ്സിലുള്ളതും രണ്ടാമത്തെ ഋക്ക് ത്രിഷ്ടുപ്ഛന്ദസ്സുമാണെന്നു സാരം.

ദ്വൃചം താഴെക്കൊടുക്കുന്നു:-

**അദദാ അർഭാം മഹതേ വചസ്യവേ കക്ഷീവതേ വൃചയാമിന്ദ്ര സുന്വതേ I**

**മേനാഭവോ വൃഷണാശ്വസ്യ സുക്രതോ വിശ്വേത്താ തേ സവനേഷു പ്രവാച്യാ II (1.51.13)**

**ഇന്ദ്രോ അശ്രായി സുധ്യോ നിരേകേ പജ്രേഷു സ്തോമോ ദുര്യോ നയൂപഃ I**

**അശ്വയുർഗവ്യൂ രഥയുർവസൂയുരിന്ദ്ര ഇദ്രായഃ ക്ഷയതി പ്രയന്താ II (1.51.14)**

അതു കഴിഞ്ഞുവരുന്ന പ്രഗാഥം ജഗത്യുത്തരത്രൈഷ്ടുഭമാണ്. (ഒന്നാമത്തെ മണ്ഡലത്തിൽ 51-ാം സൂക്തത്തിലെ 13, 14 ഋക്കുകളടങ്ങുന്ന പ്രഗാഥത്തിൽ ജഗതിയും ത്രിഷ്ടുപ്പും യഥാക്രമം വന്നതിനാൽ ത്രിഷ്ടുബുത്തരജാഗതമാണ് പ്രഗാഥം എന്നാണ് തൊട്ടുമുൻപു പറഞ്ഞത്. ഇതു കഴിഞ്ഞ് ഉടനെ വരുന്ന ഈ സൂക്തത്തിലെ 15-ാമത്തെ ഋക്കും, അടുത്ത സൂക്തത്തിലെ ഒന്നാമത്തെ ഋക്കും ചേർന്ന ദ്വൃചത്തിൽ യഥാക്രമം ത്രിഷ്ടുപ്പും ജഗതിയുമാണ് ഛന്ദസ്സുകൾ. അതിനാൽ ജഗത്യുത്തരത്രൈഷ്ടുഭപ്രഗാഥമെന്ന് അതിനെ പറയുന്നു. ജഗതി, ത്രിഷ്ടുപ് എന്നിവയുടെ പൂർവ്വോത്തരഭാവങ്ങളിൽ വ്യത്യാസം വന്നതുമൂലമാണിത്.)

ദ്വൃചം താഴെ കാണിയ്ക്കുന്നു:-

**ഇദം നമോ വൃഷഭായ സ്വരാജേ സത്യശുഷ്മായ തവസേƒവാചി I**

**അസ്മിന്നിന്ദ്ര വൃജനേ സർവ്വവീരാഃ സ്മത്സൂരിഭിസ്തവ ശർമൻത്സ്യാമ II (1.51.15)**

**ത്വം സുമേഷം മഹയാ സ്വർവിദം ശതം യസ്യ സുഭ്വഃ സാകമീരതേ I**
**അത്യം ന വാജം ഹവനസ്യദം രഥമേന്ദ്രം വവൃത്യാമവസേ സുവൃക്തിഭിഃ II**(1.52.1)

16. **ത്വമേതാഞ്ജന ച ദ്വൗ ദ്വൗ സഘാരാജേതി ച സ്മൃതൌ I**
**ത്വമസ്യ പാരേ രജസോ ജാഗതൌ ത്രിഷ്ടുബുത്തരൌ II**

ഒന്നാമത്തെ മണ്ഡലത്തിലെ 53-ാം സൂക്തത്തിലെ 9ഉം 10ഉം ഋക്കുകളടങ്ങുന്ന ദ്വൃചവും, 53-ാം സൂക്തത്തിലെ 17-ാമത്തേയും (അത് ആ സൂക്തത്തിലെ അവസാനത്തേതാണ്) അടുത്ത സൂക്തത്തിലെ അതായത് 54-ാമത്തെ സൂക്തത്തിലെ ഒന്നാമത്തെ ഋക്കും അടങ്ങുന്ന ദ്വൃചവും തൊട്ടുമുൻപ് പറഞ്ഞതുപോലെ യഥാക്രമം ജഗതീപൂർവ്വത്രിഷ്ടുബുത്തരപ്രഗാഥവും ത്രിഷ്ടുപ്പൂർവ്വജഗത്യുത്തരപ്രഗാഥവുമാണ്. ആ രണ്ടു പ്രഗാഥങ്ങളും യഥാക്രമം താഴെ കാണിയ്ക്കുന്നു.

ഒന്നാമതായി ജഗതീപൂർവ്വത്രിഷ്ടുബുത്തരപ്രഗാഥം:-
**ത്വമേതാഞ്ജനരാജ്ഞോ ദ്വിർദശാബന്ധുനാ സുശ്രവസോപ ജഗ്മുഷഃ I**
**ഷഷ്ടിം സഹസ്രാ നവതിം നവ ശ്രുതോ നിചക്രേണ രഥ്യാ ദുഷ്പദാവൃണക്** (1.53.9)
**ത്വമാവിഥ സുശ്രവസം തവോതിഭിസ്തവ ത്രാമഭിരിന്ദ്രതൂർവ്വയാണം I**
**ത്വമസ്മൈ കുത്സമതിഥിഗ്വമായുംമഹേ രാജ്ഞേ യൂനേ അരംധനായഃ** (1.53.10)

അടുത്തതായി ത്രിഷ്ടുപ്പൂർവ്വജഗത്യുത്തരപ്രഗാഥം:-
**യ ഉദൃഞ്ചീന്ദ്ര ദേവഗോപാഃ സഖായസ്തേ ശിവതമാ അസാമ I**
**ത്വാം സ്തേഷാമ ത്വയാ സുവീരാ ദ്രാഘീയ ആയുഃ പ്രതരം ദധാനാഃ** (1.53.11)
**മാനോ അസ്മിൻ മഘവൻ പൃത്സ്വംഹസി നഹി തേ അംതഃ ശവസഃ പരീണശേ I**
**അക്രംദയോ നദ്യോ രോരുവദ്വനാ കഥാ ന ക്ഷോണീർഭിയസാ സമാരത** (1.54.1)

ഇതുപോലെ ജഗതീപൂർവ്വത്രിഷ്ടുബുത്തരവും, ത്രിഷ്ടുപ്പൂർവ്വജഗത്യുത്തരവുമായതാണ് 'സ ഘ രാജാ സത്പതിഃ ശൂശുവജ്ജനാഃ (1.54.7,8) എന്ന പ്രഗാഥവും അതിനടുത്ത പ്രഗാഥവും. ഒന്നാം മണ്ഡലത്തിലെ 54-ാം സൂക്തത്തിൽത്തന്നെയാണ് ഇതും.

ഇതാണ് പ്രഗാഥത്തിന്റെ പൂർണ്ണരൂപം:-
**സ ഘ രാജാ സത്പതിഃ ശൂശുവജ്ജനോ രാതഹവ്യഃ പ്രതിയഃ ശാസമിന്വതി I**
**ഉക്ഥാ വായോ അഭിഗൃണാതി രാധസാ ദാനുരസ്മാ ഉപരാപിന്വതേ ദിവഃ** (1.54.7)
**അസമം ക്ഷത്രമസമാ മനീഷാ പ്ര സോമപാ അപസാ സന്തു നേമേ I**
**യേത ഇന്ദ്ര ദദുഷോ വർധയന്തി മഹി ക്ഷത്രം സ്ഥവിരം വൃഷണ്യഞ്ച** (1.54.8)

ഇത് ജഗതീപൂർവ്വത്രിഷ്ടുബുത്തരപ്രഗാഥമാണ്. ത്രിഷ്ടുപ്പൂർവ്വജഗത്യുത്തരപ്രഗാഥമാണ് അടുത്തത്:
**തുഭ്യേദേതേ ബഹുലാ അദ്രിദുഗ്ധാശ്ചമൂസദശ്ചമസാ ഇന്ദ്രപാനാഃ I**
**വ്യശ്നുഹി തർപയാ കാമമേഷാമഥാ മനോ വസുദേയായ കൃഷ്വ** (1.54.9)

**അപാമതിഷ്ഠദ്ധരുണഹ്വരം തമോ$\mathcal{f}$ന്തർവൃത്രസ്യ ജഠരേഷു പർവ്വതഃ ।**
**അഭീമിന്ദ്രോ നദ്യോ വവ്രിണാ ഹിതാ വിശ്വാ അനുഷ്ഠാഃ പ്രവണേഷു ജിഘ്നതേ (1.54.10)**

തുഭ്യേദേതേ എന്നു തുടങ്ങുന്ന ഋക്ക് ത്രിഷ്ടുപ്ഛന്ദസ്സിലും അപാമതിഷ്ഠത് എന്നു തുടങ്ങുന്നഋക്ക് ജഗതീഛന്ദസ്സിലുമാണ്.

3. ത്വമസ്യ പാരേ രജസോ (1.52-12,13) എന്ന ദ്വൃചവും, ന യ സ്യ ദ്യാവാപൃഥിവീ (1.52-14,15) എന്ന ദ്വൃചവും ത്രിഷ്ടുബുത്തര ജാഗതപ്രഗാഥമാണ്. 12ഉം 14ഉം ഋക്കുകൾ ജഗതീഛന്ദസ്സിലും 13ഉം 15ഉം ഋക്കുകൾ ത്രിഷ്ടുപ്ഛന്ദസ്സിലുമാണ് വരുന്നത് എന്നു താ ത്പര്യം)

രണ്ടു ദ്വൃചങ്ങളും താഴെ കൊടുക്കുന്നു:-

**ത്വമസ്യ പാരേ രജസോ വ്യോമനഃ സ്വഭൂത്യോജ അവസേ ധൃഷന്മനഃ ।**
**ചകൃഷേ ഭൂമിം പ്രതിമാനമോജസോ$\mathcal{f}$പഃ സ്വഃ പരിഭൂരേഷ്യാ ദിവം (1.52.12)**
**ത്വം ഭുവഃ പ്രതിമാനം പൃഥിവ്യാ ഋഷ്വവീരസ്യ ബൃഹതഃ പതിർഭൂഃ ।**
**വിശ്വമാപ്രാ അന്തരിക്ഷം മഹിത്വാ സത്യമദ്ധാ നകിരന്യസ്ത്വാവാൻ (1.52.13)**
**ന യസ്യ ദ്യാവാപൃഥിവീ അനുവ്യചോ ന സിന്ധവോ അന്തമാനശുഃ ।**
**നോത സ്വവൃഷ്ടിം മദേ അസ്യ യുധ്യത ഏകോ അന്യച്ചകൃഷേ വിശ്വമാനുഷക് (1.52.14)**
**ആർചന്നത്ര മരുതഃ സസ്മിന്നാജൌ വിശ്വേ ദേവാസോ അമദന്നനു ത്വാ ।**
**വൃത്രസ്യ യദ് ഭൃഷ്ടിമതാ വധേന നി ത്വമിന്ദ്ര പ്രത്യാനം ജഘന്ഥ (1.52.15)**

രണ്ടു പ്രഗാഥങ്ങൾ ഒന്നു കഴിഞ്ഞ് മറ്റൊന്ന് എന്ന ക്രമത്തിൽ ഒരേപോലെ ത്രിഷ്ടുബുത്തരജാഗതപ്രഗാഥങ്ങളായി വരുന്നതാണ് ഇപ്പോൾ കാണിച്ചത്.

**17 സവ്യഞ്ജനഃ സാനുസ്വാരഃ ശുദ്ധോ വാപി സ്വരോ$\mathcal{f}$ക്ഷരമ് ।**
**വ്യഞ്ജനാന്യുത്തരസ്യൈവ സ്വരസ്യാന്ത്യം തു പൂർവ്വഭാക് ॥**

വ്യഞ്ജനവുമായി ചേർന്നതോ, അനുസ്വാരത്തോടുകൂടിയ തോ വ്യഞ്ജനാനുസ്വാരങ്ങളോട് ചേരാത്ത ശുദ്ധമായ സ്വരമോ അക്ഷരമെന്ന് പേരുള്ളതാണ്. സാമന്യേന വ്യഞ്ജനങ്ങൾ പിന്നീ ട് വരുന്ന സ്വരങ്ങളുടെ അംഗമായിട്ടാണ് വരിക. എന്നാൽ അവ സാനം വരുന്ന വ്യഞ്ജനം പൂർവ്വമുള്ള സ്വരത്തിന്റെ അംഗമായി രിയ്ക്കും. (ഇക്കാര്യം നേരത്തെ പറയപ്പെട്ടിട്ടുള്ളതാണ്) തദസ്യ (1.154.5)- ഇവിടെ ത, ദ, സ്യ എന്ന് മൂന്നക്ഷരങ്ങളുണ്ട്. ത് എന്നത് അതുകഴിഞ്ഞുവരുന്ന അകാരത്തിന്റെ ഭാഗമാണ്; അതുപോലെ ദ് എന്ന വ്യഞ്ജനം അതു കഴിഞ്ഞുവരുന്ന അകാരത്തിന്റേയും, സ്യ് എന്ന വ്യഞ്ജനങ്ങൾ അതുകഴിഞ്ഞുവരുന്ന അകാരത്തി ന്റേയും അംഗങ്ങളാണ്. ത, ദ, സ്യ ഇവ മൂന്നും അക്ഷരങ്ങളാണ്.

തദ്, വാക് മുതലായ പദങ്ങളിൽ അവസാനം വരുന്ന ദ്, ക് എന്നീ വ്യഞ്ജനങ്ങൾ അവയുടെ പൂർവ്വമുള്ള സ്വരമായ അകാരത്തിന്റെ അംഗങ്ങളാണ്.

**18. വിസർജ്ജനീയാനുസാരൌ ഭജേതേ പൂർവ്വമക്ഷരം I**

**സംയോഗാദിശ്ച വൈവം ച സഹക്രമ്യഃ പരക്രമേ II**

വിസർഗ്ഗം, അനുസ്വാരം എന്നിവയ്ക്ക് രണ്ടിനും അവയ്ക്കു മുൻപുള്ള അക്ഷരവുമായിട്ടാണ് ബന്ധം. സംയോഗ(കൂട്ടക്ഷരം)ത്തിന്റെ ആദ്യത്തിലുള്ള വ്യഞ്ജനം പൂർവ്വത്തിലുള്ള അക്ഷരത്തെ വൈകല്പികമായി ബന്ധപ്പെട്ടിരിയ്ക്കുന്നു. പരക്രമത്തിലുള്ള ക്രമ്യമായ വ്യഞ്ജനം പൂർവ്വമായ അക്ഷരത്തെ വൈകല്പികമായി ബന്ധപ്പെട്ടിരിയ്ക്കുന്നു (ഇക്കാര്യങ്ങൾ ഒന്നാമത്തെ പടലത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്)

**19 ഗുർവ്വക്ഷരം ലഘുഹ്രസ്വം ന ചേത് സംയോഗ ഉത്തരഃ I**

**അനുസ്വാരശ്ച സംയോഗം വിദ്യാത് വ്യഞ്ജനസംഗമം II**

ദീർഘമായ അക്ഷരത്തിന് ഗുരു എന്നു പേരുണ്ട്. സംയോഗമോ അനുസ്വാരമോ പരമായി വരാത്ത ഹ്രസ്വത്തിന് ലഘു എന്നു സംജ്ഞ. വ്യഞ്ജനങ്ങളുടെ കൂട്ടത്തിന് സംയോഗം എന്നു പേര്.

**20 ഗുരു ദീർഘം ഗരീയസ്തു യദി സവ്യഞ്ജനം ഭവേത് I**

**ലഘു സവ്യഞ്ജനം ഹ്രസ്വം ലഘീയോ വ്യഞ്ജനാദൃതേ II**

1. ദീർഘമായ അക്ഷരം ഗുരുസംജ്ഞയുള്ളതാണ്. വ്യഞ്ജനത്തോടുകൂടിയ ദീർഘം ഗരീയം (ഗുരുതരം = ഗുരുവിനേക്കാൾ ശക്തമായത്) ആകുന്നു.

ആ രുക്മൈരായുധാ നരഃ (5.52.6)-'ആ' എന്നത് ദീർഘം.

രാഷ്ട്രീ- ഇവിടെ ഈകാരം വ്യഞ്ജനത്തോടുകൂടിയതാകയാൽ ഗരീയമാണ്.

2 വ്യഞ്ജനത്തോടുകൂടിയ ഹ്രസ്വം ലഘു. വ്യഞ്ജനമില്ലാത്ത ഹ്രസ്വമാകട്ടെ ലഘീയം (ലഘുതരം).

**21 ഛന്ദസ്തുരീയേണ സമാനസംഖ്യാ**

**യാശ്ഛന്ദസോഽന്യസ്യ ഭവന്ത്യൃചോഽന്യാഃ I**

**യാവത്തുരീയം ഭവതി സ്വമാസാം**

**താവത്യ ഏതാ ഇതരാ ഭവന്തി II**

ഗായത്രി മുതലായ ഛന്ദസ്സുകളുടെ ആകെ അക്ഷരങ്ങളുടെ നാലിലൊന്നു ഭാഗവുമായി തുല്ല്യമായി വരുന്ന സംഖ്യകളോടുകൂടിയ ഋക്കുകൾ ഉഷ്ണിക്ക് മുതലായ ഛന്ദസ്സുകൾക്ക് ഭവിയ്ക്കുന്നു. ഈ ഉഷ്ണിക്ക് മുതലായ ഛന്ദസ്സുകളുടെ നാലിലൊന്ന് എ

ത്രയാണോ അത്രയും ഗായത്രി മുതലായ ഋക്കുകൾ ഭവിയ്ക്കുന്നു.

(ഇവിടെ ഉദ്ദേശിയ്ക്കുന്ന അർത്ഥം ഇതാണ്:- ഗായത്രി എന്ന ഛന്ദസ്സിന് ഇരുപത്തിനാലക്ഷരങ്ങളാണ്. അതിന്റെ നാലിലൊന്ന് എന്നു പറഞ്ഞാൽ ആറക്ഷരങ്ങളാണ്. അപ്പോൾ ആറ് എന്ന സംഖ്യ കിട്ടുന്നു. ഇതിനു തുല്ല്യമായ ഉഷ്ണിക്കിലെ ഋക്കുകൾ എന്നാൽ ആറ് ഉഷ്ണിക്ക് ഛന്ദസ്സിലുള്ള ഋക്കുകൾ. ഉഷ്ണിക്കിൽ ഇരുപത്തെട്ടക്ഷരങ്ങളാണ്. അതിന്റെ നാലിലൊന്ന് ഏഴ്. ഏഴ് ഗായത്രിഛന്ദസ്സിലുള്ള ഋക്കുകൾ ആറ് ഉഷ്ണിക്ക് ഛന്ദസ്സിലുള്ള ഋക്കുകൾക്ക് സമാനമാണ്.

ഇക്കാര്യം ഐതരേയ ആരണ്യകത്തിൽ 'സപ്ത ഗായത്ര്യഃ ഷളുഷ്ണിഹോ ഭവന്തി (ഐ.ആരണ്യകം-5.2.11) എന്നു പറഞ്ഞിട്ടുണ്ട്.

**യദിന്ദ്രാഹം യഥാത്വമീശീയ വസ്വ ഏക ഇത് ।**
**സ്തോതാ മേ ഗോഷഖാ സ്യാത് (8.14.1)**

ഈ ഋക്കു മുതൽ

**വ്യംതരിക്ഷമതിരന്മദേ സോമസ്യ രോചനാ ।**
**ഇന്ദ്രോയദഭിനദ്ബലം (8.14.7)**

എന്ന ഋക്കുവരേയുള്ള ഏഴു ഗായത്രി ഛന്ദസ്സുകൾ ആറു ഉഷ്ണിക് ഛന്ദസ്സുകൾക്ക് സമാനമാണ്. ഏഴു ഗായത്രികളിൽ ആകെ 168 അക്ഷരങ്ങൾ വരും. ആറു ഉഷ്ണിക്കുകളിലും ആകെ 168 അക്ഷരങ്ങളാണല്ലോ വരിക.

ഇതേപോലെ അനുഷ്ടുപ്പും ബൃഹതിയുംകൂടി നോക്കുകയാണെങ്കിൽ അനുഷ്ടുപ്പിന്റെ മൊത്തം അക്ഷരങ്ങളായ 32ന്റെ നാലിലൊന്ന് 8. ബൃഹതിയുടെ മൊത്തം അക്ഷരങ്ങളായ 36-ന്റെ നാലിലൊന്ന് 9. ഒമ്പത് അനുഷ്ടുപ്പിനു തുല്ല്യമാണ് എട്ടു ബൃഹതി എന്നു കിട്ടുന്നു. ഇത്തരത്തിൽ എല്ലാ ഛന്ദസ്സുകൾക്കും അന്യോന്യമുള്ള തുല്ല്യത മനസ്സിലാക്കണം.

**22 ദ്വാഭ്യാമവസ്യേത്ത്രിപദാസു പൂർവ്വം**
**പാദേന പശ്ചാത് ക്വചിദന്യഥൈതത് ।**
**മധ്യേfവസാനന്തു ചതുഷ്പദാനാം**
**ത്രിഭിഃ സമസ്തൈരവരൈഃ പരൈർവാ ॥**

1 മൂന്നു പാദങ്ങൾ മാത്രമുള്ള ഗായത്രി മുതലായ ഋക്കുകളിൽ ആദ്യത്തെ രണ്ടുപാദങ്ങൾ കഴിയുമ്പോൾ അവസാനിപ്പിയ്ക്കുകയും, പിന്നെ ഒരു പാദംകൊണ്ട് അവസാനിപ്പിയ്ക്കുകയും ചെയ്യുക. ചിലയിടത്ത് ആദ്യത്തെ ഒരു പാദം കഴിയുമ്പോൾ ഒരവ

സാനം; പിന്നെ രണ്ടുപാദങ്ങൾ കഴിയുമ്പോൾ ഒരവസാനം.

ഉദാഹരണമായി–

**അഗ്നിമീളേ പുരോഹിതം യജ്ഞസ്യ ദേവമൃത്വിജം I**
**ഹോതാരം രത്നധാതമം** (1.1.1)

ഇവിടെ ആദ്യത്തെ രണ്ടു പാദം കഴിഞ്ഞ് ഒരവസാനവും മൂന്നാമത്തെ പാദം കഴിഞ്ഞ് ഒരവസാനവുമാണ്. ഗായത്രിയാണ് ഇവിടെ ഛന്ദസ്സ്.

**ദൃതേരിവ തേഽവൃകമസ്തു സംഖ്യം/ അച്ഛിദ്രസ്യ ദധന്വതഃ സുപൂർണ്ണസ്യ ദധന്വതഃ II** (6.48.18).

ആറാം മണ്ഡലത്തിൽ 48-ാം സൂക്തത്തിൽ 18-ാമത്തേതായ ഈ ഋക്ക് പുര ഉഷ്ണിക്ഛന്ദസ്സോടുകൂടിയതാണ്. ഉഷ്ണിക്കിൽ ആദ്യത്തെ രണ്ടു പാദങ്ങളിൽ എട്ടക്ഷരം വീതവും മൂന്നാമത്തെ പാദത്തിൽ പന്ത്രണ്ടക്ഷരങ്ങളുമടക്കം ആകെ ഇരുപത്തിയെട്ടക്ഷരമാണ്. പന്ത്രണ്ടക്ഷരം ഒന്നാമത്തെ പാദത്തിലും എട്ടക്ഷരങ്ങൾവീതം മറ്റു രണ്ടുപാദങ്ങളിലും വരുകയാണെങ്കിൽ പുരഉഷ്ണിക് എന്നാണ് പറയുക. ഗായത്രിയെപ്പോലെ ഉഷ്ണിക്കും ത്രിപദയാണ്. ഇവിടെ ആദ്യത്തെ ഒരു പാദം കഴിഞ്ഞപ്പോൾ വിരാമമായി. പിന്നത്തെ രണ്ടുപാദങ്ങൾ കഴിയുമ്പോഴും വിരാമം.

ചിലയിടത്ത് ആദ്യത്തെ രണ്ടുപാദം കഴിഞ്ഞും, പിന്നത്തെ ഒരു പാദം കഴിഞ്ഞും അവസാനം. മറ്റു ചിലയിടങ്ങളിൽ ആദ്യത്തെ ഒരുപാദം കഴിഞ്ഞും അവസാനം. ത്രിപദങ്ങളിൽ കണ്ടുവരുന്ന രണ്ടുതരത്തിനുമുള്ള ഉദാഹരണമാണ് മേൽക്കാണിച്ചത്.

2. നാലുപാദങ്ങളുള്ള ഋക്കുകളിലാകട്ടെ മധ്യത്തിൽ, അതായത് രണ്ടു പാദം കഴിഞ്ഞ് ഒരവസാനവും പിന്നെ രണ്ടുപാദം കഴിഞ്ഞ് അടുത്ത അവസാനവുമാണ്. ഇത് ഒരു സാമാന്യനിയമമാണ്. ചിലപ്പോൾ മൂന്നു പാദങ്ങൾ കഴിഞ്ഞ് ഒരവസാനം, പിന്നത്തെ ഒരു പാദം കഴിഞ്ഞും അവസാനം എന്നും വരാം. മാത്രമല്ല മറ്റു ചിലപ്പോൾ ആദ്യത്തെ ഒരു പാദം കഴിയുമ്പോൾ ഒരവസാനം, പിന്നെ മൂന്നുപാദം കഴിയുമ്പോൾ ഒരവസാനം എന്നിങ്ങനേയും വരാം.

ഇവയ്ക്കെല്ലാം ഉദാഹരണങ്ങൾ കാണിയ്ക്കുന്നു:-

ആദ്യം ഈരണ്ടു പാദങ്ങൾ കഴിഞ്ഞുള്ള അവസാനം വരുന്ന ഋക്ക്:

**ഗായന്തി ത്വാ ഗായത്രിണോഽർച്ചത്യർകമർകിണഃ I**
**ബ്രഹ്മാണസ്ത്വാ ശതക്രത ഉദ്വംശമിവ യേമിരേ** (1.10.1)

ഇവിടെ അനുഷ്ടുപ്പാണ് ഛന്ദസ്സ്. നാലു പാദങ്ങളുണ്ട്. രണ്ടാമത്തേയും നാലാമത്തേയും പാദങ്ങൾ കഴിഞ്ഞ് അവസാനം.

ആദ്യത്തെ മൂന്നു പാദങ്ങൾ കഴിഞ്ഞും, പിന്നത്തെ ഒരു പാദം കഴിഞ്ഞും അവസാനം വരുന്നതായ ഋക്ക്-

**ഏതം ശംസമിന്ദ്രാസ്മയുഷ്ട്വം കൂചിത്സന്തം സഹസാവന്നഭിഷ്ടയേ സദാപാഹ്യഭിഷ്ടയേ ।**

**മോദതാം വേദതാ വസോ (10.93.11)**

ഇവിടെ ബൃഹതിയുടെ വകഭേദമായ ന്യംകുസാരിണിയിലാണ് ഛന്ദസ്സ്. മൂന്നാമത്തേതിലൊഴികെ മറ്റു മൂന്നു പാദങ്ങളിലും എട്ടക്ഷരവും മൂന്നാമത്തേതിൽ പന്ത്രണ്ടക്ഷരവുമാണ് ബൃഹതിയിൽ വരുക. ആകെ മുപ്പത്തിയാറക്ഷരം. രണ്ടാമത്തെ പാദത്തിൽ പന്ത്രണ്ടക്ഷരവും മറ്റു മൂന്നു പാദങ്ങളിൽ എട്ടക്ഷരം വീതവും വരുമ്പോൾ ന്യംകുസാരിണി എന്നു പറയപ്പെടുന്നു.

**അധീന്ന്വത്ര സപ്തതിം ച സപ്ത ച ।**

**സദ്യോ ദിദിഷ്ട താന്വഃ സദ്യോ ദിദിഷ്ട പാർത്ഥ്യഃ സദ്യോദിദിഷ്ട മായവ (10.93.15)**

ഇവിടെ പുരസ്താദ് ബൃഹതിയാണ് ഛന്ദസ്സ്. ആകെ നാലു പാദങ്ങളുള്ളതിൽ ഒന്നാമത്തെ പാദത്തിൽ പന്ത്രണ്ടക്ഷരങ്ങളും പിന്നത്തെ പാദങ്ങളിൽ എട്ടക്ഷരം വീതവും വരുകയാണെങ്കിൽ അവിടെ പുരസ്താദ് ബൃഹതിയാണ്. ഇവിടെ ഒന്നാമത്തെ പാദം കഴിഞ്ഞ് ഒരവസാനവും, പിന്നത്തെ മൂന്നു പാദങ്ങൾ കഴിഞ്ഞ് വേറൊരവസാനവും കാണാം.

**23 പംക്ത്യാം ദ്വിശോ വാ തത ഉത്തരേണ**
**ത്രിഭിഃ പദൈർവാ വിപരീതമേതത് ।**
**ദ്വിശസ്ത്രിശോ വാ പരതശ്ചതുർഭിഃ**
**സ്യാത് ഷട് പദാനാമവസാനമേതത് ॥**

പംക്തിയിൽ എന്നതിന് അഞ്ചുപാദങ്ങളുള്ളതിൽ എന്നർത്ഥം. അഞ്ചുപാദങ്ങളുള്ള ഋക്കുകളിൽ ഈരണ്ടു പാദങ്ങൾവീതം കഴിയുമ്പോഴും അവസാനത്തെ ഒരു പാദം കഴിയുമ്പോഴും അവസാനങ്ങൾ വരുന്നു. രണ്ടാമത്തെ പാദം കഴിയുമ്പോഴും, നാലാമത്തെ പാദം കഴിയുമ്പോഴും അഞ്ചാമത്തെ പാദം കഴിയുമ്പോഴും എന്നിങ്ങനെ മൂന്നവസാനങ്ങൾ വരുന്നു എന്നർത്ഥം.

ചിലപ്പോൾ ആദ്യത്തെ രണ്ടു പാദം കഴിഞ്ഞാലും, പിന്നത്തെ മൂന്നുപാദം കഴിഞ്ഞാലും ഓരോ അവസാനങ്ങൾ വരുന്നു.

ഇതിനു വിപരീതമായി ചിലപ്പോൾ ആദ്യത്തെ മൂന്നുപാദം കഴിഞ്ഞാലും പിന്നത്തെ രണ്ടുപാദം കഴിഞ്ഞാലും ഓരോ അവ

സാനങ്ങൾ വരുന്നു.

ആദ്യത്തേതിൽ മൂന്നവസാനങ്ങളും, രണ്ടാമത്തേതിലും മൂന്നാമത്തേതിലും രണ്ടവസാനങ്ങളുമാണ് വരുന്നത്. ഇവയ്ക്ക് ക്രമത്തിൽ ഉദാഹരങ്ങൾ കാണിയ്ക്കുന്നു.

**അയം ചക്രമിഷണത്സൂര്യസ്യ ന്യേതശം രീരമത്സസ്യമാണാം ।**

**ആ കൃഷ്ണ ഈം ജുഹുരാണോ ജിഘർതി ത്വചോ ബുധ്നേ രജസോ അസ്യ യോനൌ (4.17.14)**

**അസിക്ന്യാം യജമാനോ ന ഹോതാ । (4.17.15)**

ഇവിടെ 'അസിക്ന്യാം യജമാനോ ന ഹോതാ' എന്ന ഏകപദയായ ഋക്ക് 'അയം ചക്രമിഷണത്' എന്നുതുടങ്ങുന്ന ഋക്കുമായി ചേർക്കുമ്പോൾ അഞ്ചുപാദങ്ങളുള്ളതാകുന്നു. ഇതിൽ 'അയം ചക്രമിഷണത്' എന്ന ഋക്ക് ത്രിഷ്ടുപ്ഛന്ദസ്സിലും 'അസിക്ന്യാം' എന്നത് വിരാട്ഛന്ദസ്സിലുമാണ്. രണ്ടാമത്തേയും നാലാമത്തേയും അഞ്ചാമത്തേയും പാദങ്ങൾ കഴിയുമ്പോൾ അവസാനം.

**ന കിഷ്ട കർമണാ നശന്ന പ്രയോഷന്ന യോഷതി ।**

**ദേവാനാം യ ഇന്മനോ യജമാന ഇയക്ഷത്യഭീദയജ്വനോ ഭുവത് (8.31.17)**

ഇവിടെ പംക്തിയാണ് ഛന്ദസ്സ്. ആദ്യത്തെ രണ്ടുപാദം കഴിഞ്ഞും, അവസാനത്തെ മൂന്നുപാദം കഴിഞ്ഞും അവസാനങ്ങൾ വരുന്നു.

**നകിർ ദേവാ മിനീമസി നകിരാ യോപയാമസി മന്ത്രശ്രുത്യം ചരാമസി ।**

**പക്ഷേഭിരപി കക്ഷേഭിരത്രാഭി സംരഭാമഹേ (10.134.7)**

ഇവിടേയും പംക്തിയാണ് ഛന്ദസ്സ്. ആദ്യത്തെ മൂന്നുപാദം കഴിഞ്ഞും പിന്നത്തെ രണ്ടുപാദം കഴിഞ്ഞും അവസാനങ്ങൾ.

ആറുപാദങ്ങളുള്ളവയ്ക്കും ഇതുപോലെ മൂന്നുവിധം അവസാനങ്ങളുണ്ട്.

1. ഓരോ രണ്ടുപാദങ്ങളും കഴിയുമ്പോൾ. രണ്ടാമത്തെ പാദവും നാലാമത്തെ പാദവും ആറാമത്തെ പാദവും കഴിയുമ്പോൾ അവസാനങ്ങൾ വരുന്നു.

2. ഓരോ മൂന്നു പാദങ്ങളും കഴിയുമ്പോൾ ഇതിൽ രണ്ടവസാനമേ ഉള്ളൂ.

3. ആദ്യത്തെ രണ്ടു പാദങ്ങളും പിന്നത്തെ നാലുപാദങ്ങളും കഴിയുമ്പോൾ. ഇവിടേയും രണ്ടവസാനമ്മേ ഉള്ളൂ. ഉദാഹരണങ്ങൾ ക്രമത്തിൽ താഴെക്കൊടുക്കുന്നു:-

**1. വിശ്വാൻ ദേവാൻ ഹവാമഹേ മരുതഃ സോമപീതയേ**
**ഉഗ്രാ ഹി പൃശ്നിമാതരഃ (1.23.10) (ശാ.ശ്രൌ – 7.10.14)**

ഇവിടെ ഋക്ക് ഗായത്രിയാണെങ്കിലും കൌഷീതകിമാർക്ക് ഇത് ഷട്പദയാണ്. അവരുടെ മതമനുസരിച്ചാണ് ഇതിനെ ഇവിടെ ഉദാഹരണമായി പറഞ്ഞത് എന്ന് ഉവടൻ ഭാഷ്യത്തിൽ വ്യക്തമാക്കുന്നുണ്ട്.

**സ ക്ഷപഃ പരിഷസ്വജേ ന്യു3സ്രോ മായയാ ദധേ ന വിശ്വം പരിദർശതഃ ।**
**തസ്യ വേനീരനു വ്രതമുഷസസ്തിസ്രോ അവർധയന്നർഭതാമന്യകേ സമേ (8.41.3)**

ഇവിടെ ജഗതിയുടെ വകഭേദമായ മഹാപംക്തി എന്ന ഛന്ദസ്സാണ്. അതിൽ എട്ടക്ഷരങ്ങൾ വീതമുള്ള ആറുപാദങ്ങളോ, 8,8,7,6,10,8 എന്നിപ്രകാരം അക്ഷരങ്ങൾ ക്രമത്തിൽ വരുന്ന ആറു പാദങ്ങളോ ആണ് ഉണ്ടാവുക. ആകെ നാൽപ്പത്തിയെട്ടക്ഷരങ്ങളാണ്. മൂന്നു പാദങ്ങൾ കഴിയുമ്പോൾ ഒരവസാനവും, അടുത്ത മൂന്നു പാദങ്ങൾ കഴിയുമ്പോൾ പിന്നത്തെ അവസാനവും.

**3. നിഷ്കം വാ ഘാ കൃണവതേ സ്രജം വാ ദുഹിതർദിവഃ ।**
**ത്രിതേ ദുഷ്ഷ്വപ്ന്യം സർവ്വമാപ്ത്യേ പരി ദദ്മസ്യനേഹസോ വ ഊതയഃ സു ഊതയോ വ ഊതയഃ (8.47.15)**

എട്ടക്ഷരങ്ങൾ വീതമുള്ള ആറു പാദങ്ങളോടുകൂടിയ മഹാപംക്തിയാണ് ഇവിടെ ഛന്ദസ്സ്.

**24 ത്രിഭിസ്തു പൂർവ്വം തത ഉത്തരം സ്യാത്**
**ദ്വിശസ്ത്രിശോ വാ യദി വാ സമസ്തമ് ।**
**ദ്വാഭ്യാം പുനഃ സപ്തപദാവസാനം**
**ദ്വാഭ്യാം ച മധ്യേ*f*ഷ്ടപദാസു വിദ്യാത് ॥**

1. ഏഴു പാദങ്ങളുള്ള ഋക്കുകളിൽ അവസാനം വരുന്നത് മൂന്നുതരത്തിലാണ്. 1. മൂന്നു പാദങ്ങൾ കഴിയുമ്പോൾ ആദ്യത്തെ അവസാനവും പിന്നത്തെ രണ്ടു പാദങ്ങൾ കഴിയുമ്പോൾ രണ്ടാമത്തെ അവസാനവും വീണ്ടും രണ്ടു പാദങ്ങൾ കഴിയുമ്പോൾ മൂന്നാമത്തെ അവസാനവും. 2. മൂന്നു പാദങ്ങൾ കഴിയുമ്പോൾ ആദ്യത്തെ അവസാനവും അടുത്ത നാലു പാദങ്ങൾ കഴിയുമ്പോൾ രണ്ടാമത്തെ അവസാനവും വരുന്നു. 3. രണ്ടു പാദങ്ങൾ കഴിയുമ്പോൾ ആദ്യത്തെ അവസാനവും പിന്നീടുള്ള അഞ്ചുപാദങ്ങൾ കഴിയുമ്പോൾ രണ്ടാമത്തെ അവസാനവും വരുന്നു. യഥാക്രമം ഉദാഹരങ്ങൾ കാണിയ്ക്കുന്നു.

**1. സുഷുമാ യാതമദ്രിഭിർഗോശ്രീതാ മത്സരാ ഇമേ സോമാസോ മത്സരാ ഇമേ ।**
**ആരാജാനാ ദിവസ്പൃശാസ്മത്രാ ഗംതമുപ നഃ ।**

**ഇമേ വാം മിത്രാവരുണാ ഗവാശിരഃ സോമാഃ ശുക്രാ ഗവാശിരഃ ( II 1.137.1)**

ഈ ഋക്കിൽ അതിശക്വരിയാണ് ഛന്ദസ്സ്. ആകെ അറുപതക്ഷരമാണുണ്ടാവുക.

**2. നഹി വാം വവ്രയാമഹേƒഥേന്ദ്രമിദ്യജാമഹേ ശവിഷ്ഠം നൃണാ നരം I**
**സനഃ കദാചിദർവതാ ഗമദാ വാജസാതയേ ഗമദാ മേധസാതയേ നഭന്താമന്യകേ സമേ II (8.40.2)**

ഈ ഋക്കിൽ ശക്വരിയാണ് ഛന്ദസ്സ്. ആകെ അമ്പത്തിയാറക്ഷരമുണ്ടാവും.

**3. പ്രോഷ്വസ്മൈ പുരോരഥമിന്ദ്രായ ശൂഷമർചത I**
**അഭീകേ ചിദു ലോകകൃത് സംഗേ സമത്സു വൃത്രഹാസ്മാകം ബോധി ചോദിതാ നഭംതാ മന്യകേഷാം ജ്യാകാ അധിധന്വസു (10.133.1)**

ഈ ഋക്കിൽ ശക്വരിയാണ് ഛന്ദസ്സ്.

2. എട്ടു പാദങ്ങളോടുകൂടിയ ഋക്കിൽ മധ്യത്തിൽ രണ്ടുപാദങ്ങൾ കഴിഞ്ഞാൽ അവസാനം വരുന്നു. അതായത് ആദ്യം മൂന്നു പാദം കഴിയുമ്പോഴും ഒടുക്കത്തെ മൂന്നുപാദം കഴിയുമ്പോഴും ഓരോ അവസാനങ്ങൾ വരുന്നു. അപ്പോൾ ആദ്യത്തെ മൂന്നു പാദം കഴിഞ്ഞാൽ ഒരവസാനം; പിന്നെ രണ്ടു പാദങ്ങൾ കഴിഞ്ഞാൽ ഒരവസാനം, പിന്നീട് മൂന്നു പാദങ്ങൾ കഴിയുമ്പോഴും ഒരവസാനം.

**സ ഹി ശർധോ ന മാരുതം തു വിഷ്വണിരപ്നസ്വതീഷൂർവരാസ്വിഷ്ട നിരാർതനാസ്വിഷ്ടനിഃ I**
**ആദദ്ധവ്യാന്യാദദിർ യജ്ഞസ്യ കേതുരർഹണാ I**
**അധസ്മാസ്യ ഹർഷതോ ഹൃഷീവതോ വിശ്വേ ജുഷം ത പംഥാം നരഃ ശുഭേന പംഥാമ് (1.127.6)**

ഇവിടെ അതിധൃതിയാണ് ഛന്ദസ്സ്. എഴുപത്താറക്ഷരമാണ് ആകെ.

**25. അഗ്നിമീളേ ദൃതേരിവ ഗായന്ത്യോത മധീന്വതി I**
**അയം ചക്രം നകിഷ്ടം ച നകിർദേവാ മിമീനസി II**

**26 വിശ്വാൻ ദേവാൻ ഹവാമഹേ സ ക്ഷപോനിഷ്കം സുഷുമ I**
**നഹി വാം പ്രോഷു സഹി ശർധശ്ച താ ഋചോƒത്ര നിദർശനമ് II**

അഗ്നിമീളേ (1.1.1), ദൃതേരിവ (6.48.18), ഗായന്തിത്വാ (1.10.1), ഏതം ശംസം (10.93.11), അധീന്വത്ര (10.93.15), അയം ചക്രം (4.17-14,15), നകിഷ്ടം കർമണാ (8.31.17), നകിർദേവാ മിനീമസി (10.134.7), വിശ്വാൻ ദേവാൻ ഹവാമഹേ (1.23.10), സഃ ക്ഷപഃ (8.41.3), നിഷ്കം വാ ഘാ (8.47.15), സുഷുമായാതം (1.137.1), നഹി വാം

(8.40.2), പ്രോഷ്വസ്മൈ (10.133.1), സഹി ശർധ (1.127.6)- ഇവ ഇ വിടെ ഉദാഹരണങ്ങളാണ്. ഈ ഉദാഹരണങ്ങളെല്ലാം മുകളിൽ കാണിയ്ക്കപ്പെട്ടിട്ടുണ്ട്.

**27. ദ്വാഭ്യാം പദേന ദ്വാഭ്യാം തു തവത്യത് പഞ്ചപദാഷ്ടിഃ I**
**അവ്യൂഹേനാതിശക്വരീ തൃതീയഃ ഷോഡശാക്ഷരഃ II**

തവത്യത് (2.22.4) എന്ന ഋക്കിൽ ഒന്നാമതായി രണ്ടു പാദ ങ്ങൾ കഴിഞ്ഞാൽ അവസാനിപ്പിയ്ക്കണം. അതിനുശേഷം ഒരു പാദം കഴിയുമ്പോഴും പിന്നീട് രണ്ടു പാദങ്ങൾ കഴിഞ്ഞും. ഈ ഋക്കിൽ അഞ്ചു പാദങ്ങളുള്ള അഷ്ടിയാണ് ഛന്ദസ്സ്.

ഈ ഋക്ക് വ്യൂഹം ചെയ്യാതിരുന്നാൽ അതായത് ക്ഷൈപ്ര വർണ്ണങ്ങൾകൊണ്ട് ഏകീഭാവം വന്നിട്ടുള്ളവയെ വെവ്വേറെയാക്കാതിരുന്നാൽ അതിശക്വരി എന്ന ഛന്ദസ്സാകും. ഈ ഋക്കിന്റെ 3-ാമത്തെ പാദത്തിൽ പതിനാറക്ഷരമുണ്ട്. ഋക്ക് താഴെ കാണിയ്ക്കുന്നു:-

**തവ ത്യന്നര്യം നൃതോ$f$പ ഇന്ദ്ര പ്രഥമം പൂർവ്യം ദിവിപ്രവാച്യം കൃതമ് I**
**യദ്ദേവസ്യ ശവസാ പ്രാരിണാ അസും രിണന്നപഃ I**
**ഭുവദ്വിശ്വമഭ്യാ ദേവമോജസാ വിദാദൂർജ്ജം ശതക്രതുർ വിദാദിഷം II(2.22.4)**

**28 ചതുർഭിസ്ത ഏകേനാഗ്നേ തമദ്യേതി ച I**
**ചതുർഭിസ്തു പരം ദ്വാഭ്യാം തവ സ്വാദിഷ്ഠാ തച്ഛംയോഃ II**

1. അഗ്നേ തമദ്യ (4.10.1) എന്ന ഋക്കിൽ നാലുപാദങ്ങൾ കഴിഞ്ഞാൽ ആദ്യത്തെ അവസാനം വരുന്നു. അതിനുശേഷം ഒരു പാദം കഴിഞ്ഞ് രണ്ടാമത്തെ അവസാനവും.

**അഗ്നേ തമദ്യാശ്വം ന സ്തോമൈഃ ക്രതും ന ഭദ്രം ഹൃദിസ്പൃശം I**
**ഋധ്യാമാ ത ഓഹൈഃ (4.10.1)**

ഇവിടെ പദപംക്തിയാണ് ഛന്ദസ്സ്. ആദ്യത്തെ നാലുപാദങ്ങൾ അഞ്ചക്ഷരം വീതവും അഞ്ചാമത്തെ പാദം ആറക്ഷരവുമാണിതിൽ.

2. തവ സ്വാദിഷ്ഠാ (4.10.5), തച്ഛംയോഃ (ഗൃഹ്യസൂത്രം-3/5) എന്നീ രണ്ടു ഋക്കുകളിൽ നാലു പാദങ്ങൾ കഴിഞ്ഞ് ആദ്യത്തെ അവസാനവും പിന്നീട് രണ്ടു പാദങ്ങൾ കഴിഞ്ഞ് രണ്ടാമത്തെ അവസാനവും.

**തവ സ്വാദിഷ്ഠാഗ്നേ സംദൃഷ്ടിരിദാ ചിദഹ്ന ഇദാ ചിദക്തോഃ**
**ശ്രിയേ രുക്മോ ന രോചതേ ഉപാകേ (4.1.5)**

ഇവിടെ മഹാപദപംക്തിയാണ് ഛന്ദസ്സ്. ഇത് അനുഷ്ടുപ്പിന്റെ വകഭേദമാണ്. ആദ്യത്തെ അഞ്ചു പാദങ്ങളിലും അഞ്ചക്ഷരങ്ങൾ

വീതവും അവസാനത്തെ പാദത്തിൽ ആറക്ഷരവുമാണ്.

**തച്ച്ഛംയോരാവൃണീമഹേഗാതും യജ്ഞായ ഗാതും യജ്ഞപതയേ**

**ദൈവീ സ്വസ്തിരസ്തു നഃ സ്വസ്തിർമാനുഷേഭ്യഃ**

**ഊർധ്വം ജിഗാതു ഭേഷജം ശം നോ അസ്തു ദ്വിപദേ ചതുഷ്പദേ (ഖൈലികസൂക്തത്തിലെ അന്ത്യയായ ഋക്ക്)**

**29. ഭരദ്വാജായ തച്ചക്ഷുരധീദ്വ്യക്ഷാ ദൃതേരിവ I**

**ഏതാസു ന വ്യവസ്യന്ത്യേകേ ദ്വാദശകാദിഷു II**

ഭരദ്വാജായ (6.48.13), തച്ചക്ഷുഃ (7.66.16), അധീന്ന്വത്ര (10.93.15), വൃക്ഷാഃ (8.4.21), ദൃതേരിവ (6.48.18) എന്നീ ദ്വാദശകങ്ങളായ ഋക്കുകളിൽ ചിലർ അവസാനം ചെയ്യുന്നില്ല.

ഋക്കുകളുടെ പൂർണ്ണരൂപം താഴെ കാണിയ്ക്കുന്നു:-

**ഭരദ്വാജായാവ ധുക്ഷതദ്വിതാ/ ധേനും ച വിശ്വദോഹസമിഷം ച വിശ്വഭോജസം (6.18.13)**

ഇവിടെ പുര ഉഷ്ണിക്കാണ് ഛന്ദസ്സ്. ആദ്യത്തെ ഒരു പാദത്തിൽ പന്ത്രണ്ടക്ഷരവും ഒടുവിലത്തെ രണ്ടു പാദങ്ങളിൽ എട്ടക്ഷരം വീതവും വരുന്നു.

**തച്ചക്ഷുർദേവഹിതം ശുക്രമുച്ചരത്**

**പശ്യേമ ശരദഃ ശതം ജീവേമ ശരദഃ ശതമ്(7.66.16)**

ഇവിടേയും പുര ഉഷ്ണിക്കാണ് ഛന്ദസ്സ്.

**അധീന്ന്വത്ര സപ്തതിം ച സപ്ത ച**

**സദ്യോ ദിദിഷ്ട താന്വാ സദ്യോ ദിദിഷ്ട പാർത്ഥ്യഃ സദ്യോദിദിഷ്ട മായവഃ (10.93.15)**

ഇവിടെ പുരോബൃഹതിയാണ് ഛന്ദസ്സ്.(പുരസ്താദ് ബൃഹതി എന്നു പറയുന്നതും ഇതുതന്നെ. പന്ത്രണ്ടക്ഷരം ആദ്യത്തെ പാദത്തിൽ വരുന്നത് എന്നു താത്പര്യം).

വൃക്ഷാശ്ചിന്മേ അഭിപിത്വേ അരാരണുഃ I

ഗാം ഭജന്ത മേഹനാശ്വം ഭജന്ത മേഹനാ II (8.4.21)

ഇവിടെ പുര ഉഷ്ണിക്കാണ് ഛന്ദസ്സ്.

**ദൃതേരിവ തേƒവൃകമസ്തു സഖ്യമ് I**

**അച്ഛിദ്രസ്യ ദധന്വതഃ സുപൂർണ്ണസ്യ ദധന്വതഃ II**

ഇവിടെ പുര ഉഷ്ണിക്കാണ് ഛന്ദസ്സ്.

മേൽക്കാണിച്ച ഋക്കുകളിലെല്ലാം പന്ത്രണ്ടക്ഷരങ്ങളുള്ളതാണ് ആദ്യത്തെ പാദം. ഇവയിൽ ചില ആചാര്യന്മാർ വിരാമം ചെയ്യുന്നില്ല.

**30 പ്രശ്നസ്തൃചഃ പംക്തിഷു ച ദ്വൃചോ വാ**

**ദ്വേ ദ്വേ ച പംക്തേരധികാക്ഷരേഷു I**

**ഏകാ ച സൂക്തം സമയാസ്ത്വഗണ്വാഃ**

**പരാവരാർഘ്വാ ദ്വിപദേ യഥൈകാ ॥**

**31 സൂക്തസ്യ ശേഷോ*f*ല്പതരോ യദിസ്വാത്**

**പൂർവ്വം സ ഗച്ഛേദ്വഭി തു ദ്വൃചോ വാ ।**

**തേ ഷഷ്ടിരധ്യായ ഉപാധികാ വാ**

**സൂക്തേ*f*സമാപ്തേ യദി തേ സമാപ്താഃ ॥**

ഈ രണ്ടു ശ്ലോകങ്ങളും ഓങ്കാരപടലത്തിൽ വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുണ്ട്.

**32 സർവ്വാണി ഭൂതാനി മനോഗതിശ്ച സ്പർശാശ്ച ഗന്ധാശ്ച രസാശ്ച സർവ്വേ ।**

**ശബ്ദാശ്ച രൂപാണി ച സർവ്വമേതത് ത്രിഷ്ടുബ്ജഗത്യൌ സമുപൈതി ഭക്ത്യാ॥**

സർവ്വഭൂതങ്ങളും, മനസ്സും, ഗതിയും, സ്പർശം, ഗന്ധം, രസം, ശബ്ദം, രൂപം എന്നിവയും എല്ലാംതന്നെ ഭക്തിയോടെ ത്രിഷ്ടുപ്പിനേയും ജഗതിയേയും സമീപിയ്ക്കുന്നു.

**33 ഗുർവ്വക്ഷരാണാം ഗുരുവൃത്തി സർവ്വം**

**ഗുർവ്വക്ഷരം ത്രൈഷ്ടുഭമേവ വിദ്യാത് ।**

**' ലഘ്വക്ഷരാണാം ലഘുവൃത്തി സർവം**

**ലഘ്വക്ഷരം ജാഗതമേവ വിദ്യാത് ॥**

പ്രകൃത്യാ ഗുരുവായിട്ടുള്ളതെല്ലാം ഗുർവ്വക്ഷരങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. ത്രിഷ്ടുപ്ഛന്ദസ്സുമായി ബന്ധപ്പെട്ടതാണ് ഗുർവ്വക്ഷരം. പ്രകൃത്യാ ലഘുവായതെല്ലാം ലഘ്വക്ഷരങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. ജഗതിഛന്ദസ്സുമായി ലഘ്വക്ഷരം ബന്ധപ്പെട്ടിരിയ്ക്കുന്നു.

ത്രിഷ്ടുപ്ഛന്ദസ്സിലുള്ള പാദത്തിന്റെ അവസാനത്തേതിന് മുമ്പുള്ള അക്ഷരം ഗുരുവും, ജഗതീഛന്ദസ്സിലുള്ള പാദത്തിന്റെ അവസാനത്തേതിനു മുമ്പുള്ള അക്ഷരം ലഘുവുമാണല്ലോ.

**34 യശ്ഛന്ദസാം വേദ വിശേഷമേതം**

**ഭൂതാനി ച ത്രൈഷ്ടുഭജാഗതാനി ।**

**സർവ്വാണി രൂപാണി ച ഭക്തി തോ യഃ**

**സ്വർഗം ജയത്യേഭിരഥാമൃതത്വമ് ॥**

ഏതൊരാൾ ഛന്ദസ്സുകളുടെ ഈ വിശേഷതയും, ത്രിഷ്ടുപ്പിന്റേയും ജഗതിയുടേയും സാമാന്യധർമ്മങ്ങളോടുകൂടിയ എല്ലാ ജീവികളേയും അവയുടെ ആകാരത്തേയും അറിയുന്നുവോ അയാൾ സ്വർഗ്ഗത്തേയും അമരത്വത്തേയും നേടുന്നു.

**പതിനെട്ടാം പടലം കഴിഞ്ഞു**

**ഋഗ്വേദപ്രാതിശാഖ്യം അവസാനിച്ചു.**



**ഡോ. ടി. ആര്യാദേവി**

മലയാളപരിഭാഷയിലൂടെ സായണഭാഷ്യം സമഗ്രമായി മലയാളികൾക്കു പരിചയപ്പെടുത്തിയ മാന്യദേഹമാണല്ലോ ബ്രഹ്മശ്രീ. ഓ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്. അദ്ദേഹത്തിനുശേഷം, വൈദികസാഹിത്യത്തെക്കുറിച്ച് ഇത്രയും വിപുലമായ ഒരു ആധികാരികഗ്രന്ഥം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. അങ്ങനെ നോക്കുമ്പോൾ ഋഗ്വേദംഭാഷാഭാഷ്യത്തിന്റെ കനിഷ്ഠസോദരപദവി ഈ പ്രാതിശാഖ്യവിവർത്തനം തീർച്ചയായും അർഹിയ്ക്കുന്നു.

ഡോ. കെ. വി. വാസുദേവൻ

ഋഗ്വേദപ്രാതിശാഖ്യത്തിന്റെ മലയാളവ്യാഖ്യാനത്തോടുകൂടി ടീച്ചർ പ്രസിദ്ധീകരിയ്ക്കുന്ന ഇപ്പോഴത്തെ ഗ്രന്ഥം ടീച്ചറുടെ ഗ്രന്ഥരചനാ പ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധേയമായ ഒന്നാകുമെന്നു കരുതുന്നു. ഋഗ്വേദത്തിന്റെ ഉച്ചാരണരീതികളുടെ ലക്ഷണങ്ങളും നിയമങ്ങളും പ്രതിപാദിയ്ക്കുന്ന **'ഋഗ്വേദപ്രാതിശാഖ്യം'** വേദലക്ഷണഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഋഗ്വേദത്തിന്റെ സംഹിതാപാഠം, പദപാഠം, ക്രമപാഠം എന്നീ പ്രകൃതിപാഠങ്ങളുടേയും ജടാ, മാലാ, ശിഖാ, രേഖാ, ധ്വജം, ദണ്ഡം, രഥ, ഘനം എന്നീ എട്ട് വികൃതിപാഠങ്ങളുടേയും ഉച്ചാരണ സവിശേഷതകൾ, സ്വരവ്യവസ്ഥ, അർത്ഥ വിജ്ഞാനീയം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് ധാരാളം സൂക്ഷ്മമായ അറിവുകൾ നൽകുന്ന ഗ്രന്ഥമാണ് 'ഋഗ്വേദ പ്രാതിശാഖ്യം'.

ഡോ. സി. എം. നീലകണ്ഠൻ

**ന്യായവിഭാഗം**
ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല,
കാലടി, കേരളം

9 788195 471416

ഋഗ്വേദ പ്രാതിശാഖ്യം
ഡോ: ടി ആര്യാദേവി